# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

## മൂന്നാം സമ്മേളനം

2021 നവംബർ 1, തിങ്കൾ

സ്പീക്കർ

**ശ്രീ. എം. ബി. രാജേഷ്**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. ചിറ്റയം ഗോപകുമാർ**

സെക്രട്ടറി

**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

1556/22

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി | : | ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം മ്യൂസിയം പുരാവസ്തു വകുപ്പുമന്ത്രി | : | ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : | ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : | ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : | ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി | : | ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. പി. പ്രസാദ് |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ ദേവസ്വം വകുപ്പുമന്ത്രി | : | ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : | ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം സാസ്കാരികം യുവജനക്ഷേമ വകുപ്പുമന്ത്രി | : | ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി | : | ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : | ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി | : | ശ്രീമതി വീണാ ജോർജ്ജ് |

# ഉള്ളടക്കം


*പേജ്*

**I. ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ...29

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...29

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...87

**II. തിരുത്തിയ ഉത്തരം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 267-ന്റെ തിരുത്തിയ ഉത്തരം ...378

**III. അടിയന്തരപ്രമേയം**

മുല്ലപ്പെരിയാർ ഡാം

– ശ്രീ. രമേശ് ചെന്നിത്തല

(അവതരണാനുമതി നിഷേധിച്ചു) ...378

**IV. ശ്രദ്ധ ക്ഷണിക്കൽ**

(1) റീസർവ്വേ നടപടികളും ദുരിതബാധിതർക്ക് നഷ്ടപരിഹാരവും

– ശ്രീ. പി. എസ്. സുപാൽ ...410

(2) ദേശീയപാത 766-ലെ രാത്രി ഗതാഗത നിയന്ത്രണം

– ശ്രീ. ഐ. സി. ബാലകൃഷ്ണൻ ...415

**V. സബ്മിഷൻ**

(1) ചാത്തന്നൂർ ആസ്ഥാനമാക്കി പുതിയ താലൂക്ക്

– ശ്രീ. ജി. എസ്. ജയലാൽ ...418

(2) മാവേലിക്കരയിൽ സിവിൽ സർവ്വീസ് അക്കാദമി

– ശ്രീ. എം. എസ്. അരുൺ കുമാർ ...420

(3) പാട്ടത്തിന് സ്ഥലം നൽകൽ

– ശ്രീ. എം. നൗഷാദ് ...422

(4) അങ്കമാലിയിൽ ഇ.എസ്.ഐ. ആശുപത്രി

– ശ്രീ. റോജി എം. ജോൺ ...423

(5) റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം

– ശ്രീ. എ. കെ. എം. അഷ്റഫ് ...424

പേജ്

(6) കാഞ്ഞാണി - മുല്ലശ്ശേരി റോഡ് പുനർനിർമ്മാണം
– ശ്രീ. മുരളി പെരുനെല്ലി ...426

(7) കുന്നിപ്പുറം, മുള്ളറവിള-ആയയിൽ പാലങ്ങളുടെ നിർമ്മാണം
– ശ്രീ. കെ. ആൻസലൻ ...427

(8) കോമളം പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം
– ശ്രീ. മാത്യു ടി. തോമസ് ...428

(9) തൃപ്പൂണിത്തുറ എസ്.എൻ. ജംഗ്ഷൻ വികസനം
– ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ...429

**VI. റിപ്പോർട്ടുകളുടെ സമർപ്പണം**

(1) 2021-ലെ കേരള സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ (നിയമനവും സേവന വ്യവസ്ഥകളും) ബിൽ, 2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI- ന്റെ റിപ്പോർട്ട്. ...430

(2) 2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ റിപ്പോർട്ട്. ...430

**VII. നിയമനിർമ്മാണകാര്യം**

<u>താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും:</u> ...431

(i) 2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

(ii) 2021-ലെ കേരള ഷോപ്പ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

(iii) 2021-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

(iv) 2021-ലെ കേരള ഷോപ്പ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (ഭേദഗതി) ബിൽ

(v) 2021-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ

**അനുബന്ധം** ...541

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

## മൂന്നാം സമ്മേളനം

*2021 നവംബർ 1, തിങ്കൾ*

വാല്യം 186] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 15

നിയമസഭ 2021 നവംബർ മാസം 1-ാം തീയതി തിങ്കളാഴ്ച രാവിലെ 9 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹ്യ അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: എല്ലാവർക്കും കേരളപ്പിറവി ആശംസകൾ. ഓർഡർ...ഓർഡർ... ചോദ്യം നം. (*391)

### ഭാരത്മാല പദ്ധതിയിലുൾപ്പെടുത്തിയ സംസ്ഥാനത്തെ റോഡുകൾ

1 (*391) ശ്രീമതി സി. കെ. ആശ:

ശ്രീ. ജി. എസ്. ജയലാൽ:

ശ്രീ. ഇ. ചന്ദ്രശേഖരൻ:

ശ്രീ. സി. സി. മുകുന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരത്മാല പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്തെ റോഡുകൾ പുനർനിർമ്മിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയ റോഡുകളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്രസഹായം ലഭിക്കുന്നുണ്ടോ; ഈ പദ്ധതിയിലുൾപ്പെടുത്തിയ റോഡുകളുടെ പുനർനിർമ്മാണം സംബന്ധിച്ച നിബന്ധനകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) ഈ പദ്ധതിയുടെ പൂർണ്ണമായ മേൽനോട്ടം പൊതുമരാമത്ത് വകുപ്പിന്റെ ചുമതലയിലാണോയെന്ന് വ്യക്തമാക്കാമോ; ആഗോള ടെണ്ടർ നടപടികളിലൂടെയാണോ ഇതിന്റെ കരാറുകാരെ കണ്ടെത്തുന്നതെന്ന് അറിയിക്കാമോ;

(ഡി) ഈ പദ്ധതിയിലൂടെ നിർമ്മിക്കുന്ന റോഡുകളുടെ ഗുണനിലവാരം ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ ഉറപ്പാക്കുമോ; വിശദമാക്കുമോ?

പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, (എ) ഉണ്ട്. NH 66-ന്റെ വീതികൂട്ടൽ 17 പദ്ധതികളായാണ് നടപ്പിലാക്കുന്നത്. അതിൽ പാലോളി, മൂരാട് പാലങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നു. 9 പദ്ധതികൾ അവാർഡ് ചെയ്തു, 2 എണ്ണത്തിന് LoA നൽകി, 4 എണ്ണത്തിന് ടെണ്ടർ ക്ഷണിച്ചു, ഒരെണ്ണത്തിന്റെ DPR (Detailed Project Report) പുരോഗമിക്കുന്നു. മാത്രമല്ല ദേശീയപാതാ അതോറിറ്റിയുടെ 11 Port connectivity പദ്ധതികളുടെ DPR പുരോഗമിക്കുന്നു. കൂടാതെ NH 966, NH 85, NH 544 എന്നിവയുടെ രണ്ട് സ്ട്രെച്ചുകൾ, NH 183 & SH-1, NH 744 എന്നീ പദ്ധതികളുടെയും കുട്ട - മലപ്പുറം ദേശീയപാതയുടേയും DPR പുരോഗമിക്കുന്നു. പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) സംസ്ഥാനത്തെ ദേശീയപാതാ വികസനം ദേശീയപാതാ അതോറിറ്റിയാണ് നടത്തുന്നത്. ഭൂമി ഏറ്റെടുക്കലിനാവശ്യമായ തുകയുടെ 75 ശതമാനവും നിർമ്മാണത്തിനാവശ്യമായ തുകയും ദേശീയപാതാ അതോറിറ്റിയാണ് വഹിക്കുന്നത്. ദേശീയപാത 66-ന്റെ നിർമ്മാണത്തിന് സ്ഥലമേറ്റെടുക്കാനാവശ്യമായ തുകയുടെ 25 ശതമാനം സംസ്ഥാന ഗവൺമെന്റാണ് വഹിക്കുന്നത്. ഇതുസംബന്ധിച്ച് ദേശീയപാതാ അതോറിറ്റി, കിഫ്ബി, സംസ്ഥാന ഗവൺമെന്റ് എന്നിവരുൾപ്പെട്ട ത്രികക്ഷി കരാർ ഒപ്പുവച്ചിട്ടുണ്ട്. ഇതുവരെ ഈ ഇനത്തിൽ 40,84,63,00,871 രൂപ നൽകിയിട്ടുണ്ട്. ദേശീയപാതാ അതോറിറ്റി ആവശ്യപ്പെട്ടതിനെത്തുടർന്ന് NH 85, കോഴിക്കോട്-പാലക്കാട്, തിരുവനന്തപുരം-അങ്കമാലി എന്നീ മൂന്ന് ഗ്രീൻഫീൽഡ് പാതകളുടെ സ്ഥലമേറ്റെടുക്കാനാവശ്യമായ തുകയുടെ 25 ശതമാനം നൽകാമെന്ന് സംസ്ഥാന സർക്കാർ സമ്മതിച്ചിട്ടുണ്ട്. NH 744, മൈസൂരു മലപ്പുറം Economic Corridor, NH 544-ന്റെ രണ്ട് സ്ട്രെച്ചുകൾ എന്നീ പദ്ധതികൾക്ക് സ്ഥലമേറ്റെടുപ്പിന്റെ 25 ശതമാനം വഹിക്കണമെന്ന ആവശ്യം ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഭാരത്മാല പദ്ധതിയിലുൾപ്പെട്ട റോഡുകളുടെ നിർമ്മാണം, ടെണ്ടർ നടപടികളടക്കം പൂർണ്ണമായും ദേശീയപാതാ അതോറിറ്റിയുടെ മേൽനോട്ടത്തിലാണ്.

(ഡി) റോഡുകളുടെ നിർമ്മാണം IRC (Indian Roads Congress) മാനദണ്ഡങ്ങൾ, MoRTH (Ministry of Road Transport and Highways) സ്പെസിഫിക്കേഷനുകൾ, കരാർ മാനദണ്ഡങ്ങൾ എന്നിവ പാലിച്ചാണ് നടപ്പിലാക്കുന്നതെന്ന് ദേശീയപാതാ അതോറിറ്റി അറിയിച്ചിട്ടുണ്ട്.

ശ്രീമതി സി. കെ. ആശ: സർ, ഭാരത്മാല പദ്ധതി പ്രകാരം പുനർനിർമ്മിക്കുന്ന ദേശീയപാതയിലേയ്ക്ക് എത്തുന്ന പ്രധാന പൊതുമരാമത്ത് റോഡുകളുടെ നിലവാരം ഉയർത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; അത് വിശദീകരിക്കാമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ജൂലൈ 14-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഡൽഹിയിലെത്തി കേന്ദ്രമന്ത്രി ശ്രീ. നിഥിൻ ഗഡ്ഗരിയുമായി നടത്തിയ ചർച്ചയിൽ ഭാരത്മാല രണ്ടാംഘട്ട പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്തെ 12 റോഡുകൾകൂടി നവീകരിക്കുവാൻ തത്വത്തിൽ സമ്മതിച്ചിട്ടുണ്ട്. ഇതിൽ ചൊവ്വ-കുട്ടുപുഴ-മൈസൂരു റോഡിനെ ദേശീയപാതയായി പ്രഖ്യാപിക്കാനുള്ള നടപടിക്രമങ്ങൾ ആരംഭിക്കാൻ കേന്ദ്രം തീരുമാനിച്ചിട്ടുണ്ട്. 27-10-2021-ന് മന്ത്രിയെന്ന നിലയ്ക്ക് ഞാൻ ഡൽഹിയിൽ പോയി കേന്ദ്രമന്ത്രിയുമായി ചർച്ച നടത്തിയിരുന്നു. ഇക്കാര്യത്തിൽ അനുകൂലമായ സമീപനമാണ് കേന്ദ്രമന്ത്രിയിൽ നിന്നുണ്ടായിട്ടുള്ളത്. ചൊവ്വ-കുട്ടുപുഴ-മൈസൂരു, വിജയപുരം-ഊന്നുകൽ, കൽപ്പറ്റ-മാനന്തവാടി, തൈറ്റാനിയം-ചവറ, ഇലവുങ്കൽ-ളാഹ, വിഴിഞ്ഞം സീപോർട്ടിനെ കരമന കളിയിക്കാവിള റോഡുമായി ബന്ധിപ്പിക്കുന്ന റോഡ്, തിരുവനന്തപുരം-തെന്മല, വടക്കാഞ്ചേരി-പൊള്ളാച്ചി റോഡിലെ കേരളത്തിലുള്ള ഭാഗം, ഹോസ്ദുർഗ്ഗ്-പാണത്തുർ മടിക്കേരി റോഡിലെ കേരളത്തിലെ ഭാഗം, ചെർക്കള-കല്ലഡുക്ക കേരളത്തിലെ ഭാഗം, കായംകുളം-തിരുവല്ല, ആലപ്പുഴ-ചങ്ങനാശ്ശേരി, വാഴൂർ 14-ാം മൈൽ എന്നീ റോഡുകൾക്കാണ് തത്വത്തിൽ അനുമതി നൽകിയതായി അറിയിച്ചിട്ടുള്ളത്.

ശ്രീമതി സി. കെ. ആശ: സർ, ഭാരത്മാല പദ്ധതിയിൽ ഇനി പുതിയ റോഡുകൾ ഉൾപ്പെടുത്താൻ സാദ്ധ്യതയുണ്ടോ? കുമരകം-നെടുമ്പാശ്ശേരി റോഡ് കോട്ടയം പിറവം വഴിയാണ് നിലവിൽ പ്രഖ്യാപിച്ചിട്ടുള്ളത്. കുമരകത്തുനിന്ന് നെടുമ്പാശ്ശേരിയിലേയ്ക്ക് ഏറ്റവും എളുപ്പമാർഗ്ഗമെന്ന നിലയിൽ കുമരകം, വൈക്കം, പൂത്തോട്ട, സീപോർട്ട്-എയർപോർട്ട് റോഡുകൂടി ആ അലൈൻമെന്റിൽ പരിഗണിക്കാൻ സാദ്ധ്യതയുണ്ടോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇതുസംബന്ധിച്ച് പരിശോധിക്കാം.

ശ്രീ. ജി. എസ്. ജയലാൽ: സർ, ഭാരത്മാല പദ്ധതിയിൽ ഉൾപ്പെടുത്തിയ പാരിപ്പള്ളി മുതൽ വിഴിഞ്ഞം വരെയുള്ള 80 കി. മീ റോഡിന്റെ അലൈൻമെന്റ് പൂർത്തിയായിട്ടുണ്ടോ; അത് ഏത് പ്രദേശം വഴിയാണ്; വിശദാംശം പറയാമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇതിന്റെ വിശദാംശങ്ങൾ പരിശോധിച്ചതിനുശേഷം വ്യക്തമായി അറിയിക്കാം.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, കേരളത്തിലെ ദേശീയപാതകളിൽ ഭൂരിഭാഗവും NHAI (National Highways Authority of India)-ക്ക് കൈമാറിയ സാഹചര്യമാണ് നിലവിലുള്ളത്. അതിനെത്തുടർന്ന് ദേശീയ പാതയിലെ അറ്റകുറ്റപ്പണികൾ ഏറെക്കാലമായി നടക്കാതിരിക്കുകയാണ്. ആ സാഹചര്യത്തിൽ ഇത്തരം റോഡുകളുടെ കാര്യത്തിൽ ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടി സ്വീകരിക്കാൻ കഴിയുന്ന മാർഗ്ഗമെന്താണ്?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇത് പ്രധാനപ്പെട്ട പ്രശ്നമാണ്. നേരത്തെ ശ്രദ്ധക്ഷണിക്കലിലൂടെ വിശദമായി സഭ ചർച്ച ചെയ്തതാണ്. പ്രധാനമായി ഈ പ്രശ്നം ബാധിക്കുന്നത് ആലപ്പുഴ ജില്ലയിലെ റോഡുകളെയാണ്. കേരളത്തിലെ ഏറ്റവുമധികം ദേശീയപാതാ റോഡുകളുള്ള ജില്ലയും ആലപ്പുഴയാണ്. 27-10-2021-ന് കേന്ദ്ര മന്ത്രിയുമായി ചർച്ചനടത്തിയ സന്ദർഭത്തിൽ ഇതുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തുകയും ദേശീയപാതാ അതോറിറ്റിയുടെ കീഴിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണിക്ക് സ്ഥിരം സംവിധാനം ഏർപ്പെടുത്തണമെന്ന് ആവശ്യപ്പെടുകയും പ്രത്യേക നിവേദനം നൽകുകയും ചെയ്തിട്ടുണ്ട്. കിലോമീറ്ററിന് നിശ്ചിതനിരക്ക് കണക്കാക്കി അറ്റകുറ്റപ്പണിക്ക് നിശ്ചിത ഫണ്ട് വകയിരുത്തി നൽകണമെന്ന് കേന്ദ്രമന്ത്രിയോട് അഭ്യർത്ഥിക്കുകയും അത് പരിശോധിക്കാമെന്ന് അദ്ദേഹം ഉറപ്പുനൽകുകയും ചെയ്തിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ അറ്റകുറ്റപ്പണി സംബന്ധിച്ച് ദേശീയപാതാ അതോറിറ്റി ഉദ്യോഗസ്ഥരുമായി ആലപ്പുഴ കളക്ടറേറ്റിൽ ചേർന്ന പ്രത്യേക യോഗത്തിൽ ശ്രീ. പി. പി. ചിത്തരഞ്ജൻ, ശ്രീ. എച്ച്. സലാം എന്നീ അംഗങ്ങൾ പങ്കെടുത്തിരുന്നു. ശ്രീ. രമേശ് ചെന്നിത്തലയും ശ്രീമതി യു. പ്രതിഭയും ഞാനുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ രണ്ടുമാസത്തിലൊരിക്കൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയിലെയും പൊതുമരാമത്ത് വകുപ്പിലെയും ഉദ്യോഗസ്ഥർ തമ്മിൽ കേരളത്തിലെ എല്ലാ NHAI റോഡുകളെയും കുറിച്ചുള്ള ചർച്ചകൾ നടത്തി അതത് ഘട്ടത്തിൽ പരിഹരിച്ച് പോകണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്. നിലവിൽ മാസത്തിലൊരിക്കൽ കളക്ടർ ചെയർമാനും എക്സിക്യൂട്ടീവ് എഞ്ചിനീയർ (റോഡ്സ്) കൺവീനറുമായിട്ടുള്ള ഡിസ്ട്രിക്ട് ഇൻഫ്രാസ്ട്രക്ചർ കോ-ഓർഡിനേഷൻ കമ്മിറ്റി ഇത്തരം കാര്യങ്ങൾ പരിശോധിക്കുന്നുണ്ട്. ഇതൊരു പ്രധാന വിഷയമാണ്. സംസ്ഥാന സർക്കാർ

മുമ്പോട്ടുവച്ചിട്ടുള്ള പ്രൊപ്പോസലുകൾ കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചാൽ ഈ പ്രശ്നത്തിന് ശാശ്വതപരിഹാരം കാണാൻ സാധിക്കും.

ശ്രീ. സി. സി. മുകുന്ദൻ: സർ, ഭാരത്മാല പദ്ധതിയിൽ തീരദേശ റോഡുകൾക്ക് പ്രത്യേക പരിഗണന നൽകാമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, അത് നേരത്തെ സൂചിപ്പിച്ചിരുന്നു. പോർട്ട് വികസനവുമായി ബന്ധപ്പെട്ട് ചില പദ്ധതികളെക്കുറിച്ച് പറഞ്ഞിരുന്നു. ഇതുമായി ബന്ധപ്പെട്ട് 11 റോഡുകളുടെ വികസനത്തിനാണ് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുള്ളത്. അഴീക്കൽ-എൻ.എച്ച്. ബൈപ്പാസ്, അഴീക്കൽ-പുതുവളപ്പ്, പയ്യാമ്പലം-അഴീക്കൽ വരെ, ബേപ്പൂരിലെ പുഴയോര റോഡ്, മധുര ബസ്സാർ-ചുള്ളിക്കാട് വരെ, ബേപ്പൂർ- മലാപ്പറമ്പ്, പായൽക്കുളങ്ങര മുതൽ ആലപ്പുഴ വരെ, സ്റ്റേറ്റ് ഹൈവേ മുതൽ ആലപ്പുഴ വരെ, വൈപ്പിൻ മുതൽ മത്സ്യഫെഡ് വരെ, കൊല്ലം പോർട്ടിലേയ്ക്കുള്ള റോഡ് വികസനം എന്നിവയാണ് ഇപ്പോൾ ഉൾപ്പെടുത്തിയിട്ടുള്ളതെന്നാണ് ചർച്ച ചെയ്ത ഘട്ടത്തിൽ ബോദ്ധ്യപ്പെട്ടത്. അതിനുള്ള ഡി.പി.ആർ. തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്; അത് വേഗത്തിൽ നൽകിയാൽ പരിശോധിച്ച് ഉടൻ അംഗീകാരം നൽകാമെന്ന് കേന്ദ്രമന്ത്രി അറിയിച്ചിട്ടുണ്ട്.

ശ്രീ. സണ്ണി ജോസഫ്: സർ, ദേശീയപാതയുടെ പ്രവർത്തനങ്ങളെക്കുറിച്ച് പറഞ്ഞ കാര്യങ്ങൾ സ്വാഗതാർഹമാണ്. പക്ഷേ, കേരളത്തിലെ ഗ്രാമീണ റോഡുകൾ തകർന്ന അവസ്ഥയിലാണ്. 2018-19-ലെ വെള്ളപ്പൊക്കത്തിൽ തകർന്ന ഗ്രാമീണ റോഡുകൾ പുനർനിർമ്മിക്കാത്ത നിരവധി സ്ഥലങ്ങളുണ്ട്. അവ പുനർനിർമ്മിക്കുന്നതിന് പഞ്ചായത്ത് അധികൃതർക്ക് ഫണ്ടില്ല. എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന രണ്ട് റോഡുകളുടെ ഉദ്ഘാടനവേളയിൽ പഞ്ചായത്ത് മെമ്പർമാർ പറഞ്ഞത് റോഡ് നിർമ്മാണത്തിന് ഒരു വർഷം ലഭിക്കുന്നത് ആകെ മൂന്നു ലക്ഷം രൂപയാണെന്നാണ്. എം.എൽ.എ. ആസ്തി വികസന ഫണ്ട് ഇത്തവണ ആരോഗ്യ കാര്യങ്ങളിലേയ്ക്ക് നീക്കിവച്ചതുകൊണ്ട് എം.എൽ.എ-മാർക്ക് ഫണ്ട് അനുവദിക്കാൻ സാധിക്കില്ല. ഫ്ളഡ് മെയിന്റനൻസിന്റെ ഭാഗമായി ലഭിക്കുന്ന ചെറിയ തുക റോഡ് പുനർനിർമ്മാണത്തിന് പര്യാപ്തമല്ല. മഴക്കാലത്ത് ഗ്രാമീണ റോഡുകൾ തകരുന്ന അവസ്ഥ പരിഗണിച്ച് ഒരു വാർഡിൽ ഒരു റോഡ് എന്ന നിലയിൽ വൺ ടൈം മെയിന്റനൻസിനുള്ള ഫണ്ട് അനുവദിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഈ പ്രശ്നം പല എം.എൽ.എ- മാരും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. നിലവിൽ തദ്ദേശ സ്വയംഭരണ വകുപ്പ് ഗ്രാമീണ റോഡുകൾ ഏറ്റെടുക്കാൻ ആലോചിച്ചിട്ടില്ല. ഏതെങ്കിലും ഒരു സ്ഥലത്തെ റോഡ്

മാത്രം പ്രത്യേകമായി ഏറ്റെടുക്കാനും പ്രായോഗിക ബുദ്ധിമുട്ടുണ്ട്. ഇത് പൊതുവായി തീരുമാനിക്കേണ്ട വിഷയമായതിനാൽ ഇക്കാര്യം ചർച്ച ചെയ്യാവുന്നതാണ്.

ശ്രീ. എ. എൻ. ഷംസീർ: സർ, കണ്ണൂർ, മേലെചൊവ്വ, കുട്ടുപ്പുഴ, മൈസൂരു റോഡുകളെ ദേശീയ പാതയായി പ്രഖ്യാപിച്ചതായി ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. അതിന്റെ പ്രവർത്തനം അതിവേഗതയിൽ നടന്നുകൊണ്ടിരിക്കുകയാണ്. ബ്രിട്ടീഷ് ഭരണകാലത്തെ പ്രധാനപ്പെട്ട പൈതൃക നഗരിയായ തലശ്ശേരി പ്രധാനപ്പെട്ട ടൂറിസം ഡെസ്റ്റിനേഷനായി മാറിക്കൊണ്ടിരിക്കുകയാണ്. മൈസൂരുവിലെയും കൂർഗിലെയും നിരവധിപേർ മലബാർ കാൻസർ സെന്റർ എന്ന അത്യാധുനിക ചികിത്സാ കേന്ദ്രത്തിൽ ചികിത്സയ്ക്കായി വരുന്നുണ്ട്. ഈ പശ്ചാത്തലത്തിൽ തലശ്ശേരി-കൂർഗ് റോഡും കുട്ടുപ്പുഴ-മേലെചൊവ്വ റോഡും തമ്മിൽ കൂടിച്ചേരുന്ന സ്ഥലം തലശ്ശേരിയിലെ മട്ടന്നൂരാണ്. ഇവിടേയ്ക്ക് കേവലം 18 കി. മീ. ദൈർഘ്യം മാത്രമാണുള്ളത്; ഇതുകൂടി ദേശീയപാതയുടെ ഭാഗമാക്കാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്ന് ഇടപെടലുകളുണ്ടാകുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, നേരത്തെ ചർച്ച ചെയ്ത അവസരത്തിൽ ഈ പ്രശ്നം ശ്രീ. എ. എൻ. ഷംസീർ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. കണ്ണൂർ ജില്ലയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പങ്കെടുത്ത യോഗത്തിൽ പ്രസ്തുത വിഷയം ചർച്ച ചെയ്തിരുന്നു. ഇത് ന്യായമായ ആവശ്യമായതുകൊണ്ട് തലശ്ശേരിയുടെ ഹിസ്റ്റോറിക്കൽ ഇംപോർട്ടൻസ്, ജിയോഗ്രഫിക്കൽ ഇംപോർട്ടൻസ് തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള നിവേദനം 27-10-2021-ന് കേന്ദ്രമന്ത്രിക്ക് നൽകുകയും ഗവൺമെന്റിന്റെ നിലപാട് അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ അനുകൂലമായ സമീപനമാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, മലയോരമേഖലയിൽക്കൂടി കടന്നു പോകുന്ന ഭാരത്മാല ഗ്രീൻ ഫീൽഡ് പദ്ധതിക്ക് പ്രത്യേകതകൾ ഏറെയുണ്ട്. പൂർണ്ണമായും കൊമേഴ്സ്യൽ റെസിഡൻഷ്യൽ ഏരിയ ഒഴിവാക്കിയാണ് ഹൈവേ നിർമ്മിക്കുന്നതെന്നാണ് അറിയപ്പെട്ടിരുന്നത്. എന്നാൽ നിലവിൽ തയ്യാറാക്കിയ പാലക്കാട്, കോഴിക്കോട് റൂട്ടിൽ അലൈൻമെന്റിൽ ഏറെക്കുറെ റെസിഡൻഷ്യൽ ഏരിയ ഉൾപ്പെട്ടതായി കാണുന്ന സാഹചര്യത്തിൽ അതൊഴിവാക്കി അലൈൻമെന്റിൽ മാറ്റം വരുത്തുന്ന കാര്യം പരിഗണിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഈ വിഷയം പരിശോധിക്കുന്നതാണ്.

ശ്രീമതി കാനത്തിൽ ജമീല: സർ, ഭാരത്മാല പദ്ധതിയുടെ ഭാഗമായി നിലവിലുള്ള വെങ്കളം-അയിനൂർ ദേശീയപാത ആറുവരിയായി വികസിപ്പിക്കുമ്പോൾ

ജനങ്ങളുടെ ആവശ്യം മുൻനിർത്തി സ്കൂളുകൾ, സർക്കാർ ഓഫീസുകൾ, ക്ഷേത്രങ്ങൾ, പള്ളികൾ, നദീ പാലങ്ങളുടെ സർവ്വീസ് റോഡുകൾ എന്നിവ ചേരുന്ന ടൗണുകളിൽ അണ്ടർ പാസ്സുകൾ അനുവദിക്കാൻ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുമായി ചർച്ച ചെയ്ത് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഈ വിഷയം പരിശോധിക്കുന്നതാണ്. ഇതിലെ പ്രധാന വിഷയം, എൻ.എച്ച്.എ.ഐ.-യുമായി ബന്ധപ്പെട്ട് നിലവിൽ തൃശ്ശൂർ മുതൽ കാസർഗോഡുവരെയാണ് റോഡുകളുടെ വികസനം വരേണ്ടത്. പരമാവധി വികസനം വരുത്താനുള്ള ശ്രമം നടക്കുന്നുണ്ട്. എല്ലാ ഡി.ഐ.സി.സി. (ഡിസ്ട്രിക്റ്റ് ഇൻഫ്രാസ്ട്രക്ചർ കോ-ഓർഡിനേഷൻ കമ്മിറ്റി) മീറ്റിംഗുകളിലും ഇതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ചചെയ്യുകയും ഓരോ ദിവസവും മന്ത്രി പങ്കെടുത്തുകൊണ്ടുള്ള ആക്സിലറേറ്റഡ് പി.ഡബ്ല്യു.ഡി-യെന്ന മേജർ പ്രോജക്ട് റിവ്യൂകളിലും ഇത്തരം കാര്യങ്ങൾ പരിശോധിക്കുന്നുണ്ട്. ഈ വിഷയം പരിശോധിച്ച് ബന്ധപ്പെട്ടവരെ അറിയിക്കാം.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, മലപ്പുറം ജില്ലയിലെ നാട്ടുകാണി-പരപ്പനങ്ങാടി റോഡുനിർമ്മാണത്തിന്റെ അനിശ്ചിതത്വം അവസാനിപ്പിക്കുന്നതിന്, ഒന്നുകിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് അതിനാവശ്യമായ ഫണ്ട് വിനിയോഗിച്ച് നിർമ്മാണം നടത്തണം; അല്ലെങ്കിൽ നിലവിലുള്ള ഫണ്ട് അനുസരിച്ച് റോഡ് നല്ല നിലയിൽ പൂർത്തീകരിക്കണം. ജില്ലയിലെ എല്ലാ എം.എൽ.എ-മാരും ടി വിഷയവുമായി ബന്ധപ്പെട്ട് നിവേദനം നൽകിയിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത റോഡിന് ബഹുമാനപ്പെട്ട മന്ത്രി മുൻഗണന നൽകണം.

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ന്യായമായ വിഷയമാണ്. ഇത് മലപ്പുറം ജില്ലയിലെ നിരവധി നിയോജകമണ്ഡലങ്ങളുമായി ബന്ധപ്പെട്ടതും പരിഹരിക്കപ്പെടേണ്ടതുമായ പ്രശ്നമെന്ന നിലയിൽ തന്നെയാണ് എടുത്തിരിക്കുന്നത്. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുൾപ്പെടെയുള്ള എം.എൽ.എ-മാരും ജില്ലയിലെ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. വി. അബ്ദുറഹിമാനും ടി വിഷയം ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിനുവേണ്ടി പ്രത്യേക യോഗം വിളിച്ചുചേർക്കാവുന്നതാണെന്ന വിവരം അറിയിക്കുന്നു.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഹൈവേ വികസനവുമായി ബന്ധപ്പെട്ട് സ്ഥലമെടുപ്പ് നടപടി വേഗതയിൽത്തന്നെയാണ് നടന്നുകൊണ്ടിരിക്കുന്നത്. എന്നാൽ സ്ഥലമെടുപ്പ് പൂർത്തീകരിച്ച സ്ഥലത്തുള്ളവർക്ക് നഷ്ടപരിഹാരത്തുക നൽകുന്നതിൽ കാലതാമസം വന്നുകൊണ്ടിരിക്കുന്നു. ആലപ്പുഴ ജില്ലയിലെ ചിലഭാഗങ്ങളിൽ സ്ഥലമേറ്റെടുക്കൽ നടപടി പൂർത്തീകരിക്കാനുള്ള സാഹചര്യത്തിൽ അത് പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ടി വിഷയം എൻ.എച്ച്.എ.ഐ. -യുമായുള്ള യോഗത്തിൽ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അതു പരിഹരിക്കാൻ പ്രത്യേക ഇടപെടൽ നടത്താമെന്ന് എൻ.എച്ച്.എ.ഐ-യുടെ ഉത്തരവാദപ്പെട്ടവർ അറിയിച്ചിട്ടുണ്ട്.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ആലപ്പുഴ-വാഴൂർ പതിനാലാം മൈൽ റോഡ് ഭാരത്മാല പദ്ധതിയിലുൾപ്പെടുത്തിയതിന് അഭിനന്ദനം അറിയിക്കുകയാണ്. കോട്ടയത്ത് നിന്നാരംഭിച്ച് കുമിളിയിൽ എത്തുന്ന ദേശീയപാത 183-ന്റെ ഐഡ ജംഗ്ഷൻ മുതൽ പത്തൊമ്പതാം മൈൽവരെ മാത്രമെ ഡി.പി.ആർ. തയാറാക്കിയിട്ടുള്ളൂ. പിന്നീടുള്ളത് മുണ്ടക്കയം മുതൽ കുമിളിവരെയാണ്. ഇതിനിടയിൽ ഉൾപ്പെടുന്ന പ്രധാനപ്പെട്ട കാഞ്ഞിരപ്പള്ളി-പൊൻകുന്നം ടൗൺ മേഖല പൂർണ്ണമായും ഒഴിവാക്കപ്പെട്ടിരിക്കുകയാണ്. ഈ പദ്ധതി പൂർണ്ണമായും ഭംഗിയാകണമെങ്കിൽ പ്രസ്തുത മേഖലകൂടി ഉൾപ്പെടുത്തണം. അതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇക്കാര്യം നേരത്തെ ബഹുമാനപ്പെട്ട എം.എൽ.എ. ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അത് പരിശോധിച്ച് എന്താണ് ചെയ്യാൻ കഴിയുന്നതെന്ന് ആലോചിക്കുന്നതാണ്.

ശ്രീമതി ദെലീമ: സർ, ചേർത്തല മുതൽ അരൂർവരെയുള്ള മിക്ക റോഡുകളും വെള്ളക്കെട്ടിന്റെയും ഉപ്പുവെള്ളം കയറുന്നതിന്റെയും ഫലമായി പൊട്ടിപ്പൊളിയുകയാണ്. ഇത്തരം പ്രദേശങ്ങൾക്ക് പ്രത്യേക പരിഗണന നൽകുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, വെള്ളക്കെട്ട് പ്രധാന പ്രശ്നമാണ്. നാഷണൽ ഹൈവേയും മറ്റ് റോഡുകളും ഡ്രെയിനേജ് സംവിധാനത്തിലെ അപാകതമൂലം നേരിടുന്ന ഈ പ്രധാന പ്രശ്നം പരിഹരിക്കപ്പെടേണ്ടതാണ്. റോഡുകളുടെ നല്ല രീതിയിലുള്ള നിലനിൽപ്പിനായി പ്രോപ്പർ ഡ്രെയിനേജ് സംവിധാനം ആവശ്യമാണ്. പൊതുമരാമത്ത് വകുപ്പിന്റെയും മറ്റ് വകുപ്പുകളുടെയും ഡ്രെയിനേജ് സംവിധാനത്തിലെ അപാകത പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരുമായി ചർച്ച നടത്തിയിട്ടുണ്ട്. കേരളത്തിലെ കാലാവസ്ഥയുടെ പ്രത്യേകതകൂടി പരിഗണിച്ച് ഭാവിയിൽ ഇക്കാര്യം ആലോചിച്ചുപോകേണ്ടതാണ്.

ശ്രീ. സി. ആർ. മഹേഷ്: സർ, ഇന്നലെ പെരുമഴയത്ത് കരുനാഗപ്പള്ളി കന്നേറ്റി പാലത്തിന്റെ അപ്രോച്ച് റോഡിൽ വലിയ കുഴി രൂപപ്പെടുകയും ഏറെനേരം ദേശീയപാതയിൽ ഗതാഗതം തടസ്സപ്പെടുകയും ചെയ്തു. വളരെ പഴക്കമുള്ള പാലത്തിന്റെ ബലക്ഷയം പരിശോധിച്ച് അനന്തര നടപടിയെടുക്കാൻ നിർദ്ദേശം നൽകുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ വിഷയം അടിയന്തരമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തി നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ബഹുമാനപ്പെട്ട മന്ത്രി ചൊവ്വ- കുട്ടുപുഴ റോഡിന് അനുമതി ലഭിച്ച വിവരം സൂചിപ്പിച്ചിരുന്നു. കണ്ണൂർ നഗരവുമായി ബന്ധപ്പെട്ട ഏറ്റവും തിരക്കുള്ള പ്രദേശവും വിമാനത്താവളത്തിലേയ്ക്ക് പോകുന്ന ജംഗ്ഷനും കൂടിച്ചേരുന്ന ഈ സ്ഥലം അങ്ങ് സന്ദർശിക്കുകയും അണ്ടർ പാസ്സിന് നിർദ്ദേശം വയ്ക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാനുള്ള നടപടി ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കൊപ്പം മുന്തിയ പരിഗണന നൽകുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, കേരളത്തിൽ ഏറ്റവും വലിയ ഗതാഗതക്കുരുക്ക് നേരിടുന്ന ജില്ലാ കേന്ദ്രമാണ് കണ്ണൂർ. ഈ പ്രശ്നം പരിഹരിക്കപ്പെടേണ്ടതിന്റെ അനിവാര്യത കണക്കിലെടുത്ത് എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും ജനപ്രതിനിധികളും തദ്ദേശഭരണ സ്ഥാപനങ്ങളും കോർപ്പറേഷനുൾപ്പെടെ ചേർന്ന് തീരുമാനമെടുക്കണം. തിരുവനന്തപുരം മുതൽ കാസർഗോഡുവരെയുള്ള ജില്ലകളിൽവച്ച് ഏറ്റവുമധികം ട്രാഫിക് ജാം നിലനിൽക്കുന്ന ജില്ലകളിലൊന്നാണ് കണ്ണൂർ. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ കോഴിക്കോട് നഗരത്തിലെ സമാനമായ പ്രശ്നം പരിഹരിച്ചിട്ടുണ്ട്. തെക്കൻ ജില്ലകളായ ആലപ്പുഴയിലും കൊല്ലത്തും ഈ പ്രശ്നം പരിഹരിച്ചിട്ടുണ്ട്. ആ നിലയിൽ കണ്ണൂർ ജില്ലയിലെ ഗതാഗതക്കുരുക്ക് പരിഹരിക്കേണ്ടത് കാലത്തിന്റെ ആവശ്യമായാണ് സർക്കാർ കാണുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഡോ. എൻ. ജയരാജ് സൂചിപ്പിച്ചതുപോലെ, എൻ.എച്ച്. 183, ഐഡ ജംഗ്ഷനിൽ നിന്നാണ് കുമിളിയിലേയ്ക്ക് പോകുന്നത്. മറ്റൊരു ഹൈവേ ഒരു കിലോമീറ്റർ അകലെയുള്ള മണിപ്പുഴ എന്ന സ്ഥലത്ത് എത്തിനിൽക്കുകയാണ്. ഇതിന്റെ മദ്ധ്യത്തിൽ സ്ഥിതി ചെയ്യുന്ന കോടിമത എന്ന പ്രദേശം നേരത്തെ കെ.എസ്.ടി.പി-ക്ക് കൊടുത്തുവെന്നും പിന്നീടത് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തുവെന്നും പറയപ്പെടുന്നു. അവിടെ നാലഞ്ച് വർഷമായി ഒരു പാലത്തിന്റെ പണി ഭാഗികമായി നിർത്തിവച്ചിരിക്കുകയാണ്. അങ്ങ് പ്രത്യേക ശ്രദ്ധചെലുത്തി പ്രസ്തുത വർക്ക് പൂർത്തീകരിക്കുന്നതിനും ഇടയ്ക്ക് വിട്ടുപോയ ഭാഗം ഏതെങ്കിലും ദേശീയപാതയോട് ചേർക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉന്നയിച്ച പ്രശ്നം തീർച്ചയായും ചർച്ച ചെയ്യാം. അത് പരിഗണിക്കാവുന്നതാണ്.

<u>ശ്രീ. മുരളി പെരുനെല്ലി</u>: സർ, തൃശ്ശൂരിൽനിന്ന് വടക്കോട്ടുള്ള യാത്രയിലെ പ്രധാനപ്പെട്ട റോഡാണ് തൃശ്ശൂർ-കുറ്റിപ്പുറം പാത. അതിൽ ഏറ്റവും ജനത്തിരക്കേറിയതും പലപ്പോഴും മണിക്കൂറോളം ഗതാഗതക്കുരുക്കുണ്ടാകുന്നതുമായ പ്രധാനപ്പെട്ട മേഖലയാണ് കേച്ചേരി ജംഗ്ഷൻ. വഴുവഞ്ചേരി മുതൽ ചൂണ്ടൽ വരെയുള്ള അഞ്ചര കിലോമീറ്റർ വളരെ വീതികുറഞ്ഞ റോഡാണ്. ആ റോഡിന്റെ വികസനവും കേച്ചേരി ജംഗ്ഷന്റെ വികസനവും അടിയന്തരമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ഇത് പ്രധാന പ്രശ്നമെന്ന നിലയിൽ ഫോക്കസ് ചെയ്യപ്പെടണമെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. എൽ.ഡി.എഫ്-ന്റെ പ്രകടനപത്രികയിലും തൃശ്ശൂർ-കുറ്റിപ്പുറം പാതയുടെ പ്രശ്നം പരിഹരിക്കപ്പെടണമെന്ന് പറഞ്ഞിട്ടുണ്ട്. തൃശ്ശൂരിൽനിന്നും കുറ്റിപ്പുറത്തേയ്ക്ക് വരുമ്പോൾ കേച്ചേരി, പെരുമ്പിലാവ് ജംഗ്ഷൻ, എടപ്പാൾ ഭാഗങ്ങളിലെ പ്രധാന കേന്ദ്രങ്ങളിലെ ബ്ലോക്കുകൾ പരിഹരിക്കണം. അതിന്റെ ഭാഗമായി എടപ്പാൾ മേൽപ്പാലത്തിന്റെ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിച്ച് ഈ വർഷംതന്നെ ഉദ്ഘാടനം ചെയ്യുമെന്ന കാര്യംകൂടി അറിയിക്കാൻ ഉദ്ദേശിക്കുകയാണ്. തൃശ്ശൂരിൽനിന്നും കുറ്റിപ്പുറം വരെയുള്ള ദേശീയപാതയിലെയും കേച്ചേരി ജംഗ്ഷന്റെയും പ്രശ്നം ചർച്ച ചെയ്ത് പരിഹരിക്കുന്നതാണ്.

<u>ശ്രീമതി യു. പ്രതിഭ</u>: സർ, ദേശീയപാതയുടെ വികസനവുമായി ബന്ധപ്പെട്ട് അങ്ങ് നടത്തുന്ന ചടുലമായ ഇടപെടലുകൾക്ക് അഭിനന്ദനം അറിയിക്കുന്നു. ഏറ്റവുംകൂടുതൽ മോശമായി സ്ഥിതിചെയ്യുന്ന ഹൈവേയുടെ ഭാഗം പ്രതിനിധാനം ചെയ്യുന്ന ഒരു ജനപ്രതിനിധിയാണ് ഞാനെന്ന് അങ്ങേയ്ക്കറിയാമെന്നു മാത്രമല്ല, ഇക്കാര്യത്തിൽ അങ്ങ് നന്നായി ഇടപെട്ടിട്ടുമുണ്ട്. അതിൽ പറവൂർ മുതൽ കൊറ്റുകുളങ്ങര വരെയുള്ള വർക്ക് ടെണ്ടർ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടെന്നും കൊറ്റുകുളങ്ങര മുതൽ കരുനാഗപ്പള്ളി വരെയുള്ള ഭാഗത്തിന്റെ പ്രവൃത്തി ഒരു കമ്പനി ഏറ്റെടുത്തിട്ടുണ്ടെന്നും അറിയാൻ കഴിഞ്ഞിട്ടുണ്ട്. അങ്ങനെയെങ്കിൽ പ്രവൃത്തി ആരംഭിക്കുന്നതിനുമുമ്പ് ഏറ്റവുമധികം കുഴിയുള്ള ഭാഗം ആ കമ്പനിയെക്കൊണ്ട് ഓവർലേ ചെയ്യിക്കാൻ കഴിയുമോ? മഴ പെയ്തപ്പോൾ കൂടുതൽ പ്രദേശത്തെ റോഡുകൾ തകർന്നതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. കായംകുളം പ്രദേശത്തുകൂടി യാത്ര ചെയ്യുന്നതുപോലും ഭയം തോന്നുന്ന കാര്യമാണ്. നിരന്തരമായി മഴയിൽപ്പെടുമ്പോൾ പ്രസ്തുത പ്രദേശം തകരുന്നതിന്റെ കാരണമെന്താണെന്ന് പരിശോധിച്ച് അത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ശ്രീ. രമേശ് ചെന്നിത്തലയും ശ്രീമതി യു. പ്രതിഭയുമായി ഈ പ്രശ്നം ചർച്ച ചെയ്തിരുന്നു. നേരത്തെ ബഹുമാന്യരായ

എം.എൽ.എ.-മാരായ എച്ച്. സലാം, പി. പി. ചിത്തരഞ്ജൻ എന്നിവരുമായും ചർച്ച ചെയ്തിരുന്നു. ഇതിനൊരു ശാശ്വതപരിഹാരം ആവശ്യമാണെന്നതിനാൽ ഈ പ്രശ്നം പാച്ച് വർക്കുകൊണ്ട് പരിഹരിക്കാൻ സാധിക്കില്ലെന്നത് എൻ.എച്ച്.എ.ഐ.യുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് ഓവർലേ തന്നെയാണ് പരിഹാരമാർഗ്ഗം. എൻ.എച്ച്.എ.ഐ-ക്ക് ചില സാങ്കേതിക പ്രശ്നങ്ങളുണ്ടെന്നും ഓവർ ലേ ചെയ്യുന്നത് അവർക്കൊരു വിഷയമായി മാറുകയാണെന്നും മനസ്സിലാക്കി ശാശ്വതപരിഹാരമെന്ന നിലയിൽ കിലോമീറ്ററിന് നിശ്ചിത നിരക്ക് കണക്കാക്കി പ്രസ്തുത അറ്റകുറ്റപ്പണിക്ക് നിശ്ചിത ഫണ്ട് വകയിരുത്താനാണ് തീരുമാനിച്ചിട്ടുള്ളത്. പ്രസ്തുത വിഷയം അഞ്ച് മാസത്തിനിടയിൽ സഭ നിരവധി തവണ ചർച്ച ചെയ്തതാണ്. എൻ.എച്ച്.എ.ഐ-യുടെ റോഡുകളുടെ ഹാൻഡ് ഓവറിംഗിനുശേഷം നേരിട്ട് ഇടപെടാൻ കഴിയാത്ത പ്രശ്നമുണ്ട്. ഇക്കാര്യം കഴിഞ്ഞമാസം 27-ാം തീയതി കേന്ദ്രമന്ത്രിയുമായി ചർച്ച ചെയ്യുകയും പരിഹാരം കാണാമെന്ന് അദ്ദേഹം ഉറപ്പുനൽകുകയും ചെയ്തിട്ടുണ്ട്. ആലപ്പുഴ ജില്ലയുടെ പ്രത്യേക പ്രശ്നവും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. നജീബ് കാന്തപുരം: സർ, മേലാറ്റൂരിൽനിന്ന് പുലാമന്തോൾ വരെയുള്ള സംസ്ഥാനപാതയുടെ നിർമ്മാണപ്രവൃത്തി ഇഴഞ്ഞുനീങ്ങുന്ന അവസ്ഥയിലാണ്. ആയിരക്കണക്കിന് ആളുകൾ ദിവസേന യാത്ര ചെയ്യുന്ന ഈ റോഡിൽ ബഹുമാന്യനായ മന്ത്രിതന്നെ നേരിട്ട് പരിശോധന നടത്തുകയും മൂന്ന് മാസത്തിനകം പെരിന്തൽമണ്ണ നഗരത്തിലെ പ്രശ്നങ്ങൾ അവസാനിപ്പിക്കാമെന്ന് കരാറുകാർ ഉറപ്പുനൽകുകയും ചെയ്തിരുന്നു. അതിനുശേഷം രണ്ടുമാസം കഴിഞ്ഞിട്ടും തൽസ്ഥിതി തുടരുകയാണ്. ദിവസേന ധാരാളം അപകടങ്ങളുണ്ടാകുന്ന പെരിന്തൽമണ്ണ നഗരത്തിലെ പട്ടാമ്പി റോഡ് മുതൽ ചില്ലീസ് ജംഗ്ഷൻ വരെയുള്ള മൂന്ന് കിലോമീറ്റർ റോഡിന്റെ പ്രവൃത്തിയെങ്കിലും പൂർത്തിയാക്കാൻ എത്രയുംവേഗം നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഈ വിഷയം സബ്മിഷനായി ലഭിച്ചപ്പോൾ അവിടെ സന്ദർശനം നടത്താമെന്ന് നിയമസഭയിൽ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ തൊട്ടടുത്ത ദിവസം സന്ദർശിക്കുകയും ആ പ്രശ്നം പരിഹരിക്കാമെന്നും മഴ കഴിഞ്ഞാലുടൻ പ്രവൃത്തി ആരംഭിക്കാമെന്ന് ഉറപ്പുനൽകുകയും ചെയ്തിരുന്നു. പക്ഷേ, കാലാവസ്ഥ മാറ്റമില്ലാതെ തുടരുകയാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം ഇത്തരം വിഷയങ്ങൾ പരിഹരിക്കാൻ ഒരു വർക്കിംഗ് കലണ്ടർ അനിവാര്യമാണ്. വർക്കിംഗ് കലണ്ടർ, യൂട്ടിലിറ്റി ഷിഫ്റ്റിംഗ്, മഴക്കാലത്തും അല്ലാത്ത സമയങ്ങളിലും പ്രവൃത്തി നടക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ തുടങ്ങിയവ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും മന്ത്രിമാരോടും പ്രതിപക്ഷനേതാവിനോടും കക്ഷിനേതാക്കളോടും ചർച്ചചെയ്തിരുന്നു.

ഭാവിയിൽ ഇത്തരം വിഷയങ്ങൾക്ക് ശാശ്വത പരിഹാരം കണ്ടെത്തുന്നതിനായി കേരളത്തിന് ഒരു വർക്കിംഗ് കലണ്ടർ എന്ന കാഴ്ചപ്പാടിനെക്കുറിച്ച് കരാറുകാരുടെ യോഗത്തിലും സൂചിപ്പിച്ചിരുന്നു. ശ്രീ. മോൻസ് ജോസഫ് ആ യോഗത്തിൽ പങ്കെടുത്തിരുന്നു. ഈ വിഷയം കരാറുകാരുൾപ്പെടെ രണ്ട് കയ്യും നീട്ടിയാണ് സ്വീകരിച്ചിട്ടുള്ളത്. ഭാവിയിൽ, കാലാവസ്ഥയ്ക്കനുസൃതമായി വർക്കിംഗ് കലണ്ടറിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ റോഡുകളുടെ പ്രവൃത്തി എന്ന കാഴ്ചപ്പാടുമായി മുന്നോട്ടുപോകാൻ കഴിയും. ഈ വിഷയം സംബന്ധിച്ച് ചെയ്യാൻ കഴിയുന്ന കാര്യങ്ങളെക്കുറിച്ച് ആലോചിക്കുന്നതാണ്.

ശ്രീ. പി. ടി. എ. റഹീം: സർ, ദേശീയപാത 766 (പഴയ ദേശീയപാത 212)-ന്റെ വികസനപ്രവർത്തനങ്ങളും സ്ഥലമെടുപ്പും സംബന്ധിച്ച നടപടിക്രമങ്ങൾ ഏതുവരെയായി; മലാപ്പറമ്പ് വരെ സ്ഥലമെടുത്ത ഭാഗം ടാർ ചെയ്തെങ്കിലും വാഹനം നിർത്തിയിടുന്നതിന് സൗകര്യമൊരുക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, പ്രസ്തുത ഭാഗത്താണ് കാലതാമസമുണ്ടായത്. 2018-ൽത്തന്നെ രാമനാട്ടുകര മുതൽ വെങ്ങളം വരെയുള്ള റോഡിന്റെ പ്രവൃത്തിയുമായി മുന്നോട്ടുപോയതാണ്. പക്ഷേ, കൺസഷണറുടെ ചില രീതികൾ കാരണം അത് നടപ്പിലാകാതെ പോയി. ഈ സർക്കാർ അധികാരത്തിൽ വന്നയുടൻ ഈ വിഷയത്തിന് പ്രഥമ പരിഗണന നൽകിക്കൊണ്ട് നാല് യോഗങ്ങൾ ചേരുകയും പ്രവൃത്തിയുടെ കാര്യങ്ങൾ പരിശോധിക്കാനായി ഐ.എ.എസ്. ഉദ്യോഗസ്ഥനെ നോഡൽ ഓഫീസറായി നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. മുമ്പ് കരാർ ഏറ്റെടുത്ത അതേ കമ്പനിയെത്തന്നെയാണ് കേന്ദ്രഗവൺമെന്റിന്റെ കീഴിലുള്ള എൻ.എച്ച്.എ.ഐ. വീണ്ടും പ്രവൃത്തി നടപ്പാക്കാനായി ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന പ്രശ്നമുണ്ട്. ഇപ്പോൾ യൂട്ടിലിറ്റി ഷിഫ്റ്റിംഗ് ഉൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്തുവരികയാണ്. ഇവിടെ ഉന്നയിച്ച വിഷയം പരിഹരിക്കുന്നതിനായി ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, കഴിഞ്ഞ മാസം 16-ാം തീയതിയിലെ പ്രളയക്കെടുതിയിൽ പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളും പാലങ്ങളും വ്യാപകമായി തകർന്നു. അതിന്റെ ഭാഗമായി വലിയ ഗതാഗതത്തിരക്കുള്ള ശബരിമല ഭാഗത്തേയ്ക്കുള്ള കാഞ്ഞിരപ്പള്ളി - എരുമേലി പാതയിലെ 26-ാം മൈൽ പാലം അടച്ചിട്ടിരിക്കുകയാണ്. ഇതടക്കം 9 പാലങ്ങളാണ് തകർന്നിട്ടുള്ളത്. ഇത്തരം പാലങ്ങളും റോഡുകളും പുനരുദ്ധരിക്കാൻ അടിയന്തര നടപടിയുണ്ടാകുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇത് പ്രധാനപ്പെട്ട വിഷയമാണ്. ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതൊരു ഒറ്റപ്പെട്ട വിഷയമല്ല. നിരവധി സ്ഥലങ്ങളിൽ തകർന്ന പാലങ്ങളുടെയും റോഡുകളുടെയും പ്രാഥമിക

കണക്കെടുപ്പ് മാത്രമാണ് നടത്തിയിട്ടുള്ളത്. പാലങ്ങളും റോഡുകളും തകർന്നതിന്റെ ഭാഗമായി 202 കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. ഇതുസംബന്ധിച്ച് പൂർണ്ണ കണക്കെടുപ്പ് നടത്തി പെട്ടെന്നുതന്നെ ഇവ പരിഹരിച്ചുപോകുന്നതാണ്.

ശ്രീ. കെ. ജെ. മാക്സി: സർ, പുതിയതും പഴയതുമായ നാഷണൽ ഹൈവേകളുടെയും പൊതുമരാമത്ത് റോഡുകളുടെയും ഇരുവശങ്ങളിലുമായി കയ്യേറ്റങ്ങൾ നടക്കുകയാണ്. റോഡരുകിൽ ഷെഡ്ഡുകൾ കെട്ടി കച്ചവടം നടത്തുന്ന ധാരാളം ആളുകളുണ്ട്. ഈ കയ്യേറ്റങ്ങൾമൂലം കാൽനടക്കാർക്കും വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനും സാധിക്കാത്ത അവസ്ഥയുണ്ടാകുകയും ധാരാളം അപകടങ്ങളുണ്ടാകുന്ന സ്ഥിതിവിശേഷവുമാണുള്ളത്. അത്തരം കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇതൊരു പ്രധാന പ്രശ്നമാണ്. കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതോടൊപ്പം ഈ സ്ഥലങ്ങളിൽ ക്രിയാത്മകമായ ധാരാളം നല്ല കാര്യങ്ങൾ ചെയ്യാനും സാധിക്കുന്നതാണ്. കയ്യേറ്റങ്ങൾ പല രീതിയിലുണ്ട്, വൻകിട കയ്യേറ്റങ്ങളുമുണ്ട്. പോലീസ് കേസ്സുമായി ബന്ധപ്പെട്ട് കേസ്സിന്റെ കാലാവധി നീണ്ടുപോകുന്നതിനാൽ റോഡുകളിൽത്തന്നെ വാഹനങ്ങൾ നിർത്തിയിടുന്ന പ്രശ്നം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. പോലീസ് മേധാവികൾ ഈ വിഷയം പരിഹരിക്കണമെന്ന നിലപാടാണ് സ്വീകരിച്ചുവരുന്നത്. പ്രസ്തുത വാഹനങ്ങൾ എങ്ങോട്ട് മാറ്റുമെന്നത് സംബന്ധിച്ചും കേസ്സുമായി ബന്ധപ്പെട്ടും പല പ്രശ്നങ്ങളും നിലനിൽക്കുന്നുണ്ട്. കയ്യേറ്റങ്ങളുടെ കാര്യത്തിൽ എല്ലായിടത്തും സ്ഥലം അളന്ന് തിട്ടപ്പെടുത്തി റിപ്പോർട്ട് നൽകണമെന്ന് ബന്ധപ്പെട്ട വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. നവംബർ മാസത്തിൽ പ്രസ്തുത റിപ്പോർട്ടിന്മേൽ ചർച്ച ചെയ്ത് മറ്റ് കാര്യങ്ങൾ ആലോചിക്കുന്നതാണ്.

**രാജ്യാന്തര ടൂറിസം പ്രോത്സാഹിപ്പിക്കാൻ നടപടി**

2 (*392) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. എച്ച്. സലാം:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തേയ്ക്കുള്ള ടൂറിസ്റ്റ് വിസ പുന:സ്ഥാപിച്ച പശ്ചാത്തലത്തിൽ രാജ്യാന്തര വിനോദസഞ്ചാരികൾ 2021 നവംബർ രണ്ടാം വാരത്തോടെ സംസ്ഥാനത്തേയ്ക്കെത്തുന്ന സാഹചര്യം പരിഗണിച്ച് സർക്കാർ സ്വീകരിച്ചിട്ടുള്ള മുന്നൊരുക്കങ്ങൾ വിശദമാക്കാമോ;

(ബി) രാജ്യാന്തര ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി ആരോഗ്യ ടൂറിസം മേഖലയുടെ വികസനവും പ്രചരണവും മുൻനിർത്തി കർമ്മപരിപാടി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ടൂറിസം മേഖലയിലെ പാരമ്പര്യ ചികിത്സാ കേന്ദ്രങ്ങളിൽ രാജ്യാന്തര ടൂറിസ്റ്റുകൾ കബളിപ്പിക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കാൻ ഇത്തരം കേന്ദ്രങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, (എ) കോവിഡിന്റെ വ്യാപനത്തെത്തുടർന്ന് നിർത്തിവച്ചിരുന്ന ടൂറിസ്റ്റ് വിസ പുനഃസ്ഥാപിക്കാനുള്ള തീരുമാനം കേന്ദ്ര സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. ഇതനുസരിച്ച് കേരളത്തിലേയ്ക്കെത്തുന്ന രാജ്യാന്തര വിനോദസഞ്ചാരികളെ സ്വീകരിക്കുവാൻ വിപുലമായ ഒരുക്കമാണ് ടൂറിസം വകുപ്പ് നടത്തിയിട്ടുള്ളത്. കോവിഡ് സമൂഹത്തിൽ നിലനിൽക്കുന്ന സാഹചര്യത്തിൽ വിനോദസഞ്ചാരികളുടെ സുരക്ഷയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള നടപടികളാണ് ആദ്യം സ്വീകരിച്ചിട്ടുള്ളത്. ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ നൂറ് ശതമാനം വാക്സിനേറ്റ് ചെയ്യുക എന്ന ലക്ഷ്യത്തോടെ ആരോഗ്യവകുപ്പുമായി ചേർന്ന് പ്രത്യേക വാക്സിനേഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വയനാട്ടിലെ വൈത്തിരിയിലാണ് ഇത് തുടങ്ങിയത്. വയനാട് ജില്ല നൂറ് ശതമാനം ആദ്യ ഡോസ് വാക്സിൻ നൽകിയ ജില്ലയായി മാറി. ഇതനുസരിച്ച് വിനോദസഞ്ചാരികളോട് ഇടപെടുന്ന ടൂറിസം മേഖലയിലെ ഭൂരിഭാഗം ജീവനക്കാരേയും വാക്സിനേറ്റ് ചെയ്യുന്നതിനുള്ള നടപടി പൂർത്തിയാക്കാൻ കഴിഞ്ഞു. സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളെ ബയോ ബബിൾ സുരക്ഷാവലയത്തിലാക്കാൻ കഴിഞ്ഞു. കൂടാതെ നാട് സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്ക് ആത്മവിശ്വാസം പകരാനും കേരളം സുരക്ഷിതമാണെന്ന് അറിയിച്ച് വിവിധ പ്രചരണപ്രവർത്തനങ്ങളും ടൂറിസം വകുപ്പ് നടപ്പാക്കിവരുന്നു. വാക്സിനേറ്റ് ചെയ്യപ്പെട്ട സഞ്ചാരിയും വാഹനം ഓടിക്കുന്ന ഡ്രൈവറും വാക്സിനേറ്റ് ചെയ്യപ്പെട്ട ജീവനക്കാരുമുള്ള ഡെസ്റ്റിനേഷനിലെത്തുന്ന സംവിധാനം മറ്റിടങ്ങളിലും മാതൃകയാക്കി നടപ്പിലാക്കിയിട്ടുണ്ടെന്നാണ് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. ഈ രംഗത്ത് മുതൽമുടക്കിയിരിക്കുന്ന സംരംഭകരെയും തൊഴിലാളികളേയും സഹായിക്കാൻ നടപ്പാക്കിയ വായ്പാ പദ്ധതിയും ഹൗസ് ബോട്ടുകൾക്കുള്ള ഒറ്റത്തവണ മെയിന്റനൻസ് ഗ്രാന്റും തുടർന്നുവരുന്നു. അംഗീകൃത ടൂറിസം ഗൈഡുകൾക്ക് 10,000 രൂപയുടെ ഒറ്റത്തവണ ധനസഹായം നൽകുകയുണ്ടായി. ഇതോടൊപ്പം പ്രയാസം അനുഭവിക്കുന്ന ടൂറിസം മേഖലയിൽ ജോലിചെയ്യുന്ന തൊഴിലാളികളെ സഹായിക്കാൻ പലിശരഹിതമായ റിവോൾവിംഗ് ഫണ്ട് പദ്ധതിക്കും ടൂറിസം വകുപ്പ് രൂപംനൽകി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്.

(ബി) കോവിഡിനുശേഷം സംസ്ഥാനത്തെ ആരോഗ്യ ടൂറിസം മേഖലയ്ക്ക് വലിയ സാദ്ധ്യതയാണ് കാണുന്നത്. ആയുർവ്വേദത്തിന് കേരളത്തിലെ ടൂറിസം മേഖലയുടെ വികസനത്തിൽ നിർണ്ണായക പങ്കാണ് വഹിക്കാനുള്ളത്. എന്നാൽ കോവിഡാനന്തര കാലഘട്ടത്തിൽ ആയുർവ്വേദ ചികിത്സകൂടി ലക്ഷ്യംവച്ചുകൊണ്ട് സംസ്ഥാനത്തേയ്ക്ക് മുൻകാലത്തേക്കാൾ കൂടുതൽ വിനോദസഞ്ചാരികൾ എത്തിച്ചേരുമെന്നാണ് കരുതുന്നത്. സംസ്ഥാനത്ത് ആയുർവ്വേദ ടൂറിസം പ്രോത്സാഹിപ്പിക്കാനായി ഒരു പ്രത്യേക മാർക്കറ്റിംഗ് ക്യാമ്പയിന് ടൂറിസം വകുപ്പ് രൂപംനൽകി വരുന്നുണ്ട്. കൂടാതെ ഈ വർഷം നടക്കുന്ന WTM-ലണ്ടൻ (World Travel Market-London) എന്ന അന്താരാഷ്ട്ര ടൂറിസം മേളയിൽ സംസ്ഥാനത്തെ ആയുർവ്വേദത്തിന്റെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികളും ആലോചിക്കുന്നതാണ്. കേന്ദ്രമന്ത്രിയുമായി സംസാരിച്ച ഘട്ടത്തിൽ ഈ വിഷയം പ്രത്യേകമായി ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(സി) ടൂറിസം മേഖലയിൽ പാരമ്പര്യ ചികിത്സാകേന്ദ്രങ്ങളിൽ വിദേശ വിനോദസഞ്ചാരികൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭിക്കുന്നതിനും കബളിപ്പിക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിനുമായി ഇത്തരം കേന്ദ്രങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ആയുർവ്വേദ സെന്ററുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ഒരു ക്ലാസ്സിഫിക്കേഷൻ സിസ്റ്റം ടൂറിസം വകുപ്പ് നടപ്പാക്കിവരുന്നു. ടൂറിസം വകുപ്പിന്റെ ബ്രോഷറുകൾ, വെബ്സൈറ്റ് എന്നിവവഴി ക്ലാസ്സിഫിക്കേഷൻ ലഭിക്കുന്ന ആയുർവ്വേദ സെന്ററുകളുടെ വിശദാംശങ്ങൾ വിനോദസഞ്ചാരികളുടെ അറിവിലേയ്ക്കായി പ്രചരിപ്പിക്കുകയും ചെയ്യുന്നുണ്ട്. ഇതിലൂടെ ടൂറിസം വകുപ്പിന്റെ അംഗീകാരവും ഗുണനിലവാരവുമുള്ള ആയുർവ്വേദ ടൂറിസം കേന്ദ്രങ്ങൾ തെരഞ്ഞെടുക്കാൻ വിനോദസഞ്ചാരികൾക്ക് കഴിയുന്നു.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ മന്ദീഭവിച്ചുപോയ കേരളത്തിന്റെ ടൂറിസം മേഖലയെ അഭിവൃദ്ധിപ്പെടുത്താൻ ബഹുമാനപ്പെട്ട മന്ത്രി നടത്തുന്ന ആത്മാർത്ഥമായ പരിശ്രമങ്ങളെ അഭിനന്ദിക്കുന്നു. എല്ലാ ക്രൈസിസിലും ഒരു ഓപ്പർച്യൂണിറ്റിയുണ്ടെന്ന് നമ്മൾ കാണാറുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിലും ധാരാളം അവസരങ്ങൾ കൈവരുന്നുവെന്ന വസ്തുത മനസ്സിലാക്കി സുസ്ഥിരവും സുരക്ഷിതവുമായ ടൂറിസം പദ്ധതികളെക്കുറിച്ച് ആലോചിക്കേണ്ടിയിരിക്കുന്നു. അതിൽ ഏറ്റവും പ്രധാനം 'സീറോ കാർബൺ എമിഷൻ' മുന്നിൽ കണ്ടുകൊണ്ടുള്ള ഇക്കോഫ്രണ്ട്‌ലിയായ ടൂറിസം പദ്ധതികളാണ്. 'ഗ്ലാസ്ഗോ ഉച്ചകോടി'യൊക്കെ നടക്കാനിരിക്കുന്ന അവസരത്തിൽ നമ്മളും അതിൽ പങ്കാളികളായി ദീർഘകാലം നിലനിൽക്കുന്ന,

താൽക്കാലികമായി ഡൊമസ്റ്റിക് ടൂറിസ്റ്റിനെ ആകർഷിക്കാൻ ശ്രമിക്കുകയും കോവിഡിന്റെ ബുദ്ധിമുട്ടുകൾ കുറയുമ്പോൾ ഇന്റർനാഷണൽ ടൂറിസ്റ്റുകളെയടക്കം ആകർഷിക്കാൻ കഴിയുന്ന വിധത്തിലുള്ള സുസ്ഥിരമായ ഇക്കോടൂറിസം പദ്ധതികൾ നടപ്പിലാക്കാൻ അങ്ങ് മുൻകയ്യെടുക്കുകയും ചെയ്യുന്നുണ്ട്. അത് കൂടുതൽ ഊർജ്ജിതപ്പെടുത്തുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇത് വളരെ പ്രസക്തമായ ചോദ്യമാണ്. കേരളത്തിലെ ടൂറിസം മേഖലയിൽ മാറ്റങ്ങൾ വരുത്തുന്നതിനുള്ള സാദ്ധ്യതകൾ മറ്റ് വകുപ്പുകളുമായി കൂടിയാലോചിച്ച് നടപ്പാക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് വൈദ്യുതി വകുപ്പുമന്ത്രിയുമായി ചർച്ച നടത്തുകയും ഹൈഡൽ ടൂറിസത്തിന്റെ സാദ്ധ്യതകൾ സംബന്ധിച്ച് അദ്ദേഹം മുൻകയ്യെടുത്ത് ഒരു യോഗം വിളിച്ചുചേർത്തിട്ടുമുണ്ട്. അതുപോലെതന്നെ ഈ സാദ്ധ്യതകൾ ഉപയോഗപ്പെടുത്താൻ ജലസേചനവകുപ്പുമായി ബന്ധപ്പെട്ട് ചർച്ച നടത്തിയിട്ടുണ്ട്.ശ്രീമതി കെ. കെ. ശൈലജ ടീച്ചർ പറഞ്ഞത് വളരെ ശരിയാണ്. ടൂറിസ്റ്റ് വിസ പ്രാബല്യത്തിൽ വന്നുവെന്ന് പറയാൻ സാധിക്കാത്തതുകൊണ്ടുതന്നെ നിലവിൽ വിദേശസഞ്ചാരികൾ പൂർണ്ണമായി എത്തിപ്പെടുന്നതിന് പ്രശ്നങ്ങളുണ്ട്. ഇപ്പോൾ ചാർട്ടർ ടൂറിസത്തിനാണ് കൂടുതൽ പ്രാമുഖ്യമുള്ളത്. നിലവിലെ സാഹചര്യത്തിൽ മാറ്റം വരുമെന്നും ഈ മാസത്തോടെ കൂടുതൽ ടൂറിസ്റ്റുകൾ എത്തുമെന്നുമാണ് പ്രതീക്ഷിക്കുന്നത്. വിദേശമാർക്കറ്റുകളിലെ ഇടപെടലിലൂടെയാണ് വിനോദസഞ്ചാരികളെ ആകർഷിക്കാറുള്ളത്. അത് ശക്തമായി തുടരാനാണ് ആലോചിക്കുന്നത്. ആഭ്യന്തര ടൂറിസത്തിന്റെ സാദ്ധ്യതകൾ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ തദ്ദേശ സ്വയംഭരണ വകുപ്പുമായി ചേർന്ന് ജോയിന്റ് പ്ലാറ്റ്ഫോമിൽ ചില കാര്യങ്ങൾ ആലോചിച്ചിട്ടുണ്ട്. അത് ഉടനെ പ്രഖ്യാപിക്കണമെന്നാണ് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയുമായി നടത്തിയ ചർച്ചയിൽ തീരുമാനിച്ചത്. അത് അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ പ്രഖ്യാപിക്കുന്നതാണ്. പല ഗ്രാമങ്ങളിലും പഞ്ചായത്തുകളിലും നിലവിൽ ടൂറിസം മേഖലയ്ക്ക് വലിയ മാറ്റങ്ങൾക്ക് കാരണമാകുന്ന രീതിയിലായിരിക്കും യോജിച്ചുള്ള തീരുമാനമെടുക്കുന്നത്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, എന്റെ നിയോജകമണ്ഡലത്തിലെ പഴശ്ശി ഇറിഗേഷൻ പദ്ധതി പ്രദേശം അതിമനോഹരമാണ്. അവിടത്തെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തി ബയോസ്റ്റഡി സെന്ററായി പ്രവർത്തിക്കാൻ കഴിയുന്ന രീതിയിൽ ഇക്കോടൂറിസം പദ്ധതി ആരംഭിക്കുമോ? അതിന്റെ പ്രാഥമിക പ്രവർത്തനങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി നേരിട്ട് ഇടപെട്ടിട്ടുണ്ട്. ആ പദ്ധതി യാഥാർത്ഥ്യമാക്കാൻ ശ്രമിക്കുമോ? സ്വകാര്യ മേഖലയിലെ ധാരാളം നിക്ഷേപകർ ടൂറിസം മേഖലയിൽ ഇടപെടാൻ ആഗ്രഹിക്കുന്നുണ്ട്. ഗവൺമെന്റിന്റെ

നിയന്ത്രണത്തിനുവിധേയമായി ഗൈഡ്‌ലൈനുകളുടെ ഉള്ളിൽനിന്നുകൊണ്ട് അത്തരം നിക്ഷേപപദ്ധതികളെക്കൂടി പ്രോത്സാഹിപ്പിച്ചാൽ വലിയതോതിൽ ടൂറിസം പദ്ധതികൾ കൊണ്ടുവരാൻ സാധിക്കും. പഴശ്ശി ഇക്കോടൂറിസം ബയോസ്റ്റഡി സെന്റർ യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, അത് വളരെ സാദ്ധ്യതയുള്ള, ചരിത്രപരമായ പ്രത്യേകതയുള്ള ഡെസ്റ്റിനേഷനാണ്. തീർച്ചയായും ആ നിലയിൽത്തന്നെയാണ് ടൂറിസം വകുപ്പ് ഈ വിഷയത്തെ ഏറ്റെടുത്തിട്ടുള്ളത്. ഇക്കാര്യം സംബന്ധിച്ച് പ്രാഥമിക ചർച്ച നടത്തുകയും ബാക്കി കാര്യങ്ങൾ തുടർന്ന് ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ വികസനത്തിനായി എല്ലാ സാദ്ധ്യതകളെയും പരിപൂർണ്ണമായി ടൂറിസം വകുപ്പ് പിന്തുണച്ചുകൊണ്ട് മുന്നോട്ടുപോകുന്നതാണ്.

ശ്രീ. കെ. ആൻസലനുവേണ്ടി ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ടൂറിസം ഭൂപടത്തിൽ കേരളത്തിന്റെ സ്ഥാനം വളരെ വലുതാണ്. കേരളത്തിന്റെ സാമ്പത്തിക വരുമാനത്തിൽ ടൂറിസം മേഖല നൽകുന്ന സംഭാവനയും വിദേശ ടൂറിസ്റ്റുകൾ കേരളത്തിനായി നൽകുന്ന സംഭാവനയും വളരെ വലുതാണ്. നെയ്യാർ ഡാം തിരുവനന്തപുരം ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രമാണ്. അവിടെ ബോട്ട് സർവ്വീസ് പുനരാരംഭിക്കാൻ കഴിഞ്ഞിട്ടില്ലെന്നു മാത്രമല്ല ടൂറിസം വകുപ്പിന്റെ ബോട്ട് സർവ്വീസിന്റെ ആവശ്യകതയുമുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഏറ്റവും പ്രധാനപ്പെട്ട സ്വപ്നപദ്ധതിയായ കാപ്പുകാട് ആനവളർത്തൽ കേന്ദ്രത്തിന്റെ പ്രവർത്തനം വിപുലമായി നടന്നുകൊണ്ടിരിക്കുകയാണ്. ഏറ്റവും പ്രാധാന്യമർഹിക്കുന്ന പ്രദേശമെന്ന നിലയിൽ ഇതിന് പ്രത്യേക പരിഗണന നൽകുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, അത് പ്രത്യേകം പരിഗണിക്കാവുന്ന പ്രശ്നമാണ്. മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ട ചില വിഷയങ്ങൾ അതിലുൾപ്പെടുന്നതുകൊണ്ട് അക്കാര്യത്തെക്കുറിച്ച് ആലോചിച്ച് മുന്നോട്ടുപോകാവുന്നതാണ്.

ശ്രീ. എച്ച്. സലാം: സർ, വിദേശ-ആഭ്യന്തര ടൂറിസ്റ്റുകളെ ആകർഷിക്കുന്ന വള്ളംകളികൾ കോവിഡ്മൂലം നിലച്ചിരിക്കുകയാണ്. കോവിഡ് നിയന്ത്രണങ്ങൾ പാലിച്ചുകൊണ്ടും കളിക്കാർക്ക് വാക്സിനേഷൻ ഉറപ്പുവരുത്തിക്കൊണ്ടും ആലപ്പുഴ നെഹ്റു ട്രോഫി വള്ളംകളി ഉൾപ്പെടെയുള്ളവ പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഈ പ്രശ്നം നേരത്തെ അഡ്രസ്സ് ചെയ്തതാണ്. പ്രസ്തുത വിഷയത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി ബഹുമാനപ്പെട്ട എം.എൽ.എ-മാർ, ടൂറിസം ഡയറക്ടർ, ടൂറിസം വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ആലപ്പുഴ ജില്ലാ കളക്ടർ എന്നിവർ പങ്കെടുത്ത യോഗം

തിരുവനന്തപുരത്തുവച്ച് ചേരുകയുണ്ടായി. ഇതിലേയ്ക്കായി ജില്ലാ കളക്ടർ ചെയർമാനും ഡെപ്യൂട്ടി കളക്ടർ കൺവീനറുമായ സ്ഥിരം കമ്മിറ്റിയുണ്ട്. കഴിഞ്ഞ രണ്ടുവർഷമായി അത് നടത്താൻ കഴിയാത്ത പ്രശ്നങ്ങളുണ്ടായിട്ടുണ്ട്. ഇപ്പോൾ സാഹചര്യങ്ങൾ മാറിവരുന്ന സ്ഥിതിയിൽ ഇത് നടത്തണമെന്ന ടൂറിസം വകുപ്പിന്റെ അഭിപ്രായത്തിന് മുന്നോടിയായാണ് യോഗം വിളിച്ചുചേർത്തത്. ആ യോഗത്തിൽ പ്രോട്ടോകോൾ പാലിച്ചുകൊണ്ട് വള്ളംകളി എങ്ങനെ നടത്താൻ സാധിക്കുമെന്നതിനെക്കുറിച്ച് ആലോചിക്കുകയും നടത്തണമെന്നുള്ള തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി കാര്യങ്ങൾ ആലപ്പുഴ ജില്ലയിലെ ജനപ്രതിനിധികളും മറ്റുള്ളവരുംകൂടി ചേർന്ന് ചെയ്യേണ്ടതാണ്. എന്തായാലും വള്ളംകളി പുനരാരംഭിക്കേണ്ടതുണ്ട്. ആലപ്പുഴയിലെ വള്ളംകളി പുനഃരാരംഭിക്കുന്നത് കേരളത്തിലെ ടൂറിസത്തിന് വലിയ കരുത്തായിരിക്കും.

<u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>: സർ, കാരവൻ ടൂറിസം പദ്ധതി ഏത് ഘട്ടത്തിലെത്തി; കാരവൻ പാർക്കുകൾ എങ്ങനെയാണ് നിർമ്മിക്കുന്നത്; സർക്കാർ നിശ്ചയിച്ച റിവോൾവിംഗ് ഫണ്ട് എപ്പോൾ ലഭിക്കും; ടൂറിസം വകുപ്പിന്റെ നവീകരിച്ച മൊബൈൽ ആപ്പ് മുഖേന എപ്രകാരമാണ് ഡെസ്റ്റിനേഷനുകൾ കണ്ടെത്താൻ സഹായകരമാകുന്നത്?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ബഹുമാനപ്പെട്ട അംഗം നിരവധി ചോദ്യങ്ങളാണ് ഉന്നയിച്ചത്. കാരവൻ പാർക്കുകളെ വളരെ പോസിറ്റീവായാണ് ആളുകൾ കണ്ടിട്ടുള്ളത്. മറ്റ് സംസ്ഥാനങ്ങളിൽനിന്നും ഇതിനെക്കുറിച്ച് മനസ്സിലാക്കുന്ന സ്ഥിതിയാണുള്ളത്. നിരവധി പേർ കാരവൻ വാഹനം പുറത്തിറക്കാൻ തയ്യാറായിട്ടുണ്ട്. അതിലേയ്ക്കായി സർക്കാർ ചെയ്തുകൊടുക്കാവുന്ന കാര്യങ്ങളെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ട്. ഗതാഗത വകുപ്പും വ്യവസായ വകുപ്പും ഇതുമായി ബന്ധപ്പെട്ട് ചർച്ച നടത്തി എല്ലാവരും യോജിച്ച് മുന്നോട്ടുപോകുന്ന സ്ഥിതിയാണുള്ളത്. ചില എം.എൽ.എ-മാർതന്നെ സ്വന്തം നിയോജകമണ്ഡലത്തിൽ കാരവൻ പാർക്ക് കൊണ്ടുവരാൻ തയ്യാറാണെന്ന് പറഞ്ഞിട്ടുണ്ട്. മറ്റ് പലരും ഇക്കാര്യം പറഞ്ഞ് മുന്നോട്ടുവരുന്നുണ്ട്. വിദേശത്തുള്ളവർ അവരുടെ ഗ്രാമത്തിന്റെ അനന്ത സാദ്ധ്യത, അൺ എക്സ്പ്ലോർഡ് ഡെസ്റ്റിനേഷൻ എന്ന നിലയിൽ ഉയർത്തിക്കൊണ്ടുവരാൻ അവരുടെ വക കാരവൻ പാർക്ക് എന്നൊരു കാഴ്ചപ്പാടും മുന്നോട്ടുവയ്ക്കുന്നുണ്ടെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. കാരവൻ പാർക്കുകൾ നാളെകളിൽ കേരളത്തിലെ കൾച്ചറൽ ഹബ്ബുകളായി മാറും. കാരവൻ വാഹനങ്ങൾ വന്നിട്ടില്ലെങ്കിൽപ്പോലും കൾച്ചറൽ ഹബ്ബുകൾ നാടൻ കലകൾ പ്രദർശിപ്പിക്കുന്ന നിലയിലേയ്ക്ക് മാറും. നിരവധിപേർക്ക് തൊഴിൽ നൽകുന്ന സംവിധാനമായി കാരവൻ പാർക്കുകൾ മാറും. കാരവൻ വാഹനം വരുമ്പോൾ അതിലേയ്ക്ക്

ആവശ്യമായ ഭക്ഷണം, വെള്ളം, മറ്റ് ആവശ്യങ്ങൾ, അതിന്റെ ശുചിത്വം ഉറപ്പുവരുത്തൽ എന്നിവയിൽ പ്രദേശത്തെ കുറച്ചുപേർക്ക് തൊഴിൽ നൽകാൻ സാധിക്കും. ഈ നിലയിൽ മുന്നോട്ടുപോകുന്ന കാരവൻ പാർക്കിന്റെ പ്രവൃത്തി 2022-ഓടുകൂടി ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. റിവോൾവിംഗ് ഫണ്ടിന്റെ പ്രഖ്യാപനം നടത്തിയതിന്റെ ഭാഗമായി നിരവധി കാര്യങ്ങൾ നടത്തിവരുന്നു. ടൂറിസം വകുപ്പിന്റെ മൊബൈൽ ആപ്പ് നല്ലരീതിയിൽ പ്രവർത്തിച്ചുവരുന്നു. കേരളത്തിലെ അൺഎക്സ്പ്ലോർഡ് ഡെസ്റ്റിനേഷനുകളെ മൊബൈൽ ആപ്പിലൂടെ ലോകത്തിന് പരിചയപ്പെടുത്തുന്നതിന് സാധിക്കുമെന്നതാണ് യാഥാർത്ഥ്യം.

ശ്രീ. രമേശ് ചെന്നിത്തല: സർ, Every inch of Kerala is a tourist destination. ലോകത്തെമ്പാടും പോകുമ്പോൾ നമുക്കത് മനസ്സിലാക്കാൻ സാധിക്കും. കേരളത്തിന്റെ ഓരോ പ്രദേശവും താരതമ്യപ്പെടുത്തുമ്പോൾ we are far ahead. ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത്, കോവിഡ് പശ്ചാത്തലം മാറി ടൂറിസ്റ്റ് വിസകൾ അനുവദിക്കുന്ന സാഹചര്യത്തിൽ കേരളത്തിന്റെ ടൂറിസ്റ്റ് സാദ്ധ്യതകളെക്കുറിച്ച് ശരിയായ പഠനം നടത്തുകയും ഫലപ്രദമായി ടൂറിസ്റ്റുകൾ വരാനുള്ള നടപടി സ്വീകരിക്കുകയും വേണം. ദീർഘകാല പദ്ധതികളാണ് ഏറ്റവും അനിവാര്യമായിട്ടുള്ളത്. കേരളത്തിലുള്ള മലനിരകൾ, കായലുകൾ, കടൽത്തീരങ്ങൾ എന്നിവപോലെ മറ്റൊരിടത്തും ഇത്രയേറെ സാഹചര്യങ്ങളുണ്ടാകാറില്ല. അക്കാര്യം പഠിച്ചുകൊണ്ട് സമഗ്രമായ ടൂറിസം വികസനത്തിനുള്ള പദ്ധതി തയ്യാറാക്കാൻ ഗവൺമെന്റ് മുന്നോട്ടുവരുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് വളരെ ശരിയാണ്. Every inch has a tourist destination in Kerala. കേരളത്തെ ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ സ്റ്റേറ്റാക്കി മാറ്റുന്നതിന് നിരവധി സാദ്ധ്യതകളുണ്ട്. വിവിധ വകുപ്പുകളിൽ പല മേഖലകളുമായി ബന്ധപ്പെട്ട് ടൂറിസം സാദ്ധ്യതകളുണ്ട്. ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് വെൽനെസ് ടൂറിസത്തിന്റെയും കൃഷി വകുപ്പുമായി ബന്ധപ്പെട്ട് ഫാം ടൂറിസത്തിന്റെയും വൈദ്യുതി വകുപ്പുമായി ബന്ധപ്പെട്ട് ഹൈഡൽ ടൂറിസത്തിന്റെയും വനം വകുപ്പുമായി ബന്ധപ്പെട്ട് ഫോറസ്റ്റ് ടൂറിസത്തിന്റെയും സ്പോർട്ട്സ് വകുപ്പുമായി ബന്ധപ്പെട്ട് അഡ്വഞ്ചർ ടൂറിസത്തിന്റെയും കാര്യങ്ങളിൽ ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരുമായി അവയുടെ സാദ്ധ്യത സംബന്ധിച്ച് ചർച്ച നടത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ മൊത്തത്തിൽ ഒരു പദ്ധതി എന്നനിലയിൽ മുന്നോട്ടുകൊണ്ടുപോകാനാണ് ടൂറിസം വകുപ്പ് ഉദ്ദേശിക്കുന്നത്. അതിനുള്ള തയ്യാറെടുപ്പ് നടത്തിക്കൊണ്ടിരിക്കുകയാണ്. കോവിഡിന്റെ സാഹചര്യം പരിപൂർണ്ണമായി മാറുന്നതിന്റെ തൊട്ടടുത്ത ദിവസമല്ല എന്തുചെയ്യണമെന്ന് ചർച്ച ചെയ്യുന്നത്, അതിനുള്ള തയ്യാറെടുപ്പുകൾ സംബന്ധിച്ച് നേരത്തെതന്നെ ചർച്ച ചെയ്ത് ആ ദിവസത്തിനുവേണ്ടി കാത്തിരിക്കുകയാണ്.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, തമിഴ്നാട്ടിൽനിന്നും മറ്റ് സ്ഥലങ്ങളിൽനിന്നും പൊന്നാനി, ഗുരുവായൂർ എന്നീ സ്ഥലങ്ങളിലേയ്ക്ക് യാത്ര ചെയ്യുന്നതിന്റെ ഭാഗമായി പാലക്കാട് വഴിയും പട്ടാമ്പി വഴിയും പോകേണ്ടി വരാറുണ്ട്. കിഫ്ബി സഹായത്തോടെ നിർമ്മിച്ച പട്ടാമ്പി-കുളപ്പുള്ളി റോഡ് വളരെയേറെ തകർന്നിരിക്കുന്ന സാഹചര്യത്തിൽ ആ റോഡ് അടിയന്തരമായി നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; അത് ടൂറിസത്തിന് വലിയ സാദ്ധ്യതയുണ്ടാക്കുന്നതാണ്.

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് കണക്ടിവിറ്റി പ്രധാന പ്രശ്നമാണ്. ടൂറിസം മേഖലയിലെ റോഡുകൾ നല്ലനിലയിലാകുന്നതിന് ടൂറിസം വകുപ്പും പൊതുമരാമത്ത് വകുപ്പും സംയുക്തമായി ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതാണ്. ശബരിമല പിൽഗ്രിം ടൂറിസവുമായി ബന്ധപ്പെട്ട് വകുപ്പുമന്ത്രി ശ്രീ. കെ. രാധാകൃഷ്ണനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും യോഗം വിളിച്ചിരുന്നു. ഗുരുവായൂർ ഒരു പ്രധാന വിഷയമാണ്. പിൽഗ്രിം ടൂറിസം, മറ്റ് ടൂറിസം എന്നിവയ്ക്ക് റോഡ് ഒരു പ്രധാന പ്രശ്നമാണ്. ഈ ചോദ്യത്തെ പൊതുമരാമത്ത് വകുപ്പിന്റെ പ്രശ്നമായല്ല മറിച്ച്, ടൂറിസം മേഖല നേരിടുന്ന കണക്ടിവിറ്റിയുമായി ബന്ധപ്പെട്ട് അഡ്രസ്സ് ചെയ്യപ്പെടേണ്ട പ്രശ്നമെന്ന നിലയിലാണ് കാണുന്നത്. അതിലേയ്ക്കായി മറ്റ് വകുപ്പുമായി ചർച്ച ചെയ്ത് പരിഹാരനടപടികളെക്കുറിച്ച് ആലോചിക്കുന്നതാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് വളരെ ഗൗരവമുള്ള പ്രശ്നമാണ്. പക്ഷേ വകുപ്പ് മാറിപ്പോയെന്ന് മാത്രമെയുള്ളൂ.

ശ്രീ. അനൂപ് ജേക്കബ്: സർ, ഗ്രാമീണ ടൂറിസത്തിന് പ്രാധാന്യം നൽകേണ്ട ആവശ്യകതയെസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ആവർത്തിച്ച് പറയുന്നുണ്ട്. ഓരോ പ്രദേശത്തെയും ടൂറിസം സാദ്ധ്യതകളെ സംബന്ധിച്ച ഏകദേശ റിപ്പോർട്ട് കുറച്ച് കാലങ്ങളായി വകുപ്പിന്റെ കൈവശമുണ്ട്. അതിലേയ്ക്കായി ഫണ്ടിന്റെ അപര്യാപ്തത നിലനിൽക്കുന്നുണ്ടോ? പിറവം നിയോജകമണ്ഡലത്തിൽ വിവിധ സ്കീമുകൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് അങ്ങേയ്ക്കും അങ്ങയുടെ മുൻഗാമി മന്ത്രിയായിരുന്നപ്പോഴും നിവേദനം നൽകിയിട്ടുണ്ടെങ്കിലും തുടർനടപടിയുണ്ടായിട്ടില്ല. ഓരോ എം.എൽ.എ-യും അവരവരുടെ പ്രദേശം വികസിപ്പിക്കുന്നതിനുള്ള നിവേദനം നൽകിയിട്ടുണ്ട്. ഗ്രാമീണ ടൂറിസം മേഖലകളുടെ വികസനത്തിന് ആവശ്യമായ ഫണ്ട് ലഭ്യമാക്കി അതിനുള്ള നടപടി വേഗത്തിലാക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇത് അഡ്രസ്സ് ചെയ്ത് പരിഹരിക്കപ്പെടേണ്ട വിഷയമാണ്. കേരളത്തിൽ നിരവധി അൺഎക്സ്പ്ലോർഡ് ഡെസ്റ്റിനേഷനുകളുണ്ട്. അത് ലോൺലി പ്ലാനറ്റിൽ പ്രസിദ്ധീകരിച്ചിട്ടുമുണ്ട്.

അൺഎക്സ്പ്ലോർഡ് ഡെസ്റ്റിനേഷനുകളെ സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയുമായി മൂന്ന് തവണ ചർച്ച നടത്തിയിട്ടുണ്ട്. നിലവിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ടൂറിസം ഡെസ്റ്റിനേഷനുവേണ്ടി നേരിട്ട് തുക ചെലവഴിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ അത് പരിഹരിക്കുന്നതിന് അൺഎക്സ്പ്ലോർഡ് ഡെസ്റ്റിനേഷനുകളുടെ നിശ്ചിത ശതമാനം തദ്ദേശ സ്വയംഭരണ വകുപ്പും നിശ്ചിത ശതമാനം ടൂറിസം വകുപ്പും ഏറ്റെടുത്ത് പോകേണ്ടതാണ്. ഒരു ഗ്രാമപഞ്ചായത്തിൽ ഒരു അൺഎക്സ്പ്ലോർഡ് ഡെസ്റ്റിനേഷൻ കണ്ടെത്തി ഉയർത്താൻ നിശ്ചയിച്ചാൽ, അതിന്റെ ഇത്ര ശതമാനം ഫണ്ട് ത്രിതല പഞ്ചായത്തും ഇത്ര ശതമാനം ടൂറിസം വകുപ്പും എന്ന രീതിയിൽ ചെലവഴിച്ച് ഏറ്റെടുത്തുപോയാൽ വലിയ മാറ്റമുണ്ടാക്കാൻ സാധിക്കും. അങ്ങനെവരുമ്പോൾ ജില്ല-ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകളോടൊപ്പം ടൂറിസം വകുപ്പിനും അതിൽ റോളുണ്ടാകും. നാട്ടിലെ സാധാരണ ജനങ്ങൾക്ക് തങ്ങളുടെ പദ്ധതിയാണ് നാട്ടിൽ നടപ്പാക്കുന്നതെന്നതിന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്നുനിൽക്കാനും ഉയർന്നുവരുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനും സാധിക്കും. ടൂറിസം വികാസത്തിന് നാടിന്റെ ശുചിത്വം അനിവാര്യമാണെന്ന വസ്തുത മനസ്സിലാക്കി തന്റെ ദൈനംദിന ജീവിതത്തിൽ മാറ്റം വരുത്തുമെന്നുള്ള ചിന്താഗതിയുണ്ടാക്കാനും സാധിക്കും. കാര്യങ്ങൾ ക്ലബ് ചെയ്ത് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയും ടൂറിസം വകുപ്പുമന്ത്രിയുംകൂടി ചർച്ചചെയ്ത് അടിയന്തരമായി ഈ വിഷയം നല്ല നിലയിൽ പരിഹരിച്ചുപോകേണ്ടതുണ്ട്. അങ്ങനെവരുമ്പോൾ അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിൽ 500 അൺഎക്സ്പ്ലോർഡ് ഡെസ്റ്റിനേഷനെങ്കിലും എക്സ്പ്ലോർ ചെയ്യാൻ സാധിക്കുമെന്ന കാഴ്ചപ്പാടാണുള്ളത്.

<u>ശ്രീ. പി. വി. അൻവർ</u>: സർ, ടൂറിസവുമായി ബന്ധപ്പെട്ട് കഴിഞ്ഞ തവണ നിലമ്പൂരിൽ ഒട്ടനവധി പ്രോജക്ടുകൾ അനുവദിച്ചിരുന്നെങ്കിലും കോവിഡിന്റെയും പ്രളയത്തിന്റെയും സാഹചര്യം അതിന് തടസ്സമായി. നിലമ്പൂരിലെ പൊതുമരാമത്ത് വകുപ്പിന്റെ റസ്റ്റ് ഹൗസിന് പിൻഭാഗത്ത് കാടുമൂടിക്കിടക്കുന്ന സ്ഥലത്ത് കിഡ്സ് പാർക്കും യാത്രക്കാർക്ക് പെയ്ഡ് അമിനിറ്റി സെന്ററും നിർമ്മിക്കുന്നതിനായി നൽകിയിരിക്കുന്ന പ്രോജക്ടിന് അനുവാദം നൽകാൻ സാധിക്കുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, കേരളത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ 153 റസ്റ്റ് ഹൗസുകളിലായി 1161 മുറികളുണ്ട്. പ്രസ്തുത റസ്റ്റ് ഹൗസുകളിൽ ശുചിത്വം ഉറപ്പുവരുത്തണം, പരിസരം വൃത്തിയാക്കണം തുടങ്ങിയ പ്രശ്നങ്ങളുണ്ട്. ഈ റസ്റ്റ് ഹൗസുകളുടെ പരിസരം വൃത്തിഹീനമാണെന്നുമാത്രമല്ല ഗുരുതരമായ ചില വിഷയങ്ങൾ പല എം.എൽ.എ-മാരും ശ്രദ്ധയിൽപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ അവ അടിയന്തരമായി പരിഹരിക്കേണ്ടതുണ്ട്. ആദ്യഘട്ടമായി, പരിസരം വൃത്തിയാക്കി കാട് വെട്ടിത്തെളിച്ചതിനുശേഷം എന്തൊക്കെ ചെയ്യാൻ സാധിക്കുമെന്നതിനെ

സംബന്ധിച്ച് എം.എൽ.എ-മാരുടെ നിർദ്ദേശം വച്ചുകൊണ്ട് കൂട്ടായി ചർച്ച ചെയ്യാം. പൊതുമരാമത്ത് വകുപ്പിന്റെ റസ്റ്റ് ഹൗസുകളിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥലം റസ്റ്റ് ഹൗസുകളെ വേറിട്ട് പരിഗണിച്ചുകൊണ്ട് കംഫർട്ട് സ്റ്റേഷനാക്കി മാറ്റാൻ സാധിക്കും. അതിന് റസ്റ്റ് ഹൗസുമായി ബന്ധമുണ്ടാകില്ല. ദീർഘദൂര യാത്രക്കാർക്ക് അല്ലെങ്കിൽ പ്രധാന കേന്ദ്രങ്ങളിലൂടെ പോകുന്ന സ്ത്രീകൾക്കും കുട്ടികളുൾപ്പെടെയുള്ളവർക്കും കംഫർട്ട് സ്റ്റേഷനായി ഉപയോഗിക്കാൻ സാധിക്കും. ഈ സംവിധാനമൊരുക്കുന്നതിന് ഓരോ റസ്റ്റ് ഹൗസുകളുടെയും സാദ്ധ്യത പരിശോധിക്കുന്നതാണ്. തീർച്ചയായും നിലമ്പൂരിലേത് പ്രധാന കേന്ദ്രമാണെന്ന പരിഗണന വച്ചുകൊണ്ടുതന്നെ ബഹുമാനപ്പെട്ട എം.എൽ.എ. സമർപ്പിച്ച പ്രോജക്ടുമായി എങ്ങനെ മുന്നോട്ടുപോകാമെന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതാണ്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ടൂറിസ്റ്റുകൾ വരണമെങ്കിൽ നല്ല റോഡുകൾ ആവശ്യമാണെന്ന് പറയുകയുണ്ടായി. കോഴിക്കോട്- പാലക്കാട് റോഡിന്റെ എല്ലാ ഭാഗവും നവീകരിച്ചപ്പോൾ കൊണ്ടോട്ടി ടൗണിലെ 1700 മീറ്റർ നവീകരിക്കാത്ത അവസ്ഥയിലാണ്. നിലവിൽ അവിടെ വലിയ ഗർത്തങ്ങൾ രൂപപ്പെടുകയും അതുവഴി ആളുകൾ യാത്ര ചെയ്യാൻ മടിക്കുന്ന സ്ഥിതിയിലുമാണ്. ഇതുസംബന്ധിച്ച് എൻ.എച്ച്. വിഭാഗം എൻ.എച്ച്.എ.ഐ-ക്ക് ഒരു പ്രൊപ്പോസൽ കൈമാറിയിട്ടുണ്ടെന്ന് അറിയാൻ കഴിഞ്ഞിട്ടുണ്ട്. അതിന് ബഹുമാനപ്പെട്ട മന്ത്രി പ്രത്യേക പരിഗണന നൽകുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, പ്രസ്തുത ചോദ്യത്തിൽ ടൂറിസമെന്നുള്ള ഒരു വാക്കെങ്കിലും വന്നിരുന്നെങ്കിൽ എനിക്ക് മറുപടി പറയാമായിരുന്നു. ഇത് ടൂറിസവുമായി ബന്ധപ്പെട്ട ചോദ്യമായതിനാൽ ടൂറിസം എന്ന വാക്ക് വരാത്തതുകൊണ്ട് മറുപടി പറയുന്നതിൽ പ്രയാസമുണ്ട്. കൊണ്ടോട്ടി എയർപോർട്ടിനോട് ചേർന്നുകിടക്കുന്ന ഒരു പ്രധാന ടൂറിസ്റ്റ് കേന്ദ്രമാണ്. കൊണ്ടോട്ടിയിലെ റസ്റ്റ് ഹൗസ് നവീകരിക്കുന്നതിന് പ്രഥമ പരിഗണന നൽകുമെന്ന കാര്യം അറിയിക്കുകയാണ്.

ശ്രീ. കെ. വി. സുമേഷ്: സർ, രാജ്യാന്തര ടൂറിസ്റ്റുകളെ ആകർഷിക്കണമെങ്കിൽ പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത് അവർക്ക് മെച്ചപ്പെട്ട താമസസൗകര്യം ഒരുക്കുന്നതിലാണ്. ഞാൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റായിരുന്ന സമയത്ത് ഇത്തരമൊരു ടീമുമായി സംസാരിച്ചപ്പോൾ അവർ പറഞ്ഞത് ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് മികച്ച താമസസൗകര്യം ആവശ്യമാണെന്നാണ്. കേരളത്തിന്റെ പ്രധാനപ്പെട്ട പ്രശ്നം, നല്ല രീതിയിലുള്ള താമസസൗകര്യം ടൂറിസ്റ്റ് ഡെസ്റ്റിനേഷനിൽ ഇല്ലെന്നുള്ളതാണ്. മികച്ച താമസ സൗകര്യം ഒരുക്കുന്നത് ഈ മേഖലയെ മെച്ചപ്പെടുത്താൻ സഹായകരമാകുമെന്ന വസ്തുത മനസ്സിലാക്കി അതിനുള്ള പദ്ധതികളെക്കുറിച്ച് ആലോചിക്കുന്നുണ്ടോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, നല്ല താമസസൗകര്യം ഇല്ലാത്തതാണ് പല സഞ്ചാരികളും സംസ്ഥാനത്ത് വരുന്നതിന് തടസ്സമായി നിൽക്കുന്നത്. സഞ്ചാരികൾക്ക് അക്കോമഡേഷൻ പ്രധാന പ്രശ്നമാണ്. അതിന്റെ ഭാഗമായാണ് കാരവൻ ടൂറിസം പോളിസി നിലവിൽ വന്നിട്ടുള്ളത്. ഈ പ്രധാനപ്പെട്ട പ്രശ്നം പരിഹരിക്കപ്പെടേണ്ടതാണ്. തിരുവനന്തപുരം, നെടുമ്പാശ്ശേരി, കോഴിക്കോട്, കണ്ണൂർ തുടങ്ങിയ എയർപോർട്ടുകളെ ബന്ധപ്പെടുത്തി പാക്കേജുകൾ ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ട്. ഡൽഹിയിൽ സന്ദർശനം നടത്തിയപ്പോൾ ഇതുമായി ബന്ധപ്പെട്ട് ചർച്ച നടത്തിയിരുന്നു. ഡൽഹിയിൽനിന്ന് തിരുവനന്തപുരം എയർപോർട്ടിൽ ഇറങ്ങിക്കഴിഞ്ഞാൽ ഒരാഴ്ചത്തെ പാക്കേജ് കഴിഞ്ഞ് തിരിച്ച് നെടുമ്പാശ്ശേരി എയർപോർട്ടിൽനിന്നും വിമാനം കയറി ഡൽഹിക്കുപോകുന്ന പാക്കേജുകൾ ആരംഭിക്കുന്നതിനെക്കുറിച്ചും ആലോചിച്ചുവരുന്നുണ്ട്. അക്കോമഡേഷൻ ഒരു പ്രധാന വിഷയമായതുകൊണ്ടുതന്നെ കെ.ടി.ഡി.സി. (കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ) ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി ഈ പ്രശ്നം പരിഹരിച്ചുപോകാനാണ് ആലോചിക്കുന്നത്. കണ്ണൂരിൽ രണ്ടുദിവസം മുമ്പ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഫൈവ് സ്റ്റാർ റിസോർട്ട് സംവിധാനത്തിന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയുണ്ടായി. ടൂറിസത്തിന്റെ വികാസത്തിന് അക്കോമഡേഷൻ അനിവാര്യമാണെന്ന യാഥാർത്ഥ്യം മനസ്സിലാക്കി അത് ഘട്ടംഘട്ടമായി പരിഹരിച്ചുപോകേണ്ടതുണ്ട്.

ശ്രീ. ജോബ് മൈക്കിൾ: സർ, ചങ്ങനാശ്ശേരിയിൽ ടൂറിസവുമായി ബന്ധപ്പെട്ട രണ്ടുമൂന്ന് പദ്ധതികൾ മുടങ്ങിക്കിടക്കുന്നുണ്ട്. ചെത്തിപ്പുഴ കടവ്, മനക്കച്ചിറ തുടങ്ങിയ ടൂറിസം പദ്ധതികൾ അടിയന്തരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, അക്കാര്യം പരിശോധിക്കാം.

ശ്രീ. മാണി സി. കാപ്പൻ: സർ, പാല നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന രണ്ട് ടൂറിസ്റ്റ് സെന്ററുകളായ മേലുകാവ് പഞ്ചായത്തിലെ ഇലവീഴാപൂഞ്ചിറയിലും തലനാട് പഞ്ചായത്തിലെ മീനച്ചിലാറിന്റെ ഉത്ഭവസ്ഥലമായ ഇല്ലിക്കൽ കല്ലിലും കെ.ടി.ഡി.സി-യുടെ ഓരോ ഹോട്ടൽ സമുച്ചയങ്ങൾ നിർമ്മിക്കാൻ തയ്യാറാകുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, അക്കാര്യം പരിശോധിക്കാം.

ഡോ. കെ. ടി. ജലീൽ: സർ, ടൂറിസം ഡെസ്റ്റിനേഷനുകളുടെ സൗന്ദര്യത്തിനും ശുചിത്വത്തിനും വിഘാതം നിൽക്കുന്നത് സമീപപ്രദേശങ്ങളിലെ അനധികൃത കച്ചവടക്കാരുടെ തള്ളിക്കയറ്റമാണ്. ഇത് പല ഡെസ്റ്റിനേഷനുകളിലേയ്ക്കുമുള്ള ജനങ്ങളുടെ വരവിനെപ്പോലും പ്രതികൂലമായി ബാധിക്കുന്നുണ്ട്. വിനോദസഞ്ചാര

വകുപ്പ് കോടിക്കണക്കിന് രൂപ ചെലവഴിച്ച് നവീകരിച്ച സംരംഭമാണ് ചമ്രവട്ടം പുഴയോര സ്നേഹപാത. അവിടെ ടാർപോളിൻ ഷീറ്റുകൾ കെട്ടിപ്പൊക്കി അനധികൃതമായി കച്ചവടം നടത്തുന്ന നിരവധി കച്ചവടക്കാരെ ഒഴിപ്പിക്കാതെ ടി ടൂറിസം ഡെസ്റ്റിനേഷൻ വിപുലപ്പെടുത്താൻ സാധിക്കില്ല. ലൈസൻസുള്ള വഴിയോര കച്ചവടക്കാർക്ക് ബങ്കുകൾ നിർമ്മിച്ചുനൽകി അവരുടെ പ്രശ്നം പരിഹരിക്കുന്നതിന് ഡി.ടി.പി.സി. മുൻകയ്യെടുക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഈ പ്രത്യേക വിഷയം സംബന്ധിച്ച് പരിശോധിക്കുന്നതാണ്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, നവംബർ 15 മുതൽ വിദേശികൾക്ക് 5 ലക്ഷം ടൂറിസ്റ്റ് വിസ സൗജന്യമായി നൽകുമെന്ന് കേന്ദ്രഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുകയാണ്. ഇന്ത്യയുമായി ധാരണയുള്ള രാജ്യങ്ങൾക്ക് ഇവിടെ വന്നാൽ ഹോം ക്വാറന്റൈനും മറ്റ് പരിശോധനകളും ഒഴിവാക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ട്. വിദേശ ടൂറിസ്റ്റുകളെ സ്വീകരിക്കാൻ കേരളം തയ്യാറെടുക്കുകയാണ്. രണ്ട് വാക്സിനെടുത്തുവരുന്ന വിദേശ ടൂറിസ്റ്റുകൾക്ക് 72 മണിക്കൂർ മുമ്പുള്ള ആർ.ടി.പി.സി.ആർ. ടെസ്റ്റ് നടത്തിയതിന്റെ സർട്ടിഫിക്കറ്റ് വേണമെന്ന വ്യവസ്ഥയാണ് കേരളത്തിലുള്ളത്. ഇക്കാര്യം ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ; എന്തെങ്കിലും പുനരാലോചനയ്ക്ക് ഗവൺമെന്റ് തയ്യാറാണോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇത് മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ട വിഷയമായതുകൊണ്ട് പോസിറ്റീവായിത്തന്നെ ഇക്കാര്യത്തിൽ എന്തുചെയ്യാൻ കഴിയുമെന്നുള്ളതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. വിനോദസഞ്ചാര മേഖലയിൽ വിദേശ സഞ്ചാരികൾ കടന്നുവരാനുള്ള എല്ലാ ശ്രമവും വിനോദസഞ്ചാര വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാകും. വെൽകമിംഗ് നേച്ചറിൽതന്നെ ആളുകളെ സ്വീകരിക്കാനും ആ നിലയിൽ അവരെ കൊണ്ടുപോകാനുമുള്ള ആലോചനയാണ് നടക്കുന്നത്. ഈ വിഷയങ്ങൾ പരിഹരിച്ചാൽ ഭാവിയിൽ ടൂറിസം പോലീസിംഗ് ഉൾപ്പെടെ കേരളത്തിലെ എല്ലാ കലാലയങ്ങളിലും ടൂറിസം ക്ലബ്ബുകൾ രൂപീകരിച്ചുകൊണ്ട് വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കാനുള്ള പദ്ധതികളുൾപ്പെടെ ആലോചിച്ചിട്ടുണ്ട്.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ലോക ടൂറിസം ഭൂപടത്തിൽ ഇടംപിടിച്ച സ്ഥലമാണ് ഗവി. വിദേശ ടൂറിസ്റ്റുകളടക്കം നിരവധിപേർ ഇവിടെ എത്തിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അവിടെ നടപ്പിലാക്കുന്ന വികസന പദ്ധതികൾ പൂർത്തീകരിക്കുന്നതിന് അങ്ങ് ഇടപെടുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഗവി പ്രധാനപ്പെട്ട ടൂറിസം ഡെസ്റ്റിനേഷനാണ്. ഡൽഹിയിൽപോയ ഘട്ടത്തിൽ കേന്ദ്രമന്ത്രിയുമായി ഗവിയിലെ

ടൂറിസം സാദ്ധ്യതയെക്കുറിച്ച് പ്രത്യേകം സൂചിപ്പിച്ചിരുന്നു. നല്ലനിലയിൽ ടൂറിസം വികസിപ്പിച്ചെടുക്കാവുന്ന ഡെസ്റ്റിനേഷനെന്ന നിലയിൽ ഗവി ടൂറിസത്തിന്റെ വികാസത്തിനുവേണ്ടി മുന്നോട്ടു പോകുന്നതാണ്.

**തോട്ടം മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന് പാക്കേജ്**

3 (*393) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കേന്ദ്ര സർക്കാരിന്റെ ആഗോളവൽക്കരണ നയവും സാമ്പത്തിക മാന്ദ്യവും പ്രതികൂലമായി ബാധിച്ച തോട്ടം മേഖലയുടെ പുനരുജ്ജീവനത്തിനും സംരക്ഷണത്തിനുംവേണ്ടി പ്ലാന്റേഷൻ നയം രൂപീകരിക്കുന്നതിന് സംസ്ഥാന ഗവൺമെന്റിന് പദ്ധതിയുണ്ടോയെന്ന് അറിയിക്കുമോ;

(ബി) കോവിഡിന്റെ പശ്ചാത്തലത്തിൽ തോട്ടം മേഖലയുടെ സംരക്ഷണത്തിനു വേണ്ടി കേന്ദ്ര, സംസ്ഥാന സർക്കാരുകൾ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഇടുക്കി, വയനാട് ജില്ലകളിലെ തോട്ടം മേഖലകളിലെ തൊഴിലാളികൾക്കു വേണ്ടി നടത്തിയിരുന്ന ആശുപത്രികൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ; വിശദീകരിക്കുമോ;

(ഡി) തോട്ടം മേഖലയിലെ കാലാവധി കഴിഞ്ഞ സേവന, വേതന കരാർ കാലോചിതമായി പരിഷ്കരിക്കുന്നതിന് പദ്ധതിയുണ്ടോയെന്ന് അറിയിക്കുമോ;

(ഇ) പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് സഹായധനം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ,

(എ) തോട്ടം മേഖലയുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് സർക്കാർ സമഗ്രമായ പ്ലാന്റേഷൻ നയം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) കോവിഡിന്റെ പശ്ചാത്തലത്തിൽ തോട്ടം മേഖലയുടെ സംരക്ഷണത്തിനുവേണ്ടി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പാക്കേജുകൾ പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ, കോവിഡ് 19-ന്റെ ഒന്നുംരണ്ടുംഘട്ട വ്യാപനവുമായി ബന്ധപ്പെട്ട് ലോക്ഡൗൺ കാലത്ത് പ്ലാന്റേഷൻ ലേബർ നിയമത്തിന്റെ പരിധിയിൽ വരുന്ന

തോട്ടങ്ങളിലെയും പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെയും തൊഴിലാളികൾക്കും കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധിയിൽ അംഗമായിട്ടുള്ള തൊഴിലാളികൾക്കും 1,000 രൂപ വീതം രണ്ടുഘട്ടമായി സംസ്ഥാന സർക്കാർ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

(സി) ഇടുക്കി, വയനാട് ജില്ലകളിലെ തോട്ടം മാനേജ്മെന്റുകൾ തോട്ടം തൊഴിലാളികൾക്കുവേണ്ടി നടത്തുന്ന ചികിത്സാ കേന്ദ്രങ്ങൾ (ഗാർഡൻ ഹോസ്പിറ്റൽ, ഗ്രൂപ്പ് ഹോസ്പിറ്റൽ, ഡിസ്പെൻസറി) നിലവിൽ പ്രവർത്തിച്ചു വരുന്നുണ്ട്.

(ഡി) തോട്ടം മേഖലയിലെ കാലാവധി കഴിഞ്ഞ സേവന-വേതന കരാർ കാലോചിതമായി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി മിനിമം വേതനം പുതുക്കി നിശ്ചയിക്കുകയും അടിസ്ഥാന വേതനത്തിൽ 52 രൂപയുടെ വർദ്ധനവ് വരുത്തുകയും ചെയ്ത് ഉത്തരവായിട്ടുണ്ട്.

(ഇ) പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളെ സഹായിക്കുന്നതിനായി പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റി മുഖേന വിവിധ ധനസഹായങ്ങൾ നൽകിവരുന്നുണ്ട്. തൊഴിലാളികളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസ ധനസഹായം, സ്കൂൾകുട്ടികൾക്ക് യൂണിഫോമും പഠനോപകരണങ്ങളും വിതരണം, മരണപ്പെടുന്ന തൊഴിലാളികളുടെ ആശ്രിതർക്ക് മരണാനന്തര ധനസഹായമായി ഒരു ലക്ഷം രൂപയും പെൺമക്കൾക്ക് വിവാഹ ധനസഹായമായി 10,000 രൂപയും ചികിൽസാ ധനസഹായമായി പരമാവധി 30,000 രൂപയും ഭാഗികമായി അംഗവൈകല്യം സംഭവിച്ച തൊഴിലാളികൾക്ക് 50,000 രൂപയും പൂർണ്ണമായും അംഗവൈകല്യം സംഭവിച്ച തൊഴിലാളികൾക്ക് ഒരു ലക്ഷം രൂപയും എന്നിങ്ങനെ വിവിധ ധനസഹായങ്ങൾ നൽകിവരുന്നു.

ശ്രീ. ഇ. കെ. വിജയൻ: സർ, തോട്ടം മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായുള്ള റിട്ടയേർഡ് ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ തോട്ടം മേഖലയുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് സമഗ്ര പാക്കേജ് തയ്യാറാക്കുന്നുണ്ടോ?

ശ്രീ. വി. ശിവൻകുട്ടി: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്താണ് പ്രസ്തുത റിപ്പോർട്ട് ലഭിച്ചത്. അന്നത്തെ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ടി. പി. രാമകൃഷ്ണന്റെ നേതൃത്വത്തിൽ റിട്ടയേർഡ് ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ, കമ്മീഷൻ റിപ്പോർട്ട് വിശദമായി പഠിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ അത് ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിന് ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്. അതുമായി

ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. തോട്ടംമേഖലയിലെ സമഗ്രവികസനവുമായി ബന്ധപ്പെട്ട് തൊഴിലാളികൾ താമസിക്കുന്ന ലയങ്ങളെയും അവരുടെ ശമ്പളത്തെയും ജീവിത സാഹചര്യങ്ങളെയും സംബന്ധിച്ച് അതിൽ പരാമർശിക്കുന്നുണ്ട്. ഏറ്റവും പഴക്കംചെന്ന മേഖലയെന്ന നിലയിൽ പുനരുദ്ധാരണ പാക്കേജ് നടപ്പാക്കുന്നതിനെക്കുറിച്ച് അതിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരം കാര്യങ്ങൾ ഈ രംഗത്ത് പ്രവർത്തിക്കുന്ന ട്രേഡ് യൂണിയൻ സംഘടനകളുമായും ക്ഷേമനിധി ബോർഡുകളുമായും സംയുക്തമായി ചർച്ച ചെയ്ത് ആവശ്യമായ നടപടി ഘട്ടംഘട്ടമായി സ്വീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, തോട്ടം മേഖലയിലുള്ളവരുടെ ചികിത്സ ഒരു പ്രശ്നമാണ്. തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യം ലഭിക്കുന്നില്ല. കേന്ദ്രസർക്കാരിന്റെ സഹായമുണ്ടെങ്കിൽ മാത്രമെ അത് ലഭിക്കുകയുള്ളൂ. ഇവരെ ഇ.എസ്.ഐ. പദ്ധതിയിലുൾപ്പെടുത്തുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്?

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, പൊതുവെ ഇത്തരം തൊഴിലാളികളെ സഹായിക്കുന്ന നിലപാട് കേന്ദ്രഗവൺമെന്റ് സ്വീകരിക്കുന്നില്ല. രാജ്യത്ത് നിലനിന്നിരുന്ന അമ്പതോളം വരുന്ന തൊഴിൽ നിയമങ്ങൾ കേന്ദ്രഗവൺമെന്റ് റദ്ദാക്കി നാല് കോഡുകളാക്കി മാറ്റിയിരിക്കുകയാണ്. തൊഴിലാളികൾക്ക് ലഭിക്കേണ്ട നിരവധി ആനുകൂല്യങ്ങളുണ്ട്. ഒരു തൊഴിലാളിയെ സംബന്ധിച്ചിടത്തോളം അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി മുതലാളിയുമായി നടത്തേണ്ട വിലപേശലിന്റെ കാര്യമുണ്ട്; ഇ.എസ്.ഐ. പോലുള്ള ആനുകൂല്യത്തിന്റെ പ്രശ്നവുമുണ്ട്. അവയൊന്നും വേണ്ടത്ര ഗൗവരത്തോടുകൂടി കേന്ദ്രഗവൺമെന്റ് കാണുന്നില്ല. ഇപ്പോൾ പാസ്സാക്കിയിട്ടുള്ള നാല് കോഡുകൾ എത്രയുംവേഗം നടപ്പിലാക്കുന്നതിനായി സംസ്ഥാനങ്ങളെ നിർബന്ധിച്ചുകൊണ്ടിരിക്കുകയാണ്. ആ നാല് കോഡുകൾ അതേ രൂപത്തിൽത്തന്നെ നടപ്പിലാക്കിയാൽ തൊഴിൽ മേഖലയിൽ വലിയ പ്രതിസന്ധിയും പ്രത്യാഘാതവുമുണ്ടാകുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. കേരളത്തിലെ ഇ.എസ്.ഐ. സ്ഥാപനങ്ങൾ പുനർനിർമ്മാണം നടത്തുന്നതിനായി രണ്ടാം പിണറായി വിജയൻ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പലപ്രാവശ്യം യോഗങ്ങൾ ചേരുകയും ബന്ധപ്പെട്ട കേന്ദ്ര ഉദ്യോഗസ്ഥരുമായും ഇ.എസ്.ഐ-യുടെ സംസ്ഥാനചുമതലയുള്ള ഉദ്യോഗസ്ഥരുമായും ചർച്ച നടത്തിയപ്പോൾ പുതിയതായി ഒരു ആശുപത്രി അനുവദിക്കുന്നതിനോ ജീവനക്കാരെ അനുവദിക്കുന്നതിനോ അല്ലെങ്കിൽ നിലവിലുള്ളതിന്റെ പുനരുദ്ധാരണം നടത്തുന്നതിനോ തയ്യാറായില്ല. എങ്കിലും ഇക്കാര്യത്തിൽ എന്തുചെയ്യാൻ കഴിയുമെന്നത് സംബന്ധിച്ച് കേന്ദ്രഗവൺമെന്റിനോട്

ആരായുന്നതാണ്. മാത്രമല്ല, കമ്മീഷൻ റിപ്പോർട്ടിൽ തോട്ടം തൊഴിലാളികളുടെ ആരോഗ്യ പ്രശ്നങ്ങളും സൂചിപ്പിക്കുന്നുണ്ട്. അവർക്ക് ആവശ്യമായ ചികിത്സാ സഹായങ്ങൾ ഉറപ്പുവരുത്തുന്നതിനുവേണ്ടി പ്ലാന്റേഷൻ വെൽഫെയർ ബോർഡിന്റെ ഭാഗമായി എന്തുചെയ്യാൻ കഴിയുമെന്നുള്ളത് സംബന്ധിച്ച് പൊതുവായി ആലോചിക്കാം.

ശ്രീ. പി. എസ്. സുപാൽ: തോട്ടം മേഖലയിലെ ലയങ്ങളുടെ പരിതാപകരമായ അവസ്ഥ കണക്കിലെടുത്ത് അവ പുതുക്കിപ്പണിയുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതുണ്ട്. ഭവനരഹിതരും ഭൂരഹിതരുമായ മുഴുവൻ തോട്ടം തൊഴിലാളികൾക്കും വീട് നൽകുമെന്ന എൽ.ഡി.എഫ്. ഗവൺമെന്റിന്റെ പ്രഖ്യാപനമനുസരിച്ച് ലൈഫ് പദ്ധതിയിലുൾപ്പെടുത്തി എല്ലാ തോട്ടം തൊഴിലാളികൾക്കും വീട് നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ഇതുസംബന്ധിച്ച് ബന്ധപ്പെട്ട മാനേജ്മെന്റുകളുമായി ചർച്ച നടത്തേണ്ടതുണ്ട്. തോട്ടം മേഖലയിൽ ജോലി ചെയ്യുന്ന സ്വന്തമായി സ്ഥലമുള്ള ഭവനരഹിതരായ തൊഴിലാളികൾക്ക് 400 ചതുരശ്ര അടി വിസ്തീർണ്ണമുള്ള സ്വതന്ത്ര ഭവനങ്ങൾ നിർമ്മിച്ചുനൽകുന്നതിന് നടപടി സ്വീകരിക്കുന്നതോടൊപ്പം ഇടുക്കി ജില്ലയിൽ ദേവികുളം താലൂക്കിലെ കുറ്റിയാർവാലിയിൽ തയ്യാറാക്കിയിട്ടുള്ള ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട പത്ത് തോട്ടം തൊഴിലാളികളെ തെരഞ്ഞെടുക്കുകയും ഒൻപത് വീടുകളുടെ നിർമ്മാണം പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് താക്കോൽ കൈമാറുകയും ചെയ്തിട്ടുണ്ട്. തോട്ടം മേഖലയിൽ ജോലി ചെയ്യുന്ന ഭൂരഹിതരായ തോട്ടം തൊഴിലാളികൾക്ക് ഭവനനിർമ്മാണത്തിനായി മൂന്നാറിൽ റവന്യൂ വകുപ്പിനുകീഴിലുള്ള 5.49 ഏക്കർ ഭൂമി കണ്ടെത്തുകയും ടി ഭൂമി റവന്യൂ വകുപ്പിൽനിന്നും കൈമാറി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയുമാണ്. ഭവനം ഫൗണ്ടേഷൻ കേരളയുടെ Own Your Housing Scheme-ൽ നിലവിലുള്ള റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡിലെ (ആർ.പി.എൽ.) തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇക്കാര്യം അങ്ങേയ്ക്ക് താൽപ്പര്യമുള്ളതും നിരവധി തവണ എന്നോട് ആവശ്യപ്പെട്ടിട്ടുള്ളതുമാണ്. അതുമായി ബന്ധപ്പെട്ട് ആദ്യഘട്ടമായി കുളത്തുപ്പുഴ എസ്റ്റേറ്റിൽ ആറ് വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും 40 വീടുകളുടെ നിർമ്മാണനടപടികൾ പുരോഗമിച്ചുവരികയും ചെയ്യുന്നു.

മി. സ്പീക്കർ: ചോദ്യോത്തരവേള അവസാനിച്ചു.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### നൈപുണ്യ വികസന, പരിശീലന പരിപാടികൾ

4 (*394) ഡോ. കെ. ടി. ജലീൽ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) ആഗോളതലത്തിൽ തൊഴിൽ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി സംസ്ഥാനത്തെ തൊഴിലന്വേഷകരെയും വിദ്യാർത്ഥികളെയും സജ്ജരാക്കുന്നതിനായി നടത്തിവരുന്ന വിവിധ നൈപുണ്യ വികസന, പരിശീലന പരിപാടികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ?

നൈപുണ്യവികസന പരിശീലന പരിപാടിയിൽ മുൻപന്തിയിൽ നിൽക്കുന്ന വ്യാവസായിക പരിശീലന വകുപ്പ്, ഐ.ടി.ഐ-കളിൽ നടന്നുവരുന്ന പരമ്പരാഗത കോഴ്സുകളിൽ ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് (ഡി.ജി.റ്റി) വരുത്തുന്ന കാലാനുസൃത മാറ്റങ്ങൾ ഉൾപ്പെടുത്തി പുതിയ കോഴ്സുകൾ അനുവദിക്കുന്നു. എൻ.സി.വി.ടി. കോഴ്സുകളിൽ ഉൾപ്പെടുത്തി പുതുതായി അനുവദിച്ച ന്യൂഏജ് കോഴ്സുകൾ ആരംഭിക്കുക, കിഫ്ബി ഫണ്ട് ഉപയോഗിച്ച് കേരളത്തിലെ 10 ഐ.ടി.ഐ-കൾ ഇന്റർനാഷണൽ നിലവാരത്തിലേയ്ക്ക് ഉയർത്തുക, കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ നടപ്പിലാക്കിവരുന്ന സ്ട്രൈവ് പദ്ധതി നടപ്പിലാക്കുക, ഇന്റർനാഷണൽ ടെക്നിക്കൽ എക്സ്ചേഞ്ച് പ്രോഗ്രാം വഴി വിദേശത്തുള്ള വിവിധ ട്രെയിനിംഗ് സെന്ററുകളിൽ പരിശീലനം നൽകുക, കരിയർ ഗൈഡൻസിനൊപ്പം സോഫ്റ്റ് സ്കിൽ, കമ്മ്യൂണിക്കേഷൻ സ്കിൽ എന്നിവയിൽ ട്രെയിനിംഗ് നൽകുക, എല്ലാ വർഷവും സർക്കാർ സംസ്ഥാന/ജില്ലാ അടിസ്ഥാനത്തിൽ ജോബ് ഫെയർ നടത്തുക തുടങ്ങിയവയാണ് സംസ്ഥാനത്തെ തൊഴിലന്വേഷകരേയും വിദ്യാർത്ഥികളേയും സജ്ജരാക്കുന്നതിനായി നടത്തിവരുന്ന വിവിധ നൈപുണ്യ വികസന പരിശീലന പരിപാടികൾ.

സംസ്ഥാന നൈപുണ്യ വികസന മിഷനെന്ന നിലയിൽ കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് നടപ്പിലാക്കിവരുന്ന നൈപുണ്യ വികസന പദ്ധതികൾ ആഗോളതലത്തിലെ തൊഴിൽ സാദ്ധ്യതകൾകൂടി പ്രയോജനപ്പെടുത്താൻ സഹായിക്കുന്ന തരത്തിലുള്ളവയാണ്. വിവിധ മേഖലകളിൽ ലളിതവും വേഗത്തിലും കാര്യക്ഷമവുമായി

മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് ഇന്റർനാഷണൽ സ്കിൽ ട്രെയിനിംഗ് ആൻഡ് എംപ്ലോയബിലിറ്റി പ്രോഗ്രാം (iSTEP) എന്ന പേരിൽ ഒരു നവീന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതിയിലൂടെ ലഭ്യമാകുന്ന പ്രൊപ്പോസലുകൾ വിദഗ്ധ കമ്മിറ്റിയുടെ സൂക്ഷ്മപരിശോധനയ്ക്കും മൂല്യനിർണയത്തിനും വിധേയമായതിന്റെ അടിസ്ഥാനത്തിലാണ് പരിശീലന പങ്കാളികളെ തെരഞ്ഞെടുക്കുന്നത്. വിവിധ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഓയിൽ & റിഗ്, നിർമ്മാണ മേഖല, നഴ്സിംഗ്, റിന്യൂവബിൾ എനർജി, കായികം, ഭാഷാപരിശീലനം തുടങ്ങിയ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ കേരളത്തിലെ വിവിധ ജില്ലകളിലായി പ്രവർത്തിച്ചുവരുന്നു. കേന്ദ്ര പദ്ധതിയായ പ്രധാൻമന്ത്രി കൗശൽ വികാസ് യോജന (PMKVY) സംസ്ഥാനത്ത് നടപ്പിലാക്കുന്നത് സംസ്ഥാന നൈപുണ്യ വികസന മിഷനായ KASE ആണ്. പദ്ധതിയുടെ ഭാഗമായി 126-ഓളം കോഴ്സുകളിൽ നൈപുണ്യപരിശീലനം നല്കിവരുന്നുണ്ട്. KASE നടപ്പിലാക്കുന്ന നൈപുണ്യ പരിശീലന പദ്ധതികളെക്കുറിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു. എംപ്ലോയ്മെന്റ് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ, എംപ്ലോയബിലിറ്റി സെന്ററുകൾ & കരിയർ ഗൈഡൻസ് സെന്ററുകൾ ആഗോളതലത്തിൽ തൊഴിൽ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി തൊഴിൽ അന്വേഷകരെയും വിദ്യാർത്ഥികളെയും സജ്ജരാക്കുന്നതിനായി എംപ്ലോയ്മെന്റ് വകുപ്പിൽ എംപ്ലോയബിലിറ്റി സെന്ററുകൾ, മോഡൽ കരിയർ സെന്ററുകൾ, കരിയർ ഡെവലപ്മെന്റ് സെന്ററുകൾ, വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകൾ എന്നിവ മുഖേന കരിയർ മാർഗ്ഗനിർദ്ദേശ ക്ലാസ്സുകളും സെമിനാറുകളും തൊഴിൽമേളകളും സംഘടിപ്പിക്കുന്നു. ഇതുകൂടാതെ സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കുവാൻ എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന തൊഴിൽ നൈപുണ്യ പരിശീലനങ്ങളും ജോബ്ഡ്രൈവുകളും സംഘടിപ്പിച്ചുവരുന്നു. ഗ്രാമീണ മേഖലയിലെ കുട്ടികൾക്ക് വിദ്യാഭ്യാസമേഖലയിലെയും തൊഴിൽ മേഖലയിലെയും നൂതന പ്രവണതകളെക്കുറിച്ചും കാലാനുസൃതമായി ഉണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ചും അറിവും പരിശീലനവും നൽകി ഉന്നത വിദ്യാഭാസവും അനുയോജ്യമായ തൊഴിലും നേടിയെടുക്കുവാൻ കരിയർ ഡെവലപ്മെന്റ് സെന്ററുകളും പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമെ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ മുഖേന ധനുസ് എന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു.

(ബി) കഴിഞ്ഞ സർക്കാരിന്റെ ഭരണകാലം മുതൽ നാളിതുവരെ ഈ മേഖലയിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങളും പുരോഗതിയും വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

KIIFB ഫണ്ട് ഉപയോഗിച്ച് കേരളത്തിലെ 10 ഐ.ടി.ഐ-കൾ ഇന്റർനാഷണൽ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു. ധനുവച്ചപുരം, ചന്ദനത്തോപ്പ്, ചെങ്ങന്നൂർ, ഏറ്റുമാനൂർ, കട്ടപ്പന, ചാലക്കുടി, മലമ്പുഴ, കൊയിലാണ്ടി, കണ്ണൂർ, കയ്യൂർ എന്നീ ഐ.ടി.ഐ-കളിലാണ് പ്രവർത്തനം നടന്നുവരുന്നത്.

വേൾഡ് ബാങ്കിന്റെ സഹായത്തോടെ നടപ്പിലായി വരുന്ന STRIVE പദ്ധതിയിലൂടെ 19 ITI-കൾ UPGRADE ചെയ്ത് ആധുനിക കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. കേരളത്തിലെ ഐ.ടി.ഐ-കളിലുള്ള വിവിധ ട്രേഡുകളിൽ നിന്നും സമർത്ഥരായ കുട്ടികളെ എല്ലാ വർഷവും സംസ്ഥാന തലത്തിൽ സ്കിൽ ഫെസ്റ്റ് നടത്തി കണ്ടെത്തി International Technical Exchange Programme വഴിയായി വിദേശത്തുള്ള വിവിധ ട്രെയിനിംഗ് സെന്ററുകളിൽ രണ്ടാഴ്ചത്തെ പരിശീലനം നൽകിവരുന്നു. ഇതുവഴി വ്യവസായമേഖലയിൽ ആഗോളതലത്തിലുള്ള മാറ്റങ്ങൾ നേരിട്ടുകണ്ട് മനസ്സിലാക്കുന്നതിനും അതിനനുസരിച്ചുള്ള തയ്യാറെടുപ്പുകൾ നടത്തുന്നതിനും അവർക്ക് കഴിയുന്നു.

വിവിധ കമ്പനികളുടെ CSR പ്രോജക്റ്റ്കളിൽ ഉൾപ്പെടുത്തി ITI ട്രെയിനികൾക്ക് കരിയർ ഗൈഡൻസും അതോടൊപ്പം സോഫ്റ്റ് സ്കിൽ, COMMUNICATION SKILL എന്നിവയിൽ ട്രെയിനിംഗും നൽകിവരുന്നു. വകുപ്പിന് കീഴിലുള്ള ഐ.ടി.ഐ-കളിൽ പരിശീലനം പൂർത്തിയാക്കിയ ട്രെയിനികൾക്ക് പ്ലേസ്മെന്റ് ലഭ്യമാക്കുന്നതിലേയ്ക്കായി ഡയറക്ടറേറ്റ് തലത്തിൽ പ്ലേസ്മെന്റ് സെൽ ആരംഭിച്ച് സ്റ്റേറ്റ്, നാഷണൽ, ഇന്റർനാഷണൽ തലത്തിലുള്ള സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഡയറക്ടറേറ്റ് തലത്തിൽ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തുടനീളം ജില്ലാ തലത്തിൽ ജോബ് ഫെയറുകൾ സംഘടിപ്പിച്ച് തൊഴിൽ ലഭ്യമാക്കുന്നുണ്ട്. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലം മുതൽ നാളിതുവരെ 23754 ട്രെയിനികൾക്ക് പ്ലെയ്സ്മെന്റ് ലഭിച്ചിട്ടുണ്ട്. എല്ലാ സർക്കാർ ഐ.ടി.ഐ-കളിലും ഇ.ഡി (Entrepreneurship Development) ക്ലബ് പ്രവർത്തിച്ചുവരുന്നു.

2018 ഏപ്രിൽ മാസം കൊച്ചിയിൽ വച്ച് 'ഇന്ത്യാ സ്കിൽ കേരള' മത്സരം സംഘടിപ്പിക്കുകയുണ്ടായി. 20 ട്രേഡുകളിലായി സംഘടിപ്പിച്ച മത്സരങ്ങളിൽ ഒന്നും രണ്ടും സ്ഥാനം കരസ്ഥമാക്കിയവർക്കും മത്സരത്തിൽ പങ്കെടുത്തവർക്കും യഥാക്രമം ഒരു ലക്ഷം രൂപ, 50,000 രൂപാ 10,000 രൂപ എന്നിങ്ങനെ നൽകുകയുണ്ടായി. പ്രസ്തുത മത്സരത്തിൽ വിജയിച്ചവർ ഇന്ത്യാ സ്കിൽ റീജിണൽ മത്സരങ്ങളിലും നാഷണൽ മത്സരത്തിലും പങ്കെടുക്കുകയുണ്ടായി. 2020-ലും ഇന്ത്യാ സ്കിൽ കേരള മത്സരം നടത്തുകയുണ്ടായി. കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി മാസ്ക്കുകൾ, ഹാൻഡ് സാനിറ്റൈസർ എന്നിവ നിർമ്മിച്ച് വിതരണം

നടത്തുകയും ചെയ്യു. ഐ.ടി.ഐ-കളിൽ നടക്കുന്ന പരിശീലനത്തിന്റെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും പരിശീലന മേഖലയിൽ സ്വയംപര്യാപ്തമാക്കുക എന്ന ലക്ഷ്യത്തോടെയും പ്രൊഡക്ഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്.

കോഴിക്കോട് (വനിത) ഐ.ടി.ഐ-യിൽ 30 കെ.വി. വൈദ്യുത ഉത്പാദന ശേഷിയുള്ള സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുകയും ഐ.ടി.ഐ-യിലെ ഉപയോഗം കഴിഞ്ഞ് ശേഷിക്കുന്ന 10 കെ.വി. വൈദ്യുതി കെ.എസ്.ഇ.ബി-ക്ക് നൽകി സാമൂഹിക പ്രതിബദ്ധത നിർവ്വഹിക്കുന്നുമുണ്ട്. ഗാർഹിക വ്യവസായ ആവശ്യങ്ങൾക്ക് വിദഗ്ദ്ധരായവരുടെ സേവനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തിൽ സ്കിൽ രജിസ്ട്രി എന്ന മൊബൈൽ ആപ്ലിക്കേഷനിലൂടെ പൊതുജനങ്ങൾക്ക് മികച്ച സേവനം ലഭ്യമാക്കാൻ സാധിച്ചു. വിവിധ സർക്കാർ ഐ.ടി.ഐ-കളിലെ 705 യൂണിറ്റുകൾക്ക് NCVT അഫിലിയേഷൻ ലഭ്യമായിട്ടുണ്ട്. കേന്ദ്രസർക്കാർ നടപ്പാക്കിയ STRIVE പദ്ധതിയുടെ നടത്തിപ്പിനായി 17 സർക്കാർ ഐ.ടി.ഐ-കളെയും രണ്ട് പ്രൈവറ്റ് ഐ.ടി.ഐ-കളേയും മൂന്ന് ഇൻഡസ്ട്രിയൽ ക്ലസ്റ്ററുകളെയും DGT തെരഞ്ഞെടുത്തിട്ടുണ്ട്. KASE, എംപ്ലോയ്മെന്റ് വകുപ്പ് എന്നിവയുമായി ബന്ധപ്പെട്ട നൈപുണ്യ വികസന പരിശീലന മേഖലയിലുണ്ടായ പുരോഗതി സംബന്ധിച്ച റിപ്പോർട്ട് അനുബന്ധമായി* ചേർക്കുന്നു.

### എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം

5 (*395) ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ മേഖലയിലേതുൾപ്പെടെ എല്ലാത്തരം തൊഴിലവസരങ്ങളെയും വിദ്യാഭ്യാസ അവസരങ്ങളെയും ഏകോപിപ്പിക്കുന്ന സംവിധാനമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ മാറ്റുവാൻ വേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

സംസ്ഥാനത്ത് സ്വകാര്യ മേഖലയിലേതുൾപ്പെടെ എല്ലാത്തരം തൊഴിലവസരങ്ങളും അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ എംപ്ലോയ്മെന്റ് വകുപ്പിൽ എംപ്ലോയബിലിറ്റി സെന്ററുകൾ, മോഡൽ കരിയർ സെന്റർ എന്നിവ പ്രവർത്തിച്ചുവരുന്നുണ്ട്. ഗ്രാമീണ മേഖലയിലെ കുട്ടികൾക്ക് വിദ്യാഭ്യാസ മേഖലയിലെയും തൊഴിൽ മേഖലയിലെയും നൂതന

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവണതകളെക്കുറിച്ചും കാലാനുസൃതമായി ഉണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ചും അറിവും പരിശീലനവും നൽകി ഉന്നത വിദ്യാഭാസവും അനുയോജ്യമായ തൊഴിലും നേടിയെടുക്കുവാൻ സഹായിക്കുന്നതിനായി കരിയർ ഡെവലപ്മെന്റ് സെന്ററുകളും ആരംഭിച്ചിട്ടുണ്ട്.

(ബി) സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കാൻ എംപ്ലോയബിലിറ്റി സെന്ററുകളുടെ പ്രവർത്തനം ഫലപ്രദമാക്കുന്നതിനായി കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ?

സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കുവാൻ എംപ്ലോയബിലിറ്റി സെന്ററുകൾ വകുപ്പിൽ ആരംഭിക്കുകയും ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ് എന്നിവ കണ്ടെത്തി ആവശ്യമായ പരിശീലനം നൽകി അവർക്കനുയോജ്യമായ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനുള്ള കേന്ദ്രങ്ങളായി എംപ്ലോയബിലിറ്റി സെന്ററുകൾ മാറിയിട്ടുണ്ട്. സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കുവാൻ എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന ജോബ്ഡ്രൈവുകളും സംഘടിപ്പിച്ചുവരുന്നു.

(സി) പ്രൊഫഷണൽ ആൻഡ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം വിശദമാക്കാമോ?

മെഡിസിൻ, പാരാമെഡിസിൻ, നിയമം, അഗ്രിക്കൾച്ചർ, എഞ്ചിനീയറിംഗ് തുടങ്ങിയ പ്രൊഫഷണൽ സാങ്കേതിക വിഷയങ്ങളിൽ ബിരുദമുള്ളവർക്കും മറ്റ് വിഷയങ്ങളിൽ ചുരുങ്ങിയത് രണ്ടാം ക്ലാസ്സ് ബിരുദാനന്തര ബിരുദമുള്ളവർക്കും പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമക്കാർക്കും തൊഴിൽസഹായം നൽകുവാൻ തിരുവനന്തപുരത്ത് ഒരു പ്രൊഫഷണൽ ആൻഡ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചും എറണാകുളത്തും കോഴിക്കോട്ടും ഓരോ മേഖല (റീജിയണൽ) പ്രൊഫഷണൽ ആൻഡ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് ഓഫീസും പ്രവർത്തിച്ചു വരുന്നു. ഉദ്യോഗാർത്ഥികൾ നേരിട്ട് ഹാജരായോ www.eemployment.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന ഓൺലൈനായോ രജിസ്ട്രേഷനായി അപേക്ഷിക്കാവുന്നതാണ്. ഓൺലൈനായി അപേക്ഷിക്കുന്നവർ തൊണ്ണൂറ് ദിവസത്തിനകം അസ്സൽ സർട്ടിഫിക്കറ്റുമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ഹാജരായി സർട്ടിഫിക്കറ്റ് വെരിഫൈ ചെയ്ത് രജിസ്ട്രേഷൻ നടപടി പൂർത്തിയാക്കുന്നപക്ഷം ഓൺലൈനായി അപേക്ഷിച്ച തീയതി മുതലുള്ള സീനിയോറിറ്റി ലഭിക്കുന്നതാണ്. പ്രൊഫഷണൽ യോഗ്യതകൾ/തത്തുല്യ യോഗ്യതകൾ ആവശ്യമായിട്ടുള്ള തസ്തികകൾക്ക് സീനിയോറിറ്റി, സബ്മിഷൻ നിയമങ്ങൾക്ക് അനുസൃതമായി ഉദ്യോഗാർത്ഥികളെ നാമനിർദേശം ചെയ്യുന്നതാണ്.

**ഹയർ സെക്കണ്ടറി മേഖലയുടെ അടിസ്ഥാന സൗകര്യ വികസനം**

6 (*396) <u>ശ്രീ. ജി. എസ്. ജയലാൽ</u>:
<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>:
<u>ശ്രീമതി സി. കെ. ആശ</u>:
<u>ശ്രീ. സി. സി. മുകുന്ദൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പുമന്ത്രി (<u>ശ്രീ. വി. ശിവൻകുട്ടി</u>) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സെക്കണ്ടറി വിദ്യാഭ്യാസ മേഖലയിലുണ്ടായ പുരോഗതിയോടൊപ്പം ഹയർ സെക്കണ്ടറി മേഖലയുടെ അടിസ്ഥാന സൗകര്യങ്ങളും മെച്ചപ്പെടുത്തേണ്ടതിന്റെ സാഹചര്യം പരിശോധന വിധേയമാക്കിയിട്ടുണ്ടോ; വിശമാക്കുമോ?

ഉണ്ട്. സംസ്ഥാനത്ത് ഒട്ടുമിക്ക ഹയർ സെക്കണ്ടറി സ്കൂളുകളും പ്രവർത്തിക്കുന്നത് നിലവിലുള്ള ഹൈസ്കൂളുകളുടെ അടിസ്ഥാന സൗകര്യം ഉപയോഗിച്ചാണ്. ഹയർ സെക്കണ്ടറി ക്ലാസ്സുകൾക്ക് ഒട്ടും അനുയോജ്യമല്ലാത്ത ഹൈസ്കൂളിനുവേണ്ടി മാത്രം നിർമ്മിച്ച ഇടുങ്ങിയ ക്ലാസ്സ്മുറികളിൽ 50 മുതൽ 65 കുട്ടികൾ വരെ തിങ്ങിഞെരുങ്ങി ഇരിക്കേണ്ടി വരുന്നു. അതുപോലെ മതിയായ ലാബ്/ലൈബ്രറി കെട്ടിടങ്ങളുടെ അഭാവം, മതിയായ ശുചിമുറികളുടെ അഭാവം തുടങ്ങി പരിഹരിക്കപ്പെടേണ്ട അനേകം പ്രശ്നങ്ങൾ നിലവിലുണ്ട്.

2013-14 സാമ്പത്തിക വർഷം മുതലാണ് സർക്കാർ ഹയർ സെക്കണ്ടറി വിഭാഗത്തിന് ബഹുനില കെട്ടിടങ്ങൾ പണിയുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തി തുടങ്ങിയത്. 2013-14 മുതൽ 2021-22 വരെ പ്ലാൻ ഫണ്ടിൽ നിന്നും 283 സർക്കാർ സ്കൂളുകളുടെ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നല്കിയിട്ടുണ്ട്. ആയതിൽ 145 എണ്ണത്തിന്റെ പണി പൂർത്തീകരിച്ചു. നബാർഡ്, RIDF പദ്ധതിയിൽ ഉൾപ്പെടുത്തി 17 ഹയർ സെക്കണ്ടറി സ്കൂളുകളിൽ ബഹുനില കെട്ടിടങ്ങൾ പണിയുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിൽ 7 എണ്ണത്തിന്റെ പണി പൂർത്തീകരിച്ചതാണ്. കൂടാതെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി കിഫ്ബിയുടെ 5 കോടി രൂപ ധനസഹായത്തോടെ ഒരു നിയോജക മണ്ഡലത്തിലെ ഒരു സ്കൂൾ വീതം തെരഞ്ഞെടുത്ത് മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതിയിലും 1000 കുട്ടികളിൽ കൂടുതലുള്ള സ്കൂളുകൾക്ക് 3 കോടി രൂപ കിഫ്ബി ധനസഹായം നൽകുന്ന പദ്ധതിയിലും 500-നും 1000-നും ഇടയിൽ കുട്ടികൾ പഠിക്കുന്ന സ്കൂളുകൾക്ക് 1 കോടി രൂപ കിഫ്ബി ധനസഹായം നൽകുന്ന

പദ്ധതിയിലും സംസ്ഥാനത്തെ സെക്കണ്ടറി സ്കൂളുകൾ തെരഞ്ഞെടുത്തതു പോലെത്തന്നെ ഹയർ സെക്കണ്ടറി സ്കൂളുകളേയും തെരഞ്ഞെടുക്കുകയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സ്കൂളുകൾ സാങ്കേതിക വിദ്യാ സൗഹൃദമാക്കുന്ന പദ്ധതിയിലും ഹയർ സെക്കണ്ടറി സ്കൂളുകളെ കൈറ്റ് ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഹയർ സെക്കണ്ടറി നിലവാരത്തിലുള്ള ലാബ്, ലൈബ്രറി സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ വിശദമാക്കുമോ?

ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ആധുനിക സൗകര്യം ഉറപ്പുവരുത്തുന്നതിന് ബഡ്ജറ്റ് ഫണ്ട് ഉപയോഗപ്പെടുത്തിക്കൊണ്ട് ലാബ്, ലൈബ്രറി എന്ന തുടർപദ്ധതി നടപ്പിലാക്കിവരുന്നു.

(സി) വളരെയധികം മൂലധന നിക്ഷേപം ആവശ്യമായ ഈ മേഖലയുടെ വികസനത്തിന് വേണ്ടി പ്രത്യേക ഫണ്ട് രൂപീകരിക്കേണ്ടതിന്റെ ആവശ്യകത നിലവിലുണ്ടോ; വിശദമാക്കുമോ?

2018-19 സാമ്പത്തിക വർഷം സയൻസ് ലാബുകളുടെ നവീകരണത്തിന് വേണ്ടി 68 സ്കൂളുകളെ തെരഞ്ഞെടുത്തെങ്കിലും പ്രളയംമൂലമുണ്ടായ പ്രതിസന്ധിയിൽ സ്കൂളുകളുടെ എണ്ണം 42 ആയി ചുരുക്കി. 42 സ്കൂളുകളിലും പ്രവൃത്തി പൂർത്തീകരിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു.

2020-21 സാമ്പത്തിക വർഷത്തിൽ 21 കോടി രൂപ ചെലവിൽ 50 സ്കൂളുകളിൽ ലാബും 3 സ്കൂളുകളിൽ ലൈബ്രറിയും നവീകരിക്കുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചത്. ആയതിൽ 48 സ്കൂളുകളിൽ ലാബും 3 സ്കൂളുകളിൽ ലൈബ്രറിയും പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തന യോഗ്യമാക്കി. ശേഷിക്കുന്ന രണ്ട് സ്കൂളുകളിൽ ലാബ് നവീകരണം നടന്നു വരുന്നു.

2021-22 സാമ്പത്തിക വർഷത്തെ നവീകരണ പ്രവൃത്തികൾക്കായി ബഡ്ജറ്റിൽ 18 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിനുള്ള നടപടികൾ ആരംഭിച്ചിരിക്കുന്നു. നിലവിൽ നിർദ്ദിഷ്ട അനുപാതത്തിലുള്ള റൂം സൗകര്യം ലഭ്യമായ സ്കൂളുകളിൽ മാത്രമാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. എന്നാൽ പര്യാപ്തമായ ലാബ് സൗകര്യം ലഭ്യമല്ലാത്ത സർക്കാർ സ്കൂളുകളിൽ ക്ലാസ്സ് മുറികൾ ലഭ്യമല്ലാത്ത കാരണത്താൽ ലാബ്, ലൈബ്രറി എന്നിവയുടെ നവീകരണ പ്രവൃത്തികൾ നടത്താൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്.

(ഡി) വിദ്യാർത്ഥികളിൽ സംരംഭകത്വ പരിശീലനവും നൈപുണ്യ പരിശീലനവും നൽകുന്നതിനും ഏതൊരു തൊഴിലിനോടുള്ള യുവതലമുറയുടെ

സമീപനം മെച്ചപ്പെട്ടതാക്കുന്നതിനും സഹായിക്കുന്ന പദ്ധതികൾ പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേന നടപ്പിലാക്കുമോ?

നടപ്പിലാക്കി വരുന്നുണ്ട്.

**കുതിരാൻ തുരങ്കപാത**

7 (*397) ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ)കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് സമയബന്ധിതമായി പൂർത്തിയാക്കിയ കുതിരാൻ തുരങ്കപാതയുടെ നിർമ്മാണത്തിന് പൊതുമരാമത്ത് വകുപ്പ് നടത്തിയ പ്രവർത്തനങ്ങൾ ഈ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

കുതിരാൻ തുരങ്കപാതയുടെ നിർമ്മാണം ദേശീയപാത അതോറിറ്റിയുടെ കീഴിലുള്ള പ്രവൃത്തിയാണ്. ഈ പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുന്നതിനായി പൊതുമരാമത്ത് വകുപ്പുമന്ത്രി യോഗങ്ങൾ നടത്തുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നു.

(ബി) ഒന്നാം തുരങ്കപാത തുറന്ന് കൊടുത്തതോടെ ഗതാഗത മേഖലയിൽ ഉണ്ടായ നേട്ടങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

ഒന്നാം തുരങ്കപാത 31-7-2021-നാണ് ഗതാഗതത്തിനായി തുറന്നുകൊടുത്തത്. പാത തുറന്ന് കൊടുത്തതിനെത്തുടർന്ന് പാലക്കാട് മുതൽ തൃശ്ശൂർ വരെയുള്ള ദൂരത്തിൽ 1.5 കി.മീ കുറഞ്ഞിട്ടുണ്ട്, കുതിരാനിൽ ഗതാഗതക്കുരുക്ക് വന്നിട്ടില്ല എന്ന് മാത്രമല്ല സുഗമമായി ഗതാഗതം നടക്കുന്നുണ്ട്. 31-7-2021-ന് ശേഷം കുതിരാനിൽ അപകടങ്ങൾ ഒന്നും തന്നെ റിപ്പോർട്ട് ചെയ്തിട്ടില്ല.

(സി) പ്രസ്തുത പാതയുടെ നിർമ്മാണ ചെലവ് എത്രയായിരുന്നുവെന്നും അതിൽ കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ വിഹിതം എത്രയാണെന്നും വ്യക്തമാക്കുമോ?

BOT (Toll) അടിസ്ഥാനത്തിൽ എൻ.എച്ച്. 544-ന്റെ വടക്കാഞ്ചേരി, തൃശ്ശൂർ ഭാഗം ആറ് വരിപാതയാക്കുന്നതിന്റെ ഭാഗമായാണ് കുതിരാൻ ടണൽ നിർമ്മാണം.

165 കോടിയാണ് എഗ്രിമെന്റ് പ്രകാരമുള്ള നിർമ്മാണ ചെലവ്. ബി.ഒ.റ്റി. കൺസഷനറാണ് നിർമ്മാണത്തിന്റെ ചെലവ് വഹിക്കേണ്ടത്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രണ്ടാം കുതിരാൻ തുരങ്കപാതയുടെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

രണ്ടാം കുതിരാൻ തുരങ്കപാതയുടെ നിർമ്മാണപുരോഗതി പൊതുമരാമത്ത് വകുപ്പുമന്ത്രിയും ജില്ലാ ഭരണകൂടവും നിരന്തരം വിലയിരുത്താറുണ്ട്. നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിനായി പൊതുമരാമത്ത് വകുപ്പുമന്ത്രി 7-8-2021-ലും, 13-10-2021-ലും യോഗങ്ങൾ നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നു.

(ഇ) രണ്ടാം തുരങ്കപാതയുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് അറിയിക്കുമോ?

രണ്ടാം തുരങ്കപാതയുടെ നിർമ്മാണത്തിൽ ഇനി ചെയ്യാനുള്ള പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

a) Concrete lining for 108 m

b) Concrete pavement for 500 m

c) Fire fighting arrangements

d) Lighting and ventilation measures

e) Approach on Thrissur side

f) Other miscellaneous works as per concession agreement.

**പാർശ്വവത്കരിക്കപ്പെട്ടവർക്ക് സ്വയംതൊഴിൽ**

8 (*398) <u>ശ്രീ. പ്രമോദ് നാരായൺ:</u>
<u>ഡോ. എൻ. ജയരാജ്:</u>
<u>ശ്രീ. ജോബ് മൈക്കിൾ:</u>
<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (<u>ശ്രീ. വി. ശിവൻകുട്ടി</u>) സദയം മറുപടി നൽകുമോ:

(എ) സമൂഹത്തിൽ പാർശ്വവത്ക്കരിക്കപ്പെട്ടവർക്ക് തൊഴിൽ ലഭ്യത ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

വിധവകൾ, നിയമാനുസൃതം വിവാഹബന്ധം വേർപെടുത്തിയവർ, 7 വർഷമായി ഭർത്താവിനെ കാണാനില്ലാത്തവർ, 35 വയസ്സ് കഴിഞ്ഞ അവിവാഹിതകൾ, ഭിന്നശേഷിക്കാർ, പട്ടികവർഗ്ഗ വിഭാഗത്തിലെ 18 വയസ്സ് കഴിഞ്ഞ അവിവാഹിതരായ അമ്മമാർ, എൻഡോസൾഫാൻ ദുരിതബാധിതർ, അനാഥാലയങ്ങളിലെ അന്തേവാസികൾ/മുൻ അന്തേവാസികൾ മുതലായ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളിലുള്ളവർക്ക് സംസ്ഥാന സർക്കാർ/ അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി തൊഴിലിന് പരിഗണിക്കുന്നതിന് മുൻഗണനയും 10 വർഷത്തെ വയസ്സിളവും അനുവദിച്ച് നൽകുന്നുണ്ട്.

സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട അശരണരായ വനിതകൾക്ക് (വിധവകൾ, നിയമാനുസൃതം വിവാഹബന്ധം വേർപെടുത്തിയവർ, ഭർത്താവ് ഉപേക്ഷിക്കുകയോ / ഭർത്താവിനെ കാണാതാവുകയോ ചെയ്തവർ, 30 വയസ്സ് കഴിഞ്ഞ അവിവാഹിതകൾ, പട്ടികവർഗ്ഗ വിഭാഗത്തിലെ അവിവാഹിതരായ അമ്മമാർ, ഭിന്നശേഷിക്കാരായ വനിതകൾ, ശയ്യാവലംബരും കിടപ്പുരോഗികളുമായ ഭർത്താവുള്ള വനിതകൾ) സ്വയംതൊഴിൽ ചെയ്യുന്നതിന് 'ശരണ്യ' എന്ന പേരിൽ ഒരു സ്വയംതൊഴിൽ പദ്ധതിയും, ഭിന്നശേഷിക്കാർക്ക് 'കൈവല്യ' എന്ന പേരിൽ ഒരു സ്വയംതൊഴിൽ പദ്ധതിയും, 50-65 പ്രായപരിധിയിലുള്ള മുതിർന്ന പൗരന്മാർക്ക് 'നവജീവൻ' എന്ന പേരിൽ ഒരു സ്വയംതൊഴിൽ പദ്ധതിയും എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തരം നടപ്പാക്കിവരുന്നു. കൂടാതെ, കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖാന്തരം ഭിന്നശേഷിക്കാരായ ലോട്ടറി ഏജന്റുമാർക്ക് സാമ്പത്തിക സഹായം അനുവദിക്കുന്ന പദ്ധതിയും ഭിന്നശേഷിക്കാർക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് ബാങ്ക് വായ്പാ പദ്ധതി, എൻ.എച്ച്.എഫ്.ഡി.സി. (നാഷണൽ ഹാൻഡിക്കാപ്പ്ഡ് ഫിനാൻസ് ആൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ) വായ്പാ പദ്ധതി എന്നിവയും നടപ്പാക്കി വരുന്നുണ്ട്.

(ബി) ഭിന്നശേഷിക്കാരുൾപ്പെടെ സമൂഹത്തിലെ പാർശ്വവത്കരിക്കപ്പെട്ടവർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എന്തൊക്കെ സഹായങ്ങളാണ് നിലവിലുള്ളത്; പുതുതായി എന്തൊക്കെ സഹായങ്ങൾ നൽകാനാണ് ലക്ഷ്യമിടുന്നത്; വിശദമാക്കാമോ?

ഭിന്നശേഷിക്കാർ, അശരണരായ വനിതകൾ എന്നിവർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തരം പലിശരഹിത സ്വയംതൊഴിൽ വായ്പാ പദ്ധതിയും മുതിർന്ന പൗരന്മാർക്കായി ബാങ്കുമായി ബന്ധപ്പെട്ട് സ്വയംതൊഴിൽ വായ്പാ പദ്ധതിയും നടപ്പാക്കിവരുന്നു. ഈ പദ്ധതികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

1. <u>കൈവല്യ സ്വയംതൊഴിൽ പദ്ധതി</u> - കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിക്കാർക്കായി എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തരം നടപ്പിലാക്കി വരുന്ന സ്വയംതൊഴിൽ പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം ഒരു വ്യക്തിക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് 50,000 രൂപ വരെ പലിശ രഹിത വായ്പ അനുവദിക്കുകയും വായ്പാ തുകയുടെ 50 ശതമാനം (പരമാവധി 25,000 രൂപ) സബ്സിഡിയായി അനുവദിക്കുകയും ചെയ്യുന്നു. പ്രോജക്ട് പരിശോധിച്ച് ഒഴിച്ചുകൂടാനാകാത്ത സാഹചര്യത്തിൽ ഒരു ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നതാണ്. 50,000 രൂപയ്ക്ക് മുകളിലുള്ള തുകയ്ക്ക് 3 ശതമാനം ഫ്ലാറ്റ് റേറ്റ് നിരക്കിൽ പലിശ ഈടാക്കുന്നതാണ്.

2. <u>ശരണ്യ പദ്ധതി</u> - കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള അശരണരായ വനിതകൾക്ക് (വിധവകൾ, നിയമാനുസൃതം വിവാഹബന്ധം വേർപെടുത്തിയവർ, ഭർത്താവ് ഉപേക്ഷിച്ച് പോയവർ, 30 വയസ്സ് കഴിഞ്ഞ അവിവാഹിതകൾ, പട്ടിക വർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ, ഭിന്നശേഷിക്കാരായ വനിതകൾ, ശയ്യാവലംബരും നിത്യരോഗികളുമായ ഭർത്താക്കൻമാരുള്ള വനിതകൾ) സ്വയംതൊഴിൽ ചെയ്യുന്നതിന് എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തരം വായ്പ അനുവദിക്കുന്നു. ഒരു വ്യക്തിക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് പരമാവധി 50,000 (അൻപതിനായിരം രൂപ മാത്രം) രൂപ വരെ പലിശ രഹിത വായ്പ അനുവദിക്കുന്നു. വായ്പാ തുകയുടെ 50 ശതമാനം (പരമാവധി 25000 രൂപ) സബ്സിഡി ആയി നൽകുന്നു. പ്രോജക്ട് പരിശോധിച്ച് ഒഴിച്ചുകൂടാനാകാത്ത സാഹചര്യത്തിൽ ഒരു ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നതാണ്. 50,000 രൂപയ്ക്ക് മുകളിലുള്ള തുകയ്ക്ക് 3 ശതമാനം ഫ്ലാറ്റ് റേറ്റ് നിരക്കിൽ പലിശ ഈടാക്കുന്നതാണ്.

3. <u>നവജീവൻ പദ്ധതി</u> - എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള 50-65 പ്രായപരിധിയിലുള്ള മുതിർന്ന പൗരന്മാർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട് നടപ്പാക്കി വരുന്ന സ്വയംതൊഴിൽ പദ്ധതിയാണിത്. ഒരു വ്യക്തിക്ക് പരമാവധി 50,000 (അൻപതിനായിരം രൂപ മാത്രം) രൂപ വരെ ബാങ്ക് വായ്പ അനുവദിക്കുന്നു. വായ്പാ തുകയുടെ 25 ശതമാനം (പരമാവധി 12500 രൂപ) സർക്കാർ സബ്സിഡിയായി അനുവദിക്കുന്നു. കൂടാതെ, കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖാന്തരം ഭിന്നശേഷിക്കാരായ ലോട്ടറി ഏജന്റ്മാർക്ക് സാമ്പത്തികസഹായം അനുവദിക്കുന്ന പദ്ധതിയും ഭിന്നശേഷിക്കാർക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് എൻ.എച്ച്.എഫ്.ഡി.സി. (നാഷണൽ ഹാൻഡിക്കാപ്പ്ഡ് ഫിനാൻസ് ആൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ) വായ്പാ പദ്ധതി, ബാങ്ക് വായ്പാ പദ്ധതി എന്നിവയും നടപ്പാക്കി വരുന്നുണ്ട്. ടി പദ്ധതികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

i) ഭിന്നശേഷിക്കാരായ ലോട്ടറി ഏജന്റ്മാർക്ക് സാമ്പത്തിക സഹായം - ഈ പദ്ധതി പ്രകാരം നിലവിൽ ലോട്ടറി ഏജൻസി ഉള്ളവർക്ക് ധനസഹായമായി 5000 രൂപ അനുവദിച്ചുവരുന്നു. 18 വയസിന് മുകളിൽ പ്രായവും 40 ശതമാനവും അതിന് മുകളിലും ഭിന്നശേഷിത്വവും 1 ലക്ഷം രൂപ വാർഷിക വരുമാനവും ഉള്ളവർക്കാണ് ഈ ആനുകൂല്യം ലഭിക്കുന്നത്.

ii) സ്വയം തൊഴിൽ പദ്ധതി (ബാങ്ക് വായ്പ സബ്സിഡി) - വിവിധ വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിത്വമുള്ളവർക്ക് കോർപ്പറേഷൻ സംസ്ഥാനത്തെ വിവിധ വാണിജ്യ ബാങ്കുകളിലൂടെ സ്വയം തൊഴിൽ വായ്പ ലഭ്യമാക്കി വരുന്നു. ഈ പദ്ധതി പ്രകാരമുള്ള വായ്പയ്ക്ക് കോർപ്പറേഷൻ സബ്സിഡി നൽകുന്നതാണ്.

ലോൺ തുക 20,000 രൂപ വരെ - ലോൺ തുകയുടെ 50 ശതമാനവും

ലോൺ തുക 20,001 മുതൽ 50,000 രൂപ വരെ - ലോൺ തുകയുടെ 30 ശതമാനവും

ലോൺ തുക 50,001 മുതൽ 1,00,000 രൂപ വരെ - ലോൺ തുകയുടെ 25 ശതമാനവും

ലോൺ തുക ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ - ലോൺ തുകയുടെ 20 ശതമാനവും (പരമാവധി ഒരു ലക്ഷം രൂപ വരെ) സബ്സിഡിയായി നൽകുന്നു.

iii) എൻ.എച്ച്.എഫ്.ഡി.സി. വായ്പ - നാഷണൽ ഹാൻഡിക്കാപ്പ്ഡ് ഫിനാൻസ് ആൻഡ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ (എൻ.എച്ച്.എഫ്.ഡി.സി.) വായ്പാ പദ്ധതി നടപ്പിലാക്കുന്ന കേരളത്തിലെ സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസി (എസ്.സി.എ.) എന്ന നിലയിൽ, എൻ.എച്ച്.എഫ്.ഡി.സി.-യുടെ പദ്ധതി പ്രകാരമുള്ള സ്വയം തൊഴിൽ വായ്പ കോർപ്പറേഷൻ മുഖേന വിതരണം ചെയ്തു വരുന്നു. 50,000 രൂപ വരെയുള്ള വായ്പയ്ക്ക് സ്ത്രീകൾക്കും, കാഴ്ച / കേൾവി പരിമിതർക്കും ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർക്കും ഒരു ശതമാനം പലിശയിളവ് നൽകുന്നുണ്ട്.

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ പുരോഗതി**

9 (*399) ശ്രീ. എ . പി . അനിൽ കുമാർ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ) സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കഴിഞ്ഞ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ അഞ്ച് വർഷം ഈ പദ്ധതി സംബന്ധിച്ച് മോണിറ്ററിംഗ് ഉണ്ടായിരുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ&ബി) കൺസഷൻ കരാറിലെ വ്യവസ്ഥപ്രകാരം തുറമുഖത്തിന്റെ നിർമ്മാണ പുരോഗതിയും ഗുണമേന്മയും ഉറപ്പാക്കുന്നതിനായി ഒരു ഇൻഡിപെൻഡന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്നു. ഇവർ ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായ വിഴിഞ്ഞം തുറമുഖ കമ്പനിക്ക് (VISL) റിപ്പോർട്ടുകൾ സമർപ്പിക്കുകയും ആയത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ച് വരികയും ചെയ്തിട്ടുണ്ട്. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും വിവിധ വകുപ്പ് സെക്രട്ടറിമാർ അംഗങ്ങളുമായ പ്രോജക്ട് ഇംപ്ലിമെന്റേഷൻ കമ്മിറ്റിയും (PIC) എംപവേർഡ് കമ്മിറ്റിയും സമയാസമയങ്ങളിൽ പ്രോജക്ടിന്റെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഒരു IAS ഓഫീസറുടെ നേതൃത്വത്തിൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുകയും പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് RDO-യുടെ അദ്ധ്യക്ഷതയിൽ ഒരു Livelihood Impact Assessment Committee (LIAC)-യും ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ അപ്പീൽ കമ്മിറ്റിയും പ്രവർത്തിക്കുന്നുണ്ട്. സർക്കാരിന്റെ പ്രധാന പദ്ധതികൾ ത്വരിതപ്പെടുത്തുവാനായി നിയോഗിച്ചിരുന്ന Additional Chief Secretary (Special Projects- Infrastructure) വിഴിഞ്ഞം പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്ത് വിഴിഞ്ഞം പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നിർദ്ദേശം ബന്ധപ്പെട്ട വകുപ്പുകൾക്കും ഏജൻസികൾക്കും നൽകിയിരുന്നു. തുറമുഖ കമ്പനിയുടെ റിപ്പോർട്ടുകൾ തുറമുഖ വകുപ്പുമന്ത്രി നിശ്ചിത ഇടവേളകളിൽ പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിരുന്നു. ബഹു. മുഖ്യമന്ത്രിയും ആവശ്യമായ ഇടപെടലുകൾ നടത്തിയിരുന്നു. പദ്ധതിക്കാവശ്യമായ 97 ശതമാനം ഭൂമിയും നിർമ്മാണക്കമ്പനിക്ക് ഏറ്റെടുത്ത് നൽകി, ജലം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കി. ഭൂമി ഏറ്റെടുക്കുന്നതുമായും പദ്ധതി നടത്തിപ്പുമായും ബന്ധപ്പെട്ട പുനരധിവാസ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. റെയിൽ കണക്ടിവിറ്റിക്ക് വേണ്ടിയുള്ള DPR തയ്യാറാക്കി ദക്ഷിണ റെയിൽവേയ്ക്ക് സമർപ്പിച്ചു. ശേഷിക്കുന്ന ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

(സി) പദ്ധതിയുടെ പുരോഗതി വിലയിരുത്തി റിപ്പോർട്ട് ചെയ്യുന്നതിനായി ഐ.എ.എസ്. കേഡറിലെ ഉദ്യോഗസ്ഥനെ സ്പെഷ്യൽ പ്രോജക്റ്റ് ഓഫീസറായി നിയമിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഡോ. ഗോപാലകൃഷ്ണൻ ഐ.എ.എസ്-നെ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനിയുടെ മാനേജിംഗ് ഡയറക്ടറായി നിയോഗിച്ചിട്ടുണ്ട്.

(ഡി) പദ്ധതിയുടെ പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ കമ്മിറ്റിയുടെ പ്രവർത്തനം വിശദമാക്കാമോ?

പദ്ധതിക്കുവേണ്ട ഭൂമി ഏറ്റെടുക്കലിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തുക, പദ്ധതിയുമായി ബന്ധപ്പെട്ട് നാഷണൽ ഗ്രീൻ ട്രൈബ്യൂണൽ നിശ്ചയിച്ചിട്ടുള്ള പരിസ്ഥിതി പഠന റിപ്പോർട്ടുകൾ വിലയിരുത്തുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യുക, കൺസഷൻ എഗ്രിമെന്റിലെ വ്യവസ്ഥകൾ പ്രകാരം അതോറിറ്റിയിൽ നിക്ഷിപ്തമായിട്ടുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച് വിലയിരുത്തുക, പദ്ധതിയുമായി ബന്ധപ്പെട്ട പുനരധിവാസ പാക്കേജിന്റെ പുരോഗതി വിലയിരുത്തുക, പദ്ധതി പ്രവർത്തനത്തിന് വിഘാതമാകുന്ന തദ്ദേശീയ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുക എന്നിവയാണ് കമ്മിറ്റിയുടെ മുഖ്യ ചുമതലകൾ.

**പ്ലസ് വൺ പ്രവേശന നടപടികൾ**

10 (*400) ശ്രീ. പി. ടി. തോമസ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ;

(എ) പ്ലസ് വൺ പ്രവേശനത്തിന് സംസ്ഥാന അടിസ്ഥാനത്തിൽ ഒരു യൂണിറ്റായി കണക്കാക്കിയതാണ് നിലവിലെ പ്ലസ് വൺ പ്രവേശന പ്രതിസന്ധിക്ക് കാരണമായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിശോധിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാന അടിസ്ഥാനത്തിൽ ഒരു യൂണിറ്റായി കണക്കാക്കുന്നതിന് പകരം താലൂക്ക് അടിസ്ഥാനത്തിൽ കണക്കാക്കിയിരുന്നെങ്കിൽ പ്രസ്തുത പ്രതിസന്ധി പരിഹരിക്കാൻ സാധിക്കുമായിരുന്നില്ലേ എന്ന് വ്യക്തമാക്കാമോ?

(എ&ബി) സംസ്ഥാനാടിസ്ഥാനത്തിൽ ഒരു യൂണിറ്റായി കണക്കാക്കിയതല്ല, മുഴുവൻ വിഷയങ്ങൾക്കും 'എ പ്ലസ്' നേടിയ വിദ്യാർത്ഥികളുടെ എണ്ണം മുൻ വർഷങ്ങളേക്കാൾ വളരെയധികം കൂടിയതും അത്തരം വിദ്യാർത്ഥികൾ വളരെ കുറച്ച് ഓപ്ഷനുകൾ മാത്രം തങ്ങളുടെ അപേക്ഷയിൽ ഉൾക്കൊള്ളിച്ചതുമാണ് കാരണം.

(സി) ഓരോ താലൂക്കിലും എത്ര കുട്ടികൾക്ക് ഇനി സീറ്റ് ലഭിക്കാനുണ്ടെന്നും ഓരോ വിഷയത്തിലും താലൂക്ക് അടിസ്ഥാനത്തിൽ എത്ര സീറ്റുകൾ ബാക്കിയുണ്ടെന്നുമുള്ള കണക്ക് ലഭ്യമാണോ; എങ്കിൽ വിശദവിവരം നൽകാമോ?

ലഭ്യമാണ്. ഓരോ താലൂക്കിലും എത്ര കുട്ടികൾക്ക് ഇനി സീറ്റ് ലഭിക്കാനുണ്ടെന്നും ഓരോ വിഷയത്തിലും താലൂക്ക് അടിസ്ഥാനത്തിലെത്ര സീറ്റുകൾ ബാക്കിയുണ്ടെന്നുമുള്ള കണക്കുകൾ അനുബന്ധമായി* ചേർക്കുന്നു.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ ഇ-സേവനങ്ങൾ**

11 (*401) ശ്രീ. എം. മുകേഷ്:
ശ്രീമതി യു. പ്രതിഭ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് ഇ-സേവനങ്ങൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി പ്രത്യക്ഷമായി നൽകുന്ന ഭൂരിപക്ഷം സേവനങ്ങളും ഓൺലൈൻ ആക്കിയിട്ടുണ്ട്. www.eemployment.kerala.gov.in എന്ന വെബ്സൈറ്റ് വഴി രജിസ്ട്രേഷൻ, പുതുക്കൽ, സർട്ടിഫിക്കറ്റ് ചേർക്കൽ, ട്രാൻസ്ഫർ, വ്യക്തിഗത വിവരങ്ങളുടെ അപ്ഡേഷൻ തുടങ്ങിയ സേവനങ്ങളാണ് നൽകി വരുന്നത്.

(ബി) ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്-കം-കരിയർ ഡെവലപ്മെന്റ് സെന്റർ, ഭിന്നശേഷി സൗഹൃദ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നിവയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

വിലയിരുത്തിയിട്ടുണ്ട്; ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഏറെ നേട്ടങ്ങൾ കൈവരിക്കുന്നതിനും വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുമായി പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിലെ അഭ്യസ്ത വിദ്യരായ തൊഴിലന്വേഷകർക്കും വിദ്യാർത്ഥികൾക്കും മുൻതൂക്കം നൽകിക്കൊണ്ട് ഉചിതമായ തൊഴിൽ മാർഗ്ഗനിർദ്ദേശങ്ങളിലൂടെയും മികച്ച നിലവാരത്തിലുള്ള മത്സരപരീക്ഷാ പരിശീലനങ്ങളിലൂടെയും സംരംഭകത്വ പരിശീലനങ്ങളിലൂടെയും മൃദു നൈപുണ്യ പരിശീലനങ്ങളിലൂടെയും പൊതു സ്വകാര്യ മേഖലയിലെ വിവിധ തൊഴിലുകൾക്ക് പ്രാപ്തരാക്കി ഈ വിഭാഗങ്ങളിലെ തൊഴിൽരഹിതരെ പൊതു വികസന ധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങൾ ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്- കം-കരിയർ ഡെവലപ്മെന്റ് സെന്റർ മുഖേന നടപ്പിലാക്കിവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭിന്നശേഷി സൗഹൃദ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി വൊക്കേഷണൽ ആൻഡ് കരിയർ ഗൈഡൻസ്, കപ്പാസിറ്റി ബിൽഡിംഗ്, വിവിധ മത്സരപ്പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനുള്ള പരിശീലന പരിപാടികൾ, കൈവല്യ പദ്ധതി മുഖേന ഭിന്നശേഷിക്കാർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾക്കായി 'പലിശരഹിത വായ്പ നൽകൽ' തുടങ്ങിയവ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ, ഭിന്നശേഷിക്കാരുടെ കഴിവിനും അഭിരുചിക്കും ഇണങ്ങുംവിധമുള്ള പരിശീലന പരിപാടികളും പരിശീലനം സിദ്ധിച്ച സംരംഭങ്ങളിലൂടെ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങളുടെ വിപണനവും സംഘടിപ്പിച്ചുവരുന്നു.

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ ഭാഗമായി തൊഴിൽ മാർഗ്ഗനിർദ്ദേശ വിഭാഗം പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത വിഭാഗത്തിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ ഭാഗമായി തൊഴിൽ മാർഗ്ഗനിർദ്ദേശ വിഭാഗമായി കരിയർ ഡെവലപ്മെന്റ് സെന്ററുകൾ, എംപ്ലോയബിലിറ്റി സെന്ററുകൾ, മോഡൽ കരിയർ സെന്റർ, വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകൾ എന്നിവ പ്രവർത്തിക്കുന്നു. ഗ്രാമീണ മേഖലയിലെ തൊഴിൽരഹിതരെ ഉദ്ദേശിച്ചുകൊണ്ട് എംപ്ലോയ്മെന്റ് വകുപ്പ് മുഖേന ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്ന നൂതന പദ്ധതിയാണ് കരിയർ ഡെവലപ്മെന്റ് സെന്റർ. കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടുകൂടി എംപ്ലോയ്മെന്റ് വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതിയാണ് എംപ്ലോയബിലിറ്റി സെന്റർ. സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ തൊഴിൽ അന്വേഷകർക്ക് പ്രാപ്യമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് മോഡൽ കരിയർ സെന്റർ.

**മലയാളത്തിളക്കം പദ്ധതി**

12 (*402) ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് പ്രീ-പ്രൈമറി തലംമുതൽ ഹയർ സെക്കണ്ടറി തലം വരെ മാതൃഭാഷ പഠനം നിർബന്ധവും മെച്ചപ്പെട്ടതുമാക്കാനായി പ്രത്യേകമായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; മലയാളത്തിളക്കം പദ്ധതി എത്രത്തോളം ഫലപ്രദമായി നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദമാക്കാമോ?

സംസ്ഥാനത്ത് മാതൃഭാഷാപഠനം നിർബന്ധവും മെച്ചപ്പെട്ടതുമാക്കാനായി 'മലയാളത്തിളക്കം', 'ശ്രദ്ധ' എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. കേരളത്തിലെ തമിഴ്, കന്നട മീഡിയം സ്കൂളുകളിലെ കുട്ടികൾ മലയാളം പഠിക്കുന്നതിനായി 'നമ്മുടെ മലയാളം' എന്ന പാഠപുസ്തകവും തയ്യാറാക്കിയിട്ടുണ്ട്.

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ മാതൃഭാഷാ പഠനം മെച്ചപ്പെടുത്തുന്നതിനായി സമഗ്രശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ 2016-17 വർഷം മുതൽ നടപ്പിലാക്കുന്ന പദ്ധതിയാണ് 'മലയാളത്തിളക്കം'. മാതൃഭാഷയിൽ അടിസ്ഥാന ഭാഷാശേഷി ഉറപ്പുവരുത്തുന്നതിനും എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും കഴിയുന്നവരാക്കി മാറ്റുന്നതിനുമായി നടപ്പിലാക്കിയ പദ്ധതിയാണിത്. ഇതിനായി മികച്ച കൈപ്പുസ്തകങ്ങൾ തയ്യാറാക്കി പ്രിന്റ് ചെയ്ത് സ്കൂളുകളിലെത്തിക്കുകയും എല്ലാ അദ്ധ്യാപകർക്കും പ്രത്യേക പരിശീലനം നൽകുകയും എഴുതാനും വായിക്കാനും പ്രയാസമനുഭവപ്പെടുന്ന കുട്ടികളെ പ്രീ-ടെസ്റ്റിലൂടെ കണ്ടെത്തി 20 കുട്ടികൾ വീതമുള്ള ബാച്ചുകളാക്കി പരിശീലനം ലഭിച്ച അദ്ധ്യാപകരുടെ നേതൃത്വത്തിൽ പ്രത്യേകം ക്ലാസ്സുകൾ നൽകിവരുന്നു. സംസ്ഥാനത്ത് പ്രീ-പ്രൈമറിതലം മുതൽ ഹയർ സെക്കണ്ടറിതലം വരെ മാതൃഭാഷാ പഠനം നിർബന്ധമാക്കിയിട്ടുണ്ട്. എന്നാൽ ഹയർ സെക്കണ്ടറി തലത്തിൽ മാതൃഭാഷാ ഐച്ഛിക വിഷയമാണ്. വി.എച്ച്.എസ്.ഇ. പാഠ്യപദ്ധതിയിൽ മലയാളം ഒരു പ്രത്യേക വിഷയമായി പഠിപ്പിക്കുന്നില്ല. എന്നാൽ പാഠ്യപദ്ധതിയിലുള്ള എല്ലാ വിഷയങ്ങളും മലയാളത്തിൽ പഠിക്കുന്നതിനും പരീക്ഷ എഴുതുന്നതിനും സൗകര്യമുണ്ട്.

(ബി) ബന്ധഭാഷ എന്ന നിലയിൽ ഇംഗ്ലീഷ് ഭാഷാപഠനം മെച്ചപ്പെടുത്താൻ പ്രത്യേകമായി കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ; റെലിഷ് ഇംഗ്ലീഷ് പദ്ധതിയിലൂടെ കൈവരിക്കാൻ ഉദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഇംഗ്ലീഷ് ഭാഷാപഠനം മെച്ചപ്പെടുത്തുന്നതിനായി താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.

<u>ഹലോ ഇംഗ്ലീഷ്</u> - പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ ഇംഗ്ലീഷ് ഭാഷാപഠനം മെച്ചപ്പെടുത്തുന്നതിനായി 2016-17 വർഷം മുതൽ സമഗ്രശിക്ഷാ കേരള വഴി നടപ്പിലാക്കിയ പരിപാടിയാണ് 'ഹലോ ഇംഗ്ലീഷ്'. ഒന്നു മുതൽ ഏഴുവരെ ക്ലാസ്സുകളിലെ കുട്ടികൾക്കാണ് ഈ പരിപാടി നടപ്പാക്കിയത്. എല്ലാ കുട്ടികളിലും ഇംഗ്ലീഷ് ഭാഷയുടെ അടിസ്ഥാനശേഷികൾ വികസിപ്പിക്കുന്നതിന് ലക്ഷ്യംവച്ച് നടപ്പിലാക്കിയ പദ്ധതിയാണിത്.

ഹലോ വേൾഡ് - ഒന്നു മുതൽ ഏഴുവരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷാപഠനം രസകരവും എളുപ്പവുമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ 'ഹലോ ഇംഗ്ലീഷ് പദ്ധതി' കോവിഡ് സാഹചര്യത്തിൽ ഓൺലൈൻ മാധ്യമങ്ങളുടെ സഹായത്തോടെ പഠിക്കുന്നതിന് 'ഹലോ വേൾഡ്' എന്ന പഠന പാക്കേജ് സമഗ്രശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ നടന്നുവരുന്നു.

ഇ-ക്യൂബ് ഇംഗ്ലീഷ് - ഇംഗ്ലീഷ് ഭാഷ കേൾക്കാനും സംസാരിക്കാനും കൂടുതൽ അവസരമുണ്ടാക്കുന്ന പരിപാടിയാണിത്. കൈറ്റ് (KITE) മുഖാന്തരം നടപ്പിലാക്കിയ പദ്ധതിയാണ് ഇ-ക്യൂബ് ഇംഗ്ലീഷ്.

സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങളിലാണ് റെലിഷ് ഇംഗ്ലീഷ് പദ്ധതി നടപ്പിലാക്കിയത്. ഇംഗ്ലീഷ് ഭാഷയിലുള്ള ആശയവിനിമയശേഷി ഉയർത്തുകയാണ് ലക്ഷ്യം. ഇംഗ്ലീഷ് അനായാസേനയും ഒഴുക്കോടെയും സംസാരിക്കുവാൻ കുട്ടികളെ പ്രാപ്തരാക്കുകയാണ് 'റെലിഷ് ഇംഗ്ലീഷ്' എന്ന പദ്ധതിയുടെ ലക്ഷ്യം. പ്രാദേശികമായതും കുട്ടികൾക്ക് ഇഷ്ടപ്പെട്ടതുമായ പഠനാനുഭവങ്ങൾ നൽകി അവർക്ക് ഭയരഹിതമായ അന്തരീക്ഷത്തിൽ ഭാഷ ഉപയോഗിക്കാനുള്ള അവസരമൊരുക്കുകയാണ് ചെയ്തത്. പദ്ധതി നടപ്പിലാക്കിയ സ്കൂളുകളിലെ മുഴുവൻ കുട്ടികൾക്കും സ്വാഭാവികമായ ഇംഗ്ലീഷ് ഭാഷാ സംസാരശേഷി വികസിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

**ഉപയോഗിക്കാതെ കിടക്കുന്ന സർക്കാർ ഭൂമി**

13 (*403) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വി. ശശി:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉടമസ്ഥതയിലുള്ളതും ഉപയോഗിക്കാതെ കിടക്കുന്നതുമായ സംസ്ഥാനത്തെ ഭൂമിയുടെ വിവരങ്ങൾ ലഭ്യമാണോ; വിശദമാക്കാമോ;

(ബി) വിവിധ വികസന പ്രവർത്തനങ്ങൾക്ക് ആവശ്യാനുസരണം ഭൂമി ലഭ്യമാക്കാനുള്ള ഇടപെടലിന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ കൈവശം ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയുടെ വിവരം ശേഖരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

(എ&ബി) സംസ്ഥാനത്ത് ഉപയോഗിക്കാതെ കിടക്കുന്ന സർക്കാർ ഭൂമിയും പുറമ്പോക്കുഭൂമിയും സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിക്കുന്നതിനും ടി

വിവരങ്ങൾ എല്ലാ റവന്യൂ ഓഫീസുകളിലും സൂക്ഷിക്കുന്നതിനും നിർദ്ദേശം നൽകിക്കൊണ്ട് 8-5-2019-ലെ സ.ഉ (സാധാ) 1077/2019/റവ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) സർക്കാരിന്റെ വിവിധ ആവശ്യങ്ങൾക്ക് ഭൂമി വേഗത്തിൽ ലഭ്യമാക്കുന്നതിനായി വിവിധ വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റം സംബന്ധിച്ച നടപടികൾ ലഘൂകരിക്കുമോ; വിശദീകരിക്കാമോ?

വിവിധ വകുപ്പുകളുടെ കൈവശമുള്ള ഭൂമി കൈമാറ്റത്തിനായുള്ള നടപടികൾ 5-6-2018-ലെ സ.ഉ(പി) 31/2018/റവ. പ്രകാരം ലഘൂകരിച്ചിട്ടുണ്ട്. പഞ്ചായത്ത് പ്രദേശത്ത് 50 സെന്റും മുനിസിപ്പാലിറ്റി പരിധിയിൽ 25 സെന്റും സിറ്റി കോർപ്പറേഷൻ പരിധിയിൽ 10 സെന്റ് ഭൂമിയും സേവന വകുപ്പുകൾക്ക് കൈമാറുന്നതിനുള്ള അധികാരം ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ പുറമ്പോക്കുഭൂമി, ഉടമസ്ഥർ ഇല്ലാത്ത ഭൂമി എന്നിവ സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിക്കുന്നുണ്ടോ; വിശദമാക്കാമോ?

സൂക്ഷിക്കുന്നുണ്ട്. വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

(ഇ) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശമുള്ള വസ്തുവകകളിൽ സംസ്ഥാന സർക്കാരിനുള്ള നിയമപരമായ അവകാശം സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശമുള്ള വസ്തുക്കളിൽ സംസ്ഥാന സർക്കാർ സൗജന്യമായോ വ്യവസ്ഥകൾക്ക് വിധേയമായോ നൽകിയവയുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ, അന്യാധീനത്തിലാക്കാനോ വിറ്റഴിക്കാനോ തീർച്ചപ്പെടുത്തിയ വസ്തുക്കളിന്മേൽ സംസ്ഥാന സർക്കാരിനുള്ള നിയമപരമായ അവകാശം മുൻകൂട്ടി ഉന്നയിച്ചോ നിയമ വഴികളിലൂടെയോ സംസ്ഥാന സർക്കാരിനുണ്ടാകുന്ന നഷ്ടം നികത്താനും പൊതു താത്പര്യം സംരക്ഷിക്കാനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ അസിസ്റ്റന്റ് കമ്മീഷണറുടെ (ലാൻഡ് അസൈൻമെന്റ്) നേതൃത്വത്തിൽ ഒരു മോണിറ്ററിംഗ് സെൽ രൂപീകരിച്ച് 29-7-2019-ലെ സ.ഉ (എം.എസ്) 243/2019/റവന്യൂ. പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശത്തിലുള്ള വസ്തു വകകളുടെ വിവരശേഖരണം നടത്തിവരുന്നതുമാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**അമിത ചുമട്ടുകൂലി നിർത്തലാക്കാൻ നടപടി**

14 (*404) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. എം. വിൻസെന്റ്:
ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അമിത ചുമട്ടുകൂലി നിർത്തലാക്കുന്നതിന് കഴിഞ്ഞ സർക്കാർ തയ്യാറാക്കിയിരുന്ന കർമ്മപദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് ഏത് സാഹചര്യത്തിലും ചെയ്യാത്ത ജോലിക്ക് തൊഴിലാളികൾ കൂലി ആവശ്യപ്പെടുന്നതും കൈപ്പറ്റുന്നതും നിയമ വിരുദ്ധമായി പ്രഖ്യാപിച്ച് സർക്കാർ 30-4-2018-ലെ ജി.ഒ(ആർ.ടി)നമ്പർ 511/2018/തൊഴിൽ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നിശ്ചയിച്ചിരിക്കുന്ന കയറ്റിറക്ക് കൂലിയിൽ നിന്നും അമിത കൂലി/നോക്കുകൂലി ആവശ്യപ്പെടുന്നതായി പരാതി ശ്രദ്ധയിൽപ്പെട്ടാൽ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ പ്രശ്നത്തിൽ ഇടപെട്ട് അമിതമായി വാങ്ങിയ കൂലി തിരികെ നൽകുകയും ഗുരുതരമായ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ തൊഴിലാളികളുടെ 26 (എ) രജിസ്ട്രേഷൻ കാർഡ് തൊഴിൽ വകുപ്പിലെ ഡെപ്യൂട്ടി ലേബർ ഓഫീസർമാർ ഇടപെട്ട് റദ്ദ് ചെയ്യുകയും ഹെഡ്‌ലോഡ് വർക്കേഴ്സ് ബോർഡിന്റെ കീഴിലുള്ള സ്കീം ഏരിയയിൽ കേരള ഹെഡ്‌ലോഡ് വർക്കേഴ്സ് സ്കീം (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആൻഡ് കണ്ടീഷൻ ഓഫ് സർവ്വീസ്) 1983 പ്രകാരമുള്ള 6(എ) കാർഡ് റദ്ദ് ചെയ്യുന്നത് ഉൾപ്പെടെയുള്ള നിയമനടപടികൾ കൈക്കൊള്ളുകയും ചെയ്തുവരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 1978-ലെ കേരള ചുമട്ടുതൊഴിലാളി നിയമം ഫലപ്രദമായി നടപ്പിലാക്കുക, കയറ്റിറക്ക് തൊഴിൽ മേഖലയിലെ നോക്കുകൂലി വാങ്ങുന്ന പ്രവണത അവസാനിപ്പിക്കുക എന്നിവ നടപ്പിലാക്കിവരുന്നു. കൂടാതെ 2018-ലെ The Kerala Investment Promotion & Fecilitation Act-ന്റെ സെക്ഷൻ 3-ൽ പറയുന്ന പ്രകാരം 1978-ലെ ഹെഡ് ലോഡ് വർക്കേഴ്സ് ആക്ടിൽ വകുപ്പ് 9-ന് ശേഷം കൂട്ടിച്ചേർത്ത 9(എ) വകുപ്പ് അനുസരിച്ച് ഒരു തൊഴിലുടമയ്ക്ക് തന്റെ കയറ്റിറക്ക് ജോലികൾ ഒരു രജിസ്റ്റേർഡ് ചുമട്ടുതൊഴിലാളിയെ ഉപയോഗിച്ച് ചെയ്യാവുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

(ബി) പ്രസ്തുത പദ്ധതികൾ വഴി കൈവരിക്കാൻ ഉദ്ദേശിച്ച ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് വ്യാപാര-വ്യവസായ മേഖലയിൽ സമാധാനപരമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും തൊഴിലാളി-തൊഴിലുടമാ ബന്ധം സൗഹൃദപരമാക്കുന്നതിനും സാധിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിരുന്നതെന്ന് വിശദമാക്കുമോ?

1978-ലെ കേരള ചുമട്ടുതൊഴിലാളി നിയമം സംസ്ഥാനത്ത് കാര്യക്ഷമമായി നടപ്പിലാക്കിവരുന്നുണ്ട്. ഇതിനായി തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിച്ചുവരുന്നുണ്ട്. സംസ്ഥാനത്ത് ഏതു സാഹചര്യത്തിലും ചെയ്യാത്ത ജോലിക്ക് തൊഴിലാളികൾ കൂലി ആവശ്യപ്പെടുന്നതും കൈപ്പറ്റുന്നതും നിയമ വിരുദ്ധമായി പ്രഖ്യാപിച്ച് സർക്കാർ 30-4-2018-ലെ ജി.ഒ.(ആർ.ടി) നമ്പർ 511/2018/തൊഴിൽ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എങ്കിലും അമിതകൂലി വാങ്ങിയെന്നും നോക്കുകൂലി വാങ്ങിയെന്നുമുള്ള ഒറ്റപ്പെട്ട പരാതികൾ വരാറുണ്ട്. ടി അവസരങ്ങളിൽ തൊഴിൽ വകുപ്പുദ്യോഗസ്ഥർ സമയോചിതമായി ഇടപെടുകയും അമിതകൂലി ഈടാക്കിയതായി കണ്ടെത്തിയാൽ ആയത് തൊഴിലാളിയിൽനിന്നും വാങ്ങി പരാതിക്കാർക്ക് നൽകുകയും ഗുരുതരമായ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ തൊഴിലാളികളുടെ 26 (എ) രജിസ്ട്രേഷൻ കാർഡ് തൊഴിൽ വകുപ്പിലെ ഡെപ്യൂട്ടി ലേബർ ഓഫീസർമാർ ഇടപെട്ട് റദ്ദ് ചെയ്യുകയും സ്കീം ഏരിയയിൽ കേരള ഹെഡ്‌ലോഡ് വർക്കേഴ്സ് സ്കീം (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആൻഡ് കണ്ടീഷൻ ഓഫ് സർവ്വീസ്) 1983 പ്രകാരമുള്ള 6(എ) കാർഡ് റദ്ദ് ചെയ്യുന്നത് ഉൾപ്പെടെയുള്ള നിയമനടപടികൾ കൈക്കൊള്ളുകയും ചെയ്തുവരുന്നു. കൂടാതെ തൊഴിലുടമയെ അധിക്ഷേപിക്കുകയോ ഭീഷണിപ്പെടുത്തുകയോ ആക്രമിക്കുകയോ ചെയ്യുന്ന പരാതികൾ പോലീസിന് കൈമാറി ഉചിതമായ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ചുമട്ടുതൊഴിലാളി ക്ഷേമപദ്ധതി ബാധകമായ സ്ഥലങ്ങളിൽ കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡും സ്കാറ്റേർഡ് വിഭാഗങ്ങൾക്ക് ബന്ധപ്പെട്ട ജില്ലാ ലേബർ ഓഫീസറും കയറ്റിറക്ക് നിരക്ക് നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് തൊഴിൽ വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) പദ്ധതി നിർവ്വഹണത്തിലൂടെ എന്തെല്ലാം ലക്ഷ്യങ്ങൾ കൈവരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് വ്യാപാര വ്യവസായ മേഖലയിൽ സമാധാനപരമായ അന്തരീക്ഷവും തൊഴിലാളി-തൊഴിലുടമാ ബന്ധം ഉറപ്പുവരുത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്. എങ്കിലും അമിതകൂലി വാങ്ങിയെന്നും നോക്കുകൂലി വാങ്ങിയെന്നുമുള്ള ഒറ്റപ്പെട്ട

പരാതികൾ വരാറുണ്ട്. ടി അവസരങ്ങളിൽ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ സമയോചിതമായി ഇടപെടുകയും അമിതകൂലി ഈടാക്കിയതായി കണ്ടെത്തിയാൽ ആയത് തൊഴിലാളിയിൽ നിന്നും വാങ്ങി പരാതിക്കാർക്ക് നൽകുകയും ഗുരുതരമായ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ തൊഴിലാളികളുടെ 26(എ) രജിസ്ട്രേഷൻ കാർഡ് തൊഴിൽ വകുപ്പിലെ ഡെപ്യൂട്ടി ലേബർ ഓഫീസർമാർ ഇടപെട്ട് റദ്ദ് ചെയ്യുകയും സ്കീം ഏരിയയിൽ കേരള ഹെഡ് ലോഡ് വർക്കേഴ്സ് സ്കീം (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആൻഡ് കണ്ടീഷൻ ഓഫ് സർവ്വീസസ്) 1983 പ്രകാരമുള്ള 6(എ) കാർഡ് റദ്ദ് ചെയ്യുന്നത് ഉൾപ്പെടെയുള്ള നിയമ നടപടികൾ കൈക്കൊള്ളുകയും ചെയ്തുവരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 1978-ലെ കേരള ചുമട്ടുതൊഴിലാളി നിയമം ഫലപ്രദമായി നടപ്പിലാക്കുക, കയറ്റിറക്ക് തൊഴിൽ മേഖലയിലെ നോക്കുകൂലി വാങ്ങുന്ന പ്രവണത അവസാനിപ്പിക്കുക എന്നിവ നടപ്പിലാക്കിവരുന്നു.

### റോഡുകൾ ഗതാഗത യോഗ്യമാക്കുന്നതിന് നടപടി

15 (*405) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ഡോ. എം. കെ . മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആധുനികയന്ത്രങ്ങളും സാങ്കേതികവിദ്യകളും ഉപയോഗിച്ച് നിർമ്മിക്കുന്ന റോഡുകൾ ഏതാനും മാസങ്ങൾക്കുള്ളിൽ ഗതാഗത യോഗ്യമല്ലാതായിതീരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ആധുനികയന്ത്രങ്ങളും സാങ്കേതികവിദ്യകളും ഉപയോഗിച്ച് നിർമ്മിക്കുന്ന റോഡുകൾ മാസങ്ങൾക്കുള്ളിൽ ഗതാഗതയോഗ്യമല്ലാതായി തീരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) റോഡുകൾ തകരുന്നതിന്റെ പ്രധാന കാരണം ആവശ്യത്തിന് ഓടകളോ ജലനിർഗ്ഗമനമാർഗ്ഗങ്ങളോ ഇല്ലാത്തതാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) എങ്കിൽ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(ബി&സി) സംസ്ഥാനത്ത് തുടർച്ചയായുണ്ടാകുന്ന ശക്തമായ കാലവർഷം റോഡുകളുടെ തകർച്ചയ്ക്ക് കാരണമാകുന്നുണ്ട്. റോഡുകളിലെ വെള്ളക്കെട്ട് ദ്രുതഗതിയിൽ നിർമ്മാർജ്ജനം ചെയ്യുന്നതിനാവശ്യമായ വ്യാപ്തിയുള്ള ഓടകളുടെയും

കലുങ്കുകളുടെയും അഭാവം റോഡുകളുടെ തകർച്ചയ്ക്ക് കാരണമാകുന്നുണ്ട്. കൂടാതെ സമീപ പ്രദേശങ്ങളിലെ സ്വാഭാവിക ജലാശയങ്ങൾ നികത്തുന്നതുമൂലവും ഓടകളുടെ ഔട്ട്ലെറ്റുകൾ അടയ്ക്കുന്നതുമൂലവും റോഡിലെ വെള്ളം ഒഴുക്കിവിടുന്നതിന് തടസ്സങ്ങൾ നേരിടുന്നുണ്ട്. മഴക്കാലപൂർവ്വ ശുചികരണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി ഓടകൾ, കലുങ്ക് എന്നിവയുടെ നീരൊഴുക്ക് ഉറപ്പാക്കുന്നതിനായുള്ള ശുചീകരണം, റോഡുകളുടെ കുഴിയടയ്ക്കൽ, റോഡ് വശങ്ങളിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായുള്ള മണ്ണ് നീക്കം ചെയ്യൽ എന്നീ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. റോഡുകളിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി ഫണ്ട് ലഭ്യത കണക്കിലെടുത്തും സ്ഥലലഭ്യതയനുസരിച്ചും ആവശ്യംവേണ്ട ഓടകളും കലുങ്കുകളും ഉൾപ്പെടുത്തി പ്രവൃത്തികൾ നടപ്പിലാക്കുന്നതിനും വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി പുനർനിർമ്മാണ പ്രവർത്തനങ്ങളിൽ റോഡുകൾ ഉയർത്തുന്നതിനും നടപടികൾ സ്വീകരിച്ച് നടപ്പാക്കി വരുന്നു. റോഡുകളിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് ഓടകളിലൂടെയും സ്വാഭാവിക ചാലുകളിലൂടെയുമുള്ള സുഗമമായ നീരൊഴുക്ക് ഉറപ്പുവരുത്തുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും പൊതുജനങ്ങളുടെയും പങ്കാളിത്തം ഉറപ്പുവരുത്താവുന്നതാണ്. റോഡുകളുടെ ദീർഘകാലയളവിലുള്ള പരിപാലനത്തിനായി ഡിഫക്ട് ലയബിലിറ്റി കാലാവധി, മെയിന്റനൻസ് കോൺട്രാക്ട് ഉൾപ്പെടെ ദീർഘിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

ദേശീയപാതകളുടെ നിർമ്മാണവും പരിപാലനവും ദേശീയ നിലവാരം പുലർത്തുന്നതിലേയ്ക്കായി ഇന്ത്യൻ റോഡ് കോൺഗ്രസ്സിന്റെ വിവിധ കോഡുകളും കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ സ്പെസിഫിക്കേഷനും അനുസരിച്ചാണ് നടപ്പിലാക്കുന്നത്. ടാറിംഗിലെ നൂതന സാങ്കേതികവിദ്യകളായ ബിറ്റുമിനസ് മെക്കാഡം, ഡെൻസ് ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ് എന്നിങ്ങനെ കേരളത്തിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ചാണ് നാഷണൽ ഹൈവേകളിൽ റോഡ് നിർമ്മാണം നടത്തുന്നത്. കൂടാതെ അത്യാധുനിക സാങ്കേതിക വിദ്യയായ മില്ലിംഗ് ആൻഡ് റീസൈക്ലിംഗ് ഉപയോഗിച്ച് ദേശീയപാതയുടെ ഉപരിതലം പുതുക്കി നിർമ്മിക്കുന്നുണ്ട്. റോഡുകളിൽ വെള്ളക്കെട്ട് ഒഴിവാക്കുവാൻ ആവശ്യത്തിന് കലുങ്കുകളും ഓടകളും നിർമ്മിക്കുന്നതിനുള്ള തുക എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ഉൾപ്പെടുത്താറുണ്ട്.

(ഡി) റോഡുനിർമ്മാണത്തിൽ ഗുണമേന്മ ഉറപ്പാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്ന പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി സംസ്ഥാനത്തെ 3 ജില്ലകളിൽ (തിരുവനന്തപുരം,

എറണാകുളം, കോഴിക്കോട്) റീജിയണൽ ലബോറട്ടറികളും ബാക്കി 11 ജില്ലകളിൽ ജില്ലാ ലബോറട്ടറികളും നിലവിലുണ്ട്. പ്രസ്തുത റീജിയണൽ ലാബുകളെ ശക്തിപ്പെടുത്തുന്നതിന് 'മൊബൈൽ ആട്ടോമേറ്റഡ് ടെസ്റ്റിംഗ് ലാബുകൾ' കൂടി ഒരുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ക്വാളിറ്റി കൺട്രോൾ മാന്വലിലെ വ്യവസ്ഥകൾ കർശനമായി പാലിക്കണമെന്നും വകുപ്പിന്റെ കീഴിലുള്ള എല്ലാ പ്രവൃത്തികളും യഥാസമയം ജില്ലാ ലാബുകളെ അറിയിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി പൊതുമരാമത്ത് ക്വാളിറ്റി കൺട്രോൾ മാന്വൽ നിഷ്കർഷിക്കുന്ന പ്രകാരമുള്ള Ist Tier, 2nd Tier, 3rd Tier എന്നീ ശ്രേണികളിലായുള്ള ഗുണനിലവാര പരിശോധന നടത്തിവരുന്നു. ഇതിൽ ഒന്നാംഘട്ട പരിശോധനകൾ പ്രവൃത്തി നടക്കുന്ന സമയത്ത് അതത് നിർവ്വഹണ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ കരാറുകാരാണ് ചെയ്യുന്നത്. 2 കോടി രൂപയ്ക്ക് മുകളിൽ എസ്റ്റിമേറ്റ് തുക വരുന്ന പ്രവൃത്തികൾക്ക് കോൺട്രാക്ടർ സ്വന്തം ചെലവിൽ ക്വാളിറ്റി ലാബ് സജ്ജമാക്കണമെന്ന് ക്വാളിറ്റി കൺട്രോൾ മാന്വൽ, SBD എന്നിവ പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. രണ്ടാംഘട്ട ഗുണനിലവാര പരിശോധന നടത്തുന്നത് വകുപ്പിന്റെ കീഴിലുള്ള ക്വാളിറ്റി കൺട്രോൾ വിഭാഗമാണ്. രണ്ടാംഘട്ട പരിശോധന നടത്തുന്നതിനായി നിർമ്മാണപ്രവൃത്തികളുടെ അസംസ്കൃത വസ്തുക്കൾ, കോൺക്രീറ്റ്, ടാറിംഗ് എന്നിവയുടെ പരിശോധന നടത്തുന്നതിനുള്ള ഉപകരണങ്ങൾ വകുപ്പിന്റെ കീഴിലുള്ള ജില്ലാ ക്വാളിറ്റി കൺട്രോൾ ലബോറട്ടറികളിൽ സജ്ജീകരിച്ചിട്ടുണ്ട്. രണ്ടാംതല പരിശോധനയിൽ പ്രവൃത്തികൾ നടക്കുമ്പോൾ പൊതുമരാമത്ത് ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ സ്ഥലം സന്ദർശിക്കുകയും സൈറ്റിൽ ആവശ്യമായ ക്വാളിറ്റി പരിശോധനകൾ നടത്തുകയും പ്രവൃത്തിയുടെ മെറ്റീരിയൽസിന്റെ സാമ്പിളുകൾ ശേഖരിച്ച് ലാബുകളിൽ വിവിധ പരിശോധനകൾ നടത്തുകയും ആയതിന്റെ റിപ്പോർട്ട് ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് സമർപ്പിക്കുകയും ചെയ്യാറുണ്ട്. ഒന്നാംഘട്ട പരിശോധനയുടെയും രണ്ടാംഘട്ട പരിശോധനയുടെയും ഫലത്തിൽ വ്യത്യാസം വരുന്നപക്ഷം ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ മാർഗ്ഗനിർദ്ദേശത്തിൽ ഏതെങ്കിലും അംഗീകാരമുള്ള സ്വതന്ത്ര ലാബ് വഴി തേർഡ് പാർട്ടി ടെസ്റ്റ് നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നതാണ്. മൂന്നാംഘട്ട പരിശോധനകൾ നടത്തുന്നത് സ്വതന്ത്ര ഏജൻസി മുഖാന്തരമാണ്. എല്ലാ പ്രവൃത്തികൾക്കും ക്വാളിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമെ ഫൈനൽ പേയ്മെന്റ് നടത്താറുള്ളൂ. കൂടാതെ ദേശീയപാതാ വിഭാഗത്തിൽ വലിയ പദ്ധതികൾ എഞ്ചിനീയറിംഗ് പ്രൊക്യൂവർമെന്റ് ആൻഡ് കൺസ്ട്രക്ഷൻ (EPC)

വ്യവസ്ഥയിൽ നടപ്പിലാക്കിവരുന്നുണ്ട്. ഇത്തരം പദ്ധതികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി പ്രത്യേകം കൺസൾട്ടന്റ് എഞ്ചിനീയർമാരെ നിയമിക്കുന്നുണ്ട്. കരാറുകാരൻ ഗുണനിലവാരമില്ലാത്ത പ്രവൃത്തികൾ നടത്തിയാൽ അവ കരാറുകാരന്റെ സ്വന്തം ചെലവിൽ നീക്കം ചെയ്ത് ഗുണനിലവാരത്തോടുകൂടി പുനർനിർമ്മിക്കാൻ പുതുക്കിയ പൊതുമരാമത്ത് മാന്വൽ പ്രകാരം വ്യവസ്ഥ ചെയ്യുന്നുണ്ട്. കൂടാതെ ഗുണനിലവാരമില്ലാത്ത പ്രവൃത്തികൾ നടത്തുന്ന കരാറുകാരുടെ ലൈസൻസ് പുതുക്കി നൽകാതിരിക്കുന്നതിനും മാന്വലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്.

## കോവിഡാനന്തര തൊഴിൽ മാറ്റങ്ങൾ

16 (*406) ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) കോവിഡാനന്തര ആഗോള തൊഴിൽ മാറ്റങ്ങളും സാദ്ധ്യതകളും കേരളത്തിലെ വിദഗ്ദ്ധ മേഖലയിലെ തൊഴിൽ അന്വേഷകരിലെത്തിക്കാൻ ലക്ഷ്യമിട്ടുള്ള പദ്ധതികൾ സർക്കാർ ആസൂത്രണം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉണ്ട്. കോവിഡാനന്തര ആഗോള തൊഴിൽ മാറ്റങ്ങളും സാദ്ധ്യതകളും കേരളത്തിലെ വിദഗ്ദ്ധ മേഖലയിലെ തൊഴിൽ അന്വേഷകരിൽ എത്തിക്കാൻ ലക്ഷ്യമിട്ട് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന് കീഴിൽ വൊക്കേഷണൽ ഗൈഡൻസ് വിഭാഗം, എംപ്ലോയബിലിറ്റി സെന്ററുകൾ, മോഡൽ കരിയർ സെന്ററുകൾ, കരിയർ ഡെവലപ്മെന്റ് സെന്ററുകൾ എന്നിവ മുഖേന സെമിനാറുകളും തൊഴിൽ മേളകളും സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ, തൊഴിൽ അന്വേഷകർക്ക് വിദേശ തൊഴിൽ സാദ്ധ്യത നേടുന്നതിന് അതത് രാജ്യങ്ങളിലെ ഭാഷ അറിയേണ്ടതുണ്ട്. 'ഒഡെപെക്' മുഖേന ഭാഷാ നൈപുണ്യ പരിശീലന സെന്ററുകൾ ആരംഭിക്കുകയും, IELTS, OET, DHA, Prometric, MOH പരിശീലനങ്ങൾ നൽകി തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു.

വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിൽ 14 ജില്ലകളിലായി പ്രവർത്തിക്കുന്ന 104 ഗവ. ഐ.ടി.ഐ-കളിൽ വിവിധ ട്രേഡുകളിൽ വിജയകരമായി പരിശീലനം

പൂർത്തിയാക്കിയ ട്രെയിനികൾക്ക് അവരവരുടെ മേഖലകളിൽ മെച്ചപ്പെട്ട തൊഴിൽ ലഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം നൽകുന്നതിന് ഒരു Placement Officer-ടെ മേൽനോട്ടത്തിൽ Placement Cell പ്രവർത്തിക്കുന്നുണ്ട്. കോവിഡ് പശ്ചാത്തലത്തിൽ പ്ലേസ്മെന്റ് ഓഫീസർമാർ ഓൺലൈൻ മുഖാന്തരം വിവിധ തൊഴിൽ ദാതാക്കളുമായി ബന്ധപ്പെട്ട് ഐ.ടി.ഐ. കോഴ്സ് വിജയിക്കുന്ന ട്രെയിനികൾക്ക് തൊഴിൽ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വിവിധ കമ്പനികളുടെ Corporate Social Responsibility (CSR) പ്രോജക്ടുമായി ബന്ധപ്പെട്ട് Career Guidance ഐ.ടി.ഐ-കളിലെ ട്രെയിനികൾക്ക് ലഭ്യമാക്കുന്നുണ്ട്. കോവിഡാനന്തരം തൊഴിൽ നഷ്ടപ്പെട്ടുവരുന്ന പ്രവാസികളെക്കൂടി പരിഗണിച്ച് 10 ഹ്രസ്വകാല കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്.

(ബി) തൊഴിൽ മേഖലയുടെ ഭാവി, തൊഴിൽ കുടിയേറ്റം, പുതിയ വിപണികൾ, നവനൈപുണ്യ വികസനം എന്നിവ സംബന്ധിച്ച് പ്രത്യേക പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉണ്ട്. തൊഴിൽ മേഖലയിൽ പുതിയ വിപണികൾ കണ്ടെത്തുന്നതിന് നവ നൈപുണ്യ വികസന പരിശീലനങ്ങൾ വകുപ്പിലെ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ, എംപ്ലോയബിലിറ്റി സെന്ററുകൾ എന്നിവ മുഖേന അഭ്യസ്തവിദ്യരായ യുവതീ-യുവാക്കൾക്ക് നൽകിവരുന്നുണ്ട്. ഒഡെപെക് മുഖാന്തരം IELTS, OET തുടങ്ങിയ പരിശീലന പരിപാടികൾ, കൂടാതെ കൊറിയ, ബെൽജിയം, ജർമ്മനി തുടങ്ങിയ രാജ്യങ്ങളിലേയ്ക്കുള്ള ഭാഷാ നൈപുണ്യ വികസന പരിശീലനവും നൽകി വരുന്നുണ്ട്. കൂടുതൽ തൊഴിൽ സാദ്ധ്യതയുള്ള മേഖല എന്ന നിലയിൽ ബെൽജിയത്തിലേയ്ക്ക് വയോജന പരിപാലനം നൽകുന്നതിനും പരിശീലനം നൽകിവരുന്നു. തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനായി വ്യാവസായിക പരിശീലന വകുപ്പിന് കീഴിൽ 73-ൽപരം ഹ്രസ്വകാല കോഴ്സുകൾ ആരംഭിക്കുന്നതിനായി SUCCESS (Systematic Up Skilling For Competency Cum Employability Skill Strengthening) എന്ന പേരിൽ ഒരു പ്രോജക്ട് പരിഗണനയിലുണ്ട്. നവനൈപുണ്യ വികസനം സംബന്ധിച്ച് പുതിയ ഐ.ടി.ഐ-കൾ ആരംഭിക്കുമ്പോൾ ആയതിലെ ട്രേഡുകളെ സംബന്ധിച്ച് DGT പുതിയ മാർഗ്ഗനിർദ്ദേശം ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ 'ന്യൂ ഏജ് കോഴ്സുകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) തൊഴിൽതേടി മറ്റ് രാജ്യങ്ങളിലേയ്ക്ക് പോകുന്നവർക്ക് പരമാവധി സൗകര്യങ്ങൾ ഒരുക്കുന്നതിനും അവർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാനും സർക്കാർ തലത്തിൽ സഹായങ്ങൾ ലഭ്യമാക്കുമോ?

ഒഡെപെക് വഴി വിദേശത്ത് പോകുന്ന തൊഴിലന്വേഷകർക്ക് തീർത്തും സുതാര്യമായും ഉത്തരവാദിത്വത്തോടുകൂടിയും വിദേശത്ത് തൊഴിൽ ചെയ്യാൻ അവസരം ഒരുക്കിക്കൊടുക്കുകയും വിദേശ തൊഴിലുടമയെകുറിച്ചുള്ള പൂർണ്ണവിവരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് മനസ്സിലാക്കി കൊടുക്കുകയും വിദേശ രാജ്യത്തേയ്ക്ക് ആവശ്യമുള്ള സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തി വയ്ക്കുവാനും വിദേശ തൊഴിലുടമ അല്ലെങ്കിൽ റിക്രൂട്ട്മെന്റ് ഏജൻസിക്ക് രേഖകൾ കൈമാറേണ്ടി വന്നാൽ ഓരോന്നിനും ശരിയായ രസീതുകൾ ശേഖരിക്കുവാനും വിദേശ തൊഴിലുടമ അല്ലെങ്കിൽ റിക്രൂട്ട്മെന്റ് ഏജൻസി മുഖേന ലഭിക്കുന്ന രേഖകളുടെ വിശ്വാസ്യത ഉറപ്പുവരുത്തുകയും ചെയ്യുന്നു. വിദേശത്തേയ്ക്ക് പുറപ്പെടുന്നതിനുമുൻപ് നിയമപരമായ രേഖകളും വിസയും ഉറപ്പുവരുത്തുന്നു. തൊഴിൽ കരാർ ശരിയായി വായിച്ച് മനസ്സിലാക്കിയതിനുശേഷം മാത്രം ഒപ്പിടിവിപ്പിക്കുന്നു. കൂടാതെ അതിന്റെ ഒരു പകർപ്പ് ഉദ്യോഗാർത്ഥിക്ക് കൈവശം നൽകുന്നു. ഉദ്യോഗാർത്ഥിയുടെ വിസയിലും തൊഴിൽ കരാറിലും രേഖപ്പെടുത്തിയിരിക്കുന്നത് ഒരേ തൊഴിൽ തന്നെയെന്ന് ഉറപ്പ് വരുത്തിക്കുന്നു. ECR രാജ്യങ്ങളിലേയ്ക്ക് പോകുന്ന ECR പാസ്പോർട്ട് കൈവശമുള്ളവർക്കും നഴ്സുമാർക്കും എമിഗ്രേഷൻ ക്ലിയറൻസ് ആവശ്യമാണ്. യാത്രയ്ക്കു മുൻപ് എമിഗ്രേഷൻ ക്ലിയറൻസ് ഉറപ്പ് വരുത്തുന്നതുമൂലം ഓരോ വ്യക്തിയുടെയും വിവരങ്ങൾ ഓൺലൈനായി രജിസ്റ്റർ ചെയ്യപ്പെടുന്നു. കൂടാതെ തൊഴിലുടമയുടെയും റിക്രൂട്ട്മെന്റ് ഏജൻസികളുടെയും വിവരങ്ങൾ പരിശോധിച്ച് ഉറപ്പിക്കാനും കഴിയുന്നു. ഇതുകൂടാതെ ഇൻഷ്വറൻസ് പരിരക്ഷയും ഉറപ്പുവരുത്തുന്നു. വേതനപ്രശ്നങ്ങൾ, ആരോഗ്യ പ്രശ്നങ്ങൾ, തൃപ്തികരമല്ലാത്ത ജീവിത സാഹചര്യങ്ങൾ എന്നിവയ്ക്ക് ഏജൻസിയുടെയും സർക്കാരിന്റെയും പിന്തുണ ഉറപ്പുവരുത്താനും സാധിക്കും. കൂടാതെ വിദേശ തൊഴിലുടമയെയും റിക്രൂട്ട്മെന്റ് ഏജൻസിയേയും ബന്ധപ്പെടുന്നതിനുള്ള ഫോൺ നമ്പറുകളും ഉദ്യോഗാർത്ഥിക്ക് നൽകുന്നു. വിദേശ തൊഴിലിനായി പോകുന്ന രാജ്യത്തെക്കുറിച്ചുള്ള വിവരങ്ങളും അവിടത്തെ തൊഴിൽ നിയമങ്ങളെയും അവകാശങ്ങളെയും ആ രാജ്യത്തിന്റെ സംസ്കാരത്തെയും ആചാരങ്ങളെയുംക്കുറിച്ച് മനസ്സിലാക്കി കൊടുക്കുകയും അവയെ ആദരിക്കാൻ തയ്യാറെടുക്കുന്നതിനുള്ള ബോധവത്കരണവും ഒഡെപെക് നൽകുന്നുണ്ട്. അവിടത്തെ നിയമങ്ങളെയും ചട്ടങ്ങളെയും അനുസരിക്കാനും അവിടത്തെ അടിസ്ഥാന ഭാഷ പഠിക്കാൻ ശ്രമിക്കുവാനും അവിടത്തെ ട്രാഫിക് നിയമങ്ങൾ പഠിക്കാനും പാലിക്കാനും ശ്രദ്ധിക്കാനുമുള്ള ഉപദേശവും നൽകുന്നതോടൊപ്പം വിദേശത്ത് എത്തിയാലുടൻ ഇന്ത്യൻ എംബസ്സിയുമായോ കോൺസുലേറ്റുമായോ ബന്ധപ്പെട്ട് ഉദ്യോഗാർത്ഥിയുടെ രജിസ്ട്രേഷൻ ഉറപ്പുവരുത്തുവാനുള്ള സഹായങ്ങളും ഒഡെപെക് ചെയ്തു വരുന്നു.

**വിഴിഞ്ഞം തുറമുഖ നിർമ്മാണ കരാർ ലംഘനത്തിന്മേൽ നടപടി**

17 (*407) ശ്രീ. റോജി എം. ജോൺ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ) സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ ആദ്യഘട്ട നിർമ്മാണ കാലയളവ് പൂർത്തിയായി ഒന്നര വർഷം കഴിഞ്ഞിട്ടും ആദ്യഘട്ട നിർമ്മാണം പൂർത്തിയാകാത്ത സാഹചര്യത്തിൽ കരാർ പ്രകാരം കമ്പനിയിൽ നിന്നും പ്രതിദിനം പന്ത്രണ്ട് ലക്ഷം രൂപ പിഴ ഈടാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ ഏത് തീയതി മുതൽ പിഴ ഈടാക്കാനാണ് തീരുമാനിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

(എ&ബി) വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിനായി അദാനി കമ്പനിയുമായി ഉണ്ടാക്കിയ കൺസഷൻ കരാറിലെ വ്യവസ്ഥകൾ പ്രകാരം, ആദ്യഘട്ട നിർമ്മാണ കാലയളവായ 4 വർഷം ഉൾപ്പെടെ 40 വർഷമാണ് കരാർ കാലയളവ്. 2019 ഡിസംബർ 3-ന് ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ടതായിരുന്നു. പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാത്തപക്ഷം ആദ്യത്തെ 90 ദിവസം പിഴ ഈടാക്കാതെയും തുടർന്നുള്ള ക്യൂവർ പീരിയഡിൽ 12 ലക്ഷം രൂപ പ്രതിദിനം പിഴയോടുകൂടിയും നിർമ്മാണപ്രവർത്തനം പൂർത്തീകരിക്കേണ്ടതാണെന്നും കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഗ്രെയ്സ് പീരിയഡ് കൂടാതെ കോവിഡ്-19 മഹാമാരിമൂലമുണ്ടായ ദേശീയ ലോക്ക്ഡൗൺ കാരണം നഷ്ടമായ 34 തൊഴിൽ ദിനങ്ങൾകൂടി അധികമായി നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇത്തരത്തിൽ 90 ദിവസത്തെ ഗ്രെയ്സ് പീരിയഡ്, 34 ദിവസത്തെ ലോക്ക്ഡൗൺ കാരണം നഷ്ടമായ തൊഴിൽ ദിനങ്ങൾ കൂടി ചേർത്തതിനുശേഷമാണ് പിഴ ഈടാക്കേണ്ടത്. കരാറിലെ വ്യവസ്ഥകൾ പ്രകാരം പിഴ ഈടാക്കുന്നതിനുള്ള നടപടിയുടെ ഭാഗമായി കരാർ കമ്പനിക്ക് 2020 മാർച്ച് രണ്ടിന് നോട്ടീസ് നൽകിയിട്ടുണ്ട്.

(സി) കരാർ വ്യവസ്ഥകൾ ലംഘിച്ചതിനെത്തുടർന്ന് അദാനി കമ്പനിക്കെതിരെ കരാർ പ്രകാരമുള്ള നിയമ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും എങ്കിൽ അവ എന്തായിരുന്നുവെന്നും വിശദമാക്കാമോ?

കരാർ വ്യവസ്ഥയനുസരിച്ച് 2019 ഡിസംബർ 3-ന് പദ്ധതി പൂർത്തിയാക്കാത്തതിനാൽ കരാർ ലംഘനം (Default) സംബന്ധിച്ച് 2019

ഡിസംബർ 4-നും ഡിസംബർ 21-നും കരാർ കമ്പനിക്ക് നോട്ടീസ് നൽകുകയും ക്യൂവർ പീരീയഡിനുള്ളിൽ പദ്ധതി പൂർത്തീകരിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. ഇതിനെ തുടർന്ന് 2020 മാർച്ച് 2-ന് പിഴ ഈടാക്കുന്നതിന് നോട്ടീസ് നൽകി.

(ഡി) പ്രശ്നപരിഹാരത്തിനുള്ള ആർബിട്രേഷൻ നടപടികളിൽ കമ്പനിയുടെയും സർക്കാരിന്റെയും നിലപാടുകൾ എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ?

കരാറിലെ വ്യവസ്ഥപ്രകാരം പിഴ ഈടാക്കുന്നതിന് നിർമ്മാണ കമ്പനിക്ക് നോട്ടീസ് നൽകിയതിനെത്തുടർന്ന് നിർമ്മാണ കമ്പനി ആർബിട്രേഷനെ സമീപിച്ചിരിക്കുകയാണ്. പദ്ധതി പൂർത്തീകരണത്തിന്റെ നിർമ്മാണ കാലയളവിലെ ഓഖി ചുഴലിക്കാറ്റ്, കടൽക്ഷോഭം, കോവിഡ് മഹാമാരി, പ്രളയം തുടങ്ങിയ കാരണങ്ങൾ ഉന്നയിച്ച് 5 വർഷം നീട്ടി നൽകണമെന്നതുൾപ്പെടെ 3855 കോടി രൂപയുടെ ക്ലെയിമുകളുമാണ് നിർമ്മാണ കമ്പനി ആർബിട്രേഷനിൽ അപേക്ഷിച്ചിട്ടുള്ളത്. ഓഖി ചുഴലിക്കാറ്റും കടൽക്ഷോഭവും പ്രളയസാദ്ധ്യതയും പദ്ധതി നടത്തിപ്പിന് വിഘാതങ്ങൾ സൃഷ്ടിച്ചിട്ടില്ലെന്നും കോവിഡ് മഹാമാരി പ്രകാരം നഷ്ടമായിട്ടുള്ള തൊഴിൽ ദിനങ്ങൾകൂടി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടെന്നും പദ്ധതി പൂർത്തീകരണത്തിന് വിഘാതമായിട്ടുള്ളത് പദ്ധതിയുടെ നിർണ്ണായക ഘടകമായ പുലിമുട്ട് നിർമ്മാണത്തിന് ആവശ്യമായ പാറ ശേഖരിക്കുന്നതിൽ കമ്പനിയുടെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ് കാരണമായിട്ടുള്ളതെന്ന് ചൂണ്ടിക്കാട്ടി സർക്കാർ Defence and Counter Claim Statement ആർബിട്രേഷൻ പാനലിന് മുമ്പിൽ സമർപ്പിച്ചിട്ടുണ്ട്.

### വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട റെയിൽവേ ലൈൻ

18 (*408) ശ്രീമതി കെ. കെ. രമ:
ശ്രീ. സണ്ണി ജോസഫ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ) സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട റെയിൽവേ ലൈൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ മന്ദഗതിയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തുറമുഖത്തിനായി കൊങ്കൺ റെയിൽ കോർപ്പറേഷൻ തയ്യാറാക്കിയ ഡി.പി.ആർ. ദക്ഷിണ മേഖല റെയിൽവേയുടെ അംഗീകാരത്തിനായി എന്നാണ് സമർപ്പിച്ചത്; ഇതിൽ കാലതാമസം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള സാഹചര്യം വിശദമാക്കാമോ?

(എ&ബി) കരാർ പ്രകാരം പദ്ധതിയുടെ Appointed Date-ന്റെ ആറാം വാർഷികത്തിനുള്ളിൽ (മേയ് 2022) തുറമുഖവും, റീജിയണൽ റെയിൽവേ ശൃംഖലയിലെ ഏറ്റവും അടുത്ത സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന ഒരു റെയിൽവേ ലൈൻ സർക്കാർ സ്ഥാപിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിരുന്നത്. ഇതിനായി, റെയിൽ വികാസ് നിഗം ലിമിറ്റഡ് (RVNL) എന്ന റെയിൽവേ പൊതുമേഖലാ സ്ഥാപനത്തെ ചുമതലപ്പെടുത്തി. 2016-ൽ അവർ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചു. എന്നാൽ, പദ്ധതി നടത്തിപ്പുമായി മുന്നോട്ടു പോകാൻ ബുദ്ധിമുട്ട് അറിയിച്ചുകൊണ്ട് RVNL പിന്നീട് പിൻമാറുകയാണുണ്ടായത്. തുടർന്ന് മറ്റൊരു റെയിൽവേ പൊതുമേഖലാ സ്ഥാപനമായ കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡുമായി (KRCL) 2018 ഫെബ്രുവരി 20-ന് ധാരണാപത്രം ഒപ്പുവയ്ക്കുകയും ചെയ്തു.

തുറമുഖത്തെ ബാലരാമപുരം റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന റെയിൽവേ ലൈനിന്റെ DPR, കൊങ്കൺ റെയിൽവേ കോർപ്പറേഷൻ തയ്യാറാക്കി, ദക്ഷിണ റെയിൽവേയുടെ അംഗീകാരത്തിനായി 2019 മേയ് 4 -ന് തിരുവനന്തപുരം റീജിയണൽ മാനേജർക്ക് സമർപ്പിച്ചു. ടി ഓഫീസിലെ പരിശോധനയ്ക്കുശേഷം ആയത് ചെന്നൈയിലെ ദക്ഷിണ റെയിൽവേ ആസ്ഥാനത്ത് പരിശോധിച്ചുവരികയാണ്. 2019 നവംബർ 11-ന് KRCL എഞ്ചിനീയറിംഗ് സ്കെയിൽ പ്ലാൻ അംഗീകാരത്തിനായി സമർപ്പിച്ചു. പദ്ധതി നടത്തിപ്പിനായി 2-3-2020-ന് സർക്കാരിതര റെയിൽവേ മോഡൽ (Non-Governmental Railway-NGR) റെയിൽവേ അംഗീകരിച്ചിട്ടുണ്ട്. NGR മോഡൽ അടിസ്ഥാനമാക്കി 24-7-2020-ന് DPR അംഗീകാരത്തിനുള്ള കോഡൽ ചാർജ്ജുകൾ റെയിൽവേയ്ക്ക് പേയ്മെന്റ് നടത്തി. പദ്ധതിയുടെ DPR-ന്റെ അംഗീകാരം ഉടൻ ലഭ്യമാകുമെന്നാണ് റെയിൽവേയുടെ ആസ്ഥാന ഓഫീസിൽ നിന്നും അറിയാൻ കഴിയുന്നത്. റെയിൽവേ അംഗീകരിച്ച എഞ്ചിനീയറിംഗ് സ്കെയിൽ പ്ലാനിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) പ്രസ്തുത ഡി.പി.ആർ-ന്റെ ഭാഗമായി എൻജിനീയറിംഗ് സ്കെയിൽ പ്ലാൻ ദക്ഷിണ റെയിൽവേ അംഗീകരിച്ചിട്ടുണ്ടോ?

എൻജിനീയറിംഗ് സ്കെയിൽ പ്ലാൻ തത്വത്തിൽ അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

(ഡി) നിലവിൽ പ്രസ്തുത പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

എൻജിനീയറിംഗ് സ്കെയിൽ പ്ലാൻ തത്വത്തിൽ അംഗീകരിച്ച സാഹചര്യത്തിൽ, വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ അംഗീകാരത്തിന് വിധേയമായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള വിശദാംശങ്ങളിന്മേലുള്ള പ്രാരംഭ നടപടി ആരംഭിച്ചിട്ടുണ്ട്.

**സവിശേഷ വിദ്യാഭ്യാസ മേഖലയിലെ നൂതന പ്രവർത്തനങ്ങൾ**

19 (*409) ശ്രീ. പി. ടി. എ. റഹീം:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ മേഖലയുടെ സമഗ്രവികസനത്തിന് നിലകൊള്ളുന്ന വിദ്യാഭ്യാസ ഗവേഷണ പരിശീലന സ്ഥാപനമെന്ന നിലയിൽ എസ്.സി.ഇ.ആർ.ടി. ഭിന്നശേഷി വിഭാഗങ്ങളുടെ വിദ്യാഭ്യാസ ശാക്തീകരണത്തിന് ആവിഷ്കരിച്ച പദ്ധതികളും പ്രവർത്തനങ്ങളും വിശദമാക്കാമോ;

(ബി) സവിശേഷ വിദ്യാഭ്യാസ മേഖലയിൽ പ്രത്യേകമായി നടപ്പാക്കിയ നൂതന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ നൽകാമോ?

(എ&ബി) പഠനബുദ്ധിമുട്ടുകൾ, ശാരീരികവും മാനസികവുമായ വെല്ലുവിളികൾ എന്നിവ കാരണം സവിശേഷ വിദ്യാഭ്യാസം ആവശ്യമായി വരുന്ന കുട്ടികൾക്ക് പഠന പിന്തുണ നൽകുകയാണ് സവിശേഷ വിദ്യാലയങ്ങളിലൂടെ പൊതുവിദ്യാഭ്യാസ വകുപ്പ് ചെയ്തുവരുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാ വിഭാഗം കുട്ടികളുടെയും അവകാശമായതിനാൽ സവിശേഷ വിദ്യാലയങ്ങളിലെ ബഹുവിധ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി അവരെ മുഖ്യധാരയിൽ എത്തിക്കുന്നതിനും പഠന പിന്തുണ നൽകുന്നതിനുമായി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

ശ്രവണപരിമിതർക്കായുള്ള സവിശേഷ വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും ആംഗ്യഭാഷയിൽ പരിശീലനം നൽകുന്നതിനായി 'മുദ്രികാപാഠം', കാഴ്ചപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി 'ശ്രുതിപാഠം', കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ ബുദ്ധിപരിമിതരായ കുട്ടികൾക്ക് പഠന പിന്തുണ നൽകുന്ന 'തേൻകൂട്', കാഴ്ച പരിമിതി നേരിടുന്ന കുട്ടികളുടെ അദ്ധ്യാപകർക്ക് 'ശാരദാബ്രെയിൽ റൈറ്റർ' എന്ന സോഫ്റ്റ്വെയറുമായി ബന്ധപ്പെടുത്തി നൽകുന്ന ഓൺലൈൻ അദ്ധ്യാപക ശാക്തീകരണ പരിപാടിയായ 'സമീക്ഷ', സവിശേഷ വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്ക് വേണ്ടിയുള്ള ഓൺലൈൻ ശാക്തീകരണ പരിപാടിയായ 'ഗണിനിപ്രഭ', സവിശേഷ വിദ്യാലയങ്ങളിൽ പഠിക്കുന്ന ബുദ്ധിപരിമിതിയുള്ള വിദ്യാർത്ഥികളുടെ രക്ഷാകർത്താക്കൾക്കുള്ള ബോധവൽക്കരണ ക്ലാസ്സിന്റെ

പരിശീലന മോഡ്യൂൾ തയ്യാറാക്കൽ, പ്രധാന അദ്ധ്യാപകർക്ക് പരിശീലനം നൽകിവരുന്ന സുരക്ഷ, പ്രീ-പ്രൈമറിതലം മുതൽ പ്രീ-വൊക്കേഷണൽതലം വരെയുള്ള ബുദ്ധിപരിമിതരായ സവിശേഷ വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്കായി തയ്യാറാക്കിയ ഏകീകരിച്ച പ്രവർത്തന പാക്കേജായ 'പ്രതിഭാമയി', കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ ആരംഭിച്ച 'ഫസ്റ്റ്ബെൽ' ക്ലാസ്സുകൾ കാഴ്ച/കേൾവി/ബുദ്ധിപരിമിതികൾ നേരിടുന്ന കുട്ടികൾക്ക് മനസ്സിലാക്കുവാൻ പ്രയാസം നേരിടുന്ന സാഹചര്യത്തിൽ അവർക്ക് അനായാസമായി ആശയങ്ങൾ മനസ്സിലാക്കുന്നതിനായി 'ജ്യോതിർമയി' എന്ന യൂട്യൂബ് ചാനൽ എന്നിവയാണ് ഭിന്നശേഷി വിഭാഗങ്ങളുടെ വിദ്യാഭ്യാസ ശാക്തീകരണത്തിനായി പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ. കൂടാതെ, കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡിന്റെ സഹകരണത്തോടുകൂടി 10, 11, 12, ക്ലാസുകളിലെ പാഠപുസ്തകങ്ങൾ ഓഡിയോ ടെക്സ്റ്റ് ആക്കി മാറ്റിയിട്ടുണ്ട്. ബ്രയിലി പാഠപുസ്തകങ്ങൾ ലഭ്യമാകാൻ താമസം നേരിടുന്ന കുട്ടികൾക്ക് പ്രയോജനപരമാണ് ഓഡിയോ ടെക്സ്റ്റുകൾ.

(സി) സവിശേഷ വിദ്യാലയങ്ങളിലെ കാഴ്ച, ശ്രവണ പരിമിതി നേരിടുന്നവർക്കായുള്ള പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ; ഇത്തരം സ്കൂളുകളിലെ ഓൺലൈൻ പഠന പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിനായി പ്രത്യേകമായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രവണപരിമിതർക്കായുള്ള സവിശേഷ വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്കും, അനദ്ധ്യാപകർക്കും ആംഗ്യഭാഷയിൽ പരിശീലനം നൽകുന്നതിനായി 'മുദ്രികാപാഠം', കാഴ്ചപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി 'ശ്രുതിപാഠം' എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ ആരംഭിച്ച് 'ഫസ്റ്റ്ബെൽ' ക്ലാസ്സുകൾ കാഴ്ച-കേൾവി-ബുദ്ധി പരിമിതികൾ നേരിടുന്ന കുട്ടികൾക്ക് മനസ്സിലാക്കുവാൻ പ്രയാസം നേരിടുന്ന സാഹചര്യത്തിൽ അവർക്ക് അനായാസമായി ആശയങ്ങൾ മനസ്സിലാക്കുന്നതിനായി 'ജ്യോതിർമയി' എന്ന യൂട്യൂബ് ചാനൽ, സവിശേഷ വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്ക് വേണ്ടിയുള്ള ഓൺലൈൻ ശാക്തീകരണ പരിപാടിയായ 'ഗണിനിപ്രഭ' എന്നീ പദ്ധതികളാണ് സവിശേഷ വിദ്യാലയങ്ങളിലെ ഓൺലൈൻ പഠനപ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിനായി നടപ്പിലാക്കി വരുന്നത്. കാഴ്ച, കേൾവി പരിമിതി നേരിടുന്ന കുട്ടികൾക്കായുള്ള സ്കൂളുകളിലും, ഹൈടെക് പദ്ധതികളും, ഇന്റർനെറ്റ് ലഭ്യതയും നൽകിവരുന്നു. കാഴ്ചപരിമിതിയുള്ള അദ്ധ്യാപകർക്കും പ്രത്യേക ഐ.സി.ടി. പരിശീലനം നൽകുന്നുണ്ട്.

## എല്ലാ സ്കൂളുകളിലും മലയാളം പഠനം

20 (*410) ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. പി. കെ. ബഷീർ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും പത്താംക്ലാസ്സ് വരെ മലയാളം പഠിപ്പിക്കണമെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും പത്താംക്ലാസ്സ് വരെ മലയാളം പഠിപ്പിക്കണമെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്.

(ബി) എങ്കിൽ ഇത് ലംഘിക്കുന്നതായി എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) എല്ലാ സ്കൂളുകളിലും മലയാളം പഠനം ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും മലയാളം പഠിപ്പിക്കണമെന്നത് സംബന്ധിച്ച് നിലവിലുള്ള 2017-ലെ മലയാള ഭാഷാപഠന ആക്റ്റ് പ്രകാരം താഴെപ്പറയുന്ന വ്യവസ്ഥകൾ നിഷ്കർഷിച്ചിട്ടുണ്ട്.

1. സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ഒന്നാംതരം മുതൽ പത്താംതരം വരെയുള്ള ക്ലാസ്സുകളിൽ 2017-18 അദ്ധ്യയന വർഷം മുതൽ മലയാളം ഒരു ഭാഷയായി പഠിപ്പിക്കേണ്ടതാണ്. ഈ ആക്റ്റിന്റെ പ്രാരംഭ തീയതിയിൽ, നിലവിലുള്ള പാഠ്യപദ്ധതി പ്രകാരം മലയാളഭാഷ പഠിപ്പിക്കാത്ത ഭാഷാ ന്യൂനപക്ഷ സ്കൂളുകൾ ഉൾപ്പെടെയുള്ള സ്കൂളുകളിൽ മലയാളം പഠിപ്പിക്കുന്നതിനായി സ്റ്റേറ്റ് കൗൺസിൽ ഫോർ എഡ്യൂക്കേഷൻ റിസർച്ച് ആൻഡ് ട്രെയിനിംഗ് (എസ്.സി.ഇ.ആർ.റ്റി) പാഠപുസ്തകം തയ്യാറാക്കേണ്ടതും ആയത് പഠിപ്പിക്കേണ്ടതുമാണ്.

2. സംസ്ഥാനത്തെ സ്കൂളുകളിൽ മലയാളം സംസാരിക്കുന്നതിന് പ്രത്യക്ഷമായോ പരോക്ഷമായോ യാതൊരു നിരോധനവും ഏർപ്പെടുത്തുവാൻ പാടില്ലാത്തതാകുന്നു.

3. സംസ്ഥാനത്തെ സ്കൂളുകളിൽ മലയാളഭാഷ സംസാരിക്കുന്നതിന് വിലക്ക് ഏർപ്പെടുത്തിക്കൊണ്ടോ മറ്റേതെങ്കിലും ഭാഷ മാത്രമെ സംസാരിക്കാവൂ എന്ന രീതിയിലുള്ള ബോർഡുകളോ നോട്ടീസുകളോ പ്രദർശിപ്പിക്കുകയോ മറ്റേതെങ്കിലും തരത്തിലുള്ള പ്രചാരണങ്ങളോ നടത്തുവാൻ പാടുള്ളതല്ല.

4. ഇതര സംസ്ഥാനങ്ങളിൽ നിന്നോ വിദേശരാജ്യങ്ങളിൽ നിന്നോ സംസ്ഥാനത്ത് വന്ന് സ്കൂളുകളിൽ പഠനം തുടരുന്ന വിദ്യാർത്ഥികൾക്ക് അതത് ക്ലാസ്സുകളിലെ പാഠ്യപദ്ധതി പ്രകാരമുള്ള മലയാള അദ്ധ്യയനം സാദ്ധ്യമാക്കുവാൻ കഴിയാത്ത സാഹചര്യമുള്ളപക്ഷം, അങ്ങനെയുള്ള വിദ്യാർത്ഥികളെ നിലവിലുള്ള പാഠ്യപദ്ധതി പ്രകാരമുള്ള പത്താംതരം പരീക്ഷയിലെ മലയാള ഭാഷയിലുള്ള പരീക്ഷയിൽനിന്നും ഒഴിവാക്കാവുന്നതും, സ്റ്റേറ്റ് കൗൺസിൽ ഫോർ എഡ്യൂക്കേഷൻ റിസർച്ച് ആൻഡ് ട്രെയിനിംഗ് (എസ്.സി.ഇ.ആർ.റ്റി) തയ്യാറാക്കുന്ന മലയാള പാഠപുസ്തകം പഠിപ്പിക്കേണ്ടതുമാണ്.

5. സെൻട്രൽ ബോർഡ് ഓഫ് സെക്കണ്ടറി എഡ്യൂക്കേഷൻ (സി.ബി.എസ്.ഇ), കൗൺസിൽ ഫോർ ദി ഇന്ത്യൻ സ്കൂൾ സർട്ടിഫിക്കറ്റ് എക്സാമിനേഷൻ (സി.ഐ.എസ്.സി.ഇ.) എന്നീ ബോർഡുകളുടെ കീഴിലുള്ളതും ത്രിഭാഷാ പാഠ്യപദ്ധതി നിലവിലുള്ളതുമായ സ്കൂളുകൾക്ക് നിരാക്ഷേപപത്രം നൽകുന്നതിനുവേണ്ടിയുള്ള ഒരു നിബന്ധനയായി മലയാളഭാഷാ പഠനം ഏർപ്പെടുത്തേണ്ടതും അപ്രകാരം മലയാള ഭാഷാ പഠനം ഏർപ്പെടുത്തിയിട്ടില്ലാത്ത സ്കൂളുകളുടെ നിരാക്ഷേപപത്രം റദ്ദാക്കേണ്ടതുമാണ്. എന്നാൽ അങ്ങനെയുള്ള സ്കൂളുകളിൽ ദ്വിഭാഷാ പദ്ധതി നിലവിലുള്ള ക്ലാസ്സുകളിൽ മലയാളം ഒരു ഭാഷയായി പഠിക്കാത്ത വിദ്യാർത്ഥികൾക്ക് മലയാളഭാഷ പഠിക്കുന്നതിനായി സ്റ്റേറ്റ് കൗൺസിൽ ഫോർ എഡ്യൂക്കേഷൻ റിസർച്ച് ആൻഡ് ട്രെയിനിംഗ് (എസ്.സി.ഇ.ആർ.റ്റി.) തയ്യാറാക്കുന്ന പാഠപുസ്തകം പഠിപ്പിക്കേണ്ടതുമാണ്.

6. 1958-ലെ കേരള വിദ്യാഭ്യാസ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് കീഴിൽ അൺ-എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിന് അങ്ങനെയുള്ള സ്കൂളുകളിലെ ഒന്നാംതരം മുതൽ പത്താംതരം വരെയുള്ള എല്ലാ ക്ലാസ്സുകളിലും മലയാളഭാഷ പഠിപ്പിക്കണമെന്നുള്ളത് ഒരു നിബന്ധനയാക്കേണ്ടതാണ്. കൂടാതെ കേരളത്തിലെ കന്നട, തമിഴ് മീഡിയം സ്കൂളുകളിലെ കുട്ടികൾക്ക് മലയാളം പഠിക്കുന്നതിനായി "നമ്മുടെ മലയാളം" എന്ന പേരിൽ ഒരു പാഠപുസ്തകം എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയിട്ടുണ്ട്.

## റൂം ഫോർ റിവർ പദ്ധതി

21 (*411) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി ( ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലവർഷം രൂക്ഷമാകുന്ന സാഹചര്യത്തിൽ പ്രളയം അടക്കമുള്ള ദുരന്തങ്ങൾ തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഇതിനായി സ്വീകരിച്ച മുന്നൊരുക്കങ്ങൾ എന്തൊക്കെയാണ്; വിശദവിവരം ലഭ്യമാക്കാമോ?

കാലാവസ്ഥാ വ്യതിയാനം സൃഷ്ടിക്കുന്ന അതിതീവ്ര മഴ കേരളത്തിൽ വലിയ പ്രതിസന്ധി സൃഷ്ടിക്കുകയാണ്. അതിതീവ്ര മഴയെ നിയന്ത്രിക്കുക അസാദ്ധ്യമായതിനാൽത്തന്നെ അതുമൂലമുണ്ടാകുന്ന ദുരന്ത സാദ്ധ്യതകളെ പരമാവധി ലഘൂകരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് സർക്കാർ നടപ്പാക്കുന്നത്. മഴക്കാല മുന്നൊരുക്കങ്ങളുടെ ഭാഗമായി സ്റ്റേറ്റ് റിലീഫ് കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനത്തെ മുഴുവൻ വകുപ്പുകളുടെയും ദേശീയ-സംസ്ഥാന രക്ഷാസേനകളുടെയും യോഗം വിളിച്ചുചേർത്ത് സ്ഥിതിഗതികൾ അവലോകനം ചെയ്തു. തയ്യാറെടുപ്പിന്റെ ഭാഗമായി സംസ്ഥാനത്ത് ആവശ്യമായ കേന്ദ്ര സേനകളുടെ വിന്യാസം പ്രസ്തുത യോഗത്തിലൂടെ ബന്ധപ്പെട്ടവരെ അറിയിച്ചു. മുഴുവൻ വകുപ്പുകൾക്കും ദുരന്ത ലഘൂകരണ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾക്കായി സുവ്യക്തമായ ഒരു മാർഗ്ഗരേഖ തയ്യാറാക്കി പ്രസിദ്ധീകരിച്ചു. സംസ്ഥാനത്തെ ഓരോ സർക്കാർ വകുപ്പുകളും രക്ഷാസേനകളും പൊതുജനങ്ങളും എങ്ങനെയാണ് മഴക്കാലത്തിനായി തയ്യാറെടുക്കേണ്ടതെന്നും ഒരു ദുരന്തസാഹചര്യം ഉണ്ടായാൽ ഏത് വിധേനയാണ് പ്രവർത്തിക്കേണ്ടതെന്നും സൂക്ഷ്മമായി മാർഗ്ഗനിർദ്ദേശം നൽകുന്ന ഒരു കൈപ്പുസ്തകമാണ് ഓറഞ്ച് ബുക്ക്. വിവിധ കാലാവസ്ഥാ മുന്നറിയിപ്പുകൾ മനസ്സിലാക്കേണ്ട വിധവും ഓരോ മുന്നറിയിപ്പനുസരിച്ചും ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിക്കേണ്ട നടപടികളും ലളിതമായി വിശദീകരിക്കുന്നു. കഴിഞ്ഞ വർഷങ്ങളിലെ പ്രായോഗിക അനുഭവങ്ങളും നിലവിലെ സംസ്ഥാനത്തെ കോവിഡ് സാഹചര്യവും കണക്കിലെടുത്തുകൊണ്ടാണ് 2021-ലെ പുതിയ പതിപ്പ് തയ്യാറാക്കിയിട്ടുള്ളത്. ദുരന്തനിവാരണ പ്ലാനുകൾ, പ്രളയ സാദ്ധ്യതാ ഭൂപടങ്ങൾ, പ്രളയം ഉൾപ്പെടെയുള്ള പ്രകൃതിദുരന്തങ്ങൾ നേരിടുന്നതിനായി സംസ്ഥാന-ജില്ലാ ദുരന്ത നിവാരണ പ്ലാനുകൾക്ക് പുറമെ കേരളത്തിൽ പ്രാദേശികാടിസ്ഥാനത്തിൽ തദ്ദേശഭരണ

സ്ഥാപനതല പ്ലാനുകൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പ്രളയസാദ്ധ്യതാ ഭൂപടം പൊതുജനങ്ങൾക്ക് പരിശോധനയ്ക്കും മറ്റുമായി നേരത്തെതന്നെ ലഭ്യമാക്കിയിട്ടിട്ടുണ്ട്. എന്നാൽ മുൻവർഷങ്ങളിലെ പ്രളയ അനുഭവങ്ങളുടെകൂടി പശ്ചാത്തലത്തിൽ ഇത് പുതുക്കുന്നതിനായി കേന്ദ്ര ജലകമ്മീഷനോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും നാളിതുവരെ ലഭ്യമായിട്ടില്ല. ആയതിന് സംസ്ഥാനം നിരന്തരം സമ്മർദം ചെലുത്തിവരുന്നു.

നദികളിൽ വന്നടിഞ്ഞിട്ടുള്ള എക്കലും മണലും നീക്കം ചെയ്യുന്നതിനും നദികളെയും മറ്റ് ജലാശയങ്ങളെയും പുനരുജ്ജീവിപ്പിക്കുന്നതിനും റിവർ മൗത്തുകളുടെ വീതി വർദ്ധിപ്പിക്കുന്നതിനും പൊഴി മുറിക്കുന്നതിനും മഴക്കാല മുന്നൊരുക്കങ്ങളുടെ ഭാഗമായി നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രളയ സാഹചര്യങ്ങളിൽ നെതർലൻഡ്സ് മാതൃകയിൽ റൂം ഫോർ റിവർ പദ്ധതി നടപ്പിലാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. ശാസ്ത്രീയമാർഗ്ഗങ്ങളിലൂടെ നഗരങ്ങളിലെ വെള്ളക്കെട്ട് ഒഴിവാക്കാനുള്ള നടപടികളും പുരോഗമിക്കുകയാണ്. രാജ്യത്ത് പ്രളയ മുന്നറിയിപ്പ് സംവിധാനം സ്ഥാപിക്കുന്നതിന് ഉത്തരവാദിത്തപ്പെട്ട ഏജൻസി കേന്ദ്ര ജലകമ്മീഷനാണ്. സംസ്ഥാന സർക്കാരുമായി സഹകരിച്ചുകൊണ്ട് 30 നദികളിലായി കേന്ദ്ര ജലകമ്മീഷന്റെ 39 സ്റ്റേഷനുകളിലെ വിവരങ്ങൾ നമുക്കിന്ന് ലഭ്യമാണ്. ഇതുകൂടാതെ സംസ്ഥാന ജലസേചനവകുപ്പിന് കീഴിലും ഇത്തരത്തിലുള്ള നിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

കേരളത്തിലെ കാലാവസ്ഥാ പ്രവചനം മെച്ചപ്പെടുത്താൻ 100 ഓട്ടോമേറ്റഡ് കാലാവസ്ഥാ മാപിനികൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു. കാലാവസ്ഥാ വകുപ്പിന്റെ സേവനങ്ങളോടൊപ്പംതന്നെ മറ്റ് സ്വകാര്യ ഏജൻസികളുടെയും ഈ മേഖലയിലുള്ള സേവനങ്ങൾ ഒരു വർഷത്തേയ്ക്ക് പരീക്ഷണാടിസ്ഥാനത്തിൽ ദുരന്ത നിവാരണ അതോറിറ്റിക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഈ ഏജൻസികളുടെ പ്രവചനങ്ങളുടെ ഗുണമേന്മയും കൃത്യതയും വിദഗ്ദ്ധ സമിതി പഠനവിധേയമാക്കി വരികയാണ്. സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ തുടർനടപടി സ്വീകരിക്കും. ഇവ കൂടാതെ അന്താരാഷ്ട്ര ഏജൻസികളുടെ സഹകരണത്തോടെ നമ്മുടെ നദികളിലെ പ്രളയസാദ്ധ്യത പ്രളയമോഡലിംഗ് പ്രവർത്തനങ്ങളിലൂടെ കണ്ടെത്താനുള്ള സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി NCRMP പ്രോജക്ടിന്റെ ഭാഗമായി വിപുലമായ മുന്നറിയിപ്പ് സംവിധാനം സ്ഥാപിച്ചുവരികയാണ്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി തയ്യാറാക്കുന്ന 'സുരക്ഷയാനം' മൊബൈൽ ആപ്ലിക്കേഷനും ദുരന്ത മുന്നറിയിപ്പ് ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിൽ നിർണ്ണായകമാകും.

അണക്കെട്ടുകളുടെ പരിപാലനവും ദുരന്തനിവാരണ പ്രവർത്തനങ്ങളും കാലാവർഷമുന്നൊരുക്കങ്ങളുടെ ഭാഗമായി, അണക്കെട്ടുകളുടെ പ്രവർത്തനങ്ങൾ നിരന്തരം നിരീക്ഷിച്ച് അടിയന്തര നടപടികൾ സ്വീകരിക്കുന്നതിനുമായി റൂൾ കർവ് കമ്മിറ്റി രൂപികരിച്ചിട്ടുണ്ട്. റവന്യ ദുരന്തനിവാരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായുള്ള റൂൾ കർവ് കമ്മിറ്റിയിൽ ജലവിഭവം, ഊർജ്ജ വകുപ്പ് സെക്രട്ടറിമാരും ജില്ലാകളക്ടർമാരും മറ്റ് വിദഗ്ധരും അംഗങ്ങളാണ്. ഒരു വർഷത്തിൽ, കാലാവസ്ഥയുടെ മാറ്റങ്ങൾക്കനുസരിച്ച് അണക്കെട്ടിൽ സൂക്ഷിക്കാവുന്ന പരമാവധി ജലത്തിന്റെ അളവ് രേഖപ്പെടുത്തുവാനാണ് റൂൾ കർവ് സജ്ജീകരിക്കുന്നത്. 200 ദശലക്ഷം മീറ്റർ ക്യൂബിൽ കൂടുതൽ സംഭരണ ശേഷിയുള്ള ജലസംഭരണികളിലാണ് റൂൾ കർവ് നിയന്ത്രണങ്ങൾ പ്രധാനമായും പാലിക്കപ്പെടേണ്ടത്. കെ.എസ്.ഇ.ബി.എൽ-ന്റെ നാല് അണക്കെട്ടുകളും (ഇടുക്കി, ഇടമലയാർ, കക്കി, ബാണാസുര), ജലസേചന വകുപ്പിന്റെ രണ്ട് അണകെട്ടുകളും (കല്ലട, മലമ്പുഴ) ഇതിൽ ഉൾപ്പെടുന്നു. 200 ദശലക്ഷം മീറ്റർ ക്യൂബ് സംഭരണശേഷിക്കുതാഴെ വരുന്ന അണക്കെട്ടുകളിൽ മുന്നറിയിപ്പിനായി അലെർട്ട് സംവിധാനമാണ് സജ്ജീകരിച്ചിട്ടുള്ളത്. നീല, ഓറഞ്ച്, ചുവപ്പ് എന്നിവയാണ് ഈ അലെർട്ടുകൾ. കാലാവസ്ഥയുടെ തുടർച്ചയായ മാറ്റങ്ങൾക്കനുസരിച്ച് സംസ്ഥാനത്തെ അണക്കെട്ടുകളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുവാനും പുറത്തേയ്ക്ക് ഒഴുക്കിവിടുന്ന ജലത്തിന്റെ അളവ് സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊള്ളുവാനും അതുവഴി പ്രളയസാദ്ധ്യതകളെ മറികടക്കുവാനും റൂൾ കർവ് കമ്മിറ്റിയുടെ കാര്യക്ഷമമായ മേൽനോട്ടത്തിലൂടെ സാധിച്ചിട്ടുണ്ട്.

പ്രളയസാഹചര്യങ്ങളിൽ രക്ഷാപ്രവർത്തനം കേന്ദ്ര സേനകൾ മുൻകൂറായി വിന്യസിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഹെലികോപ്റ്റർ ഇറക്കാൻ സാധിക്കുന്ന 194 സ്ഥലങ്ങൾ കണ്ടെത്തുകയും അവ വ്യോമസേനയ്ക്ക് കൈമാറുകയും ചെയ്തു. പോലീസ്, ഫയർ ആൻഡ് റെസ്ക്യൂ സർവീസസ് എന്നിവയെ ഇത്തരം സാഹചര്യങ്ങൾ നേരിടാൻ സജ്ജമാക്കി. ഇതുകൂടാതെ മൂന്നര ലക്ഷം സന്നദ്ധപ്രവർത്തകരുടെ സേനയുണ്ടാക്കി. പ്രത്യേക പരിശീലനം നൽകിയ വോളണ്ടിയർമാരെ സജ്ജരാക്കി കേന്ദ്ര പദ്ധതിയായ 'ആപ്താ മിത്ര' രാജ്യത്താദ്യമായി മാതൃകാപരമായി നടപ്പാക്കാൻ കഴിഞ്ഞു. ഇതിന്റെ ഭാഗമായി കോട്ടയം ജില്ലയിൽ 200 സന്നദ്ധ പ്രവർത്തകർക്ക് പരിശീലനം നല്കി. മറ്റ് ജില്ലകളിൽകൂടി 4300 സന്നദ്ധ പ്രവർത്തകർക്ക് പരിശീലനം നൽകുവാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഫയർ ആൻഡ് റെസ്ക്യൂ സർവീസസിന്റെ നേതൃത്വത്തിൽ ശക്തമായ സിവിൽ ഡിഫൻസ് സംവിധാനവും രൂപീകരിച്ചിട്ടുണ്ട്.

കടലാക്രമണം: ദുരന്ത തയ്യാറെടുപ്പ്, പ്രതികരണ, പുനരധിവാസം.

കേരളത്തിൽ ഏറ്റവും ഉയർന്ന ജനസാന്ദ്രതയുള്ളവയാണ് തീരപ്രദേശങ്ങൾ. ദേശീയ തലത്തിൽ തീരശോഷണം ഒരു അംഗീകൃത ദുരന്തമായി കണക്കാക്കുന്നില്ലെങ്കിലും കേരളത്തിൽ തീരശോഷണം ഒരു സംസ്ഥാന സവിശേഷ ദുരന്തമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതനുസരിച്ച് കടലാക്രമണം രൂക്ഷമാകുന്ന ഘട്ടങ്ങളിൽ അടിയന്തര ഇടപെടലുകൾക്കായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അദ്ധ്യക്ഷന്മാർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധി ഉപയോഗിക്കാവുന്നതാണ്. നടപ്പുവർഷം കടലാക്രമണത്തെ പ്രതിരോധിക്കുന്നതിനായി അടിയന്തര സാഹചര്യത്തിൽ ജിയോ ബാഗുകൾ, മണൽച്ചാക്കുകൾ തുടങ്ങിയ താൽക്കാലിക പരിഹാരമാർഗ്ഗങ്ങൾ ഒരുക്കുന്നതിനായി ഒരു പഞ്ചായത്തിന് പരമാവധി 4 ലക്ഷം, മുനിസിപ്പാലിറ്റിക്ക് 5 ലക്ഷം, കോർപ്പറേഷന് 7 ലക്ഷം രൂപ എന്നിങ്ങനെ തുക വിനിയോഗിക്കാൻ അനുമതി നൽകിയിട്ടുണ്ട്. കൂടാതെ തീരസംരക്ഷണത്തിനായി ടെട്രാപോഡുകൾ ഉപയോഗിക്കാനും തീരുമാനിച്ചിട്ടുണ്ട്.

(ബി) ദുരന്തബാധിത മേഖലകളിൽ നിന്നും ജനങ്ങളെ മാറ്റിപ്പാർപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

ദുരന്തഘട്ടങ്ങളിൽ ജനങ്ങളെ മാറ്റുന്നതിനായി ദുരിതാശ്വാസ ക്യാമ്പുകൾ സംഘടിപ്പിക്കാൻ സാധിക്കുന്ന കെട്ടിടങ്ങൾ മുൻകൂട്ടി കണ്ടെത്തി പ്രസിദ്ധീകരിച്ചിട്ടുണ്ട്. NCRMP-യുടെ സാമ്പത്തിക സഹായത്തോടെ മൾട്ടി പർപ്പസ് ഷെൽറ്ററുകൾ സംസ്ഥാനത്ത് സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിക്കുക, കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി, ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ തുടങ്ങിയവർ ശിപാർശ ചെയ്യു കുടുംബങ്ങളെ മുന്നറിയിപ്പുകൾ ലഭ്യമാകുന്നമുറയ്ക്ക് ക്യാമ്പുകളിലേയ്ക്ക് മാറ്റിപ്പാർപ്പിക്കുന്നതിനുള്ള നടപടികൾ വില്ലേജ് ഓഫീസ്, പ്രാദേശിക ഭരണകൂടങ്ങൾ എന്നിവ മുഖേന സ്വീകരിച്ചുവരുന്നു. മാറ്റിപ്പാർപ്പിക്കുന്ന കുടുംബങ്ങൾക്ക് ആ പ്രദേശങ്ങളിൽത്തന്നെ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ക്യാമ്പുകൾ സജ്ജീകരിക്കുകയും ആയതിന്റെ നടത്തിപ്പിനുവേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുമുണ്ട്.

(സി) മുൻപുണ്ടായ പ്രളയങ്ങളിൽ നിന്നും പാഠം ഉൾക്കൊണ്ട് പ്രളയം തടയാൻ റൂം ഫോർ റിവർ അടക്കമുള്ള ഡച്ച് മാതൃകയിലുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്. റീബിൽഡ് കേരള ഇനിഷ്യേറ്റിവ് പദ്ധതിയുടെ ഏറ്റവും പ്രധാന പ്രോജക്റ്റുകളിൽ ഒന്നാണ് റൂം ഫോർ റിവർ പദ്ധതി. കുട്ടനാടിലെ തോട്ടപ്പള്ളി

സ്പിൽവേ, എ.സി. കനാൽ എന്നിവയുടെ നവീകരണമാണ് പമ്പാ നദിയിൽ നടപ്പാക്കുന്ന പദ്ധതിയുടെ ആദ്യഘട്ടത്തിൽ ലക്ഷ്യംവയ്ക്കുന്നത്. റൂം ഫോർ റിവർ പദ്ധതി നടപ്പിലാക്കുന്നതിനുള്ള വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിന് 4.50 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും 1.38 കോടി രൂപ അനുവദിക്കുകയും ചെയ്തു. പദ്ധതിയുടെ ഭാഗമായി കുട്ടനാട് മേഖലയിലുള്ള പ്രളയജലം ദ്രുതഗതിയിൽ കടലിലേയ്ക്ക് ഒഴുക്കിക്കളയുവാൻ തക്കവണ്ണം എ.സി. കനാൽ നവീകരണം, പമ്പ, അച്ചൻകോവിൽ, മണിമലയാർ, തോട്ടപ്പള്ളി സ്പിൽവേ എന്നീ വിഷയങ്ങളിൽ ഹൈഡ്രോഡൈനാമിക് പഠനം നടത്തും. ഇതിന്റെ ഭാഗമായി ഐ.ഐ.റ്റി. സംഘം സ്ഥല പരിശോധന നടത്തുകയും പഠനത്തിനുള്ള വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. പ്രസ്തുത പഠനം സുഗമമാക്കുന്നതിനായി ജലസേചന വകുപ്പിൽ നിന്നും ഹൈഡ്രോഗ്രാഫിക് വകുപ്പിൽ നിന്നും ആവശ്യമുള്ള വിവരങ്ങൾ ഐ.ഐ.റ്റി. ചെന്നൈയ്ക്ക് അയച്ചുകൊടുത്തിട്ടുണ്ട്. താഴെപ്പറയുന്നവയാണ് റൂം ഫോർ റിവർ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ

1. ഹൈഡ്രോഡൈനാമിക് പഠനത്തിലൂടെ ബണ്ടുകൾ ശക്തിപ്പെടുത്തുകയും ഉയരം വർദ്ധിപ്പിക്കേണ്ടതുണ്ടോയെന്ന കാര്യത്തിൽ വ്യക്തത വരുത്തുകയും ചെയ്യുക.

2. പമ്പ, അച്ചൻകോവിൽ നദികളിൽ Flood Regulators സ്ഥാപിക്കുക. ഈ നദികളിലെ പ്രളയജലം കുട്ടനാടിലേയ്ക്ക് കടക്കാതെ ബൈപാസ്സ് കനാലുകൾ വഴി തോട്ടപ്പള്ളിയിലേയ്ക്ക് എത്തിക്കുക.

3. ആലപ്പുഴ-ചങ്ങനാശ്ശേരി കനാൽ നിർമ്മിക്കുക വഴി മണിമല നദിയിൽ നിന്നുള്ള ജലം പള്ളാത്തുരുത്തി നദിയിലേയ്ക്ക് ഒഴുക്കി വിടാനുള്ള സാദ്ധ്യതകൾ പരിശോധിക്കുക.

4. ബൈപ്പാസ് കനാലിനും പ്രധാന കനാലുകൾക്കും സമാന്തരമായി ചെറിയ കനാലുകൾ നിർമ്മിക്കുക വഴി അധിക ജലം തോട്ടപ്പള്ളിയിലേയ്ക്ക് ഒഴുക്കിവിടാനും ഇതുവഴിയുള്ള പ്രളയലഘൂകരണ സാദ്ധ്യത പരിശോധിക്കുകയും ചെയ്യുക.

5. തോട്ടപ്പള്ളി പൊഴിമുഖത്ത് മണലടിയുന്നത് തടയുന്നതിനായി പൊഴിമുഖത്ത് റിട്ടെയിനിംഗ് വാൾ നിർമ്മിക്കുന്നതിനുള്ള സാദ്ധ്യത പഠിച്ച് വിശദമായ ഹൈഡ്രോളിക് ഡിസൈൻ സമർപ്പിക്കുക.

ഹൈഡ്രോഡൈനാമിക് പഠനത്തിലൂടെ താഴെ പറയുന്ന ഫലങ്ങൾ പ്രതീക്ഷിക്കുന്നു.

1. അധികജലം കായംകുളം കനാലിലേയ്ക്ക് വഴിതിരിച്ച് വിടാനാവശ്യമായ കനാലുകളുടെ നവീകരണം.

2. ഒഴുക്ക് കൂടിയ സമയങ്ങളിൽ ഒഴുക്ക് നിയന്ത്രിക്കാനും വഴിതിരിച്ച് വിടാനും റെഗുലേറ്ററുകൾ സ്ഥാപിക്കുക.

3. തോട്ടപ്പള്ളി സ്പിൽവേയോടൊപ്പംതന്നെ റെഗുലേറ്ററുകൾ പ്രവർത്തിപ്പിക്കാനുള്ള ഇതര മാർഗ്ഗം സംബന്ധിച്ച പഠനത്തിന്റെ ഇടക്കാല റിപ്പോർട്ട് 2022 ജനുവരി 5-ന് സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## മ്യൂസിയങ്ങളുടെ നവീകരണം

22 (*412) ശ്രീ. കെ. പി. മോഹനൻ:
ശ്രീ തോമസ് കെ. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ) സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ ടൂറിസം സാദ്ധ്യതകൾ മുന്നിൽക്കണ്ട് കൂടുതൽ മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ?

കേരള സംസ്ഥാനത്തിന്റെ ടൂറിസം സാദ്ധ്യതകൾ മുന്നിൽക്കണ്ട് കൂടുതൽ പുതിയ മ്യൂസിയങ്ങൾ സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ മ്യൂസിയം മൃഗശാല വകുപ്പിന് കീഴിൽ കണ്ണൂർ ജില്ലയിൽ കേരള പൈതൃകവുമായി ബന്ധപ്പെട്ട് തെയ്യം മ്യൂസിയം, കൈത്തറി മ്യൂസിയം, എ.കെ.ജി. സ്മൃതി മ്യൂസിയം എന്നിവ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട നിയമപ്രകാരം കേരള പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള കെട്ടിടങ്ങളിൽ ചിലതാണ് പുരാവസ്തു വകുപ്പ് മ്യൂസിയങ്ങളായി സജ്ജീകരിച്ചിട്ടുള്ളത്. ഇതുകൂടാതെ ഓരോ ജില്ലയുടേയും തനതായ പൈതൃകം കാത്തുസൂക്ഷിച്ച് വരുംതലമുറയ്ക്ക് കൈമാറുക എന്ന ലക്ഷ്യത്തോടെ വകുപ്പ് ഓരോ ജില്ലയിലും ജില്ലാ പൈതൃക മ്യൂസിയങ്ങളുടെ സജ്ജീകരണ ചുമതല ഏറ്റെടുത്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി എറണാകുളം, തൃശ്ശൂർ, പാലക്കാട്, ഇടുക്കി എന്നീ ജില്ലകളിൽ ജില്ലാ പൈതൃക മ്യൂസിയങ്ങൾ സജ്ജീകരിച്ച് സന്ദർശകർക്ക് തുറന്ന് കൊടുത്തിട്ടുള്ളതാണ്. ഇതുകൂടാതെ പുരാവസ്തു വകുപ്പ് മുൻകയ്യെടുത്ത് പയ്യന്നൂരിൽ ഒരു ഗാന്ധി സ്മൃതി മ്യൂസിയവും സജ്ജീകരിച്ച് സന്ദർശകർക്ക് തുറന്നുനൽകിയിട്ടുണ്ട്. കണ്ടോന്താർ ട്രാൻസിറ്റ് ജയിലിനോട് ചേർന്ന് ഒരു പ്രാദേശിക ചരിത്ര മ്യൂസിയവും സജ്ജീകരിച്ചിട്ടുണ്ട്. മലപ്പുറം, വയനാട്, തിരുവനന്തപുരം എന്നീ ജില്ലകളിൽ ജില്ലാ പൈതൃക മ്യൂസിയത്തിന്റെ സജ്ജീകരണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലാണ്. കൂടാതെ കണ്ണൂർ ജില്ലയിലെ ചെമ്പൻ തൊട്ടിയിൽ കുടിയേറ്റ മ്യൂസിയം സ്ഥാപിക്കുന്നതിനും തൃശ്ശൂർ ജില്ലയിലെ ചാലക്കുടിയിൽ ട്രാംവേ മ്യൂസിയം സ്ഥാപിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ പുരാവസ്തു വകുപ്പിന് കീഴിൽ പുരോഗമിക്കുകയാണ്. കൂടാതെ കേരളത്തിന്റെ പുരാതനവും സമ്പന്നവുമായ സംസ്കൃതിയുടെ അടയാളങ്ങളെ മൺമറയാതെ ഭാവിതലമുറയ്ക്കായി കാത്തു

സൂക്ഷിക്കുന്നതിന് 'കേരള സംസ്കാര മ്യൂസിയം' എന്ന പദ്ധതി സാംസ്കാരിക വകുപ്പ് ആവിഷ്കരിച്ചുവരുന്നു. സംസ്ഥാനത്തെ വിനോദ സഞ്ചാര കേന്ദ്രങ്ങളേയും നിലവിലുള്ള മ്യൂസിയങ്ങളേയും കോർത്തിണക്കി ഒരു മ്യൂസിയം ശൃംഖല സ്ഥാപിക്കുകയെന്നതും പ്രസ്തുത പദ്ധതിയിലുൾപ്പെടുന്നു. ടൂറിസം വകുപ്പിന്റെ കീഴിൽ ചുവടെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

1. ഡിജിറ്റൽ മ്യൂസിയം, കനകക്കുന്ന്

2. തിരുവനന്തപുരം ശ്രീനാരായണ ഗുരുകുലത്തിൽ ഡിജിറ്റൽ മ്യൂസിയം.

3. പൊന്നാനി ചമ്രവട്ടം നിള ഹെറിറ്റേജ് മ്യൂസിയം

4. ഇൻസ്റ്റലേഷൻ ഓഫ് ഫ്ലൈറ്റ് സിമുലേറ്റർ മ്യൂസിയം

ഇതുകൂടാതെ മുസിരിസ് ഹെറിറ്റേജ് പദ്ധതിയുടെ ഭാഗമായി 10 മ്യൂസിയങ്ങളും ആലപ്പുഴ ഹെറിറ്റേജ് പദ്ധതിയുടെ ഭാഗമായി 7 മ്യൂസിയങ്ങളും തലശ്ശേരി ഹെറിറ്റേജ് പദ്ധതിയിൽ 7 മ്യൂസിയങ്ങളും നടപ്പിലാക്കിവരുന്നു.

(ബി) നിലവിലുള്ള മ്യൂസിയങ്ങളുടെ നവീകരണം അടിയന്തരമായി നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

തിരുവനന്തപുരത്തെ നേപ്പിയർ മ്യൂസിയത്തിൽ 12.73 കോടി രൂപയുടെ നവീകരണ പദ്ധതി ട്രാവൻകൂർ ഹെറിറ്റേജ് പദ്ധതിയിൽ ഉൾപ്പെടുത്തി ടൂറിസം വകുപ്പിന് കീഴിൽ നടപ്പിലാക്കിവരുന്നു.

പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള നെടുമങ്ങാട് കോയിക്കൽ കൊട്ടാരം മ്യൂസിയത്തിന്റെ പുന:സജ്ജീകരണ പ്രവർത്തനങ്ങൾ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ പൂർത്തിയായിക്കഴിഞ്ഞു.

എറണാകുളം, തൃപ്പൂണിത്തുറ ഹിൽപ്പാലസ് മ്യൂസിയത്തിന്റെ ഒന്നാംഘട്ട നവീകരണ പ്രവർത്തനവും പൂർത്തിയാക്കി. രണ്ടാംഘട്ട പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

കോഴിക്കോട് പഴശ്ശിരാജാ മ്യൂസിയത്തിന്റെ പുന:സജ്ജീകരണ പ്രവൃത്തി നിലവിൽ നടന്നു വരികയാണ്.

തൃശ്ശൂർ ശക്തൻ തമ്പുരാൻ മ്യൂസിയത്തിന്റെ നവീകരണ സജ്ജീകരണ പ്രവർത്തനങ്ങളുടെ ടെണ്ടർ നടപടി ആരംഭിച്ചിട്ടുണ്ട്.

പത്മനാഭപുരം കൊട്ടാരത്തിൽ നിലവിലുള്ള മ്യൂസിയത്തിന്റെ നവീകരണ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

സാംസ്കാരിക വകുപ്പിന് കീഴിൽ മ്യൂസിയം നിർമ്മിതിക്കായി വിദഗ്ധരെ ഉൾപ്പെടുത്തി ഒരു സ്റ്റോറിബോർഡ് കമ്മിറ്റിയും മ്യൂസിയം സാങ്കേതികവിദ്യയിൽ

വിദഗ്ധരായ അംഗങ്ങളെ ഉൾപ്പെടുത്തി ഒരു മ്യൂസിയം കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. മ്യൂസിയം മൃഗശാല വകുപ്പിന് കീഴിൽ പ്രവർത്തിച്ചുവരുന്ന നിലവിലുള്ള 5 മ്യൂസിയങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. തിരുവനന്തപുരം നാച്യുറൽ ഹിസ്റ്ററി മ്യൂസിയത്തിൽ ആധുനിക രീതിയിലുള്ള ശീതീകരണ സംവിധാനം, ടച്ച് കിയോസ്കുകൾ, അന്യം നിന്നുപോയതും വംശനാശം നേരിടുന്നതുമായ ജീവികളുടെയും വസ്തുക്കളുടെയും നേർക്കാഴ്ച വിളിച്ചോതുന്ന ത്രിമാന രൂപങ്ങൾ പ്രദർശിപ്പിച്ചുകൊണ്ടുള്ള Extinct Species Gallery, പുതിയ ജിയോളജിക്കൽ ഗ്യാലറിയും ഇക്കണോമിക് ബോട്ടണി ഗ്യാലറിയും സ്ഥാപിച്ചു. ഭിന്നശേഷി സന്ദർശകരുടെ സൗകര്യാർത്ഥം സ്റ്റെയർ ലിഫ്റ്റ് സ്ഥാപിച്ചു. കൂടാതെ പക്ഷിശാസ്ത്രത്തിലും ഉരഗ, ഉഭയജീവി വിഭാഗത്തിലുമുള്ള ഗവേഷകർക്കായി ഫെർഗ്ഗുസൺ റെപ്പോസിറ്ററി നവീകരണവും പൂർത്തീകരിച്ചു.

തിരുവനന്തപുരം ശ്രീചിത്രാ ആർട്ട് ഗ്യാലറിക്ക് സമീപം ലോകപ്രശസ്ത ചിത്രകാരനായ രാജാ രവിവർമ്മയുടെ നാമധേയത്തിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു പുതിയ ആർട്ട് ഗ്യാലറിയുടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചു. 7.96 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന മ്യൂസിയം സജ്ജീകരണം കേരളം ചരിത്ര പൈതൃക മ്യൂസിയം എന്ന നോഡൽ ഏജൻസി വഴിയാണ് നിർവ്വഹിക്കുന്നത്. ആധുനിക കാലഘട്ടത്തിന്റെ സങ്കൽപ്പത്തിനും മാറ്റത്തിനും അനുസരിച്ചുള്ള ഈ ബൃഹത് പദ്ധതി ഭിന്നശേഷി സൗഹൃദംകൂടി ആയിരിക്കും.

തൃശ്ശൂർ മൃഗശാലയിലെ ആർട്ട് മ്യൂസിയം കെട്ടിടത്തിന്റെ നവീകരണം പൂർത്തിയാക്കി.

ശ്രീചിത്രാ എൻക്ലേവ് കെട്ടിടത്തിന്റെ ഒന്നാംഘട്ടമായ മേൽക്കൂരയുടെ നവീകരണ പ്രവർത്തികൾ 67 ലക്ഷം രൂപ ചെലവിൽ പൂർത്തീകരിച്ചു. രണ്ടാം ഘട്ടമായുള്ള നവീകരണ പ്രവർത്തികൾ പുരാവസ്തു വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു.

**കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് നടപടി**

23 (*413) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ എംപ്ലോയബിലിറ്റി സെന്ററുകളും സ്വയം തൊഴിൽ യൂണിറ്റുകളും പ്രവർത്തിക്കുന്നു. കൂടാതെ ഗ്രാമീണ മേഖലകളിൽ കരിയർ ഡെവലപ്മെന്റ് സെന്ററുകളും പ്രവർത്തിക്കുന്നു. വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകൾ മുഖേന ജോബ് ഫെസ്റ്റുകളും സംഘടിപ്പിക്കുന്നു. സംസ്ഥാന നൈപുണ്യ വികസന മിഷനായ കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE) മുഖേന ഉരുത്തിരിയുന്ന തൊഴിലവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്താൻ ഉദ്യോഗാർത്ഥികളെ സഹായിക്കുന്ന നൈപുണ്യ പരിശീലന പദ്ധതികൾ നടപ്പാക്കുന്നുണ്ട്. ഇത്തരത്തിൽ KASE നടപ്പിലാക്കിവരുന്ന നൈപുണ്യ വികസന പദ്ധതികളാണ് മികവിന്റെ കേന്ദ്രങ്ങളും അക്രെഡിറ്റഡ് കോഴ്സുകളും കൗശൽ കേന്ദ്രകൾ, പ്രധാനമന്ത്രി കൗശൽ വികാസ് യോജന (PMKVY).

(ബി) കഴിഞ്ഞ സർക്കാരിന്റെ കീഴിൽ തൊഴിൽ മേഖല കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിൽ തൃശ്ശൂർ, കാസർഗോഡ്, മലപ്പുറം എന്നീ ജില്ലകളിൽ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തനം ആരംഭിച്ചു. കൂടാതെ ഏഴ് കരിയർ ഡെവലപ്മെന്റ് സെന്ററുകളും ആരംഭിച്ചിട്ടുണ്ട്. സ്വയം തൊഴിൽ പദ്ധതികളായ ശരണ്യ പദ്ധതി പ്രകാരം 16582 പേർക്ക് 81,80,55,020 രൂപ വായ്പ അനുവദിക്കുകയും കെസ്റു പദ്ധതി പ്രകാരം 3147 പേർക്ക് 5,71,69,110 രൂപയും മൾട്ടിപർപ്പസ് ജോബ് ക്ലബ് പദ്ധതിപ്രകാരം 311 സംരംഭങ്ങൾക്ക് 4,83,95,554 രൂപ സബ്സിഡിയായി അനുവദിക്കുകയും മുതിർന്ന പൗരന്മാർക്കായി ആരംഭിച്ച നവജീവൻ പദ്ധതി പ്രകാരം 72 പേർക്ക് 10,93,645 രൂപ വായ്പയായും അനുവദിച്ചിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി രജിസ്റ്റർ ചെയ്ത ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്കായി കൈവല്യ സ്വയം തൊഴിൽ പദ്ധതിയും ആരംഭിച്ചു.

ഐ.ടി.ഐ-കൾ മുഖേന നടത്തിയ തൊഴിൽ മേളകളിലൂടെ 14420 പേർക്ക് തൊഴിൽ നേടാനായി. ഓരോ ഐ.ടി.ഐ. ക്യാമ്പസിലും പ്രവർത്തിക്കുന്ന പ്ലേസ്മെന്റ് സെൽ വഴി 23,754 കുട്ടികൾക്ക് തൊഴിൽ ലഭിക്കുകയുണ്ടായി. കിഫ്ബി ഫണ്ട് ഉപയോഗിച്ച് 10 ഐ.ടി.ഐ-കൾ ഇന്റർനാഷണൽ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. പിന്നാക്ക മേഖലകളിലുൾപ്പെടെ പുതിയ 22 ഐ.ടി.ഐ-കൾ ആരംഭിക്കുകയുണ്ടായി. നിലവിലുള്ള ഐ.ടി.ഐ-കളിൽ ആധുനിക ട്രേഡുകളും നൂതന കോഴ്സുകളും ആരംഭിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. കാലാവധി പൂർത്തിയായ 49 തൊഴിൽ മേഖലകളിൽ

മിനിമം വേതനം പുതുക്കി നിശ്ചയിക്കുകയും 6 തൊഴിൽ മേഖലകളിൽ പുതിയതായി മിനിമം വേതനം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് തൊഴിൽ വകുപ്പിന് കീഴിൽ 12 വ്യവസായബന്ധ സമിതികളും ഒരു വ്യവസായബന്ധ ബോർഡും പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്തെ തൊഴിൽ മേഖലയിലെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അനുരഞ്ജന യോഗങ്ങൾ ചേർന്ന് തൊഴിലാളികളുടെയും തൊഴിലുടമകളുടെയും പരസ്പരസഹകരണത്തോടുകൂടി പ്രശ്നങ്ങൾ തീർപ്പാക്കാൻ ആവശ്യമായ ശ്രമങ്ങൾ നടത്തിവരുന്നു. തൊഴിൽ വകുപ്പ് ഓൺലൈനായി നൽകിവരുന്ന എല്ലാ സേവനങ്ങളും Labour Commissioner Automated System (LCAS) എന്ന വെബ്പോർട്ടലിലൂടെ ലഭ്യമാക്കിവരുന്നു. തൊഴിലാളികൾക്ക് അവരുടെ വേതനം അവരവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് ക്രെഡിറ്റ് ചെയ്യുന്നതിനായി Wage Protection System (WPS) നിലവിൽ വന്നിട്ടുണ്ട്. സംസ്ഥാനത്ത് നോക്കുകൂലി നിരോധിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. അന്യ സംസ്ഥാന തൊഴിലാളികൾക്ക് അവരുടെ അവകാശങ്ങളെയും ലഭിക്കാനുള്ള സേവനങ്ങളെയും സംബന്ധിച്ച് അറിവ് നൽകുന്നതിനും തൊഴിലാളികളുടെ കുടിശ്ശിക, വേതനം സംബന്ധിച്ച പരാതികൾ, അവരുടെ യാത്ര തുടങ്ങിയ കാര്യങ്ങളിൽ ആവശ്യമായ സഹായങ്ങൾ നൽകുന്നതിന് സംസ്ഥാനത്ത് 9 ജില്ലകളിൽ ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിച്ചു. സംസ്ഥാനത്ത് തൊഴിലാളികൾക്ക് തൊഴിൽ സംബന്ധമായ പരാതി നേരിട്ട് നൽകുന്നതിന് ലേബർ കമ്മീഷണറേറ്റിൽ കോൾ സെന്റർ പ്രവർത്തിച്ചുവരുന്നു.

(സി) സംസ്ഥാനത്തെ തൊഴിൽ രംഗം സജീവമാക്കുന്നതിനും അഴിമതിയടക്കമുള്ള പ്രവണതകളിൽ നിന്ന് വിമുക്തമാക്കുന്നതിനും ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

സംസ്ഥാനത്ത് തൊഴിൽ രംഗം സജീവമാക്കുന്നതിനായി പിന്നാക്ക മേഖലകളിലുൾപ്പെടെ പുതിയ ഐ.ടി.ഐ-കൾ ആരംഭിക്കുകയുണ്ടായി. നിലവിലുള്ള ഐ.ടി.ഐ-കളിൽ ആധുനിക ട്രേഡുകളും നൂതന കോഴ്സുകളും ആരംഭിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. തൊഴിൽ വകുപ്പ് ഓൺലൈനായി നൽകിവരുന്ന എല്ലാ സേവനങ്ങളും Labour Commissioner Automated System (LCAS) എന്ന വെബ്പോർട്ടലിലൂടെ ലഭ്യമാക്കിവരുന്നു. തൊഴിലാളികൾക്ക് അവരുടെ വേതനം അവരവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് ക്രെഡിറ്റ് ചെയ്യുന്നതിനായി നിലവിൽ വന്ന Wage Protection System (WPS) ഊർജിതമായി നടപ്പാക്കിവരുന്നു. അന്യസംസ്ഥാന തൊഴിലാളികൾക്ക് അവരുടെ അവകാശങ്ങളെയും ലഭിക്കാനുള്ള സേവനങ്ങളെയും സംബന്ധിച്ച് അറിവ് നൽകുന്നതിനും തൊഴിലാളികളുടെ കുടിശ്ശിക, വേതനം സംബന്ധിച്ച പരാതികളിലും അവരുടെ യാത്ര തുടങ്ങിയ കാര്യങ്ങളിൽ ആവശ്യമായ സഹായങ്ങൾ നൽകുന്നതിന് സംസ്ഥാനത്ത് ആരംഭിച്ച ഫെസിലിറ്റേഷൻ സെന്ററുകൾ കാര്യക്ഷമമായി നടപ്പാക്കി വരുന്നു. ചുമട്ടുതൊഴിൽ മേഖലയിലെ

അനാരോഗ്യകരമായ പ്രവണതകൾ അവസാനിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ തൊഴിലാളി യൂണിയനുകളുടെ യോഗം വിളിച്ചുചേർത്തിട്ടുണ്ട്. സംസ്ഥാനത്ത് തൊഴിലാളികൾക്ക് തൊഴിൽ സംബന്ധമായ പരാതി നേരിട്ട് നൽകുന്നതിന് ലേബർ കമ്മീഷണറേറ്റിൽ കോൾ സെന്റർ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ഉൾപ്പെടെ തൊഴിൽ വകുപ്പിന് കീഴിലുള്ള ഓഫീസുകളിലെ സേവനങ്ങൾ ജനോപകാരപ്രദവും കാര്യക്ഷമവുമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

എംപ്ലോയ്മെന്റ് വകുപ്പിന്റെ സേവനങ്ങൾ സുതാര്യവും ജനോപകാരപ്രദവും കാര്യക്ഷമവുമാക്കുന്നതുമായി ബന്ധപ്പെട്ട് കേരളത്തിലെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ വകുപ്പ് നൽകുന്ന പ്രത്യക്ഷ സേവനങ്ങൾ തൊഴിലന്വേഷകർക്ക് എല്ലായ്പ്പോഴും എവിടെ നിന്നും ലഭ്യമാകുന്ന രീതിയിൽ ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് (www.eemployment.kerala.gov.in) എന്ന ഓൺലൈൻ പോർട്ടൽ വികസിപ്പിച്ച് പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്.

പിന്നാക്ക മേഖലയിലുൾപ്പെടെ പുതിയ ഐ.ടി.ഐ-കൾ ആരംഭിക്കുകയുണ്ടായി. കിഫ്ബി ഫണ്ട് ഉപയോഗിച്ച് 10 ഐ.ടി.ഐ-കൾ ഇന്റർനാഷണൽ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഐ.ടി.ഐ. പ്രവേശനം കൂടുതൽ കാര്യക്ഷമവും ജനോപകാരപ്രദവും ആക്കുന്നതിനുവേണ്ടി ഓൺലൈൻ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. വകുപ്പ് തനതായി വികസിപ്പിച്ച ഇ-ലേണിംഗ് പ്ലാറ്റ്ഫോം ആയ SMILE പൂർത്തിയായി വരുന്നു. എല്ലാ വർഷവും ജില്ലാടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്ന ജോബ് ഫെയർ വഴിയും എല്ലാ ഐ.ടി.ഐ. ക്യാമ്പസുകളിലും പ്രവർത്തിച്ചുവരുന്ന പ്ലേസ്മെന്റ് സെൽ വഴിയും സ്വദേശത്തും വിദേശത്തുമുള്ള ധാരാളം കമ്പനികളിൽ തൊഴിൽ കണ്ടെത്തുവാൻ ട്രേഡ് പാസ്സായ കുട്ടികൾക്ക് അവസരം ലഭിക്കുന്നു.

**കരിയർ സംബന്ധമായ ദിശാസൂചകങ്ങൾ**

24 (*414) ശ്രീ. എം. നൗഷാദ്:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സെക്കണ്ടറി, ഹയർ സെക്കണ്ടറി വിദ്യാഭ്യാസം പൂർത്തിയാകുന്നമുറയ്ക്ക് കരിയർ സംബന്ധമായ സംശയങ്ങൾ ദൂരീകരിക്കുന്നതിനും

ദിശാസൂചകങ്ങൾക്കും പ്രത്യേക സംവിധാനമുണ്ടാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

പൊതുവിദ്യാഭ്യാസ വകുപ്പ് ഹയർസെക്കണ്ടറി വിദ്യാഭ്യാസ വിഭാഗത്തിൽ സ്കൂളുകളിലെ വിദ്യാർത്ഥി കേന്ദ്രീകൃത പ്രവർത്തനങ്ങളായ കരിയർ ഗൈഡൻസ് & അഡോളസെന്റ് ഹെൽത്ത് കെയർ പദ്ധതികൾ വിഭാവനം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനുമായി കരിയർ ഗൈഡൻസ് & അഡോളസെന്റ് കൗൺസിലിംഗ് സെൽ എന്ന പ്രത്യേക വിഭാഗം 2011 മുതൽ പ്രവർത്തിച്ചുവരുന്നു. നിലവിൽ വി.എച്ച്.എസ്.ഇ. വിഭാഗത്തിൽ വിദ്യാർത്ഥികൾക്ക് കരിയർ ദിശാബോധം നൽകുന്നതിനുവേണ്ടി കരിയർ ഗൈഡൻസ് ആൻഡ് കൗൺസിലിംഗ് സെൽ പ്രവർത്തിച്ച് വരുന്നു.

(ബി) വിവിധ ഉപരിപഠന, തൊഴിൽ സാദ്ധ്യതകൾ സംബന്ധിച്ചും മാറുന്ന തൊഴിൽ സാഹചര്യങ്ങൾ, വ്യവസായങ്ങൾ, അഭിരുചി അടിസ്ഥാനപ്പെടുത്തിയുള്ള മേഖല തെരഞ്ഞെടുക്കുന്നതിന്റെ പ്രാധാന്യം എന്നിവ സംബന്ധിച്ചും വിദ്യാർത്ഥികളിലും രക്ഷിതാക്കളിലും അവബോധം സൃഷ്ടിക്കുന്നതിനുതകുന്ന പ്രത്യേക പദ്ധതി പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

വിവിധ ഉപരിപഠന, തൊഴിൽ സാദ്ധ്യതകൾ സംബന്ധിച്ചും മാറുന്ന തൊഴിൽ സാഹചര്യങ്ങൾ, വ്യവസായങ്ങൾ, അഭിരുചി അടിസ്ഥാനപ്പെടുത്തിയുള്ള മേഖല തെരഞ്ഞെടുക്കുന്നതിന്റെ പ്രാധാന്യം എന്നിവ സംബന്ധിച്ചും വിദ്യാർത്ഥികളിലും രക്ഷിതാക്കളിലും അവബോധം സൃഷ്ടിക്കുന്നതിനുതകുന്ന പ്രത്യേക പദ്ധതി ഹയർ സെക്കൻണ്ടറി വിഭാഗം കരിയർ ഗൈഡൻസ് & അഡോളസെന്റ് കൗൺസിലിംഗ് സെൽ വഴി നടപ്പാക്കിവരുന്നു. വൊക്കേഷണൽ ഹയർ സെക്കൻണ്ടറി വിഭാഗത്തിൽ ഉപരിപഠന, തൊഴിൽ സാദ്ധ്യതകളെ സംബന്ധിച്ചും മാറുന്ന തൊഴിൽ സാഹചര്യങ്ങൾ, വ്യവസായങ്ങൾ, അഭിരുചി അടിസ്ഥാനപ്പെടുത്തിയുള്ള മേഖല തെരെഞ്ഞെടുക്കുന്നതിന്റെ പ്രാധാന്യം സംബന്ധിച്ചും വിദ്യാർത്ഥികളിലും രക്ഷകർത്താക്കളിലും അവബോധം സൃഷ്ടിക്കുന്നതിനുതകുന്ന വിവിധ പദ്ധതികൾ വി.എച്ച്.എസ്.ഇ. കരിയർ ഗൈഡൻസ് ആൻഡ് കൗൺസിലിംഗ് സെല്ലിന്റെ നേതൃത്വത്തിൽ നടത്തിവരുന്നു.

ഫെയ്സ് ടു ഫെയ്സ്: വി.എച്ച്.എസ്.ഇ. വിദ്യാർത്ഥികൾക്ക് സ്വയം തൊഴിൽ നേടുന്നതിനും ആത്മ വിശ്വാസം വർദ്ധിപ്പിക്കുന്നതിനും ഒരു സംരംഭകനെ ഉൾപ്പെടുത്തി ക്ലാസ്സ് നടത്തുക എന്നതാണ് ഈ പദ്ധതി. അതത് കോഴ്സുമായി ബന്ധപ്പെട്ട മേഖലയിൽ തൊഴിൽ നൈപുണ്യമുള്ള സംരംഭകനെ വിദ്യാലയങ്ങളിൽ വിളിച്ച് വരുത്തുകയും കുട്ടികളുമായി സംവാദത്തിൽ ഏർപ്പെടുകയും ചെയ്യുന്ന പരിപാടി പൊതുവെ കുട്ടികൾക്ക് പ്രചോദനം നൽകുന്ന സംവിധാനമാണ്.

കരിയർ പ്ലാനിംഗ്: മികച്ച വിദ്യാഭ്യാസവും തൊഴിലും നേടുന്നതിനുള്ള അവസരങ്ങളെപ്പറ്റി വിദ്യാർത്ഥികളെ ബോധവാന്മാരാക്കുക എന്നതും ഓരോ വിദ്യാർത്ഥികളുടെയും ചുറ്റുപാടുകൾക്കനുസരണമായി കരിയർ തെരെഞ്ഞെടുക്കാൻ അവരെ പ്രാപ്തരാക്കുക എന്നതുമാണ് കരിയർ പ്ലാനിംഗിന്റെ ഉദ്ദേശം. കരിയർ മേഖലയിലെ വിദഗ്ധർ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നു.

**അദ്ധ്യാപക ശാക്തീകരണത്തിനുള്ള പദ്ധതികൾ**

25 (*415) ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതു വിദ്യാഭ്യാസരംഗത്തെ പഠന, ബോധന പ്രക്രിയ ഫലപ്രദവും കാലോചിതവുമാക്കുന്നതിന് അദ്ധ്യാപക ശാക്തീകരണം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പൊതുവിദ്യാലയങ്ങളിലെ പഠനബോധന പ്രക്രിയ കാലോചിതമാക്കുന്നതിന് അദ്ധ്യാപക ശാക്തീകരണം ഉറപ്പുവരുത്താനായി നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ താഴെ സൂചിപ്പിക്കുന്നു.

1. അവധിക്കാല അദ്ധ്യാപക ശാക്തീകരണ പരിപാടി

എല്ലാവർഷവും അവധിക്കാലത്ത് അദ്ധ്യാപകർക്കുള്ള ശാക്തീകരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നുണ്ട്. പഠനബോധന രീതിശാസ്ത്രത്തിൽ വരുന്ന പുതിയ പ്രേരകങ്ങളെയും വിജ്ഞാന മേഖലകളിൽ ഉണ്ടാകുന്ന മാറ്റങ്ങളെയും അധികരിച്ചാണ് ഈ ശാക്തീകരണം സംഘടിപ്പിച്ചുവരുന്നത്. കോവിഡിന്റെ പശ്ചാത്തലത്തിൽ പ്രസ്തുത ശാക്തീകരണം വിക്ടേഴ്സ് ചാനൽ, ഓൺലൈൻ സംവിധാനങ്ങൾ എന്നിവ മുഖാന്തരം സംഘടിപ്പിച്ചുവരുന്നു.

2. ക്ലസ്റ്റർ അധിഷ്ഠിത അദ്ധ്യാപക ശില്പശാലകൾ

സംസ്ഥാനത്തെ സ്കൂളുകളെ വിവിധ ക്ലസ്റ്ററുകളായി തിരിക്കുകയും പ്രസ്തുത ക്ലസ്റ്ററുകളുടെ പരിധിയിൽ വരുന്ന സ്കൂളുകളിലെ അദ്ധ്യാപകർ ഒത്തുചേർന്ന് പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് അവസരമൊരുക്കുകയുമാണ് ഈ ശാക്തീകരണ പരിപാടിയിലൂടെ ചെയ്തുവരുന്നത്. അദ്ധ്യാപകരുടെ അദ്ധ്യായന രംഗത്തെ മികവുകൾ ചർച്ച ചെയ്യുന്നതിനും അക്കാദമിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമുള്ള വേദിയാണിത്.

3. ആവശ്യാധിഷ്ഠിത പ്രത്യേക ശാക്തീകരണ പരിപാടികൾ

വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ടും, പ്രത്യേക പരിപാടികളുമായി ബന്ധപ്പെട്ടും ആവശ്യാധിഷ്ഠിത പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. താഴെപറയുന്ന പരിപാടികൾ ശ്രദ്ധേയമാണ്.

i) റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് -ബാംഗ്ലൂരിൽ സംഘടിപ്പിക്കുന്ന ഇംഗ്ലീഷ് അദ്ധ്യാപക ശാക്തീകരണ പരിപാടി

ii) ഡിസ്ട്രിക്റ്റ് സെന്റർ ഫോർ ഇംഗ്ലീഷ് ഫണ്ട് ഉപയോഗിച്ച് ജില്ലകളിൽ നടത്തുന്ന ശാക്തീകരണ പരിപാടി.

iii) തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന വിവിധ പഠനപോഷണ പദ്ധതികളുമായി ബന്ധപ്പെട്ട പരിശീലനങ്ങൾ.

എസ്.സി.ഇ.ആർ.ടി-യുടെ സഹകരണത്തോടെ വിവിധ അദ്ധ്യാപക പരിശീലനങ്ങൾ ഹയർ സെക്കണ്ടറി മേഖലയിൽ നടത്തിവരുന്നു. ഹയർ സെക്കണ്ടറി അദ്ധ്യാപക ശാക്തീകരണത്തിനായി' ഹയർ സെക്കണ്ടറി അദ്ധ്യാപക പരിവർത്തനോന്മുഖ പരിപാടി ' (HSSTTP) എന്ന 10 ദിവസത്തെ റസിഡൻഷ്യൽ റിഫ്രഷർ കോഴ്സാണ് പ്രധാനമായും നടത്തുന്നത്. സീ-മാറ്റ് കേരളയുമായി സഹകരിച്ചുകൊണ്ട് ഹയർ സെക്കണ്ടറി പ്രിൻസിപ്പാൾമാർക്ക് മൂന്ന് ദിവസത്തെ റസിഡൻഷ്യൽ പരിശീലനം ' ലീഡർഷിപ്പ് എൻഹാൻസ്മെന്റ് പ്രോഗ്രാം' (LEP) നടത്തിവരുന്നു. നിരന്തര മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഓരോ വർഷവും രണ്ട് ഘട്ടങ്ങളിലായി CE പരിശീലനങ്ങളും തുടർന്ന് സ്കൂൾതല മോണിട്ടറിംഗും നടത്തുന്നു.

(ബി) അദ്ധ്യാപകരുടെ റിസോഴ്സ് പൂൾ തയ്യാറാക്കുന്നതിന്റെ ഭാഗമായി പ്രത്യേക കോഴ്സ് ആരംഭിച്ചിട്ടുണ്ടോ; പ്രീസ്കൂൾ അദ്ധ്യാപക പരിവർത്തന പരിപാടിയുടെ ഭാഗമായി പ്രത്യേക പ്രവർത്തന പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

അദ്ധ്യാപകരുടെ റിസോഴ്സ് പൂൾ തയ്യാറാക്കുന്നതിന്റെ ഭാഗമായി അദ്ധ്യാപക പരിവർത്തന പരിപാടി എന്ന പേരിൽ ആറ് മാസത്തെ കോഴ്സ് ആരംഭിച്ചിട്ടുണ്ട്. പ്രീ-സ്കൂൾ അദ്ധ്യാപക പരിവർത്തന പരിപാടിയുടെ ഒന്നാം ഘട്ടമായി 'പ്രശിക്ഷാ 2021' ഏകദിന പരിശീലനം ജൂലൈ, ആഗസ്റ്റ് മാസങ്ങളിലായി നടപ്പിലാക്കി. രണ്ടാം ഘട്ടമായി പൈലറ്റ് പ്രോജക്ടായി നടപ്പിലാക്കുന്ന ക്ലസ്റ്റർ അധിഷ്ഠിത പ്രീ-സ്കൂളിംഗ്, സംവിധാനത്തിൽ ഉൾപ്പെട്ടിട്ടുള്ള പ്രീസ്കൂൾ അദ്ധ്യാപകർ, അങ്കണവാടി അദ്ധ്യാപകർ എന്നിവർക്കുള്ള പരിശീലനം നടപ്പിലാക്കുന്നതിനുള്ള പദ്ധതി

എന്നിവ ആസൂത്രണം ചെയ്തിട്ടുണ്ട്. അറിവ്, നിർമ്മാണവുമായി ബന്ധപ്പെട്ട ധാരണകൾ, ശേഷികൾ, മനോഭാവങ്ങൾ തുടങ്ങിയവ അദ്ധ്യാപകരിൽ വികസിപ്പിച്ചെടുക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് കോഴ്സ് ആരംഭിച്ചത്. ആറ് മാസം നീണ്ടുനിൽക്കുന്ന പ്രസ്തുത കോഴ്സിന്റെ ഭാഗമായി ചർച്ചകൾ, സെമിനാറുകൾ, സിംപോസിയങ്ങൾ, പഠനയാത്രകൾ, വിവരശേഖരണം, പ്രോജക്ടുകൾ, അസൈൻമെന്റുകൾ തുടങ്ങി നിരവധി പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. നിരന്തര വിലയിരുത്തലിനോടൊപ്പം ആത്യന്തിക മൂല്യനിർണ്ണയംകൂടി സംഘടിപ്പിച്ചതിനുശേഷമാണ് സർട്ടിഫിക്കറ്റുകൾ നൽകുന്നത്. സംസ്ഥാനത്തെ 14 ഡയറ്റുകളിലും പ്രവർത്തിച്ച മെന്റർമാരാണ് അദ്ധ്യാപകർക്ക് വേണ്ട ദിശാസൂചകങ്ങൾ നൽകുന്നത്. ജില്ലകളിൽ ഡയറ്റ് പ്രിൻസിപ്പൽമാർ, ഫാക്കൽറ്റി അംഗങ്ങൾ, ജില്ലാ കോർഡിനേറ്റർമാർ എന്നിവർ പരിപാടിക്ക് നേതൃത്വം നൽകിവരുന്നു.

ക്ലസ്റ്റർ അധിഷ്ഠിത പ്രീ-സ്കൂളിംഗ് സംവിധാനം സംസ്ഥാനത്തെ 14 ജില്ലകളിലുള്ള 412 പ്രീ-സ്കൂളുകളെ ക്ലസ്റ്റർസെന്ററായി പരിഗണിക്കുകയും ഓരോ ക്ലസ്റ്റർ പ്രീ-സ്കൂളിന് സമീപത്തുള്ള 3 വീതം അങ്കണവാടികളെ ഈ ക്ലസ്റ്ററുകളിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 412 ക്ലസ്റ്ററുകളിലുള്ള പ്രീ-സ്കൂളുകളിലെയും അങ്കണവാടികളിലെ അദ്ധ്യാപകർക്കും ഉദ്യോഗസ്ഥർക്കുമുള്ള പരിശീലനമാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. അക്കാദമിക പ്രവർത്തനങ്ങളുടെ ഏകോപനത്തിലൂടെ സമീപത്തുള്ള അങ്കണവാടികളെ ക്ലസ്റ്റർ സ്കൂളുകളുമായി ജൈവികമായി ബന്ധിപ്പിച്ച് വിഭവങ്ങൾ പരസ്പരം കൈമാറ്റം ചെയ്യുന്നു. ഇതുമായി ബന്ധപ്പെട്ട് മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ എസ്.സി.ഇ.ആർ.ടി വികസിപ്പിച്ചിട്ടുണ്ട്.

(സി) പുതിയതായി സർവീസിൽ പ്രവേശിക്കുന്ന അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കാമോ?

പുതുതായി സർവീസിൽ പ്രവേശിക്കുന്ന അദ്ധ്യാപകർക്ക് പരിശീലനം നൽകാനായി ഇൻഡക്ഷൻ ട്രെയിനിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പുതിയ പാഠ്യ പദ്ധതിയിലും പഠന രീതിയിലും പരിശീലനം നൽകി, ശിശുകേന്ദ്രീകൃതമായ കരിക്കുലം വിനിമയം ചെയ്യുന്നതിന് അവരെ പ്രാപ്തരാക്കുകയാണ് പരിശീലന ലക്ഷ്യം. സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതിയുടെ നേതൃത്വത്തിൽ മോഡ്യൂൾ തയ്യാറാക്കുകയും ഡയറ്റുകളുടെ നേതൃത്വത്തിൽ പരിശീലനം സംഘടിപ്പിക്കുകയുമാണ് ഇതിലൂടെ ലക്ഷ്യമാക്കുന്നത്.

## മാരിടൈം ബോർഡ് റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കാനുള്ള കേന്ദ്ര സർക്കാർ നീക്കം

26 (*416) ശ്രീ. പി. എസ്. സുപാൽ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ) സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ ഇന്ത്യൻ പോർട്ട് ബില്ലിലൂടെ മാരിടൈം ബോർഡ് റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്.

(ബി) സംസ്ഥാന സർക്കാർ ഈ വിഷയം വിശകലന വിധേയമാക്കിയിട്ടുണ്ടോ എന്നറിയിക്കുമോ?

കേന്ദ്ര ഗവൺമെന്റിലെ തുറമുഖ വകുപ്പിന്റെ ചുമതലയുള്ള മന്ത്രി ചെയർപേഴ്സണായും സംസ്ഥാനങ്ങളിലെ തുറമുഖ വകുപ്പിന്റെ ചുമതലയുള്ള മന്ത്രിമാർ അംഗങ്ങളായും കേന്ദ്രസർക്കാരിന്റെ തുറമുഖ വകുപ്പിലെ സെക്രട്ടറി, ജോയിന്റ് സെക്രട്ടറിമാർ, സാഗർമാല പദ്ധതിയുമായി ബന്ധപ്പെട്ട ജോയിന്റ് സെക്രട്ടറി, ഇന്ത്യൻ നേവിയുടെ കോസ്റ്റൽ സെക്യൂരിറ്റിയുമായി ബന്ധപ്പെട്ട ജോയിന്റ് സെക്രട്ടറി/ജോയിന്റ് സെക്രട്ടറി തലത്തിലുള്ള ഉദ്യോഗസ്ഥൻ, ആഭ്യന്തര, പരിസ്ഥിതി മന്ത്രാലയങ്ങളിലെ ജോയിന്റ് സെക്രട്ടറി എന്നിവർ അംഗങ്ങളായുള്ള റെഗുലേറ്ററി കൗൺസിൽ രൂപീകരിക്കുന്നതിനാണ് ഇന്ത്യൻ പോർട്ട് ബിൽ, 2021-ലെ കരട് ബില്ലിൽ ഉദ്ദേശിച്ചിട്ടുള്ളത്. ബില്ലിലെ വ്യവസ്ഥകൾ സംബന്ധിച്ച് വിശദമായി പരിശോധിക്കുകയും കൗൺസിലിന് കൂടുതൽ അധികാരം നൽകുന്ന ബില്ലിലെ വ്യവസ്ഥകളിൽ സഹകരണ അടിസ്ഥാനത്തിലുള്ള സംയുക്ത സംസ്ഥാന വ്യവസ്ഥിതിയുടെ ഉന്നതമായ മൂല്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട് കൂടുതൽ ചർച്ചകളും സമവായങ്ങളും ആവശ്യമാണെന്നുമുള്ള വസ്തുത ബഹു. പ്രധാനമന്ത്രി മുൻപാകെ 26-6-2021-ൽ ബഹു. മുഖ്യമന്ത്രി ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതും ഇത് സംബന്ധിച്ച് സംസ്ഥാനത്തിന്റെ ഉത്കണ്ഠകളും ആശങ്കകളും യുക്തിസഹമായി പരിഹരിക്കപ്പെടേണ്ടതാണെന്ന് അറിയിച്ചിട്ടുമുണ്ട്.

(സി) അതോറിറ്റിയുടെ രൂപീകരണത്തിലൂടെ എന്തെല്ലാം നിയന്ത്രണങ്ങളാണ് രാജ്യത്തെ നോൺ മേജർ തുറമുഖങ്ങളുടെ പ്രവർത്തനത്തിൽ കൊണ്ടുവരാൻ ശ്രമിക്കുന്നതെന്ന് വിശദീകരിക്കുമോ?

കൗൺസിലിന് അമിത അധികാരങ്ങൾ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ബില്ലിലെ വ്യവസ്ഥ പ്രകാരം ഒരു തുറമുഖത്തെ പ്രവർത്തനരഹിതമായ തുറമുഖമായി പ്രഖ്യാപിക്കുന്നതിന് കേന്ദ്രഗവൺമെന്റിന് അധികാരം നൽകുന്നുണ്ട്. നോൺ മേജർ തുറമുഖങ്ങളിലെ നടത്തിപ്പ് സംബന്ധിച്ചും ഫീസ് സംബന്ധിച്ചും തർക്കങ്ങൾ പരിഹരിക്കുന്നതിനായി രൂപീകരിക്കുന്ന അപ്പലേറ്റ് ട്രൈബ്യൂണലിന്റെ രൂപീകരണം സംബന്ധിച്ചും കേന്ദ്രസർക്കാരിന് കൂടുതൽ അധികാരങ്ങൾ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ചട്ടങ്ങൾ രൂപീകരിക്കുന്നതിനും കേന്ദ്രസർക്കാരിന് ബില്ലിലെ വ്യവസ്ഥകൾ പ്രകാരം അധികാരം നിശ്ചയിക്കപ്പെട്ടിട്ടുണ്ട്.

(ഡി) നോൺ മേജർ തുറമുഖങ്ങളുടെ നിയന്ത്രണം ഉദ്ദേശിച്ച് കേന്ദ്ര സർക്കാർ കൊണ്ടുവരുന്ന നിയമങ്ങൾ സംസ്ഥാന താത്പര്യങ്ങൾക്ക് എതിരാണെങ്കിൽ അവയെ അതിജീവിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

സംസ്ഥാന സർക്കാരിന് എതിരാകാൻ ഇടയുള്ള ബില്ലിലെ വ്യവസ്ഥകൾ സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. മാത്രമല്ല ഇക്കാര്യം ബഹു. മുഖ്യമന്ത്രി തന്നെ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ബില്ലിലെ വ്യവസ്ഥകൾ സംബന്ധിച്ച് കൂടുതൽ ചർച്ചകളും വിലയിരുത്തലുകളും ആവശ്യമാണെന്നും സംസ്ഥാനം ഉന്നയിച്ചിട്ടുള്ള ആശങ്കകളും ഉത്കണ്ഠകളും പരിഹരിക്കപ്പെടേണ്ടതാണെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ, സമവായത്തിൽ അധിഷ്ഠിതമായ നിലപാട് കേന്ദ്രസർക്കാർ സ്വീകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഇ) നോൺ മേജർ തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിൽ കേന്ദ്ര സർക്കാരിന്റെ ധനസഹായം ലഭിക്കുന്നുണ്ടോ; വിശദമാക്കുമോ?

സാഗർമാല പദ്ധതിയിൻകീഴിൽ നോൺ മേജർ തുറമുഖങ്ങളുടെ വികസനത്തിനും തുറമുഖവുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെ വികസനത്തിനും കേന്ദ്ര സർക്കാർ ധനസഹായം നൽകിവരുന്നുണ്ട്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി കൊല്ലം തുറമുഖത്തെ മൾട്ടിപർപ്പസ് ബർത്തിന്റെ നീളം വർദ്ധിപ്പിക്കുന്നതിന് 6.51 കോടി രൂപയുടെ കേന്ദ്രസഹായം ലഭിച്ചിട്ടുണ്ട്. കൊല്ലം ബേപ്പൂർ തുറമുഖങ്ങളുടെ ആഴം വർദ്ധിപ്പിക്കുന്നതിന് ക്യാപിറ്റൽ ഡ്രഡ്ജിംഗ് നടത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്. തുറമുഖങ്ങളെ ബന്ധിപ്പിക്കുന്ന റോഡുകൾ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്രസർക്കാരിന്റെ പരിഗണനയിലാണ്.

## അതിഥി തൊഴിലാളികൾക്കായുള്ള ശ്രമിക് ഫെസിലിറ്റേഷൻ സെന്ററുകൾ

27 (*417) ശ്രീ. പി. നന്ദകുമാർ:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. വി. ജോയി:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ നിർമ്മാണ, വ്യാപാര, വാണിജ്യ മേഖലകളിലടക്കം അതിഥി തൊഴിലാളികൾ നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

സംസ്ഥാനത്തിന്റെ നിർമ്മാണ, വ്യപാര, വാണിജ്യ മേഖലകളിൽ അതിഥി തൊഴിലാളികൾ നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ വികസനപ്രവർത്തനങ്ങളിൽ പ്രത്യേകിച്ച് നിർമ്മാണം, പ്ലൈവുഡ്, ഹോട്ടൽ തുടങ്ങിയ തൊഴിൽ മേഖലകളിൽ അതിഥി തൊഴിലാളികളുടെ സേവനം അത്യന്താപേക്ഷിതമായ സാഹചര്യമാണുള്ളത്.

(ബി) കോവിഡാനന്തരം സംസ്ഥാനത്തേയ്ക്ക് തിരിച്ചെത്തുന്ന അതിഥി തൊഴിലാളികൾക്ക് കോവിഡ് പരിശോധനയും വാക്സിനേഷനും നൽകുന്നതിന് തൊഴിൽ വകുപ്പ് ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

അതിഥി തൊഴിലാളികൾക്ക് വാക്സിനേഷൻ ഉറപ്പാക്കുന്നതിനായി തൊഴിൽ വകുപ്പ് പ്രത്യേക നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഉണ്ടായിരുന്നതും പുതുതായി സംസ്ഥാനത്തേയ്ക്ക് വരുന്നതുമായ എല്ലാ അതിഥി തൊഴിലാളികൾക്കും വാക്സിനേഷൻ ഉറപ്പാക്കുന്നതിനായി വിവിധ വകുപ്പുകളുടെ സഹകരണത്തോടെ തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിൽ നടപടി സ്വീകരിച്ചു. ഇപ്രകാരം നാളിതുവരെയായി 3,11,680 തൊഴിലാളികൾക്ക് 1-ാം ഡോസ് വാക്സിനും 67,581 തൊഴിലാളികൾക്ക് 2-ാം ഡോസ് വാക്സിനും ലഭ്യമാക്കിയിട്ടുണ്ട്. അതിഥി തൊഴിലാളികളുടെ വാക്സിനേഷൻ പ്രവർത്തനങ്ങൾക്കായി 20-9-2021-ലെ സ.ഉ (സാധാ)644/21/DMD നമ്പർ ഉത്തരവ് പ്രകാരം PM care ഫണ്ടിൽ നിന്നും 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(സി) അതിഥി തൊഴിലാളികൾക്ക് രജിസ്ട്രേഷനും മറ്റ് സൗകര്യങ്ങളും ഒരുക്കുന്നതിന് തൊഴിൽ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിനായി ജില്ലാ ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ടോ?

ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണവും രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ട് 27-10-2016 -ലെ സ.ഉ.(സാധാ)നം.1325/16/തൊഴിൽ പ്രകാരം ആവാസ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 1-11-2017 മുതലാണ് ഈ പദ്ധതി ആരംഭിച്ചിട്ടുള്ളത്. 21-10-2021 വരെ 5,09,865 എണ്ണം തൊഴിലാളികളുടെ രജിസ്ട്രേഷൻ ടി പദ്ധതി മുഖേന പൂർത്തീകരിച്ചിട്ടുണ്ട്. കോവിഡ് ഒന്ന്, രണ്ട് തരംഗ കാലയളവിൽ സംസ്ഥാന തൊഴിൽ വകുപ്പിലെ ഫീൽഡ് ലെവൽ ഓഫീസർമാർ മുഖേന ടി കാലയളവിൽ താമസിച്ചുവന്നിരുന്ന അതിഥി തൊഴിലാളികളുടെ പൂർണ്ണവിവരം ജില്ലാ അടിസ്ഥാനത്തിൽ ശേഖരിച്ചുകൊണ്ട് അവരുടെ ക്ഷേമപ്രവർത്തനം ഉറപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തേയ്ക്ക് ജോലിക്കായി വരുന്ന എല്ലാ അതിഥി തൊഴിലാളികളുടെയും രജിസ്ട്രേഷൻ ഉറപ്പാക്കുന്നതിനായി ഒരു പോർട്ടൽ/മൊബൈൽ ആപ്ലിക്കേഷൻ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ടി ആപ്ലിക്കേഷൻ മുഖേന സംസ്ഥാനത്തേയ്ക്ക് കടന്നുവരുന്നതിന് മുൻപുതന്നെ അവരുടെ വിവരങ്ങൾ വകുപ്പിന് ലഭ്യമാക്കുന്ന തരത്തിലാണ് ടി ആപ്ലിക്കേഷൻ രൂപകൽപ്പന ചെയ്തിട്ടുള്ളത്. കൂടാതെ 9 ജില്ലകളിൽ ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള അനുമതി നൽകുകയും ആയത് പ്രാവർത്തികമാക്കി നിലവിൽ പ്രവർത്തിച്ചുവരുന്നതും ബാക്കി 5 ജില്ലകളിൽ കൂടി ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ ആയത് ഉദ്ഘാടനം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുമുണ്ട്.

(ഡി) അതിഥി തൊഴിലാളികളുടെ വിവിധ ആവശ്യങ്ങൾ പരിഹരിക്കുന്നതിനുള്ള ശ്രമിക് ഫെസിലിറ്റേഷൻ സെന്ററുകളുടെ പ്രവർത്തനം വിശദമാക്കാമോ?

സംസ്ഥാനത്ത് ജോലി ചെയ്യുന്ന അതിഥി തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി സർക്കാർ ആവിഷ്കരിച്ചിട്ടുള്ള ‘ ആവാസ് പദ്ധതി’ യുടെ രജിസ്ട്രേഷൻ, അതിഥി തൊഴിലാളികൾക്കായുള്ള ലീഗൽ എയ്ഡ്, തൊഴിൽ സാഹചര്യങ്ങളെ സംബന്ധിച്ച വിശദീകരണം, സംശയ ദൂരീകരണം, സംസ്ഥാന സർക്കാർ അതിഥി തൊഴിലാളികൾക്കായി നൽകിവരുന്ന മറ്റ് ക്ഷേമപ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരണം എന്നിവ തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിനായി വടക്കേ ഇന്ത്യൻ ഭാഷകൾ കൈകാര്യം ചെയ്യാനറിയാവുന്നവരെ ഫെസിലിറ്റേറ്ററായി നിയമിച്ചുകൊണ്ട് അതിഥി തൊഴിലാളികൾക്ക് നിയമപരമായ ആനുകൂല്യങ്ങളും ക്ഷേമ ആനുകൂല്യങ്ങളും തൊഴിൽ സാഹചര്യങ്ങളും മറ്റ് സഹായങ്ങളും ഉറപ്പാക്കുക എന്നതാണ് ഫെസിലിറ്റേഷൻ സെന്ററുകളുടെ ലക്ഷ്യം. കൂടാതെ നിയമപരമായ നിഷേധങ്ങൾ സംബന്ധിച്ചോ മറ്റെന്തെങ്കിലും ആവശ്യം സംബന്ധിച്ചോ ഫെസിലിറ്റേഷൻ സെന്ററിൽ ഏതെങ്കിലും പരാതികൾ അറിയിക്കുന്നപക്ഷം ആയത് ബന്ധപ്പെട്ട

ജില്ലാ ലേബർ ഓഫീസർക്ക് കൈമാറി നടപടി സ്വീകരിച്ച് പ്രശ്നപരിഹാരം കാണുന്നതിനുള്ള നടപടിയും സ്വീകരിക്കാറുണ്ട്.

**കാരവൻ ടൂറിസം**

28 (*418) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമഗ്ര കാരവൻ ടൂറിസം സംബന്ധിച്ച് സർക്കാർ നയം പ്രഖ്യാപിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് സമഗ്ര കാരവൻ ടൂറിസം നയം 8-10-2021-ലെ സ.ഉ.(കൈ)നം.18/21/ടൂറിസം പ്രകാരം ഉത്തരവായിട്ടുണ്ട്. കാരവൻ ടൂറിസം പദ്ധതി നടപ്പാക്കുവാനായി മോട്ടോർ വാഹനവകുപ്പുമായി വിശദമായ ചർച്ചകൾ നടത്തിയതിന്റെ അടിസ്ഥാനത്തിൽ തടസ്സങ്ങളില്ലാതെ കാരവൻ വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും പൊതുനിരത്തിലൂടെ സഞ്ചരിക്കുന്നതിനുമുള്ള സംവിധാനങ്ങൾ ഒരുക്കാൻ മോട്ടോർ വാഹന വകുപ്പ് തീരുമാനമെടുത്തുകഴിഞ്ഞു. കാരവനുകളുടെ നികുതി ഗണ്യമായി കുറവ് ചെയ്യുവാൻ വേണ്ട നടപടിയും മോട്ടോർ വാഹനവകുപ്പ് സ്വീകരിച്ചിട്ടുണ്ട്. വിവിധ മോട്ടോർ വാഹന നിർമ്മാതാക്കൾ കാരവൻ വാഹനം നിർമ്മിച്ച് വിപണിയിലിറക്കാൻ മുന്നോട്ടുവന്നിട്ടുണ്ട്. പ്രശസ്തമായ ഒരു കമ്പനി ഇപ്പോൾത്തന്നെ അവരുടെ ആദ്യത്തെ കാരവൻ വാഹനം വിപണിയിലെത്തിച്ചിട്ടുണ്ട്. കാരവൻ വാങ്ങുവാനായും കാരവൻ പാർക്കുകൾ നിർമ്മിക്കുവാനുമായി നിരവധി സംരംഭകർ മുന്നോട്ടുവന്നിട്ടുണ്ട്. അവർക്കായി രജിസ്ട്രേഷൻ ഏർപ്പെടുത്തുവാനുള്ള ഓൺലൈൻ സംവിധാനം നവംബർ ആദ്യവാരത്തോടെ തയ്യാറാകും. കാരവൻ ടൂറിസം സഞ്ചാരികൾക്കിടയിൽ പ്രചരിപ്പിക്കുന്നതിനായി ഒരു പ്രത്യേക പരസ്യക്യാമ്പയിൻ ഉടൻ അവതരിപ്പിക്കും. അതിന്റെ പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. 2022 ആദ്യഘട്ടത്തിൽ കാരവനുകൾ പ്രവർത്തനസജ്ജമാകും എന്ന് പ്രതീക്ഷിക്കുന്നു.

(ബി) ടൂറിസം മേഖലയ്ക്ക് ഉണർവ്വേകാൻ കാരവൻ ടൂറിസം എപ്രകാരം സഹായിക്കുമെന്നും ഇതിലൂടെ ലഭിക്കുന്ന നേട്ടങ്ങൾ എന്തെല്ലാമെന്നും വിശദമാക്കാമോ?

കോവിഡാനന്തര സാഹചര്യത്തിൽ സഞ്ചാരികളെ വരവേൽക്കുവാനായി ഇനിയും ഒരു പടികൂടി കേരളം മുന്നോട്ടുപോകേണ്ടിയിരിക്കുന്നു. അതിന്റെ ഭാഗമായി

കൂടുതൽ മികച്ച പ്രചരണ പ്രവർത്തനങ്ങൾക്കൊപ്പം സഞ്ചാരികൾക്കായി പുത്തൻ അനുഭവങ്ങളും ഏർപ്പെടുത്തണമെന്നും നിശ്ചയിച്ചിട്ടുണ്ട്. നവീനമായ ഒരു ടൂറിസം ഉൽപ്പന്നം എന്ന നിലയ്ക്കാണ് "കാരവൻ ടൂറിസം" അവതരിപ്പിച്ചിട്ടുള്ളത്. പതിറ്റാണ്ടുകളായി കേരളത്തിന്റെ പ്രധാന ആകർഷണമായി ഹൗസ് ബോട്ടും കായൽ ടൂറിസവും തുടരുന്നു. അതുപോലെ നവീനമായതും മികവുറ്റതുമായ ഒരു ടൂറിസം ഉൽപ്പന്നം കൊണ്ടുവരേണ്ടത് മാറിയ സാഹചര്യങ്ങളിൽ അത്യന്താപേക്ഷിതമാണെന്ന ചിന്തയിൽ നിന്നുമാണ് "കാരവൻ ടൂറിസം" എന്ന സങ്കൽപ്പം ഉയർന്നുവന്നിട്ടുള്ളത്. ടൂറിസം മേഖലയുടെ സമഗ്രവികസനത്തിനായി ഈ സങ്കൽപ്പത്തെ പുനഃപ്രതിഷ്ഠിക്കുവാനാണ് കാരവൻ ടൂറിസം നയം രൂപീകരിച്ചിട്ടുള്ളത്. വിനോദസഞ്ചാരികൾക്ക് തങ്ങൾക്ക് പ്രിയപ്പെട്ടതും അതോടൊപ്പം ഇതേവരെ പ്രശസ്തിയാർജ്ജിച്ചിട്ടില്ലാത്തതുമായ വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്ക് യാത്ര ചെയ്യാനും ആസ്വദിക്കാനും ഇത് സഹായകരമാകും. പകൽസമയത്ത് സഞ്ചരിക്കുവാനും രാത്രികാലങ്ങളിൽ താമസിക്കുവാനും വേണ്ട സൗകര്യങ്ങളോടെയാണ് കാരവനുകൾ രൂപകൽപ്പന ചെയ്തിട്ടുള്ളത്. മിതമായ നിരക്കിൽ ഒരു റിസോർട്ടിലോ ഹോട്ടലിലോ ലഭിക്കുന്ന സൗകര്യങ്ങൾ ഓരോ കാരവനിലും ഉണ്ടാകും. പ്രധാനമായും സ്വകാര്യമേഖലയിലെ സംരംഭകരുടെ ഉടമസ്ഥതയിലാണ് കാരവനുകൾ നിരത്തിലിറങ്ങാൻ പോകുന്നത്. കാരവൻ ടൂറിസം പദ്ധതിയിലൂടെ സംസ്ഥാനത്ത് വിവിധതലങ്ങളിലുള്ള നേട്ടങ്ങൾ സർക്കാർ ലക്ഷ്യമിടുന്നു.

1. ടൂറിസം മേഖലയുടെ സമഗ്രവികസനം സാധ്യമാക്കുക.
2. കേരളത്തിലെ unexplored destination-കൾ സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുക.
3. നിലവിൽ താരതമ്യേന താമസസൗകര്യങ്ങൾ കുറഞ്ഞ കേന്ദ്രങ്ങളിൽ സഞ്ചാരികളുടെ വരവ് ഉയർത്തുക.
4. വിവിധ ജനസമൂഹങ്ങൾക്കുകൂടി പ്രയോജനകരമാകുന്ന വിധത്തിൽ ഉത്തരവാദിത്വ ടൂറിസം വികസനം നടപ്പിലാക്കുക.
5. തദ്ദേശവാസികൾക്ക് തൊഴിലവസരം സൃഷ്ടിക്കുക.
6. ടൂറിസം മേഖലയിൽ കൂടുതൽ നിക്ഷേപം ആകർഷിക്കുക.
7. ടൂറിസം മേഖലയെ കൂടുതൽ പരിസ്ഥിതി സൗഹൃദമാക്കുക.

കേരളത്തിന്റെ നിക്ഷേപ സാദ്ധ്യതയിലും തൊഴിൽ മേഖലയിലും വിദേശനാണ്യമുൾപ്പെടെയുള്ള വരുമാനസ്രോതസ്സിലും വലിയ സംഭാവന നൽകുന്ന

മേഖലയാണ് ടൂറിസം. ടൂറിസം വ്യവസായത്തിന്റെ മുന്നോട്ടുള്ള കുതിപ്പിൽ പ്രധാന പങ്കുവഹിക്കുവാൻ പോകുന്നത് കാരവൻ ടൂറിസം പദ്ധതിയാണെന്ന് വിലയിരുത്തുന്നു.

### റവന്യൂ വകുപ്പിന്റെ പ്രവർത്തനം ഡിജിറ്റലാക്കുന്നതിന് നടപടി

29 (*419) ശ്രീ. എം. എം. മണി:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ വകുപ്പിന്റെ പ്രവർത്തനം നവീകരിക്കുന്നതിന്റെയും സുതാര്യമാക്കുന്നതിന്റെയും ഭാഗമായി വകുപ്പിന്റെ എല്ലാ ഓഫീസുകളും സേവനങ്ങളും ഡിജിറ്റലാക്കി മാറ്റുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ?

റവന്യൂ വകുപ്പിന് കീഴിൽ വരുന്ന വില്ലേജ് ഓഫീസ് ഉൾപ്പെടെയുള്ള എല്ലാ ഓഫീസ് സംവിധാനങ്ങളുടെയും ആധുനീകരണത്തിനും വിവിധ സേവനങ്ങൾ ആവശ്യമുള്ളവർക്ക് പരമാവധി വേഗത്തിൽ സുതാര്യമായി സേവനങ്ങൾ ലഭിക്കുന്നതിനും പരമാവധി സേവനങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമിലാക്കി ഇ-ഗവേർണൻസ് സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. പരമാവധി സേവനങ്ങൾ ഇ-ഗവേർണൻസ് പ്ലാറ്റ്ഫോമിലൂടെ ലഭ്യമാക്കുന്നതുവഴി പൊതുജനങ്ങൾക്ക് റവന്യൂ ഓഫീസുകളിലേയ്ക്ക് നേരിട്ട് പോകാതെതന്നെ അപേക്ഷകൾ സമർപ്പിക്കുവാനും സേവനങ്ങൾ വീട്ടിലിരുന്ന് തന്നെ ലഭിക്കുന്നതിനും സാധിക്കുന്നു. സർക്കാർ സേവനങ്ങൾ ലഭിക്കുന്നതിന് വേണ്ടിവരുന്ന സമയം, ചെലവ്, അദ്ധ്വാനം എന്നിവ പരമാവധി കുറയ്ക്കുവാനും സർക്കാർ നടപടിക്രമങ്ങളിൽ ജനങ്ങൾക്ക് നേരിട്ട് പങ്കാളികൾ ആകുവാനും സാധിക്കുന്നു. സുതാര്യത ഉറപ്പാക്കിക്കൊണ്ട് റവന്യൂ ഓഫീസുകളിൽനിന്നും ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരം ഉയർത്തുകയെന്ന ലക്ഷ്യത്തോടെയും ചുവടെ ചേർത്തിരിക്കുന്ന പദ്ധതികളാണ് വകുപ്പിൽ നിലവിൽ നടപ്പിലാക്കിവരുന്നത്.

1. ഇ-ഡിസ്ട്രിക്ട്
2. ആർ. ആർ. ഓൺലൈൻ
3. സംയോജിത ഓൺ ലൈൻ പോക്കുവരവ് (Online Mutation)
4. റവന്യൂ ഇ-പേയ്മെന്റ്
5. റിലീഫ് (സമഗ്ര ദുരിതാശ്വാസ മാനേജ്മെന്റ് സംവിധാനം)

6. റവന്യൂ മിത്രം.
7. റവന്യൂ ഇ-സർവീസസ് മൊബൈൽ ആപ്ലിക്കേഷൻ
8. തണ്ടപ്പേർ പകർപ്പ് ഓൺലൈൻ
9. ലൊക്കേഷൻ മാപ്പ് ഓൺലൈൻ.
10. FMB ഓൺലൈൻ.
11. വില്ലേജ് വെബ്സൈറ്റ്.
12. കേരള ബിൽഡിംഗ് ടാക്സ് മാനേജ്മെന്റ് സിസ്റ്റം.
13. കോവിഡ് എക്സ്ഗ്രേഷ്യ നഷ്ടപരിഹാര പോർട്ടൽ (രൂപീകരിക്കുന്നതിനുള്ള പ്രവർത്തനം പുരോഗമിക്കുന്നു).

കൂടാതെ റവന്യൂ പോർട്ടൽ, വിവരാവകാശം, ഓൺലൈൻ സോഷ്യൽ സെക്യൂരിറ്റി പെൻഷൻ എന്നീ പദ്ധതികളും നടപ്പിലാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകൾക്കും പ്രത്യേകമായി വെബ്സൈറ്റുകൾ തയ്യാറാക്കുന്നതിനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

(സി) ഇതുവഴി എന്തെല്ലാം സേവനങ്ങളാണ് ഓൺലൈനായി ജനങ്ങൾക്ക് ലഭ്യമാകുന്നതെന്ന് വിശദമാക്കുമോ?

(ബി&സി) സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകൾക്കും പ്രത്യേകമായി വെബ്സൈറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. https://village.kerala.gov.in എന്ന വെബ്പോർട്ടൽ മുഖാന്തരം സംസ്ഥാനത്തെ 1666 വില്ലേജ് ഓഫീസുകളുടെയും വെബ്സൈറ്റുകൾ പൊതുജനങ്ങൾക്ക് സന്ദർശിക്കുവാൻ കഴിയുന്നതാണ്. വില്ലേജിനെപ്പറ്റിയുള്ള പൊതുവിവരങ്ങൾ, പ്രസ്തുത വില്ലേജിലെ ഭൂവിവരങ്ങൾ, വില്ലേജ് ഓഫീസുകളിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ, റവന്യൂ വകുപ്പ് ലഭ്യമാക്കുന്ന ഡിജിറ്റൽ സേവനങ്ങൾ വിനിയോഗിക്കുന്നതിനുള്ള ഹൈപ്പർ ലിങ്കുകൾ, ടി വില്ലേജിലെ ജനസംഖ്യാപരവും ഭൂമിശാസ്ത്രപരവുമായ അടിസ്ഥാന സ്ഥിതിവിവര കണക്കുകൾ, ടി വില്ലേജിലെ പ്രധാന സ്ഥലങ്ങൾ തുടങ്ങിയവ വില്ലേജ് വെബ് സൈറ്റിൽ നിന്നും പൊതുജനങ്ങൾക്ക് ലഭ്യമാണ്.

**സ്വകാര്യമേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ തൊഴിൽ സംരക്ഷണം**

30 (*420) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സ്വകാര്യമേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ തൊഴിൽ സംരക്ഷണത്തിനായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഇവർക്ക് മിനിമം വേതനം ഉറപ്പുവരുത്തുന്നതിൽ എത്രത്തോളം പുരോഗതിയുണ്ടായിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത മേഖലയിലെ തൊഴിൽപരമായ ചൂഷണം അവസാനിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

1948-ലെ മിനിമം വേതന നിയമത്തിന്റെ ഷെഡ്യൂളിൽ ഉൾപ്പെട്ട 87 തൊഴിൽ മേഖലകളിൽ 82 മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പാക്കുന്നതിന് 1948-ലെ മിനിമം വേതന നിയമത്തിൽ 2015-ൽ വന്ന ഭേദഗതിയിൽ വകുപ്പ് 21 (എ) പ്രകാരം Wage protection System (WPS) ഏർപ്പെടുത്തിയിട്ടുണ്ട്. ഇതുവഴി തൊഴിലാളികൾക്ക് അവരുടെ ബാങ്ക് അക്കൗണ്ടിൽ നേരിട്ട് വേതനം ലഭിക്കുന്നു. ആയത് കർശനമായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുവാൻ തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്. തൊഴിൽ വകുപ്പിലെ 14 ജില്ലാ ലേബർ ഓഫീസർമാരുടെ (എൻഫോഴ്സ്മെന്റ്) നേതൃത്വത്തിൽ 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഉൾപ്പെടുന്ന എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും മിനിമം വേതനം നൽകാത്ത കേസുകളിൽ ക്ലെയിം പെറ്റീഷനും മറ്റ് വിവിധ നിയമലംഘനങ്ങൾക്ക് പ്രോസിക്യൂഷനും ഫയൽ ചെയ്തുവരുന്നു. കൂടാതെ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പുവരുന്നത്തുന്നതിലേയ്ക്കുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. തൊഴിൽ വകുപ്പ് ആരംഭിച്ച കോൾസെന്റർ മുഖേന വകുപ്പിനെ സംബന്ധിച്ചുള്ള സംശയങ്ങളും പരാതികളും

155214/180042555214 എന്നീ നമ്പരുകളിൽ വിളിച്ച് പരിഹാരം കാണാവുന്നതാണ്. ഹെൽപ്പ്ലൈനിലൂടെ ലഭിക്കുന്ന പരാതികൾ തത്സമയം രജിസ്റ്റർ ചെയ്യപ്പെടുകയും അസിസ്റ്റന്റ് ലേബർ ഓഫീസർ (ഗ്രേഡ് 2)- മാരുടെ CUG മൊബൈൽ നമ്പർ/ഇ-മെയിലായി മെസ്സേജ് ലഭിക്കുകയും അതത് ഇൻസ്പെക്ടർമാർ യഥാസമയംതന്നെ അതിന്മേൽ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. അസിസ്റ്റന്റ് ലേബർ ഓഫീസർ (ഗ്രേഡ്-2)-മാർ നടത്തുന്ന സ്ഥാപന പരിശോധന വഴിയും അഡീഷണൽ ലേബർ കമ്മീഷണർ (ഇ), റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ, ജില്ലാ ലേബർ ഓഫീസർ (ഇ) തുടങ്ങിയവരുടെ നേതൃത്വത്തിൽ സ്ക്വാഡ് പരിശോധന വഴിയും മിനിമം വേതനം ഉറപ്പാക്കുകയും നിയമലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ നബാർഡ് പ്രവൃത്തികൾ

1 (4743) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ നബാർഡ് ഫണ്ട് ഉപയോഗിച്ച് വകുപ്പ് നടപ്പിലാക്കുന്ന പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ?

(എ&ബി) പൂഞ്ഞാർ നിയോജതമണ്ഡലത്തിൽ നബാർഡ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികൾ നിരത്ത് വിഭാഗത്തിലും, പാലങ്ങൾ വിഭാഗത്തിലും ഇല്ല. കെട്ടിട വിഭാഗത്തിന്റെ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

| ക്രമ. നം | പ്രവൃത്തിയുടെ പേര് | അനുവദിച്ച തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | പനച്ചിറ ഗവൺമെന്റ് യു.പി. സ്കൂളിന് പുതിയ കെട്ടിടം | 200 ലക്ഷം | പ്രാഥമികലെവൽസ് എടുത്തു. |
| 2 | കൊമ്പുകുത്തി ഗവൺമെന്റ് ട്രൈബൽ യു.പി.സ്കൂളിന് പുതിയ കെട്ടിടം | 200 ലക്ഷം | ഫൗണ്ടേഷൻ പ്രവൃത്തികൾ നടന്നുവരുന്നു. |

## പൊതുമരാമത്ത് വകുപ്പിൽ കരാറുകാർക്ക് നൽകുവാനുള്ള കുടിശ്ശിക

2 (4744) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ പ്രവൃത്തികൾ പൂർത്തിയാക്കിയ കരാറുകാർക്ക് നൽകുവാനുള്ള കുടിശ്ശിക എത്ര കോടി രൂപയാണ്; പൂർത്തീകരിച്ച പ്രവൃത്തികളുടെ കുടിശ്ശിക ലഭിക്കാത്തതിനാൽ പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽനിന്ന് കരാറുകാർ പിന്മാറുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

പൊതുമരാമത്ത് വകുപ്പിൽ പ്രവൃത്തികൾ പൂർത്തിയാക്കിയ കരാറുകാർക്ക് കെട്ടിട വിഭാഗത്തിന് കീഴിൽ 31-7-2021 വരെ 417.23 കോടി രൂപയും നിരത്തുകളും പാലങ്ങളും വിഭാഗത്തിന് കീഴിൽ 1532.71 കോടി രൂപയുമാണ് കുടിശ്ശികയായി നൽകാനുള്ളത്. പൂർത്തീകരിച്ച പ്രവൃത്തികളുടെ കുടിശ്ശിക ലഭിക്കാത്തതിനാൽ പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽനിന്ന് കരാറുകാർ പിന്മാറുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ദേശീയപാത വിഭാഗത്തിന് കീഴിൽ കരാറുകാർക്ക് കുടിശ്ശിക ഒന്നുംതന്നെ നൽകുവാനില്ല.

(ബി) നടപ്പ് സാമ്പത്തികവർഷം കരാറുകാർക്ക് നൽകുവാനുള്ള കുടിശ്ശികയിൽ എത്ര തുക നൽകിയിട്ടുണ്ട്; ഇതിനായി എത്ര തുക അനുവദിച്ചു; വിശദാംശം ലഭ്യമാക്കുമോ?

നടപ്പ് സാമ്പത്തികവർഷം കരാറുകാർക്ക് നൽകുവാനുള്ള കുടിശ്ശിക തുകയിൽ കെട്ടിട വിഭാഗത്തിൽ നിന്നും 333.96 കോടി രൂപയും നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ നിന്നും 1017.84 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

## പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കൽ

3 (4745) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി ഏറ്റെടുക്കുന്നതിലെ കാലതാമസവും നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവും വിലക്കയറ്റവും പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് തടസ്സമായിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം ഇടപെടലുകളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കീഴിൽ ഭൂമി ഏറ്റെടുക്കലിലെ കാലതാമസം ചില പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിന്

തടസ്സമായിട്ടുണ്ട്. ആയത് സമയബന്ധിതമായി പൂർത്തീകരിക്കുവാൻ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് തുടർനടപടി സ്വീകരിച്ചുവരുന്നുണ്ട്. ഭൂമി ഏറ്റെടുക്കൽ സംബന്ധമായ നടപടികൾ ഏകോപിപ്പിക്കുന്നതിനും പ്രവൃത്തികളുമായി ബന്ധപ്പെട്ട് മറ്റ് നടപടികൾ ത്വരിതപ്പെടുത്തുന്നതിനുമായി എല്ലാ ജില്ലകളിലും കളക്ടർമാരും പൊതുമരാമത്ത് വകുപ്പ് എഞ്ചിനീയർമാരും ഉൾപ്പെടുന്ന District Infrastructure Co-ordination Committee (DICC) 13-9-2021-ലെ സ.ഉ(സാധാ) നമ്പർ 829/2021/പി.ഡബ്ല്യൂ.ഡി. പ്രകാരം രൂപീകരിച്ചിട്ടുണ്ട്. എല്ലാമാസവും DICC കൃത്യമായി ചേർന്ന് റവന്യൂ വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, NHAI, KIIFB, KSTP മറ്റ് അടിസ്ഥാന വികസന വകുപ്പുകൾ എന്നിവയെ ഏകോപിപ്പിച്ചുകൊണ്ടു പ്രവർത്തനം നടത്തിവരുന്നു. കെട്ടിട വിഭാഗത്തിൽ അതത് client department ആണ് സ്ഥലം കൈമാറി നൽകുന്നത്. Revised PWD Manual 2012 പ്രകാരം ഭരണാനുമതിക്ക് proposal സമർപ്പിക്കുമ്പോൾ തന്നെ Land availability certificate അതത് വകുപ്പുകളിൽ നിന്നും നിർബന്ധമാക്കിയിട്ടുള്ളതാണ്. Tender invite ചെയ്യുന്നതിന് മുമ്പുതന്നെ തടസ്സരഹിത ഭൂമി ഉറപ്പാക്കണമെന്നാണ് നിഷ്കർഷിച്ചിരിക്കുന്നത്. എന്നിരുന്നാലും ചില സന്ദർഭങ്ങളിൽ അതത് സർക്കാർ വകുപ്പുകളിൽനിന്നും തടസ്സരഹിത ഭൂമി ലഭിക്കുവാൻ താമസം നേരിടുന്നുണ്ട്. ആയത് പരിഹരിക്കുവാൻ ടി വകുപ്പുകളുമായും ജനപ്രതിനിധികളുമായും നിരന്തരം ഇടപെടുകയും തടസ്സരഹിത ഭൂമി വിട്ടുകിട്ടാൻ പരമാവധി ശ്രമിക്കുകയും ചെയ്യുന്നുണ്ട്. നിർമ്മാണസാമഗ്രികളുടെ ലഭ്യതക്കുറവും വിലക്കയറ്റവും പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഒരു പരിധി വരെ തടസമാകുന്നുണ്ട്. 13-8-2021 -ലെ ജി.ഒ(പി) നമ്പർ 114/2021/ധന. പ്രകാരം DSR 2018 നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്. അതിനാൽ നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം പരിഹരിക്കപ്പെടുന്നതാണ്.

(ബി) റോഡ് നിർമ്മാണ വസ്തുക്കളായ ടാർ, മെറ്റൽ, മണൽ എന്നിവയുടെ ദൗർലഭ്യം നിർമ്മാണപ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇവയുടെ ലഭ്യതക്കുറവിന് പരിഹാരം കാണുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളുടെ യോഗം ചേർന്ന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

നിർമ്മാണസാമഗ്രികളായ മെറ്റൽ, മണൽ എന്നിവയുടെ ലഭ്യതക്കുറവ് പ്രവൃത്തികളുടെ പുരോഗതിയെ ബാധിക്കുന്നുണ്ട്. ഇവയുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളുമായി കൂടിയാലോചന നടത്തി പ്രശ്നപരിഹാരത്തിന് ശ്രമിക്കുന്നതാണ്.

## കരാറുകാരും ഉദ്യോഗസ്ഥരും തമ്മിൽ കൂട്ടുകെട്ട്

4 (4746) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചില കരാറുകാരും ഉദ്യോഗസ്ഥരും എം.എൽ.എ-മാരോടൊപ്പം മന്ത്രിയെ കാണാൻ വരരുതെന്ന് വകുപ്പുമന്ത്രി പറഞ്ഞത് ഏത് സാഹചര്യത്തിലാണെന്ന് വെളിപ്പെടുത്തുമോ; എങ്കിൽ ഇപ്രകാരം എം.എൽ.എ-മാർ മന്ത്രിയെ സന്ദർശിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

സർക്കാരിന്റെ നയമാണ് സൂചിപ്പിച്ചത്; ഉണ്ടായേക്കാവുന്ന തെറ്റായ പ്രവണതകൾക്കെതിരെയുള്ള ജാഗ്രതപ്പെടുത്തലാണ് ഉദ്ദേശിച്ചത്.

## തൃപ്പൂണിത്തുറ സ്റ്റാച്ച്യു ജംഗ്ഷൻ വികസനം

5 (4747) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ സ്റ്റാച്ച്യു ജംഗ്ഷൻ വികസനത്തിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

തൃപ്പൂണിത്തുറ സ്റ്റാച്ച്യു ജംഗ്ഷൻ വികസനത്തിനായി " B/W 2009-10 Improvements to Statue Jn. & East Fort Jn. Thrippunithura Phase I" എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) ആയതിന് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും കേസ് നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത കേസ് ഫലപ്രദമായി നടത്തുന്നതിന് സ്വീകരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കാമോ?

ഈ പ്രവൃത്തിയുടെ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള കേസ്സുകളുടെ വ്യവഹാര നടപടികൾ മുൻസിഫ് കോടതിയുടേയും ഹൈക്കോടതിയുടേയും പരിഗണനയിലാണ്. കോടതി ഉത്തരവിന് വിധേയമായി തുടർനടപടി സ്വീകരിക്കുന്നതാണ്.

(സി) പ്രസ്തുത പദ്ധതി ഇടയ്ക്ക് മുടങ്ങിപ്പോയിട്ടുണ്ടോ; പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കുവാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ?

ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച കേസ്സുകൾമൂലം പദ്ധതിക്ക് തടസ്സം നേരിട്ടിട്ടുണ്ട്. 2009-10-ൽ ലഭിച്ച ഭരണാനുമതി പുതുക്കേണ്ടതുണ്ട്. ഇതിനാവശ്യമായ പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കാവുന്നതാണ്.

## ആലത്തൂർ നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

6 (4748) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ പാലങ്ങൾ, നിരത്തുകൾ, ദേശീയപാത, കെട്ടിടങ്ങൾ എന്നീ വിഭാഗങ്ങളുടെ കീഴിൽ മുൻസർക്കാരിന്റെ കാലയളവ് മുതൽ ബഡ്ജറ്റിൽ ഉൾപ്പെട്ട എത്ര പ്രവൃത്തികൾ നടപ്പാക്കിവരുന്നു; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) മേൽ സൂചിപ്പിച്ച വകുപ്പുകളുടെ കീഴിൽ ബഡ്ജറ്റ് മുഖേനയും പ്ലാൻ/നോൺ പ്ലാൻ ഫണ്ട് മുഖേനയും ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ ഇനിയും പൂർത്തിയാകാനുള്ളവയുടെ വിശദാംശങ്ങൾ നൽകാമോ?

(എ&ബി) ആലത്തൂർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന് കീഴിൽ നോൺപ്ലാൻ ഫണ്ട് മുഖേന ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ:

1. മൺസൂൺ റിപ്പയേഴ്സ് 2021-22, വിവിധ കെട്ടിടങ്ങളിലെ മഴക്കാല അറ്റകുറ്റപ്പണികൾ എന്ന പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു (എസ്റ്റിമേറ്റ് തുക- 4,83,000/- രൂപ).
2. ആലത്തൂർ പൊതുമരാമത്ത് വകുപ്പ് ഓഫീസ് കെട്ടിടങ്ങളുടെയും റസ്റ്റ് ഹൗസിന്റെയും ചുറ്റുമതിലിന്റെ പുനർനിർമ്മാണം എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. (എസ്റ്റിമേറ്റ് തുക- 4,00,000/- രൂപ).
3. ആലത്തൂർ കെട്ടിട വിഭാഗത്തിന് കീഴിലുള്ള കെട്ടിടങ്ങളിൽ ബാരിയർ ഫ്രീ ഫെസിലിറ്റി നൽകുന്ന പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു (എസ്റ്റിമേറ്റ് തുക- 14,00,000 രൂപ).

പാലം വിഭാഗത്തിന് കീഴിൽ ബഡ്ജറ്റ് 2020-21-ൽ ഉൾപ്പെട്ട പുന്നപ്പാടം - മമ്പാട് കോസ്‌വേ പുനർനിർമ്മാണം എന്ന പ്രവൃത്തിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. നിലവിൽ ടി പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

നോൺ പ്ലാൻ ഫണ്ടിൽ ഉൾപ്പെട്ട കുളിയാട്ട്കടവ് പാലത്തിന്റെ റിപ്പയർ പ്രവൃത്തി പുരോഗമിക്കുന്നുണ്ട്.

ദേശീയപാത വിഭാഗത്തിന് കീഴിൽ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽ നിന്നും 2016-17 സാമ്പത്തിക വർഷത്തെ സി.ആർ.എഫ്.

സ്കീമിൽ ഉൾപ്പെടുത്തി 10 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച പാലക്കാട് ജില്ലയിലെ കുഴൽമന്ദം - കൊടുവായൂർ റോഡ് 10 കി. മീറ്റർ പുനരുദ്ധാരണ പ്രവൃത്തി പൂർത്തീകരിച്ചു.

നിരത്തു വിഭാഗത്തിന് കീഴിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

**പൊതുമരാമത്ത് വകുപ്പിലെ അഴിമതി**

7 (4749) ശ്രീ .പി. കെ. ബഷീർ:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. കുറുക്കോളി മൊയ്തീൻ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് കോൺട്രാക്ടർമാരുമായി ബന്ധമുണ്ടെന്ന ആരോപണത്തിന്റെ നിജസ്ഥിതി പരിശോധിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത വകുപ്പിലെ അഴിമതി ഇല്ലാതാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികളുടെ സാങ്കേതികവും ഭരണപരവുമായ പ്രാരംഭ പ്രവർത്തനങ്ങൾ, നടത്തിപ്പ്, തുക നൽകൽ എന്നിവ ഉൾപ്പെടെയുള്ള വിവിധ തലങ്ങളിൽ സാങ്കേതിക സംവിധാനങ്ങൾ കൊണ്ടുവന്നതിനാൽ നടപടിക്രമങ്ങളിൽ സുതാര്യത ഉറപ്പുവരുത്താനായിട്ടുണ്ട്. പ്രൈസ് സോഫ്റ്റ്‌വെയർ ഏർപ്പെടുത്തിയതുവഴി പ്രവൃത്തികളുടെ നടപടികൾ കാര്യക്ഷമമാക്കുവാനും ടെണ്ടർ, മെഷർമെന്റ്, ലെവൽസ്, റിവൈസ്ഡ് എസ്റ്റിമേറ്റ്, ബിൽ എന്നിവ സമയബന്ധിതമായി തയ്യാറാക്കുന്നതിനും സാധിച്ചിട്ടുണ്ട്. പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന ഇ-മെഷർമെന്റ് ബുക്കിൽ യഥാസമയം കൃത്യമായ അളവുകൾ നിർബന്ധമായും രേഖപ്പെടുത്തി റിവൈസ്ഡ് എസ്റ്റിമേറ്റും ബില്ലും തയ്യാറാക്കുന്നതിനാൽ കരാറുകാരുടെ ബില്ലുമായി ബന്ധപ്പെട്ടുള്ള പരാതി കുറയ്ക്കുന്നതിന് വളരെയധികം സഹായകരമായിട്ടുണ്ട്.

പൊതുമരാമത്ത് ഓഫീസ് പ്രവർത്തനങ്ങൾ അഴിമതിരഹിതവും വേഗത്തിലുമാക്കുന്നതിനായി എമിലി, ഇ-ഓഫീസ് സംവിധാനങ്ങൾ നടപ്പിലാക്കി

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വരുന്നു. ആഭ്യന്തര വിജിലൻസ് സംവിധാനത്തെ സുശക്തമാക്കിക്കൊണ്ട് വകുപ്പിലെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഉയരുന്ന പരാതികൾ യഥാസമയം ഫലപ്രദമായി അന്വേഷിച്ച് പ്രവൃത്തികളുടെ ഗുണനിലവാരം ഉൾപ്പെടെ പരിശോധിച്ച് വീഴ്ചകൾക്കെതിരെ കർശന നടപടി സ്വീകരിച്ചുവരുന്നു. പൊതുമരാമത്ത് പ്രവൃത്തികളിലെ അഴിമതി സംബന്ധിച്ച പരാതികളിന്മേൽ വകുപ്പിലെ ആഭ്യന്തര വിജിലൻസ്, ധനകാര്യ പരിശോധനാവിഭാഗം, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ എന്നിവ അന്വേഷണം നടത്തി സമർപ്പിക്കുന്ന ശിപാർശകളുടെ അടിസ്ഥാനത്തിൽ കുറ്റക്കാരെന്ന് കണ്ടെത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ക്രമക്കേടുകൾക്ക് ഉത്തരവാദികളായി കണ്ടെത്തുന്ന കോൺട്രാക്ടർമാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. ബന്ധപ്പെട്ട പ്രവൃത്തിയുടെ പരിപാലന കാലയളവിലുണ്ടാകുന്ന തകരാറുകൾ കരാറുകാരന്റെ ചെലവിൽത്തന്നെ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കുന്നുണ്ട്.

പൊതുമരാമത്ത് പ്രവൃത്തികളെ സംബന്ധിച്ച് പൊതുജനങ്ങൾക്കുണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി വകുപ്പുമന്ത്രിയുടെ തൽസമയ ഫോൺ ഇൻ പരിപാടി, മൊബൈൽ ആപ്ലിക്കേഷൻ ആയ 'PWD 4U', ടോൾ ഫ്രീ നമ്പർ മുഖേന പരാതി സ്വീകരിക്കൽ എന്നിവയും നടപ്പിലാക്കിയിട്ടുണ്ട്. ഗുണനിലവാര പരിശോധന ഉറപ്പുവരുത്തുന്നതിനായി Mobile Automated Testing Lab-കൾ മൂന്ന് മേഖലകളിലായി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. പൊതുമരാമത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ വരുന്ന നിർമ്മാണപ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിനും ഗുണമേന്മ ഉറപ്പാക്കി അതുവഴി ക്രമക്കേടുകൾ ഇല്ലാതാക്കുന്നതിനുംവേണ്ടി 5-1-2018-ലെ G.O.(MS)1/2018/PWD പ്രകാരം നടപ്പിലാക്കിയ സോഷ്യൽ ഓഡിറ്റിംഗിന്റെ ഭാഗമായി പ്രവൃത്തികൾ വിലയിരുത്തുന്നതിനായി ജില്ലാ തലത്തിൽ ബന്ധപ്പെട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ ചെയർമാനായി, ജില്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റി പ്രതിനിധികൾ, വിരമിച്ച എഞ്ചിനീയർമാർ എന്നിവരെ ഉൾപ്പെടുത്തി സമിതികളും രൂപീകരിച്ചിട്ടുണ്ട്. സോഷ്യൽ ഓഡിറ്റിംഗ് അഴിമതി കുറയ്ക്കാൻ സഹായകരമാണെങ്കിലും ജില്ലാതല സമിതിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും വിപുലമാക്കുകയും ചെയ്യുന്നതുവഴി ഇക്കാര്യത്തിലെ പ്രഖ്യാപിത ലക്ഷ്യമായ അഴിമതി നിർമ്മാർജ്ജനം സാദ്ധ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്.

## ആർക്കിടെക്ചറൽ ഡ്രോയിംഗ് ലഭിക്കുന്നതിലെ കാലതാമസം

8 (4750) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ വിവിധ നിർമ്മാണപ്രവർത്തനങ്ങൾക്ക് ചീഫ് ആർക്കിടെക്റ്റിൽനിന്നും ആർക്കിടെക്ചറൽ ഡ്രോയിംഗ് ലഭിക്കുന്നതിൽ കാലതാമസം നേരിടുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അടിയന്തരമായി നടക്കേണ്ട പ്രവൃത്തികൾക്ക് പ്രസ്തുത നടപടികൾ വേഗത്തിലാക്കാൻ പ്രത്യേക പരിഗണന നൽകുമോ;

(ബി) പ്രസ്തുത ഡ്രോയിംഗ് ലഭിക്കുന്നതിലെ കാലതാമസം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

(എ&ബി) കെട്ടിട രൂപകല്പനകൾക്കാവശ്യമായ എല്ലാ വിശദാംശങ്ങളും ലഭ്യമാകുന്നതിനനുസരിച്ച് എല്ലാ പ്രോജക്ടുകളും കഴിയുന്നത്ര വേഗത്തിൽ തന്നെയാണ് രൂപകല്പന തയ്യാറാക്കി നൽകിവരുന്നത്. അടിയന്തര പ്രാധാന്യമുള്ള പ്രവൃത്തികൾക്ക് മുന്തിയ പരിഗണന നൽകിയാണ് ചെയ്തുവരുന്നത്. ചില ജില്ലകളിൽ ആർക്കിടെക്ചറൽ ഡ്രോയിംഗ് ലഭിക്കുന്നതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ തിരുവനന്തപുരം ചീഫ് ആർക്കിടെക്ടിന്റെ കാര്യാലയത്തിനുപുറമെ എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ ആർക്കിടെക്ട് വിംഗിന്റെ റീജിയണൽ കാര്യാലയങ്ങൾ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കാലതാമസം നേരിടുന്ന പ്രവൃത്തികൾ വേഗത്തിലാക്കുന്നതിനുള്ള പരിഗണന നൽകിയാണ് മേഖലാ ഓഫീസുകൾ പ്രവർത്തിക്കുന്നത്.

(സി) 2021 ഫെബ്രുവരിയിൽ സ്ഥലപരിശോധന നടത്തിയ കൂത്തുപറമ്പ് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ ആർക്കിടെക്ചറൽ ഡ്രോയിംഗ് ചീഫ് ആർക്കിടെക്റ്റിൽനിന്നും ലഭിക്കാത്തതുകാരണം നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നവംബർ മാസം സ്കൂൾ തുറക്കുന്ന സാഹചര്യത്തിൽ പ്രസ്തുത ഡ്രോയിംഗ് ലഭിക്കാത്തതുമൂലമുള്ള ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ?

(സി&ഡി) കൂത്തുപറമ്പ് ഗവണ്മെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ Sketch & design ചീഫ് ആർക്കിടെക്ടിന്റെ കാര്യാലയത്തിൽ നിന്നും 2021 സെപ്റ്റംബർ 23-ന് അയച്ചിട്ടുള്ളതാണ്. ഈ പ്രോജക്ടിന്റെ Detailed Drawing തയ്യാറാക്കി വരുന്നു. Detailed Drawing നവംബർ ആദ്യ ആഴ്ചയിൽ തന്നെ ചീഫ് ആർക്കിടെക്ടിന്റെ കാര്യാലയത്തിൽ നിന്നും തയ്യാറാക്കി നൽകുന്നതാണ്.

## പൊതുമരാമത്ത് പ്രവൃത്തികൾ നീട്ടികൊണ്ടുപോവുന്ന കരാറുകാർക്കെതിരെ നടപടി

9 (4751) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾക്ക് പ്രയാസമുണ്ടാക്കുന്ന രീതിയിൽ കരാറുകാർ പൊതുമരാമത്ത് പ്രവൃത്തികൾ നീട്ടിക്കൊണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇപ്രകാരം പ്രവൃത്തികൾ നീട്ടിക്കൊണ്ടുപോകുന്ന കരാറുകാരെ നിശ്ചിത കാലത്തേയ്ക്ക് ടെണ്ടർ നടപടിയിൽ പങ്കെടുപ്പിക്കാതിരിക്കാനുള്ള നടപടി സ്വീകരിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം കരാറുകാർക്കെതിരെ പി.ഡബ്യൂ.ഡി. മാന്വൽ നിഷ്കർഷിക്കുന്ന നടപടികൾ സ്വീകരിക്കുന്നുണ്ട്. കരാർ അവസാനിപ്പിച്ച (കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ) കരാറുകാരനെ നിലവിലെ മാനദണ്ഡങ്ങളും നടപടിക്രമങ്ങളും പാലിച്ച് കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്ന നടപടിയും സ്വീകരിച്ചു വരുന്നുണ്ട്.

(ബി) ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ ഏതെല്ലാം റോഡുകളുടെ പ്രവൃത്തികളാണ് കാലാവധി കഴിഞ്ഞിട്ടും പൂർത്തിയാക്കാതെ നിലവിലുള്ളതെന്ന് അറിയിക്കുമോ; ഈ പ്രവൃത്തികൾ എഗ്രിമെന്റ്വച്ച് എപ്പോഴാണ് ആരംഭിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

1. ബാലുശ്ശേരി ടൗണിൽ പുനരുദ്ധാരണ പ്രവൃത്തി (കെ.ടി.എം.എ.ഇ. റോഡ് കി.മീ. 15/700 മുതൽ 16/500 വരെ) കോഴിക്കോട് ജില്ല

എഗ്രിമെന്റ് നമ്പർ - എസ്.ഇ (കെ) 101/2018-19 തീയതി 1-11-2018.

പ്രസ്തുത പ്രവൃത്തി 1-11-2018-ന് ഉടമ്പടിയിൽ ഒപ്പുവയ്ക്കുകയും 2-5-2019-ന് പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. നിലവിൽ പ്രവൃത്തി ബി.എം. & ബി.സി. ചെയ്ത് പൂർത്തീകരിച്ചിട്ടുണ്ട്. ഫുട്ട്പാത്ത് നിർമ്മാണവും കൈവരിവയ്ക്കലും പുരോഗതിയിലാണ്.

Time of Completion as per Agreement - 9 months (8-8-2019).
Time of extension first - 30-10-2020.

Time of extension second - 15-4-2021 with fine.

Time of extension third - 30-8-2021 with fine .

Time of extension fourth - 30-11-2021 (Applied).

2. ബാലുശ്ശേരി കൂരാച്ചുണ്ട് റോഡിൽ കി.മീ. 5/000 മുതൽ 11/000 വരെ പുനരുദ്ധാരണ പ്രവൃത്തി.

എഗ്രിമെന്റ് നമ്പർ - എസ്.ഇ (കെ) 107/2019-20 തീയതി 5-9-2019.

പ്രസ്തുത പ്രവൃത്തി 5-9-2019-ന് ഉടമ്പടിയിൽ ഒപ്പുവയ്ക്കുകയും 4-2-2020-ന് പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. നിലവിൽ പ്രവൃത്തി ബി.എം. 2.5 കി.മീ. പൂർത്തീകരിച്ചിട്ടുണ്ട്. മഴക്കാലത്തിനുശേഷം ടാറിംഗ് പ്രവൃത്തി പുനരാരംഭിക്കുന്നതാണ്. 30-11-2021 വരെ പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിക്കുവാൻ അപേക്ഷിച്ചിട്ടുണ്ട്.

Time of Completion as per Agreement - 7 months (15-4-2020).

Time of extension first - 30-11-2020.

Time of extension second - 30-4-2021 with fine.

Time of extension third - 30-7-2021 with fine.

Time of extension fourth - 30-11-2021 with fine.

(സി) കാലാവധി കഴിഞ്ഞിട്ടും പ്രസ്തുത മണ്ഡലത്തിലെ പ്രവൃത്തികൾ പൂർത്തിയാക്കാത്ത കരാറുകാർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

കരാറുകാരന്റെ ഭാഗത്തുള്ള വീഴ്ചയ്ക്ക് ഫൈനോടുകൂടി കാലാവധി നീട്ടി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

**കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

10 (4752) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകപ്പിന് കീഴിൽ നടന്നു വരുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ;

(സി) പൂർത്തീകരിക്കാത്ത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നിർദ്ദേശം നൽകുമോ?

(എ&സി) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന് കീഴിൽ പുത്തൻകുരിശ് പോലീസ് സ്റ്റേഷൻ കോമ്പൗണ്ട് വാളിന്റെ അറ്റകുറ്റപ്പണി എന്ന പ്രവൃത്തിയാണ് ഇപ്പോൾ നടന്നുവരുന്നത്. ടി പ്രവൃത്തി കാലാവധിക്കുള്ളിൽ തന്നെ പൂർത്തിയാക്കുന്നതാണ്.

പാലം വിഭാഗത്തിന് കീഴിൽ കുന്നത്തുനാട്-പിറവം മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് മൂവാറ്റുപുഴയാറിന് കുറുകെയുള്ള കോരങ്കടവ് പാലത്തിന്റെ നിർമ്മാണം - പ്രസ്തുത പാലത്തിന്റെ പുഴയിലുള്ള 5 തൂണുകളുടേയും ഐക്കരനാട് ഭാഗത്തെ അബട്ട്മെന്റ് ഫൗണ്ടേഷൻ പ്രവൃത്തികളും 2012-ൽ പൂർത്തിയാക്കുകയും കരാറുകാരന് തുക നൽകുകയും ചെയ്തതാണ്. നിർമ്മാണപ്രവൃത്തികൾ നിശ്ചലാവസ്ഥയിലായതിനെത്തുടർന്ന് കരാർ റദ്ദാക്കുകയും ശേഷിക്കുന്ന പ്രവൃത്തികൾക്ക് 1430 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതിയും തുടർന്ന് 1073.09 ലക്ഷം രൂപയ്ക്ക് സാങ്കേതികാനുമതിയും നൽകി. പ്രവൃത്തി 22-2-2020-ൽ ആരംഭിച്ചു. നിലവിൽ പാലത്തിന്റെ ഫൗണ്ടേഷന്റെയും അബട്ട്മെന്റിന്റേയും പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. 6 സ്ലാബുകളിൽ 2 സ്ലാബിന്റെ നിർമ്മാണം പൂർത്തിയായി. മൂന്നാമത്തെ സ്ലാബിന്റെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പ്രസ്തുത പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനായി കറുകപ്പള്ളി ഭാഗത്ത് പുഴയോടുചേർന്ന് 0.87 ആർ (സർവ്വേ നം. 309/30) സ്ഥലവും, നിലം വിഭാഗത്തിൽ ഉൾപ്പെട്ടുവരുന്ന 8.95 ആർ സ്ഥലവും ഏറ്റെടുക്കേണ്ടതുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഇതിൽ നിലം വിഭാഗത്തിൽ ഉൾപ്പെടുന്ന സ്ഥലത്തിന് കൃഷി വകുപ്പിൽനിന്നും നിലം പരിവർത്തനാനുമതി ലഭ്യമാകേണ്ടതുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്കേ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളൂ.

കിഫ്ബിക്കുകീഴിൽ മനയ്ക്കകടവ് -കിഴക്കമ്പലം - പട്ടിമറ്റം - നെല്ലാട് റോഡിന്റെ സ്റ്റ്രെച്ച് 2 ആയ കിഴക്കമ്പലം - നെല്ലാട് റോഡ് (13.30 കി.മീ) പ്രവൃത്തി ചെയ്യാത്തതിനാൽ 30-7-2021-ൽ കരാറുകാരനെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. പ്രസ്തുത സ്റ്റ്രെച്ച് 2-ന്റെ നിലവിലെ സ്ഥിതി പരിഹരിക്കുന്നതിനായി 2.12 കോടി രൂപയുടെ മെയിന്റനൻസ് എസ്റ്റിമേറ്റിന് കിഫ്ബിയിൽ നിന്നും തത്വത്തിൽ അനുമതി ലഭിച്ചിട്ടുണ്ട്.

മണ്ണൂർ പോഞ്ഞാശ്ശേരി റോഡിന്റെ 75 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. നിരത്ത് വിഭാഗത്തിന് കീഴിൽ നടന്നുവരുന്ന പ്രവൃത്തികളും, പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും അനുബന്ധമായി* ചേർക്കുന്നു. നിലവിൽ നിരത്ത് വിഭാഗത്തിന് കീഴിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന എല്ലാ പ്രവൃത്തികളും സമയബന്ധിതമായി പൂർത്തീകരിക്കുവാൻ കരാറുകാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മഴ മാറുന്നമുറയ്ക്ക് ടാറിംഗ് പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഡി.എസ്.ആർ. നിരക്ക് വർദ്ധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ അധികതുക അനുവദിക്കുന്നതിന് നടപടി

11 (4753) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് ഡി.എസ്.ആർ. നിരക്ക് വർദ്ധിപ്പിച്ചുനൽകിയ സാഹചര്യത്തിൽ സംസ്ഥാനാടിസ്ഥാനത്തിൽത്തന്നെ കരാർ ഒപ്പുവയ്ക്കാത്ത മുഴുവൻ കൺസ്ട്രക്ഷൻ പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളും ഭേദഗതികൾക്ക് നിർബന്ധിതമായിരിക്കുന്നതിനാൽ ഭേദഗതികൾക്കുശേഷം അധിക തുക ആവശ്യമായി വരുന്ന പ്ലാൻ/നോൺപ്ലാൻ ഫണ്ട് പ്രവൃത്തികൾക്ക് ആയവ എങ്ങനെ അനുവദിച്ചുനൽകുമെന്ന് വിശദമാക്കാമോ?

ഡി.എസ്.ആർ. നിരക്ക് വർദ്ധിപ്പിച്ച് നൽകിയതുമൂലം അധിക തുക ആവശ്യമായി വരുന്ന സാഹചര്യത്തിൽ അധിക ധനാനുമതി/ ധനപുനർവിനിയോഗം വഴി അനുവദിക്കുന്നതാണ്.

(ബി) എസ്റ്റിമേറ്റ് ഭേദഗതികൾക്കുശേഷം ഭരണാനുമതി തുകയിലും അധികരിക്കുന്ന തുകയുടെ അടിസ്ഥാനത്തിൽ സാങ്കേതികാനുമതി നൽകി പ്രവൃത്തികൾ തടസ്സമില്ലാതെ മുന്നോട്ടുകൊണ്ടുപോകാൻ അനുവദിക്കുമോ; വിശദമാക്കാമോ; ഇതിനായി ധനകാര്യ വകുപ്പിനെ സമീപിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

## നരിക്കുനി ഫയർസ്റ്റേഷൻ കെട്ടിടനിർമ്മാണം

12 (4754) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജകമണ്ഡലത്തിലെ നരിക്കുനിയിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഫയർസ്റ്റേഷനുവേണ്ടി നരിക്കുനി ഗ്രാമപഞ്ചായത്ത് നൽകിയിരിക്കുന്ന സ്ഥലത്തെ കെട്ടിടനിർമ്മാണത്തിനായുള്ള പ്ലാനിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

നരിക്കുനി ഫയർ സ്റ്റേഷനുവേണ്ടി പൊതുമരാമത്ത് വകുപ്പ് ആർക്കിടെക്ചറൽ വിഭാഗം തയ്യാറാക്കിയ പ്ലാനിന് ഫയർ സ്റ്റേഷൻ അധികാരിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത നിർമ്മാണപ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

അംഗീകാരം ലഭിച്ച പ്ലാൻ പ്രകാരം 485.4 ലക്ഷം രൂപയുള്ള എസ്റ്റിമേറ്റ് ഫയർ & റസ്ക്യൂ വകുപ്പ് ഡയറക്ടർക്ക് ഭരണാനുമതിക്കായി നൽകിയിട്ടുണ്ട്.

**ആലത്തൂർ നിയോജകമണ്ഡലത്തിൽ നബാർഡ് ഫണ്ട് വിനിയോഗം**

13 (4755) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ 2021 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ആലത്തൂർ നിയോജകമണ്ഡലത്തിൽ നബാർഡ് ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിച്ചതും നിലവിൽ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നതും ആരംഭിക്കാൻ പോകുന്നതുമായ പദ്ധതികളുടെ വിശദവിവരം നൽകാമോ?

പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കീഴിൽ 2016 മുതൽ 2021 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ആലത്തൂർ മണ്ഡലത്തിൽ നബാർഡ് ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിച്ചതും നിലവിൽ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നതും ആരംഭിക്കാൻ പോകുന്നതുമായ പദ്ധതികളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

2019-20 സാമ്പത്തിക വർഷത്തിൽ NABARD RIDF XXV – Improvements to Kunissery Vallanghy Road km 0/000 to 6/460 km എന്ന പ്രവൃത്തി 24-1-2020 -ലെ സ.ഉ (സാധാ) നം 100/2020/ പി.ഡബ്യൂ.ഡി. പ്രകാരം 500 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയതാണ്. ആയത് SVEM Infrastructure എന്ന കരാറുകാരൻ ആണ് 409.53 ലക്ഷം രൂപയ്ക്ക് കരാറിൽ ഏർപ്പെട്ടിരിക്കുന്നത്. ടി പ്രവൃത്തി 31-8-2021 -ന് പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നതും ആരംഭിക്കാൻ പോകുന്നതുമായ നബാർഡ് പദ്ധതികൾ ഒന്നുംതന്നെ നിരത്ത് വിഭാഗത്തിൽ ഇല്ല.

കെട്ടിട വിഭാഗത്തിന് കീഴിലുള്ള പദ്ധതികളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

NABARD – RIDF ആലത്തൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ മെഡിക്കൽ വാർഡ് കെട്ടിടത്തിന്റെ നിർമ്മാണം. (എസ്റ്റിമേറ്റ് തുക - 56.96 ലക്ഷം, പൂർത്തീകരിച്ച തീയതി 28-10-2016.)

നിലവിൽ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നതും ആരംഭിക്കാൻ പോകുന്നതുമായ നബാർഡ് പദ്ധതികൾ ഒന്നുംതന്നെ കെട്ടിട വിഭാഗത്തിൽ ഇല്ല. പൊതുമരാമത്ത് പാലങ്ങൾ വിഭാഗത്തിൽ നബാർഡ് പ്രവൃത്തികൾ ഒന്നും ഇല്ല.

**പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

14 (4756) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ഭരണാനുമതി ലഭിക്കുകയും എന്നാൽ പൂർത്തീകരിക്കാൻ കഴിയാത്തതുമായ പൊതുമരാമത്ത് പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) നിയോജകമണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് തുടങ്ങിയതും പൂർത്തീകരിക്കാതെ ഉപേക്ഷിക്കുകയോ നിർത്തിവയ്ക്കുകയോ ചെയ്തിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ;

(സി) പ്രവൃത്തികൾ ഉപേക്ഷിക്കുകയോ നിർത്തിവയ്ക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) നിർത്തിവച്ച പ്രവൃത്തികൾ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

(എ-ഡി) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ഭരണാനുമതി ലഭിക്കുകയും എന്നാൽ പൂർത്തീകരിക്കാൻ കഴിയാത്തതുമായ കെട്ടിട വിഭാഗത്തിന് കീഴിലുള്ള പ്രവൃത്തികൾ:

1. ഈരാറ്റുപേട്ട ഗവ. മുസ്ലീം എൽ.പി. സ്കൂളിന് കെട്ടിട നിർമ്മാണം.

2. ഈരാറ്റുപേട്ട കോടതിക്ക് കെട്ടിട നിർമ്മാണം - രണ്ടാം ഘട്ടം.

3. തീക്കോയി ഗവ. ടെക്നിക്കൽ സ്കൂളിന് പുതിയ അക്കാഡമിക് ബ്ലോക്ക് നിർമ്മാണം.

പാലം വിഭാഗത്തിന് കീഴിലുള്ള പ്രവൃത്തികൾ:

1. Maintenance work for Njandukallu bridge in Kottayam district - 5 lakhs

2. Rehabilitation of Aruvithara old bridge and approach roads across Meenachil river in Kottayam district - 9 lakhs.

3. Maintenance of Thrivani bridge across Pattiyanikara thodu in Poonjar constituency - 5 lakhs

നിരത്ത് വിഭാഗത്തിന് കീഴിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## നിർമ്മാണ മേഖലയിലെ സ്തംഭനാവസ്ഥ

15 (4757) ശ്രീ. മാണി. സി. കാപ്പൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണ മേഖലയിൽ ഉണ്ടായിരിക്കുന്ന സ്തംഭനാവസ്ഥ

പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിൽ നിർമ്മാണമേഖലയിൽ നിലവിൽ സ്തംഭനാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം വഴി കരാറുകാർക്ക് നൽകുന്ന പണത്തിന്റെ പലിശ പൂർണ്ണമായും സർക്കാർ വഹിക്കുമോയെന്ന് വ്യക്തമാക്കാമോ?

നിലവിലുള്ള ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം വഴി കരാറുകാരിൽ നിന്നും ബാങ്ക് ഈടാക്കുന്ന പലിശയുടെ പകുതി (പരമാവധി 5 ശതമാനം) സർക്കാർ തിരികെ നൽകുന്നുണ്ട്. ഈ പലിശ പൂർണ്ണമായും സർക്കാർ വഹിക്കുന്നത് നിലവിൽ പരിഗണനയിലില്ല.

(സി) വിവിധ ജില്ലകളിലെ പണിക്കൂലിയും നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനവും കണക്കിലെടുത്ത് സംസ്ഥാനത്ത് റേറ്റ് റിവിഷൻ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

13-8-2021 -ലെ സർക്കാർ ഉത്തരവ് (അച്ചടി) നം.114/2021/ധന. പ്രകാരം 15-8-2021 മുതൽ DSoR 2018 നിലവിൽ വന്നിട്ടുണ്ട്. വിവിധ ജില്ലകളിലെ പണിക്കൂലിയും നിർമ്മാണ സാമഗ്രികളുടെ വിലയും കടത്തുകൂലിയും കണക്കിലെടുത്താണ് ഓരോ ജില്ലയിലെയും Cost Index നിശ്ചയിച്ചിരിക്കുന്നത്.

## മഞ്ചേരി-ഒലിപ്പുഴ റോഡ് പ്രവൃത്തി

16 (4758) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി-ഒലിപ്പുഴ റോഡിന് കഴിഞ്ഞ സർക്കാർ കിഫ്ബിയിൽ ഫണ്ട് അനുവദിച്ചിരുന്നുവോ; ഉണ്ടെങ്കിൽ തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ടി പ്രവൃത്തി ഇതുവരെ ആരംഭിച്ചിട്ടില്ലെങ്കിൽ എന്ന് തുടങ്ങുമെന്ന് വിശദീകരിക്കാമോ?

(എ&ബി) മഞ്ചേരി മുതൽ ഒലിപ്പുഴ വരെ (ചെയിനേജ് 0/000 മുതൽ 16/250 വരെ) റോഡ് വീതി കൂട്ടി ബി.എം.&ബി.സി. നിലവാരത്തിൽ നവീകരിക്കുന്ന പ്രവൃത്തിക്ക് കിഫ്ബിയിൽ നിന്ന് 85.61 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്കുവേണ്ടി സ്ഥലമേറ്റെടുക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. സ്ഥലമേറ്റെടുപ്പ് പൂർത്തീകരിച്ചതിനുശേഷം മാത്രമേ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യുവാനുള്ള നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളു.

**മഴവഞ്ചേരി മുതൽ ചൂണ്ടൽ വരെയുള്ള റോഡിന്റെ വികസനം**

17 (4759) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ-കുറ്റിപ്പുറം പാതയിൽ മഴവഞ്ചേരി മുതൽ ചൂണ്ടൽ വരെയുള്ള റോഡിന്റെ വികസനം റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി തൃശ്ശൂർ മുതൽ കുറ്റിപ്പുറം (SH 69) വരെയുള്ള (മഴവൻഞ്ചേരി മുതൽ ചൂണ്ടൽ വരെയുള്ള ഭാഗം ഉൾപ്പെടെ) 33 കി.മീ റോഡിന്റെ വികസനം നടപ്പാക്കുന്നുണ്ട്.

(ബി) കേച്ചേരി ജംഗ്ഷന്റെ വികസനം പ്രസ്തുത പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ വിശദാംശങ്ങൾ നൽകാമോ?

(ബി&സി) ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയിൽ നിലവിലുള്ള പ്രതലം ബലപ്പെടുത്തി 24.353 കി.മീ flexible pavement (BM &BC)ആയും, 8.89 കി.മീ rigid pavement (Concrete) ആയും നിർമ്മിക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഈ പദ്ധതിയിൽ 3 minor bridge, 28 box culvert, 20.79 km drain, 33.343 km footpath, 700m crash barrier, 10 bus shelter, പ്രധാന ജംഗ്ഷനുകളുടെ നവീകരണം എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി നടപ്പാക്കുന്ന തൃശ്ശൂർ പാറമേക്കാവ് മുതൽ കല്ലുംപുറം വരെ റോഡിൽ Street light സ്ഥാപിക്കാനും 7 high mast light സ്ഥാപിക്കാനും വിഭാവനം ചെയ്തിട്ടുണ്ട്.

(ഡി) പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ?

നിലവിൽ പ്രവൃത്തി നടത്തുന്ന പാറമേക്കാവ് മുതൽ കല്ലുംപുറം വരെയുള്ള ഭാഗത്തുള്ള KWA പൈപ്പ് ലൈനും KSEB പോസ്റ്റുകളും മരങ്ങളും നീക്കം

ചെയ്യുന്നതിനും മാറ്റി സ്ഥാപിക്കുന്നതിനുമായ നടപടികൾക്കായി അതത് വകുപ്പുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. കലുങ്കും ഓടയും ചെറിയ പാലങ്ങളും നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുവരുന്നു. നിലവിൽ റോഡിൽ ഉണ്ടായിരുന്ന ചെറുതും വലുതുമായ കുഴികൾ അടച്ച് റോഡ് സഞ്ചാരയോഗ്യമാക്കുന്ന പ്രവൃത്തികൾ പൂർത്തിയാക്കിവരുന്നു. റോഡിന്റെ നിലവിലെ അതിർത്തി നിർണ്ണയിച്ച് തരുന്നതിന് ജില്ലാസർവ്വേ സൂപ്രണ്ടിനോട് രേഖാമൂലം കെ.എസ്.റ്റി.പി. ആവശ്യപ്പെട്ടിട്ടുണ്ട്.

**മുതുവറ-അടാട്ട് റോഡിലെ കയ്യേറ്റങ്ങൾ**

18 (4760) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ, കുറ്റിപ്പുറം സംസ്ഥാന പാതയിലെ പ്രധാനപ്പെട്ട ജംഗ്ഷൻ ആയ മുതുവറയിൽ നിന്നും അടാട്ട് പോകുന്ന റോഡിലെ കയ്യേറ്റങ്ങൾ ഒഴിവാക്കി റോഡ് വീതികൂട്ടി നിർമ്മിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കാമോ?

4.500 കി.മീ ദൂരം വരുന്ന മുതവറ അടാട്ട് റോഡ് 5.50 മീ.വീതിയിൽ കയ്യേറ്റങ്ങൾ ഒഴിവാക്കി ബി.എം. & ബി.സി. നിലവാരത്തിൽ നവീകരിക്കുന്നതിനായി താഴെപ്പറയുന്ന 2 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

1) Budget work 2019-20 - Improvements of Muthuvara – Ambalamkavu road with BM & BC work ch.1/500 to 4/500 250 ലക്ഷം രൂപ - പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

2) Budget Work 2021-22 - Improvements to Muthuvara Adat road by providing BM & BC ch.0/000 to 1/500 190 ലക്ഷം രൂപ - സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും കോടതി വ്യവഹാരങ്ങൾ നിലനിൽക്കുന്നുണ്ടോ;

(സി) എങ്കിൽ പ്രസ്തുത വ്യവഹാരങ്ങൾ അടിയന്തരമായി തീർപ്പാക്കാനുള്ള നിയമനടപടി സ്വീകരിക്കാമോ?

(ബി&സി) തൃശ്ശൂർ മുൻസിഫ് കോടതിയിൽ 4 കേസ്സുകളും ബഹു. ഹൈക്കോടതിയിൽ 1 കേസും നിലവിൽ ഉണ്ട്. അവ അടിയന്തരമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**ഗ്രാമീണ റോഡുകൾ**

19 (4761) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് കഴിഞ്ഞ അഞ്ചുവർഷക്കാലയളവിൽ പുതുതായി എത്ര കിലോമീറ്റർ ഗ്രാമീണറോഡുകൾ ഏറ്റെടുത്തിട്ടുണ്ടെന്ന് വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ?

പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിൽ കഴിഞ്ഞ 5 വർഷക്കാലയളവിൽ ഗ്രാമീണ റോഡുകൾ ഒന്നും തന്നെ ഏറ്റെടുത്തിട്ടില്ല.

(ബി) നീളവും വീതിയും കൂടുതലുള്ള പല ഗ്രാമീണറോഡുകളും തകർന്നുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പ്രസ്തുത റോഡുകൾ അറ്റകുറ്റപ്പണി നടത്താൻ ഗ്രാമപഞ്ചായത്തുകൾക്കോ ബ്ലോക്ക് പഞ്ചായത്തുകൾക്കോ കഴിയാത്ത സാഹചര്യത്തിൽ ഇവ പി.ഡബ്ല്യു.ഡി. ഏറ്റെടുക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഗ്രാമീണ റോഡുകൾ നിലവിൽ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നില്ല. ഗ്രാമീണ റോഡുകൾ ഏറ്റെടുക്കുന്നതിനുള്ള മാനദണ്ഡം പരിശോധിച്ചു വരുന്നു.

**ഇടിമുഴക്കൽ ആഗ്രശാല റോഡ് നവീകരണം**

20 (4762) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ ഇടിമുഴക്കൽ ആഗ്രശാല റോഡ് ബി.എം. & ബി.സി. ചെയ്ത് നവീകരിക്കുന്നതിന് ഫണ്ട് വകയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡ് നവീകരിക്കുന്നതിന് ആവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത റോഡ് നവീകരിക്കുന്നതിനാവശ്യമായ ഫണ്ട് വകയിരുത്തി പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(എ-സി) 2021-22 സാമ്പത്തിക വർഷത്തിൽ 100 രൂപ ടോക്കൺ പ്രൊവിഷനായി വകയിരുത്തിയിട്ടുണ്ട്. അപ്ഗ്രഡേഷൻ ഓഫ് ഇടിമുഴക്കൽ–ആഗ്രശാല-പാറക്കാട് റോഡ് റീച്ച് 1 ഫ്രം കി.മീ. 0/000 ടു കി. മീ. 5/045 പ്രൊവൈഡിംഗ് ബി.എം.&ബി.സി. എന്ന പ്രവൃത്തിക്ക് 78 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമാകുന്നമുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് മാത്രമേ ഭരണാനുമതി നൽകുന്ന വിഷയം പരിഗണിക്കാൻ കഴിയുകയുള്ളൂ.

## പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള പാറശ്ശാല നിയോജകമണ്ഡലത്തിലെ റോഡുകളുടെ വിവരം

21 (4763) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലായി പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡുകളിൽ ഗതാഗത യോഗ്യമല്ലാത്തതും പൊട്ടിപ്പൊളിഞ്ഞതും അടിയന്തരമായി നവീകരിക്കേണ്ടതുമായ റോഡുകളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

പാറശ്ശാല നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കീഴിലുള്ള റോഡുകൾ നവീകരിക്കുന്നതിനുവേണ്ട തുക ഉൾപ്പെടെയുള്ള പട്ടിക മുൻഗണനാക്രമത്തിൽ തയ്യാറാക്കുന്ന നടപടി അന്തിമഘട്ടത്തിലാണ്. ദേശീയപാതാ വിഭാഗത്തിന് കീഴിൽ പാറശ്ശാല നിയോജകമണ്ഡലത്തിലെ ഉദിയൻകുളങ്ങര മുതൽ കളിയിക്കാവിള വരെയുള്ള ദേശീയപാതയിലെ എല്ലാകുഴികളും രണ്ടുതവണ പൂർണ്ണമായും അടച്ച് റോഡ് ഗതാഗതയോഗ്യമാക്കിയിരുന്നു. എന്നാൽ തുടർച്ചയായ മഴയിൽ റോഡ് വീണ്ടും പൊളിയുന്ന അവസ്ഥയാണ് നിലവിലുള്ളത്.

(ബി) നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളുടെ വശങ്ങളിലുള്ള കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ഒഴിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; പ്രസ്തുത നടപടിയുടെ പുരോഗതി അറിയിക്കാമോ; കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിരത്തു വിഭാഗത്തിന് കീഴിൽനിന്ന് പ്രാരംഭ നടപടിയായി 63-ഓളം കയ്യേറ്റക്കാർക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. ദേശീയപാതാ വിഭാഗത്തിന് കീഴിൽ ബന്ധപ്പെട്ട കക്ഷികൾക്ക് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് 1999 പ്രകാരം നോട്ടീസ് നൽകി ആയത് ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഉളിക്കൽ-അറബി-കോളിത്തട്ട്-പേരട്ട റോഡ് നിർമ്മാണം**

22 (4764) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര റോഡ് ഫണ്ടിൽ ഉൾപ്പെടുത്തിയ ഉളിക്കൽ-അറബി-കോളിത്തട്ട്-പേരട്ട റോഡിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

കേന്ദ്ര റോഡ് ഫണ്ടിൽ ഉൾപ്പെടുത്തിയ സി.ആർ.എഫ്. 2018-19 - ഉളിക്കൽ -അറബി - കോളിത്തട്ട് - പേരട്ട റോഡ് പുനരുദ്ധാരണ പ്രവൃത്തി 65 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. ആകെയുള്ള 10 കി.മീറ്ററിൽ 5.4 കി.മീറ്റർ (ഗുഹയുള്ള ഭാഗം ഒഴികെ) ബി.എം. & ബി.സി. പ്രവൃത്തി പൂർത്തിയായി. ബാക്കി ഭാഗത്തെ പ്രവൃത്തി പുരോഗമിക്കുന്നു.

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണഘട്ടത്തിൽ റോഡിൽ ഗർത്തം രൂപപ്പെട്ടതിനാൽ നിർമ്മാണപ്രവൃത്തി നിർത്തിവച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

റോഡിന്റെ നിർമ്മാണഘട്ടത്തിൽ കണ്ടെത്തിയ ഗർത്തം (ഗുഹ) കാരണം പ്രസ്തുത ഭാഗത്തെ പ്രവൃത്തി തടസ്സപ്പെട്ടിരുന്നു. എന്നാലിപ്പോൾ ഈ ഗർത്തം അടച്ച് റോഡ് ഗതാഗതയോഗ്യമാക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നുണ്ട്.

(സി) പ്രസ്തുത റോഡിന്റെ നിർമ്മാണം എത്രയുംവേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

റോഡിന്റെ നിർമ്മാണ പ്രവൃത്തി 31-12-2021-നുള്ളിൽ പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**മഞ്ചേരി നിയോജകമണ്ഡലത്തിലെ റോഡ് റീടാറിംഗ്**

23 (4765) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകാമോ:

(എ) മഞ്ചേരി നിയോജകമണ്ഡലത്തിലെ കാട്ടുങ്ങൽ ചോല-പിലാക്കൽ-പുഴങ്കാവ് റോഡിന്റെ 4.5 km മുതൽ 7.9 km വരെ റീടാറിംഗ് ചെയ്യുന്നതിന് എസ്.എൽ.ടി.എഫ്-ൽ ഉൾപ്പെടുത്തി 45 ലക്ഷം രൂപ അനുവദിച്ചിരുന്നോ; പ്രവൃത്തി തുടങ്ങാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ&ബി) അനുവദിച്ചിരുന്നു. പ്രസ്തുത പ്രവൃത്തി 4 തവണ ടെണ്ടർ ചെയ്തിട്ടും കരാറുകാർ ആരും ഏറ്റെടുക്കാത്തതിനാലാണ് പ്രവൃത്തി തുടങ്ങാൻ കഴിയാത്തത്. പ്രവൃത്തി റീകാസ്റ്റ് ചെയ്ത് ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

**പൊതുനിരത്തുകൾ സഞ്ചാരയോഗ്യമാക്കുന്നതിന് നടപടി**

24 (4766) ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. മഞ്ഞളാംകുഴി അലി:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുനിരത്തുകൾ സഞ്ചാരയോഗ്യമാണെന്ന് ഉറപ്പുവരുത്തി അപകടങ്ങൾ കുറച്ചുകൊണ്ടുവരാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള നിരത്തുകൾ എല്ലാംതന്നെ സഞ്ചാരയോഗ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ കുറച്ച് വർഷങ്ങളായി തുടർച്ചയായി ഉണ്ടാകുന്ന അതിവർഷംമൂലം റോഡുകൾക്ക് സാരമായ തകരാറുണ്ടാകുന്നുണ്ട്. അവ അടിയന്തരമായി പരിഹരിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. കൂടാതെ റോഡുകളുടെ നിലവാരം ഉയർത്തുകയും മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി ഓടകൾ, കലുങ്കുകൾ എന്നിവയുടെ തടസ്സംനീക്കി നീരൊഴുക്ക് ഉറപ്പാക്കുകയും റോഡുകളിലെ കുഴിയടയ്ക്കലും നടത്തിവരുന്നു. ദേശീയപാതാ വിഭാഗത്തിന്റെ കീഴിലുള്ള റോഡുകൾക്ക് കേടുപാട് പറ്റുന്നത് യഥാസമയം കേന്ദ്ര സർക്കാരിനെ അറിയിക്കുകയും ആയതിന് താല്ക്കാലിക പരിഹാരമായി Ordinary Repair (OR)-ലും Flood Damage Repair (FDR)-ലും തുക കേന്ദ്രം നൽകുകയും ചെയ്യാറുണ്ട്. ഇതുകൂടാതെ ഇവയുടെ സ്ഥായിയായ റിപ്പയറിനുവേണ്ട പദ്ധതികൾ കേന്ദ്ര മന്ത്രാലയത്തിന്റെ ആന്വൽ പ്ലാനിലും ആന്വൽ റിന്യൂവൽ പ്രോഗ്രാമിലും ഉൾപ്പെടുത്തി അനുമതി ലഭിക്കാറുണ്ട്. കൂടാതെ സെൻട്രൽ റോഡ് ഫണ്ടിൽ ഉൾപ്പെടുത്തി റോഡുകളുടെ പുനരുദ്ധാരണത്തിന് അനുമതി ലഭിക്കാറുണ്ട്. ഇത് ഉപയോഗിച്ച് താല്ക്കാലികമായി അറ്റകുറ്റപ്പണികൾ നടത്തി ദേശീയപാത ഗതാഗത യോഗ്യമാക്കാറുണ്ട്.

(ബി) പൊതുമരാമത്ത് റോഡുകൾ ഉപയോഗപ്പെടുത്തുന്ന ഇതര സർക്കാർ സ്ഥാപനങ്ങളായ കെ.എസ്.ഇ.ബി.എൽ., വാട്ടർ അതോറിറ്റി, ടെലിഫോൺസ്, മറ്റ് സ്വകാര്യ സ്ഥാപനങ്ങൾ എന്നിവ റോഡുകൾ കുഴിച്ചതിനുശേഷം മൂടാതെ പോകുന്നതുമൂലവും ടാറിംഗിനുശേഷം ഉടനെ നടക്കുന്ന കേബിൾ സ്ഥാപിക്കൽമൂലവും ഉണ്ടാകുന്ന അപകടങ്ങൾ ഇല്ലാതാക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്ന കാര്യം അടിയന്തരമായി പരിഗണിക്കുമോ; വ്യക്തമാക്കാമോ;

(സി) ഇതുസംബന്ധിച്ച് മേൽ സ്ഥാപനങ്ങളുമായി കരാറുകൾ നിലവിലുണ്ടോ; വിശദമാക്കുമോ?

(ബി&സി) പൊതുമരാമത്ത് വകുപ്പ് റോഡുകളിൽ KSEBL, KWA മറ്റ് telephone കമ്പനികൾ എന്നിവയുടെ പൈപ്പുകൾ/കേബിളുകൾ സ്ഥാപിച്ചശേഷം കുഴികൾ മൂടാതെ പോകുന്നതുമൂലവും പ്രതല നവീകരണത്തിനുശേഷം ഉടനെ റോഡ് മുറിച്ച് കേബിൾ സ്ഥാപിക്കുന്നതുമൂലവും ഉണ്ടാകുന്ന അപകടങ്ങൾ ഇല്ലാതാക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിച്ചുവരുന്നു. പൈപ്പ്, കേബിൾ എന്നിവ സ്ഥാപിച്ചതിനുശേഷം ബന്ധപ്പെട്ട ഏജൻസികൾതന്നെ താല്ക്കാലിക റെസ്റ്റോറേഷൻ നടത്തി റോഡുകൾ ഗതാഗതയോഗ്യമാക്കണമെന്ന നിബന്ധനയിലാണ് റോഡുകൾ കുഴിക്കുന്നതിന് അനുമതി നൽകുന്നത്. ഇതുസംബന്ധിച്ച് ബന്ധപ്പെട്ട ഏജൻസികളുമായി എക്സിക്യൂട്ടീവ് എഞ്ചിനീയർ കരാർ ഉടമ്പടി വയ്ക്കുന്നുമുണ്ട്. പുതുതായി നിർമ്മിക്കുന്ന റോഡുകളിൽ ഡി.എൽ.പി. കഴിഞ്ഞതിനുശേഷം മാത്രമെ സാധാരണഗതിയിൽ റോഡ് മുറിക്കുന്നതിനുള്ള അനുമതി നൽകാറുള്ളൂ. കൂടാതെ റോഡ് കുഴിക്കുന്നതിനുള്ള അനുമതി എല്ലാം തന്നെ Right of Way (RoW) എന്ന online portal വഴി ആയതിനാൽ വിവിധ വകുപ്പുകളുടെ ഏകോപനം സാദ്ധ്യമാക്കി നിർമ്മാണപ്രവൃത്തി ആരംഭിക്കുന്നതിനുമുമ്പുതന്നെ മറ്റ് വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിച്ച് പൂർത്തിയാക്കുക വഴി നിർമ്മാണം പൂർത്തീകരിച്ച റോഡുകൾ മറ്റ് ഏജൻസികൾ കുഴിക്കുന്നത് ഒഴിവാക്കാൻ സാധിക്കുന്നതാണ്. ദേശീയപാതാ വിഭാഗത്തിൽ നിർമ്മാണം പൂർത്തീകരിച്ചതും അറ്റകുറ്റപ്പണികൾ നടത്തി മെച്ചപ്പെടുത്തിയതുമായ റോഡുകൾ ഉടൻതന്നെ വെട്ടിമുറിച്ച് കേബിളുകളും പൈപ്പുകളും മറ്റ് യൂട്ടിലിറ്റികളും സ്ഥാപിക്കുന്നതിനായി അനുവാദം നൽകാറില്ല. ദേശീയപാതാ വിഭാഗത്തിന്റെ പരിധിയിലുള്ള റോഡുകളിൽ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ 22-11-2016-ലെ കത്ത് നമ്പർ RW/NH-33044/2015/S&R(R) പ്രകാരം നിർദ്ദേശങ്ങൾക്ക് വിധേയമായിട്ടാണ് പൈപ്പുകളോ കേബിളുകളോ ഇടുന്നതിനുള്ള അനുമതി നൽകുന്നത്. പ്രസ്തുത സർക്കുലറിൻപ്രകാരം 5 വർഷത്തേയ്ക്കുള്ള ലൈസൻസ് ഫീസും പെർഫോമൻസ് ഗ്യാരന്റിയും മാത്രമാണ് സ്വീകരിക്കുന്നത്. പ്രസ്തുത സർക്കുലർ പ്രകാരം ടി കക്ഷി അവരുടെ ചെലവിൽത്തന്നെ റോഡുകൾ പൂർവ്വസ്ഥിതിയിലാക്കേണ്ടതാണ്. റോഡ് കട്ടിംഗുകൾ പരമാവധി കുറയ്ക്കുന്നതിനുള്ള ട്രെഞ്ച്‌ലെസ് ടെക്നോളജി അടക്കമുള്ള നൂതന സാങ്കേതികവിദ്യകൾ പൈപ്പുകൾ ഇടുന്നതിൽ ഉപയോഗിക്കേണ്ടതുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. പൈപ്പുകളും കേബിളുകളും സ്ഥാപിച്ചതിനുശേഷം റോഡ് പൂർവ്വസ്ഥിതിയിലാക്കുന്നതുമായി ബന്ധപ്പെട്ട് തർക്കങ്ങൾ ഉണ്ടാകുന്നതിനാൽ ഇത് ഒഴിവാക്കുന്നതിനായി ഇത്തരം പ്രവൃത്തികൾ ആരംഭിക്കുന്നതിന് മുമ്പുതന്നെ യൂട്ടിലിറ്റിയുമായി ബന്ധപ്പെട്ട വകുപ്പുകളെ ഉത്തരവാദിത്വപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ അറിയിക്കാറുണ്ട്.

## പുതുക്കാട് നിയോജകമണ്ഡലത്തിലെ കിഫ്ബി ഫണ്ട് മുഖേന അനുമതി ലഭിച്ച റോഡുകളുടെ പ്രവൃത്തി

25 (4767) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് നിയോജകമണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മാണത്തിന് അനുമതി ലഭിച്ച പുതുക്കാട്-മുപ്ലിയം-കോടാലി റോഡ്, പള്ളിക്കുന്ന്-ചിമ്മിനി ഡാം റോഡ് എന്നിവയുടെ നവീകരണവും നിർദ്ദിഷ്ട മലയോര ഹൈവേ നിർമ്മാണത്തിന്റെ നടപടികളും ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡുകളുടെ നിർമ്മാണം ആരംഭിക്കുന്നതിന് നിലവിൽ തടസ്സങ്ങൾ എന്തെങ്കിലും ഉണ്ടോ; വ്യക്തമാക്കാമോ;

(സി) ഉണ്ടെങ്കിൽ, തടസ്സങ്ങൾ നീക്കി റോഡ് ഗതാഗത യോഗ്യമാക്കുന്നതിന് ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ?

(എ-സി) പുതുക്കാട്-മുപ്ലിയം-കോടാലി റോഡ് - പുതുക്കാട്-മുപ്ലിയം-കോടാലി റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തിക്ക് 10 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതിയും 59.2 കോടി രൂപയ്ക്ക് കിഫ്ബിയിൽനിന്നും സാമ്പത്തിക അനുമതിയും നൽകിയിട്ടുണ്ട്. ഡിസൈൻ റിവ്യൂ നടത്താൻ കിഫ്ബി തീരുമാനിച്ച പ്രോജക്ടുകളുടെ പട്ടികയിൽ പ്രസ്തുത പ്രവൃത്തി ഉൾപ്പെട്ടിട്ടുണ്ട്. ഇതിനായി RITES (Rail India Technical and Economic Service)-നെ കിഫ്ബി ചുമതലപ്പെടുത്തിയിട്ടുണ്ട്.

പള്ളിക്കുന്ന് - ചിമ്മിനി ഡാം റോഡ് - പള്ളിക്കുന്ന് - ചിമ്മിനി ഡാം റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തിക്ക് 20 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതിയും കിഫ്ബിയിൽ നിന്നും സ്ഥലം ഏറ്റെടുക്കുന്നതുൾപ്പെടെ 39.49 കോടി രൂപയ്ക്ക് സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനായി അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തിക്കായുള്ള കരാർ നല്കിയിട്ടുണ്ട്. കൂടാതെ സ്ഥല ലഭ്യതയ്ക്ക് ബുദ്ധിമുട്ടുള്ളതിനാൽ Full Depth Reclamation (FDR) തരത്തിൽ ചെയ്യുന്നതിനായി ഈ പ്രവൃത്തി ഉൾപ്പെടുത്താനായി കിഫ്ബിയിലേയ്ക്ക് നിർദ്ദേശിച്ചിട്ടുള്ളതാണ്.

**മലയോര ഹൈവേ** - പുതുക്കാട് നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന മലയോര ഹൈവേയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

വിലങ്ങന്നൂർ -വെള്ളിക്കുളങ്ങര (30.925 km) - പ്രസ്തുത പ്രവൃത്തിക്ക് 10-7-2017-ൽ തത്വത്തിൽ ഭരണാനുമതി ലഭിച്ചു. വനഭൂമി ലഭിക്കുന്നതിനുവേണ്ടി

കിഫ്ബിയിൽവച്ച് വനം വകുപ്പിന്റെയും കിഫ്ബിയുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയുടെയും സംയുക്ത പരിശോധനയുടെയും അടിസ്ഥാനത്തിൽ നിർദ്ദിഷ്ട അലൈൻമെന്റിൽ വനഭൂമി തിട്ടപ്പെടുത്തുന്നതിനുള്ള സർവ്വേ നടപടികൾ നാറ്റ്പാക്കിന്റെ മേൽനോട്ടത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്. ആയതിന്റെ റിപ്പോർട്ട് ലഭ്യമായശേഷം വനം വകുപ്പിന്റെ പരിവേഷ് പോർട്ടലിൽ വനഭൂമിക്കുവേണ്ടി അപേക്ഷ സമർപ്പിക്കുകയും തുടർനടപടികൾ കൈക്കൊള്ളുന്നതുമാണ്.

**എടക്കര ബൈപ്പാസ് നിർമ്മാണം**

26 (4768) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിലെ എടക്കര ബൈപ്പാസ് നിർമ്മാണത്തിന് നാല് കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടും ഇതുവരെയും പൊതുമരാമത്ത് വകുപ്പ് സാങ്കേതികാനുമതി നൽകാത്തതിന്റെ കാരണം വിശദമാക്കാമോ; ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

എടക്കര ബൈപ്പാസിന് വേണ്ടിയുള്ള ഭൂമി പൊതുമരാമത്ത് വകുപ്പിന് എടക്കര ഗ്രാമപഞ്ചായത്ത് ഇതുവരെ വിട്ടുനൽകിയിട്ടില്ല. ആയതിനാൽ സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് സമർപ്പിക്കാൻ സാധിച്ചിട്ടില്ല. നിലവിലുള്ള പൊതുമരാമത്ത് വകുപ്പ് മാനുവൽ പ്രകാരം 100 ശതമാനം തടസ്സരഹിത ഭൂമി ലഭ്യമായാൽ മാത്രമെ സാങ്കേതികാനുമതി നൽകി പ്രവൃത്തി ഏർപ്പാട് ചെയ്യാൻ കഴിയുകയുള്ളൂ.

(ബി) പ്രസ്തുത ബൈപ്പാസ് നിർമ്മിക്കേണ്ടത് എത്ര കിലോമീറ്റർ നീളത്തിലാണെന്നും വീതി എത്രയെന്നും എത്ര സ്ഥലം പൊതുമരാമത്ത് വകുപ്പിന് ഇതുവരെ വിട്ടുകിട്ടിയിട്ടുണ്ടെന്നും സ്വകാര്യ വ്യക്തികളുടെയോ തദ്ദേശസ്ഥാപനങ്ങളുടെയോ സ്ഥലം ഇനിയും കിട്ടാനുണ്ടോയെന്നും അറിയിക്കാമോ?

1.66 കി.മീ നീളത്തിലും 8 മീറ്റർ വീതിയിലും നിർമ്മിക്കുന്നതിനാണ് തീരുമാനിച്ചത്. ബൈപ്പാസിനുവേണ്ടിയുള്ള ഭൂമി പൊതുമരാമത്ത് വകുപ്പിന് ഇതുവരെ ഏറ്റെടുത്ത് നൽകിയിട്ടില്ല.

(സി) എടക്കര പഞ്ചായത്തിന്റെ അധീനതയിലുള്ള ചില റോഡുകളുടെ ഭാഗങ്ങൾ പ്രസ്തുത ബൈപ്പാസ് നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ടോ; പ്രസ്തുത ഭാഗങ്ങൾ പൊതുമരാമത്ത് വകുപ്പിന് കൈമാറണമെന്ന് അഭ്യർത്ഥിച്ച് എത്ര കത്തുകളാണ് പൊതുമരാമത്ത് വകുപ്പ്

എടക്കര ഗ്രാമപഞ്ചായത്തിന് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ആയതിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ?

എടക്കര ബൈപാസിനുവേണ്ടി എടക്കര ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമി ഇതുവരെ പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടില്ല. ബൈപ്പാസ് നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പിന് ഭൂമി വിട്ടു നൽകുന്നതിനായി നിരത്ത് വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ തലത്തിൽ 3 കത്തുകൾ എടക്കര ഗ്രാമപഞ്ചായത്തിന് നൽകിയിട്ടുണ്ട് പകർപ്പുകൾ അനുബന്ധം 1 ആയി* ചേർത്തിരിക്കുന്നു.

(ഡി) പ്രസ്തുത ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിന്റെ കത്തുകൾക്ക് എടക്കര ഗ്രാമപഞ്ചായത്ത് നൽകിയ മറുപടികളുടെ പകർപ്പ് ലഭ്യമാക്കാമോ?

അസിസ്റ്റന്റ് എഞ്ചിനീയർ തലത്തിൽ നൽകിയ 3 കത്തുകൾക്ക് മറുപടിയായി എടക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി 23-9-2021-ൽ നൽകിയ മറുപടി അനുബന്ധം 2 ആയി* ചേർത്തിരിക്കുന്നു.

(ഇ) നിർദ്ദിഷ്ട എടക്കര ബൈപ്പാസിന്റെ അലൈൻമെന്റും പൊതുമരാമത്ത് വകുപ്പിന് കൈമാറിക്കിട്ടിയ സ്ഥലങ്ങളുടെ സർവ്വേ നമ്പറും വിസ്തീർണ്ണവുമടക്കമുള്ള വിശദാംശങ്ങളും സ്ഥലം വിട്ടുനൽകിയ വ്യക്തികളുടെ പേരുവിവരങ്ങളും ലഭ്യമാക്കാമോ; മേൽ അലൈൻമെന്റിൽ സ്വകാര്യവ്യക്തികളുടെ വാസഗൃഹങ്ങളും കിണറുകളും ശൗചാലയങ്ങളും ഉൾപ്പെടുന്നുണ്ടോയെന്നും അറിയിക്കാമോ?

എടക്കര ബൈപാസ് പൊതുമരാമത്ത് വകുപ്പിൽ കൈമാറാത്തതിനാൽ ആയതിന്റെ അലൈൻമെന്റ് സ്കെച്ച് ലഭ്യമല്ല. ഗ്രാമപഞ്ചായത്ത് ആവശ്യമായ സ്ഥലം വിട്ടുനൽകുന്നമുറയ്ക്ക് ബൈപ്പാസിന്റെ അലൈൻമെന്റ് സ്കെച്ച്, പേവ്മെന്റ് ഡിസൈൻ എന്നിവ തയ്യാറാക്കുന്നതിനുള്ള നപടികൾ സ്വീകരിക്കുന്നതാണ്. എടക്കര ബൈപ്പാസിനായി യാതൊരു ഭൂമിയും പൊതുമരാമത്ത് വകുപ്പിന് വിട്ടു കിട്ടിയിട്ടില്ല. പരിശോധനയിൽ സ്വകാര്യവ്യക്തികളുടെ മതിലുകൾ ഉൾപ്പെടുന്നതായി ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

(എഫ്) പൊതുമരാമത്ത് വകുപ്പ് സാങ്കേതികാനുമതി നല്കാത്തതിന്റെ കാരണം എടക്കര ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലം ബൈപ്പാസ് നിർമ്മാണത്തിന് വിട്ടുനൽകാത്തത് മാത്രമാണോ എന്നറിയിക്കാമോ; ഗ്രാമപഞ്ചായത്ത് സ്ഥലം വിട്ടുനൽകിയില്ലെങ്കിൽ എടക്കര ബൈപ്പാസ് നിർമ്മാണം ഉപേക്ഷിക്കേണ്ടിവരുമോയെന്ന് അറിയിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എടക്കര ഗ്രാമപഞ്ചായത്ത് പ്രസ്തുത ബൈപ്പാസിനുവേണ്ടിയുള്ള സ്ഥലം പൊതുമരാമത്ത് വകുപ്പിന് വിട്ട് നൽകാത്തതിനാലാണ് സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് സമർപ്പിക്കാൻ കഴിയാത്തത്. സ്ഥലം ലഭ്യമല്ലെങ്കിൽ ബൈപ്പാസ് നിർമ്മാണം നടത്തുവാൻ കഴിയില്ല.

**ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ നബാർഡ് മുഖേന നടപ്പിലാക്കിയ പ്രവൃത്തികൾ**

27 (4769) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ 2016 മുതൽ നബാർഡ് ഫണ്ട് ഉപയോഗിച്ച് വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ എതെല്ലാമെന്ന് വിശദമാക്കാമോ; നടപ്പിലാക്കിയില്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ; ഇതിൽ ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്ന് അറിയിക്കാമോ?

ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ 2016 മുതൽ നബാർഡ് ഫണ്ട് ഉപയോഗിച്ച് കെട്ടിട വിഭാഗത്തിലും പാലങ്ങൾ വിഭാഗത്തിലും നടപ്പിലാക്കിയ പ്രവൃത്തികൾ ഒന്നുംതന്നെ ഇല്ല. നിരത്ത് വിഭാഗത്തിൽ നടപ്പിലാക്കിയ പ്രവൃത്തിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

NABARD 2018-19-providing BM and BC to Ambalappara Melur Kizhoor road km4/500 to 9/200 in Shornnur LAC- Amount Rs.500 Lakhs. നടപ്പിലാക്കാൻ കഴിയാത്ത നബാർഡ് പ്രവൃത്തികൾ ഇല്ല.

(ബി) ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ വാണിയംകുളം-പത്താംകുളം റോഡ് നിർമ്മാണത്തിന്റെ നിലവിലെ പുരോഗതി അറിയിക്കാമോ; പ്രസ്തുത റോഡിന്റെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ?

പത്താംകുളം വാണിയംകുളം റോഡിന് 1-11-2016-ലെ GO(Rt)No.1502/2016/PWD ഉത്തരവ് പ്രകാരം 10 കോടി രൂപയ്ക്ക് തത്ത്വത്തിൽ ഭരണാനുമതിയും 16-3-2018-ലെ ഓർഡർ നമ്പർ APR-01/310/2018/KIFB പ്രകാരം 20.56 കോടി രൂപയുടെ സാമ്പത്തികാനുമതിയും 20.56 കോടി രൂപയുടെ സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ട്. ടി പ്രവൃത്തി നിലവിൽ 55 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. ടി പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 30-9-2021-ന് അവസാനിക്കുകയും 28-2-2022 വരെ നീട്ടുന്നതിനുള്ള അപേക്ഷ 26-10-2021-ന് ലഭിക്കുകയും ചെയ്തിട്ടുണ്ട്. അപേക്ഷ പരിശോധിച്ച് അനുവദിക്കുന്ന കാലാവധിക്കുള്ളിൽ പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.

**പൊതുമരാമത്ത് റോഡുകൾ അന്തർദ്ദേശീയ നിലവാരത്തിൽ നിർമ്മിക്കൽ**

28 (4770) ശ്രീ തോമസ് കെ. തോമസ്:

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:

ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ കൂടുതൽ പൊതുമരാമത്ത് റോഡുകൾ അന്തർദ്ദേശീയ നിലവാരത്തിൽ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്തെ പൊതുമരാമത്ത് റോഡുകൾ അന്തർദ്ദേശീയ നിലവാരത്തിൽ നിർമ്മിക്കുന്നതിന്റെ ഭാഗമായി ദീർഘകാലം ഈടുനിൽക്കുന്ന ബി.എം. & ബി.സി. റോഡുകൾ നിർമ്മിക്കുന്നതിനും ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

നിരത്തു വിഭാഗത്തിന് കീഴിലെ എല്ലാ റോഡുകളും ഘട്ടംഘട്ടമായി ബി.എം. & ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് നടപ്പിലാക്കിവരുന്നു. ഇതുവരെ 7167.86 കി.മീ റോഡുകൾ BM&BC ഉപയോഗിച്ച് ഉപരിതലം അഭിവൃദ്ധിപ്പെടുത്തിയിട്ടുണ്ട്. ഉപയോഗശൂന്യമായ പ്ലാസ്റ്റിക്, സ്വാഭാവിക റബർ, കയർ ജിയോടെക്സ്റ്റയിൽസ് എന്നിവ റോഡ് നിർമ്മാണത്തിൽ വ്യാപകമായി ഉപയോഗിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 2016-17 മുതൽ നാളിതുവരെ 803.17 കീ.മീ ദൂരം പ്ലാസ്റ്റിക് മാലിന്യം ഉൾപ്പെടുത്തിയും 2790 കിലോമീറ്റർ റോഡുകൾ നാച്യുറൽ റബർ മോഡിഫൈഡ് ബിറ്റുമിൻ (NRMB) ഉപയോഗിച്ചും 50.40 കി.മീ റോഡുകൾ കയർ ഭൂവസ്ത്രം ഉപയോഗിച്ചും നിർമ്മിച്ചിട്ടുണ്ട്. വെള്ളക്കെട്ടുണ്ടാകുന്ന സ്ഥലങ്ങൾക്കനുയോജ്യമായ വൈറ്റ് ടോപ്പിംഗ് നിർമ്മാണരീതി, ഫുൾ ഡെപ്ത് റിക്ലമേഷൻ ടെക്നോളജി (milling), കോൾഡ് ഇൻപ്ലേസ് റീസൈക്ലിംഗ് നിർമ്മാണരീതി എന്നിവയും കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പ് ദേശീയപാതകളുടെ നിർമ്മാണവും പരിപാലനവും ദേശീയ നിലവാരം പുലർത്തുന്നതിലേയ്ക്കായി ഇന്ത്യൻ റോഡ് കോൺഗ്രസ്സിന്റെ വിവിധ കോഡുകളും കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ സ്പെസിഫിക്കേഷനും അനുസരിച്ചാണ് നടപ്പിലാക്കുന്നത്. ടാറിംഗിലെ നൂതന സാങ്കേതിക വിദ്യകളായ ബിറ്റുമിനസ് മെക്കാഡം, ഡെൻസ് ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ് എന്നിവ കേരളത്തിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ചാണ് നാഷണൽ ഹൈവേകളിൽ റോഡ്

നിർമ്മാണം നടത്തുന്നത്. കൂടാതെ അത്യാധുനിക സാങ്കേതിക വിദ്യയായ മില്ലിംഗ് ആൻഡ് റീസൈക്ലിംഗ് ഉപയോഗിച്ച് ദേശീയപാതയുടെ ഉപരിതലം പുതുക്കി നിർമ്മിക്കുന്നുണ്ട്.

## കുറ്റ്യാടി നിയോജകമണ്ഡലത്തിലെ റോഡുകളിൽ ബി.എം. & ബി.സി. പ്രവൃത്തി

29 (4771) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളിൽ ബി.എം. & ബി.സി. ചെയ്യാൻ എത്ര നീളം ബാക്കിയുണ്ടെന്ന് റോഡുകളുടെ വിശദവിവരങ്ങൾ സഹിതം അറിയിക്കാമോ?

വിശദ വിവരങ്ങൾ അനുബന്ധം I *ആയി ചേർത്തിരിക്കുന്നു.

(ബി) നിലവിൽ എത്ര നീളത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളിൽ ബി.എം. & ബി.സി. ചെയ്തിട്ടുണ്ടെന്ന് വിശദാംശങ്ങൾ സഹിതം അറിയിക്കാമോ?

വിശദ വിവരങ്ങൾ അനുബന്ധം II*ആയി ചേർത്തിരിക്കുന്നു.

## വാട്ടർ അതോറിറ്റി, ടെലികോം കമ്പനികൾ വെട്ടിപ്പൊളിച്ച റോഡുകൾ പൂർവ്വസ്ഥിതിയിലാക്കാൻ അടിയന്തര നടപടി

30 (4772) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റി, ടെലികോം കമ്പനികൾ തുടങ്ങിയ വകുപ്പുകൾ വിവിധ പ്രവൃത്തികൾക്കായി റോഡുകൾ വെട്ടിപ്പൊളിക്കുമ്പോളുണ്ടാകുന്ന കേടുപാടുകൾ പരിഹരിച്ച് പൂർവ്വസ്ഥിതിയിലാക്കുന്നതിന് കാലതാമസം നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ കാലതാമസം ഒഴിവാക്കി അടിയന്തരമായി റോഡിന്റെ കേടുപാടുകൾ തീർത്ത് പൂർവ്വസ്ഥിതിയിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലവിൽ പൊതുമരാമത്ത് റോഡുകളിലൂടെ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ, കെ.ഡബ്ല്യൂ.എ. അടക്കമുള്ള സ്ഥാപനങ്ങളുടെ യൂട്ടിലിറ്റികൾ മാറ്റി സ്ഥാപിക്കുന്നതും അപേക്ഷിക്കുന്നതും അനുമതി ലഭ്യമാക്കുന്നതും "റൈറ്റ് ഓഫ് വേ (ROW)" എന്ന ഓൺലൈൻ സംവിധാനം വഴിയാണ്. ഈ പോർട്ടലിൽ നിരത്ത് വിഭാഗത്തിന് കീഴിൽ ഭരണാനുമതി ലഭിച്ചിട്ടുള്ള ക്രമീകരിക്കേണ്ട പ്രവൃത്തികളുടെ വിശദാംശങ്ങൾ പ്രസിദ്ധപ്പെടുത്തുക വഴി മറ്റ് വകുപ്പുകൾക്ക് ആവശ്യം വേണ്ടുന്ന മുന്നൊരുക്കം നടത്തുവാനും റോഡ് കുഴിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി ക്രമീകരിക്കുന്നതിനും സാധിക്കുന്നതാണ്. ഇത്തരത്തിൽ ഓൺലൈനായി ലഭ്യമാകുന്ന അപേക്ഷകളും നൽകിവരുന്ന അനുമതികളും സമയബന്ധിതമായി വിലയിരുത്തുകയും നിർമ്മാണപ്രവൃത്തി ആരംഭിക്കുന്നതിന് മുൻപുതന്നെ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതുവഴി നിലവിൽ പൊതുമരാമത്ത് റോഡുകൾ വെട്ടിപ്പൊളിക്കുന്നതുമായി ബന്ധപ്പെട്ടുണ്ടാകുന്ന പ്രശ്നങ്ങൾ ഒരു വലിയ അളവുവരെ പരിഹരിക്കാൻ സാധിച്ചിട്ടുണ്ട്. കൂടാതെ കമ്മിറ്റികൾ മുഖേന വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനം വഴി റോഡ് കുഴിക്കുന്നതുമായി ബന്ധപ്പെട്ട കാലതാമസം ഒഴിവാക്കുന്നതിന് സാധിക്കുന്നതാണ്.

ദേശീയപാതാ വിഭാഗത്തിൽ നിർമ്മാണം പൂർത്തീകരിച്ചതും അറ്റകുറ്റപ്പണികൾ നടത്തി മെച്ചപ്പെടുത്തിയതുമായ റോഡുകൾ ഉടൻതന്നെ വെട്ടിമുറിച്ച് കേബിളുകളും പൈപ്പുകളും മറ്റ് യൂട്ടിലിറ്റികളും സ്ഥാപിക്കുന്നതിനായി അനുവാദം നൽകാറില്ല. ദേശീയപാതാ വിഭാഗത്തിന്റെ പരിധിയിലുള്ള റോഡുകളിൽ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ 22-11-2016-ലെ കത്ത് നമ്പർ RW/NH-33044/2015/S&R(R) നിർദ്ദേശങ്ങൾക്ക് വിധേയമായിട്ടാണ് പൈപ്പുകളോ കേബിളുകളോ ഇടുന്നതിനുള്ള അനുമതി നൽകുന്നത്. പ്രസ്തുത സർക്കുലർ പ്രകാരം 5 വർഷത്തേയ്ക്കുള്ള ലൈസൻസ് ഫീസും പെർഫോമൻസ് ഗ്യാരന്റിയും മാത്രമാണ് സ്വീകരിക്കുന്നത്. പ്രസ്തുത സർക്കുലർ പ്രകാരം ബന്ധപ്പെട്ട കക്ഷികൾ അവരുടെ ചെലവിൽത്തന്നെ റോഡുകൾ പൂർവ്വസ്ഥിതിയിലാക്കേണ്ടതാണ്. റോഡ് കട്ടിംഗുകൾ പരമാവധി കുറയ്ക്കുന്നതിനുള്ള ട്രെഞ്ച്‌ലെസ്സ് ടെക്നോളജി അടക്കമുള്ള നൂതന സാങ്കേതികവിദ്യകൾ പൈപ്പുകൾ ഇടുന്നതിൽ ഉപയോഗിക്കേണ്ടതുണ്ടെന്നും വ്യക്തമായിട്ടുണ്ട്. പൈപ്പുകളും കേബിളുകളും സ്ഥാപിച്ചതിനുശേഷം റോഡ് പൂർവ്വസ്ഥിതിയിലാക്കുന്നതുമായി ബന്ധപ്പെട്ട് തർക്കങ്ങൾ ഉണ്ടാകുന്നതിനാൽ ഇത് ഒഴിവാക്കുന്നതിനായി ഇത്തരം പ്രവൃത്തികൾ ആരംഭിക്കുന്നതിന് മുൻപുതന്നെ യൂട്ടിലിറ്റിയുമായി ബന്ധപ്പെട്ട വകുപ്പുകളെ ഉത്തരവാദിത്വപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ അറിയിക്കാറുണ്ട്.

## കോട്ടപ്പടി മല്ലാട് മുതൽ ഓവുങ്ങൽ പള്ളിവരെയുള്ള റോഡ് നിർമ്മാണ പ്രവൃത്തി

31 (4773) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിലെ കോട്ടപ്പടി മല്ലാട് മുതൽ ഓവുങ്ങൽ പള്ളിവരെയുള്ള റോഡ് നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) 2018-ൽ ടെണ്ടർ നടപടി പൂർത്തീകരിച്ച് കരാർ ഒപ്പുവെച്ച പ്രവൃത്തി ഇതുവരെ നടപ്പാക്കാത്തതിന്റെ കാരണം വിശദീകരിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിയ്ക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(എ-സി) Improvements to Mallad-Kottappady Ovungal Pally Road from 3/825 to 6/900 by BM&BC എന്ന പ്രവൃത്തിക്ക് 141.25 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതും OJASVIS CONSTRUCTION SOLUTIONS എന്ന കമ്പനിയുമായി കരാർ വച്ചിട്ടുള്ളതുമാണ്. എന്നാൽ കേരള വാട്ടർ അതോറിറ്റിയുടെ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പൈപ്പിടൽ പ്രവൃത്തി കാരണം മേൽ പ്രവൃത്തി ആരംഭിക്കാൻ കഴിഞ്ഞില്ല. തുടർന്ന് പൈപ്പിടൽ പ്രവൃത്തി റദ്ദാക്കിയതായി കേരള വാട്ടർ അതോറിറ്റി അറിയിച്ചതിനെത്തുടർന്ന് 2019 ഏപ്രിൽ മാസം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പ്രവൃത്തി തുടങ്ങുവാൻ നിർദ്ദേശം നൽകിയെങ്കിലും കരാറുകാരൻ Quoted rate-ൽ പ്രവൃത്തി ചെയ്യാൻ തയ്യാറായില്ല. ടിയാൻ പ്രവൃത്തി terminate ചെയ്യുന്നതിന് വേണ്ടി WP(C) 1895/2021 നമ്പർ കേസ് ഫയൽ ചെയ്തു. ഈ കേസും കരാറുകാരനെ പ്രവൃത്തിയിൽനിന്ന് ഒഴിവാക്കി. പ്രവൃത്തി പുനക്രമീകരിക്കുന്നത് സംബന്ധിച്ച് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച റിപ്പോർട്ടും G2/81/2021/PWD നമ്പർ ഫയലിൽ പരിശോധിച്ചുവരുന്നു. നിലവിൽ പ്രസ്തുത റോഡ് താൽക്കാലികമായി ഗതാഗതയോഗ്യമാക്കുന്നതിനുവേണ്ടി അറ്റകുറ്റപ്പണികൾക്കുള്ള എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് നിരത്തു വിഭാഗത്തിൽ തയ്യാറാക്കിയിട്ടുണ്ട്. ഭരണാനുമതി നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

## പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ റോഡുകൾ

32 (4774) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ എത്ര റോഡുകൾ ബി.എം.&ബി.സി. നിലവാരത്തിലുള്ളതുണ്ട്; വിശദമാക്കാമോ?

പെരുമ്പാവൂർ നിയോജകമണ്ഡലത്തിനുകീഴിൽ 16 റോഡുകളിലായി 82.765 കി.മീ നീളം ബി.എം.&ബി.സി നിലവാരത്തിലാണ്. വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) പ്രളയത്തിൽ തകർന്ന നമ്പള്ളി-തോട്ടുവ റോഡ് പുനരുദ്ധരിക്കാൻ നബാർഡ് വഴിയോ മറ്റേതെങ്കിലും ഏജൻസി മുഖേനയോ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

പെരുമ്പാവൂർ നിയോജമണ്ഡലത്തിലെ 8.8 കി.മീ നീളം വരുന്ന നമ്പിള്ളി തോട്ടുവ റോഡിന്റെ ആദ്യ 2 കിലോമീറ്റർ 2018-ലെ പ്രളയത്തിൽ മുങ്ങിയിരുന്നു. റോഡിലെ കുഴികളടച്ച് അടിയന്തരമായി സഞ്ചാരയോഗ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

## പട്ടിക്കാട്-ആക്കപ്പറമ്പ് റോഡ് വീതി കൂട്ടുന്നതിനുള്ള നടപടി

33 (4775) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജകമണ്ഡലത്തിലെ സംസ്ഥാന പാതയുടെ മുള്ള്യാകുർശ്ശി-പാണ്ടിക്കാട് റോഡിൽ പട്ടിക്കാട് മുതൽ ആക്കപ്പറമ്പ് വരെ ഗതാഗതം ദുസ്സഹമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡിന്റെ പട്ടിക്കാട് മുതൽ ആക്കപ്പറമ്പ് വരെയുള്ള ഭാഗങ്ങൾ വീതി കൂട്ടി ബി.എം. & ബി.സി. ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്നമുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്ന വിഷയം പരിഗണിക്കുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കോട്ടൂർ - ഇന്ത്യാന്നൂർ റോഡിന്റെ നിർമ്മാണം

34 (4776) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 വർഷത്തെ ബഡ്ജറ്റിൽ 20 ശതമാനം തുക നീക്കിവച്ച കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ കോട്ടൂർ - ഇന്ത്യാന്നൂർ റോഡിന്റെ നിർമ്മാണം ആരംഭിക്കുന്നതിലെ തടസ്സങ്ങൾ നീക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത റോഡ് പൊതുമരാമത്ത് വകുപ്പിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി നവീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ കോട്ടൂർ-ഇന്ത്യാന്നൂർ റോഡ് പൊതുമരാമത്ത് വകുപ്പിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുന്നില്ല. ആയത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് ഈ വിഷയം പരിശോധിക്കുന്നതാണ്.

## നാദാപുരം നിയോജകമണ്ഡലത്തിലെ മൂന്നാം കൈ-കരിങ്ങാട്-കൈവേലി റോഡ് നവീകരണം

35 (4777) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിലെ കാവിലുംപാറ, കായക്കൊടി, നരിപ്പറ്റ, കുന്നമ്മൽ എന്നീ ഗ്രാമപഞ്ചായത്തുകളിലൂടെ കടന്നുപോകുന്ന മൂന്നാം കൈ-കരിങ്ങാട്-കൈവേലി റോഡിന്റെ കിഫ്ബി മുഖേനയുള്ള നവീകരണ പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുവാൻ നിലവിലെ തടസ്സങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡ് നവീകരണത്തിന് പി.എം.ജി.എസ്.വൈ. മുഖേന ഫണ്ട് അനുവദിക്കുന്ന കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

(എ&ബി) പ്രസ്തുത പ്രവൃത്തിയുടെ PMGSY മാനദണ്ഡപ്രകാരമുള്ള എസ്റ്റിമേറ്റ് സാമ്പത്തികാനുമതി ലഭിക്കുന്നതിനായി പ്രവൃത്തിയുടെ എസ്.പി.വി. ആയ കേരള റോഡ് ഫണ്ട് ബോർഡിൽ നിന്ന് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. 3.80m വീതിയിൽ നിലവിലുള്ള ക്യാരേജ്‌വേയിൽ റോഡ് നിർമ്മിക്കുന്നതിനായി 28.936 കോടി രൂപയ്ക്ക് DSR 2018 പ്രകാരം പുതുക്കിയ എസ്റ്റിമേറ്റാണ് കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ളത്.

**ദേശീയപാതാ വികസനം**

36 (4778) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം, കാസർഗോഡ് താലൂക്കുകളിൽ ദേശീയപാതാ വികസനത്തിനായി ഭൂമി ഏറ്റെടുത്തപ്പോൾ ഒരേ സർവ്വേ നമ്പറിലെ സമാനസ്വഭാവമുള്ള ഭൂമിക്ക് വ്യത്യസ്തമായി നഷ്ടപരിഹാരം കണക്കാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തുകൊണ്ടാണ് ഇത്തരത്തിൽ കണക്കാക്കിയതെന്ന് വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഘട്ടംഘട്ടമായാണ് ഭൂമി ഏറ്റെടുക്കൽ നടപടികൾ സ്വീകരിച്ചുവരുന്നത്. ഓരോ ഘട്ടത്തിലെയും 3(എ) വിജ്ഞാപന പ്രകാരം ആ കാലഘട്ടത്തിൽ ലഭ്യമായ ആധാരമോ ഭൂമിയുടെ ന്യായവിലയോ അടിസ്ഥാനമാക്കിയാണ് ഭൂമിയുടെ വില നിശ്ചയിക്കുന്നത്.

(ബി) ഒരേ തരത്തിലുള്ള ഭൂമിക്ക് വ്യത്യസ്ത നഷ്ടപരിഹാരം കണക്കാക്കിയതുമായി ബന്ധപ്പെട്ട് പരാതികൾ ലഭിച്ചിട്ടുണ്ടോ; പ്രസ്തുത പരാതികളിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

പരാതികൾ ലഭ്യമായിട്ടില്ല.

(സി) ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട് മഞ്ചേശ്വരം താലൂക്കിൽ ഭൂമി ഏറ്റെടുത്തപ്പോൾ അതിൽ ഉൾപ്പെടുന്ന വീട് ഭാഗികമായി ഏറ്റെടുക്കുകയും ചെറിയ തുക നഷ്ടപരിഹാരമായി നൽകുകയും വീടിന്റെ ശേഷിക്കുന്ന ഭാഗം ഉപയോഗിക്കാൻ കഴിയാതെയും ലഭ്യമായ തുകയ്ക്ക് വീട് നിർമ്മിക്കാൻ കഴിയാതെയും വരുന്ന സാഹചര്യത്തിൽ അവരുടെ വീട് മുഴുവൻ ഏറ്റെടുത്ത് അർഹമായ നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഈ വിഷയത്തിൽ ദേശീയപാതാ അതോറിറ്റിയുടെ പോളിസി പ്രകാരം ഏറ്റെടുക്കുന്ന ഭൂമിയുടെ പരിധിയിൽപ്പെടുന്ന കെട്ടിടത്തിന്റെ തൊട്ടടുത്തുവരുന്ന ചുമരുവരെ (Till the next load bearing wall) മാത്രമെ വില നിർണ്ണയം നടത്തി നഷ്ടപരിഹാരം അനുവദിക്കേണ്ടതുള്ളൂ. എന്നാൽ ഇത്തരത്തിൽ പൊളിക്കുന്നത് കെട്ടിടത്തിന്റെ സ്ഥിരതയെ ബാധിക്കുന്നുവെന്ന് പൊതുമരാമത്ത് വകുപ്പ് സർട്ടിഫിക്കറ്റ് നൽകുന്ന സാഹചര്യത്തിൽ മുഴുവൻ കെട്ടിടത്തിനും നഷ്ടപരിഹാരം നൽകുന്നതാണെന്ന് ദേശീയപാതാ അതോറിറ്റി അറിയിച്ചിട്ടുണ്ട്.

## മാനന്തവാടി നിയോജകമണ്ഡലത്തിലെ തകർന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ

37 (4779) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കാലത്തിനുശേഷം തകർന്ന മാനന്തവാടി നിയോജകമണ്ഡലത്തിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് തുക അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തി നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

(എ&ബി) മഴക്കാലത്തിനുശേഷം തകർന്ന മാനന്തവാടി നിയോജകമണ്ഡലത്തിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾ മുൻഗണനാക്രമം നിശ്ചയിച്ച് നടത്തുവാനുള്ള വിഷയം പരിഗണനയിലാണ്.

## പൊതുമരാമത്ത് വകുപ്പിന്റെ പുറമ്പോക്ക് ഭൂമി കയ്യേറ്റം

38 (4780) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമരാമത്ത് റോഡുകളുടെയും ദേശീയ പാതകളുടെയും പുറമ്പോക്ക് ഭൂമി കയ്യേറി കച്ചവടസ്ഥാപനങ്ങളും വീടുകളും നിർമ്മിക്കുകയും കൃഷി ഇറക്കുകയും ചെയ്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) വളവുകൾ നിവർക്കുന്നതിന്റെ ഭാഗമായി പുതുതായി റോഡ് നിർമ്മിച്ചുകഴിയുമ്പോൾ പഴയ റോഡിന്റെ ഭാഗങ്ങൾ സ്വകാര്യ വ്യക്തികൾ തങ്ങളുടെ ഭൂമിയോട് അനധികൃതമായി ചേർക്കുകയും കൈവശം വയ്ക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ചില സ്ഥലങ്ങളിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇതുമൂലം തുടർവികസന പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നതും നിരവധി അപകടങ്ങൾ ഉണ്ടാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കയ്യേറ്റങ്ങൾ തുടർവികസനത്തെ ബാധിക്കാറുണ്ട്. എന്നാൽ അപകടങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) കയ്യേറ്റങ്ങൾ ഒഴിവാക്കി ഭൂമി തിരിച്ചുപിടിക്കുന്നതിനും അതിരുകൾ കൃത്യമായി കല്ലിട്ട് നിജപ്പെടുത്തുന്നതിനും എന്തൊക്കെ നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

റവന്യൂ വകുപ്പ് സർവ്വേ സ്കെച്ചിന്റെ അടിസ്ഥാനത്തിൽ റോഡിന്റെ അതിർത്തി നിർണ്ണയിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ അതിർത്തിക്കല്ലുകൾ പൊതുമരാമത്ത് വകുപ്പ് സ്ഥാപിക്കുകയും ചെയ്തുവരുന്നു. കയ്യേറ്റം ഉണ്ടാകുന്നതായി ബോദ്ധ്യപ്പെടുന്നപക്ഷം ഹൈവേ പ്രൊട്ടക്ഷൻ ആക്ട് അനുശാസിക്കുന്ന നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് കയ്യേറ്റങ്ങൾ ഒഴിപ്പിക്കൽ നടപടികൾ സ്വീകരിച്ചു വരുന്നു.

**റോഡുകളുടെ പുനർനിർമ്മാണം**

39 (4781) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തുടർച്ചയായുണ്ടാകുന്ന അതിവർഷംമൂലം തകരാറിലായ റോഡുകളുടെ പുനർനിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) അടിയന്തരമായി ചെയ്യേണ്ട പ്രവൃത്തികൾക്ക് ഫണ്ട് അനുവദിക്കുന്നതിനായി എന്തൊക്കെ സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

(എ&ബി) സംസ്ഥാനത്ത് തുടർച്ചയായുണ്ടാകുന്ന അതിവർഷംമൂലം തകരാറിലായ റോഡുകളുടെ പുനർനിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പ് നിരത്തു വിഭാഗത്തിനു കീഴിൽ റോഡുകളുടെ നാശനഷ്ടങ്ങൾ വിലയിരുത്തി അവയുടെ പുനർ നിർമ്മാണത്തിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. മണ്ണിടിച്ചിൽമൂലം റോഡുകൾക്കുണ്ടായ ഗതാഗതതടസ്സം നീക്കംചെയ്ത് റോഡ് ഗതാഗതം യോഗ്യമാക്കിയിട്ടുണ്ട്. റോഡുകളുടെ നാശനഷ്ടം സംഭവിച്ച ഉപരിതലത്തിന്റെ പുനർനിർമ്മാണം, കലുങ്കുകൾ, സംരക്ഷണഭിത്തികൾ എന്നിവയുടെ പുനർനിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ നോൺ പ്ലാൻ ശീർഷകത്തിൽ ഉൾപ്പെടുത്തി മുൻഗണനാക്രമത്തിൽ അനുമതി നൽകിവരുന്നു. പാലം വിഭാഗത്തിനു കീഴിൽ വെള്ളപ്പൊക്കംമൂലം പാലങ്ങൾക്കും അപ്രോച്ച് റോഡുകൾക്കും സംരക്ഷണ ഭിത്തികൾക്കും ഉണ്ടാകുന്ന നാശനഷ്ടം പരിഹരിക്കുന്നതിനായി 25 ലക്ഷം രൂപ വരെ ചെലവുവരുന്ന പ്രവൃത്തികൾക്ക് ചീഫ് എഞ്ചിനീയർക്കുതന്നെ അനുമതി നൽകുന്നതിന് അധികാരം നൽകിയിട്ടുണ്ട്. കെ.എസ്.റ്റി.പി. വിഭാഗത്തിന് കീഴിൽ അധിവർഷംമൂലം തകരാറിലായ റോഡുകളുടെ പുനർ നിർമ്മാണത്തിനായി റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി മുഖേന ദീർഘകാലാടിസ്ഥാനത്തിലുള്ള റോഡ് പുനർനിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിവരുന്നു. ദേശീയപാതാ വിഭാഗത്തിന് കീഴിലുള്ള റോഡുകൾക്ക് കേടുപാടുകൾ സംഭവിക്കുന്നത് യഥാസമയം കേന്ദ്ര സർക്കാരിനെ അറിയിക്കുകയും ആയതിന് താൽക്കാലിക പരിഹാരമായി Ordinary repair-ഉം Flood Damage Repair-ഉം തുക കേന്ദ്രം നൽകാറുണ്ട്. ഇതുപയോഗിച്ച്

താൽക്കാലികമായി അറ്റകുറ്റപ്പണികൾ നടത്തുകയും സ്ഥായിയായ റിപ്പയറിനുവേണ്ട പദ്ധതികൾ കേന്ദ്ര മന്ത്രാലയത്തിന്റെ ആനുവൽ പ്ലാനിലും ആനുവൽ റിന്യൂവൽ പ്രോഗ്രാമിലും ഉൾപ്പെടുത്തി അനുമതി ലഭിക്കാറുണ്ട്. കൂടാതെ സെൻട്രൽ റോഡ് ഫണ്ടിൽ ഉൾപ്പെടുത്തിയും റോഡുകളുടെ പുനരുദ്ധാരണത്തിന് അനുമതി ലഭിക്കാറുണ്ട്.

### റോഡുകളുടെ ബി.സി. ഓവർലേ

40 (4782) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകൾക്ക് ബി.സി. ഓവർലേ ചെയ്യുമ്പോൾ ഡി.എൽ.പി. എത്രയാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ?

25-11-2019-ലെ ജി.ഒ (പി) നം. 161/2019/ഫിൻ. പ്രകാരം പൊതുമരാമത്ത് റോഡുകൾക്ക് ബി.സി. ഓവർലേ ചെയ്യുമ്പോൾ 18 മാസത്തെ ഡി.എൽ.പി-യാണ് നിശ്ചയിച്ചിട്ടുള്ളത്. പൊതുമരാമത്ത് ദേശീയപാതാ വിഭാഗത്തിന്റെ കീഴിൽ വരുന്ന റോഡുകൾക്ക് ബി.സി. ഓവർലേ ചെയ്യുമ്പോൾ ഡി.എൽ.പി. 3 വർഷമാണ്.

(ബി) ഡി.എൽ.പി-ക്കുള്ളിൽ ബി.സി. ഓവർലേ ചെയ്ത റോഡുകൾ തകരുന്നതിനിടയാകുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതു പരിഹരിക്കുന്നതിന് എന്തൊക്കെ നടപടിയാണ് സ്വീകരിക്കുന്നത്; വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

ഡി.എൽ.പി-ക്കുള്ളിൽ ബി.സി. ഓവർലേ ചെയ്ത റോഡുകൾ സാധാരണഗതിയിൽ തകരാൻ സാദ്ധ്യത കുറവാണ്. എന്നാൽ കഴിഞ്ഞ കുറച്ച് വർഷങ്ങളായി തുടർച്ചയായുണ്ടാകുന്ന അതിശക്തമായ മഴ, ന്യൂനമർദ്ദംമൂലമുണ്ടാകുന്ന പ്രളയം തുടങ്ങിയവമൂലം പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾക്ക് സാരമായ തകരാർ ഉണ്ടാകുന്നുണ്ട്. ഡി.എൽ.പി-ക്കുള്ളിൽ ഉണ്ടാകുന്ന തകരാറുകൾ, കരാറുകാരൻതന്നെ പരിഹരിക്കുന്നതിന് കരാറിൽ വ്യവസ്ഥയുള്ളതിനാൽ കരാറുകാരന്റെ സ്വന്തം ചെലവിൽത്തന്നെ തകരാറുകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതുസംബന്ധിച്ച കർശനനിർദ്ദേശങ്ങൾ എല്ലാ ഫീൽഡ് ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്. നിർമ്മാണത്തിന്റെ വിവിധഘട്ടങ്ങളിൽ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള പരിശോധനകളും നടത്തിവരുന്നുണ്ട്.

### കാസർഗോഡ് ജില്ലയിലെ തീരദേശ ഹൈവേ നിർമ്മാണം

41 (4783) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ പ്രഖ്യാപിച്ച തീരദേശ ഹൈവേ പദ്ധതിയിൽ നിലവിൽ എത്ര കിലോമീറ്റർ റോഡിന്റെ പ്രവൃത്തിയാണ് ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കേരള റോഡ് ഫണ്ട് ബോർഡ് പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റിന് കീഴിൽ തീരദേശ ഹൈവേയുടെ ഭാഗമായ 18.5 കി.മീ റോഡിന്റെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിലെ പടിഞ്ഞാറെക്കര മുതൽ ഉണ്ണിയാൽ വരെ (15 കി.മീ), താനൂർ മുഹിയുദ്ദീൻ പള്ളി മുതൽ കെട്ടുങ്ങൽ വരെ (3.5 കിമീ) എന്നിവയാണ് ആ പ്രവൃത്തികൾ.

(ബി) കാസർഗോഡ് ജില്ലയിലെ തീരദേശ ഹൈവേയുടെ നിർമ്മാണ പ്രവൃത്തി എന്ന് ടെണ്ടർ ചെയ്യാൻ കഴിയുമെന്നും രണ്ട്തെങ്ങ്-രാമന്തളി-പാഡ്യാലക്കടവ് പാലം നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നുമുള്ള വിവരം ലഭ്യമാക്കാമോ?

കാസർഗോഡ് ജില്ലയിലെ തീരദേശ ഹൈവേയുടെ വലിയപറമ്പ മുതൽ പന്നിക്കുന്ന് വരെയുള്ള 55.8 കി.മീ-ന്റെ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിന് കൺസൾട്ടൻസിയെ തെരഞ്ഞെടുക്കുന്ന പ്രവൃത്തികൾ അവസാനഘട്ടത്തിലാണ്. തെരഞ്ഞെടുക്കപ്പെടുന്ന കൺസൾട്ടൻസി 6 മാസത്തിനുള്ളിൽ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുവാനാണ് വ്യവസ്ഥ ചെയ്യുന്നത്. രണ്ട്തെങ്ങ് - രാമന്തളി - പാഡ്യാലക്കടവ് പാലത്തിന്റെ വിശദമായ പദ്ധതി രൂപരേഖ കാസർഗോഡ് കേരള റോഡ് ഫണ്ട് ബോർഡ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് വിഭാഗം തയ്യാറാക്കിവരുന്നു.

**വള്ളിക്കുന്ന് ടിപ്പുസുൽത്താൻ പുതിയ പാലം റോഡ് നിർമ്മാണം**

42 (4784) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശപാതയുടെ ഭാഗമായി വള്ളിക്കുന്ന് ടിപ്പുസുൽത്താൻ-പുതിയ പാലം റോഡിന്റെ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട ഡി.പി.ആർ. തയ്യാറാക്കുന്ന നടപടിയുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിക്കായി ഏതെല്ലാം സർവ്വേ നമ്പരുകളിൽ എത്ര അളവിൽ ഭൂമി ഏറ്റെടുക്കേണ്ടിവരുമെന്ന വിവരം ശേഖരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(എ-ഡി) മലപ്പുറം ജില്ലയിൽ തീരദേശ ഹൈവേയുടെ അലൈൻമെന്റിൽ വരുന്ന വള്ളിക്കുന്ന് ടിപ്പുസുൽത്താൻ-പുതിയ പാലം റോഡിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് കൺസൾട്ടന്റിനെ കണ്ടെത്തുന്നതിനായി റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ (RFP) ക്ഷണിച്ചിരുന്നു. 21-10-2021 ആയിരുന്നു പ്രൊപ്പോസൽ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി. അന്നുവരെ ലഭിച്ച ടെക്നിക്കൽ ഫിനാൻഷ്യൽ പ്രൊപ്പോസലുകൾ പരിശോധിച്ച് യോഗ്യരായ കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതാണ്. തെരഞ്ഞെടുത്ത കൺസൾട്ടന്റ് മുഖേന നിശ്ചയിച്ചിട്ടുള്ള സമയപരിധിയായ 6 മാസത്തിനുള്ളിൽ ഡി.പി.ആർ. തയ്യാറാക്കി സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിക്കുന്നതാണ്. സാമ്പത്തികാനുമതി ലഭിച്ചതിനുശേഷം മാത്രമെ ഏറ്റെടുക്കേണ്ട സ്ഥലത്തെ സംബന്ധിച്ചുള്ള പൂർണ്ണവിവരം ലഭ്യമാവുകയുള്ളൂ.

**കുറ്റ്യാടി നിയോജകമണ്ഡലത്തിലെ കാക്കുനി നമ്പാ വയൽ റോഡ് പ്രവൃത്തി**

43 (4785) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിലെ കാക്കുനി നമ്പാ വയൽ റോഡ് പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് ആവശ്യമായി വരുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

(എ-സി) പ്രവൃത്തി പുരോഗമിച്ചുവരുന്നു. 5 കൾവർട്ടുകളും 200 മീറ്റർ നീളത്തിൽ ഡ്രെയിൻ നിർമ്മാണവും നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത റോഡിന്റെ നവീകരണത്തിനായി 120 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഇതിൽ നിലവിൽ 3 മീറ്റർ കാരേജ്‌വേയുള്ള റോഡിൽ 3.8 മീറ്റർ ആക്കി ബി.എം. & ബി.സി. ചെയ്യാനാണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ പ്രവൃത്തി ആരംഭിച്ച സമയത്ത് ജനപ്രതിനിധികളുടെയും ഗുണഭോക്താക്കളുടെയും യോഗം വിളിച്ചുചേർത്ത് പദ്ധതിയെക്കുറിച്ച് വിശദീകരിക്കുകയും പ്രസ്തുത യോഗത്തിൽ പ്രവൃത്തി സംബന്ധിച്ച പുതിയ നിർദ്ദേശങ്ങൾ ഉണ്ടാവുകയും ചെയ്തു. എന്നാൽ അത് നിലവിലുള്ള തുക ഉപയോഗിച്ച് പൂർത്തീകരിക്കാൻ കഴിയാത്തതിനാൽ ആവശ്യമെങ്കിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിച്ച് കൂടുതൽ തുക ലഭ്യമാക്കാൻ ശ്രമിക്കുന്നതിന് യോഗത്തിൽ തീരുമാനിച്ചിരുന്നു. കൂടുതലായി മൂന്ന് കലുങ്കുകൾ നിർമ്മിക്കുകയും വെള്ളം കയറാൻ സാദ്ധ്യതയുള്ള ഭാഗങ്ങളിൽ മണ്ണിട്ട്

ഉയർത്തുകയും ചെയ്തിട്ടുണ്ട്. കൂടുതലായി ചെയ്ത പ്രവൃത്തികൾകൂടി ഉൾപ്പെടുത്തി ബി.എം. & ബി.സി. നിലവാരത്തിൽത്തന്നെ പ്രവൃത്തി പൂർത്തീകരിക്കുവാനുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

## കോഴിക്കോട് വിമാനത്താവളത്തിലേയ്ക്കുള്ള റോഡുകൾ നന്നാക്കുന്നതിന് നടപടി

44 (4786) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വിമാനദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കോഴിക്കോട് വിമാനത്താവളത്തിലേയ്ക്ക് എത്തിച്ചേരുന്ന വിവിധ റോഡുകൾ നന്നാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിമാനത്താവളത്തിലേയ്ക്ക് എത്തിച്ചേരുന്ന പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ളതും അല്ലാത്തതുമായ ഏതെല്ലാം റോഡുകൾ നന്നാക്കുന്നതിന് പ്രൊപ്പോസൽ നൽകിയിട്ടുണ്ടെന്നും അവ ഏതുഘട്ടത്തിലാണെന്നും വിശദമാക്കുമോ?

(എ&ബി) ഉണ്ട്. കോഴിക്കോട് വിമാനത്താവളത്തിലേയ്ക്കുള്ള നിരത്ത് വിഭാഗത്തിന് കീഴിലെ പ്രവൃത്തികളിൽ ഇംപ്രൂവ്മെന്റ്സ് ഓഫ് കോഴിക്കോട് എയർപോർട്ട് റോഡ് 0/000 മുതൽ 2/000 വരെ എന്ന പ്രവൃത്തി റോഡ് മെയിന്റനൻസ് വിംഗിൽ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്.

ഇംപ്രൂവ്മെന്റ് വർക്ക് ടു വെട്ടുകാട് - ഒളവട്ടൂർ - മുണ്ടുമുഴി റോഡ് കി.മി. 1/070 മുതൽ കിമീ. 7/820 വരെ എന്ന പ്രവൃത്തി 29-10-2021-ൽ ചേർന്ന എ.എസ്. കമ്മിറ്റി പരിഗണിച്ചിട്ടുണ്ട്.

ടീച്ചർ പടി - മുതുവല്ലൂർ റോഡ്, വെട്ടുകാട് - ആലിൻചുവട് - വലിയപറമ്പ് - ആലക്കാപറമ്പ് എന്നീ റോഡുകൾ പുനരുദ്ധരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

മുനിസിപ്പാലിറ്റി, ജില്ലാ പഞ്ചായത്ത് എന്നിവയുടെ അധീനതയിലുള്ള റോഡുകളായ ആലക്കാപറമ്പ് - ചമ്മലപ്പറമ്പ് - തുറക്കൽ റോഡ്, മേലങ്ങാടി - എയർപോർട്ട് റോഡ് എന്നിവ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിനായി കൊണ്ടോട്ടി മുനിസിപ്പാലിറ്റിക്കും ജില്ലാ പഞ്ചായത്തിനും 1-10-2021-ൽ നിരത്ത് വിഭാഗം കത്ത് സമർപ്പിച്ചിട്ടുണ്ട്. ആയവ കൈമാറിക്കിട്ടുന്നമുറയ്ക്ക് മാത്രമെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്ന വിഷയം പരിഗണിക്കാൻ സാധിക്കുകയുള്ളൂ.

ദേശീയപാത 966-ൽ രാമനാട്ടുകര മുതൽ എയർപോർട്ട് ജംഗ്ഷൻ വരെയുള്ള ഭാഗം നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിന് ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്കായി 33.70 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ചുവരുന്നു.

**ചാലിക്കര-അവറാട്ടുമുക്ക് റോഡ് പ്രവൃത്തി**

45 (4787) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ ചാലിക്കര-അവറാട്ടുമുക്ക് റോഡിന്റെ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് എത്ര കോടി രൂപ അനുവദിച്ചെന്നും എന്നാണ് ഭരണാനുമതി നൽകിയതെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡിന്റെ പ്രവൃത്തി ആരംഭിക്കുന്നതിനുണ്ടായ കാലതാമസത്തിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) റോഡിന്റെ പ്രവൃത്തി അടിയന്തര പരിഗണന നൽകി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

(എ-സി) 2019-ൽ 3.42 കോടി രൂപയുടെ ഭരണാനുമതി നൽകിയ 'ചാലിക്കര-പുളിയോട്ടുമുക്ക്-അവറാട്ടുമുക്ക് റോഡ് കി.മീ 0/000 മുതൽ 2/650 വരെ അഭിവൃദ്ധിപ്പെടുത്തൽ' എന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. 27-12-2020-ൽ 3 കോടി രൂപയുടെ ഭരണാനുമതി നൽകിയ 'ചാലിക്കര-പുളിയോട്ടുമുക്ക്- അവറാട്ടുമുക്ക് റോഡ് കി.മീ 2/650 മുതൽ 4/700 വരെ അഭിവൃദ്ധിപ്പെടുത്തൽ' എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് 31-5-2021-ന് സാങ്കേതികാനുമതി നൽകുകയുണ്ടായി. എന്നാൽ PRICE-ലെ ചില സാങ്കേതിക പ്രശ്നങ്ങൾ കാരണവും SoR Revision കാരണവും ടെണ്ടർ നടപടികളിലേയ്ക്ക് കടക്കുവാൻ കഴിയാതെവരികയും തുടർന്ന് സാങ്കേതികാനുമതി ക്യാൻസൽ ചെയ്യുകയുമുണ്ടായി. പുതുക്കിയ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സാങ്കേതികാനുമതി നൽകിയതിനുശേഷം ടെണ്ടർ നടപടി പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**പുനലൂർ മൂവാറ്റുപുഴ റോഡ്**

46 (4788) <u>ഡോ. മാത്യു കുഴൽനാടൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതി ബെല്ലിന്റെ നേതൃത്വത്തിൽ 12 വർഷം മുമ്പ് പൂർത്തീകരിച്ച എം.സി. റോഡിന്റെ ഒന്നാംഘട്ട നിർമ്മാണ മാതൃകയിലല്ല പുനലൂർ -മൂവാറ്റുപുഴ റോഡ് നിർമ്മിക്കുന്നതെന്ന പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

എം.സി. റോഡിന്റെ ഒന്നാംഘട്ട നിർമ്മാണ മാതൃകയിലല്ല പുനലൂർ-മൂവാറ്റുപുഴ റോഡ് നിർമ്മിക്കുന്നതെന്ന പരാതി ലഭിച്ചിട്ടില്ല.

(ബി) കിലോമീറ്ററിന് പത്തു കോടിയോളം രൂപ ചെലവഴിച്ചുള്ള പ്രസ്തുത നിർമ്മാണത്തിന് ബി.എം. & ബി.സി. ഉപയോഗിച്ചുള്ള പി.ഡബ്ല്യൂ.ഡി. റോഡ് അറ്റകുറ്റപ്പണികളുടെ നിലവാരമേയുള്ളൂ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ലോകബാങ്കിന്റെ അംഗീകാരം ലഭിച്ച മാനദണ്ഡങ്ങൾക്കനുസൃതമായ നിർമ്മാണപ്രവർത്തനങ്ങളാണ് നടത്തിവരുന്നത്.

**അരവഞ്ചാൽ പാലം പുനർനിർമ്മാണം**

47 (4789) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ വെള്ളൂർ പാടിയോട്ടുചാൽ റോഡ് കടന്നുപോകുന്ന അരവഞ്ചാൽ പാലം പുനർനിർമ്മിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

പയ്യന്നൂർ നിയോജകമണ്ഡലത്തിലെ വെള്ളൂർ പാടിയോട്ടുചാൽ റോഡ് കടന്നുപോകുന്ന അരവഞ്ചാൽ പാലം പുനർനിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് സർക്കാരിന്റെ പൊതുനിർദ്ദേശപ്രകാരം 2018 DSoR പ്രകാരം പുതുക്കി സമർപ്പിക്കുന്നതിനുള്ള നടപടികൾ പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ സ്വീകരിച്ചു വരുന്നു.

(ബി) പ്രസ്തുത പാലം നിർമ്മാണത്തിന് നിലവിൽ തുക നീക്കിവച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

നിലവിൽ പ്രസ്തുത പാലം നിർമ്മാണത്തിന് തുക നീക്കിവച്ചിട്ടില്ല.

**കാക്കാമൂല ബണ്ട് റോഡിൽ മേൽപ്പാലം**

48 (4790) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളായണി കായലിൽ കാക്കാമൂല ബണ്ട് റോഡിൽ മേൽപ്പാലം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി 11-2-2020-ൽ ലഭിച്ചിട്ടും ടെക്നിക്കൽ അനുമതിയും ടെണ്ടർ നടപടിയും എന്തുകൊണ്ടാണ് വൈകുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ അവസ്ഥ എന്താണെന്നും തുടർനടപടികൾ പൂർത്തീകരിക്കാൻ ഇനി എത്രനാൾ വേണ്ടിവരുമെന്നും വ്യക്തമാക്കുമോ?

(എ&ബി) തിരുവനന്തപുരം ജില്ലയിലെ പൂങ്കുളവും കാക്കാമൂലയും തമ്മിൽ ബന്ധിപ്പിക്കുന്ന വെള്ളായണി പാലം എന്ന പ്രവൃത്തിക്ക് 24.33 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും നൽകിയിട്ടുണ്ട്. 13-8-2021-ൽ നടന്ന 83-ാം ടെക്നിക്കൽ കമ്മിറ്റിയിൽ ടി പ്രവൃത്തി ഉൾപ്പെടുത്തുകയും കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് സമർപ്പിക്കുന്ന എസ്റ്റിമേറ്റിന് സാങ്കേതിക അംഗീകാരം നൽകുവാനും കമ്മിറ്റി നിർദ്ദേശിച്ചിട്ടുണ്ട്. സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന ലഭിക്കുന്നമുറയ്ക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്ത് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**നെന്മാറ നിയോജകമണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ**

49 (4791) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികളാണ് കഴിഞ്ഞ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

നെന്മാറ നിയോജകമണ്ഡലത്തിലെ താഴെപ്പറയുന്ന പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികളാണ് കഴിഞ്ഞ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

1. കണ്ണനികടവ് പാലം (നബാർഡ്)
2. തിരുവാഴിയോട് പാലം
3. ചുറ്റിപ്പാടം തെക്കുംപുറം പാലം
4. ചെമ്മന്തോട് പാലം
5. ഗോവിന്ദാപുരം പാലം
6. തോട്ടുംകുളമ്പ് - എരികാട് പാലം
7. ചെമ്മണം പതി പാലം

(ബി) പ്രസ്തുത പാലങ്ങളുടെ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പാലങ്ങളുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

1. കണ്ണനികടവ് പാലം (നബാർഡ്) നിർമ്മാണം - പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. നിലവിൽ ടി പ്രവൃത്തിയുടെ ഉടമ്പടിവെച്ച് സൈറ്റ് കാരാറുകാരന് 28-9-2021-ന് കൈമാറിയിട്ടുണ്ട്.

2. തിരുവാഴിയോട് പാലം - പ്രവൃത്തിയുടെ ടെന്റേറ്റീവ് ജനറൽ ഡിസൈൻ നൽകിയിട്ടുണ്ട്. സ്ഥലലഭ്യത ഉറപ്പുവരുത്തിയതിനുശേഷം ടി പ്രവൃത്തിയുടെ ഫീസിബിലിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

3. ഉറ്റിപ്പാടം തെക്കുംപുറം പാലം- പ്രവൃത്തിയുടെ ടെന്റേറ്റീവ് ജനറൽ ഡിസൈൻ ലഭിക്കുകയും ഫീസിബിലിറ്റി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഫൈനൽ ഡിസൈൻ ലഭിക്കുന്നമുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ കഴിയും.

4. ചെമ്മന്തോട് പാലം - പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

5. ഗോവിന്ദാപുരം പാലം - പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടന്നു വരുന്നു.

6. തോട്ടുകുളമ്പ് - എരികാട് പാലം - പ്രവൃത്തിയുടെ സ്ഥലലഭ്യത ഉറപ്പുവരുത്തിയതിന് ശേഷം ടി പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

7. ചെമ്മണംപതി പാലം - പ്രവൃത്തിയുടെ ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റ് സർക്കാരിന്റെ പൊതുനിർദ്ദേശ പ്രകാരം 2018 DSoR പ്രകാരം പുതുക്കി സമർപ്പിക്കുന്നതിനുള്ള നടപടികൾ പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ സ്വീകരിച്ചു വരുന്നു.

(സി) ഈ പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ തുടങ്ങാനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

അംഗീകാരം ലഭിച്ച കണ്ണനിക്കടവ് പാലം നിർമ്മാണപ്രവൃത്തി ഉടൻ ആരംഭിക്കും. മറ്റ് പ്രവൃത്തികൾക്ക് അംഗീകാരം നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

**ചെടിയാലക്കടവ് പാലത്തിന്റെ പ്രവർത്തന പുരോഗതി**

50 (4792) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിലെ ചെക്ക്യാട്-ഇണേരി ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ചെടിയാലക്കടവ് പാലത്തിന്റെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

നാദാപുരം നിയോജകമണ്ഡലത്തിലെ ചെടിയാലക്കടവ് പാലത്തിന്റെ പ്രവൃത്തിയിൽ ഇരിങ്ങണ്ണൂർ ഭാഗത്തെ അബട്ട്മെന്റിൽ പൈൽ ക്യാപ് വരെയുള്ള പ്രവൃത്തി പൂർത്തിയായി. പി 1 പിയറിൽ പൈൽ ക്യാപ്പിനുശേഷം തൂണിന്റെ ഒരു സ്റ്റേജും ചെയ്തു. ഈ ഭാഗത്തെ രണ്ട് കൾവർട്ടുകളുടെ പ്രവൃത്തിയും പൂർത്തിയായി. ഉമ്മത്തൂർ ഭാഗത്തെ അബട്ട്മെന്റിലും പിയറിലും ഉരുളൻകല്ലും പാറയുമുള്ളതു കാരണം ഫൗണ്ടേഷന്റെ ഡിസൈൻ മാറ്റുകയും അതുപ്രകാരം പ്രവൃത്തി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(ബി) പ്രസ്തുത പാലത്തിന്റ റിവേഴ്സ് എസ്റ്റിമേറ്റിന് വേണ്ടി സമർപ്പിച്ച അപേക്ഷയിൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

ചെടിയാലക്കടവ് പാലം പ്രവൃത്തിക്കായി 6,55,19,542.05 രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുണ്ട്.

## കോതേക്കാട്ട്, മന്നങ്കരച്ചിറ, കറ്റോട്, പുല്ലാപ്ലാവിൽ കടവ് പാലങ്ങളുടെ ഭരണാനുമതി

51 (4793) ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല നിയോജകമണ്ഡലത്തിലെ കോതേക്കാട്ട്, മന്നങ്കരച്ചിറ, കറ്റോട്, പുല്ലാപ്ലാവിൽ കടവ് എന്നീ പാലങ്ങളുടെ ഭരണാനുമതിക്കായുള്ള നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഭരണാനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

(എ&ബി) തിരുവല്ല നിയോജകമണ്ഡലത്തിലെ 20 ശതമാനം ബഡ്ജറ്റ് പ്രൊവിഷനുള്ള കോതേക്കാട്ട് പാലത്തിന്റെ എസ്റ്റിമേറ്റും, മന്നങ്കരച്ചിറ, കാറ്റോട്, പുല്ലാപ്ലാവിൽ കടവ് എന്നീ മൂന്ന് പാലം പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളും ഭരണാനുമതിക്കായി സർക്കാരിൽ ലഭ്യമാക്കുകയും സർക്കാർ DSoR 2018-ന്റെ അടിസ്ഥാനത്തിൽ ഈ എസ്റ്റിമേറ്റുകൾ പുതുക്കി നൽകുവാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ഇതിൽ 20 ശതമാനം ബഡ്ജറ്റ് പ്രൊവിഷനുള്ള കോതേക്കാട്ട് പാലത്തിന്റെ ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റ് 29-10-2021-നുള്ള സർക്കാർതല അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷണൽ കമ്മിറ്റിയുടെ പരിഗണനയിൽ വന്നിട്ടുണ്ട്. മന്നങ്കരച്ചിറ, കാറ്റോട്, പുല്ലാപ്ലാവിൽ കടവ് എന്നീ പാലങ്ങളുടെ എസ്റ്റിമേറ്റ് DSoR 2018-ന്റെ അടിസ്ഥാനത്തിൽ പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കാഞ്ഞങ്ങാട് ഫ്ലൈ ഓവർ പദ്ധതി

52 (4794) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് പട്ടണത്തിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനുള്ള ഫ്ലൈഓവർ പദ്ധതി ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

വിശദമായ പഠനത്തിനുശേഷം തയ്യാറാക്കിയ പദ്ധതിരേഖ കിഫ്ബിയുടെ അംഗീകാരത്തിനായി 20-10-2021-ന് സമർപ്പിച്ചിരിക്കുകയാണ്.

(ബി) പ്രസ്തുത പദ്ധതിയുടെ എസ്.പി.വി. ആരാണെന്ന് വ്യക്തമാക്കാമോ?

റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്.

(സി) പ്രസ്തുത പദ്ധതിയുടെ പ്രവൃത്തി എപ്പോൾ ആരംഭിക്കാനാകുമെന്ന് അറിയിക്കുമോ?

കിഫ്ബിയിൽനിന്ന് പദ്ധതിരേഖയ്ക്ക് അംഗീകാരം ലഭിക്കുന്നമുറയ്ക്ക് ടെണ്ടർ നടപടികൾ ആരംഭിക്കുവാൻ കഴിയും.

## കോഴിക്കോട് നോർത്ത് റെയിൽവെ ഓവർ ബ്രിഡ്ജിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണം

53 (4795) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ വരക്കൽ ക്ഷേത്രത്തിന് സമീപം പി. ടി. ഉഷ റോഡ്, പാവങ്ങാട് എന്നിവിടങ്ങളിൽ റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. പി.ടി. ഉഷ റോഡിലെ ലെവൽ ക്രോസ്സിന് പകരമായി ആർ.ഒ.ബി. നിർമ്മിക്കുന്നതിനുള്ള അലൈൻമെന്റിന് സിൽവർ ലൈൻ പദ്ധതിയുമായി ബന്ധപ്പെട്ട് KRDCL ചില മാറ്റങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ 24-9-2021-ന് റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ആയതിന് റെയിൽവേയുടെ അംഗീകാരം ലഭിച്ചാൽ മാത്രമെ അലൈൻമെന്റ് ഫൈനലൈസ് ചെയ്യാൻ സാധിക്കുകയുള്ളൂ. പാവങ്ങാട് റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മിക്കുന്നതിന് 20-3-2013-ലെ സ.ഉ.(സാധാ)നം. 394/2013/പൊ.മ.വ. പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ളതും ടി പദ്ധതിയുടെ അപ്രോച്ച് റോഡ്

നിർമ്മിക്കുന്നതിന് ആർ.ബി.ഡി.സി.കെ-യെ ചുമതലപ്പെടുത്തി പദ്ധതി നിർവ്വഹണത്തിനായി 10.30 കോടി രൂപ അനുവദിച്ചിട്ടുള്ളതുമാണ്. ടി മേൽപ്പാലത്തിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

ആകെ നീളം - 303.22 മീറ്റർ

റെയിൽവേ സ്പാൻ - 24.92 മീറ്റർ

അപ്രോച്ച് റോഡ് ഉൾപ്പെടെ - 278.30 മീറ്റർ.

ബാക്കി ഭാഗം, റെയിൽവേ മേൽപ്പാലത്തിന്റെ - 8.50 മീറ്റർ വീതി, വാഹന ഗതാഗതത്തിനുള്ള - 7.50 മീറ്റർ വീതി, ഡ്രെയിനേജ് ഉൾപ്പെടെയുള്ള - 3.00 മീറ്റർ സർവ്വീസ് റോഡിന്റെ വീതി.

(ബി) പാവങ്ങാട് റെയിൽവേ അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. ടി പദ്ധതിക്കുവേണ്ടി ആകെ 39 കൈവശഭൂമി ഏറ്റെടുക്കാനുള്ളതിൽ 35 കൈവശക്കാരുടെ ഭൂമി ഏറ്റെടുത്തിട്ടുള്ളതും ബാക്കി വരുന്ന 4 കൈവശക്കാരുടെ ഭൂമിയേറ്റെടുക്കുന്നതിനുള്ള നടപടി കോഴിക്കോട് ജില്ലാ കളക്ടർ മുഖേന പുരോഗമിച്ചു വരികയുമാണ്. ഭൂമി പൂർണ്ണമായും ഏറ്റെടുത്ത് ലഭിക്കുന്നമുറയ്ക്കുമാത്രമെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

**പുലിമല കനാൽ പാലം പുനർനിർമ്മാണം**

54 (4796) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിൽ തൃക്കാരിയൂർ -അയിരൂർ പാടം-വടക്കുംഭാഗം റോഡിലെ പുലിമല കനാൽ പാലം കാലപ്പഴക്കംമൂലം അപകടാവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കോതമംഗലം നിയോജകമണ്ഡലത്തിൽ തൃക്കാരിയൂർ - അയിരൂർ പാടം - വടക്കുംഭാഗം റോഡിൽ പുലിമല കവലയിൽ ഇറിഗേഷൻ കനാലിനു കുറുകെയാണ് പ്രസ്തുത പാലം സ്ഥിതിചെയ്യുന്നത്. ടി പാലം ഇടുങ്ങിയതും കാലപ്പഴക്കം ചെന്നതുമാണ്. പാലത്തിന്റെ പാരപ്പെറ്റിനും കൈവരിക്കും ചെറിയ തോതിൽ കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. കൂടാതെ ഫൗണ്ടേഷനിലും ചെറിയ തോതിൽ കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. എന്നാൽ പാലത്തിന് ഘടനാപരമായ കേടുപാടുകളൊന്നും സംഭവിച്ചിട്ടില്ല.

(ബി) ഇടുങ്ങിയ പ്രസ്തുത പാലം ഗതാഗതതടസ്സം സൃഷ്ടിക്കുന്നതും കാൽനട യാത്ര ദുസ്സഹവുമാക്കുന്നതുമായ കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പ്രസ്തുത പാലത്തിന് 5m വീതി മാത്രമാണുള്ളത്. കൂടാതെ കാൽനട യാത്രക്കാർക്കുവേണ്ടി ഫുട്പാത്തും നിലവിൽ ഇല്ല. ആയതിനാൽ പാലത്തിലൂടെയുള്ള കാൽനടയാത്ര ബുദ്ധിമുട്ടാണ്.

(സി) വലിയ അപകടസാദ്ധ്യതയുള്ള പ്രസ്തുത പാലം അടിയന്തരമായി പുതുക്കിപ്പണിയുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

പ്രസ്തുത പാലത്തിന്റെ പുനർനിർമ്മാണത്തിനുവേണ്ടി 2021-22-ലെ ബഡ്ജറ്റിൽ 150 ലക്ഷം രൂപ അടങ്കലിൽ 100 രൂപ ടോക്കൺ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പാലത്തിന്റെ പുനർനിർമ്മാണത്തിനുള്ള മണ്ണ് പരിശോധനയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഇൻവെസ്റ്റിഗേഷനുള്ള ഭരണാനുമതി നൽകിയതിനുശേഷം സാങ്കേതികാനുമതി ലഭ്യമാക്കി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ആരംഭിക്കുവാൻ കഴിയും. മേൽ പ്രവൃത്തി പൂർത്തിയാകുന്നമുറയ്ക്ക് പാലം നിർമ്മാണത്തിനുള്ള ഭരണാനുമതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## പുതുക്കാട് നിയോജകമണ്ഡലത്തിലെ റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം

55 (4797) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് നിയോജകമണ്ഡലത്തിൽ നിർമ്മാണത്തിന് അനുമതി നൽകിയിട്ടുള്ള റെയിൽവേ മേൽപ്പാലങ്ങളുടെ എണ്ണം അറിയിക്കാമോ; അവയുടെ നിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം ഇനിയും ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇവയുടെ നിർമ്മാണം ആരംഭിക്കുവാൻ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; ഉണ്ടെങ്കിൽ തടസ്സങ്ങൾ നീക്കുന്നതിനും റെയിൽവേയുടെ അനുമതി ലഭ്യമാക്കി മേൽപ്പാലങ്ങളുടെ നിർമ്മാണം ആരംഭിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

(എ-സി) പുതുക്കാട് നിയോജകമണ്ഡലത്തിൽ ആർ.ബി.ഡി.സി.കെ.-യുടെ കീഴിൽ 4 ആർ.ഒ.ബി.-കൾക്കാണ് അനുമതി നൽകിയിട്ടുള്ളത്.

ആലത്തൂർ ആർ.ഒ.ബി. (LC Nos.-33),

നെല്ലായി ആർ.ഒ.ബി. (LC Nos.-32),

നന്ദിക്കര ആർ.ഒ.ബി. (LC Nos.-31) എന്നീ റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുകയും ആർ.ബി.ഡി.സി.കെ-യെ എസ്.പി.വി. ആയി നിയമിക്കുകയും ചെയ്തിട്ടുണ്ട്. വിശദമായ പഠനങ്ങൾക്കുശേഷം ഡി.പി.ആർ. തയ്യാറാക്കുകയും ആർ.ബി.ഡി.സി.കെ. കിഫ്ബിയിൽ അപ്ലോഡ് ചെയ്യുകയും കിഫ്ബി യഥാക്രമം 21.87, 32.35, 34.9 കോടി രൂപയ്ക്ക് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ആലത്തൂർ, നെല്ലായി ആർ.ഒ.ബി.-കളുടെ ജി.എ.ഡി. യഥാക്രമം 2-3-2019 മുതലും 3-7-2020 മുതലും നിരവധി തവണ റെയിൽവേയ്ക്ക് സമർപ്പിച്ചെങ്കിലും നിരവധി തിരുത്തലുകൾ ആവശ്യപ്പെട്ട് മടക്കിനൽകുകയാണുണ്ടായത്. ആവശ്യമായ തിരുത്തലുകൾ വരുത്തിയശേഷം ജി.എ.ഡി., ലാൻഡ് യൂസ് സ്റ്റാറ്റിസ്റ്റിക്സ് (LUS) സർട്ടിഫിക്കറ്റ് സഹിതം ഉടൻ റെയിൽവേയ്ക്ക് സമർപ്പിക്കുന്നതാണ്. നന്ദിക്കര ആർ.ഒ.ബി-യുടെ പുതുക്കിയ ജി.എ.ഡി., LUS സർട്ടിഫിക്കറ്റ് സഹിതം 10-6-2021-ൽ റെയിൽവേയ്ക്ക് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

പുതുക്കാട് റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം 2004-05-ലെ റെയിൽവേ വർക്ക് പ്രോഗ്രാമിൽ (RWP) ഉൾപ്പെടുത്തിയിരുന്നെങ്കിലും ഭരണാനുമതി നിലിവിൽ ഇല്ലാതിരുന്നതിനാൽ റെയിൽവേ വർക്ക് പ്രോഗ്രാമിൽ നിന്നും പ്രസ്തുത പ്രവൃത്തി ഒഴിവാക്കിയിരിക്കുകയാണ്. 27-9-2016-ലെ സ.ഉ. (സാധാ)നം. 1324/2016/പൊ.മ.വ. പ്രകാരം പ്രസ്തുത മേൽപ്പാലത്തിന്റെ നിർമ്മാണം കിഫ്ബിയിൽ ഉൾപ്പെടുത്തി ആർ.ബി.ഡി.സി.കെ-യെ എസ്.പി.വി. ആയി നിയമിക്കുകയുണ്ടായി. അതനുസരിച്ച് നിർമ്മാണപദ്ധതിയുടെ ഡി.പി.ആർ. ആർ.ബി.ഡി.സി.കെ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുകയും ഈ പദ്ധതിക്കായി 37.73 കോടി രൂപയുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിക്കാവശ്യമായ സ്ഥലം എടുക്കുന്നതിനുള്ള ഭരണാനുമതി 22-11-2019-ൽ നൽകിയിട്ടുണ്ട്. തുടർന്ന് പദ്ധതി റെയിൽവേ വർക്ക് പ്രോഗ്രാമിൽ വീണ്ടും ഉൾപ്പെടുത്തണമെന്ന് റെയിൽവേയോട് സർക്കാർ അഭ്യർത്ഥിച്ചതിനെത്തുടർന്ന് ആർ.ബി.ഡി.സി.കെ. റെയിൽവേയ്ക്ക് വീണ്ടും ജി.എ.ഡി. സമർപ്പിക്കുകയും റെയിൽവേ വർക്ക് പ്രോഗ്രാമിൽ ഉൾപ്പെടുത്തുകയും ചെയ്തു. നിർമ്മാണസ്ഥലം പരിശോധിച്ചതിനുശേഷം റെയിൽവേ ആവശ്യപ്പെട്ട മാറ്റങ്ങൾ വരുത്തി 16-11-2019-ന് ആർ.ബി.ഡി.സി.കെ. വീണ്ടും ജി.എ.ഡി. സമർപ്പിച്ചു. എന്നാൽ പ്ലാറ്റ്ഫോം വിപുലീകരണവും അധികമായി 3rd line ഇടുന്നതും പരിഗണിക്കണമെന്ന് റെയിൽവേ 5-2-2020-ന് ആവശ്യപ്പെടുകയും തുടർന്ന്

കെ. കെ. രാമചന്ദ്രൻ എം.എൽ.എ-യുമായി സൈറ്റിൽ വച്ച് നടന്ന ചർച്ചകളിലെ തീരുമാനപ്രകാരം ഇപ്പോൾ പദ്ധതിയുടെ എൽ.എ. അവസാന ഘട്ടത്തിലായതിനാൽ പല്ലും ഭാഗത്തുള്ള arm-ന്റെ സ്ലോപ്പിന് മാറ്റം വരുത്തിയ അലൈൻമെന്റുമായി മുന്നോട്ടുപോകുവാൻ നിശ്ചയിക്കുകയും തുടർന്ന് സി.ഇ.ഒ. കിഫ്ബിക്ക് ഈ അലൈൻമെന്റിൽ വരുത്തിയ വ്യതിയാനം അംഗീകരിക്കുന്നതിനായി 2-8-2021-ൽ കത്തയയ്ക്കുകയും ചെയ്തു. അതിനോടൊപ്പംതന്നെ പുതുക്കിയ ജി.എ.ഡി. അംഗീകാരത്തിനായി 17-9-2021-ൽ റെയിൽവേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. റെയിൽവേ ജി.എ.ഡി. അംഗീകരിച്ചാൽ മാത്രമെ സ്ഥലമെടുപ്പിനുള്ള നടപടികൾ പുനരാരംഭിക്കാൻ കഴിയുകയുള്ളൂ.

**മണികണ്ഠംചാൽ ചപ്പാത്തിൽ പുതിയ പാലം**

56 (4798) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിൽ മണികണ്ഠംചാൽ ചപ്പാത്തിൽ പുതിയ പാലം പണിയുന്നത് സംബന്ധിച്ച 2018-ലെ ന്യൂനപക്ഷ കമ്മീഷന്റെ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ പാലം പണിയുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) വർഷ കാലത്ത് വെള്ളം കയറി യാത്രാ യോഗ്യമല്ലാതായിത്തീരുന്ന മണികണ്ഠംചാൽ ചപ്പാത്തിൽ പാലം പണിയുമായി ബന്ധപ്പെട്ട തുടർനടപടികൾ വേഗത്തിലാക്കുമോ;

(ഡി) പുതിയ പാലം പണി എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ-ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഉത്തരവുപ്രകാരം മണ്ണ് പരിശോധന നടത്തുന്നതിനായി വനം വകുപ്പിന്റെ അനുമതി തേടുകയും തുടർന്ന് പുനർനിർമ്മാണത്തിനായുള്ള മണ്ണ് പരിശോധന പൂർത്തിയാക്കി റിപ്പോർട്ട് ഡിസൈൻ തയ്യാറാക്കുന്നതിനുവേണ്ടി ഡിസൈൻ വിംഗിലേയ്ക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത പാലം നിർമ്മിക്കുന്ന സ്ഥലം വനം വകുപ്പിന്റെ അധീനതയിലായതിനാൽ, പുതിയ പാലം നിർമ്മിക്കുന്നതിന് കേന്ദ്ര വനം സംരക്ഷണ നിയമം 1980 പ്രകാരം കേന്ദ്രത്തിന്റെ അനുമതി ലഭ്യമാക്കേണ്ടതുണ്ട്. ആയതിനുള്ള അപേക്ഷ ബന്ധപ്പെട്ട പോർട്ടൽ വഴി സമർപ്പിച്ചിട്ടുണ്ട്. പുതിയ പാലത്തിന്റെ ഡിസൈനും കേന്ദ്ര വന (സംരക്ഷണ) നിയമം 1980 പ്രകാരം കേന്ദ്ര വനം വകുപ്പിന്റെ അനുമതിയും ലഭിച്ചതിനുശേഷം ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുന്ന മുറയ്ക്ക് മാത്രമെ പുതിയപാലം നിർമ്മാണം ആരംഭിക്കാൻ കഴിയുകയുള്ളൂ.

**മുനമ്പം-അഴീക്കോട് പാലത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ**

57 (4799) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ മുനമ്പത്തേയും കയ്പമംഗലം നിയോജകമണ്ഡലത്തിലെ അഴീക്കോടിനേയും തമ്മിൽ ബന്ധിപ്പിക്കുന്ന മുനമ്പം-അഴീക്കോട് പാലത്തിന്റെ നിർമ്മാണപ്രവർത്തനങ്ങളുടെ നിജസ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാലത്തിന്റെ അപ്രോച്ച് റോഡിനായുള്ള സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായിട്ടുണ്ടോ; ഇതുസംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പാലത്തിന്റെ നിർമ്മാണപ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തിയാക്കാനുള്ളതെന്ന് വ്യക്തമാക്കാമോ?

(എ-സി) തൃശ്ശൂർ ജില്ലയിലെ കയ്പമംഗലം നിയോജകമണ്ഡലത്തിലെ അഴീക്കോടിനെയും എറണാകുളം ജില്ലയിലെ വൈപ്പിൻ നിയോജകമണ്ഡലത്തിലെ മുനമ്പത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന അഴീക്കോട്-മുനമ്പം പാലം നിർമ്മാണം കിഫ്ബി 2017-18 പദ്ധതിയിൽ ഉൾപ്പെടുത്തി 160 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് 154.626 കോടി രൂപയുള്ള സാമ്പത്തികാനുമതി (സ്ഥലമേറ്റെടുക്കുന്നതുൾപ്പെടെ) 14-8-2020-ന് കിഫ്ബിയിൽനിന്നും ലഭ്യമായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുന്നതിനുവേണ്ടി സമർപ്പിച്ച എസ്റ്റിമേറ്റ് 13-10-2021-ലെ ടെക്നിക്കൽ കമ്മിറ്റിയിൽ പരിഗണിക്കുകയും കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള മിനിട്സ് നൽകുകയും ചെയ്തു. പ്രസ്തുത മാറ്റങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള എസ്റ്റിമേറ്റ് PRICE സോഫ്റ്റ്‌വെയർ മുഖേന ലഭിക്കുമ്പോൾ പരിശോധന നടത്തി, സാങ്കേതികാനുമതി നൽകി, ടെണ്ടർ നടപടിക്രമങ്ങൾ സ്വീകരിക്കുവാൻ കഴിയും. ടി പ്രവൃത്തിയുടെ അപ്രോച്ച് റോഡിനുള്ള സ്ഥലമെടുപ്പ് നടപടികൾ പുരോഗമിക്കുന്നു.

**കെൽട്രോൺ ഫെറി-കുമ്പളങ്ങി പാലം നിർമ്മാണം**

58 (4800) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അരൂർ നിയോജകമണ്ഡലത്തിലെ കെൽട്രോൺ ഫെറി-കുമ്പളങ്ങി പാലം നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ; വിശദാംശങ്ങൾ നൽകുമോ?

കുമ്പളങ്ങി - കെൽട്രോൺ ഫെറി പാലം നിർമ്മാണ പ്രവൃത്തിയ്ക്ക് 45 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതിയും 12-5-2020-ൽ 44.20 കോടി രൂപയുടെ

(ലാൻഡ് അക്വിസിഷൻ ഉൾപ്പെടെ) സാമ്പത്തികാനുമതി കിഫ്ബിയും നൽകിയിട്ടുണ്ട്. അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിനുവേണ്ടിയുള്ള ലാൻഡ് അക്വിസിഷൻ നടപടി പുരോഗമിച്ചുവരുന്നു. ടി നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള കണ്ടിജൻസി ചാർജ് ആയി 3,91,360 രൂപ സ്പെഷ്യൽ തഹസിൽദാർ എറണാകുളത്തിനും, 9,96,000 രൂപ സ്പെഷ്യൽ തഹസിൽദാർ ആലപ്പുഴയ്ക്കും 16-9-2021 -ൽ നൽകിയിട്ടുണ്ട്.

## കരുവഞ്ചാൽ പാലം നിർമ്മാണം

59 (4801) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ കരുവഞ്ചാൽ പാലത്തിന്റെ ഡിസൈൻ തയ്യാറാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

തയ്യാറാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണപ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടി ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പ്രവൃത്തിക്കുള്ള 6.80 കോടി രൂപയുടെ എസ്റ്റിമേറ്റ് അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

## കാസർഗോഡ് കല്ലടുക്ക-ചെർക്കള റോഡിലെ പള്ളത്തടുക്ക പാലം

60 (4802) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് കല്ലടുക്ക-ചെർക്കള റോഡിലെ പള്ളത്തടുക്ക പാലം എപ്പോൾ നിർമ്മിച്ചതാണെന്ന് വ്യക്തമാക്കാമോ; അന്നത്തെ നിർമ്മാണ ചെലവ് എത്രയായിരുന്നുവെന്നും കരാറുകാരൻ ആരായിരുന്നുവെന്നും വ്യക്തമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

(ബി) നിർമ്മാണത്തിനുശേഷം ഈ പാലത്തിൽ എപ്പോഴെങ്കിലും അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

നിർമ്മാണത്തിനുശേഷം ഈ പാലത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്. 2019 -ൽ മെയിന്റനൻസ് വർക്കിൽ ഉൾപ്പെടുത്തി എക്സ്പാൻഷൻ ജോയിന്റിന്റെയും വിയറിംഗ് കോട്ടിന്റെയും താൽക്കാലിക തകരാറുകൾ പരിഹരിച്ചിട്ടുണ്ട്.

(സി) ഈ പാലം ഇപ്പോൾ അപകടാവസ്ഥയിലാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. ആയത് പരിശോധിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഭാരം കയറ്റിയ വാഹനങ്ങൾക്ക് നിയന്ത്രണമേർപ്പെടുത്തിയതായുള്ള ബോർഡ് ഈ പാലത്തിൽ സ്ഥാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എപ്പോഴാണ് സ്ഥാപിച്ചതെന്ന് വിശദമാക്കാമോ?

ഭാരം കയറ്റിയ വാഹനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ള ബോർഡ് ഈ പാലത്തിൽ 28-4-2018-ന് സ്ഥാപിച്ചിട്ടുണ്ട്.

(ഇ) ഈ പാലം അപകടാവസ്ഥയിലായിട്ടും പുനർനിർമ്മിക്കാൻ ഇതുവരെ നടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(എഫ്) പാലം പുനർനിർമ്മിക്കാൻ ആലോചനയുണ്ടോ; എങ്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എത്ര രൂപയാണ് നിർമ്മാണച്ചെലവായി കണക്കാക്കുന്നത്; വിശദാംശം നൽകാമോ?

(ഇ&എഫ്) ഈ പാലം പുനർനിർമ്മാണമോ അതോ പുനരുദ്ധാരണമോ ഏതാണ് ആവശ്യമെന്ന് അറിയുന്നതിനുവേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം**

61 (4803) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ പുതുതായി നിർമ്മിക്കുന്ന പാലങ്ങളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

1. എൻമകജെ ഗ്രാമപഞ്ചായത്തിലെ കണ്ടിഗെ-അഡ്വനട്ക്ക റോഡിൽ ഷിറിയ പുഴയ്ക്ക് കുറുകെ ബക്കിലപദവ് പാലം.

2. മീഞ്ച ഗ്രാമ പഞ്ചായത്തിലെ മിയപ്പദവ് കൊമ്മങ്കള റോഡിലെ മുന്നിപ്പാടി പാലം.

(ബി) ഇതിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ?

1. ബക്കിലപദവ് പാലം -851 ലക്ഷം രൂപ

2. മുന്നിപ്പാടി പാലം-1560 ലക്ഷം രൂപ.

(സി) പ്രസ്തുത നിയോജകമണ്ഡലത്തിൽ പുതുതായി നിർമ്മിക്കുന്ന ഓരോ പാലത്തിന്റെയും നിലവിലെ സ്ഥിതി വിശദമാക്കുമോ?

ബക്കിലപദവ് പാലം, മുന്നിപ്പാടി പാലം എന്നിവയ്ക്ക് ഭരണാനുമതി നൽകുകയും സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് കാസർഗോഡ് ഡെവലപ്മെന്റ് പാക്കേജിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) സർക്കാരിലേക്ക് പുതുതായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ള പാലങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

12 പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് ഭരണാനുമതിയ്ക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

**നെല്ലായി കടവിൽ പാലം നിർമ്മാണം**

62 (4804) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് നിയോജകമണ്ഡലത്തിലെ പുതുക്കാട്, പറപ്പൂക്കര പഞ്ചായത്തുകളെ ബന്ധിപ്പിച്ചുകൊണ്ട് നെല്ലായി കടവിൽ പാലം നിർമ്മിക്കുന്നതിന് അനുമതി ലഭിച്ച് മാസങ്ങൾ പിന്നിട്ടിട്ടും അപ്രോച്ച് റോഡിനായുള്ള സ്ഥലം ഏറ്റെടുക്കുന്നതിനോ, നിർമ്മാണം ആരംഭിക്കുന്നതിനോ കഴിഞ്ഞിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ അപ്രോച്ച് റോഡിനായുള്ള സ്ഥലം ഉടൻ ഏറ്റെടുക്കുന്നതിനും പാലത്തിന്റെ നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനും സത്വര നടപടി സ്വീകരിക്കുമോ?

പ്രസ്തുത പാലത്തിന്റെ അംഗീകരിച്ച സൂപ്പർ ഇമ്പോസ്ഡ് അലൈൻമെന്റിൽ പരാതി നിലനിൽക്കുകയും ആയതിന്മേലുള്ള കേസ് കോടതിയുടെ പരിഗണനയിലുമാണ്. ഇതിനെത്തുടർന്ന് പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ അദ്ധ്യക്ഷതയിൽ 11-10-2021-ൽ യോഗം ചേരുകയും ഡിസൈൻ വിഭാഗത്തിൽ നിന്നുള്ള ഉദ്യോഗസ്ഥർ കൂടി സ്ഥലം പരിശോധിക്കുകയും അവരുടെകൂടെ നിർദ്ദേശ പ്രകാരം ദേശീയപാത അതോറിറ്റിയുടെ (എൻ.എച്ച്.എ.ഐ.)-യുടെ എൻ.ഒ.സി. വാങ്ങുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

## പി.ഡബ്ല്യൂ.ഡി. നാഷണൽ ഹൈവേ വിഭാഗം ഓഫീസുകളുടെ പ്രവർത്തനം

63 (4805) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേയുടെ പ്രവൃത്തികൾ നാഷണൽ ഹൈവേ അതോറിറ്റി ചെയ്തുവരുന്ന സാഹചര്യത്തിൽ നിലവിലെ പി.ഡബ്ല്യൂ.ഡി. നാഷണൽ ഹൈവേ വിഭാഗം ഓഫീസുകളുടെ പ്രവർത്തനം ഏതു തരത്തിൽ ക്രമീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പി.ഡബ്ല്യൂ.ഡി. നാഷണൽ ഹൈവേ സെക്ഷൻ ഓഫീസുകളിലെ സാങ്കേതിക, മിനിസ്റ്റീരിയൽ സ്റ്റാഫുകളെ ജോലിഭാരമുള്ള മറ്റ് വകുപ്പുകളിലേയ്ക്ക് മാറ്റുന്നതിന് പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗത്തിന്റെ കീഴിൽ 11 ദേശീയപാതകളാണ് (1781.36 കി.മീ.) ഉൾപ്പെടുന്നത്. അതിൽ 6 ദേശീയപാതകൾ (1233 കി.മീ.) കേന്ദ്ര സർക്കാരിന്റെ 12-5-2020-ലെ ഗസറ്റ് നോട്ടിഫിക്കേഷൻ നം.S.O.1506(E), S.O.1507(E) എന്നിവ പ്രകാരം വികസനത്തിനായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് (NHAI) കൈമാറിയിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാരിന്റെ CRIF Scheme-ൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാകുന്ന സംസ്ഥാന പാതകളുടെയും MDR-കളുടെയും പുനരുദ്ധാരണവും ദേശീയപാത വിഭാഗമാണ് നടപ്പിലാക്കിവരുന്നത്. കേന്ദ്രത്തിൽ നിന്നും തത്വത്തിൽ അംഗീകരിച്ച 12 ദേശീയപാതകളുടെ (484.60 കി.മീ.) സാദ്ധ്യതാപഠനം ദേശീയപാതാ വിഭാഗം കൺസൾട്ടൻസി മുഖേന നടപ്പിലാക്കിവരികയാണ്. നിലവിലെ ദേശീയപാതകളായ NH 183, 183A, 185, 766 എന്നിവയെ paved shoulder ചെയ്ത് രണ്ടുവരി പാതയായി വികസിപ്പിക്കുന്നതിന് വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്ന 7 പ്രവൃത്തികൾ (473 കി.മീ.) കൺസൾട്ടന്റ് മുഖേന നടപ്പാക്കിവരുന്നു. മേൽ പ്രവൃത്തികൾ എല്ലാംതന്നെ നിലവിൽ സംസ്ഥാന ദേശീയപാതാ വിഭാഗത്തിലെ സാങ്കേതിക, മിനിസ്റ്റീരിയൽ സ്റ്റാഫുകളെ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കിവരുന്നത്.

(സി) പി.ഡബ്ല്യൂ.ഡി നാഷണൽ ഹൈവേ വിഭാഗം ഉദ്യോഗസ്ഥരെ കെ.ആർ.എഫ്.ബി.-യിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ഇത്തരത്തിൽ കോഴിക്കോട് ജില്ലയിൽ എന്തൊക്കെ ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

8-10-2021-ലെ സ.ഉ (സാധാ)നം. 912/2021/പൊ.മ.വ പ്രകാരം ദേശീയപാത വിഭാഗത്തിൻ കീഴിലുള്ള 6 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെയും 22 അസിസ്റ്റന്റ് എഞ്ചിനീയർമാരെയും കേരള റോഡ് ഫണ്ട് ബോർഡിലേയ്ക്ക് വർക്കിംഗ് അറേഞ്ച്മെന്റിൽ മാറ്റിയിട്ടുണ്ട്. ഇതിൽ കോഴിക്കോട് ജില്ലയിലെ ദേശീയപാത വിഭാഗത്തിൽ നിന്നും 3 അസിസ്റ്റന്റ് എഞ്ചിനീയർമാർ ഉൾപ്പെട്ടിട്ടുണ്ട്.

### പി.ഡബ്ല്യൂ.ഡി. (ഇലക്ട്രിക്കൽ വിഭാഗം) ഒഴിവുകൾ

64 (4806) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ല്യൂ.ഡി. (ഇലക്ട്രിക്കൽ വിഭാഗം) ജനറേറ്റർ മെക്കാനിക്ക്/ ഓവർസിയർ (ഇലക്ട്രിക്കൽ) തസ്തികയിൽ സംസ്ഥാനത്ത് എത്ര ഒഴിവുകളുണ്ടെന്നും ഇവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും അറിയിക്കാമോ?

പൊതുമരാമത്ത് വകുപ്പിൽ ജനറേറ്റർ മെക്കാനിക്ക്/ഒന്നാം തരം ഓവർസിയർ (ഇലക്ട്രിക്കൽ) തസ്തികകളിൽ 33 ഒഴിവുകളുണ്ട്. എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) കോഴിക്കോട് ജില്ലയിൽ പി.ഡബ്ല്യൂ.ഡി. (ഇലക്ട്രിക്കൽ വിഭാഗം) തേർഡ് ഗ്രേഡ് ഓവർസിയർ/ ലൈൻമാൻ (ഇലക്ട്രിക്കൽ) തസ്തികയിൽ എത്ര ഒഴിവുകളുണ്ട്; പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കാമോ?

കോഴിക്കോട് ജില്ലയിൽ പൊതുമരാമത്ത് വകുപ്പ് തേർഡ് ഗ്രേഡ് ഓവർസിയർ/ ലൈൻമാൻ (ഇലക്ട്രിക്കൽ) തസ്തികയിൽ രണ്ട് ഒഴിവുകളുണ്ട്. എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

### മാനന്തവാടി മിനി സിവിൽസ്റ്റേഷൻ അനക്സ് നിർമ്മാണം

65 (4807) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മിനി സിവിൽസ്റ്റേഷൻ അനക്സ് നിർമ്മിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

13-8-2021-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 730/2021/പി.ഡബ്ല്യൂ.ഡി. പ്രകാരം മാനന്തവാടി മിനി സിവിൽ സ്റ്റേഷൻ അനക്സ് നിർമ്മാണത്തിനായി 1296 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കെട്ടിടം രൂപകല്പന

ചെയ്യുന്നതിനുള്ള ടോട്ടൽസ്റ്റേഷൻ സർവ്വെ ചെയ്തതിന്റെ വിവരങ്ങളും വിവിധ വകുപ്പുകളുടെ ആവശ്യങ്ങളും പൊതുമരാമത്ത് ആർക്കിടെക്ചർ വിഭാഗത്തിന് കൈമാറിയിട്ടുണ്ട്.

(ബി) നടപടിക്രമങ്ങൾ പൂർത്തിയാക്കി ടെണ്ടർ നടപടികളിലേയ്ക്ക് കടക്കാൻ എത്രസമയം വേണ്ടിവരുമെന്നാണ് കണക്കാക്കുന്നത്; വ്യക്തമാക്കാമോ?

ആർക്കിടെക്ചർ ഡ്രോയിംഗ് ലഭിച്ച് സ്ട്രക്ചറൽ രൂപകല്പന നടത്തി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്നതിന് സാധാരണഗതിയിൽ മൂന്നുമാസം വേണ്ടിവരുമെന്നാണ് പ്രതീക്ഷിക്കുന്നത്. എന്നാൽ ചില അസാധാരണ സാഹചര്യങ്ങൾമൂലവും പ്രവൃത്തികളുടെ ബാഹുല്യവുംകാരണം ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്നതിന് 3 മാസത്തേക്കാൾ കൂടുതൽ സമയം നിലവിൽ എടുക്കുന്നുണ്ട്.

**ചാത്തന്നൂർ മിനി സിവിൽ സ്റ്റേഷൻ രണ്ടാംനിലയുടെ നിർമ്മാണം**

66 (4808) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗത്തിന്റെ ചുമതലയിൽപ്പെട്ട ചാത്തന്നൂർ മിനി സിവിൽ സ്റ്റേഷൻ രണ്ടാം നിലയുടെ നിർമ്മാണത്തിനായുള്ള ഡി.പി.ആർ. സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട ഡി.പി.ആർ. തയ്യാറാക്കുന്നതടക്കമുള്ള കാര്യങ്ങൾ പൂർത്തീകരിക്കാനുള്ള കാലതാമസത്തിന് കാരണമെന്തെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട ഡി.പി.ആർ. അടിയന്തരമായി തയ്യാറാക്കി സമർപ്പിക്കുന്നതിന് വകുപ്പിന്റെ കെട്ടിട വിഭാഗം സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

(എ-സി) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗത്തിന്റെ ചുമതലയിൽപ്പെട്ട ചാത്തന്നൂർ മിനി സിവിൽസ്റ്റേഷന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട ഡി.പി.ആർ. സംബന്ധിക്കുന്ന വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ടി പ്രവൃത്തി 817sqm.-ൽ ലൈറ്റ് സ്റ്റീൽ സ്ട്രക്ചർ ആയിട്ടാണ് നിർമ്മാണം നടത്താൻ ഉദ്ദേശിച്ചിട്ടുള്ളത്. നിലവിലുള്ള ഫൗണ്ടേഷൻ രണ്ട് നില കെട്ടിടത്തിന് വേണ്ടിയാണ് ഡിസൈൻ ചെയ്തിട്ടുള്ളത്. അതിന് മുകളിൽ ഹെവിസ്ട്രക്ചർ

നിർമ്മിക്കുവാൻ സാധിക്കില്ല. ആയതിനാൽ എം.എൽ.എ.-യുടെ നിർദ്ദേശപ്രകാരം ലൈറ്റ് സ്റ്റീൽ സ്ട്രക്ചർ നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് 1,99,95,867 (ഒരു കോടി തൊണ്ണൂറ്റൊമ്പതു ലക്ഷത്തി തൊണ്ണൂറ്റിയയ്യായിരത്തി എണ്ണൂറ്റി അറുപത്തേഴ് രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് (ഡി.പി.ആർ) ഭരണാനുമതിക്കായി തയ്യാറാക്കിയിട്ടുണ്ട്. Steel column, Steel truss എന്നിവയോടുകൂടി light steel structure ആയിട്ടാണ് ടി പ്രവൃത്തി propose ചെയ്യുന്നത്. 20 cm thick AAC block ആണ് outer wall-നും inner wall-നും ഉപയോഗിക്കുന്നത്. Second Class teak wood കതകുകളും, Aluminium ജനലുകളും ആണ് എസ്റ്റിമേറ്റ് പ്രകാരം ഉൾപ്പെടുത്തിയിരിക്കുന്നത്. ടി എസ്റ്റിമേറ്റ് പരിശോധനയ്ക്കായി 26-10-2021-ന് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ലഭിച്ചിട്ടുണ്ട്. ആയത് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറുടെ പരിശോധനയിലാണ്.

**ആനക്കാംപൊയിൽ- കള്ളാടി-മേപ്പാടി തുരങ്കപാത**

67 (4809) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാത പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ;

(ബി) പദ്ധതി രൂപരേഖയുടെ വിശദവിവരങ്ങൾ വ്യക്തമാക്കുമോ?

(എ&ബി) കിഫ്ബിയുടെ നിർദ്ദേശപ്രകാരം ആനക്കാംപൊയിൽ - കള്ളാടി -മേപ്പാടി തുരങ്കപാതയുടെ പുതുക്കിയ പദ്ധതി രൂപരേഖ KRCL സമർപ്പിച്ചത് ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്. ആനക്കാംപൊയിൽ, കള്ളാടി, മേപ്പാടി എന്നീ പ്രദേശങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് 4 വരിപ്പാതയടങ്ങിയ ട്വിൻ ടണൽ ആയിട്ടാണ് പുതുക്കിയ വിശദമായ പദ്ധതി രൂപരേഖ വിഭാവനം ചെയ്യുന്നത്. ആനക്കാംപൊയിൽ സൈഡിൽ രണ്ട് പാലങ്ങൾ വിഭാവനം ചെയ്തിട്ടുണ്ട്. 2085.19 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പുതുക്കിയ ഡി.പി.ആർ. പ്രകാരമുള്ള ഫോറസ്റ്റ് ക്ലിയറൻസിനും EIA-ക്കും വേണ്ടി PARIVESH പോർട്ടലിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(സി) നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഡി.പി.ആർ. അംഗീകാരം ഫോറസ്റ്റ് ക്ലിയറൻസ്, ഇ.ഐ.എ. അംഗീകാരം എന്നിവ ലഭിക്കുന്നമുറയ്ക്ക് പ്രവൃത്തി ആരംഭിക്കാൻ സാധിക്കുന്നതാണ്.

## താവം - പാപ്പിനിശ്ശേരി റെയിൽവെ മേൽപ്പാലത്തിന്റെ അറ്റകുറ്റപ്പണികൾക്കാവശ്യമായ ഫണ്ട്

68 (4810) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കല്ല്യാശ്ശേരി, അഴീക്കോട് നിയോജകമണ്ഡലങ്ങളിലൂടെ കടന്നുപോകുന്ന പിലാത്തറ-പാപ്പിനിശ്ശേരി കെ.എസ്.ടി.പി. റോഡിന്റെ ഉപരിതലം മിനുക്കുന്നതിനും താവം-പാപ്പിനിശ്ശേരി റെയിൽവെ മേൽപ്പാലത്തിന്റെ അറ്റകുറ്റപ്പണികൾക്കും ആവശ്യമായ ഫണ്ട് ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

പിലാത്തറ - പാപ്പിനിശ്ശേരി റോഡ് (ബലിയ പട്ടം - ചെറുതാഴം റോഡ്) കി. മീ 0/000 മുതൽ 10/000 വരെയും കി. മീ 10/000 മുതൽ 20/9000 വരെയും യഥാക്രമം 680.00 ലക്ഷം രൂപയുടെയും, 750.00 ലക്ഷം രൂപയുടെയും ഉപരിതലം മിനുക്കുന്നതിനുവേണ്ടിയുള്ള പ്രവൃത്തിക്കായി മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. താവം - പാപ്പിനിശ്ശേരി റെയിൽവേ മേൽപ്പാലത്തിന്റെ അറ്റകുറ്റപ്പണികൾ കെ.എസ്.റ്റി.പി. ഫണ്ട് ഉപയോഗിച്ച് നടത്തുന്നതാണ്.

## പൊതുമരാമത്ത് റോഡുകളിൽ കേബിളുകളും പൈപ്പുകളും ഇടുന്നതിനുള്ള വ്യവസ്ഥകൾ

69 (4811) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് റോഡുകളിൽ സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും കേബിളുകളും പൈപ്പുകളും ഇടുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

റോഡുകളിൽ കേബിളുകൾ, പൈപ്പുകൾ തുടങ്ങിയ യൂട്ടിലിറ്റീസ് സ്ഥാപിക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ 5-1-2018-ലെ ജി.ഒ (ആർ.റ്റി) നം. 30/2018/ പൊമ.വ., 24-8-2018-ലെ ജി.ഒ (ആർ.റ്റി)നം.1321/2018/ പൊമ.വ. എന്നിവ പ്രകാരം ഉത്തരവായിട്ടുണ്ട്. ബന്ധപ്പെട്ട ഏജൻസികൾ യൂട്ടിലിറ്റി സ്ഥാപിക്കുന്നതിനായി RoW Portal സംവിധാനത്തിലൂടെ ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നു. ആയതിൻ പ്രകാരം പൊതുമരാമത്ത് വകുപ്പ്, ഏജൻസി റോഡ് റെസ്റ്റോറേഷനായി ഒടുക്കേണ്ട തുക ഉൾപ്പെടുത്തി ഡിമാന്റ് നോട്ടീസ് നൽകുന്നു. ആയതിൻപ്രകാരം ഏജൻസികളും പ്രസ്തുത തുക പൊതുമരാമത്ത് വകുപ്പിൽ ഒടുക്കുന്നു. ബന്ധപ്പെട്ട ഏജൻസികൾ റോഡ് റെസ്റ്റോറേഷൻ

പ്രവൃത്തികൾ നേരിട്ട് നടപ്പിലാക്കുന്ന അവസരങ്ങളിൽ നിശ്ചിത തുക സൂപ്പർവിഷൻ ചാർജ്ജ്, സെക്യൂരിറ്റി എന്നിവയായി വാങ്ങുകയും പ്രവൃത്തിയുടെ ഡിഫക്ട് ലയബിലിറ്റി കാലാവധിക്കുശേഷം സെക്യൂരിറ്റി വിടുതൽ ചെയ്തുനൽകുകയും ചെയ്യുന്നു. ഭൂരിഭാഗം പ്രവൃത്തികളും ഏജൻസികളിൽനിന്നും ഈടാക്കുന്ന റെസ്റ്റൊറേഷൻ തുക ഉപയോഗിച്ച് പൊതുമരാമത്ത് വകുപ്പ് നേരിട്ടാണ് റോഡ് റെസ്റ്റൊറേഷൻ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നത്. ദേശീയപാതയിൽ റോഡുകളിൽ പൈപ്പ്/കേബിളുകൾ സ്ഥാപിക്കുന്നതിനായി ROW സർവ്വീസ് പോർട്ടൽ വഴി അപേക്ഷ സമർപ്പിക്കേണ്ടതാണ്. ദേശീയപാതാ വിഭാഗത്തിന്റെ പരിധിയിൽ വരുന്ന റോഡുകളിൽ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ 27-11-2016-ലെ കത്ത് നം. RW/NH-33044/2015/S&R(R) നിർദ്ദേശങ്ങൾക്ക് വിധേയമായിട്ടാണ് പൈപ്പുകളോ കേബിളുകളോ ഇടുന്നതിനുള്ള അനുമതി നൽകുന്നത്. പ്രസ്തുത സർക്കുലറിൻപ്രകാരം 5 വർഷത്തേയ്ക്കുള്ള ലൈസൻസ് ഫീസും പെർഫോമൻസ് ഗ്യാരന്റിയും മാത്രമാണ് സ്വീകരിക്കുന്നത്. പ്രസ്തുത സർക്കുലർ പ്രകാരം ടി കക്ഷി അവരുടെ ചെലവിൽ തന്നെ റോഡുകൾ പൂർവ്വസ്ഥിതിയിൽ ആക്കേണ്ടതാണ്. സി.ആർ.എഫ്. പദ്ധതിയിൽ ഉൾപ്പെടുന്ന റോഡുകളിൽ സർക്കാർ നിഷ്കർഷിച്ചിരിക്കുന്ന ഫീസ് അടയ്ക്കേണ്ടതാണ്. സർക്കാർ നിഷ്കർഷിച്ചിരിക്കുന്ന വ്യവസ്ഥകൾക്കനുസൃതമായിട്ടാണ് അനുമതി നൽകുന്നത്.

(ബി) അനുമതി വാങ്ങി കേബിളുകളും പൈപ്പുകളും ഇടുന്ന റോഡുകളിൽ പിന്നീട് റോഡ് വികസനത്തിന്റെ ഭാഗമായി ഇത്തരം കേബിളുകളും പൈപ്പുകളും മാറ്റി സ്ഥാപിക്കേണ്ടി വരുമ്പോൾ ആയതിന്റെ ഉത്തരവാദിത്വം ആർക്കാണെന്ന് വ്യക്തമാക്കാമോ;

(സി) കെ.എസ്.ഇ.ബി.-ക്കും വാട്ടർ അതോറിറ്റിക്കും ഇതിലുള്ള പങ്ക് എന്താണ്;

(ഡി) ഇത്തരം കേബിളുകളും പൈപ്പുകളും മാറ്റി സ്ഥാപിക്കുന്നതിന് വ്യക്തമായ മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; ഈ കാര്യത്തിൽ ഉടമ്പടികൾ വയ്ക്കാറുണ്ടോ: വ്യക്തമാക്കാമോ?

(ബി&ഡി) റോഡ് വികസനത്തിന്റെ ഭാഗമായി വാട്ടർ അതോറിറ്റി പൈപ്പുകൾ, കെ.എസ്.ഇ.ബി. കേബിളുകൾ, പോസ്റ്റുകൾ എന്നിവ മാറ്റി സ്ഥാപിക്കുന്നതിനാവശ്യമായ തുക പ്രസ്തുത ഏജൻസികളുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ റോഡ് പ്രവൃത്തിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നേടുന്നു. പിന്നീട് ആയത് പ്രസ്തുത പൈപ്പുകൾ, കേബിളുകൾ, പോസ്റ്റുകൾ തുടങ്ങിയവ മാറ്റി

സ്ഥാപിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പിന് കൈമാറി നൽകുന്നു. ഇത്തരം യൂട്ടിലിറ്റികൾ മാറ്റി സ്ഥാപിക്കുമ്പോൾ റോഡ് സുരക്ഷ ഉറപ്പാക്കണമെന്നും ഭാവിയിലെ റോഡ് വികസനത്തിന് തടസ്സം സൃഷ്ടിക്കരുതെന്നുമുള്ള നിഷ്കർഷ വകുപ്പ് ഉദ്യോഗസ്ഥർ ഉറപ്പാക്കുന്നുണ്ട്.

**ആധുനിക നിലവാരത്തിലുള്ള റോഡുകൾ**

70 (4812) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ അധികാരത്തിൽ വന്നശേഷം കേരളത്തിലെ പൊതുമരാമത്ത് റോഡ് നിർമ്മാണത്തിൽ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനും കൂടുതൽ കാലം ഈടുനിൽക്കുന്നതിനുമായി എന്തൊക്കെ സാങ്കേതിക മാറ്റങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത്; ഇതനുസരിച്ച് ഇക്കാലയളവിൽ എത്ര കിലോമീറ്റർ റോഡാണ് ആധുനിക നിലവാരത്തിൽ കൊണ്ടുവന്നിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കഴിഞ്ഞ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ കൂടുതൽ കാലം ഈടുനിൽക്കുന്ന ബി. എം. & ബി. സി. റോഡുകൾ നിർമ്മിക്കുന്നതിനും ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഉപയോഗശൂന്യമായ പ്ലാസ്റ്റിക്, സ്വാഭാവിക റബ്ബർ, കയർ ജിയോടെക്സ്റ്റയിൽസ് എന്നിവ റോഡ് നിർമ്മാണത്തിൽ വ്യാപകമായി ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പുതിയതായി ബി.സി. ഉപരിതലം നിർമ്മിക്കുന്ന എല്ലാ പ്രവൃത്തികളിലും 50 ശതമാനം നീളമെങ്കിലും പ്ലാസ്റ്റിക് ഉപയോഗിച്ച് ടാർ ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്ലാസ്റ്റിക് മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതുമൂലം ഇവ പരിസ്ഥിതി സൗഹൃദമാകുന്നു. 2016-17 മുതൽ നാളിതുവരെ 803.17 കി.മി ദൂരം പ്ലാസ്റ്റിക് മാലിന്യം (ഏകദേശം 1180 ടൺ) ഉൾപ്പെടുത്തി നിർമ്മിച്ചിട്ടുണ്ട്. കഴിഞ്ഞ 5 വർഷങ്ങളിലായി 2790 കിലോമീറ്റർ റോഡുകൾ നാച്വറൽ റബ്ബർ മോഡിഫൈഡ് ബിറ്റുമിൻ (NRMB) ഉപയോഗിച്ച് നിർമ്മിച്ചിട്ടുണ്ട്. കയർഭൂവസ്ത്രം ഉപയോഗിച്ച് 50.40 കി. മീ. റോഡുകൾ നിർമ്മിച്ചിട്ടുണ്ട്. തകർന്ന റോഡുകൾ പൊളിച്ചെടുത്ത് അതേ മെറ്റീരിയലുകൾ ടാർ ചേർത്ത് നിർമ്മാണത്തിന് ഉപയോഗിക്കുന്ന നൂതന സാങ്കേതികവിദ്യ ഫുൾ ഡെപ്ത് റിക്ലമേഷൻ ടെക്നോളജി (milling) പത്തനംതിട്ട ജില്ലയിലെ ആനയടി - പഴകുളം - ചന്ദനപള്ളി - കൂടൽ റോഡ് 5.9 കി.മീറ്ററിൽ നടപ്പാക്കിയിട്ടുണ്ട്. വെള്ളക്കെട്ടുണ്ടാകുന്ന സ്ഥലങ്ങൾക്കനുയോജ്യമായ വൈറ്റ് ടോപ്പിംഗ് നിർമ്മാണരീതി നടപ്പിലാക്കിവരുന്നു. ദൃഢത, ഉറപ്പ്, വെള്ളപ്പൊക്കംമൂലമുണ്ടാകുന്ന

കേടുപാടുകളിൽ നിന്നുള്ള ഉയർന്ന കെട്ടുറപ്പ് എന്നിവ ഈ റോഡുകളുടെ പ്രത്യേകതയാണ്. ഇത്തരം റോഡുകൾ നല്ല നിലവാരം പുലർത്തുന്നതായി കണ്ടുവരുന്നു. ബി.എം. & ബി.സി. ഉപയോഗിച്ച് 7167.86 കി.മീ. റോഡുകൾ ആധുനിക നിലവാരത്തിൽ ഉയർത്തിക്കൊണ്ടുവന്നിട്ടുണ്ട്. വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

(ബി) പൊതുമരാമത്ത് വകുപ്പിലെ സാങ്കേതിക വിഭാഗത്തിൽപ്പെടുന്ന മുഴുവൻ ജീവനക്കാർക്കും കെട്ടിടം, റോഡ്, പാലം നിർമ്മാണങ്ങളിലുണ്ടായിട്ടുള്ള ആധുനിക സമ്പ്രദായങ്ങൾ പരിശീലിക്കുന്നതിനും നാടിന് അനുയോജ്യമായ സമ്പ്രദായങ്ങൾ നടപ്പാക്കുന്നതിനും ആവശ്യമായ എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പൊതുമരാമത്ത് വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാർക്ക് പരിശീലനം നൽകുന്നത് ഐ.എം.ജി., കെ.എച്ച്.ആർ.ഐ. എന്നീ സ്ഥാപനങ്ങൾ വഴിയാണ്. പുതുതായി ജോലിയിൽ പ്രവേശിക്കുന്ന സാങ്കേതിക വിഭാഗം ജീവനക്കാർക്ക് ഒരു മാസത്തെ ഇൻഡക്ഷൻ ട്രെയിനിംഗ് നൽകുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ പൊതുവായ നിർമ്മാണ രീതികളും സാങ്കേതികത്വവും പുതിയ ജീവനക്കാരിലേക്ക് പകരുന്നതിന് അനുഭവസമ്പന്നരായ മുതിർന്ന ജീവനക്കാരുടെ സേവനം ലഭ്യമാക്കുന്നുണ്ട്. പൊതുമരാമത്ത് എച്ച്.ആർ.ഡി. വിഭാഗം പുതിയ സാങ്കേതിക വിദ്യകൾ ജീവനക്കാർക്ക് പരിചയപ്പെടുത്തുന്നതിനായി നിരന്തരം ദ്വിദിന, ത്രിദിന ശില്പശാലകൾ കെ.എച്ച്.ആർ.ഐ., ഐ.എം.ജി. എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പാക്കുന്നുണ്ട്. വിവിധ ഐ.ഐ.റ്റി., എൻ.ഐ.റ്റി. അദ്ധ്യാപകരെയും സാങ്കേതിക വിദഗ്ദ്ധരെയും ഇതിനായി ഉപയോഗിക്കുന്നുണ്ട്. എങ്കിലും പരിശീലന പരിപാടികൾ ഇനിയും ഏറെ മെച്ചപ്പെടേണ്ടതാണ്. എറണാകുളം ജില്ലയിലെ നേര്യമംഗലത്ത് ഈ ഉദ്ദേശത്തോടെ ആധുനിക രീതിയിലുള്ള ഒരു പരിശീലന സ്ഥാപനം പൂർത്തിയായി വരുന്നു. അതോടെ കൂടുതൽ ഫലപ്രദമായി ആധുനിക സാങ്കേതിക വിദ്യകൾ പഠിക്കുന്നതിനും നാടിന് അനുയോജ്യമായ സമ്പ്രദായങ്ങൾ നടപ്പിലാക്കുന്നതിനും ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകാൻ കഴിയുമെന്ന് കരുതുന്നു. കൂടാതെ വിദേശരാജ്യങ്ങളിൽ നടപ്പിലാക്കുന്ന നൂതനനിർമ്മാണ രീതികൾ പരിശീലിക്കുന്നതിനായി ഉന്നത ഉദ്യോഗസ്ഥർക്ക് ആ രാജ്യങ്ങൾ സന്ദർശിച്ച് പരിശീലനം ലഭ്യമാക്കുന്നതിനുമുള്ള സൗകര്യവും ഒരുക്കുന്നുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ജീവനക്കാരുടെ കാര്യനിർവ്വഹണശേഷി വർദ്ധിപ്പിക്കാൻ കഴിയും വിധം വകുപ്പുതലത്തിൽ വരുത്തിയിട്ടുള്ള മാറ്റങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

ജീവനക്കാരുടെ കാര്യനിർവ്വഹണശേഷി ഉയർത്താൻ കഴിയുന്ന തരത്തിൽ പൊതുമരാമത്ത് വകുപ്പിൽ ഇലക്ട്രോണിക് സംവിധാനങ്ങൾ നിലവിൽവന്നിട്ടുണ്ട്. തപാലുകൾ കൈകാര്യം ചെയ്യുന്നത് e-office സംവിധാനം വഴിയാണ്. എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതും സാങ്കേതികാനുമതി നൽകുന്നതും പ്രീക്വാളിഫിക്കേഷൻ, ടെണ്ടർ സാംഗ്ഷൻ തുടങ്ങി പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തി ബില്ലുകൾ തയ്യാറാക്കുന്നതുവരെ PRICE സോഫ്റ്റ്‌വെയർ വഴിയാണ്. പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതും കരാറുകാർ ടെണ്ടറിൽ പങ്കെടുക്കുന്നതും ഇ -ടെണ്ടർ പോർട്ടൽ വഴിയാണ്. സർക്കാരിൽ നിന്നും അലോക്കേഷൻ EMLI സോഫ്റ്റ്‌വെയർ വഴിയാണ് ലഭിക്കുന്നത്. ട്രഷറിയിൽ ബിൽ സമർപ്പിക്കുന്നതും, കരാറുകാർക്ക് ബിൽ തുക നൽകുന്നതും ഓൺലൈൻ വഴിയായതിനാൽ കൃത്യതയും വേഗവും ഉറപ്പുവരുത്തുവാൻ സാധിക്കുന്നുണ്ട്.

(ഡി) ഈ ആധുനിക സമ്പ്രദായങ്ങളെല്ലാമുണ്ടായിട്ടും ഒരു പ്രവൃത്തിയുടെ ഭരണാനുമതി നൽകുന്നതിൽ കാലതാമസമുണ്ടാകുന്നതിന്റെ കാരണം പുന:പരിശോധിച്ച് സമയബന്ധിതമായി പ്രവൃത്തികൾ നടക്കുന്നുവെന്ന ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കെട്ടിട വിഭാഗത്തിൽ നിന്നും ഭരണാനുമതിക്കുവേണ്ടി PRICE മുഖേന എസ്റ്റിമേറ്റുകൾ സർക്കാരിലേയ്ക്ക് സമർപ്പിക്കുമ്പോൾ 5 കോടി രൂപയ്ക്ക് മുകളിൽ വരുന്ന എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാനായി Plinth area നിരക്ക് പ്രകാരം പ്രിലിമിനറി എസ്റ്റിമേറ്റ് തയ്യാറാക്കാൻ PRICE പുതിയ സംവിധാനം ഒരുക്കിയിട്ടുണ്ട്. കൂടാതെ സമയബന്ധിതമായി പ്രവൃത്തികൾ നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനായി നിരന്തരം പ്രവർത്തനപുരോഗതിയുടെ അവലോകനം നടത്തിവരുന്നുണ്ട്. പാലങ്ങളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മണ്ണ് പരിശോധനയും സർവ്വേയും നടത്തിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ഡിസൈൻ ആവശ്യമാണ്. പാലം നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കുന്നതും പാലത്തിന്റെ ഡിസൈൻ തയ്യാറാക്കലും കാലതാമസമുള്ള പ്രവൃത്തികളാണ്. അലൈൻമെന്റ് സംബന്ധിച്ച കോടതി വ്യവഹാരങ്ങൾമൂലം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് കാലതാമസം നേരിടാറുണ്ട്. നിലവിലുള്ള e-office സംവിധാനം നവംബർ മാസം 1-ാം തീയതിയോടുകൂടി സെക്ഷൻ ഓഫീസുകളെ വരെ ഉൾപ്പെടുത്തികൊണ്ട് ശാക്തീകരിക്കുകയാണ്. തൻമൂലം പൊതുമരാമത്ത് വകുപ്പിലെ ഫയൽ കൈമാറ്റം കൂടുതൽ സമയബന്ധിതമായി നടപ്പാക്കാൻ കഴിയുന്നതാണ്.

## കെട്ടിട നിർമ്മാണവും ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികളും ഒരുമിച്ചുള്ള പൂർത്തീകരണം

71 (4813) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) എം.എൽ.എ. വികസന ഫണ്ടുകൾ, മറ്റ് വികസന ഫണ്ടുകൾ എന്നിവ മുഖേനയുള്ള പ്രവൃത്തികൾക്കായി പൊതുമരാമത്ത് കെട്ടിട വിഭാഗം പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുമ്പോൾ കെട്ടിടത്തിന്റെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾക്ക് നീക്കിവയ്ക്കുന്ന നിശ്ചിത തുക പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാൻ അപര്യാപ്തമാകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആയത് പരിഹരിക്കാൻ നിലവിലുള്ള രീതിയിൽ മാറ്റം വരുത്താൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ?

ആയത് പരിശോധിക്കുന്നതാണ്.

(സി) കെട്ടിട നിർമ്മാണവും ആയതിന്റെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികളും സമയബന്ധിതമായി ഒരുമിച്ച് പൂർത്തീകരിക്കാൻ സഹായകമാകുന്ന സംവിധാനം ഏർപ്പെടുത്തുമോ; വിശദമാക്കാമോ?

26-2-2020-ലെ GO(Ms)No.27/2020/PWD പ്രകാരം Composite tender (സിവിൽ, ഇലക്ട്രിക്കൽ വർക്കുകളും ഒന്നിച്ച്) implement ചെയ്യുകയും 5-2-2021-ലെ GO(Ms)No.9/2021/PWD പ്രകാരം 5 കോടി രൂപയ്ക്ക് മുകളിൽ നിർമ്മാണ തുകയുള്ള പ്രവൃത്തികൾക്ക് composite tender mode-ൽ ടെണ്ടർ നടപടികൾ നടത്തുന്നത് സംബന്ധിച്ച് വ്യക്തത വരുത്തുകയും ചെയ്തിട്ടുണ്ട്.

## നാഷണൽ ഹൈവേയിലെ ഫ്ലൈഓവർ നിർമ്മാണം

72 (4814) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേയിലെ ആലപ്പുഴ, കൊല്ലം ഫ്ലൈഓവർ നിർമ്മാണത്തിന് ഭരണാനുമതി നൽകിയത് എന്നാണെന്നും നിർമ്മാണം ആരംഭിച്ചത് എന്നാണെന്നും വിശദമാക്കാമോ?

ദേശീയപാതയിൽ കൊല്ലം ഫ്ലൈഓവർ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിൽ ഭരണാനുമതി ഒന്നും തന്നെയില്ല. 50:50 അനുപാതത്തിൽ ഫ്ലൈഓവർ

ഉൾപ്പെടുന്ന ആലപ്പുഴ ബൈപ്പാസിന്റെ നിർമ്മാണത്തിന് കേന്ദ്ര ഗവൺമെന്റിന്റെ 17-1-2014 -ലെ ഉത്തരവ് RW/NH-12027/269/2012-KLP-7 പ്രകാരവും കേരള ഗവൺമെന്റിന്റെ 13-12-2013-ലെ സ.ഉ.(സാധാ)നം.1659/2013/പൊ.മ.വ. പ്രകാരവും തുല്യ അനുപാതത്തിൽ ആകെ 255.75 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും എന്നാൽ ഏറ്റവും കുറഞ്ഞ കരാർ നിരക്ക് അടങ്കൽ തുകയേക്കാൾ കൂടുതൽ ആയതിനാൽ 348.43 കോടി രൂപയ്ക്ക് തുല്യ അനുപാതത്തിൽ ഭരണാനുമതി കേന്ദ്ര ഗവൺമെന്റിന്റെ 22-1-2015-ലെ ഉത്തരവ് RW/NH-12027/269/2012-KL-(P7) പ്രകാരവും കേരള ഗവൺമെന്റിന്റെ 11-2-2015-ലെ സ.ഉ.(സാധാ)നം. 224/2015/പൊ.മ.വ. പ്രകാരവും പുതുക്കിയ ഭരണാനുമതി നൽകുകയും ടി പ്രവൃത്തി 16-3-2015-ൽ ആരംഭിക്കുകയും ചെയ്തു.

(ബി) കൊച്ചി ബൈപ്പാസിലെ ഇടപ്പള്ളി, പാലാരിവട്ടം, കുണ്ടന്നൂർ, വൈറ്റില ഫ്ലൈഓവറുകൾക്ക് ഭരണാനുമതി നൽകിയത് എന്നൊക്കെയാണ്; ഈ ഫ്ലൈഓവറുകളുടെ നിർമ്മാണം ആരംഭിച്ചത് എപ്പോഴൊക്കെയാണ്; വിശദമാക്കാമോ?

ഇടപ്പള്ളി ഫ്ലൈഓവർ 30-5-2013 -ലെ സ.ഉ.(കൈ)നം.43/2013/പൊ.മ.വ. പ്രകാരം ഭരണാനുമതി നൽകി. ഇതിന്റെ നിർമ്മാണം 2013 ഡിസംബർ മാസം ആരംഭിച്ചു.

പാലാരിവട്ടം ഫ്ലൈഓവർ 31-10-2013-ലെ സ.ഉ(സാധാ)നം.1422/2013/ പൊ.മ.വ പ്രകാരം ഭരണാനുമതി നൽകി. നിർമ്മാണം ആരംഭിച്ചത് 4-3-2014-നാണ്.

കുണ്ടന്നൂർ ഫ്ലൈഓവർ 27-9-2016-ലെ സ.ഉ(സാധാ)നം. 1324/2016/ പൊ.മ.വ. പ്രകാരം ഭരണാനുമതി നൽകി. തുടർന്ന് വിശദമായ പദ്ധതി രേഖ 22-7-2017-ലെ സ.ഉ.(സാധാ)നം.1059/2017/പൊ.മ.വ. പ്രകാരം പുതുക്കിയ ഭരണാനുമതി നൽകി നിർമ്മാണം ആരംഭിച്ചത് 12-3-2018-നാണ്. വൈറ്റില ഫ്ലൈഓവർ 15-5-2017-ലെ സ.ഉ.(സാധാ)നം. 616/2018/ പൊ.മ.വ. പ്രകാരം ഭരണാനുമതി നൽകി നിർമ്മാണം ആരംഭിച്ചത് 27-11-2017 -നാണ്.

**പഴനി-ശബരിമല തീർത്ഥാടന ഹൈവേ**

73 (4815) <u>ശ്രീ. എം. എം. മണി</u>:
<u>ശ്രീ. ആന്റണി ജോൺ</u>:
<u>ശ്രീ. എ. രാജ</u>:
<u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം 2018-ൽ പ്രഖ്യാപിച്ച പഴനി-ശബരിമല തീർത്ഥാടന ഹൈവേ പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രഖ്യാപിച്ച് മൂന്ന് വർഷം കഴിഞ്ഞിട്ടും പദ്ധതി യാഥാർത്ഥ്യമാക്കുന്നതിൽ കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്ന് കാലതാമസം നേരിടുന്നതിനുള്ള കാരണമെന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

(എ-സി) 341.8 കി.മീറ്റർ നീളം വരുന്ന പഴനി - ശബരിമല പാതയുടെ 0/000 കി.മീ. മുതൽ 67/900 കി.മീ. വരെയുള്ള ഭാഗം തമിഴ്നാട് സംസ്ഥാനത്തിന്റെ അധീനതയിലും ബാക്കി ഭാഗം കേരള സംസ്ഥാനത്തിന്റെ അധീനതയിലുമാണ്. പഴനി-ശബരിമല പുതിയ ദേശീയപാതയ്ക്കുള്ള പ്രൊപ്പോസൽ അംഗീകാരത്തിനായി ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയർ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ അംഗീകാരം സംബന്ധിച്ച രേഖകളൊന്നും ഇതുവരെ ലഭ്യമായിട്ടില്ല.

**പൊതുമരാമത്ത് റസ്റ്റ് ഹൗസുകളുടെ നവീകരണം**

74 (4816) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് റസ്റ്റ് ഹൗസുകൾ നവീകരിക്കുന്നതിനും ആയത് പ്രവർത്തിപ്പിക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ?

പൊതുമരാമത്ത് റസ്റ്റ് ഹൗസുകൾ നവീകരിക്കുന്നതിന്റെ ഭാഗമായി ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി ടൂറിസം സാദ്ധ്യതാ മേഖലകളിലെ റസ്റ്റ് ഹൗസുകളിലും വാർഷിക അറ്റകുറ്റപ്പണികളും ചെയ്യാറുണ്ട്. എല്ലാ റസ്റ്റ് ഹൗസുകളിലും എ.സി. മുറികളുടെ എണ്ണം കൂട്ടുവാനും റസ്റ്റ് ഹൗസുകളിൽ Vacuum Cleaner, Washing Machine, Inverter, Refrigerator എന്നിവ വാങ്ങുന്നതിനുമുള്ള നടപടി സ്വീകരിച്ചു വരുന്നു. കുടുംബശ്രീ, MGNREGA എന്നിവയുടെ സഹായത്തോടെ റെസ്റ്റ് ഹൗസുകളിലെ house keeping, റസ്റ്റ് ഹൗസ് പരിസരം, ഗാർഡൻ എന്നിവയുടെ പരിപാലനം തുടങ്ങിയവ നടപ്പിലാക്കുന്നതിനായി സർക്കാർ തലത്തിൽ ചർച്ച നടത്തി തീരുമാനിക്കുന്നതാണ്.

(ബി) പൊതുമരാമത്ത് റസ്റ്റ് ഹൗസുകളുടെ ഓൺലൈൻ ബുക്കിംഗ് ഏത് രീതിയിലാണ് നടക്കുന്നതെന്ന് അറിയിക്കാമോ; ആയത് പ്രവർത്തന സജ്ജമാണോയെന്ന് അറിയിക്കാമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

2021 നവംബർ ഒന്നാം തീയതി മുതൽ ഓൺലൈൻ ബുക്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു. സി-ഡിറ്റിന്റെ സഹായത്തോടെ വികസിപ്പിച്ച പൊതുമരാമത്ത് വകുപ്പിന്റെ റസ്റ്റ് ഹൗസ് ബുക്കിംഗ് ഓൺലൈൻ സംവിധാനം നിലവിൽവരുന്നതോടെ മുറികളുടെ ബുക്കിംഗ് ഓൺലൈനായി ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും നിലവിലെ ചട്ടങ്ങൾക്കനുസൃതമായി ഏതു സമയത്തും എവിടെനിന്നും ബുക്ക് ചെയ്യുവാൻ സാധിക്കും. https://resthouse.pwd.kerala.gov.in എന്ന് ഇന്റർനെറ്റ് ബ്രൗസറിൽ ടൈപ്പ് ചെയ്ത് എന്റർ ചെയ്യുമ്പോൾ പൊതുമരാമത്ത് വകുപ്പിന്റെ റസ്റ്റ് ഹൗസ് ഓൺലൈൻ ബുക്കിംഗ് പോർട്ടൽ ദൃശ്യമാകും.

(സി) സംസ്ഥാനത്ത് എത്ര പൊതുമരാമത്ത് റസ്റ്റ് ഹൗസുകൾ നിലവിലുണ്ടെന്നും ഇവിടെ എത്ര മാനേജർമാർ ജോലി നോക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ?

സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ 153 റസ്റ്റ് ഹൗസുകൾ നിലവിൽ ഉണ്ട്. ഇവിടെ 5 ഫസ്റ്റ് ഗ്രേഡ് മാനേജർമാരും, 15 സെക്കൻഡ് ഗ്രേഡ് മാനേജർമാരുമുണ്ട്.

## വിശ്രമ മന്ദിരങ്ങളും പരിസരവും മനോഹരമായും ഹരിതാഭമായും പരിപാലിക്കുന്നതിന് പുതിയ പദ്ധതി

75 (4817) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള വിശ്രമ മന്ദിരങ്ങളും പരിസരവും മനോഹരമായും ഹരിതാഭമായും പരിപാലിക്കുന്നതിന് പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള വിശ്രമ മന്ദിരങ്ങളും പരിസരവും മനോഹരമായും ഹരിതാഭമായും പരിപാലിക്കുന്നതിന്റെ ഭാഗമായി 2021 ഒക്ടോബർ 2-ാം തീയതി എല്ലാ റസ്റ്റ് ഹൗസുകളിലും MGNREA-യുമായി സംയോജിച്ച് വൃക്ഷങ്ങൾ, ഔഷധസസ്യങ്ങൾ എന്നിവ നട്ടുപിടിപ്പിച്ച് റസ്റ്റ് ഹൗസ് പരിസരം ഹരിതാഭമാക്കുവാനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള വിശ്രമമന്ദിരങ്ങളുടെ പരിസരം മനോഹരമായും ഹരിതാഭമായും

പരിപാലിക്കുന്നതിലേയ്ക്കായി കുടുംബശ്രീയും തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിച്ച് സ്ഥിരം സംവിധാനം നടപ്പിലാക്കുന്നതിനായി സർക്കാർ തലത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

(ബി) എത്ര കാലയളവിനുള്ളിൽ പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിനും ഉദ്ദേശ്യലക്ഷ്യങ്ങൾ സഫലീകരിക്കുന്നതിനും സാധിക്കുമെന്നാണ് വിലയിരുത്തുന്നത്; വ്യക്തമാക്കാമോ?

കുടുംബശ്രീയും തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിച്ച് നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതി ആരംഭിച്ചുകഴിഞ്ഞാൽ നിരന്തര പരിപാലനത്തിലൂടെ എല്ലാ വിശ്രമമന്ദിരങ്ങളും മനോഹരമായും ഹരിതാഭമായും പരിപാലിക്കാൻ സാധിക്കുന്നതാണ്.

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി എത്ര തുക ചെലവ് വരുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്; ഏതൊക്കെ വകുപ്പുകളുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

പ്രസ്തുത പദ്ധതി കുടുംബശ്രീയും തൊഴിലുറപ്പ് പദ്ധതിയുമായി ചേർന്ന് നടത്തുവാൻ ആലോചിക്കുന്നതിനാൽ പൊതുമരാമത്ത് വകുപ്പിന് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകില്ലെന്നാണ് വിലയിരുത്തിയിട്ടുള്ളത്. ടൂറിസം സാദ്ധ്യതയുള്ള മേഖലകളിലെ റസ്റ്റ് ഹൗസുകൾ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

## റസ്റ്റ്ഹൗസുകൾ അപ്ഗ്രേഡ് ചെയ്യാൻ നടപടി

76 (4818) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റസ്റ്റ് ഹൗസുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ അപ്ഗ്രേഡ് ചെയ്യുന്ന റസ്റ്റ് ഹൗസുകൾ ഏതൊക്കെയെന്ന് അറിയിക്കാമോ?

പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള 28 റസ്റ്റ് ഹൗസുകൾ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി അപ്ഗ്രേഡ് ചെയ്യുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അപ്ഗ്രേഡ് ചെയ്യുന്ന റസ്റ്റ് ഹൗസുകളുടെ ലിസ്റ്റ് അനുബന്ധമായി* ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) അപ്ഗ്രേഡ് ചെയ്യുന്ന റസ്റ്റ് ഹൗസുകളിൽ ഒരുക്കാനുദ്ദേശിക്കുന്ന സൗകര്യങ്ങളും സംവിധാനങ്ങളും വിശദീകരിക്കാമോ?

അപ്ഗ്രേഡ് ചെയ്യുന്ന റസ്റ്റ് ഹൗസുകളിൽ ടൂറിസം സാദ്ധ്യത വിലയിരുത്തി അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനോടൊപ്പം Structural repairs/renovation and an additional toilet block, flooring, plumbing, electrical works, air conditioning, planting works, false ceiling, interior works തുടങ്ങിയ പ്രവൃത്തികളും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കാഞ്ഞങ്ങാട് പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസ് അപ്ഗ്രേഡ് ചെയ്യുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

കാഞ്ഞങ്ങാട് റസ്റ്റ് ഹൗസ് അപ്ഗ്രേഡ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് പുതിയ ടോയ്‌ലെറ്റ് ബ്ലോക്ക് നിർമ്മാണം, ഫ്ലോറിംഗ്, പ്ലംബിഗ്, ഇലക്ട്രിക്കൽ, എയർകണ്ടീഷനിംഗ് സംബന്ധിച്ച നവീകരണങ്ങളും പെയിന്റിംഗ്, ഫാൾസ് സീലിംഗ് പ്രവൃത്തികൾ കൂടാതെ ആവശ്യമായ ഫർണിച്ചറുകൾ എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

**പൊതുമരാമത്ത് വകുപ്പിൽ ഷെഡ്യൂൾ ഓഫ് റേറ്റിൽ മാറ്റം**

77 (4819) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ ഷെഡ്യൂൾ ഓഫ് റേറ്റിൽ മാറ്റം വരുത്തിയിട്ടുണ്ടോ?

ഉണ്ട്.

(ബി) നിലവിൽ ടെണ്ടർ ചെയ്ത പ്രവൃത്തികളെ ഇത് എങ്ങനെയാണ് ബാധിക്കുകയെന്നത് വിലയിരുത്തിയിട്ടുണ്ടോ;

(സി) ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ റിവിഷനിലെ വർദ്ധനവുകാരണം പ്രവൃത്തികളുടെ ദൈർഘ്യത്തിൽ കുറവ് വരുത്തേണ്ടിവരുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി&സി) കരാറുകാരൻ രേഖപ്പെടുത്തിയ നിരക്ക്, നിലവിലെ മാർക്കറ്റ് റേറ്റ്, നിലവിലെ DSR നിരക്കിൽ നിന്നും 10 ശതമാനം അധികരിച്ച നിരക്ക് എന്നിവയിൽ ഏറ്റവും കുറഞ്ഞ നിരക്കിലാണ് ടെണ്ടർ അംഗീകരിക്കുന്നത് എന്നതിനാൽ റേറ്റ് റിവിഷനുമുൻപ് ടെണ്ടർ ചെയ്ത പ്രവൃത്തികളെ യാതൊരു തരത്തിലും ബാധിക്കുകയില്ല.

(ഡി) ബഡ്ജറ്റിൽ 20 ശതമാനം നീക്കിവച്ച പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റ് തയ്യാറാക്കുന്ന കാര്യത്തിൽ വകുപ്പിന് എന്ത് നിർദ്ദേശമാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

13-8-2021-ലെ സ.ഉ(പി)നം.114/2021/ധന. ഉത്തരവ് പ്രകാരം DSoR 2018 നിലവിൽ വന്നതിനാൽ ബഡ്ജറ്റിൽ 20 ശതമാനം നീക്കിവച്ച പ്രവൃത്തികൾക്കും എസ്റ്റിമേറ്റ് DSoR 2018-ൽ തയ്യാറാക്കേണ്ടതുണ്ട്.

## പാലക്കാട് ജില്ലയിലെ റോഡുകളുടെ പ്രവൃത്തികൾ

78 (4820) ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കരിമണ്ണ്- കുലുക്കപ്പാറ-ഒഴലപ്പതി റോഡ്, ചിറ്റൂർ പുഴപ്പാലം-വണ്ടിത്താവളം റോഡ്, കമ്പിളിച്ചുങ്കം-പെരുവെമ്പ് റോഡ്, മുത്തുസ്വാമി പുതൂർ-അഞ്ചാംമൈൽ റോഡ് എന്നീ റോഡുകളുടെ പ്രവൃത്തി കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ ഭരണാനുമതി സംബന്ധിച്ച ഉത്തരവിന്റെ വിവരങ്ങൾ ലഭ്യമാക്കാമോ?

കരിമണ്ണ് - കുലുക്കപ്പാറ - ഒഴലപ്പതി റോഡിന് 1-11-2016-ലെ സ.ഉ(സാധാ) നം.1502/2016/ പൊ.മ.വ പ്രകാരം 15 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും തുടർന്ന് കിഫ്ബിയിൽ നിന്നും 21.96 കോടി രൂപയ്ക്ക് സാമ്പത്തികാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്.

10-7-2017-ലെ സ.ഉ(സാധാ)നം.942/2017/ പൊ.മ.വ പ്രകാരം ചിറ്റൂർ പുഴപ്പാലം - വണ്ടിത്താവളം റോഡ്, മുത്തുസ്വാമി പുതൂർ - അഞ്ചാംമൈൽ റോഡ് എന്നിവയ്ക്ക് ഓരോന്നിനും 15 കോടി രൂപയ്ക്കും കമ്പിളിച്ചുങ്കം - പെരുവെമ്പ് റോഡിന് 10 കോടി രൂപയ്ക്കും തത്വത്തിലുള്ള അനുമതി നൽകുകയുണ്ടായി.

(സി) പ്രസ്തുത റോഡുകളുടെ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സഹിതം വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തിയാക്കുമെന്ന് വ്യക്തമാക്കാമോ?

(സി&ഡി) കരിമണ്ണ് - കുലുക്കപ്പാറ - ഒഴലപ്പതി റോഡിന് കിഫ്ബി നിർദ്ദേശിക്കുന്ന വീതിയിൽ സ്ഥലമേറ്റെടുക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ട്

കണക്കിലെടുത്ത് 5.5 മീറ്റർ വീതിയിൽ ഫുൾ ഡെപ്ത് റിക്ലമേഷൻ ചെയ്യുന്നതിന് അംഗീകാരത്തിനുള്ള നടപടികൾ പുരോഗമിക്കുന്നു.

ചിറ്റൂർ പുഴപ്പാലം - വണ്ടിത്താവളം റോഡ് പ്രവൃത്തിയുടെയും കമ്പിളിച്ചുങ്കം - പെരുവെമ്പ് റോഡ് പ്രവൃത്തിയുടെയും ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിക്കുകയും ഡി.പി.ആർ. പരിശോധനയുടെ ഭാഗമായി ലഭിച്ച ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ടിന് മറുപടി തയ്യാറാക്കുന്നതിന്റെ ഭാഗമായുള്ള അഡീഷണൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പുരോഗമിച്ചുവരികയും ചെയ്യുന്നു.

മുത്തുസ്വാമി പുളർ - അഞ്ചാംമൈൽ റോഡ് പ്രവൃത്തിയുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിക്കുകയും ഡി.പി.ആർ.-ന്റെ പരിശോധനയുടെ ഭാഗമായി ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട് നൽകുകയുമുണ്ടായി. അതിന് മറുപടി കിഫ്ബിയിൽ സമർപ്പിക്കേണ്ടതുണ്ട്. സമർപ്പിക്കുന്ന മറുപടി പരിശോധിച്ച് സാമ്പത്തികാനുമതി കിഫ്ബിയിൽനിന്നും ലഭ്യമായാൽ സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് ലഭ്യമാക്കി, ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരത്തിനുശേഷം PRICE-ൽ സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ ആരംഭിക്കാവുന്നതാണ് .

**ആഴാകുളം-മുട്ടയ്ക്കാട് റോഡ് നിർമ്മാണം**

79 (4821) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിപ്രകാരം ഭരണാനുമതി ലഭിച്ച ആഴാകുളം-മുട്ടയ്ക്കാട് റോഡിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ; കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കുമോ?

(എ&ബി) തിരുവനന്തപുരം ജില്ലയിലെ ആഴാകുളം - മുട്ടയ്ക്കാട് - പനങ്ങോട് - കാട്ടുകുളം-നെല്ലിവിള-തെറ്റിവിള റോഡിന്റെ അഭിവൃദ്ധിപ്പെടുത്തൽ എന്ന പ്രവൃത്തിക്ക് 15-2-2020-ൽ 32.57 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ ഡിസൈൻ പുനഃപരിശോധന കിഫ്ബിയിൽ നടന്നുവരികയാണ്. ആയത് പൂർത്തിയായതിനുശേഷം സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് ലഭ്യമാക്കി പരിശോധനയ്ക്കുശേഷം കെ.ആർ.എഫ്.ബി. സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## ദേശീയപാത 183 എ വികസനം

80 (4822) ശ്രീ. എം. നൗഷാദ്:
ശ്രീ. എം. മുകേഷ്:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 183 എ-യിൽ ഭരണിക്കാവ് മുതൽ ചവറ വരെ നടത്തുവാൻ ഉദ്ദേശിച്ചിട്ടുള്ള വികസന പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഭരണിക്കാവ് മുതൽ ചവറ വരെ ഏതെല്ലാം നിർമ്മാണ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും പദ്ധതി നിർവ്വഹണത്തിനായി പ്രതീക്ഷിക്കുന്ന ചെലവ് എത്രയെന്നും വ്യക്തമാക്കാമോ;

(സി) നടപടിക്രമങ്ങൾ പൂർത്തിയാക്കി പദ്ധതി പ്രകാരമുള്ള നിർമ്മാണ പ്രവൃത്തികൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്നും എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്നും വിശദമാക്കുമോ?

(എ-സി) ദേശീയപാത 183-എ യിൽ ഭരണിക്കാവ് മുതൽ ചവറ വരെ കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിൽനിന്നും തത്വത്തിൽ അംഗീകാരം ലഭിച്ച് Paved shoulder-ഓടുകൂടി രണ്ടുവരി പാതയായി വികസിപ്പിക്കുന്നതിനുള്ള പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട സാദ്ധ്യതാപഠനം M/s. KITCO Limited എന്ന കൺസൾട്ടൻസി നടത്തിവരുന്നു. കൺസൾട്ടൻസി തയ്യാറാക്കിയ മൂന്ന് അലൈൻമെന്റ് ഓപ്ഷനുകൾ വിശകലനം ചെയ്യുവാൻ 24-9-2021-ൽ കൊല്ലം ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ ജനപ്രതിനിധികളുടെ പങ്കാളിത്തത്തോടു കൂടി Public Consultation Meeting ഓൺലൈൻ പ്ലാറ്റ്ഫോമിൽ കൂടുകയുണ്ടായി. പ്രസ്തുത മീറ്റിംഗിൽ ആവശ്യപ്പെട്ട പ്രകാരം അലൈൻമെന്റ് ഓപ്ഷനുകൾ വിശകലനം ചെയ്ത് നിർദ്ദേശങ്ങൾ നൽകുവാനായി ബഹുമാനപ്പെട്ട എം.പി., എം.എൽ.എ.-മാർക്ക് ആയതിന്റെ പകർപ്പുകൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ജനപ്രതിനിധികളുടെ നിർദ്ദേശങ്ങൾ ലഭ്യമാകുന്നമുറയ്ക്ക് അവ ഉൾക്കൊള്ളിച്ച് അലൈൻമെന്റ് ഓപ്ഷനുകൾ MoRTH-ന്റെ അനുമതിക്കായി സമർപ്പിക്കുന്നതാണ്. അലൈൻമെന്റിന് അപ്രൂവൽ MoRTH-ൽ നിന്ന് ലഭിച്ചാൽ മാത്രമെ ഡി.പി.ആർ. തയ്യാറാക്കി സ്ഥലം ഏറ്റെടുക്കുന്നതിനായുള്ള തുടർനടപടികൾ സാധിക്കുകയുള്ളൂ.

## ദേശീയപാത 66-ന്റെ വികസനം

81 (4823) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട പ്ലാൻപ്രകാരമുള്ള ദേശീയപാത 66-ന്റെ വികസനം യാഥാർത്ഥ്യമായാൽ വടകര നിയോജകമണ്ഡലത്തിലെ ഏറ്റവും പ്രധാന നഗരമായ വടകര രണ്ടായി വിഭജിക്കപ്പെടും എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പ്രതിസന്ധി മറികടക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സർക്കാർ ഇതിനോടകം സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) കേന്ദ്ര സർക്കാരുമായും നാഷണൽ ഹൈവേ അതോറിറ്റിയുമായും ബന്ധപ്പെട്ട് നിലവിലെ പ്ലാൻ പരിഷ്കരിച്ച് എലിവേറ്റഡ് ഹൈവേ നിർമ്മിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

(എ-സി) കാസർഗോഡ് മുതൽ കളിയിക്കാവിള വരെ (669 കി.മീ.) എൻ.എച്ച്. 66 നാലുവരി പാതയായി വികസിപ്പിക്കുന്നതിന് വിശദമായ പഠനങ്ങൾക്കുശേഷം തയ്യാറാക്കിയ അലൈൻമെന്റ് പ്രകാരമാണ് NHAI പദ്ധതി നടപ്പാക്കുന്നത്. വടകര നഗരത്തിൽ നിലവിലുള്ള പ്ലാൻ പരിഷ്കരിച്ച് എലിവേറ്റഡ് ഹൈവേ നിർമ്മിക്കുന്നത് നിലവിൽ പരിഗണനയിലില്ല.

## കായംകുളം-തിരുവല്ല റോഡ് ദേശീയപാത വിഭാഗം ഏറ്റെടുക്കൽ

82 (4824) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം-തിരുവല്ല റോഡ് ദേശീയപാത വിഭാഗം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി വിശദമാക്കാമോ?

കായംകുളം മുതൽ തിരുവല്ല ജംഗ്ഷൻ വരെയുള്ള റോഡ് കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ നിർദ്ദേശമനുസരിച്ച് പേവ്ഡ് ഷോൾഡറോടു കൂടി രണ്ടുവരി പാതയായി വികസിപ്പിക്കുന്നതിനുവേണ്ടി സാദ്ധ്യതാപഠനം നടത്തുന്നതിനും ഡി.പി.ആർ. തയ്യാറാക്കുന്നതിനുമായി കൺസൾട്ടൻസിനെ നിയമിക്കുന്നതിനായിട്ടുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരികയാണ്.

## കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ തീരദേശ ഹൈവേയുടെ നിർമ്മാണം

83 (4825) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ തീരദേശ ഹൈവേയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ പുരോഗതി റീച്ച് അടിസ്ഥാനത്തിൽ വിശദമാക്കാമോ?

വിശദവിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) ഓരോ റീച്ചിലും പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിന് മുമ്പായി ചെയ്തുതീർക്കാനുള്ള നടപടികൾ വ്യക്തമാക്കാമോ?

വിശദവിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(സി) പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനായി ഭൂമിയുടെ ഉടമകളിൽ എത്ര ശതമാനം പേരിൽ നിന്ന് മുൻകൂർ സമ്മതപത്രം വാങ്ങേണ്ടതുണ്ടെന്ന് വിശദമാക്കാമോ?

തീരദേശ ഹൈവേയ്ക്ക് പണം നൽകിയാണ് സ്വകാര്യ വ്യക്തികളിൽനിന്നും സ്ഥലം ഏറ്റെടുക്കുന്നത്. ഭൂമി ഏറ്റെടുക്കൽ നിയമ പ്രകാരമുള്ള സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തിയായാൽ മാത്രമെ ടെണ്ടർ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

**ഭാരത്മാല പദ്ധതിയിൽ ഉൾപ്പെടുത്തിയ റോഡുകൾ**

84 (4826) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ ഭാരത്മാല പദ്ധതിയിൽ ഉൾപ്പെടുത്തി വിപുലീകരിക്കാൻ ഉദ്ദേശിക്കുന്ന ബംഗളുരു-മൈസൂർ-മലപ്പുറം ദേശീയ പാതയുടെയും കോഴിക്കോട്-പാലക്കാട് ഗ്രീൻഫീൽഡ് ഹൈവേയുടെയും അലൈൻമെന്റ് തയ്യാറായോയെന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കോഴിക്കോട്-പാലക്കാട് സ്റ്റേജ് 1, ഗ്രീൻഫീൽഡ് അലൈൻമെന്റ് 23-10-2020 -ന് ചേർന്ന NHAI യുടെ LAC കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്.

ബംഗളൂരു - മൈസൂർ - മലപ്പുറം ദേശീയപാതയുടെ അലൈൻമെന്റ് നിർണ്ണയം പൂർത്തിയായിട്ടില്ല.

(ബി) പ്രസ്തുത റോഡുകൾ കടന്നുപോകുന്ന പ്രദേശങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

നിർദ്ദിഷ്ട കോഴിക്കോട് - പാലക്കാട് ഗ്രീൻഫീൽഡ് അലൈൻമെന്റ് കോഴിക്കോട് ബൈപ്പാസിലെ പന്തീരങ്കാവ് വില്ലേജിൽ ആരംഭിക്കുന്നു. പെരുമണ്ണ, വഴിയൂർ, ഇടവണ്ണപ്പാറ, ചേക്കോട്, അരീക്കോട്, കണ്ടലപ്പെട്ട, കാരകുന്ന്, ഇളങ്കൂർ, ചെമ്പ്രശ്ശേരി, ഓടംപട്ട, തുവ്വൂർ, ഇരിങ്ങാത്തിരി, ഇടത്തനാട്ടുകര, മണ്ണാർക്കാട്, പൊട്ടശ്ശേരി -1, കരിമ്പ, കല്ലാടിക്കോട്, മുണ്ടൂർ, ധോണി, മലമ്പുഴ വില്ലേജുകളിലൂടെ കടന്നുപോയി പുതുശ്ശേരി വെസ്റ്റ് വില്ലേജിൽ (NH 544) അവസാനിക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഇതിനായി ഭൂമി ഏറ്റെടുക്കുന്ന പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

കോഴിക്കോട് - പാലക്കാട് ഗ്രീൻഫീൽഡ് പാതയ്ക്ക് ഭൂമി ഏറ്റെടുക്കൽ നടപടികൾ Competent Authority for Land Acquisition-നെ നിയമിച്ചുകൊണ്ട് 17-6-2021-ന് S.O.2369(E) നമ്പർ ഗസറ്റ് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു. നിലവിൽ DPR കൺസൾട്ടന്റ് എൻ.എച്ച്. ആക്ട് 1956 പ്രകാരമുള്ള കരട് 3A നോട്ടിഫിക്കേഷൻ തയ്യാറാക്കി വരുന്നു.

## വനമേഖലകളിൽ വിനോദസഞ്ചാരികളുടെ സുരക്ഷയ്ക്കായി നടപടി

85 (4827) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>:
<u>ശ്രീ. പി. ഉബൈദുള്ള</u>:
<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>:
<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനപ്രദേശത്തോട് ചേർന്ന് പ്രവർത്തിക്കുന്ന പല റിസോർട്ടുകളും ഹോട്ടലുകളും അശാസ്ത്രീയമായും അലക്ഷ്യമായും നിർമ്മിച്ചവയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വന്യമൃഗങ്ങളുടെ ആക്രമണം ഉണ്ടാകാൻ സാദ്ധ്യതയുള്ള ഇത്തരം സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

പരിശോധിക്കാവുന്നതാണ്.

(സി) പ്രസ്തുത പ്രദേശങ്ങളിലേയ്ക്കെത്തുന്ന വിനോദസഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കാൻ ഫലപ്രദമായ നടപടി സ്വീകരിക്കുമോ?

നടപടി സ്വീകരിക്കാവുന്നതാണ്.

## ആലപ്പുഴ നഗരത്തിൽ ടൂറിസം പദ്ധതി

86 (4828) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നഗരത്തിലെ ഇടത്തോടുകളും കായലുകളും കോർത്തിണക്കി ഒരു പ്രത്യേക ടൂറിസം പദ്ധതി നടപ്പാക്കാൻ കഴിഞ്ഞിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ആലപ്പുഴ നഗരത്തിലെ ഇടത്തോടുകളും കായലുകളും കോർത്തിണക്കി പ്രത്യേക ടൂറിസം പദ്ധതി നടപ്പാക്കിയിട്ടില്ല. എന്നാൽ ഇവ ആലപ്പുഴ പൈതൃക ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനും ആലപ്പുഴ ബീച്ച് കേന്ദ്രീകരിച്ച് കൂടുതൽ അഡ്വഞ്ചർ ടൂറിസം പദ്ധതികൾ നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ആലപ്പുഴ പൈതൃക പദ്ധതിയുടെ ഭാഗമായി നടന്നുവരുന്ന തോടുകളുടെ നവീകരണപ്രവർത്തനങ്ങൾ പൂർത്തിയാകുന്നമുറയ്ക്ക് ആലപ്പുഴ ഡി.ടി.പി.സി., മുസിരിസ് ഹെറിറ്റേജ് പ്രോജക്ട്, കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി എന്നിവയുടെ സഹകരണത്തോടെ കൂടുതൽ വിനോദസഞ്ചാര പ്രവർത്തനങ്ങൾ ഇടത്തോടുകളും ആലപ്പുഴ ബീച്ചും കേന്ദ്രീകരിച്ച് നടപ്പാക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ് .

## വൈപ്പിൻ നിയോജകമണ്ഡലത്തിലെ കായൽ ടൂറിസം

87 (4829) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായലുകളുടെയും പുഴകളുടെയും കടലിന്റെയും ബീച്ചുകളുടെയും സാമീപ്യമുള്ള ദ്വീപ് സമൂഹമായ വൈപ്പിൻ നിയോജകമണ്ഡലത്തിന്റെ ടൂറിസം സാദ്ധ്യതകൾ കണക്കിലെടുത്ത് കായൽ ടൂറിസം പരിപോഷിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) എങ്കിൽ ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

(എ&ബി) വൈപ്പിൻ നിയോജകമണ്ഡലത്തിൽപ്പെട്ട കടമക്കുടി ദ്വീപുകൾ കേന്ദ്രീകരിച്ച് സമഗ്ര ഗ്രാമീണ ടൂറിസം പദ്ധതി എറണാകുളം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ (ഡി.ടി.പി.സി.) പരിഗണനയിലുണ്ട്. ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്ന് സ്ഥലലഭ്യതാനുമതി ലഭിക്കുന്നമുറയ്ക്ക് ഇതുസംബന്ധിച്ച തുടർനടപടി പരിഗണിക്കാവുന്നതാണ്.

## ഫാം ടൂറിസം

88 (4830) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫാം ടൂറിസം നടപ്പിലാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ?

ഫാം ടൂറിസം പ്രവർത്തനങ്ങളെ കൂടുതൽ ജനകീയമാക്കുന്നതിനും പ്രസ്തുത പ്രവർത്തനങ്ങളിലേയ്ക്ക് കൂടുതൽ ആളുകളെ പങ്കാളികളാക്കുന്നതിനുമായി ഉത്തരവാദിത്വ ടൂറിസം മിഷൻ മുഖേന "കേരള അഗ്രി ടൂറിസം നെറ്റ്‌വർക്ക്" എന്ന പദ്ധതി ലോഞ്ച് ചെയ്തിട്ടുണ്ട്. നിലവിൽ കാർഷിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നതും ടൂറിസം മേഖലയുമായി സഹകരിച്ച് പ്രവർത്തിക്കുവാൻ താൽപ്പര്യമുള്ളതുമായ ആർക്കും ഈ പദ്ധതിയുടെ ഭാഗമാകാവുന്നതാണ്. പദ്ധതിയുടെ ഭാഗമായി ഉത്തരവാദിത്വ ടൂറിസം മിഷൻ നടത്തുന്ന ആദ്യഘട്ട പരിശീലനം പൂർത്തിയായി. രണ്ടാംഘട്ട പരിശീലനത്തിനുള്ള നടപടികൾ പുരോഗമിക്കുന്നു. ആദ്യഘട്ട പരിശീലനം ലഭിച്ചവരുടെ ഫാമുകളിൽ പരിശോധന നടത്തിയശേഷം ഇവരെ കേരള അഗ്രി ടൂറിസം നെറ്റ്‌വർക്കിലേയ്ക്ക് രജിസ്റ്റർ ചെയ്യുന്നതാണ്.

(ബി) കാർഷികോൽപ്പന്നങ്ങളുടെ വിപണനവും വ്യാപനവും നവീന കൃഷിരീതികളും വളർത്തുമൃഗ പരിപാലനവും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

കേരള അഗ്രി ടൂറിസം നെറ്റ്‌വർക്ക് എന്ന പദ്ധതിയിൽ എല്ലാവിധ കാർഷിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്കും (നെല്ല്, പച്ചക്കറി, പഴം, മത്സ്യം, മുതലായ കൃഷിയിൽ ഏർപ്പെട്ടിരിക്കുന്നവർ, മുട്ടക്കോഴി, ഇറച്ചിക്കോഴി, പശു വളർത്തൽ, ആട് വളർത്തൽ എന്നിങ്ങനെ കാർഷിക വൃത്തിയുമായി ബന്ധപ്പെട്ട വളർത്തുമൃഗ പരിപാലനത്തിൽ ഏർപ്പെട്ടിരിക്കുന്നവർ) ഭാഗമാകാവുന്നതാണ്. കാർഷികോൽപ്പന്നങ്ങളുടെ വ്യാപനവും വിപണനവും പുരാതനവും ആധുനികമായ കൃഷി രീതികൾ വിനോദസഞ്ചാരികൾക്ക് പരിചയപ്പെടുത്തുക എന്നിവയാണ് പദ്ധതി ലക്ഷ്യംവയ്ക്കുന്നത്.

**ടൂറിസം ഡെസ്റ്റിനേഷനുകളുടെ വികസനം**

89 (4831) ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് -വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടൂറിസം ഡെസ്റ്റിനേഷനുകളുടെ വികസനത്തിനായി എന്തെല്ലാം കർമ്മപദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ എല്ലാ ടൂറിസം കേന്ദ്രങ്ങളിലും മികച്ച ശുചിത്വനിലവാരം ഉറപ്പുവരുത്തുന്നതിനായി ഗ്രീൻ കാർപ്പറ്റ് പദ്ധതി വഴിയുള്ള നിർമ്മാണ

പ്രവൃത്തികളും ഗ്രീൻ ഗ്രാസ്സ് പദ്ധതി വഴി മാലിന്യനിർമ്മാർജ്ജനവും വകുപ്പ് നടപ്പിലാക്കുന്നുണ്ട്. ദിവസേന ആയിരത്തിലധികം ടൂറിസ്റ്റുകൾ എത്തിച്ചേരുന്ന കേന്ദ്രങ്ങളിൽ ലോകനിലവാരമുള്ള ടോയ്‌ലറ്റുകൾ നിർമ്മിക്കാൻ വേൾഡ് ക്ലാസ്സ് ടോയ്‌ലറ്റ് എന്ന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ഇതുപ്രകാരം 12 പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഭിന്നശേഷിക്കാരായ വിനോദസഞ്ചാരികൾക്കുകൂടി സൗകര്യപ്രദമായ വിധത്തിൽ സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളെ മാറ്റിയെടുക്കുന്നതിനായി സംസ്ഥാന ടൂറിസം വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് ബാരിയർ ഫ്രീ ടൂറിസം. കൈവരിയുള്ള റാമ്പ്, ബ്രെയിൽ ലിപിയിലുള്ള ദിശാസൂചകം, ഭിന്നശേഷി സൗഹൃദ ടോയ്‌ലറ്റ്, വീൽചെയർ, വാക്കിംഗ് സ്റ്റിക്, ക്രച്ചസുകൾ എന്നിവ ലഭ്യമാക്കുക, ശ്രവണ വഴികാട്ടി എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൂറിസം വികസനത്തിന്റെ ഭാഗമായി പുതിയ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തുന്നതിനായി കേരളത്തിലെ എല്ലാ ജില്ലകളിലെയും പഞ്ചായത്തുകളിലെയും ടൂറിസം സാദ്ധ്യത പരിശോധിച്ച് അവയുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി അതാത് ജില്ലകളിലെ ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിൽ അവിടെയുള്ള ബന്ധപ്പെട്ട സ്റ്റേക്ക്ഹോൾഡേഴ്സിനേയും പഞ്ചായത്ത് പ്രതിനിധികളെയും ഉൾപ്പെടുത്തി ടൂറിസം– പൊതുമരാമത്ത് വകുപ്പുമന്ത്രി യോഗം നടത്തിവരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തുകൾ തയ്യാറാക്കിയ പദ്ധതി നിർദ്ദേശങ്ങൾ വകുപ്പിന് ലഭിച്ചുവരുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡം നിശ്ചയിക്കുന്ന കാര്യം അന്തിമഘട്ടത്തിലാണ്.

(ബി) ഹെൽത്ത് ടൂറിസത്തെയും പഠന ടൂറിസത്തെയും പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതികൾ വിഭാവനം ചെയ്യുന്നുണ്ടോ; വിശദമാക്കാമോ?

പഠന ടൂറിസത്തെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മുസിരിസ് ഹെറിറ്റേജ് പ്രോജക്ടിന്റെ ആഭിമുഖ്യത്തിൽ മുസിരിസിന്റെ പൈതൃകപരമായും ചരിത്രപരമായും പ്രാധാന്യമുള്ള മേഖലകളെ പരിചയപ്പെടുത്തുന്നതിനായി " സ്റ്റുഡൻസ് ഹെറിറ്റേജ് വാക്ക്" എന്ന പദ്ധതി വിഭാവനം ചെയ്ത് ഭരണാനുമതി നൽകിയിട്ടുണ്ട്. ടൂറിസം മേഖലയിലെ പാരമ്പര്യ ചികിത്സാകേന്ദ്രങ്ങളിൽ വിദേശ വിനോദസഞ്ചാരികൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭിക്കുന്നതിനും, കബളിപ്പിക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിനുമായി ഇത്തരം കേന്ദ്രങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള നടപടി ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ആയുർവ്വേദ സെന്ററുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ഒരു ക്ലാസിഫിക്കേഷൻ സിസ്റ്റം ടൂറിസം

വകുപ്പ് നടപ്പാക്കിവരുന്നു. ഇങ്ങനെ ക്ലാസിഫിക്കേഷൻ ലഭിക്കുന്ന ആയുർവ്വേദ സെന്ററുകളുടെ വിശദാംശങ്ങൾ ടൂറിസം വകുപ്പിന്റെ ബ്രോഷറുകൾ, വെബ്സൈറ്റ് എന്നിവ വഴി വിനോദസഞ്ചാരികളുടെ അറിവിലേയ്ക്കായി പ്രചരിപ്പിക്കുകയും ചെയ്യുന്നുണ്ട്. ഇതിലൂടെ ടൂറിസം വകുപ്പിന്റെ അംഗീകാരവും ഗുണനിലവാരവുമുള്ള ആയുർവ്വേദ ടൂറിസം കേന്ദ്രങ്ങൾ തെരഞ്ഞെടുക്കാൻ വിനോദസഞ്ചാരികൾക്ക് കഴിയുന്നു. കോവിഡിനുശേഷം സംസ്ഥാനത്തെ ആരോഗ്യ ടൂറിസം മേഖലയ്ക്ക് വലിയ സാദ്ധ്യതയാണ് സർക്കാർ കാണുന്നത്. ആയുർവ്വേദത്തിന് കേരളത്തിലെ ടൂറിസം മേഖലയുടെ വികസനത്തിൽ നിർണ്ണായകമായ പങ്കാണുള്ളത്. എന്നാൽ കോവിഡാനന്തര കാലഘട്ടത്തിൽ ആയുർവ്വേദ ചികിത്സകൂടി ലക്ഷ്യം വച്ചുകൊണ്ട് സംസ്ഥാനത്തേക്ക് മുൻകാലത്തേക്കാൾ കൂടുതൽ വിനോദസഞ്ചാരികൾ എത്തിച്ചേരുമെന്നാണ് സർക്കാർ കരുതുന്നത്. സംസ്ഥാനത്ത് ആയുർവ്വേദ ടൂറിസം പ്രോത്സാഹിപ്പിക്കാനായി ഒരു പ്രത്യേക മാർക്കറ്റിംഗ് ക്യാമ്പയിന് ടൂറിസം വകുപ്പ് രൂപം നൽകി വരുന്നുണ്ട്. കൂടാതെ ഈ വർഷം നടക്കുന്ന WTM - ലണ്ടൻ എന്ന അന്താരാഷ്ട്ര ടൂറിസം മേളയിൽ സംസ്ഥാനത്തെ ആയുർവ്വേദത്തിന്റെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നതാണ്. സംസ്ഥാനത്തെ ആയുർവ്വേദ സെന്ററുകളുടെ ഗുണനിലവാരം ഉറപ്പാക്കാൻ സംസ്ഥാന സർക്കാർ ടൂറിസം വകുപ്പ് വഴി ക്ലാസിഫിക്കേഷൻ നടപ്പാക്കിയിട്ടുണ്ട്. സെന്ററുകളുടെ നിലവാരം അനുസരിച്ച് സിൽവർ, ഗോൾഡ്, ഡയമണ്ട് എന്നിങ്ങനെയാണ് ക്ലാസിഫിക്കേഷൻ നടപ്പാക്കിയിട്ടുള്ളത്. ഏറ്റവും മികച്ച സെന്ററുകൾക്ക് ആയുർ ഡയമണ്ട് എന്ന ക്ലാസിഫിക്കേഷൻ നൽകുന്നു. നിലവിൽ 50-ഓളം ആയുർവ്വേദ സെന്ററുകൾ സംസ്ഥാനത്ത് ടൂറിസം വകുപ്പ് ക്ലാസിഫൈഡ് ആയുർവ്വേദ സെന്ററുകളായി പ്രവർത്തിച്ചുവരുന്നു. മൂന്നു വർഷമാണ് ക്ലാസിഫിക്കേഷൻ കാലാവധി.

(സി) ടൂറിസം വികസനത്തിന് സഹായകമാകുന്ന വിധത്തിൽ സ്വകാര്യ ടൂറിസം പ്രോജക്ടുകൾക്ക് പ്രോത്സാഹനം നൽകുന്ന പദ്ധതി പരിഗണനയിലുണ്ടോ?

പരിഗണനയിലുണ്ട്. ടൂറിസം വ്യവസായ സംരംഭകർക്ക് സംസ്ഥാന ടൂറിസം വകുപ്പിന്റെയും കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെയും അംഗീകാരമുള്ള യൂണിറ്റുകൾക്ക് വിവിധ മാനദണ്ഡങ്ങൾക്ക് വിധേയമായി വകുപ്പ് ഇൻവെസ്റ്റ്മെന്റ് സബ്സിഡിയും നൽകിവരുന്നു. ടൂറിസം വികസനത്തിന് സഹായകമാകുന്ന വിധത്തിൽ സ്വകാര്യ ടൂറിസം പ്രോജക്ടുകൾക്ക് പ്രോത്സാഹനം നൽകുന്ന കാരവൻ ടൂറിസം പദ്ധതി സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. കാരവൻ വാങ്ങുവാനായും കാരവൻ പാർക്കുകൾ നിർമ്മിക്കുവാനായും നിരവധി സംരംഭകർ മുന്നോട്ടുവന്നിട്ടുണ്ട്. ഇത് സ്വകാര്യ ടൂറിസം പ്രോജക്ടുകൾ കൂടുതലായി നടപ്പാക്കാൻ പ്രോത്സാഹനമാകുമെന്ന് കരുതുന്നു.

## വിനോദസഞ്ചാര മേഖലയ്ക്ക് വ്യവസായ പദവി

90 (4832) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിനോദസഞ്ചാരമേഖലയ്ക്ക് വ്യവസായ പദവി നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് എന്തെല്ലാം ഉത്തരവുകൾ നിലവിലുണ്ട്; വ്യക്തമാക്കുമോ?

11-7-1986-ലെ സ.ഉ.(അച്ചടി)നം.224/86/പൊ.ഭ.വ. ഉത്തരവ് പ്രകാരം കേരള സർക്കാർ വിനോദസഞ്ചാരമേഖലയെ വ്യവസായമായി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) വിനോദസഞ്ചാര സംരംഭങ്ങൾക്ക് വ്യവസായങ്ങൾക്കുള്ള ആനുകൂല്യങ്ങൾ നൽകാറുണ്ടോ; എങ്കിൽ വ്യവസായങ്ങൾക്ക് അനുവദനീയമായ എന്തെല്ലാം ആനുകൂല്യങ്ങൾ നിലവിൽ ടൂറിസം സംരംഭങ്ങൾക്ക് നൽകിവരുന്നുണ്ട്; വ്യക്തമാക്കുമോ?

നൽകാറുണ്ട്. ടൂറിസം വ്യവസായ സംരംഭകർക്ക് സംസ്ഥാന ടൂറിസം വകുപ്പിന്റെയും കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ അംഗീകാരമുള്ള യൂണിറ്റുകൾക്ക് വിവിധ മാനദണ്ഡങ്ങൾക്ക് വിധേയമായി ടൂറിസം വകുപ്പ് ഇൻവെസ്റ്റ്മെന്റ് സബ്സിഡി നൽകി വരുന്നു.

## ഫുഡ് ടൂറിസം പദ്ധതി

91 (4833) ശ്രീ. വി. ശശി:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പരമ്പരാഗത രുചിക്കൂട്ടുകൾ വിദേശികൾക്കും സ്വദേശികൾക്കും ആസ്വദിക്കാൻ സൗകര്യമൊരുക്കുന്ന ഫുഡ് ടൂറിസം ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദീകരിക്കുമോ?

ഉത്തരവാദിത്വ ടൂറിസം മിഷൻ മുഖേന നടപ്പിലാക്കുന്ന "എക്സ്പീരിയൻസ് എത്നിക്/ലോക്കൽ ക്യുസീൻ നെറ്റ്‌വർക്ക്" എന്ന പദ്ധതി കേരളത്തിന്റെ തനത് വിഭവങ്ങൾ സഞ്ചാരികൾക്ക് പരിചയപ്പെടുത്തുന്നതിനോടൊപ്പംത്തന്നെ സാധാരണക്കാരായ വീട്ടമ്മമാരെ ടൂറിസം മേഖലയുമായി ബന്ധിപ്പിച്ച് വരുമാനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചതാണ്. പദ്ധതിയുടെ ഭാഗമായി

അപേക്ഷ നൽകിയവർക്ക് പരിശീലനം നൽകി ഉത്തരവാദിത്വ ടൂറിസം മിഷൻ യൂണിറ്റായി രജിസ്റ്റർ ചെയ്ത് ഓൺലൈൻ പ്ലാറ്റ്ഫോമിൽ എന്റർ ചെയ്യുന്നു.

(ബി) ഈ പദ്ധതി കേരളത്തിലെ ജീവിതരീതിക്ക് അനുയോജ്യമായ വിധത്തിൽ സന്നദ്ധരായ കുടുംബങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് നടപ്പിലാക്കുന്നതിന് തയ്യാറാകുമോ; വിശദമാക്കുമോ?

"എക്സ്പീരിയൻസ് എത്നിക് ക്യുസീൻ" പദ്ധതി പ്രധാനമായും നടപ്പിലാക്കുന്നത് കേരളത്തിലെ സാധാരണക്കാരുടെ വീടുകളിലാണ്. സഞ്ചാരികൾക്ക് പ്രാദേശിക വീടുകളിൽ തനതു പ്രാദേശിക ഭക്ഷണം നൽകുക എന്നതിനൊപ്പം സാധാരണക്കാരായ വീട്ടമ്മമാർക്ക് അധിക വരുമാനം ലഭ്യമാക്കുക എന്നതും പദ്ധതിയുടെ ഒരു പ്രധാന ലക്ഷ്യമാണ്.

(സി) പ്രസ്തുത പദ്ധതിയിൽ കുടുംബശ്രീ പോലുള്ള വനിതാസംഘങ്ങളെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

താൽപ്പര്യമുള്ള കുടുംബശ്രീ യൂണിറ്റുകൾപോലുള്ള വനിതാ സംഘങ്ങൾക്കും പദ്ധതിയുടെ ഭാഗമായി ഉത്തരവാദിത്വ ടൂറിസം മിഷനിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

(ഡി) സംസ്ഥാനത്തെ തനത് ഭക്ഷണരീതികളുടെ വൈവിദ്ധ്യവും ഗുണമേന്മയും വിനോദസഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

നമ്മുടെ സംസ്ഥാനത്തിന്റെ തനതു ഭക്ഷണരീതികളും പ്രാദേശിക വിഭവങ്ങളും സഞ്ചാരികൾക്ക് പരിചയപ്പെടുത്തുന്നതിനോടൊപ്പംതന്നെ സാധാരണക്കാരായ വീട്ടമ്മമാരെ ടൂറിസം മേഖലയുമായി ബന്ധിപ്പിച്ച് വരുമാനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഉത്തരവാദിത്വ ടൂറിസം മിഷനിലൂടെ "എക്സ്പീരിയൻസ് എത്നിക്/ ലോക്കൽ ക്യുസീൻ നെറ്റ്‌വർക്ക്" എന്ന പദ്ധതി ആരംഭിച്ച് നടപ്പിലാക്കിവരുന്നു.

**പനങ്കയം വെള്ളച്ചാട്ടത്തിൽ സുരക്ഷാ മുൻകരുതലുകൾ**

92 (4834) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര കേന്ദ്രമായ കോടഞ്ചേരി പഞ്ചായത്തിലെ പനങ്കയം വെള്ളച്ചാട്ടത്തിൽ സുരക്ഷാ ജീവനക്കാരില്ലാത്തതുമൂലം തുടർച്ചയായി അപകട മരണങ്ങൾ സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഇവിടെ സുരക്ഷാമുൻകരുതലുകൾ ഒരുക്കുന്നതിനും ലൈഫ് ഗാർഡുകളെ നിയമിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

നിലവിൽ പ്രസ്തുത സ്ഥലം ടൂറിസം വകുപ്പിന് കീഴിലല്ല. ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ വഴി സ്ഥലം ഏറ്റെടുത്ത് സുരക്ഷാക്രമീകരണങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

**ഹോട്ടലുകൾക്കും റിസോർട്ടുകൾക്കും ക്ലാസിഫിക്കേഷൻ**

93 (4835) ശ്രീമതി യു. പ്രതിഭ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയിൽ പ്രൊഫഷണലിസം നടപ്പാക്കുന്നതിനും പ്രസ്തുത മേഖലയിലെ ഹോട്ടലുകൾക്കും റിസോർട്ടുകൾക്കും ഉത്തരവാദിത്വ ടൂറിസം ക്ലാസിഫിക്കേഷൻ ഏർപ്പെടുത്തുന്നതിനുമുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ?

സംസ്ഥാനത്തെ ഹോട്ടലുകൾക്കും റിസോർട്ടുകൾക്കും ഉത്തരവാദിത്വ ടൂറിസം ക്ലാസിഫിക്കേഷൻ നടപ്പാക്കുന്നതിനുള്ള ഉത്തരവ് ഇതിനോടകം പുറപ്പെടുവിച്ചിട്ടുണ്ട്. ക്ലാസിഫിക്കേഷൻ നടപ്പാക്കുന്നതിനാവശ്യമായ വിവിധ പ്രവർത്തനങ്ങൾ ഉത്തരവാദിത്വ ടൂറിസം മിഷൻ പൂർത്തിയാക്കിയിട്ടുണ്ട്. അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള ഓൺലൈൻ പ്ലാറ്റ്ഫോം, അതിനായുള്ള ട്യൂട്ടോറിയൽ വീഡിയോ, ഗൈഡ്‌ലൈൻ ബുക്ക്, ആർ.ടി. ക്ലാസ്സിഫിക്കേഷൻ പ്രചാരണ വീഡിയോ എന്നിവയെല്ലാം തയ്യാറാക്കിയിട്ടുണ്ട്. പദ്ധതി ലോഞ്ചിംഗ് നടത്തുന്നതിനായി തയ്യാറാണ്.

(ബി) ക്ലാസിഫിക്കേഷൻ ലഭിക്കുന്നതിനായി എന്തെല്ലാം നടപടിക്രമങ്ങളും മാനദണ്ഡങ്ങളുമാണ് ഏർപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കാമോ?

ഉത്തരവാദിത്വ ടൂറിസം എന്ന ആശയത്തിന്റെ അടിസ്ഥാനമായ സാമ്പത്തികം, സാമൂഹികം, പാരിസ്ഥിതികം എന്നീ മൂന്ന് ഉത്തരവാദിത്വങ്ങളെ അടിസ്ഥാനമാക്കി മൂന്ന് വിഭാഗങ്ങളും പൊതുവായ കാര്യങ്ങൾക്കായി മറ്റൊരു വിഭാഗവും ഉൾപ്പെടെ നാല് വിഭാഗങ്ങളാണ് ആർ.ടി. ക്ലാസിഫിക്കേഷൻ മാനദണ്ഡങ്ങളിലുള്ളത്. ഓരോന്നിനും പ്രത്യേകം പ്രത്യേകം മാർക്കും

നൽകിയിരിക്കുന്നു. നാല് വിഭാഗങ്ങൾക്കും ചേർത്തുള്ള ആകെ മാർക്ക് 1000 ആണ്. പാരിസ്ഥിതിക ഉത്തരവാദിത്വത്തിന് പ്രത്യേക ഊന്നൽ നൽകിക്കൊണ്ടാണ് ക്ലാസിഫിക്കേഷൻ മാനദണ്ഡങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. ഓരോ വിഭാഗത്തിനും മിനിമം സ്കോർ ഉണ്ടായിരിക്കണം എന്ന കണ്ടീഷൻ ഇല്ല. മാർക്ക് അടിസ്ഥാനപ്പെടുത്തിയുള്ള ക്ലാസിഫിക്കേഷൻ വിഭാഗങ്ങൾ:

1. 250 മുതൽ 349 വരെ - സിൽവർ

2. 350 മുതൽ 500 വരെ - ഗോൾഡ്

3. 501 മുതൽ 1000 വരെ - ഡയമണ്ട്

4. പാരിസ്ഥിതിക വിഭാഗത്തിലെ ടോട്ടൽ മാർക്കിന്റെ 80 ശതമാനം ലഭിക്കുന്നവർക്ക് ആർ.ടി. ഗ്രീൻ സർട്ടിഫൈഡ് എന്ന പ്രത്യേക ക്ലാസിഫിക്കേഷൻ (ഇതിനായി പ്രത്യേകം അപേക്ഷ നൽകേണ്ടതില്ല). ക്ലാസിഫിക്കേഷൻ ഫീസ് - 5000 രൂപ, വാലിഡിറ്റി പീരീഡ് - 3 വർഷം.

(സി) ഇതിനോടൊപ്പം ജില്ലാ ടൂറിസം കൗൺസിലുകളുടെ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

നടപടി സ്വീകരിക്കാവുന്നതാണ്.

**കക്കാടംപൊയിൽ ടൂറിസം പദ്ധതി**

94 (4836) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്-മലപ്പുറം ജില്ലകളുടെ അതിർത്തി പ്രദേശമായ കക്കാടംപൊയിൽ പ്രദേശത്തിന്റെ വിനോദസഞ്ചാര സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും വിപുലപ്പെടുത്തുന്നതിനും പദ്ധതികൾ തയ്യാറാക്കുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

നിലവിൽ പരിഗണനയിലില്ല. എന്നാൽ കക്കാടംപൊയിലിലെ ടൂറിസം സാദ്ധ്യതകൾ പരിശോധിച്ച് സ്ഥലലഭ്യതയ്ക്കനുസരിച്ച് പദ്ധതി പ്രൊപ്പോസൽ തയ്യാറാക്കാവുന്നതാണ്.

(ബി) ഇതിനായി സമഗ്ര പദ്ധതി തയ്യാറാക്കുന്നതിന് വകുപ്പിന് കീഴിൽ ഏജൻസിയെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

നടപടികൾ സ്വീകരിക്കാവുന്നതാണ്.

## പൊന്നാനി നിയോജകമണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

95 (4837) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി നിയോജകമണ്ഡലത്തിൽ ടൂറിസം വകുപ്പിന്റെ കീഴിൽ ഏതെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ?

പൊന്നാനി നിയോജകമണ്ഡലത്തിലെ ടൂറിസം പദ്ധതികൾ താഴെപ്പറയുന്നവയാണ്.

1. കൺസ്ട്രക്ഷൻ ഓഫ് മറൈൻ മ്യൂസിയം ആൻഡ് കർമ്മ റോഡ് ബ്യൂട്ടിഫിക്കേഷൻ (പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല)

2. റീവൈറ്റലൈസേഷൻ ഓഫ് ബിയ്യം കായൽ (പ്രവൃത്തികൾ പൂർത്തീകരിച്ചു)

3. പൊന്നാനി ടൂറിസം ട്രയാങ്കിൾ കർമ്മ റോഡ് ബ്യൂട്ടിഫിക്കേഷൻ (പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല)

4. സോളാർ സ്ട്രീറ്റ് ലൈറ്റ് ഇൻസ്റ്റലേഷൻ അറ്റ് ടൂറിസ്റ്റ് ഡെസ്റ്റിനേഷൻസ് (പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല)

5. കൺസ്ട്രക്ഷൻ ഓഫ് നിള ഹെറിറ്റേജ് മ്യൂസിയം (പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല)

6. റെനോവേഷൻ ഓഫ് ബിയ്യം ബ്രിഡ്ജ്-പ്രൊവൈഡിംഗ് ചിൽഡ്രൻസ് പ്ലേ എക്വിപ്മെന്റ്സ് ആൻഡ് ഗാർഡൻ ബെഞ്ചസ് ടു പാർക്ക് (പ്രവൃത്തികൾ പൂർത്തീകരിച്ചു)

7. ഡെവലപ്മെന്റ് ഓഫ് കൾച്ചറൽ സെന്റർ അറ്റ് ചമ്രവട്ടം റിസർവോയർ പ്രോജക്റ്റ് ഏരിയ (പ്രവൃത്തികൾ പൂർത്തീകരിച്ചു)

8. ബാരിയർ ഫ്രീ കേരള ടൂറിസം (പ്രവൃത്തികൾ പൂർത്തീകരിച്ചു)

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ അംഗീകാരം നൽകിയ പദ്ധതികളുടെ പൂർത്തീകരണം വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ; പുതുതായി ഏതെങ്കിലും ടൂറിസം പദ്ധതികൾക്ക് നിർദ്ദേശമുണ്ടോയെന്ന് വ്യക്തമാക്കാമോ?

ടൂറിസം പദ്ധതികളുടെ പൂർത്തീകരണം വേഗത്തിലാക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു. പ്രസ്തുത നിയോജകമണ്ഡലത്തിലെ ടൂറിസം സാദ്ധ്യത പരിശോധിച്ച് പുതിയ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

## ടൂറിസം മേഖലയിലെ വിദേശ നിക്ഷേപം

96 (4838) ശ്രീ. പി. വി. അൻവർ:
ശ്രീ ഒ. ആർ. കേളു:
ശ്രീ. എ. പ്രഭാകരൻ:
ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടൂറിസം മേഖലയിൽ സർക്കാർ നടപ്പിലാക്കിവരുന്ന വൻകിട പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ?

ടൂറിസം വകുപ്പ് നടപ്പിലാക്കുന്ന വൻകിട പദ്ധതികൾ (50 കോടി രൂപയ്ക്ക് മുകളിൽ) സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന പദ്ധതികൾ

1. ആലപ്പുഴ ഹെറിറ്റേജ് പ്രോജക്ട് - 122.28 കോടി രൂപ (തത്വത്തിലുള്ള ഭരണാനുമതി)

2. Rejuvenation of Akkulam Lake and Its Watershed Rebuilding Kerala the Sustainable Way - 185.23 കോടി രൂപ (തത്വത്തിലുള്ള ഭരണാനുമതി)

3. Comprehensive Development of Muzhappilangad & Dharmadom Beaches in Kannur District - 233.71 കോടി രൂപ (തത്വത്തിലുള്ള ഭരണാനുമതി)

4. തലശ്ശേരി ഹെറിറ്റേജ് പ്രോജക്ട് - 145.541 കോടി രൂപ (തത്വത്തിലുള്ള ഭരണാനുമതി)

കേന്ദ്രാവിഷ്കൃത പദ്ധതികൾ

1. Development of Pathanamthitta - Gavi – Vagamon- Thekkady as a Ecotourism Circuit in Idukki & Pathanamthitta Districts in Kerala under Swadesh Darshan Scheme - 76.55 കോടി രൂപ.

2. Development of Sabarimala - Erumeli-Pampa-Sannidhanam as a Spiritual Circuit in Pathanamthitta circuit under Swadesh Darshan Scheme - 99.98 കോടി രൂപ.

3. Development of Sree Padmanabha Swamy Temple-Aranmula-Sabarimala as a spiritual circuit in Kerala – 92.21 കോടി രൂപ.

4. Development of Rural Tourism Circuit- Malanad- Malabar Cruise Tourism Project in Kerala Under Swadesh Darshan Scheme - 80.37 കോടി രൂപ

5. Development of Spiritual Circuit - Sivagiri Sree Narayana Guru Ashram-Aruvipuram-Kunnumpara Sree Subrahmaniam-Chembazhanthi Sree Narayana Gurukulam in Kerala - 69.47 കോടി രൂപ

6. Development of Guruvayur Temple under Prasad Sheme - 46.14 കോടി രൂപ.

(ബി) ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിനായി വിദേശ നിക്ഷേപം സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഈ പദ്ധതികൾ നടപ്പാക്കുന്നതിനായി വിദേശ നിക്ഷേപം സ്വീകരിച്ചിട്ടില്ല.

(സി) ടൂറിസം മേഖലയിൽ വിദേശ നിക്ഷേപം സ്വീകരിക്കുന്നതിനായി സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

നിലവിൽ വിലയിരുത്തിയിട്ടില്ല.

**പ്ലാന്റേഷൻ ടൂറിസവും ഫുഡ് ടൂറിസവും**

97 (4839) <u>ശ്രീ. വാഴൂർ സോമൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലാന്റേഷൻ ടൂറിസം പ്രോത്സാഹിപ്പിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

പ്ലാന്റേഷൻ ടൂറിസം പ്രോത്സാഹിപ്പിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

(ബി) ചരിത്ര സ്മാരകങ്ങളെയും പൈതൃക കേന്ദ്രങ്ങളെയും ഉൾപ്പെടുത്തിയുള്ള ടൂറിസം പദ്ധതി പുതിയതായി ആവിഷ്കരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ചരിത്ര സ്മാരകങ്ങളെയും പൈതൃക കേന്ദ്രങ്ങളെയും ഉൾപ്പെടുത്തിയുള്ള ടൂറിസം പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. മുസിരിസ് പൈതൃക പദ്ധതി, ആലപ്പുഴ പൈതൃക പദ്ധതി, തലശ്ശേരി പൈതൃക പദ്ധതി തുടങ്ങിയവയാണ് നിലവിൽ വകുപ്പ് നടപ്പിലാക്കിവരുന്നത്. വകുപ്പ് പുതുതായി ആവിഷ്കരിച്ച പദ്ധതിയാണ് തിരുവിതാംകൂർ പൈതൃക പദ്ധതി. തിരുവിതാംകൂറിന്റെ ചരിത്ര പ്രധാന്യം വ്യക്തമാക്കുന്ന പൈതൃക കെട്ടിടങ്ങളെയും ആരാധനാലയങ്ങളെയും പരസ്പരം ബന്ധിപ്പിച്ചുകൊണ്ട് വികസനം സാദ്ധ്യമാക്കുന്ന ടൂറിസം സർക്യൂട്ട് പദ്ധതിയാണിത്. പദ്ധതിയുടെ ആദ്യഘട്ടം എന്ന നിലയിൽ

തിരുവനന്തപുരം നഗരത്തിലെ 30 പൈതൃക കെട്ടിടങ്ങളിൽ വൈദ്യുതാലങ്കാരം നടത്തുന്നതിനുള്ള ടെണ്ടർ നടപടികൾ അന്തിമഘട്ടത്തിലാണ്. അതോടൊപ്പം പദ്ധതിയുടെ രണ്ടാംഘട്ടം എന്ന നിലയിൽ തിരുവിതാംകൂറിന്റെ ചരിത്രപ്രാധാന്യമുള്ള എല്ലാ സ്ഥലങ്ങളും ഉൾപ്പെടുത്തി പദ്ധതി രൂപരേഖ തയ്യാറാക്കുവാനാണ് ടൂറിസം വകുപ്പ് ലക്ഷ്യമിടുന്നത്.

(സി) സംസ്ഥാനത്ത് ഉടമകൾ ഉപേക്ഷിച്ച തോട്ടങ്ങളിലെ ബ്രിട്ടീഷ് കാലത്തെ ബംഗ്ലാവുകളും ക്ലബ്ബുകളും ഏറ്റെടുത്ത് പ്ലാന്റേഷൻ ഹെറിറ്റേജ് ടൂറിസം പദ്ധതി ആവിഷ്കരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

പ്ലാന്റേഷൻ ഹെറിറ്റേജ് ടൂറിസം പ്രോത്സാഹിപ്പിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

(ഡി) സംസ്ഥാനത്തെത്തുന്ന വിനോദസഞ്ചാരികൾക്ക് കേരളത്തിലെ ഭക്ഷ്യവിഭവങ്ങളെ പരിചയപ്പെടുത്തുവാൻ ഫുഡ് ടൂറിസം എന്ന ആശയം നടപ്പിൽ വരുത്തുവാൻ സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

ഉത്തരവാദിത്വ ടൂറിസം മിഷൻ മുഖേന നടപ്പിലാക്കുന്ന "എക്സ്പീരിയൻസ് എത്നിക്/ ലോക്കൽ ക്യുസീൻ നെറ്റ്‌വർക്ക് എന്ന പദ്ധതി കേരളത്തിന്റെ തനത് വിഭവങ്ങൾ സഞ്ചാരികൾക്ക് പരിചയപ്പെടുത്തുന്നതിനോടൊപ്പം സാധാരണക്കാരായ വീട്ടമ്മമാരെ ടൂറിസം മേഖലയുമായി ബന്ധിപ്പിച്ച് വരുമാനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചതാണ്. പദ്ധതിയുടെ ഭാഗമായി അപേക്ഷ നൽകിയവർക്ക് പരിശീലനം നൽകി ഉത്തരവാദിത്വ ടൂറിസം മിഷൻ യൂണിറ്റായി രജിസ്റ്റർ ചെയ്ത് ഓൺലൈൻ പ്ലാറ്റ്ഫോമിൽ എന്റർ ചെയ്യുന്നു. പദ്ധതിയുടെ ഭാഗമായി വിവിധ ജില്ലകളിൽ സാധാരണക്കാരായ സ്ത്രീകൾ ചെറുകിട സംരംഭകരായി മാറുകയുണ്ടായി. പദ്ധതി വഴി വിവിധ ജില്ലകളിൽ യൂണിറ്റുകൾക്ക് വരുമാനം ലഭിച്ചുതുടങ്ങിയ സമയത്ത് കോവിഡ്-19 നിയന്ത്രണങ്ങൾ നിലവിൽവന്നു. തുടർന്ന് നിർത്തിവച്ച പ്രസ്തുത യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ പൂർണ്ണതോതിൽ പ്രവർത്തന സജ്ജമായിട്ടില്ല. അതിനായുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

**മലനാട് റിവർ ക്രൂയിസ് പദ്ധതി**

98 (4840) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലനാട് റിവർ ക്രൂയിസ് പദ്ധതിയുടെ പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ?

മലനാട് നോർത്ത് മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ ഭാഗമായി കണ്ണൂർ ജില്ലയിൽ 14 ബോട്ട് ടെർമിനൽ/ജെട്ടി പദ്ധതികൾക്കായി ആകെ 40.82 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പദ്ധതി നിർവ്വഹണ ഏജൻസിയായി ഉൾനാടൻ ജലഗതാഗത വകുപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്തു. പ്രവൃത്തി പുരോഗതി താഴെപ്പറയും പ്രകാരമാണ്.

1. പഴയങ്ങാടി ബോട്ട് ടെർമിനൽ -ടെർമിനൽ പ്രവൃത്തിപൂർത്തീകരിച്ചു.

2. പറശ്ശിനിക്കടവ് ബോട്ട് ടെർമിനൽ - പ്രവൃത്തി പൂർത്തീകരിച്ചു.

3. ധർമ്മടം ബോട്ട് ടെർമിനൽ - 85 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു.

4. ചേരിക്കൽ ബോട്ട് ടെർമിനൽ – 85 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു.

5. പാറപ്രം ബോട്ട് ടെർമിനൽ - 85 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു.

6. മമ്പറം ബോട്ട് ജെട്ടി - 70 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു.

7. പെരിങ്ങത്തൂർ ബോട്ട് ജെട്ടി - 86 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു.

8. മോന്താൽ ബോട്ട് ജെട്ടി - പ്രവൃത്തി പൂർത്തീകരിച്ചു.

9. കരിയാട് ബോട്ട് ടെർമിനൽ – 66 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു.

10. ന്യൂ മാഹി ബോട്ട് ടെർമിനൽ - പ്രവൃത്തി പൂർത്തീകരിച്ചു.

11. പാത്തിക്കൽ ബോട്ട് ജെട്ടി - 78 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു.

12. കക്കടവ് ബോട്ട് ജെട്ടി-കം-വാക്ക്‌വേ - 90 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു.

13. പുന്നക്കടവ് ബോട്ട് ജെട്ടി - 90 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു.

14. കവ്വായി കാലികടപ്പുറം ബോട്ട് ടെർമിനൽ – 86 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു.

**കാസർഗോഡ് ജില്ല**

15. മാവിലാക്കടപ്പുറം ബോട്ട് ടെർമിനൽ - പ്രവൃത്തി പൂർത്തീകരിച്ചു.

16. മാടക്കൽ ബോട്ട് ടെർമിനൽ- 86 ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചു.

17. കോട്ടപ്പുറം ബോട്ട് ടെർമിനൽ - 75 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു.

ഇതിനുപുറമെ 6 ബോട്ടുകൾ വാങ്ങുന്നതിനായി (6 സീറ്റ് 2 എണ്ണം, 10 സീറ്റ് 2 എണ്ണം, 25 സീറ്റ് 2 എണ്ണം) 4.67 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സംസ്ഥാന ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷനാണ് ഇതിന്റെ നിർമ്മാണ

ചുമതല. ഇതിനകം 6 സീറ്റുള്ള 2 ബോട്ടുകൾ നൽകിക്കഴിഞ്ഞു. ബാക്കി ബോട്ടുകളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

സംസ്ഥാന പദ്ധതികൾക്കുപുറമെ കണ്ണൂർ ജില്ലയിൽ കേന്ദ്ര ടൂറിസം മന്ത്രാലയത്തിൽനിന്നും സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി 80.37 കോടി രൂപയുടെ മലനാട് നോർത്ത് മലബാർ റിവർ ക്രൂയിസ് പദ്ധതിക്കും അംഗീകാരം ലഭിച്ചിട്ടുണ്ട്. സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി 30 ജെട്ടി/ടെർമിനലുകൾ, മറ്റ് അനുബന്ധ ഘടകങ്ങൾ എന്നിവയ്ക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത്. പദ്ധതി നിർവ്വഹണ ഏജൻസിയായി ഉൾനാടൻ ജലഗതാഗത വകുപ്പിനെയും മറ്റ് പ്രവൃത്തികൾ KEL-നെയുമാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. KEL-നെ ചുമതലപ്പെടുത്തിയ പദ്ധതി പ്രവൃത്തികളിൽ മലപ്പട്ടം മുനമ്പുകടവ് പ്രദേശത്ത് വാക്ക്‌വേ, ഫുഡ് കോർട്ട്, ടോയ്‌ലറ്റ് ബ്ലോക്ക്, ആർട്ടിസാൻസ് ആല എന്നിവയുടെ നിർമ്മാണപ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. മറ്റ് പ്രവൃത്തികൾ CRZ അനുമതിക്ക് വിധേയമായി ചെയ്യേണ്ടുന്നതിനാൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല (പദ്ധതിക്ക് ആവശ്യമായ CRZ ക്ലിയറൻസിനുവേണ്ടി അപേക്ഷിക്കുന്നതിനായി കേരള ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷനെ (KSINC) ടൂറിസം വകുപ്പ് ചുമതലപ്പെടുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ അപേക്ഷ KCZMA -യിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്).

ഇൻലാൻഡ് നാവിഗേഷൻ വകുപ്പിനെ ചുമതലപ്പെടുത്തിയ ജെട്ടികളുടെ പ്രവൃത്തിപുരോഗതി താഴെപ്പറയും പ്രകാരമാണ്.

1. മൈനർ ബോട്ട് ടെർമിനൽ മടക്കര – 50 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു.

2. അഴീക്കൽ ഫെറി ബോട്ട് ജെട്ടി - പ്രവൃത്തി ആരംഭിച്ചിട്ടില്ല.

3. അഴീക്കൽ ബോട്ട് പാലം ബോട്ട് ജെട്ടി - 70 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു.

4. പാമ്പുരുത്തി ബോട്ട് ജെട്ടി (Type I) - പ്രവൃത്തി ആരംഭിച്ചിട്ടില്ല.

5. പാമ്പുരുത്തി ബോട്ട് ജെട്ടി (Type II) - പ്രവൃത്തി ആരംഭിച്ചിട്ടില്ല.

6. മുനമ്പുകടവ് ബോട്ട് ജെട്ടി (Type I)– 55 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു.

7. മുനമ്പുകടവ് ബോട്ട് ജെട്ടി (Type II)– 55 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു.

8. പട്ടുവം മേജർ ബോട്ട് ടെർമിനൽ- 74 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു.

9. കുപ്പം മേജർ ബോട്ട് ടെർമിനൽ - 74 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു.

10. നാറാത്ത് ബോട്ട് ജെട്ടി - പ്രവൃത്തി ആരംഭിച്ചിട്ടില്ല.

11. വളപട്ടണം മേജർ ബോട്ട് ടെർമിനൽ-50 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു.

12. മുതുകുട ബോട്ട് ജെട്ടി - 65 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു.

13. പാപ്പിനിശ്ശേരി ബോട്ട് ജെട്ടി - 38 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു.

14. തെക്കുമ്പാട് മേജർ ബോട്ട് ടെർമിനൽ- 70 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു.

15. പാപ്പിനിശ്ശേരി പാറക്കൽ ബോട്ട് ജെട്ടി - 50 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു.

16. കാട്ടാമ്പള്ളിക്കടവ് ബോട്ട് ജെട്ടി - പ്രാരംഭ പ്രവൃത്തികൾ പുരോഗമിക്കുന്നു.

17. താവം ബോട്ട് ജെട്ടി - 50 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു.

18. മൈനർ ബോട്ട് ടെർമിനൽ മാട്ടൂൽ സൗത്ത് - 40 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു.

19. മൈനർ ബോട്ട് ടെർമിനൽ മാട്ടൂൽ നോർത്ത് - 72 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു.

20. മൈനർ ബോട്ട് ടെർമിനൽ വാടിക്കൽ - 72 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു.

21. മൈനർ ബോട്ട് ടെർമിനൽ ചെറുകുന്ന് - 78 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു.

22. മൈനർ ബോട്ട് ടെർമിനൽ മുട്ടിൽ - പൈലിംഗിനുള്ള പ്രാരംഭ പ്രവൃത്തി പുരോഗമിക്കുന്നു.

കൂടാതെ എ. കെ. ജി. ഐലൻഡ് ബോട്ട് ജെട്ടി (2 Nos), സി. എച്ച്. ഐലൻഡ് ബോട്ട് ജെട്ടി (2 Nos), കൊളച്ചേരി ഐലൻഡ് ബോട്ട് ജെട്ടി (2 Nos), ഭഗത് സിംഗ് ഐലൻഡ് ബോട്ട് ജെട്ടി (2 Nos) - ടെക്നിക്കൽ സാംഗ്ഷൻ ലഭ്യമാകേണ്ടതുണ്ട് (ഐലൻഡുകളിൽ കോൺക്രീറ്റ് ജെട്ടി നിർമ്മാണം പ്രയോഗികമല്ലാത്തതിനാൽ ബദൽരീതി നടപ്പിലാക്കാക്കുന്നതിനുള്ള സാദ്ധ്യത ഇൻലാന്റ് നാവിഗേഷൻ പരിശോധിച്ചുവരികയാണ്).

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി പയ്യന്നൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ?

പയ്യന്നൂർ നിയോജകമണ്ഡലത്തിൽപ്പെടുന്ന മലനാട് നോർത്ത് മലബാർ റിവർ ക്രൂയിസ് (സംസ്ഥാന പദ്ധതി) പ്രവൃത്തികൾ താഴെപ്പറയുന്നവയാണ്.

1. പുന്നക്കടവ് ബോട്ട് ജെട്ടി - 90 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു. പ്രവൃത്തി ഫിനിഷിംഗ് സ്റ്റേജിലാണ്. പദ്ധതി 2021 നവംബർ മാസത്തിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

2. കവ്വായി കാലികടപ്പുറം ബോട്ട് ടെർമിനൽ – 86 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചു. ടെർമിനൽ റൂഫിന്റെ പ്രവൃത്തി പുരോഗമിച്ചുവരികയാണ്. പദ്ധതി 2021 ഡിസംബർ മാസത്തിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പ്രസ്തുത പദ്ധതിയിൽ വിഭാവനം ചെയ്യുന്നത് എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

1. പുന്നക്കടവ് ബോട്ട് ജെട്ടി - ബോട്ട് ജെട്ടി, സോളാർ വിളക്കുകൾ, ഇരിപ്പിടങ്ങൾ, ഇന്റർലോക്ക് പേവിംഗ് എന്നിവയാണ് പദ്ധതി ഘടകങ്ങൾ.

2. കവ്വായി കാലികടപ്പുറം ബോട്ട് ടെർമിനൽ - ബോട്ട് ടെർമിനൽ-കം-വാക്ക്‌വേ, സോളാർ വിളക്കുകൾ, ഇരിപ്പിടങ്ങൾ, ഇന്റർലോക്ക് പേവിംഗ് എന്നിവയാണ് പദ്ധതി ഘടകങ്ങൾ.

**കാരവൻ പാർക്കുകളിൽ സഞ്ചാരികളുടെ സുരക്ഷിതത്വം**

99 (4841) ശ്രീ. എൻ. ഷംസുദ്ദീൻ:
ഡോ. എം. കെ. മുനീർ:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാരവൻ ടൂറിസം പദ്ധതിയുടെ ഭാഗമായ കാരവൻ പാർക്കുകളിൽ സഞ്ചാരികളുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ ഉദ്ദേശിച്ചുള്ള നടപടികൾ വിശദമാക്കുമോ?

കാരവൻ ടൂറിസം പദ്ധതിയുടെ ഭാഗമായ കാരവൻ പാർക്കുകളിൽ സഞ്ചാരികളുടെ സുരക്ഷിതത്വം ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സഞ്ചാരികൾക്ക് അലോസരമില്ലാതെയും മാനസിക സമ്മർദ്ദങ്ങളില്ലാതെയും താമസിക്കുവാൻവേണ്ട സുരക്ഷിതമായ മേഖലയിലായിരിക്കണം കാരവൻ

പാർക്കുകൾ നിർമ്മിക്കേണ്ടത്. കാരവൻ പാർക്കിൽ നിർബന്ധമായും ഉണ്ടായിരിക്കേണ്ട കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

ചുറ്റുമതിലും പൂട്ടി സൂക്ഷിക്കാവുന്ന ഗേറ്റുമുൾപ്പെടെ അനുവാദമില്ലാതെ ആർക്കും ഉള്ളിൽ കടക്കാൻ സാധിക്കാത്ത വിധമായിരിക്കണം കാരവൻ പാർക്കുകൾ തയ്യാറാക്കേണ്ടത്.

നിരീക്ഷണ ക്യാമറകളും സെക്യൂരിറ്റി ഗാർഡുകളും ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഉണ്ടായിരിക്കണം.

പ്രഥമശുശ്രൂഷ നൽകാൻ പരിശീലനം സിദ്ധിച്ച ജീവനക്കാരും അടിയന്തര ആവശ്യത്തിന് ഉപയോഗിക്കാവുന്ന പ്രഥമശുശ്രൂഷാ കിറ്റും റിസപ്ഷനിൽ ഉണ്ടായിരിക്കണം.

അടിയന്തര വൈദ്യസഹായം ലഭ്യമാക്കുവാനായി "doctor on call" സൗകര്യം ഏർപ്പെടുത്തേണ്ടതാണ്.

പാർക്കിലെ ജീവനക്കാരും ചുമതലക്കാരും തീപിടുത്തം, റോഡപകടം, മണ്ണിടിച്ചിൽ, വെള്ളപ്പൊക്കം, ഭൂമികുലുക്കം തുടങ്ങിയ കെടുതികൾ നേരിടുവാൻ ആവശ്യമായ പരിശീലനം നേടിയവരായിരിക്കണം.

## ഉത്തരവാദിത്വ ടൂറിസം പദ്ധതി

100 (4842) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഉത്തരവാദിത്വ ടൂറിസം പദ്ധതിയുടെ പ്രയോജനം ഗ്രാമീണ മേഖലയിലെ മുഴുവൻ ജനങ്ങൾക്കും എത്തിക്കുന്നതിനായി എന്തൊക്കെ പദ്ധതികൾ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരവാദിത്വ ടൂറിസം മിഷൻ മുഖേന വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പെപ്പർ, മാതൃകാ ഉത്തരവാദിത്വ ടൂറിസം ഗ്രാമങ്ങൾ എന്നിങ്ങനെ വിവിധ പദ്ധതികൾ നടത്തിവരുന്നുണ്ട്. ടൂറിസം ഗ്രാമസഭകൾചേർന്ന് തദ്ദേശവാസികൾക്ക് ഉത്തരവാദിത്വ ടൂറിസം പദ്ധതികളെപ്പറ്റി അവബോധം നൽകിക്കൊണ്ടാണ് പ്രസ്തുത പദ്ധതികളെല്ലാം ആരംഭിക്കുന്നത്. ഇതിനുപുറമേ സംസ്ഥാന വ്യാപകമായി എക്സ്പീരിയൻസ് എത്നിക് കുസീൻ, കേരള അഗ്രി ടൂറിസം നെറ്റ്‌വർക്ക്, കലാകാരന്മാരുടെ യൂണിറ്റുകൾ, കരകൗശല വസ്തുക്കൾ ഉണ്ടാക്കുന്നവരുടെ യൂണിറ്റുകൾ എന്നിങ്ങനെ വിവിധ തരത്തിൽ തദ്ദേശീയർക്ക് ഉത്തരവാദിത്വ ടൂറിസം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമാകുവാനുള്ള വിവിധ പ്രവർത്തനങ്ങളും മിഷൻ മുഖേന നടത്തുന്നുണ്ട്. എല്ലാ തദ്ദേശഭരണ

സ്ഥാപനങ്ങളിലേക്കും ഉത്തരവാദിത്വ ടൂറിസം പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനും അതാത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിലുള്ള ഉത്തരവാദിത്വ ടൂറിസം പ്രവർത്തനങ്ങൾക്കുമായി തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് ഉത്തരവാദിത്വ ടൂറിസത്തിൽ പരിശീലനം നൽകിവരുന്നു. വരുന്ന അഞ്ച് വർഷക്കാലംകൊണ്ട് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലേക്കും ഉത്തരവാദിത്വ ടൂറിസം മിഷൻ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുകയും അതുവഴി ഉത്തരവാദിത്വ ടൂറിസം പദ്ധതിയുടെ പ്രയോജനം ഗ്രാമീണ മേഖലയിലെ മുഴുവൻ ജനങ്ങൾക്കും എത്തിക്കുന്നതിനുമാണ് ഉത്തരവാദിത്വ ടൂറിസം മിഷൻ ലക്ഷ്യമിടുന്നത്.

**റാന്നി നിയോജകമണ്ഡലത്തിലെ ടൂറിസം പദ്ധതികൾ**

101 (4843) ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജകമണ്ഡലത്തിൽ 2016-2021 കാലയളവിൽ നടപ്പിലാക്കിയ ടൂറിസം പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

റാന്നി നിയോജകമണ്ഡലത്തിൽ 2016-2021 കാലയളവിൽ നടപ്പിലാക്കിയ ടൂറിസം പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 'എ' ആയി* ചേർത്തിട്ടുണ്ട്.

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ നടപ്പ് സാമ്പത്തിക വർഷം നടപ്പിലാക്കുന്ന ടൂറിസം പദ്ധതികൾ വിശദമാക്കാമോ?

റാന്നി നിയോജകമണ്ഡലത്തിൽ നടപ്പ് സാമ്പത്തികവർഷം നടപ്പിലാക്കുന്ന ടൂറിസം പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 'ബി' ആയി* ചേർത്തിട്ടുണ്ട്.

**അഗ്രി ടൂറിസം നെറ്റ്‌വർക്ക്**

102 (4844) ശ്രീ. ഒ. ആർ. കേളു:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരേസമയം കാർഷിക മേഖലയെയും ടൂറിസം മേഖലയെയും പരിപോഷിപ്പിക്കുവാൻ അഗ്രി ടൂറിസത്തിന്റെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തിയുള്ള പദ്ധതികൾ ആവിഷ്കരിക്കുവാൻവേണ്ട നടപടി സ്വീകരിക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാർഷിക മേഖലയെ ടൂറിസം മേഖലയുമായി ബന്ധപ്പെടുത്തിക്കൊണ്ട് ഒരേ സമയം കാർഷിക മേഖലയെയും ടൂറിസം മേഖലയെയും പരിപോഷിപ്പിക്കുവാനും പ്രസ്തുത പ്രവർത്തനങ്ങളിലേയ്ക്ക് കൂടുതൽ ആളുകളെ പങ്കാളികളാക്കുന്നതിനുമായി ഉത്തരവാദിത്വ ടൂറിസം മിഷന്റെ കീഴിൽ "കേരള അഗ്രി ടൂറിസം നെറ്റ്‌വർക്ക്" എന്ന പദ്ധതി ലോഞ്ച് ചെയ്തിട്ടുണ്ട്. നിലവിൽ കാർഷിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നതും ടൂറിസം മേഖലയുമായി സഹകരിച്ച് പ്രവർത്തിക്കുവാൻ താൽപ്പര്യമുള്ളതുമായ ആർക്കും ഈ പദ്ധതിയുടെ ഭാഗമാകാവുന്നതാണ്.

(ബി) അഗ്രി ടൂറിസം നെറ്റ്‌വർക്ക്, ഫാം ടൂറിസം പദ്ധതി എന്നിവ ഉത്തരവാദിത്വ ടൂറിസം മിഷൻ വഴി നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

കേരള അഗ്രി ടൂറിസം നെറ്റ്‌വർക്ക് എന്ന പദ്ധതി നടപ്പിലാക്കുന്നത് ഉത്തരവാദിത്വ ടൂറിസം മിഷൻ മുഖേനയാണ്.

(സി) പ്രസ്തുത പദ്ധതികൾ വഴി എത്ര യൂണിറ്റുകൾ ആരംഭിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് വിശദമാക്കാമോ?

കേരള അഗ്രി ടൂറിസം നെറ്റ്‌വർക്ക് എന്ന പദ്ധതിയുടെ ഭാഗമായി 500 വലിയ ഫാം ടൂറിസം സെന്ററുകളും 5000 ചെറുകിട ഫാം ടൂറിസം യൂണിറ്റുകളും സംസ്ഥാനത്ത് ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

## ലോകമേ തറവാട് പദ്ധതി

103 (4845) <u>ഡോ. കെ. ടി. ജലീൽ</u>:
<u>ശ്രീ. കെ. ജെ. മാക്സി</u>:
<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>:
<u>ശ്രീമതി ദെലീമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം വിനോദസഞ്ചാര കേന്ദ്രങ്ങളാണ് അന്തർദ്ദേശീയ വിനോദസഞ്ചാര ഭൂപടത്തിൽ സ്ഥാനം പിടിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

അന്തർദ്ദേശീയ വിനോദസഞ്ചാരികൾ കൂടുതലായി എത്തിച്ചേരുന്ന കേരളത്തിലെ പ്രധാന കേന്ദ്രങ്ങൾ താഴെപ്പറയുന്നവയാണ്.

തിരുവനന്തപുരം, കോവളം, വർക്കല, ആലപ്പുഴ, കൊച്ചി/ഫോർട്ട് കൊച്ചി, കുമരകം, മൂന്നാർ, തേക്കടി.

(ബി) പ്രസ്തുത കേന്ദ്രങ്ങളുടെ നവീകരണത്തിനും വികസനത്തിനുമായി സംസ്ഥാന സർക്കാർ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്?

വിദേശ - ആഭ്യന്തര ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനായി കേരളത്തിലെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ നിരവധി അടിസ്ഥാന സൗകര്യ വികസന പദ്ധതികളാണ് വകുപ്പ് വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നത്.

സംസ്ഥാനത്തെ എല്ലാ ടൂറിസം കേന്ദ്രങ്ങളിലും മികച്ച ശുചിത്വ നിലവാരം ഉറപ്പുവരുത്തുന്നതിനായി ഗ്രീൻ കാർപെറ്റ് പദ്ധതി വഴിയുള്ള നിർമ്മാണ പ്രവൃത്തികളും ഗ്രീൻ ഗ്രാസ്സ് പദ്ധതി വഴി മാലിന്യനിർമ്മാർജ്ജനവും വകുപ്പ് നടപ്പിലാക്കുന്നുണ്ട്. ദിവസേന ആയിരത്തിലധികം ടൂറിസ്റ്റുകൾ എത്തിച്ചേരുന്ന കേന്ദ്രങ്ങളിൽ ലോക നിലവാരമുള്ള ടോയ്‌ലറ്റുകൾ നിർമ്മിക്കാൻ 'വേൾഡ് ക്ലാസ്സ് ടോയ്‌ലറ്റ്' എന്ന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ഇതുപ്രകാരം 12 പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഭിന്നശേഷിക്കാരായ വിനോദസഞ്ചാരികൾക്കുകൂടി സൗകര്യപ്രദമായ വിധത്തിൽ സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളെ മാറ്റിയെടുക്കുന്നതിനായി സംസ്ഥാന ടൂറിസം വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് 'ബാരിയർ ഫ്രീ ടൂറിസം'. വരിയുള്ള റാമ്പ്, ബ്രെയിൽ ലിപിയിലുള്ള ദിശാ സൂചകം, ശ്രവണ വഴികാട്ടി, ഭിന്നശേഷി സൗഹൃദ ടോയ്‌ലറ്റ്, വീൽചെയർ, വാക്കിംഗ് സ്റ്റിക്, ക്രച്ചസുകൾ എന്നിവ ലഭ്യമാക്കുക ഇവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി) അന്തർദേശീയ വിനോദസഞ്ചാര ഭൂപടത്തിൽ സ്ഥാനം പിടിച്ച ആലപ്പുഴ വിനോദസഞ്ചാര പൈതൃക പദ്ധതിയുടെ ഭാഗമായി പൈതൃക മ്യൂസിയത്തിൽ ഒരുങ്ങുന്ന ലോകമേ തറവാട് പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയോടനുബന്ധിച്ച് പൗരാണിക കെട്ടിടങ്ങൾ പുനരുദ്ധരിക്കുന്നതിനും അനുബന്ധ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനം സാദ്ധ്യമാക്കുന്നതിനുമുള്ള പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

(സി-ഡി) "ലോകമേ തറവാട്" എന്ന എക്സിബിഷൻ കൊച്ചി മുസിരീസ് ബിനാലെ ഫൗണ്ടേഷൻ എന്ന സ്ഥാപനം മുഖേനയാണ് സംഘടിപ്പിച്ചിട്ടുള്ളത്. ഈ എക്സിബിഷനിൽ കേരളീയരായ 256 ആർട്ടിസ്റ്റുകളുടെ പ്രദർശനമാണ് നടന്നുവരുന്നത്. 2021 നവംബർ 30-ാം തീയതി പ്രദർശനം അവസാനിക്കും. ആലപ്പുഴ ഹെറിറ്റേജ് പ്രോജക്ടിനുവേണ്ടി നവീകരണം പൂർത്തിയാക്കിയിട്ടുള്ള ന്യൂ മോഡൽ കയർ സൊസൈറ്റി, കയർ കോർപ്പറേഷൻ ബിൽഡിംഗ്, കയർഫെഡ് എന്നീ കെട്ടിടങ്ങളിലാണ് ഈ പ്രദർശനം നടന്നു വരുന്നത്.

## ഡി.ടി.പി.സി. സെക്രട്ടറിമാരുടെ യോഗ്യത

104 (4846) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.ടി.പി.സി. സെക്രട്ടറിമാരുടെ യോഗ്യത നിശ്ചയിച്ച് ഉത്തരവിറക്കിയിട്ടുണ്ടോ; മുൻ സർക്കാരിന്റെ ഭരണകാലത്തെ ഡി.ടി.പി.സി. സെക്രട്ടറിമാരുടെ പ്രവർത്തനത്തിലെ പോരായ്മയാണോ പ്രസ്തുത യോഗ്യത നിശ്ചയിക്കാൻ കാരണമെന്ന് വ്യക്തമാക്കാമോ?

ഡി.ടി.പി.സി.-കളിൽ പുതിയ സെക്രട്ടറിമാരെ തെരഞ്ഞെടുക്കുന്നതിന്റെ ഭാഗമായി അപേക്ഷകരുടെ വിദ്യാഭ്യാസ യോഗ്യതയും പ്രവൃത്തി പരിചയവും കരാർ വ്യവസ്ഥയിലുള്ള നിയമനത്തിന്റെ നടപടിക്രമവും വേതനവുമൊക്കെ പരിഷ്കരിച്ച് ഉത്തരവായിരുന്നു. 18-8-2021-ലെ സ.ഉ. (കൈ.) 15/2021/ടൂറിസം. പ്രകാരം ഡി.ടി.പി.സി. സെക്രട്ടറി നിയമനത്തിനുള്ള നടപടികൾ സമഗ്രമായി പരിഷ്കരിക്കുന്നതിന്റെ ഭാഗമായാണ് യോഗ്യതകൾ പുതുക്കി നിശ്ചയിച്ചത്.

(ബി) പരീക്ഷയ്ക്ക് 60 ശതമാനവും ഇന്റർവ്യൂവിന് 40 ശതമാനവും യോഗ്യത എന്ന രീതിയിൽ നിശ്ചയിച്ചത് മിടുക്കരായ ഉദ്യോഗാർത്ഥികളെ ഒഴിവാക്കാനാണെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ?

വിദ്യാഭ്യാസത്തിൽ മികവും വിനോദസഞ്ചാര മേഖലയിൽ മുൻകാലപരിചയവുമുള്ള ഉദ്യോഗാർത്ഥികളെ കണ്ടെത്താൻ ലക്ഷ്യമിട്ടാണ് എഴുത്ത് പരീക്ഷയ്ക്ക് 60 ശതമാനം പ്രവൃത്തി പരിചയമടക്കം അഭിമുഖ പരീക്ഷയ്ക്ക് 40 ശതമാനം എന്ന രീതിയിൽ മാർക്ക് നിശ്ചയിച്ചത്.

**പാലാ നിയോജകമണ്ഡലത്തിലെ പിൽഗ്രിം ടൂറിസം പദ്ധതി**

105 (4847) ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലാ നിയോജകമണ്ഡലത്തിലെ ഇലവീഴാപൂഞ്ചിറ, ഇല്ലിക്കൽക്കല്ല്, ശബരിമല തീർത്ഥാടനപാതയിലെ ഇടത്താവളങ്ങളായ കടപ്പാട്ടൂർ മഹാദേവ ക്ഷേത്രം, അന്തിനാട് മഹാദേവ ക്ഷേത്രം, ഭരണങ്ങാനം പള്ളി, രാമപുരത്തെ വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ കബറിടം എന്നിവിടങ്ങളിൽ പിൽഗ്രിം ടൂറിസം പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

പാലാ നിയോജകമണ്ഡലത്തിലെ ഇലവീഴാപൂഞ്ചിറ, ഇല്ലിക്കൽകല്ല്, അന്തിനാട് മഹാദേവ ക്ഷേത്രം, രാമപുരത്തെ വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ കബറിടം എന്നിവിടങ്ങളിൽ നിലവിൽ പിൽഗ്രിം ടൂറിസം പദ്ധതികൾ വിഭാവനം ചെയ്തിട്ടില്ല. ശബരിമല തീർത്ഥാടനപാതയിലെ ഇടത്താവളങ്ങളായ കടപ്പാട്ടൂർ മഹാദേവ ക്ഷേത്രം, ഭരണങ്ങാനം പള്ളി എന്നിവിടങ്ങളിൽ പിൽഗ്രിം അമിനിറ്റി സെന്റർ നിർമ്മിക്കുന്നതിനായി "ഗ്രീൻ ടൂറിസം സർക്യൂട്ട് പദ്ധതി, കോട്ടയം" എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നല്കിയിരുന്നു. ഈ വർക്കുകൾക്കായി നിർവ്വഹണ ഏജൻസിയായ കിറ്റ്കോ ലിമിറ്റഡ് ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിരുന്നു. എന്നാൽ പ്രസ്തുത ആരാധനാലയങ്ങളിൽനിന്നും പദ്ധതി ആരംഭിക്കുന്നതിനായുള്ള എൻ.ഒ.സി. ലഭിക്കാത്തതിനാൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ കഴിയാതെ വരികയും പ്രസ്തുത പ്രവൃത്തികൾ ക്യാൻസൽ ചെയ്യുകയുമാണുണ്ടായത്.

## പ്രാദേശിക ടൂറിസം മേഖലകളുടെ വികസനം

106 (4848) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ടൂറിസം രംഗത്ത് മുന്നേറ്റമുണ്ടാക്കുവാൻ പ്രാദേശിക ടൂറിസം മേഖലകൾ കണ്ടെത്തി വികസിപ്പിക്കുന്നതിനുള്ള നടപടിയുടെ ഭാഗമായി ഏതെങ്കിലും തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇതിൽ തിരുവനന്തപുരം ജില്ലയിൽ നിന്നുള്ള സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. പ്രാദേശിക ടൂറിസം വികസനത്തിന്റെ ഭാഗമായി അതാത് ജില്ലകളിലെ ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിൽ അവിടെയുള്ള ബന്ധപ്പെട്ട സ്റ്റേക്ക്ഹോൾഡേഴ്സിനേയും പഞ്ചായത്ത് പ്രതിനിധികളേയും ഉൾപ്പെടുത്തി യോഗം നടത്തിവരുന്നു. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ നിരവധി തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നും പദ്ധതി നിർദ്ദേശങ്ങൾ വകുപ്പിന് ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ വിളപ്പിൽ ഗ്രാമപഞ്ചായത്തിൽനിന്നും പദ്ധതി നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ട്.

## മലപ്പുറം ജില്ലയിലെ ടൂറിസം വികസനം

107 (4849) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ടൂറിസം സാദ്ധ്യത പരിശോധിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ടോ?

മലപ്പുറം ജില്ലയിലെ പുതിയ ടൂറിസം പദ്ധതിക്കുള്ള സാദ്ധ്യത പരിശോധിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) മലപ്പുറം ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കിയ ടൂറിസം പദ്ധതി നിർദ്ദേശങ്ങൾ പരിശോധിച്ച് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ?

ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കിയ ടൂറിസം പദ്ധതി നിർദ്ദേശങ്ങളിൽ അവയുടെ ടൂറിസം സാദ്ധ്യത പരിശോധിച്ച് സ്ഥലലഭ്യതയുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡം നിശ്ചയിക്കുന്ന നടപടി അന്തിമഘട്ടത്തിലാണ്.

(സി) നിരവധി ചരിത്ര സ്മാരകങ്ങളും സാംസ്കാരിക പൈതൃകങ്ങളുംകൊണ്ട് സമ്പന്നമായ തിരൂരിൽ ടൂറിസം പദ്ധതി ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ചരിത്ര സ്മാരകങ്ങളും സാംസ്കാരിക പൈതൃകങ്ങളും ഉൾപ്പെടുത്തി ടൂറിസം പദ്ധതി ആവിഷ്കരിക്കുന്ന നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു. സാംസ്കാരിക

പൈതൃകങ്ങളെ ഉൾപ്പെടുത്തി 'മലബാർ ലിറ്ററി സർക്യൂട്ട്' എന്ന പദ്ധതി ഇതിനായി ആവിഷ്ക്കരിച്ചതാണ്. ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്.

## പാലക്കാട് ഡാം ടൂറിസം പദ്ധതി

108 (4850) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ഡാമുകൾ കേന്ദ്രീകരിച്ചുള്ള ടൂറിസം പദ്ധതി സംബന്ധിച്ച സാദ്ധ്യത പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

പാലക്കാട് ജില്ലയിൽ മലമ്പുഴ ഡാം, കാഞ്ഞിരപ്പുഴ ഡാം, മംഗലം ഡാം, പോത്തുണ്ടി ഡാം എന്നിവിടങ്ങളിൽ സാദ്ധ്യതാ പഠനം നടത്തി ടൂറിസം പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. മൂലത്തറ ഡാം കേന്ദ്രീകരിച്ച് വകുപ്പ് സാദ്ധ്യതാ പഠനം നടത്തിവരികയാണ്.

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

നടപടികൾ സ്വീകരിക്കാവുന്നതാണ്.

## ആലപ്പുഴ ജില്ലയിലെ ഹെറിറ്റേജ് ടൂറിസം പദ്ധതി

109 (4851) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ ഹെറിറ്റേജ് ടൂറിസം പദ്ധതിക്കായി സ്ഥലമേറ്റെടുപ്പ് പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ആലപ്പുഴ ഹെറിറ്റേജ് പദ്ധതിയുമായി ബന്ധപ്പെട്ട് കിഫ്ബി മുഖാന്തരം ഫണ്ട് കണ്ടെത്തി ആസ്പിൻവാൾ ഭൂമിയായ 1 ഏക്കർ 34.65 ആർ. സ്ഥലം ഏറ്റെടുക്കുന്നതിന് തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ എത്ര തുകയാണ് ചെലവഴിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സ്ഥലത്തിന്റെ വില നിശ്ചയിക്കാത്തതിനാൽ നിലവിൽ തുകയുടെ കാര്യത്തിൽ വ്യക്തത വരുത്തിയിട്ടില്ല.

## കീരനല്ലൂർ ടൂറിസം പ്രോജക്ട്

110 (4852) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ കീരനല്ലൂർ ടൂറിസം പ്രോജക്ടിന്റെ രണ്ടാംഘട്ട നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

ഇല്ല. Development of Keeranallur park as a Tourist Destination എന്ന ടൂറിസം പദ്ധതിക്ക് 1.12 കോടി രൂപയുടെ ഭരണാനുമതി 22-8-2012-ൽ സർക്കാർ നൽകിയിരുന്നു. ഈ പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾക്കായി ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് എന്ന ഏജൻസിയെ ടൂറിസം വകുപ്പ് നിയോഗിക്കുകയും 25 ലക്ഷം രൂപ അനുവദിക്കുയും ചെയ്തു. എന്നാൽ പദ്ധതി സ്ഥലം ജലസേചന വകുപ്പിന് കീഴിലായതിനാൽ ടി സ്ഥലത്തിന്റെ ഉപയോഗാനുമതി ടൂറിസം വകുപ്പിന് ലഭിച്ചെങ്കിലും ആ സ്ഥലത്ത് നടപ്പാത മാത്രം നിർമ്മിക്കുവാനാണ് സാധിച്ചത്. ഇതനുസരിച്ച് ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് നടപ്പാത, ഹാൻഡ് റെയിൽ, ലാൻഡ്സ്കേപ്പിംഗ് എന്നീ പ്രവൃത്തികൾ ഉൾപ്പെട്ട 91,77,680 (തൊണ്ണൂറ്റിയൊന്ന് ലക്ഷത്തി എഴുപത്തിയേഴായിരത്തി അറുന്നൂറ്റി എൺപത് രൂപ) രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കുകയും ആ പ്രവൃത്തികൾ ആരംഭിക്കുവാൻ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡിനോട് നിർദ്ദേശിച്ചെങ്കിലും ടി സ്ഥാപനം പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. ഭരണാനുമതി ലഭിച്ച് 8 വർഷത്തിലധികമായിട്ടും പദ്ധതി ആരംഭിക്കാത്ത സാഹചര്യത്തിൽ ടി പദ്ധതി 13-8-2021-ൽ സർക്കാർ റദ്ദ് ചെയ്തു. അതോടൊപ്പം ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡിന് അഡ്വാൻസായി നൽകിയ 25 ലക്ഷം രൂപയും അതിന്റെ പലിശയും തിരികെ നൽകുവാനും വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്.

## മന്ത്രിമാരുടെ ഓഫീസിലെ ഉദ്യോഗസ്ഥർക്ക് ടൂറിസം വകുപ്പ് വാഹനം

111 (4853) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി, മന്ത്രിമാർ, ചീഫ് വിപ്പ്, പ്രതിപക്ഷനേതാവ് എന്നിവർക്ക് ഔദ്യോഗിക വാഹനം നൽകുന്നത് ടൂറിസം വകുപ്പാണോ; ഇവരുടെ ഓഫീസിലെ മറ്റേതെങ്കിലും ഉദ്യോഗസ്ഥർക്ക് വകുപ്പ് വാഹനം നൽകിയിട്ടുണ്ടോ; എങ്കിൽ ആർക്കെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഏതെല്ലാം പ്രൈവറ്റ് സെക്രട്ടറിമാർക്ക് വകുപ്പ് വാഹനം നൽകിയിട്ടുണ്ടെന്നും പ്രൈവറ്റ് സെക്രട്ടറിയേക്കാൾ താഴ്ന്ന തസ്തികയിലുള്ളവർക്ക് പ്രസ്തുത ഓഫീസുകളിൽ വാഹനം നൽകിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

മുഖ്യമന്ത്രി, മന്ത്രിമാർ, ചീഫ് വിപ്പ്, പ്രതിപക്ഷനേതാവ് എന്നിവർക്ക് ഔദ്യോഗിക വാഹനം നൽകുന്നത് ടൂറിസം വകുപ്പാണ്. മുഖ്യമന്ത്രിയുടെ ഓഫീസിൽ ചുവടെ ചേർക്കുന്ന ഉദ്യോഗസ്ഥർക്ക് ടൂറിസം വകുപ്പിൽനിന്നും വാഹനം നൽകിയിട്ടുണ്ട്.

1. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

2. മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറിക്ക്

3. മുഖ്യമന്ത്രിയുടെ പ്രസ്സ് സെക്രട്ടറിക്ക്

4. മുഖ്യമന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിക്ക്

5. മുഖ്യമന്ത്രിയുടെ മീഡിയ സെക്രട്ടറിക്ക്

6. മുഖ്യമന്ത്രിയുടെ ഓഫീസ് ഓൺ സ്പെഷ്യൽ ഡ്യൂട്ടി

7. മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറിക്ക്

8. മുഖ്യമന്ത്രിയുടെ ലീഗൽ കൗൺസലിന്

9. മുഖ്യമന്ത്രിയുടെ ഓഫീസിലേയ്ക്ക് രണ്ടു വാഹനങ്ങൾ

10. മുഖ്യമന്ത്രിയുടെ സൈന്റിഫിക് മെന്ററിന് കൂടാതെ ടൂറിസം വകുപ്പ് മന്ത്രിയുടെ ഓഫീസിൽ രണ്ട് വാഹനങ്ങൾ നൽകിയിട്ടുണ്ട്.

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിദ്യാലയങ്ങൾക്ക് അനുവദിച്ച ഫണ്ട്

112 (4854) <u>ശ്രീ. എം. നൗഷാദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഇരവിപുരം നിയോജകമണ്ഡലത്തിലെ ഏതെല്ലാം വിദ്യാലയങ്ങൾക്കാണ് ഫണ്ട് അനുവദിച്ചിട്ടുള്ളത്; സ്കൂളുകളുടെ പേരുവിവരങ്ങൾ, അനുവദിച്ച തുക, പ്രവൃത്തികളുടെ നിലവിലെ അവസ്ഥ എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളുടെ പ്ലാനും എസ്റ്റിമേറ്റുമാണ് അംഗീകാരത്തിനായി പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കാമോ?

(എ&ബി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി കിഫ്ബി ധനസഹായത്തോടെ 5 കോടി രൂപ, 3 കോടി രൂപ, ഒരു കോടി രൂപ

എന്നിങ്ങനെ അനുവദിച്ചിട്ടുള്ള നിർമ്മാണപ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്. ഇരവിപുരം നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികളിൽ ഉൾപ്പെടുത്തിയ സ്കൂളുകളുടെ വിശദാംശങ്ങൾ താഴെപ്പറയുന്നു.

5 കോടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട മയ്യനാട് വെള്ളമണൽ ഗവ. എച്ച്.എസ്.എസ്.-ന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 96 ശതമാനം പൂർത്തീകരിച്ചു.

3 കോടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട ഇരവിപുരം ഗവ.വി.എച്ച്.എസ്.എസ്.-ന്റെ നിർമ്മാണം പൂർത്തിയാക്കി സ്കൂൾ അധികൃതർക്ക് കൈമാറി.

ഒരു കോടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട ഗവ. എസ്.എൻ.ഡി.പി.യു.പി. പട്ടത്താനം സ്കൂളിന്റെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ച് നിർമ്മാണം പുരോഗമിച്ചുവരുന്നു.

വാളത്തുങ്കൽ ഗവ. ഗേൾസ് വി.എച്ച്.എസ്.എസ്.-ന്റെ ടെണ്ടർ നടപടി പൂർത്തിയാക്കി എഗ്രിമെന്റ് ഒപ്പുവച്ചു. നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വാളത്തുങ്കൽ ഗവ. ബോയ്സ് വി.എച്ച്.എസ്.എസ്.-ന്റെ ടെണ്ടർ നടപടി പൂർത്തിയാക്കി എഗ്രിമെന്റ് ഒപ്പുവെച്ചു. നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള നടപടി സ്വീകരിച്ചു വരുന്നു.

കോയിക്കൽ ഗവ.എച്ച്.എസ്.എസ്. സ്കൂളിന്റെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. നിർമ്മാണം പുരോഗമിച്ചുവരുന്നു.

## മണലൂർ നിയോജകമണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി

113 (4855) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾക്കാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഓരോ സ്കൂളിനും അനുവദിച്ച തുകയും നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

(എ&ബി) മണലൂർ നിയോജകമണ്ഡലത്തിൽ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയിൽ ഉൾപ്പെടുത്തി കിഫ്ബി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്ന സ്കൂളുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) മുല്ലശ്ശേരി ഗവൺമെന്റ് എച്ച്.എസ്.എസ്.-ൽ കിഫ്ബിയുടെ 4.95 കോടി രൂപയുടെ സാമ്പത്തിക സഹായത്തോടെയുള്ള നിർമ്മാണപ്രവർത്തനങ്ങൾ 85 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്.

2) 1 കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെടുത്തി പി.ജെ.എം.ജി.എച്ച്.എസ്.എസ്. കണ്ടശ്ശാൻകടവ്, ജി.എച്ച്.എസ്.എസ്. വാടാനപ്പള്ളി എന്നീ സ്കൂളുകൾക്ക് ഒരു കോടി രൂപയുടെ ഭരണാനുമതി നൽകി നിർമ്മാണ പ്രവർത്തനത്തിനുള്ള എസ്.പി.വി.-യായി കിലയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരം ലഭിച്ചു. ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

## പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഫയലുകൾ തീർപ്പാക്കാൻ നടപടി

114 (4856) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ തീർപ്പാക്കാതെ കിടക്കുന്ന ഫയലുകൾ/അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാൻ വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

പഴക്കമുള്ള ഫയലുകൾ തീർപ്പാക്കാൻ 2020 വരെ കൃത്യമായി ഫയൽ അദാലത്തുകൾ നടത്തി ഫയലുകൾ/അപേക്ഷകൾ തീർപ്പാക്കിയിരുന്നു. 2021-ൽ ഫയൽ അദാലത്ത് നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത ഡയറക്ടറേറ്റിൽ ഫയലുകൾ/അപേക്ഷകൾ പരമാവധി എത്ര സമയം ഒരു ഉദ്യോഗസ്ഥന്റെ പക്കൽ സൂക്ഷിക്കാം എന്നത് സംബന്ധിച്ച് നിബന്ധന ഏർപ്പെടുത്തുവാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഓഫീസ് നടപടികൾ സംബന്ധിച്ചുള്ള മാന്വൽ പ്രകാരം ഒരു തപാൽ ലഭ്യമായി പരമാവധി അഞ്ച് ദിവസത്തിനുള്ളിൽ നടപടി സ്വീകരിക്കേണ്ടതാണ്. ഉദ്യോഗസ്ഥതലത്തിൽ ഈ നിബന്ധന പാലിക്കുന്നതിന് കാലാകാലങ്ങളിൽ നിർദ്ദേശം നല്കിവരുന്നു.

(സി) ഇല്ലിക്കൽ വി.വൈ.എൽ.പി.എസ്.-ലെ എൽ.പി.എസ്.എ. ആയ ശ്രീ. ഷിജു.റ്റി. കെ.-യുടെ പലിശരഹിത ചികിത്സവായ്പ സംബന്ധിച്ച പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഡി.ജി.ഇ./6492/2019-ആർ.2 നമ്പർ ഫയലിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ?

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഡി.ജി.ഇ./6492/2019-ആർ.2 നമ്പർ ഫയലിൽ പരിശോധിച്ച് വരുന്നത് ഇല്ലിക്കൽ വി.വൈ.എൽ.പി.എസ്.-ലെ

എൽ.പി.എസ്.എ. ആയ ശ്രീ. ഷിജു. റ്റി. കെ-യുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് സംബന്ധിച്ച അപേക്ഷയാണ്. പലിശരഹിത ചികിത്സാവായ്പ സംബന്ധിച്ച വിഷയമല്ല. മേൽ അപേക്ഷയിൽ ന്യൂനതകൾ പരിഹരിച്ച് സമർപ്പിക്കുന്നതിനായി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

(ഡി) പ്രസ്തുത ഫയൽ അടിയന്തരമായി തീർപ്പാക്കി ടിയാന് പലിശരഹിത ചികിത്സാവായ്പ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ന്യൂനതകൾ പരിഹരിച്ച് പുതുക്കിയ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് പ്രൊപ്പോസൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## സ്കൂൾ തുറക്കുമ്പോൾ വിദ്യാർത്ഥികളുടെ ഷിഫ്റ്റ് നിർണ്ണയം

115 (4857) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2 ഡോസ് വാക്സിനേഷൻ പൂർത്തീകരിക്കാത്ത അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുള്ള വിദ്യാലയങ്ങളുടെ എണ്ണം വെളിപ്പെടുത്തുമോ?

വിവരം ശേഖരിച്ചുവരുന്നു.

(ബി) ഷിഫ്റ്റ് അടിസ്ഥാനത്തിൽ വിദ്യാലയങ്ങൾ പ്രവർത്തിക്കുമ്പോൾ ഓരോ ഷിഫ്റ്റിലും എത്തിച്ചേരേണ്ട വിദ്യാർത്ഥികളെ നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡം വിശദമാക്കാമോ?

ഇതുസംബന്ധിച്ച് പൊതുവിദ്യാഭ്യാസവകുപ്പ് പുറത്തിറക്കിയ മാർഗ്ഗരേഖയിൽ വിശദീകരിച്ചിട്ടുണ്ട്. ഷിഫ്റ്റ് അടിസ്ഥാനത്തിൽ വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച് തീരുമാനം എടുത്തില്ല. ഒരു ക്ലാസ്സിനെ രണ്ടായി വിഭജിച്ച് ഒരു സമയം പരമാവധി ക്ലാസ്സിലുള്ള കുട്ടികളുടെ പകുതി കുട്ടികൾ ഹാജരാകാവുന്നതാണ്. ആദ്യ രണ്ടാഴ്ച ക്ലാസ്സുകൾ ഉച്ചവരെ ക്രമീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ആയിരം കുട്ടികളിൽ കൂടുതൽ ഉണ്ടെങ്കിൽ ആകെ കുട്ടികളുടെ 25 ശതമാനം മാത്രം ഒരു സമയത്ത് ക്യാമ്പസിൽ വരുന്ന രീതിയിൽ ക്ലാസ്സുകൾ ക്രമീകരിക്കേണ്ടതാണ്. കുട്ടികളുടെ എണ്ണം ക്രമീകരിച്ച് നിയന്ത്രിക്കുന്നതിനായി ഓരോ ക്ലാസ്സിലെയും കുട്ടികളെ ബാച്ചുകളായി തിരിക്കാവുന്നതാണ്. കുട്ടികളുടെ എണ്ണം കുറഞ്ഞ സ്കൂളുകളിൽ ഇത്തരം ബാച്ച് ക്രമീകരണം നിർബന്ധമല്ല. ക്രമീകരണ ചുമതല സ്കൂൾ മേധാവിക്കായിരിക്കും. ഓരോ ബാച്ചിനും തുടർച്ചയായി 3 ദിവസം (വിദ്യാർത്ഥികൾ അധികമുള്ള സ്കൂളുകളിൽ 2 ദിവസം) സ്കൂളിൽ വരാനുള്ള അവസരം ഒരുക്കണം; അടുത്ത ബാച്ച് അടുത്ത 3 ദിവസമായിരിക്കും സ്കൂളിൽ എത്തേണ്ടത്; ഒരു ബാച്ചിൽ ഉൾപ്പെട്ട വിദ്യാർത്ഥി സ്ഥിരമായി അതേ ബാച്ചിൽ തന്നെ തുടരേണ്ടതാണ്.

ബാച്ചുകളുടെ ക്രമീകരണം സംബന്ധിച്ച് രക്ഷിതാക്കളുടെ അഭിപ്രായംകൂടി പരിഗണിച്ച് തീരുമാനം കൈക്കൊള്ളാവുന്നതാണ്. ഒരു പ്രദേശത്ത് നിന്നും വരുന്ന കുട്ടികളെ കഴിവതും ഒരു ബാച്ചിൽ ഉൾപ്പെടുത്തുക തുടങ്ങിയ നിർദ്ദേശങ്ങളാണ് ഇത് സംബന്ധിച്ച് മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

(സി) രക്ഷിതാക്കളുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലാണോ വിദ്യാർത്ഥികൾക്ക് ഷിഫ്റ്റ് ഏർപ്പെടുത്തുകയെന്ന് വ്യക്തമാക്കുമോ?

ഷിഫ്റ്റ് അടിസ്ഥാനത്തിൽ വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച് തീരുമാനം എടുത്തിട്ടില്ല. എന്നാൽ ബാച്ചുകൾ ക്രമീകരിക്കുന്നതിന് രക്ഷിതാക്കളുമായി ആലോചിക്കണമെന്ന് മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ട്.

**സ്കൂളുകൾ മാലിന്യമുക്തമാക്കുന്ന നടപടി**

116 (4858) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകൾ തുറക്കുമ്പോൾ ഇത്രയുംനാൾ സ്കൂൾ അടഞ്ഞ് കിടന്നതിനാലുണ്ടായ പരിസരമാലിന്യങ്ങളെ നീക്കം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സർക്കാർ തീരുമാനിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ; ആയതിന് സന്നദ്ധസംഘടനകളോടോ മറ്റ് സർവ്വീസ് സംഘടനകളോടോ ആഹ്വാനം നടത്തിയിട്ടുണ്ടോ;

(ബി) സ്കൂളുകൾ മാലിന്യമുക്തമാക്കുന്നതിന് ഏതെങ്കിലും സംഘടനകൾ സ്വയമേവ മുന്നോട്ട് വന്നിട്ടുണ്ടോ; വിശദീകരണം നൽകാമോ?

(എ&ബി) സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി സ്കൂളും പരിസരവും വൃത്തിയാക്കുന്നതിനും അണുനശീകരണം നടത്തുന്നതിനും വിവിധ വകുപ്പുകൾ പി.റ്റി.എ./എസ്.എം.സി., യുവജന സംഘടനകൾ, അദ്ധ്യാപക സംഘടനകൾ തുടങ്ങിയവരുടെയെല്ലാം സഹകരണത്തോടെയുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലുള്ള ശുചീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**സ്കൂൾ വിദ്യാർത്ഥികൾക്ക് കണ്ണടകൾ**

117 (4859) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാർത്ഥികൾക്ക് സ്കൂൾ ഹെൽത്ത് പ്രോഗ്രാമിന്റെ ഭാഗമായി കാഴ്ച പരിശോധന നടത്തി കണ്ണടകൾ നൽകുന്ന സ്കീമിൽ 2016-17 മുതൽ 2019-20 വരെ എത്ര രൂപ വകയിരുത്തിയിരുന്നു എന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ?

സ്കൂൾ വിദ്യാർത്ഥികൾക്ക് കണ്ണടകൾ നൽകുന്ന സ്കീമിന്റെ ഭാഗമായി 2016-17 മുതൽ 2019-20 വരെ വകയിരുത്തിയിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | തുക |
|---|---|
| 2016-17 | 39.80 ലക്ഷം രൂപ |
| 2017-18 | 31.84 ലക്ഷം രൂപ |
| 2018-19 | 87.52 ലക്ഷം രൂപ |
| 2019-20 | 122.50 ലക്ഷം രൂപ. |

(ബി) 2016-17 മുതൽ 2019-20 വരെ സംസ്ഥാനത്ത് ഈ സ്കീമിൽ കാഴ്ച പരിമിതിയുള്ള എത്ര കുട്ടികളെ കണ്ടെത്താൻ സാധിച്ചുവെന്ന് വർഷം തിരിച്ച് അറിയിക്കുമോ?

പ്രസ്തുത സ്കീമിന്റെ ഭാഗമായി കണ്ടെത്തിയ കാഴ്ച പരിമിതിയുള്ള കുട്ടികളുടെ എണ്ണം ചുവടെചേർക്കുന്നു.

| വർഷം | കാഴ്ച പരിമിതിയുള്ള കുട്ടികളുടെ എണ്ണം |
|---|---|
| 2016-17 | 84,753 |
| 2017-18 | 56,601 |
| 2018-19 | 78,639 |
| 2019-20 | 50,366 |

(സി) ഏജൻസിയെ ഏല്പിച്ചതിലൂടെ സംസ്ഥാനത്ത് കണ്ണട വിതരണത്തിന് കാലതാമസം വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് അറിയിക്കുമോ; ഇത് പരിഹരിക്കുന്നതിനായി ജില്ലാതലത്തിൽ കണ്ണട വിതരണത്തിന് സൗകര്യം ഏർപ്പെടുത്തുമോ എന്ന് വ്യക്തമാക്കുമോ?

സംസ്ഥാനതലത്തിൽ കണ്ണട വിതരണം നടത്തിവരുന്നത് KMSCL എന്ന സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള സ്ഥാപനമാണ്. കണ്ണട വിതരണത്തിലെ കാലതാമസവുമായി ബന്ധപ്പെട്ട് ഇതുവരെ പരാതികളൊന്നും ലഭിച്ചിട്ടില്ല.

**മലപ്പുറം ജില്ലയിലെ സ്കൂളുകളിൽ പത്താം ക്ലാസ്സുകളിലേയ്ക്കുള്ള പ്രവേശനം**

118 (4860) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയിൽ ഓരോ ഹൈസ്കൂളുകളിലും എത്ര കുട്ടികൾ പരീക്ഷ എഴുതി; എത്ര കുട്ടികൾ വിജയിച്ചു; എത്ര കുട്ടികൾക്ക് എല്ലാ വിഷയങ്ങളിലും 'എ' പ്ലസ് കിട്ടി എന്ന കണക്കുകൾ ലഭ്യമാക്കുമോ?

മലപ്പുറം ജില്ലയിൽ ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയിൽ ഓരോ ഹൈസ്കൂളുകളിലും പരീക്ഷ എഴുതിയ കുട്ടികളുടെ എണ്ണം, വിജയിച്ച കുട്ടികളുടെ എണ്ണം, എല്ലാ വിഷയങ്ങളിലും 'എ' പ്ലസ് കിട്ടിയ കുട്ടികൾ എന്നിവ സംബന്ധിച്ച വിശദാംശം അനുബന്ധം I ആയി* ചേർത്തിട്ടുണ്ട്.

(ബി) പ്രസ്തുത ജില്ലയിലെ ഏതെല്ലാം സ്കൂളുകളിൽ ഏതെല്ലാം ബാച്ചുകൾ ഹയർ സെക്കണ്ടറിക്കുണ്ട് എന്ന് വിശദമാക്കുമോ?

മലപ്പുറം ജില്ലയിലെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഏതെല്ലാം ബാച്ചുകൾ ഉണ്ടെന്നതിന്റെ വിശദാംശം അനുബന്ധം II ആയി* ചേർത്തിട്ടുണ്ട്.

(സി) മലപ്പുറം ജില്ലയിലെ സ്കൂളുകളിൽ ഈ അദ്ധ്യയന വർഷം പത്താം ക്ലാസ്സുകളിലേയ്ക്ക് പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ കണക്കുകൾ ലഭ്യമാക്കുമോ?

2021-22 അദ്ധ്യയന വർഷം മലപ്പുറം ജില്ലയിൽ പത്താം ക്ലാസ്സിൽ പ്രവേശനം നേടിയിട്ടുള്ള കുട്ടികളുടെ എണ്ണം താഴെ കൊടുത്തിരിക്കുന്നു.

| | |
|---|---|
| സർക്കാർ | 28442 |
| എയ്ഡഡ് | 43571 |
| അൺ എയ്ഡഡ് | 6780 |
| ആകെ | 78793 |

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പ്ലസ് വൺ രണ്ടാംഘട്ട അലോട്ട്മെന്റ്

119 (4861) ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലസ് വൺ രണ്ടാംഘട്ട അലോട്ട്മെന്റ് പൂർത്തീകരിച്ചിട്ടുണ്ടോ?

ഹയർ സെക്കണ്ടറി വിഭാഗത്തിൽ പ്ലസ് വൺ പ്രവേശനത്തിന്റെ മുഖ്യഘട്ടത്തിലെ രണ്ട് അലോട്ട്മെന്റുകൾ പൂർത്തീകരിച്ചിട്ടുണ്ട്. വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ സപ്ലിമെന്ററി പ്രവേശന നടപടികൾ പുരോഗമിച്ചു വരുന്നു.

(ബി) നിലവിലത്തെ സാഹചര്യത്തിൽ 85,000 കുട്ടികൾക്ക് അഡ്മിഷൻ ലഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഈ കുട്ടികൾക്ക് അഡ്മിഷൻ ലഭിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്തെ പ്ലസ് വൺ-ന് അപേക്ഷിച്ച അർഹരായ എല്ലാ വിദ്യാർത്ഥികൾക്കും സീറ്റ് ലഭ്യമാക്കാൻ സർക്കാരിന് സാധിക്കുമെന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ?

(എ-ഡി) സംസ്ഥാനത്ത് ഹയർ സെക്കണ്ടറി പ്രവേശനത്തിന്റെ മുഖ്യഘട്ടത്തിലെ രണ്ട് അലോട്ട്മെന്റുകളും സ്പോർട്ട്സ് ക്വാട്ടാ അലോട്ട്മെന്റും പൂർത്തിയായിക്കഴിഞ്ഞപ്പോഴും വൊക്കേഷണൽ ഹയർ സെക്കണ്ടറി പ്രവേശനത്തിന്റെ ഒന്നാംഘട്ടം പൂർത്തിയായപ്പോഴും വളരെയധികം കുട്ടികൾക്ക് പ്രവേശനം നൽകാനായിട്ടില്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒന്നാം വർഷ ക്ലാസ്സുകൾ ആരംഭിക്കുന്നതിനുമുൻപായി തന്നെ ഹയർ സെക്കണ്ടറി പ്രവേശനം ആഗ്രഹിക്കുന്ന എല്ലാവർക്കും പ്രവേശനം ഉറപ്പാക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ചു വരുന്നു.

## ഓപ്പൺ സ്കൂൾ വിദ്യാഭ്യാസം

120 (4862) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര, ചോമ്പാൽ, തോടന്നൂർ എ.ഇ.ഒ.-മാരുടെ കീഴിൽ വരുന്ന സ്കൂളുകളിൽ നിന്നും പത്താംക്ലാസ്സ് പാസ്സായ വിദ്യാർത്ഥികളിൽ എത്ര പേരാണ് കഴിഞ്ഞ അഞ്ച് അദ്ധ്യയന വർഷങ്ങളിൽ ഓപ്പൺ സ്കൂളുകളിൽ അഡ്മിഷൻ

നേടിയതെന്ന് അറിയിക്കുമോ; ഓരോ വർഷവും അഡ്മിഷൻ ലഭിച്ച വിഷയം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

വടകര, ചോമ്പാൽ, തോടന്നൂർ എ.ഇ.ഒ.-മാരുടെ കീഴിൽ വരുന്ന സ്കൂളുകളിൽ നിന്നും കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ ഓപ്പൺ സ്കൂൾ (സ്കോൾ കേരള) മുഖേന അഡ്മിഷൻ നേടിയ വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) ഓരോ വർഷവും വർദ്ധിച്ചു വരുന്ന വിജയ ശതമാനത്തിനുസരിച്ച് പ്ലസ് വൺ സീറ്റുകൾ വർദ്ധിക്കാത്തതാണോ വിദ്യാർത്ഥികൾ ഓപ്പൺ സ്കൂളുകളെ ആശ്രയിക്കുന്നതിന് കാരണം എന്ന് വ്യക്തമാക്കുമോ?

വിവിധ കാരണങ്ങളാൽ ഹയർ സെക്കണ്ടറി കോഴ്സിന് റഗുലർ സ്കൂൾ പഠനം സാധിക്കാത്ത വിദ്യാർത്ഥികളും തൊഴിലിനോടൊപ്പം പഠനം നടത്താൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികളുമാണ് പ്രധാനമായും സ്കോൾ കേരളയെ ആശ്രയിക്കുന്നത്.

(സി) എങ്കിൽ പ്ലസ് വൺ സീറ്റുകൾ വർദ്ധിപ്പിക്കുന്നതിനായി പുതിയ ബാച്ചുകൾ അനുവദിക്കുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ 7 ജില്ലകളിലെ എല്ലാ സർക്കാർ, എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളിലും എല്ലാ വിഷയങ്ങൾക്കും പ്ലസ് വൺ പ്രവേശനത്തിനായി 20 ശതമാനം മാർജിനൽ സീറ്റ് വർദ്ധനവ് 2-9-2021-ലെ സർക്കാർ ഉത്തരവ് (കൈ) നം.191/2021 പ്രകാരം അനുവദിച്ചിരുന്നു. എന്നാൽ മുഖ്യ അലോട്ട്മെന്റ് പൂർത്തിയായപ്പോൾ പ്ലസ് വൺ സീറ്റുകളുടെ അപര്യാപ്തത ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന സീറ്റ് വർദ്ധനവ്/ബാച്ച് ഷിഫ്റ്റ്/ താത്ക്കാലിക ബാച്ച് എന്നിവ 28-10-2021 -ലെ സർക്കാർ ഉത്തരവ് (കൈ)നം.241/2021 പ്രകാരം അനുവദിക്കാൻ അനുമതി നൽകിയിട്ടുണ്ട്. മേൽ ജില്ലകളിൽ സീറ്റിന്റെ ആവശ്യകത ഉണ്ടാകുകയാണെങ്കിൽ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ 10 ശതമാനം സീറ്റ് വർദ്ധനവുകൂടി അനുവദിക്കാൻ അനുമതി നൽകിയിട്ടുണ്ട്. ഈ ജില്ലകളിൽ അടിസ്ഥാനസൗകര്യമുള്ള, അപേക്ഷിക്കുന്ന എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് നിബന്ധനകൾക്ക് വിധേയമായും (മാർജിനൽ വർദ്ധനവിന്റെ 20 ശതമാനം മാനേജ്മെന്റ് സീറ്റ്) കൂടാതെ, അടിസ്ഥാന സൗകര്യമുള്ള, അപേക്ഷിക്കുന്ന അൺ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകൾക്കും 10 ശതമാനം സീറ്റ് വർദ്ധനവ് അനുവദിക്കാൻ അനുമതി നൽകിയിട്ടുണ്ട്. സീറ്റ്

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വർദ്ധനവ് വരുത്താത്ത കൊല്ലം, ഇടുക്കി, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, തൃശ്ശൂർ, എറണാകുളം ജില്ലകളിൽ ആവശ്യകത അനുസരിച്ച് എല്ലാ സർക്കാർ ഹയർ സെക്കണ്ടഡറി സ്കൂളുകളിലും 20 ശതമാനം വരെ സീറ്റ് വർദ്ധനവ് അനുവദിക്കാൻ അനുമതി നൽകിയിട്ടുണ്ട്. ഈ ജില്ലകളിൽ അടിസ്ഥാന സൗകര്യമുള്ള അപേക്ഷിക്കുന്ന എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് നിബന്ധനകൾക്ക് വിധേയമായും (മാർജിനൽ വർദ്ധനവിന്റെ 20 ശതമാനം മാനേജ്മെന്റ് സീറ്റ്) കൂടാതെ, അടിസ്ഥാന സൗകര്യമുള്ള, അപേക്ഷിക്കുന്ന അൺഎയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകൾക്കും 20 ശതമാനം സീറ്റ് വർദ്ധനവ് അനുവദിക്കാൻ അനുമതി നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രയോജനകരമാകുമെന്നതിനാൽ വയനാട് ജില്ലയിലെ അംബേദ്കർ മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ, നല്ലൂർനാടിൽ ഒരു ഹ്യൂമാനിറ്റീസ് ബാച്ചും ഗവ. മോഡൽ റസിഡൻഷ്യൽ സ്കൂൾ ഫോർ ഗേൾസ്, കൽപ്പറ്റയിൽ ഒരു ഹ്യൂമാനിറ്റീസ് ബാച്ചും താത്കാലികമായി അനുവദിക്കാൻ അനുമതി നൽകിയിട്ടുണ്ട്. നാമമാത്രമായ വിദ്യാർത്ഥികളുള്ള ബാച്ചുകൾ കണ്ടെത്തുകയാണെങ്കിൽ അവ ആവശ്യമുള്ള ജില്ലയിലേയ്ക്ക് മാറ്റുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കുട്ടികളുടെ പ്ലസ് വൺ പ്രവേശനം സംബന്ധിച്ച വിഷയം സീറ്റ് വർദ്ധനവിലൂടെ പരിഹരിക്കപ്പെടുന്നില്ലെങ്കിൽ മാത്രം ആവശ്യകത അനുസരിച്ച് ആവശ്യമുള്ള ജില്ലകളിൽ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ താൽക്കാലിക ബാച്ചുകൾ അനുവദിക്കാൻ അനുമതി നൽകിയിട്ടുണ്ട്.

### കക്കാട് ജി.എം.യു.പി. സ്കൂൾ കിഫ്ബി പ്രവൃത്തി

121 (4863) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ കക്കാട് ജി.എം.യു.പി. സ്കൂളിന് കെട്ടിടം നിർമ്മിക്കുന്നതിന് കിഫ്ബി വഴി ഒരു കോടി രൂപ അനുവദിച്ചിരുന്നോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും സാങ്കേതിക പ്രശ്നങ്ങളുണ്ടോ; വ്യക്തമാക്കുമോ?

(എ&ബി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയുടെ ഭാഗമായി തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ കക്കാട് ജി.എം.യു.പി. സ്കൂളിനെ ഒരു കോടി രൂപയുടെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് നിർമ്മാണപ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തിയുടെ എസ്.പി.വി.-യായി കിലയെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. പ്രസ്തുത സ്കൂളിന് Kerala Muncipality Building Rules (KMBR) Violation ഉള്ളതിനാൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുന്നില്ലെന്ന് എസ്.പി.വി. അറിയിച്ചിട്ടുണ്ട്.

## തിരൂർ നിയോജകമണ്ഡലത്തിലെ കിഫ്ബി അംഗീകൃത സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം

122 (4864) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ നിയോജകമണ്ഡലത്തിലെ ഏതൊക്കെ സ്കൂളുകൾക്കാണ് പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി കെട്ടിടം നിർമ്മിക്കുന്നതിന് കിഫ്ബി അംഗീകാരം നല്കിയതെന്ന് വ്യക്തമാക്കുമോ?

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കിഫ്ബി ധനസഹായത്തോടെ 5 കോടി രൂപ, 3 കോടി രൂപ, 1 കോടി രൂപ എന്നിങ്ങനെ അനുവദിച്ചിട്ടുള്ള സ്കൂളുകളുടെ നിർമ്മാണപ്രവർത്തനങ്ങൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ സ്കൂളുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

5 കോടി രൂപ കിഫ്ബി പദ്ധതി - കൽപ്പകഞ്ചേരി ഗവൺമെന്റ് എച്ച്.എസ്.എസ്.

3 കോടി രൂപ കിഫ്ബി പദ്ധതി - തിരൂർ ജി.ബി.എച്ച്.എസ്.എസ്., ജി.എം.എച്ച്.എസ്. കരിപ്പോൾ, ജി.എം. യു.പി.എസ്. തിരൂർ, ജി.വി.എച്ച്. എസ്.എസ്.പറവണ്ണ, ജി.എച്ച്.എസ്. ആദവനാട്, ജി.എച്ച്.എസ്.എസ്. ആദവനാട്, ഗവ. വി.എച്ച്.എസ്.എസ്. ഫോർ ഗേൾസ് തിരൂർ, ജി.ബി.എച്ച്. എസ്.എസ്. ഏഴൂർ.

1 കോടി രൂപ കിഫ്ബി പദ്ധതി -ജി.എം.യു.പി.എസ്. പറവണ്ണ, ജി.എം.യു. പി.എസ്. ബി.പി. അങ്ങാടി.

(ബി) കെട്ടിടം നിർമ്മിക്കുന്നതിനായി ഓരോ സ്കൂളിനും കിഫ്ബി അംഗീകാരം നൽകിയത് എന്നാണെന്നും എത്ര തുക വീതമാണെന്നും വ്യക്തമാക്കുമോ?

ജി.വി.എച്ച്.എസ്.എസ്. കൽപ്പകഞ്ചേരിക്ക് 12-10-2017-ലെ കിഫ്ബിയുടെ സാമ്പത്തികാനുമതി ഉത്തരവ് പ്രകാരം 5 കോടി രൂപയും ജി.എം.എച്ച്.എസ്. കരിപ്പോളിന് 25-12-2017-ലെ കിഫ്ബിയുടെ സാമ്പത്തികാനുമതി ഉത്തരവ് പ്രകാരം 3 കോടി രൂപയുമാണ് അനുവദിച്ചിരുന്നത്. ഒരു കോടി രൂപ കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട ജി.എം.യു.പി.എസ്. ബി.പി. അങ്ങാടി സ്കൂളിന്റെ ഡി.പി.ആർ. കിഫ്ബി 30-10-2020-ൽ അംഗീകരിച്ചിരുന്നു.

(സി) ഏതൊക്കെ സ്കൂളുകളിലെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ചുവെന്നും പൂർത്തിയാക്കാനുള്ളത് ഏതെല്ലാമെന്നും പ്രവൃത്തികൾ നിലവിൽ ഏത്

ഘട്ടത്തിലാണെന്നും പ്രവൃത്തികൾ എറ്റെടുത്ത് നടത്താൻ ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയതെന്നും വിശദമാക്കുമോ?

ജി.വി.എച്ച്.എസ്.എസ്. കല്പകഞ്ചേരിയുടേയും ജി.എം.എച്ച്.എസ്.എസ്. കരിപ്പോളിന്റെയും പ്രവൃത്തികൾ 95 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്.

3 കോടി കിഫ്ബി പദ്ധതിയിൽ 2017-18 വർഷം ഭരണാനുമതി നൽകിയ തിരൂർ ജി.ബി.എച്ച്.എസ്.എസ്.-ന്റെ നിർമ്മാണം കൈറ്റിനെ ചുമതലപ്പെടുത്തിയിരുന്നു. തുടർന്ന് പ്രസ്തുത നിർമ്മാണത്തിനുള്ള എസ്.പി.വി.-യായി ഇൻകെലിനെ ചുമതലപ്പെടുത്തി, ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. എന്നാൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് കാലതാമസം ഉണ്ടായ സാഹചര്യത്തിൽ എസ്.പി.വി.-യായി കിലയ്ക്ക് ചുമതല നൽകി. പ്രസ്തുത ഡി.പി.ആർ.-ൽ ഭേദഗതി വരുത്തി സമർപ്പിക്കുന്നതിന് കിഫ്ബി കിലയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

3 കോടി രൂപ കിഫ്ബി പദ്ധതിയിൽ 2018 - 19 വർഷം ഭരണാനുമതി നൽകിയ ജി.എം.യു.പി.എസ്. തിരൂർ, ജി.വി.എച്ച്.എസ്.എസ്.പറവണ്ണ, ജി.എച്ച്.എസ്. ആദവനാട്, ജി.എച്ച്.എസ്.എസ്. ആദവനാട്, ഗവ. വി.എച്ച്.എസ്.എസ്. ഫോർ ഗേൾസ് തിരൂർ, ജി.ബി.എച്ച്.എസ്.എസ്.ഏഴൂർ എന്നീ സ്കൂളുകളുടെ നിർമ്മാണത്തിനുള്ള എസ്.പി.വി.-യായി ഇൻകെലിനെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് കാലതാമസം ഉണ്ടായ സാഹചര്യത്തിൽ എസ്.പി.വി.-യായി കിലയെ ചുമതലപ്പെടുത്തി. നിർമ്മാണത്തിനുള്ള തുടർനടപടികൾ കില സ്വീകരിച്ചു വരുന്നു.

1 കോടി രൂപ കിഫ്ബി പദ്ധതി - (എസ്.പി.വി. - കില) ജി.എം.യു.പി. എസ്. പറവണ്ണ - ടി സ്കൂൾ നേരത്തേ മറ്റൊരു കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ ഒഴിവാക്കിയിട്ടുണ്ട്. ജി.എം.യു.പി.എസ്. ബി.പി അങ്ങാടി സ്കൂളിന്റെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുകയും കിഫ്ബി അത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) കിഫ്ബി ഫണ്ട് അനുവദിച്ച് നാളുകളായിട്ടും പ്രവൃത്തിചെയ്യുന്നതിന് പ്രാരംഭ നടപടികൾപോലും ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനും ഏതെങ്കിലും ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(എഫ്) സമയബന്ധിതമായി പൂർത്തിയാക്കേണ്ട പ്രസ്തുത പദ്ധതികൾ ആരംഭിക്കുന്നതിനും പൂർത്തിയാക്കുന്നതിനും അനിശ്ചിതമായി കാലതാമസം

വരുത്തുന്നത് ഗുരുതരമായ വീഴ്ചയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

(ഡി&എഫ്) പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം സി.ഇ.ഒ, പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി തലത്തിലും അവലോകനം ചെയ്ത് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി വിവിധ എസ്.പി.വി.-കളുടെ യോഗങ്ങളും നിർമ്മാണ തടസ്സങ്ങൾ നേരിടുന്ന സ്ഥലങ്ങളിൽ നിയോജകമണ്ഡലാടിസ്ഥാനത്തിൽ എം.എൽ.എ.-മാരുടെ സാന്നിദ്ധ്യത്തിൽ കോൺട്രാക്ടർ, കിഫ്ബിയുടെ ഉദ്യോഗസ്ഥർ എന്നിവരെക്കൂടി ഉൾപ്പെടുത്തിയുള്ള യോഗങ്ങളും സ്കൂൾ അധികൃതർ, ഡി.ഡി.ഇ., ജില്ലാ കോ-ഓർഡിനേറ്റർമാർ എന്നിവരുൾപ്പെട്ട യോഗങ്ങളും നടത്തി നിർമ്മാണതടസ്സങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കാറുണ്ട്. നിർമ്മാണപ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽ സ്കൂൾ കെട്ടിട നിർമ്മാണം**

123 (4865) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽ സ്കൂൾ കെട്ടിട നിർമ്മാണത്തിന് കിഫ്ബി വഴി ഏതെല്ലാം സ്കൂളുകൾക്ക് എത്ര രൂപ വീതം അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണത്തിന്റെ പുരോഗതി വിശദമാക്കുമോ?

(എ&ബി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി ധനസഹായത്തോടെ 5 കോടി രൂപ, 3 കോടി രൂപ, 1 കോടി രൂപ എന്നിങ്ങനെ അനുവദിച്ചാണ് നിർമ്മാണപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതികളിൽ ഉൾപ്പെട്ട സ്കൂളുകൾക്ക് പരമാവധി 5 കോടി രൂപ 3 കോടി രൂപ, 1 കോടി രൂപ എന്നിങ്ങനെയാണ് കിഫ്ബി അനുവദിക്കുന്നത്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയ സ്കൂളുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

<u>5 കോടി രൂപ കിഫ്ബി പദ്ധതി</u> - 5 കോടി രൂപ കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട പരപ്പനങ്ങാടി നെടുവ ഗവ.എച്ച്.എസ്.എസ്.-ന്റെ നിർമ്മാണം പൂർത്തിയായി, ഉദ്ഘാടനം നിർവ്വഹിച്ചു.

3 കോടി രൂപ കിഫ്ബി പദ്ധതി - 3 കോടി രൂപ കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട പുതുപ്പറമ്പ ജി.എച്ച്.എസ്.എസ്.-ന്റെ നിർമ്മാണം പൂർത്തിയായി. ഉദ്ഘാടനം നിർവ്വഹിച്ചു.

ജി.എച്ച്.എസ്.എസ്.തൃക്കുളത്തിന്റെ പ്രവൃത്തി 60 ശതമാനം പൂർത്തീകരിച്ചു. ജി.എച്ച്.എസ്.എസ്. തിരൂരങ്ങാടിയുടെ നിർമ്മാണം ആരംഭിച്ചു. ജി.യു.പി.എസ്.ക്ലാരിയുടെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു, തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

ജി.എം.യു.പി.എസ്. വെണ്ണിയൂർ, ജി.വി.എച്ച്.എസ്.എസ്. ചെട്ടിയാൻ കിണർ എന്നീ സ്കൂളുകളുടെ ഡി.പി.ആർ. കിഫ്ബിയുടെ പരിഗണനയിലാണ്.

1 കോടി രൂപ കിഫ്ബി പദ്ധതി - 1 കോടി രൂപ കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട 3 സ്കൂളുകൾക്കാണ് ഭരണാനുമതി നൽകിയത്. ആയതിലെ ജി.എം.എൽ.പി.എസ്. ചെറുമുക്ക്, ജി.എം.യു.പി.എസ്. കൊടിഞ്ഞി എന്നീ സ്കൂളുകൾക്ക് സ്ഥലം ലഭ്യമല്ലാത്തതിനാൽ നിർമ്മാണത്തിന് പരിഗണിക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്.

കക്കാട് ജി.എം.യു.പി. സ്കൂളിന് KMBR violation ഉള്ളതിനാൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുന്നില്ല എന്ന് എസ്.പി.വി.-യായ കില അറിയിച്ചിട്ടുണ്ട്.

**ഗുരുവായൂർ നിയോജകമണ്ഡലത്തിലെ ഒരു സ്കൂളിൽ ഒരു നീന്തൽകുളം പദ്ധതി**

124 (4866) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിൽ ഏതൊക്കെ സ്കൂളുകളിൽ നീന്തൽകുളം സജ്ജീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) നീന്തൽപരിശീലനത്തിനായി വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച് വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(സി) ഗുരുവായൂർ നിയോജകമണ്ഡലത്തിൽ ഏതൊക്കെ സ്കൂളുകളിൽ കുളങ്ങൾ ഉണ്ടെന്നും ആയത് നീന്തൽ കുളമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളും വിശദീകരിക്കാമോ;

(ഡി) ഒരു സ്കൂളിൽ ഒരു നീന്തൽകുളം പദ്ധതി സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ-ഡി) എല്ലാ മണ്ഡലത്തിലെയും "ഒരു സർക്കാർ സ്കൂളിൽ ഒരു നീന്തൽകുളം" എന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു.

## മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

125 (4867) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ ഏതെല്ലാം വിദ്യാലയങ്ങളിലാണ് കെട്ടിടമുൾപ്പെടെയുള്ള പ്രവൃത്തികൾ നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കുമോ; ഓരോ വിദ്യാലയത്തിനും വകയിരുത്തിയ തുക എത്രയാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത വിദ്യാലയങ്ങളിലെ പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; ഓരോ പ്രവൃത്തിയുടെയും നിർവ്വഹണ ഏജൻസിയുടെ വിവരങ്ങൾ ലഭ്യമാക്കുമോ?

(എ&ബി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പൊതു വിദ്യാലയങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി പരമാവധി 5 കോടി രൂപ, 3 കോടി രൂപ, 1 കോടി രൂപ എന്നിങ്ങനെ കിഫ്ബി ധനസഹായത്തോടെയുള്ള നിർമ്മാണപ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്. ടി പദ്ധതിയിൽ ഉൾപ്പെടുത്തിയ മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ വിദ്യാലയങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

5 കോടി രൂപ കിഫ്ബി പദ്ധതി - 5 കോടി രൂപ കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട മൊഗ്രാൽ ജി.എച്ച്.എസ്.എസ്.-ന്റെ നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം നിർവ്വഹിച്ചു.

3 കോടി രൂപ കിഫ്ബി പദ്ധതി - 3 കോടി രൂപ കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട കുമ്പള ജി.എസ്.ബി.എസ്., ഗവ. എച്ച്.എസ്.എസ്. പൈവളികെ നഗർ എന്നീ സ്കൂളുകളുടെ നിർമ്മാണത്തിനുള്ള ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. തുടർ നടപടികൾ കില സ്വീകരിച്ചുവരുന്നു. കുമ്പള ഗവ.എച്ച്.എസ്.എസ്.-ന്റെ റീടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

1 കോടി രൂപ കിഫ്ബി പദ്ധതി - 1 കോടി രൂപ കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട സ്കൂളുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ജി.എച്ച്.എസ്.കടമ്പാർ - നിർമ്മാണം ആരംഭിച്ചു.

ജി.എച്ച്.എസ്.എസ്.ഉപ്പള - നിർമ്മാണത്തിനുള്ള സാങ്കേതിക അനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

ജി.എച്ച്.എസ്.എസ്. മംഗൽപ്പാടി -നിർമ്മാണം പുരോഗമിച്ചുവരുന്നു.

ജി.എച്ച്.എസ്.എസ്. ബങ്കര മഞ്ചേശ്വർ - ടി സ്കൂൾ കിഫ്ബി ഫണ്ടിലുൾപ്പെടുത്തി, തീരദേശ വികസന കോർപ്പറേഷൻ വഴി നിർമ്മാണത്തിന് അനുമതി ലഭ്യമായിട്ടുള്ള സ്കൂളായതിനാൽ കിഫ്ബി ഫണ്ട് ലഭ്യമാകില്ല എന്ന് കില അറിയിച്ചിട്ടുണ്ട്.

ജി.എച്ച്.എസ്.എസ്. അങ്ങാടിമൊഗർ, ജി.എച്ച്.എസ്.എസ്. ബേക്കൂർ, ജി.എച്ച്.എസ്. പൈവളികെ - ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. ജി.വി.എച്ച്.എസ്.എസ്. ഷിരിയ - ടെണ്ടർ നടപടികൾ സ്വീകരിച്ചു, എഗ്രിമെന്റ് ഒപ്പുവച്ചു.

ജി.വി.എച്ച്.എസ്.എസ്.കുഞ്ഞാത്തൂർ - നിർമ്മാണം പുരോഗമിച്ചുവരുന്നു.

(സി) മേൽപ്പറഞ്ഞവയിൽ ഏതൊക്കെ പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

മൊഗ്രാൽ ജി.എച്ച്.എസ്.എസ്.-ന്റെ നിർമ്മാണം പൂർത്തീകരിച്ചു.

(ഡി) ടെണ്ടർ നടപടികൾ പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ; ടെണ്ടർ നടപടി പൂർത്തീകരിച്ച് പ്രവൃത്തി എപ്പോൾ തുടങ്ങുമെന്ന് വ്യക്തമാക്കാമോ?

കുമ്പള ജി.എസ്.ബി.എസ്., ഗവൺമെന്റ് എച്ച്.എസ്.എസ്. പൈവളികെ നഗർ, കുമ്പള ഗവൺമെന്റ് എച്ച്.എസ്.എസ്. ജി.എച്ച്.എസ്.എസ്. അങ്ങാടി മൊഗർ, ജി.എച്ച്.എസ്.എസ്. ബേക്കൂർ, ജി.എച്ച്.എസ്. പൈവളികെ എന്നീ സ്കൂളുകളുടെ നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

ജി.എച്ച്.എസ്.എസ്. ഉപ്പള നിർമ്മാണത്തിനുള്ള സാങ്കേതിക അനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ടെണ്ടർ നടപടി പൂർത്തിയാക്കി എഗ്രിമെന്റ് ഒപ്പുവയ്ക്കുന്നമുറയ്ക്ക് നിർമ്മാണം ആരംഭിക്കാനാകും.

## കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ സ്കൂളുകളുടെ കെട്ടിടനിർമ്മാണം

126 (4868) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ ഗവൺമെന്റ് എച്ച്.എസ്.എസ്. പരപ്പ, ഡോ. അംബേദ്കർ മെമ്മോറിയൽ ഗവൺമെന്റ് എച്ച്.എസ്. കോടോത്ത് എന്നീ സ്കൂളുകളുടെ കെട്ടിടനിർമ്മാണത്തിന് ഭരണാനുമതി ലഭ്യമായതിന്റെ വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണത്തിന്റെ നിർവ്വഹണ ഏജൻസി ആരെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ പരപ്പ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, ഡോ. അംബേദ്കർ മെമ്മോറിയൽ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, കോടോത്ത് എന്നീ സ്കൂളുകൾക്ക് കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി ഉത്തരവ് നൽകുകയുണ്ടായി. പ്രസ്തുത സ്കൂളുകളുടെ കെട്ടിട നിർമ്മാണത്തിനുള്ള എസ്.പി.വി-യായി ഇൻകെലിനെയാണ് ചുമതലപ്പെടുത്തിയത്. എന്നാൽ, തുടർനടപടികൾ സ്വീകരിക്കുന്നതിന് കാലതാമസമുണ്ടായ സാഹചര്യത്തിൽ എസ്.പി.വി-യായി കിലയ്ക്ക് ചുമതല നൽകി ഉത്തരവായിട്ടുണ്ട്. ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ കില സ്വീകരിച്ചുവരുന്നു.

**നെന്മാറ നിയോജകമണ്ഡലത്തിലെ സ്കൂളുകളുടെ നിർമ്മാണപ്രവൃത്തികൾ**

127 (4869) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ -തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തികൾക്കാണ് സർക്കാർ ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഇതിൽ ഓരോ പദ്ധതിക്കും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും ഓരോ പദ്ധതിയുടെയും നിലവിലെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങളും വ്യക്തമാക്കുമോ?

(എ&ബി) നെന്മാറ നിയോജകമണ്ഡലത്തിൽ കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയ സ്കൂളുകളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

**മാവേലിക്കര നിയോജകമണ്ഡലത്തിലെ സ്കൂളുകളിലെ നിർമ്മാണ പ്രവൃത്തി**

128 (4870) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബിയിൽ ഉൾപ്പെടുത്തി ഒരു കോടി രൂപയുടെ അംഗീകാരം ലഭിച്ച മാവേലിക്കര നിയോജകമണ്ഡലത്തിലെ സ്കൂളുകളിലെ നിർമ്മാണ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി കിഫ്ബിയുടെ ഒരു കോടി രൂപ ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഭരണാനുമതി നൽകിയ മാവേലിക്കര നിയോജകമണ്ഡലത്തിലെ ഗവൺമെന്റ് എസ്.വി.എച്ച്.എസ്.എസ്. കുടശ്ശനാട്, ഗവൺമെന്റ് എൽ.പി.എസ്. മറ്റത്തിൽ ഭാഗം, ഗവൺമെന്റ് എച്ച്.എസ്.എസ്. കുന്നം, ഗവൺമെന്റ് വി.എച്ച്.എസ്. എസ്. മാവേലിക്കര എന്നീ സ്കൂളുകളുടെ നിർമ്മാണത്തിനുള്ള എസ്.പി.വി.-യായി കിലയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. സാങ്കേതികാനുമതിക്കായി LSGD-യിൽ സമർപ്പിച്ചിരിക്കുന്നു.

## കുന്ദമംഗലം നിയോജകമണ്ഡലത്തിലെ കിഫ്ബിയിൽ ഉൾപ്പെടുത്തിയ സ്കൂളുകൾ

129 (4871) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി ഒരു കോടി രൂപ വീതം അനുവദിച്ച സ്കൂളുകളിൽ ഇതുവരെയും പ്രവൃത്തി ആരംഭിക്കാൻ സാധിക്കാത്ത സ്കൂളുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; ഓരോന്നിന്റെയും നിലവിലുള്ള സ്ഥിതി അറിയിക്കാമോ?

കുന്ദമംഗലം നിയോജകമണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി ഒരു കോടി രൂപ വീതം അനുവദിച്ച സ്കൂളുകളിൽ ഇതുവരെയും പ്രവൃത്തി ആരംഭിക്കാത്ത സ്കൂളുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഇ.എം.എസ്. ഗവൺമെന്റ് ഹൈസ്കൂൾ പെരുമണ്ണ – ടെണ്ടർ നടപടികൾ സ്വീകരിച്ചു.

ജി.എം.യു.പി.എസ്. മാവൂർ - ടെണ്ടർ നടപടികൾ സ്വീകരിച്ചു.

ജി.യു.പി.എസ്.മണക്കാട് - ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. സാങ്കേതികാനുമതിക്കായി LSGD-യിൽ സമർപ്പിച്ചിരിക്കുന്നു.

(ബി) ഇവയിൽ ഏതെല്ലാം സ്കൂളുകളുടെ ഡി.പി.ആർ. ആണ് കിഫ്ബി അംഗീകരിച്ചിട്ടുള്ളത്; ഏതെല്ലാം സ്കൂൾ കെട്ടിടങ്ങളാണ് ടെണ്ടർ ചെയ്തിട്ടുള്ളത്; വ്യക്തമാക്കുമോ?

ഇ.എം.എസ്.ഗവൺമെന്റ് ഹൈസ്കൂൾ പെരുമണ്ണ, ജി.എം.യു.പി.എസ്. മാവൂർ, ജി.യു.പി.എസ്. മണക്കാട് എന്നീ സ്കൂളുകളുടെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. ഇവയുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) മേൽപ്പറഞ്ഞവയിൽ ഏതെങ്കിലും സ്കൂളിന്റെ ഡി.പി.ആർ. അംഗീകരിക്കുന്നതിന് നിലവിൽ തടസ്സമുണ്ടോ; വിശദമാക്കാമോ?

ഇല്ല.

**കോട്ടക്കൽ നിയോജകമണ്ഡലത്തിലെ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം**

130 (4872) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ കുറ്റിപ്പുറം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, ഇരിമ്പിളിയം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ എന്നിവയുടെ കെട്ടിട നിർമ്മാണ പ്രവൃത്തികൾക്കുവേണ്ടി ബഡ്ജറ്റിൽ 3 കോടി രൂപ വകയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ നടത്തുന്നതിനായി ഏതെങ്കിലും നിർവ്വഹണ ഏജൻസിയെ ഏൽപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

(എ-സി) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ കുറ്റിപ്പുറം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, ഇരിമ്പിളിയം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ എന്നിവയുടെ കെട്ടിട നിർമ്മാണത്തിനുള്ള എസ്.പി.വി-യായി ഇൻകെലിനെയാണ് ചുമതലപ്പെടുത്തിയിരുന്നത്. എന്നാൽ, തുടർനടപടികൾ സ്വീകരിക്കുന്നതിന് കാലതാമസമുണ്ടായതിനാൽ എസ്.പി.വി.-യായി കിലയ്ക്ക് ചുമതല നൽകുകയും ചെയ്തിട്ടുണ്ട്. ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ നടന്നുവരുന്നു.

**സ്കോൾ കേരളയുടെ പ്രവർത്തനങ്ങൾ**

131 (4873) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആൻഡ് ലൈഫ്‌ലോംഗ് എഡ്യൂക്കേഷൻ-കേരളയുടെ പ്രവർത്തനങ്ങൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) കഴിഞ്ഞ അദ്ധ്യയന വർഷം വിദ്യാഭ്യാസ മേഖലയിൽ സ്കോൾ കേരള നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് അറിയിക്കാമോ?

2020-21 അദ്ധ്യയന വർഷം സ്കോൾ -കേരള മുഖേന ഹയർ സെക്കണ്ടറി ഓപ്പൺ, റെഗുലർ, പ്രൈവറ്റ് വിഭാഗങ്ങളിൽ സംസ്ഥാനത്താകെ 48884 വിദ്യാർത്ഥികൾക്ക് സയൻസ്, ഹ്യൂമാനിറ്റീസ്, കൊമേഴ്സ് വിഷയ കോമ്പിനേഷനുകളിലായി ഒന്നാം വർഷ പ്രവേശനം അനുവദിച്ചിട്ടുണ്ട്. വൊക്കേഷണൽ ഹയർ സെക്കണ്ടറി റെഗുലർ കോഴ്സിന് (ബി) ഗ്രൂപ്പ് തെരഞ്ഞെടുത്ത വിദ്യാർത്ഥികൾക്ക് അഡീഷണലായി മാത്തമാറ്റിക്സ് പഠിക്കുന്നതിന് 754 വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകി. റെഗുലർ സ്കൂൾ/സ്കോൾ-കേരള (ഓപ്പൺ സ്കൂൾ) മുഖേന ഹയർ സെക്കണ്ടറി ഒന്നാം വർഷ പഠനം പൂർത്തിയാക്കി രണ്ടാം വർഷ പഠനം മുടങ്ങിയവർക്ക് നിബന്ധനകൾക്ക് വിധേയമായി രണ്ടാംവർഷം മാത്രമായി രജിസ്റ്റർ ചെയ്ത് ഹയർ സെക്കണ്ടറി കോഴ്സ് പൂർത്തിയാക്കുന്നതിന് 85 വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകി. റെഗുലർ പഠനത്തോടൊപ്പം സമാന്തരമായി തൊഴിലധിഷ്ഠിത കോഴ്സായ ഡി.സി.എ. (ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ) പഠിക്കുന്നതിന് 1205 വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകി. ഒരു സബ്ജക്ട് കോമ്പിനേഷനിൽ ഹയർ സെക്കണ്ടറി കോഴ്സ് വിജയിച്ചവർക്ക് പഠിച്ച കോഴ്സ് റദ്ദ് ചെയ്യാതെ മറ്റൊരു സബ്ജക്ട് കോമ്പിനേഷൻ തെരഞ്ഞെടുത്ത് പഠിക്കാനുള്ള അവസരം നൽകുന്ന ഹയർ സെക്കണ്ടറി -സ്പെഷ്യൽ കാറ്റഗറി (പാർട്ട് 3) വിഭാഗത്തിൽ സംസ്ഥാനത്താകെ 6 വിദ്യാർത്ഥികൾക്ക് പ്രവേശനം അനുവദിച്ചു. ഹയർ സെക്കണ്ടറി ഓപ്പൺ, റെഗുലർ വിദ്യാർത്ഥികൾക്ക് സംസ്ഥാനത്തൊട്ടാകെ 33 ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകൾ പഠന കേന്ദ്രങ്ങളായും പ്രൈവറ്റ് രജിസ്ട്രേഷൻ വിദ്യാർത്ഥികൾക്ക് 424 ഗവൺമെന്റ്/എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകൾ പരീക്ഷാ കേന്ദ്രമായും അനുവദിച്ചു. അഡീഷണൽ മാത്തമാറ്റിക്സ് വിദ്യാർത്ഥികൾക്ക് സംസ്ഥാനത്താകെ 18 വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളും ഡി.സി.എ. വിദ്യാർത്ഥികൾക്ക് 38 ഗവൺമെന്റ്/എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളും പഠനകേന്ദ്രങ്ങളായി അനുവദിച്ചു. ഹയർ സെക്കണ്ടറി ഓപ്പൺ, റെഗുലർ, ഡി.സി.എ. വിദ്യാർത്ഥികൾക്ക് പഠനം സുഗമമാക്കുന്നതിന് ലളിതമായ ഭാഷയിൽ തയ്യാറാക്കിയ സ്വയംപഠന സഹായികൾ സമയബന്ധിതമായി വിതരണം ചെയ്തു.

ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്ക് കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ ഫോക്കസ് ഏരിയ അടിസ്ഥാനമാക്കി ഓൺലൈൻ ക്ലാസ്സുകൾ നൽകി.

വി.എച്ച്.എസ്.ഇ., ഡി.സി.എ. വിദ്യാർത്ഥികൾക്കും ഇപ്രകാരം ഓൺലൈൻ ക്ലാസ്സുകൾ ലഭ്യമാക്കിയിട്ടുണ്ട്. ഹയർ സെക്കണ്ടറി രണ്ടാം വർഷ വിദ്യാർത്ഥികൾക്കായി ഹയർ സെക്കണ്ടറി അദ്ധ്യാപകരും എസ്.സി.ഇ.ആർ.ടി. ഫാക്കൽറ്റിമാരും ചേർന്ന് ബിസിനസ് സ്റ്റഡീസ്, അക്കൗണ്ടൻസി, ഇംഗ്ലീഷ്, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി, അറബിക്, ഹിസ്റ്ററി, ഇക്കണോമിക്സ്, മലയാളം എന്നീ വിഷയങ്ങളിലെ പ്രധാന പാഠഭാഗങ്ങളെ ഉൾപ്പെടുത്തിയുള്ള വീഡിയോ ക്ലാസ്സുകൾ റെക്കാർഡുചെയ്ത് സ്കോൾ കേരളയുടെ യൂട്യൂബ് ചാനലിലൂടെ സംപ്രേഷണം ചെയ്തിട്ടുണ്ട്. സ്കോൾ കേരള മുഖേന ഹയർ സെക്കണ്ടറി കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികളെ പൊതുപരീക്ഷയ്ക്ക് സജ്ജരാക്കുന്നതിന്റെ ഭാഗമായി പൊതുവായി വിദ്യാർത്ഥികൾക്കുണ്ടാകുന്ന മാനസികസംഘർഷം ലഘൂകരിക്കുന്നതിനായി കേരള സർവ്വകലാശാല തുടർവിദ്യാഭ്യാസ വ്യാപന കേന്ദ്രവുമായി സഹകരിച്ച് കൗൺസിലിംഗ് വീഡിയോ ക്ലാസ്സുകൾ ചിത്രീകരിച്ച് സ്കോൾ കേരളയുടെ യൂട്യൂബ് ചാനലിൽ സംപ്രേഷണം ചെയ്തിട്ടുണ്ട്. കൈറ്റ് - വിക്ടേഴ്സ് ചാനൽവഴി ഹയർ സെക്കണ്ടറി കോഴ്സുകൾക്കായി സംപ്രേഷണം ചെയ്ത വീഡിയോ ക്ലാസ്സുകൾ പ്രയോജനപ്പെടുത്തുന്നതിന് ക്ലാസ്സുകളുടെ ടൈംടേബിൾ സഹിതം സ്കോൾ കേരള വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

(സി) കോവിഡാനന്തരം വിദ്യാർത്ഥികൾക്ക് സ്കോൾ കേരള നൽകുവാനുദ്ദേശിക്കുന്ന പഠന പിന്തുണ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

കോവിഡ്-19 പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് ഓൺലൈൻ, ഓഫ്ലൈൻ സമ്പർക്ക ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിന് സ്വയം പഠന സഹായികൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. വിവിധ കോഴ്സുകൾക്ക് പ്രഗത്ഭരായ അദ്ധ്യാപകരുടെ സേവനം വിനിയോഗിച്ച് വീഡിയോ ക്ലാസ്സുകൾ ചിത്രീകരിച്ച് സംപ്രേഷണം ചെയ്യുന്നതിനും മോട്ടിവേഷൻ വീഡിയോ ക്ലാസ്സുകൾ, കൗൺസിലിംഗ് ക്ലാസ്സുകൾ എന്നിവ യഥാസമയം സംപ്രേഷണം ചെയ്യുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

(ഡി) സ്വയം പഠന സഹായികൾ ഹയർ സെക്കണ്ടറിയിലെ വിദ്യാർത്ഥികൾക്കുകൂടി നൽകുന്നതിനും മൊഡ്യൂളുകൾ മലയാളത്തിൽ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

സ്വയം പഠനസഹായികൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്കുകൂടി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു.

(ഇ) ആകർഷകമായ പുതിയ കോഴ്സുകൾ ആരംഭിച്ച് കൂടുതൽ വിദ്യാർത്ഥികൾക്ക് ഉപരിപഠനാവസരം ഒരുക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമോ; വിശദമാക്കാമോ?

വിദ്യാർത്ഥികൾക്ക് നിലവിൽ ഹയർ സെക്കണ്ടറി കോഴ്സുകളും ഡി.സി.എ. കോഴ്സുമാണ് സ്കോൾ കേരള നടത്തിവരുന്നത്. പുതിയ ആകർഷകമായ ഡിപ്ലോമ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്.

## 'വീട് ഒരു വിദ്യാലയം' പദ്ധതി

132 (4874) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്ന 'വീട് ഒരു വിദ്യാലയം പദ്ധതി'യുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. കോവിഡ് വ്യാപനത്തിന്റെ സാഹചര്യത്തിൽ കഴിഞ്ഞ അദ്ധ്യയന വർഷം സംസ്ഥാനത്തെ സ്കൂളുകൾ തുറന്നുപ്രവർത്തിപ്പിക്കാൻ കഴിയാത്തതിനാൽ കുട്ടികൾക്ക് പഠനാനുഭവങ്ങളും വിദ്യാലയാന്തരീക്ഷവും പ്രധാനം ചെയ്യുന്നതിന് സാഹചര്യമൊരുക്കുന്നതിനായി 2021-22 വർഷം നടപ്പിലാക്കുന്ന പദ്ധതിയാണ് 'വീട് ഒരു വിദ്യാലയം' പദ്ധതി. എല്ലാ ജില്ലകളിലും പരമാവധി കുട്ടികളുടെ വീടുകളിൽ പദ്ധതി നടപ്പിലാക്കി വരുന്നു.

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വിശദമാക്കാമോ?

'വീട് ഒരു വിദ്യാലയം' പദ്ധതിയുടെ ഭാഗമായി ചുവടെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവർത്തനങ്ങൾക്കുപുറമെ ജില്ലാതല പഠന പ്രവർത്തനങ്ങളും വീടുകളിൽ ഒരുക്കിയിട്ടുണ്ട്.

1. അദ്ധ്യാപകർ, ബി.ആർ.സി. പ്രതിനിധികൾ, പി.റ്റി.എ/എസ്.എം.സി. അംഗങ്ങൾ എന്നിവർ ഓൺലൈൻ ചർച്ച നടത്തി ഈ പരിപാടിയുടെ വിശദാംശങ്ങൾ രക്ഷിതാക്കളെ അറിയിക്കുന്നു.

2. കുട്ടികളുടെ ഗണിതശേഷി, ഭാഷാശേഷി എന്നിവ ഉറപ്പിക്കുന്നതിനുള്ള പദ്ധതികൾ രക്ഷിതാക്കൾക്ക് വ്യക്തമാക്കി നൽകുന്നു.

3. കുട്ടികളെ വായനയിലേയ്ക്കും എഴുത്തിലേയ്ക്കും പ്രേരിപ്പിക്കുന്നതിനുള്ള പദ്ധതി ജില്ലാതലത്തിൽ നടപ്പിലാക്കി.

4. ലാബ്@ഹോം പ്രവർത്തനം നടപ്പിലാക്കി. ഒന്നു മുതൽ 4 വരെ ക്ലാസ്സുകളിലെ കുട്ടികളുടെ വീടുകളിൽ ഗണിതലാബും 5, 6, 7 ക്ലാസ്സുകളിലെ കുട്ടികളുടെ വീടുകളിൽ ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര ലാബുകളും സജ്ജീകരിച്ചു. ലാബ്@ഹോം പ്രവർത്തനങ്ങളുടെ വീഡിയോകളും മൊഡ്യൂളും തയ്യാറാക്കി, വെബ്സൈറ്റിലും ക്ലാസ്സ് അദ്ധ്യാപകരുടെ വാട്ട്സ് ആപ് ഗ്രൂപ്പുകളിലും ലഭ്യമാക്കിയിട്ടുണ്ട്

5. ചുറ്റുപാടുമുള്ള സസ്യങ്ങളെ നിരീക്ഷിക്കുക, ഇലകളുടെ ക്രമീകരണം, വലിയ ഇലകൾ, ചെറിയ ഇലകൾ, കൂടുതലായി ഇല പൊഴിക്കുന്നവ തുടങ്ങിയ വിവരങ്ങൾ ശേഖരിച്ച് രേഖപ്പെടുത്തുന്നതിനും ഹെർബേറിയം നിർമ്മിക്കുന്നതിനും കുട്ടികൾക്ക് നിർദ്ദേശം നൽകി.

6. മഴമാപിനി (വർഷമാപിനി) തയ്യാറാക്കുന്നതിനും നിരീക്ഷിക്കുന്നതിനും നിർദ്ദേശം നൽകി.

7. വീട്ടിൽ കൃഷിചെയ്യൽ, കൃഷി രീതികളുടെ കുറിപ്പ് തയ്യാറാക്കൽ, ചെടികളുടെ വളർച്ചയുടെ നിരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ എന്നിവയും നിർദ്ദേശങ്ങളായി കുട്ടികൾക്ക് നൽകി.

8. യു.പി. വിഭാഗം കുട്ടികളുടെ വീടുകളിൽ ഏതെല്ലാം വൈദ്യുതോപകരണങ്ങൾ ഉണ്ടെന്നും അവ ഒരു ദിവസം എത്ര വൈദ്യുതി ഉപയോഗിക്കുന്നു എന്നും ഒരു ദിവസം രാവിലെ മുതൽ അടുത്ത ദിവസം രാവിലെ വരെ വൈദ്യുത മീറ്ററിൽ വന്ന വ്യത്യാസം എന്നിവ മുതിർന്നവരുടെ സഹായത്തോടെ ശേഖരിച്ച് രേഖപ്പെടുത്തുക തുടങ്ങിയ കാര്യങ്ങളും നിർദ്ദേശിച്ചിരുന്നു.

9. ന്യൂസ് പേപ്പർ പരിശോധിച്ച് ഓരോ ദിവസവും കോവിഡ് പോസിറ്റീവ് ആകുന്നവരുടെ എണ്ണം, രോഗമുക്തി നേടുന്നവരുടെ എണ്ണം, ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് (TPR) എന്നിവ പട്ടികപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളും 'വീട് ഒരു വിദ്യാലയം' പരിപാടിയുടെ ഭാഗമായി നൽകിയിട്ടുണ്ട്.

(സി) ഈ അദ്ധ്യയന വർഷംതന്നെ സംസ്ഥാനത്ത് പ്രസ്തുത പദ്ധതി പൂർണമായും നടപ്പിലാക്കാൻ സാധിക്കുമോ; അതിനായി എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

പരമാവധി കുട്ടികളുടെ വീടുകളിൽ 'വീട് ഒരു വിദ്യാലയം' പരിപാടി നടപ്പിലാക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ ജില്ലാതലത്തിൽ നടക്കുന്നുണ്ട്. 'വീട് ഒരു വിദ്യാലയം' പരിപാടിയുടെ ഭാഗമായി 'വായനാവസന്തം' പദ്ധതിയിൽ ഉൾപ്പെടുത്തി ഒന്നു മുതൽ നാലുവരെ ക്ലാസ്സുകളിലെ എല്ലാ കുട്ടികളുടെയും വീടുകളിൽ ഹോം ലൈബ്രറി ഒരുക്കുന്ന പരിപാടി നടന്നുവരുന്നു. ഓരോ കുട്ടിക്കും മൂന്നു വീതം പുസ്തകങ്ങൾ ഇതിന്റെ ഭാഗമായി നൽകുകയും പൊതുസമൂഹത്തിന്റെ പിന്തുണയോടെ ഹോം ലൈബ്രറി വിപുലപ്പെടുത്തുന്ന പ്രവർത്തനങ്ങളും നടപ്പിലാക്കുന്നുണ്ട്.

**സ്കൂൾ വിദ്യാഭ്യാസം സർഗ്ഗാത്മകവും ചലനാത്മകവും ആക്കുന്ന പഠനങ്ങൾ**

133 (4875) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. എം. വിജിൻ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ വിദ്യാഭ്യാസം സർഗ്ഗാത്മകവും ചലനാത്മകവും ആക്കുന്നതിനും കാലാനുസൃതമായ മാറ്റങ്ങളെ അഭിസംബോധന ചെയ്യാൻ പ്രാപ്തമാക്കുന്നതിനുമുതകുന്ന ഫലപ്രദമായ ഗവേഷണ പഠനങ്ങൾ നടത്തുന്നതിന് സർക്കാർ പദ്ധതിയുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉണ്ട്. ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനായി പൊതു വിദ്യാഭ്യാസ വകുപ്പ് തനതായും മറ്റ് ഏജൻസികൾ മുഖേനയും ഗവേഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. ക്ലാസ്സ് റൂം പഠനബോധനപ്രക്രിയ ഫലപ്രദമായി മുന്നോട്ട് കൊണ്ടുപോകുന്നതിന് അദ്ധ്യാപകരുടെ വ്യക്തിഗത ഗവേഷണത്തിന് അക്കാദമികവും സാമ്പത്തികവുമായ പിന്തുണ നൽകിവരുന്നു. സവിശേഷമായ പഠനബോധന മാതൃകകൾ വികസിപ്പിക്കുന്നതിനും പഠനം കൂടുതൽ സർഗ്ഗാത്മകമായി മാറ്റുന്നതിനും തെരഞ്ഞെടുത്ത സ്കൂളുകൾക്ക് ആവശ്യമായ അക്കാദമിക പിന്തുണ നൽകുന്നുണ്ട്. വിദ്യാഭ്യാസ രംഗത്തുണ്ടാകുന്ന കാലാനുസൃതമായ മാറ്റങ്ങളെ അഭിമുഖീകരിക്കുവാൻ കുട്ടികളെയും അദ്ധ്യാപകരെയും പ്രാപ്തരാക്കുന്നതിനുള്ള ഗവേഷണ പ്രവർത്തനങ്ങൾ തുടർന്നും നടപ്പിലാക്കുന്നതാണ്.

(ബി) പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വിവേചനരഹിതമായി വിദ്യാഭ്യാസം ലഭ്യമാക്കുന്ന ഉൾച്ചേർന്ന വിദ്യാഭ്യാസ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്?

പഠനബുദ്ധിമുട്ടുകൾ, ശാരീരികവും മാനസികവുമായ വെല്ലുവിളികൾ എന്നിവ കാരണം സവിശേഷ വിദ്യാഭ്യാസം ആവശ്യമായി വരുന്ന കുട്ടികൾക്ക് പഠന പിന്തുണ നൽകുകയാണ് സവിശേഷ വിദ്യാലയങ്ങളിലൂടെ പൊതുവിദ്യാഭ്യാസ വകുപ്പ് ചെയ്തുവരുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാ വിഭാഗം കുട്ടികളുടെയും അവകാശമായതിനാൽ സവിശേഷ വിദ്യാലയങ്ങളിലെ ബഹുവിധ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി അവരെ മുഖ്യധാരയിൽ എത്തിക്കുന്നതിനും, പഠന പിന്തുണ നൽകുന്നതിനുമായി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. സവിശേഷ വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് പഠനപിന്തുണ നൽകുന്നതിലേയ്ക്കായി മുദ്രികാപാഠം, ശ്രുതിപാഠം, സമീക്ഷ, തേൻകൂട്, ഗണിനിപ്രഭ, ജ്യോതിർമയി, ഓഡിയോ ടെക്സ്റ്റ് എന്നിങ്ങനെ വിവിധ പദ്ധതികൾ പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിവരുന്നു.

(സി) ഇതുമായി ബന്ധപ്പെട്ട് ഗവേഷണ പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പൊതുവിദ്യാലയങ്ങളിൽ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പഠനം ഒരുക്കുന്നതിനുവേണ്ടിയുള്ള പദ്ധതിയാണ് ഉൾച്ചേർന്ന വിദ്യാഭ്യാസം. ഉൾച്ചേർന്ന വിദ്യാഭ്യാസം നേടുന്ന കുട്ടികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ, സ്കൂൾ അധികാരികൾ നേരിടുന്ന പ്രശ്നങ്ങൾ എന്നിവ കണ്ടെത്തി പരിഹാരം നിശ്ചയിക്കുന്നതിനുള്ള പഠനമാണ് പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തിയിട്ടുള്ളത്.

### വിദ്യാകിരണം പദ്ധതിയുടെ ടെണ്ടറിൽ കമ്പനികൾ ആവശ്യപ്പെട്ട തുക

134 (4876) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിജിറ്റൽ പഠനത്തിന് ശേഷിയില്ലാത്ത കുട്ടികൾക്ക് പഠനോപകരണങ്ങൾ നൽകാൻ ആവിഷ്കരിച്ച വിദ്യാകിരണം പദ്ധതിയുടെ ടെണ്ടറിൽ കമ്പനികൾ ആവശ്യപ്പെട്ട തുക സർക്കാർ നിശ്ചയിച്ച തുകയേക്കാൾ കൂടുതലാണോ; വ്യക്തമാക്കാമോ?

വിദ്യാകിരണം പദ്ധതി പ്രകാരം വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ (ലാപ്ടോപ്പ്, ക്രോംബുക്ക്, ടാബ്ലറ്റ്) നൽകുന്നതിനായി ഐ.ടി. മിഷൻ ടെണ്ടർ നടപടികൾ 19-8-2021-ന് ആരംഭിക്കുകയും 8-9-2021-ന് Bid submission അവസാനിക്കുകയും ചെയ്തു. ലാപ്ടോപ്പ് നിർമ്മാതാക്കൾ സമർപ്പിച്ച തുക കൂടുതലായതിനാൽ റീടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) അധികമായി തുക കണ്ടെത്തേണ്ട സാഹചര്യം എങ്ങനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ബാധകമല്ല

(സി) ടെക്നിക്കൽ കമ്മിറ്റിയടക്കം കൂടിനിശ്ചയിക്കുന്ന തുക വിപണി നിരക്കിനേക്കാൾ കുറവായ സാഹചര്യം വ്യക്തമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

**അക്ഷരലക്ഷം പദ്ധതി**

135 (4877) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ നിരക്ഷരരെയും കണ്ടെത്തി സാക്ഷരരാക്കാൻ സാക്ഷരതാ മിഷൻ നടപ്പിലാക്കിയ അക്ഷരലക്ഷം പദ്ധതിയിലൂടെ പഠിച്ചവരുടെയും വിജയിച്ചവരുടെയും കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

കേരളത്തിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്നതിനായി സാക്ഷരതാമിഷൻ ആവിഷ്കരിച്ച് നടപ്പിലാക്കിയ അക്ഷരലക്ഷം പദ്ധതിയിൽ രജിസ്റ്റർ ചെയ്തവരുടെയും വിജയിച്ചവരുടെയും ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം-1 ആയി* ചേർക്കുന്നു.

(ബി) സാക്ഷരതാമിഷന്റെ തുടർ വിദ്യാകേന്ദ്രങ്ങൾ സംസ്ഥാനത്തെ എത്ര വാർഡുകളിൽ പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

വാർഡ് അടിസ്ഥാനത്തിലല്ല വിദ്യാകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്. സാക്ഷരതാമിഷന് കീഴിൽ നിലവിൽ 1796 വിദ്യാകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. 286 വികസന തുടർ വിദ്യാകേന്ദ്രങ്ങളും 1510 തുടർവിദ്യാകേന്ദ്രങ്ങളുമാണ് നിലവിലുള്ളത്.

(സി) നിലവിലെ സാക്ഷരതാമിഷൻ ഡയറക്ടർ സ്ഥാനം ഏറ്റെടുത്തശേഷം നാല്, ഏഴ്, പത്ത്, ഹയർ സെക്കണ്ടറി തുല്യത കോഴ്സുകൾക്ക് വിവിധ ജില്ലകളിൽ രജിസ്റ്റർ ചെയ്ത പഠിതാക്കളുടെ വിശദാംശങ്ങൾ ജില്ല തിരിച്ചും വർഷം തിരിച്ചും വ്യക്തമാക്കുമോ?

നിലവിലെ സാക്ഷരതാമിഷൻ ഡയറക്ടർ സ്ഥാനമേറ്റെടുത്തശേഷം നാല്, ഏഴ്, പത്ത്, ഹയർ സെക്കണ്ടറി തുല്യതാകോഴ്സുകൾക്ക് ജില്ലാതലത്തിൽ രജിസ്റ്റർ ചെയ്തവരുടെ വർഷം തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം-2 ആയി* ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി

136 (4878) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിക്ക് അനുമതി നിഷേധിച്ചുകൊണ്ട് സർവ്വ ശിക്ഷാ കേരളയുടെ വർക്കിംഗ് ഗ്രൂപ്പ് യോഗം തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ?

ഇല്ല. എന്നാൽ സ്കൂൾ തുറന്നു പ്രവർത്തിക്കാൻ തീരുമാനമെടുക്കുന്നതിനു മുൻപാണ് വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്നത്. സ്കൂൾ തുറക്കാത്ത സാഹചര്യത്തിൽ യൂണിഫോം നൽകേണ്ടതില്ല എന്ന് വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ അഭിപ്രായം ഉയർന്നതിനെത്തുടർന്നാണ് ഭരണാനുമതി നൽകാതിരുന്നത്. എന്നാൽ സ്കൂൾ തുറന്ന് പ്രവർത്തിപ്പിക്കാൻ തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

(ബി) കോവിഡാനന്തരം വിദ്യാലയങ്ങൾ തുറക്കുന്ന സാഹചര്യത്തിൽ ഈ പദ്ധതി അവതാളത്തിലാകും എന്നതിനാൽ വിദ്യർത്ഥികൾക്കും രക്ഷിതാക്കൾക്കും ഉണ്ടാകുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അടിയന്തരമായി ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണുമോ?

ഇല്ല. എന്നാൽ ഇതുമായി ബന്ധപ്പെട്ട് പ്രശ്നങ്ങൾ ഉണ്ടായാൽ, ആയത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(സി) സൗജന്യ യൂണിഫോം പദ്ധതി നടപ്പാക്കുവാൻ മറ്റെന്തെങ്കിലും മാർഗ്ഗങ്ങൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഇല്ല.

## സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണം

137 (4879) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 അദ്ധ്യയന വർഷം മുതൽ സ്കൂൾ പാഠ്യപദ്ധതി പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ ക്ലാസ്സുകളിലെ ഏതെല്ലാം വിഷയങ്ങളിലെ പാഠ്യപദ്ധതികളാണ് പരിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ;

(സി) പ്രസ്തുത പരിഷ്കരണത്തിനായി നാളിതുവരെ വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഡി) പരിഷ്കരിക്കുന്ന പാഠ്യപദ്ധതി ചട്ടക്കൂടിന്റെ കരട് എപ്പോൾ തയ്യാറാക്കുന്നതിനാണ് വകുപ്പ് നിർദ്ദേശം നൽകിയിട്ടുള്ളത്; വ്യക്തമാക്കുമോ?

(എ-ഡി) കേന്ദ്ര ഗവൺമെന്റിന്റെ മാർഗ്ഗനിർദ്ദേശപ്രകാരം പാഠ്യപദ്ധതി ചട്ടക്കൂട് തയ്യാറാക്കുന്നതിനുള്ള സമയം 2023 ആണ്. പാഠ്യപദ്ധതി പരിഷ്കരണം ഒരു സുദീർഘമായ പ്രക്രിയയാണ്. ഈ വിഷയത്തിൽ നയപരമായി തീരുമാനം പരിശോധനയിലാണ്.

(ഇ) പുതുതായി ഏതൊക്കെ വിഷയങ്ങൾ പരിഷ്കരിക്കുന്ന പാഠ്യപദ്ധതിയുടെ ഭാഗമാക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്; വ്യക്തമാക്കുമോ; അവസാനമായി പാഠ്യപദ്ധതി പരിഷ്കരിച്ചത് എപ്പോഴാണെന്ന് അറിയിക്കുമോ?

സംസ്ഥാന സ്കൂൾ കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം ഏതൊക്കെ വിഷയങ്ങൾ പാഠ്യപദ്ധതിയുടെ ഭാഗമാക്കണമെന്ന തീരുമാനം കൈക്കൊള്ളുന്നതാണ്. 2007-ൽ തയ്യാറാക്കിയ കേരള കരിക്കുലം ഫ്രെയിംവർക്കിന്റെ അടിസ്ഥാനത്തിലാണ് അവസാനമായി സമഗ്ര പാഠ്യപദ്ധതി പരിഷ്കരണം നടപ്പിലാക്കിയത്. അതിനുശേഷം 2013-ൽ തയ്യാറാക്കിയ നയരേഖയുടെ അടിസ്ഥാനത്തിൽ പാഠപുസ്തക ഉള്ളടക്കത്തിൽ ചില മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്.

**പാഠ്യപദ്ധതിയിൽ ഭരണഘടന**

138 (4880) <u>ശ്രീ. പി. നന്ദകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിലെ പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിന് വല്ല മാർഗ്ഗനിർദ്ദേശങ്ങളും സമർപ്പിച്ചിട്ടുണ്ടോ?

സംസ്ഥാന സ്കൂൾ പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിനുള്ള പ്രാരംഭ ചർച്ചയ്ക്കുള്ള കരട് രേഖ എസ്.സി.ഇ.ആർ.ടി. വികസിപ്പിച്ചിട്ടുണ്ട്.

(ബി) പാഠ്യപദ്ധതിയിൽ 5-ാം ക്ലാസ് മുതൽ ഭരണഘടന വിഷയമാക്കാൻ തീരുമാനിക്കാമോ?

നിലവിലെ പ്രൈമറി ക്ലാസ്സ് മുതലുള്ള പാഠപുസ്തകത്തിൽത്തന്നെ ഭരണഘടനയുടെ അന്തസ്സത്ത പ്രതിപാദിക്കുന്ന പാഠഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഉദാഹരണമായി സോഷ്യൽ സയൻസ് അഞ്ചാം ക്ലാസ്സിലെ 'ജനങ്ങൾ ജനങ്ങൾക്കുവേണ്ടി' എന്ന അദ്ധ്യായത്തിൽ ജനാധിപത്യവും തെരഞ്ഞെടുപ്പും, തെരഞ്ഞെടുപ്പ് ഘട്ടങ്ങൾ, സാമൂഹ്യ സാമ്പത്തികനീതി, ജനാധിപത്യം ഒരു ജീവിതരീതി എന്നിവയെപ്പറ്റി പറയുന്നു.

ആറാം ക്ലാസ്സിലെ 'ജനാധിപത്യവും അവകാശങ്ങളും' എന്ന പത്താം അദ്ധ്യായത്തിൽ മനുഷ്യാവകാശങ്ങൾ, ദേശീയ മനുഷ്യാവകാശ കമ്മീഷൻ, കുട്ടികളുടെ അവകാശം, സ്ത്രീകളുടെ അവകാശം എന്നിവ പരാമർശിക്കുന്നു.

ഏഴാം ക്ലാസ്സിലെ 'നമ്മുടെ ഭരണഘടന' എന്ന അദ്ധ്യായത്തിൽ ഇന്ത്യൻ ഭരണഘടനയുടെ സവിശേഷതകൾ വ്യക്തമായി വിശദീകരിക്കുന്നു.

എട്ടാം ക്ലാസ്സിലെ നാലാമത്തെ അദ്ധ്യായമായ 'നമ്മുടെ ഗവൺമെന്റ്' എന്ന അദ്ധ്യായത്തിൽ ഇന്ത്യൻ ഗവൺമെന്റിന്റെ മൂന്ന് ഘടകങ്ങളായ നിയമനിർമ്മാണ വിഭാഗം, കാര്യനിർവ്വഹണവിഭാഗം, നീതിന്യായവിഭാഗം എന്നിവയെക്കുറിച്ച് വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

പത്താം ക്ലാസ്സിലെ 'പൗരബോധം' എന്ന അദ്ധ്യായത്തിൽ പൗരബോധത്തെപ്പറ്റി പരാമർശിക്കുന്നതിനോടൊപ്പം പൊതുഭരണം എന്ന അദ്ധ്യായത്തിൽ പൊതുഭരണത്തിന്റെ പ്രാധാന്യം, സിവിൽ സർവീസ് ഭരണനവീകരണം, ഇ-ഗവേണൻസ്, അറിയാനുള്ള അവകാശം എന്നിവയെപ്പറ്റി പറയുന്നു.

## പാഠ്യപദ്ധതിയിൽ കായിക വിദ്യാഭ്യാസം ഉൾപ്പെടുത്തുന്നതിന് നടപടി

139 (4881) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പാഠ്യപദ്ധതിയിൽ കായിക വിദ്യാഭ്യാസം അഞ്ചാം ക്ലാസ്സ് മുതൽ നിർബന്ധിത പാഠ്യവിഷയമായി ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

സംസ്ഥാന സ്കൂൾ പാഠ്യപദ്ധതിയിൽ ആരോഗ്യകായിക വിദ്യാഭ്യാസം അഞ്ചാം ക്ലാസ്സ് മുതൽ നിലവിൽ നിർബന്ധിത പാഠ്യവിഷയമായി ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അദ്ധ്യാപകർക്കാവശ്യമായ കൈപ്പുസ്തകവും കുട്ടികൾക്കുള്ള പ്രവർത്തന പുസ്തകവും തയ്യാറാക്കി നൽകിയിട്ടുണ്ട്.

(ബി) കലാവിഷയങ്ങൾ നിർബന്ധിത പാഠ്യവിഷയങ്ങളായി ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

സംസ്ഥാന സ്കൂൾ പാഠ്യപദ്ധതിയിൽ അഞ്ചാം ക്ലാസ്സുമുതൽ കലാവിഷയങ്ങൾ നിർബന്ധിത പാഠ്യവിഷയമായി ഉൾപ്പെടുത്തിയിട്ടുണ്ട്. പാഠ്യപദ്ധതി വിനിമയത്തിന് സഹായകരമായ അദ്ധ്യാപകർക്കുള്ള കൈപ്പുസ്തകവും കുട്ടികൾക്കുള്ള പ്രവർത്തന പുസ്തകവും തയാറാക്കിയിട്ടുണ്ട്.

## മാവേലിക്കര എൻട്രൻസ് കോച്ചിംഗ് ടെസ്റ്റ് ബുക്ക് ഡിപ്പോ പ്രവർത്തിച്ചിരുന്ന സ്ഥലം

140 (4882) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള മാവേലിക്കര ടെക്സ്റ്റ് ബുക്ക് ഡിപ്പോ പ്രവർത്തിച്ചിരുന്ന സ്ഥലം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത ഡിപ്പോ മറ്റേതെങ്കിലും ആവശ്യങ്ങൾക്ക് ഉപയോഗിക്കുവാൻ വിദ്യാഭ്യാസ വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ?

ഇല്ല. മാവേലിക്കര ടെക്സ്റ്റ് ഡിപ്പോപോലെ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ അധീനതയിൽ നിലവിൽ പ്രവർത്തനരഹിതമായി കിടക്കുന്ന ഓഫീസ് കെട്ടിടങ്ങളുടെ പൂർണ്ണവിവരവും അത് വകുപ്പിന്റെ ഏതാവശ്യങ്ങൾക്ക് ഉപയോഗിക്കുവാൻ കഴിയും എന്നതിനെകുറിച്ചുള്ള റിപ്പോർട്ടും സർക്കാരിൽ അടിയന്തരമായി ലഭ്യമാക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സ്ഥലപരിമിതിമൂലം ബുദ്ധിമുട്ടുന്ന ഐ.എച്ച്.ആർ.ഡി. കോളേജിന് പ്രസ്തുത സ്ഥലം വിട്ടുനൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

ഇല്ല. മാവേലിക്കര ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ വളപ്പിൽ പ്രവർത്തിച്ചുവരുന്ന ഐ.എച്ച്.ആർ.ഡി-യുടെ കോളേജ് ഓഫ് അപ്ലൈഡ് സയൻസസിന്റെ പ്രവർത്തനത്തിനായി മാവേലിക്കര ടെക്സ്റ്റ് ബുക്ക് ഡിപ്പോയുടെ ഒഴിവുള്ള കെട്ടിടം അനുവദിക്കണമെന്ന ആവശ്യം നിരാകരിച്ചിട്ടുള്ള വിവരം ഐ.എച്ച്.ആർ.ഡി. ഡയറക്ടറെ അറിയിച്ചിട്ടുണ്ട്.

## തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ പ്രോത്സാഹനം

141 (4883) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ പ്രോത്സാഹനത്തിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദാംശം അറിയിക്കാമോ?

തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ പ്രോത്സാഹനത്തിനായി സംസ്ഥാനത്തെ 389 വി.എച്ച്.എസ്.ഇ. സ്കൂളുകളിലെ 1101 ബാച്ചുകളിലായി പഠിപ്പിക്കുന്ന എല്ലാ തൊഴിലധിഷ്ഠിത കോഴ്സുകളും ദേശീയ തൊഴിൽ നൈപുണ്യ പദ്ധതി (NSQF) അനുസരിച്ച് ആധുനികവത്കരിച്ചിട്ടുണ്ട്. കൂടാതെ Face to face, She camp, Naveenam, Happy learning, How are you, കരിയർ സ്റ്റേറ്റ്, ഇൻസൈറ്റ്, സംരഭകത്വ വികസന പരിശീലനം തുടങ്ങിയ പദ്ധതികൾ നടത്തിവരുന്നു.

(ബി) സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് ആലോചനയുണ്ടോ; വിശദാംശം അറിയിക്കുമോ?

ഇപ്പോൾ ആലോചനയിലില്ല.

(സി) സ്കൂളുകളിൽ നീന്തൽ പരിശീലനത്തിനായി കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് നടപ്പിലാക്കാൻ ഉദ്ദേശിച്ച 'സ്കൂളിൽ ഒരു നീന്തൽ കുളം' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിൽ തെരഞ്ഞെടുത്തിട്ടുള്ള സ്കൂളുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കുമോ?

ബഹു.കേരള മുഖ്യമന്ത്രി പ്രഖ്യാപിച്ചപ്രകാരം എല്ലാ മണ്ഡലത്തിലേയും "ഒരു സർക്കാർ സ്കൂളിൽ ഒരു നീന്തൽ കുളം" എന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കി വരികയാണ്. നിലവിൽ സംസ്ഥാനത്തെ ഒരു സ്കൂളിനെയും പദ്ധതിയിലേക്ക് തെരഞ്ഞെടുത്തിട്ടില്ല.

**തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ കാളംതിരുത്തി ബദൽ സ്കൂൾ**

142 (4884) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ കാളംതിരുത്തി ബദൽ സ്കൂൾ (എം.ജി.എൽ.സി.) എൽ.പി. സ്കൂൾ ആയി ഉയർത്തിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

മലപ്പുറം ജില്ലയിലെ കാളംതിരുത്തി എം.ജി.എൽ.സി., എൽ.പി. സ്കൂൾ ആയി ഉയർത്തിയിട്ടില്ല. എം.ജി.എൽ.സി. (Multi Grade Learning Centres)-കളെ സംബന്ധിച്ച് ഒരു അവസ്ഥാപഠനം പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും നടത്തിയിരുന്നു. പ്രസ്തുത അവസ്ഥാപഠനപ്രകാരം കാളംതിരുത്തി എം.ജി.എൽ.സി.-യെ പ്രൈമറി സ്കൂൾ ആയി ഉയർത്താൻ കഴിയുന്ന സാഹചര്യങ്ങൾ ഇല്ല എന്നാണ് കണ്ടെത്തിയത്.

## പ്രഥമാദ്ധ്യാപകർ ഇല്ലാതെ സർക്കാർ പ്രൈമറി സ്കൂളുകൾ

143 (4885) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രഥമാദ്ധ്യാപകർ ഇല്ലാതെ എത്ര സർക്കാർ പ്രൈമറി സ്കൂളുകളാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ?

1625

(ബി) പ്രഥമാദ്ധ്യാപക തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകാത്തതുമൂലം എത്ര അദ്ധ്യാപക ഒഴിവുകളാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയാതെ മുടങ്ങിക്കിടക്കുന്നതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പ്രതിസന്ധി അടിയന്തരമായി പരിഹരിക്കുമോയെന്ന് അറിയിക്കുമോ?

1144 ഒഴിവുകൾ. പ്രൈമറി പ്രഥമാദ്ധ്യാപക പ്രൊമോഷൻ അടിയന്തരമായി നടത്തുന്നതിന് സർക്കാർ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ഡെപ്യൂട്ടി ഡയറക്ടർമാർ ഉത്തരവ് പുറപ്പെടുവിച്ചുവെങ്കിലും 27-10-2021-ലെ ഇടക്കാല ഉത്തരവിലൂടെ പ്രസ്തുത ഉത്തരവ് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സ്റ്റേ ചെയ്തിരിക്കുകയാണ്.

## എയ്ഡഡ് പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപക നിയമനം

144 (4886) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് പ്രൈമറി സ്കൂളുകളിൽ 2011 മുതൽ റഗുലർ തസ്തികകളിൽ നിയമനം നേടുകയും കുട്ടികളുടെ എണ്ണം കുറവായതിനാൽ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നിഷേധിക്കപ്പെടുകയും ചെയ്ത അദ്ധ്യാപകർക്ക് യോഗ്യതകളുണ്ടായിട്ടും 10 വർഷം പിന്നിട്ടശേഷവും നിയമനാംഗീകാരവും വേതനവും നൽകാൻ സാധിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രതിസന്ധി പരിഹരിക്കുന്നതിനായി മേൽപ്പറഞ്ഞ അദ്ധ്യാപകർക്ക് ഒരു ക്ലാസ്സിന് ഒരു അദ്ധ്യാപകൻ എന്ന നിലയിൽ നിയമനാംഗീകാരം നൽകുന്നതിനും ശമ്പളം അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) നിലവിലിരിക്കുന്ന ഉത്തരവുകൾ പ്രകാരം മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളിൽ നിയമിക്കപ്പെട്ടവർക്ക് ദിവസവേതനാടിസ്ഥാനത്തിൽ മാത്രമെ നിയമനാംഗീകാരവും വേതനവും നൽകാൻ നിർവ്വാഹമുള്ളൂ. അപ്രകാരം

വേതനം നൽകിവരുന്നുണ്ട്. 2011 മുതൽ ഇത്തരം സ്കൂളുകളിൽ നിയമിതരായവർക്ക് ദിവസവേതനം ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെടുത്തുന്ന വ്യക്തിഗത കേസുകളിൽ അതിന്റെ മെറിറ്റ് പരിശോധന നടത്തി ഉത്തരവുകൾ നൽകുന്നതാണ്.

**പ്രീ-പ്രൈമറി ജീവനക്കാരുടെ ഓണറേറിയത്തിലെ കുടിശ്ശിക**

145 (4887) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകാമോ:

(എ) സർക്കാർ മേഖലയിൽ പ്രീ-പ്രൈമറി ജീവനക്കാർക്ക് നൽകിവരുന്ന ഓണറേറിയം എത്രയാണെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ?

സർക്കാർ സ്കൂളുകളോടനുബന്ധിച്ച് അദ്ധ്യാപക - രക്ഷാകർത്തൃ സമിതികളുടെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന അംഗീകൃത പ്രീ-പ്രൈമറി വിഭാഗത്തിലെ അദ്ധ്യാപകർക്കും ആയമാർക്കും താഴെപ്പറയുന്ന രീതിയിൽ പ്രതിമാസ ഓണറേറിയം അനുവദിച്ചുവരുന്നു.

a) 10 വർഷത്തിന് താഴെ സേവനമുള്ള അദ്ധ്യാപകർക്ക് 12,000 രൂപയും ആയമാർക്ക് 7,000 രൂപയും.

b) 10 വർഷത്തിന് മുകളിൽ സേവനകാലയളവുള്ള അദ്ധ്യാപകർക്ക് 12,500 രൂപയും ആയമാർക്ക് 7,500 രൂപയും.

(ബി) പ്രസ്തുത ജീവനക്കാരിൽ ആർക്കെങ്കിലും ഓണറേറിയം ഇനത്തിൽ കുടിശ്ശിക നൽകാനുണ്ടോ എന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ എത്ര പേർക്ക് നല്കാനുണ്ടെന്ന് അറിയിക്കാമോ;

(സി) കുടിശ്ശിക നല്കാനുള്ളത് സംബന്ധിച്ച് എത്ര പേരുടെ അപേക്ഷകളാണ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ് വഴി തീർപ്പ് കൽപ്പിക്കാനായി പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലുള്ളതെന്ന് അറിയിക്കാമോ?

(ബി&സി) ഉണ്ട്. നിലവിൽ 52 അപേക്ഷകളിൽ കുടിശ്ശിക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഓരോ അപേക്ഷയിന്മേലും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(ഇ) കുടിശ്ശിക തുക എപ്പോൾ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(ഡി&ഇ) കുടിശ്ശിക നൽകാനുള്ള ജീവനക്കാരുടെ അപേക്ഷകൾ പരിശോധിച്ച് ടി ജീവനക്കാരുടെ നിയമനം ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ

അംഗീകരിച്ചതാണോയെന്നും ടി ജീവനക്കാരുടെ സേവന കാലയളവിൽ പി.റ്റി.എ. മുഖേന ലഭിച്ചുകൊണ്ടിരുന്ന വേതനം കുറച്ച്, കുടിശ്ശിക സ്റ്റേറ്റ്മെന്റ് അതാത് ഉപ ജില്ലാ വിദ്യാഭ്യാസ ആഫീസുകളിൽ നിന്ന് ലഭ്യമാക്കി അതാത് വിദ്യാഭ്യാസ ഉപഡയറക്ടർമാരുടെ റിപ്പോർട്ട് ഉൾപ്പെടെ ശേഖരിച്ചാണ് അർഹരായവർക്ക് കുടിശ്ശിക നൽകുന്നത്. ഈ നടപടികൾ പൂർത്തീകരിച്ചശേഷം മാത്രമെ കുടിശ്ശിക നൽകാനാവൂ.

## വൈപ്പിൻ നിയോജകമണ്ഡലത്തിലെ ഗവൺമെന്റ് ഫിഷറീസ് യു.പി. സ്കൂളിന് പുതിയ കെട്ടിടം

146 (4888) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ ഞാറയ്ക്കൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് ഫിഷറീസ് യു.പി. സ്കൂളിന്റെ ശോചനീയാവസ്ഥ പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(സി) സ്കൂൾ കെട്ടിടത്തിന്റെ ജീർണ്ണാവസ്ഥയും അപര്യാപ്തതയും കണക്കിലെടുത്ത് പുതിയ കെട്ടിടം പണിയുന്നതിനായി തുക അനുവദിക്കുമോ?

(എ-സി) ഉണ്ട്. വൈപ്പിൻ നിയോജകമണ്ഡലത്തിലെ ഞാറയ്ക്കൽ ഗവ. ഫിഷറീസ് യു.പി. സ്കൂളിന്റെ അടിസ്ഥാന ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 1,20,92,498 (ഒരു കോടി ഇരുപത് ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരത്തി നാന്നൂറ്റി തൊണ്ണൂറ്റിയെട്ട് മാത്രം) രൂപയുടെ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ അടങ്ങുന്ന പ്രൊപ്പോസൽ ഞാറയ്ക്കൽ ഗ്രാമപഞ്ചായത്ത് എഞ്ചിനീയർ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടർ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## സർക്കാർ സ്കൂളുകളിൽ എൻട്രൻസ് കോച്ചിംഗ്

147 (4889) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിൽ എൻട്രൻസ് കോച്ചിംഗ് മാതൃകയിൽ പ്ലസ് ടു വിദ്യാർത്ഥികൾക്ക് ക്ലാസ്സുകൾ നൽകാൻ തയ്യാറാകുമോ; വിശദമാക്കുമോ;

(ബി) അടുത്ത അദ്ധ്യയന വർഷം മുതൽ ഈ രീതി അവലംബിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) സർക്കാർ ഈ വിഷയം പരിശോധിച്ചുവരുന്നു.

**ഹയർ സെക്കണ്ടറി വിഭാഗത്തിൽ കായികാദ്ധ്യാപക തസ്തികകൾ**

148 (4890) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹയർ സെക്കണ്ടറി വിഭാഗത്തിൽ കായികാദ്ധ്യാപക തസ്തികകൾ അനുവദിച്ച് നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

(ബി) സർക്കാർ വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്കും പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 7-9-2017-ലെ 111 /2017 നമ്പർ സംരക്ഷണ ഉത്തരവ് ബാധകമാക്കി സ്പഷ്ടീകരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഒരു ജില്ലയിലുള്ള സർക്കാർ വിദ്യാലയങ്ങളെല്ലാം ഒറ്റ യൂണിറ്റായിട്ടാണ് നിലനിർത്തുന്നത്. ഒരു സർക്കാർ സ്കൂളിൽനിന്നും തസ്തിക നഷ്ടപ്പെടുന്ന കായികാദ്ധ്യാപകനെ ഒഴിവുള്ള അടുത്ത സർക്കാർ വിദ്യാലയത്തിൽ ക്രമീകരിക്കുകയാണ് ചെയ്യുന്നത്. അതിനാൽ സർക്കാർ സ്കൂളുകളിൽ തസ്തിക നിർണ്ണയത്താൽ പുറത്താകുന്ന സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്ക്, മേൽ ഉത്തരവിൽ പ്രതിപാദിച്ചിരിക്കുന്നതരത്തിലുള്ള സംരക്ഷണത്തിന്റെ ആവശ്യകത ഇല്ല. എന്നാൽ വ്യക്തിഗത മാനേജ്മെന്റ് സ്കൂളുകളിൽ ഈ സംവിധാനം ഏർപ്പെടുത്താൻ നിർവ്വാഹമില്ലാത്തതിനാലാണ് എയ്ഡഡ് സ്കൂളുകൾക്ക് പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾ ബാധകമാക്കിയിട്ടുള്ളതും സർക്കാർ സ്കൂളുകൾക്ക് ബാധകമാക്കാത്തതും.

**ഹയർ സെക്കണ്ടറി സ്കൂളുകളിലെ ലൈബ്രേറിയൻ തസ്തികയിൽ നിയമനം**

149 (4891) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി സ്കൂളുകളിലെ ലൈബ്രേറിയൻ തസ്തികയിൽ നിയമനം നടത്തുന്നത് സംബന്ധിച്ച് സ്പെഷ്യൽ റൂൾസ് അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

കെ.ഇ.ആർ. അദ്ധ്യായം-XXXII ചട്ടം 4-ൽ ഇതുസംബന്ധിച്ച പരാമർശം ഉണ്ട്. പ്രസക്തഭാഗം അനുബന്ധമായി* ചേർക്കുന്നു.

(ബി) പ്രസ്തുത തസ്തികയിൽ എന്നത്തേയ്ക്ക് നിയമനം നടത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കാമോ?

ഇതു സംബന്ധിച്ച് ലഭിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

## കണ്ണൂർ ജില്ലയിൽ പ്ലസ് വൺ സീറ്റുകൾ

150 (4892) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ 2020-21 അദ്ധ്യയന വർഷം പ്ലസ് വൺ പ്രവേശനവുമായി ബന്ധപ്പെട്ട് സയൻസ്, ഹ്യുമാനിറ്റീസ്, കൊമേഴ്സ് ഗ്രൂപ്പുകളിൽ എത്ര സീറ്റുകൾ ഉണ്ടായിരുന്നു; എത്ര സീറ്റിൽ ഒഴിവുണ്ടായിരുന്നു; വ്യക്തമാക്കുമോ?

കണ്ണൂർ ജില്ലയിൽ പ്ലസ് വൺ അഡ്മിഷന് 2020-21 അദ്ധ്യയന വർഷം സയൻസ്, ഹ്യുമാനിറ്റീസ്, കൊമേഴ്സ് ഗ്രൂപ്പുകളിൽ ഉണ്ടായിരുന്ന സീറ്റുകളുടെയും ഒഴിവുണ്ടായിരുന്ന സീറ്റുകളുടെയും എണ്ണം ചുവടെ ചേർക്കുന്നു.

| | സയൻസ് | | ഹ്യുമാനിറ്റീസ് | | കൊമേഴ്സ് | |
|---|---|---|---|---|---|---|
| | സീറ്റുകളുടെ എണ്ണം | ഒഴിഞ്ഞ് കിടന്ന സീറ്റുകൾ | സീറ്റുകളുടെ എണ്ണം | ഒഴിഞ്ഞ് കിടന്ന സീറ്റുകൾ | സീറ്റുകളുടെ എണ്ണം | ഒഴിഞ്ഞ് കിടന്ന സീറ്റുകൾ |
| ഹയർ സെക്കണ്ടറി | 15468 | 1043 | 6819 | 331 | 10549 | 465 |
| വൊക്കേഷണൽ ഹയർ സെക്കണ്ടറി | 1350 | 45 | ഇല്ല | ഇല്ല | 330 | 11 |

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കണ്ണൂർ ജില്ലയിൽ പ്ലസ് വൺ അഡ്മിഷന് 2021-22 അദ്ധ്യയന വർഷം സയൻസ്, ഹ്യുമാനിറ്റീസ്, കൊമേഴ്സ് ഗ്രൂപ്പുകളിൽ ഒരോ ഗ്രൂപ്പിലും എത്ര സീറ്റാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ; ഏറ്റവും കൂടുതൽ കുട്ടികൾ അപേക്ഷിക്കുന്നത് ഏത് ഗ്രൂപ്പിലേക്കാണ്; വ്യക്തമാക്കാമോ?

കണ്ണൂർ ജില്ലയിൽ പ്ലസ് വൺ അഡ്മിഷന് 2021-22 അദ്ധ്യയന വർഷം സയൻസ്, ഹ്യുമാനിറ്റീസ്, കൊമേഴ്സ് ഗ്രൂപ്പുകളിൽ ഓരോ ഗ്രൂപ്പിലും നിലവിലുള്ള സീറ്റുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ഹയർ സെക്കണ്ടറി | സയൻസ് ഗ്രൂപ്പിൽ നിലവിലുള്ള സീറ്റുകളുടെ എണ്ണം | ഹ്യുമാനിറ്റീസ് ഗ്രൂപ്പിൽ നിലവിലുള്ള സീറ്റുകളുടെ എണ്ണം | കോമേഴ്സ് ഗ്രൂപ്പിൽ നിലവിലുള്ള സീറ്റുകളുടെ എണ്ണം |
|---|---|---|---|
| | 15469 | 6819 | 10549 |
| വൊക്കേഷണൽ ഹയർ സെക്കണ്ടറി | 1350 | ഇല്ല | 330 |

ഏറ്റവും കൂടുതൽ കുട്ടികൾ അപേക്ഷിക്കുന്നത് സയൻസ് ഗ്രൂപ്പിനാണ്.

(സി) കണ്ണൂർ ജില്ലയിൽ ഈ അദ്ധ്യയനവർഷം പ്ലസ് വൺ പ്രവേശനത്തിന് എത്ര വിദ്യാർത്ഥികൾ അപേക്ഷിച്ചിട്ടുണ്ട്; എത്ര വിദ്യാർത്ഥികൾക്ക് അഡ്മിഷൻ ലഭിച്ചു; വിശദമാക്കാമോ?

മുഖ്യഘട്ട അലോട്ട്മെന്റ് കഴിഞ്ഞപ്പോൾ കണ്ണൂർ ജില്ലയിൽ ഹയർ സെക്കണ്ടറി പ്രവേശനത്തിന് അപേക്ഷിച്ച 37,289 വിദ്യാർത്ഥികളിൽ 26,966 വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിച്ചിട്ടുണ്ട്.

വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ പ്രവേശനത്തിന് അപേക്ഷിച്ച 1857 വിദ്യാർത്ഥികളിൽ 1162 വിദ്യാർത്ഥികൾക്ക് അഡ്മിഷൻ ലഭിച്ചിട്ടുണ്ട്.

**എയ്ഡഡ് മേഖലയിൽ പ്ലസ് വൺ അധിക ബാച്ചുകൾ**

151 (4893) <u>ശ്രീ. മാണി. സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പത്താംക്ലാസ്സ് പാസ്സായ മുഴുവൻപേർക്കും പ്ലസ് വൺ പ്രവേശനം ഉറപ്പുവരുത്താൻ സർക്കാർ എയ്ഡഡ് മേഖലയിൽ അധിക ബാച്ചുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

പത്താംക്ലാസ്സ് പാസ്സായ മുഴുവൻപേർക്കും പ്ലസ് വൺ പ്രവേശനം ഉറപ്പുവരുത്താൻ സർക്കാർ/ എയ്ഡഡ്/അൺ-എയ്ഡഡ് മേഖലകളിൽ താഴെപ്പറയും പ്രകാരം നടപടികൾ സ്വീകരിക്കാൻ ഉത്തരവായിട്ടുണ്ട്.

(i) 2021-22 അദ്ധ്യയന വർഷത്തിൽ തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ 7 ജില്ലകളിൽ എല്ലാ സർക്കാർ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലും എല്ലാ വിഷയങ്ങൾക്കും സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകാത്ത വിധത്തിൽ പ്ലസ് വൺ പ്രവേശനത്തിനായി 20 ശതമാനം മാർജിനൽ സീറ്റ് 2-9-2021-ലെ സ.ഉ (എം.എസ്) നം.191/2021/പൊ.വി.വ. പ്രകാരം വർദ്ധിപ്പിച്ച് നല്കിയിട്ടുണ്ട്.

(ii) കൂടാതെ 28-10-2021-ലെ ജി.ഒ.(എം.എസ്) 241/2021/പൊ.വി.വ. പ്രകാരം നിലവിൽ 20 ശതമാനം സീറ്റ് വർദ്ധനവ് ഏർപ്പെടുത്തിയ 7 ജില്ലകളിൽ (തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ്) സീറ്റിന്റെ ആവശ്യകത ഉണ്ടാകുകയാണെങ്കിൽ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ 10 ശതമാനം സീറ്റ് വർദ്ധനവുംകൂടി നല്കുവാനും അനുമതി നല്കിയിട്ടുണ്ട്.

(iii) നിലവിൽ 20 ശതമാനം സീറ്റ് വർദ്ധനവ് ഏർപ്പെടുത്തിയ 7 ജില്ലകളിൽ (തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ്) അടിസ്ഥാന സൗകര്യമുള്ള, അപേക്ഷിക്കുന്ന എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകൾക്ക് നിബന്ധനകൾക്ക് വിധേയമായും മാർജിനൽ വർദ്ധനവിന്റെ 20 ശതമാനം മാനേജ്മെന്റ് സീറ്റും കൂടാതെ അടിസ്ഥാന സൗകര്യമുള്ള അപേക്ഷിക്കുന്ന അൺ എയ്ഡഡ് സ്കൂളുകൾക്കും 10 ശതമാനം സീറ്റ് വർദ്ധനവ് അനുവദിക്കാൻ അനുമതി നൽകിയിട്ടുണ്ട്.

(iv) മുൻപ് മാർജിനൽ സീറ്റ് വർദ്ധനവ് നൽകാത്ത 7 ജില്ലകളിൽ (കൊല്ലം, ഇടുക്കി, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, തൃശ്ശൂർ, എറണാകുളം) ആവശ്യകത അനുസരിച്ച് എല്ലാ സർക്കാർ സ്കൂളുകളിലും 20 ശതമാനം വരെ സീറ്റ് വർദ്ധനവ് അനുവദിക്കാൻ അനുമതി നൽകിയിട്ടുണ്ട്.

(v) മുൻപ് മാർജിനൽ സീറ്റ് വർദ്ധനവ് നൽകാത്ത 7 ജില്ലകളിൽ (കൊല്ലം, ഇടുക്കി, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, തൃശ്ശൂർ, എറണാകുളം) അടിസ്ഥാന സൗകര്യമുള്ള, അപേക്ഷിക്കുന്ന എയ്ഡഡ് സ്കൂളുകൾക്ക് നിബന്ധനകൾക്ക് വിധേയമായും മാർജിനൽ വർദ്ധനവിന്റെ 20 ശതമാനം മാനേജ്മെന്റ് സീറ്റും കൂടാതെ അടിസ്ഥാനസൗകര്യമുള്ള അപേക്ഷിക്കുന്ന അൺ എയ്ഡഡ് സ്കൂളുകൾക്കും 20 ശതമാനം സീറ്റ് വർദ്ധനവ് അനുവദിക്കാൻ അനുമതി നൽകിയിട്ടുണ്ട്.

(vi) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രയോജനകരമാകുമെന്നതിനാൽ വയനാട് ജില്ലയിലെ അംബേദ്കർ മെമ്മോറിയൽ മോഡൽ റെസിഡെൻഷ്യൽ സ്കൂൾ, നല്ലൂർനാടിൽ ഒരു ഹ്യുമാനിറ്റീസ് ബാച്ചും, ഗവ: മോഡൽ റെസിഡെൻഷ്യൽ സ്ക്കൂൾ ഫോർ ഗേൾസ് കൽപ്പറ്റയിൽ ഒരു ഹ്യുമാനിറ്റീസ് ബാച്ചും താല്ക്കാലികമായി അനുവദിക്കാൻ അനുമതി നൽകിയിട്ടുണ്ട്.

(vii) സർക്കാർ സ്ക്കൂളുകളിൽ നാമമാത്രമായ വിദ്യാർത്ഥികളുള്ള ബാച്ചുകൾ കണ്ടെത്തുകയാണെങ്കിൽ അവ ആവശ്യമുള്ള ജില്ലയിലേക്ക് മാറ്റുന്നതിനും അനുമതി നൽകിയിട്ടുണ്ട്.

(viii) കുട്ടികളുടെ പ്ലസ് വൺ പ്രവേശനം സംബന്ധിച്ച വിഷയം സീറ്റ് വർദ്ധനവിലൂടെ പരിഹരിക്കുന്നില്ലെങ്കിൽ മാത്രം, ആവശ്യകത അനുസരിച്ച് ആവശ്യമുള്ള ജില്ലകളിൽ സർക്കാർ സ്കൂളുകളിൽ താൽക്കാലിക ബാച്ചുകൾ അനുവദിക്കാനും അനുമതി നൽകിയിട്ടുണ്ട്.

**യു.പി., എച്ച്.എസ്. കായികാദ്ധ്യാപക തസ്തികകൾ**

152 (4894) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.പി., എച്ച്.എസ്. കായികാദ്ധ്യാപക തസ്തിക നിർണ്ണയത്തിനുള്ള മാനദണ്ഡങ്ങൾ ശാസ്ത്രീയമായും കാലോചിതമായും പരിഷ്കരിക്കുമോ?

യു.പി., എച്ച്.എസ്. കായികാദ്ധ്യാപക തസ്തിക നിർണ്ണയത്തിനുള്ള മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്ന വിഷയം സർക്കാർ വിശദമായി പരിശോധിക്കുകയും നിലവിലെ പരിസ്ഥിതി കണക്കിലെടുത്ത് തൽക്കാലം മാറ്റിവയ്ക്കാവുന്നതാണെന്ന് തീരുമാനമെടുക്കുകയുമുണ്ടായി.

(ബി) ഹൈസ്കൂൾ കായികാദ്ധ്യാപകരുടെ യോഗ്യത എൻ.സി.ടി.ഇ. മാർഗ്ഗരേഖകൾ അനുസരിച്ച് പരിഷ്കരിച്ച് പൊതു അദ്ധ്യാപകരായി പരിഗണിക്കുമോ; വ്യക്തമാക്കുമോ?

എൻ.സി.ടി.ഇ. മാനദണ്ഡങ്ങൾക്കനുസരിച്ച് കായികാദ്ധ്യാപക തസ്തികയിലേക്കുള്ള യോഗ്യത പരിഷ്കരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്.

(സി) തുല്യ ജോലിക്ക് തുല്യവേതനം എന്ന തത്വം പാലിച്ച് ഹൈസ്കൂൾ കായികാദ്ധ്യാപകർക്ക് ഹൈസ്കൂൾ അദ്ധ്യാപകരുടേതിന് തുല്യമായ ശമ്പളം അനുവദിക്കുമോ; വിശദമാക്കുമോ?

ഇക്കാര്യം സംബന്ധിച്ച ശിപാർശ ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

## മാനന്തവാടി നിയോജകമണ്ഡലത്തിലെ ക്ലാസ്സ്റൂം അപര്യാപ്തത

153 (4895) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി നിയോജകമണ്ഡലത്തിൽ ക്ലാസ്സ്റൂം അപര്യാപ്തതയുള്ള ഏതെങ്കിലും സ്കൂളുകൾ ഉണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഉണ്ടെങ്കിൽ സ്കൂളിന്റെ പേരും ക്ലാസ്റൂം അപര്യാപ്തതയുടെ കാരണവും വ്യക്തമാക്കാമോ?

(എ&ബി) മാനന്തവാടി നിയോജകമണ്ഡലത്തിൽ ക്ലാസ്സ്റൂം അപര്യാപ്തതയുള്ള സ്കൂളുകളുടെ പേരും പ്രസ്തുത അപര്യാപ്തതയുടെ കാരണവും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | അപര്യാപ്തതയുടെ കാരണം |
|---|---|---|
| 1 | ഗവൺമെന്റ് എച്ച്.എസ്. വാളാട് | കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല |
| 2 | ഗവൺമെന്റ് എച്ച്.എസ്. തൃശ്ശിലേരി | കാലഹരണപ്പെട്ട കെട്ടിടം പൊളിച്ച് മാറ്റിയതുമൂലം. |
| 3 | ഗവൺമെന്റ് എച്ച്.എസ്. വരാമ്പറ്റ | 4 ക്ലാസ്സ് മുറികൾ അടങ്ങിയ ഒരു കെട്ടിടം ആസ്ബസ്റ്റോസ് മേൽക്കൂര ഉള്ളതാണ്. |

(സി) പ്രസ്തുത അപര്യാപ്തത പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

1. വരാമ്പറ്റ ഗവൺമെന്റ് എച്ച്.എസ്.-ലെ ആസ്ബസ്റ്റോസ് ഷീറ്റ് മേൽക്കൂരയുള്ള കെട്ടിടത്തിലെ ക്ലാസ്സ്റൂമിനുപകരം സ്റ്റാഫ് റൂം, സ്റ്റേജ് എന്നിവ ക്ലാസ്സ് മുറികളാക്കി ഉപയോഗിക്കുന്നു.

2. തൃശ്ശിലേരി ഗവൺമെന്റ് എച്ച്.എസ്.-ൽ കിഫ്ബി ധനസഹായത്തോടെ കെട്ടിട നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

3. വാളാട് ഗവൺമെന്റ് എച്ച്.എസ്.-ൽ 2018-19 വർഷം കിഫ്ബിയിൽ ഉൾപ്പെടുത്തി 3 കോടി രൂപയുടെ കെട്ടിടം അനുവദിച്ചിട്ടുണ്ട്. എന്നാൽ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടില്ല. സ്കൂൾ പ്രവർത്തനം ആരംഭിക്കുമ്പോൾ എല്ലാ കുട്ടികൾക്കും ക്ലാസ്സുകൾ ലഭിക്കത്തക്കവണ്ണം രാവിലെയും ഉച്ചയ്ക്കുമായി ക്ലാസ്സുകൾ നടത്താനുള്ള ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്.

**പാറത്തോട് പഴുമല പി.ജി.ജി.എം. ഗവ. യു.പി.സ്കൂളിന്റെ കെട്ടിട നിർമ്മാണം**

154 (4896) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ പാറത്തോട് പഞ്ചായത്തിലെ പതിനെട്ടാം വാർഡിലെ പഴുമല പി.ജി.ജി.എം. ഗവ. യു.പി. സ്കൂൾ കെട്ടിടം കാലപ്പഴക്കത്താൽ ജീർണ്ണാവസ്ഥയിലായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ പാറത്തോട് പഞ്ചായത്തിലെ പതിനെട്ടാം വാർഡിലെ പഴുമല പി.ജി.ജി.എം.ഗവൺമെന്റ് യു.പി. സ്കൂൾ കെട്ടിടത്തിന് 68 വർഷത്തോളം പഴക്കമുണ്ടെങ്കിലും ആയത് ജീർണ്ണാവസ്ഥയിലാണെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത സ്കൂൾ കെട്ടിടം പുതുക്കിപ്പണിയുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പാറത്തോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ എന്നിവരുടെ നേതൃത്വത്തിൽ സ്കൂൾ പുതുക്കി പണിയുന്നതിനായുള്ള ആലോചനായോഗം കൂടിയിട്ടുണ്ട്. എന്നാൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.

**ചുണ്ടമ്പറ്റ ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിടനിർമ്മാണം**

155 (4897) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബജറ്റിൽ പ്രഖ്യാപിക്കുകയും തുക വകയിരുത്തുകയും ചെയ്ത ചുണ്ടമ്പറ്റ ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള കാലതാമസം എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(ബി) ഈ പദ്ധതിയുടെ ഭരണ - സാങ്കേതിക അനുമതികൾ ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാലതാമസം എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) നടപടികൾ പൂർത്തിയാക്കി അടിയന്തരമായി പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

ചുണ്ടമ്പറ്റ ഹയർ സെക്കണ്ടറി സ്കൂളിലെ കെട്ടിട നിർമ്മാണത്തിന് 2018-19 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകുകയുണ്ടായി. കെട്ടിട നിർമ്മാണത്തിന്റെ എസ്.പി.വി.-യായി ഇൻകെലിനെയാണ് ചുമതലപ്പെടുത്തിയത്. എന്നാൽ, തുടർനടപടികൾ സ്വീകരിക്കുന്നതിന് കാലതാമസമുണ്ടായ സാഹചര്യത്തിൽ എസ്.പി.വി.-യായി കിലയ്ക്ക് ചുമതല നൽകി ഉത്തരവായിട്ടുണ്ട്. ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**കള്ളിമൂട്ടുകാണി ട്രൈബൽ എൽ.പി. സ്കൂൾ സർക്കാർ ഏറ്റെടുക്കാൻ നടപടി**

156 (4898) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ കള്ളിമൂട്ടുകാണി ട്രൈബൽ എൽ.പി. സ്കൂളിന്റെ നിലവിലുള്ള കെട്ടിടവും സ്ഥലവും സർക്കാർ ഏറ്റെടുക്കുന്നത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങൾ എല്ലാവരും മരണപ്പെട്ടതിനാൽ പ്രസ്തുത സ്കൂൾ സർക്കാർ ഏറ്റെടുക്കണമെന്ന് കാണിച്ചുകൊണ്ട് നിലവിലെ അവകാശികൾ നൽകിയ നിവേദനത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

(എ&ബി) ഇതു സംബന്ധിച്ച അപേക്ഷ ലഭിച്ചിട്ടില്ല.

(സി) അവകാശികൾ ഇല്ലാത്ത മാനേജ്മെന്റ് സ്കൂളുകൾ, അവയുടെ ആസ്തി എന്നിവ സർക്കാർ ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

ഇപ്രകാരമുള്ള സ്കൂൾ സർക്കാർ ഏറ്റെടുക്കുന്നത് സംബന്ധിച്ച് കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ പ്രത്യേക വ്യവസ്ഥകൾ നിലവിലില്ല.

**ശ്രീകണ്ഠപുരം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ ലാബ് നവീകരണം**

157 (4899) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 അദ്ധ്യയന വർഷത്തിലെ ലാബ് നവീകരണവുമായി ബന്ധപ്പെട്ട് ശ്രീകണ്ഠപുരം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ അപേക്ഷയിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഹയർ സെക്കണ്ടറി വിഭാഗത്തിൽ ലാബ് നവീകരണവുമായി ബന്ധപ്പെട്ടുള്ള മുൻഗണന ലിസ്റ്റിൽ പ്രസ്തുത സ്കൂൾ ഉൾപ്പെട്ടിട്ടുണ്ടോ?

(എ&ബി) ലാബ് നവീകരണ നിർവ്വഹണ ഏജൻസി (SIDCO) സ്കൂൾ സന്ദർശിക്കുകയും ലാബ് നവീകരണത്തിനായി തെരഞ്ഞെടുക്കേണ്ട സ്കൂളുകളുടെ മുൻഗണനാലിസ്റ്റിൽ പ്രസ്തുത സ്കൂൾ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(സി) മുൻഗണനാക്രമം മറികടന്ന് സംസ്ഥാനത്തെ മറ്റ് സ്കൂളുകളിലെ ലാബുകൾ നവീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ?

ഇല്ല.

(ഡി) പ്രസ്തുത സ്കൂളിലെ ലാബ് നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ലാബ് നവീകരണത്തിനുള്ള സ്കൂളുകളുടെ അന്തിമ തെരഞ്ഞെടുപ്പ് നടന്നുവരുന്നു.

**തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ എച്ച്.എസ്.എ. ഇംഗ്ലീഷ് തസ്തിക**

158 (4900) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ എച്ച്.എസ്.എ. ഇംഗ്ലീഷ് തസ്തികയിൽ 2014-15 അദ്ധ്യയന വർഷം മുതൽ നാളിതുവരെ എത്രവീതം ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അദ്ധ്യയന വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

അദ്ധ്യയന വർഷാടിസ്ഥാനത്തിൽ 2014-15 മുതലുള്ള ഒഴിവുകൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) നിലവിൽ തിരുവനന്തപുരം ജില്ലയിലെ എച്ച്.എസ്.എ. ഇംഗ്ലീഷ് തസ്തികയുടെയും എച്ച്.എസ്.എ. മലയാളം തസ്തികയുടെയും കേഡർ സ്ട്രെംഗ്ത് എത്രയാണെന്ന് അറിയിക്കാമോ?

എച്ച്.എസ്.എ. ഇംഗ്ലീഷ് - 220

എച്ച്.എസ്.എ. മലയാളം - 313.

(സി) മേല്പറഞ്ഞ ജില്ലകളിൽ എച്ച്.എസ്.എ. ഇംഗ്ലീഷ് തസ്തികയിൽ എത്ര ഐ.ഡി.ടി. അദ്ധ്യാപകർ ജോലിചെയ്യുന്നുണ്ട്; ഇവരിൽ എത്രപേർ മാതൃ ജില്ലകളിൽ എച്ച്.എസ്.എ. ഇംഗ്ലീഷ് തസ്തികയിലേയ്ക്ക് പ്രൊമോഷൻ വഴി നിയമിതരായശേഷം ട്രാൻസ്ഫർ ആയി തിരുവനന്തപുരം ജില്ലയിൽ ഐ.ഡി.ടി. വഴി ജോലി ചെയ്യുന്നുവെന്ന് അറിയിക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തിരുവനന്തപുരം ജില്ലയിൽ 18 ഐ.ഡി.ടി. അദ്ധ്യാപകർ ജോലി ചെയ്യുന്നുണ്ട്. മാതൃ ജില്ലയിൽ എച്ച്.എസ്.എ. ഇംഗ്ലീഷ് തസ്തികയിലേയ്ക്ക് പി.ഡി. പ്രൊമോഷൻ വഴി നിയമിതരായശേഷം ട്രാൻസ്ഫർ ആയി തിരുവനന്തപുരം ജില്ലയിൽ അന്തർ ജില്ലാ സ്ഥലംമാറ്റം വഴി ജോലി ചെയ്യുന്നവർ - 1

കൊല്ലം ജില്ലയിൽ 15 ഐ.ഡി.ടി. അദ്ധ്യാപകർ ജോലി ചെയ്യുന്നുണ്ട്. കൊല്ലം ജില്ലയിൽ എച്ച്.എസ്.എ. ഇംഗ്ലീഷ് തസ്തികയിലേയ്ക്ക് പ്രൊമോഷൻ വഴി നിയമിതരായ ശേഷം ഐ.ഡി.ടി. വഴി തിരുവനന്തപുരം ജില്ലയിൽ ജോലി ചെയ്യുന്നവർ ആരും തന്നെയില്ല.

## പരപ്പനങ്ങാടി സ്പെഷ്യൽ സ്കൂൾ ടീച്ചേഴ്സ് ട്രെയിനിംഗ് സെന്ററിലെ ജീവനക്കാർക്ക് ശമ്പളം

159 (4901) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി സ്പെഷ്യൽ സ്കൂൾ ടീച്ചേഴ്സ് ട്രെയിനിംഗ് സെന്ററിലെ ജീവനക്കാർക്ക് ശമ്പളം ലഭിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവർക്ക് ശമ്പളം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ&ബി) ഉണ്ട്. കോവിഡിന്റെ സാഹചര്യത്തിൽ വിദ്യാലയങ്ങൾ തുറന്ന് പ്രവർത്തിക്കാതിരുന്നതിനാൽ 2020 ഏപ്രിൽ മുതൽ 2020 ഡിസംബർ വരെയുള്ള ഓണറേറിയം നൽകിയിട്ടില്ല. എന്നാൽ 2021 ജനുവരി മുതൽ ആഗസ്റ്റ് വരെയുള്ള ഓണറേറിയം നൽകിയിട്ടുണ്ട്. ഇവർ കരാർ ജീവനക്കാരായതിനാൽ കരാർ പുതുക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

## കെ-ടെറ്റ്

160 (4902) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപകർക്കായി നടത്തിവരുന്ന ടീച്ചേഴ്സ് എലിജിബിലിറ്റി ടെസ്റ്റ് സംസ്ഥാനത്ത് ആദ്യമായി നടത്തിയത് ഏത് വർഷത്തിലാണെന്നും എന്ന് മുതലാണ് നിർബന്ധമാക്കിയതെന്നും വ്യക്തമാക്കുമോ;

(ബി) 2016 വരെ ഏതെങ്കിലും വിഭാഗം അദ്ധ്യാപകരെ കെ-ടെറ്റ് പാസ്സാകുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ; ഉത്തരവിന്റെ പകർപ്പ് അടക്കം വിശദാംശം നൽകുമോ?

(എ&ബി) അദ്ധ്യാപകർക്കായി നടത്തിവരുന്ന കെ-ടെറ്റ് പരീക്ഷ 2012-ലാണ് സംസ്ഥാനത്ത് ആദ്യമായി നടത്തിയത്. 25-7-2012-ലെ സ.ഉ(പി) നം.244/2012/പൊ.വി.വ പ്രകാരം 1-6-2012 മുതലുള്ള എയ്ഡഡ് സ്കൂളിലെ നിയമനങ്ങൾക്കും 30-8-016-ലെ സ.ഉ(പി) നം.145/2016/പൊ.വി.വ പ്രകാരം സർക്കാർ സ്കൂളിലെ നിയമനങ്ങൾക്കും കെ-ടെറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. 25-7-2012-ലെ ഉത്തരവ് പ്രകാരം എം.എഡ്. യോഗ്യത നേടിയിട്ടുള്ളവരെയും 30-8-2016-ലെ ഉത്തരവ് പ്രകാരം ബന്ധപ്പെട്ട വിഷയത്തിൽ C.TET/NET/SET/Mphil/Phd. യോഗ്യത നേടിയിട്ടുള്ളവരെയും കെ-ടെറ്റ് യോഗ്യത നേടിയിരിക്കണമെന്ന വ്യവസ്ഥയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(സി) കെ-ടെറ്റ് നിർബന്ധമാക്കുന്നതിന് മുൻപും കെ-ടെറ്റ് പരീക്ഷ നടക്കാത്ത കാലയളവിലും സർവീസിൽ നിയമിതരായ എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് കെ-ടെറ്റ് പാസ്സായില്ലായെന്ന കാരണത്താൽ ഇൻക്രിമെന്റ്, ഗ്രേഡ്, പുതിയ ശമ്പളസ്കെയിൽ എന്നിവ അനുവദിച്ച് നൽകുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കെ-ടെറ്റ് പാസ്സാകുന്നതിന് അനുവദിച്ച ഇളവ് കാലയളവിനുള്ളിൽ കെ-ടെറ്റ് പാസ്സാകാത്ത അദ്ധ്യാപകർക്ക് പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനും ഇൻക്രിമെന്റ്, ഗ്രേഡ് എന്നിവ അനുവദിക്കുന്നതിനും തടസ്സം നിലനിൽക്കുന്നുണ്ട്.

(ഡി) എങ്കിൽ 2012-2016 കാലഘട്ടത്തിലെ ഒരു വിഭാഗം അദ്ധ്യാപകർക്ക് കെ-ടെറ്റ് പരീക്ഷ പാസ്സാകുന്നതിൽ നിന്ന് ഒഴിവാക്കിയത് എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് കൂടി ബാധകമാക്കുന്ന കാര്യം പരിഗണിക്കുമോ?

ഇത്തരത്തിലുള്ള നിവേദനം ലഭിച്ചത് പരിശോധിച്ചുവരികയാണ്.

## എയ്ഡഡ് സ്കൂൾ അദ്ധ്യാപക നിയമനം

161 (4903) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 വർഷം എല്ലാ യോഗ്യതയും നേടി എയ്ഡഡ് സ്കൂൾ അദ്ധ്യാപക നിയമനം ലഭിച്ചെങ്കിലും കോവിഡ്-19 കാരണം നിയമനാംഗീകാരം ലഭിക്കാതെ പോയ അദ്ധ്യാപകർക്ക് ഉയർന്ന പ്രായപരിധിയായ നാൽപ്പത് വയസ്സ് പൂർത്തിയായി കഴിഞ്ഞതിനാൽ വയസ്സിളവ് നൽകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) എങ്കിൽ ഈ വിഷയത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(എ&ബി) 28-9-2021-ലെ സ.ഉ(കൈ) നം.203/2021/പൊ.വി.വ പ്രകാരം എയ്ഡഡ് മേഖലയിൽ 2021-22 അദ്ധ്യയന വർഷത്തിൽ റെഗുലർ ഒഴിവിൽ നടത്താൻ നിർദ്ദേശിച്ചിട്ടുള്ള നിയമനങ്ങളിൽ മാത്രം 1-1-2020-ന് നിയമനത്തിനുള്ള നിർദ്ദിഷ്ട ഉയർന്ന പ്രായപരിധി കഴിയാത്ത, എന്നാൽ 1-1-2021-ന് നിർദ്ദിഷ്ട ഉയർന്ന പ്രായപരിധി കഴിയുന്നവരായ അദ്ധ്യാപകർക്ക്, അവർ മറ്റുവിധത്തിൽ യോഗ്യരാണെങ്കിൽ, നിയമനാംഗീകാരം നൽകുന്നതിന് ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിച്ചും പ്രസ്തുത ഇളവ് എസ്.സി./എസ്.റ്റി./ഒ.ബി.സി. വിഭാഗത്തിലുള്ളവർക്കുംകൂടി ബാധകമാക്കിയും ഉത്തരവായിട്ടുണ്ട്.

## എയ്ഡഡ് സ്കൂൾ നിയമനം

162 (4904) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകാമോ:

(എ) 6-2-2021 -ലെ സ.ഉ.(അ)4/21 പൊ.വി.വ. പ്രകാരം 2016-17 മുതൽ 2019-20 വരെയുള്ള നിയമനങ്ങൾ അംഗീകരിക്കുന്നതിനായി മാനേജർമാർ ഭാവിയിൽ ഉണ്ടാകുന്ന തസ്തികകൾ വിട്ടുനൽകാമെന്ന സത്യപ്രസ്താവന പ്രകാരം അത്രയും തസ്തികകൾ ഒഴിച്ചിട്ടതിനുശേഷമാണോ 2021-22 വർഷം നിയമനം നടത്താൻ അനുമതി നൽകുന്നത്?

6-2-2021-ലെ സ.ഉ.(പി)4/2021/പൊ.വി.വ. പ്രകാരം പുതിയതായി തുടങ്ങിയതോ/ഉയർത്തപ്പെട്ടതോ ആയ സ്കൂളുകളിലെ 2016-17 മുതൽ 2019-20 വരെയുള്ള നിയമനങ്ങൾ അംഗീകരിക്കുന്നതിനായി ഭാവിയിൽ ഉണ്ടാകുന്ന തസ്തിക വിട്ടുനൽകണമെന്ന് സത്യപ്രസ്താവന മാനേജർമാർ സമർപ്പിക്കണം. പുതിയതായി ആരംഭിച്ചതോ/ഉയർത്തപ്പെട്ടതോ ആയ വിദ്യാലയത്തിൽ 2021-22 വർഷംതന്നെ സത്യപ്രസ്താവന പ്രകാരമുള്ള സംരക്ഷിതാദ്ധ്യാപക നിയമനം നടത്തേണ്ടതാണ്. പരാമർശിത സത്യപ്രസ്താവന ഫയൽ ചെയ്യുന്നത് സംബന്ധിച്ചുള്ള സ്പഷ്ടീകരണം സർക്കാർ പുറപ്പെടുവിച്ചതിന്റെയും പൊതുവിദ്യാഭ്യാസ ഡയറക്ടർ അതനുസരിച്ച് മാർഗ്ഗനിർദ്ദേശം നൽകിയതിന്റെയും പകർപ്പുകൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) ഒഴിച്ചിടുന്ന പ്രസ്തുത ഒഴിവുകളിൽ സംരക്ഷിത അദ്ധ്യാപകരെ നിയമിക്കാതിരിക്കുന്ന കാലയളവിൽ അദ്ധ്യയനം മുടങ്ങാതിരിക്കാൻ ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്താൻ മാനേജർമാർക്ക് അനുമതി നൽകുമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) മേൽ ഉത്തരവിലെ അവ്യക്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തത വരുത്തുന്നതിനായി പൊതുവിദ്യാഭ്യാസ സെക്രട്ടറിക്ക് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ?

(ബി&സി) സംരക്ഷിതാദ്ധ്യാപകരെ നിയമിക്കേണ്ടതായ ഒഴിവുകളിൽ അവരുടെ നിയമനം സാദ്ധ്യമാകുന്നതുവരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്താൻ അനുമതി നൽകുന്ന പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 2-6-2019 -ലെ എച്ച്2/4747/2019/ഡി.പി.ഐ. പ്രകാരമുള്ള നിർദ്ദേശം നിലവിലുണ്ട്. 6-2-2021-ലെ ജി.ഒ(പി) നം.4/2021/പൊ.വി.വ. ഉത്തരവ് ചില വ്യവസ്ഥകൾക്ക് വിധേയമായി 2016-17 മുതൽ 2019-20 വരെ നിയമനാംഗീകാരം ഇല്ലാതെ തുടർന്നുവരുന്നവർക്ക് അംഗീകാരം നൽകുന്നതിനായി പുറപ്പെടുവിച്ചതാണ്. അതിൽ മാനേജർ സത്യപ്രസ്താവന നൽകണമെന്ന വ്യവസ്ഥയും ഉൾപ്പെടുന്നു. ഈ ഉത്തരവ് നടപ്പാക്കുന്ന കാര്യത്തിൽ വ്യക്തത വരുത്തി 25-2-2021-ന് ജെ2/87/2020/പൊ.വി.വ നമ്പർ കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

## എയ്ഡഡ് സ്കൂളിലെ ഒഴിവുകളിലെ നിയമനം

163 (4905) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എയ്ഡഡ് സ്കൂളുകളിൽനിന്നും മന്ത്രിമാരുടെയും എം.എൽ.എ.-മാരുടെയും പേഴ്സണൽ സ്റ്റാഫിലേയ്ക്ക് നിയമിതരായവരുടെ ഒഴിവിലേയ്ക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നൽകാൻ നിലവിൽ തടസ്സങ്ങളുണ്ടോ എന്ന് വ്യക്തമാക്കുമോ?

എയ്ഡഡ് സ്കൂളുകളിൽ നിന്നും മന്ത്രിമാരുടെയും എം.എൽ.എ.-മാരുടെയും പേഴ്സണൽ സ്റ്റാഫിലേയ്ക്ക് നിയമിതരായവരുടെ ഒഴിവിലേയ്ക്ക് ദിവസവേതന അടിസ്ഥാനത്തിൽ നിയമനം നല്കാമെന്ന് നിർദ്ദേശിക്കുന്ന പൊതു ഉത്തരവുകൾ നിലവിലില്ല. എന്നിരുന്നാലും 30 ദിവസത്തിലധികവും ഒരു അക്കാദമിക വർഷത്തിനുള്ളിലുള്ളതുമായ ദൈർഘ്യമുള്ള അവധി ഒഴിവുകൾ ദിവസവേതനാടിസ്ഥാനത്തിൽ നികത്താൻ അനുമതി നൽകിയിട്ടുണ്ട്. മാത്രമല്ല, ഒരു അക്കാദമിക വർഷത്തിലധികം ദൈർഘ്യമുള്ള താത്ക്കാലിക ഒഴിവുകൾ സംരക്ഷിതാദ്ധ്യാപകരെ വച്ച് (കെ.ഇ.ആർ.-ലെ വിവിധ ചട്ടപ്രകാരമുള്ള അവകാശികൾ നിയമനത്തിന് ലഭ്യമല്ലാത്ത പക്ഷം) നികത്താൻ കെ.ഇ.ആർ. അധ്യായം 21 ചട്ടം 7(4) പ്രകാരം അനുമതിയുണ്ട്.

## എയ്ഡഡ് സ്കൂളുകളിലെ ലീവ് വേക്കൻസി

164 (4906) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളിലെ ലീവ് വേക്കൻസിയിൽ നിലവിൽ ഏത് തരത്തിലുള്ള നിയമനമാണ് നടത്താൻ കഴിയുന്നതെന്ന് വിശദമാക്കുമോ;

(ബി) 5 വർഷത്തെ ലീവ് വേക്കൻസിയിൽ ഏത് തരത്തിലുള്ള നിയമനമാണ് നടത്താൻ കഴിയുന്നത് എന്ന് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ചുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(എ&ബി) ഒരു അക്കാദമിക് വർഷമോ അതിലധികമോ ഉള്ള ലീവ് വേക്കൻസികളിൽ കെ.ഇ.ആർ. അദ്ധ്യായം XXI, ചട്ടം 7(4) പ്രകാരം ചട്ടം 43, 51 A, 51 B അവകാശികൾക്ക് വിധേയമായി സംരക്ഷിതാദ്ധ്യാപകരെയാണ് നിയമിക്കേണ്ടത്. 30 ദിവസത്തിലധികവും ഒരു അക്കാദമിക് വർഷത്തിൽ കുറവുമുള്ള ലീവ് വേക്കൻസികളിൽ ദിനവേതനാടിസ്ഥാനത്തിലുള്ള നിയമനം നടത്താവുന്നതാണ്. 3-12-2016-ലെ സ.ഉ(പി) നമ്പർ.199/2016/പൊ.വി.വ ഉത്തരവിന്റെ പകർപ്പ് അനുബന്ധം ആയി* ചേർത്തിട്ടുണ്ട്.

## അറ്റകുറ്റപ്പണികൾക്കുള്ള സർക്കാർ ഗ്രാന്റ് അനുവദിക്കാൻ നടപടി

165 (4907) ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അറ്റകുറ്റപ്പണികൾക്കുള്ള സർക്കാർ ഗ്രാന്റ് ലഭിക്കാത്തതിനാൽ എയ്ഡഡ് സ്കൂളുകൾ പ്രതിസന്ധിയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സ്കൂളുകൾ തുറക്കാൻ തീരുമാനിച്ചിരിക്കുന്ന ഈ സാഹചര്യത്തിൽ ഗ്രാന്റ് അനുവദിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ എയ്ഡഡ് പ്രൈമറി സ്കൂളുകൾക്ക് 1,47,30,000 രൂപയും എയ്ഡഡ് സെക്കണ്ടറി സ്കൂളുകൾക്ക് 1,47,70,000 രൂപയും വിതരണം ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 2021-22 അദ്ധ്യയന വർഷത്തെ തസ്തിക നിർണ്ണയം നടക്കാത്തതിനാൽ 2019-20 വർഷത്തെ സാദ്ധ്യായ ദിനത്തിലെ കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ 2021-22 വർഷത്തെ മെയിന്റനൻസ് ഗ്രാന്റ് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഭിന്നശേഷിക്കാർക്ക് സംവരണം

166 (4908) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ ഭിന്നശേഷിക്കാർക്ക് നാല് ശതമാനം സംവരണം ഏർപ്പെടുത്തിയ ഉത്തരവ് പ്രൈമറി, സെക്കണ്ടറി, ഹയർസെക്കണ്ടറി തലങ്ങളിൽ നടപ്പാക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പ് പ്രത്യേക മാർഗ്ഗരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ടോ?

ഇല്ല.

(ബി) ഇല്ലെങ്കിൽ ആയത് അടിയന്തരമായി പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

നടപടി സ്വീകരിച്ചുവരുന്നു.

## എയ്ഡഡ് സ്കൂൾ അദ്ധ്യാപക നിയമനം

167 (4909) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 6-2-2021-ലെ സ.ഉ.(അച്ചടി)4/21/പൊ.വി.വ. പ്രകാരം 2016-17 മുതൽ 2019-20 വരെയുള്ള നിയമനങ്ങൾ അംഗീകരിക്കുന്നതിനായി സ്കൂൾ മാനേജർമാർ ഭാവിയിലുണ്ടാകുന്ന തസ്തികകൾ സംരക്ഷിത അദ്ധ്യാപകരെ നിയമിക്കുന്നതിനായി വിട്ടുനൽകാമെന്ന സത്യപ്രസ്താവന നൽകേണ്ടതുണ്ടോ; എങ്കിൽ 2021-22 വർഷം നിയമനം നടത്താൻ ഒഴിച്ചിടുന്ന പ്രസ്തുത ഒഴിവുകളിൽ സംരക്ഷിത അദ്ധ്യാപകരെ നിയമിക്കുന്നകാലംവരെ അദ്ധ്യയനം മുടങ്ങാതിരിക്കാൻ ദിവസ വേതനത്തിൽ അദ്ധ്യാപകരെ നിയമിക്കാൻ അനുമതി നൽകുമോ;

(ബി) മേൽ ഉത്തരവിലെ അവ്യക്തത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തത വരുത്തുന്നതിനായി പൊതു വിദ്യാഭ്യാസ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

(എ&ബി) സംരക്ഷിതാദ്ധ്യാപകരെ നിയമിക്കേണ്ടതായ ഒഴിവുകളിൽ അവരുടെ നിയമനം സാദ്ധ്യമാകുന്നതുവരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്താൻ അനുമതി നൽകുന്ന പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 2-6-2019-ലെ എച്ച്2/4747/2019/ഡി.പി.ഐ. പ്രകാരമുള്ള നിർദ്ദേശം നിലവിലുണ്ട്. 6-2-2021-ലെ ജി.ഒ(പി) നം.4/2021/പൊ.വി.വ. ഉത്തരവ് ചില വ്യവസ്ഥകൾക്ക് വിധേയമായി 2016-17 മുതൽ 2019-20 വരെ നിയമനാംഗീകാരം ഇല്ലാതെ

തുടർന്ന് വരുന്നവർക്ക് അംഗീകാരം നൽകുന്നതിനായി പുറപ്പെടുവിച്ചതാണ്. അതിൽ മാനേജർ സത്യപ്രസ്താവന നൽകണമെന്ന വ്യവസ്ഥയും ഉൾപ്പെടുന്നു. ഈ ഉത്തരവ് നടപ്പാക്കുന്ന കാര്യത്തിൽ വ്യക്തത വരുത്തി 25-2-2021-ന് ജെ2/87/2020/പൊ.വി.വ നമ്പർ കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഡിപ്ലോമ ഇൻ എലിമെന്ററി എഡ്യൂക്കേഷൻ**

168 (4910) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിപ്ലോമ ഇൻ എലിമെന്ററി എഡ്യൂക്കേഷൻ (ഡി.ഇഎൽ.ഇഡി.) പ്രവേശനത്തിനുള്ള വിജ്ഞാപനം വൈകുന്നതിനാൽ ആയിരക്കണക്കിന് വിദ്യാർത്ഥികൾ അദ്ധ്യായനവർഷം നഷ്ടപ്പെടുമോ എന്ന ആശങ്കയിലാണെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഏത് മാസത്തിലാണ് ഈ കോഴ്സിന്റെ വിജ്ഞാപനം പുറപ്പെടുവിച്ച് പ്രവേശനം നൽകാറുള്ളതെന്ന് വ്യക്തമാക്കാമോ?

ഹയർ സെക്കണ്ടറി പരീക്ഷാ ഫലം പ്രസിദ്ധീകരിക്കുന്നമുറയ്ക്കാണ് സാധാരണ ഡി.ഇഎൽ.ഇഡി. (ഡിപ്ലോമ ഇൻ എലിമെന്ററി എഡ്യൂക്കേഷൻ) കോഴ്സിലേക്ക് പ്രവേശനത്തിനായി വിജ്ഞാപനം പുറപ്പെടുവിക്കാറുള്ളത്. വിജ്ഞാപനം പുറപ്പെടുവിച്ച് കഴിഞ്ഞ് 2 മാസത്തിനകം പ്രവേശനം സാദ്ധ്യമാക്കാറുണ്ട്.

(സി) ഇപ്രാവശ്യത്തെ വിജ്ഞാപനം പുറപ്പെടുവിക്കാൻ വൈകിയിട്ടുണ്ടോ; എങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ അദ്ധ്യാപക കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത് നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷന്റെ (എൻ.സി.റ്റി.ഇ.) അംഗീകാരത്തോടെയും എൻ.സി.റ്റി.ഇ.-യുടെ മാനദണ്ഡങ്ങൾക്ക് അനുസൃതവുമായാണ്. എന്നാൽ എൻ.സി.റ്റി.ഇ. മാനദണ്ഡങ്ങൾ പാലിക്കാതെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ അഡ്മിഷൻ നടത്തരുതെന്ന് എൻ.സി.റ്റി.ഇ. നിർദ്ദേശിച്ചിട്ടുണ്ട്. കോവിഡ് 19-ന്റെ പ്രത്യേക സാഹചര്യത്തിൽ അത്തരം സ്ഥാപനങ്ങളിൽ 2020-2022 അദ്ധ്യയനവർഷം പ്രവേശനം നടത്തിയിരുന്നു. എന്നാൽ 2021-2023 അദ്ധ്യയന വർഷത്തിൽ ഇത്തരം സ്ഥാപനങ്ങളുടെ കാര്യത്തിൽ തീരുമാനങ്ങളൊന്നും ആകാത്തതിനാലാണ് വിജ്ഞാപനം പുറപ്പെടുവിക്കാൻ കഴിയാതിരുന്നത്. ഇക്കാര്യത്തിൽ തീരുമാനമാകുന്ന മുറയ്ക്ക് അടിയന്തരമായി വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്.

(ഡി) ഡിപ്ലോമ ഇൻ എലിമെന്ററി എഡ്യൂക്കേഷന് പ്രവേശനം കിട്ടാറുള്ളത് ആർക്കാണെന്നും ഇതിന് അപേക്ഷിക്കുന്നവർക്ക് ബിരുദത്തിനും അപേക്ഷിക്കാൻ കഴിയുമോയെന്നും വ്യക്തമാക്കാമോ?

ഹയർ സെക്കണ്ടറി/തത്തുല്യ യോഗ്യതയുള്ള വിദ്യാർത്ഥികൾക്കാണ് ഡിപ്ലോമ ഇൻ എലിമെന്ററി എഡ്യൂക്കേഷൻ കോഴ്സിന് അപേക്ഷിക്കാൻ കഴിയുന്നത്. ബിരുദത്തിന് അപേക്ഷിക്കാനുള്ള യോഗ്യത നിശ്ചയിക്കുന്നത് അതാത് യൂണിവേഴ്സിറ്റികളാണ്.

## തിരുവനന്തപുരം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ് മാറ്റി സ്ഥാപിക്കാൻ നടപടി

169 (4911) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ് നിലവിൽ മാറ്റിയിരിക്കുന്ന കെട്ടിടത്തിലെ സ്ഥലപരിമിതി, ഓഫീസ് പ്രവർത്തനത്തെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സ്ഥലപരിമിതിമൂലം ഓഫീസിലെ ജീവനക്കാർക്ക് സാമൂഹിക അകലം പാലിക്കാനാവാത്ത സാഹചര്യം നിലവിലുണ്ടോ; വിശദമാക്കുമോ?

(എ&ബി) തിരുവനന്തപുരം ടെക്സ്റ്റ് ബുക്ക് ഓഫീസിലേയ്ക്ക് താൽക്കാലികമായി മാറ്റിയിട്ടുള്ള തിരുവനന്തപുരം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിന് സ്ഥലപരിമിതി ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിലും ജീവനക്കാർക്ക് സാമൂഹിക അകലം പാലിക്കാനാവാത്ത തരത്തിലുള്ള സ്ഥലപരിമിതിയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പ്രസ്തുത ഓഫീസിലെ സെക്ഷനുകൾ പാഠപുസ്തക ആഫീസിലെ ഒഴിവുള്ള സ്ഥലത്തേയ്ക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

പ്രസ്തുത ഓഫീസിലെ സെക്ഷനുകൾ പാഠപുസ്തക ആഫീസ് പ്രവർത്തിക്കുന്ന രണ്ടാമത്തെ നിലയിൽ, നിലവിൽ ഒഴിവുള്ള സ്ഥലത്തേയ്ക്ക് മാറ്റിസ്ഥാപിക്കേണ്ട ആവശ്യകത ഉണ്ടെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കുവാൻ തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## പാരലൽ കോളേജ് / ട്യൂഷൻ മേഖലകൾ തുറക്കുന്നതിന് തീരുമാനം

170 (4912) <u>ഡോ. മാത്യു കുഴൽനാടൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്ക്ഡൗൺ നിബന്ധനകൾ മാറ്റിയിട്ടുള്ള സാഹചര്യത്തിൽ പാരലൽ കോളേജ്/ട്യൂഷൻ മേഖലകൾ തുറക്കുന്നതിന് സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ബി) ഇല്ലായെങ്കിൽ സ്കൂളുകൾ തുറന്ന് പ്രവർത്തിപ്പിക്കുവാൻ സർക്കാർ തീരുമാനിച്ച സാഹചര്യത്തിൽ പ്രസ്തുത മേഖലയും തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് വിദഗ്ധസമിതിയുമായി കൂടിയാലോചന നടത്തി സർക്കാർ തീരുമാനം കൈക്കൊള്ളുമോ?

(എ&ബി) സംസ്ഥാനത്ത് കോവിഡ് മഹാമാരിയുടെ വ്യാപനം നിയന്ത്രിക്കുന്നതിനും അതോടൊപ്പം പൊതുജനങ്ങളുടെ ജീവനോപാധി സംരക്ഷിക്കുന്നതിനുമായി വിവിധ തരത്തിലുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. അതത് സമയത്തെ കോവിഡ് വ്യാപന തോതും ആശുപത്രികളിൽ പ്രവേശിക്കപ്പെടുന്ന രോഗികളുടെ സംഖ്യയും സംസ്ഥാനത്തെ കോവിഡ് വാക്സിനേഷൻ പുരോഗതിയും ഇതുമായി ബന്ധപ്പെട്ട മറ്റ് സാമൂഹിക ആരോഗ്യ പരിപാലന വിഷയങ്ങളും കണക്കിലെടുത്ത ശേഷമാണ് ഓരോ സമയത്തും ആവശ്യമായ നിയന്ത്രണങ്ങളും ഇളവുകളും തീരുമാനിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർക്കുന്ന ക്രൈസിസ് മാനേജ്മെന്റ് ഗ്രൂപ്പ് യോഗത്തിൽ ഉയർന്നുവരുന്ന നിർദ്ദേശങ്ങളിലുള്ള തീരുമാനങ്ങൾ സ്വീകരിച്ചാണ് നിയന്ത്രണങ്ങളും ഇളവുകളും ഏർപ്പെടുത്തുന്നത്. സംസ്ഥാനത്തെ കോവിഡ് സാഹചര്യം വിദഗ്ധ സമിതി പരിശോധിച്ച് വ്യാപനത്തോത് നിയന്ത്രണ വിധേയമാണെന്ന് വിലയിരുത്തുന്ന മുറയ്ക്ക് പാരലൽ കോളേജുകൾ / ട്യൂഷൻ മേഖലകൾ തുറന്ന് നൽകുന്നതിന് അനുമതി നൽകുന്ന വിഷയം പരിഗണിക്കുന്നതാണ്.

## കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ അനുവദിച്ച ചലഞ്ച് ഫണ്ട്

171 (4913) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ നിന്നും എത്ര സ്കൂളുകളാണ് നാളിതുവരെയായി ചലഞ്ച് ഫണ്ട് അനുവദിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിലെ എത്ര സ്കൂളുകൾക്ക് ചലഞ്ച് ഫണ്ട് അനുവദിച്ച് ഉത്തരവായിട്ടുണ്ടെന്നും ഇനി എത്ര സ്കൂളുകൾക്ക് അനുവദിക്കാൻ ബാക്കിയുണ്ടെന്നും അറിയിക്കുമോ; വിശദമാക്കാമോ;

(സി) ഈ ഫണ്ട് അനുവദിച്ച് പ്രവൃത്തി പൂർത്തിയായ കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ സ്കൂളുകൾ ഏതൊക്കെയാണെന്നും എത്ര രൂപ വീതമാണ് ഓരോ സ്കൂളിനും ചലഞ്ച് ഫണ്ടായി അനുവദിച്ചതെന്നും അറിയിക്കുമോ; വിശദമാക്കാമോ?

(എ-സി) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ നിന്നും ചലഞ്ച് ഫണ്ട് അനുവദിക്കുന്നതിനായി പ്രൊപ്പോസൽ നൽകിയിട്ടുള്ള താഴെപ്പറയുന്ന 4 സ്കൂളുകൾക്ക് തുക അനുവദിക്കുകയും പ്രസ്തുത സ്കൂളുകളിൽ നിർമ്മാണ പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

1. സെന്റ് മേരീസ് എൽ.പി.സ്കൂൾ, പുന്നച്ചേരി - 25 ലക്ഷം രൂപ.

2. ചെറുകുന്ന് മുസ്ലീം എൽ.പി.സ്കൂൾ, പള്ളിച്ചാൽ- 25 ലക്ഷം രൂപ.

3. ചെറുതാഴം എ.എൽ.പി.സ്കൂൾ, മണ്ടൂർ- 25 ലക്ഷം രൂപ.

4. താവത്ത് ദേവീവിലാസം എൽ.പി.സ്കൂൾ, താവം- 25 ലക്ഷം രൂപ.

(ഡി) പൂർത്തിയായ പ്രവൃത്തികൾക്ക് ചലഞ്ച് ഫണ്ട് ഇനിയും നൽകാനുള്ള സ്കൂളുകൾ ഏതൊക്കെയാണെന്നും പ്രസ്തുത സ്കൂളുകൾക്ക് ഫണ്ട് ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ?

താവത്ത് ദേവീവിലാസം എ.എൽ.പി. സ്കൂളിന്റെ പ്രവൃത്തി പൂർത്തിയായെങ്കിലും സ്കൂളിന് അനുവദിച്ച ഫണ്ടിന് യഥാസമയം ബില്ലും അനുബന്ധ രേഖകളും ലഭ്യമാക്കാത്തതിനാൽ തുക നൽകുവാൻ കഴിഞ്ഞിട്ടില്ല.

## **സർട്ടിഫിക്കറ്റുകൾ തിരുത്തുന്നതിന് നൽകുന്ന അപേക്ഷകളിൽ നടപടി**

172 (4914) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹയർ സെക്കണ്ടറി, എസ്.എസ്.എൽ.സി, കെ-ടെറ്റ്, സെറ്റ് പരീക്ഷകളുടെ സർട്ടിഫിക്കറ്റുകൾ തിരുത്തുന്നതിന് നൽകുന്ന അപേക്ഷകളിന്മേൽ താമസംവിനാ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി, കെ-ടെറ്റ്, സെറ്റ് പരീക്ഷകളുടെ സർട്ടിഫിക്കറ്റുകൾ തിരുത്തുന്നതിനായി എല്ലാ രേഖകളും ഉൾപ്പെടെ സമർപ്പിക്കുന്ന അപേക്ഷകളിൽ കാലതാമസം ഉണ്ടാകാത്തവിധം തിരുത്തലുകൾ വരുത്തി സർട്ടിഫിക്കറ്റുകൾ വിതരണം നടത്തുന്നുണ്ട്.

## അംഗീകാരം ഇല്ലാത്ത സ്കൂളുകൾക്ക് അംഗീകാരം നല്കാൻ നടപടി

173 (4915) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഞ്ചോ അതിലധികമോ വർഷങ്ങളായി വിദൂര പ്രദേശങ്ങളിൽ അംഗീകാരം ലഭിക്കാതെ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നല്കാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) അംഗീകാരം ലഭിക്കാത്തതുമൂലം നല്ല നിലയിൽ ഗ്രാമപ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന വിദ്യാലയങ്ങൾക്ക് സുഗമമായി പ്രവർത്തിക്കാൻ കഴിയാത്തത് പരിഗണിച്ച് അംഗീകാരം നല്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിച്ചുവരുന്ന സ്കൂളുകളിൽ CBSE/ICSE സിലബസിലുള്ള സ്കൂളുകൾക്ക് എൻ.ഒ.സി.-യും അംഗീകാരവും നൽകുന്നതിന് 1-3-2019-ലെ ജി.ഒ.(എം.എസ്)22/19/പൊ.വി.വ. ഉത്തരവ് പ്രകാരവും സ്റ്റേറ്റ് സിലബസിലുള്ള സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിന് 22-5-2019-ലെ ജി.ഒ.(എം.എസ്)45/2019/പൊ.വി.വ. ഉത്തരവ് പ്രകാരവും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ടി മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് അപേക്ഷകൾ ലഭ്യമാക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകി വരുന്നതോടൊപ്പം 22-10-2021-ലെ സ.ഉ.(എം.എസ്)നം.233/2021/പൊ.വി.വ. പ്രകാരം അപേക്ഷകൾ സമർപ്പിക്കുന്നതിന് സമയക്രമം നിശ്ചയിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

(സി) അംഗീകാരം ഇല്ലാതെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്കൂളുകളുടെ ജില്ല തിരിച്ചുള്ള പട്ടിക നൽകുമോ; ഇവ ഓരോന്നും എത്ര കൊല്ലമായി പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

നിലവിൽ അംഗീകാരം ഇല്ലാതെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്കൂളുകളുടെ ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധമായി* ചേർത്തിട്ടുണ്ട്.

## സർട്ടിഫിക്കറ്റുകളുടെ അച്ചടിയും വിതരണവും

174 (4916) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹയർ സെക്കണ്ടറി സർട്ടിഫിക്കറ്റുകളുടെ അച്ചടിക്കും വിതരണത്തിനും ഏർപ്പെടുത്തിയ സംവിധാനങ്ങൾ എന്താണെന്ന് വിശദമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഹയർ സെക്കണ്ടറി സർട്ടിഫിക്കറ്റുകൾ ആർ.ബി.ഐ. അംഗീകൃത സെക്യൂരിറ്റി പ്രിന്റിംഗ് പ്രസ്സിലാണ് പ്രിന്റ് ചെയ്യുന്നത്. ഇതിനായി ഓരോ വർഷവും ഇ - ടെണ്ടർ ക്ഷണിച്ചാണ് സെക്യൂരിറ്റി പ്രിന്റിംഗ് പ്രസ്സിനെ തെരഞ്ഞെടുക്കുന്നത്. കരാറിൽ ഏർപ്പെടുന്ന സെക്യൂരിറ്റി പ്രിന്റിംഗ് പ്രസ്സിലേയ്ക്ക് സർട്ടിഫിക്കറ്റ് ഡാറ്റ കൈമാറുന്നതിനും പ്രിന്റിംഗ് മേൽനോട്ടം വഹിക്കുന്നതിലേയ്ക്കും ഡയറക്ടറേറ്റിൽ നിന്നും ജീവനക്കാരെ നിയോഗിക്കുകയും ഇപ്രകാരം പ്രിന്റ് ചെയ്യുന്ന സർട്ടിഫിക്കറ്റുകൾ സ്കൂൾ അടിസ്ഥാനത്തിൽ പാക്ക് ചെയ്തു തപാൽമാർഗ്ഗം സ്കൂളുകളിലേയ്ക്ക് എത്തിക്കുകയും ചെയ്യുന്നു. സ്കൂൾ പ്രിൻസിപ്പൽമാർ സർട്ടിഫിക്കറ്റുകളിൽ സ്കൂൾ സീലും പ്രിൻസിപ്പലിന്റെ പേരും ഒപ്പും രേഖപ്പെടുത്തി സർട്ടിഫിക്കറ്റുകൾ പരീക്ഷാർത്ഥികൾക്ക് വിതരണം ചെയ്യുകയും ചെയ്യുന്നു.

## പ്ലാൻ ഫണ്ട്

175 (4917) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പ്ലാൻ ഫണ്ടിൽ നിന്നും ഏതെല്ലാം സ്കൂളുകൾക്ക് എത്ര രൂപ വീതം നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

2021-22 സാമ്പത്തിക വർഷത്തിൽ ഗവ. എൽ.പി.സ്കൂൾ, പൂഞ്ഞാർ, കോട്ടയത്തിന് 50 ലക്ഷം രൂപ വിനിയോഗിച്ച് കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഗവ. ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലാബ് ഉപകരണങ്ങൾ, ഫർണിച്ചർ, ലൈബ്രറി പുസ്തകങ്ങൾ എന്നിവ വാങ്ങുന്നതിനായി ആകെ 500 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. സ്കൂളുകളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി) പ്ലാൻ ഫണ്ടിൽ നിന്ന് സ്കൂളുകൾക്ക് ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പ്ലാൻ ഫണ്ടിൽ നിന്ന് തുക ലഭ്യമാക്കുന്നതിന് അപേക്ഷ സമർപ്പിക്കേണ്ടതുണ്ടോ; എങ്കിൽ അപേക്ഷ സമർപ്പിക്കേണ്ട രീതി വിശദമാക്കാമോ?

(ബി&സി) അടിസ്ഥാന സൗകര്യ വികസനത്തിന് സ്കൂളുകൾക്ക് തുക അനുവദിക്കുന്നതിനായി 'പ്രൈസ് (PRICE)' സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ വിശദമായ എസ്റ്റിമേറ്റും പ്ലാനും അംഗീകൃത ഏജൻസി മേലൊപ്പ് വച്ച് വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ ശിപാർശയോടെ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകേണ്ടതാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) ഒരു വർഷം പ്ലാൻ ഫണ്ടിൽ നിന്ന് സ്കൂളുകൾക്ക് എത്ര തുകയാണ് അനുവദിക്കുന്നതെന്നും ഏതെല്ലാം ആവശ്യങ്ങൾക്കാണ് തുക വിനിയോഗിക്കേണ്ടതെന്നും വ്യക്തമാക്കാമോ?

സ്കൂളുകളുടെ ആവശ്യകത പരിശോധിച്ച് പദ്ധതി വിഹിതത്തിന്റെ ലഭ്യതയ്ക്കനുസൃതമായിട്ടാണ് സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് തുക അനുവദിക്കുന്നത്.

## എയ്ഡഡ് സ്കൂൾ നിയമനം

176 (4918) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 28-2-2019-ലെ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സ.ഉ 03/2019/പൊ.വി.വ. പ്രകാരം നടപ്പിലാക്കിയ കെ.ഇ.ആർ. ഭേദഗതികളുടെയും തുടർന്നുള്ള ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ കേരളത്തിലെ എയ്ഡഡ് സ്കൂളുകളിൽ 2016-17 മുതൽ 2019-20 വരെ ഒഴിവ് വന്ന അദ്ധ്യാപക തസ്തികകളിൽ എത്ര അദ്ധ്യാപക തസ്തികകൾ സർക്കാരിന് വിട്ടു നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ?

ജില്ല തിരിച്ചുള്ള ആകെ എണ്ണം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1. | തിരുവനന്തപുരം | - | 33 |
| 2. | കൊല്ലം | - | 145 |
| 3. | പത്തനംതിട്ട | - | 15 |
| 4. | ആലപ്പുഴ | - | 33 |
| 5. | കോട്ടയം | - | 16 |
| 6. | ഇടുക്കി | - | 83 |
| 7. | എറണാകുളം | - | 126 |
| 8. | തൃശ്ശൂർ | - | 28 |
| 9. | പാലക്കാട് | - | 87 |
| 10. | മലപ്പുറം | - | 788 |
| 11. | കോഴിക്കോട് | - | 141 |
| 12. | വയനാട് | - | 27 |
| 13. | കണ്ണൂർ | - | 209 |
| 14. | കാസർഗോഡ് | - | 98 |

(ബി) തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) ജില്ലാതലത്തിൽ ഇത് സംബന്ധിച്ച് ഒഴിവുകളുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഈ ഒഴിവുകളിൽ സംരക്ഷിത അദ്ധ്യാപകരുടെ പുനർവിന്യാസം നടത്തിയിട്ടുണ്ടോ?

(സി&ഡി) വിവരം അനുബന്ധമായി* ചേർക്കുന്നു. ജില്ലകളിൽ ലഭ്യമായ സംരക്ഷിതാദ്ധ്യാപകരെ ടി ഒഴിവുകളിൽ വിദ്യാഭ്യാസ ഉപഡയറക്ടർമാർ പുനർവിന്യസിച്ച് നൽകിയിട്ടുണ്ട്. എന്നിട്ടും ബാക്കിവന്ന ഒഴിവുകളിൽ മറ്റു ജില്ലകളിലെ സ്ഥിരമായി പുനർവിന്യാസം ലഭിക്കാത്ത സംരക്ഷിതാദ്ധ്യാപകരെ, പൊതുവിദ്യാഭ്യാസ ഡയറക്ടർ പുനർവിന്യസിച്ചു നൽകിയിട്ടുണ്ട്. അതിന്മേലുള്ള ജില്ലാതല ഒഴിവുകൾ കണക്കാക്കിവരുന്നു. ജില്ലയിൽ ലഭ്യമല്ലാത്ത കാറ്റഗറിയിലുള്ള സംരക്ഷിതാദ്ധ്യാപകരെ മറ്റു ജില്ലകളിൽ ലഭ്യമായവരെ പുനർവിന്യസിച്ചു നൽകാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) സംരക്ഷിത അദ്ധ്യാപകരുടെ പുനർവിന്യാസത്തിനുശേഷവും തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത തസ്തികകളിൽ അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; അദ്ധ്യയനം മുടങ്ങാതിരിക്കാൻ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്താൻ മാനേജർമാർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുമോ; വ്യക്തമാക്കുമോ?

പുനർവിന്യാസത്തിനുശേഷവും ചില കാറ്റഗറിയിലെ തസ്തികകൾ ഒഴിഞ്ഞു കിടക്കാൻ ഇടയുണ്ട്. അദ്ധ്യയനം മുടങ്ങാതിരിക്കാൻ സംരക്ഷിതാദ്ധ്യാപകരെ നിയമിക്കേണ്ടതായ ഒഴിവുകളിൽ അവരുടെ നിയമനം സാദ്ധ്യമാകുന്നതുവരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്താൻ അനുമതി നൽകുന്ന പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 2-6-2019-ലെ എച്ച്2/4747/2019/ ഡി.പി.ഐ. പ്രകാരമുള്ള നിർദ്ദേശം നിലവിലുണ്ട്.

## ഗുരുവായൂർ നിയോജകമണ്ഡലത്തിലെ സർക്കാർ സ്കൂളുകളിലെ അദ്ധ്യാപക ഒഴിവുകൾ

177 (4919) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിൽ സർക്കാർ പ്രൈമറി സ്കൂൾ, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂൾ എന്നിവയിൽ ഒഴിവുള്ള അദ്ധ്യാപക തസ്തികകളുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1. എൽ.പി.എസ്.ടി. - 18
2. ജൂനിയർ അറബിക് - 1
3. എച്ച്.എസ്.എ. (മലയാളം) - 1
4. എച്ച്.എസ്.ടി. (ഹിന്ദി) - 2
5. എച്ച്.എസ്.ടി. (അറബിക്) (പാർട്ട് ടൈം ) - 1
6. എച്ച്.എസ്.ടി. (ഫിസിക്കൽ സയൻസ്) - 1

ഹയർ സെക്കണ്ടറി തലത്തിലുള്ള ഒഴിവുകൾ ചുവടെ ചേർക്കുന്നു.

ഗവ. എച്ച്.എസ്.എസ്. ചാവക്കാട്, തൃശ്ശൂർ എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) - സംസ്കൃതം - 1

എച്ച്.എസ്.എസ്.റ്റി. - ബോട്ടണി - 1

ഗവ. എച്ച്.എസ്.എസ്. കൊച്ചന്നൂർ, തൃശ്ശൂർ എച്ച്.എസ്.എസ്.റ്റി. - കെമിസ്ട്രി - 1

ഗവ. എച്ച്.എസ്.എസ്. മണത്തല, തൃശ്ശൂർ എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) മലയാളം - 1

എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) ഇംഗ്ലീഷ് - 1

എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) ഗണിതം - 1

കടപ്പുറം ഗവ. എച്ച്.എസ്.എസ്. ചാവക്കാട്, തൃശ്ശൂർ എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) ഇംഗ്ലീഷ് - 1

ഗവ. എച്ച്.എസ്.എസ്. കടിക്കാട്, തൃശ്ശൂർ എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) അറബിക് - 1

(ബി) അദ്ധ്യാപക തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

റാങ്ക് ലിസ്റ്റ് നിലവിൽ ഇല്ലാത്ത തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(സി) സ്കൂൾ തുറക്കുന്നതിന് മുമ്പായി ഒഴിവുള്ള അദ്ധ്യാപക തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

22-10-2021-ലെ സർക്കാർ ഉത്തരവ് (സാധാ) നം.4754/2021/ പൊ.വി.വ. പ്രകാരം ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് പ്രധാന അദ്ധ്യാപകർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## പാലക്കാട് ജില്ലയിലെ യു.പി.എസ്.എ. തസ്തിക

178 (4920) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ യു.പി.എസ്.എ. തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അറിയിക്കാമോ?

ആകെ ഒഴിവുകൾ -24

പി.എസ്.സി. - എൻ.സി.എ. നിയമനം - 3

പി.എസ്.സി. ബൈട്രാൻസ്ഫർ നിയമനം - 4

അന്തർ ജില്ലാ സ്ഥലംമാറ്റം - 17

(ബി) നിലവിലുള്ള ഒഴിവുകൾ ഏതെല്ലാം സ്കൂളുകളിലാണെന്ന് അറിയിക്കാമോ?

അനുബന്ധമായി* ചേർക്കുന്നു.

## കൊടിഞ്ഞി ജി.എം.യു.പി. സ്കൂളിൽ അദ്ധ്യാപക നിയമനം

179 (4921) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ ജി.എം.യു.പി. സ്കൂൾ, കൊടിഞ്ഞിയിൽ പ്രധാന അദ്ധ്യാപകർ ഉൾപ്പെടെ 11 അദ്ധ്യാപകരുടെ തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) നവംബർ 1-ന് മുൻപ് പ്രസ്തുത തസ്തികകളിൽ സ്ഥിര നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇല്ലെങ്കിൽ ദിവസവേതന അടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നതിന് അനുമതി നൽകുമോ?

(ബി&സി) യു.പി.എസ്.ടി. തസ്തികയിലെ 4 ഒഴിവുകളിലേയ്ക്ക് നിയമനം നൽകിയിട്ടുണ്ട്. പ്രൈമറി പ്രഥമാദ്ധ്യാപക പ്രൊമോഷൻ അടിയന്തരമായി നടത്തുന്നതിന് സർക്കാർ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ഡെപ്യൂട്ടി ഡയറക്ടർമാർ ഉത്തരവ് പുറപ്പെടുവിച്ചുവെങ്കിലും 27-10-2021-ലെ ഇടക്കാല

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉത്തരവിലൂടെ പ്രസ്തുത ഉത്തരവ് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സ്റ്റേ ചെയ്തിരിക്കുകയാണ്. പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്ത തസ്തികകളിൽ ദിവസവേതന അടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

**പത്തനംതിട്ട ജില്ലയിലെ അദ്ധ്യാപകരുടെ നിയമനവും സ്ഥലംമാറ്റവും**

180 (4922) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ വകുപ്പിൽ പത്തനംതിട്ട ജില്ലയിലെ എച്ച്.എസ്.എ. മലയാളം അദ്ധ്യാപക തസ്തികയിൽ 1-11-2011-നശേഷം അന്തർ ജില്ലാ സ്ഥലംമാറ്റം, ബൈ-പ്രൊമോഷൻ എന്നീ വിഭാഗങ്ങളിൽ നിയമനം നടന്നിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ നിയമനം നടത്തിയിട്ടുണ്ടെങ്കിൽ എത്രപേർക്ക് വീതം നിയമനം നല്കി എന്ന് അറിയിക്കാമോ; ബന്ധപ്പെട്ട നിയമന ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

(എ&ബി) 1-11-2011-നശേഷം എച്ച്.എസ്.ടി. (മലയാളം) തസ്തികയിൽ അന്തർജില്ലാ സ്ഥലംമാറ്റം മുഖേന 4 നിയമനവും, ബൈ-പ്രൊമോഷൻ മുഖേന 2 നിയമനവും നടന്നിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(സി) പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പത്തനംതിട്ട ജില്ലയിൽ 1-11-2011-നശേഷം നിയമിതരായ അദ്ധ്യാപകർക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

1-11-2011-നശേഷം നിയമിതരായ അദ്ധ്യാപകർക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിച്ചിട്ടില്ല.

(ഡി) അന്തർജില്ലാ സ്ഥലംമാറ്റം അനുവദിച്ചിട്ടുണ്ടെങ്കിൽ എത്രപേർക്ക് ഏതെല്ലാം ജില്ലകളിലേക്കാണ് സ്ഥലംമാറ്റം അനുവദിച്ചത് എന്ന് വെളിപ്പെടുത്താമോ? സ്ഥലംമാറ്റ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) മേൽപ്പടി അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിച്ചതിനെത്തുടർന്ന് സംജാതമായ ഒഴിവുകൾ ഓരോന്നും ഏത് രീതിയിലാണ് നികത്തിയത് എന്ന് വെളിപ്പെടുത്താമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

(ഡി&ഇ) ബാധകമല്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സർക്കാർ സ്കൂളുകളിലെ ഒഴിവുകൾ

181 (4923) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിൽ ഏതെല്ലാം തസ്തികകളിൽ ഒഴിവുകൾ നിലവിലുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

സർക്കാർ സ്കൂളുകളിലെ ഒഴിവുകൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 1 ആയി*ചേർക്കുന്നു.

ഹയർ സെക്കണ്ടറി സ്കൂൾ ലാബ് അസിസ്റ്റന്റ്മാരുടെ നിയമനം ജില്ലാതലത്തിലാണ് നടക്കുന്നത്. ലാബ് അസിസ്റ്റന്റ്മാരുടെ ജില്ല തിരിച്ചുള്ള ഒഴിവ് വിവരങ്ങൾ അനുബന്ധം -2 ആയി* ചേർക്കുന്നു.

സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽ, ഹയർ സെക്കണ്ടറി അദ്ധ്യാപക നിയമനം എന്നിവ സംസ്ഥാന തലത്തിലാണ് നടക്കുന്നത്.

എച്ച്.എസ്.എസ്.റ്റി. തസ്തികയിലെ സംസ്ഥാന തലത്തിലുള്ള ആകെ ഒഴിവുകൾ -671

പ്രിൻസിപ്പൽമാരുടെ സംസ്ഥാന തലത്തിലുള്ള ആകെ ഒഴിവുകൾ - 180

എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) തസ്തികയിലെ സംസ്ഥാന തലത്തിലുള്ള ആകെ ഒഴിവുകൾ - 978.

(ബി) ഒഴിവുകൾ നിലവിലുണ്ടെങ്കിൽ അവയിൽ നിയമനം നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

നിയമാനുസൃതമായി റിപ്പോർട്ട് ചെയ്യേണ്ടതായ എല്ലാ ഒഴിവുകളും പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

## ഹൈസ്കൂൾ അദ്ധ്യാപകരുടെ ഒഴിവുകളിൽ നിയമനം നടത്താൻ നടപടി

182 (4924) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഹൈസ്കൂളുകളിൽ ട്രാൻസ്ഫർ മുഖേനയും റിട്ടയർമെന്റ് മുഖേനയും ഉണ്ടായിട്ടുള്ള ഒഴിവുകളിൽ അദ്ധ്യാപകരെ നിയമിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം ഒഴിവുകൾ നികത്താതെ ഇരിക്കുന്നത് വിദ്യാർത്ഥികളുടെ പഠനത്തെ ബാധിക്കുന്നതിനാൽ ഇത് പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ ഒഴിവുകളെല്ലാം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒഴിവുകൾ നികത്തപ്പെടുന്നതിൽ എന്തെങ്കിലും കാലതാമസം നേരിടുകയാണെങ്കിൽ ആയത് പരിഹരിക്കുന്നതിന് ദിവസവേതനാടിസ്ഥാനത്തിൽ താല്കാലിക അദ്ധ്യാപകരെ നിയമിക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

**ലേബർ ഓഫീസർ ഗ്രേഡ് II തസ്തികയിലേയ്ക്കുള്ള നിയമനം**

183 (4925) ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് II തസ്തികയിലേയ്ക്ക് പി.എസ്.സി. മുഖേന നേരിട്ടും തസ്തികമാറ്റം വഴിയും നിയമനം നടത്തുന്നതിന്റെ അനുപാതം വ്യക്തമാക്കാമോ?

1 : 2 (നിലവിലെ അനുപാതം)

(ബി) ലേബർ ഓഫീസർ ഗ്രേഡ് II കേഡർ സ്ട്രെംഗ്ത് വ്യക്തമാക്കാമോ?

102

(സി) ലേബർ ഓഫീസർ ഗ്രേഡ് II ആകെ തസ്തികകളിൽ പി.എസ്.സി. വഴി നേരിട്ടും തസ്തിക മാറ്റം വഴിയും നിയമനം ലഭിച്ചവരുടെ എണ്ണവും വിശദാംശങ്ങളും വ്യക്തമാക്കാമോ?

1992 മുതൽ നാളിതുവരെ പ്രതിവർഷം തൊഴിൽ വകുപ്പിൽ പ്രൊമോഷനിലൂടെയും നേരിട്ടും (പി.എസ്.സി. മുഖാന്തരം) തസ്തികയിൽ ഉണ്ടായിരുന്ന ജീവനക്കാരുടെ വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ഡി) പ്രസ്തുത തസ്തികകളുടെ പി.എസ്.സി. വഴിയുള്ള നേരിട്ടുള്ള നിയമനവും തസ്തികമാറ്റം വഴിയുള്ള നിയമനവും തമ്മിലുള്ള അനുപാതം വ്യത്യാസപ്പെടുത്തുന്ന വിഷയം പരിഗണനയിൽ ഉണ്ടോ; വ്യക്തമാക്കാമോ?

പരിഗണനയിലില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പാക്കാൻ കർമ്മ പദ്ധതി

184 (4926) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പാക്കാൻ കഴിഞ്ഞ സർക്കാർ എന്തെല്ലാം കർമ്മ പദ്ധതിയാണ് തയ്യാറാക്കിയത്; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(എ&ബി) 1948-ലെ മിനിമം വേതന നിയമത്തിന്റെ ഷെഡ്യൂളിൽ ഉൾപ്പെട്ട 87 തൊഴിൽ മേഖലകളിൽ 82 തൊഴിൽ മേഖലകൾക്ക് മിനിമം വേതനം നിശ്ചയിച്ച് ഉത്തരവ് ഇറക്കിയിട്ടുണ്ട്.

1958-ലെ കേരള മിനിമം വേതന ചട്ടങ്ങളിൽ 2015-ൽ വന്ന ഭേദഗതി 21(എ) പ്രകാരം Wage Protection System നടപ്പിലാക്കി. ഇതുവഴി തൊഴിലാളികൾക്ക് അവരുടെ ബാങ്ക് അക്കൗണ്ടിൽ നേരിട്ട് വേതനം ലഭിക്കുന്നു. തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പാക്കുക എന്നതാണ് ഇതുവഴി ലക്ഷ്യമാക്കുന്നത്. Wage Protection System കൊണ്ടുവന്നതിലൂടെ പരിശോധനാ ഉദ്യോഗസ്ഥർക്ക് നേരിട്ട് സ്ഥാപന പരിശോധന നടത്താതെതന്നെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭിക്കുന്നു എന്നത് ഉറപ്പുവരുത്തുവാൻ സാധിക്കുന്നു.

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിന് എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിരിക്കുന്നത്; വിശദമാക്കുമോ?

തൊഴിൽ നിയമങ്ങൾ കർശനമായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുവാൻ തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്. തൊഴിൽ വകുപ്പിലെ ജില്ലാ ലേബർ ഓഫീസർമാരുടെ (എൻഫോഴ്സ്മെന്റ്) നേതൃത്വത്തിൽ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഉൾപ്പെടുന്ന എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം കടകളിലും വാണിജ്യസ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും മിനിമം വേതനം നൽകാത്ത കേസ്സുകളിൽ ക്ലെയിം പെറ്റീഷനും മറ്റ് വിവിധ നിയമലംഘനങ്ങൾക്ക് പ്രോസിക്യൂഷനും ഫയൽ ചെയ്യുകയും ചെയ്തുവരുന്നു. കൂടാതെ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന

വിതരണത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതിലേക്കുമായി വേതന സുരക്ഷാപദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതുവഴി തൊഴിലാളികൾക്ക് അവരുടെ ബാങ്ക് അക്കൗണ്ടിൽ നേരിട്ട് വേതനം ലഭിക്കുന്നു. നിശ്ചയിച്ചിട്ടുള്ള മിനിമം വേതനം തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടിൽ ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കുക എന്നതാണ് ഇതുവഴി ലക്ഷ്യമാക്കുന്നത്. അസിസ്റ്റന്റ് ലേബർ ഓഫീസർ (ഗ്രേഡ്-2)-മാർ നടത്തുന്ന സ്ഥാപനപരിശോധന വഴിയും അഡീഷണൽ ലേബർ കമ്മീഷണർ (എൻഫോഴ്സ്മെന്റ്), റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ, ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) തുടങ്ങിയവരുടെ നേതൃത്വത്തിൽ സ്ക്വാഡ് പരിശോധനവഴിയും മിനിമം വേതനം ഉറപ്പാക്കുകയും നിയമലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

തൊഴിൽ വകുപ്പ് ആരംഭിച്ച കോൾസെന്റർ മുഖേന വകുപ്പിനെ സംബന്ധിച്ചുള്ള സംശയങ്ങളും പരാതികളും 155214/180042555214 എന്നീ നമ്പരുകളിൽ രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണി വരെയുള്ള സമയത്ത് വിളിച്ച് പരിഹാരം കാണാവുന്നതാണ്. ഹെൽപ് ലൈനിലൂടെ ലഭിക്കുന്ന പരാതികൾ തത്സമയം രജിസ്റ്റർ ചെയ്യപ്പെടുകയും അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-2 -മാരുടെ CUG (Closed User Group) നമ്പർ/ഒഫിഷ്യൽ ഇ-മെയിലിൽ മെസ്സേജായി ലഭിക്കുകയും അതാത് ഇൻസ്പെക്ടർമാർ യഥാസമയംതന്നെ അതിന്മേൽ നടപടി സ്വീകരിക്കുകയും തുടർനടപടി സ്വീകരിച്ച് റിപ്പോർട്ട് അപ്‌ലോഡ് ചെയ്യുകയും ചെയ്യുന്നു.

(ഡി) ഈ പദ്ധതി നിർവ്വഹണത്തിൽ എന്തെല്ലാം ലക്ഷ്യങ്ങൾ കൈവരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

സംസ്ഥാനത്ത് മിനിമം വേതനം പ്രഖ്യാപിച്ചിട്ടുള്ള എല്ലാ തൊഴിൽ മേഖലകളിലും ആയത് ലഭിക്കുന്നു എന്നത് ഉറപ്പുവരുത്തുന്നതിന് സാധിച്ചിട്ടുണ്ട്. നിയമലംഘനം കണ്ടെത്തിയ കേസ്സുകളിൽ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യാനും സാധിച്ചിട്ടുണ്ട്.

**നൈപുണ്യ വികസനത്തിനും പ്രോത്സാഹനം നൽകുന്നതിനുമുള്ള പദ്ധതികൾ**

185 (4927) <u>ശ്രീ. സജീവ് ജോസഫ്</u>:
<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>:
<u>ശ്രീമതി കെ. കെ. രമ</u>:
<u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽ നൈപുണ്യ വികസനത്തിനും പ്രോത്സാഹനത്തിനുമായി രൂപീകരിച്ച പദ്ധതികൾ വിശദമാക്കാമോ?

നൈപുണ്യവികസന പരിശീലന പരിപാടിയിൽ മുൻപന്തിയിൽ നിൽക്കുന്ന വ്യാവസായിക പരിശീലന വകുപ്പ്, ഐ.ടി.ഐ.-കളിൽ നടന്നുവരുന്ന പരമ്പരാഗത കോഴ്സുകളിൽ ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് (ഡി.ജി.റ്റി.) വരുത്തുന്ന കാലാനുസൃത മാറ്റങ്ങൾ ഉൾപ്പെടുത്തി പുതിയ കോഴ്സുകൾ അനുവദിക്കുന്നു.

എൻ.സി.വി.ടി. കോഴ്സുകളിൽ ഉൾപ്പെടുത്തി പുതുതായി അനുവദിച്ച ന്യൂഏജ് കോഴ്സുകൾ ആരംഭിക്കുക,

കിഫ്ബി ഫണ്ട് ഉപയോഗിച്ച് കേരളത്തിലെ 10 ഐ.ടി.ഐ.-കൾ ഇന്റർനാഷണൽ നിലവാരത്തിലേയ്ക്ക് ഉയർത്തുക,

കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ നടപ്പിലാക്കി വരുന്ന സ്ട്രൈവ് പദ്ധതി നടപ്പിലാക്കുക,

ഇന്റർനാഷണൽ ടെക്നിക്കൽ എക്സ്ചേഞ്ച് പ്രോഗ്രാം വഴി വിദേശത്തുള്ള വിവിധ ട്രെയിനിംഗ് സെന്ററുകളിൽ പരിശീലനം നൽകുക,

കരിയർ ഗൈഡൻസിനൊപ്പം സോഫ്റ്റ് സ്കിൽ, കമ്മ്യൂണിക്കേഷൻ സ്കിൽ എന്നിവയിൽ ട്രെയിനിംഗ് നൽകുക,

എല്ലാവർഷവും സർക്കാർ സംസ്ഥാന / ജില്ലാ അടിസ്ഥാനത്തിൽ ജോബ് ഫെയർ നടത്തുക തുടങ്ങിയവയാണ് സംസ്ഥാനത്തെ തൊഴിലന്വേഷകരേയും വിദ്യാർത്ഥികളേയും സജ്ജരാക്കുന്നതിനായി നടത്തിവരുന്ന വിവിധ നൈപുണ്യ വികസന പരിശീലന പരിപാടികൾ.

സംസ്ഥാന നൈപുണ്യ വികസന മിഷനെന്ന നിലയിൽ കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് നടപ്പിലാക്കിവരുന്ന നൈപുണ്യ വികസന പദ്ധതികൾ ആഗോളതലത്തിലെ തൊഴിൽ സാദ്ധ്യതകൾകൂടി പ്രയോജനപ്പെടുത്താൻ സഹായിക്കുന്ന തരത്തിലുള്ളവയാണ്. വിവിധ മേഖലകളിൽ ലളിതവും വേഗത്തിലും കാര്യക്ഷമവുമായി മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് ഇന്റർനാഷണൽ സ്കിൽ ട്രെയിനിംഗ് ആൻഡ് എംപ്ലോയബിലിറ്റി പ്രോഗ്രാം (iSTEP) എന്ന പേരിൽ ഒരു നവീന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതിയിലൂടെ ലഭ്യമാകുന്ന പ്രൊപ്പോസലുകൾ വിദഗ്ദ്ധ കമ്മിറ്റിയുടെ സൂക്ഷ്മപരിശോധനയ്ക്കും മൂല്യനിർണ്ണയത്തിനും വിധേയമായതിന്റെ അടിസ്ഥാനത്തിലാണ് പരിശീലന പങ്കാളികളെ തെരഞ്ഞെടുക്കുന്നത്. വിവിധ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഓയിൽ & റിഗ്, നിർമ്മാണ മേഖല, നഴ്സിംഗ്, റിന്യൂവബിൾ എനർജി, കായികം, ഭാഷ പരിശീലനം തുടങ്ങിയ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ കേരളത്തിലെ വിവിധ ജില്ലകളിലായി

പ്രവർത്തിച്ചുവരുന്നു. കേന്ദ്ര പദ്ധതിയായ പ്രധാനമന്ത്രി കൗശൽ വികാസ് യോജന (PMKVY) സംസ്ഥാനത്ത് നടപ്പിലാക്കുന്നത് സംസ്ഥാന നൈപുണ്യ വികസന മിഷനായ KASE ആണ്. പദ്ധതിയുടെ ഭാഗമായി 126-ഓളം കോഴ്സുകളിൽ നൈപുണ്യപരിശീലനം നല്കിവരുന്നുണ്ട്. KASE നടപ്പിലാക്കുന്ന നൈപുണ്യ പരിശീലന പദ്ധതികളെക്കുറിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

എംപ്ലോയ്മെന്റ് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

ആഗോള തലത്തിൽ തൊഴിൽസാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി തൊഴിൽ അന്വേഷകരെയും വിദ്യാർത്ഥികളെയും സജ്ജരാക്കുന്നതിനായി എംപ്ലോയ്മെന്റ് വകുപ്പിൽ എംപ്ലോയബിലിറ്റി സെന്ററുകൾ മോഡൽ കരിയർ സെന്ററുകൾ, കരിയർ ഡെവലപ്മെന്റ് സെന്ററുകൾ, വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകൾ എന്നിവ മുഖേന കരിയർ മാർഗ്ഗനിർദ്ദേശ ക്ലാസ്സുകളും സെമിനാറുകളും തൊഴിൽമേളകളും സംഘടിപ്പിക്കുന്നു. ഇതുകൂടാതെ സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കുവാൻ എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന തൊഴിൽ നൈപുണ്യ പരിശീലനങ്ങളും ജോബ്ഡ്രൈവുകളും സംഘടിപ്പിച്ചു വരുന്നു.

ഗ്രാമീണ മേഖലയിലെ കുട്ടികൾക്ക് വിദ്യാഭ്യാസ മേഖലയിലെയും തൊഴിൽ മേഖലയിലെയും നൂതന പ്രവണതകളെകുറിച്ചും കാലാനുസൃതമായി ഉണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ചും അറിവും പരിശീലനവും നൽകി ഉന്നത വിദ്യാഭ്യാസവും അനുയോജ്യമായ തൊഴിലും നേടിയെടുക്കുവാൻ കരിയർ ഡെവലപ്മെന്റ് സെന്ററുകളും പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമെ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ മുഖേന ധനുസ് എന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു.

(ബി) പ്രസ്തുത പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ;

(സി) പ്രസ്തുത പദ്ധതികൾ വിഭാവനം ചെയ്ത പ്രകാരം തൊഴിൽ നല്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

(ബി&സി) അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ഡി) സർക്കാർ നിരവധി പദ്ധതികൾ പ്രഖ്യാപിച്ചിട്ടും രാജ്യത്തെ ഏറ്റവും കൂടുതൽ തൊഴിലില്ലായ്മ നിരക്കുള്ള സംസ്ഥാനമായി കേരളം നിലനില്ക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ?

അത്തരത്തിൽ ഒരു ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കോഴിക്കോട് ചക്കോരത്തുകുളം ഇ.എസ്.ഐ. കെട്ടിടം

186 (4928) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ചക്കോരത്തുകുളം ഇ.എസ്.ഐ. കെട്ടിടം ഇടിഞ്ഞുവീണ് പ്രവർത്തനക്ഷമമല്ലാതായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത വിഷയത്തിൽ കേന്ദ്രസർക്കാരിന്റെ സഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; പ്രസ്തുത ഡിസ്പെൻസറി മാറ്റിസ്ഥാപിക്കുന്നതിനുവേണ്ടി സമീപത്തുള്ള ബി.എസ്.എൻ.എൽ. കെട്ടിടം കണ്ടെത്തിയിട്ടുണ്ട്. ടി കെട്ടിടം ഏറ്റെടുക്കുന്നത് സംബന്ധിച്ച് ഇ.എസ്.ഐ. കോർപ്പറേഷൻ പ്രതിനിധികൾ, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ഉത്തരമേഖലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ എന്നിവരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിച്ച് തുടർനടപടികൾ സ്വീകരിച്ച് വരുന്നു.

## ശരണ്യ പദ്ധതി

187 (4929) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കിയ ശരണ്യ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ, ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടവർ, നിയമാനുസൃതം വിവാഹബന്ധം വേർപെടുത്തിയവർ, അവിവാഹിതകൾ, പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ, ശയ്യാവലംബരും നിത്യരോഗികളുമായ ഭർത്താവുള്ള വനിതകൾ, ഭിന്നശേഷിക്കാരായ വനിതകൾ എന്നീ വിഭാഗം സ്ത്രീകൾക്കായി ആരംഭിച്ചിട്ടുള്ള സ്വയംതൊഴിൽ പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം സ്വയംതൊഴിൽ ചെയ്യുന്നതിന് ഒരു വ്യക്തിക്ക് 50,000 രൂപ (അൻപതിനായിരം രൂപ മാത്രം) വരെ പലിശരഹിത വായ്പ അനുവദിക്കുന്നു. വായ്പത്തുകയുടെ 50 ശതമാനം (പരമാവധി 25,000 രൂപ വരെ) സബ്സിഡിയായി അനുവദിക്കുന്നു. പ്രോജക്ട് പരിശോധിച്ച് ഒഴിച്ചുകൂടാനാകാത്ത സാഹചര്യത്തിൽ ഒരു ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നതും, 50,000 രൂപയ്ക്ക് മുകളിലുള്ള തുകയ്ക്ക് 3 ശതമാനം ഫ്ലാറ്റ് റേറ്റ് നിരക്കിൽ പലിശ ഈടാക്കുന്നതുമാണ്. നല്ല രീതിയിൽ സംരംഭം നടത്തിക്കൊണ്ടുപോവുകയും ആദ്യ വായ്പയുടെ 50 ശതമാനമെങ്കിലും

തിരിച്ചടയ്ക്കുകയും ചെയ്തവർക്ക് സംരംഭം വിപുലീകരിക്കുന്നതിന് ജില്ലാതല കമ്മിറ്റിയുടെ ശിപാർശപ്രകാരം ആദ്യ വായ്പാതുകയുടെ 80 ശതമാനത്തിൽ കുറയാത്ത തുക തുടർവായ്പയായി കുറഞ്ഞ പലിശ നിരക്കിൽ അനുവദിക്കുന്നതാണ്.

കേരളത്തിലെ ഏതെങ്കിലും ഒരു എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നിലവിലുള്ളതും വാർഷിക കുടുംബവരുമാനം രണ്ട് ലക്ഷം രൂപയിൽ കവിയാത്തതും 18-നും 55-നും മദ്ധ്യേ പ്രായമുള്ളതുമായ (അവിവാഹിതകൾക്ക് 30 വയസ്സ് പൂർത്തിയാകണം) മേൽപ്പറഞ്ഞ വിഭാഗത്തിലുള്ള വനിതകൾക്ക് ഈ പദ്ധതി പ്രകാരം സ്വയംതൊഴിൽ വായ്പയ്ക്ക് അപേക്ഷിക്കാവുന്നതാണ്. പ്രൊഫഷണൽ/സാങ്കേതിക യോഗ്യതയുള്ളവർക്കും ഐ.റ്റി.ഐ., ഐ.റ്റി.സി. സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയവർക്കും ബിരുദധാരികൾക്കും മുൻഗണന നൽകുന്നതാണ്. പദ്ധതിപ്രകാരം ലഭിക്കുന്ന അപേക്ഷകൾ ജില്ലാ കളക്ടർ ചെയർമാനായി രൂപം നൽകിയിട്ടുള്ള ജില്ലാ കമ്മിറ്റി മുൻപാകെ വയ്ക്കുകയും ജില്ലാ കമ്മിറ്റി അപേക്ഷകയെ കൂടിക്കാഴ്ചയ്ക്ക് വിളിച്ച് അപേക്ഷയിന്മേൽ തീർപ്പു കൽപ്പിക്കുകയും ചെയ്യുന്നു. അപേക്ഷ പാസ്സാക്കിയവർക്ക് സ്വയംതൊഴിൽ ചെയ്യുന്നതിനാവശ്യമായ സംരംഭകത്വ വികസന പരിശീലനം RUDSET (Rural Development and Self Employment Training Institute) / RSETI (Rural Self Employment Training Institute)-കൾ വഴി നല്കിയതിനുശേഷം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന വായ്പ അനുവദിക്കുന്നു.

(ബി) പ്രസ്തുത പദ്ധതിയിലൂടെ എത്ര സ്ത്രീകൾക്ക് പ്രയോജനം ലഭിച്ചുവെന്ന് വിശദീകരിക്കാമോ?

ശരണ്യ പദ്ധതി ആരംഭിച്ച് നാളിതുവരെ ഈ പദ്ധതി പ്രകാരം 31,163 സ്ത്രീകൾക്ക് പ്രയോജനം ലഭിച്ചു. ഇവർക്ക് സ്വയംതൊഴിൽ വായ്പ ഇനത്തിൽ 149,94,72,000 രൂപ (നൂറ്റി നാല്പത്തിയൊൻപത് കോടി തൊണ്ണൂറ്റിനാല് ലക്ഷത്തി എഴുപത്തി രണ്ടായിരം രൂപ മാത്രം) അനുവദിച്ചു നൽകിയിട്ടുണ്ട്.

## സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ താൽക്കാലിക നിയമനങ്ങൾ

188 (4930) ശ്രീ. പി. കെ. ബഷീർ:

ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖല സ്ഥാപനങ്ങൾ എന്നിവയിലെ താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ആയിരിക്കണമെന്ന നിയമം നിലവിലുണ്ടോ?

1959-ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം എല്ലാ സർക്കാർ/അർദ്ധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലേയും ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കേണ്ടതാണ്. സംസ്ഥാനത്തുള്ള സർക്കാർ വകുപ്പുകൾ/ പൊതുമേഖലാ സ്ഥാപനങ്ങൾ/ ബോർഡുകൾ/ കമ്പനികൾ/ കോർപ്പറേഷനുകൾ/സർക്കാർ ഗ്രാന്റിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലുള്ള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിധിക്ക് പുറത്തുവരുന്ന ഒഴിവുകൾ നികത്തുന്നത് ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന 1959-ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി മാത്രമായിരിക്കേണ്ടതാണ്. കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് 9(a)(i) പ്രകാരം സർക്കാർ വകുപ്പുകളിലെ എല്ലാ താൽക്കാലിക ഒഴിവുകളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിച്ച് നിയമനം നടത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്.

(ബി) സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സർക്കാർ സ്ഥാപനങ്ങളിൽ താൽക്കാലിക നിയമനങ്ങൾ നടത്തുന്നുണ്ടോ?

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ലാതെ ചില സ്ഥാപനങ്ങളിൽ താൽക്കാലിക നിയമനങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് 1959 പ്രകാരം സ്ഥാപനങ്ങളിൽ നടത്തുന്ന പരിശോധനയിൽ അത്തരം നിയമനങ്ങൾ കണ്ടെത്തി നിയമനം നേടിയവരെ പിരിച്ചുവിട്ട് ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് രേഖാമൂലം നോട്ടീസ് നൽകുകയും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്.

(സി) എല്ലാ താൽക്കാലിക നിയമനങ്ങളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയാക്കുന്നതിന് പുതിയ നിയമം നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

**കേന്ദ്രസർക്കാരിന്റെ പുതിയ ലേബർ കോഡ്**

189 (4931) ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിലാളികളുടെ അവകാശങ്ങൾ കവർന്നെടുക്കുന്ന കേന്ദ്ര സർക്കാരിന്റെ പുതിയ ലേബർ കോഡിനെതിരെ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത നിയമം പ്രാബല്യത്തിൽ വരുമ്പോൾ അത് സംസ്ഥാനത്തെ ഏതൊക്കെ രീതിയിലാണ് ബാധിക്കുകയെന്ന് വിശദമാക്കാമോ;

(സി) ഈ കോഡുകൾക്കെതിരെ സംസ്ഥാന സർക്കാർ കേന്ദ്രത്തിന് രേഖാമൂലം വിയോജിപ്പ് രേഖപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

(എ-സി) വിവിധ തൊഴിൽ നിയമങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ 29 തൊഴിൽ നിയമങ്ങളെ ഏകീകരിച്ച് 4 കോഡുകളായി ക്രോഡീകരിച്ചിരിക്കുകയാണ്.

1. ദി കോഡ് ഓൺ വേജസ് -2019
2. ദി ഇൻഡസ്ട്രിയൽ റിലേഷൻസ് കോഡ്- 2020
3. ദി കോഡ് ഓൺ സോഷ്യൽ സെക്യൂരിറ്റി -2020
4. ദി ഒക്കുപ്പേഷണൽ സേഫ്റ്റി, ഹെൽത്ത് & വർക്കിംഗ് കണ്ടീഷൻസ് കോഡ്- 2020

എന്നാൽ പ്രസ്തുത കോഡുകൾ നിലവിൽ വന്നിട്ടുണ്ടെങ്കിലും ചട്ടങ്ങൾ ഒന്നും തന്നെ നോട്ടിഫൈ ചെയ്തിട്ടില്ല. ഇവ നിലവിൽ വരുന്ന തീയതി കേന്ദ്രഗവൺമെന്റ് വിജ്ഞാപനം ചെയ്യുന്നതാണ്. ഡ്രാഫ്റ്റ് കോഡിന്മേൽ അഭിപ്രായം അറിയിക്കുവാൻ കേന്ദ്രസർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് നിർദ്ദേശങ്ങൾ സർക്കാർ തലത്തിൽ നൽകിയിട്ടുള്ളതാണ്. മേൽസൂചിപ്പിച്ച കോഡുകൾക്ക് വിവിധ ഘട്ടങ്ങളിലെ ചർച്ചകളിൽ കേരളം ഉൾപ്പെടെയുള്ള വിവിധ സംസ്ഥാനങ്ങളെ കേന്ദ്രസർക്കാർ ക്ഷണിക്കുകയും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ആവശ്യപ്പെടുകയും കേരള സർക്കാർ ടി ചർച്ചകളിൽ പങ്കെടുക്കുകയും സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും അറിയിക്കുകയും ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ 4 കോഡുകളിലെയും നിയമ വ്യവസ്ഥകൾ സർക്കാർ പരിശോധിച്ച് വരുന്നു.

**ക്ഷേമനിധി ബോർഡ് അംഗങ്ങൾക്കും ആശ്രിതർക്കും ധനസഹായം**

190 (4932) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികളിൽ കോവിഡ് ബാധിച്ചവർക്ക് ചികിത്സ ധനസഹായവും

മരണപ്പെട്ടവരുടെ ആശ്രിതർക്ക് മരണാനന്തര സഹായവും നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) ഇതിനായി ഏതെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

(എ&ബി) തൊഴിൽ വകുപ്പിന് കീഴിലുള്ള വിവിധ ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികളിൽ കോവിഡ് ബാധിച്ചവർക്ക് ചികിത്സ ധനസഹായവും മരണപ്പെട്ടവരുടെ ആശ്രിതർക്ക് മരണാനന്തര സഹായവും നൽകുന്നതിന് ബോർഡുകൾ നടപടി സ്വീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(സി) സംസ്ഥാനത്ത് ക്ഷേമനിധി ബോർഡുകളിൽ പരാതിപരിഹാര ഹെൽപ്പ്ലൈനുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ്, കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡ്, മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഷോപ്പ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ക്ഷേമനിധി എന്നീ ബോർഡുകളിൽ പരാതി / ഹെൽപ്പ്ലൈൻ സംവിധാനം പ്രവർത്തിക്കുന്നു. മറ്റ് ക്ഷേമനിധി ബോർഡുകളിൽ നിലവിലുള്ള പരാതി പരിഹാര സംവിധാനം ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ക്ഷേമനിധി ബോർഡുകളിൽ ഓൺലൈൻ സേവനങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

തൊഴിൽ വകുപ്പിന് കീഴിലുള്ള 16 ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ദ്വയാംഗത്വം, വ്യാജ അംഗത്വം എന്നിവ ഒഴിവാക്കുന്നതിനും അംഗങ്ങളുടെ വ്യക്തിഗത വിവരങ്ങൾ (ആധാർ അധിഷ്ഠിത) സമഗ്രമായി ഉൾപ്പെടുത്തുന്നതിനും തൊഴിലാളികൾക്ക് ക്ഷേമപദ്ധതികളിലേക്ക് ഓൺലൈനായി അംഗത്വം നേടുന്നതിനും ആനുകൂല്യങ്ങൾ സമയബന്ധിതമായി DBT മുഖേന വിതരണം ചെയ്യുന്നതിനും ബോർഡുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ലേബർ കമ്മീഷണറേറ്റിന്റെ നേതൃത്വത്തിൽ Advanced Information Interface System (AIIS) എന്ന സോഫ്റ്റ്വെയറിന്റെ വിപുലീകരണ നടപടികൾ പുരോഗമിച്ചുവരുന്നു. കോവിഡ് 19 ആനുകൂല്യങ്ങൾക്ക് അപേക്ഷിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമായി boardswelfareassistance എന്ന ഓൺലൈൻ സോഫ്റ്റ്വെയർ സജ്ജീകരിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വാഹനങ്ങളുടെ ടയർ സംബന്ധമായ ജോലികൾ ചെയ്യുന്ന തൊഴിലാളികൾക്ക് ക്ഷേമനിധി

191 (4933) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങളുടെ ടയർ സംബന്ധമായ ജോലികൾ ചെയ്യുന്ന തൊഴിലാളികൾക്ക് ഏതെങ്കിലും തൊഴിലാളി ക്ഷേമനിധി മുഖേന ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ; ഇല്ലെങ്കിൽ ഇവരെ ക്ഷേമനിധിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

1. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കീഴിലുള്ള കേരള ആട്ടോ മൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ ഇത്തരം തൊഴിലാളികൾക്ക് അംഗങ്ങളാകാൻ കഴിയുന്നതും ആനുകൂല്യങ്ങൾ ലഭിക്കുന്നതുമാണ്.

2. കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്

കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള അംഗീകരിക്കപ്പെട്ട തൊഴിൽ മേഖലയിൽ വാഹനങ്ങളുടെ ടയർ സംബന്ധമായ ജോലികൾ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ഷോപ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ടിന്റെ പരിധിയിൽ ഉൾപ്പെടാത്ത ചെറുകിട തൊഴിലാളികൾക്ക് ഈ പദ്ധതിയുടെ വ്യവസ്ഥയ്ക്ക് വിധേയമായി അംഗത്വം നേടാവുന്നതാണ്. ആയതിനാൽ അപ്രകാരം അംഗത്വം നേടുന്ന, ടയർ വൾക്കനൈസിംഗ്/പഞ്ചർ വർക്ക്സ്/ടയർ റീത്രെഡിംഗ് മുതലായ ജോലികളിൽ ഏർപ്പെട്ടിട്ടുള്ള തൊഴിലാളികൾക്ക് കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതി വിഭാവനം ചെയ്തിട്ടുള്ള ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

3. കേരള ഷോപ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്

2006-ലെ കേരള ഷോപ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്ടിലെ വകുപ്പ് 2(ജി) പ്രകാരം ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ് സ്ഥാപനം ടി ക്ഷേമനിധി ബോർഡിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടയർ സംബന്ധമായ ജോലികൾ ചെയ്യുന്ന തൊഴിലാളികളും

ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ് സ്ഥാപനത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നതിനാൽ 2007-ലെ കേരള ഷോപ്പ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി പദ്ധതി പ്രകാരം അർഹമായ എല്ലാ ആനുകൂല്യങ്ങളും ടി ക്ഷേമനിധിയിലെ അംഗങ്ങളായ ടയർ സംബന്ധമായ ജോലികൾ ചെയ്യുന്ന തൊഴിലാളികൾക്കും നൽകിവരുന്നു.

(ബി) കോവിഡ് നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ അവശ്യ സർവ്വീസുകൾ നടത്തുന്ന വാഹനങ്ങളുടെ ടയർ സംബന്ധമായ ജോലികൾ നിർവ്വഹിക്കുന്ന പ്രസ്തുത തൊഴിൽമേഖലയെ അവശ്യ സർവ്വീസുകളുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

വാഹനങ്ങളുടെ ടയർ സംബന്ധമായ ജോലികൾ നിർവ്വഹിക്കുന്ന മേഖലയ്ക്ക് നിലവിൽ നിയന്ത്രണങ്ങൾ ഒന്നും ഏർപ്പെടുത്തിയിട്ടില്ല.

**കർഷക തൊഴിലാളി ക്ഷേമനിധി അംഗങ്ങൾക്ക് പെൻഷൻ ആനുകൂല്യങ്ങൾ**

192 (4934) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് പെൻഷൻ ആനുകൂല്യങ്ങൾ സമയബന്ധിതമായി നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

കർഷക തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖാന്തരം പെൻഷൻ വിതരണം നടത്തുന്നില്ല. എന്നാൽ കർഷക തൊഴിലാളി പെൻഷൻ ധനകാര്യ വകുപ്പിൽനിന്നും കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് മുഖേന പഞ്ചായത്ത് ഡയറക്ടർക്ക് നൽകുകയും ആയത് ബാങ്ക് അക്കൗണ്ട് വഴിയോ നേരിട്ടോ ഗുണഭോക്താക്കൾക്ക് നൽകിവരികയുമാണ്. കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായവർക്ക് 2020 സെപ്റ്റംബർ മാസം മുതൽ അതാത് മാസം പെൻഷൻ വിതരണം ചെയ്തുവരുന്നു. 2021 സെപ്റ്റംബർ വരെയുള്ള പെൻഷൻ നൽകിയിട്ടുണ്ട്. 2021 ഒക്ടോബർ മാസത്തെ പെൻഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബോർഡിൽ അതിവർഷാനുകൂല്യം കൊടുത്തുതീർക്കുന്നതിന് അനുവദിച്ചിരുന്ന 130 കോടി രൂപ വിതരണം ചെയ്തുകഴിഞ്ഞിട്ടുണ്ട്. ഇതേ ആവശ്യത്തിലേയ്ക്കായി 20 കോടി രൂപ കൂടി നടപ്പ് സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്.

(ബി) അംഗങ്ങൾക്ക് ഏത് വർഷം വരെയുള്ള ആനുകൂല്യങ്ങളാണ് നിലവിൽ നല്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾക്ക് നൽകിയിട്ടുള്ള ആനുകൂല്യങ്ങളിൽ മരണാനന്തര സഹായം, ചികിത്സാ ധനസഹായം, വിദ്യാഭ്യാസ ധനസഹായം എന്നിവയിൽ കുടിശ്ശിക ഇല്ല. അതിവർഷാനുകൂല്യം 2014 ജനുവരി മാസം വരെയും വിവാഹ ധനസഹായം 2013- വരെയും പ്രസവ ധനസഹായം 2014 -വരെയും നൽകിയിട്ടുണ്ട്.

**കേരള ബാംബൂ ക്ഷേമനിധി ബോർഡിന്റെ ഓഫീസ്**

193 (4935) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാംബൂ ക്ഷേമനിധി ബോർഡിന്റെ ഒരു ഓഫീസ് തിരുവനന്തപുരം ജില്ലയിലെ ആര്യനാട് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഇത് സംബന്ധിച്ച് ലഭിച്ച ശിപാർശ പരിശോധിച്ചുവരുന്നു.

(ബി) പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് മിനിമം കൂലി അറുന്നൂറ് രൂപ ആക്കുന്നതിനും മുഴുവൻ പനമ്പ് നെയ്ത്ത് തൊഴിലാളികളെയും പ്രൊവിഡന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

വിവിധ മേഖലകളിലെ തൊഴിൽ സാഹചര്യവും വേതന വ്യവസ്ഥയും പരിശോധിച്ച് തൊഴിലാളികളുടെ ഏറ്റവും കുറഞ്ഞ വേതനം 600 രൂപയായി നിശ്ചയിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് 2018-ൽ അംഗീകരിച്ച തൊഴിൽ നയത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് തൊഴിലാളി/ തൊഴിലുടമയ്ക്ക് ഇ.പി.എഫ്. അതോറിറ്റിയെ സമീപിക്കാവുന്നതാണ്.

**ഗാർഹിക തൊഴിലാളികൾക്ക് തൊഴിൽ നിയമ പരിരക്ഷയും അസംഘടിതമേഖലകളിലെ തൊഴിൽ ചൂഷണവും**

194 (4936) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. പി. ടി. തോമസ്:
ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗാർഹിക തൊഴിലാളികൾക്ക് തൊഴിൽ നിയമ പരിരക്ഷയ്ക്ക് എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ?

ബച്ച്പൻ ബച്ചാവോ ആന്ദോളൻ ഫയൽ ചെയ്ത റിട്ട് പെറ്റിഷൻ (ക്രിമിനൽ) 82/2009 കേസിലെ ബഹു. ഡൽഹി ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എല്ലാ സംസ്ഥാനങ്ങളും ഗാർഹിക തൊഴിലാളികളുടെ

സംരക്ഷണം ഉറപ്പാക്കുന്നതിലേയ്ക്ക് ഒരു നിയമം പാസ്സാക്കി നടപ്പിലാക്കണമെന്ന് ദേശീയ പട്ടികവർഗ്ഗ കമ്മീഷൻ നിർദ്ദേശിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ഗാർഹിക തൊഴിലാളികളുടെ അവകാശങ്ങൾക്കെതിരെയുള്ള ദുർവിനിയോഗം, ഉപദ്രവം, ആക്രമണം, സാമ്പത്തികചൂഷണം എന്നിവയിൽ നിന്നും സംരക്ഷണത്തിനും അവരുടെ സേവന വ്യവസ്ഥകൾ ക്രമപ്പെടുത്തുന്നതിനുമായി കേരള ഗാർഹിക തൊഴിലാളി (തൊഴിൽ ക്രമപ്പെടുത്തലും സേവന വ്യവസ്ഥകളും) ബിൽ ലേബർ കമ്മീഷണർ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത വിഷയം സർക്കാർ വിശകലനം ചെയ്തുവരുന്നു.

(ബി) ഇവർക്ക് മിനിമം കൂലിയും മറ്റു തൊഴിൽ പരിരക്ഷയും ലഭിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ ഇവർക്ക് തൊഴിൽ പരിരക്ഷ ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ?

(ബി&സി) ഉണ്ട്. 29-12-2016-ലെ സ.ഉ അച്ചടി നം.202/2016/തൊഴിൽ പ്രകാരം മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. ഗാർഹിക തൊഴിലാളികളുടെകൂടി ഉന്നമനം ലക്ഷ്യമാക്കിക്കൊണ്ടാണ് സംസ്ഥാന സർക്കാർ അസംഘടിത തൊഴിലാളിക്ഷേമ പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുള്ളത്.

(ഡി) സംസ്ഥാനത്ത് സ്ത്രീ തൊഴിലാളികൾ പ്രവർത്തിക്കുന്ന അസംഘടിത മേഖലകളിലെ തൊഴിൽ ചൂഷണം, തൊഴിൽ നിയമപരിരക്ഷ ലഭ്യതയില്ലായ്മ എന്നീ പ്രശ്നങ്ങൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സ്ത്രീകൾ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് തൊഴിൽ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 1976-ലെ ഈക്വൽ റെമ്യൂണറേഷൻ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം സ്ത്രീക്കും പുരുഷനും തുല്യവേതനം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. മെച്ചപ്പെട്ട വേതനം ലഭിക്കുന്ന തൊഴിലവസരങ്ങളിൽ സ്ത്രീകൾക്ക് കൂടുതൽ അവസരം നൽകുക, ലിംഗ സമത്വം ഉറപ്പുവരുത്തി സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിക്കുക, തൊഴിലിടങ്ങളിലെ വൃത്തിയും ശുചിത്വവും ഉറപ്പുവരുത്തി മികച്ച തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുക, വേതന സുരക്ഷാ പദ്ധതി നടപ്പാക്കുക, സേവന കാലയളവിലും അതിനുശേഷവും സാമ്പത്തിക ഭദ്രതയും ആരോഗ്യ സംരക്ഷണവും ഉറപ്പ് വരുത്തുക തുടങ്ങിയ നടപടികളും സ്വീകരിക്കുന്നുണ്ട്.

2018-ലെ കേരള ഷോപ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ഭേദഗതി നിയമം വകുപ്പ് 21 (ബി) പ്രകാരം തൊഴിലാളികൾക്ക് ജോലി സ്ഥലത്ത് ഇരിപ്പിടസൗകര്യം തൊഴിലുടമ ഏർപ്പെടുത്തി നൽകണമെന്ന് വ്യവസ്ഥ ചെയ്യുന്നു.

ടി നിയമ പ്രകാരം തൊഴിലുടമയ്ക്ക് സ്ത്രീ തൊഴിലാളികളെ രാത്രി 9.00 മണിക്കും രാവിലെ 6.00 മണിക്കും ഇടയിലുള്ള സമയത്ത് അവരുടെ സമ്മതത്തോടുകൂടി ജോലിക്ക് നിയോഗിക്കാവുന്നതും അപ്രകാരം ജോലി ചെയ്യിക്കുന്നപക്ഷം 5 ജീവനക്കാരെങ്കിലുമുള്ള ഗ്രൂപ്പായും ആയതിൽ കുറഞ്ഞത് 2 സ്ത്രീകളെങ്കിലും ഉണ്ടായിരിക്കേണ്ടതുമാണ്. ജോലി സ്ഥലത്തുനിന്നും താമസസ്ഥലം വരെയുള്ള യാത്രാസൗകര്യം തൊഴിലുടമ ഉറപ്പുവരുത്തേണ്ടതുമാണ്. തൊഴിൽ വകുപ്പിന്റെ സ്ഥാപന പരിശോധനാ വേളയിൽ സ്ഥാപനത്തിൽ കേരള ഷോപ്പ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് നിയമത്തിലെ റൂൾ 6(ബി) പ്രകാരം കംപ്ലെയിന്റ്സ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുകയും ഇല്ലാത്ത സാഹചര്യത്തിൽ ആയത് രൂപീകരിക്കാൻ നിർദ്ദേശം നൽകുകയും ചെയ്യാറുണ്ട്. സ്ത്രീകൾ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് തൊഴിൽ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് 1961-ലെ കേരള ഷോപ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ആവശ്യമായ വിശ്രമസ്ഥലം, സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേക ടോയ്ലറ്റ് സംവിധാനം, ഇരുപതോ അതിൽ കൂടുതലോ തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ ക്രഷ് സൗകര്യം, 50 തൊഴിലാളികളിൽ കൂടുതൽ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ താമസം സ്ഥാപനത്തിൽ നിന്നും 25 കിലോമീറ്ററിൽ കൂടുതലാണെങ്കിൽ തൊഴിലുടമ ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തി നൽകുന്നുണ്ടോ എന്നിവ പരിശോധനാ വേളയിൽ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ ഉറപ്പുവരുത്താറുണ്ട്.

### ഷോപ്പിംഗ് മാളുകളിലെ തൊഴിലാളികളുടെ സൗകര്യങ്ങൾ

195 (4937) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൂപ്പർ മാർക്കറ്റുകളിലെയും ഷോപ്പിംഗ് മാളുകളിലെയും സമാന സ്ഥാപനങ്ങളിലെയും തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

സൂപ്പർ മാർക്കറ്റുകളിലെയും ഷോപ്പിംഗ് മാളുകളിലെയും സമാന സ്ഥാപനങ്ങളിലെയും തൊഴിലാളികളുടെ മിനിമം വേതനം 21-12-2016 -ലെ സ.ഉ (അച്ചടി) നമ്പർ 196/2016/തൊഴിൽ പ്രകാരം നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട് (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു). ടി തൊഴിൽ മേഖലയിലെ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജീവനക്കാരുടെ സേവനവ്യവസ്ഥകൾ വ്യക്തമാക്കുന്നത് 1960-ലെ കേരള ഷോപ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് നിയമത്തിൽ / 1961-ലെ കേരള ഷോപ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ചട്ടങ്ങളിലാണ്.

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

1960-ലെ കേരള ഷോപ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് നിയമത്തിലെ Chapter VI, സെക്ഷൻ 21 (ബി) - Seating Facilities,

1961-ലെ കേരള ഷോപ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ചട്ടത്തിൽ,

ചട്ടം 4 – Cleanliness,

ചട്ടം-5 -Ventilation,

ചട്ടം 5 എ- Rest rooms,

ചട്ടം 6 സി- Hostel Facilities,

ചട്ടം-6 ഡി - Creches

തുടങ്ങിയവയിൽ അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച് വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. തൊഴിലാളികൾക്ക് ടി സൗകര്യങ്ങൾ ലഭ്യമാകുന്നുണ്ടോ എന്നത് തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പരിശോധനയിൽ ഉറപ്പുവരുത്താറുണ്ട്. ഇപ്രകാരം അടിസ്ഥാന സൗകര്യം ഉറപ്പുവരുത്താത്ത തൊഴിലുടമകൾക്ക് നിയമലംഘനം സംബന്ധിച്ച് നോട്ടീസ് നൽകി ആയത് പരിഹരിക്കാറുമുണ്ട്.

**കൊണ്ടോട്ടിയിൽ ഇ.എസ്.ഐ. ഡിസ്പെൻസറി**

196 (4938)<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ.എസ്.ഐ. ഡിസ്പെൻസറികൾ അനുവദിച്ച് ഉത്തരവായിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) കൊണ്ടോട്ടിയിൽ ഇ.എസ്.ഐ. ഡിസ്പെൻസറി സ്ഥാപിക്കണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

(എ&ബി) 18 ഏക-ഡോക്ടർ-ടൈപ്പ് ഇ.എസ്.ഐ. ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് സംസ്ഥാന സർക്കാർ അനുമതി നൽകിയതിൽ 13 എണ്ണത്തിനുമാത്രമെ ഇ.എസ്.ഐ. കോർപ്പറേഷൻ തത്വത്തിൽ പ്രവർത്തനാനുമതി

നൽകിയിട്ടുള്ളൂ (വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു). ഇതിൽ കട്ടപ്പന, മുക്കം ഇ.എസ്.ഐ. ഡിസ്പെൻസറികളുടെ പ്രവർത്തനം ആരംഭിച്ചിട്ടുമുണ്ട്. ഇൻഷ്വർ ചെയ്യപ്പെട്ട മതിയായ തൊഴിലാളികൾ ഇല്ലാത്തതിനാൽ കൊണ്ടോട്ടിയിൽ അനുവദിച്ച ഇ.എസ്.ഐ. ഡിസ്പെൻസറിക്ക് ഇ.എസ്.ഐ. കോർപ്പറേഷന്റെ പ്രവർത്തനാനുമതി നാളിതുവരെ ലഭിച്ചിട്ടില്ല.

**അതിഥി തൊഴിലാളികളുടെ ക്ഷേമം**

197 (4939) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിഥി തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

സംസ്ഥാനത്ത് അതിഥി തൊഴിലാളികൾക്ക് നൽകേണ്ട താമസസൗകര്യം, ഭക്ഷണം, വേതനം, ആരോഗ്യ സുരക്ഷ എന്നിവ സംബന്ധിച്ച് 1979-ലെ ഇതര സംസ്ഥാന തൊഴിലാളി നിയമത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ക്ഷേമപദ്ധതികൾ എല്ലാ ഇതര സംസ്ഥാന തൊഴിലാളികൾക്കും ലഭ്യമാക്കുന്നതിനായി തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ പരിശോധനാ വേളയിൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഒരേ തൊഴിലിൽ ഏർപ്പെടുന്ന ഇതര സംസ്ഥാന തൊഴിലാളികൾ ഉൾപ്പെടെയുള്ള എല്ലാ തൊഴിലാളികൾക്കും തുല്യ വേതനത്തിന് അർഹതയുണ്ട്. മിനിമം വേതനം ലഭ്യമാകുന്നില്ല എന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ ജില്ലാ ലേബർ ഓഫീസർമാർ ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ ലേബർ കമ്മീഷണറുടെ കാര്യാലയത്തിൽ പ്രവർത്തിക്കുന്ന കാൾ സെന്റർ, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, പാലക്കാട്, കോഴിക്കോട്, വയനാട്, കാസർഗോഡ് ജില്ലകളിലെ ഫെസിലിറ്റേഷൻ സെന്ററുകൾ എന്നിവിടങ്ങളിൽ ഇതര സംസ്ഥാന തൊഴിലാളികളുടെ പരാതികൾ കേൾക്കുവാനും പരിഹരിക്കുവാനുമുള്ള സംവിധാനങ്ങൾ ചെയ്തിട്ടുണ്ട്. ഇത്തരം സെന്ററുകളിൽ വിവിധ ഭാഷകൾ കൈകാര്യം ചെയ്യുവാൻ കഴിയുന്നവരെയാണ് നിയമിച്ചിരിക്കുന്നത്.

ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി മെഡിക്കൽ ക്യാമ്പുകളും ബോധവത്കരണ ക്ലാസ്സുകളും നടത്തിവരുന്നുണ്ട്. തൊഴിൽ ചൂഷണങ്ങൾക്കെതിരെ ലഹരി ഉപയോഗം കൊണ്ടുണ്ടാകുന്ന ദൂഷ്യവശങ്ങളെ സംബന്ധിച്ചും ബോധവത്കരണം നടത്തുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണവും രജിസ്ട്രേഷനും തിരച്ചറിയൽ കാർഡും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ട് ആരംഭിച്ച പദ്ധതിയാണ് ആവാസ് പദ്ധതി. കൂടാതെ 2010-ലെ കേരള കുടിയേറ്റത്തൊഴിലാളി ക്ഷേമപദ്ധതിയും നിലവിലുണ്ട്. 1979-ലെ അന്തർസംസ്ഥാന കുടിയേറ്റ തൊഴിലാളി നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ച് അതിഥി തൊഴിലാളികൾക്ക് പാർപ്പിട സൗകര്യം ലഭ്യമാക്കുന്നതിനായി സംസ്ഥാന സർക്കാർ കൊണ്ടുവന്നിട്ടുള്ള പാർപ്പിട പദ്ധതിയാണ് 'ആലയ്'. തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ഭവനം ഫൗണ്ടേഷൻ കേരളത്തിലെ ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി നടപ്പിലാക്കിവരുന്ന ഭവന പദ്ധതികളിലൊന്നാണ് 'അപ്നാഘർ' പദ്ധതി. ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി ഹോസ്റ്റൽ രീതിയിലുള്ള മാതൃക പാർപ്പിട സമുച്ചയമാണ് ഈ പദ്ധതി വഴി നടപ്പിലാക്കുന്നത്.

(ബി) സംസ്ഥാനത്ത് എത്തുന്ന അതിഥി തൊഴിലാളികളുടെ എണ്ണം എത്രയെന്ന് നിശ്ചയിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഇതര സംസ്ഥാന തൊഴിലാളികളുടെ വിവര ശേഖരണവും രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ട് 27-10-2016 -ലെ സ.ഉ.(സാധാ)നം.1325/16/തൊഴിൽ പ്രകാരം ആവാസ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 1-11-2017 മുതലാണ് ഈ പദ്ധതി ആരംഭിച്ചിട്ടുള്ളത്. 21-10-2021 തീയതി വരെ 5,09,865 ഇതര സംസ്ഥാന തൊഴിലാളികൾ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. നിലവിൽ 2020 ലോക്ഡൗണിനുശേഷം സംസ്ഥാനത്തേയ്ക്ക് തിരികെ വരുന്ന അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷൻ നടപ്പിലാക്കുന്നതിന് ഒരു പോർട്ടൽ/ മൊബൈൽ ആപ്ലിക്കേഷൻ (അതിഥി ആപ്പ്) നടപ്പിലാക്കുന്നതിന് തൊഴിൽ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ അതിഥി ആപ്പിന്റെ പോർട്ടലിലൂടെ സംസ്ഥാനത്തേയ്ക്ക് കുടിയേറുന്നതിനുമുമ്പുതന്നെ അതിഥി തൊഴിലാളികളുടെ വിവരങ്ങൾ വകുപ്പിൽ ലഭ്യമാക്കുവാനും സഹായകമാകും. തൊഴിലുടമയ്ക്കും കരാറുകാർക്കും തൊഴിലാളികളെ കണ്ടെത്തുന്നതിനും അവരവരുടെ തൊഴിലാളികളുടെ വിശദാംശങ്ങൾ സമർപ്പിക്കുവാനും ഇതുവഴി സാധിക്കും.

**അതിഥി തൊഴിലാളികൾ സംസ്ഥാനത്ത് മടങ്ങിയെത്തുമ്പോൾ രജിസ്ട്രേഷൻ**

198 (4940) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിസന്ധിക്കുശേഷം അതിഥി തൊഴിലാളികൾ തിരികെ വരുമ്പോൾ അവരുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിനും ആരോഗ്യ സുരക്ഷാ

സൗകര്യവും ക്വാറന്റൈൻ സൗകര്യവും നൽകുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്ത് ലോക്ഡൗൺ പ്രഖ്യാപിച്ചപ്പോൾത്തന്നെ അതിഥി തൊഴിലാളികൾക്ക് ക്യാമ്പുകൾ സംഘടിപ്പിക്കുകയും ഭക്ഷണമെത്തിക്കുകയെന്ന സർക്കാർ നയം മറ്റ് വകുപ്പുകളുമായി ചേർന്ന് യുദ്ധകാലാടിസ്ഥാനത്തിൽ തൊഴിൽ വകുപ്പ് നടപ്പിലാക്കി. ആദ്യഘട്ടമെന്ന നിലയിൽ ഭക്ഷ്യക്കിറ്റുകൾ എല്ലാ ജില്ലകളിലും വിതരണം ചെയ്തു. ആട്ട, ഉരുളക്കിഴങ്ങ്, അരി, എണ്ണ, ധാന്യങ്ങൾ തുടങ്ങി അതിഥി തൊഴിലാളികൾ സാധാരണയായി ഉപയോഗിക്കുന്ന സാധനങ്ങളാണ് കിറ്റിൽ ഉൾപ്പെടുത്തിയിരുന്നത്. പ്ലാന്റേഷൻ മേഖലയിൽ ഉൾപ്പെടെ 2,65,000-ത്തോളം ഭക്ഷ്യക്കിറ്റുകളാണ് അതിഥി തൊഴിലാളികൾക്കായി വിതരണം ചെയ്തത്. വിവിധ ജില്ലകളിൽ കോവിഡ് പോസിറ്റീവ് ആകുന്ന അതിഥി തൊഴിലാളികൾക്ക് ചികിത്സയും താമസവും ഒരുക്കുന്നതിനായി ഡൊമിസിലറി കെയർ സെന്ററുകളും CFLTC-കളും ആരംഭിച്ചു. അതിഥി തൊഴിലാളികളുടെ പ്രശ്നങ്ങൾ കേൾക്കുന്നതിനും ആയത് പരിഹരിക്കുന്നതിനുമായി ലേബർ കമ്മീഷണറുടെ കാര്യാലയത്തിൽ പ്രവർത്തിക്കുന്ന കാൾ സെന്റർ, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, പാലക്കാട്, കോഴിക്കോട്, വയനാട്, കാസർഗോഡ് ജില്ലകളിലെ ഫെസിലിറ്റേഷൻ സെന്ററുകൾ എന്നിവയ്ക്കു പുറമേ എല്ലാ ജില്ലകളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾ സെന്ററുകൾ എന്നിവ ആരംഭിച്ചിട്ടുണ്ട്. ഇത്തരം സെന്ററുകളിൽ വിവിധ ഭാഷകൾ കൈകാര്യം ചെയ്യുവാൻ കഴിയുന്നവരെയാണ് നിയമിച്ചിരിക്കുന്നത്.

സംസ്ഥാനത്തെ തൊഴിലാളികൾക്കും അതിഥി തൊഴിലാളികൾക്കും കോവിഡ് വാക്സിൻ നൽകുന്നതിനുള്ള ക്യാമ്പുകൾ ജില്ലാതലത്തിൽ ജില്ലാ ലേബർ ഓഫീസർമാർ ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ എല്ലാ അതിഥി തൊഴിലാളികൾക്കും വാക്സിനേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആവാസ് പദ്ധതിയിലേയ്ക്ക് രജിസ്ട്രേഷൻ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുവഴി സംസ്ഥാനത്തെത്തുന്ന മുഴുവൻ അതിഥി തൊഴിലാളികളുടെയും വിവരം ശേഖരിച്ചുവരികയാണ്. കൂടാതെ അതിഥി ആപ്പ്/ പോർട്ടൽ വഴിയും അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷൻ വിവരശേഖരണത്തിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഈ തൊഴിലാളികളെ സംബന്ധിക്കുന്ന വിശദമായ ഡാറ്റാ സർക്കാരിന്റെ പക്കൽ ഉണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. കോവിഡ് 19-ന്റെ ആദ്യ നാളുകളിൽ ഉൾനാടൻ ഗ്രാമങ്ങളടക്കം സംസ്ഥാനത്തിന്റെ ഒട്ടുമിക്ക പ്രദേശങ്ങളിലും എല്ലാ തൊഴിൽ മേഖലകളിലും പ്രവർത്തിച്ചുകൊണ്ട്, കൂട്ടമായും ചെറുസംഘങ്ങളായും താമസിച്ചുവരുന്ന അതിഥി

തൊഴിലാളികളെ കണ്ടെത്തി അവരുടെ പൂർണ്ണവിവരം ശേഖരിച്ചിരുന്നു. കുറഞ്ഞ സമയത്തിനുള്ളിൽത്തന്നെ 21,556 ക്യാമ്പുകൾ സജ്ജീകരിച്ച് 4,34,280 അതിഥി തൊഴിലാളികൾക്ക് സമ്പൂർണ്ണ സുരക്ഷയും ക്ഷേമവും ഉറപ്പാക്കി അവരുടെ പൂർണ്ണ വിവരം ഗൂഗിൾ സ്പ്രെഡ് ഷീറ്റ് മുഖേന ശേഖരിച്ചത് കോവിഡ് പ്രതിരോധ പ്രവർത്തനത്തിൽ വളരെ സഹായകരമായിരുന്നു.

(സി) സംസ്ഥാന തൊഴിൽ വകുപ്പിൽ മൊബൈൽ അപ്ലിക്കേഷൻ വികസിപ്പിച്ച് അതിഥി തൊഴിലാളികൾ സംസ്ഥാനത്തേയ്ക്ക് കുടിയേറുന്നതിനുമുമ്പ് തന്നെ രജിസ്റ്റർ ചെയ്യുവാനും അതുവഴി സർക്കാരിന്റെ ആനുകൂല്യം ലഭിക്കുവാനും സാധിക്കുന്ന തരത്തിലുള്ള പദ്ധതി ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. ഇതരസംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണവും രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ട് 27-10-2016-ലെ സ.ഉ.(സാധാ) നം.1325/16/തൊഴിൽ പ്രകാരം ആവാസ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 1-11-2017 മുതലാണ് ഈ പദ്ധതി ആരംഭിച്ചിട്ടുള്ളത്. 21-10-2021 വരെ 5,09,865 ഇതര സംസ്ഥാന തൊഴിലാളികൾ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. നിലവിൽ 2020 ലോക്ഡൗണിനുശേഷം സംസ്ഥാനത്തേയ്ക്ക് തിരികെ വരുന്ന അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷൻ നടപ്പിലാക്കുന്നതിന് ഒരു പോർട്ടൽ/ മൊബൈൽ ആപ്ലിക്കേഷൻ (അതിഥി പോർട്ടൽ) നടപ്പിലാക്കുന്നതിന് തൊഴിൽ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. അതിഥി ആപ്പിന്റെ പോർട്ടലിലൂടെ സംസ്ഥാനത്തേയ്ക്ക് കുടിയേറുന്നതിനുമുമ്പുതന്നെ അതിഥി തൊഴിലാളികളുടെ വിവരങ്ങൾ വകുപ്പിൽ ലഭ്യമാക്കുവാനും സഹായിക്കുന്നു. തൊഴിലുടമയ്ക്കും കരാറുകാർക്കും തൊഴിലാളികളെ കണ്ടെത്തുന്നതിനും അവരവരുടെ തൊഴിലാളികളുടെ വിശദാംശങ്ങൾ സമർപ്പിക്കുവാനും സാധിക്കുന്നു.

**നോക്കുകൂലി**

199 (4941) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളെ നിലവിൽ നോക്കുകൂലി വിമുക്ത ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട്; വിശദമാക്കാമോ?

സംസ്ഥാനത്തൊട്ടാകെ ഏതു സാഹചര്യത്തിലും ചെയ്യാത്ത ജോലിക്ക് തൊഴിലാളികൾ കൂലി ആവശ്യപ്പെടാനും കൈപ്പറ്റാനും പാടില്ല എന്ന് വ്യക്തമാക്കി 30-4-2018-ൽ ജി.ഒ(ആർ.ടി).511/2018/ തൊഴിൽ നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## ആലത്തൂർ നിയോജകമണ്ഡലത്തിലെ ഇ.എസ്.ഐ. ഡിസ്പെൻസറി

200 (4942) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ അനുവദിച്ച ഇ.എസ്.ഐ. ഡിസ്പെൻസറിയുടെ ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ?

15-9-2017-ലെ സ.ഉ.(കൈ)നം.75/2017/തൊഴിൽ പ്രകാരം ആലത്തൂരിൽ ഏക-ഡോക്ടർ-ടൈപ്പ് ഇ.എസ്.ഐ. ഡിസ്പെൻസറി ആരംഭിക്കുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു (പകർപ്പ് അനുബന്ധം I ആയി* ചേർക്കുന്നു). എന്നാൽ 7-5-2021-ലെ U-16/12/1/Misc/Disp/2017/Med.III (Kerala) നമ്പർ കത്ത് പ്രകാരം ഇ.എസ്.ഐ. കോർപ്പറേഷൻ ആലത്തൂരിൽ രണ്ട്-ഡോക്ടർ - ടൈപ്പ് ഇ.എസ്.ഐ ഡിസ്പെൻസറിയുടെ പ്രവർത്തനത്തിനാണ് തത്വത്തിൽ അംഗീകാരം നൽകിയത് (പകർപ്പ് അനുബന്ധം II ആയി* ചേർക്കുന്നു).

(ബി) ഭരണാനുമതി ലഭിച്ചശേഷം ഡിസ്പെൻസറി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(സി) പ്രസ്തുത ഡിസ്പെൻസറി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

രണ്ട്-ഡോക്ടർ - ടൈപ്പ് ഡിസ്പെൻസറിയുടെ പ്രവർത്തനത്തിന് അധിക തസ്തികകൾ സൃഷ്ടിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർതലത്തിൽ പരിശോധിച്ചുവരുന്നുണ്ട്. ഈ വിഷയം സംബന്ധിച്ച് സർക്കാർതലത്തിൽ സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ പൂർത്തീകരിച്ചശേഷവും പുതിയ ഡിസ്പെൻസറിയുടെ പ്രവർത്തനത്തിനാവശ്യമായ വാടകക്കെട്ടിടം ലഭിക്കുന്ന മുറയ്ക്കും ആലത്തൂരിൽ ഇ.എസ്.ഐ. ഡിസ്പെൻസറിയുടെ പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കുന്നതാണ്.

## ആലപ്പുഴയിൽ കരിയർ ഗൈഡൻസ് സെന്റർ

201 (4943) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിൽ തൊഴിൽ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ?

ആലപ്പുഴ നിയോജകമണ്ഡലത്തിൽ തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിലുള്ള നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന ജില്ലാ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോടൊപ്പം എംപ്ലോയബിലിറ്റി സെന്റർ, വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റ്, സെൽഫ് എംപ്ലോയ്മെന്റ് യൂണിറ്റ് എന്നിവ പ്രവർത്തിക്കുന്നുണ്ട്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽനൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടുകൂടി 2012-13 സാമ്പത്തിക വർഷം മുതൽ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതിയാണ് എംപ്ലോയബിലിറ്റി സെന്റർ. ടി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽഗ്യാപ് എന്നിവ വിവിധ അസസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തി, സോഫ്റ്റ്സ്കില്ലുകളും ഇംഗ്ലീഷ് ഭാഷപരിജ്ഞാനവും വർദ്ധിപ്പിക്കുന്നതിന് എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയും തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക് അത്തരം പരിശീലനം നൽകുന്ന അംഗീകൃത പരിശീലന കേന്ദ്രങ്ങൾ മുഖേനയും പരിശീലനം നൽകുകയും ഇപ്രകാരം പരിശീലനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യ മേഖലയിലെ തൊഴിലവസരം ലഭ്യമാക്കുന്നതിനായി തൊഴിൽദാതാക്കളുമായി നേരിട്ട് ബന്ധപ്പെട്ടും ജോബ്ഫെയറുകൾ സംഘടിപ്പിച്ചും ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നേടിയെടുക്കുവാൻ എംപ്ലോയബിലിറ്റി സെന്ററുകൾ അവസരം ഉണ്ടാക്കി കൊടുക്കുന്നുണ്ട്. സ്റ്റേറ്റ് വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഉദ്യോഗാർത്ഥികൾക്ക് അവരുടെ അഭിരുചിക്കനുസൃതമായ തൊഴിൽ തെരഞ്ഞെടുക്കുന്നതിനും തൊഴിൽപരമായ പുരോഗതി കൈവരിക്കുന്നതിനും ആവശ്യമായ വിധത്തിൽ വിവിധ തൊഴിലവസരങ്ങളെക്കുറിച്ചും തൊഴിൽനില, ഉപരിപഠനം, പരിശീലന സൗകര്യങ്ങൾ, സ്കോളർഷിപ്പ് എന്നിവയെക്കുറിച്ച് ഉദ്യോഗാർത്ഥികൾ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, സാമൂഹ്യ സംഘടനാ പ്രവർത്തകർ എന്നിവർക്ക് ആവശ്യമായ വിവരങ്ങളും മാർഗ്ഗനിർദേശങ്ങളും നൽകുന്നതിനായി ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോടൊപ്പം വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റ് പ്രവർത്തിക്കുന്നു.

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ എംപ്ലോയ്മെന്റ് ഓഫീസ് മുഖേന കരിയർ ഗൈഡൻസ് സെന്റർ പ്രവർത്തിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ആലപ്പുഴ നിയോജകമണ്ഡലത്തിൽ എംപ്ലോയ്മെന്റ് വകുപ്പ് മുഖേന കരിയർ ഗൈഡൻസ് സെന്റർ പ്രവർത്തിക്കുന്നില്ല. എന്നാൽ ആലപ്പുഴ ജില്ലയിലെ കായംകുളം ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോടൊപ്പം കരിയർ ഡെവലപ്മെന്റ് സെന്റർ പ്രവർത്തിക്കുന്നുണ്ട്. ഈ കരിയർ ഡെവലപ്മെന്റ് സെന്ററിന്റെ സേവനം ആലപ്പുഴ ജില്ലയിലെ എല്ലാ ഉദ്യോഗാർത്ഥികൾക്കും സൗജന്യമായി ലഭിക്കുന്നതാണ്.

(സി) ആലപ്പുഴ നിയോജകമണ്ഡലത്തിൽ തൊഴിൽ നൈപുണ്യ പരിശീലനകേന്ദ്രം ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

നിലവിൽ ആലപ്പുഴ നിയോജകമണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന ആലപ്പുഴ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോടൊപ്പം പ്രവർത്തിക്കുന്ന എംപ്ലോയബിലിറ്റി സെന്ററിൽ തൊഴിൽ നൈപുണ്യ പരിശീലന പരിപാടികൾ നടന്നുവരുന്നുണ്ട്.

**നോക്കുകൂലി നിർത്തലാക്കാൻ കർമ്മ പദ്ധതി**

202 (4944) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നോക്കുകൂലി നിർത്തലാക്കാൻ മുൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

സ്ഥാനത്ത് ഏതു സാഹചര്യത്തിലും ചെയ്യാത്ത ജോലിക്ക് തൊഴിലാളികൾ കൂലി ആവശ്യപ്പെടുന്നതും കൈപ്പറ്റുന്നതും നിയമ വിരുദ്ധമായി പ്രഖ്യാപിച്ച് സർക്കാർ 30-4-2018-ൽ ജി.ഒ(ആർ.ടി)നമ്പർ 511/2018/തൊഴിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എങ്കിലും അമിതകൂലി വാങ്ങി എന്നും നോക്കുകൂലി വാങ്ങി എന്നുമുള്ള ഒറ്റപ്പെട്ട പരാതികൾ വരാറുണ്ട്. ടി അവസരങ്ങളിൽ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ സമയോചിതമായി ഇടപെടുകയും അമിതകൂലി ഈടാക്കിയതായി കണ്ടെത്തിയാൽ ആയത് തൊഴിലാളിയിൽനിന്നും വാങ്ങി പരാതിക്കാർക്ക് നൽകുകയും ഗുരുതരമായ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ തൊഴിലാളികളുടെ 26 (എ) രജിസ്ട്രേഷൻ കാർഡ് തൊഴിൽ വകുപ്പിലെ ഡെപ്യൂട്ടി ലേബർ ഓഫീസർമാർ ഇടപെട്ട് റദ്ദ് ചെയ്യുകയും ഹെഡ്‌ലോഡ് വർക്കേഴ്സ് ബോർഡിന്റെ കീഴിലുള്ള സ്കീം ഏരിയയിൽ കേരള ഹെഡ്‌ലോഡ് വർക്കേഴ്സ് സ്കീം (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആൻഡ് കണ്ടീഷൻ ഓഫ് സർവ്വീസ്) സ്കീം, 1983 പ്രകാരമുള്ള 6(എ) കാർഡ് റദ്ദ് ചെയ്യുന്നത് ഉൾപ്പെടെയുള്ള നിയമനടപടികൾ കൈക്കൊള്ളുകയും ചെയ്തുവരുന്നു. തൊഴിലുടമയെ അധിക്ഷേപിക്കുകയോ ഭീഷണിപ്പെടുത്തുകയോ ആക്രമിക്കുകയോ ചെയ്യുന്ന പരാതികൾ പോലീസിന് കൈമാറി ഉചിതമായ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 1978-ലെ കേരള ചുമട്ടു തൊഴിലാളി നിയമം ഫലപ്രദമായി നടപ്പിലാക്കുക, കയറ്റിറക്ക് തൊഴിൽ മേഖലയിലെ നോക്കുകൂലി

വാങ്ങുന്ന പ്രവണത അവസാനിപ്പിക്കുക എന്നിവ നടപ്പിലാക്കിവരുന്നു. കൂടാതെ 2018-ലെ The Kerala Investment Promotion & Fecilitation Act-ന്റെ സെക്ഷൻ 3-ൽ പറയുന്ന പ്രകാരം 1978-ലെ ഹെഡ്‌ലോഡ് വർക്കേഴ്സ് ആക്ടിൽ വകുപ്പ് 9-നുശേഷം കൂട്ടിച്ചേർത്ത 9(എ) വകുപ്പ് പ്രകാരം, ഒരു തൊഴിലുടമയ്ക്ക് തന്റെ കയറ്റിറക്ക് ജോലികൾ ഒരു രജിസ്റ്റേർഡ് ചുമട്ടുതൊഴിലാളിയെ ഉപയോഗിച്ച് ചെയ്യാവുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത നടപടികളിലൂടെ കൈവരിക്കാൻ ഉദ്ദേശിച്ചിരുന്നത്; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

സംസ്ഥാനത്ത് വ്യാപാര വ്യവസായ മേഖലയിൽ സമാധാനപരമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും തൊഴിലാളി-തൊഴിലുടമാ ബന്ധം സൗഹൃദപരമാക്കുന്നതിനും സാധിച്ചിട്ടുണ്ട്.

(സി) പ്രസ്തുത നടപടിയുടെ നടത്തിപ്പിന് എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിരുന്നതെന്ന് വിശദമാക്കാമോ?

1978-ലെ കേരള ചുമട്ടുതൊഴിലാളി നിയമം സംസ്ഥാനത്ത് കാര്യക്ഷമമായി നടപ്പിലാക്കിവരുന്നുണ്ട്. ഇതിനായി തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിച്ചുവരുന്നുണ്ട്. സംസ്ഥാനത്ത് ഏതു സാഹചര്യത്തിലും ചെയ്യാത്ത ജോലിക്ക് തൊഴിലാളികൾ കൂലി ആവശ്യപ്പെടുന്നതും കൈപ്പറ്റുന്നതും നിയമവിരുദ്ധമായി പ്രഖ്യാപിച്ച് സർക്കാർ 30-4-2018-ൽ ജി.ഒ.(ആർ.ടി) നമ്പർ 511/2018/തൊഴിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എങ്കിലും അമിതകൂലി വാങ്ങി എന്നും നോക്കുകൂലി വാങ്ങി എന്നുമുള്ള ഒറ്റപ്പെട്ട പരാതികൾ വരാറുണ്ട്. ടി അവസരങ്ങളിൽ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ സമയോചിതമായി ഇടപെടുകയും അമിതകൂലി ഈടാക്കിയതായി കണ്ടെത്തിയാൽ ആയത് തൊഴിലാളിയിൽ നിന്നും വാങ്ങി പരാതിക്കാർക്ക് നൽകുകയും ഗുരുതരമായ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ തൊഴിലാളികളുടെ 26 (എ) രജിസ്ട്രേഷൻ കാർഡ് തൊഴിൽ വകുപ്പിലെ ഡെപ്യൂട്ടി ലേബർ ഓഫീസർമാർ ഇടപെട്ട് റദ്ദ് ചെയ്യുകയും സ്കീം ഏരിയയിൽ കേരള ഹെഡ്‌ലോഡ് വർക്കേഴ്സ് സ്കീം (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആൻഡ് കണ്ടീഷൻ ഓഫ് സർവ്വീസ്) 1983 പ്രകാരമുള്ള 6(എ) കാർഡ് റദ്ദ് ചെയ്യുന്നത് ഉൾപ്പെടെയുള്ള നിയമനടപടികൾ കൈക്കൊള്ളുകയും ചെയ്തുവരുന്നു. കൂടാതെ തൊഴിലുടമയെ അധിക്ഷേപിക്കുകയോ ഭീഷണിപ്പെടുത്തുകയോ ആക്രമിക്കുകയോ ചെയ്യുന്ന പരാതികൾ പോലീസിന് കൈമാറി ഉചിതമായ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ചുമട്ടുതൊഴിലാളി ക്ഷേമപദ്ധതി ബാധകമായ സ്ഥലങ്ങളിൽ കേരള

ചുമട്ടുതൊഴിലാളി ക്ഷേമബോർഡും സ്കാറ്റേർഡ് വിഭാഗങ്ങൾക്ക് ബന്ധപ്പെട്ട ജില്ലാ ലേബർ ഓഫീസറും കയറ്റിറക്ക് നിരക്ക് നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് തൊഴിൽ വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) ഈ നടപടികളുടെ നിർവ്വഹണത്തിൽ എന്തെല്ലാം ലക്ഷ്യങ്ങൾ കൈവരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

സംസ്ഥാനത്ത് വ്യാപാര വ്യവസായ മേഖലയിൽ സമാധാനപരമായ അന്തരീക്ഷവും തൊഴിലാളി-തൊഴിലുടമാ ബന്ധം ഉറപ്പുവരുത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്. എങ്കിലും അമിതകൂലി വാങ്ങി എന്നും നോക്കുകൂലി വാങ്ങി എന്നുമുള്ള ഒറ്റപ്പെട്ട പരാതികൾ വരാറുണ്ട്. ടി അവസരങ്ങളിൽ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ സമയോചിതമായി ഇടപെടുകയും അമിതകൂലി ഈടാക്കിയതായി കണ്ടെത്തിയാൽ ആയത് തൊഴിലാളിയിൽ നിന്നും വാങ്ങി പരാതിക്കാർക്ക് നൽകുകയും, ഗുരുതരമായ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ തൊഴിലാളികളുടെ 26(എ) രജിസ്ട്രേഷൻ കാർഡ് തൊഴിൽ വകുപ്പിലെ ഡെപ്യൂട്ടി ലേബർ ഓഫീസർമാർ ഇടപെട്ട് റദ്ദ് ചെയ്യുകയും സ്കീം ഏരിയയിൽ കേരള ഹെഡ്ലോഡ് വർക്കേഴ്സ് സ്കീം (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആൻഡ് കണ്ടീഷൻ ഓഫ് സർവ്വീസസ്) 1983 പ്രകാരമുള്ള 6(എ) കാർഡ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നിയമനടപടികൾ കൈക്കൊള്ളുകയും ചെയ്തുവരുന്നു. കൂടാതെ തൊഴിലുടമയെ അധിക്ഷേപിക്കുകയോ ഭീഷണിപ്പെടുത്തുകയോ ആക്രമിക്കുകയോ ചെയ്യുന്ന പരാതികൾ പോലീസിന് കൈമാറി ഉചിതമായ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 1978-ലെ കേരള ചുമട്ടുതൊഴിലാളി നിയമം ഫലപ്രദമായി നടപ്പിലാക്കുക, കയറ്റിറക്ക് തൊഴിൽ മേഖലയിലെ നോക്കുകൂലി വാങ്ങുന്ന പ്രവണത അവസാനിപ്പിക്കുക എന്നിവ നടപ്പിലാക്കി വരുന്നു.

**ചാത്തന്നൂർ ഗവ. ഐ.ടി.ഐ-യിലെ ട്രേഡുകൾ**

203 (4945) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ ഗവ. ഐ.ടി.ഐ.-യിലെ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ എന്തെല്ലാമെന്നുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

ചാത്തന്നൂർ ഗവ. ഐ.ടി.ഐ.-യിൽ ഓഫീസ് / അഡ്മിനിസ്ട്രേഷൻ ബ്ലോക്ക്-കം-അക്കാദമിക് ബ്ലോക്ക്, ഐ.എം.സി. ബിൽഡിംഗ്, വർക്ക്ഷോപ്പ് ബിൽഡിംഗ് ആൻഡ് ഗ്യാരേജ് എന്നിവയ്ക്കുപുറമെ നിലവിലുള്ള ട്രേഡുകൾക്കാവശ്യമായ സ്ഥലസൗകര്യം, അധിക യൂണിറ്റുകൾ ആരംഭിക്കാനാവശ്യമായ സ്ഥലസൗകര്യം,

ഓഫീസ് ഏരിയ, വെർച്വൽ ക്ലാസ്സ്റൂമുകൾ, ഹെൽപ്പ് ഡെസ്കിനാവശ്യമായ സൗകര്യങ്ങൾ, ടോയ്‌ലറ്റുകൾ എന്നിവ അടിസ്ഥാന സൗകര്യങ്ങളായി ഉണ്ട്.

(ബി) പ്രസ്തുത ഐ.ടി.ഐ.-യിൽ നിലവിലുള്ള ട്രേഡുകൾ ഏതൊക്കെയാണെന്നും ഓരോ ട്രേഡിലും എത്ര കുട്ടികൾക്ക് അഡ്മിഷൻ നൽകാനാകുമെന്നും അറിയിക്കാമോ?

ചാത്തന്നൂർ ഗവ. ഐ.ടി.ഐ.-യിലെ ട്രേഡുകൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ട്രേഡ് | കുട്ടികളുടെ എണ്ണം |
|---|---|---|
| 1 | ഇലക്ട്രീഷ്യൻ | 40 |
| 2 | ഫിറ്റർ | 40 |
| 3 | മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ | 48 |
| 4 | ഡ്രാഫ്റ്റ്സ്മാൻ സിവിൽ | 24 |
| 5 | സർവ്വെയർ | 48 |
| 6 | പെയിന്റർ ജനറൽ | 20 |
| 7 | വെൽഡർ | 40 |
| 8 | ഡ്രസ്സ് മേക്കിംഗ് | 20 |
|  | ആകെ | 280 |

(സി) ഐ.ടി.ഐ.-യിലെ ഏതെല്ലാം ട്രേഡുകൾക്ക് എൻ.സി.വി.ടി. അംഗീകാരമുണ്ടെന്ന് വ്യക്തമാക്കാമോ?

ചാത്തന്നൂർ ഗവ. ഐ.ടി.ഐ.-യിൽ പരിശീലനം നൽകുന്ന എല്ലാ ട്രേഡുകൾക്കും എൻ.സി.വി.ടി. അംഗീകാരമുണ്ട്.

(ഡി) 2016 മുതൽ 2021 വരെയുള്ള കാലയളവിൽ പുതുതായി ഏതെങ്കിലും ട്രേഡുകൾ ചാത്തന്നൂർ ഗവ. ഐ.ടി.ഐ-യിൽ ആരംഭിക്കുകയോ നിലവിലുള്ള ഏതെങ്കിലും ട്രേഡ് രണ്ട് യൂണിറ്റായി ഉയർത്തുകയോ ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

2016 മുതൽ 2021 വരെയുള്ള കാലയളവിൽ ചാത്തന്നൂർ ഗവ. ഐ.ടി.ഐ.-യിൽ പുതുതായി ട്രേഡുകൾ ആരംഭിക്കുകയോ അധിക യൂണിറ്റുകൾ അനുവദിക്കുകയോ ചെയ്തിട്ടില്ല.

**കുറ്റ്യാടി നിയോജകമണ്ഡലത്തിലെ മണിയൂർ, വില്യാപ്പള്ളി ഐ.ടി.ഐ-കളുടെ കെട്ടിട നിർമ്മാണം**

204 (4946) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിലെ മണിയൂർ (വടകര), വില്യാപ്പള്ളി ഐ.ടി.ഐ-കളുടെ കെട്ടിട നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ടോ എന്നറിയിക്കാമോ?

മണിയൂർ (വടകര), വില്യാപ്പള്ളി ഐ.ടി.ഐ-കളുടെ കെട്ടിടനിർമ്മാണത്തിനുള്ള എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭ്യമായിട്ടില്ല.

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണം ഏതു ഏജൻസി മുഖേനയാണ് നടത്താൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ?

കെട്ടിടനിർമ്മാണത്തിനുള്ള എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ വിളിച്ചശേഷം നിർവ്വഹണ ഏജൻസിയുടെ കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

(സി) കെട്ടിടത്തിന് ആധുനികരീതിയിൽ ആർക്കിടെക്ച്ചറൽ രൂപകല്പന നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

കെട്ടിടത്തിന് ആധുനികരീതിയിലുള്ള ആർക്കിടെക്ച്ചറൽ രൂപകൽപ്പന തന്നെയാണ് ഉദ്ദേശിക്കുന്നത്

**വെള്ളമുണ്ട ഗവൺമെന്റ് ഐ.ടി.ഐ-യ്ക്ക് കെട്ടിടം**

205 (4947) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളമുണ്ട ഗവൺമെന്റ് ഐ.ടി.ഐ.-യ്ക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ?

വെള്ളമുണ്ട ഗവ ഐ.ടി.ഐ.-യ്ക്കായി കണ്ടെത്തിയ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി വരുന്നു.

(ബി) നിലവിൽ ഐ.ടി.ഐ-യ്ക്ക് എത്ര സ്ഥലം സ്വന്തമായുണ്ട്; വ്യക്തമാക്കുമോ?

കെട്ടിടം നിർമിക്കുന്നതിനായി ജനകീയ സമിതി വാങ്ങി നൽകിയ 1.21 ഏക്കർ സ്ഥലം ബഹു. കേരള ഗവർണറുടെ പേരിൽ ദാനാധാരമായി രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത ഐ.ടി.ഐ-യ്ക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

വെള്ളമുണ്ട ഗവ ഐ.ടി.ഐ-യ്ക്കായി കണ്ടെത്തിയ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി വരുന്നു. ഭരണാനുമതി ശിപാർശ സർക്കാരിൽ ലഭിക്കുന്നമുറയ്ക്ക് ആയത് പരിശോധിക്കുന്നതാണ്. അതോടൊപ്പം വെള്ളമുണ്ട ഐ.ടി.ഐ-യ്ക്ക് ആവശ്യമായ എല്ലാ കെട്ടിടങ്ങളും വയനാട് പാക്കേജിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിനുള്ള സാധ്യതയും വ്യാവസായിക പരിശീലന വകുപ്പ് പരിശോധിച്ചുവരുന്നു.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതർ

206 (4948) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എസ്.എസ്.എൽ.സി. മുതൽ ഉന്നത വിദ്യാഭ്യാസം വരെ നേടിയ തൊഴിൽരഹിതരായ എത്ര പേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്; മേൽപ്പറഞ്ഞവരിൽ പുരുഷന്മാർ എത്രയെന്നും സ്ത്രീകൾ എത്രയെന്നും വ്യക്തമാക്കുമോ?

2021 ഒക്ടോബർ 25 വരെ സംസ്ഥാനത്ത് എസ്.എസ്.എൽ.സി. മുതൽ ഉന്നത വിദ്യാഭ്യാസം വരെ നേടിയ തൊഴിൽരഹിതരായ 34,82,199 പേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്; മേൽപ്പറഞ്ഞവരിൽ 12,96,549 പുരുഷന്മാരും 21,85,628 സ്ത്രീകളും 22 മറ്റുള്ളവരുമാണ്.

(ബി) മേൽപ്പറഞ്ഞവരിൽ എസ്.എസ്.എൽ.സി, ഹയർ സെക്കണ്ടറി, പ്രൊഫഷണൽ (ഇനം തിരിച്ച്), ഡിഗ്രി, പി.ജി., പി.എച്ച്.ഡി. യോഗ്യതകളുള്ളവർ എത്ര വീതമുണ്ടെന്ന് അറിയിക്കുമോ; അതിൽ സ്ത്രീകളും പുരുഷന്മാരും എത്ര വീതമെന്നും വ്യക്തമാക്കുമോ?

2021 ഒക്ടോബർ 25 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തവരിൽ എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി, പ്രൊഫഷണൽ (ഇനം

തിരിച്ച്), ഡിഗ്രി, പി.ജി, പിഎച്ച്.ഡി. യോഗ്യതയുള്ളവരുടെ വിവരം അനുബന്ധം ആയി* ചേർത്തിരിക്കുന്നു.

(സി) പ്രസ്തുത തൊഴിലന്വേഷകരുടെ എണ്ണം ഏറ്റവും കൂടുതലും കുറവും ഏത് ജില്ലകളിലാണെന്ന് വെളിപ്പെടുത്തുമോ?

2021 ഒക്ടോബർ 25 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തവരിൽ തൊഴിലന്വേഷകരുടെ എണ്ണം ഏറ്റവും കൂടുതൽ തിരുവനന്തപുരം ജില്ലയിലും ഏറ്റവും കുറവ് ഇടുക്കി ജില്ലയിലുമാണ്.

(ഡി) എറണാകുളം ജില്ലയിൽ എത്രപേരുണ്ടെന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ?

2021 ഒക്ടോബർ 25 വരെ എറണാകുളം ജില്ലയിൽ ആകെ 340893 പേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്; മേൽപ്പറഞ്ഞവരിൽ 129624 പുരുഷന്മാരും 211266 സ്ത്രീകളും 3 മറ്റുള്ളവരുമാണ്.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനങ്ങൾ**

207 (4949) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന് കീഴിൽ വരുന്നതും എന്നാൽ പി.എസ്.സി. മുഖേന നിയമനം നടത്താത്തതുമായ എല്ലാ സ്ഥിരം, താൽക്കാലിക, കോൺട്രാക്ട്, ദിവസവേതന തസ്തികകളിലേക്കുള്ള നിയമനങ്ങൾ സംവരണവും മറ്റ് അംഗീകൃത മാനദണ്ഡങ്ങളും പാലിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നടത്തുന്നതിന് പര്യാപ്തമായ ഒരു നിയമം നിർമ്മിക്കുന്നത് പരിഗണനയിലുണ്ടോ;

(ബി) ഇതുസംബന്ധിച്ച് എംപ്ലോയ്മെന്റ് ഡയറക്ടർ സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ നൽകിയിട്ടുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) തൊഴിൽ നേടുന്നതിനായി യോഗ്യതകൾ രജിസ്റ്റർ ചെയ്ത് വർഷങ്ങളായി കാത്തിരിക്കുന്ന സംവരണ വിഭാഗങ്ങൾ, അംഗപരിമിതർ തുടങ്ങിയ വിഭാഗം ഉദ്യോഗാർത്ഥികൾക്ക് അർഹതപ്പെട്ട തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനും സാമൂഹ്യനീതി ഉറപ്പാക്കുന്നതിനുമായി പ്രസ്തുത നിയമം അടിയന്തരമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ-സി) 1959-ലെ കംപൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരമാണ് സംസ്ഥാനത്തുള്ള സർക്കാർ വകുപ്പുകൾ/പൊതുമേഖലാ സ്ഥാപനങ്ങൾ /ബോർഡുകൾ/കമ്പനികൾ/കോർപ്പറേഷനുകൾ/സർക്കാർഗ്രാന്റിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലേയ്ക്ക് പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിധിക്ക് പുറത്തുവരുന്ന ഒഴിവുകൾ നികത്തുന്നത്. ഇതിനുപുറമെ പ്രസ്തുത നിയമനങ്ങൾ നടത്തുന്നതിനായി ഒരു പുതിയ നിയമം നിർമ്മിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

## നിലമ്പൂർ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്

208 (4950) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തവരുടെ എണ്ണം എത്രയെന്ന് എക്സ്ചേഞ്ച് തിരിച്ച് വിവരം ലഭ്യമാക്കാമോ?

സെപ്റ്റംബർ 30 വരെ മലപ്പുറം ജില്ലയിലെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 289689 പേർ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. എക്സ്ചേഞ്ച് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം I ആയി* നൽകുന്നു.

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾവഴി നികത്തുന്ന നിയമനങ്ങൾക്ക് ഒരു ഒഴിവിന് എത്ര വീതം അപേക്ഷകരെയാണ് പരിഗണിക്കുക എന്ന് അറിയിക്കാമോ; ഓരോ ഒഴിവിലേക്കും പരിഗണിക്കുന്ന അപേക്ഷകരുടെ അനുപാതം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ തിരിച്ച് വിവരം ലഭ്യമാക്കാമോ?

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തുന്ന സ്ഥിരം ഒഴിവുകളിലേയ്ക്ക് ഓരോ സംവരണ വിഭാഗത്തിനും ബുക്ക് ചെയ്യുന്ന 1 മുതൽ 5 വരെയുള്ള ഒഴിവുകൾക്ക് ഓരോന്നിനും ഒരു ഉദ്യോഗാർത്ഥിയെയും 6 മുതൽ 10 വരെയുള്ള ഒഴിവുകൾക്ക് മൊത്തം 5 പേരെയും തുടർന്ന് വരുന്ന ഓരോ പത്ത് ഒഴിവുകൾക്കും അധികമായി ഒരാളെ വീതവും ഓരോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്ന് സബ്മിറ്റ് ചെയ്യുന്നു. നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് മാന്വൽ പ്രകാരം താൽക്കാലിക ഒഴിവുകൾക്ക് സബ്മിഷൻ അനുപാതം 1 : 9 ആകുന്നു. എന്നാൽ ഓരോ ജില്ലയിലേയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ ലൈവ് രജിസ്റ്ററിന്റെ എണ്ണത്തിനും ഓഫീസുകളുടെ എണ്ണത്തിനും അനുപാതമായി സബ്മിഷൻ അനുപാതത്തിൽ ഏറ്റക്കുറച്ചിലുകളുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അറിയിക്കുന്ന താത്കാലിക ഒഴിവുകൾക്ക് ഓരോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ഒരു ഒഴിവിന് സബ്മിറ്റ് ചെയ്യുന്ന ഉദ്യോഗാർത്ഥികളുടെ അനുപാതം ചുവടെ ചേർക്കുന്നു.

താത്കാലിക ഒഴിവുകൾക്ക് ഓരോ സംവരണ വിഭാഗത്തിലെ ഓരോ ഒഴിവിനും ഒരു ഭിന്നശേഷി വിഭാഗത്തിലെ ഉദ്യോഗാർത്ഥിയെക്കൂടി ഓരോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും അധികമായി സബ്മിറ്റ് ചെയ്യുന്നു. ഒരു ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ബുക്ക് ചെയ്യുന്ന താത്കാലിക ഒഴിവിന് ഏതെങ്കിലും സംവരണ വിഭാഗത്തിൽ ഉദ്യോഗാർത്ഥിയെ ലഭ്യമല്ലാതെ വന്നാൽ പ്രസ്തുത ഒഴിവ് മേഖലാതലത്തിലും ഉദ്യോഗാർത്ഥികളെ ലഭ്യമല്ലാതെ വന്നാൽ ഒഴിവ് സംസ്ഥാനതലത്തിലും സർക്കുലേറ്റ് ചെയ്യുന്നു. ഇപ്രകാരം മേഖലാതലത്തിലും സംസ്ഥാനതലത്തിലും താൽക്കാലിക ഒഴിവുകൾ സർക്കുലേറ്റ് ചെയ്യുമ്പോൾ മുൻ ഖണ്ഡികയിൽ സൂചിപ്പിച്ചതുപോലെ സ്ഥിരം ഒഴിവുകൾക്കുള്ള സബ്മിഷൻ അനുപാതമാണ് പാലിച്ചുപോരുന്നത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിക്കുന്ന താത്കാലിക ഒഴിവുകൾക്ക് ഓരോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ഓരോ ഒഴിവിന് സബ്മിറ്റ് ചെയ്യുന്ന ഉദ്യോഗാർത്ഥികളുടെ അനുപാതം അനുബന്ധം II ആയി* ചേർക്കുന്നു.

പ്രൊഫഷണൽ & എക്സ്ക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ (പി&ഇ) റിപ്പോർട്ട് ചെയ്യുന്ന ഓരോ താല്ക്കാലിക ഒഴിവിനും അതാതു റീജിയനിൽ ഉദ്യോഗദായകൻ ഉണ്ടെങ്കിൽ പ്രസ്തുത ഒഴിവുകൾക്ക് ഒഴിവ് റിപ്പോർട്ട് ചെയ്ത എക്സ്ചേഞ്ചിൽ നിന്നും ഒരൊഴിവിന് 9 പേരെയും അധികമായി ഒരു അഡീഷണൽ പി.എച്ച്-നെയും സബ്മിറ്റ് ചെയ്യുന്നു. ഉദ്യോഗദായകൻ ഒരു റീജിയണിൽ മാത്രമെയുള്ളൂവെങ്കിൽ പ്രസ്തുത താല്ക്കാലിക ഒഴിവ് മറ്റ് രണ്ടു റീജിയണിലേയ്ക്കും സർക്കുലേറ്റ് ചെയ്യുകയും ഒഴിവ് റിപ്പോർട്ട് ചെയ്ത പി.&ഇ.-യിൽനിന്നും ഒരൊഴിവിന് 5 പേരെയും മറ്റ് രണ്ട് പി & ഇ -യിൽ നിന്നും ഒരൊഴിവിന് രണ്ട് പേരെയും വീതം 5:2:2 അനുപാതത്തിൽ സബ്മിറ്റ് ചെയ്യുന്നു. കൂടാതെ ഓരോ പി & ഇ-യിൽനിന്നും ഓരോ താല്ക്കാലിക ഒഴിവിനും ഒരു അഡീഷണൽ പി.എച്ച്-നെയും അധികമായി സബ്മിറ്റ് ചെയ്യുന്നു. പ്രൊഫഷണൽ & എക്സ്ക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ റിപ്പോർട്ട് ചെയ്യുന്ന സ്ഥിരം ഒഴിവുകൾക്കും മേൽപ്രസ്താവിച്ച വിധത്തിലാണ് മൂന്ന് പി & ഇ-യിൽനിന്നും ഉദ്യോഗാർത്ഥികളെ സബ്മിറ്റ് ചെയ്ത് വരുന്നത്. സ്ഥിരം ഒഴിവുകൾക്ക് അഡീഷണൽ പി.എച്ച് -നെ നൽകുന്നില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) നിലമ്പൂർ ടൗൺ എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തവരുടെ എണ്ണം മലപ്പുറം ജില്ലയിലെ മറ്റ് എക്സ്ചേഞ്ചുകളെ അപേക്ഷിച്ച് ഇരട്ടിയിലധികം ആയതിനാൽ ഓരോ ഒഴിവിലേക്കും ഒന്നിൽ കൂടുതൽ അപേക്ഷകരെ നിലമ്പൂർ എക്സ്ചേഞ്ചിൽ നിന്നും പരിഗണിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തൊട്ടാകെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് കൂടുതൽ അവസരം ലഭ്യമാക്കുന്നതിന് സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും താത്കാലിക ഒഴിവുകളിലേയ്ക്കുള്ള സബ്മിഷൻ അനുപാതം 1 : 9 ആണ്.

(ഡി) നിലമ്പൂർ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഇപ്പോൾ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വിസ്തീർണം എത്ര ചതുരശ്ര അടിയാണെന്ന് അറിയിക്കാമോ; പുതുതായി ആരംഭിക്കുന്ന നിലമ്പൂർ മിനി സിവിൽസ്റ്റേഷനിൽ പ്രസ്തുത എക്സ്ചേഞ്ചിനായി നീക്കിവെച്ച സ്ഥലത്തിന്റെ വിസ്തീർണ്ണമടക്കമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

നിലമ്പൂർ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഇപ്പോൾ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വിസ്തീർണ്ണം ഏകദേശം 2200 ചതുരശ്ര അടി ആണ്. പുതുതായി ആരംഭിക്കുന്ന നിലമ്പൂർ മിനി സിവിൽ സ്റ്റേഷനിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനായി അനുവദിച്ചിരിക്കുന്നത് ഏകദേശം 1260 ചതുരശ്ര അടിയാണ്.

(ഇ) പ്രസ്തുത എക്സ്ചേഞ്ചിന് നിലവിലുള്ളതിനേക്കാൾ കുറഞ്ഞ വിസ്തീർണ്ണം ആണ് പുതിയ കെട്ടിടത്തിന് ലഭ്യമാവുന്നതെങ്കിൽ ആയത് പരിഹരിച്ചില്ലെങ്കിൽ ഉദ്യോഗാർത്ഥികൾക്കും ഉദ്യോഗസ്ഥർക്കും പ്രയാസമുണ്ടാകും എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കും എന്ന് അറിയിക്കാമോ?

കൂടുതൽ സ്ഥലസൗകര്യം അനുവദിക്കണമെന്ന് നിലമ്പൂർ തഹസിൽദാർക്ക് വളരെ നേരത്തെതന്നെ അപേക്ഷ കൊടുത്തിരുന്നെങ്കിലും ആയത് അനുവദിച്ച് കിട്ടിയിട്ടില്ല. ഓഫീസിനായി അനുവദിച്ച കെട്ടിടത്തിനോടനുബന്ധിച്ചുള്ള പബ്ലിക് വെയിറ്റിംഗ് ഏരിയയിൽ രജിസ്ട്രേഷൻ ഹാളിനായി സ്ഥലം അനുവദിച്ച് തരണമെന്ന് നിലമ്പൂർ തഹസിൽദാരോട് അപേക്ഷിച്ചതിനെത്തുടർന്ന് ടി ഏരിയയിൽ പൊതുജനങ്ങൾക്കും മറ്റ് ഓഫീസുകൾക്കും ബുദ്ധിമുട്ടുണ്ടാകാത്ത വിധത്തിൽ 20 അടി നീളത്തിലും 14 അടി വീതിയിലും ഹാൾ നിർമ്മിക്കാൻ അനുവാദം ലഭിച്ചു. എന്നാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, കിഫ്ബി ഓഫീസുകൾ ഒഴികെയുള്ളവയുടെ പാർട്ടീഷൻ വർക്കുകൾ കഴിയാത്തതിനാൽ ഇപ്പോൾ രജിസ്ട്രേഷൻ ഹാൾ നിർമ്മിക്കുന്നത് മറ്റ് ഓഫീസുകളുടെ പാർട്ടീഷൻ വർക്കിനുള്ള സാധന സാമഗ്രികൾ കൊണ്ടുപോകുന്നതിന് തടസ്സമുണ്ടായേക്കാം എന്നതുകൊണ്ട് അവരുടെ പാർട്ടീഷൻ വർക്കുകൾ കഴിയുന്നതിനായി കാത്തിരിക്കുകയാണ്.

**എംപ്ലോയ്മെന്റ് മുഖേനയുള്ള നിയമനം**

209 (4951) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എംപ്ലോയ്മെന്റ് മുഖേന എത്ര പേർക്ക് നിയമനം നല്കിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2021 മേയ് മുതൽ 2021 സെപ്റ്റംബർ 30 വരെ സർക്കാർ-അർദ്ധ സർക്കാർ മേഖലകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ആകെ 3468 പേർക്ക് നിയമനം നൽകിയിട്ടുണ്ട് (713 പേർക്ക് സ്ഥിര നിയമനവും 2755 പേർക്ക് താൽക്കാലിക നിയമനവും). ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം I ആയി* നൽകുന്നു. 2021 മേയ് 20 മുതൽ 2021 സെപ്തംബർ 30 വരെ സ്വകാര്യമേഖലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ആകെ 1495 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത നിയമനങ്ങളിൽ പാർട്ട് ടൈം തസ്തികയിലുൾപ്പെടെ എത്ര സ്ഥിരനിയമനം നൽകിയെന്ന് വ്യക്തമാക്കാമോ?

2021 മേയ് മുതൽ 2021 സെപ്റ്റംബർ 30 വരെ സർക്കാർ-അർദ്ധ സർക്കാർ മേഖലകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന പാർട്ട് ടൈം തസ്തികയിലുൾപ്പെടെ ആകെ 713 പേർക്ക് സ്ഥിര നിയമനം നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം II ആയി* ചേർത്തിരിക്കുന്നു.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിതരായ ഭിന്നശേഷി ജീവനക്കാർ**

210 (4952) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

16-8-1999 മുതൽ 2003 വരെയുള്ള കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം ലഭിച്ച് 18-5-2013-ലെ സ.ഉ(പി) 40/13/സാ.നീ.വ. പ്രകാരം പുനർനിയമനം ലഭിച്ച് നിലവിൽ ജോലി ചെയ്യുന്ന ഭിന്നശേഷി ജീവനക്കാരുടെ എണ്ണവും അവരുടെ വിവരങ്ങളും അടങ്ങിയ പുതുക്കിയ ലിസ്റ്റ് ലഭ്യമാക്കുമോ?

16-8-1999 മുതൽ 31-12-2003 വരെയുള്ള കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം ലഭിച്ചവരിൽ 179 ദിവസം

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൂർത്തിയാക്കിയ അംഗപരിമിതർക്ക് പുനർ നിയമനം നൽകുന്നതിനായി സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് 18-5-2013-ലെ സ.ഉ(പി) 40/13/സാ.നീ.വ. പ്രകാരം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുനർനിയമനം നൽകിയ 2184 പേരുടെ ലിസ്റ്റ് അനുബന്ധമായി* ചേർക്കുന്നു.

## തൊഴിലധിഷ്ഠിത വിദ്യാഭ്യാസം

211 (4953) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. വി. ജോയി:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ -തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽ നൈപുണ്യ ആവശ്യകതക്കനുസരിച്ച് തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ ഘടനയിലും ഉള്ളടക്കത്തിലും മാറ്റം വരുത്തുന്നതിന് നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാനത്തെ 389 വി.എച്ച്.എസ്.ഇ. സ്കൂളുകളിലെ 1101 ബാച്ചുകളിലായി പഠിപ്പിക്കുന്ന എല്ലാ തൊഴിലധിഷ്ഠിത കോഴ്സുകളും ദേശീയ തൊഴിൽനൈപുണ്യ പദ്ധതി (NSQF) അനുസരിച്ച് ആധുനികവൽക്കരിച്ചിട്ടുണ്ട്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ ഘടന, ഉള്ളടക്കം, പാഠ്യപദ്ധതി പരിശീലനം, പ്രായോഗിക പരീക്ഷ എന്നിവയിൽ കാതലായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്.

(ബി) വ്യത്യസ്ത വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് നൂതന സാങ്കേതിക നൈപുണ്യ പരിശീലന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഇല്ല. എന്നാൽ വൊക്കേഷണൽ ഹയർ സെക്കണ്ടറിയിലെ എൻ.എസ്.ക്യൂ.എഫ്. കോഴ്സുകളുടെ പഠന പ്രവർത്തനങ്ങളായ OJT, Expert Interaction, Virtual field visit എന്നിവ മറ്റുവകുപ്പുകൾ - സർക്കാർ/സ്വകാര്യ വ്യവസായ സ്ഥാപനങ്ങൾ എന്നിവയുമായി ഏകോപിപ്പിച്ചുകൊണ്ടാണ് നടപ്പാക്കുന്നത്.

(സി) സാങ്കേതിക വിദ്യാഭ്യാസം ദേശീയ മാനദണ്ഡങ്ങൾക്കനുസൃതമായി സംവിധാനം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കാമോ?

വി.എച്ച്.എസ്.ഇ. വകുപ്പ് നടത്തിവരുന്ന എല്ലാ തൊഴിലധിഷ്ഠിത കോഴ്സുകളും ദേശീയ മാനദണ്ഡങ്ങൾക്ക് (NSQF) അനുസൃതമായിട്ടുള്ളതാണ്.

## വികലാംഗ സർട്ടിഫിക്കറ്റിന്റെ അർഹത

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

212 (4954) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം ഇ.എസ്.ഐ. ഡിസ്പെൻസറിയിൽ ഗ്രേഡ് -2 അറ്റൻഡറായ ശ്രീ. ജെ. അജയകുമാറിനെക്കുറിച്ച് തൊഴിൽ വകുപ്പിലുള്ള എഫ്2/164/2017/ എൽ.ബി.ആർ.ഡി. നമ്പർ ഫയലിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; ഇയാൾക്ക് ലഭിച്ച വികലാംഗ സർട്ടിഫിക്കറ്റിന്റെ അർഹതയെപ്പറ്റിയുള്ള പരാതി പരിശോധിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്; അറിയിക്കാമോ;

(ബി) നെയ്യാറ്റിൻകര വികലാംഗ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ഇദ്ദേഹത്തിന് ഇന്റർവ്യൂ കാർഡ് അയച്ചത് സംബന്ധിച്ച പരാതി പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

(എ&ബി) കോവളം ഇ.എസ്.ഐ. ഡിസ്പെൻസറിയിൽ ഗ്രേഡ് 2 അറ്റൻഡറായ ശ്രീ. ജെ. അജയകുമാറിനെക്കുറിച്ച് ലഭിച്ച പരാതി പരിശോധിച്ചുവരുന്നു.

(സി) മൂന്ന് വർഷമായി കോവളം ഡിസ്പെൻസറിയിൽ ജോലി ചെയ്യുന്ന ഈ വ്യക്തിയുടെ പോലീസ് വെരിഫിക്കേഷൻ പൂർത്തീകരിച്ചിട്ടുണ്ടോ; കേസ്സിൽ പ്രതിയായ ഇയാൾ ഇപ്പോഴും ജോലിയിൽ തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പോലീസ് വേരിഫിക്കേഷൻ പൂർത്തീകരിച്ചിട്ടുണ്ട്; തിരുവനന്തപുരം ജില്ലാ റൂറൽ പോലീസ് മേധാവിയുടെ 4-2-2021-ലെ കത്തുപ്രകാരം ശ്രീ. ജെ. അജയകുമാറിന്റെ പേരിൽ ക്രിമിനൽ കേസുകൾ ഇല്ല.

(ഡി) അന്തർജില്ലാ വകുപ്പ് സ്ഥലംമാറ്റത്തിനായി ഇദ്ദേഹം നൽകിയ അപേക്ഷയിന്മേൽ പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ട് പരിഗണിക്കാതെ മേലുദ്യോഗസ്ഥൻ ശിപാർശ ചെയ്ത നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

അന്തർ വകുപ്പ് സ്ഥലമാറ്റ അപേക്ഷ അർഹതയില്ല എന്ന കാരണത്താൽ നിരസിക്കുകയാണുണ്ടായത്.

**ഓപ്പറേഷൻ തീയേറ്റർ ടെക്നീഷ്യൻ ഗ്രേഡ്-2 തസ്തികയിലേയ്ക്കുള്ള നിയമനം**

213 (4955) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വിഭാഗത്തിലെ ഓപ്പറേഷൻ തീയേറ്റർ ടെക്നീഷ്യൻ ഗ്രേഡ്-2 തസ്തികയിലേയ്ക്ക് 2018-ൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നൽകിയവരുടെ എണ്ണം അറിയിക്കാമോ?

3 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) ഇ.എസ്.ഐ. ആശുപത്രികളിൽ ഓപ്പറേഷൻ തിയേറ്റർ ടെക്നീഷ്യൻമാരുടെ സേവനം ആവശ്യമായതിനാൽ കൂടുതൽ ആശുപത്രികളിൽ പ്രസ്തുത തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിലെ യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് അവസരം നഷ്ടപ്പെടാതിരിക്കാൻ തുടർ നടപടി സ്വീകരിക്കുമോ?

(ബി&സി) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിൽ ഓപ്പറേഷൻ തീയേറ്റർ ടെക്നീഷ്യൻമാരുടെ അപര്യാപ്തത നിലവിലില്ല. വകുപ്പിൽ ആകെയുള്ള 3 ഓപ്പറേഷൻ തീയേറ്റർ ടെക്നീഷ്യൻ തസ്തികകളിലേയ്ക്കും നിയമനം നടത്തിയിട്ടുണ്ട്.

## കണ്ണൂരിലെ ഡെപ്യൂട്ടി ലേബർ കമ്മീഷണറുടെ നിയമനം

214 (4956) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂരിൽ രണ്ട് വർഷത്തിലധികമായി ഡെപ്യൂട്ടി ലേബർ കമ്മീഷണറെ നിയമിക്കാത്തതിനാൽ ഗ്രാറ്റുവിറ്റി കൺട്രോളിംഗ് അതോറിറ്റി മുമ്പാകെയുള്ള തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി കേസ്സുകൾ തീർപ്പാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) രണ്ട് വർഷത്തിലധികമായി സ്ഥിരനിയമനം നടക്കാത്ത സാഹചര്യത്തിൽ വിരമിച്ച പ്രായമായവരും രോഗികളും ഉൾപ്പെടെയുള്ള തൊഴിലാളികൾക്ക് ലഭിക്കേണ്ട ഗ്രാറ്റുവിറ്റി ആനുകൂല്യങ്ങൾ നാലഞ്ച് വർഷങ്ങളായി കെട്ടിക്കിടക്കുന്നത് പാവപ്പെട്ട തൊഴിലാളികൾക്ക് വളരെ പ്രയാസമുണ്ടാക്കുന്നതിനാൽ പ്രസ്തുത തസ്തികയിൽ നിയമനം നടത്തി ഗ്രാറ്റുവിറ്റി കേസുകളുടെ നടപടിക്രമങ്ങൾ തുടരുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

(എ&ബി) 12-6-2021 മുതലാണ് കണ്ണൂർ ഡെപ്യൂട്ടി ലേബർ കമ്മീഷണർ തസ്തികയിൽ ഒഴിവ് നിലവിൽ വന്നത്. ടി തീയതി മുതൽ കണ്ണൂർ ഡെപ്യൂട്ടി ലേബർ കമ്മീഷണറുടെ പൂർണ്ണ അധിക ചുമതല കണ്ണൂർ ജില്ലാ ലേബർ ഓഫീസർക്ക് നൽകിയിട്ടുണ്ട്. കണ്ണൂർ ഡെപ്യൂട്ടി ലേബർ കമ്മീഷണർ തസ്തികയിലേക്ക് നിയമനം നടത്തുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

## ഡാറ്റാ ബാങ്കിൽ തെറ്റായി ഉൾപ്പെട്ട ഭൂമി

215 (4957) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡാറ്റാ ബാങ്കിൽ തെറ്റായി ഉൾപ്പെട്ട ഭൂമി തരം മാറ്റിക്കിട്ടുന്നതിനുള്ള അപേക്ഷകളിൻമേൽ തീരുമാനമെടുക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കാലതാമസം വരുത്തുന്നതുമൂലം പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ട പ്രകാരമുള്ള ഭൂമിയുടെ തരംമാറ്റ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അപേക്ഷകളുടെ ബാഹുല്യംമൂലവും, കോവിഡ്-19 വ്യാപനവും നിയന്ത്രണങ്ങളും, കൂടാതെ, കോവിഡ്-19 നിയന്ത്രണ പ്രവർത്തനങ്ങൾ, ഇലക്ഷൻ-പ്രകൃതിദുരന്ത ദുരിതാശ്വാസ പ്രവർത്തനങ്ങൾ എന്നിവയിലേയ്ക്ക് ജീവനക്കാരെ നിയമിക്കേണ്ടി വന്നതിനാലും അപേക്ഷകൾ തീർപ്പാക്കുന്നതിൽ പൊതുവെ കാലതാമസം നേരിട്ടിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത അപേക്ഷകൾ സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നതിനായി യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ബി) നിയമപ്രകാരം കരഭൂമിയാണെന്നുള്ള രേഖകൾ കൃത്യമായുള്ള സ്ഥലങ്ങളിൽ ഭൂമിയുടെ തരംമാറ്റം വേഗത്തിൽ നടപ്പാക്കുന്നതിന് മാർഗ്ഗനിർദേശം പുറപ്പെടുവിക്കുമോ; വിശദാംശം നൽകാമോ?

കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടപ്രകാരമുള്ള ഭൂമിയുടെ തരംമാറ്റ അപേക്ഷകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചതിനാൽ അപേക്ഷ തീർപ്പാക്കുന്നതിൽ കാലതാമസം നേരിട്ടിട്ടുള്ളതാണ്. ആയതിനാൽ, പ്രസ്തുത അപേക്ഷകൾ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിനായി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

* ഭൂമി തരംമാറ്റ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിനുവേണ്ടി ഓരോ റവന്യൂ ഡിവിഷണൽ ഓഫീസിലും ഏഴ് ജീവനക്കാരെവരെ അധികമായി നിയമിക്കുന്നതിന് ജില്ലാ കലക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് .

* ഭൂമി തരംമാറ്റത്തിനായി ശേഷിക്കുന്ന അപേക്ഷകളുടെ വിവരം, നിലവിലെ അവസ്ഥ എന്നിവ ക്രോഡീകരിച്ച് അതിനനുസൃതമായി നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്.

* ഭൂമി തരംമാറ്റത്തിനായുള്ള അപേക്ഷകൾ സ്വീകരിക്കുന്നത് ഓൺലൈൻ സമ്പ്രദായത്തിലേയ്ക്ക് മാറുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ അപേക്ഷയുടെ നിലവിലെ അവസ്ഥ അപേക്ഷകന് സ്വയം പരിശോധിച്ചറിയാവുന്ന സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

* അപേക്ഷകളുടെ തീർപ്പാക്കൽ പുരോഗതി പരിശോധിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ലാൻഡ് റവന്യൂ കമ്മീഷണറുടെ നേതൃത്വത്തിൽ എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാരുടെയും യോഗം കഴിഞ്ഞ മാസങ്ങളിൽ ഓൺലൈനായി നടത്തുകയും പ്രവർത്തന പുരോഗതി വിലയിരുത്തുകയും ചെയ്തിട്ടുണ്ട്
.

## റവന്യൂ വകുപ്പിന്റെ പ്രവർത്തനങ്ങൾ

216 (4958) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രളയം, കാലവർഷം, കോവിഡ് എന്നിവമൂലം റവന്യൂ വകുപ്പിന്റെ ജോലിഭാരം വർദ്ധിക്കുന്നതിനിടയായിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രതികൂല സാഹചര്യമായതിനാലും അപേക്ഷകരുടെ എണ്ണം വർദ്ധിച്ചതിനാലും ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടോ; വിശദമാക്കുമോ?

ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. റവന്യൂ വകുപ്പ് അവശ്യ സർവ്വീസിലുൾപ്പെട്ടിട്ടുള്ളതിനാൽത്തന്നെ വകുപ്പിലെ എല്ലാ കാര്യാലയങ്ങളും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിലും അനുബന്ധ പ്രവർത്തനങ്ങളിലും ഇപ്പോഴും പ്രവർത്തനനിരതമാണ്. ജീവനക്കാർ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവന്നിട്ടുള്ള സാഹചര്യങ്ങളിലും ലോക്ഡൗൺ കാലയളവിലും ഫയലുകളിന്മേൽ സമയബന്ധിത നടപടികൾ സ്വീകരിക്കുന്നതിൽ ചിലപ്പോഴെങ്കിലും ബുദ്ധിമുട്ടുണ്ടായിട്ടുണ്ട്. പ്രളയ/കാലവർഷക്കെടുതികളുടെ അനുബന്ധപ്രവർത്തനങ്ങൾ തുടരുന്ന സാഹചര്യത്തിലും ഫയലുകളിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിൽ ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്.

(സി) ഫയലുകൾ തീർപ്പാക്കുന്നതിനായി പ്രത്യേക അദാലത്ത് ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ അദാലത്ത് നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ?

ഫയലുകൾ തീർപ്പാക്കുന്നതിന് പ്രത്യേക അദാലത്ത് ആരംഭിച്ചിട്ടുണ്ട്.

2021 സെപ്തംബർ മാസം സെക്രട്ടേറിയറ്റുതലത്തിലും ഒക്ടോബർ 1 മുതൽ 10 വരെ കമ്മീഷണറേറ്റുതലത്തിലും ഒക്ടോബർ 11 മുതൽ 31 വരെ ജില്ലാതലത്തിലും നവംബർ 1 മുതൽ 30 വരെ താലൂക്കുതലത്തിലും ഡിസംബർ 1 മുതൽ 31 വരെ വില്ലേജ്തലത്തിലും ഫയൽ അദാലത്ത് സംഘടിപ്പിച്ച് കുടിശ്ശിക ഫയലുകൾ പരമാവധി തീർപ്പാക്കുന്നതിനുള്ള ബൃഹത് പദ്ധതി തയ്യാറാക്കി നടപ്പിലാക്കി വരുന്നു. സെക്രട്ടേറിയറ്റിലേയും കമ്മീഷണറേറ്റിലേയും അദാലത്ത് പൂർത്തിയായിട്ടുണ്ട്. ജില്ലാ തലത്തിലുള്ള അദാലത്ത് നടന്നുവരുന്നു. സമയബന്ധിതമായ ജില്ലാതല അദാലത്ത് നടപടികളെ കാലവർഷക്കെടുതികൾ ബാധിച്ചിട്ടുണ്ട്.

(ഡി) വില്ലേജ് തലങ്ങളിൽ പരാതി പരിഹാരത്തിനായി ജനകീയ സമിതികൾക്ക് രൂപം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ശിപാർശ സമർപ്പിക്കാൻ ലാൻഡ് റവന്യൂ കമ്മീഷണറോട് നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

## അട്ടപ്പാടിയിലെ എസ്റ്റേറ്റുകളുടെ ഉടമസ്ഥാവകാശം

217 (4959) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ ഷോളയൂർ -കോട്ടത്തറ വില്ലേജുകളിലായി സ്ഥിതി ചെയ്യുന്ന ശിരുവാണി, പെരിയചോല, ഏലമല, മേൽത്തോട്ടം, വരടിമല എന്നീ എസ്റ്റേറ്റുകളുടെ ഉടമസ്ഥാവകാശം 1947-നുമുൻപ് ആർക്കായിരുന്നു; വിശദമാക്കുമോ?

അട്ടപ്പാടി താലൂക്കിൽ ഷോളയൂർ വില്ലേജ് പരിധിയിൽ സ്ഥിതിചെയ്യുന്ന ശിരുവാണി, പെരിയചോല, ഏലമല, മേൽത്തോട്ടം, വരടിമല എന്നീ എസ്റ്റേറ്റുകളുടെ ഉടമസ്ഥാവകാശം 1947-നുമുമ്പ് മണ്ണാർക്കാട് മൂപ്പിൽ നായർ എന്നിവരുടെ പേരിൽ നിക്ഷിപ്തമായിരുന്നു.

(ബി) പ്രസ്തുത ഭൂമി എന്നാണ് നിലവിലെ ഉടമസ്ഥർക്ക് കൈമാറിയത്; ഓരോന്നും കൈമാറിയ തീയതികൾ, കൈമാറിയ വ്യവസ്ഥ, ഈ ഭൂമിക്ക് അടയ്ക്കുന്ന പാട്ട തുക അല്ലെങ്കിൽ ഭൂമി കരം തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

പ്രസ്തുത ഭൂമിയിൽ ടി. കെ. ഉമ്മൻ, ഭവാനി ടീ പ്രൊഡ്യൂസ് കമ്പനി എന്നിവരുടെ പേരിൽ 1963, 1966 എന്നീ കാലഘട്ടത്തിൽ സർവ്വെ നടന്നിട്ടുള്ളതായി വില്ലേജ് രേഖകളിൽ കാണുന്നു. മേൽ പറഞ്ഞ വസ്തുവകകൾ ടി.

കെ. ഉമ്മൻ ടീ പ്രൊഡ്യൂസ് കമ്പനിയുടെ പേരിൽ 1983, 1995 എന്നീ കാലഘട്ടങ്ങളിൽ യഥാക്രമം അഗളി ലാൻഡ് ട്രൈബ്യൂണൽ സ്പെഷ്യൽ തഹസിൽദാർ, മണ്ണാർക്കാട് സ്പെഷ്യൽ തഹസിൽദാർ (എൽ.ആർ) എന്നിവരുടെ സ്വമേധയാലുള്ള നടപടിക്രമത്തിന്റെ ഭാഗമായി ക്രയസർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുണ്ട്. 2020-21 കാലഘട്ടത്തിൽ ഭൂനികുതിയായി 4,36,190 (നാല് ലക്ഷത്തി മുപ്പത്തി ആറായിരത്തി നൂറ്റി തൊണ്ണൂറ്) രൂപ ഒടുക്കിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(സി) നിലവിലെ അവകാശികൾ പ്രസ്തുത ഭൂമി തോട്ടഭൂമിയായാണോ കൈവശം വച്ചിരിക്കുന്നത്; എങ്കിൽ എന്നുവരെയാണ് ഈ പാട്ടക്കരാറിന്റെ കാലാവധി; വ്യക്തമാക്കാമോ?

വസ്തുവകകൾ തോട്ടഭൂമിയായാണ് നിലകൊള്ളുന്നത്. എന്നാൽ ടി വസ്തുവിൽ കമ്പനി കരം അടച്ചു വരുന്നു.

**മല്ലൻപതിയിലെ പട്ടികവർഗ്ഗക്കാരുടെ അന്യാധീനപ്പെട്ട പട്ടയഭൂമി**

218 (4960) <u>ശ്രീ. മാത്യു ടി. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ഒഴലപ്പതി വില്ലേജിലുള്ള മല്ലൻപതിയിലെ പട്ടികവർഗ്ഗക്കാരുടെ അന്യാധീനപ്പെട്ട പട്ടയഭൂമി 1999-ലെ പട്ടികവർഗ്ഗ ഭൂമി കൈമാറ്റ നിയന്ത്രണവും പുനരാവകാശ സ്ഥാപനവും നിയമപ്രകാരം വീണ്ടെടുത്ത് നൽകുന്നതിന് സ്വീകരിച്ച നടപടികളെന്തെല്ലാമാണെന്ന് വിശദമാക്കാമോ?

പാലക്കാട് ജില്ലയിലെ ഒഴലപ്പതി വില്ലേജിലുള്ള മല്ലൻപതിയിലെ പട്ടികവർഗ്ഗക്കാരുടെ അന്യാധീനപ്പെട്ട പട്ടയഭൂമി കൈമാറ്റം ചെയ്തുകിട്ടിയ വ്യക്തിയുടെ വിവരം ലഭ്യമായിട്ടുള്ളതും ആധാരം നമ്പർ ലഭ്യമാക്കി ആയത് റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്.

(ബി) ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുന്നതിന് ഏതെല്ലാം ഉദ്യോഗസ്ഥരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ?

ചിറ്റൂർ തഹസിൽദാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) ഭൂമി കൈവശപ്പെടുത്തിയവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഇതുവരെ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ലീസ് ഭൂമിയിൽനിന്നും പാറ ഖനനം**

219 (4961) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലീസ് ഭൂമിയിൽ പാറഖനനം ചെയ്യുന്നതിന് എക്സ്പ്ലോസീവ് ലൈസൻസ് നൽകുന്നത് ആരാണെന്ന് വ്യക്തമാക്കുമോ; ആയതിന് എന്തെല്ലാം രേഖകളാണ് ഹാജരാകേണ്ടത് വിശദമാക്കുമോ?

പാറ ഖനനം ചെയ്യുന്നതിന് ആവശ്യമായ എക്സ്പ്ലോസീവ് ലൈസൻസ് അനുവദിക്കുന്നത് കേന്ദ്ര-വാണിജ്യ വ്യവസായ വകുപ്പിന് കീഴിൽ രൂപീകൃതമായിട്ടുള്ള പെട്രോളിയം ആൻഡ് എക്സ്പ്ലോസീവ് സേഫ്റ്റി ഓർഗനൈസേഷൻ (PESO) ആണ്. സ്ഫോടക വസ്തുക്കളുമായി ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും പ്രകാരം സമർപ്പിക്കേണ്ട രേഖകൾ ഏതെല്ലാമാണെന്ന് തീരുമാനിക്കുന്നതും അവ പരിശോധിച്ച് ഉത്തരവാകുന്നതും ടി സ്ഥാപനമാണ്. റവന്യൂ വകുപ്പുമായി ആയതിന് നേരിട്ട് ബന്ധമില്ല.

(ബി) പാർട്ണർഷിപ്പ് ഡീഡ് പ്രകാരമുള്ള ലീസ് ഭൂമിയിലെ ഖനനത്തിന് എക്സ്പ്ലോസീവ് ലൈസൻസ് നൽകുമ്പോൾ ഉടമസ്ഥാവകാശമുള്ള എല്ലാപേരുടെയും സമ്മതപത്രം ആവശ്യപ്പെടാറുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ലൈസൻസിനായി സമർപ്പിക്കപ്പെടുന്ന രേഖകൾ പരിശോധിക്കുന്നതും തീരുമാനമെടുക്കുന്നതും PESO എന്ന മേൽ സൂചിപ്പിച്ച സ്ഥാപനമാണ്.

(സി) റവന്യൂ ഉദ്യോഗസ്ഥർ എന്തൊക്കെ കാര്യങ്ങൾ പരിശോധിച്ച് ഉറപ്പ് വരുത്തിയതിനുശേഷമാണ് എക്സ്പ്ലോസീവ് ലൈസൻസ് നൽകുന്നതെന്നും ലൈസൻസ് വ്യവസ്ഥകൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ?

റവന്യൂ വകുപ്പ് ഇതുമായി ബന്ധപ്പെട്ട ലൈസൻസ് അനുവദിക്കുന്നില്ല. എന്നാൽ ലൈസൻസിനായി സമർപ്പിക്കുന്നതിന് ആവശ്യമായതും എക്സ്പ്ലോസീവുകൾ സൂക്ഷിക്കുന്നതിനായുള്ള മാഗസിൻ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട NOC അനുവദിക്കുന്നത് ജില്ലാ കളക്ടർമാരാണ്. NOC-ക്കായുള്ള അപേക്ഷയിൽ തഹസീൽദാർ, പോലീസ്, ഫയർഫോഴ്സ് മുതലായ ടി പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും ശിപാർശ ലഭ്യമാക്കിയാണ് ജില്ലാ കളക്ടർമാർ ഉത്തരവാകുന്നത്.

(ഡി) നെൽവയൽ തണ്ണീർത്തട നിയമലംഘനം നടത്തി നിർമ്മിച്ച റോഡിലൂടെയോ ഉടമയുടെ അനുവാദമില്ലാതെ സ്വകാര്യ റോഡിലൂടെയോ

എക്സ്പ്ലോസീവ്സും ഖനന ഉല്പന്നങ്ങളും കൊണ്ടുപോകുന്നതിന് അനുമതി നൽകാറുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, കേരള ഭൂസംരക്ഷണ നിയമം എന്നിവയുൾപ്പെടെ സംസ്ഥാനത്ത് നിലവിലുള്ള ഭൂനിയമങ്ങളുടെ ലംഘനം, ടി പദ്ധതിയുമായി ബന്ധപ്പെട്ട് ഉണ്ടാകുന്നില്ലെന്ന് തഹസീൽദാർ മുഖേന ഉറപ്പുവരുത്തി മാത്രമെ ജില്ലാ കളക്ടർമാർ NOC അനുവദിക്കാറുള്ളൂ.

(ഇ) തെറ്റായ രേഖകൾ ഹാജരാക്കിയും ഇല്ലാത്ത റോഡ് സ്കെച്ച് കാണിച്ചും ലൈസൻസ് ലഭ്യമാക്കി എന്ന് ബോദ്ധ്യപ്പെട്ടാൽ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഏതെങ്കിലും തരത്തിൽ NOC/ലൈസൻസ് അനുവദിക്കുന്നതിന് ആസ്പദമായി അപേക്ഷകൻ സമർപ്പിച്ച വിവരങ്ങൾ വ്യാജമാണെന്ന് ജില്ലാ കളക്ടർ/PESO എന്നിവർക്ക് ബോദ്ധ്യപ്പെടുന്ന സാഹചര്യം ഉണ്ടായാൽ ആയവ തടഞ്ഞുവെക്കുന്നതിനും ഭേദഗതി ചെയ്യുന്നതിനും പുന:പരിശോധിച്ച് ഉത്തരവാകുന്നതിനും ബന്ധപ്പെട്ടവർക്ക് അധികാരമുണ്ട്.

## ചെറുവള്ളി എസ്റ്റേറ്റ് ഭൂമി ഏറ്റെടുക്കൽ

220 (4962) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)ചെറുവള്ളി എസ്റ്റേറ്റിന്റെ ഭൂമി ഏറ്റെടുക്കാൻ നിയമോപദേശം ലഭിച്ചിരുന്നോ എന്ന് അറിയിക്കാമോ;

(ബി) എങ്കിൽ എന്ത് നിയമോപദേശമാണ് ഇക്കാര്യത്തിൽ ലഭിച്ചതെന്ന് വ്യക്തമാക്കാമോ?

(എ&ബി) അടിസ്ഥാന റവന്യൂ രേഖയായ സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം നിലവിലെ ചെറുവള്ളി എസ്റ്റേറ്റ് സർക്കാർ ഭൂമിയാണ്. എന്നാൽ പ്രസ്തുത വസ്തുവിന്റെ ഉടമസ്ഥത സംബന്ധിച്ച തർക്കം കോടതിയുടെ പരിഗണയിലാണ് (O.S No. 72/2019 I.A No.7/2020). RFCTLARR നിയമത്തിലെ സെക്ഷൻ 77(2) പ്രകാരം ഉടമസ്ഥാവകാശം സംബന്ധിച്ച് തർക്കം നിലനിൽക്കുന്ന കേസ്സുകളിൽ നഷ്ടപരിഹാരം LARR കോടതിയിൽ കെട്ടിവെച്ച് മുന്നോട്ടുപോകാൻ നിയമം അനുശാസിക്കുന്നു. ആയതിനാൽ പ്രസ്തുത ഭൂമിയിൽ സ്ഥിതിചെയ്യുന്ന ചമയങ്ങളുടെ വില LARR കോടതിയിൽ കെട്ടിവെച്ച് സ്ഥലം ഏറ്റെടുക്കുന്നതിന് 18.06.2020-ലെ GO(Ms) No. 158/2020/RD പ്രകാരം ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവിനെതിരെ അയന ചാരിറ്റബിൾ സൊസൈറ്റി ബഹു. ഹൈകോടതിയിൽ WP(c) 13332/2020 നമ്പരായി കേസ് ഫയൽ ചെയ്തിരുന്നു. ബഹു.

ഹൈക്കോടതിയുടെ WP(c) 13332/2020 നമ്പർ കേസിലെ 16-10-2020-ലെ വിധിന്യായത്തിൽ RFCTLARR നിയമത്തിലെ സെക്ഷൻ 77(2) പ്രകാരം നഷ്ടപരിഹാരത്തുക കോടതി മുൻപാകെ കെട്ടിവയ്ക്കുകയുള്ളൂ എന്ന തീരുമാനം (18-6-2020-ലെ GO(Ms) No 158/2020/RD ഉത്തരവ്) റദ്ദാക്കുകയുണ്ടായി. എന്നിരുന്നാലും ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നതിന് എതിരായി യാതൊരുവിധ ഇടപെടലും കോടതിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. 16-10-2020-ലെ WP(c) 13332/2020 നമ്പർ കേസിന്റെ വിധിന്യായത്തിന്മേൽ അഡ്വക്കേറ്റ് ജനറൽ നൽകിയ നിയമോപദേശത്തിൽ നഷ്ടപരിഹാര തുക LAR കോടതി മുൻപാകെ കെട്ടിവെയ്ക്കുകയുള്ളൂ എന്ന തീരുമാനം മാത്രമാണ് ബഹു. കോടതി റദ്ദാക്കിയതെന്നും എന്നാൽ ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതിനെതിരായി യാതൊരുവിധ വിലക്കും പുറപ്പെടുവിച്ചിട്ടില്ലെന്നും അറിയിച്ചിട്ടുള്ളതാണ്.

(സി) പ്രസ്തുത വിഷയത്തിൽ സ്പെഷ്യൽ ഓഫീസറും റവന്യൂ കമ്മീഷണറും നൽകിയിരുന്ന ഉപദേശം എന്താണ്; വിശദാംശങ്ങൾ നൽകാമോ?

ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ പ്രത്യേക നിയമോപദേശം സ്പെഷ്യൽ ഓഫീസറും റവന്യൂ കമ്മീഷണറും ഈ വകുപ്പിൽ ലഭ്യമാക്കിയിട്ടില്ല.

**നദിയോരങ്ങളിൽ കുടിയേറിപ്പാർത്തവരുടെ പുനരധിവാസം**

221 (4963) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിയാർ, പമ്പ തുടങ്ങിയ നദികളുടെ ഓരംചേർന്ന് പതിറ്റാണ്ടുകളായി കുടിയേറിത്താമസിക്കുന്ന നിർദ്ധന കുടുംബങ്ങൾക്ക് തീരദേശ പരിപാലന ചട്ടങ്ങൾ, ഹൈക്കോടതി ഉത്തരവുകൾ എന്നിവ കാരണം പട്ടയം ലഭിക്കാത്ത അവസ്ഥ അനുഭാവപൂർവ്വം വിശകലനം ചെയ്ത് എന്തൊക്കെ പരിഹാര നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

1964-ലെ കേരള ഭൂമി പതിവ് ചട്ടത്തിലെ ചട്ടം 11 (2) വ്യവസ്ഥകൾ പ്രകാരവും തീരദേശ നിയമം, ഹൈക്കോടതി ഉത്തരവുകൾ എന്നിവ നിലവിലുള്ളതിനാലും നദികളുടെ ഓരം ചേർന്ന് താമസിക്കുന്നവർക്ക് പട്ടയം നൽകാൻ നിർവ്വാഹമില്ലാത്തതാകുന്നു. മാത്രമല്ല നദികളുടെ Flood Plain ആയ ഈ പുറമ്പോക്കിൽ പട്ടയം നൽകുന്നതിലൂടെ പ്രളയദുരന്തത്തിന് നിരന്തരം വിധേയമാകാനുള്ള സാദ്ധ്യത നിലവിലുണ്ട്.

(ബി) ഇവരുടെ വീടുകളുടെ താമസയോഗ്യമല്ലാത്ത അവസ്ഥ കണക്കിലെടുത്ത് ഇവരുടെ പുനരധിവാസം സംബന്ധിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

നിർദ്ധനരായവർക്ക് ലൈഫ് മിഷൻ പദ്ധതിയിൽ നിന്നും വീട് നൽകിവരുന്നു.

(സി) എല്ലാവർക്കും ഭൂമി എന്ന സർക്കാർ നയത്തിൽ പ്രസ്തുത വിഭാഗം ജനതയ്ക്ക് മുൻഗണന നൽകാമോ?

അപേക്ഷ ലഭിക്കുന്നമുറയ്ക്ക് അർഹത പരിശോധിച്ച് ഭൂമി നൽകുന്നതാണ്.

**പുതിയ വില്ലേജ് രൂപവത്ക്കരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

222 (4964) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ വില്ലേജ് രൂപവത്ക്കരിക്കുന്നതിനോ വിഭജിക്കുന്നതിനോ ഉള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെയോ രേഖകളുടെയോ പകർപ്പ് ലഭ്യമാക്കാമോ?

(എ&ബി) പ്രത്യേകിച്ചുള്ള ഉത്തരവുകളുടെയോ രേഖകളുടെയോ അടിസ്ഥാനത്തിലല്ലാതെ സംസ്ഥാനത്തെ നിലവിലുള്ള വില്ലേജുകളുടെ വിസ്തീർണ്ണം, ജനസംഖ്യ, ഓരോ പ്രദേശത്തിന്റെയും പിന്നാക്കാവസ്ഥ, സംസ്ഥാനത്ത് നിലനിൽക്കുന്ന ത്രീ ടയർ പഞ്ചായത്ത് സംവിധാനം, വികസന സാദ്ധ്യത, ജനങ്ങളുടെ യാത്രാസൗകര്യം, ഭൂപ്രകൃതി അനുസരിച്ചുള്ള അതിർത്തികൾ, ജനപ്രതിനിധികളുടെ ആവശ്യം, ഭരണപരമായ സൗകര്യം എന്നീ മാനദണ്ഡങ്ങൾ പരിഗണിച്ചാണ് പുതിയ വില്ലേജുകൾ രൂപവത്ക്കരിക്കുകയോ വിഭജിക്കുകയോ ചെയ്യുന്നത്.

**മലപ്പുറം ജില്ലയിലെ ഭൂമി തരംമാറ്റൽ അപേക്ഷകൾ**

223 (4965) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത സ്ഥലം ഏറ്റെടുപ്പുമായി ബന്ധപ്പെട്ട് മലപ്പുറം ജില്ലയിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവർ വീട് നിർമ്മാണത്തിനായി വാങ്ങുന്ന ഭൂമി തരംമാറ്റുവാൻ നൽകുന്ന അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ?

കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ഭൂമിയുടെ തരംമാറ്റത്തിനായി സമർപ്പിക്കുന്ന എല്ലാ അപേക്ഷകളും സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിനായി, യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ജില്ലയിലെ വിവിധ ഓഫീസുകളിൽ 2019 ജനുവരി മുതൽ ഭൂമി തരംമാറ്റുവാൻ ലഭിച്ച അപേക്ഷകൾ എത്രയെന്നതിന്റെ കണക്കുകൾ വില്ലേജ്, താലൂക്ക് തിരിച്ച് ലഭ്യമാക്കുമോ?

മലപ്പുറം ജില്ലയിലെ ഭൂമി തരം മാറ്റുവാൻ ലഭിച്ച അപേക്ഷകളുടെ, വില്ലേജ്, താലൂക്ക് തിരിച്ചുള്ള കണക്ക് വ്യക്തമാക്കിയുള്ള പട്ടിക, അനുബന്ധമായി* ചേർക്കുന്നു.

(സി) ലഭിച്ച അപേക്ഷകളിൽ എത്ര എണ്ണം തീർപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ആകെ ലഭിച്ച അപേക്ഷകളിൽ 1779 എണ്ണം തീർപ്പാക്കിയിട്ടുണ്ട്.

## കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ വില്ലേജ് ഓഫീസുകൾ സ്മാർട്ടാക്കുവാൻ നടപടി

224 (4966) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ആലപ്പാട്, കരുനാഗപ്പള്ളി, അയണിവേലികുളങ്ങര, കുലശേഖരപുരം, ആദിനാട്, പാവുമ്പ, ക്ലാപ്പന, തൊടിയൂർ എന്നീ വില്ലേജ് ഓഫീസുകൾ സ്മാർട്ടാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ അയണിവേലികുളങ്ങര വില്ലേജ് ഓഫീസിന് 2019-20-ലെ സ്മാർട്ട് വില്ലേജ് പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ കെട്ടിട നിർമ്മാണം നടത്തി ആയതിൽ പ്രവർത്തിച്ചുവരികയാണ്. കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ അവശേഷിക്കുന്ന വില്ലേജ് ഓഫീസുകൾക്ക്, ഓരോ സാമ്പത്തിക വർഷവും സ്മാർട്ട് വില്ലേജ്/അടിസ്ഥാന സൗകര്യ വികസനം പദ്ധതിയ്ക്കായുള്ള ബഡ്ജറ്റ് വിഹിതം അനുസരിച്ച് മുൻഗണനാ ക്രമത്തിൽ ഫണ്ട് അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## റവന്യൂ റിക്കവറി നടപടി നേരിടുന്നവർ

225 (4967) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്തും ഈ സർക്കാരിന്റെ ഭരണകാലത്തുമായി വായ്പാ തിരിച്ചടവ് മുടങ്ങിയ എത്ര പേർക്ക് കുടിശ്ശിക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നോട്ടീസ് നൽകിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്തും ഈ സർക്കാരിന്റെ ഭരണകാലത്തുമായി വായ്പാ തിരിച്ചടവ് മുടങ്ങിയ 3,24,367 പേർക്ക് റവന്യൂ റിക്കവറി നോട്ടീസ് നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം I ആയി* ചേർക്കുന്നു.

(ബി) സംസ്ഥാനത്ത് നിലവിൽ എത്ര പേരാണ് റവന്യൂ റിക്കവറി നടപടികൾ നേരിടുന്നത്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

സംസ്ഥാനത്ത് നിലവിൽ 2,96,960 പേരാണ് റവന്യൂ റിക്കവറി നടപടികൾ നേരിടുന്നത്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം II ആയി* ചേർക്കുന്നു.

(സി) കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്തും ഈ സർക്കാരിന്റെ ഭരണകാലത്തുമായി എത്ര പേർക്കെതിരെ റവന്യൂ റിക്കവറി നടത്തിയിട്ടുണ്ട്; വീടും സ്ഥലവും റിക്കവറി ചെയ്ത എത്ര കേസുകളുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്തും ഈ സർക്കാരിന്റെ ഭരണകാലത്തുമായി ആകെ 4,03,803 പേർക്കെതിരെ റവന്യൂ റിക്കവറി നടത്തിയിട്ടുണ്ട്. വീടും സ്ഥലവും റിക്കവറി ചെയ്ത 600 കേസ്സുകളുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം III ആയി* ചേർക്കുന്നു.

## റവന്യൂ, സർവ്വേ വകുപ്പുകളുടെ രേഖകൾ ഡിജിറ്റൈസ് ചെയ്ത് ഏകോപിപ്പിക്കുന്നതിനുള്ള നടപടി

226 (4968) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീസർവ്വേ നടപടികൾ ഇനിയും പൂർത്തിയാക്കാത്ത എത്ര വില്ലേജുകൾ ഉണ്ടെന്നുള്ളതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

സംസ്ഥാനത്താകെയുള്ള 1666 വില്ലേജുകളിൽ 911 വില്ലേജുകളുടെ റീസർവ്വെ ജോലികൾ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശേഷിക്കുന്ന 755 വില്ലേജുകളിൽ 27 വില്ലേജുകളുടെ റീസർവ്വെ ജോലികൾ നിലവിൽ തുടർന്നുവരുന്നു. റീസർവ്വെ നടപടികൾ ശേഷിക്കുന്ന വില്ലേജുകളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) റവന്യൂ, സർവ്വേ വകുപ്പുകളുടെ രേഖകൾ ഡിജിറ്റൈസ് ചെയ്ത് ഏകോപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പുരോഗതി വിവരം ലഭ്യമാക്കാമോ?

റവന്യൂ, സർവ്വേ വകുപ്പുകളുടെ രേഖകൾ ഡിജിറ്റൈസ് ചെയ്ത് ഏകോപിപ്പിക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനായി റവന്യൂ വകുപ്പിന്റെ ReLIS (Revenue Land Information System), സർവ്വേ വകുപ്പിന്റെ Emaps, രജിസ്ട്രേഷൻ വകുപ്പിന്റെ PEARL എന്നിവ സംയോജിപ്പിച്ച് ഒരു Single Window Portal (ഏക ജാലക ഓൺലൈൻ സംവിധാനം) ആരംഭിക്കുന്നതിന്റെ ജോലികൾ പ്രാരംഭ ഘട്ടത്തിലാണ്. നിലവിൽ റവന്യൂ വകുപ്പിന്റെ ReLIS, സർവ്വെ വകുപ്പിന്റെ Emaps എന്നിവ യോജിപ്പിച്ചുകൊണ്ടുള്ള ഓൺലൈൻ സംവിധാനം ഡിജിറ്റൽ രീതിയിൽ റീസർവ്വെ നടപടികൾ പൂർത്തീകരിച്ച 87 വില്ലേജുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. ഭൂരേഖകളുടെ ഡിജിറ്റൽവൽക്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴവൻ വില്ലേജുകളിലെയും അടിസ്ഥാന ഭൂനികുതി രജിസ്റ്റർ, തണ്ടപ്പേർ രജിസ്റ്റർ എന്നിവയിലെ വിവരങ്ങൾ (Textual Data) ഡിജിറ്റലൈസ് ചെയ്ത് റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം (ReLIS) എന്ന പോർട്ടൽ മുഖേന ഓൺലൈൻ പോക്കുവരവ്, ഓൺലൈൻ ഭൂനികുതി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. റവന്യൂ രേഖകളുടെ അടുത്ത തലത്തിലുള്ള ഡിജിറ്റൈസേഷന്റെ ഭാഗമായി അടിസ്ഥാന ഭൂനികുതി രജിസ്റ്റർ (BTR), തണ്ടപ്പേർ രജിസ്റ്റർ (TPR) എന്നിവ സ്കാൻ ചെയ്ത് ഡിജിറ്റൽ രേഖകളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനവും നടന്നുവരുന്നു. അപ്രകാരം സംസ്ഥാനത്തെ 103 വില്ലേജുകളുടെ BTR, TPR സ്കാനിംഗ് പൂർത്തിയാക്കിയിട്ടുണ്ട്. ശേഷിക്കുന്ന വില്ലേജുകളുടെ ഡിജിറ്റൈസേഷൻ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

**വയൽ പുരയിടമാക്കാൻ ഫീസ് സൗജന്യമാക്കിയ ഉത്തരവിലെ ഇളവുകൾ**

227 (4969) <u>ശ്രീമതി ദെലീമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയൽ പുരയിടമാക്കാൻ ഫീസ് സൗജന്യമാക്കിയ ഉത്തരവിലെ ഇളവുകൾ 2021 ഫെബ്രുവരി 25-ന് മുമ്പ് അപേക്ഷ നൽകിയവരുടെ കാര്യത്തിലും ബാധകമാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കാമോ?

ഇല്ല. 25-2-2021-ലെ സ.ഉ(സാധാ) 1166/2021/റവ. ഉത്തരവിന്റെ അടിസ്ഥാനത്തിൽ 25 സെന്റുവരെ വിസ്തൃതിയുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത

ഭൂമിയുടെ സ്വഭാവ വ്യതിയാനം സൗജന്യ നിരക്കിൽ അനുവദിക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിക്കൊണ്ട് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ ഭേദഗതി ചെയ്ത് പുറപ്പെടുവിച്ച 21-4-2021-ലെ എസ്.ആർ.ഒ. 369/2021 പ്രകാരമുള്ള ഇളവുകൾ, 2021 ഫെബ്രുവരി 25-നുമുമ്പ് അപേക്ഷ നൽകിയവരുടെ കാര്യത്തിൽ ബാധകമാക്കിയിട്ടില്ല.

(ബി) 2021 ഫെബ്രുവരി 25-ന് മുമ്പ് അപേക്ഷ നൽകിയവരുടെ കാര്യത്തിൽ ഏതെങ്കിലും ഇളവുകൾ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; ആയതിന്റെ വിശദാംശം വ്യക്തമാക്കാമോ?

വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവ വ്യതിയാനത്തിനായി, 2021 ഫെബ്രുവരി 25-നുമുമ്പ് അപേക്ഷ നൽകിയവരുടെ കാര്യത്തിൽ 21-4-2021-ലെ എസ്.ആർ.ഒ 369/2021 പ്രകാരമുള്ള ഇളവുകൾ നല്കുന്ന വിഷയം സംബന്ധിച്ച്, നിലവിൽ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടുള്ളതല്ല.

**റവന്യൂ പുറംപോക്ക് ഭൂമിയിൽ കരിങ്കൽ ഖനനം**

228 (4970) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ പുറംപോക്ക് ഭൂമിയിൽ കരിങ്കൽ ഖനനം നടത്തുവാൻ എൻ.ഒ.സി. നൽകുന്നത് പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇത് ഏത് വിധത്തിൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

(എ&ബി) റവന്യൂ പുറംപോക്ക് ഭൂമിയിൽ പാറഖനനം നടത്തുന്നതിന് നിരാക്ഷേപപത്രം അനുവദിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നിശ്ചയിച്ചുകൊണ്ട് 28-1-2021 -ലെ സർക്കാർ ഉത്തരവ്, സ.ഉ. (എം.എസ്) നം.28/2021/റവ പുറപ്പെടുവിച്ചിട്ടുള്ളതാണ്. ആയതിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

**കോഴിക്കോട് ജില്ലയിലെ നികുതി കെട്ടാത്ത ഭൂമി**

229 (4971) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ നികുതി കെട്ടാത്ത വിഭാഗത്തിൽ ഉൾപ്പെടുത്തിയിരുന്ന ഭൂമിയിൽ ജനങ്ങൾ വീട് നിർമ്മിച്ച് താമസയോഗ്യമാക്കുകയും

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പലതും ഭൂനികുതി അടവാക്കുകയും ചെയ്യുന്നുണ്ടെങ്കിലും റിക്കാർഡുകളിൽ നി.കെ. എന്ന് രേഖപ്പെടുത്തിയത് കാരണം പ്ലാൻ പെർമിറ്റ് ലഭിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ വില്ലേജ് റിക്കാർഡുകളിൽ മാറ്റം വരുത്തുന്നതിന് ഉത്തരവ് ഇറക്കി പ്രസ്തുത പ്രശ്നം പരിഹരിക്കുമോ?

1985-ലെ മലബാർ രജിസ്ട്രേഷൻ ആക്ട്, Kerala Repeal and Savings Ordinance 2005 പ്രകാരം റദ്ദ് ചെയ്തപ്പോൾ, നി.കെ ഭൂമി (Unassessed land) -ക്ക് നികുതി സ്വീകരിക്കുന്നതിന് 1961-ലെ കേരള ഭൂനികുതി നിയമത്തിൽ ആവശ്യമായ ഭേദഗതികൾ ചെയ്തിരുന്നില്ല. നി.കെ. ഭൂമി തരം മാറ്റുന്നത് സംബന്ധിച്ച വിഷയം 72/L2/2019/റവ നമ്പർ ഫയലിൽ പരിശോധിച്ചുവരികയാണ്.

(സി) വില്ലേജ് അടങ്കൽ റിക്കാർഡുകളിൽ മാറ്റം വരുത്തുന്നത് ഏത് വകുപ്പ് പ്രകാരമാണ് എന്ന് വെളിപ്പെടുത്തുമോ?

അടങ്കൽ അഥവാ സെറ്റിൽമെന്റ് രജിസ്റ്റർ സ്ഥിരം രജിസ്റ്റർ ആണ്. ഈ രജിസ്റ്ററിൽ ഭൂമിയിലുണ്ടാകുന്ന മാറ്റത്തിനനുസരിച്ച് യാതൊരു മാറ്റവും രേഖപ്പെടുത്തുവാൻ പാടില്ലാത്തതാണ്. ഭൂമി തരംമാറ്റുന്നത് സംബന്ധിച്ച് തീരുമാനം ഉണ്ടാകുന്ന മുറയ്ക്ക് രണ്ടാം അനുബന്ധ രജിസ്റ്ററിൽ രേഖപ്പെടുത്തി ക്രമനമ്പർ ഒന്നാം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ് (ഖണ്ഡിക 282. ലാൻഡ് റവന്യൂ മാന്വൽ വാല്യം VI).

**ശ്രീമതി ഓമന ജോയി സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ**

230 (4972) ശ്രീ മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല താലൂക്കിൽ തിരുവല്ല വില്ലേജിൽ 3 എ കോട്ടേജിൽ ശ്രീമതി ഓമന ജോയി ഭൂമി പതിച്ച് കിട്ടുന്നത് സംബന്ധിച്ച് സമർപ്പിച്ച അപേക്ഷയിന്മേൽ (നം.ആർ. 1004944, തീയതി 4-8-2021) എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്നു വിശദമാക്കാമോ;

(ബി) ശ്രീമതി ഓമന ജോയി എന്ന വ്യക്തിക്ക് ഭൂമി പതിച്ച് നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ&ബി) തിരുവല്ല താലൂക്കിൽ തിരുവല്ല വില്ലേജിൽ ബ്ലോക്ക് നമ്പർ 182-ൽ റീസർവ്വെ നമ്പർ 22-ൽപ്പെട്ട 14.70 ആർ സ്ഥലത്ത് നിന്നും 01.10 ആർ സ്ഥലം പതിച്ച് നൽകുന്നതിനാണ് ശ്രീമതി ഓമന ജോയി അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ടി സ്ഥലം തിരുവല്ല മുനിസിപ്പാലിറ്റി വക ആയതിനാൽ പ്രസ്തുത സ്ഥലം സർക്കാരിലേയ്ക്ക് ഡീവെസ്റ്റ് ചെയ്യുന്ന മുറയ്ക്കുമാത്രമെ ശ്രീമതി ഓമന ജോയിക്ക് പതിച്ച് നൽകുന്നതിനുള്ള തുടർനടപടി സ്വീകരിക്കാനാകുകയുള്ളൂ.

## പാറമടകൾ ഉൾപ്പെടെയുള്ള ജലാശയങ്ങളിൽ സംരക്ഷണ വേലി കെട്ടുന്നതിന് നടപടി

231 (4973) ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാറമടകൾ ഉൾപ്പെടെയുള്ള ജലാശയങ്ങളിൽ അപകടത്തിൽപ്പെട്ട് മരണപ്പെടുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അവയ്ക്ക് ആവശ്യമായ സംരക്ഷണവേലി കെട്ടണമെന്ന നിർദ്ദേശം പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാറുണ്ടോ;

(സി) ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കാമോ?

(ബി&സി) പാറമടകൾ, ജലാശയങ്ങൾ എന്നിവയ്ക്ക് വേലികെട്ടി സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് എല്ലാ ജില്ലാ കളക്ടർമാർക്കും തഹസീൽദാർമാർക്കും നിർദ്ദേശം നൽകുകയും ഇപ്രകാരമുള്ള സ്ഥലങ്ങളിൽ സംരക്ഷണ വേലികെട്ടാൻ ബന്ധപ്പെട്ട വില്ലേജ് ഓഫീസർ മുഖാന്തരം ഭൂവുടമകൾക്ക് നിർദ്ദേശവും നൽകിയിട്ടുണ്ട്. കൂടാതെ ഉപേക്ഷിക്കപ്പെട്ടതും അപകടഭീഷണിയുള്ളതുമായ പാറമടകളുടെ കൈവശക്കാരുടെ വിവരങ്ങൾ നൽകണമെന്നാവശ്യപ്പെട്ട് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. പാറമടകളിലെ ജലാശയങ്ങൾക്ക് ചുറ്റും, സുരക്ഷാവേലിയും, അപകടസൂചനാ ബോർഡും സ്ഥാപിക്കുന്നതിന് ക്വാറി ഉടമകൾക്ക് ജിയോളജിസ്റ്റിന്റെ ഓഫീസിൽനിന്നും നിർദ്ദേശം നൽകുന്നുണ്ട്. അവ പാലിക്കപ്പെടുന്നുണ്ടോ എന്ന് ജില്ലാ ദുരന്തനിവാരണ വകുപ്പ് യോഗം ചേർന്ന് ജില്ലാ ജിയോളജിസ്റ്റ് മുഖേന പരിശോധിക്കാറുള്ളതുമാണ്.

**ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റിനുള്ള നടപടി ക്രമങ്ങൾ**

232 (4974) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമപരമായ അവകാശി (ലീഗൽ ഹെയർഷിപ്പ്) സർട്ടിഫിക്കറ്റിന് അപേക്ഷ സമർപ്പിച്ച് എത്ര ദിവസത്തിനുള്ളിലാണ് സർട്ടിഫിക്കറ്റ് ലഭിക്കുകയെന്ന് വ്യക്തമാക്കാമോ; അപേക്ഷ സമർപ്പിച്ച് നിശ്ചിത ദിവസത്തിനകം സർട്ടിഫിക്കറ്റ് ലഭ്യമാക്കണം എന്ന വ്യവസ്ഥയുണ്ടോ?

ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റിന് അപേക്ഷ സമർപ്പിച്ചാൽ വില്ലേജ് ഓഫീസർ മുഖേന അന്വേഷണം നടത്തുകയും പ്രാഥമികമായി തർക്കങ്ങൾ ലഭിച്ചിട്ടില്ലെങ്കിൽ അവകാശികളെ സംബന്ധിച്ച വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിനെ അടിസ്ഥാനമാക്കി താലൂക്കിൽ നിന്നും ഗസറ്റ് വിജ്ഞാപനത്തിനുള്ള പരസ്യം തയ്യാറാക്കി അയയ്ക്കുകയും ചെയ്യുന്നു. ഗസറ്റ് വിജ്ഞാപനം ചെയ്ത തീയതി മുതൽ 30 ദിവസത്തിനുള്ളിൽ ആക്ഷേപങ്ങൾ ഒന്നും ലഭിക്കാത്തപക്ഷം സർട്ടിഫിക്കറ്റ് അനുവദിക്കുന്നതാണ്. ഗസറ്റ് വിജ്ഞാപനം പ്രസിദ്ധീകരിച്ചശേഷം ആക്ഷേപം സമർപ്പിക്കാനുള്ള സമയം (30 ദിവസം) കഴിഞ്ഞാൽ 15 ദിവസത്തിനകം സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കണമെന്നാണ് വ്യവസ്ഥ.

(ബി) പ്രസ്തുത വ്യവസ്ഥ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

വ്യവസ്ഥകൾ പാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്താൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മേൽ പരിശോധന നടത്തിവരുന്നുണ്ട്.

(സി) കാസർഗോഡ് ജില്ലയിൽ കഴിഞ്ഞ ഒരു വർഷം നൽകിയ ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റുകൾ എത്രയാണെന്ന് താലൂക്ക് തിരിച്ച് വ്യക്തമാക്കാമോ; അപേക്ഷിച്ച് എത്രമാസം കഴിഞ്ഞതിനുശേഷമാണ് അപേക്ഷകർക്ക് സർട്ടിഫിക്കറ്റുകൾ ലഭ്യമായതെന്ന് വ്യക്തമാക്കാമോ?

താലൂക്ക് നൽകിയ അനന്തരാവകാശ സർട്ടിഫിക്കറ്റിന്റെ എണ്ണം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വെള്ളരിക്കുണ്ട് - | 244 |
| ഹോസ്ദുർഗ്ഗ് - | 1099 |
| മഞ്ചേശ്വരം - | 556 |
| കാസർഗോഡ് - | 652 |

അനന്തരാവകാശ സർട്ടിഫിക്കറ്റിനുവേണ്ടിയുള്ള പരസ്യം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയതിനുശേഷം ആക്ഷേപം സമർപ്പിക്കാനുള്ള കാലാവധിയായ 30 ദിവസത്തിനുശേഷം സർട്ടിഫിക്കറ്റ് അനുവദിച്ച് വരുന്നു.

(ഡി) ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട ഗസറ്റ് വിജ്ഞാപനത്തിനായി തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിലേയ്ക്ക് അയയ്ക്കാനുള്ള എത്ര അപേക്ഷകൾ കാസർഗോഡ് ജില്ലയിൽ കെട്ടികിടക്കുന്നുണ്ടെന്ന് താലൂക്ക് തിരിച്ച് വ്യക്തമാക്കുമോ; പ്രസ്തുത അപേക്ഷകൾ എത്രനാളായി കെട്ടികിടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

<u>വെള്ളരിക്കുണ്ട് താലൂക്ക്</u>- 120 അപേക്ഷകൾ 4 ആഴ്ചയിലേറെ പഴക്കമുള്ളതാണ്.

<u>ഹോസ്ദുർഗ്ഗ് താലൂക്ക്</u> - ഗസറ്റ് വിജ്ഞാപനത്തിനായി തിരുവനന്തപുരം ഗവ. പ്രസ്സിലേയ്ക്ക് അയയ്ക്കാനുള്ള അപേക്ഷകളുടെ എണ്ണം - 83.

ഇതിൽ അന്യസംസ്ഥാനങ്ങളിലേക്ക് റിപ്പോർട്ടിനയച്ച അപേക്ഷകളിൽ 6 എണ്ണം ഒരു വർഷത്തിലേറെയും 22 എണ്ണം 2 വർഷത്തിലേറെയും കാലതാമസം വന്നിട്ടുള്ളതാണ്.

അന്യ ജില്ലകളിലേക്ക് റിപ്പോർട്ടിനയച്ച അപേക്ഷകളിൽ 4 എണ്ണം 6 മാസത്തിലേറെ കാലതാമസം വന്നിട്ടുള്ളതാണ്.

വില്ലേജുകളിലേയ്ക്ക് റിപ്പോർട്ടിനയച്ച അപേക്ഷകളിൽ 24 എണ്ണം 2 വർഷത്തിലേറെയായും 13 എണ്ണം 6 മാസത്തിലേറെയായും കാലതാമസം വന്നിട്ടുള്ളതാണ്.

ജില്ലയിലെ മറ്റ് താലൂക്കുകളിലേയ്ക്ക് റിപ്പോർട്ടിനയച്ച അപേക്ഷകളിൽ 9 എണ്ണം 2 വർഷത്തിലേറെയും 3 എണ്ണം 6 മാസത്തിലേറെയും കാലതാമസം വന്നിട്ടുള്ളതാണ്.

<u>കാസർഗോഡ് താലൂക്ക്</u>- ഗസറ്റ് വിജ്ഞാപനത്തിനായി തിരുവനന്തപുരം പ്രസ്സിലേയ്ക്ക് അയയ്ക്കാനുള്ള അപേക്ഷകളുടെ എണ്ണം - 307.

വില്ലേജുകളിലേയ്ക്ക് റിപ്പോർട്ടിനയച്ച അപേക്ഷകളിൽ 44 എണ്ണവും ജില്ലയിലെ മറ്റ് താലൂക്കുകളിലേയ്ക്ക് റിപ്പോർട്ടിനയച്ച അപേക്ഷകളിൽ 33 എണ്ണവും 3 മാസം കാലതാമസം വന്നിട്ടുള്ളതാണ്. നിലവിൽ നടപടി നടന്നുവരുന്ന അപേക്ഷകളിൽ 230 എണ്ണം 3 മാസം കാലതാമസം വന്നിട്ടുള്ളതാണ്.

<u>മഞ്ചേശ്വരം താലൂക്ക്</u> - ഗസറ്റ് വിജ്ഞാപനത്തിനായി തിരുവനന്തപുരം ഗവ. പ്രസ്സിലേക്ക് അയയ്ക്കാനുള്ള ദീർഘകാലം കെട്ടിക്കിടക്കുന്ന അപേക്ഷകൾ മഞ്ചേശ്വരം താലൂക്കിൽ ഇല്ല.

(ഇ) ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി നടപടിക്രമങ്ങൾ ലഘൂകരിക്കാൻ ആലോചനയുണ്ടോ; വ്യക്തമാക്കാമോ?

സർക്കാർ ഇക്കാര്യം പരിശോധിക്കുന്നതാണ്.

## മലപ്പുറം നിയോജകമണ്ഡലത്തിലെ റവന്യൂ പുറമ്പോക്ക് ഭൂമിയുടെ വിവരങ്ങൾ

233 (4975) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നിയോജകമണ്ഡലത്തിലെ വിവിധ വില്ലേജുകളിലും സിവിൽ സ്റ്റേഷൻ പരിസരത്തും ഉപയോഗിക്കാതെ കിടക്കുന്ന സർക്കാർ ഉടമസ്ഥതയിലുള്ള ഭൂമിയുടെയും റവന്യൂ പുറമ്പോക്കുകളുടെയും വിശദാംശങ്ങൾ വിസ്തീർണം സഹിതം ലഭ്യമാക്കാമോ?

വിശദാംശങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(ബി) പ്രസ്തുത ഭൂമിയിൽ എന്തെങ്കിലും പദ്ധതികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

പ്രൊപ്പോസൽ നിലവിൽ ഇല്ല.

## കാഞ്ഞിരക്കുടി കോളനി നിവാസികളുടെ ഭൂനികുതി അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി

234 (4976) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ നഗരസഭയിലെ മഞ്ഞക്കാട് പ്രദേശത്തെ കാഞ്ഞിരക്കുടി കോളനിയിൽ തലമുറകളായി താമസിക്കുന്ന ഇരുപത്തിയെട്ട് കുടുംബങ്ങളുടെ ഭൂനികുതി അടയ്ക്കാനുള്ള അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കുമോ?

ഭൂനികുതി ഒടുക്കുന്നതുമായി ബന്ധപ്പെട്ട് ഷൊർണ്ണൂർ നഗരസഭാ മഞ്ഞക്കാട് പ്രദേശത്തെ കാഞ്ഞിരക്കുടി കോളനി നിവാസികൾ സമർപ്പിച്ച അപേക്ഷയിലെ സ്ഥലം വനഭൂമിയിൽ ഉൾപ്പെട്ടതാണ്. വനഭൂമി പതിവ് ചട്ടം 93 പ്രകാരമുള്ള നടപടി സ്വീകരിച്ച് പട്ടയം ലഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടി വരും.

(ബി) ഇവരുടെ പക്കൽ നിന്നും ഏത് വർഷം വരെ ഭൂനികുതി വാങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഇവരുടെ പക്കൽ നിന്നും 2000-01 സാമ്പത്തിക വർഷം വരെ ഭൂനികുതി സ്വീകരിച്ചിട്ടുണ്ട്.

(സി) തുടർന്നും ഭൂനികുതി അടയ്ക്കാൻ അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

നെടുങ്ങോട്ടൂർ ദേശം സർവ്വെ നമ്പർ 37 -ൽ ഉൾപ്പെടുന്ന ഭൂമി ബി. ടി. ആർ. പ്രകാരം ഫോറസ്റ്റ് ലാൻഡ് ആയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയത് സംബന്ധിച്ച് ജന്മിയായ കോഴിശ്ശേരി മനയുമായി സുപ്രീംകോടതിയിൽ കേസ് നിലനിൽക്കുന്നതാണ്. നിലവിൽ ടി ഭൂമി വനം വകുപ്പ് ജണ്ട കെട്ടി അധീനതയിൽ വച്ചിട്ടുള്ളതിനാലാണ് ഭൂനികുതി അടക്കാൻ അനുവദിക്കാത്തത്.

## പുത്തൂർ വില്ലേജ് പരിധിയിലെ ഏതാനും സർവ്വേനമ്പരുകൾ കൊടുവള്ളി വില്ലേജിലേയ്ക്ക് മാറ്റാൻ നടപടി

235 (4977) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പുത്തൂർ വില്ലേജ് പരിധിയിലുള്ള ഏതാനും പ്രദേശങ്ങൾ കൊടുവള്ളി മുനിസിപ്പാലിറ്റിയിലും ഏതാനും പ്രദേശങ്ങൾ ഓമശ്ശേരി പഞ്ചായത്തിലും ആയതുകാരണം നികുതികളുടെയും സർക്കാർ ഫീസുകളുടെയും കാര്യത്തിൽ കൊടുവള്ളി മുനിസിപ്പാലിറ്റി പരിധിയിൽ താമസിക്കുന്നവർക്ക് കൂടുതൽ സാമ്പത്തികഭാരം ഉണ്ടാകുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുനിസിപ്പാലിറ്റി പരിധിയിലും പഞ്ചായത്ത് പരിധിയിലും വ്യത്യസ്ത നിരക്കിലുള്ള നികുതികളാണ് നിലവിലുള്ളത്.

(ബി) പുത്തൂർ വില്ലേജിന്റെ പ്രവർത്തന സൗകര്യാർത്ഥം മുനിസിപ്പാലിറ്റി പ്രദേശത്തെ സർവ്വെ നമ്പരുകൾ കൊടുവള്ളി വില്ലേജിലേയ്ക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കാമോ?

ശിപാർശ ലഭിക്കുന്നമുറയ്ക്ക് മാത്രമെ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

## എല്ലാ വില്ലേജ് ഓഫീസുകളിലും ഓൺലൈൻ സേവനം

236 (4978) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകളിലും ആധുനിക രീതിയിൽ ഓൺലൈൻ സേവനം ലഭ്യമാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ സ്മാർട്ട് ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് സ്മാർട്ട് (SMART) റവന്യൂ ഓഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങളും ഇ-ഗവേണൻസിന്റെ സഹായത്തോടുകൂടി വില്ലേജ് ഓഫീസിൽ നിന്നുള്ള സേവനങ്ങൾ ഏതു സമയത്തും എവിടെവച്ചും ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങളുമാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളിൽ ഒരുക്കുന്നത്. സ്മാർട്ട് വില്ലേജ് ഓഫീസുകളിൽനിന്നും ലഭിക്കുന്ന സേവനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഇ-ഡിസ്ട്രിക്ട് - വില്ലേജ് ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്ക് ആവശ്യമായ വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട്.

2. ആർ.ആർ. ഓൺലൈൻ - റവന്യൂ റിക്കവറി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിലവിലുള്ള ഓഫ്‌ലൈൻ, ഓൺലൈൻ സംവിധാനങ്ങൾ സംയോജിപ്പിച്ച് റിക്വിസിഷൻ ഓഫീസ് മുതൽ വില്ലേജുതലം വരെ ബന്ധിപ്പിക്കുന്ന പദ്ധതിയാണ് ആർ.ആർ.ഓൺലൈൻ.

3. സംയോജിത ഓൺ ലൈൻ പോക്കുവരവ് (Online Mutation) ഭൂസംബന്ധമായി റവന്യൂ, രജിസ്ട്രേഷൻ, സർവ്വെ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈൻ മുഖേന സാദ്ധ്യമാക്കുന്ന പദ്ധതിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ്.

4. റവന്യൂ ഇ-പേയ്മെന്റ് - സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ അടയ്ക്കാവുന്ന എല്ലാ

പെയ്മെന്റുകളും ഓൺലൈൻ വഴിയും വില്ലേജ് ഓഫീസുകളിൽ നേരിട്ടും ഒടുക്കുന്നതിനുള്ള ഇ-പെയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

5. റിലീഫ് (സമഗ്ര ദുരിത മാനേജ്മെന്റ് സംവിധാനം)- പ്രളയബാധിതരായ ജനങ്ങൾക്ക് അടിയന്തര ധനസഹായം ലഭ്യമാക്കുന്നതിനുള്ള Relief Web Portal-ഉം നാശനഷ്ടങ്ങളുടെ വിവര ശേഖരണത്തിനായുള്ള മൊബൈൽ ആപ്ലിക്കേഷനും സംയോജിപ്പിച്ച് വിജയകരമായി നടപ്പിലാക്കിവരുന്ന പദ്ധതിയാണ് സമഗ്ര ദുരിത മാനേജ്മെന്റ് സംവിധാനം.

6. റവന്യൂ മിത്രം- റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുണ്ടാകുന്ന എല്ലാത്തരം പരാതികളും വകുപ്പുമന്ത്രിയ്ക്ക് നൽകുന്നത് ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റുക എന്ന ഉദ്ദേശ്യത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് റവന്യൂ മിത്രം.

7. റവന്യൂ ഇ - സർവ്വീസസ് മൊബൈൽ ആപ്ലിക്കേഷൻ - റവന്യൂ ഇ-സർവ്വീസസ് മൊബൈൽ ആപ്ലിക്കേഷനിലൂടെ പൊതുജനങ്ങൾക്ക് ഭൂനികുതി, ഓഫ്‌ലൈൻ പോക്കുവരവ്, ഭൂരേഖകളുടെ നാളതീകരണത്തിനുമുള്ള അപേക്ഷകൾ എന്നിവ നൽകാവുന്നതാണ്. ഭൂമിയുടെ കൈവശാവകാശം സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കുന്നതിനുള്ള ലാൻഡ് ഇൻഫർമേഷൻ സിസ്റ്റവും റവന്യൂ ഇ-സർവ്വീസസ് മൊബൈൽ ആപ്ലിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

8. തണ്ടപ്പേർ പകർപ്പ് - ഓൺലൈൻ വില്ലേജ് ഓഫീസുകൾ വഴി വിതരണം ചെയ്യുന്ന തണ്ടപ്പേർ പകർപ്പ് ഡിജിറ്റലായി സാക്ഷ്യപ്പെടുത്തി ഭൂവുടമകൾക്ക് വിതരണം ചെയ്യുന്നതിനുള്ള മൊഡ്യൂൾ പൊതു ജനങ്ങൾക്ക് ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുവാനും ഫീസ് അടയ്ക്കുവാനും ഡിജിറ്റലായി സാക്ഷ്യപ്പെടുത്തിയ തണ്ടപ്പേർ പകർപ്പ് ഡൗൺലോഡ് ചെയ്തെടുക്കുവാനും സാധിക്കും.

9. ലൊക്കേഷൻ മാപ്പ് - ഓൺലൈൻ വില്ലേജ് ഓഫീസുകൾ വഴി വിതരണം ചെയ്യുന്ന ലൊക്കേഷൻ സർട്ടിഫിക്കറ്റുകൾ ReLIS-മായി സംയോജിപ്പിച്ച് ഡിജിറ്റലായി സാക്ഷ്യപ്പെടുത്തി ഭൂവുടമകൾക്ക് വിതരണം ചെയ്യുന്നതിനുള്ള മൊഡ്യൂൾ. പൊതുജനങ്ങൾക്ക് ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുവാനും ഫീസ് അടയ്ക്കുവാനും ലൊക്കേഷൻ സർട്ടിഫിക്കറ്റുകൾ ഡൗൺലോഡ് ചെയ്തെടുക്കുവാനും സാധിക്കും.

10. FMB- ഓൺലൈൻ ഡിജിറ്റൽ സർവ്വെ പൂർത്തിയാക്കിയ വില്ലേജ് ഓഫീസുകളിൽനിന്നും പൊതുജനങ്ങൾക്ക് FMB പകർപ്പ് ഓൺലൈൻ ആയി അപേക്ഷിച്ച് ഡൗൺലോഡ് ചെയ്തെടുക്കുവാൻ കഴിയുന്ന മൊഡ്യൂൾ.

11. <u>വില്ലേജ് വെബ്സൈറ്റ്</u> - സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകൾക്കും പ്രത്യേകമായി വെബ്സൈറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. https://village.kerala.gov.in എന്ന വെബ്പോർട്ടൽ മുഖാന്തരം സംസ്ഥാനത്തെ 1666 വില്ലേജ് ഓഫീസുകളുടെയും വെബ്സൈറ്റുകൾ പൊതുജനങ്ങൾക്ക് സന്ദർശിക്കുവാൻ കഴിയുന്നതാണ്.

12. <u>കേരള ബിൽഡിംഗ് ടാക്സ് മാനേജ്മെന്റ് സിസ്റ്റം</u> - റവന്യൂ വകുപ്പിലെ കെട്ടിടനികുതി, ആഡംബര നികുതി എന്നിവ ഓൺലൈനായി സ്വീകരിക്കുന്ന വെബ് ആപ്ലിക്കേഷനാണ് കേരള ബിൽഡിംഗ് ടാക്സ് മാനേജ്മെന്റ് സിസ്റ്റം.

സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകളിലും ഐ. റ്റി. മിഷന്റെ സഹകരണത്തോടുകൂടി BSNL-ന്റെ അതിവേഗ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. നിലവിൽ വില്ലേജ് ഓഫീസുകളിലുള്ള കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്ക് പുറമെ സംസ്ഥാനത്തെ വില്ലേജ് ഓഫീസുകൾക്ക് 623 ലാപ് ടോപ്പുകൾ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ഈ സാമ്പത്തിക വർഷം 143 ലാപ്ടോപ്പുകൾ, 59 മൾട്ടിഫംഗ്ഷൻ പ്രിന്ററുകൾ, 20 സ്കാനറുകൾ എന്നിവ സംസ്ഥാനത്തെ വില്ലേജ് ഓഫീസുകൾക്ക് മാത്രമായി നൽകിയിട്ടുണ്ട്. മാത്രമല്ല 122 ലാപ്ടോപ്പുകൾ, 37 മൾട്ടിഫംഗ്ഷൻ പ്രിന്ററുകൾ എന്നിവ വില്ലേജുകൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. പൊതുജനങ്ങൾക്ക് ഇ-ഗവർണൻസ് സേവനങ്ങൾ ലഭ്യമാക്കുന്നതിന് സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകൾക്കും ഡെസ്ക്ടോപ്പ്, ലാപ്ടോപ്പ്, പ്രിന്റർ, സ്കാനർ എന്നിവ വിതരണം ചെയ്തിട്ടുള്ളതാണ്.

(ബി) പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തിയാക്കാനാകുമെന്നും ഇതിനായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും അറിയിക്കുമോ?

മേൽ പരാമർശിച്ചിട്ടുള്ള പദ്ധതികൾ എല്ലാം പൂർത്തിയായിട്ടുള്ളതാണ്. അതത് സാമ്പത്തിക വർഷങ്ങളിൽ കംപ്യൂട്ടറൈസേഷൻ പ്രവർത്തനങ്ങൾക്ക് വേണ്ടി പ്ലാൻ ഫണ്ടിൽനിന്നും അനുവദിക്കുന്ന തുക ഉപയോഗിച്ചാണ് ലാൻഡ് റവന്യൂ വകുപ്പിന്റെ ഡിജിറ്റലൈസേഷൻ പ്രവർത്തനങ്ങൾ ചെയ്യുന്നത്. ഈ സാമ്പത്തിക വർഷം കംപ്യൂട്ടറൈസേഷൻ പ്രവർത്തനങ്ങൾക്കായി 20 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(സി) ഡിജിറ്റൽ റീ-സർവ്വേയിലൂടെ എന്തെല്ലാം സേവനങ്ങളാണ് നൽകാനാവുക; വിശദ വിവരം ലഭ്യമാക്കുമോ?

സംസ്ഥാനത്തെ 1550 വില്ലേജുകളുടെ ഡിജിറ്റൽ റീസർവ്വേ നാല് വർഷത്തിനകം പൂർത്തിയാക്കുന്നതിനുള്ള പദ്ധതിയാണ് വകുപ്പിൽ തയ്യാറാക്കിയിട്ടുള്ളത്.

ഇത് പൂർത്തിയാകുന്നതോടെ, റവന്യൂ ഭരണം, സുഗമമാക്കുന്നതിലും, മാപ്പ് ഉൾപ്പെടെയുള്ള ഭൂപരിപാലനം പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലൂടെ നടത്തുന്നതിനും പൊതുജനങ്ങൾക്കുള്ള സേവനം കൂടുതൽ മെച്ചപ്പെട്ട രീതിയിലും വേഗത്തിലും ഓൺലൈനായി നൽകുന്നതിനും സാധിക്കും. കൂടാതെ, ഭൂസംബന്ധമായ വിഷയം കൈകാര്യം ചെയ്യുന്ന മൂന്ന് വകുപ്പുകളുടെയും (റവന്യൂ, സർവ്വേ, രജിസ്ട്രേഷൻ) സേവനങ്ങൾ സംയോജിപ്പിച്ച് സുതാര്യമായ രീതിയിൽ റിക്കോർഡുകളെ കാലികമായി അപ്ഡേറ്റ് ചെയ്യുന്നതിനും സംസ്ഥാനത്തിന്റെ മുഴുവൻ ഭൂമിയുടെയും ഡിജിറ്റൽ മാപ്പ് തയ്യാറാക്കുന്നതിനാൽ ദുരന്തനിവാരണ പ്രവർത്തനങ്ങളുൾപ്പെടെ വിവിധ ആവശ്യങ്ങൾക്ക് അടിസ്ഥാന രേഖയായി ഇത് ഉപയോഗിക്കുന്നതിനും സാധിക്കുന്നതാണ്.

(ഡി) തിരൂർ നിയോജകമണ്ഡലത്തിൽ ഏതെല്ലാം വില്ലേജ് ഓഫീസുകളാണ് സ്മാർട്ട് വില്ലേജ് ഓഫീസാക്കുന്ന നടപടി പൂർത്തീകരിച്ചതെന്നും, ഏതെല്ലാം വില്ലേജ് ഓഫീസുകളിലാണ് പ്രസ്തുത പ്രവൃത്തികൾ നടന്നുവരുന്നതെന്നും എപ്പോൾ പൂർത്തിയാക്കാനാകുമെന്നും വിശദമാക്കുമോ?

തിരൂർ നിയോജകമണ്ഡലത്തിലെ വെട്ടം, തൃക്കണ്ടിയൂർ എന്നീ വില്ലേജുകളെ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റിയിട്ടുള്ളതാണ്. തിരൂർ വില്ലേജിനെ റീ ബിൽഡ് കേരള ഇനീഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി സ്മാർട്ട് വില്ലേജ് ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) തിരൂർ നിയോജകമണ്ഡലത്തിൽ റീ-സർവ്വേ നടപടികൾ ഏത് ഘട്ടത്തിലാണെന്നും എപ്പോൾ പൂർത്തിയാക്കാനാകുമെന്നും വിശദവിവരം ലഭ്യമാക്കുമോ?

തിരൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടുവരുന്ന 10 വില്ലേജുകളിലും റീസർവ്വേ നടപടികൾ ആരംഭിച്ചിട്ടില്ല. സംസ്ഥാനത്താകെയുള്ള 1666 വില്ലേജുകളിൽ ഡിജിറ്റൽ രീതിയിൽ പൂർത്തീകരിച്ച 89 വില്ലേജുകളിലും നിലവിൽ ഡിജിറ്റൽ രീതിയിൽ സർവ്വേ ചെയ്യുന്ന 27 വില്ലേജുകളും ഒഴികെ ശേഷിക്കുന്ന 1550 വില്ലേജുകൾ നൂതന സർവ്വ സാങ്കേതിക വിദ്യകളായ CORS (Continuously Operating Reference Stations), RTK (Real Time Kinematic), Drone, ETS എന്നിവ പ്രയോജനപ്പെടുത്തി 4 വർഷത്തിനകം ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കുന്നതിനുള്ള പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്. ആയതുപ്രകാരമുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി തിരൂർ നിയോജകമണ്ഡലത്തിലെ 10 വില്ലേജുകളുടെയും റീസർവ്വെ ജോലികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ഭൂമിയിൽ സർക്കാർ ഉടമസ്ഥത സ്ഥാപിക്കുന്നതിന് ഫയൽ ചെയ്ത കേസ്സുകൾ**

237 (4979) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാതന്ത്ര്യം ലഭിക്കുന്നതിന് മുൻപ് വിദേശകമ്പനികളും പൗരന്മാരും കൈവശം വച്ചിരുന്ന ഭൂമിയിൻമേൽ സർക്കാർ ഉടമസ്ഥത സ്ഥാപിക്കുന്നതിന് സിവിൽ കേസ്സുകൾ ഫയൽ ചെയ്യുന്നതിനായി ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ടുള്ള 6-6-2021-ലെ G.O(MS)172/2019/റവന്യൂ നമ്പർ ഉത്തരവിന്റെ പകർപ്പ് നൽകാമോ?

6-6-2021-ലെ G.O(Ms)172/2019/റവന്യൂ നമ്പർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ഉള്ളടക്കം ചെയ്യുന്നു.

(ബി) പ്രസ്തുത ഉത്തരവ് പ്രകാരം വാമനപുരം നിയോജകമണ്ഡലത്തിലെ ഭൂമി സംബന്ധിച്ച് കേസ്സുകൾ ഫയൽ ചെയ്തിട്ടുണ്ടോ?

ഇല്ല. വാമനപുരം നിയോജകമണ്ഡലത്തിൽപ്പെട്ട പെരിങ്ങമ്മല വില്ലേജിൽ ബ്രൈമൂർ എസ്റ്റേറ്റിന്റെ കൈവശമുള്ള 765.06 ഏക്കർ, ടി വില്ലേജിൽ വർദ്ധിനി പ്ലാന്റേഷൻസിന്റെ കൈവശമുള്ള (മാരിഗോൾഡ് എസ്റ്റേറ്റ്) 238.68 ഏക്കർ എന്നീ തോട്ടഭൂമികളിൽ സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി 6-6-2021-ലെ ഉത്തരവ് പ്രകാരം സിവിൽ കേസ്സുകൾ ഫയൽ ചെയ്യുന്നതിന് തിരുവനന്തപുരം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) എങ്കിൽ പ്രസ്തുത കേസ്സുകളുടെ വിശദവിവരങ്ങളും നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

വാമനപുരം നിയോജകമണ്ഡലത്തിൽ നിലവിൽ അത്തരം കേസ്സുകൾ ഫയൽ ചെയ്തിട്ടില്ല.

**സർക്കാർ സേവനങ്ങളുടെ ദുരുപയോഗം തടയുന്നതിന് നടപടി**

238 (4980) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ഡോ. എം. കെ. മുനീർ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സർക്കാരിന്റെ വിവിധ സർട്ടിഫിക്കറ്റുകളും സേവനങ്ങളും നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കാനുള്ള തീരുമാനം നടപ്പിലാക്കുമ്പോൾ പ്രസ്തുത

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സൗകര്യങ്ങൾ ദുരുപയോഗം ചെയ്യാൻ സാധ്യതയുണ്ടെന്ന അഭിപ്രായം പരിശോധിച്ചിട്ടുണ്ടോ;

(ബി) വ്യാജ ജാതി സർട്ടിഫിക്കറ്റ് ഉപയോഗിച്ച് ജോലിയും മെഡിക്കൽ വിദ്യാഭ്യാസവും ഉൾപ്പെടെ തരപ്പെടുത്തുന്നതായ പരാതി നിലനിൽക്കെ പ്രസ്തുത തീരുമാനം പുനഃപരിശോധിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ജാതി സർട്ടിഫിക്കറ്റ് സംബന്ധിച്ച ദുരുപയോഗം തടയുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

(എ-സിബി) അപേക്ഷകൻ സ്വയം സാക്ഷ്യപ്പെടുത്തി നൽകുന്നതുമൂലം ടിയാന്റെ പൂർണ്ണ ഉത്തരവാദിത്വത്തിലാണ് സർട്ടിഫിക്കറ്റുകൾ / സേവനങ്ങൾ നൽകപ്പെടുന്നത്. ദുരുപയോഗം ചെയ്യുന്ന സാഹചര്യത്തിൽ നിലവിലുള്ള നിയമവ്യവസ്ഥ പ്രകാരം നടപടികൾ സ്വീകരിക്കാൻ സാധിക്കുന്നതാണ്. ആയതിനാൽ വിവിധ സർട്ടിഫിക്കറ്റുകളും സേവനങ്ങളും നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചത് ദുരുപയോഗം ചെയ്യാൻ സാദ്ധ്യതയില്ല. കൂടാതെ, നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്, EWS സാക്ഷ്യപ്പെടുത്തൽ സർട്ടിഫിക്കറ്റ്, എസ്.സി./ എസ്.ടി. വിഭാഗങ്ങൾക്കായി നിലവിലെ നിയമപ്രകാരം നൽകുന്ന സർട്ടിഫിക്കറ്റ് എന്നിവ ഇതിന്റെ പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

**ഭൂമികയ്യേറ്റ മാഫിയ**

239 (4981) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമികയ്യേറ്റ മാഫിയയുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും പ്രസ്തുത മേഖലയിലെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനും നിയമവിധേയമായി മാത്രം ഭൂമികൈമാറ്റം ചെയ്യുന്നതിനും സംസ്ഥാനത്ത് ഒരാൾക്ക് എവിടെയെല്ലാം ഭൂമിയുണ്ടെന്ന് ഒറ്റ നോട്ടത്തിൽ വീക്ഷിക്കാനും ഈ സർക്കാർ സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

സർക്കാർ ഭൂമികൈയ്യേറ്റം/സർക്കാർ ഭൂമിയിലെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ ഒഴിപ്പിക്കുന്നതിനും തടയുന്നതിനും കേരള ഭൂ സംരക്ഷണ നിയമം 1957, 1958 -ലെ അനുബന്ധ ചട്ടത്തിലെയും 2019-ലെ ഭൂ സംരക്ഷണ ഭേദഗതി നിയമം എന്നിവ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഭൂ വിവരങ്ങളുടെയും ഭൂരേഖകളുടെയും അഭാവമാണ് നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്നതിന് പ്രേരണയാകുന്നത്. ഇത് തടയുന്നതിനായാണ് ഭൂരേഖകൾ ഡിജിറ്റൈസ് ചെയ്യുന്നതിനും കേരളമൊട്ടാകെ ഡിജിറ്റലായി സർവ്വെ ചെയ്യുന്നതിനും സർക്കാർ

തീരുമാനിച്ചിട്ടുള്ളത്. ഡിജിറ്റൽ റെക്കോർഡുകൾ ലഭ്യമായിട്ടുള്ള 89 വില്ലേജുകളും നിലവിൽ ഡിജിറ്റൽ സർവ്വേ ജോലികൾ പുരോഗതിയിലുള്ള 27 വില്ലേജുകളും ഒഴികെ അവശേഷിക്കുന്ന 1550 വില്ലേജുകൾ നൂതന സർവ്വെ സാങ്കേതികവിദ്യകളായ CORS (Continuously Operating Reference Stations), RTK (Real Time Kinematic), Drone, ETS (Electronic Total Station) എന്നിവ പ്രയോജന പ്പെടുത്തി 4 വർഷത്തിനകം പൂർത്തിയാക്കുന്നതിനുള്ള 807.98 കോടി രൂപയുടെ പദ്ധതിക്ക് സർക്കാർ അനുമതി തത്വത്തിൽ ലഭിച്ചിട്ടുള്ളതും റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി 339.438 കോടി രൂപ ആദ്യഘട്ടത്തിൽ അനുവദിച്ച് ഉത്തരവായിട്ടുള്ളതുമാണ്. 4 വർഷംകൊണ്ട് 1550 വില്ലേജുകളുടെ ഡിജിറ്റൽ സർവ്വെ പൂർത്തിയാക്കുന്നതിനുള്ള കർമ്മ പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളത്.

നൂതന സാങ്കേതികവിദ്യകൾ ഉപയോഗിച്ച് സർവ്വെ നടത്തി GIS അധിഷ്ഠിത ഡിജിറ്റൽ മാപ്പുകൾ തയ്യാറാകുന്നതിനാൽ അധികഭൂമി കൈവശം വച്ചിരിക്കുന്നവരെയും സർക്കാർ ഭൂമി കൈവശം വച്ചിരിക്കുന്നവരെയും വളരെ വേഗത്തിൽ കണ്ടെത്തി ലാൻഡ് റവന്യൂ വകുപ്പ് മുഖേന നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിന് സാധിക്കുന്നതാണ്. സംസ്ഥാനത്ത് ഒരാൾക്ക് എവിടെയെല്ലാം ഭൂമിയുണ്ടെന്ന് ഒറ്റനോട്ടത്തിൽ വീക്ഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് യൂണിക് തണ്ടപ്പേർ സംവിധാനം നടപ്പിലാകുന്നത്. ആധാർ അധിഷ്ഠിത യൂണിക് തണ്ടപ്പേർ സംവിധാനത്തിന് കേന്ദ്രസർക്കാർ അനുമതി ലഭ്യമായിട്ടുണ്ട്. ആയതിലേയ്ക്കുള്ള സോഫ്റ്റ്‌വെയർ നിർമ്മാണം അന്തിമഘട്ടത്തിലാണ്.

(ബി) റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥവിഭാഗം നടത്തുന്നതായി ആരോപിക്കുന്ന നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനായി എന്തെല്ലാം നടപടികൾക്കാണ് ഈ സർക്കാർ ലക്ഷ്യമിടുന്നത്?

റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥ വിഭാഗം നിയമവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ കർശനമാക്കാനുമാണ് ലക്ഷ്യമിടുന്നത്.

(സി) കുറ്റക്കാരായ ഉദ്യോഗസ്ഥരെ സർവ്വീസിൽനിന്നും നീക്കം ചെയ്യുന്നതുൾപ്പെടെയുള്ള ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ആരോപിക്കുന്ന കുറ്റത്തിന്റെ ഗൗരവം അടിസ്ഥാനമാക്കി 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും)ചട്ടങ്ങൾ പ്രകാരമുള്ള അച്ചടക്ക നടപടി സ്വീകരിച്ച് ആവശ്യമെങ്കിൽ സർവ്വീസിൽനിന്നും നീക്കം ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) എങ്കിൽ ഈ സർക്കാർ കാലയളവിൽ ഇതുസംബന്ധിച്ച് എത്ര പരാതികൾ ലഭ്യമായെന്നും ആയതിന്മേൽ എന്തു നടപടികൾ സ്വീകരിച്ചുവരുന്നു എന്നും വ്യക്തമാക്കുമോ?

ഇതുസംബന്ധിച്ച് ഈ സർക്കാരിന്റെ കാലയളവിൽ 31 പരാതികൾ ലഭിച്ചിട്ടുള്ളതും ആയതിൽ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾ പ്രകാരം അച്ചടക്കനടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

## പട്ടികവർഗ്ഗ ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിലെ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി

240 (4982) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലക്ഷദ്വീപിലെ പട്ടികവർഗ്ഗത്തിൽപ്പെട്ട പൗരൻമാരിൽ പലരും കേരളത്തിൽ വന്ന് വിവാഹം കഴിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) എങ്കിൽ ഇവരുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി ഇവർ പട്ടികവർഗ്ഗത്തിൽപ്പെടുന്നവരാണെന്നുള്ള ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കുടിയേറുകയും ഇവിടെ സ്ഥിരതാമസമാക്കുകയും ചെയ്ത പട്ടികജാതി/പട്ടികഗോത്ര വർഗ്ഗ വിഭാഗങ്ങളുടെ വിഷയത്തിൽ ജാതി സർട്ടിഫിക്കറ്റ് നൽകുന്നത് 12-10-1986-ലെ സ.ഉ.(കൈ)10/86/SCSTD നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്. അപേക്ഷകന്റെ മാതാപിതാക്കളോ പൂർവ്വികരോ 1950-ലെ പ്രസിഡൻഷ്യൽ ഓർഡറിന് മുൻപ് ഈ സംസ്ഥാനത്ത് കുടിയേറി സ്ഥിരതാമസമാക്കിയവരാവുകയും അവരുടെ സമുദായം ഈ സംസ്ഥാനത്തെ പട്ടികജാതി/പട്ടിക ഗോത്ര വർഗ്ഗ പട്ടികയിൽ ഉൾപ്പെട്ടതാവുകയും ചെയ്താൽ അങ്ങനെയുള്ളവർക്ക് ഈ സംസ്ഥാനത്ത് നിന്നും സർട്ടിഫിക്കറ്റ് അനുവദിക്കുന്നതാണ്. 1950-നുമുൻപ് കുടിയേറിയവരുടെ കാര്യത്തിൽ ഈ സംസ്ഥാനത്തെ പട്ടികജാതി /പട്ടിക ഗോത്രവർഗ്ഗ പട്ടികയിൽ ഉൾപ്പെടാതെ വരുന്ന കേസ്സുകളിൽ അവർക്ക് ഈ സംസ്ഥാനത്തു നിന്നുള്ള പട്ടികജാതി /പട്ടികവർഗ്ഗ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടാവില്ല. 1950-നുശേഷം ഈ സംസ്ഥാനത്തേയ്ക്ക് കുടിയേറി താമസിച്ച പട്ടികജാതി/ പട്ടികഗോത്രവർഗ്ഗ

വിഭാഗക്കാർക്ക് അവരുടെ സമുദായം ഈ സംസ്ഥാനത്തെ പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുന്നുണ്ടെങ്കിൽപോലും ഈ സംസ്ഥാനത്ത് നിന്നും പട്ടികജാതി/പട്ടികഗോത്രവർഗ്ഗ ആനുകൂല്യങ്ങൾക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല.

## ഒറ്റത്തവണയായി കെട്ടിട നികുതി പിരിക്കുന്നതിനുള്ള സോഫ്റ്റ്‌വെയറിന്റെ രൂപീകരണം

241 (4983) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കെട്ടിട നികുതി നിയമം 1975 പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്ന് ഒരു സോഫ്റ്റ്‌വെയർ രൂപീകരിച്ച് മുഴുവൻ കെട്ടിടങ്ങൾക്കും ഒറ്റത്തവണ നികുതി പിരിച്ചെടുക്കുവാൻ സാധിക്കുന്ന തരത്തിലുള്ള സംവിധാനം ആവിഷ്കരിക്കുവാൻ പദ്ധതിയിട്ടിട്ടുണ്ടോ?

റവന്യൂ വകുപ്പ് ഈടാക്കിവരുന്ന ഒറ്റത്തവണ കെട്ടിട നികുതിയും ആഡംബര നികുതിയും ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള സോഫ്റ്റ്‌വെയറായ 'കേരള ബിൽഡിംഗ് ടാക്സ് മാനേജ്മെന്റ് സിസ്റ്റം 21-6-2021 മുതൽ സംസ്ഥാനവ്യപകമായി നടപ്പിലാക്കിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കെട്ടിട നികുതി (Property tax) നിർണ്ണയ സോഫ്റ്റ്‌വെയറുമായി ഇന്റഗ്രേറ്റ് ചെയ്തുകൊണ്ടാണ് ബിൽഡിംഗ് ടാക്സ് മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കിയിട്ടുള്ളത് .

(ബി) ഉണ്ടെങ്കിൽ ആയതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്;

(സി) ഈ പദ്ധതി എപ്പോൾ പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്?

(ബി&സി) ബിൽഡിംഗ് ടാക്സ് മാനേജ്മെന്റ് സിസ്റ്റം സംസ്ഥാന വ്യാപകമായി നടപ്പിലാക്കിയിട്ടുണ്ട്.

## ഡിജിറ്റൽ സർവ്വേയും സ്വാമിത്വ പദ്ധതിയും

242 (4984) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ ഡിജിറ്റൽ സർവ്വെയും കേന്ദ്ര സർക്കാരിന്റെ സ്വാമിത്വ (SVAMITVA) പദ്ധതിയും എന്താണെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ എല്ലാ ഭൂവുടമകൾക്കും കൃത്യമായ ഭൂരേഖകൾ ശാസ്ത്രീയമായി അളന്നു തയ്യാറാക്കി നൽകുക, റവന്യൂ ഭരണം സുഗമമാക്കുക, ഭൂ സംബന്ധമായ സേവനങ്ങൾ പൂർണ്ണമായും ഓൺലൈനായി ജനങ്ങളിൽ എത്തിക്കുക, ദുരന്ത

നിവാരണ പ്രവർത്തനങ്ങൾക്കും സർക്കാരിന്റെ വിവിധ വികസന പ്രവർത്തനങ്ങൾക്കും അത്യന്തികം പ്രയോജനകരമാകുന്ന തരത്തിൽ ഭൂരേഖകൾ തയ്യാറാക്കുക, ഭൂ സംബന്ധമായ വിഷയം കൈകാര്യം ചെയ്യുന്ന റവന്യൂ, സർവ്വെ, രജിസ്ട്രേഷൻ എന്നീ വകുപ്പുകളുടെ സേവനങ്ങൾ സംയോജിപ്പിച്ച് സുതാര്യമായ രീതിയിൽ റിക്കാർഡുകൾ കാലികമായി അപ്ഡേറ്റ് ചെയ്യുക തുടങ്ങിയ ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ളതാണ് സമ്പൂർണ്ണ ഡിജിറ്റൽ റീസർവ്വെ പദ്ധതി.

നൂതന സർവ്വെ സങ്കേതങ്ങളായ CORS നെറ്റ്വർക്ക്, ആർ.ടി.കെ. ഉപകരണങ്ങൾ ഇ.ടി.എസ്. എന്നിവ ഉപയോഗിച്ച് സംസ്ഥാനത്ത് ഏകദേശം എൺപത് ശതമാനം ഭൂഭാഗവും, ഇരുപതു ശതമാനം വരുന്ന ഏറ്റവും തുറസായ ബാക്കി പ്രദേശങ്ങൾ ഡ്രോൺ സർവ്വേ നടത്തിയും ഡിജിറ്റൽ സർവ്വേ മിഷൻ പൂർത്തിയാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. എന്നാൽ ഡ്രോൺ സർവ്വേയിൽ കൃത്യത ലഭിക്കാതെ വന്നാൽ പ്രസ്തുത പ്രദേശംകൂടി ആർ.ടി.കെ./ ഇ.ടി.എസ്. ഉപയോഗിച്ച് സർവ്വേ ചെയ്യും. 807.98 കോടി രൂപയുടെ ബൃഹത് പദ്ധതിയാണിത്. ഇന്ത്യയുടെ ആകെ ഭൂവിസ്തൃതിയുടെ 3 മുതൽ 5 ശതമാനം മാത്രം വരുന്ന ഭൂരേഖകൾ നിലവിലില്ലാത്ത Rural abadi areas (ജനവാസ മേഖലകൾ) ഡ്രോൺ ഉപയോഗിച്ച് സർവ്വെ നടത്തി ഭൂവുടമകൾക്ക് പ്രോപ്പർട്ടി കാർഡ് നൽകുക എന്ന ലക്ഷ്യം മുൻനിർത്തി കേന്ദ്ര മിനിസ്ട്രി ഓഫ് പഞ്ചായത്തി രാജ് (MoPR) നടപ്പിലാക്കുന്ന പദ്ധതിയാണ് SVAMITVA. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം വൃക്ഷങ്ങളാൽ മൂടപ്പെട്ടതും ഉയർന്ന കെട്ടിടങ്ങൾ കൂടുതലായതിനാലും സംസ്ഥാനത്ത് SVAMITVA പദ്ധതിയുടെ വിജയം പൈലറ്റ് സർവ്വെ ഫലം പരിശോധിച്ച് മാത്രമെ തീരുമാനിക്കാനാകൂ.

(ബി) സ്വാമിത്വ പദ്ധതിയുടെ ചെലവ് കേന്ദ്ര സർക്കാരാണോ സംസ്ഥാന സർക്കാരാണോ വഹിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സ്വാമിത്വ പദ്ധതിയുടെ ചെലവ് കേന്ദ്ര സർക്കാരാണ് വഹിക്കുന്നത്. മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിന്റെ ഭൂപ്രകൃതി വളരെ വ്യത്യസ്ഥവും സബ് ഡിവിഷനുകളുടെ എണ്ണം കൂടുതലുമാണ്. എന്നാൽ കേന്ദ്രസർക്കാരിന്റെ മാർഗ്ഗരേഖ പ്രകാരം ഇതിനായി അനുവദിക്കുമെന്ന് അറിയിച്ചിട്ടുള്ള തുക വളരെ കുറവാണ്. ലാർജ്ജ് സ്കെയിൽ മാപ്പിംഗിന് ഒരു വില്ലേജിന് ആറായിരം രൂപ മാത്രമാണ് അനുവദിക്കുന്നത്. കൂടാതെ ഡ്രോൺ, മാപ്പ് എന്നിവ ഒഴികെയുള്ള എല്ലാവിധ ചെലവുകളും സംസ്ഥാന സർക്കാരാണ് വഹിക്കേണ്ടത്.

(സി) സ്വാമിത്വ പദ്ധതി പ്രകാരം എവിടെയെല്ലാം സർവ്വെ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

സ്വാമിത്വ പദ്ധതി പ്രകാരം സംസ്ഥാനത്ത് തിരുവനന്തപുരം ജില്ലയിലെ വർക്കല വില്ലേജിലും (150 ഹെക്ടർ), ആറ്റിങ്ങൽ വില്ലേജിലും (78 ഹെക്ടർ) സാമ്പിൾ സർവ്വെ മാത്രമാണ് നടന്നിട്ടുള്ളത്. ഇതിന്റെ റിസൽട്ട് സർവ്വെ ഓഫ് ഇന്ത്യയിൽ നിന്നും ലഭിക്കാനുമുണ്ട്.

**കയ്യേറ്റക്കാരിൽ നിന്ന് ഭൂമി ഒഴിപ്പിച്ചെടുക്കാൻ നടപടി**

243 (4985) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കയ്യേറ്റക്കാരിൽ നിന്ന് എത്ര ഹെക്ടർ കയ്യേറ്റ ഭൂമി നാളിതുവരെ ഈ സർക്കാർ ഒഴിപ്പിച്ചെടുത്തു; വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ഒഴിപ്പിച്ച കയ്യേറ്റങ്ങളെ സംബന്ധിച്ച വിവരങ്ങൾ ജില്ലാടിസ്ഥാനത്തിലുള്ള ലിസ്റ്റ് അനുബന്ധം 1-ൽ* ചേർക്കുന്നു.

(ബി) ഇത്തരത്തിൽ കയ്യേറിയ എത്ര ഹെക്ടർ തോട്ടഭൂമി പിടിച്ചെടുത്തു; വിശദാംശം ലഭ്യമാക്കുമോ?

തോട്ടഭൂമി പിടിച്ചെടുത്തിട്ടില്ലാത്തതാണ്.

(സി) പാട്ടക്കാലാവധി കഴിഞ്ഞ എത്ര ഹെക്ടർ ഭൂമിയും പാട്ടവ്യവസ്ഥകൾ ലംഘിച്ച എത്ര ഹെക്ടർ ഭൂമിയും ഈ സർക്കാർ ഒഴിപ്പിച്ചെടുത്തു; വിശദാംശം ലഭ്യമാക്കുമോ?

പാട്ടക്കാലാവധി കഴിഞ്ഞതും പാട്ടവ്യവസ്ഥകൾ ലംഘിച്ചതുമായ 9.3611 ഹെക്ടർ ഭൂമി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒഴിപ്പിച്ചിട്ടുണ്ട്.

(ഡി) നിലവിൽ സർക്കാരിന്റെ ലാൻഡ് ബാങ്കിൽ എത്ര ഹെക്ടർ ഭൂമിയുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

ലാൻഡ് റവന്യൂ കമ്മീഷണറുടെ കീഴിൽ പ്രവർത്തിച്ച് വന്നിരുന്ന 25-6-2019-ലെ കേരള സ്റ്റേറ്റ് ലാൻഡ് ബാങ്ക് സ.ഉ (എം.എസ്) നം. 236/2018/റവന്യൂ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുള്ള കേരള സ്റ്റേറ്റ് ലാൻഡ് റെക്കോർഡ്സ് മോഡേണൈസേഷൻ മിഷൻ (KLRMM)-ൽ സംയോജിപ്പിച്ചിട്ടുള്ളതാണ്. സർക്കാർ വക പുറമ്പോക്ക് (വിവിധ തരം) ഭൂമിയുടെ വിവരങ്ങൾ അനുബന്ധം II -ൽ* ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വിദ്യാധിരാജ ട്രസ്റ്റിന്റെ ഭൂമിയിന്മേലുള്ള അന്വേഷണ റിപ്പോർട്ട്

244 (4986) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ വിദ്യാധിരാജ ട്രസ്റ്റ് 55 ഏക്കർ ഭൂമി കൈയേറിയതായ പരാതിയിന്മേലുള്ള അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കാമോ?

അട്ടപ്പാടി താലൂക്ക് കോട്ടത്തറ വില്ലേജിൽ വിദ്യാധിരാജ വിദ്യാസമാജം ട്രസ്റ്റിന്റെ പേരിൽ 17 ആധാരങ്ങൾ പ്രകാരം 21.834 ഹെക്ടർ ഭൂമി തീറ് വാങ്ങി ഭൂനികുതി അടച്ച് കൈവശംവച്ച് വരുന്നതാകുന്നു. പ്രസ്തുത വിദ്യാധിരാജ വിദ്യാസമാജം ട്രസ്റ്റ് പട്ടികവർഗ്ഗക്കാരുടെ ഭൂമി കയ്യേറിയിട്ടുണ്ടെന്ന് കാണിച്ച് ചില ആദിവാസികൾ സമർപ്പിച്ച പരാതിയിന്മേൽ അട്ടപ്പാടി തഹസിൽദാർ മുഖാന്തരം അന്വേഷണം നടത്തിവരുന്നു.

(ബി) അട്ടപ്പാടിയിലെ നഞ്ചിയമ്മയുടെ ഭൂമി കയ്യേറിയതിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണ റിപ്പോർട്ട് നൽകാമോ?

ഉണ്ട്. അട്ടപ്പാടിയിലെ നഞ്ചിയമ്മയുടെ ഭൂമി കയ്യേറിയതുമായി ബന്ധപ്പെട്ട അന്വേഷണ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

അഗളി വില്ലേജിൽ സർവ്വേ നമ്പർ 1167/1, 6 എന്നിവയിൽ ഉൾപ്പെട്ട നാല് ഏക്കർ വിസ്തീർണ്ണം വരുന്ന ഭൂമി അന്യാധീനപ്പെട്ടതായി കാണിച്ച് ശ്രീമതി നഞ്ചിയമ്മ, W/o നഞ്ചൻ എന്നവരുടെ പൂർവ്വസൂരിയായ നാഗൻ, S/o മണിയൻ, ശ്ലോളിക്കടവ്, അഗളി വില്ലേജ് എന്നയാൾ സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ 1975-ലെ കെ.എസ്.ടി. ആക്ട് പ്രകാരം ടി.എൽ.എ. 297/87-ാം നമ്പരായി ഒരു ഹർജി ഒറ്റപ്പാലം ആർ.ഡി.ഒ. ഫയലിൽ സ്വീകരിക്കുകയുണ്ടായി. പ്രസ്തുത കേസിന്മേലുള്ള തുടർനടപടികൾക്കായി സവിശദം പരിശോധിച്ചതിൽ അഗളി വില്ലേജിൽ സർവ്വെ നമ്പർ 1167/1, 6 എന്നിവയിലായി ആകെ 4.81 ഏക്കർ ഭൂമി പട്ടികവർഗ്ഗ കക്ഷിയായ ശ്രീ. നാഗനിൽനിന്നും പട്ടികവർഗ്ഗേതര വ്യക്തിയായ ശ്രീ. കന്തൻബോയൻ S/o മാരിബോയൻ, അഗളി എന്നവരിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെടുകയും ഇതിൽ 3.41 ഏക്കർ ഭൂമി ശ്രീ. കന്തൻബോയനിൽ നിന്നും മണ്ണാർക്കാട് ടി.എൽ.ബിയുടെ 12-10-1987-ലെ സി.സി-638/73-ാം നമ്പർ ഉത്തരവ് പ്രകാരം മിച്ചഭൂമിയായി ഏറ്റെടുക്കുകയുമുണ്ടായി. ആയത് കിഴിച്ചുള്ള 1.40 ഏക്കർ ഭൂമി ഒറ്റപ്പാലം സബ് കോടതിയുടെ ഒ.എസ്.21/12-ാം നമ്പർ കേസിന്മേലുള്ള ഉത്തരവ് പ്രകാരം കല്ലുമേലിൽ കെ.വി. മാത്യു എന്നയാൾക്ക് സിദ്ധിച്ചിട്ടുള്ളതുമാകുന്നു. ആയതിൽ നിന്നും സർവ്വെ നമ്പർ 1167/1-ൽ ഉൾപ്പെട്ട 20.20 ആർ ഭൂമി ശ്രീ. കെ. വി. മാത്യു ജോസഫ് കുര്യൻ, S/o കുര്യൻ നിരപ്പത്ത് ഹൗസ്, നെല്ലിപ്പതി എന്നയാൾക്ക് കൈമാറിയിട്ടുള്ളതും ടിയാൾ ഭൂനികുതി അടച്ച് നാളതീകരിച്ച് വരുന്നതുമാകുന്നു.

അനന്തരം 1999-ലെ കെ.എസ്.ടി. ആക്ടിന് വിധേയമായി ഒറ്റപ്പാലം സബ് കളക്ടർ ടി.എൽ.എ.-297/87 നമ്പർ ഹർജിയിന്മേൽ 28-2-2020-ൽ പുറപ്പെടുവിച്ച ഉത്തരവിൽ ശ്രീ. നാഗന്റെ കൈവശത്തിൽ നിന്നും പട്ടികവർഗ്ഗേതര വിഭാഗത്തിലേയ്ക്ക് കൈമാറിപ്പോയ ഭൂമിയിൽ 3.41 ഏക്കർ മിച്ചഭൂമി കഴിച്ചുള്ള 1.40 ഏക്കർ ഭൂമി പട്ടികവർഗ്ഗേതര വ്യക്തിയായ ശ്രീ. കന്തൻബോയനോ ടിയാന്റെ അനന്തരാവകാശികൾ പേർക്കോ കൈവശത്തിൽ നിർത്തുവാൻ നിർദ്ദേശിച്ചിട്ടുള്ളതാകുന്നു. അന്യാധീനപ്പെട്ട ഭൂമിക്ക് പകരമായി ശ്രീ. നാഗന്റെ അവകാശികൾക്ക് ടി ആക്ടിന്റെ 6-ാം വകുപ്പ് പ്രകാരം സർക്കാരിൽ നിന്നും ഭൂമി അനുവദിച്ചുകിട്ടുവാൻ അവകാശമുണ്ടായിരിക്കുമെന്ന് പ്രസ്തുത ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ടെങ്കിലും നാളിതുവരെയും ആയത് നൽകിയിട്ടില്ല. ടി.എൽ.എ. കേസ്സിൽ സബ് കളക്ടർ പുറപ്പെടുവിച്ചിട്ടുള്ള പ്രസ്തുത ഉത്തരവിനെതിരെ പാലക്കാട് ജില്ലാ കളക്ടർ മുമ്പാകെ ശ്രീ. നാഗൻ, S/o മണിയൻ എന്നവരുടെ അവകാശികൾ സമർപ്പിച്ച അപ്പീൽ ഹർജിയിന്മേൽ നടപടികൾ തുടരുന്നു.

**ആലപ്പുഴ നഗരസഭയിൽ പട്ടയം നൽകുന്നതിന് നടപടി**

245 (4987) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലപ്പുഴ നഗരസഭയിലെ ശുചീകരണത്തൊഴിലാളികൾ വർഷങ്ങളായി താമസിക്കുന്ന സ്ഥലത്തിന് പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ആലപ്പുഴ നഗരസഭയിലെ ശുചീകരണത്തൊഴിലാളികളുടെ ഭൂമി പതിവിനുള്ള 13 അപേക്ഷകളിൽ 6 അപേക്ഷകൾ പതിവ് കമ്മിറ്റിയുടെ പരിഗണനയിലാണ്. മറ്റ് 7 അപേക്ഷകരുടെ കുടുംബങ്ങളുടെ വരുമാനപരിധി 1995-ലെ കേരള മുൻസിപ്പൽ ഭൂമി പതിവ് ചട്ടം 4(1)-ൽപ്പറയുന്ന വരുമാന പരിധിക്കും (വാർഷിക വരുമാനം ഒരു ലക്ഷം) മുകളിലായതിനാൽ പതിവ് നടപടികൾ സ്വീകരിക്കുവാൻ നിർവ്വാഹമില്ല.

**ഇൻഡസ്ട്രിയൽ പട്ടയം ലഭ്യമാക്കുന്നതിൽ നേരിടുന്ന കാലതാമസം**

246 (4988) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ വില്ലേജിൽ ഇൻഡസ്ട്രിയൽ ഏരിയായിൽ സർവ്വെ നമ്പർ 411/1A6, 411/1A7-ലെ 10.12 ആർ ഭൂമിക്ക് വി. എസ്. കൃഷ്ണൻ എന്ന വ്യക്തിയുടെ പേരിൽ അനുവദിച്ച ഇൻഡസ്ട്രിയൽ പട്ടയം റദ്ദ് ചെയ്ത് ടിയാളുടെ കൊച്ചുമകൻ V. P. ദർശകിന്റെ പേരിൽ അനുവദിച്ച് നൽകുന്നതിനായി 2015-ൽ സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(ബി) ഇതുസംബന്ധിച്ച് റവന്യൂ വകുപ്പിലെ 24794/A2/2015, ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ LRJ4-19321/2015, വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ ID2/9091/2013 എന്നീ ഫയലുകളിൽ റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിട്ടും ഇൻഡസ്ട്രിയൽ പട്ടയം ലഭ്യമാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത പട്ടയം എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(എ-സി) അരൂർ വില്ലേജിൽ ഇൻഡസ്ട്രിയൽ ഏരിയ സർവ്വേ നമ്പർ 411/എ 6, 411/എ 7-ൽപ്പെട്ട 10.12 ഭൂമിക്ക് ശ്രീ. വി. എസ്. കൃഷ്ണൻ, പ്രകാശ് ഭവൻ എന്ന വ്യക്തിയുടെ പേരിൽ വ്യവസായവകുപ്പിന്റെ 4-12-73 -ലെ GO(MS) 313/73/വ്യവ പ്രകാരം അനുവദിച്ച പട്ടയം ടിയാളുടെ മരണത്തെത്തുടർന്ന് 24-3-2015-ലെ GO(MS)40/2015/വ്യവ ഉത്തരവ് പ്രകാരം റദ്ദ് ചെയ്തിട്ടുള്ളതാണ്. പ്രസ്തുത ഭൂമിയുടെ പട്ടയം ടിയാളുടെ കൊച്ചുമകനായ വി. പി. ദർശകിന്റെ പേരിൽ അനുവദിക്കണമെന്ന ആവശ്യം പരിശോധിച്ചതിൽ ഭൂമിയുടെ പട്ടയം ആദ്യം അനുവദിച്ച വിഷയത്തിൽ റവന്യൂ വകുപ്പിൽനിന്നും ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ലാത്തതിനാലും വ്യവസായ വികസന ഏരിയായിലെ ഭൂമികൾ നിലവിൽ പാട്ടവ്യവസ്ഥയിലാണ് അനുവദിക്കുന്നത് എന്നതിനാലും ഈ വിഷയത്തിൽ റവന്യൂ വകുപ്പ് അനുമതി നൽകേണ്ടതായി കാണുന്നില്ല എന്ന് വ്യവസായ വകുപ്പിനെ അറിയിച്ചിട്ടുണ്ട്.

## നഷ്ടപ്പെട്ടുപോയ ലാൻഡ് ട്രൈബ്യൂണൽ പട്ടയത്തിന് പകർപ്പ് അനുവദിക്കാൻ നടപടി

247 (4989) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാൻഡ് ട്രൈബ്യൂണൽ പട്ടയം തിരിച്ച് കിട്ടാത്തവിധം നഷ്ടപ്പെട്ടുപോയാൽ പട്ടയത്തിന് പകർപ്പ് അനുവദിക്കുന്നതിനോ നിജസ്ഥിതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനോ നിലവിൽ നിയമമുണ്ടോ എന്നറിയിക്കാമോ?

ലാൻഡ് ട്രൈബ്യൂണലിൽ നിന്നും അനുവദിച്ച പട്ടയം കക്ഷികളുടെ കയ്യിൽ നിന്നും നഷ്ടപ്പെട്ടുപോയാൽ ആയതിന്റെ സർട്ടിഫൈഡ് കോപ്പി ലാൻഡ് ട്രൈബ്യൂണലുകളിൽ നിന്ന് കക്ഷികൾക്ക് ലഭിക്കുന്നതാണ്. ലാൻഡ് ട്രൈബ്യൂണലിലേയും ഫയലിൽ കോപ്പി നഷ്ടപ്പെട്ടുപോയാൽ ടി പട്ടയം അനുവദിച്ച കേസ് റിക്കാർഡ് അല്ലെങ്കിൽ ഉത്തരവ് അല്ലെങ്കിൽ രജിസ്റ്ററുകളിലെ രേഖപ്പെടുത്തൽ എന്നിവയിലേതെങ്കിലും രേഖയുണ്ടെങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ പട്ടയം പുന:സൃഷ്ടിച്ച് ആയതിന്റെ സർട്ടിഫൈഡ് കോപ്പി

നിലവിൽ കക്ഷികൾക്ക് അനുവദിച്ചുവരുന്നു. ലാൻഡ് ട്രൈബ്യൂണലിൽ നിന്നും അനുവദിച്ച പട്ടയങ്ങൾക്ക് നിജസ്ഥിതി സർട്ടിഫിക്കറ്റ് നല്കാൻ നിലവിൽ വ്യവസ്ഥയില്ല.

(ബി) ഉള്ളിയേരി വില്ലേജിലെ 17-ാം വാർഡിൽ താമസിക്കുന്ന വെള്ളായി എന്ന വ്യക്തിയുടെ പട്ടയം കത്തിനശിച്ചതായി വില്ലേജ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടും പട്ടയത്തിന്റെ പകർപ്പ് അനുവദിക്കുന്നതിൽ തടസ്സമെന്താണെന്ന് അറിയിക്കാമോ?

വെള്ളായി എന്ന വ്യക്തിക്ക് ലാൻഡ് ട്രൈബ്യൂണലിൽ നിന്ന് പട്ടയം അനുവദിച്ചോ എന്നത് അപേക്ഷയിൽ വ്യക്തമായിരുന്നില്ല. പട്ടയം അനുവദിച്ച കേസ് നമ്പരോ, വർഷമോ, ഫയൽ നമ്പരോ യാതൊന്നും അപേക്ഷയിൽ പ്രതിപാദിച്ചിട്ടില്ലായിരുന്നു. ഈ സാഹചര്യത്തിലാണ് 30 ലക്ഷത്തോളം ഫയലുകളിൽ നിന്ന് ടിയാളുടെ ഫയൽ കണ്ടെത്താനോ പകർപ്പ് അനുവദിക്കാനോ കഴിയാത്തത്. വെള്ളായി എന്നയാൾക്ക് പട്ടയം അനുവദിച്ച ഫയൽ നഷ്ടപ്പെട്ട് പോയിട്ടുള്ളതായി കോഴിക്കോട് സ്പെഷ്യൽ തഹസിൽദാർ (എൽ.ആർ), ജില്ലാ കളക്ടറെ അറിയിച്ചതായും റിപ്പോർട്ട് ചെയ്തിരിക്കുന്നു.

(സി) വെള്ളായി എന്ന വ്യക്തിക്ക് പട്ടയം അനുവദിച്ചതിന്റെ എല്ലാ രേഖകളും ബാലുശ്ശേരി ലാൻഡ് ബോർഡിൽ നിന്നും നശിച്ച് പോയതാണെന്നിരിക്കെ, വെള്ളായി എന്ന വ്യക്തിക്ക് പുതിയ പട്ടയം അനുവദിക്കുന്നതിൽ തടസ്സമുണ്ടോ എന്നറിയിക്കാമോ?

ഒരിക്കൽ ലാൻഡ് ട്രൈബ്യൂണലിൽ നിന്ന് പട്ടയം അനുവദിച്ച ഭൂമിക്ക് വീണ്ടും പട്ടയം അനുവദിക്കുന്നത് സംബന്ധിച്ച് നിലവിലെ നിയമത്തിലും ചട്ടങ്ങളിലും പ്രതിപാദിപ്പിക്കുന്നില്ല.

(ഡി) വെള്ളായി എന്ന വ്യക്തിക്ക് പട്ടയത്തിന്റെ പകർപ്പ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് കോഴിക്കോട് കളക്ടറേറ്റിൽ ഡി.സി.കെ.കെ.ഡി/1439/2021-എൽ നമ്പർ പ്രകാരം നിലവിലുള്ള ഫയലിൽ പട്ടയം അനുവദിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കാമോ; നിലവിൽ പ്രസ്തുത ഫയലിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്താണെന്നറിയിക്കാമോ?

കോഴിക്കോട് ജില്ലയിൽ കൊയിലാണ്ടി താലൂക്കിൽ ഉള്ള്യേരി വില്ലേജിൽ 4 സെന്റ് ഭൂമിക്ക് വെള്ളായി എന്ന വ്യക്തിക്ക് ലാൻഡ് ട്രൈബ്യൂണൽ പട്ടയം അനുവദിച്ചിരുന്നു. ടി പട്ടയം ടിയാളുടെ കയ്യിൽ നിന്നും നഷ്ടപ്പെട്ടുപോയതിനാൽ ടിയാൾ പട്ടയ പകർപ്പ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ സമർപ്പിച്ചിരുന്നു. ഇതിന്മേൽ DCKKD/1439/2021-L2 എന്ന ഫയൽ

കോഴിക്കോട് ജില്ലാ കളക്ടേറ്റിൽ ആരംഭിച്ചിരുന്നു. വെള്ളായി എന്നയാൾക്ക് പട്ടയം അനുവദിച്ച ഫയൽ നഷ്ടപ്പെട്ട് പോയിട്ടുള്ളതായി സ്പെഷ്യൽ തഹസിൽദാർ (എൽ.ആർ) കോഴിക്കോട് ജില്ലാകളക്ടറെ അറിയിച്ചിട്ടുണ്ട്. ലാൻഡ് ട്രൈബ്യൂണൽ പട്ടയത്തിന് നിജസ്ഥിതി സർട്ടിഫിക്കറ്റ് അനുവദിക്കാൻ നിർവ്വാഹമില്ലെന്ന വിവരം കോഴിക്കോട് ജില്ലാ കളക്ടർ ലാൻഡ് റവന്യൂ കമ്മീഷണർക്ക് റിപ്പോർട്ട് ചെയ്തതായി അറിയിച്ചിട്ടുണ്ട്.

**ഇരിക്കൂർ നിയോജകമണ്ഡലത്തിലെ പട്ടയത്തിനുള്ള അപേക്ഷകൾ**

248 (4990) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിന്റെ പരിധിയിൽ വരുന്ന വില്ലേജുകളിൽ നിന്നും മുൻസർക്കാരിന്റെ കാലത്ത് പട്ടയത്തിനുവേണ്ടി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

1312 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) ആയതിൽ എത്ര അപേക്ഷകളിൽ പട്ടയം അനുവദിച്ചുവെന്ന് വില്ലേജ് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

അനുവദിച്ച പട്ടയങ്ങളുടെ വില്ലേജ് തിരിച്ചുള്ള കണക്ക് അനുബന്ധമായി* ചേർക്കുന്നു.

(സി) ആകെ ലഭിച്ച അപേക്ഷകളിൽ നിരസിച്ചവ എത്രയെന്ന് അറിയിക്കാമോ?

28 അപേക്ഷകൾ നിരസിച്ചിട്ടുണ്ട്.

**മലപ്പുറം ജില്ലയിലെ പട്ടയവിതരണം**

249 (4991) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ഭൂപരിഷ്കരണ നിയമപ്രകാരം ഏറ്റെടുത്ത ഭൂമിയിൽനിന്നും മൂന്ന് സെന്റ് വീതമുള്ള പ്ലോട്ടുകൾ ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിലൂടെ വിതരണം ചെയ്യുന്നതിനും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

മലപ്പുറം ജില്ലയിൽ ഭൂപരിഷ്ക്കരണ നിയമപ്രകാരം ഏറ്റെടുത്ത് ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിലേയ്ക്ക് നീക്കിവച്ചുകൊണ്ട് സ്റ്റേറ്റ് ലാൻഡ് ബോർഡ് ഉത്തരവാകുന്ന ഭൂമികൾ 3 സെന്റ് വീതമുള്ള പ്ലോട്ടുകളാക്കി തിരിച്ച്

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഗുണഭോക്തൃപട്ടികയിലെ ഗുണഭോക്താക്കൾക്ക് ഊഴമനുസരിച്ച് വിതരണം ചെയ്യുകയാണ് ചെയ്തിട്ടുള്ളത്.

(ബി) പട്ടയം നൽകുന്നത് സംബന്ധിച്ച നടപടികൾ നിലവിൽ ഏതു ഘട്ടത്തിലാണെന്നും ആയതിന്റെ പുരോഗതിയും വെളിപ്പെടുത്തുമോ; അടിയന്തരമായി പട്ടയം നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഗുണഭോക്താക്കൾ അനർഹരായതിനാൽ ഭൂരഹിതരില്ലാത്ത കേരളം പദ്ധതിപ്രകാരം വിതരണം ചെയ്തിട്ടില്ലാത്ത പ്ലോട്ടുകൾ ലൈഫ് മിഷൻ പദ്ധതി പ്രകാരം അർഹരായ ഗുണഭോക്താക്കൾക്ക് വീട് നിർമ്മിച്ച് വിനിയോഗിക്കുന്നതിനും ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിലേയ്ക്ക് നീക്കിവച്ച് സ്റ്റേറ്റ് ലാൻഡ് ബോർഡ് ഉത്തരവായിട്ടുള്ള ഭൂമികൾ ലൈഫ് മിഷൻ പദ്ധതി പ്രകാരം പാർപ്പിട സമുച്ചയങ്ങൾ നിർമ്മിക്കാൻ അനുയോജ്യമായത് ടി ആവശ്യത്തിനും അല്ലാതുള്ളവ ലൈഫ് മിഷൻ പദ്ധതിപ്രകാരം അർഹരായ ഗുണഭോക്താക്കൾക്ക് വീടുവച്ച് നൽകുന്നതിന് വിനിയോഗിക്കുന്നതിനും 9-8-2018-ലെ എ 4/184/2018/റവ നമ്പർ കത്തുപ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഭൂമികളുടെ വിശദാംശങ്ങൾ ലൈഫ് മിഷൻ ജില്ലാ കോ-ഓർഡിനേറ്റർക്ക് നൽകിയിട്ടുണ്ട്.

**ഭൂരഹിതർക്ക് ഭൂമിയും പട്ടയ വിതരണവും**

250 (4992) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിൽ അർഹരായ എത്ര പേർക്ക് പട്ടയം വിതരണം ചെയ്തിട്ടുണ്ട്; അവർക്കെല്ലാം ഭൂമി ലഭ്യമാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

മുൻ സർക്കാരിന്റെ കാലയളവിൽ 162281 പേർക്ക് പട്ടയവും ഭൂമിയും ലഭ്യമാക്കി.

(ബി) 2011-2016-ലെ സർക്കാറിന്റെ കാലയളവിൽ അർഹരായ എത്രപേർക്ക് പട്ടയവും ഭൂമിയും വിതരണം ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

2011-2016-ലെ സർക്കാരിന്റെ കാലയളവിൽ 134460 പേർക്ക് പട്ടയം വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ഇവരിൽ എല്ലാപേർക്കും ഭൂമി ലഭ്യമായിട്ടില്ല.

(സി) ഈ സർക്കാർ നാളിതുവരെ എത്ര പേർക്ക് പട്ടയവും അതുപ്രകാരമുള്ള ഭൂമിയും വിതരണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഈ സർക്കാർ ആദ്യ നൂറുദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി 13534 പേർക്ക് പട്ടയവും ഭൂമിയും വിതരണം ചെയ്തിട്ടുണ്ട്.

(ഡി) ഇനിയും എത്ര ഭൂരഹിതരാണ് സംസ്ഥാനത്തുള്ളത് എന്നതിന്റെ കണക്കുകൾ ലഭ്യമാണോ; എങ്കിൽ വിശദാംശം നൽകുമോ; അവർക്ക് ഭൂമി ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ ഭൂരഹിതർക്കും ഭവന രഹിതർക്കും വീട് നൽകുന്നതുമായി ബന്ധപ്പെട്ട് രൂപീകരിച്ചിട്ടുള്ള ലൈഫ് മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് തദ്ദേശഭരണ സ്ഥാപനങ്ങൾ സർവ്വെ ചെയ്ത് പ്രസിദ്ധീകരിച്ചിട്ടുള്ളതുപ്രകാരം സംസ്ഥാനത്തെ ഭൂരഹിതരുടെ എണ്ണം 341095 ആണ്. 1960-ലെ കേരള ഭൂപതിവ് നിയമത്തിനുകീഴിലുള്ള ഭൂപതിവ് ചട്ടങ്ങൾ അനുസരിച്ച് അർഹരായിട്ടുള്ളവർക്ക് ഭൂമിക്ക് പട്ടയം നൽകിവരുന്നുണ്ട്. റവന്യൂ വകുപ്പ് നടപ്പിലാക്കുന്ന വിഷൻ & മിഷൻ 2021-2026 പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ നിയമസഭാ സാമാജികരുടെയും ജില്ലാ അടിസ്ഥാനത്തിലുള്ള യോഗത്തിൽ ഉയർന്ന ആവശ്യത്തിന്റെയും റവന്യൂ സെക്രട്ടേറിയറ്റിൽ നടന്ന ചർച്ചയുടെയും അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ഓരോ വില്ലേജിലേയും ഭൂരഹിതരുടെ എണ്ണം, ഭൂമിയുടെ ലഭ്യത, പട്ടയ വിതരണത്തിനുള്ള തടസ്സം തുടങ്ങിയ വിവരങ്ങൾ ഉൾക്കൊള്ളിച്ച് ഒരു ഡാഷ് ബോർഡ് സജ്ജമാക്കുന്നതിനും അതിലൂടെ എല്ലാവർക്കും ഭൂമി, എല്ലാവർക്കും രേഖ എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ടുപോകുന്നു.

(ഇ) വനഭൂമിയുമായി അതിർത്തി പങ്കിടുന്നതിന്റെ പേരിൽ പട്ടയം നൽകാൻ തടസ്സമുള്ള പ്രദേശങ്ങൾ ഏതെല്ലാമാണ്; ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ തെന്നൂർ വില്ലേജിൽ ഉൾപ്പെട്ട 74.83 ഏക്കർ മിച്ച ഭൂമി വനഭൂമിയോട് ചേർന്നുകിടക്കുന്നതാണ്. പ്രസ്തുത ഭൂമി പരിസ്ഥിതി ലോലപ്രദേശം എന്ന നിർവ്വചനത്തിൽ വരുന്നതിനാലും വാസയോഗ്യമല്ലാത്തതിനാലും പട്ടയം വിതരണം ചെയ്യാൻ കഴിയുകയില്ല. കൊല്ലം ജില്ലയിൽ പുനലൂർ, പത്തനാപുരം, കൊട്ടാരക്കര താലൂക്കുകളിലെ വില്ലേജുകൾ എറണാകുളം ജില്ലയിലെ കോതമംഗലം താലൂക്കിലെ കുട്ടമ്പുഴ, കീരാമ്പാറ, കോട്ടപ്പടി, കടവൂർ, കുട്ടമംഗലം, നേര്യമംഗലം വില്ലേജുകൾ, കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്കിൽ കൂരാച്ചുണ്ട്, ചക്കിട്ടപ്പാറ വില്ലേജുകളിലും താമരശ്ശേരി താലൂക്കിലെ കാന്തലാട് വില്ലേജിലും വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിലെ കാഞ്ഞിരങ്ങാട്, പേര്യ, മാനന്തവാടി, തൊണ്ടർനാട്, തവിഞ്ഞാൽ, തൃശ്ശിലേരി എന്നീ വില്ലേജുകളിലും സുൽത്താൻ ബത്തേരി താലൂക്കിലെ പുൽപ്പള്ളി,

കിടങ്ങനാട്, നടവയൽ, കുപ്പാടി വില്ലേജുകളും കണ്ണൂർ ജില്ലയിലെ കോളയാട് വില്ലേജ് എന്നിവ വനഭൂമിയായി അതിർത്തി പങ്കിടുന്നതിന്റെ പേരിൽ പട്ടയം നൽകുന്നതിന് തടസ്സമുള്ളതായി കാണുന്നു. 1-1-1977-നുമുമ്പുള്ള വനം കൈവശങ്ങളുടെ സംയുക്ത പരിശോധനാ ലിസ്റ്റിൽ ഉൾപ്പെട്ട കൈവശക്കാർക്ക് സംയുക്ത പരിശോധനയ്ക്കുശേഷം വനംവകുപ്പിൽ നിന്നും നിരാക്ഷേപ പത്രം ലഭ്യമാക്കുന്നതനുസരിച്ച് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കാസർഗോഡ് ജില്ലയിലെ പട്ടയം വിതരണം**

251 (4993) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഏതൊക്കെ വില്ലേജുകളിലാണ് ഇനിയും കൈവശക്കാർക്ക് പട്ടയം നൽകാനുള്ളതെന്നും എത്ര പേർക്ക് ഇനിയും പട്ടയം നൽകാനുണ്ടെന്നും വ്യക്തമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി* ഉള്ളടക്കം ചെയ്യുന്നു.

(ബി) ചീമേനി, തിമിരി, ചെറുവത്തൂർ, തുരുത്തി വില്ലേജുകളിൽ ഇനിയും പട്ടയം ലഭിക്കാത്ത എത്ര അപേക്ഷകർ ഉണ്ടെന്നും ഇത് സംബന്ധിച്ച നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ?

ചീമേനി വില്ലേജിലെ 1 അപേക്ഷയിലും ചെറുവത്തൂർ വില്ലേജിലെ 9 അപേക്ഷകളിന്മേലും നടപടി സ്വീകരിച്ചുവരുന്നു.

തിമിരി വില്ലേജിൽ പട്ടയ അപേക്ഷകൾ നിലവിലില്ല.

തുരുത്തി വില്ലേജിലെ 67 അപേക്ഷകൾ പുഴപുറമ്പോക്ക് പട്ടയവുമായി ബന്ധപ്പെട്ടതായതിനാൽ ഈ വിഷയത്തിലുള്ള <u>ബഹു.</u> സുപ്രീംകോടതി നിർദ്ദേശത്തിന്റെയും നിലവിലുള്ള ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ ഭൂമി പതിച്ചുനൽകുന്നതിന് നിയമ തടസ്സമുണ്ട്. എങ്കിൽപ്പോലും വർഷങ്ങളായി പുഴപുറമ്പോക്കിൽ താമസിക്കുന്നവർക്ക് പട്ടയം അനുവദിക്കുന്ന വിഷയം അനുഭാവപൂർവ്വം പരിഗണിക്കുന്നതിലേയ്ക്കായി പുഴയുടെ ഓരത്ത് നിന്നും എത്ര ദൂരം മാറിയാണ് പതിച്ച് നൽകേണ്ടതെന്ന വിശദാംശം ലഭ്യമാക്കാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കല്ലുമൊട്ടംകുന്ന് പ്രദേശത്തെ പട്ടയവുമായി ബന്ധപ്പെട്ട പരാതി

252 (4994) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി വില്ലേജിന് കീഴിലെ കല്ലുമൊട്ടംകുന്ന് പ്രദേശത്തെ പട്ടയവുമായി ബന്ധപ്പെട്ട് പരാതി നിലവിലുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ പരാതി എന്താണെന്നും അതിന്മേൽ വകുപ്പിന്റെ നിലപാട് എന്താണെന്നും വ്യക്തമാക്കുമോ?

മാനന്തവാടി താലൂക്ക് ലാൻഡ് ബോർഡിന്റെ ടി.എൽ.ബി. 126/73 നമ്പർ കേസ് പ്രകാരം മാനന്തവാടി വില്ലേജിൽ മെസ്സേഴ്സ് പാരിസൺ എസ്റ്റേറ്റിൽ നിന്നും വിവിധ സർവ്വെ നമ്പരുകളിലായി 402.71 ഏക്കർ ഭൂമി മിച്ചഭൂമിയായി ഏറ്റെടുക്കാൻ ഉത്തരവായിരുന്നതാണ്. ആയതുപ്രകാരം സർവ്വേ നമ്പർ 49/2-ൽ കല്ലുമൊട്ടൻകുന്ന് ഭാഗത്ത് 13.05 ഏക്കർ ഭൂമി മിച്ചഭൂമിയായി ഏറ്റെടുക്കുന്നതിനായുള്ള സർവ്വെ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഈ ഭൂമി താലൂക്ക് ലാൻഡ് ബോർഡ് ഏറ്റെടുക്കാൻ ഉത്തരവായ 402.71 ഏക്കർ ഭൂമിയിൽ ഉൾപ്പെട്ടുവരുന്നതാണ്. ഈ ഭൂമിയിൽ 37 കൈവശക്കാരുള്ളതും അതിൽ 11 പേർക്ക് 1985 മുതൽ 1990 വരെയുള്ള കാലഘട്ടങ്ങളിലായി മാനന്തവാടി ലാൻഡ് ട്രൈബ്യൂണലിൽനിന്നും ക്രയസർട്ടിഫിക്കറ്റ് നൽകുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ലാൻഡ് ട്രൈബ്യൂണൽ നൽകിയ ക്രയസർട്ടിഫിക്കറ്റ് നിലനിർത്തി ഈ ഭൂമി സംബന്ധിച്ച മിച്ചഭൂമിയുമായി ബന്ധപ്പെട്ട താലൂക്ക് ലാൻഡ് ബോർഡ് ഉത്തരവ് റദ്ദ് ചെയ്യണമെന്നതാണ് പരാതി. പാരിസൺ എസ്റ്റേറ്റുമായി ബന്ധപ്പെട്ട് മിച്ചഭൂമി സീലിംഗ് കേസ് നിലനിൽക്കുന്ന സമയത്താണ് മേൽപ്പറഞ്ഞ ക്രയസർട്ടിഫിക്കറ്റുകൾ നൽകിയത്. 402.71 ഏക്കറിൽ ഏറ്റെടുക്കാൻ വേണ്ടി സർവ്വേ നടപടികൾ ബാക്കിയുള്ള 389.66 ഏക്കർ സർവ്വേ ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സർവ്വേ പൂർത്തീകരിച്ച ശേഷം മാത്രമെ ഇക്കാര്യം പരിശോധിച്ച് നിയമാനുസൃത തുടർ നടപടി സ്വീകരിക്കാൻ കഴിയൂ.

## പ്രളയ ദുരിതബാധിതർക്ക് ആനുകൂല്യങ്ങൾ

253 (4995) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പ്രളയംമൂലം ദുരിതബാധിതരായ എല്ലാവർക്കും ആനുകൂല്യങ്ങൾ വിതരണംചെയ്തു കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ ഇനി എത്ര പേർക്ക് വിതരണം ചെയ്യാനുണ്ടെന്നതിന്റെ കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

2019-ലെ പ്രളയത്തിൽ ദുരിതം ബാധിച്ചവരിൽ സോഫ്റ്റ്‌വെയറിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് ധനസഹായം അനുവദിച്ചുവെങ്കിലും സാങ്കേതിക പ്രശ്നങ്ങളും ഗുണഭോക്താക്കളുടെ വിവരങ്ങളിലെ തെറ്റുകൾ കാരണവും കുറച്ച് പേർക്ക് തുക ലഭിക്കാത്ത/ കൈപ്പറ്റാനാകാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. പ്രസ്തുത പിഴവുകൾ പരിഹരിച്ച് ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ ധനസഹായം ലഭിക്കാതെ പോയ ദുരിത ബാധിതർക്ക് മാത്രമായി ധനസഹായം ലഭ്യമാക്കുന്നതിന് റവന്യൂ പോർട്ടലിൽ സൗകര്യം ചെയ്തിട്ടുണ്ട്. തുക ലഭിക്കാൻ ബാക്കിയുള്ളവരുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി* ചേർക്കുന്നു.

**2019-ലെ പ്രളയസഹായം നൽകാൻ നടപടി**

254 (4996) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ പ്രളയത്തിൽ ദുരിതം നേരിട്ടവർക്കുള്ള ധനസഹായം ഇതുവരെ ലഭിക്കാത്തവർക്ക് ആയത് ലഭ്യമാക്കുന്നതിനുവേണ്ടി അപേക്ഷകൾ പുന:പരിശോധന നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

2019-ലെ പ്രളയബാധിതരിൽ ധനസഹായത്തിന് അർഹതയുണ്ടായിരുന്നിട്ടും ഏതെങ്കിലും കാരണത്താൽ ധനസഹായം ലഭ്യമാകാതിരുന്നവർക്ക് അർഹമായ ധനസഹായം അനുവദിക്കുന്നതിനായി റവന്യൂ പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുള്ള Relief Module-ൽ Persons deserved for financial assistance in flood 2019 എന്ന മെനുവിൽ emergency assistance, house damage എന്നീ ഫീൽഡുകൾ അധികമായി ചേർക്കുന്നതിനും ഏതെങ്കിലും അർഹരായ ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിക്കാതെ പോയിട്ടുണ്ടെങ്കിൽ ഈ ആളുകളെ ഉൾപ്പെടുത്തുന്നതിനും ലാന്റ് റവന്യൂ കമ്മീഷണറുടെ 23-9-2021-ലെ LR/1517/2021.LR (H2) ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതും ആയതുപ്രകാരം അർഹരായ ഗുണഭോക്താക്കളുടെ വിവരങ്ങൾ തഹസിൽദാർമാർ പോർട്ടലിൽ രേഖപ്പെടുത്തി വരുകയും ചെയ്യുന്നു.

(ബി) അർഹരായവർക്ക് പ്രസ്തുത ധനസഹായം സമയബന്ധിതമായി നൽകാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് ഇനി എന്തെല്ലാം നടപടികളാണ് പൂർത്തീകരിക്കാനുള്ളത്; വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി&സി) അക്കൗണ്ട് നമ്പരിലെ പിശക് കാരണവും ഗുണഭോക്താക്കൾ മതിയായ രേഖകൾ ലഭ്യമാക്കാത്തത് കാരണവും Rebuild Kerala മൊബൈൽ ആപ്ലിക്കേഷനിലെ സാങ്കേതിക തകരാറുകാരണവും ഭൂമിയും വീടും വാസയോഗ്യമല്ലാതായ കുടുംബങ്ങൾ സമയബന്ധിതമായി ഭൂമി കണ്ടെത്തി സമർപ്പിക്കാത്തതും വീട് നിർമ്മാണത്തിന്റെ സ്റ്റേജ് സർട്ടിഫിക്കറ്റ് സമയബന്ധിതമായി ഹാജരാക്കാത്തതുമൂലവും ചില കേസ്സുകളിൽ ധനസഹായം വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല. 2019-ലെ പ്രളയബാധിതരിൽ ധനസഹായത്തിന് അർഹതയുണ്ടായിരുന്നിട്ടും ഏതെങ്കിലും കാരണത്താൽ ധനസഹായം ലഭ്യമാകാതിരുന്ന കേസ്സുകൾ ഇപ്പോൾ റിലീഫ് പോർട്ടൽ മുഖേന പരിശോധിച്ച് ധനസഹായം അനുവദിക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണർ നടപടി സ്വീകരിച്ചുവരുന്നു.

## ഓഖി ദുരന്തത്തിൽ മരണപ്പെട്ടവരുടെ കുടുംബത്തിന് നൽകിയ ധനസഹായം

255 (4997) <u>ശ്രീ. വി. ശശി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-ൽ നടന്ന ഓഖി ദുരന്തത്തിൽ മരണപ്പെട്ടവരുടെ കുടുംബത്തിന് നൽകിയ ധനസഹായം പ്രസ്തുത ദുരന്തത്തിൽ കാണാതായവരുടെ കുടുംബത്തിനും നൽകിയിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ എന്തെല്ലാം സഹായങ്ങളാണ് നൽകിയതെന്നും ആർക്കെല്ലാമാണ് നൽകിയതെന്നും വ്യക്തമാക്കാമോ?

2017-ൽ നടന്ന ഓഖി ദുരന്തത്തിൽ കാണാതായ 92 പേരുടെ ആശ്രിതർക്ക് 20 ലക്ഷം രൂപ വീതം ആകെ 18,40,00,000 രൂപ (പതിനെട്ട് കോടി നാൽപതു ലക്ഷം രൂപ) അനുവദിച്ചിട്ടുണ്ട്. കൂടാതെ 2017 ഡിസംബർ, 2018 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ 10,000 രൂപ വീതം ടി കുടുംബങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. ടിയാളുകളുടെ പേര് വിവരപ്പട്ടിക അനുബന്ധമായി* ചേർക്കുന്നു.

(സി) കാണാതായവരുടെ കുടുംബത്തിന് നൽകുന്ന ധനസഹായം ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിൽ കുന്നുംപുറം വീട്ടിൽ ഗിൽബർട്ട് എന്ന വ്യക്തിയുടെ കുടുംബത്തിന് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാണാതായ ഗിൽബർട്ട് ഭാര്യയുമായി പിണങ്ങി കഴിയുകയായിരുന്നുവെന്നും ടിയാൻ ജോലിക്കായി ഉത്തുക്കടി, കൊച്ചി തുടങ്ങിയ സ്ഥലങ്ങളിൽ പോയശേഷം മൂന്നും, നാലും മാസം കഴിഞ്ഞേ തിരികെ വരാറുള്ളൂ എന്നും സ്ഥിരമായി ഒരു ബോട്ടിൽ പോകാറില്ലായിരുന്നു എന്നും അന്വേഷണത്തിലും സാക്ഷി മൊഴികൾകൊണ്ടും വ്യക്തമായിട്ടുള്ളതാണെന്നും ടിയാനെക്കുറിച്ച് ബന്ധുക്കളോട് അന്വേഷിച്ചതിൽ ടിയാൻ സ്ഥിരമായി വീട്ടിൽ പോകാറില്ല എന്നും എല്ലാ ക്രിസ്തുമസ്സിനും അമ്മയെക്കാണാൻ വരാറുണ്ടെന്നും എന്നാൽ 2017-ലെ ക്രിസ്തുമസ്സിന് അമ്മയെക്കാണാൻ വരാത്തതിനാൽ ടിയാൻ ഓഖി ദുരന്തത്തിൽപ്പെട്ടിട്ടുണ്ടാകുമെന്ന് സഹോദരി പറഞ്ഞിട്ടുള്ളതാകുമെന്നും ടിയാൻ ജോലിക്ക് പോകാറുണ്ടെന്ന് പറയുന്ന സ്ഥലങ്ങളിൽ പോയി ടിയാന്റെ ഫോട്ടോ കാണിച്ച് മത്സ്യബന്ധനത്തിന് പോകുന്ന ആളുകളോട് അന്വേഷിച്ചതിലും ടിയാന്റെ രക്തബന്ധുക്കളുടെ രക്തസാമ്പിളുകൾ ശേഖരിച്ച് ദുരന്തത്തിൽപ്പെട്ട് മരണപ്പെട്ടവരുടേതുമായി DNA profiling test നടത്തിയതിൽനിന്നും ടിയാനെക്കുറിച്ച് യാതൊരു വിവരവും ലഭിച്ചിട്ടില്ലാത്തതാകുന്നുവെന്നും, തുടർ അന്വേഷണത്തിൽ 30-10-2017-ന് കൊച്ചിയിലേക്ക് പോയ ഗിൽബർട്ടിനെക്കുറിച്ച് നാളിതുവരെ യാതൊരു വിവരവും ലഭിച്ചിട്ടില്ലാത്തതും ടിയാൻ ഓഖി ദുരന്തത്തിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നതിനെക്കുറിച്ച് വ്യക്തമായ വിവരങ്ങളൊന്നും ലഭിച്ചിട്ടില്ലാത്തതിനാലും അന്വേഷണം തുടർന്നുവരികയാണെന്നും ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്, ജില്ലാ സ്പെഷ്യൽ ബ്രാഞ്ച്, തിരുവനന്തപുരം (റൂറൽ) അറിയിച്ചിട്ടുള്ളതിനാൽ ടിയാനെ ഓഖി ദുരന്തത്തിൽ കാണാതായവരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതും ധനസഹായം അനുവദിച്ചിട്ടില്ലാത്തതുമാണ്.

**കുത്താട്ട് പ്രദേശത്തെ കുന്നിടിച്ചിൽ**

256 (4998) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് താലൂക്കിലെ പട്ടുവം ഗ്രാമപഞ്ചായത്തിലെ കുത്താട്ട് എന്ന സ്ഥലത്ത് കുന്നിടിഞ്ഞ് വീടുകൾക്ക് ഭീഷണിയാകുന്നതും പട്ടികജാതി കോളനി ഉൾപ്പെടുന്ന പ്രദേശത്ത് ഭൂമിയിൽ വിള്ളൽ രൂപപ്പെടുന്നതും കണക്കിലെടുത്ത് ശാസ്ത്രീയ പഠനം നടത്തി ശാശ്വതപരിഹാരം കാണുന്നതിന് ദുരന്തനിവാരണ കമ്മീഷണറിൽ നിന്നും റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

(എ&ബി) കണ്ണൂർ തളിപ്പറമ്പ് താലൂക്കിലെ പട്ടുവം പഞ്ചായത്തിലെ കുത്താട്ട് മലമ്പ്രദേശത്ത് മണ്ണിടിച്ചിൽകാരണം പാറകൾ താഴേയ്ക്ക് പതിക്കുന്ന

അവസ്ഥയായതിനാൽ 30-ഓളം കുടുംബങ്ങളെ മാറ്റിപ്പാർപ്പിച്ചിട്ടുണ്ട്. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി കോഴിക്കോട് എന്ന സ്ഥാപനത്തിന് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ഒരു സംഘം പ്രസ്തുത പ്രദേശത്ത് പഠനം നടത്തുകയും ടി വിഷയത്തിൽ വിശദമായ പഠനം ആവശ്യമുണ്ടെന്ന് ശിപാർശ ചെയ്തിട്ടുള്ളതുമാണ്. കൂടാതെ പ്രസ്തുത വിഷയം ദുരന്ത നിവാരണ അതോറിറ്റിയുടെ മണ്ണിടിച്ചിൽ/ഉരുൾപൊട്ടൽ ഉപദേശക സമിതിയുടെ പരിഗണനയിലുമാണ്.

## കാലവർഷക്കെടുതിമൂലം തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിനുള്ള ഫണ്ട്

257 (4999) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ജനുവരി മുതൽ 2021 വരെയുള്ള കാലയളവിൽ ആലപ്പുഴ ജില്ലയിലെ ഏതെല്ലാം റോഡുകൾ കാലവർഷക്കെടുതിമൂലം തകർന്നുവെന്നും പ്രസ്തുത റോഡുകളുടെ അടിയന്തര പുനരുദ്ധാരണത്തിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ എന്നും അറിയിക്കുമോ; പ്രസ്തുത പ്രവൃത്തികളുടെ ഭരണാനുമതി ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

2018 ജനുവരി മുതൽ 2021 വരെയുള്ള കാലയളവിൽ ആലപ്പുഴ ജില്ലയിൽ കാലവർഷക്കെടുതിമൂലം തകർന്ന റോഡുകളുടെ വിവരം അനുബന്ധം (1) ആയി* ചേർക്കുന്നു. ടി റോഡുകളുടെ അടിയന്തര പുനരുദ്ധാരണത്തിന് ഫണ്ട് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ ഭരണാനുമതി ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം (2) ആയി* ചേർക്കുന്നു.

(ബി) ഇവയിൽ മാവേലിക്കര നിയോജകമണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്ക് തദ്ദേശസ്വയംഭരണ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗവുമായി കരാറിലേർപ്പെട്ടു എന്ന് വിശദമാക്കാമോ?

സംസ്ഥാന ദുരന്ത പ്രതികരണനിധി വിനിയോഗിച്ചുകൊണ്ട് നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഏതെങ്കിലും പ്രവൃത്തികൾക്ക് ഭരണാനുമതിയോ ഫണ്ടോ അനുവദിക്കാറില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പ്രളയാനന്തര പുനരധിവാസ പ്രവർത്തനങ്ങൾ

258 (5000) ശ്രീ. റോജി എം. ജോൺ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. പി. ടി. തോമസ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി വീട് നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും പ്രസ്തുത നടപടികൾ പൂർത്തീകരിക്കാനായിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

പ്രളയാനന്തര പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി വീട് പൂർണ്ണമായി നഷ്ടപ്പെട്ടവർക്ക് വീട് നിർമ്മിക്കുന്നതിന് 4 ലക്ഷം രൂപ വീതവും ഭാഗികമായി നാശനഷ്ടം സംഭവിച്ചവർക്ക് നാശനഷ്ടത്തിന്റെ തോതനുസരിച്ചും ധനസഹായം അനുവദിച്ചുവരുന്നു. കൂടാതെ വിവിധ സന്നദ്ധ സംഘടനകളുടെ സഹായത്തോടെയും ലൈഫ് മിഷൻ പദ്ധതിയിലൂടെയും സഹകരണ വകുപ്പിന്റെ (കെയർ ഹോം) സഹായത്തോടെയും വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്.

(ബി) പ്രളയഭീഷണി നേരിടുന്ന പരിസ്ഥിതി ദുർബ്ബലപ്രദേശങ്ങളിൽ വസിച്ചിരുന്നവരെ പുനരധിവസിപ്പിക്കുന്നതിനായി ഇതിനോടകം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഇതിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ തുടങ്ങിയവയുടെ നേതൃത്വത്തിൽ പരിസ്ഥിതി ദുർബ്ബലപ്രദേശത്ത് താമസിക്കുന്നവരുടെ സുരക്ഷ സംബന്ധിച്ച് പരിശോധിക്കുകയും പുനരധിവസിപ്പിക്കേണ്ടവരുടെ ലിസ്റ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം കുടുംബങ്ങൾക്ക് ഭൂമി വാങ്ങി വീട് വയ്ക്കുന്നതിനോ വീടും സ്ഥലവും ഒരുമിച്ച് വാങ്ങുന്നതിനോ പരമാവധി പത്ത് ലക്ഷം രൂപവരെ അനുവദിച്ച് വരുന്നു.

(സി) 2018-ലെയും 2019-ലെയും പ്രളയത്തിൽ വീടും ഭൂമിയും നഷ്ടപ്പെട്ടവരുടെ പുനരധിവാസ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

2018-ലെയും 2019-ലെയും പ്രളയത്തിൽ വീടും ഭൂമിയും നഷ്ടപ്പെട്ടവരുടെ പുനരധിവാസ പ്രവർത്തനങ്ങൾ പൂർത്തിയായിവരുന്നു.

## സംസ്ഥാനത്തെ ദുരിതാശ്വാസ ക്യാമ്പുകൾ

259 (5001) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്നുണ്ട്; എത്ര കുടുംബങ്ങൾ പ്രസ്തുത ക്യാമ്പുകളിൽ കഴിയുന്നുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

സംസ്ഥാനത്ത് നിലവിൽ ആകെ 154 ക്യാമ്പുകളിലായി 4443 കുടുംബങ്ങൾ കഴിയുന്നുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധിമായി* ചേർക്കുന്നു. കണക്കുകൾ കാലാവസ്ഥയ്ക്കനുസരിച്ച് കൂടുകയും കുറയുകയും ചെയ്യുന്നു.

(ബി) കോവിഡ് ഉൾപ്പെടെയുള്ള രോഗങ്ങളുടെ വ്യാപനം തടയുന്നതിന് പ്രസ്തുത ക്യാമ്പുകളിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; മതിയായ സൗകര്യങ്ങൾ ഇല്ലാത്തത് രോഗവ്യാപനം വർദ്ധിക്കാനിടയാക്കിയിട്ടുണ്ടെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ആന്റിജൻ ടെസ്റ്റ് നടത്തിയാണ് ക്യാമ്പുകളിൽ ആളുകളെ പ്രവേശിപ്പിക്കുന്നത്. കോവിഡ് പരിശോധനയിൽ പോസിറ്റീവ് ആയിട്ടുള്ളവരെ CFLTC/CSLTC/DCC-കളിലേയ്ക്ക് മാറ്റുകയും ബന്ധുക്കളെ പ്രത്യേക ക്വാറന്റൈനിലാക്കുന്നതുമാണ്. ക്യാമ്പുകളിൽ ഡോക്ടർ, നഴ്സ് എന്നിവർ ഉൾപ്പെടുന്ന മെഡിക്കൽ ടീമിനൊപ്പം വോളണ്ടിയർമാരെയും വിന്യസിച്ച് പ്രത്യേക പരിശോധന നടത്തുന്നുണ്ട്. ക്യാമ്പുകളിൽ ശാരീരിക അകലം പാലിക്കുന്നതിനും മാസ്ക് ധരിക്കുന്നതിനും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. മതിയായ സൗകര്യങ്ങൾ ഏർപ്പെടുത്തിയതുകൊണ്ട് ടി വിഷയത്തിൽ പരാതികൾ ലഭ്യമായിട്ടില്ല.

(സി) പ്രസ്തുത ക്യാമ്പുകളിൽ കോവിഡ് ബാധിച്ചവർ എത്രയാണെന്ന കണക്കുകൾ ലഭ്യമാക്കാമോ?

ക്യാമ്പുകളിൽ കോവിഡ് ബാധിച്ചവരുടെ ജില്ല തിരിച്ചുള്ളവരുടെ വിവരങ്ങൾ അനുബന്ധം-II* ചേർത്തിട്ടുണ്ട്.

(ഡി) കോവിഡ് പശ്ചാത്തലത്തിൽ സംസ്ഥാനത്തെ ദുരിതാശ്വാസ ക്യാമ്പുകളിൽ കൂടുതൽ ആരോഗ്യ പരിശോധനാസംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും സൗകര്യങ്ങളുടെ അപര്യാപ്തത സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ദുരിതാശ്വാസ ക്യാമ്പുകളിൽ തദ്ദേശഭരണ സ്ഥാപനത്തിന്റെയും മെഡിക്കൽ ടീമിന്റെയും സഹായത്തോടെ ആരോഗ്യ പരിശോധനാ സംവിധാനങ്ങൾ ഏർപ്പെടുത്തുകയും സൗജന്യ മരുന്നുകൾ ലഭ്യമാക്കിയിട്ടുമുണ്ട്. പരാതികളുണ്ടെങ്കിൽ ആയത് പരിശോധിക്കുന്നതിന് മെഡിക്കൽ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികൾ**

260 (5002) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ ഭരണകാലത്ത് ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിനായി എത്ര പദ്ധതികൾ സമർപ്പിച്ചിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയിൽ ഏതെല്ലാം പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും അവയുടെ നിലവിലെ സ്ഥിതി എന്തെന്നും വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

(എ&ബി) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ മുൻ സർക്കാരിന്റെ ഭരണകാലത്ത് റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിനായി പദ്ധതികൾ ഒന്നുംതന്നെ സമർപ്പിച്ചിട്ടില്ല.

**റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് നിർവ്വഹിച്ച പ്രവൃത്തികൾ**

261 (5003) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിവർ മാനേജ്മെന്റ് ഫണ്ടിൽ ഈ വർഷത്തെ നീക്കിയിരിപ്പ് തുക എത്രയാണ്?

റിവർ മാനേജ്മെന്റ് ഫണ്ടിൽ ഈ വർഷത്തെ നീക്കിയിരുപ്പ് തുക അനുബന്ധം-1 ആയി* ഇതോടൊപ്പം ചേർക്കുന്നു.

(ബി) പ്രസ്തുത ഫണ്ട് ഉപയോഗിച്ച് മുൻസർക്കാരിന്റെ കാലയളവിൽ നിർവ്വഹിച്ച പ്രവൃത്തികൾ വർഷം, ജില്ല എന്നിവ തിരിച്ച് വെളിപ്പെടുത്തുമോ?

റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് മുൻ സർക്കാരിന്റെ കാലയളവിൽ നിർവ്വഹിച്ച പ്രവൃത്തികൾ വർഷം, ജില്ല എന്നിവ തിരിച്ചുള്ള വിവരം അനുബന്ധം-2 ആയി*ഇതോടൊപ്പം ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഈ സർക്കാർ പ്രസ്തുത ഫണ്ട് ഉപയോഗിച്ച് നാളിതുവരെ എത്ര പ്രവൃത്തികൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് ഈ സർക്കാർ നാളിതുവരെ നിർവ്വഹിച്ച പ്രവർത്തികളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം-3 ആയി* ഇതോടൊപ്പം ചേർക്കുന്നു.

(ഡി) പ്രളയാനന്തര പുനർനിർമ്മാണ പ്രകിയയിൽ പ്രസ്തുത ഫണ്ട് ഉപയോഗിച്ച് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ?

പ്രളയാനന്തര പുനർനിർമ്മാണ പ്രക്രിയയിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് നടത്തിയ പ്രവർത്തനങ്ങളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം-4 ആയി* ഇതോടൊപ്പം ചേർക്കുന്നു.

(ഇ) ഏറനാട് നിയോജകമണ്ഡലത്തിൽ റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന മൊടവണ്ണക്കടവ് നടപ്പാലം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്നും ആയത് എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ?

മലപ്പുറം ജില്ലയിൽ ഏറനാട് നിയോജകമണ്ഡലത്തിലെ ചാലിയാർ പുഴയ്ക്ക് കുറുകെ മൊടവണ്ണക്കടവ് പാലം ഉൾപ്പെടെ 9 പാലങ്ങൾ 32 കോടി രൂപ ചെലവിൽ നിർമ്മിക്കുന്നതിന് 19-11-2015-ലെ ജി.ഒ (ആർ.റ്റി) നം.6032/2015/ആർ.ഡി നമ്പർ പ്രകാരം ഭരണാനുമതി നൽകുകയും പ്രസ്തുത പാലങ്ങളുടെ നിർമ്മാണ നടത്തിപ്പിനുള്ള നോഡൽ ഏജൻസിയായി പത്തനംതിട്ട നിർമ്മിതി കേന്ദ്രയെ നിശ്ചയിച്ചിട്ടുള്ളതുമാണ്. പാലങ്ങളുടെ നിർമ്മാണത്തിന് വരുന്ന ആകെ തുകയായ 32 കോടി രൂപയിൽ മലപ്പുറം ജില്ലയിൽ നിന്നുള്ള വിഹിതമായ 20 കോടി രൂപ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും പത്തനംതിട്ട ജില്ലാ കളക്ടർക്ക് നൽകുന്നതിന് 28-12-2015-ലെ ജി.ഒ (ആർ.റ്റി) നം.6887/15/ആർ.ഡി പ്രകാരം സർക്കാർ ഉത്തരവായിരുന്നു. എന്നാൽ പാലങ്ങളുടെ നിർമ്മാണത്തിനുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിന് Ms. SERMS ഇൻഫ്രാസ്ട്രക്ചർ എന്ന സ്വകാര്യ സ്ഥാപനത്തെ ഏൽപ്പിച്ച പത്തനംതിട്ട ജില്ലാ നിർമ്മിതി കേന്ദ്രത്തിന്റെ നടപടി മലപ്പുറം ജില്ലാ വിദഗ്ധ സമിതി അംഗീകരിക്കാതിരുന്നതിനാൽ തുക നൽകുന്നതിന് സാധിച്ചിരുന്നില്ല. തുടർന്ന് റിവർ മാനേജ്മെന്റ് ഫണ്ടുമായി ബന്ധപ്പെട്ട് ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 8-2-2017-ന് ചേർന്ന യോഗത്തിൽ റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് പാലം പണി നടത്താനുള്ള ഭരണാനുമതി ലഭിച്ചിട്ടും

സമയബന്ധിതമായി പണി തുടങ്ങാത്ത മൊടവണ്ണക്കടവ് പാലം ഉൾപ്പെടെയുള്ള 4 പദ്ധതികളിൽ ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നതുവരെ പണി ആരംഭിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുള്ളതാണ്.

**ഭൂമിയുടെ തരംമാറ്റത്തിനുള്ള നടപടിക്രമങ്ങൾ**

262 (5004) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി തരംമാറ്റുന്നത് സംബന്ധിച്ച നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ നൽകുമോ; ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതും ഉൾപ്പെടാത്തതുമായ ഭൂമി തരംമാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ?

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതും എന്നാൽ റവന്യൂ രേഖകളിൽ നിലം എന്ന് രേഖപ്പെടുത്തിയതുമായ ഭൂമിയുടെ തരംമാറ്റുന്നതിനായി ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർ മുമ്പാകെയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപ്രകാരം ലഭിക്കുന്ന അപേക്ഷകളിൻമേൽ 50 സെന്റ് വരെയുള്ളവയിൽ വില്ലേജ് ഓഫീസർ മുഖാന്തരവും 50 സെന്റിന് മുകളിലാണെങ്കിൽ വില്ലേജ് ആഫീസറും കൃഷി ഓഫീസറും മുഖേന അന്വേഷണം നടത്തിയും രേഖകൾ പരിശോധിച്ചും റവന്യൂ ഡിവിഷണൽ ഓഫീസർ ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുന്നു. മേൽപ്രകാരം റവന്യൂ ഡിവിഷണൽ ഓഫീസർ ഉത്തരവാകുന്നതിനെത്തുടർന്ന് തഹസീൽദാർ സബ് ഡിവിഷൻ നടപടി പൂർത്തീകരിച്ച് റവന്യൂ രേഖകളിൽ ആവശ്യമായ മാറ്റം വരുത്തുന്നു. ഭൂവിസ്തൃതി 25 സെന്റ് വരെയുള്ളവയ്ക്ക് അപേക്ഷകർക്ക് തരംമാറ്റത്തിന് യോഗ്യമായ മറ്റ് ഭൂമി ഇല്ലെങ്കിൽ തരംമാറ്റത്തിനായി ഫീസടയ്ക്കേണ്ടതില്ല. ഡാറ്റാ ബാങ്കിലെ ഉള്ളടക്കങ്ങൾ തിരുത്തുന്നതിനായി/തെറ്റായി ഉൾപ്പെട്ട ഭൂമി ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കുന്നതിനായി കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടപ്രകാരമുള്ള ഫോറത്തിൽ ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർ മുമ്പാകെ അപേക്ഷ സമർപ്പിക്കാവുന്നതാണ്. തുടർന്ന് അപേക്ഷ പരിശോധിച്ച് ഭൂമി ഡാറ്റാ ബാങ്കിൽ നഞ്ച (Wet) വിഭാഗത്തിലാണ് ഉൾപ്പെട്ടിരിക്കുന്നതെങ്കിൽ വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് ലഭ്യമാക്കിയും നെൽവയൽ (Paddy) വിഭാഗത്തിലാണ് ഉൾപ്പെട്ടിരിക്കുന്നതെങ്കിൽ കൃഷി ഓഫീസറുടെ റിപ്പോർട്ട് ലഭ്യമാക്കിയും ഉചിതമാണെന്ന് കാണുന്നപക്ഷം നേരിട്ട് സ്ഥലപരിശോധന നടത്തിയോ കേന്ദ്ര സംസ്ഥാന ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾ തയ്യാറാക്കിയ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടുകൂടിയോ ഡാറ്റാ ബാങ്കിലെ ഉള്ളടക്കം പരിശോധിച്ച് അപേക്ഷയിൻമേൽ റവന്യൂ ഡിവിഷണൽ ഓഫീസർ ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ബി) ഭൂമി തരംമാറ്റുന്നതിന് ആർക്കാണ് അപേക്ഷ നൽകേണ്ടത്; ആയതിന് പ്രത്യേക ഫോം നിലവിലുണ്ടോ; വിശദീകരിക്കാമോ; ആയതിനുവേണ്ടിയുള്ള എല്ലാത്തരം ഫോമുകളുടെയും കോപ്പി ലഭ്യമാക്കാമോ?

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ഭൂമി തരംമാറ്റുന്നതിനായുള്ള അപേക്ഷ ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർക്കാണ് നൽകേണ്ടത്. ആയതിന് പ്രത്യേകം ഫോമുകൾ നിലവിലുണ്ട്. ഭൂവിസ്തൃതി 20.23 ആർസ് വരെയാകുന്നിടത്ത് ടി നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള ചട്ടപ്രകാരമുള്ള ഫാറം 6-ലും ഭൂവിസ്തൃതി 20.23 ആർസ് മുകളിലാകുന്നിടത്ത് ടി ചട്ടപ്രകാരമുള്ള ഫോറം 7-ലും ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്ത 1967 ജൂലൈ 4-നുമുമ്പ് നികത്തിയതോ നികന്നതോ ആയ ഭൂമിയുടെ തരംമാറ്റത്തിനായി ടി ചട്ടപ്രകാരമുള്ള ഫോറം 9-ലുമാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ടി ഫാറങ്ങളുടെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(സി) ഭൂമിയുടെ തരംമാറ്റം ഓൺലൈനിൽ നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; ഇത്തരം അപേക്ഷകൾ വില്ലേജ് ഓഫീസുകളിൽ കെട്ടിക്കിടക്കുന്നതായുള്ള കാര്യം പരിശോധിച്ചിട്ടുണ്ടോ; ആയത് പരിഹരിക്കാൻ എന്തു നടപടി സ്വീകരിക്കും?

ഭൂമി തരംമാറ്റത്തിനായുള്ള അപേക്ഷകൾ സ്വീകരിക്കുന്നത് ഓൺലൈൻ സമ്പ്രദായത്തിലേക്ക് മാറുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷകൾ നിലവിൽ റവന്യൂ ഇ-സർവീസ് വഴി ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. കൂടാതെ അപേക്ഷയുടെ നിലവിലെ അവസ്ഥ അപേക്ഷകന് സ്വയം പരിശോധിച്ചറിയാവുന്ന സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. ഭൂമി തരംമാറ്റ അപേക്ഷകൾ വില്ലേജ് ഓഫീസുകളിൽ കെട്ടിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും, തരംമാറ്റവുമായി ബന്ധപ്പെട്ട് റവന്യൂ ഡിവിഷണൽ ഓഫീസർമാർ വില്ലേജ് ഓഫീസുകളിലേയ്ക്ക് റിപ്പോർട്ടിനായി അയയ്ക്കുന്ന ഫയലുകളിലുൾപ്പെടെ അടിയന്തര നടപടി സ്വീകരിക്കുവാനും തീർപ്പാക്കാൻ ബാക്കി നിൽക്കുന്ന എല്ലാ അപേക്ഷകളിലും സമയബന്ധിതമായി തീരുമാനമെടുക്കണമെന്നും റവന്യൂ ഡിവിഷണൽ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) തിരുവനന്തപുരം ആർ.ഡി. ഓഫീസിൽ ഭൂമി തരംമാറ്റം സംബന്ധിച്ച് എത്ര അപേക്ഷകൾ ഇതുവരെ ലഭിച്ചു; ആയതിൽ എത്രയെണ്ണം പരിഹരിച്ചു എന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭൂമി തരംമാറ്റുന്നതിനായി തിരുവനന്തപുരം റവന്യൂ ഡിവിഷണൽ ഓഫീസിൽ 7433 അപേക്ഷകൾ ഇതുവരെ ലഭിച്ചിട്ടുള്ളതാണ്. ആയതിൽ 3604 അപേക്ഷകളിൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്.

(ഇ) വില്ലേജ് ഓഫീസുകളിൽ നൽകുന്ന അപേക്ഷകൾക്ക് കൈപ്പറ്റ് രസീത് നൽകാൻ നടപടി സ്വീകരിക്കുമോ?

പൂർണ്ണമായല്ലെങ്കിലും വില്ലേജ് ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾക്ക് കൈപ്പറ്റ് രസീത് നൽകിവരുന്നുണ്ട്. സംസ്ഥാനത്തെ മുഴുവൻ വില്ലേജുകളിലും ലഭിക്കുന്ന എല്ലാ അപേക്ഷകളിലും അപേക്ഷകർക്ക് കൈപ്പറ്റ് രസീത് നൽകുന്നതിനായുള്ള നിർദ്ദേശം നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

**ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട സ്ഥലത്തെ അതിൽനിന്നും**

**മാറ്റുന്നതിനുള്ള നടപടിക്രമം**

263 (5005) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തണ്ണീർതട സംരക്ഷണ നിയമ പ്രകാരം തെറ്റായി ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട സ്ഥലത്തെ അതിൽ നിന്നും മാറ്റുന്നതിനുള്ള ഉത്തരവ് ലഭിക്കാനായി സ്ഥലമുടമ ആർക്കാണ് അപേക്ഷ നൽകേണ്ടത്?

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ ഡാറ്റാബാങ്കിലെ ഉള്ളടക്കങ്ങൾ തിരുത്തുന്നതിനായുള്ള അപേക്ഷ 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിലെ ചട്ടം 4 (ഡി) പ്രകാരം ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർ മുമ്പാകെയും ചട്ടം 4(6) പ്രകാരം ബന്ധപ്പെട്ട പ്രാദേശികതല നിരീക്ഷണ സമിതി (LLMC) മുമ്പാകെയും സമർപ്പിക്കാവുന്നതാണ്.

(ബി) പ്രസ്തുത അപേക്ഷയോടൊപ്പം സ്ഥലമുടമ ഹാജരാക്കേണ്ട രേഖകൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

1. ഫോറം 5-ലുള്ള അപേക്ഷ (നൂറ് രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിപ്പിച്ചത്)
2. അപേക്ഷ ഭൂമിയുടെ നികുതി രസീത്
3. അപേക്ഷ ഭൂമിയുടെ കൈവശ സർട്ടിഫിക്കറ്റ്
4. അപേക്ഷ ഭൂമിയുടെ ആധാരം

(സി) പ്രസ്തുത അപേക്ഷയിന്മേൽ വിവിധ തലങ്ങളിലായി നടക്കുന്ന നടപടി ക്രമങ്ങൾ വിശദമാക്കാമോ?

ഡാറ്റാ ബാങ്കിലെ ഉള്ളടക്കങ്ങൾ തിരുത്തുന്നതിനായി/ തെറ്റായി ഉൾപ്പെട്ട ഭൂമി ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കുന്നതിനായി കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടപ്രകാരമുള്ള ഫോറം 5-ൽ ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർ മുമ്പാകെ അപേക്ഷ സമർപ്പിക്കാവുന്നതാണ്. തുടർന്ന് അപേക്ഷ പരിശോധിച്ച് ഭൂമി ഡാറ്റാ ബാങ്കിൽ തണ്ണീർത്തടങ്ങൾ (Wet) വിഭാഗത്തിലാണ് ഉൾപ്പെട്ടിരിക്കുന്നതെങ്കിൽ വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് ലഭ്യമാക്കിയും, നെൽവയൽ (Paddy) വിഭാഗത്തിലാണ് ഉൾപ്പെട്ടിരിക്കുന്നതെങ്കിൽ കൃഷി ഓഫീസറുടെ റിപ്പോർട്ട് ലഭ്യമാക്കിയും ഉചിതമാണെന്ന് കാണുന്നപക്ഷം നേരിട്ട് സ്ഥലപരിശോധന നടത്തിയോ കേന്ദ്ര സംസ്ഥാന ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾ തയ്യാറാക്കിയ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടുകൂടിയോ ഡാറ്റാ ബാങ്കിലെ ഉള്ളടക്കം പരിശോധിച്ച് അപേക്ഷയിൻമേൽ റവന്യൂ ഡിവിഷണൽ ഓഫീസർ ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രാദേശികതല നിരീക്ഷണ സമിതി (LLMC)-ക്കാണ് അപേക്ഷ സമർപ്പിക്കുന്നതെങ്കിൽ സമിതി സ്ഥലപരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കി സ്ഥലപരിശോധനയുടെയും ഉപഗ്രഹ ചിത്രത്തിന്റെയും അടിസ്ഥാനത്തിൽ തീരുമാനം എടുത്ത് ആവശ്യമെങ്കിൽ ഡാറ്റാ ബാങ്കിൽ തിരുത്തലുകൾ വരുത്തി പരിഷ്ക്കരിച്ച് പ്രസിദ്ധപ്പെടുത്തണം.

(ഡി) ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കിക്കൊണ്ടുള്ള ഉത്തരവ് ഏത് ഓഫീസിൽ നിന്നാണ് ലഭ്യമാകുന്നതെന്ന് അറിയിക്കാമോ?

1. 4 (d) പ്രകാരമുള്ള അപേക്ഷയിൽ ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസിൽ നിന്നാണ് ലഭിക്കുന്നത്.

2. 4 (6) പ്രകാരമുള്ള അപേക്ഷയിൽ ഗസറ്റ് വിജ്ഞാപനത്തിലൂടെ അറിയാവുന്നതാണ്.

(ഇ) പ്രസ്തുത നടപടിക്രമങ്ങൾ പൂർത്തിയാക്കി ഇത്തരത്തിലുള്ള അപേക്ഷയിന്മേൽ തീർപ്പ് കൽപ്പിക്കാൻ സേവനാവകാശ നിയമപ്രകാരം എത്ര സമയമാണ് നിശ്ചയിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കേരള നെൽവയൽ തണ്ണീർത്തട നിയമപ്രകാരമുള്ള തരം മാറ്റ/ഡാറ്റാ ബാങ്കിലെ ഉള്ളടക്കം തിരുത്തുന്നതിനായുള്ള അപേക്ഷകളെ സേവനാവകാശ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടില്ല. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് പദ്ധതിയുമായി ബന്ധപ്പെട്ട് വ്യവസായിക വാണിജ്യാവശ്യങ്ങൾക്കായി സമർപ്പിക്കപ്പെടുന്ന തരംമാറ്റ അപേക്ഷകളിൽ സേവനാവകാശ പ്രകാരമുള്ള സമയപരിധി നിശ്ചയിച്ചുകൊണ്ട് 9-12-2020-ലെ G.O.(Rt) No.3776/2020/RD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

## പാറശ്ശാല നിയോജകമണ്ഡലത്തിലെ വിവിധ പദ്ധതികൾ

264 (5006) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ അമരവിള ഒറ്റശേഖരമംഗലം റോഡ്, കട്ടുവീട്ടുകടവ് പാലം, ആയയിൽ പാലം, കരമന വെള്ളറട റോഡ്, അമരവിള ശൂരവക്കാണിറോഡ്, കീഴാറൂർ പശുവണ്ണറ തെള്ളുക്കുഴി റിംഗ് റോഡ് എന്നീ പ്രവൃത്തികൾക്കായുള്ള സ്ഥലം ഏറ്റെടുപ്പുമായി ബന്ധപ്പെട്ട് തിരുവനന്തപുരം എൽ.എ. വിഭാഗം സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

എൽ.എ. വിഭാഗം സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അനുബന്ധം (എ) -യിൽ* ചേർത്തിരിക്കുന്നു

(ബി) പ്രസ്തുത പദ്ധതികളുടെ വിശദാംശം, ഏറ്റെടുക്കേണ്ട ഭൂമിയുടെ അളവ്, പ്രവർത്തനത്തിന്റെ നിലവിലെ സ്ഥിതി എന്നിവ തരംതിരിച്ച് അറിയിക്കാമോ?

അനുബന്ധം (ബി) -യിൽ* ചേർത്തിരിക്കുന്നു.

(സി) സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ട തുക എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇതു സംബന്ധിച്ച പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

അനുബന്ധം (സി) -യിൽ* ചേർത്തിരിക്കുന്നു.

(ഡി) പ്രസ്തുത പദ്ധതികൾ ഓരോന്നിനുമുള്ള സ്ഥലമെടുപ്പ് നടപടികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; ഭൂമി ഏറ്റെടുക്കൽ വേഗത്തിലാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

അനുബന്ധം (ഡി)-യിൽ* ചേർത്തിരിക്കുന്നു.

## ആദിവാസികൾക്ക് അന്യാധീനപ്പെട്ട ഭൂമിക്ക് പകരം ഭൂമി

265 (5007) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്ക് അന്യാധീനപ്പെട്ട ഭൂമിക്ക് പകരം ഭൂമി നൽകുന്നതിന് 1999-ലെ നിയമം പാസ്സാക്കിയതിനുശേഷം എത്ര ആദിവാസി കുടുംബങ്ങൾക്ക് പകരം ഭൂമി നൽകിയെന്നുള്ളതിന്റെ കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇപ്രകാരം ഭൂമി നൽകിയിട്ടുള്ളതിന്റെ ജില്ലതിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| വയനാട് ജില്ല | : | 918 കുടുംബങ്ങൾ |
| തൃശ്ശൂർ ജില്ല | : | 05 കുടുംബങ്ങൾ |
| പാലക്കാട് ജില്ല | : | 24 കുടുംബങ്ങൾ |
| കൊല്ലം ജില്ല | : | 07 കുടുംബങ്ങൾ |
| എറണാകുളം ജില്ല | : | 02 കുടുംബങ്ങൾ |
| ആകെ | : | 956 കുടുംബങ്ങൾ |

(ബി) ഭൂമി നൽകാതെ പട്ടയം മാത്രം നൽകിയത് എത്ര കുടുംബങ്ങൾക്കാണെന്ന് വിശദമാക്കാമോ?

പാലക്കാട് ജില്ലയിൽ 2 കേസ്സുകളുണ്ട്. മറ്റ് ജില്ലകളിൽ ഇത്തരം കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) വയനാട് ജില്ലയിൽ പട്ടയം ലഭിച്ചിട്ടും ഭൂമി ലഭിക്കാത്ത എത്ര കുടുംബങ്ങളുണ്ടെന്നതിന്റെ വിശദാംശം നൽകാമോ?

ഇത്തരം കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കുറ്റിപ്പുറം വില്ലേജ് ഓഫീസിന് സ്ഥലം അനുവദിക്കാൻ നടപടി**

266 (5008) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ കുറ്റിപ്പുറം വില്ലേജ് ഓഫീസ് രജിസ്ട്രേഷൻ വകുപ്പിന്റെ കൈവശമുള്ള സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കണമെന്ന ആവശ്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് ലാൻഡ് റവന്യൂ കമ്മീഷൻ പ്രൊപ്പോസൽ നൽകിയിട്ടുണ്ടോ; ഫയലിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ?

(എ&ബി) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ കുറ്റിപ്പുറം വില്ലേജ് ഓഫീസ് മാറ്റിസ്ഥാപിക്കുന്നതിന് രജിസ്ട്രേഷൻ വകുപ്പിന്റെ ഭൂമി ലഭ്യമാണെന്ന് കാണിച്ച് തിരൂർ തഹസീൽദാരിൽ നിന്ന് ജില്ലാ കളക്ടർക്ക് കത്ത് ലഭ്യമായിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ രജിസ്ട്രേഷൻ വകുപ്പിന്റെ എൻ.ഒ.സി-യോ ജില്ലാ കളക്ടറുടെ ഭൂമികൈമാറ്റ പ്രൊപ്പോസലോ ലഭ്യമായിട്ടില്ല.

(സി) റെയിൽവേ വികസനത്തിനായി നിലവിലുള്ള വില്ലേജ് ഓഫീസ് കെട്ടിടം പൊളിച്ചുമാറ്റേണ്ട അവസ്ഥ ഉണ്ടാകുമെന്നതിനാൽ വില്ലേജ് ഓഫീസിനായി രജിസ്ട്രേഷൻ വകുപ്പിന്റെ സ്ഥലം ആവശ്യപ്പെടുന്ന വിഷയത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ?

ജില്ലാ കളക്ടറുടെ ഭൂമി കൈമാറ്റ പ്രൊപ്പോസലും രജിസ്ട്രേഷൻ വകുപ്പിന്റെ സമ്മതപത്രവും ലഭ്യമായാൽ മാത്രമേ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

**ഗുരുവായൂർ നിയോജകമണ്ഡലത്തിലെ പുറമ്പോക്ക് ഭൂമിയുടെ വിവരം**

267 (5009) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിലെ ഗ്രാമപഞ്ചായത്ത്/ നഗരസഭകളിൽ സർക്കാർ വകുപ്പുകൾക്ക് കീഴിൽ വിവിധ ഇനങ്ങളിലായി എത്ര പുറമ്പോക്ക് ഭൂമിയുണ്ടെന്നുള്ള വിവരം കണക്കാക്കിയിട്ടുണ്ടോ; സർവ്വേ നമ്പർ, ഭൂമിയുടെ അളവ്, ഇനം എന്നിവ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) പ്രസ്തുത ഭൂമി ഓരോന്നും ഏതൊക്കെ ആവശ്യത്തിനാണ് നിലവിൽ ഉപയോഗിക്കുന്നതെന്ന വിവരം പട്ടികയാക്കി നൽകാമോ?

വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

**കനോലി കനാലിന്റെ പുറമ്പോക്ക് അതിർത്തി നിർണ്ണയം**

268 (5010) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലേമ്പ്ര വില്ലേജിലൂടെയും കടലുണ്ടി വില്ലേജിലൂടെയും കടന്നുപോകുന്ന കനോലി കനാൽ പുറമ്പോക്ക്, പുല്ലിപ്പുഴ, കൊപ്രത്തോട് എന്നിവയുടെ പുറമ്പോക്ക് അതിർത്തി നിർണ്ണയത്തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ചേലേമ്പ്ര കനോലി കനാൽ പുറമ്പോക്ക്, പുല്ലിപ്പുഴ പുറമ്പോക്ക് എന്നിവയുടെ സർവ്വേ സ്കെച്ചും എഫ്.എം.ബി. സ്കെച്ചും ബി.റ്റി.ആർ. രജിസ്റ്ററിന്റെ പകർപ്പും ലഭ്യമാക്കുമോ?

പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(സി) പുറമ്പോക്ക് അതിർത്തികൾ സർവ്വേ ചെയ്ത് കല്ലുകൾ സ്ഥാപിക്കുന്നതിനാവശ്യമായ തുക എം.എൽ.എ. ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഇല്ല.

(ഡി) സ്പെഷ്യൽ സർവ്വേ ജോലികൾ ചെയ്യുന്നതിന് മലപ്പുറം ജില്ലയിൽ സർവ്വേയർമാരുടെ അഭാവം നിലവിലുണ്ടോ; ഉണ്ടെങ്കിൽ അടിയന്തരമായി പരിഹാരം കണ്ടെത്തുമോ?

മലപ്പുറം ജില്ലയിൽ ആകെയുള്ള 132 സർവ്വേയർമാരിൽ 75 സർവ്വെയർമാരെ റീസർവ്വെ ജോലികൾക്കായും 57 സർവ്വേയർമാരെ LRM, LA, NH ഉൾപ്പെടെയുള്ള വിവിധ സ്പെഷ്യൽ സർവ്വേ ജോലികൾക്കായും നിയോഗിച്ചിട്ടുണ്ട്. മേൽ ജോലികളെല്ലാം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വകുപ്പിലെ ജീവനക്കാർ അപര്യാപ്തമാണ്. എന്നിരുന്നാലും സർക്കാരിന്റെ വിവിധ വികസന പദ്ധതികളുമായി ബന്ധപ്പെട്ട സർവ്വേ ജോലികൾ ജില്ലയിൽ ലഭ്യമായ ജീവനക്കാരുടെ സേവനം വിനിയോഗിച്ച് നിർവ്വഹിച്ചുവരുന്നുണ്ട്.

**പാട്ടവ്യവസ്ഥ ലംഘിച്ചതുമായി ബന്ധപ്പെട്ട്**

269 (5011) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാട്ടവ്യവസ്ഥ ലംഘിച്ചതിനെത്തുടർന്ന് 2016-21 കാലയളവിൽ എത്ര ഏക്കർ സ്ഥലം തിരിച്ച് പിടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

49.906118 ഏക്കർ സ്ഥലം തിരിച്ചുപിടിച്ചിട്ടുണ്ട്.

**വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പ്രവൃത്തികൾ**

270 (5012) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പ്രവൃത്തികൾ ചെയ്യാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ അറിയിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

10-10-2012-ലെ സ.ഉ.(കൈ) നം 384/2012/ഡി.എം.ഡി, 27-3-2018-ലെ സ.ഉ.(കൈ) നം 3/2018 /ഡി.എം.ഡി. നമ്പർ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായാണ് പ്രകൃതിദുരന്തങ്ങളിൽ നാശനഷ്ടം സംഭവിക്കുന്ന റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ സംസ്ഥാനത്ത് നടപ്പാക്കുന്നത്. പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) ഈ മാനദണ്ഡങ്ങളുടെ കർശന നിബന്ധനമൂലം ഭൂരിഭാഗം പ്രവൃത്തികളും സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കാതെ ഫണ്ട് ലാപ്സായി പോകുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

സംസ്ഥാന ദുരന്തപ്രതികരണനിധിയുടെ മാനദണ്ഡങ്ങൾപ്രകാരം പുതിയ നിർമ്മാണപ്രവൃത്തികൾക്ക് ഭരണാനുമതിയോ ഫണ്ടോ അനുവദിക്കാനാകില്ല. അനുവദിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചശേഷം മാത്രമാണ് സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽ നിന്നും ഫണ്ട് അനുവദിക്കുന്നത്. ഭരണാനുമതി കാലാവധി അവസാനിക്കുന്ന മുറയ്ക്ക് നടപ്പാക്കാൻ സാധിക്കാത്ത പ്രവൃത്തിയുടെ ഭരണാനുമതി റദ്ദാകുമെങ്കിലും ദുരന്തപ്രതികരണനിധി ലാപ്സായി പോകുന്ന സാഹചര്യമില്ല. ഒഴിവാക്കാനാകാത്ത സാഹചര്യങ്ങൾമൂലം ഭരണാനുമതി റദ്ദാകുന്ന പ്രവൃത്തികൾ സംബന്ധിച്ച് ജില്ലാ കളക്ടർമാരിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ പ്രത്യേകം പരിശോധിച്ച് ആവശ്യമായ പ്രവർത്തികൾക്ക് ഭരണാനുമതി പുതുക്കി നല്കാറുണ്ട്.

(സി) എങ്കിൽ പ്രസ്തുത മാനദണ്ഡങ്ങളിൽ ഇളവ് അനുവദിക്കുന്നത് പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ദുരന്തപ്രതികരണനിധി വിനിയോഗവുമായി ബന്ധപ്പെട്ടുള്ള മാനദണ്ഡങ്ങൾ രൂപീകരിക്കുന്നത് കേന്ദ്ര സർക്കാരായതിനാൽ മാനദണ്ഡങ്ങളിൽ ഇളവുകൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാനം കേന്ദ്രത്തിന് സമർപ്പിച്ചിട്ടുള്ള നിവേദനങ്ങളിൽ നിലവിൽ സംസ്ഥാനത്തിന് അനുകൂലമായ പ്രതികരണം ലഭിച്ചിട്ടില്ല.

(ഡി) റോഡ് പ്രവൃത്തികൾക്ക് അനുവദിക്കുന്ന തുക റീ ടാറിംഗിന് മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ എന്ന നിബന്ധനവച്ച് കാസർഗോഡ് ജില്ലയിൽ ഇത്തരം പ്രവൃത്തികൾക്ക് അനുമതി നൽകാതെ നിരസിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

കാസർഗോഡ് ജില്ലയിൽ സംസ്ഥാന ദുരന്തപ്രതികരണനിധിയിൽ നിന്നും ഭരണാനുമതി നൽകിയിട്ടുള്ള റോഡ് പുനരുദ്ധാരണപ്രവൃത്തികളിൽ നേരത്തേ ടാർ ചെയ്തിരുന്ന റോഡുകളുടെ പ്രതലം പുതുതായി കോൺക്രീറ്റ് ചെയ്യുന്നതിനും മറ്റ്

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുതിയ നിർമ്മാണ പ്രവൃത്തികൾ നടപ്പാക്കുന്നതിനുമായി എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുള്ള പ്രവൃത്തികൾക്ക് നിർവ്വഹണാനുമതി നൽകുന്നതിന് സാധിച്ചിട്ടില്ല. ആയതിനാൽ അത്തരം കേസ്സുകളിൽ അനുവദനീയമായി പ്രവൃത്തി നടപ്പാക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ ഫ്ലഡ് ഫണ്ട്**

271 (5013) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ ഭരണകാലത്ത് ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ഫ്ലഡ് ഫണ്ടിൽ ഉൾപ്പെടുത്തി ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഇവയിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും പൂർത്തീകരിക്കാനുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

(എ&ബി) സംസ്ഥാന ദുരന്തപ്രതികരണനിധി വിനിയോഗിച്ചുകൊണ്ട് നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഏതെങ്കിലും പ്രവൃത്തികൾക്ക് ഭരണാനുമതിയോ ഫണ്ടോ അനുവദിക്കാറില്ല.

**ഫ്ലഡ് ഫണ്ടിൽ ഉൾപ്പെടുത്തിയ കോതമംഗലം നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ**

272 (5014) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ ഭരണകാലത്ത് കോതമംഗലം നിയോജകമണ്ഡലത്തിൽ ഫ്ലഡ് ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വർഷം തിരിച്ച് വിശദമാക്കാമോ;

(ബി) ഇതിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും ആയത് എന്നത്തേയ്ക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ;

(ഡി) മുഴുവൻ പ്രവൃത്തികളും വേഗത്തിൽ പൂർത്തീകരിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ-ഡി) സംസ്ഥാന ദുരന്ത പ്രതികരണനിധി വിനിയോഗിച്ചുകൊണ്ട് നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഏതെങ്കിലും പ്രവൃത്തികൾക്ക് ഭരണാനുമതിയോ ഫണ്ടോ അനുവദിക്കാറില്ല.

**ഇ-ഓഫീസ് സംവിധാനം**

273 (5015) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കളക്ടറേറ്റ്, താലൂക്ക് ഓഫീസ് എന്നിവിടങ്ങളിൽ നടപ്പിലാക്കിവരുന്ന ഇ-ഓഫീസ് സംവിധാനത്തിൽ സെക്രട്ടേറിയറ്റിൽ ആവിഷ്കരിച്ച രീതിയിൽ കംപ്യൂട്ടർ നമ്പർ ഉപയോഗിച്ച് ഫയലിന്റെ ഓരോ സ്റ്റേജിലുമുള്ള അവസ്ഥ പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന രൂപത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉണ്ട്. സെക്രട്ടേറിയറ്റിൽ ആവിഷ്കരിച്ചിരിക്കുന്ന രീതിയിൽ ഫയലിന്റെ വിവിധ മൂവ്മെന്റ് സ്റ്റേജുകൾ പൊതുജനങ്ങൾക്ക് കാണുന്ന തരത്തിൽ കളക്ടറേറ്റ്, താലൂക്ക് ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനം ഒരുക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(ബി) ഉണ്ടെങ്കിൽ ആയതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തെന്നും എപ്പോൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ?

ഇ-ഓഫീസ് സിറ്റിസൺ പോർട്ടൽ മുഖാന്തരം പൊതുജനങ്ങൾക്ക് കളക്ടറേറ്റ്, താലൂക്ക് ഓഫീസ് എന്നിവിടങ്ങളിലെ ഇ-ഓഫീസ് ഫയൽ നിലവിൽ ആരുടെ കൈവശമാണുള്ളതെന്ന് മനസ്സിലാക്കുവാൻ കഴിയുന്നതാണ്. സെക്രട്ടേറിയറ്റിൽ ആവിഷ്കരിച്ചിരിക്കുന്ന രീതിയിൽ ഫയലിന്റെ വിവിധ മൂവ്മെന്റ് സ്റ്റേജുകൾ കാണുന്ന തരത്തിൽ കളക്ടറേറ്റ്, താലൂക്ക് ഓഫീസുകളിൽ സംവിധാനമൊരുക്കുന്നതിന് സംസ്ഥാനത്ത് ഇ-ഓഫീസ് കസ്റ്റമൈസേഷൻ പ്രവർത്തനങ്ങൾ ചെയ്യുന്ന ഐ. റ്റി. മിഷനുമായി ചേർന്ന് നടപടി സ്വീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. മൂന്ന് വർഷത്തിനകം എല്ലാ ഓഫീസുകളും ഇ-ഓഫീസ് സംവിധാനത്തിലേയ്ക്ക് മാറ്റാനാണ് ഉദ്ദേശിക്കുന്നത് .

**ഓൺലൈൻ സേവനങ്ങളുടെ പോരായ്മ**

274 (5016) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-പേയ്മെന്റ് പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുള്ള ഭൂമിവിവരങ്ങളുടെ കൃത്യത ഉറപ്പാക്കാൻ കഴിയുന്നില്ലെന്നത് ഗൗരവമായി പരിഗണിക്കുമോ?

ഇ-പേയ്മെന്റ് പോർട്ടൽ മുഖാന്തരം റവന്യൂ സേവനങ്ങൾ വിനിയോഗിക്കുന്ന ഗുണഭോക്താക്കൾക്ക് തങ്ങളുടെ ഭൂവിവരങ്ങൾ ഇ-പേയ്മെന്റ് സംവിധാനത്തിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നും ഉൾപ്പെട്ടിട്ടുള്ള വിവരങ്ങൾ കൃത്യമാണോ എന്നും പരിശോധിക്കുന്നതിന് റവന്യൂ ഇ-സർവ്വീസസ് പോർട്ടലിൽ സൗകര്യമുണ്ട്. ടി വിവരങ്ങളിൽ പിശകുകൾ ഉണ്ടെങ്കിൽ ബന്ധപ്പെട്ട വില്ലേജ് ഓഫീസിൽ അറിയിക്കുന്നമുറയ്ക്ക് വില്ലേജ് ഓഫീസർ രേഖകൾ ഒത്തുനോക്കി വിവരങ്ങളുടെ കൃത്യത ഉറപ്പുവരുത്തി സാക്ഷ്യപ്പെടുത്തുന്നതാണ്

(ബി) ഓൺലൈൻ സേവനങ്ങൾ ലഭ്യമാക്കുന്നതിലെ പോരായ്മകൾ അടിയന്തരമായി പരിഹരിക്കാനുള്ള നടപടി കൈക്കൊണ്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഇ-പേയ്മെന്റ് പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുള്ള ഭൂവിവരങ്ങളുടെ കൃത്യത ഉറപ്പുവരുത്തി റവന്യൂ സേവനങ്ങൾ വിനിയോഗിക്കുന്ന പരമാവധി ആളുകളെ ഓൺലൈൻ പ്ലാറ്റ്ഫോമിലേയ്ക്ക് കൊണ്ടുവരുന്നതിന് വില്ലേജ് ഓഫീസുകളിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് വൺ ടൈം സർട്ടിഫിക്കേഷൻ. ഓൺലൈൻ ആയി നികുതി ഒടുക്കുന്നതിനുള്ള ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കിയതിനു ശേഷം നാളിതുവരെ ഓൺലൈൻ ആയോ വില്ലേജ് ഓഫീസിൽ നേരിട്ടെത്തിയോ ഭൂനികുതി ഒടുക്കുവരുത്താത്ത വ്യക്തികളുടെ വിവരം വൺടൈം സർട്ടിഫിക്കേഷൻ സംവിധാനത്തിന്റെ ഭാഗമായി വില്ലേജ് അടിസ്ഥാനത്തിൽ ലിസ്റ്റ് ചെയ്യുകയും ടി വിവരങ്ങൾ വില്ലേജ് ഓഫീസർ പരിശോധിച്ച് ടി ആൾക്കാരുടെ ഭൂനികുതി കുടിശ്ശിക കണക്കാക്കി ഓൺലൈനായിത്തന്നെ ഭൂനികുതി ഒടുക്കുവരുത്തുന്നതിനുള്ള സാഹചര്യം ഒരുക്കുകയും ചെയ്യുന്നു. ഭൂനികുതി കുടിശ്ശിക കണക്കാക്കുന്നതിനോടൊപ്പം വില്ലേജ് ഓഫീസർ ഭൂവിവരങ്ങളുടെ കൃത്യത ഉറപ്പുവരുത്തുകയും നാളതീകരിക്കുകയും ചെയ്ത് സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു. ഈ സംവിധാനത്തിലൂടെ സംസ്ഥാനത്തിന് പിരിഞ്ഞുകിട്ടേണ്ട ഭൂനികുതി സംബന്ധിച്ച കണക്ക് ലഭ്യമാക്കി ടി വിവരം കക്ഷികളെ അറിയിച്ച് ഭൂനികുതി കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കുവാനും സാധിക്കുന്നു.

(സി) ഇ- പേയ്മെന്റ് പോർട്ടലിൽ സബ് നമ്പർ ചേർത്തിട്ടില്ലാത്തതിനാൽ അക്ഷയ കേന്ദ്രങ്ങളിൽ ഭൂനികുതി അടയ്ക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കാമോ?

ഇ-പേയ്മെന്റ് പോർട്ടലിൽ സബ് നമ്പർ ചേർത്തിട്ടില്ലാത്തതിനാൽ അക്ഷയ കേന്ദ്രങ്ങളിൽ ഭൂനികുതി അടയ്ക്കാൻ സാധിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകളിലും സബ് ഡിവിഷൻ നമ്പറുകൾ ഉൾപ്പെടെയുള്ള ഡാറ്റാ എൻട്രി പൂർത്തിയാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകളിലും സബ് ഡിവിഷൻ നമ്പറുകൾ ഉൾപ്പെടെയുള്ള ഡാറ്റാ എൻട്രി പൂർത്തിയാക്കിയിട്ടുണ്ട്. ഡാറ്റാ എൻട്രിയിലെ പിശകുകൾ പരിശോധിച്ച് കൃത്യത വരുത്തുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു.

## KSEBL സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് സ്ഥലം കൈമാറുന്നത്

275 (5017) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ മീളൂർ എന്ന സ്ഥലത്ത് കെ.എസ്.ഇ.ബി.എൽ. സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം കൈമാറുന്നത് സംബന്ധിച്ച് തിരുവനന്തപുരം കളക്ടറേറ്റിലെ ബി.8/283674/2020 പ്രകാരമുള്ള ഫയലിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥലം പുനർനിക്ഷിപ്തപ്പെടുത്തുന്നതിനായി മൃഗസംരക്ഷണ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കത്തിന്റെ പകർപ്പ് നൽകാമോ?

(എ&ബി) കല്ലറ കെ.എസ്.ഇ.ബി.എൽ. സബ് സ്റ്റേഷൻ നിർമ്മാണത്തിനായി ആവശ്യപ്പെട്ടിരുന്ന ഭൂമി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ പേരിൽ തണ്ടപ്പേരിൽ ഉൾപ്പെട്ടതാകയാൽ ഭൂമി പുറമ്പോക്കിലേയ്ക്ക് മാറ്റിയതിനുശേഷം മാത്രമെ പതിവ്/പാട്ടം നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. ഭൂമി റിലിംഗ്യൂഷ് ചെയ്യുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത ഭൂമി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ പേരിൽ ആയതിനാൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ പേരിൽ നിന്ന് പുറമ്പോക്കിലേയ്ക്ക് മാറ്റേണ്ടതായിട്ടുണ്ട്. ഇതിനായി പ്രസ്തുത ഭൂമി റിലിംഗ്യൂഷ് ചെയ്യുന്നതിനുള്ള അപേക്ഷ റവന്യൂ ഡിവിഷണൽ ഓഫീസർക്ക് സമർപ്പിക്കുന്നതിന് ജില്ലാ കളക്ടർ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി കത്തിന്റെ പകർപ്പ് ഇതോടൊപ്പം സമർപ്പിക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വില്ലേജ് ഓഫീസുകളിലെ ഓൺലൈൻ സേവനങ്ങൾക്കുള്ള അനുബന്ധ ഉപകരണങ്ങളുടെ അഭാവം

276 (5018) ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകളിലെ ഓൺലൈൻ സേവനങ്ങൾ ജനങ്ങൾക്ക് സമയബന്ധിതമായി ലഭിക്കാത്തത് കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ തുടങ്ങിയ അനുബന്ധ ഉപകരണങ്ങളുടെ അഭാവംകൊണ്ടാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(ബി) എങ്കിൽ ഓൺലൈൻ സേവനങ്ങൾ കാര്യക്ഷമമാക്കുവാൻ പ്രസ്തുത ഉപകരണങ്ങളുടെ അഭാവം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

പൊതുജനങ്ങൾക്ക് ഇ-ഗവേണൻസ് സേവനങ്ങൾ ലഭ്യമാക്കുന്നതിന് സംസ്ഥാനത്തെ വില്ലേജ് ഓഫീസുകൾക്ക് ഡെസ്ക്ടോപ്പ്, ലാപ്ടോപ്പ്, പ്രിന്റർ, സ്കാനർ എന്നിവ വിതരണം ചെയ്തിട്ടുള്ളതാണ്. റവന്യൂ സേവനങ്ങൾ ഇ-ഗവേണൻസ് സേവനങ്ങളായി പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് പരമാവധി സേവനങ്ങൾ ഓൺലൈൻ സേവനങ്ങളാക്കിയിട്ടുള്ളതിനാൽ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ വിനിയോഗം വില്ലേജുകളിൽ വർദ്ധിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ നിലവിൽ വില്ലേജ് ഓഫീസുകളിലുള്ള കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്ക് പുറമേ സംസ്ഥാനത്തെ വില്ലേജ് ഓഫീസുകൾക്ക് 623 ലാപ്ടോപ്പുകൾ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ഈ സാമ്പത്തികവർഷം 143 ലാപ്ടോപ്പുകൾ, 59 മൾട്ടിഫംഗ്ഷൻ പ്രിന്ററുകൾ, 20 സ്കാനറുകൾ എന്നിവ സംസ്ഥാനത്തെ വില്ലേജ് ഓഫീസുകൾക്ക് മാത്രമായി നൽകിയിട്ടുണ്ട്. മാത്രമല്ല 122 ലാപ്ടോപ്പുകൾ, 37 മൾട്ടിഫംഗ്ഷൻ പ്രിന്ററുകൾ എന്നിവ വില്ലേജുകൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## അങ്കമാലി മിനി സിവിൽ സ്റ്റേഷനിലെ ലിഫ്റ്റ് നിർമ്മാണം

277 (5019) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി മിനി സിവിൽ സ്റ്റേഷൻ പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തത് എന്നാണെന്ന് വ്യക്തമാക്കുമോ?

അങ്കമാലി മിനി സിവിൽ സ്റ്റേഷൻ 11-1-2016-ലാണ് പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തത്.

(ബി) പ്രസ്തുത സിവിൽ സ്റ്റേഷനിൽ എത്ര നിലകൾ ഉണ്ടെന്നും ഓരോ നിലയിലും ഏതൊക്കെ ഓഫീസുകളാണ് പ്രവർത്തിക്കുന്നതെന്നും വിശദമാക്കുമോ?

അങ്കമാലി മിനി സിവിൽ സ്റ്റേഷനിൽ നാല് നിലകളാണുള്ളത്. ഓരോ നിലയിലും പ്രവർത്തിക്കുന്ന ഓഫീസുകളുടെ വിവരങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(സി) മിനി സിവിൽ സ്റ്റേഷന്റെ ഒറിജിനൽ എസ്റ്റിമേറ്റിൽ ലിഫ്റ്റ് അനുബന്ധ സൗകര്യങ്ങൾക്കായി തുക വകയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ആറ് വർഷമായിട്ടും പൊതുമരാമത്ത് വകുപ്പ് ലിഫ്റ്റ് സ്ഥാപിക്കാത്തതിന്റെ കാരണം പരിശോധിക്കുമോ;

(ഡി) പ്രസ്തുത സിവിൽ സ്റ്റേഷനിൽ ലിഫ്റ്റ് സ്ഥാപിക്കുന്നതിനായി 2018/3009 നമ്പറായി ഭരണാനുമതിക്ക് പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രൊപ്പോസൽ പരിശോധിച്ച് അടിയന്തരമായി ലിഫ്റ്റ് സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി നൽകുമോ; വിശദമാക്കുമോ?

(സി&ഡി) എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുള്ളതായും രണ്ട് ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പൊതുമരാമത്ത് (ഇലക്ട്രിക്കൽ വിഭാഗം) അറിയിച്ചിട്ടുണ്ട്. ലെറ്റർ ഓഫ് ക്രെഡിറ്റിനുവേണ്ടി വർക്ക് എം.ബി-യിൽ ചേർത്ത് സമർപ്പിക്കുന്നതാണെന്നും തുക ലഭിക്കുന്നമുറയ്ക്ക് ഫയൽ NOC-ക്കുവേണ്ടിയുള്ള തുക അങ്കമാലി മുനിസിപ്പാലിറ്റിയിലും കെ.എസ്.ഇ.ബി.എൽ. കണക്ഷനുവേണ്ടിയുള്ള തുക കെ.എസ്.ഇ.ബി.എൽ-ലും അടയ്ക്കുന്നതാണെന്നുംകൂടി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇലക്ട്രിക്കൽ വിഭാഗം അറിയിച്ചിട്ടുണ്ട്.

## കുണ്ടറ നിയോജകമണ്ഡലത്തിലെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ

278 (5020) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിലെ ഏതൊക്കെ വില്ലേജ് ഓഫീസുകളാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളായി പ്രവർത്തിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

കുണ്ടറ നിയോജകമണ്ഡലത്തിലെ പേരയം, തൃക്കോവിൽവട്ടം, തഴുത്തല എന്നീ വില്ലേജ് ഓഫീസുകളാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളായി പ്രവർത്തിച്ച് വരുന്നത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ 2016 മുതൽ 2021 വരെയുള്ള സാമ്പത്തിക വർഷത്തിൽ ഏതൊക്കെ വില്ലേജുകളാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഈ കാലയളവിൽ സ്മാർട്ട് വില്ലേജ് ഓഫീസുകൾക്ക് ഫണ്ട് അനുവദിച്ച ഏതെങ്കിലും പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിക്കാത്തതായിട്ടുണ്ടോ; എങ്കിൽ എതൊക്കെ വില്ലേജുകളാണെന്ന് വ്യക്തമാക്കുമോ?

2016-21 കാലയളവിൽ കുണ്ടറ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട തഴുത്തല വില്ലേജ് ഓഫീസിനെയാണ് സ്മാർട്ട് വില്ലേജ് ഓഫീസാക്കിയിട്ടുള്ളത്. കൂടാതെ ടി കാലയളവിൽ സ്മാർട്ട് വില്ലേജ് ഓഫീസായി പുനർനിർമ്മിക്കുന്നതിന് എം.എൽ.എ. ഫണ്ടിൽ ഉൾപ്പെടുത്തി തുക അനുവദിച്ച ഇളമ്പള്ളൂർ വില്ലേജ് ഓഫീസിന്റെ നിർമ്മാണം നടന്നുവരികയാണ്.

(സി) പ്രസ്തുത നിയോജകമണ്ഡലത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ ഏതൊക്കെ വില്ലേജുകളാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കുന്നതിനായി ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

2021-22 സാമ്പത്തിക വർഷത്തിൽ പ്രസ്തുത നിയോജകമണ്ഡലത്തിൽ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കുന്നതിനായി ഫണ്ട് അനുവദിച്ചിട്ടില്ലാത്തതാണ്.

## നിലമ്പൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം

279 (5021) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി നിർമ്മിച്ച നിലമ്പൂർ മിനി സിവിൽ സ്റ്റേഷനിലെ ഓരോ നിലകളുടെയും വിസ്തീർണ്ണം അടക്കമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ; ശുചിമുറികൾ, ഗോവണികൾ എന്നിവ ഭിന്നശേഷി സൗഹൃദമാണോ എന്നും പൊതുസൗകര്യങ്ങൾ, പാർക്കിംഗ് തുടങ്ങിയ വിശദാംശങ്ങളും ലഭ്യമാക്കാമോ?

പുതുതായി നിർമ്മിച്ച നിലമ്പൂർ മിനി സിവിൽ സ്റ്റേഷനിലെ ഓരോ നിലയുടെയും വിസ്തീർണ്ണം അടക്കമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| Cellar Floor | - | 866.05 $m^2$ |
| Ground Floor | - | 1734.59 $m^2$ |
| First Floor | - | 1734.59 $m^2$ |
| Second Floor | - | 1018.75 $m^2$ |
| Third Floor | - | 49.78 $m^2$ |
| Total | - | 5403.76 $m^2$ |

ഇവിടെ ശുചിമുറികൾ, ഗോവണികൾ, ലിഫ്റ്റ് തുടങ്ങിയ പൊതുസൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതും ഭിന്നശേഷി സൗഹൃദവുമാണ്. പാർക്കിംഗ് 1365.00 $m^2$ -ൽ ലഭ്യമാണ്.

(ബി) പ്രസ്തുത സിവിൽ സ്റ്റേഷനിൽ എത്ര സർക്കാർ ഓഫീസുകൾക്കാണ് സ്ഥലം അനുവദിച്ചിട്ടുള്ളത്; ഓരോ ഓഫീസുകൾക്കും അനുവദിച്ചിട്ടുള്ള നിലകളും സ്ഥല വിസ്തീർണ്ണവും സൗകര്യങ്ങളും വെളിപ്പെടുത്താമോ?

നിലമ്പൂർ മിനി സിവിൽ സ്റ്റേഷനിൽ 15 സർക്കാർ ഓഫീസുകൾ നിലവിൽ പ്രവർത്തിച്ചുവരുന്നു. ഓരോ ഓഫീസുകൾക്കും അനുവദിച്ചിട്ടുള്ള നിലകളും സ്ഥല വിസ്തീർണ്ണവും സൗകര്യങ്ങളും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(സി) പ്രസ്തുത സിവിൽ സ്റ്റേഷനിൽ ഇനിയും പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ എന്തൊക്കെയാണെന്നും ആയതിന്റെ നിലവിലുള്ള സ്ഥിതിയും അറിയിക്കാമോ?

സിവിൽ വർക്കുകൾ ഒഴികെയുള്ള പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്.

(ഡി) പ്രവൃത്തികൾ പൂർത്തീകരിച്ച് വിവിധ സർക്കാർ ഓഫീസുകൾ ടി സിവിൽ സ്റ്റേഷനിലേയ്ക്ക് എന്നത്തേയ്ക്ക് മാറ്റാനാകും എന്ന് അറിയിക്കാമോ; ഓഫീസുകൾ സമയബന്ധിതമായി മാറ്റുന്നതിന് വിവിധ വകുപ്പുകൾക്ക് നിർദ്ദേശം നൽകാമോ; വിശദമാക്കാമോ?

ഒരു മാസത്തിനുള്ളിൽ പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. ആയതനുസരിച്ച് വിവിധ വകുപ്പുകൾക്ക് നിർദ്ദേശം നൽകാവുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി. സ്പെഷ്യൽ ബിൽഡിംഗ് സെക്ഷൻ മലപ്പുറം അറിയിച്ചിട്ടുണ്ട്.

**മണ്ണഞ്ചേരി വില്ലേജാഫീസിന് പുതിയ കെട്ടിടം**

280 (5022) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിലെ മണ്ണഞ്ചേരി വില്ലേജാഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഓരോ സാമ്പത്തിക വർഷവും സ്മാർട്ട് വില്ലേജ്/അടിസ്ഥാന സൗകര്യ വികസനം പദ്ധതിക്കായുള്ള ബഡ്ജറ്റ് വിഹിതം അനുസരിച്ച് മുൻഗണനാക്രമത്തിൽ മാത്രമെ ഫണ്ട് അനുവദിക്കുവാൻ കഴിയുകയുള്ളൂ.

(ബി) പ്രസ്തുത വില്ലേജാഫീസ് കെട്ടിടത്തിന്റെ നിലവിലെ അവസ്ഥ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; അറിയിക്കുമോ?

2019-20 പ്ലാൻ സ്കീം പ്രകാരം 5 ലക്ഷം രൂപയുടെ അറ്റകുറ്റപ്പണി 2020-ൽ പൂർത്തീകരിച്ചിട്ടുള്ളതാണ്. പ്രസ്തുത വില്ലേജാഫീസ് കെട്ടിടത്തിന്റെ നിലവിലെ അവസ്ഥ വിലയിരുത്തിയശേഷം മാത്രമെ തുടർ നടപടി സംബന്ധിച്ച തീരുമാനം എടുക്കുവാൻ കഴിയുകയുള്ളൂ.

**വാമനപുരം നിയോജകമണ്ഡലത്തിലെ സ്മാർട്ട് വില്ലേജുകൾ**

281 (5023) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ ഏതെല്ലാം വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

വാമനപുരം നിയോജകമണ്ഡലത്തിലെ വാമനപുരം, കല്ലറ, ആനാട്, പുല്ലംമ്പാറ, നെല്ലനാട് എന്നീ വില്ലേജ് ഓഫീസുകളെ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ളതും നിർവ്വഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതുമാണ്. അതിൽ വാമനപുരം, കല്ലറ, ആനാട് വില്ലേജുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

(ബി) ഏതെല്ലാം വില്ലേജ് ആഫീസുകൾ ഇനിയും സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റാനുണ്ട്; വിശദമാക്കാമോ?

വാമനപുരം നിയോജകമണ്ഡലത്തിലെ പെരിങ്ങമ്മല, പാലോട്, കുറുപുഴ, പാങ്ങോട്, പനവൂർ, തെന്നൂർ എന്നീ വില്ലേജുകളെ സ്മാർട്ട് വില്ലേജ് ഓഫീസാക്കി മാറ്റാനുണ്ട്.

(സി) സ്മാർട്ട് വില്ലേജുകളിൽ എന്തെല്ലാം സൗകര്യങ്ങൾ ഏർപ്പെടുത്താനാണ് ലക്ഷ്യമിടുന്നത് എന്നറിയിക്കാമോ?

സ്മാർട്ട് വില്ലേജ് ഓഫീസുകളിൽ നിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് സ്മാർട്ട് (SMART) റവന്യൂ

ഓഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങളും ഇ-ഗവേണൻസിന്റെ സഹായത്തോടുകൂടി വില്ലേജ് ആഫീസിൽ നിന്നുള്ള സേവനങ്ങൾ ഏതു സമയത്തും എവിടെവച്ചും ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങളുമാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളിൽ ഒരുക്കുന്നത്.

**ചേർത്തല മിനി സിവിൽ സ്റ്റേഷനിലെ സർക്കാർ സ്ഥാപനങ്ങൾ**

282 (5024) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല മിനി സിവിൽ സ്റ്റേഷനിൽ എത്ര സർക്കാർ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കാമോ?

ചേർത്തല മിനി സിവിൽ സ്റ്റേഷനിൽ നിലവിൽ 20 സർക്കാർ ഓഫീസുകൾ പ്രവർത്തിച്ചുവരുന്നു.

(ബി) പ്രസ്തുത സിവിൽ സ്റ്റേഷനിൽ സർക്കാർ ഇതര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകാമോ?

ചേർത്തല മിനി സിവിൽ സ്റ്റേഷനിൽ സർക്കാർ ഇതര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല.

(സി) സിവിൽ സ്റ്റേഷന്റെ കോമ്പൗണ്ടിലുള്ള ഏതെങ്കിലും കെട്ടിടം വാടകയ്ക്ക് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

ചേർത്തല മിനി സിവിൽ സ്റ്റേഷന്റെ കോമ്പൗണ്ടിലുള്ള കെട്ടിടം വാടകയ്ക്ക് നൽകിയിട്ടില്ല.

**ഗുരുവായൂർ ഫയർ സ്റ്റേഷൻ നിർമ്മാണം**

283 (5025) ശ്രീ. എൻ. കെ. അക്ബർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ഫയർ സ്റ്റേഷൻ നിർമ്മാണത്തിനായി ദേവസ്വം ഭൂമി തരംമാറ്റുന്നതിന് ഗുരുവായൂർ ദേവസ്വം ബോർഡ് സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഗുരുവായൂർ ഫയർ സ്റ്റേഷൻ നിർമ്മാണത്തിനായി ദേവസ്വം ഭൂമി തരംമാറ്റുന്നത് സംബന്ധിച്ച വിഷയത്തിന്മേലുള്ള ലാൻഡ് റവന്യൂ കമ്മീഷണറുടെ

അഭിപ്രായം സഹിതം പ്രൊപ്പോസൽ ലഭ്യമാക്കുന്നതിനായി തൃശ്ശൂർ റവന്യൂ ഡിവിഷണൽ ഓഫീസർക്ക് നിർദ്ദേശം നല്കിയിട്ടുള്ളതാണ്.

(ബി) ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട് തൃശ്ശൂർ ആർ.ഡി.ഒ. ഓഫീസിൽ എത്ര ഫയലുകളാണ് തീർപ്പാക്കാനുള്ളത് എന്ന് തദ്ദേശഭരണ സ്ഥാപനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

തദ്ദേശഭരണ സ്ഥാപനം തിരിച്ചുള്ള കണക്ക് ക്രോഡീകരിച്ചുവരുന്നു. ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട് തൃശ്ശൂർ റവന്യൂ ഡിവിഷണൽ ഓഫീസിൽ നിലവിലുള്ള 4923 അപേക്ഷകൾ തീർപ്പാക്കാനായി ശേഷിക്കുന്നുണ്ട്.

(സി) പ്രസ്തുത ഫയലുകൾ വേഗത്തിൽ തീർപ്പാക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട് തീർപ്പാക്കാൻ ബാക്കിയുള്ള ഫയലുകൾ അടിയന്തര പ്രാധാന്യം നൽകി എത്രയും വേഗത്തിൽ തീർപ്പാക്കുന്നതിനുവേണ്ടി മാത്രമായി കൂടുതൽ ക്ലാർക്കുമാരെ നിയോഗിച്ചിട്ടുള്ളതും അപേക്ഷകളിൽ റിപ്പോർട്ട് ലഭ്യമാകുന്നതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ച് വരുന്നതുമാണ് .

## കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ വില്ലേജ് ഓഫീസുകളുടെ നവീകരണം

284 (5026) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ മഴുവന്നൂർ, ഐക്കരനാട് നോർത്ത് കുന്നത്തുനാട്, മാരമ്പിള്ളി, പുത്തൻകുരിശ് വില്ലേജ് ആഫീസുകൾക്ക് പരിമിതമായ അടിസ്ഥാന സൗകര്യങ്ങളാണുള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത വില്ലേജ് ആഫീസുകൾ നവീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഓരോ സാമ്പത്തിക വർഷവും സ്മാർട്ട് വില്ലേജ്/അടിസ്ഥാന സൗകര്യ വികസനം പദ്ധതിക്കായുള്ള ബഡ്ജറ്റ് വിഹിതം അനുസരിച്ച് മുൻഗണനാ ക്രമത്തിൽ മാത്രമെ ഫണ്ട് അനുവദിക്കുവാൻ കഴിയുകയുള്ളൂ. ആയതനുസരിച്ച് പ്രസ്തുത വില്ലേജ് ഓഫീസുകൾ നവീകരിക്കുന്ന വിഷയം പരിഗണിക്കുന്നതാണ്.

## ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ വില്ലേജുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി

285 (5027) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ കൊയിലാണ്ടി, താമരശ്ശേരി താലൂക്കുകളിലായി ഏതൊക്കെ വില്ലേജുകൾക്കാണ് അടിയന്തരമായി പുതിയ കെട്ടിടം നിർമ്മിക്കേണ്ടത്; ഇതുസംബന്ധിച്ച് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

അടിയന്തരമായി പുതിയ കെട്ടിടം നിർമ്മിക്കേണ്ട കൊയിലാണ്ടി താലൂക്കിലെ അവിടനല്ലൂർ, കൂരാച്ചുണ്ട് താമരശ്ശേരി താലൂക്കിലെ പനങ്ങാട്, കാന്തലാട് എന്നീ വില്ലേജുകൾ റീബിൽഡ് കേരള പദ്ധതിയിലും കൊയിലാണ്ടി താലൂക്കിലെ ഉള്ള്യേരി (സ്മാർട്ട് വില്ലേജ്), താമരശ്ശേരി താലൂക്കിലെ കിനാലൂർ (ആവശ്യാനുസരണം അഡീഷണൽ റൂം & ചുറ്റുമതിൽ നിർമ്മാണം) എന്നീ വില്ലേജുകൾ പ്ലാൻ ഫണ്ട് പദ്ധതിയിലും ഉൾപ്പെടുത്തി ഭരണാനുമതിയും ഫണ്ടും അനുവദിച്ചിട്ടുള്ളതും തുടർനടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

കൊയിലാണ്ടി താലൂക്കിലെ അത്തോളി, താമരശ്ശേരി താലൂക്കിലെ ശിവപുരം എന്നീ വില്ലേജുകൾക്ക് ഭൂമി ലഭ്യമായ സാഹചര്യത്തിൽ വരുംവർഷങ്ങളിലെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി പുതിയ കെട്ടിടം നിർമ്മിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. ബാലുശ്ശേരി വില്ലേജിന് ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന്റെ ഭാഗമായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) മുൻസർക്കാരിന്റെ ഭരണകാലത്ത് ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ എത്ര വില്ലേജുകൾക്കാണ് പുതിയ കെട്ടിടത്തിനായി ഫണ്ട് ലഭ്യമാക്കിയിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

2018-19 വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി കായണ്ണ വില്ലേജിന് ഭരണാനുമതിയും ഫണ്ടും ലഭ്യമാക്കി നിർമ്മാണപ്രവർത്തനം പൂർത്തീകരിച്ച് വില്ലേജ് ഓഫീസ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതുമാണ്. കൂടാതെ കിനാലൂർ (ആവശ്യാനുസരണം അഡീഷണൽ റൂം & ചുറ്റുമതിൽ നിർമ്മാണം) വില്ലേജ് 2020-21 വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തിയും അവിടനല്ലൂർ, കൂരാച്ചുണ്ട്, പനങ്ങാട്, കാന്തലാട് എന്നീ വില്ലേജുകൾ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി

ഭരണാനുമതിയും ഫണ്ടും ലഭ്യമായിട്ടുള്ളതും ആയതിൽ തുടർനടപടി സ്വീകരിച്ചു വരുന്നതുമാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ എത്ര വില്ലേജുകളാണ് സ്മാർട്ട് വില്ലേജ് ആക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

2021-22 വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ഉള്ള്യേരി വില്ലേജിന് ഭരണാനുമതിയും ഫണ്ടും ലഭ്യമായിട്ടുള്ളതും ആയതിൽ തുടർ നടപടി സ്വീകരിച്ച് വരുന്നതുമാണ്.

## നടുവണ്ണൂർ ഗ്രാമപഞ്ചായത്തിന് കെട്ടിടം നിർമ്മിക്കുവാൻ ഭൂമി

286 (5028) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ഥലപരിമിതികാരണം ബുദ്ധിമുട്ട് അനുഭവിക്കുന്ന നടുവണ്ണൂർ ഗ്രാമപഞ്ചായത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി കരുവണ്ണൂർ റീ സർവ്വെ നം. 94/4-ൽ ഉൾപ്പെട്ട 30 സെന്റ് നി.കെ. ഭൂമി വിട്ടുകൊടുക്കുന്നതിന് തടസ്സമുണ്ടോയെന്ന് അറിയിക്കുമോ?

നടുവണ്ണൂർ ഗ്രാമപഞ്ചായത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി കരുവണ്ണൂർ റീസർവ്വെ നം. 94/4-ൽ ഉൾപ്പെട്ട 30 സെന്റ് നി.കെ. ഭൂമി വിട്ടുകൊടുക്കുന്നതിന് തടസ്സമില്ല. ആയതിലേയ്ക്കുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത ഭൂമി ഗ്രാമപഞ്ചായത്തിന് വിട്ടുനൽകുന്നതിനായി ഗ്രാമപഞ്ചായത്ത് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത ഭൂമി വിട്ടുനൽകുന്നതിനായി ഗ്രാമപഞ്ചായത്ത് അപേക്ഷ ലാൻഡ് റവന്യൂ കമ്മീഷണർക്ക് സമർപ്പിച്ചിട്ടുണ്ട്.

## എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട തഹസീൽദാർമാരുടെ പ്രൊമോഷൻ

287 (5029)<u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ എത്ര തഹസീൽദാർ/ഡെപ്യൂട്ടി തഹസീൽദാർ ജോലി ചെയ്തുവരുന്നുവെന്ന് അറിയിക്കുമോ?

റവന്യൂ വകുപ്പിൽ ഡെപ്യൂട്ടി തഹസീൽദാർ/ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ 1295 ജീവനക്കാരും തഹസീൽദാർ തസ്തികയിൽ 331 ജീവനക്കാരും, സീനിയർ സൂപ്രണ്ട് തസ്തികയിൽ 63 പേരും നിലവിൽ ജോലി ചെയ്തുവരുന്നു.

(ബി) അൻപത് വയസ്സും പ്രൊബേഷനും പൂർത്തിയായ എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട ഡെപ്യൂട്ടി തഹസീൽദാർമാർക്ക് താൽക്കാലികമായി പ്രൊമോഷൻ നല്കാൻ കെ.എസ്. & എസ്.എസ്.ആർ. റൂൾ 13(A)(1)(a) പാർട്ട് II-ൽ വ്യവസ്ഥയുള്ളപ്പോൾ ആയതിനുള്ള തടസ്സമെന്താണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത വിഷയം പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

(ബി&സി) ഡെപ്യൂട്ടി തഹസീൽദാർ തസ്തികയിലുള്ള ജീവനക്കാർക്ക് കേരള റവന്യൂ സർവ്വീസ് (തഹസീൽദാർ) സ്പെഷ്യൽ റൂൾ 1980 ചട്ടം 6(എ) പ്രകാരം അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള നിയമബിരുദം അല്ലെങ്കിൽ ക്രിമിനൽ ജുഡിഷ്യറി ടെസ്റ്റ് പാസ്സായിരിക്കണം എന്നത് തഹസീൽദാർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റത്തിനുള്ള നിർബന്ധിത യോഗ്യതയാണ്. 1958-ലെ കെ.എസ്.&എസ്.എസ്.ആർ റൂൾ 13(A) (1) (a) പ്രകാരം ഒരു സർവ്വീസിലെ സ്പെഷ്യൽ റൂൾസ് ഡിപ്പാർട്ടുമെന്റൽ ടെസ്റ്റ് പാസ്സാകേണ്ടതാണെന്ന് നിർദ്ദേശിക്കുന്നിടത്ത് അങ്ങനെയുള്ള ടെസ്റ്റ് പാസ്സായിട്ടില്ലാത്ത എന്നാൽ അങ്ങനെയുള്ള തസ്തികയിലേയ്ക്കോ മറ്റ് പ്രകാരത്തിൽ നിയമനത്തിനുവേണ്ടി യോഗ്യതയുള്ളതും അനുയോജ്യനുമായ പട്ടികജാതികളിൽ അല്ലെങ്കിൽ പട്ടികവർഗ്ഗങ്ങളിൽ ഏതിലെങ്കിലുംപെടുന്ന സർവ്വീസിലെ ഒരംഗത്തിന് അതിൽ താൽക്കാലിക നിയമനം നല്കാവുന്നതാണെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. അനിവാര്യമായ യോഗ്യതയിൽ ഇളവ് അനുവദിച്ച് സ്ഥാനക്കയറ്റം നൽകാൻ നിലവിൽ വ്യവസ്ഥയില്ല.

(ഡി) പട്ടികജാതിക്കാരായ ഉദ്യോഗസ്ഥർക്ക് ഇളവ് നൽകി പ്രൊമോഷനിൽ ആനുപാതിക പ്രാതിനിധ്യം പൂർത്തീകരിച്ച് ഭരണഘടനാപരമായ നീതി ഉറപ്പുവരുത്താൻ പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുമോയെന്ന് വിശദമാക്കാമോ?

പട്ടികജാതി/പട്ടികവർഗ്ഗത്തിൽ ഉൾപ്പെടുന്ന ജീവനക്കാരുടെ അഭാവം ഉണ്ടാകുന്ന അവസരങ്ങളിൽ ആനുപാതിക പ്രാതിനിത്യം ഉറപ്പുവരുത്തുന്നതിന് പ്രസ്തുത തസ്തികകളിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന നിയമനം നടത്തുകയാണ് ചെയ്യുന്നത്. നിലവിൽ റവന്യൂ വകുപ്പിൽ പട്ടികജാതി/പട്ടികവർഗ്ഗത്തിൽ ഉൾപ്പെടുന്ന 6 തഹസീൽദാർമാരുടെ കുറവുണ്ടെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം നടത്തുന്നതിനായി 6 തസ്തികകൾ സംവരണം ചെയ്ത് 20-7-2021-ലെ ജി.ഒ.(എം.എസ്) 131/21/ആർ.ഡി. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന നിയമനം നടത്തുന്നതിനുള്ള നടപടികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സ്വീകരിച്ച് വരുന്നു.

## അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ വിധി

288 (5030) ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ ക്ലാസ്സ് IV ജീവനക്കാരിയായിരുന്ന പ്രീത കെ. യു-ന് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 23-8-2016-ലെ ഒ.എ[ഇ.കെ.എം]-715 നമ്പർ ഉത്തരവ് പ്രകാരം ക്ലറിക്കൽ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ബി) ഉണ്ടെങ്കിൽ നിയമിച്ച തീയതി, ഓഫീസ്, എന്നിവ സംബന്ധിച്ച വിവരങ്ങൾ വ്യക്തമാക്കുമോ;

(സി) നിയമന ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(ബി&സി) നിയമനം നൽകിയിട്ടില്ല.

## കൊയിലാണ്ടി താലൂക്ക് ഓഫീസിന് മുന്നിലെ വാഹനങ്ങൾ നീക്കം ചെയ്യുന്നതിന് നടപടി

289 (5031) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി താലൂക്ക് ഓഫീസിലേയ്ക്കുള്ള പ്രധാന വഴിയിൽ മണൽ കടത്തിന്റെ ഭാഗമായി പിടിച്ചിട്ടിരിക്കുന്ന ലോറികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. അനധികൃതമായി മണൽ കടത്തിന് പിടിച്ചെടുത്ത വാഹനങ്ങളാണ് ഇങ്ങനെ സൂക്ഷിച്ചിരിക്കുന്നത്.

(ബി) പ്രസ്തുത വാഹനങ്ങൾ നീക്കം ചെയ്യുവാൻ ജില്ലാഭരണകൂടം (റവന്യൂ വിഭാഗം) നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കൊയിലാണ്ടി താലൂക്ക് പരിധിയിൽ ഇങ്ങനെ കണ്ടുകെട്ടുന്ന വാഹനങ്ങൾ സൂക്ഷിക്കാൻ മറ്റ് സ്ഥലമില്ല. മണൽകടത്തിന് പിടിച്ചെടുത്ത വാഹനങ്ങളിൽ നിയമനടപടികൾ എത്രയുംപെട്ടെന്ന് പൂർത്തിയാക്കാനുള്ള നിർദ്ദേശം വടകര ആർ.ഡി.ഒ-യ്ക്ക് നൽകിയിട്ടുണ്ട്. ഇതനുസരിച്ചുള്ള നടപടിക്രമങ്ങൾ പുരോഗമിച്ച് വരികയാണ്.

(സി) വാഹനങ്ങൾ അടിയന്തരമായി നീക്കംചെയ്തുവഴി പൊതുജനങ്ങൾക്ക് സുഗമമാക്കി നൽകാൻ നടപടി സ്വീകരിക്കുമോ; എന്നത്തേയ്ക്ക് ഇത് നടപ്പാക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

അടിയന്തരമായി വാഹനങ്ങൾ നീക്കംചെയ്ത് വഴി പൊതുജനങ്ങൾക്ക് സുഗമമാക്കി നൽകാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**അങ്കമാലി നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതി**

290 (5032) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതി സംബന്ധിച്ച് വാട്ടർ അതോറിറ്റി കൊച്ചി റവന്യൂ ഡിവിഷൻ ഓഫീസിൽ നൽകിയ പ്രൊപ്പോസൽ ഫയൽ (E1/427862/21) പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഫയൽ അടിയന്തരമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഇനിയെന്തെങ്കിലും പരിശോധന നടത്തേണ്ടതുണ്ടോയെന്ന് വ്യക്തമാക്കുമോ; ഫയൽ എന്നത്തേക്ക് തീർപ്പാക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

(ബി&സി) ഉണ്ട്. ആലുവ താലൂക്ക് അയ്യമ്പുഴ വില്ലേജ് ബ്ലോക്ക് 18-ൽ ജല സംഭരണി നിർമ്മിക്കുന്നതിനുള്ള ഭൂമി അളന്ന് തിട്ടപ്പെടുത്തി നല്കിയിട്ടുള്ളതായും തുറവൂർ വില്ലേജ് സർവ്വെ നമ്പർ 534/4-ൽപ്പെട്ട വസ്തുവിൽ പുറമ്പോക്ക് കയ്യേറ്റവുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിൽ കേസ് നിലവിലുള്ളതിനാൽ തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിച്ചിട്ടില്ലാത്തതും വടക്കുംഭാഗം വില്ലേജ് ബ്ലോക്ക് 28-ൽപ്പെട്ട 04.10 ആർ വസ്തുവിൽ ജലസംഭരണി നിർമ്മിക്കുന്നതിന് അനുബന്ധ രേഖകൾ സഹിതം റിപ്പോർട്ട് റവന്യൂ ഡിവിഷണൽ ഓഫീസർ ഫോർട്ട് കൊച്ചിക്ക് സമർപ്പിച്ചിട്ടുള്ളതും തുടർനടപടികൾ അടിയന്തരമായി സ്വീകരിച്ച് ശിപാർശ സമർപ്പിക്കുവാൻ ആർ.ഡി.ഒ-ക്ക് നിർദ്ദേശം നല്കിയിട്ടുള്ളതുമാണ്

**അനന്തരാവകാശ സർട്ടിഫിക്കറ്റ് അടിയന്തരമായി ലഭ്യമാക്കാൻ നടപടി**

291 (5033) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേശീയപാത നവീകരണം, കെ-റെയിൽ പദ്ധതി എന്നിവയ്ക്ക് ഭൂമി വിട്ടുനൽകുന്നവർക്ക് നഷ്ടപരിഹാരത്തിന് അപേക്ഷിക്കുന്നതിനാവശ്യമായ അനന്തരാവകാശ സർട്ടിഫിക്കറ്റ് അടിയന്തരമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാമോ?

ലാൻഡ് റവന്യൂ മാന്വൽ വാല്യം 6, ഖണ്ഡിക 236-ൽ പരാമർശിച്ചിട്ടുള്ള നടപടിക്രമങ്ങൾക്കും നിർദ്ദേശങ്ങൾക്കും അനുസൃതമായാണ് നിലവിൽ അനന്തരാവകാശ സർട്ടിഫിക്കറ്റ് നൽകിവരുന്നത്. അനന്തരാവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിന് മുൻഗണന നിശ്ചയിച്ചിട്ടില്ല.

**അങ്കമാലി നിയോജകമണ്ഡലത്തിൽ അടിയന്തര ശ്രദ്ധ നൽകേണ്ട കാര്യങ്ങൾ**

292 (5034) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ റവന്യൂ, സർവ്വേ വകുപ്പുകളിലെ വിവിധ പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ 5-8-2021-ന് ഐ.എൽ.ഡി.എം-ൽ ചേർന്ന യോഗത്തിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത യോഗ തീരുമാനങ്ങൾക്കനുസൃതമായി ജനകീയ വിഷയങ്ങളിൽ കാലതാമസമില്ലാതെ അനുകൂല തീരുമാനങ്ങളെടുത്ത് നടപടികൾ വേഗത്തിലാക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) റവന്യൂ വകുപ്പ് നടപ്പിലാക്കുന്ന വിഷൻ ആൻഡ് മിഷൻ 2021-2026 പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ നിയമസഭാ സാമാജികരുടെയും അഭിപ്രായങ്ങളും നിവേദനങ്ങളും ശിപാർശകളും കേൾക്കുന്നതിനും സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിനുമായി നിയമസഭാ സാമാജികരുടെ ജില്ല തിരിച്ചുള്ള യോഗം റവന്യൂ അസ്സംബ്ലി എന്ന പേരിൽ തിരുവനന്തപുരം ഐ.എൽ.ഡി.എം-ൽ കൂടിയിട്ടുള്ളതും അതിന്റെ ഭാഗമായി എറണാകുളം ജില്ലയിലെ നിയമസഭാ സാമാജികരുടെ യോഗം 5.8.2021-ന് കൂടിയിട്ടുള്ളതുമാണ്. യോഗത്തിൽ എം.എൽ.എ. ഉന്നയിച്ച ശിപാർശകളും അഭിപ്രായങ്ങളും അതുപോലെ രേഖാമൂലം സമർപ്പിച്ചവയും ഉൾപ്പെടുത്തി ഡാഷ് ബോർഡ് രൂപീകരിച്ചിട്ടുള്ളതും നിയമസഭാ സാമാജികർക്ക് തങ്ങൾ സമർപ്പിച്ചിട്ടുള്ള ആവശ്യങ്ങളുടെ പുരോഗതി ഡാഷ് ബോർഡ് വഴി വിലയിരുത്താൻ സാധിക്കുകയും ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് ഡാഷ് ബോർഡ് പരിശോധിച്ച് സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിനും വിവരം നിയമസഭാ സാമാജികരെ അറിയിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. ഇപ്രകാരം ഉൾപ്പെടുത്തിയ ശിപാർശകളും നിവേദനങ്ങളും അഭിപ്രായങ്ങളും പരിശോധിച്ച് ആയവ ജനോപകാരപ്രദമായ രീതിയിൽ നിശ്ചിത സമയപരിധിക്കുള്ളിൽ തീർപ്പാക്കാനാണ് ലക്ഷ്യമിടുന്നത്. എം.എൽ.എ. ഉന്നയിച്ച ജനകീയ വിഷയങ്ങളിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുവാൻ ഇതുമൂലം കഴിയുന്നതാണ്.

(സി) പ്രസ്തുത യോഗത്തിൽ അങ്കമാലി നിയോജകണ്ഡലത്തിൽ അടിയന്തര ശ്രദ്ധ നൽകേണ്ടതായി കണ്ടെത്തിയ കാര്യങ്ങൾ പട്ടിക തിരിച്ച് ലഭ്യമാക്കുമോ?

അങ്കമാലി നിയോജകമണ്ഡലത്തിൽ അടിയന്തര പരിഗണനയ്ക്കായി ഉൾപ്പെടുത്തിയ കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

1. അങ്കമാലിയിൽ തുറവൂർ വില്ലേജിൽ 3½ ഏക്കർ സർക്കാർ പുറമ്പോക്കുമായി ബന്ധപ്പെട്ട വിഷയം.
2. അയ്യമ്പുഴ വില്ലേജിലെ പാണ്ടുപാറയിലെ 120-ഓളം കുടുംബങ്ങൾക്ക് പട്ടയം നൽകാനുള്ള നടപടി സ്വീകരിക്കൽ.
3. അങ്കമാലി വില്ലേജിലെ ഫെയർ വാല്യൂവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ.
4. അയ്യമ്പുഴ വില്ലേജാഫീസ് സ്മാർട്ടാക്കൽ.
5. മലയാറ്റൂർ-നീലേശ്വരം പഞ്ചായത്തിൽ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് കൈവശം വച്ചിരിക്കുന്ന സ്ഥലത്ത് പൊതു കളിസ്ഥലം നിർമ്മിക്കുന്നതിനായി അനുവാദം നൽകുന്നതിനുള്ള നടപടി സ്വീകരിക്കൽ.
6. മലയാറ്റൂർ-നീലേശ്വരം പഞ്ചായത്തിൽ കൊമറ്റം കമ്പിനിപ്പടി ഭാഗത്ത് പെരിയാറിനോട് ചേർന്ന പുറമ്പോക്കുസ്ഥലം അളന്ന് തിട്ടപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കൽ.
7. കുറുകുറ്റി വില്ലേജാഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ഒരു മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കൽ.
8. നിയോജകമണ്ഡലത്തിലെ തകർന്ന് വീഴാറായ വില്ലേജാഫീസുകൾ പുനർനിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കൽ.
9. ഫോർട്ട് കൊച്ചി ആർ.ഡി.ഒ. ഓഫീസ് കാക്കനാട് സിവിൽ സ്റ്റേഷനിൽ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കൽ.

**പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ**

293 (5035) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം വില്ലേജ് ഓഫീസുകളെയാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റുന്നതെന്ന് വ്യക്തമാക്കാമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ കൂവപ്പള്ളി, കൂട്ടിക്കൽ, പൂഞ്ഞാർ തെക്കേക്കര, ഈരാറ്റുപേട്ട, മുണ്ടക്കയം എന്നീ 5 വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും പദ്ധതിയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

## തദ്ദേശഭരണ സ്ഥാപനങ്ങളിലെ വികസന പ്രവർത്തനങ്ങൾ

294 (5036) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളിലെ വികസനപ്രവർത്തനങ്ങൾക്കായി സർക്കാർ അധീനതയിലുള്ള പുറമ്പോക്ക് ഭൂമി ആവശ്യപ്പെടുമ്പോൾ അവ വിട്ടുനല്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കുവാൻ വർഷങ്ങൾ എടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

തദ്ദേശഭരണ സ്ഥാപനങ്ങളിലെ വികസന പ്രവർത്തനങ്ങൾക്കായി സർക്കാർ അധീനതയിലുള്ള പുറമ്പോക്ക് ഭൂമി ആവശ്യപ്പെടുമ്പോൾ അവ വിട്ടുനല്കുന്നതിനുള്ള നിയമപരമായ നടപടിക്രമങ്ങൾ പൂർത്തിയാക്കുവാൻ ചെറിയ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിലും സമയബന്ധിതമായി നടപടികൾ പൂർത്തിയാക്കുവാൻ പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിൽ അത്തരത്തിൽ ഭൂമി ആവശ്യപ്പെട്ടിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ ഏതെല്ലാമെന്നും ഏതെല്ലാം പദ്ധതികൾക്ക് വേണ്ടിയാണെന്നും വ്യക്തമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽ അത്തരത്തിൽ ഭൂമി ആവശ്യപ്പെട്ടിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

## റവന്യൂ വകുപ്പിൽ കോൾ സെന്റർ

295 (5037) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുമായും ഭൂമി ഇടപാടുകളുമായും ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുള്ള സംശയങ്ങൾ തീർക്കാൻ കോൾ സെന്റർ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

റവന്യൂ വകുപ്പിലെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പൊതുജനങ്ങളുടെ സംശയങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനായി 2021 ഒക്ടോബർ 1 മുതൽ റവന്യൂ കോൾ സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) ഇതിനായി നിലവിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

ഐ.റ്റി. മിഷന്റെ പട്ടം ഓഫീസിലാണ് നിലവിൽ റവന്യൂ കോൾ സെന്റർ പ്രവർത്തിക്കുന്നത്. ഇതിനായി 1800 425 5255 എന്ന ടോൾ ഫ്രീ നമ്പർ സജ്ജീകരിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനത്തിനായി റവന്യൂ വകുപ്പിലുള്ള ഒരു ജൂനിയർ സൂപ്രണ്ടിനെ നോഡൽ ഓഫീസറായും 2 സീനിയർ ക്ലാർക്ക്, 1 ക്ലാർക്ക് എന്നിവരടങ്ങുന്ന ഒരു ടീമിനെ കോൾ സെന്റർ കൈകാര്യം ചെയ്യുന്നതിന് പരിശീലനം നൽകി നിയമിച്ചിട്ടുണ്ട്. കൂടാതെ വിവിധ വിഷയങ്ങളിൽ വിദഗ്ധരായ ഇരുപത്തിയൊന്ന് റവന്യൂ ഉദ്യോഗസ്ഥരുടെ സേവനം ഓൺലൈനിൽ ലഭ്യമാകത്തക്ക സംവിധാനവും സജ്ജീകരിച്ചിട്ടുണ്ട്. കേരളത്തിലെ റവന്യൂ വകുപ്പിനെ സംബന്ധിച്ച ഏതൊരു സംശയത്തിനും ലോകത്തെവിടെനിന്നും ബന്ധപ്പെട്ട് സംശയം ദൂരീകരിക്കുന്നതിനാണ് ഈ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്. ഈ സംവിധാനം നിലവിൽ വന്ന 1-10-2021 -മുതൽ 27-10-2021 വരെ 12093 കോളുകൾ ലഭിച്ചിട്ടുള്ളതും അവക്ക് മറുപടി നൽകിയിട്ടുള്ളതുമാണ്. ഇതുകൂടാതെ വിവിധ ജില്ലകളുമായി ബന്ധപ്പെട്ട പരാതികളിൻമേൽ എസ്.എം.എസ്. മുഖേനയും ഇ-മെയിൽ മുഖേനയും ബന്ധപ്പെട്ടവരിൽ നിന്നും വിവരങ്ങൾ ആരാഞ്ഞ് മറുപടി നൽകുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും കോൾ സെന്റർ ആരംഭിക്കുന്നതിനും ഇതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനം നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കേരളത്തിലെ റവന്യൂ വകുപ്പിനെ സംബന്ധിച്ച ഏതൊരു സംശയത്തിനും ലോകത്തെവിടെ നിന്നും സംശയം ദൂരീകരിക്കുന്നതിനാണ് ടോൾ ഫ്രീ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുള്ളത്. വിവിധ ജില്ലകളുമായി ബന്ധപ്പെട്ട പരാതികളിന്മേൽ എസ്.എം.എസ്. മുഖേനയും ഇ-മെയിൽ മുഖേനയും ബന്ധപ്പെട്ടവരിൽനിന്നും വിവരങ്ങൾ ആരാഞ്ഞ് മറുപടി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. റവന്യൂ കോൾ സെന്ററിന്റെ പ്രവർത്തനത്തിനായി റവന്യൂ വകുപ്പിലുള്ള ഒരു ജൂനിയർ സൂപ്രണ്ട്, 2 സീനിയർ ക്ലാർക്ക്, 1 ക്ലാർക്ക് എന്നിവരടങ്ങുന്ന ഒരു ടീമിനെ പരിശീലനം നൽകി നിയമിച്ചിട്ടുണ്ട്.

### പുറമ്പോക്ക് ഭൂമി അനധികൃതമായി കൈവശപ്പെടുത്തൽ

296 (5038) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ പുറമ്പോക്ക് ഭൂമി അനധികൃതമായി കൈവശപ്പെടുത്തുകയും റീസർവ്വേ സമയത്ത് റവന്യൂ ലിസ്റ്റിൽ ഉൾപ്പെടുത്തി ബി.ടി.ആർ. പ്രകാരം തണ്ടപ്പേർ പിടിച്ച് കരം അടയ്ക്കുകയും ചെയ്യുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ ഇത്തരം ഭൂമി തിരികെ പിടിച്ച് ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഇത്തരം കേസ്സുകളിൽ കേരള ഭൂസംരക്ഷണ നിയമം 1957-ഉം 1958-ലെ അനുബന്ധ ചട്ടത്തിലെയും 2009-ലെ ഭൂസംരക്ഷണ ഭേദഗതി നിയമത്തിലെയും വ്യവസ്ഥകൾ പ്രകാരം ടി ഭൂമി സർക്കാർ അധീനതയിൽ ഏറ്റെടുക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. ഇപ്രകാരം ഏറ്റെടുത്ത ശേഷം തുടർനടപടികൾ സ്വീകരിക്കുന്നതുമാണ് .

### റവന്യൂ വകുപ്പിലെ ജോലിഭാരം ലഘൂകരിക്കുന്നതിനുള്ള നടപടി

297 (5039) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വില്ലേജ് ഓഫീസുകൾ ഉൾപ്പെടെയുള്ള റവന്യൂ വകുപ്പിന്റെ ഓഫീസുകളിലെ അമിത ജോലിഭാരം ലഘൂകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

വില്ലേജ് ഓഫീസുകളിലെയും മറ്റ് റവന്യൂ ഓഫീസുകളിലെയും ജോലിഭാരം ലഘൂകരിക്കുന്നത് സംബന്ധിച്ച് ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പ് പഠനം നടത്തി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരികയാണ്.

### മാവേലിക്കര താലൂക്കിലെ മണ്ഡപത്തിൻകടവ് നിലനില്ക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥത

298 (5040) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര താലൂക്കിലെ മാവേലിക്കര വില്ലേജിൽ ഉൾപ്പെട്ട മണ്ഡപത്തിൻകടവ് നിലനില്ക്കുന്ന സ്ഥലം ആരുടെ/ഏത് വകുപ്പിന്റെ ഉടമസ്ഥതയിലാണെന്ന് വ്യക്തമാക്കാമോ?

ആലപ്പുഴ ജില്ലയിലെ മാവേലിക്കര താലൂക്കിൽ മാവേലിക്കര വില്ലേജിൽ മിച്ചൽ ജംഗ്ഷന് വടക്ക് അച്ചൻകോവിലാറിന്റെ തീരത്തുള്ള മണ്ഡപത്തിൻകടവ് നിലനിൽക്കുന്നത് ബ്ലോക്ക് 13-ൽ റീസർവ്വെ 7-ൽപ്പെട്ട സ്ഥലത്താണ്. ഇത് ബി.റ്റി.ആർ. പ്രകാരം അച്ചൻകോവിലാറിന്റെ ഭാഗമാണ്. മാവേലിക്കര മുനിസിപ്പാലിറ്റിയുടെ അധീനതയിലുള്ള മണ്ഡപത്തിൻകടവിന് പ്രത്യേകമായി സർവ്വെ നമ്പർ നൽകപ്പെട്ടിട്ടില്ല. മണ്ഡപത്തിൻകടവിന്റെ ഭാഗമായ വിശ്രമകേന്ദ്രം ബ്ലോക്ക് 17, റീസർവ്വെ 2-ൽപ്പെട്ട PWD റോഡ് പുറമ്പോക്കിന്റെ ഭാഗമായി സ്ഥിതി ചെയ്യുന്നു.

(ബി) പ്രസ്തുത സ്ഥലത്തിന്റെ സ്കെച്ചിന്റെ പകർപ്പ് ലഭ്യമാക്കുമോ?

പ്രസ്തുത സ്ഥലത്തിന്റെ FMB പകർപ്പ്, BTR പകർപ്പ് എന്നിവ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

**ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പുറമ്പോക്ക് ഭൂമി**

299 (5041) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ വിവിധ വില്ലേജുകളിൽ വിവിധ ഇനങ്ങളിലായുള്ള പുറമ്പോക്ക് ഭൂമി തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ സർവ്വേ നമ്പർ, ഭൂമിയുടെ അളവ്, ഇനം എന്നിവ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ?

ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി) പ്രസ്തുത പുറമ്പോക്ക് ഭൂമി നിലവിൽ എന്തെങ്കിലും ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ?

ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ 8 വില്ലേജുകളിലെ പുറമ്പോക്ക്, തരിശ് ഭൂമിയുടെ ഉപയോഗ വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

**ബ്രിട്ടീഷ് കമ്പനികൾ കൈവശം വച്ചിരുന്ന എസ്റ്റേറ്റുകൾ**

300 (5042) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ ശിരുവാണി എസ്റ്റേറ്റ് 1947-ന് മുമ്പ് ഏത് ബ്രിട്ടീഷ് കമ്പനിയുടെ ഉടമസ്ഥതയിലായിരുന്നുവെന്ന് അറിയിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അട്ടപ്പാടിയിലെ ശിരുവാണി എസ്റ്റേറ്റ് 1947-ന് മുമ്പ് ബ്രിട്ടീഷ് കമ്പനിയുടെ ഉടമസ്ഥതയിലായിരുന്നുവെന്ന് തെളിയിക്കുന്ന രേഖകൾ ഒന്നും ലഭ്യമല്ല.

(ബി) അട്ടപ്പാടിയിൽ ബ്രിട്ടീഷ് കമ്പനികൾ കൈവശം വച്ചിരുന്ന എസ്റ്റേറ്റുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

അട്ടപ്പാടിയിൽ നിലവിലുള്ള എസ്റ്റേറ്റുകൾ ബ്രിട്ടീഷ് കമ്പനികൾ കൈവശം വച്ചിരുന്നതായി തെളിയിക്കുന്ന രേഖകൾ ഒന്നും നിലവിലില്ല.

## കാസർഗോഡ് ജില്ലയിലെ വില്ലേജുകളിൽ റീസർവ്വെ

301 (5043) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ നിലവിൽ എത്ര വില്ലേജുകളിൽ റീസർവ്വേ നടപടി പൂർത്തീകരിച്ചിട്ടുണ്ടെന്നും ഇനി എത്ര വില്ലേജുകളിൽ റീസർവ്വേ നടപടി പൂർത്തീകരിക്കാനുണ്ടെന്നും വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിലെ ആകെയുള്ള 129 വില്ലേജുകളിൽ 24 വില്ലേജുകളുടെ റീസർവ്വെ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. 105 വില്ലേജുകളുടെ റീസർവ്വെ നടപടികൾ പൂർത്തീകരിക്കാൻ ശേഷിക്കുന്നുണ്ട്. ഇതിൽ 3 വില്ലേജുകളിൽ റീസർവ്വെ നടപടികൾ ആരംഭിച്ചിട്ടുണ്ട്. 102 വില്ലേജുകളിൽ നടപടികൾ ആരംഭിച്ചിട്ടില്ല.

## ഡിജിറ്റൽ സർവ്വേ /ഇന്നവേറ്റീവ് ടെക്നോളജി സർവ്വേ

302 (5044) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റീസർവ്വേ നടന്നിടത്ത് ഉൾപ്പെടെ ഡിജിറ്റൽ സർവ്വേ/ ഇന്നവേറ്റീവ് ടെക്നോളജി സർവ്വേ ഏർപ്പെടുത്തി ഭൂമിയുടെ കൃത്യമായ അളവ് നിർണ്ണയിച്ച് തിട്ടപ്പെടുത്തുന്നതിനുള്ള പുതിയ പദ്ധതി തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ നിജസ്ഥിതിയും വിശദാംശവും ലഭ്യമാക്കുമോ; ഈ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുമോ?

സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ 911 വില്ലേജുകളുടെ റീസർവ്വെ പൂർത്തിയായെങ്കിലും 89 വില്ലേജുകളിൽ മാത്രമാണ് ഡിജിറ്റൽ മാപ്പുകളുള്ളത്. കാലഘട്ടത്തിനനുസൃതമായി ഓൺലൈൻ മുഖേനയുള്ള സേവനം സാദ്ധ്യമാക്കുന്നതിന് സംസ്ഥാനത്തെ എല്ലാ വില്ലേജുകളുടെയും ഡിജിറ്റൽ സർവ്വെ

മാപ്പുകൾ ആവശ്യമായ സാഹചര്യത്തിൽ ഡിജിറ്റൽ റിക്കാർഡുകൾ ലഭ്യമായിട്ടുള്ള 89 വില്ലേജുകളും നിലവിൽ ഡിജിറ്റൽ സർവ്വെ ജോലികൾ പുരോഗതിയിലുള്ള 27 വില്ലേജുകളും ശേഷിക്കുന്ന 1550 വില്ലേജുകൾ നൂതന സർവ്വെ സാങ്കേതിക വിദ്യകളായ CORS (Continuously Operating Reference Stations), RTK (Real Time Kinematic), Drone, ETS (Electronic Total Station) എന്നിവ പ്രയോജനപ്പെടുത്തി 4 വർഷത്തിനകം പൂർത്തിയാക്കുന്നതിനുള്ള 807.98 കോടി രൂപയുടെ പദ്ധതിക്ക് സർക്കാർ അനുമതി തത്വത്തിൽ ലഭിച്ചിട്ടുള്ളതും റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി 339.438 കോടി രൂപ ആദ്യ ഘട്ടത്തിൽ അനുവദിച്ച് ഉത്തരവായിട്ടുള്ളതുമാണ്. നാല് വർഷംകൊണ്ട് 1550 വില്ലേജുകളുടെ ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കുന്നതിനുള്ള കർമ്മപദ്ധതിയാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്. സമയബന്ധിതമായി പ്രസ്തുത പദ്ധതി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഈ പദ്ധതിപ്രകാരം അധികഭൂമി കൈവശം വച്ചിരിക്കുന്നവരെയും സർക്കാർ ഭൂമി കൈവശം വച്ചിരിക്കുന്നവരെയും കണ്ടെത്തിയാൽ പ്രസ്തുത ഭൂമി സർക്കാരിലേയ്ക്ക് കണ്ടുകെട്ടുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് സർവ്വേ നടത്തി GIS അധിഷ്ഠിത ഡിജിറ്റൽ മാപ്പുകൾ തയ്യാറാക്കുന്നതിനാൽ അധികഭൂമി കൈവശം വച്ചിരിക്കുന്നവരെയും സർക്കാർ ഭൂമി കൈവശം വച്ചിരിക്കുന്നവരെയും വളരെ വേഗത്തിൽ കണ്ടെത്തി ലാൻഡ് റവന്യൂ വകുപ്പ് മുഖേന നിയമാനുസൃത നടപടികൾ സ്വീകരിക്കാൻ സാധിക്കുന്നതാണ്.

**അമ്പലപ്പുഴ താലൂക്കിൽ റീ സർവ്വെ സംബന്ധിച്ച പരാതികൾ**

303 (5045) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ താലൂക്കിൽ റീസർവ്വെ സംബന്ധിച്ച പരാതികൾ സമയബന്ധിതമായി പരിഹരിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) റീസർവ്വെ നടപടികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി കൂടുതൽ ഉദ്യോഗസ്ഥരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

കൂടുതൽ സർവ്വെയർമാരെ നിയോഗിച്ച് റീസർവ്വെ നടപടികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

## തലപ്പിള്ളി താലൂക്കിലെ റീസർവ്വേ സംബന്ധിച്ച പരാതികൾ

304 (5046) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലപ്പിള്ളി താലൂക്കിൽ റീസർവ്വെ സംബന്ധിച്ച എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; ഇതിൽ എത്ര പരാതികൾ പരിഹരിച്ചു; വ്യക്തമാക്കാമോ?

തലപ്പിള്ളി താലൂക്കിൽ റീസർവ്വെയുമായി ബന്ധപ്പെട്ട 29,835 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിൽ 29,258 പരാതികൾ പരിഹരിച്ചിട്ടുള്ളതാണ്. 577 അപേക്ഷകൾ തീർപ്പാക്കാൻ ബാക്കിയുള്ളതുമാണ്.

(ബി) തലപ്പിള്ളി താലൂക്കിൽ റീസർവ്വെ സംബന്ധിച്ച് നിലനിൽക്കുന്ന പരാതികൾ അടിയന്തരമായി പരിഹരിക്കുന്നതിനായി പ്രത്യേക അദാലത്തുകൾ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; അറിയിക്കുമോ?

ഇത്തരത്തിലുള്ള അപേക്ഷകളുടെ മുൻഗണനാക്രമത്തിൽ ഭൂരേഖ തഹസിൽദാർമാരുടെ നേതൃത്വത്തിൽ പ്രത്യേക സർവ്വെ ടീമുകൾ പരിഹരിച്ചുവരുന്നുണ്ട്. പരാതികൾ തരംതിരിച്ച് സമയബന്ധിതമായി പൂർത്തീകരിക്കാൻ ഒരു സ്പെഷ്യൽ ഡ്രൈവ് നിലവിൽ ആരംഭിച്ചിട്ടുണ്ട്.

## കാസർഗോഡ് ജില്ലയിലെ റീസർവ്വേ നടപടികൾ

305 (5047) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ നിലവിൽ ഏതൊക്കെ വില്ലേജുകളിൽ റീസർവ്വെ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിലെ മധൂർ, പട്ടള, ഷിരിബാഗിലു, പുത്തൂർ, കുഡ്ലു, ഉദുമ, കോട്ടികുളം, പള്ളിക്കര, കീക്കാൻ, ചിത്താരി, അജാനൂർ, ഹോസ്ദുർഗ്ഗ്, ചെറുവത്തൂർ, തുരുത്തി, മാണിയാട്ട്, പിലിക്കോട്, കണ്ണൂരു, കോയിപ്പാടി, ഇച്ചിലംപാടി, മൊഗ്രാൽ, ഉപ്പള, കൊടിബയൽ, മംഗൽപാടി, മുളിഞ്ച എന്നീ വില്ലേജുകളുടെ റീസർവ്വെ പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) ഇനിയും റീസർവ്വെ നടപടികൾ തുടങ്ങാത്ത എത്ര വില്ലേജുകൾ ഉണ്ടെന്നും ഈ വില്ലേജുകളിലെ സർവ്വേ നടപടികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ ആകെയുള്ള 129 വില്ലേജുകളിൽ 102 വില്ലേജുകളിൽ റീസർവ്വെ നടപടികൾ ആരംഭിച്ചിട്ടില്ല. സംസ്ഥാനത്താകെയുള്ള

1666 വില്ലേജുകളിൽ ഡിജിറ്റൽ രീതിയിൽ റീസർവ്വെ പൂർത്തീകരിച്ച 89 വില്ലേജുകളും നിലവിൽ ഡിജിറ്റൽ രീതിയിൽ സർവ്വെ ചെയ്യുന്ന 27 വില്ലേജുകളും ഒഴികെ ശേഷിക്കുന്ന 1550 വില്ലേജുകൾ നൂതന സർവ്വെ സാങ്കേതിക വിദ്യകളായ Continuously Operating Reference Station (CORS), Real-time kinematic positioning (RTK), Drone, ETS എന്നീ ഉപകരണങ്ങളുടെ സഹായത്താൽ ഡിജിറ്റൽ സർവ്വെ നാല് വർഷത്തിനകം പൂർത്തിയാക്കുന്നതിന് ലക്ഷ്യമിടുന്നു. ടി സാങ്കേതിക വിദ്യയിൽ കൂടുതൽ പരിജ്ഞാനമുള്ള സർവ്വേ ഓഫ് ഇന്ത്യ മുഖേന ഇത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ വകുപ്പിലെ ഉദ്യോഗസ്ഥരുടെയും കോൺട്രാക്ട് സർവ്വേയർമാരുടെയും സേവനം വിനിയോഗിച്ച് സർവ്വെ ചെയ്യുന്നതിന് ലക്ഷ്യമിടുന്നതും പദ്ധതിയ്ക്കാവശ്യമായ തുക Rebuild Kerala Initiative (RKI)-ൽ നിന്ന് ലഭ്യമായിട്ടുള്ളതുമാണ്. പ്രസ്തുത നടപടികൾ പൂർത്തിയാകുന്നമുറയ്ക്ക് കാസർഗോഡ് ജില്ലയിലെ ശേഷിക്കുന്ന വില്ലേജുകൾക്ക് മുൻഗണന നൽകി റീസർവ്വെ ജോലികൾ കൂടുതൽ കൃത്യതയോടും സമയബന്ധിതമായും പൂർത്തിയാക്കുവാൻ സാധിക്കുന്നതാണ്.

### ആശ്വാസ് വാടക വീട് പദ്ധതി

306 (5048) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കുന്ന ആശ്വാസ് വാടക വീട് പദ്ധതി ഏതൊക്കെ മെഡിക്കൽ കോളേജുകളിൽ നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ആലപ്പുഴ, തൃശ്ശൂർ മെഡിക്കൽ കോളേജ് ക്യാമ്പസുകളിൽ ആശ്വാസ് വാടക വീട് പദ്ധതികളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. കണ്ണൂർ മെഡിക്കൽ കോളേജിന് സമീപം ആശ്വാസ് വാടക വീട് പദ്ധതി നടപ്പാക്കുന്നതിന് 2021-22 സാമ്പത്തിക വർഷം അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി ഇടുക്കി ഗവ. മെഡിക്കൽ കോളേജിൽ നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഇല്ല. ഇടുക്കി ഗവൺമെന്റ് മെഡിക്കൽ കോളേജിന് സമീപം ആശ്വാസ് വാടക വീട് പദ്ധതി വരുംവർഷങ്ങളിലെ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## ഹൈഡ്രോഗ്രാഫിക് സർവ്വെ വിംഗിന്റെ പ്രവർത്തനം

307 (5049) ശ്രീ. കെ. ജെ. മാക്സി:
ശ്രീമതി ദെലീമ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉൾനാടൻ ജലമാർഗ്ഗം വഴിയുള്ള ചരക്ക് ഗതാഗതത്തിനും ചെറുകിട തുറമുഖങ്ങളുടെ വികസനത്തിനും ആവശ്യമായ ഹൈഡ്രോഗ്രാഫിക് ഡാറ്റ ശേഖരിക്കുന്നതിന്റെ ഭാഗമായി സ്ഥാപിച്ച ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രധാനമായും ഏതൊക്കെ ആവശ്യങ്ങൾക്കുള്ള വിവരങ്ങൾ കണ്ടെത്തുന്നതിനാണ് പ്രസ്തുത വിംഗ് സർവ്വേകൾ നടത്തുന്നത്; വിശദാംശം നൽകാമോ?

(എ&ബി) ഉണ്ട്. തുറമുഖങ്ങളുടെ വികസനത്തിനും ജലപാതകൾ സ്ഥാപിക്കുന്നതിനുള്ള ജലപര്യവേക്ഷണങ്ങൾ, ജലാശയങ്ങളുടെ അടിത്തട്ടിനെപ്പറ്റി അറിയുന്നതിനുള്ള സർവ്വെകൾ, ജലപാതകളുടെ ആഴം വർദ്ധിപ്പിക്കുന്നതിന് മുൻപും പിൻപുമുള്ള സർവ്വേകൾ, ബാത്തിമെട്രിക് സർവ്വെകൾ എന്നിവയാണ് ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗിൽ നിക്ഷിപ്തമായിട്ടുള്ള കാര്യങ്ങൾ.

(സി) ഹൈഡ്രോഗ്രാഫിക്ക് കോഴ്സുകൾ നടത്തുന്ന സ്ഥാപനം ആരംഭിച്ചിട്ടുണ്ടോ; പ്രസ്തുത കോഴ്സിന് കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസിന്റെ അംഗീകാരമുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗിന്റെ നേതൃത്വത്തിൽ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹൈഡ്രോഗ്രാഫിക് ആൻഡ് അഡ്വാൻസ്ഡ് സ്റ്റഡീസ് (KIHAS) എന്ന സ്ഥാപനം സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത്, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസ് (KUFOS) ക്യാമ്പസിൽ ഹൈഡ്രോഗ്രാഫിക് സർവ്വേ ക്ലാസ്സുകൾ നടത്തുന്നുണ്ട്. ഇതിന് KUFOS-ന്റെ അംഗീകാരം ലഭിച്ചിട്ടില്ല. എന്നാൽ അവരുമായി ഒരു ധാരണാപത്രത്തിൽ ഏർപ്പെട്ട് കോഴ്സുകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്.

**തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം**

308 (5050) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കൽ, കൊല്ലം, ബേപ്പൂർ തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി 2021-22 സാമ്പത്തിക വർഷം എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

അഴീക്കൽ തുറമുഖ വികസനത്തിനായി 3.50 കോടി രൂപയും, ബേപ്പൂർ തുറമുഖ വികസനത്തിനായി 14.93 കോടി രൂപയും, കൊല്ലം തുറമുഖ വികസനത്തിനായി 10 കോടി രൂപയും നടപ്പ് സാമ്പത്തികവർഷം വകയിരുത്തിയിട്ടുണ്ട്. അഴീക്കലിൽ പുതിയ തുറമുഖം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് 5 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത തുറമുഖങ്ങളുടെ വികസനത്തിനായി എന്തൊക്കെ പദ്ധതികളാണ് സർക്കാർ കൊണ്ടുവന്നിട്ടുള്ളത് വിശദീകരിക്കാമോ?

തുറമുഖങ്ങളുടെയും കപ്പൽചാലുകളുടെയും ആഴം വർദ്ധിപ്പിക്കുന്നതിനുള്ള ഡ്രഡ്ജിംഗ് പ്രവൃത്തികൾ, ISPS സുരക്ഷാസംവിധാനങ്ങൾ, ശുദ്ധജല പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ, മറ്റ് അടിസ്ഥാന സൗകര്യ വികസനം എന്നിവയാണ് ലക്ഷ്യമിടുന്നത്.

(സി) സംസ്ഥാനത്തെ തുറമുഖങ്ങളിൽ കണ്ടെയ്നർ ഓപ്പറേഷൻ ആരംഭിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

തുറമുഖം വഴിയുള്ള ചരക്കുനീക്കം കൂടുതൽ തുറമുഖങ്ങളിലേയ്ക്ക് വ്യാപിപ്പിച്ചിട്ടുണ്ട്. കപ്പൽവഴിയുള്ള ചരക്കുനീക്കം പ്രോത്സാഹിപ്പിക്കുന്നതിനായി Incentive scheme നടപ്പിലാക്കി വരുന്നു. കൂടുതൽ കച്ചവടക്കാരുടെ സഹകരണം ഉറപ്പാക്കുന്നതിനായി incentive-ന്റെ 20 ശതമാനമെങ്കിലും കച്ചവടക്കാർക്ക് നല്കാൻ വ്യവസ്ഥചെയ്തിട്ടുണ്ട്. ചരക്കുനീക്കം പരിപോഷിപ്പിക്കുന്നതിനായി എല്ലാ stakeholders-ഉം ഉൾപ്പെട്ട trade meet-കൾ കേരള മാരിടൈം ബോർഡിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിവരുന്നു. കൂടാതെ ചരക്കുനീക്കം സുഗമമാക്കുന്നതിനായി കൂടുതൽ സമയം തുറമുഖങ്ങൾ പ്രവർത്തന സജ്ജമാക്കുന്നതിനായി shift സമ്പ്രദായം നടപ്പിലാക്കാൻ തീരുമാനം എടുത്തിട്ടുണ്ട്.

## ട്രാംവേ റെയിൽ പൈതൃക മ്യൂസിയം

309 (5051) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ ട്രാംവേ റെയിൽ പൈതൃക മ്യൂസിയം സജ്ജീകരിക്കുന്നതിനായി കണ്ടെത്തിയ സ്ഥലത്തിന്റെ വിശദാംശം നൽകുമോ?

ചാലക്കുടിയിൽ ട്രാംവേ മ്യൂസിയം സ്ഥാപിക്കുന്നതിലേയ്ക്കായി ജലസേചന വകുപ്പിന്റെ മെക്കാനിക്കൽ സബ് ഡിവിഷൻ വളപ്പിലെ 50 സെന്റ് സ്ഥലവും, നിലവിലുള്ള നിർമ്മിതിയും 14-7-2019-ൽ ഉടമസ്ഥാവകാശം ജലസേചന വകുപ്പിൽ നിലനിർത്തി സാംസ്കാരിക വകുപ്പിലേയ്ക്ക് അനുവദിക്കുകയുണ്ടായി.

(ബി) പ്രസ്തുത സ്ഥലം പുരാവസ്തു വകുപ്പിന് വിട്ടുകിട്ടിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

പ്രസ്തുത സ്ഥലം നാളിതുവരെ പുരാവസ്തു വകുപ്പിലേക്ക് കൈമാറി ലഭ്യമാക്കിയിട്ടില്ല.

(സി) ഇല്ലെങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

ഇതുമായി ബന്ധപ്പെട്ടുള്ള നടപടികൾ തൃശ്ശൂർ ജില്ലാ കളക്ടറുടെ കാര്യാലയത്തിൽ പുരോഗമിച്ചുവരുന്നു.

## പുരാവസ്തുക്കളുടെ സംരക്ഷണത്തിന് പദ്ധതി

310 (5052) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പല സ്ഥലങ്ങളിലും ശിലായുഗ ആയുധങ്ങൾ, ഗുഹകൾ, സ്മാരകശിലകൾ, ശിലാരേഖകൾ, പൗരാണിക വിഗ്രഹങ്ങൾ തുടങ്ങിയ അമൂല്യങ്ങളായ നിരവധി വസ്തുക്കൾ സംരക്ഷിക്കാൻ സംവിധാനമില്ലാതെ നശിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ചരിത്രപരമായോ പുരാവസ്തുപരമായോ കലാപരമായോ പ്രാധാന്യമുള്ളതും നൂറുവർഷത്തിൽപ്പരം പഴക്കമുള്ളതും ദേശീയ പ്രാധാന്യം ഇല്ലാത്തതുമായ സ്മാരകങ്ങളെയാണ് സംസ്ഥാന പുരാവസ്തു വകുപ്പ് സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിച്ച് സംരക്ഷിച്ച് പോരുന്നത്. ഇതിൽ കൊട്ടാരങ്ങളും കോട്ടകളും ക്ഷേത്രങ്ങളും പള്ളികളും ശ്മശാനസ്ഥലമേടയും ഗുഹയും പാറമേലുള്ള ശില്പവേലയും ശിലാലിഖിതങ്ങളും ഒക്കെ ഉൾപ്പെടുന്നതാണ്. ഉത്ഖനനത്തിലൂടെയും പര്യവേക്ഷണത്തിലൂടെയും ലഭിച്ചിട്ടുള്ള പുരാവസ്തുക്കളും വകുപ്പ് ഏറ്റെടുത്ത്

സംരക്ഷിച്ചുവരുന്നുണ്ട്. ഇത്തരം വസ്തുക്കളാണ് പുരാവസ്തു മ്യൂസിയങ്ങളിൽ പ്രദർശിപ്പിച്ചിട്ടുള്ളത്. കേരള പുരാവസ്തു വകുപ്പിന്റെ പര്യവേക്ഷണങ്ങളിൽ ശ്രദ്ധയിൽപ്പെടുന്നതും വിവിധ വകുപ്പുകൾ, സ്ഥാപനങ്ങൾ, വ്യക്തികൾ, എന്നിവർ ശ്രദ്ധയിൽ കൊണ്ടുവരുന്നതുമായ സ്മാരകങ്ങളും പൗരാണികാവശിഷ്ടങ്ങളും വകുപ്പ് പരിശോധിക്കുകയും പുരാവസ്തു മൂല്യമുള്ളപക്ഷം 1968 -ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ടിലെ വ്യവസ്ഥകൾ പ്രകാരം സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്.

(ബി) മേൽപ്പറഞ്ഞവയിൽ പലതും പുരാവസ്തു കച്ചവടക്കാർ ചെറിയ വില നൽകി തട്ടിയെടുത്ത് അമിതവിലയ്ക്ക് മറിച്ച് വിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത്തരം പുരാവസ്തുക്കൾ ഏറ്റെടുത്ത് സംരക്ഷിക്കുന്നതിന് പദ്ധതി തയ്യാറാക്കുമോ; വ്യക്തമാക്കുമോ?

(ബി&സി) പുരാവസ്തുക്കളുടെ കൈവശം വയ്ക്കൽ, ലൈസൻസ് നേടൽ, ക്രയവിക്രയം, കൈമാറ്റം തുടങ്ങിയവ 1972-ലെ Antiquities and Art Treasures Act (കേന്ദ്ര നിയമം) പ്രകാരമാണ് നടക്കുന്നത്. ഇതിന് ചുമതലപ്പെടുത്തിയിരിക്കുന്നത് കേന്ദ്ര പുരാവസ്തു വകുപ്പിന്റെ ഉദ്യോഗസ്ഥരെയാണ്. ആകയാൽ പുരാവസ്തുക്കൾ വിൽക്കുകയും വാങ്ങുകയും ചെയ്യുന്ന വിഷയത്തിൽ ചട്ടപ്രകാരം കേരള പുരാവസ്തു വകുപ്പിന് നടപടികൾ ഒന്നും സ്വീകരിക്കാൻ കഴിയുകയില്ല. എന്നാൽ പുരാവസ്തു സ്മാരകങ്ങൾ പൗരാണിക അവശിഷ്ടങ്ങൾ എന്നിവ നശിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ആയത് തടയുന്നതിന് 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ടിലെ വ്യവസ്ഥകൾ പ്രകാരം നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്.

## കല്ലറ പാങ്ങോട് സമരവുമായി ബന്ധപ്പെട്ട പഴയ പോലീസ് സ്റ്റേഷൻ കെട്ടിടത്തിന്റെ പഴക്കം

311 (5053) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1938-ൽ നടന്ന കല്ലറ പാങ്ങോട് സമരവുമായി ബന്ധപ്പെട്ട് നിലനിർത്തിയിട്ടുള്ള പഴയ പോലീസ് സ്റ്റേഷൻ കെട്ടിടത്തിന്റെ പഴക്കം പുരാവസ്തു വകുപ്പ് പരിശോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ എത്ര വർഷം പഴക്കമുണ്ടെന്ന് വ്യക്തമാക്കാമോ?

1938-39 കാലഘട്ടത്തിൽ (കൊല്ല വർഷം 1114) നടന്ന കല്ലറ പാങ്ങോട് സമരവുമായി ബന്ധപ്പെട്ട് പഴയ പോലീസ് സ്റ്റേഷൻ സംരക്ഷിച്ച്

നിലനിർത്തണമെന്ന നിവേദനത്തിന്റെ അടിസ്ഥാനത്തിൽ 14-6-2019-ന് പുരാവസ്തുവകുപ്പിലെ ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിക്കുകയും പരിശോധന നടത്തുകയും ചെയ്തിട്ടുള്ളതാണ്. നിരവധി പുതുക്കലുകൾക്ക് വിധേയമായ കെട്ടിടത്തിന് 80 വർഷത്തോളം പഴക്കമുണ്ടെന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

(ബി) നിലനിർത്തിയിട്ടുള്ള പഴയ കെട്ടിടത്തിൽ സമരത്തിന് മുമ്പുണ്ടായിരുന്നതായി പറയപ്പെടുന്ന ശേഷിപ്പുകളോ തെളിവുകളോ കെട്ടിടത്തിനുള്ളിലോ പുറത്തോ ഉള്ളതായി പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം വസ്തുക്കൾ എന്ന് വ്യക്തമാക്കാമോ?

നിലവിലുള്ള പഴയ കെട്ടിടത്തിൽ പോലീസ് സ്റ്റേഷന്റെ ഭാഗമായിട്ടുണ്ടായിരുന്ന ലോക്കപ്പ് റൂം എന്ന് കരുതപ്പെടുന്ന ചെറിയ മുറികൾ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.

(സി) 100 വർഷത്തിലേറെ പഴക്കമുള്ള പഴയ അഞ്ചലാപ്പീസ് പ്രസ്തുത കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്നതായി പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ?

പഴയ പോലീസ് സ്റ്റേഷനിൽ അഞ്ചലാഫീസ് പ്രവർത്തിച്ചിരുന്നു എന്നതിന് വ്യക്തമായ തെളിവുകളൊന്നും ലഭിച്ചിട്ടില്ല.

(ഡി) ഈ കെട്ടിടങ്ങളും ശേഷിപ്പുകളും പുരാവസ്തു വകുപ്പ് ഏറ്റെടുത്ത് സംരക്ഷിക്കുന്നതിന് നിയമപരമായി എന്തെങ്കിലും തടസ്സമുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട നിയമപ്രകാരം ചരിത്രപരമായോ പുരാവസ്തു ശാസ്ത്രപരമായോ കലാശിൽപപരമായോ കൗതുകപ്രദമായതും ഒരു ശതാബ്ദത്തിൽ കുറയാതെ നിലനിന്നിട്ടുള്ളതുമായ നിർമ്മാണം. എടുപ്പ്, സ്മാരകം അല്ലെങ്കിൽ നിർമ്മാണം, ശ്മശാനസ്ഥലം, തടങ്കൽ സ്ഥലം, ഗുഹ, പാറമേലുള്ള ശിൽപ്പവേല, ശിലാലിഖിതം തുടങ്ങിയവയാണ് സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ച് സംരക്ഷിച്ചുപോരുന്നത്. 1938-39 കാലഘട്ടത്തിലെ സമരത്തിന്റെ ഭാഗമായി ചരിത്ര പ്രാധാന്യം ലഭിച്ച കെട്ടിടത്തിന് 100 വർഷം പഴക്കം അവകാശപ്പെടാൻ ഇല്ലാത്തതിനാൽ ആക്റ്റിൻപ്രകാരം ഈ കെട്ടിടത്തെ ഒരു സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ച് സംരക്ഷിക്കുന്നതിന് കഴിയുകയില്ല, എന്നാൽ കേരള പോലീസ് വകുപ്പിന്റെ കീഴിലോ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ കീഴിലോ മേൽ പഴയ പോലീസ് സ്റ്റേഷനെ പൈതൃക സ്മാരകമായി നിലനിർത്താവുന്നതാണ്. ഇതിനാവശ്യമായ എല്ലാ സാങ്കേതിക സഹായങ്ങളും പുരാവസ്തു വകുപ്പ് നൽകാൻ സന്നദ്ധമാണ്.

**മാവേലിക്കര നിയോജകമണ്ഡലത്തിലെ പുരാവസ്തു സംരക്ഷണം**

312 (5054) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള പുരാവസ്തുക്കളുടെ വിശദവിവരം ലഭ്യമാക്കുമോ?

മാവേലിക്കര വില്ലേജിൽ സ്ഥിതി ചെയ്യുന്ന ബുദ്ധമണ്ഡപവും അനുബന്ധമായ 4.446 സെന്റ് സ്ഥലവും കേരള പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമാണ്.

(ബി) മാവേലിക്കര മുനിസിപ്പാലിറ്റി പ്രദേശത്ത് സ്ഥിതിചെയ്യുന്ന ബുദ്ധപ്രതിമയും മണ്ഡപത്തിൻകടവും സംരക്ഷിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

മാവേലിക്കരയിലെ ബുദ്ധവിഗ്രഹവും മണ്ഡപവും മികച്ച രീതിയിൽ തനിമയോടെ പുരാവസ്തു വകുപ്പ് സംരക്ഷിച്ചു വരുന്നുണ്ട്. സ്മാരകം ശുചിയായി സൂക്ഷിക്കുകയും വർഷാവർഷം വൃത്തിയാക്കി ചായം പൂശുകയും ചെയ്യുന്നുണ്ട്.

**നിയമാനുസൃതമല്ലാത്ത പുരാവസ്തുക്കളുടെ വിൽപ്പന നിയന്ത്രിക്കൽ**

313 (5055) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. പി. വി. അൻവർ:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരാവസ്തുവിനും വിൽപ്പനക്കാർക്കും രജിസ്ട്രേഷൻ നൽകുന്നത് ആരാണെന്നും പുരാവസ്തുക്കൾ വിദേശത്തേക്ക് കൊണ്ടുപോകുന്നത് നിരോധിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(ബി) നിയമാനുസൃതമല്ലാത്ത മാർഗ്ഗങ്ങളിലൂടെയുള്ള പുരാവസ്തുക്കളുടെ വിൽപ്പനയും പ്രദർശനവും നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) പുരാവസ്തുക്കളുടെ രജിസ്ട്രേഷൻ, കൈമാറ്റം, അവയുടെ വിൽപ്പനയ്ക്കുള്ള ലൈസൻസ് നൽകൽ, ഉടമസ്ഥാവകാശ കൈമാറ്റ സർട്ടിഫിക്കറ്റ് നൽകൽ തുടങ്ങി എല്ലാ കാര്യങ്ങളും 1972-ലെ Antiquities and Art Treasures Act (കേന്ദ്ര നിയമം) പ്രകാരമാണ് സംസ്ഥാനത്ത് നടന്നുവരുന്നത്. ഇതുപ്രകാരം മേൽ ഉത്തരവാദിത്വങ്ങളുടെ നിർവ്വഹണത്തിനായി കേന്ദ്ര പുരാവസ്തു വകുപ്പിലെ ഉദ്യോഗസ്ഥരെയാണ് ലൈസൻസിംഗ് ഓഫീസറായും രജിസ്റ്ററിംഗ് ഓഫീസറായും ചുമതലപ്പെടുത്തുന്നത്. മേൽ കേന്ദ്ര ആക്ട് പ്രകാരം കേന്ദ്ര സർക്കാരിനോ

കേന്ദ്രസർക്കാർ ചുമതലപ്പെടുത്തുന്ന ഏജൻസിക്കോ മാത്രമെ പുരാവസ്തുക്കൾ വിദേശ രാജ്യങ്ങളിലേയ്ക്ക് കൊണ്ടുപോകുന്നതിന് അനുമതിയുള്ളൂ. മേൽ ആക്ടിൻപ്രകാരം ആയതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമെതിരെ നടപടി സ്വീകരിക്കുന്നതിനുള്ള അധികാരം ചുമതലപ്പെട്ട കേന്ദ്ര പുരാവസ്തു വകുപ്പ് ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമാണ്. എങ്കിലും, ഈ വിഷയത്തിൽ സംസ്ഥാന പുരാവസ്തു വകുപ്പിന് എന്തെങ്കിലും നിയമാനുസൃത നടപടികൾ സ്വീകരിക്കാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കുന്നതാണ്.

## പുരാവസ്തു വകുപ്പിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ നടപടി

314 (5056) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരാവസ്തു വകുപ്പിൽ ജീവനക്കാരുടെ കുറവുള്ളതായി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടി എന്താണെന്ന് അറിയിക്കാമോ?

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പുരാവസ്തു വകുപ്പിൽ നടത്തിയ പഠനത്തിൽ വകുപ്പിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ എണ്ണം ജീവനക്കാർ വകുപ്പിൽ നിലവിലില്ല എന്ന വസ്തുത വിലയിരുത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് പുരാവസ്തു വകുപ്പ് ഡയറക്ടർ ശിപാർശ സമർപ്പിക്കുകയും 12-2-2021-ലെ സ.ഉ. (കൈ)7/2021/സാം.കാ.വ ഉത്തരവ് പ്രകാരം 14 സ്ഥിരം തസ്തികകളും 26 താൽക്കാലിക തസ്തികകളും പുരാവസ്തു വകുപ്പിൽ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) നിലവിൽ വകുപ്പിന് കീഴിൽ സ്ഥിരജീവനക്കാർ എത്ര പേരുണ്ടെന്നും അതിൽ പി.എസ്.സി. വഴി നിയമനം ലഭിച്ചവർ എത്രയാണെന്നും വെളിപ്പെടുത്താമോ?

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിതരാകുന്ന പാർട്ട് ടൈം ജീവനക്കാർ ഉൾപ്പെടെ നിലവിൽ വകുപ്പിൽ 193 സ്ഥിരം ജീവനക്കാർ ജോലി നോക്കിവരുന്നു. ഇതിൽ 96 പേർ പി.എസ്.സി. വഴിയാണ് നിയമനം നേടിയിട്ടുള്ളത്. ഇത് കൂടാതെ 48 സിവിൽ പോലീസ് ഉദ്യോഗസ്ഥർ വിവിധ സ്മാരകങ്ങളുടേയും മ്യൂസിയങ്ങളുടേയും സുരക്ഷയ്ക്കായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും ജോലി നോക്കി വരുന്നു.

(സി) 2003 മുതൽ കേരള യൂണിവേഴ്സിറ്റിയിൽ ആർക്കിയോളജി പി.ജി. കോഴ്സ് ഉണ്ടെങ്കിലും കോഴ്സ് പൂർത്തിയാക്കിയ ഒന്നോ രണ്ടോ പേർക്ക് മാത്രമാണ് പുരാരേഖാ വകുപ്പിൽ ജോലി ലഭിച്ചിട്ടുള്ളത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ആർക്കിയോളജിയിലുള്ള പി.ജി. ഡിഗ്രി പുരാരേഖാ വകുപ്പിന്റെ നിയമനത്തിനുള്ള പ്രത്യേക യോഗ്യതയായി വകുപ്പിന്റെ സ്പെഷ്യൽ റൂൾസിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ഡി) പുരാവസ്തു വകുപ്പിൽ ഒഴിവുകളുണ്ടെങ്കിലും പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യാതെ അവ പ്രമോഷൻ തസ്തികകളായി നിലനിർത്തിയിരിക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

സ്പെഷ്യൽ റൂൾ പ്രകാരം സ്ഥാനക്കയറ്റം നിയമന രീതിയായി നിശ്ചയിച്ചിരിക്കുന്ന തസ്തികകളിൽ മാത്രമാണ് പ്രൊമോഷനിലൂടെ സ്ഥാനക്കയറ്റം നൽകി വരുന്നത്. പുരാവസ്തു വകുപ്പിൽ ക്ലർക്കിന്റെ ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഡയറക്ടർ സർക്കാരിൽ ഒരു സ്പഷ്ടീകരണം ആരാഞ്ഞിരുന്നു. ആയത് നൽകിയിട്ടുമുണ്ട്.

**പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ സ്മാരകശിലകളുടെ സംരക്ഷണം**

315 (5057) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ നിയോജകമണ്ഡലത്തിൽ എം.സി. റോഡിലെ കടുവാൾ ജംഗ്ഷനിൽ മണ്ണ് മൂടിയിരിക്കുന്ന പുരാതന ഗുഹ ആർക്കിയോളജി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് തുറന്നു പരിശോധിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

എറണാകുളം ജില്ലയിൽ കുന്നത്തുനാട് താലൂക്കിൽ പെരുമ്പാവൂർ മുൻസിപ്പാലിറ്റിയിലെ ഇരുപത്തി മൂന്നാം വാർഡിൽപ്പെട്ട കടുവാൾ എന്ന സ്ഥലത്ത് കാടും മണ്ണും മൂടിയ നിലയിൽ ഒരു ഗുഹയുള്ളതായി സൂചിപ്പിക്കുന്ന പത്രവാർത്ത പുരാവസ്തുവകുപ്പിൽ ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ വകുപ്പിലെ റിസർച്ച് അസിസ്റ്റന്റിനെ പ്രസ്തുത സ്ഥലത്ത് പരിശോധന നടത്തുന്നതിന് ചുമതലപ്പെടുത്തുകയുണ്ടായി. റിസർച്ച് അസിസ്റ്റന്റ് നടത്തിയ പ്രാഥമിക പരിശോധനയിൽ പ്രസ്തുത സ്ഥലത്ത് നിലവിൽ ഗുഹയുടെ യാതൊരുവിധ അടയാളങ്ങളും ദൃശ്യമല്ല എന്നും ഗുഹയ്ക്കു ചുറ്റുമുള്ള ഭൂമി പരിശോധിച്ചതിൽ നിന്നും പുരാവസ്തുക്കളൊന്നും തന്നെ കണ്ടെത്താനായിട്ടില്ല എന്നും റിപ്പോർട്ട് ചെയ്യുകയുണ്ടായി. സ്വകാര്യ വ്യക്തിയുടെ പേരിലുള്ള 60 സെന്റ് വിസ്തൃതിയിലുള്ള പുരയിടത്തിലാണ് പ്രസ്തുത ഗുഹ ഉണ്ടെന്ന് പറയപ്പെടുന്നതെന്നും റിപ്പോർട്ടിൽ പരാമർശിക്കുന്നു. വകുപ്പിന്റെ പര്യവേക്ഷണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി

പ്രദേശത്ത് കൂടുതൽ പരിശോധനകൾ നടത്തുന്നതും കൂടുതൽ തെളിവുകൾ ലഭ്യമാകുന്നപക്ഷം ആയത് തുറന്ന് പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുന്ന കാര്യവും പരിഗണിക്കുന്നതാണ്.

(ബി) പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ കടുവാളിൽ കരിങ്കല്ലിലും ചെങ്കല്ലിലുമുള്ള രണ്ട് സ്മാരകശിലകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് സംരക്ഷിക്കുവാൻ സ്വീകരിക്കുന്ന നടപടിയെന്തെന്ന് അറിയിക്കുമോ?

ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കാഞ്ഞങ്ങാട് മഡിയൻ കൂലോം ക്ഷേത്രത്തിലെ ദാരുശില്പങ്ങളുടെ സംരക്ഷണം**

316 (5058) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മഡിയൻ കൂലോം ക്ഷേത്രപാലക ക്ഷേത്രത്തിലെ ചരിത്ര പ്രാധാന്യമുള്ള ദാരുശില്പങ്ങൾ സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) കാഞ്ഞങ്ങാട് മഡിയൻ കൂലോം ക്ഷേത്രപാലക ക്ഷേത്രം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മലപ്പുറം കോഡൂരിൽ നൂറ്റാണ്ടുകൾ പഴക്കമുള്ള ഗുഹാവശിഷ്ടങ്ങളുടെ സംരക്ഷണം**

317 (5059) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നിയോജകമണ്ഡലത്തിലെ കോഡൂർ താണിക്കൽ പാലുംകുന്നിൽ ശുദ്ധജല വിതരണ പൈപ്പ് ലൈനിനായി കുഴിയെടുക്കുന്നതിനിടെ കണ്ടെത്തിയ ഗുഹാവശിഷ്ടങ്ങളെക്കുറിച്ചും ശേഷിപ്പുകളെക്കുറിച്ചും പുരാവസ്തു വകുപ്പ് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

മലപ്പുറം ജില്ലയിലെ കോഡൂർ താണിക്കൽ പാലുംകുന്നിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി ഭൂമി കുഴിച്ചപ്പോൾ കണ്ടെത്തിയ ചെങ്കൽ ഗുഹ പുരാവസ്തു വകുപ്പിലെ ഉദ്യോഗസ്ഥർ വിശദമായി പരിശോധിക്കുകയും ഡോക്യുമെന്റേഷൻ നടത്തുകയും ചെയ്തിട്ടുണ്ട്. ബാഹ്യ ഇടപെടൽമൂലം ഒട്ടനവധി കേടുപാടുകൾ

സംഭവിച്ച ഗുഹയിൽ നടത്തിയ പരിശോധനയുടെ ഭാഗമായി നാലുകാലുള്ള മൺപാത്രങ്ങൾ, ചെറിയ മൺപാത്രങ്ങൾ, ഇരുമ്പിൽ തീർത്ത ഉപകരണങ്ങൾ എന്നിവ കണ്ടെത്തുകയും ഇത് തുടർപരിശോധനയ്ക്കും പഠനത്തിനുമായി കോഴിക്കോട് പഴശ്ശിരാജാ മ്യൂസിയത്തിലേയ്ക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്. ലഭ്യമായ വസ്തുക്കളുടെ വിശദമായ ഡോക്യുമെന്റേഷനും ശാസ്ത്രീയ പരിശോധനയുടെ റിപ്പോർട്ട് തയ്യാറാക്കലും പൂർത്തിയായിട്ടുണ്ട്. ഗുഹ കണ്ട ഉടനെതന്നെ ആളുകൾ ഇറങ്ങി പരിശോധിച്ചതുമൂലം മലിനമായതിനാൽ ഗുഹയിൽനിന്നും കാലനിർണ്ണയത്തിനുള്ള സാമ്പിളുകൾ ശേഖരിക്കാനായിട്ടില്ല.

(ബി) മൺപാത്രങ്ങൾ, ചിത്രപ്പണികളുള്ള തൂണുകൾ എന്നിവ അടക്കമുള്ള ശേഷിപ്പുകൾ ഏതു കാലഘട്ടത്തിലെ ജീവിത സാഹചര്യവുമായി ബന്ധപ്പെട്ടതാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ചെങ്കൽ ഗുഹയുടെ പ്രത്യേകതകളും ഇവിടെ നിന്നും ലഭിച്ചിട്ടുള്ള പുരാവസ്തുക്കളും പരിശോധിച്ചതിൽ ആയത് മഹാശിലാ സംസ്കാരത്തിന്റെ അവശേഷിപ്പുകളാണെന്ന് വ്യക്തമായിട്ടുണ്ട്. പുരാവസ്തുവകുപ്പ് സമാനമായ ഗുഹകളിൽ നിന്ന് ശേഖരിച്ച ശവസംസ്കാര അവശേഷിപ്പുകളുടെ റേഡിയോ കാർബൺ കാലനിർണ്ണയം നടത്തിയതിൽ നിന്നും ഇത്തരം ഗുഹകൾക്ക് ഏകദേശം 2500 വർഷം പഴക്കമുണ്ടെന്ന് തെളിഞ്ഞിട്ടുണ്ട്. ആയതിനാൽ കോഡൂരിൽ കണ്ടെത്തിയ ഗുഹയ്ക്കും ഏകദേശം സമാനമായ കാലപ്പഴക്കം കൽപ്പിക്കാവുന്നതാണ്.

(സി) പുരാവസ്തു വകുപ്പിന് കീഴിൽ പ്രസ്തുത പ്രദേശം സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

മേൽ ചെങ്കൽ ഗുഹ കണ്ടത്തിയത് സഞ്ചാരപാതയിലായതിനാൽ സ്മാരകം അതേപടി തുറന്ന് നിലനിർത്തുന്നതിനോ ടി പ്രദേശത്ത് കൂടുതൽ പരിശോധനകൾ നടത്തുന്നതിനോ സാദ്ധ്യതയില്ല എന്നതിനാൽ, തുടർ പഠനങ്ങൾക്ക് ആവശ്യമാകുന്നപക്ഷം തുറന്നു പരിശോധിക്കാവുന്ന തരത്തിൽ ഗുഹ സുരക്ഷിതമായി മണ്ണിട്ട് മൂടി സംരക്ഷിച്ചിരിക്കുകയാണ്.

**പാറശ്ശാല നിയോജകമണ്ഡലത്തിലെ പുരാവസ്തു അവശേഷിപ്പുകൾ**

318 (5060) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ ചരിത്രപരമായും പുരാവസ്തുപരമായും പൈതൃകപരമായും പ്രാധാന്യമുള്ള സംരക്ഷിതസ്മാരകങ്ങളായ കെട്ടിടങ്ങളോ നിർമ്മിതികളോ മേഖലകളോ ഉണ്ടോയെന്ന് വ്യക്തമാക്കാമോ; അവ ഏതെല്ലാമെന്നും എവിടെയെല്ലാമാണെന്നും വ്യക്തമാക്കാമോ?

പാറശ്ശാല നിയോജകമണ്ഡലം പരിധിയിലുള്ള പെരുങ്കടവിള വില്ലേജിലെ പാണ്ഡവൻപാറയും അതുൾപ്പെടുന്ന 1.259 ഹെക്ടർ സ്ഥലവും പുരാവസ്തു പ്രാധാന്യം കണക്കിലെടുത്ത് കേരള പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരക പട്ടികയിൽ ഉൾപ്പെടുത്തി സംരക്ഷിച്ചുവരുന്നുണ്ട്.

(ബി) അവയുടെ സംരക്ഷണത്തിനായും പരിപാലനത്തിനായും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

പാണ്ഡവൻപാറയുടെ സംരക്ഷണത്തിനും മേൽനോട്ടത്തിനുമായി കേരള പോലീസിൽ നിന്നും 3 പേർ ഉൾപ്പെടെ ആകെ 5 ജീവനക്കാരെ പുരാവസ്തു വകുപ്പ് നിയോഗിച്ചിട്ടുണ്ട്.

(സി) പാറശ്ശാല നിയോജകമണ്ഡലത്തിന്റെ പരിധിയിൽപ്പെട്ട ഏതെങ്കിലും കെട്ടിടങ്ങളോ നിർമ്മിതികളോ സംരക്ഷിത സ്മാരകമാക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഇത്തരം നിർദ്ദേശങ്ങൾ പരിഗണനയിലില്ല.

## പുരാവസ്തു ശേഖരങ്ങൾ സാധാരണ ജനങ്ങൾക്ക് പ്രാപ്യമാക്കുന്നതിന് നടപടി

319 (5061) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര മ്യൂസിയങ്ങളാണ് സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാന പുരാവസ്തു വകുപ്പിന് കീഴിൽ നിലവിൽ 16 മ്യൂസിയങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അവയുടെ വിശദാംശങ്ങൾ താഴെപ്പറയുന്നു.

1) തക്കല പത്മനാഭപുരം കൊട്ടാരം മ്യൂസിയം, കന്യാകുമാരി, തമിഴ്നാട്.

2) കോയിക്കൽ കൊട്ടാരം മ്യൂസിയം, നെടുമങ്ങാട്, തിരുവനന്തപുരം ജില്ല.

3) കൊട്ടാരക്കര തമ്പുരാൻ മ്യൂസിയം, കൊട്ടാരക്കര, കൊല്ലം ജില്ല.

4) വേലുത്തമ്പി ദളവാ മ്യൂസിയം, മണ്ണടി, പത്തനംതിട്ട ജില്ല.

5) കൃഷ്ണപുരം കൊട്ടാരം മ്യൂസിയം, കായംകുളം ആലപ്പുഴ ജില്ല.

6) ഇടുക്കി ജില്ലാ പൈതൃക മ്യൂസിയം, പൈനാവ്, ഇടുക്കി.

7) ഹിൽപ്പാലസ് പുരാവസ്തു മ്യൂസിയം, തൃപ്പൂണിത്തുറ, എറണാകുളം ജില്ല.

8) എറണാകുളം ജില്ലാ പൈതൃക മ്യൂസിയം, ഫോർട്ടു കൊച്ചി, എറണാകുളം.

9) ശക്തൻ തമ്പുരാൻ കൊട്ടാരം പുരാവസ്തു മ്യൂസിയം, തൃശ്ശൂർ.

10) ചുമർചിത്രകലാ മ്യൂസിയം (ജില്ലാ പൈതൃക മ്യൂസിയം), തൃശ്ശൂർ

11) പാലക്കാട് ജില്ലാ പൈതൃക മ്യൂസിയം, കൽപ്പാത്തി പാലക്കാട്.

12) പഴശ്ശിരാജാ മ്യൂസിയം, കോഴിക്കോട്

13) കുഞ്ഞാലിമരയ്ക്കാർ മ്യൂസിയം, കോട്ടക്കൽ, കോഴിക്കോട് ജില്ല.

14) പഴശ്ശികുടീരം മ്യൂസിയം, മാനന്തവാടി, വയനാട്.

15) ഗാന്ധിസ്മൃതി മ്യൂസിയം, പയ്യന്നൂർ, കണ്ണൂർ ജില്ല.

16) പ്രാദേശിക ചരിത്ര മ്യൂസിയം, കണ്ടോന്താർ, കണ്ണൂർ ജില്ല.

മ്യൂസിയം മൃഗശാല വകുപ്പിന് കീഴിൽ തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിലായി 6 മ്യൂസിയങ്ങൾ പ്രവർത്തിച്ചുവരുന്നു.

**തിരുവനന്തപുരം ഡയറക്ടറേറ്റ്**:

1. നേപ്പിയർ മ്യൂസിയം (ആർട്ട് മ്യൂസിയം)

2. നാച്ചുറൽ ഹിസ്റ്ററി മ്യൂസിയം

3. ശ്രീചിത്രാ ആർട്ട് ഗ്യാലറി സംസ്ഥാന മ്യൂസിയം, മൃഗശാല.

**തൃശ്ശൂർ**:

4. ആർട്ട് മ്യൂസിയം

5. മൾട്ടി പർപ്പസ് മ്യൂസിയം

**കോഴിക്കോട്**:

6. ആർട്ട് ഗ്യാലറി & കൃഷ്ണമേനോൻ മ്യൂസിയം.

സംസ്ഥാന പുരാരേഖാ വകുപ്പിന് കീഴിൽ രണ്ട് ആർക്കൈവൽ മ്യൂസിയങ്ങളുണ്ട്. അവ യഥാക്രമം വൈക്കം സത്യാഗ്രഹ ഗാന്ധി സ്മാരക മ്യൂസിയം, കൈയ്യൊപ്പ് രേഖാലയം മ്യൂസിയം എന്നിവയാണ്.

(ബി) ഒരു സമൂഹത്തിന്റെ ചരിത്രവും പൈതൃകവും പ്രതിഫലിപ്പിക്കുന്ന കണ്ണാടിയായ പുരാവസ്തു ശേഖരങ്ങൾ സാധാരണ ജനങ്ങൾക്ക് ഏറ്റവും എളുപ്പത്തിൽ പ്രാപ്യമാക്കുന്നതിനായി എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിവരുന്നതെന്ന് വിശദീകരിക്കാമോ?

ഒരു സമൂഹത്തിന്റെ ചരിത്രത്തിന്റെയും പൈതൃകത്തിന്റെയും സജീവ തെളിവുകളായ പുരാവസ്തുക്കൾ ജനങ്ങൾക്ക് നേരിട്ട് കാണുന്നതിനും അവയെക്കുറിച്ച് മനസ്സിലാക്കുന്നതിനുമായി പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള വിവിധ മ്യൂസിയങ്ങളിൽ ഇവ പ്രദർശിപ്പിച്ചുപോരുന്നു. ജില്ലാതലത്തിലും പ്രാദേശിക തലങ്ങളിലും കൂടുതൽ മ്യൂസിയങ്ങൾ ആരംഭിച്ച് ഇവ കൂടുതൽ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനുള്ള നടപടികളും വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ പുരാവസ്തുക്കളെക്കുറിച്ച് ജനങ്ങൾക്ക് അറിവ് പകരുന്നതിനും അത് സംരക്ഷിക്കുന്നതിന്റെ പ്രാധാന്യം ബോദ്ധ്യപ്പെടുത്തുന്നതിനുമായി വകുപ്പ് പുരാവസ്തു പ്രദർശനങ്ങൾ സംഘടിപ്പിക്കാറുണ്ട്. പഠിതാക്കൾക്കും ഗവേഷകർക്കും പഠന ആവശ്യങ്ങൾക്കായി അനുമതിയോടുകൂടി പുരാവസ്തുക്കൾ പ്രത്യേകമായി പരിശോധിക്കുന്നതിനും ഫോട്ടോഗ്രാഫുകൾ ഉൾപ്പെടെയുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനും പഠനത്തിന് അവ ഉപയോഗിക്കുന്നതിനും സംവിധാനം ഒരുക്കിയിട്ടുണ്ട്. കൂടാതെ വെബിനാറുകൾ, വർക്ക് ഷോപ്പുകൾ തുടങ്ങിയവയും വകുപ്പ് നടത്തിവരുന്നുണ്ട്.

തിരുവനന്തപുരം മ്യൂസിയം മൃഗശാല വകുപ്പിന്റെ ആസ്ഥാനത്ത് 1880-ൽ സ്ഥാപിതമായ നേപ്പിയർ മ്യൂസിയം (ആർട്ട് മ്യൂസിയം) കെട്ടിടത്തിൽ പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും ഗവേഷകർക്കും വിജ്ഞാനം, കൗതുകം, ഗവേഷണം എന്നീ വിഭാഗങ്ങളിൽ പ്രാധാന്യം നൽകിക്കൊണ്ട് നിരവധി പുരാവസ്തുക്കളുടെ ശേഖരംതന്നെ നിലവിൽ സാദ്ധ്യമായ തലത്തിൽ ടി മ്യൂസിയത്തിൽ സാധാരണ ജനങ്ങൾക്കായി പ്രദർശന സംവിധാനം സജ്ജമാക്കിയിട്ടുണ്ട്. ഇവ പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും ഗവേഷകർക്കും എളുപ്പത്തിൽ മനസ്സിലാക്കി പുരാവസ്തുക്കളെക്കുറിച്ച് കൂടുതൽ അറിവ് സാധ്യമാക്കുന്നതിനായുള്ള നൂതന രീതിയിലുള്ള ആകർഷകമായ ലൈറ്റിംഗ് സംവിധാനത്തോടുകൂടി പ്രദർശനം സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ ഇംഗ്ലീഷ്, മലയാളം ഭാഷകളിൽ ഓഡിയോ സംവിധാനത്തിൽ മൊബൈൽ ആപ്പ് സംവിധാനം, കിയോസ്കുകൾ, വെബ്സൈറ്റ് എന്നിവ ആധുനിക സാങ്കേതിക വിദ്യയിൽ ആകർഷണമായ രീതിയിൽ സ്ഥാപിച്ചിട്ടുണ്ട്. ഇതിനുംപുറമെ തൃശ്ശൂർ മ്യൂസിയം മൃഗശാലയിലെ ആർട്ട് മ്യൂസിയത്തിലും പ്രദർശിപ്പിച്ചിട്ടുള്ള പുരാവസ്തുക്കളുടെ വിശദമായ വിവരങ്ങൾ വ്യക്തമായി രേഖപ്പെടുത്തി നിലവിൽ സാദ്ധ്യമായ തലത്തിൽ നൂതന ലൈറ്റിംഗ് സംവിധാനത്തിൽ ആകർഷകമായ രീതിയിൽ പ്രത്യേകം പ്രത്യേകമായി ഗ്യാലറികളിൽ പ്രദർശിപ്പിച്ചുവരുന്നു.

പൊതുജനങ്ങൾക്ക് ചരിത്രവസ്തുക്കളുടെ വിവരങ്ങൾ കൂടുതലായി നൽകുന്നതിന് തിരുവനന്തപുരം നേപ്പിയർ മ്യൂസിയത്തിലും തൃശ്ശൂർ ആർട്ട് മ്യൂസിയത്തിലും

പ്രദർശനത്തിലുള്ളതും സ്റ്റോറേജിലുള്ളതുമായ പുരാവസ്തു ശേഖരങ്ങളുടെ വിവരണങ്ങൾ സന്ദർശകർക്ക് സാദ്ധ്യമാക്കുന്നതിന് ഗൈഡ് സേവനവും നൽകി വരുന്നുണ്ട്.

**പുരാവസ്തുസംരക്ഷണത്തിനായി നടത്തുന്ന വികസന പ്രവർത്തനങ്ങൾ**

320 (5062) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരാവസ്തു വകുപ്പിന്റെ നേതൃത്വത്തിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് പുരാവസ്തു സംരക്ഷണ പ്രവർത്തനങ്ങൾക്കായി നടത്തുന്നതെന്ന് വ്യക്തമാക്കുമോ?

1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട നിയമപ്രകാരം സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള സ്മാരകങ്ങളുടെയും പുരാതത്വ സ്ഥാനങ്ങളുടെയും സംരക്ഷണമാണ് പുരാവസ്തുവകുപ്പിന്റെ പ്രധാന കർത്തവ്യം. സംരക്ഷിത സ്മാരകങ്ങൾക്ക് ജീർണ്ണതകൾ ബാധിക്കാതിരിക്കുന്നതിനുള്ള മുൻകരുതലുകൾ സ്വീകരിക്കുകയും ജീർണ്ണത ബാധിച്ചവയെ ശാസ്ത്രീയ സംരക്ഷണ പ്രവർത്തനങ്ങൾക്ക് വിധേയമാക്കി തനിമ നഷ്ടപ്പെടാതെ സംരക്ഷിക്കുകയുമാണ് ചെയ്തുവരുന്നത്. ഇതിനായി നിശ്ചിത ഇടവേളകളിൽ സ്മാരകങ്ങളിൽ പരിശോധന നടത്തുകയും നിർമ്മിതി സംരക്ഷണ, രാസസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു. ഇതുകൂടാതെ വിവിധ ഇടങ്ങളിൽ നിന്ന് റിപ്പോർട്ട് ചെയ്യപ്പെടുന്ന പൗരാണിക അവശിഷ്ടങ്ങൾ പരിശോധിക്കുന്നതിനും ആവശ്യമെങ്കിൽ രക്ഷാർത്ഥമുള്ള ഉത്ഖനനം നടത്തി പുരാവസ്തുക്കൾ വീണ്ടെടുത്ത് സംരക്ഷിക്കുന്നതിനുമുള്ള നടപടികളും വകുപ്പ് സ്വീകരിക്കുന്നുണ്ട്. പുരാവസ്തു മ്യൂസിയങ്ങൾ, ജില്ലാ പൈതൃക മ്യൂസിയങ്ങൾ, പ്രാദേശിക മ്യൂസിയങ്ങൾ എന്നിവ ഉൾപ്പെടെ 16 മ്യൂസിയങ്ങൾ വകുപ്പിന്റെ അധീനതയിലുണ്ട്. ഇവയും പുരാവസ്തുക്കളുടെ സംരക്ഷണത്തിൽ പങ്കുവഹിക്കുന്നുണ്ട്. എപ്രകാരമാണോ പുരാവസ്തുക്കൾ നിലനിൽക്കുന്നത് അപ്രകാരം അവയെ സംരക്ഷിച്ച് നിലനിർത്തുക എന്നതാണ് വകുപ്പിന്റെ കർത്തവ്യം.

(ബി) സംസ്ഥാനത്ത് ധാരാളം സ്വകാര്യ പുരാവസ്തു മ്യൂസിയങ്ങൾ പ്രവർത്തിക്കുന്നുണ്ട് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അപ്രകാരമുള്ള തട്ടിപ്പുകൾ നിയന്ത്രിക്കുവാൻ നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിന്റെ വിശദാംശം നൽകാമോ?

സംസ്ഥാനത്ത് സ്വകാര്യ പുരാവസ്തു മ്യൂസിയങ്ങൾ പ്രവർത്തിക്കുന്ന കാര്യം കേരള പുരാവസ്തു വകുപ്പിന് അറിവുള്ളതാണ്. എന്നാൽ സ്വകാര്യ മേഖലയിൽ ഇത്തരം മ്യൂസിയങ്ങൾ തുടങ്ങുന്നതിന് നിലവിൽ പുരാവസ്തു വകുപ്പിന്റെ അനുമതി ആവശ്യമില്ല. പുരാവസ്തുക്കൾ കൈവശം വയ്ക്കൽ, കൈമാറ്റം ചെയ്യുന്നതിന് ആവശ്യമായ ലൈസൻസ് നേടൽ, ക്രയവിക്രയം എന്നിവയെല്ലാം 1972-ലെ Antiquities and Art Treasures Act (കേന്ദ്ര നിയമം) പ്രകാരമാണ് നടത്തിപ്പോരുന്നത്. ടി ആവശ്യത്തിനായി ചുമതലപ്പെടുത്തിയ കേന്ദ്ര പുരാവസ്തു വകുപ്പിന്റെ ഉദ്യോഗസ്ഥർക്കാണ് ഇതിന്റെ ചുമതല. ആയതിനാൽ മേൽ വിഷയത്തിൽ കേരള പുരാവസ്തു വകുപ്പിന് ഈ ഘട്ടത്തിൽ നടപടികളൊന്നും സ്വീകരിക്കാൻ കഴിയില്ല. എങ്കിലും, ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് തനതായ ഒരു നിയമം ആവിഷ്കരിക്കാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കുന്നതാണ്.

**ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ സംരക്ഷിത സ്മാരകങ്ങൾ**

321 (5063) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ പുരാവസ്തു വകുപ്പിന് കീഴിൽ എത്ര സംരക്ഷിത സ്മാരകങ്ങളുണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ?

ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ മീനാട് വില്ലേജിൽ സ്ഥിതിചെയ്യുന്ന ചേന്നമത്ത് ശിവക്ഷേത്രമാണ് പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരക പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള നിർമ്മിതി.

(ബി) പ്രസ്തുത സ്മാരകങ്ങൾക്കായി 2016-2021 കാലയളവിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്നും ഇതിനായി ചെലവഴിച്ച തുക എത്രയെന്നും അറിയിക്കാമോ?

2016-21 കാലയളവിൽ, പ്രസ്തുത ക്ഷേത്രത്തിന്റെ ചുറ്റുമതിലുകൾ ബലപ്പെടുത്തൽ, പ്രദക്ഷിണ വഴിയുടെ സംരക്ഷണം/അറ്റകുറ്റ പ്രവൃത്തികൾ എന്നിവയിലേക്കായി 84.61 ലക്ഷം രൂപ പുരാവസ്തു വകുപ്പ് ചെലവഴിച്ചിട്ടുണ്ട്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

10.00 AM]

## II തിരുത്തിയ ഉത്തരം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 267-ന്റെ തിരുത്തിയ ഉത്തരം

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, 15-ാം കേരള നിയമസഭയുടെ മൂന്നാം സമ്മേളനത്തിൽ 25-10-2021-ലെ 267-ാം നമ്പർ നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ അധിക വിവരങ്ങൾ ചേർത്തുകൊണ്ടുള്ള പുതുക്കിയ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു *.

## III അടിയന്തരപ്രമേയം

മുല്ലപ്പെരിയാർ ഡാം

മി. സ്പീക്കർ: തീവ്രമഴയുടെ പശ്ചാത്തലത്തിൽ മുല്ലപ്പെരിയാർ ഡാമിന്റെ ജലനിരപ്പ് പരമാവധി താഴ്ത്തണമെന്നും പുതിയ ഡാം പണിയണമെന്നുമുള്ള ആവശ്യം ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി സംസ്ഥാന താൽപര്യം സംരക്ഷിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടതായി പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ രമേശ് ചെന്നിത്തല, കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ഇവിടെ നൽകിയ നോട്ടീസ് പ്രകാരം കേരളത്തിലുണ്ടായ അതിശക്തമായ തീവ്രമഴയുടെ പശ്ചാത്തലത്തിൽ മുല്ലപ്പെരിയാർ ഡാമിന്റെ ജലനിരപ്പ് പരമാവധി താഴ്ത്തി നിലനിർത്തുകയും പുതിയ ഡാം നിർമ്മിക്കുകയും വേണം. ഈ രണ്ട് കാര്യങ്ങളിലും ഗവൺമെന്റ് സാദ്ധ്യമായ എല്ലാ നടപടികളും കൈക്കൊണ്ടുവരികയാണ്. 1886 ഒക്ടോബർ 29-ന് അന്നത്തെ തിരുവിതാംകൂർ മഹാരാജാവും സെക്രട്ടറി ഓഫ് സ്റ്റേറ്റ് ഫോർ ഇന്ത്യ ഇൻ കൗൺസിലും പെരിയാർ നദിയുടെ ഏറ്റവും താഴ്ന്ന നിരപ്പിൽനിന്നും 155 അടി ഉയരംവരെ കോണ്ടൂർ ലൈനിനാൽ ചുറ്റപ്പെട്ട ഏകദേശം 8000 ഏക്കർ ജലസംഭരണിയും അതിനടുത്തുതന്നെ ജലസേചന അനുബന്ധ നിർമ്മിതികൾ പണിയുന്നതിനായി മറ്റൊരു 100 ഏക്കർ സ്ഥലവും 999 വർഷത്തേയ്ക്ക് തമിഴ്നാടിന് പാട്ടത്തിന് നൽകിക്കൊണ്ട് മുല്ലപ്പെരിയാർ പാട്ടക്കരാർ ഒപ്പുവയ്ക്കുകയുണ്ടായി. 1895-ൽ

* അനുബന്ധം I

നിർമ്മിച്ച മുല്ലപ്പെരിയാർ ഡാമിന്റെ ഉയരം അടിത്തറയുടെ ഏറ്റവും താഴ്ന്ന ഭാഗത്തുനിന്നും 176 അടിയും ഫുൾ റിസർവോയർ ലെവലിൽനിന്നും 152 അടിയുമാണ്. ഡാമിന്റെ മുൻഭാഗവും പിൻഭാഗവും ചുണ്ണാമ്പ് മിശ്രിതത്തിന്റെ സഹായത്താൽ കരിങ്കല്ലിലും ഡാമിന്റെ 62 ശതമാനം വരുന്ന ഉൾഭാഗം ചുണ്ണാമ്പ് സുർക്കി കോൺക്രീറ്റ് ഉപയോഗിച്ചുമാണ് നിർമ്മിച്ചിരിക്കുന്നത്. ഡാമിന് ഡ്രെയിനേജ് ഗാലറിയോ സ്കൗർ സ്ലൂയിസുകളോ നൽകിയിരുന്നില്ലെന്നു മാത്രമല്ല ഡാമിന്റെ രൂപകൽപ്പനയിൽ സീസ്മിക്ക്, അപ്‌ലിഫ്റ്റ് ഫോഴ്സുകൾ പരിഗണിച്ചിരുന്നുമില്ല. ഡാമിന്റെ സ്വഭാവത്തെക്കുറിച്ചോ വർഷങ്ങൾക്ക് മുകളിലുള്ള പ്രകടനത്തെ മോണിറ്റർ ചെയ്യാനുള്ള ഉപകരണങ്ങളോ സ്ഥാപിച്ചിരുന്നില്ല. ഡാമിൽനിന്നും തുടർച്ചയായ കനത്ത ലീക്ക് (Seepage) അനുഭവപ്പെട്ടതിനാൽ 1935-ലും 1961-ലും ഡാമിൽ ഗ്രൗട്ടിംഗ് ചെയ്തിരുന്നുവെങ്കിലും ഇവയൊന്നും ഫലപ്രദമായിരുന്നില്ല.

ഡാമിന്റെ ബലക്ഷയവുമായി ബന്ധപ്പെട്ട് കേരള സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് നവംബർ 1979-ൽ കേന്ദ്ര ജലകമ്മീഷൻ ചെയർമാൻ ഡോ. കെ. സി. തോമസ് കേരളത്തിലെയും തമിഴ്നാട്ടിലെയും ഉദ്യോഗസ്ഥരോടൊപ്പം അണക്കെട്ട് പരിശോധിക്കുകയും ബലപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് അടിയന്തര ഹ്രസ്വകാല, ദീർഘകാല നടപടികൾക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. ഇതേത്തുടർന്ന് ഡാമിൽ ശേഖരിക്കാവുന്ന ജലനിരപ്പ് 152 അടിയിൽനിന്നും 136 അടിയായി കുറയ്ക്കുകയുണ്ടായി. ബലപ്പെടുത്തൽ നടപടികളുടെ ഭാഗമായി 1980-ൽ മെയിൻ ഡാമിന് RCC (Reinforced Concrete Construction) Capping-ഉം കേബിൾ ആങ്കറിംഗും 1990-ൽ അഡീഷണൽ വെന്റ്‌വേയും 1994-ൽ മെയിൻ ഡാമിന് കോൺക്രീറ്റ് ബാക്കിംഗും ചെയ്യുകയുണ്ടായെങ്കിലും അവയൊന്നും ഫലപ്രദമായിരുന്നില്ല. ദീർഘകാല ബലപ്പെടുത്തൽ നടപടികൾക്ക് പകരമായി നിലവിലുള്ള ഡാമിന്റെ അധികം അകലെയല്ലാതെ പുതിയ ഡാമിനുള്ള സ്ഥാനം കണ്ടെത്തുവാനും സി.ഡബ്ല്യു.സി. (സെൻട്രൽ വാട്ടർ കമ്മീഷൻ) 1979-ൽ നിർദ്ദേശിച്ചിരുന്നു. അതനുസരിച്ച് 20-12-1979-ൽ കേരളത്തിലെയും തമിഴ്നാട്ടിലെയും ഉദ്യോഗസ്ഥർ സംയുക്തമായി സ്ഥലം പരിശോധിക്കുകയും നിലവിലുള്ള അണക്കെട്ടിന് ഏകദേശം 366 മീറ്റർ താഴെയായി പുതിയ അണക്കെട്ടിനുള്ള സ്ഥാനം കണ്ടെത്തുകയുമുണ്ടായി. 1895-ൽ നിർമ്മിച്ച മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷയും ഡാമിന്റെ കീഴ്ഭാഗങ്ങളിൽ വസിക്കുന്ന ജനങ്ങളുടെ ജീവന്റെ സുരക്ഷയും ഉറപ്പുവരുത്താനായി നിലവിലെ അണക്കെട്ടിന്റെ താഴെയായി പുതിയ അണക്കെട്ട് പണിയുവാനുള്ള ആവശ്യം കേരളം ആദ്യംമുതൽതന്നെ നിരവധി ചർച്ചകളിൽ കേന്ദ്ര സർക്കാരിനെ അറിയിച്ചിരുന്നു. ഇരു സംസ്ഥാനങ്ങളും തമ്മിൽ നടന്ന ചർച്ചകളിൽ മുല്ലപ്പെരിയാർ ഡാമിലെ

ജലനിരപ്പ് 136 അടിക്ക് താഴെയാക്കണമെന്നും പുതിയ ഡാം നിർമ്മിക്കണമെന്നും കേരളം ആവശ്യപ്പെട്ടെങ്കിലും അതുസംബന്ധിച്ച് പരിഹാരമുണ്ടായില്ല. തുടർന്ന് കേരളവും തമിഴ്നാടും തമ്മിൽ നിലനിന്നിരുന്ന മുല്ലപ്പെരിയാർ ഡാം സംബന്ധിച്ച തർക്കങ്ങളുടെ ഭാഗമായി ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ നിലനിന്നിരുന്ന O.S. 3/2006 അസ്സൽ അന്യായത്തിന്റെ മേൽ നിലവിലുള്ള ഡാമിന്റെ സുരക്ഷയെ സംബന്ധിച്ചും കേരളത്തിന്റെ പുതിയ ഡാം നിർമ്മാണത്തിന്റെ ആവശ്യകതയെ സംബന്ധിച്ചും കേരളം ബഹുമാനപ്പെട്ട സുപ്രീംകോടതിയെ അറിയിച്ചിരുന്നു. കൂടാതെ 100 വർഷത്തിലേറെ പഴക്കമുള്ള ഡാമിന്റെ സുരക്ഷയെ സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ വിവിധ സ്ഥാപനങ്ങളെക്കൊണ്ട് കേരളം പഠനങ്ങൾ നടത്തിയിരുന്നു. ഡാമിന്റെ ഹൈഡ്രോളജിക്കൽ സുരക്ഷയെ സംബന്ധിച്ച് IIT ഡൽഹിയെക്കൊണ്ടും നിലവിലുള്ള ഡാമും പരിസരവും ഭൂകമ്പ സാദ്ധ്യതയുണ്ടാകുന്ന മേഖലയായതിനാൽ IIT റൂർക്കിയെക്കൊണ്ടും കേരളം പഠനം നടത്തിയിരുന്നു. IIT ഡൽഹി നടത്തിയ Probable Maximum Flood and Flood Routing പഠനത്തിൽ മുല്ലപ്പെരിയാർ ഡാം ഹൈഡ്രോളജിക്കലായി സുരക്ഷിതമല്ലെന്നും IIT റൂർക്കി നടത്തിയ പഠന റിപ്പോർട്ടിൽ നിലവിലുള്ള ഡാമിന് പരിസരത്തുണ്ടാകുന്ന ഭൂകമ്പത്തിന്റെ ആഘാതങ്ങളെ നേരിടുവാൻ കഴിയില്ലെന്നും വ്യക്തമാക്കിയിരുന്നു. പ്രസ്തുത പഠനറിപ്പോർട്ടുകൾ കേരളം ബഹുമാനപ്പെട്ട സുപ്രീംകോടതി മുമ്പാകെ സമർപ്പിച്ചിരുന്നു. മുല്ലപ്പെരിയാറിൽ പുതിയ ഡാമിന്റെ വിശദമായ പദ്ധതിരേഖ കേരളം തയ്യാറാക്കുകയും ബഹുമാനപ്പെട്ട സുപ്രീംകോടതി നിയോഗിച്ച ഉന്നതാധികാര സമിതി മുമ്പാകെ 2011-ൽ സമർപ്പിക്കുകയും ചെയ്തു. എന്നാൽ തമിഴ്നാട് ഫയൽ ചെയ്ത അസ്സൽ അന്യായം O.S. 3/2006-ന്മേൽ 7-5-2014-ൽ ബഹുമാനപ്പെട്ട സുപ്രീംകോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ ഉന്നതാധികാര സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുല്ലപ്പെരിയാർ ഡാം hydrologically, seismically and structurally safe ആണെന്നും ഡാമിന്റെ ജലനിരപ്പ് 142 അടിവരെ ഉയർത്താവുന്നതാണെന്നും സൂചിപ്പിക്കുകയുണ്ടായി. എന്നാൽ കേരളത്തിന്റെ ആവശ്യകത കണക്കിലെടുത്ത് തമിഴ്നാടിന്റെ അനുമതിയോടെ പുതിയ ഡാം നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം ബഹുമാനപ്പെട്ട സുപ്രീംകോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. 1895-ൽ നിർമ്മിച്ച മുല്ലപ്പെരിയാർ ഡാമിന്റെ കാലപ്പഴക്കം കണക്കിലെടുത്ത് ഡാമിന്റെ താഴെയുള്ള ഭാഗത്ത് വസിക്കുന്ന ജനങ്ങളുടെ ജീവനും സ്വത്തിനുമുണ്ടാകുന്ന വിപത്തും ഇതുണ്ടാക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷവും പരിഗണിച്ച് കേരളത്തിൽ മുല്ലപ്പെരിയാറിൽ പുതിയ ഡാമിന്റെ ആവശ്യകത സംബന്ധിച്ച് 2014 ജൂൺ 9-ാം തീയതി കേരള നിയമസഭ ഐകകണ്ഠ്യേന ഉപക്ഷേപം പാസ്സാക്കുകയുണ്ടായി. പരിസ്ഥിതി ആഘാത പഠനവുമായി ബന്ധപ്പെട്ട് കേന്ദ്ര

ജലകമ്മീഷന്റെ നിലവിലുള്ള മാർഗ്ഗരേഖപ്രകാരം പുതിയ മുല്ലപ്പെരിയാർ ഡാമിന്റെ ഡി.പി.ആർ. പുതുക്കുന്നതായി ചീഫ് എഞ്ചിനീയർ (ISW)ന്റെ അദ്ധ്യക്ഷതയിൽ 12-2-2021-ലെ സർക്കാർ ഉത്തരവ് G.O (Rt.) No.102/2021/WRD പ്രകാരം ഒരു കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. നിലവിൽ മുല്ലപ്പെരിയാറിൽനിന്നും തമിഴ്നാടിന് നൽകിക്കൊണ്ടിരുന്ന ജലത്തിന്റെ അളവിൽ കുറവ് വരാത്ത വിധത്തിലും കേരളത്തിലെ ജനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്ന രീതിയിലുമാണ് പുതിയ ഡാം നിർമ്മിക്കുവാനുള്ള ഡി.പി.ആർ. തയ്യാറാക്കുന്നത്. പ്രസ്തുത കമ്മിറ്റി യോഗങ്ങളിൽ പുതിയ ഡാമിന്റെ അലൈൻമെന്റ് നിശ്ചയിക്കുവാനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു. പുതിയ ഡാമിന്റെ രൂപരേഖയുമായി ബന്ധപ്പെട്ട ഒരു ഉപസമിതിയും രൂപീകരിച്ചു. ഡാമിന്റെ എഫ്.ആർ.എൽ. നിശ്ചയിക്കുന്നത് നയപരമായ കാര്യമായതിനാൽ സർക്കാർ തലത്തിൽ തീരുമാനമെടുക്കേണ്ടതായിട്ടുണ്ട്.

ഡി.പി.ആർ. റിവൈസ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് അടിയന്തരമായി സ്വീകരിക്കേണ്ട നടപടികൾ താഴെച്ചേർക്കുന്നു.

- മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മാണവുമായി ബന്ധപ്പെട്ട് തമിഴ്നാടുമായി ഒരു ധാരണയുണ്ടാക്കേണ്ടതാണ്.

- പുതിയ ഡാമിന്റെ എഫ്.ആർ.എൽ. നിശ്ചയിക്കണം.

- പുതിയ ഡാമിന്റെ അലൈൻമെന്റ് ഫൈനലൈസ് ചെയ്യണം.

- പുതിയ ഡാം നിർമ്മാണവുമായി ബന്ധപ്പെട്ട് മുങ്ങുന്ന വനഭൂമി തിട്ടപ്പെടുത്തുകയും വനംവകുപ്പിന്റെ അനുമതി തേടുകയും വേണം.

126 വർഷം പഴക്കമുള്ള മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷയെ സംബന്ധിച്ച കേരള ജനതയുടെ ആശങ്ക ഇന്നും നിലനിൽക്കുന്നു. മുല്ലപ്പെരിയാർ ഡാം തകരുന്ന സാഹചര്യമുണ്ടായാൽ ഡാമിന്റെ താഴ്ഭാഗത്തുള്ള സാഹചര്യങ്ങളെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടോടുകൂടി ബഹുമാനപ്പെട്ട സുപ്രീംകോടതിയെയും കേന്ദ്ര സർക്കാരിനെയും അറിയിച്ചിട്ടുണ്ട്. മുല്ലപ്പെരിയാർ എൺവയോൺമെന്റ് പ്രൊട്ടക്ഷൻ ഫോറം W.P.C. 386/2001 പ്രകാരം ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ സമർപ്പിച്ച ഹർജിയിൽ 2006-ൽ വിധി പ്രസ്താവിക്കുകയും ഡാമിന്റെ ജലനിരപ്പ് 142 അടിയായി നിജപ്പെടുത്തിയിട്ടുള്ളതുമാണ്. തുടർന്ന് 18-3-2006-ൽ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) നിയമം, 2006 കേരള നിയമസഭ പാസ്സാക്കുകയും തുടർന്ന് മുല്ലപ്പെരിയാർ ഡാമിന്റെ ജലനിരപ്പ് 136 അടിയായി നിജപ്പെടുത്തുകയും ചെയ്തു. ഇതിനെ ചോദ്യം ചെയ്ത് 31-3-2006-ൽ തമിഴ്നാട് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ അസ്സൽ അന്യായം ഫയൽ ചെയ്തു. തുടർന്ന് 7-5-2014-ൽ

ബഹുമാനപ്പെട്ട സുപ്രീംകോടതിയിലെ അഞ്ചംഗ ഭരണഘടനാ ബെഞ്ച് വിധി പറയുകയും ഡാമിന്റെ ജലനിരപ്പ് 136 അടിയിൽനിന്നും 142 അടിയായി ക്രമീകരിക്കണമെന്നും ആയതിന് മേൽനോട്ടം വഹിക്കുന്നതിനായി സി.ഡബ്ല്യു.സി. ഡാം സേഫ്റ്റി ചീഫ് എഞ്ചിനീയർ ചെയർമാനായി ഇരു സംസ്ഥാനങ്ങളിലെയും അഡീഷണൽ ചീഫ് സെക്രട്ടറിമാർ ചേർന്ന് മേൽനോട്ട സമിതി രൂപീകരിക്കുകയും ചെയ്തു.

ഈ കമ്മിറ്റിക്ക് നൽകിയിരുന്ന അധികാരങ്ങൾ ചുവടെചേർക്കുന്നു.

- മുല്ലപ്പെരിയാർ ഡാമിന്റെ ജലനിരപ്പ് 142 അടിയിൽ കൂടാതെ നിലനിർത്തുക;
- കൃത്യമായ ഇടപെടലിലൂടെ ഡാമിൽ പരിശോധന നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക;
- ഡാമിന്റെ സുരക്ഷയ്ക്കായി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുക;
- കേന്ദ്ര ജല കമ്മീഷന്റെയും ഡാം സേഫ്റ്റി ഓർഗനൈസേഷന്റെയും ഗൈഡ്‌ലൈൻസ് പ്രകാരം പ്രവൃത്തികൾ ചെയ്യുന്നതിന് തമിഴ്‌നാടിന് അനുവാദം നൽകുക.

സൂപ്പർവൈസറി കമ്മിറ്റി നാളിതുവരെ 14 യോഗങ്ങൾ കൂടിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ സുപ്രീംകോടതിയിൽ നിലവിലുള്ള കേസ്സിൽ സംസ്ഥാനത്തിന്റെ ആശങ്ക അറിയിക്കുന്നതിനും അതോടൊപ്പം പുതിയ ഡാമിന്റെ ആവശ്യകത ബഹുമാനപ്പെട്ട കോടതിയിൽ ബോധിപ്പിക്കുന്നതിനുമാവശ്യമായ എല്ലാ രേഖകളും സമർപ്പിച്ചിട്ടുണ്ടെന്ന് കാണാൻ സാധിക്കും. കൂടാതെ ഡാമിന്റെ ബലക്ഷയത്തെക്കുറിച്ചും കാലപ്പഴക്കത്തെക്കുറിച്ചും ആധികാരികമായ രേഖകൾ സഹിതം സുപ്രീം കോടതിയിൽ കാലാകാലങ്ങളിൽ അഫിഡവിറ്റ് ഫയൽ ചെയ്തിട്ടുണ്ട്. നിലവിൽ സി.ഡബ്ല്യു.സി. നിർദ്ദേശപ്രകാരം തമിഴ്‌നാട് തയ്യാറാക്കിയ റൂൾ കർവ് കേരളത്തിന് സ്വീകാര്യമല്ലാത്തതിനാൽ സുരക്ഷാക്രമീകരണങ്ങളും ഡാമിന്റെ ബലക്ഷയവും കണക്കിലെടുത്ത് പുതിയ റൂൾ കർവ് തയ്യാറാക്കി കേന്ദ്ര ജല കമ്മീഷൻ മുഖാന്തരം സുപ്രീംകോടതിയിൽ സമർപ്പിച്ചു. പ്രസ്തുത റൂൾ കർവ് സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതി അന്തിമവിധി പുറപ്പെടുവിച്ചിട്ടില്ല. 28-10-2021-ലെ ഉത്തരവിൽ ബഹുമാനപ്പെട്ട കോടതി കേരളത്തിനെതിരായി സാരമായ യാതൊരു അഭിപ്രായവും രേഖപ്പെടുത്തിയിട്ടില്ല. പകരം വിശദമായ അഫിഡവിറ്റ് ഫയൽ ചെയ്യാൻ ആവശ്യപ്പെട്ട സമയം നൽകുകയാണ് ചെയ്തത്.

കോടതി പറഞ്ഞത് നവംബർ മാസം 11-ന് വീണ്ടും വാദം കേൾക്കാമെന്നാണ്.

142 അടിയായി ജലനിരപ്പ് നിജപ്പെടുത്തുന്നതിന് സുപ്രീംകോടതിയുടെ വിധി നിലവിലുണ്ട്. എന്നാൽ 2018-ലുണ്ടായ അതിവൃഷ്ടിയുടെ ഭാഗമായി ജലനിരപ്പ് 139.99 അടിയിൽനിന്നും അധികരിക്കരുതെന്ന് സുപ്രീംകോടതിയുടെ നിരീക്ഷണമുണ്ടായിട്ടുണ്ട്. 2018-ലെ Russel Joy vs Union of India കേസ്സുമായി ബന്ധപ്പെട്ടാണ് കോടതി അത് പറഞ്ഞത്. അത് പറയുമ്പോഴും ഇപ്പോഴും 142 അടി തന്നെയാണ് അന്തിമമായി കോടതി നൽകിയിരിക്കുന്ന ജലനിരപ്പ്. എന്നാൽ തുടർന്നുവന്ന അതിവൃഷ്ടിയും ഇപ്പോൾ രൂപപ്പെടുന്ന ന്യൂനമർദ്ദവും കൂടുതൽ ജലമുയരാനുള്ള സാദ്ധ്യതയുമൊക്കെ പരിഗണിച്ചുകൊണ്ടാണ് മേൽനോട്ടസമിതി മുമ്പാകെ സംസ്ഥാനത്തിന്റെ ആശങ്ക അവതരിപ്പിച്ചത്. മുല്ലപ്പെരിയാറിലെ ജലനിരപ്പ് വളരെപ്പെട്ടെന്ന് ഉയരുമെന്നതാണ് കഴിഞ്ഞകാല അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ വ്യക്തമാകുന്നത്. ഏതാണ്ട് 625 സ്ക്വയർ കിലോമീറ്റർ കാച്മെന്റ് ഏരിയയുണ്ട്. പക്ഷേ ഡാമിന്റെ പരമാവധി വാട്ടർ കപ്പാസിറ്റി 12.75 TMC ആണ്. എന്നാൽ ഇടുക്കി ഡാമിൽ 650 സ്ക്വയർ കിലോമീറ്ററിൽ റിസർവ് ഏരിയയും കാച്മെന്റ് ഏരിയയുണ്ട്. പക്ഷേ, അതിന്റെ കപ്പാസിറ്റി 70.5 TMC ആണ്. മുല്ലപ്പെരിയാറിൽ ശക്തമായ മഴയുണ്ടായാൽ നാലോ അഞ്ചോ അടി ജലമുയരാൻ ഒരു ദിവസം തന്നെ വേണ്ടിവരുന്നില്ല. ഇത് ആപത്കരമാണെന്ന് ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്. 2018-ൽ നമുക്കത് ബോദ്ധ്യപ്പെടുകയും ചെയ്തതുകൊണ്ടാണ് ഇക്കാര്യത്തിൽ ജാഗ്രത പുലർത്താൻ നേരത്തെ തയ്യാറായത്. ഇരു ഡാമുകളിലെയും ജലനിരപ്പ് നിയന്ത്രിക്കുന്ന കാര്യം, ഇടുക്കി ഡാമിലെ ജലനിരപ്പ് നിയന്ത്രിക്കാനെടുത്ത തീരുമാനം, സുരക്ഷാ ക്രമീകരണങ്ങൾ തുടങ്ങിയവയെല്ലാം പൂർത്തിയായിട്ടുണ്ട്. നോട്ടീസിൽ സൂചിപ്പിച്ചുപ്രകാരം പുതിയ ഡാം നിർമ്മിക്കുന്നതിലും ജലനിരപ്പ് താഴ്ത്തുന്നതിലും ഈ സഭയിൽ രണ്ടഭിപ്രായം ആർക്കുമുണ്ടാകുമെന്ന് കരുതുന്നില്ല. പക്ഷേ, 2006-ലെയും അതിനുശേഷം നമ്മൾ പാസ്സാക്കിയ നിയമവും 2014-ലെ സുപ്രീംകോടതി വിധിയും അതിനെത്തുടർന്നുണ്ടായ സാഹചര്യവും സംസ്ഥാനം ഒരേ സ്പിരിറ്റിലെടുക്കണം. ഇപ്പോൾ നമുക്കുണ്ടായ സാഹചര്യം എന്താണ്? 142 അടിയിൽനിന്നും താഴേയ്ക്കുകൊണ്ടുവരാൻ കഴിഞ്ഞിരിക്കുന്നു. 138 റൂൾ കർവ് എന്നത് അംഗീകരിച്ചില്ല; അതിന് നമ്മൾ ഒബ്ജക്ഷൻ പറഞ്ഞു. അതുകൊണ്ട് കോടതി 139.5 അടിയായി നിജപ്പെടുത്താൻ പറഞ്ഞു. 139.9 അടി സംബന്ധിച്ച് നിരീക്ഷണം നടത്തിയ കോടതി 139.5 അടി എന്നുപറയുകയും കേസ് നവംബർ 11-ന് വീണ്ടും കേൾക്കാമെന്ന് സമ്മതിക്കുകയും ചെയ്തിരിക്കുന്നു. ആ നിലയിൽ ശക്തമായ ഇടപെടൽ നടത്തിയിട്ടുണ്ട്. പുതിയ ഡാം നിർമ്മിക്കണമെന്ന് ബഹു. മുഖ്യമന്ത്രി വ്യക്തമാക്കിയിട്ടുണ്ട്. പുതിയ ഡാം നിർമ്മിക്കുന്നതിനാവശ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിക്കും. അക്കാര്യത്തിൽ സഭയ്ക്ക് രണ്ടഭിപ്രായം

ആവശ്യമുണ്ടോ? മാത്രമല്ല, 'ആശങ്ക വേണ്ട' എന്നു പറഞ്ഞത് പലപ്പോഴും ഏറിനിൽക്കുകയാണ്. മുല്ലപ്പെരിയാർ കേസ്സിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ വാക്കുകളെ അതിന്റേതായ അർത്ഥത്തിൽ കാണണം. ജനങ്ങൾക്ക് ആശങ്കയുണ്ടാകാൻ പാടില്ല. ഈ വിഷയമുണ്ടായതിന്റെ അന്നുതന്നെ എന്നെ ആദ്യം ഇടുക്കിയിലേയ്ക്ക് അയച്ചു. തൊട്ടുപുറകേ റവന്യൂ വകുപ്പുമന്ത്രി വന്നു; അവിടെയുള്ള ഒരു കാര്യത്തിലും ആർക്കും ആക്ഷേപവുമുണ്ടാകാൻ ഇടകൊടുക്കാതെ ജനങ്ങളുടെ സുരക്ഷയെ സംബന്ധിച്ചും ഭീതി അകറ്റുന്നതിനും സാദ്ധ്യമായ കാര്യങ്ങളെല്ലാം ചെയ്തു. അങ്ങനെയൊരു പാനിക് സിറ്റുവേഷൻ ഉണ്ടാക്കരുത്. അതാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആഗ്രഹിച്ചത്. അങ്ങനെ ചെയ്യേണ്ടതല്ലേ; ആ നിലയിൽ വളരെ വ്യക്തമായ കാഴ്ചപ്പാടോടുകൂടി മുന്നോട്ടു പോകാൻ കഴിയുന്നുണ്ട്. ഒരു പുതിയ ഡാം ഉണ്ടാകണമെന്ന് പറയുന്നത് ഈ സഭയുടെ സ്പിരിറ്റാണെന്നു മാത്രമല്ല, കേരളത്തിന്റെ ആവശ്യം കൂടിയാണ്. തമിഴ്നാടിന് ആവശ്യമായ ജലം, കേരളത്തിന്റെ സുരക്ഷ തുടങ്ങിയ കാര്യങ്ങളിൽ ഒരുമിച്ച് നിൽക്കണം. സഭ ഇത്തരം കാര്യങ്ങൾ ചർച്ച ചെയ്യുമ്പോൾ അതിനെ മറ്റൊരു തരത്തിൽ വ്യാഖ്യാനിക്കപ്പെടാൻ അവസരമുണ്ടാകരുത്. ഇതിലേയ്ക്കായി ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കിയിട്ടുള്ള ഒരു സഭയാണിത്. നമ്മുടെ സ്പിരിറ്റ് ഒന്നാണ്, ആർക്കും രണ്ടഭിപ്രായമില്ല. നമ്മുടെ ബുദ്ധിമുട്ടെന്ന് പറയുന്നത് ജനങ്ങളുടെ ആശങ്കകളാണ്. 2018-ലെ സ്ഥിതിയെന്താണ്? മുല്ലപ്പെരിയാർ കവിയുന്നു; ഇടുക്കി ഡാമിലെ ജലനിരപ്പ് 2401 അടിയിലേയ്ക്ക് വരുന്നു; ഇടമലയാർ കവിഞ്ഞൊഴുകുന്നു. ആലുവയിലും എറണാകുളത്തും വെള്ളം പൊങ്ങുന്നു; വേലിയേറ്റം സംഭവിക്കുന്നതിനാൽ കടലിലേയ്ക്ക് വെള്ളം ചെല്ലുന്നില്ല; ഭയാനകമായ സ്ഥിതിവിശേഷമായിരുന്നു. അത്തരം സംഭവങ്ങൾ ഉണ്ടാകാതെ ഇപ്പോൾ ഡാമുകളിലെ ജലം നിയന്ത്രിക്കാൻ സാധിച്ചിരിക്കുന്നു. സമുദ്രനിരപ്പിൽ നിന്നുള്ള കണക്ക് പരിശോധിക്കുമ്പോൾ വാണിംഗ് അലാറം ലെവൽ പോലും വന്നിട്ടില്ല. എങ്കിലും കൃത്യമായ സുരക്ഷാ സംവിധാനം എല്ലാ തലത്തിലും നടത്താനും നന്നായി മേൽനോട്ടം വഹിക്കാനും കഴിഞ്ഞു. 2018-ൽ സംഭവിച്ച കാര്യങ്ങളോട് രാഷ്ട്രീയപരമായി നമുക്കാർക്കും അഭിപ്രായവ്യത്യാസവുമില്ലായിരുന്നു. പ്രകൃതി ദുരന്തത്തിൽ ഒരുമിച്ച് നിൽക്കണം. റവന്യൂ വകുപ്പുമന്ത്രി നേരിട്ട് മീറ്റിംഗിന് വിളിച്ചു. നമ്മുടെ മുന്നിലുള്ള സാഹചര്യങ്ങളെല്ലാം പൂർണ്ണമായും പ്രയോജനപ്പെടുത്തിയിട്ടുണ്ട്. മേൽനോട്ട സമിതി മുമ്പാകെ നമ്മുടെ വാദഗതികൾ ചെയർമാൻ കോടതിയിൽ സബ്മിറ്റ് ചെയ്യുന്നതിൽ വൈഷമ്യം പ്രകടിപ്പിച്ചപ്പോൾ നമ്മൾ അതിനെ ഡിസന്റ് ചെയ്തു. അവസാനം കോടതി പറഞ്ഞത്, ഇനി അടുത്ത 8-ാം തീയതിക്ക് മുമ്പ് അറിയിക്കണം, 11-ാം തീയതി വീണ്ടും വാദം കേൾക്കാം എന്നാണ്. 142 അടിയിൽ നിന്നും 139 അടിയിലേയ്ക്ക് രണ്ട് ഘട്ടമായി ജലനിരപ്പ്

നിജപ്പെടുത്തുന്നതിനുവേണ്ടിയും നിരീക്ഷിക്കുന്നതിനുവേണ്ടിയും കോടതി തയ്യാറാകുന്നു. മുൻകാലങ്ങളിൽ 142 അടിയായിരുന്ന സന്ദർഭത്തിലെല്ലാം കരുതലും മുന്നറിയിപ്പും നൽകാതെ വെള്ളം തുറന്നുവിടുകയായിരുന്നു. 2018-ൽ 13 ഷട്ടറുകളും ഏകദേശം 3 അടിയോളം ഉയർത്തി. അന്ന് ഭീകരാന്തരീക്ഷമുണ്ടാകുകയും ചിന്തിക്കാൻ കഴിയാത്ത സാഹചര്യമുണ്ടാകുകയും ചെയ്തു. 28000-ൽപ്പരം ക്യൂസെക്സ് വെള്ളം അന്ന് ഡിസ്ചാർജ് ചെയ്യേണ്ടിവന്നു. ഇന്ന് ആ സ്ഥിതിയൊന്നും അവിടെയില്ല. ഇപ്പോൾ തുറന്നുവിട്ടിരിക്കുന്ന ജലം തമിഴ്നാട് ഈ നിമിഷം വരെയും നിർത്തിയിട്ടുമില്ല. കുറച്ചുകൂടി അനുകൂലമായ സാഹചര്യമുണ്ടാകുന്നു. അതിനെ പോസിറ്റീവായി കാണണം. തുടക്കം മുതലേ ഈ ഗവൺമെന്റ് നന്നായി ഇടപെടുന്നതുകൊണ്ട് ഒരു സ്പിരിറ്റായിക്കണ്ട് ഒരു പുതിയ ഡാം നിർമ്മിക്കണമെന്ന മെസ്സേജ് ഈ സഭയുടേതായി ഉയർന്നുവരാൻ ശ്രദ്ധിക്കുകയാണ് വേണ്ടത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേരളത്തിലെ സുരക്ഷാമാനദണ്ഡങ്ങളുമായി ബന്ധപ്പെട്ട് ജനങ്ങളെ സംരക്ഷിക്കുന്നതിനുള്ള ധാർമ്മികതയുടെ മൂല്യം ഉയർത്തിയാണ് സംസാരിച്ചിട്ടുള്ളത്. ഇത്തരം കാര്യം നിയമസഭ പലതവണ ചർച്ച ചെയ്തിട്ടുണ്ട്. ഈ വിഷയങ്ങളിൽ ഒരുമിച്ച് എടുത്തിട്ടുള്ള തീരുമാനങ്ങളുണ്ട്. ഭംഗിയായി കാര്യങ്ങൾ മുന്നോട്ടു പോകുന്നുണ്ട്. ഈ സാഹചര്യത്തിൽ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരു കാര്യമുണ്ടെന്ന് തോന്നുന്നില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, എന്റെ ഹൃദയരക്തംകൊണ്ടാണ് ഈ കരാറിൽ ഒപ്പുവയ്ക്കുന്നതെന്ന് 1886-ൽ തിരുവിതാംകൂർ മഹാരാജാവ് ശ്രീമൂലം തിരുനാൾ രേഖപ്പെടുത്തിയത് എന്റെ കാതുകളിൽ മുഴങ്ങുകയാണ്. കേരളത്തിലെ 5 ജില്ലകളിൽ അധിവസിക്കുന്ന പാവപ്പെട്ട 30 ലക്ഷം ജനങ്ങൾ മുല്ലപ്പെരിയാറിനെ ഓർത്ത് വേദനിക്കുകയും ആശങ്കപ്പെടുകയും ചെയ്യുന്ന സാഹചര്യം സംസ്ഥാനത്ത് നിലനിൽക്കുകയാണ്. കേരളത്തോട് കാട്ടിയ അനീതിയുടെ ഹൃദയഭേദകമായ വാക്കുകളായിരുന്നു ശ്രീമൂലം തിരുനാളിന്റെ പ്രസ്താവനയിലൂടെ പുറത്തുവന്നത്. വർഷങ്ങൾകഴിഞ്ഞിട്ടും കേരളജനതയെ പേടിപ്പിക്കുന്ന വസ്തുതയായി മുല്ലപ്പെരിയാർ നിൽക്കുകയാണ്. Mullapperiyar is haunting the people of Kerala എന്നത് സത്യമാണ്. ഓരോ മഴയിലും ചെറിയ ഭൂചലനത്തിലും ഈ പുരാതന അണക്കെട്ടിന്റെ കീഴ്ഭാഗത്ത് നെഞ്ചിടിപ്പോടെ, ഭയവിഹ്വലതകളോടെ ജീവിക്കുന്ന ഒരുകൂട്ടം മനുഷ്യരുടെ കദനകഥ നിയമസഭ ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യേണ്ട കാര്യമാണെന്ന് ഞാൻ വിശ്വസിക്കുന്നു. തമിഴ്നാടിന് വെള്ളം കൊടുക്കുന്നതിന് സംസ്ഥാനം എതിരല്ല, പക്ഷേ, കേരളത്തിന്റെ സുരക്ഷ അതീവപ്രാധാന്യം അർഹിക്കുന്നതാണ്. കേരളം എന്നും ഉദാരമായ നിലപാടാണ് തമിഴ്നാടിനോട് കാണിച്ചിട്ടുള്ളത്. നെയ്യാറിന്റെ കാര്യത്തിലും പറമ്പിക്കുളം-ആളിയാർ പദ്ധതിയുടെ കാര്യത്തിലും സർക്കാർ സ്വീകരിച്ച ഉദാരമായ നിലപാടിനെ ആരും

എതിർത്തിട്ടുമില്ല. പക്ഷേ, കേരളം ജലം നൽകുമ്പോൾ ഇവിടത്തെ ജനങ്ങളുടെ സുരക്ഷിതത്വവും ആശങ്കയും പ്രയാസങ്ങളും പരിഹരിക്കാനുള്ള ഉത്തരവാദിത്വം ഏറ്റെടുക്കേണ്ട സന്ദർഭം കൂടിയല്ലേ ഇത്. കാനഡ ആസ്ഥാനമായുള്ള യുണൈറ്റഡ് നേഷൻസ് യൂണിവേഴ്സിറ്റിയുടെ ആഗോളതലത്തിലെ അണക്കെട്ടുകളെക്കുറിച്ചുള്ള പഠന റിപ്പോർട്ടുകൾ ഈയിടെ പുറത്തുവരികയുണ്ടായി - "Ageing Water Storage Infrastructure: An emerging global risk". ലോകത്ത് 6 അണക്കെട്ടുകളാണ് ഏറ്റവും കൂടുതൽ റിസ്കുള്ളതെന്നാണ് അവരുടെ പഠനത്തിൽ പറയുന്നത്. അതിൽ 4 എണ്ണം ഡീകമ്മീഷൻ ചെയ്തു, ഒരെണ്ണം സിംബാബ്‌വേയിലാണ്, അതിന് 50 വർഷത്തെ പഴക്കം മാത്രമെയുള്ളൂ. മറ്റൊരു ഡാം എന്നുപറയുന്നത് മുല്ലപ്പെരിയാർ ആണ്. 50 വർഷത്തേയ്ക്ക് ഉദ്ദേശിച്ച് പണിത ഈ ഡാം ഇന്ന് എത്ര വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു? ഇതിന്റെ സുരക്ഷിതത്വം സംബന്ധിച്ച ആശങ്ക സഭയിൽ എത്രയോതവണ ചർച്ച ചെയ്തിട്ടുള്ളതാണ്. ആഗോളതലത്തിൽ തന്നെ മുല്ലപ്പെരിയാർ അപകടകമാണെന്ന് പഠന റിപ്പോർട്ടുകൾ പുറത്തുവരുമ്പോഴാണ് മുല്ലപ്പെരിയാറിൽ 142 അടി വെള്ളം സംഭരിച്ചാലും കുഴപ്പമില്ലായെന്ന് കേരളം സമ്മതിക്കുന്ന അപകടകരമായ സ്ഥിതി നിലനിൽക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസംഗം കേട്ടപ്പോൾ തമിഴ്നാട് നിയമസഭയിൽ തമിഴ്നാട്ടിലെ ജലവിഭവ വകുപ്പുമന്ത്രി പറയുന്നതായിട്ടാണ് തോന്നിയത്. കേരളത്തിന്റെ അവകാശങ്ങൾക്കുവേണ്ടി സംസാരിക്കേണ്ട മന്ത്രിയായി അദ്ദേഹം ഇനിയെങ്കിലും ഉയരുമെന്നാണ് കരുതുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കാണ് ഞങ്ങൾ നോട്ടീസ് കൊടുത്തത്, അദ്ദേഹം മറുപടി പറഞ്ഞില്ല. 26-10-2021-ൽ കൂടിയ മുല്ലപ്പെരിയാർ മേൽനോട്ട സമിതിയുടെ മിനിട്സാണ് എന്റെ കയ്യിലുള്ളത്. അത് സെൻട്രൽ വാട്ടർ കമ്മീഷൻ ചെയർമാനും തമിഴ്നാടും കേരളവും അംഗങ്ങളായിട്ടുള്ള സമിതിയാണ്. പ്രസ്തുത മിനിട്സിൽ എന്താണ് പറയുന്നത്? കേരളത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ വേണ്ടിയായിരുന്നുവോ, റൂൾ കർവ് കൊടുത്തത് തമിഴ്നാടല്ലേ, കേരളം ഇക്കാര്യത്തിൽ എന്തെങ്കിലും ഹോം വർക്ക് ചെയ്തോ; ഡാറ്റ കളക്ട് ചെയ്തോ; കേരളത്തിന്റെ പ്രതിനിധിയുടെ കയ്യിൽ ആവശ്യമായ എന്തെങ്കിലും രേഖകളുണ്ടായിരുന്നോ? തർക്കിച്ച് സമയം കളയരുത്. മനുഷ്യന്റെ ജീവന്റെ പ്രശ്നമാണെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി ശാസിച്ചതിനുശേഷം കൂടിയ മേൽനോട്ടസമിതിയുടെ യോഗത്തിന്റെ മിനിട്സിൽ രേഖപ്പെടുത്തിയിരിക്കുന്നത്, 142 അടി വെള്ളം സംഭരിക്കാൻ മുല്ലപ്പെരിയാർ സുരക്ഷിതവും ശക്തവുമാണെന്നാണ്. കേരളവും തമിഴ്നാടും അതിനോട് യോജിച്ചുവെന്നാണ് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ മേൽനോട്ടസമിതി സമർപ്പിച്ച രേഖയിൽ പറയുന്നത്. ഞാൻ ആ മിനിട്സ് വായിക്കാം. " The rule curve was finalised by CWC based upon study submitted by Tamil Nadu and shared with Government of Kerala. Upper rule levels respect to the dates are 20$^{th}$

October - 137.75 ft, 31st October - 138.00 ft, 10th November - 139.50 ft, 20th November - 141.00 ft and 30th November - 142.00 ft. A representative of Government of Kerala agreed with the above proposal...." എന്ത് താൽപ്പര്യമാണ് കേരളം സംരക്ഷിച്ചത്? നിങ്ങൾ പറയുന്നു, "A representative of Government of Kerala, agreed with the above but stressed upon to maintain the water level in the reservoir to 137 ft. as of now in view of NE Monsoons..." അങ്ങ് 2018-ലെ വെള്ളപ്പൊക്കത്തെക്കുറിച്ച് പറഞ്ഞല്ലോ, അന്ന് രണ്ടുപേരും കൂടി പറഞ്ഞ വാദങ്ങൾ അങ്ങ് പെട്ടെന്ന് മറന്നുപോയോ, എനിക്ക് മറക്കാൻ കഴിയില്ല. അന്ന് ഇടുക്കിയിൽ പറഞ്ഞ വാദങ്ങൾ അങ്ങ് ഇപ്പോൾ മറച്ചുവയ്ക്കുന്നു. ഇതെല്ലാം അങ്ങയുടെ രാഷ്ട്രീയ നിലപാടുകളുടെ ഭാഗമായി പറഞ്ഞതായിരിക്കാം. ഡാം മാനേജ്മെന്റിലുണ്ടായ തകരാറുകൊണ്ടാണ് 2018-ൽ കേരളത്തിൽ വെള്ളപ്പൊക്കമുണ്ടായതെന്ന കാര്യത്തിൽ ഞങ്ങൾ ഇപ്പോഴും ഉറച്ചുനിൽക്കുകയാണ്. ബഹുമാനപ്പെട്ട ഹൈക്കോടതി ഞങ്ങൾ പറഞ്ഞ കാര്യങ്ങൾ അംഗീകരിക്കുകയാണുണ്ടായത്. ഇക്കാര്യത്തിൽ കേരളത്തിന്റെ നിലപാട് എന്താണ്? ആ യോഗത്തിൽ കേരളത്തെ പ്രതിനിധീകരിച്ച ഉദ്യോഗസ്ഥന്റെ കയ്യിൽ എന്തുകൊണ്ട് രേഖകൾ ഉണ്ടായിരുന്നില്ല. 136 അടി വെള്ളമേ സംഭരിക്കാൻ പാടുള്ളൂവെന്ന നിലപാടുമായാണ് കേരളം വർഷങ്ങളായി കോടതിയിൽ പോരാടുന്നത്. അപ്പോഴാണ് 142 അടി വെള്ളം സംഭരിക്കാനുള്ള ബലമുണ്ടെന്ന് കേരളം തന്നെ മേൽനോട്ട സമിതിയിൽ പറയുന്നത്. ഈ മിനിട്സിന്റെ അടിസ്ഥാനത്തിലാണ് തമിഴ്നാട് തയ്യാറാക്കിയ റൂൾ കർവ് സുപ്രീംകോടതി അംഗീകരിച്ചത്. 139.5 അടി വെള്ളം ശേഖരിക്കാൻ സുപ്രീംകോടതി അനുവദിച്ചതും കേരളത്തിന്റെ നിലപാടുകൂടി കണക്കിലെടുത്തുകൊണ്ടാണ് എന്നത് ഗൗരവപൂർവ്വം കാണേണ്ട കാര്യമാണ്. മുല്ലപ്പെരിയാർ ഡാമിന് ബലക്ഷയമുണ്ടെന്നും കുഴപ്പത്തിലാണെന്നും ലോക ഏജൻസികൾ പറയുന്നു. യു.എൻ. യൂണിവേഴ്സിറ്റി മാത്രമല്ല, ഐ.ഐ.ടി. ഡൽഹി, റൂർക്കി ഐ.ഐ.ടി. ഉടങ്ങിയവരെല്ലാം നടത്തിയ പഠനത്തിൽ ബലക്ഷയമുണ്ടെന്ന കണ്ടെത്തലല്ലേ ഉള്ളത്? അപ്പോഴാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത് ഒരു കുഴപ്പവുമില്ല, ഒരു ആശങ്കയും വേണ്ടായെന്ന്. കേരളത്തിലെ ജനങ്ങളുടെ ആശങ്കകൾ പരിഹരിക്കപ്പെട്ടോയെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ ചോദിക്കുന്നു. കേരളത്തിലെ ജനങ്ങൾക്ക് ആശങ്കകളില്ലേ, മുല്ലപ്പെരിയാർ ഡാമുമായി ബന്ധപ്പെട്ട് കേരളത്തിൽ മുപ്പത്തഞ്ച് ലക്ഷത്തോളം ജനങ്ങളുടെ ആശങ്കകൾ കണ്ടില്ലെന്ന് നടിക്കാനാകുമോ? 139.5 അടിയായി ജലനിരപ്പ് നിശ്ചയിച്ച് കോടതിയുടെ ഉത്തരവ് വന്നപ്പോൾ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി എങ്ങനെയാണ് സ്വാഗതം ചെയ്തത്? അതുകൊണ്ടാണ് ഈ ഗവൺമെന്റിന് മുല്ലപ്പെരിയാറിന്റെ കാര്യത്തിൽ ഒരു നയമില്ല എന്നു പറഞ്ഞത്. നിങ്ങൾക്ക് ഒരു നിലപാടില്ല, ശ്രീ.

മോൻസ് ജോസഫ് ഇവിടെയുണ്ട്, അദ്ദേഹം പെറ്റീഷൻസ് കമ്മിറ്റിയുടെ ചെയർമാനായിരുന്നു. ആദ്യമായി മുല്ലപ്പെരിയാർ വിഷയത്തിൽ അവർ സമർപ്പിച്ച റിപ്പോർട്ട് എന്റെ കയ്യിലുണ്ട്. ജലനിരപ്പ് 136 അടിയിൽ നിർത്തണമെന്നാവശ്യപ്പെട്ട് ഈ സഭ മൂന്ന് തവണ പ്രമേയം പാസ്സാക്കി. അങ്ങ് പറഞ്ഞത്, 142 അടിയാക്കണമെന്ന് കോടതി പറഞ്ഞെന്നാണ്. അതിനെതിരെയാണ് നമ്മുടെ പോരാട്ടം. ഇപ്പോൾ അതിവൃഷ്ടി, പ്രളയം, തുടർച്ചയായുണ്ടാകുന്ന ഭൂചലനങ്ങൾ ഇതെല്ലാം കാരണം 142 അടിയിലെത്താൻ കഴിയുകയില്ലെന്നുള്ള നിലപാടിൽ ഉറച്ചുനിൽക്കുകയാണ് വേണ്ടത്, അത് കോടതിയെ ബോദ്ധ്യപ്പെടുത്തുകയാണ് വേണ്ടത്. അല്ലാതെ 139.5 അടി ആക്കിയപ്പോൾ ശ്രീ. റോഷി അഗസ്റ്റിൻ അതിനെ സ്വാഗതം ചെയ്തത് കേരളത്തിന്റെ താൽപ്പര്യങ്ങൾക്ക് വിരുദ്ധമായിരുന്നു; അങ്ങ് സ്വാഗതം ചെയ്യാൻ പാടില്ലായിരുന്നു. ശ്രീ. പിണറായി വിജയൻ ആദ്യം മുഖ്യമന്ത്രിയായി ചാർജെടുത്തപ്പോൾ അദ്ദേഹം ഡൽഹിയിൽ വച്ച് പറഞ്ഞത്, മുല്ലപ്പെരിയാർ ഡാമിന് ഒരു സുരക്ഷാ ഭീഷണിയുമില്ലെന്നാണ്. അന്ന് വളരെയേറെ വിമർശനമുണ്ടാക്കിയ വാചകമാണത്. അതേത്തുടർന്നാണ് കഴിഞ്ഞദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആശങ്ക വേണ്ടായെന്നു പറഞ്ഞത്. 139.5 അടിയായി നിജപ്പെടുത്തിയപ്പോൾ അങ്ങ് എന്തിന് സ്വാഗതം ചെയ്തു. ഇക്കാര്യങ്ങളെല്ലാം ചേർത്ത് വായിച്ചാൽ കേരളത്തിലെ ഗവൺമെന്റ് മുല്ലപ്പെരിയാർ വിഷയത്തിൽ അവധാനതയില്ലാതെ പെരുമാറി; നിങ്ങൾ തെറ്റായ നയം സ്വീകരിക്കുന്നു. നിങ്ങൾ ഇതപര്യന്തം സർ സി.പി. രാമസ്വാമി അയ്യർ മുതൽ ഉമ്മൻ ചാണ്ടി വരെയുള്ള ഗവൺമെന്റുകളുടെ ഭരണകാലത്ത് സ്വീകരിച്ച നിലപാടുകൾക്ക് വിരുദ്ധമായ നിലപാട് സ്വീകരിക്കുന്നുവെന്നാണ് ഇവിടെ കാണാൻ കഴിയുന്നത്. മുല്ലപ്പെരിയാർ ഡാമിന് ഭീഷണിയില്ലെങ്കിൽ പിന്നെ എന്തിനാണ് പുതിയ ഡാം? പുതിയ ഡാം വരേണ്ടത് നാടിന് അനിവാര്യമാണ്. മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് 136 അടി പോലും ആകരുത് 120 അടി വേണമെന്ന് പറഞ്ഞ് മനുഷ്യച്ചങ്ങല പിടിച്ച സി.പി.ഐ.(എം.)-ന്റെ നേതാക്കളോട് ഞാൻ ചോദിക്കുന്നു, നിങ്ങൾ എവിടെ നിൽക്കുന്നു? ഡാം മുതൽ കടൽ വരെയെന്ന മുദ്രാവാക്യം മുഴക്കി മുഖ്യമന്ത്രിയടക്കം മനുഷ്യച്ചങ്ങല പിടിച്ചത് 120 അടിക്കുവേണ്ടിയായിരുന്നു. ഇപ്പോൾ 139.5 അടിയായപ്പോൾ നിങ്ങൾ ആഹ്ളാദം കൊള്ളുന്നത് എന്തിന്റെ അടിസ്ഥാനത്തിലാണ്? ഇടുക്കിയിലെ ജനങ്ങൾ ഇപ്പോൾ രണ്ട് ഭീഷണിയിലാണ്, അതിൽ ഒന്നാമത്തേത് മുല്ലപ്പെരിയാർ ഡാം ഉയർത്തുന്നതും രണ്ടാമത്തേത് മുല്ലപ്പെരിയാർ അപകടത്തെക്കുറിച്ച് മിണ്ടിയാൽ നടപടിയെടുക്കുമെന്നുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഭീഷണിയുമാണ്. മുല്ലപ്പെരിയാർ അണക്കെട്ടിൽ 142 അടി വെള്ളം സംഭരിക്കാമെന്ന സുപ്രീംകോടതി വിധിയെ അംഗീകരിക്കുന്നു. പക്ഷേ, അവിടെ സുപ്രധാനമായൊരു കാര്യംകൂടി സംഭവിച്ചു, അത് മേൽനോട്ട

സമിതിയാണ്. ഈ വിഷയത്തിൽ മേൽനോട്ട സമിതി രൂപീകരിക്കപ്പെട്ടത് കേരളത്തിന്റെ വിജയമാണ്. ചരിത്രത്തിൽ ആദ്യമായാണ് മുല്ലപ്പെരിയാർ അണക്കെട്ടിന്റെ പ്രവർത്തനത്തിൽ കേരളത്തിന് പങ്കാളിത്തമുണ്ടാകുന്നത്. മേൽനോട്ടസമിതിയുടെ ചെയർമാൻ കേന്ദ്ര ജല കമ്മീഷനും കേരള - തമിഴ്നാട് അതിലെ പ്രതിനിധികളുമാണ്. ഈ മേൽനോട്ടസമിതിയിൽ നിങ്ങൾ എന്തെങ്കിലും ഫലപ്രദമായ നടപടി സ്വീകരിച്ചോ; വർഷത്തിൽ ഒരിക്കലല്ലേ നിങ്ങൾ യോഗം ചേരുന്നത്; ഇടക്കിടയ്ക്ക് യോഗം ചേരുമെന്ന് പറഞ്ഞ നിങ്ങൾ എത്രതവണ യോഗം ചേർന്നു, ആ യോഗത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; നിങ്ങൾ എന്തെല്ലാം ഡാറ്റ ശേഖരിച്ചു; അവിടെ നിങ്ങൾ ഓഫീസ് തുടങ്ങിയോ, ജീവനക്കാരെ വച്ചോ; ഓഫീസ് പ്രവർത്തനം ആരംഭിച്ചോ? ഞാൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന കാലത്താണ് ആദ്യമായി മുല്ലപ്പെരിയാറിൽ ഒരു ഡിവൈ.എസ്.പി.-യുടെ നേതൃത്വത്തിൽ പോലീസ് സ്റ്റേഷൻ ആരംഭിച്ചത്. നേരത്തേ അവിടെ കയറണമെങ്കിൽ തമിഴ്നാടിന്റെ അനുവാദം വേണമായിരുന്നു. ആ സാഹചര്യം മാറ്റിയത് യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്താണ്. ഇപ്പോഴും തമിഴ്നാടിന്റെ അനുവാദമില്ലാതെ ഡാമിലേയ്ക്ക് കടക്കാൻ കഴിയില്ല. ഇടുക്കി എം.പി-യായ ശ്രീ. ഡീൻ കുര്യാക്കോസിനെ തടഞ്ഞ സംഭവവുമുണ്ടായി. മുല്ലപ്പെരിയാർ സംബന്ധിച്ച എല്ലാ ഡാറ്റയും മേൽനോട്ട സമിതി അംഗമെന്ന നിലയ്ക്ക് സംസ്ഥാനത്തിനും ലഭിക്കും. പക്ഷേ അത് നിങ്ങൾ വാങ്ങിയിട്ടുണ്ടോ? പകരം നിങ്ങൾ മുഖവിലയ്ക്കെടുത്തത് തമിഴ്നാട് പറയുന്ന കണക്ക് മാത്രമായിരുന്നു. സുപ്രീംകോടതി വിധി വന്നതിനുശേഷം എല്ലാം അവസാനിച്ചുവെന്ന നിലയിലാണ് സർക്കാർ പെരുമാറുന്നത്. കഴിഞ്ഞ ഏതാനും വർഷങ്ങളായി തുടർച്ചയായുണ്ടാകുന്ന പ്രകൃതിക്ഷോഭം, ഉരുൾപൊട്ടൽ, കാലാവസ്ഥയിലുണ്ടായിരിക്കുന്ന വമ്പിച്ച മാറ്റം മുതലായവ 2018-ലെ മഹാപ്രളയം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ തുടങ്ങിയ പ്രശ്നങ്ങളുടെ പശ്ചാത്തലത്തിൽ സുപ്രീംകോടതിയെ ബോദ്ധ്യപ്പെടുത്തിക്കൊണ്ട് വിധിയിൽ മാറ്റം വരുത്താൻ എന്തൊക്കെ നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചത്? സുപ്രീംകോടതി ഈ വിഷയം പരിഗണനയ്ക്കെടുത്തപ്പോൾ കേരള സർക്കാർ എന്തുകൊണ്ട് പരാതിപ്പെട്ടില്ല. പരിസ്ഥിതി പ്രവർത്തകർ സ്വമേധയാ കോടതിയിൽ പോയതാണ്, സുരക്ഷാ പബ്ലിക് ചാരിറ്റി ട്രസ്റ്റും ഡോ. ജോ. ജോസഫുമാണ് കോടതിയിൽ പോയത്. അപ്പോഴാണ് മനുഷ്യന്റെ ജീവന്റെ വിലയാണ് ഏറ്റവും പ്രധാനമെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി പറഞ്ഞത്. മുല്ലപ്പെരിയാർ ഡാമിന്റെ കാര്യങ്ങൾ സൂക്ഷ്മമായി പഠിച്ച് വിശകലനം ചെയ്ത മുല്ലപ്പെരിയാർ സെല്ലിനെ ശ്രീ. റോഷി അഗസ്റ്റിൻ എന്തിനാണ് പിരിച്ചുവിട്ടത്; ശ്രീ. പരമേശ്വരൻ നായരുടെ നേതൃത്വത്തിലുണ്ടായിരുന്ന സെല്ലിന്റെ പ്രവർത്തനം നിർത്തിയത് എന്തിനാണ്? കർണ്ണാടകവും തമിഴ്നാട്ടും കാവേരി ജലത്തിനുവേണ്ടി നടത്തുന്ന പോരാട്ടങ്ങൾ അങ്ങേയ്ക്കും അറിയാവുന്നതാണ്, പാർലമെന്റിൽ എപ്പോഴും

ശബ്ദകോലാഹലങ്ങൾ ഉണ്ടാകുന്ന കാര്യമാണ്. രണ്ട് സംസ്ഥാനങ്ങളും അവിടെ ചെയ്യുന്ന ഫലപ്രദമായ കാര്യങ്ങൾ കണ്ടെങ്കിലും പഠിക്കാൻ എന്തുകൊണ്ടാണ് കേരളം തയ്യാറാകാതിരുന്നത്? കഴിഞ്ഞ 7 വർഷമായി മുല്ലപ്പെരിയാർ വിഷയത്തിൽ സംസ്ഥാന സർക്കാർ എന്തുചെയ്തുവെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഇവിടെ വ്യക്തമാക്കണം. അതോടൊപ്പം ഇപ്പോൾ വന്നുകൊണ്ടിരിക്കുന്ന അപകടകരമായ സൂചനകളെ കണ്ടില്ലെന്ന് നടിച്ചുകൊണ്ട് കാര്യങ്ങൾ യഥാസമയം ചെയ്യാതെ സംസ്ഥാന താത്പര്യം ഹനിച്ചുകൊണ്ടുള്ള നടപടിയാണ് ഇവിടെ കണ്ടുകൊണ്ടിരിക്കുന്നത്. സംസ്ഥാനത്തിന്റെ താത്പര്യങ്ങൾ ഉയർത്തിപ്പിടിക്കാനും തമിഴ്നാടുമായി സംസ്ഥാനത്തിന്റെ കാര്യങ്ങൾ പറയാനും എന്തുകൊണ്ട് സാധിക്കുന്നില്ല? തമിഴ്നാടുമായി ഏറ്റുമുട്ടലിന് പോകണമെന്ന് ഞങ്ങളാരും പറയുന്നില്ല; അത് ആഗ്രഹിക്കുന്നുമില്ല. ഇന്ത്യയിൽ ഇതിനുമുമ്പും തർക്കമുണ്ടാകുന്ന സന്ദർഭങ്ങളിൽ സമവായത്തിലൂടെ കാര്യങ്ങൾ ചെയ്തിട്ടുണ്ട്. 1958-ൽ പറമ്പിക്കുളം-ആളിയാർ കരാർ തത്വത്തിൽ അംഗീകരിക്കുന്നതിനായി ഇ.എം.എസ്-ഉം കാമരാജും ഒരുമിച്ചിരുന്ന് ജവഹർലാൽ നെഹ്റുവിന്റെ നിർദ്ദേശപ്രകാരം ചർച്ച നടത്തിയിട്ടുണ്ട്. അതോടൊപ്പം 1960-ൽ പട്ടം താണുപ്പിള്ളയും സി. സുബ്രഹ്മണ്യവും ചർച്ച നടത്തിയിട്ടുണ്ട്. 1969-ൽ കരുണാനിധിയും ഇ.എം.എസും. തമ്മിൽ ചർച്ച നടത്തിയിട്ടുണ്ട്. തമിഴ്നാടുമായി ചർച്ചകളിലൂടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുകയാണ് വേണ്ടത്. സുപ്രീംകോടതി വിധിയനുസരിച്ച് ഒരു കാരണവശാലും കേരളത്തിനുമാത്രമായി ഡാം നിർമ്മിക്കാൻ കഴിയില്ല. സുപ്രീംകോടതി വിധിയിൽ ഇങ്ങനെ പറയുന്നു. "In the view of the above matter, for the construction of a new dam, there has to be agreement of both the parties. The offer made by Kerala cannot be thrust upon Tamilnadu." തമിഴ്നാടിന്റെകൂടി അനുവാദമില്ലാതെ പുതിയ ഡാം നിർമ്മിക്കാൻ കഴിയില്ല. സംസ്ഥാന സർക്കാർ എത്ര രൂപരേഖ തയ്യാറാക്കിയതാണ്, ടി. എം. ജേക്കബ് മന്ത്രിയായിരുന്നപ്പോൾ രൂപരേഖ തയ്യാറാക്കിയിരുന്നു. സുപ്രീംകോടതി വിധിയുടെ വെളിച്ചത്തിൽ തമിഴ്നാടിന്റെ അംഗീകാരവും അനുവാദവുമുണ്ടെങ്കിൽ മാത്രമെ അങ്ങനെ ചെയ്യാൻ കഴിയുകയുള്ളൂ. തമിഴ്നാട് സർക്കാരിനെക്കൂടി വിശ്വാസത്തിലെടുത്തുകൊണ്ട് മുല്ലപ്പെരിയാറിൽ ആധുനിക അണക്കെട്ട് എത്രയുംവേഗം നിർമ്മിച്ച് ശാശ്വതപരിഹാരം കണ്ടെത്തുക എന്നുള്ളതാണ് ആവശ്യം. അതിന് മുൻകയ്യെടുക്കേണ്ടത് കേരളമാണ്. അതിനായി നാം കേന്ദ്രഗവൺമെന്റിനെ സമീപിക്കണം. ഇതിനായി രാഷ്ട്രീയ പരിഹാരവും കേന്ദ്രഗവൺമെന്റിന്റെ സഹായവും ആവശ്യമാണ്. രണ്ട് സംസ്ഥാനങ്ങളുടെയും മുഖ്യമന്ത്രിമാർ ഒരുമിച്ചിരുന്ന് ചർച്ച ചെയ്ത് പ്രശ്നത്തിന് പരിഹാരം കാണണം. ഈ അണക്കെട്ടിന്റെ കാര്യത്തിൽ രണ്ടു സംസ്ഥാനങ്ങൾക്കും ഉത്തരവാദിത്വമുണ്ടാകണം. എങ്കിൽമാത്രമെ പുതിയ അണക്കെട്ട് നിർമ്മിക്കാൻ സാധിക്കുകയുള്ളൂ. ഇതിനൊരു

സമവായം രൂപപ്പെടുത്തുന്നതിന് കേരളത്തിലെയും തമിഴ്നാട്ടിലെയും സർവ്വകക്ഷി സംഘങ്ങൾ ഒരുമിച്ച് ചർച്ച നടത്തണമെന്നൊരു പുതിയ നിർദ്ദേശം വയ്ക്കുകയാണ്. പുതിയ അണക്കെട്ട് എന്ന ആശയം ഉൾക്കൊള്ളാൻ അവർക്ക് രാഷ്ട്രീയ പരിമിതികളുണ്ടാകും. ആ പതിമിതികൾ മറികടക്കുന്നതിന് പരസ്പര വിശ്വാസം ഉറപ്പുവരുത്തിക്കൊണ്ട് ഇരുസംസ്ഥാനങ്ങളും സർവ്വകക്ഷി യോഗം ചേരണമെന്ന ആശയം മുമ്പോട്ടുവയ്ക്കുകയാണ്. അല്ലാത്തപക്ഷം വിഷയങ്ങളെ വൈകാരികമായി സമീപിക്കുന്ന തമിഴ്നാട് ജനതയെ ചില രാഷ്ട്രീയ കക്ഷികൾ സ്വാർത്ഥലാഭത്തിനുവേണ്ടി ദുരുപയോഗപ്പെടുത്തുകയും ഇരുസംസ്ഥാനങ്ങളും തമ്മിലുള്ള ബന്ധം വഷളാകുകയും ചെയ്യാനിടയാകും. ഇക്കാര്യത്തിൽ രാഷ്ട്രീയാടിസ്ഥാനത്തിൽ ശാശ്വതപരിഹാരം സംയുക്തമായി രൂപപ്പെടുത്തേണ്ടതുണ്ട്. ഈ കാര്യത്തിൽ നിങ്ങളെടുത്തിരിക്കുന്ന സമീപനം തെറ്റാണ്, നിങ്ങൾ കേരളത്തിലെ ജനങ്ങളുടെ താത്പര്യങ്ങൾ സംരക്ഷിക്കുന്നില്ല. മുല്ലപ്പെരിയാർ വിഷയത്തെ ലാഘവത്തോടെയാണ് സർക്കാർ കാണുന്നത്. സുപ്രീംകോടതി വിധി വന്നശേഷം ഇക്കാര്യത്തിൽ ഒരു നടപടിയും സ്വീകരിക്കാതെ കഴിഞ്ഞ 7 വർഷം നിങ്ങൾ ഉറങ്ങുകയായിരുന്നു. അതുകൊണ്ടാണ് ജനങ്ങൾ ആശങ്ക പ്രകടിപ്പിക്കുന്നത്. സംസ്ഥാന താത്പര്യം സംരക്ഷിക്കാൻ കഴിയാത്തതുകൊണ്ടാണ് ഇക്കാര്യം സംബന്ധിച്ച് സഭ ചർച്ച ചെയ്ത് പരിഹാരം കണ്ടെത്തണമെന്ന് അങ്ങയിലൂടെ സർക്കാരിനോട് ആവശ്യപ്പെടുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷനേതാവും അടിയന്തര പ്രമേയാവതാരകനുമായ ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ച വിഷയം പരിശോധിക്കുമ്പോൾ പറയാനുള്ളത്, വസ്തുതകളെ വളച്ചൊടിക്കാൻ പാടില്ലെന്നാണ്. ഈ വിഷയത്തിൽ എന്റെ നിലപാടിനെ അദ്ദേഹം ചോദ്യംചെയ്തു എന്നുള്ളതാണ് ആദ്യമേതന്നെ സൂചിപ്പിക്കാനുള്ളത്. 2018 -ൽ ഞാൻ പറഞ്ഞത് അങ്ങ് കേൾക്കുകയും മറുപടി പറയുകയും ചെയ്തു. ഇടുക്കി ഡാമിന്റെ ഓപ്പറേഷനിൽ പരസ്പര ആലോചനയും തീരുമാനവും കൈക്കൊണ്ടിട്ടുണ്ട് എന്നുതന്നെയാണ് ഞാൻ പറഞ്ഞത്. എന്നോട് വിളിച്ചുചോദിക്കുമ്പോഴും അതുതന്നെയാണ് പറഞ്ഞിട്ടുള്ളത്. തീർച്ചയായും അന്നത്തെ പ്രതിപക്ഷനേതാവെന്ന നിലയിൽ ഇടുക്കി ഡാമിന്റെ ഓപ്പറേഷനെക്കുറിച്ച് അഭിപ്രായവ്യത്യാസം പറഞ്ഞതായി ഞാനും കേട്ടിട്ടില്ല. അവിടെയുണ്ടായിരുന്ന സ്ഥിതിഗതികൾ ആലോചിച്ചുവെന്നത് എനിക്ക് നല്ല ബോദ്ധ്യമുണ്ട്, അന്ന് വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. എം. എം മണി ആയിരുന്നു. അന്ന് ഞാൻ പ്രതിപക്ഷ എം.എൽ.എ. ആയിരുന്നെങ്കിലും അക്കാര്യങ്ങൾ മോണിറ്റർ ചെയ്യുകയും ബന്ധപ്പെട്ട എല്ലാ പഞ്ചായത്തുകളിലും യോഗം നടത്തുകയും ആളുകളെ മാറ്റിപ്പാർപ്പിക്കാൻ സൗകര്യമൊരുക്കുകയും ചെയ്തിട്ടുണ്ട്. അവിടെ യാതൊരുതരത്തിലും യു.ഡി.എഫ്/എൽ.ഡി.എഫ്. എന്ന തരത്തിലുള്ള പോരാട്ടം

കണ്ടിട്ടില്ലെന്ന വസ്തുത മനസ്സിലാക്കണം. അല്ലാതെ ഒരു സ്റ്റേറ്റ്മെന്റും ഉണ്ടായിട്ടില്ല, എതിരായിപ്പറഞ്ഞിട്ടുണ്ടെന്ന രേഖ ഹാജരാക്കാമെങ്കിൽ ഞാൻ പരസ്യമായി മാപ്പുപറയാനും തയ്യാറാണ്. 2018-ലെ എന്റെ നിലപാടും അതുതന്നെയാണ്. പ്രതിപക്ഷനേതാവായിരുന്ന താങ്കളും അങ്ങനെ എതിർത്ത് പറഞ്ഞിട്ടുണ്ടെന്ന് ഞാൻ പറയില്ല. പ്രകൃതി ദുരന്തങ്ങളുടെയും സാഹചര്യങ്ങളുടെയും പശ്ചാത്തലത്തിൽ ഇത് സർക്കാർ സ്വീകരിക്കേണ്ട സമീപനംതന്നെയാണ്. ഇടുക്കി ഡാം തുറന്നുവിട്ടത് മുഖാന്തരം എവിടെയെങ്കിലും അപകടമുണ്ടായതായി കാണിക്കാമോ? ഇടുക്കിയിൽ ഉരുൾപൊട്ടലും മണ്ണിടിച്ചിലുമുണ്ടായതിൽ നൂറുകണക്കിന് ആളുകൾ മരണപ്പെട്ടു. രക്ഷാപ്രവർത്തനം സാദ്ധ്യമാകാതെവരികയും അവിടത്തെ ജനങ്ങളുടെ കണ്ണുനീരും വിഷമവുമെല്ലാം നേരിട്ടുകാണുകയും ചെയ്തിട്ടുണ്ട്. പരിമിതികൾ നേരിട്ടവരെ ഞാനാണ് തൊടുപുഴ ഡിവൈ.എസ്.പി-യുടെ നേതൃത്വത്തിൽ കമ്പം-തേനിവഴി തിരുവനന്തപുരത്തേയ്ക്ക് പറഞ്ഞയച്ചത്. പോലീസിനും പട്ടാളത്തിനുംപോലും അവിടെ പ്രവർത്തിക്കാൻ സാധിക്കാതെവന്നു. സർവ്വശക്തന്റെ കൃപകൊണ്ട് ജീവിക്കുന്നവരാണ് ആ കാലഘട്ടത്തിൽ ഇടുക്കിയിലുണ്ടായിരുന്നതെന്ന് ഞാൻ ആത്മാർത്ഥമായി വിശ്വസിക്കുകയാണ്. ഇതൊന്നും ഡാം ഓപ്പറേഷന്റെ പാളിച്ചയല്ല. ഇന്ന് എന്താണ് അവിടത്തെ സ്ഥിതി? മേൽനോട്ട സമിതിയിലെ കാര്യങ്ങൾ കേരളം അറിഞ്ഞില്ലെന്ന് പറഞ്ഞത് ഏത് രേഖയുടെ പശ്ചാത്തലത്തിലാണെന്ന് മനസ്സിലായില്ല. മേൽനോട്ടസമിതിയുടെ മിനിട്സിൽ വിയോജിപ്പ് രേഖപ്പെടുത്തിയിട്ടുണ്ടോ, ഇല്ലയോ എന്ന് അന്വേഷിക്കണ്ടേ? വിയോജിപ്പ് പരിഹരിക്കാൻതക്കവിധം സുപ്രീംകോടതിയിൽ വാദമുയർത്തിയില്ലേ; നവംബർ മാസം 11-ാം തീയതി കേരളത്തിന്റെ വാദം കേൾക്കാമെന്ന് കോടതി പറഞ്ഞത് എന്തിനാണ്; നമ്മുടെ അപേക്ഷ തള്ളിയാൽപ്പോരായിരുന്നോ? കോടതിയിലും മേൽനോട്ട സമിതിയിലും കേരളത്തിന്റെ വിയോജിപ്പ് പരിഗണിച്ചതുകൊണ്ടല്ലേ നവംബർ മാസം 11-ാം തീയതി പ്രസ്തുത വാദം കേൾക്കാൻ തയ്യാറാണെന്ന് സുപ്രീംകോടതി പറഞ്ഞത്. ഞങ്ങളുടെ വാദത്തിന് പ്രസക്തിയില്ലെങ്കിൽ അങ്ങനെ പറയേണ്ടതുണ്ടോ? അതുകൊണ്ട് ഇക്കാര്യങ്ങളിലെ സമീപനത്തിൽ വിശാല നിലപാടുണ്ടാകണം. 2014-ലെയും 2011-ലെയും സ്ഥിതി എന്തായിരുന്നു? ആ രണ്ടുവർഷക്കാലവും കൂട്ടുത്തരവാദിത്വം ഉണ്ടായിരുന്നല്ലോ? 2014-ൽ കൊടുത്ത റിവ്യൂ പെറ്റീഷൻ കോടതി അംഗീകരിച്ചോ? സുപ്രീംകോടതിയുടെ വിധിയെ പരസ്യമായി സഭയ്ക്കകത്ത് വന്ന് ചോദ്യം ചെയ്യുന്നത് ശരിയല്ല. സുപ്രീംകോടതി വിധിയെ ചോദ്യം ചെയ്യാൻ കഴിയുമോ? പക്ഷേ, ഡാം നിർമ്മിക്കണമെന്ന കാര്യം സംബന്ധിച്ച് പൊതുവായ തീരുമാനമുണ്ടാകണം. അതിനായി നാം ഒരുമിച്ച് നിൽക്കണം. ഒരു ഡാം നിർമ്മിക്കണമെന്ന കാര്യത്തിൽ ഒരു അഭിപ്രായവ്യത്യാസവുമില്ലെന്നു മാത്രമല്ല, അത്തരം കാര്യങ്ങളെ തെറ്റായി

കാണരുത്. മുല്ലപ്പെരിയാർ ഡാം സംബന്ധിച്ച എല്ലാ വിവരങ്ങളും പ്രതിദിനം മോണിറ്ററിംഗ് സമിതി അറിയിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ മാസം 29-ാം തീയതി രാവിലെ 7.30-നാണ് ഡാം തുറന്ന് ആദ്യമായി വെള്ളം പുറത്തേയ്ക്ക് വിട്ടത്. 2014-നുശേഷം മുല്ലപ്പെരിയാർ ഡാമിൽനിന്ന് ജലം ഒഴുക്കിയപ്പോൾ തമിഴ്നാട് കേരളത്തിന് എപ്പോഴാണ് അറിയിപ്പ് നൽകിയിട്ടുള്ളത്? 2018-ലെ സ്ഥിതി എന്തായിരുന്നു? ഒരു സുപ്രഭാതത്തിൽ അവർ ആശങ്കപ്പെട്ടുപോയി. അവർക്ക് എടുക്കാവുന്നതിന്റെ പരമാവധി വെള്ളം എടുക്കുകയും കുറെയധികം വെള്ളം ഒഴുക്കിവിടുകയും ചെയ്തെങ്കിലും വെള്ളപ്പൊക്കത്തെ നിയന്ത്രിക്കാൻ അവർക്ക് കഴിഞ്ഞില്ല. അവർ 13 ഷട്ടറുകളും വലിയതോതിലാണ് ഉയർത്തിയത്. ആ വെള്ളം മുഴുവനും ഒഴുകിവന്ന് ഇടുക്കി ഡാമിൽ നിറയുന്ന സ്ഥിതിയുണ്ടായി. 2403 ഫീറ്റ് വരെയായിരുന്ന പരമാവധി വാട്ടർ ലെവൽ 2402 ഫീറ്റിലേയ്ക്ക് അടുത്തപ്പോൾ ആലുവ-എറണാകുളം ഭാഗത്ത് വെള്ളപ്പൊക്കമുണ്ടായി; ആ ദുരന്തം നമ്മൾ കണ്ടില്ലേ? ഇപ്പോഴത്തെ സ്ഥിതി എന്താണ്? തമിഴ്നാട് ചെയ്യുന്ന ഓപ്പറേഷൻ കേരളത്തെ അറിയിച്ചുതുടങ്ങിയിരിക്കുന്നു എന്നതിൽനിന്നും നാം മനസ്സിലാക്കേണ്ടത് കേരളത്തിന്റെ ഇടപെടൽ വളരെ ശക്തമാണെന്നാണ്. ഇപ്പോൾ ഒരുതുള്ളി വെള്ളം മുല്ലപ്പെരിയാറിൽനിന്ന് സ്പിൽ ചെയ്താൽ അവർ സംസ്ഥാനത്തെ അറിയിക്കും. 24 മണിക്കൂർ മുമ്പ് അറിയിക്കണമെന്ന് അവരോട് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അവർ അറിയിപ്പ് നൽകിയശേഷമാണ് 29-ാം തീയതി രാവിലെ 7.30-ന് 538 ഘനയടി വെള്ളം ഒഴുക്കിവിട്ടത്. ഇത്തരത്തിൽ ഒഴുക്കിവിട്ട വെള്ളം റൂൾ കർവിലേയ്ക്ക് വരാൻ സാദ്ധ്യതയില്ലാത്തതിനാൽ കേരളത്തിലേയ്ക്കുള്ള ഒഴുക്കിന്റെ വേഗത വർദ്ധിപ്പിക്കണമെന്ന് മേൽനോട്ട സമിതി അംഗമായ അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. ടി. കെ. ജോസ് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ വൈകിട്ട് വീണ്ടും 825 ഘനയടി വെള്ളംകൂടി ഒഴുക്കിവിട്ടു. കുറച്ചുകൂടി വെള്ളം ഒഴുക്കിവിടാമെന്നതിന്റെ അടിസ്ഥാനത്തിൽ വീണ്ടും തമിഴ്നാടിന് കത്ത് കൊടുക്കുകയും 30-ാം തീയതി രാവിലെ 11 മണിക്ക് വീണ്ടും 1675 ഘനയടി വെള്ളംകൂടി ഒഴുക്കിവിടുകയും ചെയ്തു. ഇത്രയധികം വെള്ളം ഒഴുക്കിവിട്ടാലും 138 അടി എത്തില്ല എന്നതിനാൽ വീണ്ടും കത്ത് കൊടുക്കുകയും അന്നുതന്നെ വൈകിട്ട് 6 മണിക്ക് 2975 ഘനയടി വെള്ളംകൂടി ഒഴുക്കി വിടാമെന്ന് അവർ സമ്മതിക്കുകയും ചെയ്തു. അന്ന് ഞാനും സംഭവസ്ഥലത്തുണ്ടായിരുന്നു. വൈകിട്ട് 6 മണിക്കുശേഷം വെള്ളം ഒഴുക്കിവിടാൻ പാടില്ലെന്നും 4 മണിക്കുമുമ്പായി ജലം ഒഴുക്കണമെന്നും അറിയിപ്പ് നൽകി. രാത്രി ജലം ഒഴുക്കിവിടുമ്പോൾ അപകടമുണ്ടാകില്ലെന്ന് നിശ്ചയമുണ്ടെങ്കിലും അത് തെറ്റായ മെസ്സേജാകുമെന്നതിനാൽ അവർ 4 മണിക്കുതന്നെയാണ് ജലമൊഴുക്കി വിട്ടത്. എന്തെങ്കിലും പ്രശ്നമുണ്ടായോ; സംസ്ഥാനം ആവശ്യപ്പെട്ട കാര്യം തമിഴ്നാട് കേട്ടില്ലേ? അങ്ങനെ മൂവായിരം ഘനയടി വെള്ളമാണ് അവസാനം ഒഴുക്കിവിട്ടത്.

ഇത്രയധികം വെള്ളം ഒഴുക്കിവിട്ടതിനുശേഷവും 138 അടിയിലേയ്ക്ക് ജലനിരപ്പ് എത്താത്തതിനാൽ വീണ്ടും അറിയിപ്പ് നൽകുകയുണ്ടായി. 29-ാം തീയതി ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. രാജൻ അവിടെവരികയും സർക്കാർ ഒരുക്കങ്ങൾ പൂർത്തീകരിക്കുകയും എല്ലാ സുരക്ഷാ പ്രവർത്തനങ്ങളും ക്രമപ്പെടുത്തുകയും ചെയ്തു. പ്രത്യേകിച്ച് ഡിസാസ്റ്റർ മാനേജ്മെന്റിന്റെ ചുമതലയുള്ള ഒരു മന്ത്രിയെന്ന നിലയിൽ ജില്ലാ കളക്ടറുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും യോഗം ചേർന്ന് എല്ലാ കാര്യങ്ങളും സമ്പൂർണ്ണ സജ്ജമാക്കിയിരുന്നു. എവിടെനിന്നെങ്കിലും ആക്ഷേപമുണ്ടായോ? 138 അടിയിലേയ്ക്ക് ജലനിരപ്പ് ക്രമപ്പെടുത്താൻ വലിയ തോതിൽ വെള്ളം ഒഴുക്കിയാൽ എന്തുചെയ്യുമെന്ന് ഞങ്ങൾ ആശങ്കപ്പെട്ടു. അവർ അറിയിപ്പ് നൽകിയില്ലെങ്കിൽപോലും കരുതലിന്റെ ഭാഗമായി എല്ലാ തയ്യാറെടുപ്പും നടത്തിയിരുന്നു. ഏതാണ്ട് 6000 ഘനയടി വെള്ളം 7 മണിമുതൽ രാത്രി 12 മണിവരെ ഒഴുക്കിവിട്ടാൽ മാത്രമെ 138 അടിയിലേയ്ക്ക് ജലനിരപ്പ് എത്തുകയുള്ളൂ. അങ്ങനെ ഒഴുക്കിയാൽ ഉണ്ടാകുന്ന ഫ്ലഡ് മാപ്പുകൂടി കണക്കിലെടുത്ത് സർവ്വസന്നാഹത്തോടുംകൂടി സർക്കാർ തയ്യാറെടുപ്പ് നടത്തിയിരുന്നു. ഇടുക്കി ജില്ലയിൽ എവിടെനിന്നെങ്കിലും ഒരു അപസ്വരം കേട്ടോ? ഫയർഫോഴ്സ്, പോലീസ്, NDRF (National Disaster Response Force) ടീം, ജാഗ്രതാസമിതികൾ, ജനപ്രതിനിധികൾ തുടങ്ങിയവരെല്ലാം രംഗത്തുണ്ടായിരുന്നു. പക്ഷേ, അവിടെ പ്രശ്നങ്ങളൊന്നുമുണ്ടായില്ല. ഇടുക്കിയിലെ ജലനിരപ്പിനെക്കുറിച്ച് മനസ്സിലാക്കേണ്ടത്, ഇടുക്കിയിൽ ഒരടി വെള്ളം കൂടണമെങ്കിൽ പന്തീരായിരം ഘനയടി വെള്ളം പെർ സെക്കന്റ്സ് ഒഴുകിയെത്തണം. അതിൽ മൂവായിരം ഘനയടി വെള്ളമാണ് ഒഴുകിയെത്തിയത്. ഒരപകടവും ഇടുക്കി ജില്ലയിലുണ്ടായില്ല. മറ്റൊന്ന്, സമുദ്രനിരപ്പിൽനിന്നുള്ള ഉയരമാണ് പരിഗണിക്കേണ്ടത്. സമുദ്രനിരപ്പിൽനിന്ന് വണ്ടിപ്പെരിയാർ ഭാഗത്തേയ്ക്കുള്ള ഉയരം 172.2 മീറ്റർ ആയാണ് കണക്കാക്കിയിരിക്കുന്നത്. നമ്മുടെ വാണിംഗ് ലെവൽ 174.2 മീറ്റർ ആണ്. ഇവിടെ വാണിംഗ് ലെവലിൽ എത്താൻ പോലും 2 മീറ്റർ വ്യത്യാസമുണ്ട്. എന്നിട്ടും സുരക്ഷയുടെ കാര്യത്തിൽ ഒരു കുറവും വരുത്തിയില്ല. ഡെയ്ഞ്ചർ ലെവൽ 175.5 മീറ്റർ ആണ്. വീണ്ടും മൂന്ന് മീറ്റർ വ്യത്യാസമുണ്ട്. 2018-ൽ സംഭവിച്ചതെന്താണ്? അവിടെ ഒഴുകിയ ജലം 177 മീറ്റർ, എന്നുപറഞ്ഞാൽ ഡെയ്ഞ്ചർ ലെവലിനെക്കാളും രണ്ട് മീറ്റർ ഉയരത്തിൽ വെള്ളം ഒഴുകിപ്പോയി. ഇവയെല്ലാം സുരക്ഷയുടെ ഭാഗമായാണ് പരിഗണിച്ചത്. അതുകൊണ്ട് മുല്ലപ്പെരിയാറുമായി ബന്ധപ്പെട്ട വിഷയത്തിൽ പുതിയ ഡാം നിർമ്മിക്കണമെന്ന സങ്കല്പത്തിന് തർക്കമില്ല. സംസ്ഥാന സർക്കാർ തന്നെയാണ് സുരക്ഷാക്രമീകരണം ഒരുക്കേണ്ടത്. ഇത്തരത്തിലുള്ള ആശങ്ക ആവശ്യമില്ല. ഡാം നിർമ്മിക്കുന്ന കാര്യത്തിൽ ആരും ഒരു തർക്കവും ഉന്നയിച്ചിട്ടില്ല. ഇന്നലത്തെ യോഗത്തിൽ ഞങ്ങളോടൊപ്പം ശ്രീ. ഡീൻ കുര്യാക്കോസ് എം.പി-യുമുണ്ടായിരുന്നു. അവിടത്തെ

കാര്യങ്ങൾ വിലയിരുത്തുമ്പോഴും തുറന്നുപറയുമ്പോഴും അവിടെയൊന്നും അങ്ങനെയൊരു പ്രശ്നമില്ലെന്നാണ് മനസ്സിലാകുന്നത്. ഈ വിഷയം രാഷ്ട്രീയവൽക്കരിക്കരുത്. 2018-ൽ എടുത്ത നിലപാട് വ്യക്തമല്ലെങ്കിൽ ഇപ്പോൾ എനിക്ക് ഇത് പറയാൻ കഴിയില്ലെന്ന് അങ്ങ് പറഞ്ഞാൽ ഞാൻ അംഗീകരിക്കണമായിരുന്നു. എന്റെ നിലപാട് സത്യസന്ധമാണെന്ന ധാർമ്മിക ബോദ്ധ്യമുണ്ട്. പക്ഷേ, ഉരുൾപൊട്ടുന്നതിനും മണ്ണിടിയുന്നതിനും നിയന്ത്രണം കൊണ്ടുവരാൻ കഴിയുമെന്ന് കരുതുന്നില്ല. എന്നാൽ പുതിയ ഡാം നിർമ്മിക്കണമെന്നുള്ള കാര്യത്തിൽ അഭിപ്രായവ്യത്യാസത്തിന്റെ കാര്യമില്ല. അക്കാര്യത്തിനായി നമ്മൾ ഒരുമിച്ച് മുന്നോട്ട് പോകേണ്ടതുണ്ട്. സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയതിന്റെ കാര്യത്തിൽ യാതൊരു വീഴ്ചയും ഇടുക്കി ജില്ലയിലുണ്ടായിട്ടില്ല; മുല്ലപ്പെരിയാർ ഡാമിന്റെ ജലനിരപ്പ് ഉയരുമെന്ന ആശങ്കയാണുള്ളത്. മുല്ലപ്പെരിയാർ ഡാമിന്റെ കാച്മെന്റ് ഏരിയ വലുതാണെങ്കിലും കപ്പാസിറ്റി ചെറുതായതുകൊണ്ട് പെട്ടെന്ന് വെള്ളമുയരും. ആ വിഷയം ഞങ്ങൾ ബോദ്ധ്യപ്പെടുത്തി. മേൽനോട്ട സമിതി അത്തരം കാര്യങ്ങളിൽ വീഴ്ചവരുത്തിയെന്ന് ഞാൻ വിചാരിക്കുന്നില്ല. ഈ മൂന്ന് ദിവസത്തിനകം ഞാൻ മൂന്നാമത്തെ പ്രാവശ്യമാണ് മുല്ലപ്പെരിയാറിൽ പോകുന്നത്. എന്നോടൊപ്പം ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയും ഉണ്ടായിരുന്നു. അവിടെ ആരെയും തടഞ്ഞുനിർത്തുന്നില്ല, എല്ലാ ഓപ്പറേഷൻസും നേരിട്ടുകാണുകയും വെള്ളം ഒഴുകിപ്പോകുന്നത് ബോദ്ധ്യപ്പെടുകയും അവിടെയുള്ള സ്ഥലങ്ങളിൽ പോയി നിരീക്ഷിക്കുകയും ചെയ്തു. 28-ാം തീയതിയുള്ള സംഭവംമുതൽ ഇറിഗേഷൻ വകുപ്പിന്റെ ചീഫ് എഞ്ചിനീയർ ഉൾപ്പെടെയുള്ള എല്ലാ ഉദ്യോഗസ്ഥരും അവിടെ ക്യാമ്പ് ചെയ്യുകയായിരുന്നു. ഈ ആശങ്ക ഇന്നല്ലല്ലോ ഉണ്ടായത്; 2011-ൽ മുല്ലപ്പെരിയാർ ഡാം വിഷയത്തിൽ ഞാൻ നിരാഹാരം കിടന്ന ആളാണ്. അന്ന് ശ്രീമതി ഇ. എസ്. ബിജിമോളും ഈ സഭയിലെ ഡെപ്യൂട്ടി സ്പീക്കർ ശ്രീ. ചിറ്റയം ഗോപകുമാറും നിരാഹാരം കിടന്നില്ലേ? മുൻ വൈക്കം എം.എൽ.എ. ശ്രീ. കെ. അജിത്, ശ്രീ. ജി. എസ്. ജയലാൽ, ശ്രീ. മോൻസ് ജോസഫ്, ശ്രീ. സാജു പോൾ, ശ്രീ. എസ്. രാജേന്ദ്രൻ എന്നിവരെല്ലാം ഇതിൽ പങ്കെടുത്തവരാണ്. ഇതിലൊന്നും രാഷ്ട്രീയമില്ല. ശ്രീ. ഇ. എം. അഗസ്തി ഇല്ലായിരുന്നോ; അവിടെ ആർക്കെങ്കിലും പ്രശ്നമുണ്ടായോ? ആ കാലഘട്ടം മുതലുള്ള കാര്യങ്ങൾ പരിശോധിക്കുമ്പോൾ ആ ഇടപെടലിൽ എവിടെയാണ് പ്രശ്നമുണ്ടായതെന്ന് മനസ്സിലാകുന്നില്ല. ഈ വിഷയത്തിൽ അതിന്റേതായ ജാഗ്രതയാണ് വേണ്ടത്. ആ സമീപനമാണ് ഉയർത്തിക്കൊണ്ടുവരേണ്ടത്, അല്ലാതെ മറ്റൊരുവിഷയം ചർച്ചചെയ്യപ്പെടേണ്ട സാഹചര്യമായി ഇതിനെ മാറ്റരുത്. പുതിയ ഡാം നിർമ്മിക്കുകയെന്നുള്ളതാണ് ഗവൺമെന്റിന്റെ നയമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിയമസഭയിൽ വ്യക്തമാക്കിയല്ലോ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നതെല്ലാം ജനങ്ങളുടെ ആശങ്ക അകറ്റുന്നതിനാണ്.

അതിനെയാണല്ലോ മറ്റൊരു രീതിയിൽ വ്യാഖ്യാനിക്കുന്നത്. അത് വ്യക്തമാക്കാനുള്ള സാഹചര്യം എവിടെനിന്നുണ്ടായി? ആ വിഷയം ശ്രദ്ധ ക്ഷണിക്കലിലൂടെ കൊണ്ടുവന്നത് ബഹുമാനപ്പെട്ട മുൻമന്ത്രി ശ്രീ. എം. എം. മണിയല്ലേ. അന്ന് നിയമസഭയിൽ വിഷയം ഉന്നയിച്ചപ്പോഴാണല്ലോ ഈ മറുപടിയുണ്ടായത്. എല്ലാതലത്തിലും എല്ലാകരുതലും ജാഗ്രതയും പുലർത്തിയിട്ടുണ്ട്. എനിക്ക് വിനയപൂർവ്വമായ ഒരു അപേക്ഷയുള്ളത്, ഈ വിഷയത്തിൽ നമ്മളിൽ അഭിപ്രായവ്യത്യാസമില്ല. അങ്ങനെ പ്രശ്നമുണ്ടായിട്ടില്ല. ഡാം നിർമ്മിക്കുന്ന കാര്യത്തിൽ ആരെങ്കിലും തർക്കം പറഞ്ഞോ; 142 അടി എന്നുള്ളത് കോടതിയിൽ ചോദ്യംചെയ്യാൻ ഇനി നമുക്കുള്ള സാഹചര്യമെന്താണ്? നമ്മൾ ചൂണ്ടിക്കാണിച്ചത് 2018-ലെ അതിവൃഷ്ടിയും പിന്നീടുണ്ടായ ഉരുൾപ്പൊട്ടലും കാലാകാലങ്ങളിലുണ്ടാകുന്ന ന്യൂനമർദ്ദവുമാണ്. ഈ വിഷയങ്ങളെല്ലാം കൃത്യമായി അറിയിക്കുന്നുണ്ട്. ജലനിരപ്പ് ഉയരുന്നതുമൂലമുണ്ടാകുന്ന ആശങ്കയും കൃത്യമായി ബോദ്ധ്യപ്പെടുത്തുന്നുണ്ട്. തമിഴ്നാടുമായി സഹകരിച്ചുതന്നെയാണ് പോകേണ്ടത്. തമിഴ്നാടിന് ആവശ്യമായ ജലം കൊടുക്കണം. ആരാണ് എതിരുപറയുന്നത്? തമിഴ്നാടുമായി തർക്കമുണ്ടെന്ന് വരുത്താൻ ശ്രമിക്കരുത്. അവർക്ക് ജലം കൊടുക്കുകയും നമുക്ക് സുരക്ഷ ഉറപ്പുവരുത്തുകയും ചെയ്യണം. ജനങ്ങൾക്ക് ഇതിൽ ആശങ്കയുണ്ട്. ആ ആശങ്ക അറിയേണ്ടതുതന്നെയാണ്. നമുക്ക് ചെയ്യാൻ കഴിയുന്നത് സുരക്ഷാപ്രവർത്തനങ്ങൾ ക്രമപ്പെടുത്തുക എന്നുള്ളതുതന്നെയാണ്. അതിനൊരു വീഴ്ചയുമുണ്ടാകില്ല. 1079 വ്യക്തികളെയും മാറ്റിപ്പാർപ്പിച്ചു. അത്തരം കാര്യങ്ങളിലെല്ലാം സൂക്ഷ്മമായ നിരീക്ഷണം നടത്തിയിട്ടുണ്ട്. 2014-ലെ കോടതി വിധിയിന്മേൽ നമ്മൾ കൊടുത്ത റിവ്യൂ പെറ്റീഷനുകളുടെ കാര്യവും ഇപ്പോൾ എത്തിനിൽക്കുന്ന സാഹചര്യവും എല്ലാവർക്കും അറിയാവുന്നതാണ്. അതുകൊണ്ട് മുല്ലപ്പെരിയാറിൽ പുതിയ ഡാമുണ്ടാകണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യങ്ങൾ നിയമസഭയിൽ പറഞ്ഞപ്പോൾ എനിക്കുണ്ടായ സന്തോഷം വലുതാണ്. ഗവൺമെന്റ് നയമാണെന്നാണ് വിചാരിച്ചത്, അത് തുടരുകയല്ലേ. പുതിയ ഡാമുണ്ടാകാനുള്ള എല്ലാ കരുതലും ശേഷിയും ഈ ഗവൺമെന്റിനുണ്ടാകും. അതിനുവേണ്ടി അശ്രാന്തപരിശ്രമം ഗവൺമെന്റ് നടത്തും. തീർച്ചയായും തമിഴ്നാടിന് ആവശ്യമായ ജലം കൊടുക്കും. 28-ാം തീയതി പോയതിനുശേഷം ഞാൻ ഇന്നലെ ഉച്ചകഴിഞ്ഞ് 12.30-നാണ് മുല്ലപ്പെരിയാറിൽനിന്നും തിരിച്ചുവന്നത്. എന്നെ അതിനോടകം ബഹുമാനപ്പെട്ട മുഖ്യമന്ത്രി 14 തവണ ഫോണിൽ വിളിച്ച് ഇക്കാര്യങ്ങൾ അന്വേഷിച്ചതിൽ എനിക്ക് മനസ്സുനിറയെ സന്തോഷമാണുള്ളത്. ഞാൻ ഇരുപത് വർഷക്കാലമായി എല്ലാവരോടുമൊപ്പം മുല്ലപ്പെരിയാർ ഡാമിൽ പോയിട്ടുണ്ട്. അവരെല്ലാം ആഗ്രഹിച്ചത് ഈ ഡാം ഉണ്ടാകണമെന്നാണ്; ആയതിന് ആരും എതിര് നിന്നിട്ടില്ല. മുല്ലപ്പെരിയാർ വിഷയത്തിലുള്ള സമീപനം ഒരു അടിയന്തരപ്രമേയത്തിന്റേതല്ല, പൊതുസ്പിരിറ്റായി കാണുന്നതിനും

സംയുക്തമായി കൂടിയാലോചിക്കുന്നതിനും ഇവിടെയാണ് ഒരുമിക്കേണ്ടത്. ആ നിലയിൽ ഇത് മാറ്റിയെടുക്കണമെന്ന് ഒരിക്കൽകൂടി ഓർമ്മപ്പെടുത്തുന്നു. ഇത് അടിയന്തര സാഹചര്യമായി സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതുണ്ടെന്ന് തോന്നുന്നില്ല.

11.00 a.m.]

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, മുല്ലപ്പെരിയാർ ഡാം വിഷയം പല ഘട്ടങ്ങളിലായി നിയമസഭ ചർച്ച ചെയ്തിട്ടുള്ളതാണ്. അതിലെല്ലാം കൃത്യമായ സമവായമാണ് ഭരണപക്ഷ-പ്രതിപക്ഷ വിഭാഗങ്ങൾ തമ്മിലുണ്ടായിട്ടുള്ളത്. അതിന്റെ ഭാഗമായി വിവിധ ഘട്ടങ്ങളിൽ ചില പ്രമേയങ്ങളും അംഗീകരിച്ചിരുന്നു. 2001 ഡിസംബർ 7-ന് റൂൾ 130 അനുസരിച്ച് അന്നത്തെ ഇറിഗേഷൻ വകുപ്പുമന്ത്രിയും 2009 ജൂലൈ 24-ന് അന്നത്തെ ഇറിഗേഷൻ വകുപ്പുമന്ത്രിയും പ്രമേയങ്ങൾ അവതരിപ്പിച്ചിരുന്നു. 2011 ഫെബ്രുവരി 9-നും 2014 ജൂൺ 9-നും അക്കാലങ്ങളിലെ മുഖ്യമന്ത്രിമാർ ചട്ടം 275 അനുസരിച്ചുള്ള സബ്സ്റ്റാന്റീവ് മോഷൻ അവതരിപ്പിക്കുകയുണ്ടായി. ഇത് ചിലയവസരങ്ങളിൽ ബിസിനസ് അഡ്വൈസറി കമ്മിറ്റി മുമ്പാകെ ചർച്ച ചെയ്ത ഘട്ടങ്ങളിലും രണ്ടുകൂട്ടരും യോജിച്ച് കാര്യങ്ങൾ അവതരിപ്പിക്കുന്ന നിലയാണുണ്ടായിട്ടുള്ളത്. ചില ഘട്ടങ്ങളിൽ പ്രതിപക്ഷം അവതരിപ്പിക്കട്ടെയെന്ന് ഭരണപക്ഷവും അതല്ല, ഈ വിഷയം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുംതന്നെയാണ് വരേണ്ടതെന്ന് പ്രതിപക്ഷവും നിലപാടെടുത്ത കീഴ്വഴക്കമാണ് നേരത്തെ ഉണ്ടായിട്ടുള്ളത്. അത്ര യോജിപ്പോടെയാണ് സംസ്ഥാനം മുല്ലപ്പെരിയാർ ഡാം വിഷയം കൈകാര്യം ചെയ്തിട്ടുള്ളത്. അതിൽ നിന്ന് അല്പം വ്യത്യസ്തയുണ്ടാകുകയാണോ, അത് നമുക്ക് ഗുണകരമാണോ എന്നതാണ് പ്രതിപക്ഷം ആലോചിക്കേണ്ടത്. ഇതിന്റെ പ്രമേയാവതാരകൻ പ്രതിപക്ഷത്തെ പ്രധാന പാർട്ടിയായ കോൺഗ്രസ്സിന്റെ അഖിലേന്ത്യാ ചുമതലയടക്കം നൽകാനിടയുള്ള ഒരു നേതാവാണ്. അങ്ങനെവരുമ്പോൾ വിവിധ സംസ്ഥാനങ്ങളുടെ ചുമതല വഹിക്കണമല്ലോ; ചിലപ്പോൾ അത് തമിഴ്നാടിന്റെ ചുമതലയാകാം. അപ്പോൾ ഏതെങ്കിലുമൊരു സംസ്ഥാനത്തിന് എതിരായ നിലപാട് സ്വീകരിക്കാൻ കഴിയില്ല. 142 അടിയായി ജലനിരപ്പ് ഉയർത്തിയത് ഈ ഗവൺമെന്റിന്റെ തകരാറുകൊണ്ടാണ്, പിടിപ്പുകേടുകൊണ്ടാണ്, എക്സ്പെർട്ട് കമ്മിറ്റി വേണ്ട രീതിയിൽ കൈകാര്യം ചെയ്യാത്തതുകൊണ്ടാണ് എന്നൊക്കെയുള്ള അഭിപ്രായം അദ്ദേഹം പറയുകയുണ്ടായി. അദ്ദേഹം കാര്യങ്ങൾ മനസ്സിലാക്കാൻ കഴിവില്ലാത്ത ആളല്ല. സെൻട്രൽ വാട്ടർ കമ്മീഷനിൽ പ്രവർത്തിച്ചിരുന്ന സി.ഡബ്ള്യു.സി.-യുടെ പ്രതിനിധികളായിരുന്ന എക്സ്പെർട്ട് കമ്മിറ്റിയിൽ നേരത്തെയുണ്ടായിരുന്ന

ഭൂരിപക്ഷം അംഗങ്ങളും. ആ എക്സ്പെർട്ട് കമ്മിറ്റി 2001-ൽ റിപ്പോർട്ട് സമർപ്പിച്ചു. അവർ പറഞ്ഞത് 136 അടിയിൽനിന്ന് 142 അടിയായി ജലനിരപ്പ് ഉയർത്തുന്നതിൽ അപാകതയില്ലെന്നാണ്. അതിന്റെ അടിസ്ഥാനത്തിലാണ് 2006 ഫെബ്രുവരി മാസം 27-ാം തീയതി സുപ്രീംകോടതി ഈ വിധി പ്രഖ്യാപിക്കുന്നത്. അവിടെയുള്ള ബേബി ഡാം ശക്തിപ്പെടുത്തിയാൽ മുല്ലപ്പെരിയാർ ഡാമിന്റെ ജലനിരപ്പ് വേണമെങ്കിൽ 152 അടിയായി ഉയർത്താമെന്നാണ് സുപ്രീംകോടതി ആ വിധിന്യായത്തിൽ പറഞ്ഞിട്ടുള്ളത്. ഇതൊക്കെ നേരത്തെ സംഭവിച്ചുകഴിഞ്ഞതാണെങ്കിലും ഇതിൽ നാം ഓർക്കേണ്ട കാര്യം, ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനം മൂന്ന് റിവ്യൂ ഹർജികൾ സുപ്രീംകോടതി മുമ്പാകെ നൽകിയെങ്കിലും അവ തള്ളുകയാണുണ്ടായത്. ശ്രീ. രമേശ് ചെന്നിത്തലയുടെ പ്രസംഗത്തിന്റെ അവസാനഭാഗത്ത് പറഞ്ഞത്, കേന്ദ്രഗവൺമെന്റിനെ ഈ വിഷയത്തിൽ ഇടപെടുത്തണമെന്നാണ്. അതിന് എത്രയോ നല്ല അവസരം നേരത്തെ നിങ്ങളുടെ കൈപ്പിടിയിൽ ഒതുങ്ങിനിൽക്കുന്നുണ്ടായിരുന്നു. അന്ന് നിങ്ങൾക്ക് അതിന് സാധിച്ചില്ല, ഇക്കാര്യം അന്ന് ആലോചിച്ചിരുന്നുവെങ്കിൽ എത്ര എളുപ്പമായിരുന്നു. അത് കഴിഞ്ഞകാര്യമായതുകൊണ്ട് ഇനി ആലോചിച്ചിട്ട് കാര്യമില്ല. ഇത് സംസ്ഥാന സർക്കാരിന്റെ പിടിപ്പുകേടുകൊണ്ട് സംഭവിച്ചതല്ല, ഇത് വന്നുചേർന്നതാണ്. നാമെല്ലാം ഒരേ വികാരത്തോടെയാണ് ആ ഘട്ടത്തിൽ പ്രതികരിച്ചിട്ടുള്ളത്. അതിന്റെ ഭാഗമായി പ്രത്യേകമായി ഒരു നിയമംതന്നെ പാസ്സാക്കാൻ തയ്യാറായി. 136 അടിയായി ജലനിരപ്പ് നിജപ്പെടുത്തുന്നത് നേരത്തെ സംഭവിച്ച കാര്യമാണ്. കേരള നിയമസഭ നല്ല രീതിയിൽ ഒന്നിച്ചുനിന്നുകൊണ്ടാണ് ഇത്തരം കാര്യങ്ങളെ നേരിട്ടതെന്ന് ഓർക്കണം. അതിൽനിന്ന് വ്യത്യസ്തമായി പോകുന്നത് ഗുണകരമാവുകയില്ല. അദ്ദേഹം ആദ്യം പ്രസംഗിച്ചതിന്റെ സ്പിരിറ്റിൽനിന്ന് മാറിയാണ് അവസാനം പറഞ്ഞുനിർത്തിയത്. ആദ്യം വല്ലാത്ത വികാരമാണ് അദ്ദേഹം ഉയർത്തിക്കൊണ്ടുവരാൻ ശ്രമിച്ചത്. ആ നിലയ്ക്കാണോ ഈ പ്രശ്നം കൈകാര്യം ചെയ്യേണ്ടത്; നമ്മൾ ഇതുവരെ കൈകാര്യം ചെയ്ത രീതി എന്താണ്? ഇക്കാര്യവുമായി ബന്ധപ്പെട്ട് ആശങ്കയുണ്ട്. അതിന് പരിഹാരമെന്ന നിലയിൽ നമ്മുടെ സുരക്ഷയെ കരുതി പുതിയ ഡാം ആവശ്യമാണ്. അതേസമയം തമിഴ്നാടിന് വെള്ളം നൽകുമെന്നും സംസ്ഥാനം ഉറപ്പുനൽകുന്നു. ഈയൊരു സമീപനമാണ് ഒരേസമയം നാം സ്വീകരിച്ചുപോയിട്ടുള്ളത്. അതിൽനിന്ന് വ്യത്യസ്തമായ രീതിയിലൊരു സ്വരം ശ്രീ. രമേശ് ചെന്നിത്തലയിൽനിന്നുണ്ടായത് അത്യന്തം ഖേദകരമാണ്. മേൽനോട്ടസമിതിയുടെ കാര്യം ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി കൃത്യമായി പറഞ്ഞു. മേൽനോട്ടസമിതിയുടെ മിനിട്ട്സിലുള്ള വിയോജിപ്പും അതിലുണ്ടായ അപാകതയുമെല്ലാം ചൂണ്ടിക്കാട്ടി സംസ്ഥാനം കത്തുനൽകുകയും

സുപ്രീംകോടതിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യങ്ങളെല്ലാം അറിഞ്ഞുകൊണ്ടുതന്നെ മറച്ചുവയ്ക്കുന്ന സമീപനമാണ് അദ്ദേഹം സ്വീകരിച്ചത് എന്നാണ് തോന്നുന്നത്. സുപ്രീംകോടതിക്ക് നൽകിയ നോട്ടീസിൽ കേരളം കൃത്യമായി പറഞ്ഞ കാര്യമാണിത്. കേരളവും തമിഴ്നാടും സഹോദരങ്ങളായി ജീവിക്കേണ്ടവരാണ്; അനാവശ്യമായ സ്പർദ്ധ ഉയർത്താൻ ശ്രമിക്കരുത്. തമിഴ്നാട്ടിന്റെ ചില സാഹചര്യങ്ങൾ അദ്ദേഹം സൂചിപ്പിച്ചത് വസ്തുതയാണ്. ചിലർ വലിയ വികാരമുയർത്താൻ ശ്രമിക്കുന്നതുപോലെ നമ്മളും തെറ്റായ രീതിയിൽ വികാരം ഉയർത്താൻ ശ്രമിക്കരുത്. സമവായത്തോടെ മാത്രമെ ഈ പ്രശ്നം പരിഹരിക്കാൻ കഴിയുകയുള്ളൂ എന്നതിനാൽ നല്ല രീതിയിലുള്ള യോജിപ്പാണുണ്ടാകേണ്ടത്. കേരള ജനത ഒരു വൃത്തത്തിനുള്ളിലോ നാല് അതിരുകൾക്കുള്ളിലോ ജീവിക്കുന്നവരല്ല. അതുപോലെ തമിഴ്നാട്ടുകാരും തമിഴ്നാടിന്റെ നാല് അതിരുകൾക്കുള്ളിൽ ജീവിക്കുന്നവരല്ല; എല്ലാവരും പലയിടങ്ങളിൽ ജീവിക്കുന്നവരാണ്. അങ്ങോട്ടുമിങ്ങോട്ടും വളരെ ബന്ധമുള്ളവരെന്ന നിലയിൽ സമവായത്തോടെ ഈ പ്രശ്നം ചർച്ച ചെയ്യാൻ സാധിക്കണം. ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ ഇക്കാര്യത്തിൽ തമിഴ്നാട് ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്ന സമീപനം ശുഭപ്രതീക്ഷയാണ് നൽകുന്നത്. പുതിയ ഡാം വേണമെന്ന ആവശ്യം തമിഴ്നാട് ഗവൺമെന്റിന്റെ മുന്നിൽ കൃത്യമായി ഉന്നയിക്കാൻ കേരളത്തിന് സാധിക്കും. തമിഴ്നാടും കേരളവും തമ്മിൽ നല്ല ബന്ധമുള്ള സാഹചര്യത്തിൽ ഇക്കാര്യം ഒരുമിച്ചിരുന്ന് ചർച്ച ചെയ്യാൻ സാധിക്കും. കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടെയും സഹായമില്ലാതെയും ചർച്ച ചെയ്യുന്നതിൽ പ്രശ്നമൊന്നുമില്ല. അക്കാര്യത്തിൽ ഭരണ-പ്രതിപക്ഷം ഒരുമിച്ച് നീങ്ങുകയാണ് വേണ്ടത്. നമ്മൾ രണ്ടുചേരിയിൽ നിന്നുകൊണ്ട് ഈ വിഷയത്തെ സമീപിക്കുന്നുവെന്ന പ്രതീതിയുണ്ടാകാൻ പാടില്ല. ഇതുവരെ കേരളം ഒറ്റക്കെട്ടായാണ് നീങ്ങിയിട്ടുള്ളത്. അനാവശ്യമായ ഭീതി പരത്തുകയും ഡാം തകരാൻ പോകുന്നുവെന്നും പ്രചരിപ്പിക്കുന്ന അവസ്ഥ അപകടം മാത്രമെ വിളിച്ചുവരുത്തുകയുള്ളൂ. അനാവശ്യമായ ഭീതി ജനങ്ങളിൽ എത്തിക്കാൻ പാടില്ല; ഇക്കാര്യം തന്നെയാണ് കഴിഞ്ഞ നിയമസഭയിലും പറഞ്ഞത്. മറ്റ് കാര്യങ്ങളിലെല്ലാം നമുക്ക് ഒരുമിച്ച് നീങ്ങാം. അനാവശ്യമായി ഭീതി പരത്തണമെന്ന അഭിപ്രായം നിങ്ങൾക്കും നാട്ടിലുള്ള ആർക്കുംതന്നെ ഉണ്ടാവില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, അനാവശ്യമായി ഭീതിയുണ്ടാക്കരുതെന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. പക്ഷേ, സുപ്രീംകോടതിയിൽ ഡാം സുരക്ഷിതമാണെന്ന് സ്ഥാപിക്കാൻ തമിഴ്നാട് അങ്ങ് നിയമസഭയിൽ പറഞ്ഞ കാര്യത്തെ ഉപയോഗിച്ചുവെന്നുള്ളതാണ്. അങ്ങനെയൊരു സാഹചര്യമുണ്ടാകാൻ

പാടില്ലെന്നായിരുന്നു ഞാൻ പറഞ്ഞത്.

ശ്രീ. പിണറായി വിജയൻ: സർ, സുപ്രീംകോടതിയിൽ അഡ്വക്കേറ്റുമാർ പലതരത്തിലുള്ള വാദങ്ങൾ ഉന്നയിച്ചാലും സർക്കാർ കാര്യങ്ങൾ ബോധിപ്പിക്കുന്നതാണ്. സർക്കാരിന്റെ ഭാഗത്തുനിന്നും ഹാജരാകുന്ന അഡ്വക്കേറ്റ് സ്വാഭാവികമായും സംസ്ഥാനത്തിന്റെ ഭാഗം പറയും, അതൊരു പ്രശ്നമല്ല. ഇത്തരം സമീപനം മാത്രമെ സ്വീകരിക്കാൻ കഴിയുകയുള്ളൂ. ഇക്കാര്യത്തിൽ ഒരേ നിലപാടോടുകൂടി നീങ്ങണമെന്നത് സംസ്ഥാനതാല്പര്യത്തിന് ഒഴിച്ചുകൂടാൻ കഴിയില്ല. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്ന് വ്യക്തമാക്കിക്കഴിഞ്ഞതാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ജലവിഭവ വകുപ്പുമന്ത്രിയുടെയും വിശദീകരണങ്ങളുടെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാന്യരായ മുഖ്യമന്ത്രിയും ജലവിഭവ വകുപ്പുമന്ത്രിയും ഇത് കേരളത്തിന്റെ പൊതുതാല്പര്യമാണെന്ന് പറഞ്ഞ വികാരത്തോട് ഞങ്ങളും പൂർണ്ണമായും യോജിക്കുന്നു. നിരവധി വർഷങ്ങളായി കേരളത്തിന് ഇക്കാര്യത്തിൽ ഒരേ താല്പര്യവും വികാരവുമാണുള്ളത്. സംസ്ഥാനത്തെ മുഴുവൻ ജനങ്ങളെയും പ്രതിനിധാനം ചെയ്യുന്ന ഈ നിയമസഭ ഇതുസംബന്ധിച്ച് ഐകകണ്ഠ്യേന പ്രമേയങ്ങൾ പാസ്സാക്കി കേന്ദ്ര ഗവൺമെന്റിനുൾപ്പെടെ അയച്ചുകൊടുത്തിട്ടുണ്ടെന്നത് ഒരു യാഥാർത്ഥ്യമാണ്. ഇക്കാര്യത്തിൽ എല്ലാ കാലഘട്ടത്തിലും ഒരേ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. 2011 ഡിസംബറിൽ മാത്രം ഇക്കാര്യത്തിൽ ചെറുതായൊന്ന് തെറ്റിപ്പോയി. ശ്രീ. ഉമ്മൻ ചാണ്ടി കേരള മുഖ്യമന്ത്രിയായി അധികാരമേറ്റ് നാലഞ്ച് മാസത്തിനുള്ളിൽ 136 അടിയുള്ള ജലനിരപ്പ് 120 അടിയാക്കി താഴ്ത്തണമെന്നാവശ്യപ്പെട്ട് മുല്ലപ്പെരിയാർ ഡാം സ്ഥിതിചെയ്യുന്ന സ്ഥലത്തുനിന്നും കടലുവരെ അന്നത്തെ പ്രതിപക്ഷം (എൽ.ഡി.എഫ്.) മനുഷ്യച്ചങ്ങല നടത്തുകയുണ്ടായി. സർക്കാരിന്റെ അനാസ്ഥ അഞ്ച് ജില്ലകളിലെ ജനങ്ങളെ അപകടത്തിലേയ്ക്ക് എത്തിക്കുമെന്നാണ് അന്നത്തെ പ്രതിപക്ഷനേതാവ് പ്രസംഗിച്ചത്. അന്നത്തെ പ്രതിപക്ഷനേതാവായിരുന്ന ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ സ്വതസിദ്ധമായ ശൈലിയിൽ മൂന്നുപ്രാവശ്യം ആവർത്തിച്ചുപറഞ്ഞത് നാൽപതുലക്ഷം പേർ അറബിക്കടലിൽ ഒഴുകിനടക്കുമെന്നാണ്. ഒരു പോയിന്റിന് ത്രസ്റ്റ് കിട്ടുന്നതിനായി അക്കാര്യം മൂന്നുപ്രാവശ്യം പറയുന്നത് ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ രീതിയാണ്. നാൽപതുലക്ഷം പേർ അറബിക്കടലിൽ

ഒഴുകിനടക്കുമെന്ന് മനുഷ്യച്ചങ്ങലയുടെ ഒരു അറ്റത്തുനിന്നാണ് അദ്ദേഹം പറഞ്ഞത്. ആ മനുഷ്യച്ചങ്ങലയുടെ മറുഭാഗത്ത് അന്നത്തെ പാർട്ടി സെക്രട്ടറിയായിരുന്ന ഇന്നത്തെ മുഖ്യമന്ത്രിയായിരുന്നു. അന്നത്തെ ഗവൺമെന്റിനെ പ്രതിക്കൂട്ടിലാക്കാൻവേണ്ടി പറഞ്ഞിട്ടുള്ള അത്രയും വാക്കുകളൊന്നും ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞിട്ടില്ല. സംസ്ഥാനത്തിന്റെ താൽപ്പര്യത്തിനും ദേശീയ താൽപ്പര്യത്തിനും വിരുദ്ധമായി ഞങ്ങൾ ഒന്നും പറയില്ല. നമ്മുടേത് പൊതുതാല്പര്യമെന്നാണ് ഇവിടെ പറഞ്ഞത്. എന്താണ് നമ്മുടെ പൊതുതാൽപര്യം; അതുകൊണ്ടാണ് അന്ന് ഈ വിഷയം നിയമസഭയിൽ ഉന്നയിച്ചപ്പോൾ ഹ്രസ്വകാലത്തേയ്ക്കും ദീർഘകാലത്തേയ്ക്കും മുല്ലപ്പെരിയാർ ഡാമുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിക്കുമെന്നതിന് വ്യക്തത വരുത്തണമെന്ന് ആവശ്യപ്പെട്ടത്. എന്താണ് ഹ്രസ്വകാല പദ്ധതികൾ? പറയുന്നത് മൺസൂൺ കാലം, തുലാവർഷം, കാലാവസ്ഥാവ്യതിയാനം, നിരന്തരമായ മലയിടിച്ചിലും മണ്ണിടിച്ചിലും, പ്രകൃതി ദുരന്തങ്ങൾ എന്നിവയുണ്ടാകുന്ന ഒരു പ്രത്യേക കാലഘട്ടമാണ് ഹ്രസ്വകാലം; ഇത് അപകടകരമായ കാലമാണ്. ഈ കാലഘട്ടത്തിൽ മുല്ലപ്പെരിയാർ ഡാമിന്റെ ജലനിരപ്പ് പരമാവധി താഴ്ത്തുന്നതിനുള്ള പരിശ്രമമാണ് ഹ്രസ്വകാലത്തേയ്ക്കുള്ള പദ്ധതി. എന്താണ് ദീർഘകാല പദ്ധതി? 126 വർഷക്കാലം പഴക്കമുള്ള ഈ ഡാം സുരക്ഷിതമല്ലെന്നാണ് കേരളത്തിന്റെ അഭിപ്രായം. അദ്ദേഹം പ്രമേയം അവതരിപ്പിച്ചുകൊണ്ട് പറഞ്ഞതുപോലെ ലോകത്താകെയുള്ള ഏറ്റവും മോശമായ ആറ് ഡാമുകളിൽ നാലെണ്ണം ഡീ-കമ്മീഷൻ ചെയ്തു. ഒരു ഡാം നിർമ്മിച്ചിട്ട് 50 കൊല്ലമെ ആയിട്ടുള്ളൂ. ചുണ്ണാമ്പും മുട്ടയുടെ വെള്ളക്കരുവും ചേർത്ത സുർക്കി മിശ്രിതത്തിൽ പണിത 126 കൊല്ലം പഴക്കമുള്ള ഈ ഡാം സുരക്ഷിതമല്ലെന്ന നിലപാട് വർഷങ്ങളായി നിരന്തരം ഉന്നയിക്കുകയാണ്. 2011-ൽ 136 അടിയിൽനിന്നും 120 അടിയായി ജലനിരപ്പ് താഴ്ത്തിയില്ലെങ്കിൽ നാൽപ്പതുലക്ഷം പേർ മരിക്കുമെന്നുള്ള അഭിപ്രായത്തിൽനിന്നും പത്തുവർഷം കഴിഞ്ഞപ്പോൾ മാറിയോ; അല്ലെങ്കിൽ ഈ ഡാം സുരക്ഷിതമായോ; 2011-ൽ നിന്ന് 2021-ൽ എത്തിയപ്പോൾ സുർക്കി മിശ്രിതത്തിന് വേറെ ഏതെങ്കിലും രൂപമാറ്റം സംഭവിച്ചോ? ഒരു രൂപമാറ്റവും സംഭവിച്ചില്ല. കൂടുതൽ അപകടത്തിലേയ്ക്ക് ഡാം പോകുമെന്നുള്ള ഉത്കണ്ഠയാണുള്ളത്. ജലനിരപ്പ് താഴ്ത്തിവച്ചതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി എന്താണ് പറഞ്ഞത്; 139.5 അടിയാക്കി ജലനിരപ്പ് നിജപ്പെടുത്തിയതിനെ പോസിറ്റീവായി കാണുന്നുവെന്നാണ് അങ്ങ് പ്രതികരിച്ചത്. മേൽനോട്ടസമിതി വളരെ പ്രധാനപ്പെട്ടതാണ്. 2014-ലെ സുപ്രീംകോടതി വിധിയിൽ അനുകൂലമായി വന്ന ഏക കാര്യം ഒരു മേൽനോട്ടസമിതി രൂപീകരിച്ചുവെന്നതാണ്. അതിൽ സെൻട്രൽ വാട്ടർ കമ്മീഷൻ ചെയർമാനും കേരളത്തിന്റെയും തമിഴ്നാട്ടിന്റെയും പ്രതിനിധികൾ അംഗങ്ങളുമാണ്. ജലവിതാന

സംവിധാനങ്ങളും ഡാമിന്റെ സുരക്ഷയും സംബന്ധിച്ച് മേൽനോട്ടം നടത്താനുള്ള അധികാരത്തിൽ കേരളത്തിനുകൂടി പങ്കുണ്ടായിരിക്കും. മേൽനോട്ടസമിതി 26-10-2021-ൽ യോഗം ചേർന്നപ്പോൾ അതിലെ മിനുട്സിൽ പറഞ്ഞത്, 'The following points were agreed upon by both the States' എന്നാണ്. അതിലെ ആദ്യത്തെ പോയിന്റ് എന്താണ്; 'The existing Mullapperiyar dam is hydrologically, seismically and structurally safe for storing water up to 142 feet'. ശരിയാണോ, ഈ പോയിന്റ് നമ്മൾ എഗ്രി ചെയ്തിട്ടുണ്ടോ; ഇത് hydrologically, seismically and structurally safe ആണ്. ഭൂകമ്പ സാദ്ധ്യതകളിൽ നിന്നെല്ലാം ഇത് സെയ്ഫായതുകൊണ്ട് 142 അടിയായി ജലനിരപ്പ് ഉയർത്തുന്ന കാര്യത്തിൽ തർക്കമില്ലെന്ന് പറഞ്ഞു. ഇത് വാർത്തയായപ്പോൾ അഭിപ്രായവ്യത്യാസം അറിയിച്ചുകൊണ്ട് സംസ്ഥാനം ഒരു written note കൊടുക്കുകയും കോടതി മുമ്പാകെ അഫിഡവിറ്റ് സമർപ്പിക്കുകയും ചെയ്തു. ആ അഫിഡവിറ്റിൽ പറയുന്ന ഒരു പോയിന്റ്, 'As per the upper rule levels prepared by Tamil Nadu, the levels on dates are as:-...' എന്നിട്ട് ഓരോ ഡേറ്റ് പറഞ്ഞിരിക്കുകയാണ്. അതായത് തമിഴ്നാട് തയ്യാറാക്കിത്തന്ന റൂൾ കർവിൽ ഒക്ടോബർ 31-ാം തീയതി 138 അടിയും നവംബർ 10-ാം തീയതി 139.5 അടിയും ആയിരിക്കണം ജലനിരപ്പ്. തമിഴ്നാടിന്റെ ആ പ്രൊപ്പോസലാണ് സുപ്രീംകോടതി അംഗീകരിച്ചത്. നവംബർ 10-ാം തീയതി വരെ 139.5 അടിയായി തമിഴ്നാട് നിശ്ചയിച്ച റൂൾ കർവാണ് സുപ്രീംകോടതി അംഗീകരിച്ചത്. നമ്മൾ സുപ്രീംകോടതിയിൽ കൊടുത്ത അഫിഡവിറ്റിൽ പറഞ്ഞിരിക്കുന്നത് എന്താണ്? നവംബർ 10-ാം തീയതിവരെ 139.5 അടിയല്ല 138.3 അടിയാണ് വേണ്ടതെന്ന് സംസ്ഥാന സർക്കാർ വാദിച്ചതായാണ് കാണുന്നത്; എന്നാൽ ഇത് മേൽനോട്ടസമിതിയിൽ ഉണ്ടായിരുന്നില്ല. നമ്മൾ 138.3 അടി ജലനിരപ്പെന്ന് പറയുകയും തമിഴ്നാട് പറഞ്ഞ 139.5 അടി അംഗീകരിക്കുകയും ചെയ്യുമ്പോൾ എങ്ങനെയാണ് അത് സ്വീകാര്യമാകുന്നത്. അതാണ് ചോദ്യം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് തെറ്റിദ്ധരിപ്പിക്കരുത്. നമ്മൾ മേൽനോട്ട സമിതിയിൽ പറഞ്ഞ കാര്യങ്ങൾ അംഗീകരിക്കാതെ കൊടുത്തതിനെയാണ് സംസ്ഥാന സർക്കാർ ഡിസെന്റ് ചെയ്തത്. 139.5 അടി ജലനിരപ്പെന്ന് പറഞ്ഞപ്പോൾ സ്വീകാര്യമാണ് എന്നല്ല അതിനർത്ഥം. കോടതിയുടെ നിരീക്ഷണത്തെയാണ് ഞാൻ സൂചിപ്പിച്ചത്. ജലനിരപ്പ് 140 അടി വരെയാകാം എന്നുള്ള സുപ്രീംകോടതി വിധിയുണ്ടായിരിക്കെ, 2014-ൽ ഒരു കേസ്സിലാണ് 139.9 അടി ജലനിരപ്പെന്ന് പറഞ്ഞത്. മേൽനോട്ട സമിതിയിൽ പറഞ്ഞ വാദങ്ങൾ പ്രസന്റ് ചെയ്യാതെവന്ന സന്ദർഭത്തിൽ, കോടതിയിൽ അത് സൂചിപ്പിച്ചപ്പോൾ ജലനിരപ്പ് 139.5 അടിയെന്ന്

മേൽനോട്ടസമിതി എടുത്തിരിക്കുന്ന തീരുമാനം അംഗീകരിക്കുന്നതോടൊപ്പം 18-ാം തീയതിക്കുശേഷം ഈ കേസ് കേൾക്കാം എന്നുപറയുമ്പോൾ നമ്മൾ കോടതിയിൽ ഇടപെട്ടില്ലെന്നോ പറഞ്ഞില്ലെന്നോ ആണോ അതിനർത്ഥം? സംസ്ഥാന സർക്കാർ പറഞ്ഞ കേസ്സുകളുടെ വാദഗതിക്ക് പ്രസക്തിയുള്ളതുകൊണ്ടാണ് കോടതിയുടെ നിരീക്ഷണത്തിൽ ജലനിരപ്പ് 142 അടിയിൽ നിന്നും താഴേയ്ക്ക് വന്നിട്ടുള്ളത്. 136 അടി ജലനിരപ്പാണ് റൂൾ കർവിൽ പറഞ്ഞത്. റൂൾ കർവ് എന്ന സംവിധാനംപോലും തമിഴ്നാട് അംഗീകരിക്കുന്നില്ലായിരുന്നു. അതൊരു യാഥാർത്ഥ്യമായി കാണണം. ഒരു ആലോചനയുമില്ലാതെ വെള്ളം തുറന്നുവിട്ടിരുന്ന കാലത്തുനിന്നും വ്യത്യസ്തമായി റൂൾ കർവിന്റെ അടിസ്ഥാനത്തിൽ അറിയിപ്പ് നൽകിക്കൊണ്ട് വെള്ളം തുറന്നുവിടുന്ന സാഹചര്യത്തെക്കുറിച്ചാണ് ഞാൻ പരാമർശിച്ചത്. അങ്ങ് തെറ്റിദ്ധരിപ്പിക്കരുത്.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പറഞ്ഞത്, നമ്മൾ 138.3 അടി എന്നുപറഞ്ഞതിനുശേഷം തമിഴ്നാട് പറയുന്ന 139.5 അടി ജലനിരപ്പ് അംഗീകരിക്കുകയും അതിൽ നാം സന്തുഷ്ടരാണെന്നു പറയുകയും ചെയ്യുന്നതാണ് പ്രശ്നം. മാത്രമല്ല, നവംബർ 20-ാം തീയതി ആകുമ്പോഴേയ്ക്കും ജലനിരപ്പ് 141 അടിയാകും, നവംബർ 30-ാം തീയതി ആകുമ്പോഴേയ്ക്കും ജലനിരപ്പ് തമിഴ്നാടിന്റെ പ്രൊപ്പോസലായ 142 അടിയാകും. അപ്പോൾ 2018-ൽ മറ്റൊരു കേസ്സിൽ സുപ്രീംകോടതി വിധിയിൽ പറഞ്ഞ 139.99 അടി ജലനിരപ്പ് എന്നുള്ളത് മാറി ഇവിടെ 142 അടി ആകുകയാണ്. അതിൽ പരാതിയില്ല. തുലാവർഷവും ഇടവപ്പാതിയുമൊക്കെ കാലംതെറ്റി വരുന്ന ഈ കാലഘട്ടത്തിൽ, നമ്മൾ പ്രതീക്ഷിക്കാത്ത സമയത്താണ് മഴ ഏറ്റവും കൂടുതൽ കേരളത്തിൽ പെയ്യുന്നത്. മഴയും മലയിടിച്ചിലും അപ്രതീക്ഷിതമായ സമയത്തുണ്ടാകുന്ന അവസ്ഥ കേരളത്തിൽ നിലനിൽക്കുന്നതുകൊണ്ട് ഒരു സാഹചര്യത്തിലും ജലനിരപ്പ് 142 അടിയോ 140 അടിയോ 138 അടിയോ എന്ന് സമ്മതിക്കാൻ കഴിയില്ല. ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമെന്താണ്? മേൽനോട്ട സമിതി രൂപീകൃതമായതിനുശേഷം എല്ലാ ഡാറ്റയ്ക്കുംവേണ്ടി ആശ്രയിക്കുന്നത് തമിഴ്നാടിനെയാണ്. മേൽനോട്ട സമിതിയുടെ അവിടത്തെ ഓഫീസ് പോയി കാണേണ്ടതാണ്. ആ ഓഫീസ് എങ്ങനെയാണ് പ്രവർത്തിക്കുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രിക്കറിയാമല്ലോ. കർണ്ണാടക ഗവൺമെന്റിന്റെ കാവേരി റിവർ ഡിസ്പ്യൂട്ടുമായി ബന്ധപ്പെട്ട മേൽനോട്ട സമിതിയുടെ ഓഫീസ് എങ്ങനെയാണ് പ്രവർത്തിക്കുന്നതെന്ന് ബംഗളൂരുവിൽ പോയി നോക്കണം. മേൽനോട്ട സമിതിക്ക് ആവശ്യമായ കാര്യങ്ങൾ ചെയ്യുന്നതിനുള്ള ഓഫീസ് തുടങ്ങിയിരിക്കുന്നത് കുമിളിയിലാണ്. തമിഴ്നാട് വലിയ ഡാറ്റ കളക്ട് ചെയ്ത് നൽകുകയാണ്. ആ ഡാറ്റായെ നമ്മൾക്കൂടി ആശ്രയിക്കുന്ന സാഹചര്യത്തിലേയ്ക്ക് പോകുന്ന അവസ്ഥയാണുള്ളത്. കുറേക്കൂടി

ഗൗരവത്തോടുകൂടി കാര്യങ്ങൾ ചെയ്യുന്നതിനുവേണ്ടിയാണ് ഞങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്നുള്ള തെറ്റ്, അവരുടെ നിസ്സംഗത, ചില സമയത്തുള്ള കെടുകാര്യസ്ഥത, അനാസ്ഥ എന്നിവ ചൂണ്ടിക്കാണിക്കുന്നത്. 2014-ലെ സുപ്രീംകോടതി വിധിയിലൂടെ ലഭ്യമായ മേൽനോട്ട സമിതി എന്ന പരിമിതമായ അവകാശം ഏറ്റവും ഫലപ്രദമായി ഉപയോഗിക്കേണ്ടതിനുപകരം കടലാസ്സിൽമാത്രം ഒതുങ്ങിയിരിക്കുന്ന മേൽനോട്ട സമിതിയുടെ കാര്യത്തെയാണ് പ്രതിപക്ഷം അതിശക്തമായി വിമർശിച്ചത്. ഡാം അപകടത്തിലാണ്, ഡാമിന് സുരക്ഷിതത്വമില്ല എന്നതാണല്ലോ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. ഇത് നമ്മൾ ബോദ്ധ്യപ്പെടുത്തണ്ടേ? 2018-ൽ തുടങ്ങി, 2019, 2020, 2021 എന്നീ വർഷങ്ങളിൽ തുടർച്ചയായുണ്ടാകുന്ന കാലാവസ്ഥാ മാറ്റങ്ങളും മഹാപ്രളയങ്ങളും മണ്ണിടിച്ചിലും ഡാമിന്റെ സുരക്ഷയ്ക്ക് ഭീഷണിയാണെന്ന ഗൗരവമായ കാര്യം പുതിയ സാഹചര്യത്തിൽ സുപ്രീംകോടതിയുടെ മുൻപിൽ ബോദ്ധ്യപ്പെടുത്തുന്നതിൽ സർക്കാർ പരാജയപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇതൊരു പുതിയ കേസ്സാണ്. 2018 വരെയുണ്ടായിരുന്ന മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷയെ സംബന്ധിച്ച് തയ്യാറാക്കിക്കൊണ്ടിരുന്ന കേസ്സിൽനിന്നും വ്യത്യസ്തമാണിത്. തുടർച്ചയായി കഴിഞ്ഞ നാല് വർഷങ്ങളിലുണ്ടായിക്കൊണ്ടിരിക്കുന്ന മഹാപ്രളയത്തിൽനിന്നും ഉത്ഭവിക്കുന്ന ആ പുതിയ കേസ് build up ചെയ്യാൻ സംസ്ഥാനത്തിന് സാധിച്ചില്ല. പ്രളയസാദ്ധ്യത ഏറ്റവും കൂടുതലുള്ള സ്ഥലമാണ് ഈ ഡാമുമായി ബന്ധപ്പെട്ടുള്ളതെന്ന ഡൽഹി ഐ.ഐ.ടി.-യുടെ റിപ്പോർട്ട് നേരത്തെ വരികയുണ്ടായി. ഈ ഡാം നിർമ്മിച്ച കാലത്ത് അവിടത്തെ ഭൂകമ്പ സാദ്ധ്യതകളെക്കുറിച്ചും seismological impact-നെക്കുറിച്ചും പഠനം നടത്തിയിട്ടില്ലായിരുന്നു. അത്തരത്തിലുള്ള ഭൂകമ്പ സാദ്ധ്യതകളെക്കുറിച്ചുള്ള ഷോക്കിംഗ് റിപ്പോർട്ടാണ് നിലവിൽ റൂർക്കി ഐ.ഐ.റ്റി-യിൽനിന്നും ലഭിച്ചിരിക്കുന്നത്. ഡാമിന്റെ പരിസരപ്രദേശത്തുപോലും ഭൂകമ്പ സാദ്ധ്യത റിക്ടർ സ്കെയിലിന്റെ പരിധിയിൽ വരുന്ന സമയത്ത് അപകടകരമായ സാദ്ധ്യതയുണ്ടെന്നുള്ള ഈ റിപ്പോർട്ടും പ്രളയസാദ്ധ്യതയുണ്ടെന്നുള്ള ഡൽഹി ഐ.ഐ.റ്റി-യുടെ റിപ്പോർട്ടും ഫലപ്രദമായി ഉപയോഗിക്കാൻ സാധിക്കണം. ഇപ്പോൾ കൊടുത്തിരിക്കുന്ന അഫിഡവിറ്റിൽ ഗവൺമെന്റിന്റെ നിലപാടെന്താണ്? ഗവൺമെന്റ് തമിഴ്നാടിനോട് ആവശ്യപ്പെടുന്നതാണ്, " Additional storage may be created at appropriate places in Tamil Nadu or the capacity of Vaigai dam may be enhanced to store more water" . അതായത് ഈ വെള്ളം തമിഴ്നാട്ടിലേയ്ക്ക് പോകുമ്പോൾ കൂടുതൽ സ്റ്റോറേജ് ഫെസിലിറ്റി തമിഴ്നാട് ഉണ്ടാക്കണം. തമിഴ്നാട്ടിലെ വൈഗൈ ഡാമിലേയ്ക്കാണ് ഈ വെള്ളം ഒഴുകിപ്പോകുന്നത്. അതിനാൽ അതിന്റെ കപ്പാസിറ്റി വർദ്ധിപ്പിക്കണം. രണ്ടാമത്

പറയുന്നതെന്താണ്, " The capacity of the existing tunnel may be enhanced." വെള്ളം തമിഴ്നാട്ടിലേയ്ക്ക് പോയിക്കൊണ്ടിരിക്കുന്ന ടണലിന്റെ കപ്പാസിറ്റി വർദ്ധിപ്പിക്കണം. ഇതൊക്കെ ചെയ്താൽ മുല്ലപ്പെരിയാർ ഡാം സുരക്ഷിതമാണെന്ന കൺക്ലൂഷനിലേയ്ക്കാണ് നമ്മൾ പോകുന്നത്. തമിഴ്നാട് വൈഗൈ ഡാമിന്റെ കപ്പാസിറ്റി വർദ്ധിപ്പിക്കുകയും സ്റ്റോറേജ് ഫെസിലിറ്റിയും ടണലിന്റെ വിസ്താരവും വർദ്ധിപ്പിക്കുകയും ചെയ്താൽ ഡാം സുരക്ഷിതമാണെന്ന ഒരു കൺക്ലൂഷനിലേയ്ക്കാണ് നിങ്ങൾ ഈ കൊടുത്ത അഫിഡവിറ്റ് പോകുന്നത്. അവിടെയാണ് ഞങ്ങൾക്ക് അഭിപ്രായ വ്യത്യാസമുള്ളത്. കഴിഞ്ഞ കുറെ വർഷങ്ങളായി നമ്മൾ രണ്ട് കാര്യങ്ങളാണ് പറഞ്ഞിരുന്നത്. ഒന്ന്, വെള്ളത്തിന്റെ ലെവൽ താഴേയ്ക്ക് കൊണ്ടുവരണം. രണ്ട്, ഡാം സുരക്ഷിതമല്ലാത്തതിനാൽ പുതിയ ഡാം നിർമ്മിക്കണം. തമിഴ്നാടിന് വെള്ളം ലഭിക്കണമെന്ന കാര്യത്തിൽ അവരുമായി യാതൊരു തർക്കവുമല്ല. കേരളത്തിന് സുരക്ഷ, തമിഴ്നാടിന് വെള്ളം എന്നുള്ള ഉമ്മൻ ചാണ്ടി മന്ത്രിസഭയുടെ കാലത്തെ പ്രൊപ്പോസലാണ് ഏറ്റവും പ്രധാനപ്പെട്ടത്. അതിന് ചർച്ചകൾ നടക്കണം. അങ്ങനെ ചർച്ച നടക്കുമ്പോൾ സർക്കാരിന്റെ താൽപര്യങ്ങൾ താഴേയ്ക്ക് പോകാൻ പാടില്ല. 2014-ലെ വിധിയുടെ പശ്ചാത്തലമല്ല ഇപ്പോൾ നിൽക്കുന്നത്. ജലനിരപ്പ് 142 അടിവരെയാകാം എന്നുള്ള 2014-ലെ സുപ്രീംകോടതി വിധി നിലനിൽക്കുമ്പോൾത്തന്നെ കേരളത്തിലെയും രാജ്യത്തെയും ലോകത്തെയും സാഹചര്യങ്ങൾ മാറിയിരിക്കുകയാണ്. IPCC (Intergovernmental Panel on Climate Change)-യുടെ പുതിയ റിപ്പോർട്ട് അടക്കമുള്ള കാര്യങ്ങൾ പരിഗണിച്ചിട്ടുണ്ട്. മാത്രമല്ല, പശ്ചിമഘട്ടത്തിൽ നിരന്തരമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന മണ്ണിടിച്ചിലിന്റെ ഫലമായി മണ്ണ് ഒഴുകിവന്ന് ഡാമുകൾ മണലും എക്കലുംകൊണ്ട് നിറഞ്ഞിരിക്കുകയാണ്. അതുകൂടാതെ മലയിടിച്ചിലിലൂടെ ഉണ്ടാകുന്ന കല്ലും മണ്ണും കൂടി നിറയുമ്പോൾ കാച്മെന്റ് ഏരിയയുടെ കപ്പാസിറ്റിയും ഡാമിന്റെ വെള്ളം ശേഖരിക്കാനുള്ള കപ്പാസിറ്റിയും താഴേയ്ക്ക് പോകുകയാണ്. ഇതിനോടൊപ്പം തീവ്രമഴകൂടിയുണ്ടാകുമ്പോൾ ഇത് കൂടുതൽ പ്രശ്നങ്ങളിലേയ്ക്കും ദുരിതത്തിലേയ്ക്കും വരുമെന്ന പ്രധാനപ്പെട്ട കാര്യം ചർച്ച ചെയ്തേ മതിയാകൂ. ഡാമുകൾ ശരിയായി തുറക്കാതെ ഡാം മാനേജ്മെന്റിൽ പരാജയപ്പെട്ടതുകൊണ്ടാണ് ഇത്രയും ദുരന്തമുണ്ടായതെന്നാണ് 2018-ൽ പ്രളയമുണ്ടായപ്പോൾ പ്രതിപക്ഷം പറഞ്ഞത്. അന്ന് പ്രതിപക്ഷത്തോടൊപ്പം ശ്രീ. റോഷി അഗസ്റ്റിനുമുണ്ടായിരുന്നു. എന്നാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അന്നത്തെ വൈദ്യുതി വകുപ്പുമന്ത്രിയും അതിനെ ഡിഫന്റ് ചെയ്തുകൊണ്ട് പറഞ്ഞത് ഡാം തുറന്നതുകൊണ്ടല്ല പ്രളയമുണ്ടായതെന്ന് സെൻട്രൽ വാട്ടർ കമ്മീഷൻ പറഞ്ഞിട്ടുണ്ടെന്നാണ്. ഡാം മാനേജ്മെന്റിലെ പരാജയം മറച്ചുവയ്ക്കാനും രക്ഷപ്പെടാനുംവേണ്ടി ദയവുചെയ്ത് നിങ്ങൾ സെൻട്രൽ

വാട്ടർ കമ്മീഷനെ ഡിപ്പെൻഡ് ചെയ്യരുതെന്ന് അന്ന് ഞാൻ നിയമസഭയിൽ പറഞ്ഞു. സെൻട്രൽ വാട്ടർ കമ്മീഷന്റെ ആ വാദമുഖം കേരള സർക്കാർ ഫോളോ ചെയ്താൽ അത് മുല്ലപ്പെരിയാർ ഡാം കേസ്സിൽ സംസ്ഥാനത്തിന്റെ താല്പര്യത്തിന് വിരുദ്ധമായിരിക്കും. കാരണം, മുല്ലപ്പെരിയാർ ഡാം കേസ്സിൽ സംസ്ഥാന താല്പര്യത്തിന് വിരുദ്ധമായ നിലപാടാണ് സെൻട്രൽ വാട്ടർ കമ്മീഷൻ സ്വീകരിക്കുന്നത്. എന്നാൽ, കുറച്ചുനാൾ കഴിഞ്ഞപ്പോൾ സെൻട്രൽ വാട്ടർ കമ്മീഷൻ നിലപാട് മാറ്റിയും പറഞ്ഞിട്ടുണ്ട്. അന്ന് ചർച്ചാവേളയിൽ പ്രതിപക്ഷം എന്തെങ്കിലും അഭിപ്രായം പറഞ്ഞാൽ സെൻട്രൽ വാട്ടർ കമ്മീഷന്റെ പേരായിരുന്നു നിങ്ങൾ പറഞ്ഞുകൊണ്ടിരുന്നത്. എന്നാൽ അവരുടെ നിലപാട് തെറ്റായിരുന്നു. അന്ന് സർക്കാരിനിത് മാനേജ് ചെയ്യാൻ കഴിയാത്തതുകൊണ്ടാണ് ഇപ്പോൾ നേരത്തേ പോയി ഡാം തുറന്നുകൊടുക്കുന്നത്. റവന്യൂ വകുപ്പുമന്ത്രിയും കൂടി ഡാം സൈറ്റിൽ പോയെന്നാണ് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി നേരത്തേ പറഞ്ഞത്. ഡാമിലെ വെള്ളം നേരത്തേ തുറന്നുവിടുന്നതും ആളുകളെ ഒഴിപ്പിക്കുന്നതും പണ്ടുമുതൽ ചെയ്യുന്നകാര്യമാണ്. നിലവിൽ ഇക്കാര്യങ്ങളൊക്കെ ചെയ്യുന്നത് 2018-ലെ സംഭവം ആവർത്തിക്കാതിരിക്കാൻ വേണ്ടിയാണ്. 2018-ലുണ്ടായത് അബദ്ധമാണ്, കെടുകാര്യസ്ഥതയാണ്, ശ്രദ്ധയില്ലായ്മയാണ് എന്നാണ് ഇപ്പോഴത്തെ ഈ സന്നാഹംകൊണ്ട് വ്യക്തമാകുന്നത്. നമ്മൾ പൊതുതാല്പര്യം ഉയർത്തിപ്പിടിക്കണം. അത്തരം താല്പര്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിലും ഗവൺമെന്റ് ദയനീയമായി പരാജയപ്പെട്ടുവെന്നാണ് പ്രതിപക്ഷത്തിന്റെ നിലപാട്. അല്ലാതെ ഇത് ചർച്ച ചെയ്യുന്നതിലോ തമിഴ്നാടും കേരളവുമായി ഒരുമിച്ച് നിന്നുകൊണ്ട് മുന്നോട്ടുപോകുന്നതിലോ ഞങ്ങൾക്ക് തർക്കമില്ലെന്നു മാത്രമല്ല ഇതുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും യോജിപ്പുണ്ടാകുകയും ചെയ്യും. അതുകൊണ്ട് ജലനിരപ്പ് താഴ്ത്തിക്കൊണ്ടുവരുന്നതുമായി ബന്ധപ്പെട്ട് മേൽനോട്ട സമിതിയിലും സുപ്രീംകോടതിയിലും കൃത്യമായ നിലപാടെടുക്കുന്നതിലും 2018-നുശേഷം 2021 വരെയുള്ള കാലാവസ്ഥാ വ്യതിയാനങ്ങളുടെയും അപകടങ്ങളുടെയും പശ്ചാത്തലത്തിൽ ഡാമിന്റെ സുരക്ഷയില്ലായ്മ സുപ്രീംകോടതിയെ ബോദ്ധ്യപ്പെടുത്തുന്നതിലും സർക്കാർ പരാജയപ്പെട്ട സാഹചര്യത്തിൽ ഇത്തരത്തിലുള്ള ഗൗരവമായ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്ന് പുറത്തുപോയി.)

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഈ വിഷയത്തിൽ പ്രതിപക്ഷത്തിന്റെ പ്രതിഷേധം എന്നുപറയുന്നത് ഇന്ന് നിലനിൽക്കുന്ന ആശങ്കയാണ്. കഴിഞ്ഞ

കുറച്ചുദിവസങ്ങളായി കേരളത്തിൽ നിലനിൽക്കുന്ന ആശങ്ക എല്ലാവർക്കുമറിയാം. മുല്ലപ്പെരിയാർ ഡാമിൽ വെള്ളം കുറയുന്നില്ല. 139.5 അടി ജലനിരപ്പ് എന്നുപറഞ്ഞത് 140 അടിയിലേയ്ക്ക് പോയിക്കൊണ്ടിരിക്കുന്നു. സംസ്ഥാനത്ത് പെരുമഴ പെയ്യുന്നത് നിത്യസംഭവമായി മാറിക്കൊണ്ടിരിക്കുകയാണ്. ഇന്നത്തെ സാഹചര്യത്തിൽ രണ്ട് ദിവസംകൂടി കനത്തമഴ പെയ്താൽ ഡാം കരകവിയും. ജലനിരപ്പ് 160 അടിയുടെ മുകളിലെത്തി ഡാം കരകവിഞ്ഞാൽ അപകടമാണ്. ഇതുസംബന്ധിച്ച റിപ്പോർട്ട് നേരത്തേ വന്നിട്ടുണ്ട്. യു.ഡി.എഫ്. ഭരിക്കുന്ന സമയത്ത് അന്നത്തെ പ്രതിപക്ഷം അതിന് വൻപ്രചാരം കൊടുത്തതാണ്; കേരളത്തിൽ അത് വലിയ പ്രശ്നമായതുമാണ്. ഇപ്പോൾ ജലനിരപ്പ് 140 അടിയുടെ അടുത്തുനിൽക്കുന്നു, പെരുമഴ ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുകയാണ്. ഇത്രയും ഗൗവരമുള്ള പ്രശ്നം സന്ദർഭത്തിനനുസരിച്ച് നല്ല നിലയിൽ കൈകാര്യം ചെയ്യണം. ജയലളിത തമിഴ്നാട് മുഖ്യമന്ത്രിയായിരുന്ന സമയത്തെ ചർച്ചയിൽ ഡെലിഗേറ്റായി ഞാനും പങ്കെടുത്തിരുന്നു. അന്ന് അവിടെ നിന്നും പരിപൂർണ്ണ നിസ്സഹകരണമായിരുന്നു ഉണ്ടായത്. അന്നത്തെ മുഖ്യമന്ത്രിയും ഇറിഗേഷൻ വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും അതിൽ പങ്കെടുത്തിരുന്നു. അനുവദിച്ച സമയം മുഴുവൻ ചർച്ച ചെയ്തിട്ടും യാതൊരു സഹകരണവുമില്ലാത്ത നിലപാടായിരുന്നു അന്ന് തമിഴ്നാട് സ്വീകരിച്ചത്. അവസാനം മലയാളികൾക്ക് വരെ പ്രശ്നം വരുന്ന രീതിയിൽ ഇവിടത്തെ പ്രതിപക്ഷം അത് വലിയ തോതിൽ ഉയർത്തുകയും കലുഷിതമായ അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്തു. ഇപ്പോഴത്തെ പ്രതിപക്ഷം അങ്ങനെയൊന്നും ഉദ്ദേശിക്കുന്നില്ല; സഹകരിക്കാൻ തന്നെയാണ് തീരുമാനിച്ചിരിക്കുന്നത്. രാഷ്ട്രീയമായി ഒരേ മുന്നണിയാണ് അവിടെയും ഇവിടെയും ഭരിക്കുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ഇപ്പോഴത്തെ അന്തരീക്ഷം മാറിയത് സംബന്ധിച്ച് അങ്ങ് സൂചിപ്പിച്ചു. കൂടുതൽ വെള്ളം കൊണ്ടുപോകണമെന്ന് കേരളം ആവശ്യപ്പെട്ടതു സംബന്ധിച്ചാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞത്. വൈഗൈ ഡാമിന്റെ വിസ്തൃതി വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച കാര്യങ്ങളൊന്നും സർക്കാർ കോടതിയിൽ പറഞ്ഞതല്ല. കേരളത്തിലേയ്ക്ക് ഒഴുകുന്ന വെള്ളം കൂടുതലായി അവർ എടുക്കുകയാണെങ്കിൽ ആശ്വാസകരമാകുമെന്നുള്ളതുകൊണ്ട് പെട്ടെന്ന് ചെയ്യേണ്ട കാര്യത്തെക്കുറിച്ചാണ് പരാമർശിച്ചത്. ഇതൊക്ക നിയമസഭയിൽ പറയുമ്പോൾ തെറ്റിദ്ധാരണയുണ്ടാകും. വൈഗൈ ഡാമിന്റെ വിസ്തൃതി വർദ്ധിപ്പിക്കാനോ പുതുതായി വെള്ളം കൊണ്ടുപോകാനോ പറഞ്ഞിട്ടില്ല. അവരിപ്പോൾ 1800 ക്യൂസെക്സ് വെള്ളമാണ് എടുക്കുന്നത്. പ്രസ്തുത ഡാമിലെ ജലനിരപ്പിന്റെ പരമാവധി എടുക്കുന്നതിനുള്ള

സൗകര്യമൊരുക്കണമെന്നാണ് പറഞ്ഞത്. അത് കോടതിയിൽ പറഞ്ഞതല്ല, അഭിഭാഷകന് കൊടുത്ത കത്തിലാണ് ഇക്കാര്യം സൂചിപ്പിച്ചത്. അതല്ലാതെ എന്തോ തെറ്റ് ചെയ്തു, വിസ്തൃതി വർദ്ധിപ്പിക്കണം, പുതിയ ടണലുണ്ടാക്കണം എന്നരീതിയിൽ നിയമസഭയിൽ പറയുന്നത് ശരിയല്ല. സ്വാഭാവികമായും ഇത്തരം ചർച്ചകളുണ്ടാകാതിരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് സൂപ്പർവൈസറി കമ്മിറ്റി കൃത്യമായി കത്തുകൊടുത്തിട്ടുണ്ട്.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ഇതെല്ലാം ചർച്ച ചെയ്യാവുന്നതും വിശദീകരിക്കാവുന്നതുമായ വിഷയങ്ങളാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ പറഞ്ഞത് എല്ലാ പാർട്ടികളും ഇക്കാര്യത്തിൽ ഒരുമിച്ച് നിൽക്കണമെന്നാണ്. ഒരുമിച്ച് നിൽക്കാമെന്നതിൽ തർക്കമില്ല; പക്ഷേ, സന്ദർഭത്തിന്റെ ഗൗരവമനുസരിച്ച് സർക്കാർ പ്രവർത്തിക്കണമെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞത്. തമിഴ്നാട് കൂടുതൽ വെള്ളം കൊണ്ടുപോകണം. എന്നാൽ കൊണ്ടുപോകാതിരിക്കുന്നതിനുള്ള അടവാണ് അവർ നോക്കുന്നത്. അവിടെയും ഇവിടെയും ഒരേ മുന്നണിയാണ് ഭരിക്കുന്നത്. ഇവിടത്തെ കക്ഷികളൊക്കെത്തന്നെയാണ് അവിടത്തെ ഭരണകക്ഷിയും. ഇപ്പോഴത്തെ സന്ദർഭത്തിന്റെ രാഷ്ട്രീയ യാഥാർത്ഥ്യം അനുസരിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകയ്യെടുത്ത് സൗഹാർദാന്തരീക്ഷത്തിൽ ചർച്ച ചെയ്യുന്നതിനായി ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞതുപോലെ ആൾ പാർട്ടി മീറ്റിംഗ് സംഘടിപ്പിക്കണം. പുതിയ അണക്കെട്ട് നിർമ്മിക്കേണ്ടിവരും. സുർക്കി മിശ്രിതം അധികകാലം നിലനിൽക്കില്ല. അതിനാൽ സന്ദർഭത്തിന്റെ ഗൗരവമനുസരിച്ച് തീരുമാനമെടുക്കണം. രണ്ടുദിവസംകൂടി പെരുമഴ പെയ്താൽ അപകടമുണ്ടാകും. ഇന്നലെ രാത്രിയും കനത്ത മഴയായിരുന്നു. പക്ഷേ, ഭാഗ്യത്തിന് ജലനിരപ്പ് കുറച്ച് താഴ്ന്നിരിക്കുന്നുവെന്നാണ് ഇന്ന് രാവിലത്തെ വാർത്തയിൽ അറിയാൻ കഴിഞ്ഞത്. ജലനിരപ്പ് താഴാതിരുന്നാൽ എന്തു ചെയ്യും; എറണാകുളത്തുകൂടി കടന്നുപോകുമ്പോൾ മനസ്സിൽ ഭീതി തോന്നുകയാണ്. ഇന്നലെ ആലപ്പുഴയിൽ കനത്ത മഴയായിരുന്നു. രണ്ടുദിവസം ഇങ്ങനെ മഴ തുടർന്നാൽ ഡാം കരകവിയാനും സാദ്ധ്യതയുണ്ട്. ഇത് ഐ.ഐ.ടി.-യുടെ റിപ്പോർട്ടിൽ പറഞ്ഞ കാര്യമാണ്. ഇങ്ങനെയുള്ള അപകടകരമായ സ്ഥിതിയിൽ കേരളം നിൽക്കുന്ന സാഹചര്യത്തിൽ ആ ഗൗരവത്തിനനുസരിച്ച് സർക്കാരിന്റെ നിലപാട് ഉയരേണ്ടതുണ്ട്. പ്രതിപക്ഷം അന്നെടുത്ത സമീപനമൊന്നും ഇപ്പോൾ ഞങ്ങൾ എടുക്കുന്നില്ല. ഈ സന്ദർഭത്തിനനുസരിച്ച് സർക്കാർ ഉയരുന്നില്ലെന്ന വിമർശനമുണ്ട്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്ന് പുറത്തുപോയി).

ശ്രീ. മോൻസ് ജോസഫ്: സർ, മുല്ലപ്പെരിയാർ ഡാം വിഷയത്തിൽ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി ശ്രീ. റോഷി അഗസ്റ്റിൻ അടക്കം ഞങ്ങളെല്ലാവരും ആഴ്ചകളോളം നിരാഹാരസമരം അനുഷ്ഠിച്ചിട്ടുള്ളവരാണ്. ഞാൻ 2006-ൽ പെറ്റീഷൻ കമ്മിറ്റി ചെയർമാനായിരുന്ന സമയത്ത് നിയമസഭയിൽ മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള റിപ്പോർട്ട് അവതരിപ്പിച്ചതുമുതൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചൂണ്ടിക്കാണിച്ചതുപോലെ അവതരിപ്പിക്കപ്പെട്ട എല്ലാ പ്രമേയങ്ങളിലും ഐകകണ്ഠ്യേനയുള്ള നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. കേരളം രാഷ്ട്രീയത്തിനതീതമായി ഒന്നിച്ചുനിന്ന് നിലപാടെടുത്ത് മുന്നോട്ടുപോകേണ്ട കാര്യമാണെന്നതിൽ തർക്കമില്ല. പക്ഷേ, ഇവിടത്തെ പ്രശ്നം ഇപ്പോഴും അവശേഷിക്കുകയാണ്. മേൽനോട്ട സമിതിയിൽ നമുക്ക് പാളിച്ച സംഭവിച്ചു. സുപ്രീംകോടതിയിൽ തിരുത്തലിനുവേണ്ടി ശ്രമിച്ചുവെന്നത് ശരിയാണ്. മേൽനോട്ട സമിതിയിൽ തമിഴ്നാട് പറഞ്ഞ 142 അടി ജലനിരപ്പ് അംഗീകരിച്ചുകൊണ്ട് മിനുട്സ് വരികയും അത് നമുക്ക് വലിയദോഷമുണ്ടാക്കുകയും ചെയ്തുവെന്ന പ്രശ്നം ഗൗരവമുള്ളതാണ്. മുല്ലപ്പെരിയാറുമായി ബന്ധപ്പെട്ട വിഷയം കേരളം ഗൗരവമായി ചർച്ച ചെയ്യേണ്ടതായിരുന്നു. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിക്ഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫ് സഭയിൽനിന്ന് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, മുല്ലപ്പെരിയാർ ഡാം വിഷയത്തിൽ ജനങ്ങളുടെ ആശങ്ക പരിഹരിക്കാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നില്ല. ഈ വിഷയം ഗൗരവമായി ജനങ്ങളുടെ മുന്നിൽ നിൽക്കുകയാണ്. സർക്കാരിന്റെ പാളിച്ചയാണ് ഇവിടെ ഒന്നൊന്നായി ചൂണ്ടിക്കാട്ടിയത്. മേൽനോട്ട സമിതിയിലടക്കം പങ്കെടുത്ത ഉദ്യോഗസ്ഥർക്ക് പാളിച്ചയുണ്ടായി. അതിന്റെ ദുരിതം അനുഭവിക്കേണ്ടിവരുന്നത് കേരളീയ സമൂഹമാണ്. മുല്ലപ്പെരിയാർ വിഷയത്തിലുണ്ടായ സർക്കാരിന്റെ ഗുരുതരമായ വീഴ്ചയിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭയിൽനിന്ന് പുറത്തുപോയി.)

ശ്രീമതി കെ. കെ. രമ: സർ, മുല്ലപ്പെരിയാർ ഡാം വിഷയത്തിൽ സർക്കാരിന്റെ ഗുരുതരമായ വീഴ്ചകൾ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭയിൽനിന്ന് പുറത്തുപോയി. സഭവിട്ടു പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങളുടെ ശ്രദ്ധയിലേയ്ക്ക് ഒരു കാര്യം കൊണ്ടുവരാൻ ആഗ്രഹിക്കുന്നു. ഇന്ന് വൈകുന്നേരം 6.00 മണിക്ക് ബഹുമാനപ്പെട്ട ഗവർണറുടെ പരിപാടി മെമ്പേഴ്സ് ലോഞ്ചിൽ നിശ്ചയിച്ചിരിക്കുകയാണ്. അഞ്ച് ബില്ലുകൾ സഭ പരിഗണിക്കാനുണ്ട്. ഇരുപതുപേർ അഞ്ച് ബില്ലുകളിലുമായി സംസാരിക്കാനുമുണ്ട്. ഇന്ന് അടിയന്തരപ്രമേയം സാധാരണയിൽ കൂടുതൽ സമയമെടുത്തിരിക്കുന്നു. ഇതിനകംതന്നെ സമയം അധികരിച്ചിരിക്കുകയാണ്. അതുകൊണ്ട് ശ്രദ്ധക്ഷണിക്കൽ, സബ്മിഷൻ, ബില്ലുകളുടെ ചർച്ച ഇതെല്ലാം കർശനമായി സംക്ഷിപ്തമാക്കേണ്ടതുണ്ട്. എല്ലാവരും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അംഗങ്ങൾ സബ്മിഷനുകൾ ഒരുമിനിട്ടിൽ അവതരിപ്പിക്കുകയും ഒരുമിനിട്ടിൽ ബഹുമാനപ്പെട്ട മന്ത്രിമാർ മറുപടി പറയുകയും ചെയ്യണം. മറുപടി ദീർഘമാണെങ്കിൽ മേശപ്പുറത്തുവയ്ക്കണം. ബഹുമാനപ്പെട്ട അംഗങ്ങളും മന്ത്രിമാരും സഹകരിക്കണം.

## IV ശ്രദ്ധ ക്ഷണിക്കൽ

### (1) റീസർവ്വേ നടപടികളും ദുരിതബാധിതർക്ക് നഷ്ടപരിഹാരവും

ശ്രീ. പി. എസ്. സുപാൽ: സർ, സംസ്ഥാനത്തെ റീസർവ്വേ നടപടികൾ സംബന്ധിച്ച വിഷയത്തിലേയ്ക്ക് ശ്രദ്ധക്ഷണിക്കുകയാണ്. സംസ്ഥാനത്ത് 1960-കളിലാണ് റീസർവ്വേ നടപടികൾ ആരംഭിച്ചത്. ഇപ്പോൾ ഏതാണ്ട് 60 വർഷക്കാലം പിന്നിടുകയാണ്. 1600 വില്ലേജുകൾ സംസ്ഥാനത്തുള്ളതിൽ ഏതാണ്ട് 900 വില്ലേജുകളിലാണ് റീസർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളത്. നടപടികൾ പൂർത്തീകരിച്ചതിൽത്തന്നെ ധാരാളം പരാതികൾ നിലനിൽക്കുകയാണ്. ഇനിയും 700-ഓളം വില്ലേജുകളിൽ റീസർവ്വേ നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ട്. നിലവിൽ പരമ്പരാഗത രീതിയിൽ റീസർവ്വേ നടപടികൾ ചെയ്തുവരുന്ന സാഹചര്യത്തിൽ തുടർന്ന് എത്രനാളുകൾ വേണ്ടിവരുമെന്ന് ആലോചിക്കാവുന്നതേയുള്ളൂ. ആധുനിക സംവിധാനത്തോടെ സംസ്ഥാനത്തെ റീസർവ്വേ നടപടികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി അടിയന്തരമായി സ്വീകരിക്കണം. സർവ്വേ ജീവനക്കാരുടെ കുറവ് പ്രധാന പ്രശ്നമാണ്. റീസർവ്വേ പ്രവർത്തനങ്ങൾക്കും വികസനപരമായ ആവശ്യങ്ങളുമായി ബന്ധപ്പെട്ടും സർവ്വേയർമാർ അനിവാര്യമായതിനാൽ അങ്ങ് മുൻകയ്യെടുത്ത് കൂടുതൽ പേരെ നിയോഗിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. എല്ലാവർക്കും പട്ടയം

ലഭ്യമാക്കുക എന്നുള്ളത് എൽ.ഡി.എഫ്. സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് 177000 പേർക്ക് പട്ടയം നൽകിക്കൊണ്ടാണ് ഗവൺമെന്റ് മാതൃക സ്വീകരിച്ചത്. ഇപ്പോഴത്തെ ഗവൺമെന്റ് മുഴുവൻ ആളുകൾക്കും പട്ടയം നൽകുന്നതിനാവശ്യമായ നടപടികളുമായി മുന്നോട്ടുപോകുകയാണ്. അങ്ങ് ഇക്കാര്യത്തിൽ ജാഗ്രതയോടെ ഇടപെട്ടുകൊണ്ടുള്ള പ്രവർത്തനമാണ് കാഴ്ചവയ്ക്കുന്നത്. നൂറുദിന കർമ്മപരിപാടിയിലുൾപ്പെടുത്തി 12000-ത്തോളം പട്ടയം നൽകുമെന്ന് പ്രഖ്യാപിച്ച സ്ഥാനത്ത് 13500 പട്ടയം നൽകി ആ വാക്കുകൾക്ക് നീതിപുലർത്തിയിരിക്കുകയാണ് എൽ.ഡി.എഫ്. സർക്കാർ. കാലവർഷക്കെടുതിയുമായി ബന്ധപ്പെട്ട് നിരവധി പേരുടെ ജീവൻ നഷ്ടപ്പെടുകയും പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ട് മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ അടക്കം വലിയ നാശനഷ്ടങ്ങളുണ്ടാകുകയും ചെയ്ത സാഹചര്യത്തിൽ അടിയന്തരമായി മുഴുവൻ പേർക്കും നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് മാനദണ്ഡങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളാണ്. വീട്, കിണർ, കാലിത്തൊഴുത്ത് എന്നിവയ്ക്കാണ് നഷ്ടപരിഹാരം ലഭിക്കേണ്ടത്. വ്യാപകമായ മണ്ണിടിച്ചിന്റെ ഫലമായി മുകളിലും താഴെയുമുള്ള വീടുകൾ നഷ്ടപ്പെടുമ്പോൾ അത് പൂർവ്വസ്ഥിതിയിലാക്കുന്നതിന് ലക്ഷക്കണക്കിന് രൂപ ചെലവഴിക്കേണ്ടിവരും. പാവപ്പെട്ടവർക്ക് എങ്ങനെയാണിത് സാദ്ധ്യമാകുന്നത്? അതുകൊണ്ട് നഷ്ടപരിഹാരം നൽകുന്നതിനെക്കുറിച്ച് സർക്കാർ ഗൗരവമായി ആലോചിക്കണം. കടകളിൽ വെള്ളം കയറി സാധനങ്ങൾ നശിച്ചതിനും ആളുകളുടെ ജീവനോപാധികൾ നഷ്ടപ്പെട്ടതിനും നഷ്ടപരിഹാരം നൽകുന്നതിന് സംവിധാനമൊരുക്കണം. പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക് നിലവിൽ നഷ്ടപരിഹാരം ലഭിക്കാത്ത സാഹചര്യം പരിശോധിച്ച് അവർക്കും അത് ലഭിക്കാനുള്ള സംവിധാനമൊരുക്കണം. ഉരുൾപൊട്ടലിന്റെ ഫലമായി ഏക്കറുകണക്കിന് കൃഷിഭൂമിയാണ് കൃഷിയോഗ്യമല്ലാതായി തീർന്നിരിക്കുന്നത്. അവ പുനഃസ്ഥാപിക്കാൻ കർഷകർക്ക് സ്വന്തം നിലയിൽ കഴിയാത്ത സാഹചര്യത്തിൽ നഷ്ടപരിഹാരം സംബന്ധിച്ച് വിശാലമായ സംവിധാനം ഒരുക്കി എല്ലാവർക്കും നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ പുനലൂർ താലൂക്കിൽ ഇടപ്പാളയത്ത് 28-ാം തീയതി ഉരുൾപൊട്ടലുണ്ടായപ്പോൾ ഭാഗ്യംകൊണ്ടാണ് വലിയ ഒരു ദുരന്തത്തിലേയ്ക്ക് അത് പോകാതിരുന്നത്. 1992-നും 2018-നും ശേഷം വീണ്ടും ഉരുൾപൊട്ടൽ ഉണ്ടായിരിക്കുകയാണ്. അടിയന്തര നടപടികളും പുനരധിവാസ പ്രവർത്തനങ്ങളുമെല്ലാം നടത്തിക്കൊണ്ടിരിക്കുകയാണ്. കേരളത്തിലുടനീളം

നിരന്തരമായ ഉരുൾപൊട്ടൽ സാദ്ധ്യതയുള്ള സ്ഥലങ്ങളിലെ ജനങ്ങൾ വളരെ ഉത്കണ്ഠയിലാണ്. ഒരു മഴ വരുമ്പോൾ അവർ ഭയത്തോടുകൂടി വല്ലാത്തൊരു മാനസ്സികാവസ്ഥയിലാകുന്ന സാഹചര്യമാണുള്ളത്. ജിയോളജിക്കൽ സർവ്വേ നടത്തി അത്തരം മേഖലകളിൽ താമസിക്കുന്നവർ സുരക്ഷിതരല്ലെങ്കിൽ അവരെ പുനരധിവസിപ്പിക്കാനുള്ള സംവിധാനത്തെക്കുറിച്ച് ഗവൺമെന്റ് ഗൗരവമായി ആലോചിക്കണം. പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട നഷ്ടപരിഹാരം എല്ലാവർക്കും അടിയന്തരമായി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, വളരെ പ്രധാനപ്പെട്ട പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം സഭയുടെ മുന്നിൽ അവതരിപ്പിച്ചത്. മൂന്ന് പ്രധാനപ്പെട്ട വിഷയങ്ങളാണ് അദ്ദേഹം സൂചിപ്പിച്ചത്. ഒന്ന്, റീസർവ്വേയുമായി ബന്ധപ്പെട്ടതാണ്. മലബാറിൽ 1888-1904 കാലഘട്ടത്തിലും കൊച്ചിയിൽ 1898-1907 കാലഘട്ടത്തിലും തിരുവിതാംകൂറിൽ 1883-1911 കാലഘട്ടത്തിലും കാസർഗോഡ് 1882-1904 കാലഘട്ടത്തിലും സെറ്റിൽമെന്റ് നടപടികൾ നടക്കുകയും മലബാറും കാസർഗോഡും 1905-ലും കൊച്ചിയിൽ 1908-ലും തിരുവിതാംകൂറിൽ 1911-ലും സെറ്റിൽമെന്റ് രജിസ്റ്റർ പ്രസിദ്ധീകരിക്കുകയും ചെയ്തു. മലബാർ, കാസർഗോഡ് മേഖലകളിൽ 1935-ൽ റീസർവ്വേ സെറ്റിൽമെന്റ് രജിസ്റ്റർ പ്രസിദ്ധീകരിച്ചതൊഴിച്ചാൽ കാലഘട്ടത്തിനനുസരിച്ച് കൈവശാവകാശങ്ങളിൽ വന്ന മാറ്റങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള റീസർവ്വേ നടപടികളൊന്നുമായിട്ടില്ല. സംസ്ഥാന രൂപീകരണത്തിനുശേഷം 1966-ലാണ് റീസർവ്വേ നടപടികൾ കേരളത്തിൽ ആരംഭിച്ചത്. റീസർവ്വേ നടപടികൾ ആരംഭിച്ചിട്ട് 54 വർഷം പിന്നിടുകയാണ്. കേരളത്തിലെ 1666 വില്ലേജുകളിൽ 911 വില്ലേജുകളിലാണ് ഇതിനകം റീസർവ്വേ നടപടികൾ പൂർത്തീകരിച്ചത്. അതിൽ ഇ.ടി.എസ്. (ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ) മെഷീൻ ഉപയോഗിച്ച് നടത്തുന്ന ഡിജിറ്റൽ സർവ്വേ നടത്തിയിട്ടുള്ളത് 89 വില്ലേജുകളിലാണ്. 27 വില്ലേജുകളിൽ ഈ പ്രവൃത്തി ഓൺ-ഗോയിംഗാണ്. ബാക്കി വരുന്ന വില്ലേജുകളിൽ റീസർവ്വേ നടപടികൾ ആരംഭിച്ചിട്ടില്ല. കഴിഞ്ഞ സർക്കാരിന്റെ തുടർച്ച എന്ന നിലയിൽ കേരളത്തെ നാലുവർഷക്കാലംകൊണ്ട് ഡിജിറ്റലായി അളക്കാൻ കഴിയുന്ന സമ്പൂർണ്ണമായ ഡിജിറ്റൽ റീസർവ്വേയ്ക്ക് നേതൃത്വം നൽകണമെന്നാണ് സർക്കാർ ആലോചിക്കുന്നത്. ഇപ്പോൾ റീസർവ്വേ നടപടികൾ ഡിജിറ്റലായി നടത്തിയ 89 വില്ലേജുകളിലും ഇനി നടപ്പാക്കാൻ പോകുന്ന 27 വില്ലേജുകളും ഒഴിച്ചുള്ള 1550 വില്ലേജുകളിൽ നാലുവർഷംകൊണ്ട് സമഗ്ര ഡിജിറ്റൽ റീസർവ്വേ നടപടി പൂർത്തീകരിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. 'എല്ലാവർക്കും ഭൂമി, എല്ലാ

ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് ' എന്ന മുദ്രാവാക്യം ഉയർത്തിപ്പിടിച്ചുകൊണ്ട് ഗവൺമെന്റും റവന്യൂവകുപ്പും മുന്നോട്ടുപോകുമ്പോൾ ഭൂമി സംബന്ധമായ എല്ലാ പ്രശ്നങ്ങളുടെയും ആധികാരികരേഖ തയ്യാറാക്കാൻ സർവ്വേ നടപടി കൊണ്ടുമാത്രമെ സാധിക്കുകയുള്ളൂ. ജനകീയ പങ്കാളിത്തത്തോടെ സർവ്വേ നടപടികൾ മുന്നോട്ടുപോകണമെന്നത് സംബന്ധിച്ചാണ് ആലോചിക്കുന്നത്. അത് മിഷൻ മോഡിലേയ്ക്ക് കൊണ്ടുവരുന്നതിനായി അക്കാര്യം സംബന്ധിച്ച് ആശയവിനിമയം നടത്തുന്നതിന് നാളെ നിയമസഭ പിരിഞ്ഞതിനുശേഷം ആർ. ശങ്കരനാരായണൻ തമ്പി മെംബേഴ്സ് ലോഞ്ചിൽ എം.എൽ.എ.-മാർക്കുവേണ്ടി പ്രത്യേക പ്രസന്റേഷൻ നടത്തുന്നുണ്ട്. റീസർവ്വേ നടപടികൾക്ക് പ്രധാന തടസ്സമായിരുന്നത് സാമ്പത്തിക പ്രശ്നമാണ്. റീബിൽഡ് കേരള ഇനിഷ്യേറ്റീവിലുൾപ്പെടുത്തി ഈ ഗവൺമെന്റ് 807.98 കോടി രൂപയുടെ സാംഗ്ഷൻ നൽകുകയും ആദ്യ ഗഡുവായി 339.438 കോടി രൂപ നൽകാൻ തീരുമാനിക്കുകയും ചെയ്തു. മൂന്ന് പ്രധാനപ്പെട്ട സാങ്കേതിക വിദ്യകളാണ് ഇതിലേയ്ക്കായി ഉപയോഗിക്കുന്നത്. കണ്ടിന്യൂവസ്‌ലി ഓപ്പറേറ്റിംഗ് റഫറൻസ് സ്റ്റേഷൻ എന്നുപറയുന്ന CORS, അതിന്റെ സിഗ്നൽ സ്റ്റേഷനുകൾ രൂപീകരിച്ച് RTK (Real-time Kinematic) Rover-കളും ഇ.ടി.എസ്. മെഷീനും ഡ്രോണും ഉപയോഗിച്ചുകൊണ്ടുള്ള സമഗ്ര റീസർവ്വേ നടപടികൾ നാല് വർഷക്കാലംകൊണ്ട് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് സർക്കാർ കരുതുന്നത്. പട്ടയവിതരണം പ്രധാനപ്പെട്ട ലക്ഷ്യമാണ്. കേരള ചരിത്രത്തിൽ ഏറ്റവും കൂടുതൽ പട്ടയങ്ങൾ (177,000 പട്ടയങ്ങൾ) വിതരണം ചെയ്യാൻ കഴിഞ്ഞത് കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്താണ്. പരമാവധി ആളുകളെ ഭൂമിയുടെ ഉടമസ്ഥരാക്കാനുള്ള വലിയ ശ്രമത്തിന് കഴിഞ്ഞ ഗവൺമെന്റ് നേതൃത്വം നൽകുകയും ആ ഗവൺമെന്റിന്റെ തുടർച്ചയെന്നപോലെ അർഹരായ മുഴുവൻ പേർക്കും ഭൂമി നൽകുന്നതിന് വിവിധ പദ്ധതികൾ ഗവൺമെന്റ് ആലോചിച്ചുവരികയും ചെയ്യുന്നുണ്ട്. അതിൽ ഏറ്റവും പ്രധാനം ലാൻഡ് ബോർഡുകളിലും ലാൻഡ് ട്രൈബ്യൂണലിലുമായി രജിസ്റ്റർ ചെയ്ത 1295 കേസ്സുകളിലും ട്രൈബ്യൂണലിൽ നിലനിൽക്കുന്ന 127000-ത്തിലധികം വരുന്ന കേസ്സുകളിലും വളരെ പെട്ടെന്ന് തീരുമാനമെടുക്കുകയെന്നുള്ളതാണ്. അതിന്റെ ഭാഗമായി ലാൻഡ് ബോർഡിലേയും ലാൻഡ് ട്രൈബ്യൂണലിലേയും ജീവനക്കാർക്ക് പരിശീലനം നൽകിക്കഴിഞ്ഞു. നാല് മേഖലകൾ തിരിച്ച് ലാൻഡ് ട്രൈബ്യൂണലുകളുടെ പ്രവർത്തനങ്ങൾ വിശദീകരിക്കുന്നതിനുവേണ്ടി ഓരോ ഡെപ്യൂട്ടി കളക്ടർമാർക്ക് പ്രത്യേക ചുമതല നൽകാൻ തീരുമാനിച്ചുകഴിഞ്ഞു. പട്ടയ അപേക്ഷകൾക്ക് അദാലത്തുകൾ സംഘടിപ്പിക്കുകയും വരുന്ന ഡിസംബർ മാസത്തോടെ കേരളത്തിലെ ഭൂരഹിതരായവരുടെ മുഴുവൻ എണ്ണവും എല്ലാവർക്കും കാണാൻ കഴിയുന്ന വിധത്തിൽ ഡാഷ്ബോർഡുകൾ നടത്തി പ്രസിദ്ധീകരിക്കുവാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. പുനലൂർ താലൂക്ക് ലാൻഡ് ബോർഡിലുള്ള പേപ്പർ

മില്ലിലെ കേസ്സിലുൾപ്പെടെ ശ്രദ്ധേയമായതരത്തിൽ മുന്നോട്ട് പോകാൻ കഴിഞ്ഞിട്ടുണ്ട്. കേരളം ഞെട്ടുന്ന ഭീകരമായ കാലവർഷക്കെടുതിയോടനുബന്ധിച്ചുള്ള ദുരന്തങ്ങളിൽ എല്ലാവിധത്തിലുള്ള സഹായങ്ങളും ചെയ്യാൻ സർക്കാർ തയ്യാറാണ്. എല്ലാ അർത്ഥത്തിലും മുൻകരുതലെടുക്കാൻ കഴിഞ്ഞു. സാധാരണ നിലയിൽ State Disaster Response Fund (SDRF)-ന്റെ മാനദണ്ഡങ്ങൾക്കനുസരിച്ച് പണം കൊടുക്കുക സാദ്ധ്യമാകില്ല. അതുകൊണ്ട് ഈ ഗവൺമെന്റ് വിശദമായി അക്കാര്യത്തെക്കുറിച്ച് ആലോചിച്ചു. സാധാരണ നിലയിൽ SDRF അനുസരിച്ച് പൂർണ്ണമായി വീട് തകർന്നാൽ സമതലത്തിൽ 95,100 രൂപയും കുന്നിൻപ്രദേശത്ത് 1,01,900 രൂപയുമാണ് കൊടുക്കാൻ കഴിയുന്നത്. പാർഷ്യൽ ഡാമേജിന് സ്ലാബുകളില്ല. 75 ശതമാനംവരെ എത്ര തകർന്നാലും 5200 രൂപ മാത്രമാണ് കൊടുക്കുന്നത്. ഈ ദുരന്തത്തിനുശേഷം 5/2021 ഡി.എം.ഡി. എന്ന പ്രത്യേക ഉത്തരവ് ഗവൺമെന്റ് പുറപ്പെടുവിക്കുകയും വീട് നഷ്ടപ്പെട്ട എല്ലാവർക്കും 4 ലക്ഷം രൂപ നൽകാൻ തീരുമാനിക്കുകയും ചെയ്തു. ഇതുകൂടാതെ 15 ശതമാനം വരെ, 16 ശതമാനം മുതൽ 29 ശതമാനം വരെ, 30 ശതമാനം മുതൽ 50 ശതമാനം വരെ, 60 ശതമാനം മുതൽ 74 ശതമാനം വരെ എന്നിങ്ങനെ വിവിധ സ്ലാബുകൾ നിശ്ചയിക്കുകയും 10,000 രൂപ മുതൽ 2,50,000 രൂപ വരെ തകർന്ന വീടുകളുടെ കണക്കനുസരിച്ച് നഷ്ടപരിഹാരം നൽകാൻ തീരുമാനിക്കുകയും ചെയ്തു. പുറമ്പോക്കിലെ താമസക്കാരുടെ ഭൂമി നഷ്ടപ്പെട്ടാലുള്ള പ്രശ്നത്തെക്കുറിച്ച് സൂചിപ്പിച്ചു. പുറമ്പോക്കിലാണെങ്കിലും താമസിക്കാൻ കഴിയാത്ത സ്ഥലത്താണെങ്കിൽ 10 ലക്ഷം രൂപ നഷ്ടപരിഹാരം കൊടുക്കാനും (6 ലക്ഷം രൂപ ഭൂമി വാങ്ങാനും 4 ലക്ഷം രൂപ വീട് പണിയാനും നൽകുന്നതിന്) 5/2021-ലെ സർക്കാർ ഉത്തരവിലൂടെ തീരുമാനിച്ചിട്ടുണ്ട്. ജീവഹാനി സംഭവിച്ചവരുടെ ആശ്രിതർക്ക് 4 ലക്ഷം രൂപയ്ക്ക് പുറമേ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് ഒരു ലക്ഷം രൂപകൂടി ചേർത്ത് 5 ലക്ഷം രൂപ കൊടുക്കാനും ഗവൺമെന്റ് തീരുമാനിച്ചു. അടിയന്തര സാഹചര്യങ്ങൾ നേരിടാൻ ഒൻപത് ജില്ലകൾക്ക് 13.35 കോടി രൂപ ഇതിനകം അനുവദിച്ചിട്ടുണ്ട്. പുനലൂർ താലൂക്കിലെ ഉരുൾപൊട്ടലുമായി ബന്ധപ്പെട്ട പ്രദേശത്ത് പ്രത്യേക പരിശോധനാ സംഘത്തെ അയച്ച് അക്കാര്യം പരിശോധിക്കാവുന്നതാണ്.

ശ്രീ. പി. എസ്. സുപാൽ: സർ, സംസ്ഥാനത്ത് ഭൂമിയില്ലാത്ത നിരവധി കുടുംബങ്ങളുണ്ട്. ഒരു തുണ്ട് ഭൂമി എന്നത് അവരുടെ സ്വപ്നമാണ്. ഭൂപരിഷ്കരണ നിയമത്തിന്റെ പരിധിക്ക് പുറത്ത് ധാരാളം ഭൂമി കൈവശംവച്ചുകൊണ്ടിരിക്കുന്ന നിരവധിയാളുകളുണ്ട്. ഗവൺമെന്റ് ഈ കാര്യങ്ങൾ ഗൗരവമായി പരിശോധിക്കുമോ? അധികഭൂമി കണ്ടെത്തി അത് പിടിച്ചെടുത്ത് ഭൂരഹിതർക്ക് വിതരണം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാജൻ: സർ, അൻപത് വർഷം കഴിഞ്ഞ ഭൂപരിഷ്കരണ നിയമത്തിന്റെ അന്ത:സത്ത പൂർണ്ണമായി നിലനിർത്താൻ കൈവശമുള്ളവർക്ക് പട്ടയം കൊടുക്കൽ മാത്രമല്ല, കേരളത്തിലെവിടെയും ഒരു തണ്ടപ്പേരുപോലുമില്ലാത്ത മുഴുവൻ ഭൂരഹിതർക്കും ഭൂമി നൽകാൻ കഴിയുന്ന വിധത്തിലുള്ള നടപടിയാണ് കഴിഞ്ഞ ഗവൺമെന്റ് സ്വീകരിച്ചതും ഈ ഗവൺമെന്റ് തുടർച്ചയായി നടപ്പാക്കാൻ പോകുന്നതും. അതുകൊണ്ടുതന്നെ രണ്ട് പ്രധാനപ്പെട്ട കാര്യങ്ങൾ ആലോചിച്ചിട്ടുണ്ട്. ഒന്ന്, ഡിജിറ്റൽ റീസർവ്വേ പൂർത്തീകരിക്കുക. രണ്ടാമത്തേത് പ്രധാനപ്പെട്ട പ്രശ്നമാണ്. പല തരത്തിലുള്ള തണ്ടപ്പേരുകൾ പല ജില്ലകളിലായി കൊണ്ടുനടന്നാൽ എത്ര ഭൂമി ഒരാളുടെ കയ്യിലുണ്ടെന്ന് അറിയാൻ സാധിക്കില്ല. അതുകൊണ്ട് ആധാർ അധിഷ്ഠിതമാക്കിയ unique തണ്ടപ്പേർ സിസ്റ്റം നടപ്പാക്കുന്നത് സംബന്ധിച്ച് കഴിഞ്ഞ ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിരുന്നു. കേന്ദ്ര ഗവൺമെന്റിന്റെ ഇലക്ട്രോണിക് വിവര സാങ്കേതിക മന്ത്രാലയം ആധാറും തണ്ടപ്പേരുമായി കണക്ട് ചെയ്യാനുള്ള അവകാശം കഴിഞ്ഞ സെപ്റ്റംബർ മാസത്തിൽ നൽകിയതോടെ ഇന്ത്യയിൽ ആദ്യമായി unique തണ്ടപ്പേർ സിസ്റ്റം നടപ്പിലാക്കുന്ന സംസ്ഥാനമായി കേരളം മാറും. അതിലൂടെ ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമെന്ന് സർക്കാർ പ്രതീക്ഷിക്കുന്നു.

(2) ദേശീയപാത 766-ലെ രാത്രി ഗതാഗത നിയന്ത്രണം

ശ്രീ. ഐ.സി. ബാലകൃഷ്ണൻ: സർ, കേരള -കർണ്ണാടക സംസ്ഥാനങ്ങൾ തമ്മിൽ ബന്ധിപ്പിക്കുന്ന കോഴിക്കോട്-കൊല്ലഗൽ നാഷണൽ ഹൈവേ 766-ലെ രാത്രിയാത്രാ നിരോധനവുമായി ബന്ധപ്പെട്ട വിഷയമാണ് സഭയുടെയും സർക്കാരിന്റെയും ബഹുമാനപ്പെട്ട മന്ത്രിയുടെയും ശ്രദ്ധയിൽക്കൊണ്ടുവരുന്നത്. 2009-ലാണ് കർണ്ണാടക ചാമരാജനഗർ ജില്ലാ കളക്ടർ നാഷണൽ ഹൈവേ 766-ൽ നിയന്ത്രണം ഏർപ്പെടുത്തിയത്. അതുമായി ബന്ധപ്പെട്ട് അന്നത്തെ കേരള ഗവൺമെന്റ് കർണ്ണാടക ഗവൺമെന്റുമായി ചർച്ച നടത്തിയെങ്കിലും ജില്ലാ കളക്ടർ കൊണ്ടുവന്ന ഉത്തരവ് കർണ്ണാടക ഹൈക്കോടതി ശരിവയ്ക്കുകയാണുണ്ടായത്. അതിന്റെ ഭാഗമായി ആ കേസ് സുപ്രീംകോടതിയിൽ നിലനിൽക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് വിവിധ സംഘടനകൾ, വ്യാപാരികൾ, ആക്ഷൻ കമ്മിറ്റികൾ, റെയിൽവേ ആക്ഷൻ കമ്മിറ്റികൾ, സർക്കാർ, ജനപ്രതിനിധികൾ എന്നിവർ കോടതിയെ സമീപിച്ചിട്ടുണ്ട്. 2016-ൽ ഈ റോഡുമായി ബന്ധപ്പെട്ട് പഠനം നടത്തുന്നതിനുവേണ്ടി കേരള സർക്കാരിന്റെ ഏജൻസിയായ National Transportation Planning and Research Centre (NATPAC)-നെ ചുമതലപ്പെടുത്തുകയും ഈ റോഡിന് ഒരു ബദൽ സംവിധാനമെന്ന നിലയിൽ പഞ്ച്

മോഡൽ ഫ്ലൈഓവർ നിർമ്മിക്കാനുള്ള പ്രൊപ്പോസൽ അവർ സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. NATPAC-ന്റെ റിപ്പോർട്ട് പ്രകാരം പ്രസ്തുത പദ്ധതിക്ക് 500 കോടി രൂപയോളം ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിലേയ്ക്കായി കഴിഞ്ഞ സർക്കാർ 250 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും ഇതിന്റെ 50 ശതമാനം തുക കേരള സർക്കാർ വഹിക്കുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. NATPAC-ന്റെ റിപ്പോർട്ടും ഫ്ലൈഓവർ നിർമ്മിക്കുന്നതിനുവേണ്ടി സർക്കാർ 250 കോടി രൂപ ബഡ്ജറ്റിൽ വച്ച കാര്യങ്ങളും കർണ്ണാടക സർക്കാരുമായോ സുപ്രീംകോടതിയുമായോ ചർച്ച ചെയ്യാൻ ഇതുവരെ തയ്യാറാകാത്തത് സങ്കടകരമാണ്. 10-1-2018-ൽ ഈ റോഡുമായി ബന്ധപ്പെട്ട് പഠനം നടത്തുന്നതിനുവേണ്ടി കർണ്ണാടക-കേരളം-തമിഴ്നാട് സംസ്ഥാനങ്ങളിലെ ഉദ്യോഗസ്ഥരുൾപ്പെടുന്ന ഉന്നതാധികാര സമിതി രൂപീകരിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സുപ്രീംകോടതി ആവശ്യപ്പെട്ടിട്ടുണ്ട്. 12-3-2018-ൽ കർണ്ണാടക ചീഫ് സെക്രട്ടറി വിളിച്ചുചേർത്ത യോഗത്തിൽ സംസ്ഥാനത്തെ ട്രാൻസ്പോർട്ട് സെക്രട്ടറി, ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ എന്നിവരടങ്ങുന്ന ഉദ്യോഗസ്ഥർ പങ്കെടുത്തെങ്കിലും ഈ റോഡ് പൂർണ്ണമായി അടയ്ക്കാനുള്ള നിലപാടാണ് കർണ്ണാടക സംസ്ഥാനം സ്വീകരിച്ചത്. ആ മിനുട്സിലാണ് സംസ്ഥാന സർക്കാരിന്റെ ഉദ്യോഗസ്ഥർ ഒപ്പുവച്ചിട്ടുള്ളത്. കർണ്ണാടക സർക്കാരിന്റെ ആവശ്യം കുട്ട-ഗോണിക്കുപ്പ റോഡ് വികസിപ്പിക്കണമെന്നതാണ്. പ്രസ്തുത റോഡ് വികസിപ്പിക്കുമ്പോൾ സാധാരണഗതിയിൽ 4 മണിക്കൂർകൊണ്ട് കോഴിക്കോടുനിന്നും മൈസൂരുവിലെത്തേണ്ട സ്ഥാനത്ത് 10 മണിക്കൂറെടുക്കും. കർണ്ണാടക-കേരള സർക്കാരുകളുടെ തീരുമാനമനുസരിച്ച് 'ഭാരത്മാല' പദ്ധതിയിലാണ് ആ റോഡ് വികസിപ്പിക്കുന്നത്. കുട്ട-ഗോണിക്കുപ്പ റോഡ് വികസിപ്പിക്കുന്നതിൽ ആർക്കും എതിർപ്പില്ല. പക്ഷേ, ബ്രിട്ടീഷുകാരുടെ ഭരണകാലത്ത് സ്ഥാപിതമായ കോഴിക്കോട്-വയനാട്-സുൽത്താൻബത്തേരി-ഗുണ്ടൽപേട്ട-നഞ്ചൻകോഡ്-മൈസൂരു-കൊല്ലഗൽ റോഡ് അടയ്ക്കുന്നത് സങ്കടകരമാണ്. മാത്രമല്ല, ഈ റോഡ് പകൽ സമയത്തും അടയ്ക്കുന്നുവെന്ന് അറിഞ്ഞപ്പോഴാണ് വലിയ സമരം നടത്തിയത്. രാഷ്ട്രീയ-ജാതി-മതത്തിനതീതമായി എല്ലാ യുവജന സംഘടനകളും സുൽത്താൻ ബത്തേരിയിൽ വലിയ സമരം നടത്തുകയും ബഹുമാനപ്പെട്ട മന്ത്രിയടക്കം അവിടെ എത്തുകയും ചെയ്തിട്ടുണ്ട്. കോഴിക്കോട്-കൽപ്പറ്റ-സുൽത്താൻ ബത്തേരി-ഗുണ്ടൽപേട്ട വഴി 5 മണിക്കൂർകൊണ്ട് മൈസൂരുവിലെത്താൻ സാധിക്കും. കോഴിക്കോട്-കൽപ്പറ്റ-മാനന്തവാടി-കുട്ട-ഗോണിക്കുപ്പ വഴി ഈ റോഡ് തിരിച്ചുവിടാനുള്ള പ്ലാനാണുള്ളത്. ആ റോഡ് വികസിക്കുന്നത് നല്ലകാര്യം തന്നെയാണ്, പക്ഷേ, റോഡ് അടച്ചിട്ട് വികസനം നടത്തുന്നത് പ്രയാസകരമാണ്. അതുകൊണ്ട് ഗവൺമെന്റ്

ഇക്കാര്യത്തിൽ വ്യക്തമായ രീതിയിൽ ഇടപെടൽ നടത്തണം. ഈ റോഡ് അടയ്ക്കുന്നതിനുവേണ്ടി ചില ലോബികൾ കർണ്ണാടകയിൽ പ്രവർത്തിക്കുകയും ഇവർ കർണ്ണാടക ഗവൺമെന്റിനെയും കേരള ഗവൺമെന്റിനെയും തെറ്റിദ്ധരിപ്പിക്കുകയും അടിസ്ഥാനപരമായ ചർച്ച നടത്താൻപോലും അനുവദിക്കാത്ത രീതിയിൽ ഇടപെടൽ നടത്തുകയും ചെയ്യുന്നുണ്ട്. കർണ്ണാടക ഗവൺമെന്റുമായും കേന്ദ്ര ഗവൺമെന്റുമായും ചർച്ച നടത്താൻ സംസ്ഥാന സർക്കാരിന് കഴിഞ്ഞിട്ടില്ല. അങ്ങേയ്ക്കും ബംഗളൂരുവിൽനിന്ന് പുറപ്പെട്ടശേഷം ഒരുദിവസം ഗുണ്ടൽപേട്ടയിൽ തങ്ങേണ്ട ഗതികേടുണ്ടായല്ലോ. വളരെ പ്രധാനപ്പെട്ട റോഡ് എന്ന നിലയിൽ ബഹുമാനപ്പെട്ട മന്ത്രിക്ക് ഇക്കാര്യങ്ങൾ അറിയാവുന്നതും ഇക്കാര്യങ്ങളിൽ ഇടപെടുന്ന ആളുമാണ്. ടൂറിസം മേഖലയിൽ അനന്തസാദ്ധ്യതകളുള്ള കേരളത്തെപ്പോലും തകർക്കുന്ന രീതിയിലുള്ള ഈ തീരുമാനം ഗവൺമെന്റ് ഏറ്റെടുത്തുകൊണ്ട് ചർച്ച നടത്തി പരിഹാരമാർഗ്ഗം കണ്ടെത്തുന്നതിനാണ് ഈ വിഷയം ഗവൺമെന്റിന്റെ ശ്രദ്ധയിൽക്കൊണ്ടുവരുന്നത്.

പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, കേരള അതിർത്തിയായ സുൽത്താൻ ബത്തേരിയും കർണ്ണാടകത്തിലെ ഗുണ്ടൽപേട്ടും തമ്മിൽ ബന്ധിപ്പിക്കുന്ന ദേശീയപാത 212 (എൻ.എച്ച് 766)-ൽ കൂടിയും ദേശീയപാത 67-ൽ കൂടിയുമുള്ള രാത്രികാല യാത്രാനിരോധനം നീക്കുന്നതിന് സംസ്ഥാന സർക്കാർ ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് കർണ്ണാടക ഹൈക്കോടതിയിലുണ്ടായിരുന്ന ഹർജിയിൽ സംസ്ഥാന സർക്കാരും കെ.എസ്.ആർ.ടി.സി-യും കക്ഷി ചേർന്നുവെങ്കിലും നിരോധനം ശരിവയ്ക്കുകയാണുണ്ടായത്. തുടർന്ന് ഈ വിധിക്കെതിരെ സുപ്രീംകോടതിയിൽ ഹർജി സമർപ്പിക്കുകയും സുപ്രീംകോടതിയുടെ നിർദ്ദേശപ്രകാരം രൂപീകരിച്ച കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള കമ്മിറ്റി രാത്രി യാത്രാനിരോധനം ഒഴിവാക്കുന്നതിന് എലിവേറ്റഡ് ഹൈവേ നിർമ്മിക്കുന്നതുൾപ്പെടെയുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തിരുന്നു. ഇതിനായി ഏകദേശം 500 കോടി രൂപ ചെലവ് കണക്കാക്കുകയും പ്രസ്തുത തുകയുടെ 50 ശതമാനം കേരളം വഹിക്കുവാൻ തയ്യാറാണെന്ന് അറിയിക്കുകയും 2019-20-ലെ ബഡ്ജറ്റിൽ 250 കോടി രൂപ വകയിരുത്തുകയും ചെയ്തു. എന്നാൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം ഈ നിർദ്ദേശത്തെ എതിർത്തതിനെത്തുടർന്ന് കേന്ദ്ര കാബിനറ്റ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ മറ്റൊരു കമ്മിറ്റി രൂപീകരിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ സുപ്രീംകോടതി ഉത്തരവിടുകയുണ്ടായി. സംസ്ഥാനപാത 90-ഉം ദേശീയപാത 275-ഉം സംയോജിപ്പിച്ച് പുതിയ പാത

നിർമ്മിക്കുന്നതിനായി സമർപ്പിച്ച നിർദ്ദേശത്തിന്മേൽ ബഹുമാനപ്പെട്ട സുപ്രീംകോടതി കേന്ദ്ര വനം മന്ത്രാലയത്തിന്റെ അനുമതി തേടിയിരിക്കുകയാണ്. സംസ്ഥാന സർക്കാർ ബദൽമാർഗ്ഗങ്ങൾ ആലോചിക്കുകയും നാറ്റ്പാക്കിനെക്കൊണ്ട് പഠനം നടത്തിക്കുകയും ചെയ്തു. കൽപ്പറ്റ-ഗുണ്ടൽപേട്ട്-മൈസൂരു റോഡിലാണ് നാറ്റ്പാക് പാത നിർദ്ദേശിച്ചിരിക്കുന്നത്. ഇതിന്റെ ആകെ നീളമായ 99 കിലോമീറ്ററിൽ 29.9 കിലോമീറ്റർ വനഭൂമിയാണ്. ഇതിൽ 26 കിലോമീറ്റർ എലിവേറ്റഡ് ഹൈവേയായി നിർമ്മിക്കാനാണ് നാറ്റ്പാക് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ബദൽപാത പ്രായോഗികമല്ലാത്തതിനാൽ എലിവേറ്റഡ് ഹൈവേ നിർമ്മിക്കുന്ന കാര്യം പരിഗണിക്കണമെന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. രാത്രിയാത്രാ നിരോധനം ഒഴിവാക്കുന്നതിന് എലിവേറ്റഡ് ഹൈവേ നിർമ്മിക്കുന്നതുൾപ്പെടെയുള്ള കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയ സെക്രട്ടറി സമർപ്പിച്ച നിർദ്ദേശങ്ങൾ നടപ്പിലാക്കണമെന്ന് കോടതി മുമ്പാകെ കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് കർണ്ണാടക സർക്കാരുമായി മന്ത്രിതല ചർച്ച നടത്താൻ ഗതാഗത വകുപ്പ് നടപടി സ്വീകരിച്ചുവരികയാണ്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി തൃപ്തികരമാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിന് അങ്ങുതന്നെ മുൻകയ്യെടുത്ത് ബഹുമാന്യനായ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വിവിധ വകുപ്പുമന്ത്രിമാരെയും ഈ റോഡുമായി ബന്ധപ്പെടുന്ന എം.പി-മാരെയും എം.എൽ.എ-മാരെയും വിവിധ വകുപ്പ് ഉദ്യോഗസ്ഥരെയും വിളിച്ചുചേർത്ത് ആദ്യഘട്ടമെന്ന നിലയിൽ സംസ്ഥാന തലത്തിൽ ഒരു യോഗം ചേരാൻ തയ്യാറാകുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, തീർച്ചയായും ഇക്കാര്യം പരിഗണിക്കാവുന്നതാണ്. സർക്കാരിന് ഇതുസംബന്ധിച്ച് വ്യക്തമായ നിലപാടാണുള്ളത്. ഉദ്യോഗസ്ഥ തലത്തിലുള്ള ആർക്കും സർക്കാരിനെ കബളിപ്പിക്കാൻ സാധിക്കില്ല. സർക്കാർ ഇത്തരത്തിൽ ഒരു യോഗം വിളിച്ചുചേർക്കുന്നതാണ്.

## V സബ്മിഷൻ

### (1) ചാത്തന്നൂർ ആസ്ഥാനമാക്കി പുതിയ താലൂക്ക്

ശ്രീ. ജി. എസ്. ജയലാൽ: സർ, അഞ്ച് നിയോജകമണ്ഡലങ്ങളും മുപ്പതിലധികം വില്ലേജുകളും ഉൾക്കൊള്ളുന്ന കൊല്ലം താലൂക്കിനെ വിഭജിച്ച് ചാത്തന്നൂർ ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കണമെന്നത് ദശാബ്ദങ്ങളുടെ പഴക്കമുള്ള ആവശ്യമാണ്. ഇതുസംബന്ധിച്ച് വിവിധ പഠനങ്ങൾ ഗവൺമെന്റ് നടത്തുകയും ചാത്തന്നൂർ കേന്ദ്രീകരിച്ച് പുതിയ താലൂക്ക്

രൂപീകരിക്കേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാണിക്കുകയും ചെയ്തിട്ടുണ്ട്. പ്രദേശത്തെ ജനസംഖ്യയും ഭൂവിസ്തൃതിയും ത്രിതല പഞ്ചായത്ത് സംവിധാനങ്ങളുമെല്ലാം, പരിശോധിക്കുമ്പോൾ ഏതുമാനദണ്ഡമെടുത്താലും ചാത്തന്നൂർ താലൂക്ക് അനിവാര്യമാണെന്ന് ബോദ്ധ്യമാകുന്നുണ്ട്. ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ മാത്രം കണക്കാക്കിയാൽ ചാത്തന്നൂർ താലൂക്കിന്റെ അടിയന്തരമായ സാദ്ധ്യത ബോദ്ധ്യമാകുന്നതാണ്. കൊല്ലം ജില്ലയുടെ തെക്ക് ഭാഗത്തുള്ളവർ ജില്ലാ ആസ്ഥാനമായ കൊല്ലത്തെയാണ് സേവനങ്ങൾക്കായി ആശ്രയിക്കുന്നത്. താലൂക്ക് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട പഠനത്തിനായി 2018-ൽ നിയോഗിച്ച സമിതിയുടെ പ്രവർത്തനങ്ങൾ വേഗത്തിലാക്കണം. ചാത്തന്നൂരിൽ പുതിയ താലൂക്കിനുവേണ്ടിയുള്ള എല്ലാ ഭൗതിക സാഹചര്യങ്ങളും മിനി സിവിൽ സ്റ്റേഷനിൽ ഒരുങ്ങിയിട്ടുണ്ട്. അതിനാൽ ഏറ്റവും വേഗത്തിൽ ചാത്തന്നൂർ താലൂക്ക് രൂപീകരിക്കണമെന്ന പതിറ്റാണ്ടുകളുടെ ആവശ്യം പരിഗണിച്ച് പുതിയ ചാത്തന്നൂർ താലൂക്ക് രൂപീകരിക്കണമെന്ന് സബ്മിഷനിലൂടെ സവിനയം ആവശ്യപ്പെടുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, കൊല്ലം ജില്ലയിലെ കൊല്ലം താലൂക്കിനെ വിഭജിച്ച് ചാത്തന്നൂർ ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കണമെന്ന ബഹുമാനപ്പെട്ട അംഗത്തിന്റെയും ചാത്തന്നൂർ നിവാസികളുടെയും ദീർഘകാലമായ ആവശ്യം ന്യായവും അടിയന്തരപ്രാധാന്യം അർഹിക്കുന്നതുമാണ്. ഭൂതക്കുളം, പാരിപ്പള്ളി തുടങ്ങിയ വില്ലേജുകളിൽനിന്ന് ഏതാണ്ട് മുപ്പത് കിലോമീറ്റർ അകലെയാണ് താലൂക്ക് സ്ഥിതിചെയ്യുന്നത്. 2011-ലെ സെൻസസ് പ്രകാരം 216180 പേരാണ് ചാത്തന്നൂരിലുള്ളത്. ചാത്തന്നൂരിലെ ജനസംഖ്യ, ഭൂവിസ്തൃതി, ത്രിതലപഞ്ചായത്ത് സംവിധാനം, പ്രദേശത്തിന്റെ പിന്നോക്കാവസ്ഥ തുടങ്ങിയവ കണക്കിലെടുക്കുമ്പോൾ വളരെ ഗൗരവമായ വിഷയമാണെന്ന് മനസ്സിലാക്കുന്നു. സംസ്ഥാനത്ത് പുതിയ താലൂക്കുകളുടെ രൂപീകരണവും അതിർത്തി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട വിഷയത്തിൽ ജില്ലാ കളക്ടർമാരുടെ റിപ്പോർട്ട് ലഭ്യമായിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ താലൂക്ക് പുനഃസംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ ഒരു ടീമിനെ നിയോഗിച്ചിട്ടുള്ളതുമാണ്. പ്രസ്തുത ടീം ചാത്തന്നൂർ താലൂക്ക് രൂപീകരണം സംബന്ധിച്ച വിഷയവും പഠനവിധേയമാക്കുന്നുണ്ട്. ഇക്കാര്യത്തിൽ നയപരമായ പ്രശ്നങ്ങളുംകൂടി ഉൾപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ ഇതെല്ലാം പരിഗണിച്ചുകൊണ്ട് ടീമിന്റെ പഠന റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് താലൂക്ക് രൂപീകരണ കാര്യത്തിൽ തുടർനടപടികൾ ആലോചിക്കാവുന്നതാണ്.

(2) മാവേലിക്കരയിൽ സിവിൽ സർവ്വീസ് അക്കാദമി

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, മൂന്നരക്കോടി ജനങ്ങളുള്ള കേരളത്തിൽ 10.4 ശതമാനം പട്ടികജാതിയിൽപ്പെട്ടവരും 0.16 ശതമാനം പട്ടികവർഗ്ഗത്തിൽപ്പെട്ടവരുമാണ്. എന്നാൽ ഇവരിൽ ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. തുടങ്ങിയ സിവിൽ സർവ്വീസുകാരുടെ എണ്ണം നിലവിലുള്ള പുരോഗമനപരമായ സാഹചര്യത്തിൽ വളരെ കുറവാണ്. 1932 മാർച്ച് 18-ന് ചേർന്ന പ്രജാസഭയിൽ മഹാത്മാ അയ്യങ്കാളി ഇപ്രകാരം അഭിപ്രായപ്പെട്ടു. "പതിനഞ്ച് വർഷത്തേയ്ക്കെങ്കിലും എന്റെ സമുദായക്കാർക്ക് ഉദ്യോഗം നൽകുന്ന കാര്യത്തിൽ മുൻഗണന നൽകുകയും അവരെ വയസ്സ് പരിമിതിയിൽനിന്ന് ഒഴിവാക്കേണ്ടതുമാണ്. ആറും ഏഴും ക്ലാസ്സുവരെ പഠിച്ചിട്ടുള്ള എന്റെ ആളുകൾക്ക് സംസ്ഥാനത്തെ എല്ലാ ഡിപ്പാർട്ടുമെന്റുകളിലും ശിപായി ജോലിയെങ്കിലും നൽകേണ്ടതാണ്" . ചരിത്രപരമായ ഇടപെടലിൽ പിൻതള്ളപ്പെട്ടവരുടെ അവകാശത്തിനുവേണ്ടിയുള്ള നിലപാടായിരുന്നു അദ്ദേഹത്തിൽനിന്നും ഉണ്ടായത്. സ്വതന്ത്ര കേരളത്തിലുണ്ടായ പിൽക്കാല നിയമനിർമ്മാണങ്ങളിലെല്ലാം ദളിത് വിഭാഗങ്ങളോടുള്ള കരുതലും കാരുണ്യവും പ്രാവർത്തികതലത്തിലെത്തിച്ചിട്ടുള്ളത് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരുകളാണ്. ജനാധിപത്യ പ്രക്രിയയിൽ ദളിത് വിഭാഗത്തോടുള്ള പരിഗണന ഇനിയും കൂടുതലായി ഉണ്ടാകണമെന്നുള്ളത് കാലം ആവശ്യപ്പെടുന്ന അനിവാര്യതയാണ്. പാടമില്ലെങ്കിൽ പാടത്തേയ്ക്കില്ലെന്നായിരുന്നു മഹാത്മാ അയ്യങ്കാളി മുന്നോട്ടുവച്ച സമര സന്ദേശമെങ്കിൽ ഇന്നതിന് ചില അനുബന്ധങ്ങൾ കൂട്ടിച്ചേർക്കേണ്ടതുണ്ട്. മറ്റ് വിഭാഗങ്ങളിലുള്ളവരെപ്പോലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവതീ-യുവതിക്കൾക്ക് സിവിൽ സർവ്വീസ് മേഖലയിലേയ്ക്ക് ഉയർന്നുവരാനുള്ള മെച്ചപ്പെട്ട അനുകൂല സാഹചര്യമുണ്ടാകേണ്ടതുണ്ട്. സ്വകാര്യ മേഖലയിലേയ്ക്ക് പലരും പോകുന്നുണ്ട്. പക്ഷേ, ഈ വിഭാഗത്തിൽപ്പെട്ടവർക്ക് സ്വകാര്യമേഖലയെ ആശ്രയിക്കാൻ ബുദ്ധിമുട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗവിഭാഗ വകുപ്പിന്റെ ചുമതലയിൽ കാര്യക്ഷമവും ഫലപ്രാപ്തിയുമുള്ള ഒരു സിവിൽ സർവ്വീസ് അക്കാദമിക്ക് സംവിധാനം ഏർപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. വിദ്യകൊണ്ട് പ്രബുദ്ധരാകാൻ പ്രബോധിപ്പിച്ച ശ്രീനാരായണ ഗുരുദേവന്റെ നാക്കിലത്തുമ്പിന്റെ സൗന്ദര്യമുള്ള കേരളത്തിൽ ശ്രീധന്യ സുരേഷിനെപോലുള്ളവർ അനവധിയായി ഉണ്ടാകേണ്ടിയിരിക്കുന്നു. കാർഷിക സർവ്വകലാശാല വൈസ്ചാൻസലറായിരുന്ന കെ. ആർ. വിശ്വംഭരനെപ്പോലുള്ള പ്രമുഖർ മാവേലിക്കരയിൽനിന്നും പരിമിത സാഹചര്യങ്ങളെ അതിജീവിച്ച് ഐ.എ.എസ്. പദവിയിൽ എത്തിയവരാണ്. മഹാത്മാ അയ്യങ്കാളി സാധുജനപരിപാലന സംഘം സ്ഥാപിച്ചപ്പോൾ അതിന്റെ

ആദ്യത്തെ അസിസ്റ്റന്റ് സെക്രട്ടറിയായ ചെന്നിത്തല തേവന്റെ നാട്ടുകൂടിയാണ് മാവേലിക്കര. വിശാഖൻ ദേവൻ എന്ന പേരിലാണ് പിൽക്കാലത്ത് അദ്ദേഹം അറിയപ്പെട്ടിരുന്നത്; അദ്ദേഹവും തമസ്കരിക്കപ്പെട്ടവരിൽപ്പെടുന്നു. എഴുത്തും വായനയും അറിയാമായിരുന്ന വിശാഖൻ ദേവൻ മഹാത്മാ അയ്യങ്കാളിയുടെ ചിന്തയെ പ്രചോദിപ്പിച്ച വ്യക്തിയാണ്. അതുകൊണ്ടുതന്നെ പട്ടികജാതി വകുപ്പിന്റെ നേതൃത്വത്തിൽ ഒരു സിവിൽ സർവ്വീസ് അക്കാദമി തെക്കൻ കേരളത്തിന്റെയും മദ്ധ്യകേരളത്തിന്റെയും ഭാഗമായ ആലപ്പുഴ ജില്ലയിലെ മാവേലിക്കരയിൽ ആരംഭിക്കുന്ന കാര്യം പരിഗണിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ സബ്മിഷൻ അവതരിപ്പിക്കുമ്പോൾ വിഷയം മാത്രം പറയാൻ നിർദ്ദേശിക്കുകയാണ്. വിശദീകരണത്തിനുള്ള സമയമില്ല.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ശ്രീ. എം. എസ്. അരുൺ കുമാർ ഉന്നയിച്ചിരിക്കുന്ന സബ്മിഷൻ മാവേലിക്കര നിയോജകമണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിന് കീഴിൽ സിവിൽ സർവ്വീസ് അക്കാദമി ആരംഭിക്കാൻ നടപടി സ്വീകരിക്കണമെന്നാണ്. അദ്ദേഹം ഇവിടെ മഹാൻമാരായ ശ്രീനാരായണ ഗുരുദേവനെയും അയ്യങ്കാളിയെയും ഉദ്ധരിച്ചുകൊണ്ടാണ് സംസാരിച്ചത്. വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം സമൂഹത്തെ നല്ലരീതിയിൽ പഠിപ്പിച്ച രണ്ട് നേതാക്കളാണ് അല്ലെങ്കിൽ നവോത്ഥാന നായകരാണ് അയ്യങ്കാളിയും ശ്രീനാരായണ ഗുരുദേവനും. അതെല്ലാം ഉൾക്കൊണ്ടാണ് സംസ്ഥാനത്ത് വിദ്യാഭ്യാസത്തിന് ഏറ്റവും കൂടുതൽ പ്രാധാന്യം നൽകിയിരിക്കുന്നത്. പ്രത്യേകിച്ചും ഒരു കാലഘട്ടത്തിൽ വിദ്യാഭ്യാസം ലഭിക്കാതെപോയ പാവപ്പെട്ടവർക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകാനും അവർക്ക് മത്സരപ്പരീക്ഷകളിൽ പങ്കെടുത്ത് വിജയിക്കാനുമുള്ള സാഹചര്യം ഒരുക്കുന്നതിനുവേണ്ടിയാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. അതിനാലാണ് സംസ്ഥാനത്ത് തിരുവനന്തപുരത്തും എറണാകുളത്തും പാലക്കാടും കോഴിക്കോടും നാല് pre-examination training centre-കൾ ആരംഭിച്ചത്. അതുപോലെ UPSC (Union Public Service Commission) പരീക്ഷയിൽ പങ്കെടുക്കാനും വിജയം കൈവരിക്കാനുംവേണ്ടിയാണ് സിവിൽ സർവ്വീസ് പരീക്ഷയ്ക്കുള്ള തയ്യാറെടുപ്പുകൾ നടത്തുന്നത്. അതിലേയ്ക്കായി തിരുവനന്തപുരത്തെ മണ്ണന്തലയിൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസ് എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിലൂടെയും സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷന് കീഴിലുള്ള കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ്

അക്കാദമിയുടെ തിരുവനന്തപുരം, കോഴിക്കോട്, പാലക്കാട്, മലപ്പുറം ജില്ലകളിലെ സെന്ററുകൾ മുഖേനയും പരിശീലനം നൽകിവരുന്നു. തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുക, അവരെ സിവിൽ സർവ്വീസ് പരീക്ഷയിൽ വിജയിക്കുന്നതിനുവേണ്ടി പ്രാപ്തമാക്കുക എന്നിവ ലക്ഷ്യംവച്ചാണ് ഇത്തരം പ്രവൃത്തികൾ ചെയ്തുകൊണ്ടിരിക്കുന്നത്. "ലക്ഷ്യ സ്കോളർഷിപ്പ്" എന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു. ഇതിലൂടെ 30 പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് പരീക്ഷയിൽ വിജയിക്കുന്നതിനുവേണ്ടിയുള്ള പരിശീലനമാണ് നൽകുന്നത്. ഇപ്പോൾ കൂടുതൽ വിദ്യാർത്ഥികളെ സിവിൽ സർവ്വീസ് പരീക്ഷയിലടക്കം വിജയിപ്പിക്കാൻ കഴിയുന്ന തരത്തിൽ രാജ്യത്തെ ഏറ്റവും പ്രശസ്തമായ ഇൻസ്റ്റിറ്റ്യൂട്ടുകളിൽ പഠിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞത് മാവേലിക്കരയിൽ ഒരു സിവിൽ സർവ്വീസ് എക്സാമിനേഷൻ സെന്റർ ആരംഭിക്കണമെന്നാണ്. ഇക്കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. ഇപ്പോഴത്തെ സാഹചര്യത്തിൽ നിലവിലുള്ള പ്രീ-എക്സാമിനേഷൻ സെന്ററുകളുടെയും സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ടുകളുടെയും പ്രവർത്തനങ്ങൾ പരിശോധിച്ചതിനുശേഷം ഇക്കാര്യം പരിഗണിക്കുന്നതാണ്. എല്ലാ ജില്ലകളിലും പ്രീ-എക്സാമിനേഷൻ സെന്ററുകൾ ആരംഭിക്കുന്ന അവസരത്തിൽ മാവേലിക്കരയിൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

12.00 Noon]

### (3) പാട്ടത്തിന് സ്ഥലം നൽകൽ

ശ്രീ. എം. നൗഷാദ്: സർ, 2006-ൽ കൊല്ലത്ത് അനുവദിച്ച പ്രോവിഡന്റ് ഫണ്ട് ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ സ്ഥലം അനുവദിക്കണമെന്നതാണ് എന്റെ സബ്മിഷൻ. 2006-ൽ അന്നത്തെ എം.പി-യായിരുന്ന ശ്രീ. പി. രാജേന്ദ്രന്റെ നിരന്തര ഇടപെടലിനെത്തുടർന്നാണ് കൊല്ലത്ത് പ്രസ്തുത ഓഫീസ് അനുവദിച്ചത്. അതിനുമുമ്പ് മൂന്നര ലക്ഷത്തോളം തൊഴിലാളികൾ തിരുവനന്തപുരത്തെ ഓഫീസിനെയാണ് ആശ്രയിച്ചിരുന്നത്. 2006-ൽ പ്രസ്തുത ഓഫീസ് അനുവദിച്ച കാലയളവുമുതൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. എന്നാൽ ഒരു മാസത്തെ വാടകയും എസ്റ്റാബ്ലിഷ്മെന്റ് ചെലവുമായി മൂന്നര ലക്ഷത്തോളം രൂപ നൽകി പ്രസ്തുത ഓഫീസ് പ്രവർത്തിപ്പിക്കാൻ കഴിയില്ലെന്ന നിലപാടാണ് പ്രൊവിഡന്റ് ഫണ്ട് അധികൃതർ സ്വീകരിച്ചിരിക്കുന്നത്. ഇത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് കൊല്ലത്തെ ജനപ്രതിനിധികളുടെ ഇടപെടലിന്റെ ഭാഗമായി കൊല്ലം ഈസ്റ്റ് വില്ലേജിലെ

ബ്ലോക്ക് നമ്പർ 50-ലെ റീസർവ്വേ 34-ൽ 15 സെന്റ് സ്ഥലം കണ്ടെത്തുകയും ആയത് മുപ്പത് വർഷത്തേയ്ക്ക് പാട്ടത്തിന് നൽകുന്നതിനുള്ള ജില്ലാ കളക്ടറുടെ ശിപാർശ റവന്യൂ വകുപ്പിന് കൈമാറുകയും ചെയ്തിട്ടുണ്ട്. ഇത് അനുവദിച്ച് നൽകണമെന്നുള്ളതാണ് എന്റെ ആവശ്യം. ഇവരിൽ ബഹുഭൂരിപക്ഷം തൊഴിലാളികളും കശുവണ്ടി മേഖലയിൽ പ്രവർത്തിക്കുന്നവരും അതിൽ 95 ശതമാനം പേരും സ്ത്രീ തൊഴിലാളികളുമാണ്. പാവപ്പെട്ട സ്ത്രീ തൊഴിലാളികൾക്ക് ഈ ഓഫീസ് നിലനിർത്തേണ്ടതിന്റെ ആവശ്യകത വളരെ വലുതാണ്. അതുകൊണ്ട് പ്രസ്തുത ഓഫീസിനായി സ്ഥലം അനുവദിക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തണമെന്ന് സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് റീജിയണൽ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി കൊല്ലം താലൂക്കിൽ കൊല്ലം ഈസ്റ്റ് വില്ലേജിൽ ബ്ലോക്ക് നമ്പർ 55-ൽ റീസർവ്വേ നമ്പർ 34-ൽപ്പെട്ട 8.10 ആർ ഭൂമി ജില്ലാ കളക്ടർ കണക്കാക്കിയിട്ടുള്ള കമ്പോള വിലയായ 74,52,000 രൂപയുടെ 3 ശതമാനം വാർഷിക പാട്ടം ഈടാക്കി വ്യവസ്ഥകൾക്കും മന്ത്രിസഭാ യോഗതീരുമാനങ്ങൾക്കും വിധേയമായി എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ഓർഗനൈസേഷന് 30 വർഷത്തേയ്ക്ക് പാട്ടത്തിന് നൽകാൻ ധനകാര്യ വകുപ്പ് അംഗീകാരം നൽകിയിട്ടുണ്ട്. എത്രയുംവേഗം നടപടിക്രമങ്ങൾ പൂർത്തീകരിച്ച് സ്ഥലം കൈമാറുന്നതാണ്.

### (4) അങ്കമാലിയിൽ ഇ.എസ്.ഐ. ആശുപത്രി

ശ്രീ. റോജി എം. ജോൺ: സർ, അങ്കമാലി നിയോജകമണ്ഡലത്തിലെ 12,000-ലധികം തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യങ്ങൾ ലഭ്യമാകുന്നുണ്ട്. ഈ തൊഴിലാളികളുടെ ഏക ആശ്രയമായ അങ്കമാലി ഇ.എസ്.ഐ. ആശുപത്രി നിലവിൽ വാടക കെട്ടിടത്തിൽ പരിമിതമായ സൗകര്യങ്ങളിലാണ് പ്രവർത്തിക്കുന്നത്. അവിടെ ആവശ്യമായ പാർക്കിംഗ് സൗകര്യമില്ലാത്തതിനാൽ ആശുപത്രിയിലെത്തുന്ന രോഗികളെ ചില സാഹചര്യങ്ങളിൽ ഉള്ളിൽക്കയറ്റാൻ കഴിയാതെവരികയും ഡോക്ടർമാർ അവരെ വാഹനത്തിൽ തന്നെയിരുത്തി പരിശോധിക്കേണ്ട സാഹചര്യവും നിലനിൽക്കുകയും ചെയ്യുന്നുണ്ട്. പ്രയാസകരമായ സാഹചര്യത്തിലൂടെയാണ് ഇത്രയധികം ആളുകൾ മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് ആശുപത്രിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാനാവശ്യമായ സ്ഥലം ലഭ്യമാക്കേണ്ടതുണ്ട്. അങ്കമാലി പോലുള്ള പ്രദേശത്ത് സ്ഥലം കണ്ടെത്തുന്നത് പ്രയാസകരമാണ്. അവിടെയാണ് കേരള ബാംബൂ കോർപ്പറേഷൻ ലിമിറ്റഡ്, TELK (Transformers and Electricals Kerala Ltd), വ്യവസായ വകുപ്പിന് കീഴിലുള്ള ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

എന്നിവയെല്ലാം പ്രവർത്തിക്കുന്നത്. പ്രസ്തുത സ്ഥാപനങ്ങൾ സ്ഥിതിചെയ്യുന്ന പ്രദേശത്ത് ഒഴിഞ്ഞുകിടക്കുന്ന സ്ഥലമുണ്ടെന്നാണ് അന്വേഷണത്തിൽനിന്ന് മനസ്സിലാക്കാൻ കഴിഞ്ഞത്. തൊഴിലാളികളുടെ ആവശ്യം മനസ്സിലാക്കിക്കൊണ്ടും കാലഘട്ടത്തിന്റെ ആവശ്യം തിരിച്ചറിഞ്ഞുകൊണ്ടും ആശുപത്രി നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭ്യമാക്കുവാൻ സർക്കാർ തയ്യാറാകണം. പ്രസ്തുത ആവശ്യത്തിലേയ്ക്കായി ഉചിതമായ സ്ഥലം കണ്ടെത്തി ലഭ്യമാക്കാനുള്ള നിർദ്ദേശം ജില്ലാ വ്യവസായ ജനറൽ മാനേജർക്ക് നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് വളരെ പ്രസക്തമായ ആവശ്യമാണ്. വ്യവസായ ആവശ്യത്തിനുവേണ്ടി ഏറ്റെടുക്കുന്ന സ്ഥലം മറ്റാവശ്യങ്ങൾക്ക് വിനിയോഗിക്കേണ്ടതില്ലെന്നാണ് വ്യവസായ വകുപ്പിന്റെ പ്രഖ്യാപിത നയം. വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുകയാണ്.* നിലവിൽ ബാംബൂ കോർപ്പറേഷന്റെ സുഗമമായ പ്രവർത്തനത്തിന് സ്ഥലം പരിമിതമാണെന്ന റിപ്പോർട്ടാണ് ലഭിച്ചിരിക്കുന്നത്. അതുകൊണ്ട് നിലവിലുള്ള സാഹചര്യത്തിൽ ബഹുമാനപ്പെട്ട അംഗത്തിന്റെ ആവശ്യം പരിഗണിക്കാൻ കഴിയില്ല എന്നറിയിക്കുകയാണ്.

## (5) റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ ഹൊസങ്കടി, മഞ്ചേശ്വരം എന്നീ റെയിൽവേ ലെവൽ ക്രോസ്സുകളുടെ റെയിൽവേ ഓവർ ബ്രിഡ്ജ് (ആർ.ഒ.ബി.) നിർമ്മാണം അടിയന്തരമായി ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ളതാണ് സബ്മിഷൻ. മഞ്ചേശ്വരം ഗ്രാമപഞ്ചായത്തിലെ 26,000-ലധികം ജനസംഖ്യയുള്ള ഏഴ് വാർഡുകൾ ഉൾക്കൊള്ളുന്ന പ്രദേശങ്ങളിലെ ജനങ്ങളുടെ തലമുറകളായുള്ള സ്വപ്നമാണ് ഹൊസങ്കടി, മഞ്ചേശ്വരം എന്നീ റെയിൽവേ ഓവർ ബ്രിഡ്ജ് യാഥാർത്ഥ്യമാകുക എന്നത്. നിയോജകമണ്ഡലത്തിലെ നിരവധി സർക്കാർ ഓഫീസുകൾ ഇവിടെ സ്ഥിതിചെയ്യുന്ന സാഹചര്യത്തിൽ മറ്റുള്ളവർക്കും ഈ പ്രദേശത്ത് എത്തിച്ചേരേണ്ടിവരുന്നു. മേൽപ്പറഞ്ഞ രണ്ട് സ്ഥലത്തുള്ള ലെവൽ ക്രോസ്സുകളിൽ നിരവധി വാഹനങ്ങളാണ് ഗതാഗതക്കുരുക്കിൽ പെടുന്നത്. മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്, ഗ്രാമപഞ്ചായത്ത് ഓഫീസ്, സബ് രജിസ്ട്രാർ ഓഫീസ്, പോലീസ് സ്റ്റേഷൻ, സബ് ട്രഷറി, പി.ഡബ്ല്യു.ഡി. ഓഫീസ്, പി.ഡബ്ല്യു.ഡി. റെസ്റ്റ് ഹൗസ്, ഇറിഗേഷൻ വകുപ്പിന്റെ ഓഫീസ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ ഓഫീസ്, കെ.എസ്.ഇ.ബി. ഓഫീസ്, ഗോവിന്ദപൈ സാംസ്കാരിക കേന്ദ്രം

---

* അനുബന്ധം II

തുടങ്ങിയവയും മഞ്ചേശ്വരം ഗവൺമെന്റ് ആശുപത്രി, ബാങ്കുകൾ, ഹയർ സെക്കണ്ടറി സ്കൂളുകൾ ഉൾപ്പെടെയുള്ള നിരവധി സ്ഥാപനങ്ങളും മസ്ജിദുകൾ, ക്ഷേത്രങ്ങൾ, ചർച്ചുകൾ, മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖം എന്നിവയും ഏഷ്യയിലെ ഏറ്റവും പുരാതനമായ ജൈനക്ഷേത്രവും ഇവിടെയാണ് സ്ഥിതിചെയ്യുന്നത്. ഹൊസങ്കടി, മഞ്ചേശ്വരം എന്നീ ആർ.ഒ.ബി.കൾ 2018-19-ൽ കിഫ്ബിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ച പ്രോജക്ടുകളാണ്. റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡാണ് ഇതിന്റെ എസ്.പി.വി. (Special Purpose Vehicle). സംസ്ഥാനത്തെ പല ആർ.ഒ.ബി-കളുടേയും നിർമ്മാണം അനന്തമായി നീണ്ടുപോകുന്ന അവസ്ഥയിലാണ്. ആയതിനാൽ മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ രണ്ട് മേൽപ്പാലങ്ങൾ എത്രയുംവേഗം യാഥാർത്ഥ്യമാക്കാൻ ഇടപെടണമെന്നും ഉപ്പള ഗേറ്റ്, മണിമുണ്ട, മുട്ടം, ഷിറിയ റെയിൽവെ ഗേറ്റുകളുടെ ഗതാഗതപ്രശ്നം പരിഹരിക്കണമെന്നും ഈ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ ഹൊസങ്കടി, മഞ്ചേശ്വരം, ഉപ്പള റെയിൽവേ ഓവർ ബ്രിഡ്ജുകളെക്കുറിച്ചാണ് ശ്രീ. എ. കെ. എം. അഷ്റഫ് സബ്മിഷൻ അവതരിപ്പിച്ചത്. ഹൊസങ്കടി റെയിൽവേ മേൽപ്പാലത്തിനായി 40.64 കോടി രൂപയും മഞ്ചേശ്വരം മേൽപ്പാലത്തിനായി 40.40 കോടി രൂപയും കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുണ്ട്. ആർ.ബി.ഡി.സി.കെ. (Roads and Bridges Development Corporation of Kerala)-യാണ് നിർവ്വഹണ ഏജൻസി. നാഷണൽ ഹൈവേ 66-ന്റെ വീതികൂട്ടൽ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നതിനാൽ ഈ ആർ.ഒ.ബി-കളുടെ അലൈൻമെന്റ് പരിഷ്കരിക്കണമെന്ന് ദേശീയപാതാ അതോറിറ്റി നിർദ്ദേശിച്ചിരുന്നു. ഇതുപ്രകാരം എൻ.എച്ച്.എ.ഐ-യുടെയും ആർ.ബി.ഡി.സി.കെ-യുടെയും പ്രതിനിധികൾ ഒക്ടോബർ 18-ന് സംയുക്ത പരിശോധന നടത്തിയിട്ടുണ്ട്. ഇതനുസരിച്ചുള്ള എൻ.എച്ച്.എ.ഐ-യുടെ റിപ്പോർട്ടുകൂടി പരിഗണിച്ച് ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംഗ് തയ്യാറാക്കി റെയിൽവേയ്ക്ക് സമർപ്പിച്ച് അംഗീകാരം നേടുകയും ചെയ്യേണ്ടതുണ്ട്. റെയിൽവേയുടെ അംഗീകാരം ലഭിക്കുന്നമുറയ്ക്ക് സ്ഥലം ഏറ്റെടുക്കൽ നടപടിയിലേയ്ക്ക് കടക്കാൻ സാധിക്കുന്നതാണ്. ഉപ്പളയിൽ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷനാണ് മേൽപ്പാലത്തിന്റെ നിർവ്വഹണ ചുമതല ഏറ്റെടുത്തിരിക്കുന്നത്. ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംഗിന് റെയിൽവേയുടെ അനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടി പുരോഗമിക്കുകയാണ്. അതിർത്തിക്കല്ലുകൾ സ്ഥാപിച്ച് തഹസിൽദാരും കേരള റെയിൽവേ ഡെവലപ്മെന്റ് കോർപ്പറേഷൻ

ഉദ്യോഗസ്ഥരും സംയുക്ത പരിശോധന നടത്തി ആവശ്യമായ കണ്ടിൻജൻസി ചാർജ് കൈമാറിയിട്ടുണ്ട്. സാമൂഹികാഘാത പഠനത്തിനായി ഏജൻസിയെ നിശ്ചയിച്ച് തുടർനടപടികൾ പുരോഗമിച്ചുവരികയാണ്.

## (6) കാഞ്ഞാണി - മുല്ലശ്ശേരി റോഡ് പുനർ നിർമ്മാണം

ശ്രീ. മുരളി പെരുനെല്ലി: സർ, ചാവക്കാട് മുതൽ കാഞ്ഞാണി വരെയുള്ള റോഡ് ഏറ്റവും തിരക്കേറിയതാണ്. പ്രസ്തുത റോഡിൽ മുല്ലശ്ശേരി മുതൽ കാഞ്ഞാണി വരെയുള്ള വികസനത്തിനായി 2017-ൽ മൂന്നരക്കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും കരാറുകാരൻ ടെണ്ടർ എഗ്രിമെന്റ് വച്ച് നിർമ്മാണം ആരംഭിക്കാൻ വന്നെങ്കിലും ഗുരുവായൂർ അമൃത് കുടിവെള്ള പദ്ധതി പൈപ്പിടൽ പ്രവൃത്തി ആരംഭിച്ച സാഹചര്യത്തിൽ പ്രസ്തുത പണി സ്തംഭിച്ചുപോകുകയും കരാറുകാരൻ അതിൽനിന്ന് പിന്മാറുകയും ചെയ്യുകയാണുണ്ടായത്. നാല് വർഷം പിന്നിട്ടിട്ടും പ്രസ്തുത റോഡ് നിർമ്മാണം ആരംഭിച്ചിട്ടില്ല. പൈപ്പിടലിനായി റോഡ് പൊളിച്ചപ്പോൾ, ഒരു വശത്തുകൂടിയുള്ള ഗതാഗതം അനുവദിച്ചതിന്റെ ഫലമായി റോഡിൽ കുഴികൾ നിറഞ്ഞ് ഗതാഗതയോഗ്യമല്ലാതായിരിക്കുകയാണ്. തത്ഫലമായി അപകടങ്ങൾ പതിവായുണ്ടാകുകയും പല ബസ് സർവ്വീസുകളും നിർത്തുകയും ചെയ്തിരിക്കുകയാണ്. യാത്രക്കാർ ദുരിതത്തിലാകുകയും സ്കൂൾകുട്ടികളുടെ യാത്ര ദുസ്സഹമായ സാഹചര്യത്തിലുമാണ്. പ്രസ്തുത വിഷയം ആഗസ്റ്റ് 13-ാം തീയതി സബ്മിഷനായി ഉന്നയിച്ചെങ്കിലും കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല. 2017-ൽ മൂന്നരക്കോടി രൂപയ്ക്ക് ലഭിച്ച ഭരണാനുമതി പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ഏകദേശം അഞ്ച് കോടി രൂപയിലേയ്ക്ക് മാറിയെന്നാണ് അറിയാൻ സാധിച്ചത്. പുതുക്കിയ എസ്റ്റിമേറ്റിന് അനുമതി നൽകി അടിയന്തരമായി പ്രവൃത്തി ആരംഭിച്ച് ഗതാഗത പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ നടപടിയുണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, റോഡ് പ്രവൃത്തിയുമായി ബന്ധപ്പെട്ടാണ് ശ്രീ. മുരളി പെരുനെല്ലി സബ്മിഷൻ ഉന്നയിച്ചത്. തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് റോഡിൽ കാഞ്ഞാണി മുതൽ മുല്ലശ്ശേരി വരെയുള്ള ഭാഗത്ത് ബഡ്ജറ്റ് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഭരണാനുമതിയുടെ റീവാലിഡേഷനുവേണ്ടി സമർപ്പിച്ചിരുന്നു. ഡി.എസ്.ആർ. (Delhi Schedule of Rates) 2018 അടിസ്ഥാനമാക്കി പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ നാല് കോടി എഴുപത്തിയഞ്ച് ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. അത് പരിശോധിച്ച് ഭരണാനുമതിക്കുള്ള നടപടി

എത്രയുംവേഗം സ്വീകരിക്കുന്നതാണ്. റോഡിന്റെ ശോചനീയാവസ്ഥയെക്കുറിച്ച് ബഹുമാനപ്പെട്ട എം.എൽ.എ. ഉൾപ്പെടെയുള്ളവർ ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് അടിയന്തര അറ്റകുറ്റപ്പണിക്ക് നിർദ്ദേശം നൽകുകയും അതിലേയ്ക്കായി 15 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. അത് പരിശോധിച്ച് ചീഫ് എഞ്ചിനീയർ ഭരണാനുമതിക്കുള്ള നടപടി സ്വീകരിക്കുന്നതാണ്.

(7) കുന്നിപ്പുറം, മുള്ളറവിള-ആയയിൽ പാലങ്ങളുടെ നിർമ്മാണം

ശ്രീ. കെ. ആൻസലൻ: സർ, 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച രണ്ട് പാലങ്ങളാണ് നെയ്യാറ്റിൻകരയിലെ കുന്നിപ്പുറം പാലവും ആയയിൽ മുള്ളറവിളപ്പാലവും. നെയ്യാറ്റിൻകര ടൗണിലേയ്ക്ക് വളരെവേഗം എത്താൻ കഴിയുന്നതാണ് കുന്നിപ്പുറം പാലം. പെരുങ്കടവിള ഗ്രാമപഞ്ചായത്തിന്റെ തൊട്ടടുത്തുള്ള പാറശ്ശാല നിയോജകമണ്ഡലവുമായി ബന്ധിപ്പിക്കുന്നതാണ് മുള്ളറവിള ആയയിൽപ്പാലം. ഭൂമിയേറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ധാരാളം തടസ്സങ്ങൾ നിലനിൽക്കുന്നതിനാൽ രണ്ട് പാലങ്ങളുടെയും പ്രവൃത്തി ആരംഭിക്കാൻ കഴിയുന്ന സ്ഥിതിയിലല്ല. ഇതിന്റെ പ്രവർത്തനങ്ങൾ മന്ദഗതിയിലാണ്; അഞ്ച് വർഷത്തിനുശേഷമാണ് ഇക്കാര്യത്തിൽ വീണ്ടും ഇടപെടൽ നടത്തിക്കൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി സത്വരമായ ഇടപെടലിലൂടെ ടി പ്രവൃത്തിയുടെ ടെണ്ടർ നടപടികളിലേയ്ക്ക് കടക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് സബ്മിഷനിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, നെയ്യാറ്റിൻകര ടൗണിലെ കുന്നിപ്പുറം പാലത്തിന്റെ നിർമ്മാണത്തിന് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 9.86 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിരുന്നു. ഭൂമി ഏറ്റെടുക്കുന്നതിനും പുനരധിവാസ പ്രവർത്തനങ്ങൾക്കുമായി 5.81 കോടി രൂപ കിഫ്ബിയിൽനിന്നും 2021 ആഗസ്റ്റ് 17-ന് നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടിയുടെ ഭാഗമായി 11(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ പൂർത്തിയാകുന്നതോടെ സാങ്കേതികാനുമതി നൽകി പ്രവൃത്തി ആരംഭിക്കാൻ കഴിയുന്നതാണ്. നെയ്യാറ്റിൻകരയിലെ മുള്ളറവിള ആയയിൽ പാലത്തിന്റെയും സ്ഥലമേറ്റെടുക്കൽ നടപടി പുരോഗമിക്കുകയാണ്. ഭൂമി ഏറ്റെടുക്കലിനുള്ള 5.7975 കോടി രൂപയുൾപ്പെടെ 20.06 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽനിന്നും നേരത്തെ ലഭിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലിന്റെ ഭാഗമായ 11(1) വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഭൂമി

ഏറ്റെടുക്കൽ പൂർത്തിയാകുന്നതോടെ സാങ്കേതികാനുമതി നൽകി പ്രവൃത്തി ആരംഭിക്കാൻ കഴിയുന്നതാണ്.

### (8) കോമളം പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം

ശ്രീ. മാത്യു ടി. തോമസ്: സർ, എന്റെ നിയോജകമണ്ഡലത്തിലെ മണിമലയാറിന് കുറുകെയുണ്ടായിരുന്ന കോമളം പാലത്തിന്റെ അപ്രോച്ച് റോഡ് ഒക്ടോബർ മാസം 17-ാം തീയതിയുണ്ടായ അതിതീവ്ര മഴയിൽ നദിയിലൂടെ വന്ന കുത്തൊഴുക്കിൽപ്പെട്ട് പൂർണ്ണമായും ഒഴുകിപ്പോകുകയുണ്ടായി. പാലം ഉപയോഗിക്കാൻ കഴിയുന്ന അവസ്ഥയിലല്ല. കല്ലൂപ്പാറ, മല്ലപ്പള്ളി തുടങ്ങിയ പ്രദേശങ്ങളിൽനിന്നും വെണ്ണിക്കുളത്ത് എത്തുന്നതിന് 1987-ൽ തുറന്നുകൊടുത്ത പാലമാണിത്. 10 മീറ്റർ സ്പാൻ മാത്രമുള്ളിടത്ത് തടികൾ വന്നടിഞ്ഞ് ജലത്തിന്റെ ഒഴുക്ക് മാറിപ്പോയതുകൊണ്ടാണ് അപ്രോച്ച് റോഡ് ഒഴുകിപ്പോയതെന്നാണ് മനസ്സിലാകുന്നത്. ബഹുമാനപ്പെട്ട മന്ത്രി നിർദ്ദേശിച്ചതനുസരിച്ച് ചീഫ് എഞ്ചിനീയർ അടക്കമുള്ള ഉദ്യോഗസ്ഥ സംഘം അവിടെ പരിശോധന നടത്തിയിട്ടുണ്ട്. പാലത്തിന് ബലക്ഷയമുണ്ടായിട്ടുണ്ടോയെന്ന് സംശയിക്കുന്നു. അതുവഴിയുള്ള ഗതാഗതം പുനഃസ്ഥാപിച്ച് അടിയന്തരമായി അപ്രോച്ച് റോഡ് നിർമ്മിക്കാൻ നടപടി സ്വീകരിക്കണമെന്നാണ് സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നത്.

പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, പത്തനംതിട്ട ജില്ലയിലെ മണിമലയാറിന് കുറുകെയുള്ള കോമളം പാലത്തിന് വെള്ളപ്പൊക്കത്തിൽ സംഭവിച്ച നാശനഷ്ടം സംബന്ധിച്ചാണ് ശ്രീ മാത്യു ടി. തോമസ് സബ്മിഷൻ ഉന്നയിച്ചത്. ഈ കാലവർഷക്കെടുതിയിൽ പൊതുമരാമത്ത് വകുപ്പിന് കീഴിലെ റോഡുകൾക്കും പാലങ്ങൾക്കും കെട്ടിടങ്ങൾക്കും സംഭവിച്ച നാശനഷ്ടത്തിന്റെ തോത് വകുപ്പ് പൂർണ്ണമായി വിലയിരുത്തിവരികയാണ്. ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച കോമളം പാലത്തിന്റെ വിഷയം വളരെ ശരിയാണ്. Vent Way കുറവായതിനാൽ തുടർവർഷങ്ങളിലും ഇത് ആവർത്തിക്കാനുള്ള സാദ്ധ്യത കണക്കിലെടുത്ത് നല്ല അപ്രോച്ച് റോഡോടുകൂടി പാലം പുനർനിർമ്മിക്കണമെന്ന നിർദ്ദേശമാണ് ബ്രിഡ്ജസ് വിഭാഗം മുന്നോട്ടുവച്ചിട്ടുള്ളത്. ചീഫ് എഞ്ചിനീയർ അവിടെ സന്ദർശിക്കുകയും ഇൻവെസ്റ്റിഗേഷൻ നടത്താൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് അംഗീകാരം നൽകി തുടർനടപടികളിലേയ്ക്ക് കടക്കുന്നതാണ്. ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ലഭിച്ചാലുടൻ ഇക്കാര്യത്തിൽ തീരുമാനമെടുക്കാവുന്നതാണ്.

## (9) തൃപ്പൂണിത്തുറ എസ്.എൻ. ജംഗ്ഷൻ വികസനം

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, കൊച്ചി മെട്രോ പേട്ടയിൽ നിന്ന് തൃപ്പൂണിത്തുറ എസ്.എൻ. ജംഗ്ഷനിലേയ്ക്ക് എക്സ്റ്റൻഡ് ചെയ്യാനുള്ള പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണ്. പ്രസ്തുത പ്രവർത്തനം വേഗത്തിൽ പൂർത്തിയാക്കി കമ്മീഷൻ ചെയ്യണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. കഴിഞ്ഞ ഗവൺമെന്റ് തൃപ്പൂണിത്തുറ എസ്.എൻ. ജംഗ്ഷനിൽനിന്നും റെയിൽവേ സ്റ്റേഷനിലേയ്ക്ക് മെട്രോ റെയിൽ എക്സ്റ്റൻഡ് ചെയ്യാൻ തീരുമാനിച്ചത് സ്വാഗതാർഹമാണ്. എന്നാൽ 16 മീറ്റർ സ്ഥലം ഏറ്റെടുക്കുന്നില്ല. ഏറ്റെടുത്തിട്ടുണ്ടെങ്കിൽ എലിവേറ്റഡ് വയഡക്ടും സ്റ്റേബിളിംഗ് ലൈനും മാത്രമാണ് നിർമ്മിക്കുന്നത്. മെട്രോ റെയിലിനായി മുട്ടം മുതൽ എസ്.എൻ. ജംഗ്ഷൻ വരെ സ്ഥലമേറ്റെടുക്കുന്നതും റോഡ് നിർമ്മിക്കുന്നതും മെട്രോ റെയിൽ കോർപ്പറേഷനാണ്. എന്നാൽ തൃപ്പൂണിത്തുറ എസ്.എൻ. ജംഗ്ഷനിൽ നിന്ന് റെയിൽവേ സ്റ്റേഷനിലേയ്ക്ക് നീട്ടുന്നതിന്റെ ഭാഗമായി അവിടെ റോഡ് നിർമ്മിക്കാനുള്ള ഉത്തരവാദിത്വത്തിൽ നിന്ന് മെട്രോ കോർപ്പറേഷൻ ഒഴിഞ്ഞുമാറുകയാണ്. അങ്ങേയ്ക്ക് ഇഷ്ടമുള്ള ആളും എന്റെ മുൻഗാമിയുമായ വ്യക്തി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് പലതവണ ഇതുസംബന്ധിച്ച് നിവേദനങ്ങൾ നൽകിയിരുന്നു. ഈ ആവശ്യം ഉന്നയിച്ച് ഇന്നവിടെ സമരം നടക്കുന്നുണ്ട്. 22 മീറ്റർ റോഡാണ് എസ്.എൻ. ജംഗ്ഷൻ വരെയുള്ളത്. അത് റെയിൽവെ സ്റ്റേഷൻ വരെയും 22 മീറ്ററാക്കി നിർമ്മിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. മൂവാറ്റുപുഴ ഹിൽ പാലസ് റോഡിലേയ്ക്ക് ഇത് 300 മീറ്റർ കൂടി എക്സ്റ്റൻഡ് ചെയ്യണമെന്നും അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ എസ്.എൻ. ജംഗ്ഷൻ മുതൽ തൃപ്പൂണിത്തുറ വരെയുള്ള ഭാഗത്ത് തൃപ്പൂണിത്തുറ നഗരസഭ നിർമ്മിക്കാനുദ്ദേശിക്കുന്ന റോഡിൽ, മെട്രോ വയഡക്ട് നിർമ്മാണം നടത്താൻ പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ തൃപ്പൂണിത്തുറ നഗരസഭ കൊച്ചി മെട്രോയോട് ആവശ്യപ്പെടുകയുണ്ടായി. സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട അധിക ബാദ്ധ്യത ഒഴിവാക്കുവാനും മെട്രോ റെയിലും നിർദ്ദിഷ്ട ബസ് ഡിപ്പോയും തമ്മിൽ മെച്ചപ്പെട്ട കണക്റ്റിവിറ്റി ഉറപ്പാക്കുമെന്നതിനാലും ഈ നിർദ്ദേശം കൊച്ചി മെട്രോ അംഗീകരിച്ച് വിശദമായ പദ്ധതി രേഖ സർക്കാരിന് സമർപ്പിച്ചു. വയഡക്ടിനും ബസ് ഡിപ്പോയ്ക്കുമായി നഗരസഭയ്ക്ക് 9.98 ഏക്കർ ഭൂമിയുടെ ഭരണാനുമതി ലഭിച്ചു. എന്നാൽ സ്ഥലമെടുപ്പിനുള്ള അഡ്വാൻസ് അടയ്ക്കുന്നതിന് നിർദ്ദേശിച്ചപ്പോൾ ഇത്രയും തുക വഹിക്കുവാൻ സാധിക്കില്ലെന്ന് നഗരസഭ സർക്കാരിനെ അറിയിച്ചു. ഈ സാഹചര്യത്തിൽ സ്ഥലമേറ്റെടുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി, 16 മീറ്റർ വീതിയിൽ മെട്രോ വയഡക്ട് നിർമ്മിക്കാൻ ആവശ്യമായ 4.63 ഏക്കർ ഭൂമി മാത്രം ഏറ്റെടുക്കാൻ കൊച്ചി മെട്രോ

സർക്കാരിനെ സമീപിച്ചു. 448.33 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്. ഹിൽ പാലസ് റോഡുമായുള്ള മെട്രോ കണക്ടിവിറ്റി നിലവിൽ പരിഗണനയിലില്ല. എസ്.എൻ. ജംഗ്ഷനിലുള്ള മെട്രോ സ്റ്റേഷന് എസ്.എൻ. ജംഗ്ഷൻ മെട്രോ സ്റ്റേഷൻ എന്ന് നാമകരണം ചെയ്തതിന്റെ അടിസ്ഥാനത്തിൽ റെയിൽവേ കോൺഫറൻസ് അസോസിയേഷൻ റെയിൽവേ കോഡും നൽകിയിട്ടുണ്ട്. ആയതിനാൽ പുനർനാമകരണം നിലവിൽ പരിഗണനയിലില്ല.

## VI റിപ്പോർട്ടുകളുടെ സമർപ്പണം

1.(i) 2021-ലെ കേരള സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ (നിയമനവും സേവന വ്യവസ്ഥകളും) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ അദ്ധ്യക്ഷനായ ഞാൻ 2021-ലെ കേരള സ്വാശ്രയ കോളേജ് അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ (നിയമനവും സേവന വ്യവസ്ഥകളും) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

(ii) 2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ അദ്ധ്യക്ഷനായ ഞാൻ 2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

2. 2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, 2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ എക്സ്-ഒഫിഷ്യോ അംഗമായ ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

## VII നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(i) 2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

(ii) 2021-ലെ കേരള ഷോപ്പ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

(iii) 2021-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

(iv) 2021-ലെ കേരള ഷോപ്പ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (ഭേദഗതി) ബിൽ

(v) 2021-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, 2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള ഷോപ്പ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള ഷോപ്പ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (ഭേദഗതി) ബിൽ, 2021-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ എന്നിവ അവതരിപ്പിക്കുന്നു. ഓർഡിനൻസുകൾ പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുള്ള സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള ചട്ടം 75(1) പ്രകാരമുള്ള സ്റ്റേറ്റ്മെന്റുകൾ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, 2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള ഷോപ്പ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള ഷോപ്പ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (ഭേദഗതി) ബിൽ, 2021-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ എന്നിവ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിക്ക് ഹ്രസ്വമായി സംസാരിക്കാവുന്നതാണ്. അങ്ങും മറ്റംഗങ്ങളും സമയക്ലിപ്തത പാലിക്കണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുന്നു. വൈകിട്ട് ആറുമണിക്ക് ബഹുമാനപ്പെട്ട ഗവർണറുടെ പരിപാടിക്കുമുമ്പ് നിയമനിർമ്മാണ നടപടികൾ പൂർത്തിയാക്കേണ്ടതുണ്ട്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, സമയക്ലിപ്തത പാലിക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട ചെയർ പറഞ്ഞത് അംഗീകരിക്കുന്നു; അതനുസരിച്ചുള്ള സഹകരണമുണ്ടാകും. നിലവിൽ കേരളത്തിലാകെ 16 ക്ഷേമനിധി ബോർഡുകളാണുള്ളത്. ഏതാണ്ട് 70 ലക്ഷത്തോളം തൊഴിലാളികൾ അതിൽ അംഗങ്ങളാണ്. തൊഴിലാളികളുടെ ക്ഷേമം മുൻനിർത്തി ഇത്രയധികം ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നത് കേരളത്തിൽ മാത്രമാണ്. കാലാകാലങ്ങളിൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾക്കെതിരെ കേരളത്തിലെ സംഘടിത തൊഴിലാളിവർഗ്ഗത്തിന്റെ അതിശക്തമായ മുന്നേറ്റത്തിന്റെയും പ്രക്ഷോഭങ്ങളുടെയും അവർ നടത്തിയ പോരാട്ടത്തിന്റെയും ഫലമായാണ് ഇത്തരത്തിൽ ക്ഷേമബോർഡുകൾ രൂപീകരിക്കാൻ ഗവൺമെന്റുകൾ തയ്യാറായിട്ടുള്ളത്. പല ക്ഷേമനിധിബോർഡുകളും രൂപീകരിച്ചപ്പോഴുള്ള സാഹചര്യമല്ല ഇന്നുള്ളത്. ഇന്ന് ആ സാഹചര്യങ്ങൾക്ക് മാറ്റം വന്നിരിക്കുന്നു. ഇന്ന് പരിഗണിക്കുന്നത് അഞ്ച് ബില്ലുകളാണെങ്കിലും അതിലെ ഭേദഗതികൾ ഒരു അക്കമോ വാചകമോ മാത്രമാണ്. ഇത്തരം ഭേദഗതികൾക്ക് ഗൗരവത്തോടെ ധാരാളം സമയമെടുത്ത് ചർച്ചചെയ്യാനുള്ള കാര്യങ്ങളൊന്നുമില്ല. തൊഴിലാളികൾക്ക് അനുകൂലമായ ചില ചെറിയ ഭേദഗതികൾ മാത്രമാണുള്ളത്.

കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി നിയമം 2008-ലാണ് കേരള നിയമസഭ പാസ്സാക്കിയത്. പ്ലാന്റേഷൻ ലേബർ ആക്ടിന്റെ പരിധിയിലുൾപ്പെടാത്ത, 5 ഹെക്ടറിൽ കുറവ് വിസ്തീർണ്ണമുള്ള, ചെറുകിട തോട്ടത്തിന്റെ പരിധിയിലുൾപ്പെടുന്ന തേയില, കാപ്പി, റബ്ബർ, കശുവണ്ടി, ഏലം, എണ്ണപ്പന എന്നിവയിലെ തൊഴിലാളികളുടെയും സ്വയംതൊഴിൽ ചെയ്യുന്നവരുടെയും ക്ഷേമമാണ് ബോർഡ് ലക്ഷ്യംവയ്ക്കുന്നത്. ക്ഷേമനിധി ബോർഡിൽ ആകെ 20,119 അംഗങ്ങളാണുള്ളത്. അംശദായം, രജിസ്ട്രേഷൻ ഫീസ്, നിക്ഷേപങ്ങളിൽനിന്നുള്ള പലിശ എന്നിവയാണ് ബോർഡിന്റെ പ്രധാന വരുമാനമാർഗ്ഗങ്ങൾ. അതുകൊണ്ടുമാത്രം തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്താൻ കഴിയാത്തതിനാലാണ് ഭേദഗതി കൊണ്ടുവരുന്നത്. മേൽ നിയമത്തിന്റെ അഞ്ചാം ക്ലോസിൽ ഭേദഗതി കൊണ്ടുവരുന്നതിനാണ് ഈ ബിൽ

സഭ മുമ്പാകെ അവതരിപ്പിക്കുന്നത്. വകുപ്പ് 5-ലെ ഉപവകുപ്പ് (i), (ii), (iii) പ്രകാരം തൊഴിലാളികളുടെ പ്രതിമാസ അംശദായം 30 രൂപയാക്കി വർദ്ധിപ്പിച്ചും അതിനനുസൃതമായി അർദ്ധവാർഷിക അംശദായം 180 രൂപയാക്കി വർദ്ധിപ്പിക്കാനും സ്വയംതൊഴിൽ ചെയ്യുന്ന തൊഴിലാളികളുടെ അംശദായം പ്രതിമാസം 60 രൂപയായി വർദ്ധിപ്പിച്ചും അതിനനുസൃതമായി ഇത്തരം തൊഴിലാളികളുടെ അർദ്ധവാർഷിക അംശദായം 360 രൂപയായി വർദ്ധിപ്പിക്കുന്നതിനും വേണ്ടിയാണ് ഈ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. പ്രസ്തുത ഭേദഗതിയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗങ്ങൾ ചർച്ച ചെയ്ത് ഐകകണ്ഠ്യേന അംഗീകരിച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു.

1998-ൽ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ആക്ട് പാസ്സാക്കിയത് ഈ മേഖലയിൽ പരമ്പരാഗതമായി തൊഴിലെടുക്കുന്ന സാധാരണക്കാരായ തൊഴിലാളികളുടെ ഉന്നമനത്തിനും ക്ഷേമം ഉറപ്പുവരുത്തുന്നതിനും വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും വിവിധ ആനുകൂല്യങ്ങൾ നൽകുന്നതിനുംവേണ്ടിയാണ്. 2000-ൽ ഈ ക്ഷേമനിധി ബോർഡ് പ്രവർത്തനമാരംഭിക്കുമ്പോൾ 1841 തൊഴിലാളികളാണ് രജിസ്റ്റർ ചെയ്തിരുന്നത്. ഇരുപത് വർഷം പിന്നിടുമ്പോൾ കേരളത്തിൽ ഈറ്റ, കാട്ടുവള്ളി, തഴ മേഖലയിൽ ജോലി ചെയ്ത് ഉപജീവനം നടത്തിവരുന്ന 1,04,367 തൊഴിലാളികൾ ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുണ്ട്. അവർക്ക് പ്രസവാനുകൂല്യം, വിവാഹാനുകൂല്യം, സ്കോളർഷിപ്പ്, ചികിത്സാ സഹായം, ഉന്നത വിദ്യാഭ്യാസത്തിന് അഡ്വാൻസ് എന്നിവയുള്ള സാമ്പത്തിക സഹായങ്ങൾ ക്ഷേമനിധി ബോർഡ് നൽകുന്നുണ്ട്. നിലവിൽ ക്ഷേമനിധിയിൽ അംഗങ്ങളായ സ്വയംതൊഴിൽ ചെയ്യുന്ന തൊഴിലാളികളും തൊഴിലുടമയുടെ കീഴിൽ പണിയെടുക്കുന്ന തൊഴിലാളികളും അവരുടെ അംശദായം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച ഭേദഗതിയാണ് കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലിൽ കൊണ്ടുവന്നിരിക്കുന്നത്. തൊഴിലുടമകൾ/ ഉല്പാദകർ തൊഴിലാളി ഒന്നിന് പ്രതിമാസം 7 രൂപാ നിരക്കിൽ അംശദായം ക്ഷേമനിധി ബോർഡിന് നൽകണമെന്നാണ് വ്യവസ്ഥ ചെയ്യുന്നത്. ഇപ്രകാരം തൊഴിലാളികളിൽനിന്നും ലഭിക്കുന്ന തുകയ്ക്ക് തുല്യമായ തുക സർക്കാരിൽനിന്ന് അംശദായമായി ക്ഷേമനിധി ബോർഡിന് നൽകിവരുന്നുണ്ട്. തൊഴിലാളികൾ, ഉടമകൾ എന്നിവരിൽനിന്നുള്ള അംശദായവും സർക്കാരിൽനിന്നും ലഭിക്കുന്ന മാച്ചിംഗ് ഗ്രാന്റുമാണ് ബോർഡിന്റെ വരുമാനം. ഇപ്രകാരം ലഭിക്കുന്ന തുക ബോർഡിന്റെ ദൈനംദിന ചെലവുകൾക്കും തൊഴിലാളികൾക്കുള്ള വിവിധ ക്ഷേമപദ്ധതികൾക്കും അപര്യാപ്തമാണ്. നിലവിൽ ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഏഴ് രൂപ നിരക്കിലുള്ള അംശദായം 15 രൂപയായി വർദ്ധിപ്പിച്ചുകൊണ്ടും കൂടാതെ

തൊഴിലാളി-തൊഴിലുടമാ അംശദായത്തിന്റെ 75 ശതമാനമായി സർക്കാർ വിഹിതം നിജപ്പെടുത്തിക്കൊണ്ടുമുള്ള ഓർഡിനൻസാണ് പുറപ്പെടുവിച്ചിരിക്കുന്നത്. ഇത് നിയമമാക്കുന്നതിനാണ് കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലിലൂടെ ഭേദഗതി നിർദ്ദേശിക്കുന്നത്.

കേരളത്തിലെ അസംഘടിത ചുമട്ടുതൊഴിലാളികളുടെ ക്ഷേമത്തിനും അവരുടെയിടയിലെ തൊഴിൽ പ്രശ്നങ്ങളും ചൂഷണങ്ങളും പരിഹരിക്കുന്നതിനും ടി വിഭാഗത്തിന്റെ ഉന്നമനത്തിനുംവേണ്ടിയാണ് 1983-ൽ ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകൃതമായത്. കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിൽ പ്രധാനമായും അൺഅറ്റാച്ച്ഡ്, അറ്റാച്ച്ഡ്, സ്കാറ്റേർഡ് എന്നീ വിഭാഗം തൊഴിലാളികൾക്കായി മൂന്ന് പദ്ധതികൾ നിലവിലുണ്ട്. ഈ മൂന്ന് പദ്ധതികളിലായി 56,977 സജീവ അംഗങ്ങളുണ്ട്. ചുമട്ടുതൊഴിലാളികൾ എടുക്കുന്ന ചുമടിന്റെ ഭാരത്തെ സംബന്ധിച്ച കുറവ് ഇതിൽ നിർദ്ദേശിക്കുന്നതാണ്. 127-ാമത് അന്താരാഷ്ട്ര തൊഴിൽ സമ്മേളനം അംഗീകരിച്ച പ്രകാരം ചുമട്ടുതൊഴിലാളികളെക്കൊണ്ട് ഒറ്റയ്ക്ക് എടുപ്പിക്കാവുന്ന ചുമടിന്റെ പരമാവധി ഭാരം 75 കിലോഗ്രാമിൽനിന്നും 55 കിലോഗ്രാമായി കുറയ്ക്കുന്നതിനും സ്ത്രീകൾ, കൗമാരക്കാർ എന്നിവരെക്കൊണ്ട് എടുപ്പിക്കുന്നതിനുള്ള പരമാവധി ഭാരം 35 കിലോഗ്രാമായി നിജപ്പെടുത്തുന്നതിനുമാണ് 1978-ലെ കേരള ചുമട്ടുതൊഴിലാളി നിയമത്തിന്റെ 7-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിനുള്ള ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുള്ളത്. അന്താരാഷ്ട്ര തൊഴിൽ സമ്മേളനം അംഗീകരിച്ച നിർദ്ദേശമാണ് ഭേദഗതിയെന്ന നിലയിൽ സഭ മുമ്പാകെ കൊണ്ടുവരുന്നത്.

2021-ലെ കേരള ഷോപ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് ഈ നിയമത്തിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികളുടെയും സ്വയംതൊഴിൽ ചെയ്യുന്നവരുടെയും ക്ഷേമത്തിനും അഭിവൃദ്ധിക്കും പെൻഷനടക്കമുള്ള വിവിധ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുംവേണ്ടി രൂപീകരിച്ചിട്ടുള്ളതാണ്. 2007 മാർച്ച് 15-നാണ് ഈ ബോർഡ് രൂപീകരിച്ചത്. നിലവിലെ നിയമപ്രകാരം തൊഴിലാളി വിഹിതം 20 രൂപയും തൊഴിലുടമാ വിഹിതം 20 രൂപയുമാണ്. കേരള ഷോപ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ 1,90,727 സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 13,56,932 തൊഴിലാളികൾ ഇതിൽ അംഗങ്ങളായി ചേർന്നിട്ടുണ്ട്. 2249 പേർക്ക് ബോർഡ് പെൻഷൻ വിതരണം ചെയ്യുന്നുമുണ്ട്. ഇതുകൂടാതെ ക്ഷേമനിധി അംഗങ്ങൾക്ക് നൽകിവരുന്ന വിവാഹാനുകൂല്യം, പ്രസവാനുകൂല്യം, വിദ്യാഭ്യാസാനുകൂല്യം, ചികിത്സാ സഹായം, മരണാനന്തര ചെലവുകൾ എന്നിവയ്ക്ക് വലിയ സാമ്പത്തിക ബാദ്ധ്യത വരുന്നുണ്ട്. അതുകൊണ്ട് മേൽനിയമത്തിലെ 4-ാം വകുപ്പിലാണ് ഭേദഗതി നിർദ്ദേശിച്ചിരിക്കുന്നത്.

ഇതിൽ സ്വന്തമായി തൊഴിലിലേർപ്പെട്ടിരിക്കുന്നവരുടെ അംശദായം മൂന്നുവർഷത്തിലൊരിക്കൽ വിജ്ഞാപനത്തിലൂടെ പുനർനിർണ്ണയിക്കുന്നതിന് സർക്കാരിന് അധികാരം നൽകുന്നതിനുവേണ്ടിയുള്ള ഭേദഗതിയാണുള്ളത്.

2021-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബില്ലിനെക്കുറിച്ച് പറയുകയാണെങ്കിൽ, കേരള സംസ്ഥാന രൂപീകരണസമയത്ത് കടകളും വാണിജ്യ സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും സേവന വ്യവസ്ഥകൾ സംബന്ധിച്ച് രണ്ട് നിയമങ്ങൾ നിലവിലുണ്ടായിരുന്നു. ട്രാവൻകൂർ-കൊച്ചിൻ ഷോപ്പ് ആൻഡ് എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ട്, 1125; മദ്രാസ് ഷോപ്പ് ആൻഡ് എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ട്, 1947. എന്നാൽ സംസ്ഥാന രൂപീകരണത്തിനുശേഷം മേൽവിഷയത്തിൽ പൊതുവായ നിയമമുണ്ടാകേണ്ടത് ആവശ്യമായി വരികയും തുടർന്ന് കേരള ഷോപ്പ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ട്, 1960 നിലവിൽ വരികയും ചെയ്തു. പ്രസ്തുത നിയമത്തിൻകീഴിൽ കടകളുടെയും വാണിജ്യ സ്ഥാപനങ്ങളുടെയും പ്രവർത്തനം വ്യവസ്ഥാപിതമാക്കുന്നതിന് രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള ഭേദഗതികൾ കൊണ്ടുവന്നിട്ടുണ്ട്. കൂടാതെ തൊഴിലാളി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി ഇരിപ്പിട സൗകര്യം, ലീവ്, ക്രെഷ് എന്നിവ സംബന്ധിച്ച വിവിധ വിഷയങ്ങളിൽ കാലാകാലങ്ങളിൽ വിവിധ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. ഈ നിയമത്തിൽ ചില കൂട്ടിച്ചേർക്കലുകളാണ് സഭയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നത്. നിയമത്തിലെ കൂട്ടിച്ചേർക്കൽ, വകുപ്പ് 9(എ) പ്രകാരം ലേബർ അഡ്മിനിസ്ട്രേറ്റർ എന്നാൽ തൊഴിൽ വകുപ്പിലെ സ്റ്റേറ്റ് നോട്ടിഫൈഡ് ഇൻസ്പെക്ടർ എന്നർത്ഥമാക്കുന്നു. വകുപ്പ് 9 (ബി) ലേബർ കമ്മീഷണറേറ്റ് ആട്ടോമേഷൻ സിസ്റ്റം എന്നാൽ ലേബർ ഡിപ്പാർട്ടുമെന്റ് ഉടമസ്ഥതയിലുള്ളതും തൊഴിലാളി, തൊഴിലുടമ, തൊഴിൽ വകുപ്പിലെ നോട്ടിഫൈഡ് ഇൻസ്പെക്ടർമാർ എന്നിവർ ഉപയോഗിക്കുന്നതുമായ സോഫ്റ്റ്‌വെയർ എന്ന് അർത്ഥമാക്കുകയാണ്. മേൽനിയമത്തിലെ വകുപ്പ് 5(എ)-യിൽ (1), (6), (8) എന്നീ ഉപവകുപ്പുകൾക്കാണ് ഭേദഗതി കൊണ്ടുവരുന്നത്. ലേബർ അഡ്മിനിസ്ട്രേറ്റർ, ലേബർ കമ്മീഷണറേറ്റ് ഓട്ടോമേഷൻ സിസ്റ്റം എന്നിവയുടെ നിർവ്വചനം പുതിയതായി ഉൾപ്പെടുത്തുകയും ഫീസ് ഏകീകരിക്കുക, വിവിധ തൊഴിൽ ദിനങ്ങൾ പ്രകാരമുള്ള റിന്യൂവൽ സർട്ടിഫിക്കറ്റുകൾ ഓട്ടോജനറേറ്റ് ചെയ്യുക എന്നിവയാണ് ഭേദഗതികൾകൊണ്ടുദ്ദേശിക്കുന്നത്. വളരെ ചെറിയ ഭേദഗതികളാണ് അഞ്ച് ബില്ലുകളിലുമായി നിയമസഭയുടെ അംഗീകാരത്തിനായി അവതരിപ്പിക്കുന്നത്. അഞ്ച് ബില്ലുകളെന്ന് കേൾക്കുമ്പോൾ ഭയപ്പെടേണ്ട കാര്യമില്ല. എല്ലാവരും സഹകരിച്ചാൽ ബില്ലുകൾ ഐകകണ്ഠ്യേന അംഗീകരിക്കാം. തൊഴിലാളിവിരുദ്ധ നിലപാടുകൾ ഈ സഭയിൽ ആർക്കും സ്വീകരിക്കാൻ കഴിയില്ല. അംഗങ്ങളാരും അതുചെയ്യുമെന്നും തോന്നുന്നില്ല. ഈ ബില്ലിൽ പാവപ്പെട്ട

തൊഴിലാളികളെ സഹായിക്കുന്ന കാര്യങ്ങൾ മാത്രമാണുള്ളത്. ബില്ലിൽ മാത്രം ഒതുങ്ങിനിന്ന് സംസാരിച്ചാൽ മറുപടിയും അതനുസരിച്ച് ക്രമീകരിക്കാൻ സാധിക്കും. അഞ്ച് ബില്ലുകളും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നതിനായി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: അഞ്ച് ബില്ലുകളും സംബന്ധിച്ച ചർച്ച ഒരുമിച്ച് നടത്താവുന്നതാണ്. ഈ ബില്ലുകളിൽ വളരെ ചെറിയ ഭേദഗതികൾ മാത്രമാണുള്ളതെന്ന് ബഹുമാനപ്പെട്ട മന്ത്രിതന്നെ ചൂണ്ടിക്കാണിച്ചു. ഭേദഗതിയിൽ കാതലായിട്ടുള്ള മാറ്റങ്ങൾ വരുത്തുന്നില്ല. അഞ്ച് ബില്ലുകളിലുമായി ഇരുപതുപേരാണ് ചർച്ചയിൽ പങ്കെടുക്കാനുള്ളത്. ഇപ്പോൾ സമയം 12.35 ആയി. ഒരംഗം സംസാരിക്കുന്നതിന് പരമാവധി പതിനഞ്ച് മിനിട്ട് സമയം എടുക്കുന്നെങ്കിൽത്തന്നെ 5.30 വരെ ചർച്ച നീളുന്നതാണ്. അതിനുശേഷം ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയും ബില്ലിന്റെ പരിഗണനയും വരുന്നതാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട അംഗങ്ങളുടെ പ്രസംഗങ്ങൾ 10 മിനിട്ടിൽ ചുരുക്കുന്നത് അഭികാമ്യമായിരിക്കും; കാരണം വേറെ തർക്കമുള്ള ബില്ലുകളല്ല. ബില്ലിന്റെ തത്വത്തിൽ മാത്രം ഒതുങ്ങിനിന്ന് ചർച്ച ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റു വിഷയങ്ങളിലേയ്ക്ക് പോകാതെ തത്വത്തിൽ ഒതുങ്ങിനിന്ന് സംസാരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം അവതരിപ്പിച്ചുകൊണ്ട് ശ്രീ. പി. ടി. തോമസ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)-വിന് സംസാരിക്കാവുന്നതാണ്. അങ്ങ് ചെയറുമായി പൂർണ്ണമായും സഹകരിക്കുമെന്ന് ഉത്തമ വിശ്വാസമുണ്ട്.

ശ്രീ. പി. ടി. തോമസ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, I move that - “ This House resolves to disapprove The Kerala Bamboo, Kattuvalli, Pandanus Leaf Workers' Welfare Fund (Amendment) Ordinance, 2021 (Ordinance No. 129 of 2021)” ഇന്ന് നിയമസഭ ആരംഭിച്ചത്, ബഹുമാനപ്പെട്ട സ്പീക്കർ കേരളപ്പിറവി ദിനാശംസകൾ നേർന്നുകൊണ്ടാണ്. കേരളത്തിന് 65 വയസ്സ് തികയുന്ന ഇന്ന് തീർച്ചയായും അഭിമാനകരമായ ദിവസമാണ്. 2015-ൽ മലയാള ഭാഷ (വ്യാപനവും പരിപോഷണവും) ബിൽ ഈ നിയമസഭയിൽ ഐകകണ്ഠ്യേന പാസ്സാക്കിയെങ്കിലും ഇതുവരെയും നിയമമായിട്ടില്ല. കേരളപ്പിറവി ദിനത്തിൽ ഇതുപറയേണ്ടി വന്നതിൽ ദുഃഖമുണ്ട്. ഇത് ബില്ലിന്റെ പുറത്തുള്ള കാര്യമാണെങ്കിലും കേരളത്തിനകത്തുള്ള കാര്യമായതുകൊണ്ടാണ് ഞാൻ പറഞ്ഞത്. മലയാള ഭാഷ

ഔദ്യോഗിക ഭാഷയാക്കുന്നതിനുള്ള നടപടി ഗവൺമെന്റ് അടിയന്തരമായി സ്വീകരിക്കണം. 2015-ൽ പാസ്സാക്കി അയച്ച നിയമം നടപ്പാക്കാൻ നടപടി സ്വീകരിക്കണം. ഗവൺമെന്റ് ഒരു നടപടിയും സ്വീകരിക്കാത്തതുകൊണ്ടാണ് ഇതുനീണ്ടുപോയതെന്നാണ് വാർത്തകൾ വന്നിട്ടുള്ളത്.

2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ കേരളത്തിലെ ഏറ്റവും വരുമാനം കുറഞ്ഞ പരമ്പരാഗത തൊഴിലാളികളുമായി ബന്ധപ്പെട്ടതാണ്. ഇതിൽ ചെറിയ ഭേദഗതി മാത്രമാണുള്ളതെന്ന് ബഹുമാനപ്പെട്ട മന്ത്രിതന്നെ പറയുകയുണ്ടായി. നാലാം വകുപ്പിലെ (1), (2), (3) എന്നീ ഉപവകുപ്പുകളിൽ പ്രതിമാസമുള്ള ഏഴ് രൂപ അംശദായമെന്നത് പതിനഞ്ച് രൂപ വീതമാക്കുന്ന ഭേദഗതിയാണ് നിർദ്ദേശിച്ചിട്ടുള്ളത്. മറ്റൊരു ഭേദഗതി, ഗ്രാന്റായി സർക്കാർ അടയ്ക്കുന്ന തുക 75 ശതമാനമായി ലിമിറ്റ് ചെയ്യുന്നുവെന്നതാണ്. ഇത് 75 ശതമാനമായി ലിമിറ്റ് ചെയ്യേണ്ടതിന്റെ ഉദ്ദേശ്യം ധനകാര്യ മെമ്മോറാണ്ടത്തിൽ വിശദീകരിച്ചിട്ടുണ്ട്. ഈ ബില്ലിന്റെ ഉദ്ദേശ്യകാരണങ്ങളിൽ സർക്കാർ അടയ്ക്കേണ്ട തുക എഴുപത്തിയഞ്ച് ശതമാനമായി ലിമിറ്റ് ചെയ്യുന്നതിന്റെ കാര്യമെന്താണെന്ന് മനസ്സിലാകുന്നില്ല. അത് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ വിശദീകരിക്കുമെന്ന് കരുതുകയാണ്. ഇന്നിവിടെ ബിൽ ചർച്ച ചെയ്യുന്ന അവസരത്തിൽ ഈറ്റ വ്യവസായ മേഖലയിലെ തൊഴിലാളികൾ സമരം ചെയ്യുകയാണ്. ഈ ക്ഷേമനിധിയിലെ പ്രശ്നങ്ങൾ തന്നെയാണ് അവർ ഉന്നയിക്കുന്നത്. നേരത്തെ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ, ക്ഷേമനിധിയിലെ എണ്ണം കുറയുമ്പോൾ ടി ക്ഷേമനിധി ലേബർ ബോർഡ് ക്ഷേമനിധിയിൽ ലയിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെങ്കിൽ ഈ ഭേദഗതി എന്തിനുവേണ്ടിയാണ് കൊണ്ടുവന്നതെന്ന് മനസ്സിലാകുന്നില്ല. ഇതുമായി ബന്ധപ്പെട്ട് തൊഴിലാളികൾക്കും ആശങ്കയുണ്ട്. അവരുടെ ആശങ്കയുടെ കാരണം, ലേബർ ബോർഡ് എന്നുപറയുന്നത് സംഘടിത മേഖലയിലെ തൊഴിലാളികൾക്കുവേണ്ടിയുള്ളതാണ്. ഈറ്റ, പനമ്പ് വ്യവസായ മേഖലയിലെ തൊഴിലാളികൾ അസംഘടിത മേഖലയിൽ ഉൾപ്പെടുന്നവരാണ്. ഇങ്ങനെ വരുമ്പോൾ കേന്ദ്രഗവൺമെന്റിന്റെ ഇൻകം സപ്പോർട്ട് സ്കീമിന്റെ ആനുകൂല്യം ഈറ്റ വ്യവസായ മേഖലയിലെ തൊഴിലാളികൾക്ക് ലഭിക്കാതെ പോകുമെന്ന് അവർ ആശങ്കപ്പെടുന്നുണ്ട്. ഇതിനെതിരെ ആ മേഖലയിലെ തൊഴിലാളികൾ സമരത്തിലാണെന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇൻകം സപ്പോർട്ട് സ്കീമിന്റെ ആനുകൂല്യം നഷ്ടപ്പെടുന്നത് തീർച്ചയായും ഗവൺമെന്റ് പരിശോധിക്കണം. സംസ്ഥാനത്ത് 133 പൊതുമേഖലാ സ്ഥാപനങ്ങളിലേയ്ക്ക് 2017-18-ൽ ഗ്രാന്റ് സബ്സിഡി ഇനത്തിൽ 1880 കോടി രൂപ നൽകിയതായി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ഇവയൊന്നും

ഫലപ്രദമായി വിനിയോഗിക്കാൻ ഈ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടില്ല. അവയെ നിയന്ത്രിക്കുന്നതിൽ സർക്കാർ വിജയിക്കുന്നില്ലെന്നതാണ് യാഥാർത്ഥ്യം. 2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പ്രത്യക്ഷത്തിൽ തൊഴിലാളികളെ സഹായിക്കാൻവേണ്ടിയാണെന്ന് പറയുന്നെങ്കിലും തൊഴിലാളികളുടെ ആനുകൂല്യങ്ങളും ക്ഷേമപദ്ധതികളും നടപ്പാക്കുന്നതിൽ സർക്കാർ നൽകേണ്ട കൈത്താങ്ങ് നിയമപരമായി കുറച്ചുകൊണ്ടുവരുന്നു. ഈ ഭേദഗതിയിലൂടെ തൊഴിലാളികൾക്ക് ഒരാനുകൂല്യവും കൂടുതലായി ലഭിക്കുന്നില്ല. ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിലെ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കണം. നിലവിൽ അവർക്ക് നൽകുന്ന വിവാഹ ധനസഹായമായ 3000 രൂപ സദ്യ വിളമ്പാനുള്ള ഇല വാങ്ങാൻപോലും പര്യാപ്തമല്ല. അംഗങ്ങളുടെ പെൺമക്കളുടെ വിവാഹത്തിന് നൽകുന്ന ധനസഹായം ആൺമക്കളുടെ വിവാഹത്തിനുംകൂടി നൽകുന്നതിന് ബില്ലിൽ വ്യവസ്ഥ ചെയ്യണം. ആണുങ്ങൾക്ക് വിവാഹം കഴിക്കണ്ടേ? ബഹുമാന്യനായ ദേവസ്വം വകുപ്പുമന്ത്രി അതിനോടാണ് യോജിക്കുന്നത്. കാരണം അദ്ദേഹം ഇതുവരെ ആ കർമ്മം നിർവ്വഹിച്ചിട്ടില്ല.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ആൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം കൊടുക്കേണ്ട ആവശ്യമില്ല. പെൺകുട്ടികളുടെ വിവാഹത്തിന് കൊടുത്താൽ മതി.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, അങ്ങ് ഇതുവരെ വിവാഹത്തിന്റെ മാർക്കറ്റിലിറങ്ങാത്ത ആളായതുകൊണ്ട് അങ്ങേയ്ക്കിത് പറയാം. പക്ഷേ എല്ലാവർക്കും വിവാഹ ധനസഹായം നൽകേണ്ടതല്ലേ?

ശ്രീ. കെ. ബാബു (നെന്മാറ): സർ, ദേവസ്വം വകുപ്പുമന്ത്രിയെപ്പോലെ ശ്രീ. കോവൂർ കുഞ്ഞുമോനും ഈ സഭയിലുണ്ട്.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളികളെക്കുറിച്ച് സൂചിപ്പിച്ചത് ശരിയാണ്. ഈ തൊഴിലാളികൾ ദരിദ്ര ചുറ്റുപാടിൽ ജീവിക്കുന്നവരായതുകൊണ്ടാണ് അവരുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അംശദായം വർദ്ധിപ്പിക്കാൻ നിർദ്ദേശിച്ചിട്ടുള്ളത്. ഇത് തൊഴിലാളികളുടെ ആനുകൂല്യങ്ങൾ നിർണ്ണയിക്കുന്ന ബില്ലല്ല. അംശദായം വർദ്ധിപ്പിച്ച് കൊടുത്തെങ്കിൽമാത്രമെ ക്ഷേമനിധി ബോർഡിന് കൂടുതൽ ആനുകൂല്യങ്ങൾ നൽകാൻ കഴിയുകയുള്ളൂ. ആ ധാരണയിലാണ് ഈ ഭേദഗതിയിൽ ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിലുള്ളവർ ഉൾപ്പെടുന്നത്. ഈ ക്ഷേമനിധി ബോർഡ് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഈ

ഭേദഗതി നിർദ്ദേശത്തിലേയ്ക്ക് ഗവൺമെന്റ് എത്തുന്നതെന്ന കാര്യം താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, അങ്ങ് പറഞ്ഞത് മനസ്സിലായതുകൊണ്ടാണ് ധനസഹായം വർദ്ധിപ്പിക്കണമെന്ന് സൂചിപ്പിച്ചത്. അതിലേയ്ക്കായി കൂടുതൽ വരുമാനമുണ്ടാകണം. ഇതിൽ സർക്കാരിന്റെ വിഹിതം വർദ്ധിക്കുന്നില്ല, 75 ശതമാനമായി ലിമിറ്റ് ചെയ്യുന്നുണ്ടെന്ന് അങ്ങേയ്ക്കറിയാമല്ലോ. ആദ്യം ഈ ചതി ചെയ്തത് അങ്ങ് മന്ത്രിയായിരുന്നപ്പോഴാണെന്ന് തോന്നുന്നു. അതുകൊണ്ട് ഇക്കാര്യത്തിൽ പരിശോധന ആവശ്യമാണ്. ഈറ്റ, പനമ്പ് വ്യവസായത്തിന്റെ അസംസ്കൃത വസ്തു ഈറ്റയാണ്. വനങ്ങളിൽനിന്നാണ് ഈറ്റ കിട്ടുന്നത്. ഇപ്പോൾ ഈറ്റയുടെ ലഭ്യതയുണ്ട്. HNL (Hindustan Newsprint Limited)-ഉം മാവൂർ ഗ്വാളിയോർ റയോൺസ് ഫാക്ടറിയും പ്രവർത്തിച്ചിരുന്ന കാലത്ത് ഈറ്റ ലഭിക്കാൻ വലിയ ബുദ്ധിമുട്ടായിരുന്നു. ഈ ഫാക്ടറികൾ പൂട്ടിയതിനെ അനുകൂലിക്കുകയല്ല. അവർ വളരെ പ്രായം കുറഞ്ഞതും പാകമാകാത്തതുമായ ഈറ്റ മുറിച്ചുകൊണ്ടുപോയിരുന്നു. നെയ്ത്തിന് പാകമായ ഈറ്റ ആവശ്യമാണ്. ഇപ്പോൾ ആ കമ്പനികൾ പ്രവർത്തിക്കാത്തതുകൊണ്ട് ഈറ്റ ലഭിക്കുന്നതിൽ വലിയരീതിയിലുള്ള ബുദ്ധിമുട്ടുണ്ടാകുന്നില്ല. ഇത് വനത്തിലെ ചില പ്രദേശങ്ങളിൽ മാത്രമാണുള്ളത്. പൂയംകുട്ടിയിലും അച്ചൻകോവിലിലും ആര്യനാടിനടുത്തുള്ള വനങ്ങളിലും പത്തനംതിട്ട ജില്ലയുടെ കിഴക്കുഭാഗത്തും ഈറ്റ ലഭ്യമാണ്. ഈറ്റ വെട്ടാൻ പോകുന്നത് ദുഷ്കരമായ ജോലിയാണ്. ഇതിനായി വനത്തിനുള്ളിൽ പോകണമെന്നു മാത്രമല്ല, നമ്മളറിയാതെ ശരീരത്തിൽ അട്ട കയറുന്നു. ശരീരത്തിൽ അട്ട കയറിയാലുള്ള ബുദ്ധിമുട്ട് പറയേണ്ടതില്ലല്ലോ? അതൊഴിവാക്കുന്നതിന് പുകയില അരച്ചുതേച്ചിട്ടുവേണം ഈറ്റ വെട്ടാൻ പോകേണ്ടത്. ഈറ്റ വെട്ടിക്കഴിഞ്ഞാൽ ട്രാൻസ്പോർട്ടിംഗിന് വലിയ പ്രയാസമാണ്. ആദ്യമൊക്കെ ഇത് പുഴയിലൂടെ ഒഴുക്കിയാണ് കൊണ്ടുവന്നിരുന്നത്. ഇതിനെല്ലാം വലിയ ചെലവ് വരുന്നുണ്ട്. ഈ ജോലിയിലുണ്ടാകുന്ന ബുദ്ധിമുട്ടും ചെലവും കണക്കിലെടുത്ത് തൊഴിലാളികൾ ഈ രംഗത്തുനിന്നും മാറിക്കൊണ്ടിരിക്കുകയാണ്. ട്രോളിംഗ് നിരോധനം പോലെ ഈറ്റ പാകമാകുന്നതിനുവേണ്ടി മൂന്ന് മാസം ഒഴിവ് കൊടുക്കുന്ന കാലയളവിൽ ഈറ്റ ശേഖരിക്കാൻ കഴിയില്ല. അങ്ങനെ ഒഴിവുകൊടുക്കുമ്പോൾ തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെടാതിരിക്കുന്നതിന് സ്പെഷ്യൽ പെർമിറ്റ് കൊടുക്കാറുണ്ട്. ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലാണ് ഈറ്റ സംഭരിക്കുന്നത്. ഈ സീസണിലെ മൂന്ന് മാസം ബാംബൂ കോർപ്പറേഷൻ മാനേജ്മെന്റ് അപേക്ഷ കൊടുക്കാത്തതിന്റെ ഫലമായി തൊഴിലാളികൾക്ക് ജോലി ലഭിച്ചില്ല.

പനമ്പ് നെയ്ത്തിന് ബാംബൂ ബോർഡിന് ഫാക്ടറിയുണ്ട്. പനമ്പ് നെയ്ത്തിന്റെ അസംസ്കൃത വസ്തു പനമ്പാണ്. ഈറ്റ ഇല്ലെങ്കിൽ പനമ്പ് ഉണ്ടാവില്ല. ഒരു കാലത്ത് പനമ്പ് നെയ്ത്ത് ചില പ്രത്യേക സമുദായത്തിൽപ്പെട്ടവരുടെ കുലത്തൊഴിലായിരുന്നു. ഈ തൊഴിലിൽ ഏർപ്പെടുന്ന ആദിവാസികളുമുണ്ട്. ശ്രീ റോജി എം. ജോണിന്റെ നിയോജകമണ്ഡലമായ അങ്കമാലിയിലും പെരുമ്പാവൂർ നിയോജകമണ്ഡലത്തിലും ആലുവ നിയോജകമണ്ഡലത്തിലെ കുറച്ചുഭാഗങ്ങളിലും ഇത് സാമുദായികമായ തൊഴിലായി കണക്കാക്കിയിട്ടില്ല. പ്രസ്തുത പ്രദേശങ്ങളിൽ ഇത് എല്ലാവരുടെയും തൊഴിലാണെന്നു മാത്രമല്ല, അവരുടെ വീടുതന്നെയാണ് ഇതിന്റെ ഫാക്ടറി. അവിടെ അച്ഛനും അമ്മയും സ്കൂളും കോളേജും വിട്ടുവരുന്ന കുട്ടികളും പനമ്പ് നെയ്യുന്നു. അങ്ങനെ കുടുംബത്തിന്റെ മൊത്തം ശ്രമത്തിന്റെ ഭാഗമാണ് പനമ്പുനെയ്ത്ത്. ഇപ്പോൾ പനമ്പ് ലഭിക്കുന്നില്ല. വയനാട് മേഖലയിൽ പനമ്പ് നന്നായി ഉപയോഗിച്ചിരുന്നു, അതിനെ ചിക്ക് പനമ്പ് എന്നുപറയുന്നു. കുരുമുളകും മലഞ്ചരക്കുകളും നെല്ലും ഉണക്കുന്നതിന് ചിക്ക് പനമ്പുകളുണ്ട്. അത് പ്രത്യേകമായി നെയ്യുന്നതാണ്. പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ ചേരാനല്ലൂരിൽ കൂവപ്പടി പ്രദേശത്താണ് ചിക്ക് പനമ്പ് നെയ്യുന്നത്. തഴപ്പായയുടെ കാര്യവും ബില്ലിൽ പറഞ്ഞിട്ടുണ്ട്. തഴപ്പായ പ്രധാനമായും നിസ്കാരത്തിനുവേണ്ടിയാണ് ഉപയോഗിച്ചിരുന്നത്. തഴപ്പായ നെയ്യുന്നതിനുള്ള കൈത പുഴയോരങ്ങളിലാണ് വളരുന്നത്. ഇപ്പോൾ അവ ലഭിക്കാത്തതുകൊണ്ട് തഴപ്പായ നെയ്യാൻ സാധിക്കുന്നില്ല. നേരത്തെ ഇത് കൊടുങ്ങല്ലൂർ, കരുനാഗപ്പള്ളി, തഴവ എന്നീ പ്രദേശങ്ങളിൽ നെയ്തിരുന്നു. ഇപ്പോൾ അത് നെയ്യുന്നതിന് അസംസ്കൃത വസ്തുവായ കൈത ലഭിക്കുന്നില്ല. നിലവിൽ നിസ്കരിക്കുന്നതിനുള്ള പായ സംസ്ഥാനത്തിനുപുറത്തുനിന്നും യഥേഷ്ടം വരുന്നുണ്ട്. ഈ വ്യവസായവും തൊഴിലാളികളും ധാരാളം പ്രതിസന്ധി നേരിടുന്നുണ്ട്. ബാംബൂ ബോർഡ് ഫാക്ടറി നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. സി.&എ.ജി. റിപ്പോർട്ടനുസരിച്ച് ബാംബൂ ബോർഡ് ഫാക്ടറിക്ക് 5 വർഷത്തിനിടയിൽ 13.79 കോടി രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. എനിക്ക് ഇവിടെ പ്രസംഗിക്കുന്നതിനുള്ള ആതറൈസേഷൻ പെട്ടെന്ന് ലഭിച്ചതുകൊണ്ട് അതിന്റെ റിപ്പോർട്ട് കൊണ്ടുവരാൻ കഴിഞ്ഞില്ല. 13.79 കോടി രൂപയുടെ നഷ്ടത്തിൽ പ്രവർത്തിക്കുന്ന തകർച്ചയിലേയ്ക്ക് പോയിക്കൊണ്ടിരിക്കുന്ന ആ സ്ഥാപനത്തിൽ കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്താണ് ബോർഡ് ആളുകളെ റിക്രൂട്ട് ചെയ്തത്. അതിനുമുമ്പ് നിയമിക്കപ്പെട്ടവർക്ക് കഴിഞ്ഞ 5 വർഷക്കാലമായി ശമ്പളമല്ലാതെ മറ്റൊരാനുകൂല്യവും നൽകുന്നില്ല. അത്തരത്തിൽ തകർന്നുപോയ സ്ഥാപനത്തിലേയ്ക്ക് ഈ ഗവൺമെന്റിന്റെ ഭരണകാലത്ത് വീണ്ടും ആളുകളെ റിക്രൂട്ട് ചെയ്യുന്നത് വലിയൊരു ദ്രോഹമാണ്. തകർന്നുകൊണ്ടിരിക്കുന്ന സ്ഥാപനത്തിലേയ്ക്ക് വീണ്ടും ആളുകളെ റിക്രൂട്ട് ചെയ്ത്, ആ സ്ഥാപനത്തിനെ വെള്ളാനയാക്കി മാറ്റുന്നത് ശരിയല്ല.

അതുകൊണ്ട് ഇക്കാര്യങ്ങൾ ഗവൺമെന്റ് പരിശോധിക്കുന്നതോടൊപ്പം പാരമ്പര്യ വ്യവസായത്തെ പുനരുദ്ധരിക്കുന്നതിനും നടപടി സ്വീകരിക്കണം. അങ്കമാലി, പെരുമ്പാവൂർ മേഖലയിലും തിരുവനന്തപുരം ജില്ലയിലെ ആര്യനാട് മേഖലയിലും ലക്ഷക്കണക്കിന് തൊഴിലാളികൾ പണിയെടുത്തിരുന്ന സ്ഥാനത്ത് ഇപ്പോൾ തൊഴിലാളികളുടെ എണ്ണം വളരെയധികം കുറഞ്ഞിട്ടുണ്ട്. ഇപ്പോൾ പരമാവധി 75,000 തൊഴിലാളികൾ മാത്രമാണുള്ളത്. ഈ മേഖലയിൽ തൊഴിൽ ചെയ്താൽ കുറഞ്ഞ വരുമാനമാണ് ലഭിക്കുന്നത്; കൂടാതെ ഇത് വളരെ മുഷിഞ്ഞ ജോലിയാണ്, ഈറ്റ ലഭിക്കാനും പ്രയാസം നേരിടുന്നുണ്ട്. ഈ സാഹചര്യത്തിൽ ആളുകൾ പുതിയ മേഖലകളിലേയ്ക്ക് പോകുകയാണ്. ശ്രീ. സണ്ണി ജോസഫും മലയോര മേഖലയിൽനിന്ന് വരുന്ന അംഗങ്ങളും കാട്ടുപന്നിയെ തുരത്തലുമായി ബന്ധപ്പെട്ട വിവരം കേന്ദ്രത്തിന് കൈമാറിയില്ലെന്ന് സൂചിപ്പിക്കുകയുണ്ടായി. ഈറ്റ വെട്ടുന്നതിന് മലയോരങ്ങളിലേയ്ക്ക് പോകുന്ന മാർഗ്ഗത്തിലാണ് കാട്ടുപന്നിയുടെ ശല്യം. കാട്ടുപന്നി പ്രശ്നം ഇവിടെ ധാരാളം ചർച്ച ചെയ്ത വിഷയമാണ്. കൃഷിക്കും മനുഷ്യജീവനും ഭീഷണിയായ കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുന്നതുമായി ബന്ധപ്പെട്ട് ജൂലൈ 8-ന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം സംസ്ഥാന പ്രിൻസിപ്പൽ സെക്രട്ടറിക്ക് കത്തയയ്ക്കുകയുണ്ടായി. ഈ പ്രശ്നം സഭയിൽ വന്നതിനെത്തുടർന്ന് ബഹുമാനപ്പെട്ട മന്ത്രി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ശാസിക്കുകയുണ്ടായി. എന്നാൽ കാട്ടുപന്നിയെ ക്ഷുദ്രജീവിയാക്കുന്നതിനുള്ള പ്രയാസംകൊണ്ടാണോ എന്നറിയില്ല, നാളിതുവരെയും കേന്ദ്രഗവൺമെന്റിന് അയയ്ക്കേണ്ട റിപ്പോർട്ട് അയച്ചിട്ടില്ല. ഈ വ്യവസായത്തെ സംരക്ഷിക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണം. ഗവൺമെന്റിന്റെ ഷെയർ 75 ശതമാനമായി ലിമിറ്റ് ചെയ്യുന്നത് ശരിയല്ല, അത് വർദ്ധിപ്പിക്കണം. തൊഴിലാളികൾക്ക് ക്ഷേമനിധിയിൽനിന്ന് നൽകുന്ന ആനുകൂല്യംകൂടി വർദ്ധിപ്പിക്കണമെന്ന് പറഞ്ഞുകൊണ്ട് നിരാകരണ പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. റോജി എം. ജോൺ: സർ, ഞാൻ നിരാകരണ പ്രമേയത്തെ പിന്താങ്ങുകയാണ്.

മി. സ്പീക്കർ: ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)-വിന്റെ മികച്ച മാതൃക അങ്ങ് പിന്തുടരണമെന്ന് അഭ്യർത്ഥിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ജോബ് മൈക്കിൾ]

ശ്രീ. റോജി എം. ജോൺ: സർ, നൂറുശതമാനം ബഹുമാനപ്പെട്ട സ്പീക്കറുടെ വികാരത്തോട് യോജിക്കുന്നതും ആ ചട്ടക്കൂടിനുള്ളിൽ നിൽക്കുന്നതുമായിരിക്കുമെന്ന് ആദ്യമേ അറിയിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ,

2000-ൽ പ്രവർത്തനമാരംഭിച്ച ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിനുകീഴിൽ ഒരു ലക്ഷത്തിൽപ്പരം തൊഴിലാളികൾ അംഗങ്ങളായിട്ടുണ്ട്. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) സൂചിപ്പിച്ചതുപോലെ, 2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ അവതരിപ്പിക്കുന്ന വേളയിൽ പുറത്തുവരുന്ന വാർത്തകൾ, ഈ ബോർഡ് ഫാക്ടറി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കമ്പനി ജീവനക്കാരുടെ ക്ഷേമനിധി ബോർഡിൽ ലയിപ്പിക്കാൻ പോകുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നുവെന്നാണ്. അതുകൊണ്ട് ഈ ഭേദഗതിക്ക് എന്ത് പ്രസക്തിയാണുള്ളതെന്നാണ് തൊഴിലാളികൾ ചോദിക്കുന്നത്. നിർദ്ധനരായിട്ടുള്ള, കൂടുതൽ സ്ത്രീകൾ തൊഴിലെടുക്കുന്ന അസംഘടിതമേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ ക്ഷേമനിധി ബോർഡാണിത്. ഈ ബോർഡ് സംഘടിത മേഖലയിലുള്ള തൊഴിലാളികളുടെ ബോർഡുമായി ലയിപ്പിക്കുന്നത് ഈ മേഖലയിൽ തൊഴിലെടുക്കുന്ന ഒരു ലക്ഷത്തിൽപ്പരം തൊഴിലാളികളുടെ താല്പര്യങ്ങൾക്ക് പൂർണ്ണമായും വിരുദ്ധമായിരിക്കുമെന്നു മാത്രമല്ല, അവർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ കൃത്യമായി ലഭിക്കില്ലെന്നതും ഒരു യാഥാർത്ഥ്യമായി മാറുന്നതാണ്. യു.പി.എ ഗവൺമെന്റിന്റെ ഭരണകാലത്ത് ആരംഭിച്ച ഇൻകം സപ്പോർട്ട് സ്കീം പ്രകാരം ഏകദേശം 1,250 രൂപ ഇതിലെ അംഗങ്ങൾക്ക് ഒരു വർഷം ലഭിക്കാനുള്ള സാഹചര്യം നിലനിൽക്കുന്നുണ്ട്. അസംഘടിതമേഖലയിൽ പ്രവർത്തിക്കുന്ന ഒരു ക്ഷേമനിധി ബോർഡ് എന്ന നിലയിലാണ് തൊഴിലാളികൾക്ക് ഇൻകം സപ്പോർട്ട് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഈ ബോർഡ് സംഘടിത മേഖലയിലുള്ള തൊഴിലാളികളുടെ ബോർഡുമായി ലയിപ്പിക്കുന്ന സാഹചര്യമുണ്ടായാൽ ഈ ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്നതാണ്. അത് തൊഴിലാളികളുടെ താല്പര്യങ്ങൾക്ക് തീർത്തും കടകവിരുദ്ധമായ നടപടിയായിരിക്കുമെന്നതുകൊണ്ട് സർക്കാർ അത്തരം ശ്രമത്തിൽനിന്നും പൂർണ്ണമായും പിന്മാറേണ്ടതാണ്. അസംഘടിത മേഖലയിൽ തൊഴിലെടുക്കുന്ന പാവപ്പെട്ട തൊഴിലാളികളുടെ താല്പര്യം സംരക്ഷിക്കുന്നതിന് സർക്കാരിന് ആത്മാർത്ഥതയുണ്ടെങ്കിൽ ഈ ബോർഡിനെ സംഘടിത മേഖലയിലെ തൊഴിലാളികളുടെ ബോർഡുമായി ലയിപ്പിക്കാനുള്ള നീക്കത്തിൽനിന്നും പൂർണ്ണമായും പിന്മാറണമെന്ന് ആമുഖമായി ആവശ്യപ്പെടുകയാണ്.

ഇതിൽ ലളിതമായ ഭേദഗതിയാണുള്ളതെന്നാണ് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചത്. തൊഴിലാളികളുടെ വിഹിതമായ അംശദായം 7 രൂപയിൽനിന്ന് 15 രൂപയായി ഉയർത്തുന്നു. ഇക്കാര്യം ബോർഡുകൂടി ശിപാർശചെയ്തതിന്റെ അടിസ്ഥാനത്തിൽ തൊഴിലാളികൾക്ക് കൊടുക്കേണ്ട ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടിയാണ് അംശദായം 7 രൂപയിൽ നിന്ന് 15 രൂപയാക്കുന്നതെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. ക്ഷേമനിധി ബോർഡുകളുമായി ബന്ധപ്പെട്ട് എല്ലാകാലത്തും

അനുവർത്തിച്ചിട്ടുള്ള മാനദണ്ഡമെന്നു പറയുന്നത്, എത്ര തുകയാണോ തൊഴിലാളി വിഹിതമായി വരുന്നത്, അതേ തുക തന്നെയാണ് സർക്കാരും വിഹിതമായി അടയ്ക്കുന്നത്. ഇവിടെ 7 രൂപ തൊഴിലാളികൾ അടച്ചുകൊണ്ടിരുന്നപ്പോൾ തൊഴിലുടമയും സർക്കാരും 7 രൂപ തന്നെയായിരുന്നു അടച്ചുകൊണ്ടിരുന്നത്. ഈ ഭേദഗതി നിയമത്തിലൂടെ തൊഴിലാളികളുടെ വിഹിതം 7 രൂപയിൽ നിന്നും 15 രൂപയായി വർദ്ധിപ്പിക്കുമ്പോൾ സർക്കാർ വിഹിതം 75 ശതമാനമായി പരിമിതപ്പെടുത്തുകയാണ് ചെയ്യുന്നത്. അതായത്, 15 രൂപയുടെ 75 ശതമാനമാണ് സർക്കാർ വിഹിതം. സർക്കാർ തൊഴിലാളികളുടെ ഒപ്പമാണ്, തൊഴിലാളികളുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കണമെന്നൊക്കെ പ്രസംഗിക്കുമ്പോൾ അത് പ്രവർത്തിപഥത്തിലെത്തിക്കണ്ടേ? അത് പ്രവർത്തിപഥത്തിലെത്തിക്കുന്നതിനും തൊഴിലാളികളും ബോർഡും ആഗ്രഹിക്കുന്ന തരത്തിലുള്ള ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നുവെങ്കിൽ എന്തിനാണ് സർക്കാർ വിഹിതം 75 ശതമാനമാക്കി പരിമിതപ്പെടുത്തുന്നത്? അത് 100 ശതമാനമാക്കി 15 രൂപതന്നെ സർക്കാർ കൊടുക്കാൻ തയ്യാറായെങ്കിൽ മാത്രമെ ബോർഡിന് ഫലപ്രദമായി ഇന്നത്തെ കാലഘട്ടത്തിനനുസരിച്ച് പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് ഈ ഭേദഗതിയിൽ സർക്കാരിന്റെ വിഹിതം 75 ശതമാനമാക്കി പരിമിതപ്പെടുത്തുമെന്ന നിർദ്ദേശം ഒഴിവാക്കി, തൊഴിലാളികൾ എത്ര വിഹിതമാണോ അടയ്ക്കുന്നത് അതേ വിഹിതംതന്നെ സർക്കാരും അടയ്ക്കുമെന്നുള്ള തീരുമാനം സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണം.

ഈ ഭേദഗതിയിലൂടെ തൊഴിലാളികളുടെ വിഹിതം വർദ്ധിപ്പിക്കുന്നതിനനുസൃതമായി അവർക്കുള്ള ആനുകൂല്യങ്ങളും ആനുപാതികമായി വർദ്ധിപ്പിക്കണ്ടേ? നിലവിൽ വിവാഹ ധനസഹായമായി ലഭിച്ചുകൊണ്ടിരിക്കുന്നത് കേവലം 3000 രൂപയാണ്. ഇന്നത്തെ കാലഘട്ടത്തിൽ വിവാഹ ധനസഹായമായി ലഭിക്കുന്ന 3000 രൂപവച്ച് എന്ത് ചെയ്യാൻ സാധിക്കുമെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. പ്രസ്തുത ധനസഹായം 10,000 രൂപയെങ്കിലുമായി ഉയർത്താനുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. നിലവിൽ സ്കോളർഷിപ്പ് ആനുകൂല്യമായി വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന 1000 രൂപയെന്നത് 5000 രൂപയെങ്കിലുമായി വർദ്ധിപ്പിക്കാൻ നടപടി കൈക്കൊള്ളണം. മറ്റ് പല ക്ഷേമനിധി ബോർഡുകളിലുമുള്ളതുപോലെ ഈ ക്ഷേമനിധി ബോർഡിൽ അംഗങ്ങളുടെ കുടുംബത്തിന് മരണാനന്തരസഹായം ലഭ്യമാക്കാത്ത സാഹചര്യത്തിൽ അത് ലഭ്യമാക്കാനും ക്ഷേമനിധി ബോർഡുവഴി റിട്ടയർമെന്റ് ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് ലഭ്യമാക്കാനും ബില്ലിൽ വ്യവസ്ഥ ചെയ്യണം. അങ്കമാലി നിയോജകമണ്ഡലത്തിലുൾപ്പെടെ ആയിരക്കണക്കിന് തൊഴിലാളികൾ ഈ ബോർഡിന്റെ ഭാഗമായി അംഗങ്ങളായിട്ടുണ്ട്. പനമ്പ് നെയ്ത്ത്

തൊഴിലാളികൾ ഏറ്റവും കൂടുതലുള്ള പ്രദേശത്തെയാണ് ഞാൻ പ്രതിനിധാനം ചെയ്യുന്നത്. ബാംബൂ കോർപ്പറേഷന്റെ ആസ്ഥാനം സ്ഥിതിചെയ്യുന്നതും എന്റെ നിയോജകമണ്ഡലത്തിലാണ്. ഈറ്റവെട്ട് തൊഴിലാളികളും ബാംബൂ മേഖലയിലും പനമ്പ് മേഖലയിലും പ്രവർത്തിക്കുന്ന തൊഴിലാളികളും വലിയ ദുരിതത്തിലാണ്. പ്രധാനമായും ഇതിനാവശ്യമായ അസംസ്കൃതവസ്തുവായ ഈറ്റ ലഭിക്കാത്തതാണ് ഗുരുതരമായ പ്രശ്നം. സാധാരണനിലയിൽ ഈറ്റ ലഭിച്ചുകൊണ്ടിരിക്കുന്നത് മൂന്നാർ റേഞ്ചിൽ നിന്നാണ്. വനം വകുപ്പും വ്യവസായ വകുപ്പും ബഹുമാനപ്പെട്ട മന്ത്രിയും മുൻകൈയെടുത്ത് മൂന്നാർ റേഞ്ചിൽനിന്നും തൊഴിലാളികൾക്ക് കൃത്യമായി ഈറ്റ ലഭ്യമാക്കുന്നതിനുള്ള നടപടി പൂർത്തീകരിച്ചെങ്കിൽ മാത്രമെ ഈ വ്യവസായം സുഗമമായി മുന്നോട്ടുപോകുകയുള്ളൂ. കോർപ്പറേഷന്റെ സമീപകാല ചരിത്രം പരിശോധിച്ചാൽ, അവിടെ കമ്മ്യൂണിറ്റി വീവിംഗ് സെന്ററുകളുണ്ടായിരുന്നു. അവിടങ്ങളിൽ ഈറ്റ ലഭ്യമാകാതെ നെയ്ത്ത് കേന്ദ്രങ്ങൾ ഏതാനും മാസങ്ങൾ അടഞ്ഞുകിടക്കുന്ന സാഹചര്യം പോലുമുണ്ടായി. പ്രത്യേകിച്ച് കോവിഡ്-19 പ്രതിസന്ധിയുടെ കാലഘട്ടത്തിൽ ഈറ്റയുടെ ലഭ്യതക്കുറവുമൂലം ഇത്തരം തൊഴിൽകേന്ദ്രങ്ങൾ അടഞ്ഞുകിടന്നതിന്റെ ഫലമായി അവിടത്തെ തൊഴിലാളികൾ പട്ടിണിയിലായപ്പോൾ പട്ടിണിമാറ്റി പ്രശ്നം പരിഹരിക്കുന്നതിന് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും യാതൊരു നടപടിയുമുണ്ടായില്ല. ഈ മേഖലയിൽ ഗാർഹിക തൊഴിലാളികളും തൊഴിൽ ചെയ്യുന്നുണ്ട്. കമ്മ്യൂണിറ്റി സെന്ററുകളിൽ ജോലിചെയ്യുന്നവരെക്കൂടാതെ വീടുകളിലിരുന്ന് നെയ്യുന്നവരുമുണ്ട്. വീടുകളിലിരുന്ന് നെയ്യുന്നവർക്ക് ഈറ്റ ലഭിക്കുന്നതിനായി യാതൊരു ക്രമീകരണവും നിലവിലില്ല. ഈറ്റയുടെ ലഭ്യതയും തൊഴിലാളികൾക്ക് തൊഴിലെടുക്കാനുള്ള സാഹചര്യവുമുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് സർക്കാർ മുൻകയ്യെടുക്കേണ്ടതാണ്.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ഈ മേഖലയിലെ പ്രശ്നങ്ങളാണ് ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)-വും അങ്ങും ചൂണ്ടിക്കാണിക്കുന്നത്. വീടുകളിലിരുന്ന് പനമ്പ് നെയ്യുന്ന തൊഴിലാളികളുമായി ബന്ധപ്പെട്ട പ്രശ്നത്തെക്കുറിച്ചാണ് അങ്ങ് പറഞ്ഞുകൊണ്ടിരിക്കുന്നത്. പെരുമ്പാവൂർ, കാലടി, അങ്കമാലി മേഖലകളിലെല്ലാം ഈ തൊഴിലാളികളുണ്ട്. പെരുമ്പാവൂർ, ചേരാനല്ലൂർ എന്നിവിടങ്ങളിൽ വീടുകളിലിരുന്ന് ഈറ്റ നെയ്യുന്നവർക്കുവേണ്ടി ഒരു സെന്റർ ആരംഭിച്ചെങ്കിലും വേണ്ടത്ര ഗുണമുണ്ടായില്ല. അതുമാത്രമല്ല, വീടുകളിലിരുന്ന് ഈറ്റ നെയ്യുന്ന തൊഴിലാളികൾക്ക് വേണ്ടത്ര ഡി.എ-യും മറ്റാനുകൂല്യങ്ങളും ലഭിക്കുന്നില്ലെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

1.00 PM]

ശ്രീ. അൻവർ സാദത്ത്: സർ, താങ്കൾ പനമ്പ് നെയ്ത്ത് തൊഴിലാളികളുടെ വിഷയങ്ങൾ വിശദമായി സൂചിപ്പിക്കുകയുണ്ടായി. ആലുവ നിയോജകമണ്ഡലത്തിലെ പാറപ്പുറം പഞ്ചായത്തിൽ ബാംബൂ കോർപ്പറേഷന്റെ കീഴിൽ പണിയെടുക്കുന്ന നിരവധി പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് ഈറ്റ ലഭിക്കുന്നില്ലെന്ന പ്രശ്നമുണ്ട്. അവർക്ക് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന തുച്ഛമായ വേതനത്തിൽ വർദ്ധനവ് വരുത്തണമെന്ന് അവിടത്തെ പഞ്ചായത്ത് പ്രസിഡന്റ് അടക്കമുള്ള മെമ്പർമാർ നിരന്തരം ആവശ്യപ്പെടുകയാണ്. അവരുടെ വേതനം വർദ്ധിപ്പിക്കുന്നതോടൊപ്പം ഡി.എ. കുടിശ്ശിക നൽകുന്നതിനും ഗവൺമെന്റ് മുൻകയ്യെടുക്കേണ്ടതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. റോജി എം. ജോൺ: സർ, ഞങ്ങളുടെ നിയോജകമണ്ഡലങ്ങളിലെ നിരവധിപേർ ഈ മേഖലയുമായി ബന്ധപ്പെട്ട് തൊഴിലെടുക്കുന്നതിനാൽ ആ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ നന്നായി മനസ്സിലാക്കുന്ന അംഗങ്ങളെന്ന നിലയിലാണ് ബഹുമാന്യരായ പെരുമ്പാവൂർ അംഗവും ആലുവ അംഗവും ഈ വിഷയം ഉന്നയിക്കുന്നത്. ഈ വിഷയം നിയമസഭയിൽ നിരവധി തവണ ഉന്നയിച്ചിട്ടുണ്ടെങ്കിലും കൃത്യമായ പരിഹാരമാർഗ്ഗമുണ്ടായിട്ടില്ലെന്നത് ഖേദകരമാണ്. ഏറ്റവും പാവപ്പെട്ടവരായ, പ്രത്യേകിച്ച് സ്ത്രീകൾ തൊഴിലെടുക്കുന്ന മേഖലയായതുകൊണ്ടാണ് ഈ വിഷയങ്ങൾ ആവർത്തിക്കുന്നത്. പനമ്പ് നെയ്ത്ത് കേന്ദ്രങ്ങളിലെ കാഴ്ച പരിതാപകരമാണ്. രാവിലെ മുതൽ വൈകുന്നേരംവരെ നിലത്ത് കുത്തിയിരുന്ന് പനമ്പ് നെയ്യുന്നവർക്ക് തുച്ഛമായ വേതനമാണ് ലഭിക്കുന്നത്. കഴിഞ്ഞ 40 മാസമായി അവർക്ക് ലഭിക്കേണ്ട ഡി.എ. കുടിശ്ശിക നൽകുന്നതിന് കോർപ്പറേഷനും ബോർഡും സർക്കാരും തയ്യാറായിട്ടില്ലെന്നത് ചിന്തിക്കാൻ കഴിയുമോ? ഈ മേഖലയിൽ പണിയെടുക്കുന്നവരോടുള്ള സർക്കാരിന്റെ സമീപനമെന്താണെന്ന് വെളിവാക്കുന്നതല്ലേ ഇത്? പെൻഡിംഗിലായ അവരുടെ ഡി.എ. കുടിശ്ശിക കൊടുത്തുതീർക്കാൻ നടപടിയുണ്ടാകണം. അവർക്ക് ലഭിക്കേണ്ട ചികിത്സാ ആനുകൂല്യങ്ങളുൾപ്പെടെയുള്ള കാര്യത്തിൽ സർക്കാരിന്റെ ഭാഗത്തുനിന്നും വലിയ വീഴ്ചയാണുണ്ടായിരിക്കുന്നത്. കോർപ്പറേഷനും ഈ മേഖലയും വലിയ നഷ്ടത്തിലാണെന്ന് സർക്കാർ പറയുമ്പോഴും തന്നിഷ്ടപ്രകാരം സ്വന്തക്കാരെ തിരുകിക്കയറ്റി കൂടുതൽ നഷ്ടത്തിലേയ്ക്ക് കോർപ്പറേഷനെ തള്ളിവിടുന്ന സമീപനമാണുണ്ടായിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട, വർഷങ്ങളായി നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് ബാംബൂ ബോർഡ് ഫാക്ടറി. അവിടത്തെ ജീവനക്കാർക്ക് കൃത്യമായ ശമ്പളമോ ആനുകൂല്യമോ ലഭ്യമാക്കാൻ കഴിയുന്നില്ല. വർഷങ്ങളായി പലരുടെയും റിട്ടയർമെന്റ്

ആനുകൂല്യങ്ങൾ തടഞ്ഞുവച്ചിരിക്കുകയാണ്. ഈ അവസരത്തിലാണ് പ്രസ്തുത കോർപ്പറേഷനിൽ ഏകദേശം 38 കോടി രൂപയുടെ ക്രമക്കേട് നടന്നിട്ടുണ്ടെന്ന സി.&എ.ജി-യുടെ റിപ്പോർട്ട് വരുന്നത്. ഒരു വശത്ത് കോർപ്പറേഷൻ പരിതാപകരമായ സാഹചര്യത്തിൽ വലിയ സാമ്പത്തിക പ്രതിസന്ധിയെ അഭിമുഖീകരിച്ച് പ്രവർത്തിക്കുന്നു, മറുവശത്ത് വലിയ ക്രമക്കേട് നടന്നിരിക്കുന്നുവെന്ന സി.&എ.ജി-യുടെ റിപ്പോർട്ട് വരുന്നു. അതുകൂടാതെ കൂടുതൽപേരെ അനധികൃതമായി നിയമിച്ചുകൊണ്ട് ഈ മേഖലയെയും കോർപ്പറേഷനെയും കൂടുതൽ നഷ്ടത്തിലേയ്ക്ക് തള്ളിവിടുന്ന കാഴ്ചയാണ് കണ്ടുകൊണ്ടിരിക്കുന്നത്. ഈ മേഖലയിലെ തൊഴിലാളികളോട് ഈ ഗവൺമെന്റിന് എന്തെങ്കിലും പ്രതിബദ്ധതയുണ്ടെങ്കിൽ അവരുടെ പ്രശ്നങ്ങൾ കൃത്യമായി മനസ്സിലാക്കി അത് പരിഹരിക്കുന്നതിന് നടപടിയുണ്ടാകണം. ഈ ബില്ലിലൂടെ തൊഴിലാളികളുടെ വിഹിതം 7 രൂപയിൽനിന്നും 15 രൂപയാക്കി മാറ്റുന്നതല്ലാതെ അതിനാനുപാതികമായി സർക്കാർ വിഹിതം വർദ്ധിപ്പിക്കാനോ ഈ മേഖലയുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാനോ നടപടിയുണ്ടാകാത്തത് പ്രതിഷേധാർഹമാണെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. ഷാഫി പറമ്പിൽ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, 2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-12-2021 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു. സംസ്ഥാനത്തെ ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളികൾക്കും ഈറ്റ, കാട്ടുവള്ളി, തഴ വ്യവസായങ്ങളിൽ സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്കും ആശ്വാസം നൽകുന്നതിനും അവരുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനും അവർക്ക് പെൻഷൻ നൽകുന്നതിനുംവേണ്ടി ഒരു നിധി രൂപീകരിക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടിയുള്ള ബില്ലാണിത്. ഓരോ ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളിയും ഈറ്റ, കാട്ടുവള്ളി, തഴ ഉല്പന്നങ്ങളുടെ തൊഴിലുടമയും സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരും ഓരോ മാസവും നിധിയിലേയ്ക്ക് അംശദായമായി അടയ്ക്കുന്ന ഏഴ് രൂപ 15 രൂപയാക്കി വർദ്ധിപ്പിച്ചിരിക്കുകയാണ്. ഇപ്രകാരം അംശദായം വർദ്ധിപ്പിച്ചപ്പോഴും അവരുടെ ആനുകൂല്യങ്ങൾ കാലോചിതമായി വർദ്ധിപ്പിക്കാത്തത് പ്രതിഷേധാർഹമാണ്. വിവാഹ ധനസഹായം സീനിയോരിറ്റിയനുസരിച്ച് 2000, 2500, 3000 രൂപയാണ്. പ്രസവ ധനസഹായം 1000 രൂപയും വിദ്യാഭ്യാസ ധനസഹായം/സ്കോളർഷിപ്പ് 1000 രൂപയുമാണ്. വിരമിക്കുന്നതിനുമുമ്പ് മരണപ്പെടുന്നവരുടെ കുടുംബത്തിന് അംശദായമായി അടച്ച തുകയും അതിന് തുല്യമായ തുകയുമാണ് നൽകിവരുന്നത്. ഇതൊക്കെ പരിഷ്കരിക്കേണ്ട കാലം അതിക്രമിച്ചിരിക്കുകയാണ്. പത്തുവർഷം

ഇതിൽ അംഗങ്ങളായിരിക്കുന്നവർക്ക് പത്ത് ലിറ്റർ പെട്രോൾ വാങ്ങേണ്ട പണമാണ് നിലവിൽ ലഭിക്കുന്നതെന്നതാണ് ഇപ്പോഴത്തെ സാഹചര്യം. ഒരു തൊഴിലാളിവർഗ്ഗ പാർട്ടി നേതൃത്വം കൊടുക്കുന്ന ഗവൺമെന്റ് പാവപ്പെട്ട തൊഴിലാളികൾക്ക് ഇതുപോലുള്ള ആനുകൂല്യങ്ങൾ നൽകുമ്പോൾ അത് വർദ്ധിപ്പിച്ചുനൽകേണ്ടത് അത്യാവശ്യമാണ്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, കഴിഞ്ഞ കാലഘട്ടങ്ങളിൽ, പ്രത്യേകിച്ച് കോവിഡ്-19 സാഹചര്യത്തിൽ ഈറ്റത്തൊഴിലാളികൾ ഏറ്റവുമധികം ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. പെരുമ്പാവൂർ മേഖലയിലെ തൊഴിലാളികൾ കൂട്ടംകൂടിവന്ന് പറയുന്നത് അവർക്കാവശ്യമുള്ള അസംസ്കൃത വസ്തുക്കൾ ലഭിക്കാത്തതിനെക്കുറിച്ചാണ്. അസംസ്കൃത വസ്തുക്കളുടെ അപര്യാപ്തതയാണ് ഈ മേഖലയിലെ ഏറ്റവുംവലിയ പ്രതിസന്ധി. കോർപ്പറേഷൻ 157 രൂപയ്ക്കാണ് തൊഴിലാളികൾക്ക് ഒരു കെട്ട് ഈറ്റ നൽകിയിരുന്നത്. ഇപ്പോൾ ഒരു സ്ഥലത്തും അത് ലഭിക്കാത്ത സാഹചര്യത്തിൽ സ്വകാര്യവ്യക്തികളിൽനിന്നും മുന്നൂറിലധികം രൂപയ്ക്ക് വാങ്ങേണ്ട ഗതികേടാണുള്ളത്. എന്നാൽ അതിനനുസൃതമായ തുക ഉല്പന്നങ്ങൾക്ക് ലഭിക്കാത്ത സാഹചര്യവും നിലനിൽക്കുന്നുണ്ട്. നിലവിലെ കോവിഡ് സാഹചര്യത്തിൽ മൂന്നാർ പോലുള്ള പ്രദേശങ്ങളിൽ ടൂറിസ്റ്റുകൾ സന്ദർശിക്കുന്നില്ല. അടിമാലി മേഖലയിലാണ് ഏറ്റവുമധികം കുട്ടവ്യാപാരമുള്ളത്. അവിടെയെത്തുന്ന ടൂറിസ്റ്റുകൾ ഇവ വാങ്ങാറുണ്ട്. നിലവിൽ ടൂറിസ്റ്റുകളുടെ എണ്ണം കുറഞ്ഞപ്പോൾ വിപണനവും കുറയുന്നുണ്ടെന്ന വസ്തുത നിലനിൽക്കുകയാണ്. അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവും അവയ്ക്ക് വർദ്ധിച്ച വില നൽകേണ്ടിവരുന്നതുമാണ് ഈ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ പ്രധാന ബുദ്ധിമുട്ടിന് കാരണമാകുന്നത്. പല സന്ദർഭങ്ങളിലും സ്വകാര്യമേഖലയിൽനിന്നും ലഭിക്കുന്ന ഈറ്റയുടെ വില വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, പ്രധാനപ്പെട്ട കാര്യമാണ് ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ സൂചിപ്പിച്ചത്. പെരുമ്പാവൂരിലും ചാലക്കുടിയിലും തൃശൂരുമുള്ള തൊഴിലാളികൾ ഇതിന്റെ ദുരിതം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. സാമൂഹ്യഘടനയിൽ ഏറ്റവും പിന്നാക്കം നിൽക്കുന്നവരാണ് ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളികൾ. ഇവരിൽ ഭൂരിഭാഗവും ആദിവാസികളും പട്ടികവർഗ്ഗക്കാരായ സ്ത്രീകളുമാണ്. ദിവസേന പത്തുമണിക്കൂറോളം ജോലി ചെയ്യുന്ന ഇവർക്ക് തുച്ഛമായ തുകയാണ് ഉല്പന്നത്തിന്റെ വിലയായി ലഭിക്കുന്നത്. ഇത് കണക്കിലെടുത്ത് ഇവർക്ക് ക്ഷേമനിധിയിൽനിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കേണ്ടതുണ്ട്. അസംഘടിത മേഖലയിൽ പണിയെടുക്കുന്ന ഒരുലക്ഷത്തി ഏഴായിരത്തോളം തൊഴിലാളികൾ അംഗങ്ങളായ

ഈ ക്ഷേമനിധി ബോർഡിനെ അടിസ്ഥാനപരമായി യാതൊരു ബന്ധവുമില്ലാത്ത ഫാക്ടറീസ് ആക്ട് പ്രകാരം പ്രവർത്തിക്കുന്ന ലേബർ വെൽഫെയർ ബോർഡിൽ ലയിപ്പിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അത്തരത്തിൽ ലയിപ്പിക്കുമ്പോൾ കേന്ദ്ര സർക്കാർ ഈ മേഖലയിലെ തൊഴിലാളികൾക്ക് താങ്ങായി നൽകുന്ന നിലവിലെ ആനുകൂല്യങ്ങൾ ഇല്ലാതാക്കുന്ന ഈ നീക്കത്തിൽനിന്ന് സർക്കാർ പിന്മാറണം. കോവിഡുമൂലം തൊഴിൽ നഷ്ടമായ പരമ്പരാഗത ഈറ്റ തൊഴിലാളികളെ സഹായിക്കാൻ സർക്കാർ തയ്യാറാകുന്നില്ല. കോവിഡ് കാലത്ത് പരമ്പരാഗത തൊഴിൽമേഖല നിശ്ചലമായിരുന്നു. ഈറ്റ ഉൾപ്പെടെയുള്ള അസംസ്കൃതവസ്തുക്കളുടെ ദൗർലഭ്യം കാരണം ആയിരക്കണക്കിന് കുടുംബങ്ങൾ തൊഴിൽരഹിതരായി. ഇതോടെ ഈ തൊഴിൽമേഖല അപ്രസക്തമാകുന്ന സ്ഥിതിയാണുള്ളത്. ബാംബൂ കോർപ്പറേഷനുവേണ്ടി ജോലി ചെയ്യുന്ന ഈറ്റ വെട്ടുകാർ, പനമ്പ് നെയ്ത്തുകാർ എന്നിവർക്ക് സർക്കാർ അനുവദിച്ച പണം ഇതുവരെ നൽകിയില്ലെന്ന ആക്ഷേപമുണ്ട്. ഈറ്റയുടെ ലഭ്യതക്കുറവുകാരണം ഈ മേഖലയിൽ ജോലി ചെയ്യുന്ന ആയിരക്കണക്കിന് തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കുന്നില്ല. കോവിഡ് നിയന്ത്രണങ്ങളിൽ ഇളവ് പ്രഖ്യാപിച്ച് പല മേഖലയും പഴയനിലയിലേയ്ക്ക് എത്തുമ്പോൾ ഈറ്റ, തഴ, മുള, ചൂരൽ, കാട്ടുവള്ളി തൊഴിലാളികളുടെ ദുരിതമകറ്റാൻ സർക്കാർ നടപടി സ്വീകരിക്കുന്നില്ല. ഈറ്റ വെട്ടുന്നതിന് അനുമതിയില്ലെന്നു മാത്രമല്ല, ബാംബൂ കോർപ്പറേഷൻ ഡിപ്പോകൾവഴി ഈറ്റ ലഭ്യമാക്കുന്നുമില്ല. കോവിഡ് കാലത്ത് അടച്ചുപൂട്ടിയ ഡിപ്പോകൾ ഇനിയും തുറന്നിട്ടില്ല. ഇവ തുറന്ന് ഈറ്റ ലഭ്യമാക്കിയാൽ മാത്രമെ വീടുകളിലിരുന്ന് പനമ്പ് നെയ്ത് അന്നത്തിന് വഴിതേടുന്ന കുടുംബങ്ങൾക്ക് രക്ഷപ്പെടാൻ കഴിയുകയുള്ളൂ. പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിന് കർമ്മപദ്ധതി തയ്യാറാക്കുമെന്ന് കാലാകാലങ്ങളിൽ പ്രഖ്യാപിക്കുമ്പോൾ ഒരു ആനുകൂല്യവും ജീവിതപുരോഗതിയുമില്ലാതെ ഈ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ അനുഭവിക്കുന്ന ദുരിതത്തിന് കണക്കില്ല. ഒരു കാലത്ത് പ്രതാപത്തിന്റെ കൊടുമുടിയിൽനിന്നിരുന്ന ഈ മേഖല ഇന്ന് നാശത്തിന്റെ പടുകുഴിയിലാണ്. പട്ടിണിയും പരിവട്ടവും മാത്രം കൂട്ടായതോടെ പാരമ്പര്യ തൊഴിലാളികൾ ഈ രംഗം കയ്യൊഴിയുന്നതും പുതിയ തലമുറ ഈ രംഗത്തേയ്ക്ക് കടന്നുവരാത്ത സ്ഥിതിയുമാണുള്ളത്. പട്ടികജാതി കോളനികൾ കേന്ദ്രീകരിച്ച് പ്രവർത്തിച്ചിരുന്ന സഹകരണസംഘങ്ങൾ ഇന്ന് ഓർമ്മയായിരിക്കുന്നു. യന്ത്രവത്കൃത നെയ്ത്ത് ശാലകളിൽ പണിയെടുക്കുന്ന ഒരു വിഭാഗത്തിനുമാത്രം സർക്കാർ ആനുകൂല്യം ലഭ്യമാക്കുമ്പോൾ വീടുകളിലിരുന്ന് പനമ്പ് നെയ്യുന്ന തൊഴിലാളികളെ കോർപ്പറേഷൻ അധികൃതർ അവഗണിക്കുകയാണ്. തൊഴിലാളികൾക്ക് അനുവദിച്ച ഡി.എ-യും നൽകുന്നില്ല. തൊഴിലാളി

പ്രതിനിധികളുമായി കോർപ്പറേഷൻ മാനേജ്മെന്റ് നടത്തിയ ചർച്ചയിൽ ബോണസും ഡി.എ-യും നൽകാൻ തീരുമാനിച്ചെങ്കിലും കടുത്ത പ്രതിസന്ധി നേരിട്ട കോവിഡ് കാലത്ത് തൊഴിലാളി കുടുംബങ്ങൾക്ക് ഒരു രൂപപോലും ലഭിച്ചില്ല.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ബഹുമാനപ്പെട്ട അംഗം ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളികൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന പ്രയാസങ്ങളെക്കുറിച്ചാണ് സൂചിപ്പിക്കുന്നത്. പനമ്പ്, മുറം, കുട്ട തുടങ്ങിയ ഉൽപ്പന്നങ്ങൾ എല്ലാവരും സുലഭമായി ഉപയോഗിച്ചിരുന്ന കാലഘട്ടമുണ്ടായിരുന്നു. ആധുനിക സംവിധാനങ്ങൾ വന്നതോടുകൂടി പനമ്പും മുറവും കുട്ടയുമൊക്കെ അപ്രത്യക്ഷമാകുകയും പുതിയ തലമുറയ്ക്ക് ഇതൊക്കെ അന്യമായിക്കൊണ്ടിരിക്കുകയുമാണ്. പരമ്പരാഗതമായി ഈ കുലത്തൊഴിലിലേർപ്പെട്ട് ഉപജീവനം നടത്തിയിരുന്ന ആയിരക്കണക്കിന് പാവപ്പെട്ട തൊഴിലാളികൾ പ്രതിസന്ധിയിൽപ്പെട്ട് ജീവിതം വഴിമുട്ടി നിൽക്കുകയാണ്. ഇത്തരം വിഭാഗങ്ങളെ സമുദ്ധരിക്കുന്നതിനുവേണ്ടി പ്രത്യേകമായൊരു പദ്ധതിക്ക് സർക്കാർ രൂപം നൽകേണ്ടതുണ്ട്. അവർ പരമ്പരാഗതമായ തൊഴിലിലേർപ്പെട്ട് നിർമ്മിക്കുന്ന മുറവും കുട്ടയും പനമ്പും ചുമലിലേറ്റി വീടുവീടാന്തരം കയറിയിറങ്ങി വിറ്റുകൊണ്ടിരിക്കുകയാണ്. അതൊക്കെ അവരിൽനിന്ന് വാങ്ങിയിരുന്നവരുണ്ടായിരുന്നു. ഇപ്പോൾ അത്തരത്തിൽ വാങ്ങുന്നത് നിർത്തി. ഇവർ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുന്ന ഘട്ടത്തിൽ ക്ഷേമനിധിയിലൂടെ നൽകുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കേണ്ടതുണ്ട്. ഈ പരമ്പരാഗത തൊഴിലിനെ ഫലപ്രദമാക്കി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാവശ്യമായ പദ്ധതികൾ സർക്കാർ രൂപീകരിക്കണം. ഇക്കാര്യത്തിൽ അങ്ങയുടെ അഭിപ്രായമെന്താണ്?

<u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: സർ, പ്രസക്തമായ കാര്യമാണ് അങ്ങ് സൂചിപ്പിച്ചത്. അതിരപ്പിള്ളി, ഷോളയാർ വനമേഖലകളിലാണ് ഈറ്റയും മുളയും ചൂരലും സുലഭമായുള്ളത്. ഇതിന്റെ ഭാഗമായാണ് കേരള സർക്കാർ എറണാകുളം ജില്ലയിലെ അങ്കമാലിയിൽ ബാംബൂ കോർപ്പറേഷൻ എന്ന സ്ഥാപനം ആരംഭിച്ചത്. തൃശ്ശൂർ ജില്ലയ്ക്കായി ചാലക്കുടിയിൽ ഒരു ഡിപ്പോയും ആരംഭിച്ചു. തൊഴിലാളികൾക്ക് ഈറ്റ, മുള, ചൂരൽ എന്നിവ വിതരണം ചെയ്തിരുന്നത് ഈ ഡിപ്പോയിൽനിന്നായിരുന്നു. എന്നാൽ ജീവനക്കാരില്ലാത്തതും ഉള്ള ജീവനക്കാർ വിരമിച്ചതുംമൂലം ചാലക്കുടി ഡിപ്പോയുടെ പ്രവർത്തനം താറുമാറായി. തൃശ്ശൂർ ജില്ലയിലെ ഏഴായിരത്തിലധികം തൊഴിലാളികളുടെ ജീവിതം ഇതുമൂലം ദുരിതത്തിലായി. വരവൂർ, ദേശമംഗലം, കൊടുങ്ങല്ലൂർ, വരടിയം, ഗുരുവായൂർ, ചാവക്കാട്, കുന്ദംകുളം, വടക്കാഞ്ചേരി, പഴയന്നൂർ, ചേലക്കര, തൃപ്രയാർ, കൈപ്പറമ്പ് തുടങ്ങിയ വടക്കുപടിഞ്ഞാറൻ മേഖലകളിലെ തൊഴിലാളികളെയും

ഇത് സാരമായി ബാധിച്ചു. കുലത്തൊഴിലായി ജീവിതം നയിക്കുന്ന പട്ടികജാതി, സാംബവ സമുദായമാണ് ഈ തൊഴിൽ ചെയ്ത് ജീവിക്കുന്നത്. പാക്കനാരുടെ പിൻതലമുറക്കാരായി അറിയപ്പെടുന്ന ഈ സമുദായത്തിന് ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിൽപ്പന നടത്തുന്നതിന് സഹകരണ സംഘങ്ങളുണ്ടായിരുന്നു. എന്നാൽ ഇന്ന് അതിന്റെ പ്രവർത്തനം നിലച്ചിരിക്കുകയാണ്. ചാലക്കുടി നിയോജകമണ്ഡലത്തിൽ ഈറ്റ, മുള എന്നിവയുടെ നെയ്ത്ത് തൊഴിലാക്കിയ നൂറുകണക്കിന് കുടുംബങ്ങളുണ്ട്. ഇവർക്ക് ഈറ്റ ലഭിച്ചിരുന്നത് ചാലക്കുടി കൂടപ്പുഴയിലുള്ള ബാംബൂ കോർപ്പറേഷന്റെ സബ് ഡിപ്പോയിൽനിന്നായിരുന്നു. ഇവിടെനിന്ന് ഈറ്റ വാങ്ങിക്കൊണ്ടുപോയി പലരും സംഘങ്ങളായും വീടുകളിലിരുന്നും കുട്ട, മുറം തുടങ്ങിയവ നെയ്തുണ്ടാക്കി വിപണിയിലെത്തിക്കുകയും ഓർഡർ പ്രകാരം വീടുകളിൽ എത്തിക്കുകയുമായിരുന്നു. ഇവയ്ക്ക് ഓണക്കാലത്ത് വൻ ഡിമാന്റുണ്ടായിരുന്നു. എന്നാൽ പ്രളയത്തിനുശേഷം ബാംബൂ കോർപ്പറേഷൻ ചാലക്കുടി ഡിപ്പോയിൽനിന്ന് ഈറ്റ വിതരണം നിർത്തുകയുണ്ടായി. ഇവിടെനിന്നും ഈറ്റ ലഭിക്കാത്ത സാഹചര്യത്തിൽ അങ്കമാലിയിലെ ബാംബൂ കോർപ്പറേഷൻ കേന്ദ്രത്തിൽനിന്നാണ് പലരും ഈറ്റ ശേഖരിച്ച് തൊഴിൽ നിലനിർത്തിയിരുന്നത്. എന്നാൽ വാഹന വാടകയിനത്തിൽ വലിയ തുക കൊടുക്കേണ്ടി വന്നതോടെ ഇവിടെനിന്നും ഈറ്റ എത്തിക്കുന്നത് ലാഭകരമല്ലാതായി. നായരങ്ങാടി, എലഞ്ഞിപ്ര, കുരുന്നുകുന്ന്, ഉറുമ്പൻകുന്ന്, കൂടപ്പുഴ എന്നിവിടങ്ങളിലാണ് കൂടുതൽ നെയ്ത്ത് കുടുംബങ്ങളുള്ളത്. പരമ്പരാഗത നെയ്ത്തുകാരുടെ ഉൽപ്പന്നങ്ങൾ വിൽക്കുന്നതിന് ചാലക്കുടി ചന്തയിൽ വിപണന കേന്ദ്രവുമുണ്ട്. പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾക്ക് നിയന്ത്രണം വന്നതോടെ പരമ്പരാഗത ഈറ്റ ഉൽപ്പന്ന വിപണി സജീവമായതാണ്. ഇതിനിടയിലാണ് ഈറ്റക്ഷാമം തിരിച്ചടിയായത്. ആദ്യകാലങ്ങളിൽ പരമ്പരാഗത തൊഴിലാളികൾക്ക് കാടുകളിൽനിന്ന് നേരിട്ട് ഈറ്റ വെട്ടിയെടുത്ത് തലച്ചുമടായി കൊണ്ടുവരാൻ പാസ്സ് അനുവദിച്ചിരുന്നു. എന്നാൽ വനനിയമങ്ങൾ കർശനമാക്കിയതോടെ ആ സൗകര്യം നിർത്തലാക്കി. അതിനുപകരമായാണ് ഡിപ്പോ വഴി വിതരണം ചെയ്യുന്ന സംവിധാനമൊരുക്കിയത്. ഈറ്റ ശേഖരണം പുനരാരംഭിച്ച് ഡിപ്പോകൾ തുറന്ന് ഈറ്റവെട്ട് തൊഴിലാളികളെയും പരമ്പരാഗത കുടിൽ വ്യവസായ തൊഴിലാളികളെയും സംരക്ഷിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം. അംശദായം വർദ്ധിപ്പിച്ചിട്ടും ക്ഷേമനിധിയിൽനിന്നുള്ള ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിക്കാത്ത ബില്ലിലെ ഭേദഗതികളോട് ഒരിക്കൽക്കൂടി വിയോജിപ്പ് രേഖപ്പെടുത്തിക്കൊണ്ട് എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എ. സി. മൊയ്തീൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. ജി. സ്റ്റീഫൻ: സർ, 2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ

ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ബഹുമാന്യരായ അംഗങ്ങൾ ഈ സഭയിൽ ഉന്നയിച്ച, തൊഴിലാളികളെ ബാധിക്കുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുവേണ്ടി ക്ഷേമനിധി ബോർഡ് മുന്നോട്ടുവച്ച നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് ഈ നിയമത്തിന് സർക്കാർ ഭേദഗതികൾ സഭ മുമ്പാകെ കൊണ്ടുവന്നിരിക്കുന്നത്. ഈ പരമ്പരാഗത മേഖലയിൽ തൊഴിലെടുക്കുന്ന തൊഴിലാളികൾ പലഘട്ടങ്ങളിൽ വലിയ പ്രതിസന്ധി നേരിടുന്നുവെന്നത് വസ്തുതാപരമാണ്. കാട്ടാന, കാട്ടുപോത്ത്, കരടി തുടങ്ങിയ വന്യമൃഗങ്ങളുടെ ആക്രമണത്തെ നേരിട്ടാണ് ദുർഘടമായ വനപ്രദേശങ്ങളിൽനിന്ന് ഈറ്റയും കാട്ടുവള്ളിയും വെട്ടി ഈ തൊഴിലിൽ തൊഴിലാളികൾ ഏർപ്പെട്ടിട്ടുള്ളത്. തലച്ചുമടായി മൈലുകൾ സഞ്ചരിച്ചാണ് വനത്തിനുള്ളിൽനിന്നും അവർ ഈറ്റ വീടുകളിലും കുടിലുകളിലും എത്തിച്ചതിനുശേഷം മനോഹരമായ കുട്ട, വട്ടി, പനമ്പ്, തഴപ്പായ, കരകൗശല വസ്തുക്കൾ തുടങ്ങിയവ നിർമ്മിക്കുന്നത്. ഈ വിഭാഗത്തിലെ തൊഴിലാളികൾ മഹത്തായ സംസ്കാരത്തിന്റെ ജീവസ്സുറ്റ അടയാളങ്ങളാണ്. ഈ വിഭാഗത്തിലെ തൊഴിലാളികൾക്ക് ഏറ്റവുംകുറഞ്ഞ കൂലിയാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്.

<u>ശ്രീ. ഡി. കെ. മുരളി</u>: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, ഈറ്റയും കാട്ടുവള്ളിയുമൊക്കെ വനപ്രദേശങ്ങളിൽ നിന്നാണ് വെട്ടിക്കൊണ്ടുവരേണ്ടത്. പലപ്പോഴും അതിന്റെ ലഭ്യതക്കുറവുണ്ടാകുന്നുണ്ട്. നദീതീരങ്ങളിലും മറ്റും ഈറ്റയും കാട്ടുവള്ളിയും നട്ടുപിടിപ്പിക്കാനും അതിനെ പ്രോത്സാഹിപ്പിക്കാനും തയ്യാറായാൽ അസംസ്കൃത വസ്തുക്കളുടെ ലഭ്യത വർദ്ധിപ്പിക്കാൻ സാധിക്കില്ലേ; അക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. ജി. സ്റ്റീഫൻ</u>: സർ, ഈ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപ്പിലാക്കേണ്ട സമീപനത്തെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്. വനത്തിനുള്ളിൽ ആവശ്യത്തിന് ഈറ്റയും കാട്ടുവള്ളിയും ലഭിക്കുന്നില്ലെന്ന അഭിപ്രായം നിലനിൽക്കുന്ന സാഹചര്യത്തിൽ അത് നട്ടുപിടിപ്പിച്ച് ഈ മേഖലയിലെ തൊഴിലാളികൾക്ക് ആവശ്യത്തിന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടത് അനിവാര്യമാണ്. ഈ രംഗത്ത് തൊഴിലെടുക്കുന്ന തൊഴിലാളികൾ സമൂഹത്തിലെ ഏറ്റവും പിന്നാമ്പുറത്ത് നിൽക്കുന്നവരും ദുർബ്ബലരും അവശത അനുഭവിക്കുന്നവരുമാണ്. വനാന്തരങ്ങളിൽ കഴിയുന്ന ഇവർ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവരും ദുർബല ജനവിഭാഗത്തിൽ പെടുന്നവരുമാണ്.

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ, അങ്ങ് സൂചിപ്പിച്ചതുപോലെ ഏറ്റവും ദുർബ്ബലരും പിന്നാക്ക വിഭാഗത്തിൽപ്പെട്ടവരുമായ ജനവിഭാഗമാണ് ഈ

മേഖലയുമായി ബന്ധപ്പെട്ടിരിക്കുന്നത്. പറയിപെറ്റ പന്തിരുകുലത്തിലെ പാക്കനാർ വിഭാഗത്തിൽപ്പെട്ട, സംസ്ഥാനത്തെ പാലക്കാട്ടുള്ള കവറ സമുദായം എന്ന വിഭാഗത്തിൽപ്പെട്ടവരാണ് അവരുടെ കുലത്തൊഴിലായി വട്ടി, മുറം, കുട്ട, കൊയ്ത്തുകാലങ്ങളിലുള്ള കറ്റപ്പരമ്പ് അല്ലെങ്കിൽ കറ്റപ്പനമ്പ് എന്നിവ നെയ്തെടുക്കുന്നത്. പണ്ടുപണ്ടേ വനാന്തരങ്ങളിൽനിന്നും പാസ്സ് നൽകിക്കൊണ്ട് തലച്ചുമടായി കൊണ്ടുവരുന്ന രീതിയുണ്ടായിരുന്നു. ഇപ്പോൾ പാസ്സ് കൊടുക്കുന്ന കാര്യത്തിലും വനം വകുപ്പിന്റെ ഭാഗത്തുനിന്നും വലിയ പ്രശ്നങ്ങൾ സൃഷ്ടിക്കുകയാണ്. കോർപ്പറേഷൻ നേരിട്ടാണ് ഇവ നൽകിയിരുന്നത്. അതിനുള്ള ഡെയിനിംഗ് സെന്ററുകളും നാട്ടിലുണ്ടായിരുന്നു. ഇപ്പോൾ ഡെയിനിംഗ് സെന്ററിലേയ്ക്കാവശ്യമായ മുളപോലും ലഭിക്കാത്ത അവസ്ഥയാണുള്ളത്. ഇവർ പ്രത്യേക ഭാഷയാണ് സംസാരിക്കുന്നത്. ആ നിലയ്ക്ക് ഒരു സാംസ്കാരികതയും ജീവിതക്രമവും നിലനിർത്തുന്നതിനുള്ള ചുമതലയും കോർപ്പറേഷൻ ഏറ്റെടുക്കണമെന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്കാവശ്യമായ മുളയും മറ്റും സുലഭമായി ലഭിക്കുന്ന വനാന്തരങ്ങളിൽനിന്ന് ശേഖരിച്ച് വനം വകുപ്പ് മുഖാന്തരം കൊണ്ടെത്തിക്കുന്നതിനുള്ള ഇടപെടൽകൂടി നടത്തണമെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. ജി. സ്റ്റീഫൻ</u>: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് ഈ തൊഴിൽമേഖലയുമായി ബന്ധപ്പെട്ട് നിലവിൽ നിലനിൽക്കുന്ന സാഹചര്യങ്ങളാണ്. ഇത് പരിഹരിക്കുന്നതിന് കോർപ്പറേഷന്റെയും ഗവൺമെന്റിന്റെയും ഭാഗത്തുനിന്നുള്ള സത്വര നടപടിയുണ്ടാകണമെന്നത് വസ്തുതാപരമാണ്. ഇത്തരം തൊഴിലെടുത്ത് ജീവിക്കുന്ന ജനവിഭാഗങ്ങൾ സംസ്ഥാനത്തിന്റെ മലയോരപ്രദേശങ്ങളിൽ അധിവസിക്കുന്നുണ്ടെന്നത് വസ്തുതയാണ്. ഞാൻ പ്രതിനിധാനം ചെയ്യുന്ന അരുവിക്കര നിയോജകമണ്ഡലത്തിലെ നാല് പഞ്ചായത്ത് പ്രദേശങ്ങളിൽ ഈ വിഭാഗത്തിലുള്ള ജനങ്ങൾ അധിവസിക്കുന്നുണ്ട്. വനാന്തരങ്ങളിൽ ഈറ്റ ശേഖരിക്കാൻ പോകുമ്പോൾ ആന, കാട്ടുപോത്ത്, കരടി, കാട്ടുകടന്നൽ എന്നിവയുടെ ആക്രമണത്തിൽ നിരവധിയാളുകൾ മരണപ്പെടുന്ന സംഭവങ്ങളുണ്ടായിട്ടുണ്ട്. ഈറ്റ ശേഖരിക്കുന്നതിനായി ഇവർക്ക് ഒരു ദിവസം മുതൽ 7 ദിവസം വരെയാണ് വനമേഖലയിൽ താമസിക്കേണ്ടി വരുന്നുണ്ട്. ഈ സമയങ്ങളിൽ ഇവർ പല അപകടങ്ങളിലും പെട്ടുപോകാറുണ്ട്. വനം വകുപ്പിന്റെ കർശന നിയന്ത്രണങ്ങൾ ഈ രംഗത്തെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്ന സാഹചര്യം ഉണ്ടാകുന്നതായി തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളടക്കം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇത്രയും കഷ്ടപ്പെട്ട് ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് തുച്ഛമായ വരുമാനമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഈറ്റ വെട്ടി

സമ്പന്നരായ ഒരു തൊഴിലാളിപോലും സംസ്ഥാനത്തുണ്ടായിട്ടുണ്ടെന്ന് നാളിതുവരെ മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ ഇടനിലക്കാരായ പലയാളുകളും വലിയ സമ്പന്നരായ ചരിത്രമാണ് ഈറ്റത്തൊഴിൽ മേഖലയിലെ തൊഴിലാളികൾ പല ഘട്ടത്തിലും പറഞ്ഞിട്ടുള്ളത്. അതുകൊണ്ട് തൊഴിലാളികളെ നേരിട്ട് സഹായിക്കുന്നതിനുള്ള സമീപനം കോർപ്പറേഷൻ കൂടുതലായി ഏറ്റെടുക്കേണ്ടതുണ്ട്.

ഈറ്റ വെട്ടുന്നവരും ചുമക്കുന്നവരും ഒഴിച്ചുള്ള ബഹുഭൂരിപക്ഷംപേരും സ്ത്രീ തൊഴിലാളികളാണെന്നത് ഈ തൊഴിൽ മേഖലയുടെ പ്രത്യേകതയാണ്. ഈ തൊഴിൽമേഖലയെ ശക്തിപ്പെടുത്തേണ്ടത് സ്ത്രീശാക്തീകരണത്തിനും സ്ത്രീകളുടെ വരുമാനം വർദ്ധിപ്പിക്കേണ്ടതിനും അനിവാര്യ ഘടകമാണ്. ശാസ്ത്ര-സാങ്കേതിക രംഗം ലോകത്ത് ഇത്രയേറെ വളർച്ച പ്രാപിച്ച ഈ കാലഘട്ടത്തിൽ താഴേക്കിടയിലുള്ള ഇത്രയും ദുർഘടമായ മേഖലകളിൽ തൊഴിലെടുക്കുന്ന തൊഴിലാളികളെ വലിയ അളവിൽ സഹായിക്കുന്നതിനുള്ള സമീപനം സ്വീകരിക്കേണ്ടതാണ്. എന്തൊക്കെ വികസനം നടത്തിയാലും പാവപ്പെട്ടവരുടെയും സാധാരണക്കാരുടെയും ജീവിതം എത്ര ഉയർന്നുവെന്നുള്ളതാണ് പല ഘട്ടങ്ങളിലും പരിശോധിക്കുന്നത്.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, അങ്ങ് ശാസ്ത്ര-സാങ്കേതിക രംഗത്തെ വികസനത്തെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. ഈറ്റയും മുളയും കിട്ടാതെയാകുമ്പോൾ, അസംസ്കൃത വസ്തുക്കളില്ലാതാകുമ്പോൾ, സ്വാഭാവികമായും പ്ലാസ്റ്റിക്കുമായി ബന്ധപ്പെട്ട അതേ തരത്തിലുള്ള കുട്ട, മുറം തുടങ്ങിയ ഉല്പന്നങ്ങൾ വിപണിയിലിറങ്ങും. വിപണിയിലിറങ്ങുന്ന അത്തരം ഉല്പന്നങ്ങൾക്ക് ചിലപ്പോൾ ഇതിനേക്കാൾ വില കുറവായിരിക്കും. അങ്ങനെ വരുമ്പോൾ ഇതും ഈ പരമ്പരാഗത വ്യവസായത്തെ ഗുരുതരമായ രീതിയിൽ ബാധിക്കുന്നുണ്ടെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. ജി. സ്റ്റീഫൻ</u>: സർ, ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ സൂചിപ്പിച്ച വിഷയം ബിൽ ചർച്ച ചെയ്യുന്ന ഘട്ടത്തിൽ ശ്രദ്ധയിൽപ്പെട്ട കാര്യമാണ്. സ്വാഭാവികമായും പരമ്പരാഗത മേഖലയിലെ ഈ തൊഴിൽ കൃത്യമായി ചെയ്യുന്നതിനുള്ള സാഹചര്യങ്ങൾ ഇല്ലാതെവരുന്ന ഘട്ടത്തിൽ യന്ത്രവത്കൃത സാധനങ്ങൾ ഉല്പാദിപ്പിച്ച് വിപണിയിലെത്തിക്കുന്ന രീതി തടയുന്നതിനുവേണ്ടി ഫലപ്രദമായ നടപടി സ്വീകരിക്കേണ്ടതുണ്ട്. അതിലേയ്ക്കായി നിർബന്ധമായും ഈ വ്യവസായത്തെ സംരക്ഷിക്കണം. ഈ മേഖലയിൽ പണിയെടുക്കുന്ന ജനവിഭാഗങ്ങൾക്ക് അവരുടെ സുരക്ഷിതത്വവും സാമൂഹ്യസമത്വവും ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതുണ്ട്. തൊഴിൽ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന 16

ക്ഷേമനിധി ബോർഡുകളിൽ ഏറ്റവും ബുദ്ധിമുട്ടും പ്രയാസവും അനുഭവിക്കുന്ന തൊഴിൽ മേഖലയാണ് ഈറ്റയും കാട്ടുവള്ളിയും പനമ്പും എന്നുള്ള കാര്യം എല്ലാവർക്കുമറിയാം. ഇതുമായി ബന്ധപ്പെട്ട നിയമം ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ സഖാവ് ഇ. കെ. നായനാർ മുഖ്യമന്ത്രിയായിരുന്ന കാലഘട്ടത്തിലാണ് (1998 ആഗസ്റ്റ് 10-ന്) നിലവിൽ വന്നത്. 1999 ജൂൺ 18-ന് സംസ്ഥാനത്ത് നിലവിൽ വന്ന ക്ഷേമനിധി ചട്ടങ്ങളും ക്ഷേമനിധി പദ്ധതിയുമാണ് ഈ മേഖലയിലെ തൊഴിലാളികൾക്ക് ഏക ആശ്വാസമായി ഇന്നും പ്രവർത്തിക്കുന്നത്. ഈറ്റ, പനമ്പ് മേഖലയുടെ ക്ഷേമത്തിനുവേണ്ടി, 1970-ൽ കേരള സ്റ്റേറ്റ് ബാംബു കോർപ്പറേഷൻ നിലവിൽ വരികയും 1979-ൽ തിരുവനന്തപുരം ജില്ലയിലെ ആര്യനാട് ഒരു വിതരണ കേന്ദ്രം ആദ്യമായി ആരംഭിക്കുകയും ചെയ്തു. ജില്ലയിൽ കൂടുതൽ ഡിപ്പോകൾ പ്രവർത്തിക്കുന്നത് ഞാൻ പ്രതിനിധാനം ചെയ്യുന്ന അരുവിക്കര നിയോജകമണ്ഡലത്തിലാണ്. ആയിരക്കണക്കിനാളുകൾ കോർപ്പറേഷനിലൂടെ ലഭിക്കുന്ന ഈറ്റകൊണ്ട് ഉപജീവനം നടത്തിപ്പോരുകയാണ്. തൊഴിലാളികളുടെ പേരിൽ പെർമിറ്റ് വാങ്ങിയശേഷം ഈറ്റ മുഴുവൻ ഇടനിലക്കാർ കാട്ടിൽനിന്നും വെട്ടിക്കൊണ്ടുപോകുന്ന സ്ഥിതിവിശേഷവും ഉണ്ടാകുന്നുണ്ട്. ഈ കാലയളവിൽ യഥാർത്ഥ തൊഴിലാളികളെ രക്ഷിക്കാൻ കോർപ്പറേഷൻ നിരവധി പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ഡി.എ. കുടിശ്ശിക നൽകുന്നതിനുള്ള പ്രഖ്യാപനം സർക്കാർ നടത്തുകയും ഓണക്കാലത്ത് 20 മാസത്തെ ഡി.എ. കുടിശിക നൽകാൻ തയ്യാറാകുകയും ചെയ്തിട്ടുണ്ട്. മുള വച്ചുപിടിപ്പിക്കുന്നതിനുള്ള പദ്ധതികളും കോർപ്പറേഷന്റെ നേതൃത്വത്തിൽ നടക്കുന്നുണ്ട്. അങ്കമാലി കേന്ദ്രമാക്കി 1970-ൽ കേരള സ്റ്റേറ്റ് ബാംബു കോർപ്പറേഷൻ നിലവിൽവന്നു. കോവിഡ് കാലഘട്ടപ്രതിസന്ധിയെ തരണം ചെയ്യുന്നതിനായി സർക്കാർ ഒട്ടേറെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കോവിഡ് കാലഘട്ടത്തിൽ തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളെ സഹായിക്കുന്നതിനുള്ള സഹായപദ്ധതികൾ സർക്കാർ ആരംഭിച്ചിട്ടുണ്ട്. 10323 തൊഴിലാളികൾക്ക് ക്ഷേമനിധി ബോർഡിൽനിന്നും പെൻഷൻ നൽകിവരുന്നുണ്ട്. കഴിഞ്ഞ സാമ്പത്തികവർഷം പ്രസവ ധനസഹായമായി 836 പേർക്ക് 1,25,40,000 രൂപയും വിവാഹ ധനസഹായമായി 176 പേർക്ക് 5,21,000 രൂപയും കോവിഡ് ധനസഹായമായി 68068 പേർക്ക് 6,92,35,000 രൂപയും വിതരണം ചെയ്തിട്ടുണ്ട്.

സാമ്പത്തിക താങ്ങൽ പദ്ധതിയുടെ ഭാഗമായി 80379 അപേക്ഷകൾ ഇതിനകം ലഭിക്കുകയും 5 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കോവിഡ് ധനസഹായമായി 9 കോടി രൂപ ഈ മേഖലയിലെ തൊഴിലാളികൾക്ക് നൽകാനും സർക്കാർ തയ്യാറായിട്ടുണ്ട്. തുച്ഛമായ അംശദായം പിരിച്ചെടുക്കുന്നതാണ് ഈ

ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ കൃത്യമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് തടസ്സമായി നിൽക്കുന്നത്. ഇത് പരിഹരിക്കുന്നതിനുവേണ്ടി ക്ഷേമനിധി ആക്ടിലെ 4-ാം വകുപ്പ് ഭേദഗതി ചെയ്യാനുള്ള നിർദ്ദേശമാണ് സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുള്ളത്. ക്ഷേമനിധി ബോർഡിൽനിന്നുള്ള നിർദ്ദേശപ്രകാരമാണ് ഇത്തരത്തിലുള്ള ഒരു നിയമനിർമ്മാണത്തിന് സർക്കാർ തയ്യാറാകുന്നത്. തൊഴിലാളി വിഹിതമായ 7 രൂപയും തൊഴിലുടമാ വിഹിതമായ 7 രൂപയും ഒരു വർഷം വരെ അംശദായത്തിന് തുല്യമായ തുക സർക്കാരിന്റേതുമായിട്ടാണ് നൽകിക്കൊണ്ടിരിക്കുന്നത്. ഇതിൽ മാറ്റംവരുത്തി തൊഴിലാളിയുടെ വിഹിതം 15 രൂപയാക്കാനുള്ള തീരുമാനമാണ് പ്രധാനമായും വരുന്നത്. അത്തരത്തിൽ തീരുമാനം കൈക്കൊള്ളുമ്പോൾ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചുകൊടുക്കാനും പുതിയ ആനുകൂല്യങ്ങൾ കൂടുതലായി നൽകുന്നതിനും തീരുമാനമുണ്ടാകണം. ബോർഡിന്റെ പ്രവർത്തനം അംശദായത്തിന്റെയും മാച്ചിംഗ് ഗ്രാന്റിന്റെയും അടിസ്ഥാനത്തിലാണ് നടന്നുകൊണ്ടിരിക്കുന്നത്. ഇതിൽനിന്നാണ് ദൈനംദിന ചെലവുകൾക്കുള്ള വരുമാനം കണ്ടെത്തുന്നത്. നിലവിൽ ബോർഡിലെ ജീവനക്കാരുടെ എണ്ണം വളരെക്കുറവായ സാഹചര്യത്തിൽ അവരുടെ എണ്ണം വർദ്ധിപ്പിച്ച് ബോർഡിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തണം. അങ്കമാലിയിലെ ബാംബൂ കോർപ്പറേഷൻ കെട്ടിടത്തിന്റെ ഓഫീസ് പ്രവർത്തിക്കുന്നത് ടൗണിൽ നിന്നും 3 കിലോമീറ്റർ അകലെയാണ്. ഇത് ടൗണിലെ സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റിയാൽ സാധാരണക്കാരായ തൊഴിലാളികൾക്ക് അവരുടെ ആവശ്യങ്ങൾക്കുവേണ്ടി ബോർഡിനെ സമീപിക്കുന്നതിന് കൂടുതൽ സൗകര്യമുണ്ടാകും. കേരളത്തിലെ ഏറ്റവും പ്രയാസമനുഭവിക്കുന്ന തൊഴിലാളി വിഭാഗത്തിന്റെ ക്ഷേമത്തിനുവേണ്ടി ഈ ഭേദഗതി അംഗീകരിച്ച് നിയമം പാസ്സാക്കിയാൽ ആ വിഭാഗം തൊഴിലാളികൾക്ക് അവരുടെ തൊഴിലുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നല്ലരീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ കഴിയും. ഉൾനാടുകളിലും വനാന്തരങ്ങളിലും യാത്ര ചെയ്ത് കഠിനപ്രയത്നത്താൽ ഈറ്റ ശേഖരിക്കുന്ന തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് ഈ ബിൽ പാസ്സാക്കേണ്ടത് അനിവാര്യമാണ്. അതുകൊണ്ടുതന്നെ ഈ ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

Dr. M. K. Muneer: Sir, I move that- "This House resolves to disapprove The Kerala Shops and Commercial Establishments Labour Welfare Fund (Amendment) Ordinance, 2021 (Ordinance No. 121 of 2021)" 1960-ലെ കേരള ഷോപ്പ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിന്റെ പരിധിയിൽ വരുന്നതും 18 വയസ്സ് പൂർത്തിയായിരിക്കുകയും എന്നാൽ 55 വയസ്സ്

പൂർത്തിയാകാത്തതും ആക്ടിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നതുമായ ഏതൊരു തൊഴിലാളിക്കും സ്വന്തമായി തൊഴിൽ ചെയ്യുന്നവർക്കും മൂന്ന് മാസത്തെ സേവനം പൂർത്തിയാക്കുന്നമുറയ്ക്ക് ക്ഷേമനിധിയിൽ അംഗമാകാവുന്നതാണ്. ഞാൻ ഈ ബില്ലിന്റെ പരിധിയിൽ നിന്നുകൊണ്ട് പ്രധാനപ്പെട്ട രണ്ട് കാര്യങ്ങളാണ് ഉന്നയിക്കാൻ ആഗ്രഹിക്കുന്നത്. ആക്ടിലെ 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ഓരോ അംഗവും പ്രതിമാസം 50 രൂപ നിധിയിലേയ്ക്ക് അംശദായം നൽകേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. 4-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം ഓരോ തൊഴിലുടമയും പ്രതിമാസം 50 രൂപ താൻ നിയമിച്ച തൊഴിലാളിയുടെ അംശദായമായി നൽകണമെന്നും ഭേദഗതി നിർദ്ദേശങ്ങളുണ്ട്. നേരത്തെ ഇത് 20 രൂപ വീതമായിരുന്നു. ഇതുവഴി തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ വരുമാനം വർദ്ധിക്കുമെന്നത് സത്യമാണ്. ഈ ബിൽ നിയമസഭയിൽ അവതരിപ്പിക്കുമ്പോൾ സർക്കാർ വിഹിതത്തെക്കുറിച്ച് യാതൊന്നും പറയുന്നില്ല. സർക്കാർ വിഹിതം മുമ്പ് പറഞ്ഞിട്ടുള്ളതുപ്രകാരം, 'The Government shall contribute to the Fund by way of grant, an amount of rupees five per month paid by each member under sub-section (1) or twenty five percent of employee's contribution whichever is higher' എന്നാണ്. സർക്കാരിന്റെ കോൺട്രിബ്യൂഷൻ 25 ശതമാനം 'higher rate' എന്ന നിലയിൽ എടുക്കുന്നവെങ്കിൽ 12 രൂപ മാത്രമായിരിക്കും ഈ ഭേദഗതിയിലൂടെ ക്ഷേമനിധിയിലേയ്ക്ക് സർക്കാർ കോൺട്രിബ്യൂട്ട് ചെയ്യേണ്ടത്. 50 രൂപ തൊഴിലാളിയും 50 രൂപ കടയുടമയും കൊടുക്കുമ്പോൾ ഗവൺമെന്റ് കൊടുക്കുന്നത് തുച്ഛമായ 12 രൂപയാണ്. ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി അടിസ്ഥാനവർഗ്ഗ സിദ്ധാന്തത്തിന്റെ വക്താവാണ്. തൊഴിൽവർഗ്ഗ പ്രസ്ഥാനത്തിന്റെ അമരക്കാരനായി ദീർഘകാലം പ്രവർത്തിച്ച അദ്ദേഹത്തിന് എങ്ങനെയാണ് തൊഴിലാളിവിരുദ്ധ സമീപനം സ്വീകരിക്കാൻ സാധിക്കുക? അങ്ങയെപ്പോലുള്ള ഒരാൾ തൊഴിൽ വകുപ്പുമന്ത്രിയായിരിക്കുമ്പോൾ ഇത്തരം കാര്യങ്ങളിൽ ജാഗ്രത കാണിക്കേണ്ടതായിരുന്നു. അംശദായം വർദ്ധിപ്പിക്കുമ്പോൾ തൊഴിലാളികളുടെ ആനുകൂല്യങ്ങളിൽ ഒരു രൂപ പോലും വർദ്ധിപ്പിക്കാനുള്ള ഭേദഗതി നിർദ്ദേശവുമില്ല. എന്തിനാണ് അംശദായം വർദ്ധിപ്പിക്കുന്നത്? തൊഴിലാളികൾക്ക് സർക്കാർ നൽകുന്ന നിരവധി ആനുകൂല്യങ്ങൾ സംബന്ധിച്ച് അടിസ്ഥാന ബില്ലിൽ പറയുന്നുണ്ട്. അതിൽ പറയുന്നതുപ്രകാരം 2007-ൽ നിയമം കൊണ്ടുവന്നപ്പോൾ പ്രഖ്യാപിച്ച 5,000 രൂപയാണ് വിവാഹ ധനസഹായമായി ഇപ്പോഴും നൽകിവരുന്നത്. 2021-ൽ നിൽക്കുന്ന ഈ വേളയിൽ നല്ലൊരു കല്യാണസാരി വാങ്ങുവാൻപോലും സാധിക്കാത്ത തുകയാണ് ലഭിക്കുന്നത്. മരണാനന്തര ചെലവിനായി അംഗത്തിനോ കുടുംബത്തിനോ നൽകുന്നത് 1,000 രൂപ മാത്രമാണ്. ചികിത്സാ ധനസഹായമായി സർക്കാർ ആശുപത്രിയിൽ കിടത്തി ചികിത്സയ്ക്ക്

ബോർഡിന്റെ അംഗീകാരത്തിന് വിധേയമായി 10,000 രൂപ നൽകും. മരണാനന്തര ധനസഹായമായി 5,000 രൂപ മുതൽ 20,000 രൂപ വരെ നൽകുമെന്നുള്ളത് പഴയകാലത്ത് എഴുതിവച്ചിട്ടുള്ളതാണ്. ഈ തുകയിൽ തുച്ഛമായ വർദ്ധനവുമാത്രം വരുത്തുന്നത് തൊഴിലാളികളോടുള്ള അനീതിയാണ്. തൊഴിലാളികളുടെ അംശദായം 30 രൂപ വർദ്ധിപ്പിക്കുകയും തൊഴിലുടമയുടെ വിഹിതത്തിൽ 30 രൂപ വർദ്ധിപ്പിക്കുകയും ചെയ്യുതിലൂടെ ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കുക എന്നതല്ലാതെ തൊഴിലാളികളോടുള്ള കരുതലല്ലെന്നത് സുവ്യക്തമാണ്. പുതിയ തീരുമാനമനുസരിച്ച് ഗസറ്റ് വിജ്ഞാപനത്തിലൂടെ എല്ലാ മൂന്ന് വർഷവും അംശദായം വർദ്ധിപ്പിക്കാം. അങ്ങനെ വർദ്ധിപ്പിച്ചാൽ അതിന്റെ ഗുണം തൊഴിലാളിക്ക് ലഭിക്കേണ്ടതല്ലേ? ഏത് രീതിയിലാണ് തൊഴിലാളിക്ക് ഇതിന്റെ ഗുണം ലഭിച്ചിട്ടുള്ളത്? 2017-ലെ നിപ, 2018-ലെ പ്രളയം, 2020-ലെ കോവിഡ്, 2021-ലെ പ്രളയം എന്നിവ തകർത്തുകളഞ്ഞത് വ്യാപാരികളെയാണ്. അവരെ ആശ്രയിച്ച് ജീവിക്കുന്ന തൊഴിലാളികളുടെ അവസ്ഥ സർക്കാർ മനസ്സിലാക്കിയിട്ടുണ്ടോ; ഇപ്പോൾ എത്ര തൊഴിലാളികൾ ഇവിടങ്ങളിൽ പണിയെടുക്കുന്നുണ്ട്? കടയുടമയ്ക്കുതന്നെ ജീവിക്കാൻ കഴിയാത്ത സാഹചര്യമായതിനാൽ അധികം പേരെയും പിരിച്ചുവിട്ടുകഴിഞ്ഞു. അടുത്തകാലത്ത് ചങ്ങനാശ്ശേരിയിൽ വിനായക ഹോട്ടൽ നടത്തിയിരുന്ന 42 കാരനായ ഹോട്ടലുടമ ഒരു കുറിപ്പ് എഴുതിവച്ചിട്ടാണ് മരിച്ചത്. 'ആറ് മാസം മുമ്പ് വരെ കുഴപ്പമില്ലാതിരുന്ന ഹോട്ടലായിരുന്നു എന്റേത്. അശാസ്ത്രീയമായ ലോക്ഡൗൺ തീരുമാനത്തിൽ എല്ലാം തകർന്നു. ബിവറേജിൽ ജനങ്ങൾക്ക് തിങ്ങിക്കൂടാം - കൊറോണ വരില്ല, ഹോട്ടൽ ക്യൂവിൽ നിന്നാൽ കൊറോണ പിടിക്കും, ബസ്സിൽ അടുത്തിരുന്ന് യാത്ര ചെയ്യാം- ഹോട്ടലിൽ ഇരുന്നാൽ കൊറോണ പിടിക്കും. ഷോപ്പിംഗ് മാളിൽ ഒരുമിച്ച് കൂടി നിൽക്കാം, കല്യാണങ്ങളിൽ നൂറ് പേർക്ക് ഒരുമിച്ച് നിൽക്കാം, ഒരുമിച്ചിരുന്ന് ആഹാരം കഴിക്കാം, ഹോട്ടലിൽ ഇരിക്കാൻ പറ്റില്ല.' അദ്ദേഹത്തിന്റെ അവസാന വരികളായി എഴുതിച്ചേർത്തിരിക്കുന്നത് നമ്മുടെയെല്ലാം കണ്ണ് നനയിക്കുന്നതാണ്. 'ഇനി ആറ് വർഷം കൂടി ജോലി ചെയ്താൽ എന്റെ ബാദ്ധ്യതകൾ തീരില്ല. ഇനി നോക്കിയിട്ടും കാര്യമില്ല. എന്റെ മരണത്തോടുകൂടിയെങ്കിലും സർക്കാരിന്റെ മണ്ടൻ തീരുമാനങ്ങൾ അവസാനിപ്പിക്കുവാൻ ശ്രമിക്കുക. സാധാരണ ജനങ്ങളുടെ ജീവിതങ്ങൾ തകർക്കരുത്, എന്റെ മരണത്തിനുത്തരവാദി ഈ സർക്കാരാണ്. ഒരു സാധാരണക്കാരനെ എങ്ങനെ കടക്കെണിയിൽ കുടുക്കി ജീവിതം നശിപ്പിക്കാമെന്നുള്ളതിന് ഉദാഹരണമാണ് ഞാൻ. എന്റെ കയ്യിൽ പണമുള്ളപ്പോൾ സ്നേഹം കാണിച്ചവരേയും ഇല്ലാത്തപ്പോൾ ഒരു രൂപയ്ക്ക് വരെ കണക്ക് പറയുകയും ചെയ്തവരെയും ഞാൻ കണ്ടു. സഹായിക്കാൻ നല്ല മനസ്സുള്ളവർ എന്റെ കുടുംബത്തെ സഹായിക്കുക. സ്നേഹിക്കാൻ മാത്രം അറിയുന്ന ഭാര്യയും രണ്ട്

കുട്ടികളുമുണ്ട്. അവർക്ക് ഇനിയും ജീവിക്കണം. ഇളയ മകന് ഓട്ടിസമാണ്, അവനും ഈ ഭൂമിയിൽ ജീവിക്കാനുള്ള അവകാശമുണ്ട്. എന്റെ ഫോൺ എടുക്കുന്ന പോലീസുകാരൻ ഒരു കാര്യം മനസ്സിലാക്കണം. എന്റെ വീട്ടിൽ ആ ഫോൺ കൊടുക്കണം. കാരണം, എന്റെ മകൾക്ക് ഓൺലൈൻ ക്ലാസ്സിൽ പഠിക്കാനുള്ളതാണ്.'' നിങ്ങൾ ക്ഷേമനിധിയിൽ വിഹിതം വർദ്ധിപ്പിച്ചിട്ട് എന്താണ് കാര്യം? അതിന്റെ ഫലം ഉടമകൾക്ക് ലഭിക്കാതെ തകർന്നുകൊണ്ടിരിക്കുമ്പോൾ ഹോട്ടലിലെ തൊഴിലാളികളെ എങ്ങനെ സംരക്ഷിക്കാൻ സാധിക്കും? മുതലാളിക്കുതന്നെ രക്ഷയില്ലാത്തപ്പോൾ തൊഴിലാളിക്ക് എങ്ങനെ വിഹിതം കൊടുക്കും. ജോലിയില്ലാത്ത തൊഴിലാളിയും വിഹിതം കൊടുക്കണം, എന്നാൽ സർക്കാർ വിഹിതത്തിൽ യാതൊരു മാറ്റവും വരുത്തുന്നില്ല. ആനുകൂല്യങ്ങൾ നൽകുന്ന കാര്യത്തിൽ ഒരു ഭേദഗതിയും ഇതിൽ പറയുന്നില്ല. സത്യത്തിൽ ക്ഷേമനിധിയിലെ പണം വിനിയോഗിക്കുന്നത് സർക്കാരിന് നിർബന്ധിത സാഹചര്യം വരുമ്പോഴാണ്. എന്നാൽ ശമ്പളം കൊടുക്കാൻ വേണ്ടി എല്ലാ ക്ഷേമനിധിയിലേയും പണം എടുക്കുന്ന സ്വഭാവം നമ്മൾ കാണുന്നുണ്ട്. ഈ ക്ഷേമനിധിയിൽ എത്ര രൂപയുണ്ടെന്നതിന്റെ കണക്ക് നമുക്കറിയില്ല. അങ്ങനെ സ്വരൂപിച്ച പണം ആർക്കുവേണ്ടിയുള്ളതാണ്? റാന്നിയിലെ എം.എൽ.എ.-യും എന്റെ പ്രിയപ്പെട്ട സുഹൃത്തുമായ ശ്രീ. പ്രമോദ് നാരായണന് ഞാൻ പറയാൻ പോകുന്ന വിഷയം നന്നായറിയാം. റാന്നിയിലെ ഒരു പ്രിയ സഹോദരന്റെ ഏഴ് കടകളിൽ വെള്ളം കയറുകയും സർവ്വതും നഷ്ടപ്പെട്ട് കിടപ്പാടംപോലും ജപ്തി ചെയ്യുന്ന അവസ്ഥയുമുണ്ടായി. അദ്ദേഹത്തിന്റെ പേര് എബി സ്റ്റീഫൻ എന്നാണ്. ശ്രീ. പ്രമോദ് നാരായൺ ഇതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പുമന്ത്രിയെയും റവന്യൂ വകുപ്പുമന്ത്രിയെയും കണ്ടിരുന്നു. മഹാപ്രളയത്തിനുശേഷം ജീവിതം വഴിമുട്ടിയ ആ വ്യാപാരി ഇപ്പോൾ ഒരു ചെരുപ്പുകട നടത്തുകയാണ്. ഏഴ് കടകളുണ്ടായിരുന്ന മുതലാളി, പ്രളയത്തോടനുബന്ധിച്ച് ചെരുപ്പുകട നടത്തുകയാണ്. പ്രളയത്തിൽപ്പെട്ടവരെ ഞങ്ങൾ ഹൃദയത്തോട് ചേർത്തുപിടിക്കുമെന്നതാണ് ഗവൺമെന്റിന്റെ മുദ്രാവാക്യം. പക്ഷേ, ചേർത്തു പിടിക്കുന്നതിനിടയിൽ പോക്കറ്റിൽ കയ്യിട്ട് അവരുടെ പൈസ കൂടി എടുക്കുന്നത് ശരിയല്ല, അത് പോക്കറ്റടിയാണ്. അതുകൊണ്ട് ഈ ബില്ലിൽ ഗൗരവമായ ഭേദഗതികൾ ആവശ്യമാണ്. രണ്ട് വകുപ്പുമാത്രം ഭേദഗതി ചെയ്തുകൊണ്ട് ഗവൺമെന്റിന് കിട്ടേണ്ടത് കിട്ടുകയും മറ്റുള്ളവർക്ക് എന്തുമാകട്ടെയെന്ന രീതിയിലേയ്ക്ക് പോകരുത്. എത്ര പണം ഈ ക്ഷേമനിധിയിലുണ്ടെന്ന കാര്യം വ്യക്തമാക്കണം. അത് സർക്കാരിന്റെ ദൈനംദിന ചെലവുകൾക്കുവേണ്ടി അപഹരിക്കാനുള്ളതല്ല. എല്ലാ ക്ഷേമനിധികളും അതിന്റെ ഫണ്ട് കോ-ഓപ്പറേറ്റീവ് ബാങ്കിലാണ് നിക്ഷേപിക്കേണ്ടത്. ഗസറ്റ് നോട്ടിഫിക്കേഷൻ മാത്രമെ ഇനി ഉണ്ടാകുകയുള്ളൂ. എല്ലാ മൂന്ന് വർഷമാകുമ്പോഴും

നിങ്ങൾക്കിഷ്ടംപോലെ തുക വർദ്ധിപ്പിക്കാം. അവസാനം തൊഴിലാളികളുടെയും തൊഴിലുടമയുടെയും നട്ടെല്ല് ഒടിയുമെന്നുള്ളതല്ലാതെ സർക്കാരിന് ശമ്പളം കൊടുക്കേണ്ടി വരുന്ന സമയത്ത് ക്ഷേമനിധിയിൽ കയ്യിട്ടുകൊണ്ട് ദൈനംദിന ചെലവുകൾക്ക് വേണ്ടി അത് വഴിമാറ്റി ചെലവഴിക്കാൻ കഴിയുമെന്നല്ലാതെ ഒരു തൊഴിലാളിക്കും ഒരു വ്യക്തിക്കും ഈ ക്ഷേമനിധിയിലൂടെ ഒരു സൗഭാഗ്യവും ലഭിക്കാൻ പോകുന്നില്ല.

മരണാനന്തര ചടങ്ങുകൾക്ക് 1,000 രൂപയാണ് നൽകുന്നത്. ഇത് ഏതുകാലത്ത് എഴുതിവച്ചിട്ടുള്ളതാണ്? 2006-ലും ഇതുതന്നെയാണുള്ളത്. ഇത്തവണയും ഇതിൽ മാറ്റം വരുത്തുന്നതിനുള്ള ലക്ഷണം കാണുന്നില്ല. വിവാഹ ധനസഹായം രണ്ട് പെൺകുട്ടികൾക്ക് മാത്രമേയുള്ളൂ, മൂന്നാമത് ഒരു പെൺകുട്ടിയുള്ള തൊഴിലാളിയാണെങ്കിൽ അയാൾക്ക് അതിന്റെ ഗുണം ലഭിക്കില്ല. രണ്ടിൽക്കൂടുതൽ കുട്ടികളുണ്ടെങ്കിൽ കൊടുക്കാൻ പാടില്ലെന്ന നിബന്ധനയുണ്ട്. ഒരു കുടുംബത്തിൽ മൂന്ന് പെൺകുട്ടികളുണ്ടെങ്കിൽ രണ്ട് കുട്ടികളുടെ കല്യാണത്തിനുമാത്രം സാരി മതിയാകും എന്ന നിലപാട് ശരിയാണോ? നാലും അഞ്ചും പെൺകുട്ടികളെ പാടുപെട്ട് വളർത്തുന്ന എത്രയോ രക്ഷിതാക്കളുണ്ട്. പെൺകുട്ടികളുടെ എണ്ണം നോക്കാതെ വിവാഹ ധനസഹായം ലഭ്യമാക്കണം. ഇപ്പോൾത്തന്നെ തൊഴിലില്ലാതായവർ എന്തുചെയ്യും? ക്ഷേമനിധിയുമായി ബന്ധപ്പെട്ട നിങ്ങളുടെ വ്യാഖ്യാനം പരിശോധിച്ചാൽ ഈ ക്ഷേമനിധിയിൽ അംഗമാകാൻ എത്രപേർക്ക് സാധിക്കും; എത്രയാളുകൾ പാതിവഴിയിൽ വച്ച് ജോലി ഉപേക്ഷിച്ച് പോയിക്കഴിഞ്ഞു; അവർ സ്വന്തം ഇഷ്ടപ്രകാരം പോയതാണോ? ഈ രംഗം ലോക്ഡൗണും പ്രളയവും കാരണം തകർന്ന് തരിപ്പണമായിക്കഴിഞ്ഞു. കോഴിക്കോടിന്റെ കാര്യമെടുത്താൽ, അവിടെ രണ്ടുപ്രാവശ്യം നിപ രോഗം വന്നു, പ്രളയങ്ങളുണ്ടായി, എപ്പോഴും ലോക്ഡൗണാണ്. റെഡ് അലർട്ട് വരുമ്പോഴേയ്ക്കും എല്ലാ ഷോപ്പുകളും അടയ്ക്കേണ്ടിവരികയും കടകൾ പ്രവർത്തിപ്പിക്കാൻ സാധിക്കാതെ വരികയും ചെയ്യുന്നു. മിഠായിത്തെരുവിലെ പല കടകളും വിൽക്കാൻ വച്ചിരിക്കുന്നു, പലരും കച്ചവടമുപേക്ഷിച്ച് പോയിക്കഴിഞ്ഞു. ഷോപ്പ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സിനുവേണ്ടിയുള്ള ക്ഷേമനിധി ആക്ട് കൊണ്ടുവരുന്നതിനുമുമ്പ് ഷോപ്പുകൾ എസ്റ്റാബ്ലിഷ് ചെയ്ത് നിലനിർത്തുന്നതിനുള്ള ആക്ട് ആദ്യമേ കൊണ്ടുവരണമെന്നാണ് സൂചിപ്പിക്കാനുള്ളത്. ഈ രണ്ട് വിഷയവും ഗൗരവത്തോടെ കാണണം. ഇത് തൊഴിലാളി ക്ഷേമനിധിയാണെങ്കിൽ അതിന്റെ ഗുണം തൊഴിലാളിക്ക് ലഭിക്കണം, അല്ലാതെ സർക്കാരിന് അപഹരിക്കാനുള്ളതല്ലെന്ന ബോധത്തോടെ സർക്കാരിന്റെ വിഹിതം 12 രൂപ എന്നുള്ളത് തൊഴിലാളി വിഹിതത്തോട് മാച്ച് ചെയ്യുന്ന രീതിയിൽ, 50

രൂപയാക്കണമെന്നുള്ള നിർദ്ദേശംകൂടി വയ്ക്കുന്നു. നേരത്തേ പറഞ്ഞ കാര്യങ്ങളൊന്നും ഉൾപ്പെടാത്ത ഈ ബില്ലിനെ നിരാകരിക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, 2021-ലെ കേരള ഷോപ്പ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലിന് ഡോ. എം. കെ മുനീർ അവതരിപ്പിച്ച നിരാകരണ പ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. വിജ്ഞാപനത്തിലൂടെ സർക്കാരിന് പുനർ നിർണ്ണയിക്കാവുന്ന 1, 2 ഉപവകുപ്പുകളിലെ അധികാരം നാലാം വകുപ്പിലെ 3-ാം ഉപവകുപ്പിനുകൂടി നൽകണമെന്നതാണ് ഇതിലെ പ്രധാന ഭേദഗതി. 2006-ലെ 24-ാം ആക്ടിന്റെ 4(1) വകുപ്പിൽ പറഞ്ഞിരിക്കുന്നത്, 'ഓരോ അംഗവും പ്രതിമാസം ഇരുപത് രൂപ വീതം നിധിയിലേയ്ക്ക് അംശദായം നൽകേണ്ടതാണ്' എന്നാണ്. 4(2) വകുപ്പിൽ പറഞ്ഞിരിക്കുന്നത്, 'ഓരോ തൊഴിലുടമയും താൻ നിയോഗിച്ചിട്ടുള്ള ഓരോ തൊഴിലാളിക്കും ഇരുപത് രൂപ വീതം ഓരോ മാസവും നിധിയിലേയ്ക്ക് അംശദായമായി നൽകേണ്ടതാണ്' എന്നാണ്. ഈ ഭേദഗതി നിയമത്തിനുള്ള വിശദീകരണക്കുറിപ്പിൽ ഓരോ അംഗവും പ്രതിമാസം അൻപത് രൂപ എന്ന നിരക്കിൽ നൽകണമെന്നും പറഞ്ഞിട്ടുണ്ട്. തൊഴിലുടമയുടെ വിഹിതവും അൻപത് രൂപ എന്നാണ് പറഞ്ഞിരിക്കുന്നത്. ഈ ആക്ടിലെ പ്രസക്ത ഭാഗങ്ങളെന്ന് പറഞ്ഞിരിക്കുന്ന ഭാഗത്തും അൻപത് രൂപ എന്നുതന്നെയാണ് പറഞ്ഞിട്ടുള്ളത്. നിയമത്തിൽ ഇരുപത് രൂപ എന്നത് അൻപത് രൂപയായി മാറിയത് എങ്ങനെയാണെന്ന് മനസ്സിലാകുന്നില്ല. ഇത് വിജ്ഞാപനം വഴി വർദ്ധിപ്പിച്ചതാണോയെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണം. വിജ്ഞാപനംവഴി വർദ്ധിപ്പിച്ചതാണെങ്കിൽ നിയമത്തിന്റെ ഭാഗമായി വരേണ്ടതല്ലേ? 2006-ലെ നിയമത്തിൽ ഇരുപത് രൂപ എന്ന് പറഞ്ഞതിനുശേഷം അതേ ആക്ട് ഉദ്ധരിച്ച് അൻപത് രൂപയെന്ന പറയുന്നതിനെക്കുറിച്ചും ബഹുമാനപ്പെട്ട മന്ത്രി വിശദീകരിക്കേണ്ടതാണ്. ഡോ. എം. കെ. മുനീർ ക്ഷേമനിധിയിലെ ആനുകൂല്യങ്ങളെ സംബന്ധിച്ച് സൂചിപ്പിച്ചു. ഈ ക്ഷേമനിധി മുഖേന നൽകുന്ന ആനുകൂല്യങ്ങളുടെ കാര്യം പരിതാപകരമാണ്. ഇതൊരു ക്ഷേമനിധിയാണോ, അതോ തൊഴിലാളികളുടെ ക്ഷാമനിധിയാണോയെന്ന് മനസ്സിലാകുന്നില്ല. ഇതിൽ പറഞ്ഞിരിക്കുന്നത് പരമാവധി പെൻഷൻ 1,200 രൂപ എന്നാണ്. ഇന്നത്തെ കാലത്ത് പെൻഷൻ ഏറ്റവും കുറഞ്ഞത് 5,000 രൂപയെങ്കിലുമാക്കി വർദ്ധിപ്പിക്കണം; അതിന് യാതൊരു പ്രയാസവുമില്ല. കാരണം, 35 ലക്ഷത്തോളം തൊഴിലാളികളാണ് ഈ മേഖലയിൽ പണിയെടുക്കുന്നത്. നിങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ളത് 10,20,216 പേരെയാണ്. എല്ലാ തൊഴിലാളികളെയും രജിസ്റ്റർ ചെയ്യിപ്പിച്ചാൽത്തന്നെ ക്ഷേമനിധിയുടെ ഫണ്ട് വർദ്ധിപ്പിക്കാനും ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാനും സാധിക്കും. ഈ ക്ഷേമനിധിയിൽ മാത്രമല്ല, പല ക്ഷേമനിധികളിലും യഥാസമയം തൊഴിലാളികളെ

എൻറോൾ ചെയ്യിപ്പിക്കുന്നതിൽ വകുപ്പിന്റെ ഭാഗത്തുനിന്നും കുറ്റകരമായ അനാസ്ഥയാണുള്ളത്. മോട്ടോർ തൊഴിലാളി ക്ഷേമനിധിയിൽ 18 ലക്ഷത്തോളം തൊഴിലാളികളുണ്ടെങ്കിലും അഞ്ച് മുതൽ ആറ് ലക്ഷം പേരെ മാത്രമാണ് അതിൽ രജിസ്റ്റർ ചെയ്തിരിക്കുന്നത്. ഓരോ ക്ഷേമനിധിയുടെയും കാര്യം പരിശോധിച്ചാലും തൊഴിലാളികളെ മുഴുവനായും രജിസ്റ്റർ ചെയ്യിക്കുന്നില്ലെന്ന് മനസ്സിലാക്കാൻ സാധിക്കും. നിയമസഭ വളരെ ഉത്തരവാദിത്വത്തോടെ, ഒരു തൊഴിലാളി വിഭാഗത്തിന്റെ ക്ഷേമത്തിനുവേണ്ടി നിയമം പാസ്സാക്കിയിട്ടും ആ നിയമത്തിന്റെ പരിധിയിൽ തൊഴിലാളികളെ കൊണ്ടുവന്ന് അവർക്ക് ആനുകൂല്യം നടപ്പാക്കിക്കൊടുക്കുന്നതിൽ വകുപ്പ് സമ്പൂർണ്ണ പരാജയമായി മാറിയിരിക്കുന്നു. ഈ വകുപ്പിൽ കമ്മീഷണർ മുതൽ താഴേത്തലത്തിൽ വരെ 1027 ജീവനക്കാർ മാത്രമാണുള്ളത്. സംസ്ഥാനത്തെ ഏകദേശം 18-ഓളം ക്ഷേമനിധികളുടെ പരിധിയിൽ വരുന്നവരുമായി ബന്ധപ്പെട്ട് പരിശോധന നടത്തിയപ്പോൾ അംഗങ്ങളായി ചേർക്കുന്നതിന് വളരെയധികം ബുദ്ധിമുട്ടും പ്രയാസവും നേരിടുകയാണ്. പലപ്പോഴും ക്ഷേമനിധി ബോർഡുകളിൽ നിയമനം നടത്തുന്നത് ഡെപ്യൂട്ടേഷൻ മുഖേനയാണ്. ഡെപ്യൂട്ടേഷൻ സംവിധാനം ഒഴിവാക്കി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തരം നിയമനം നടത്തണം. ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്യാത്ത തൊഴിലാളികളെ നിർബന്ധിച്ച് അംഗത്വമെടുപ്പിക്കാനുള്ള നടപടി ഉണ്ടാകേണ്ടേ? ഷോപ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സിൽ സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കാൻ വരുമ്പോൾ അവിടെയുള്ള തൊഴിലാളികൾ ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുണ്ടോയെന്ന് പരിശോധിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങളിൽ സംവിധാനമൊരുക്കണം. അവർക്ക് ലൈസൻസ് നൽകുമ്പോൾ തൊഴിലാളികൾ ആരൊക്കെയാണെന്നും അവർ ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്നുമുള്ള കാര്യങ്ങൾ പരിശോധിക്കാൻ സംവിധാനം ഏർപ്പെടുത്തണം. ഉദാഹരണത്തിന് ബസ്സുടമകൾ പെർമിറ്റ് പുതുക്കാൻ വരുമ്പോൾ അതിലെ തൊഴിലാളികൾ മോട്ടോർ തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളാണോയെന്ന് പരിശോധിക്കണം. പെർമിറ്റ് പുതുക്കുന്നതിന് ക്ഷേമനിധിയിൽ അംഗത്വമെടുത്ത തൊഴിലാളികളുടെ ലിസ്റ്റ് ഹാജരാക്കാൻ നിർദ്ദേശം നൽകണം. ടാക്സി, ഓട്ടോറിക്ഷാ തൊഴിലാളികൾ ക്ഷേമനിധിയിൽ അംഗമായിട്ടുണ്ടോയെന്ന് ആർ.ടി. ഓഫീസിലും പരിശോധിക്കാനുള്ള നടപടി സ്വീകരിക്കണം. ഇത്തരം സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ലക്ഷക്കണക്കിന് ഇതര സംസ്ഥാന തൊഴിലാളികൾക്ക് പലപ്പോഴും ഇതുസംബന്ധിച്ച അറിവുണ്ടാകില്ല. തൊഴിലുടമകൾ അവരുടെ അംശദായം അടയ്ക്കാൻ മടിച്ച് തൊഴിലാളികളെ രജിസ്റ്റർ ചെയ്യാൻ നിർബന്ധിക്കുന്നില്ല. മതിയായ ജീവനക്കാരില്ലാത്തതുകൊണ്ട് അവരെ നിർബന്ധിച്ച് അംഗത്വമെടുപ്പിക്കാനും സാധിക്കാത്ത അവസ്ഥയാണുള്ളത്. ക്ഷേമനിധിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ അട്ടിമറിക്കപ്പെടുന്ന സ്ഥിതിയാണുള്ളത്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എം. രാജഗോപാലൻ]

ഐ.എൽ.ഒ. (ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷൻ)-യുടെ കണക്കുപ്രകാരം കേരളത്തിൽ ഏകദേശം 28 ലക്ഷത്തോളം ഇതര സംസ്ഥാന തെഴിലാളികളുണ്ട്. എൻ.ജി.ഒ. (നോൺ-ഗവൺമെന്റൽ ഓർഗനൈസേഷൻ)-യുടെ കണക്കിൽ പറഞ്ഞിരിക്കുന്നത് 32 ലക്ഷം തൊഴിലാളികളുണ്ടെന്നാണ്. സർക്കാരിന്റെ കണക്കിൽ വെറും അഞ്ചുലക്ഷമാണ് പറഞ്ഞിരിക്കുന്നത്. 1979-ൽ ഇന്ദിരാ ഗാന്ധി പാസ്സാക്കിയ ഇന്റർ-സ്റ്റേറ്റ് മൈഗ്രന്റ് ലേബർ ആക്ടിൽ പറഞ്ഞിരിക്കുന്നത് സംസ്ഥാനം നടപ്പിലാക്കുന്നില്ല. സർക്കാരിന്റെ കണക്കും ഐ.എൽ.ഒ-യുടെ കണക്കും തമ്മിൽ അജഗജാന്തര വ്യത്യാസമാണുള്ളത്. ഇതിനുകാരണം ലേബർ ഡിപ്പാർട്ടുമെന്റിന്റെ ഫലപ്രദമായ ഇടപെടലുണ്ടാകുന്നില്ലെന്നുള്ളതാണ്. ഇന്റർ-സ്റ്റേറ്റ് മൈഗ്രന്റ് ലേബർ ആക്ട് പ്രകാരം ഇതര സംസ്ഥാനങ്ങളിൽനിന്ന് തൊഴിലാളികളെ കൊണ്ടുവരണമെങ്കിൽ അതിനായി രജിസ്റ്റർ ചെയ്യപ്പെട്ട ആൾ ഇവിടെയുണ്ടാകണം. അതുകൂടാതെ തൊഴിലാളികളെ അയയ്ക്കുന്നതും ആ സ്ഥലത്തെ രജിസ്ട്രേഷനുള്ള ആൾ തന്നെയായിരിക്കണം. ഇവിടെ വരുന്ന തൊഴിലാളികളുടെ എല്ലാ വിവരങ്ങളും പോലീസ് സ്റ്റേഷനിൽ നൽകുകയും ആ വിവരങ്ങൾ അവിടെയുണ്ടാകുകയും വേണം. പ്രസ്തുത വിശദാംശം വകുപ്പിന്റെ പക്കലുണ്ടായിരുന്നെങ്കിൽ ഗവൺമെന്റിനും ഐ.എൽ.ഒ-യ്ക്കും വ്യത്യസ്തമായ കണക്കുകൾ ഉണ്ടാകുമായിരുന്നില്ല. മാത്രമല്ല, അവിടെനിന്നും ഒരു തൊഴിലാളി വരുമ്പോൾ അയാൾക്കുള്ള യാത്രാബത്ത ആരാണോ കൊണ്ടുവരുന്നത് അയാൾ കൊടുക്കണമെന്നാണ്. ഓരോ വർഷവും തിരിച്ച് നാട്ടിൽ പോകാനുള്ള ട്രെയിൻ ടിക്കറ്റും നൽകണം. അയാൾ ഇവിടെവന്ന് ഒരു തൊഴിലിൽ സെറ്റിൽ ഡൗൺ ചെയ്യുന്നതുവരെ രണ്ടുദിവസത്തെ ശമ്പളം കൊടുക്കണം. ഇങ്ങനെ നിരവധി കാര്യങ്ങൾ ഇതുമായി ബന്ധപ്പെട്ടുണ്ട്. അസുഖം വന്നാൽ ചികിത്സ ലഭ്യമാക്കൽ, അക്കോമഡേഷൻ, പീരിയോഡിക്കലായി മെഡിക്കൽ ചെക്കപ്പുനടത്തൽ തുടങ്ങി ഇതര സംസ്ഥാന തൊഴിലാളികളുമായി ബന്ധപ്പെട്ട നിരവധി കാര്യങ്ങളുണ്ട്. അവരെ ക്ഷേമനിധിയിൽപോലും കൃത്യമായി അംഗത്വമെടുപ്പിക്കാൻ സാധിക്കുന്നില്ല. ഈ അവസരത്തിലാണ് അംശദായം വർദ്ധിപ്പിക്കാൻ ശ്രമിക്കുന്നത്. 179 കോടി രൂപയാണ് ക്ഷേമനിധിയിലുള്ളതെങ്കിൽ അതിന്റെ ഇരട്ടിയാക്കി മാറ്റാൻ വളരെ പെട്ടെന്ന് സാധിക്കും. ക്ഷേമനിധിയുടെ തുക വർദ്ധിക്കുന്നതോടുകൂടി കൂടുതൽ ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് കൊടുക്കാൻ സാധിക്കും. പെൻഷൻ ലഭിക്കാൻ തൊഴിലാളികൾക്ക് എല്ലാവിധ അർഹതയുമുണ്ട്. ജി.ഡി.പി-യുടെ അടിസ്ഥാനത്തിലാണ് പല സംസ്ഥാനങ്ങളും സോഷ്യൽ സെക്യൂരിറ്റി സ്കീമുകളുണ്ടാക്കുന്നത്. ഈ എസ്റ്റാബ്ലിഷ്മെന്റുകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ ഉൽപാദിപ്പിക്കുന്ന വസ്തുക്കളുടെയും അവർ വിൽപ്പന നടത്തുന്ന വസ്തുക്കളിലുംകൂടിയുള്ള നികുതിയാണ് സർക്കാരിന്റെ പ്രധാനപ്പെട്ട വരുമാനം. അതിന്റെ അടിസ്ഥാനത്തിൽ അംഗത്വം വർദ്ധിപ്പിച്ചുകൊണ്ടും സർക്കാരിന്റെ

ഉത്തരവാദിത്വം നിർവ്വഹിച്ചുകൊണ്ടും അവരുടെ പെൻഷൻ തുക വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. കോവിഡ് കാലത്തെ പ്രതിസന്ധിയെ സംബന്ധിച്ച് ഡോ. എം. കെ. മുനീർ സൂചിപ്പിച്ചു. കോവിഡ് കാലത്ത് ആയിരം രൂപ വീതം രണ്ടുതവണ കൊടുത്തുവെന്നതിനപ്പുറത്ത് കാര്യമായ സഹായമൊന്നും അവർക്ക് ലഭിച്ചിട്ടില്ല. കോവിഡിന്റെ ഏറ്റവും വലിയ ഇരകളാണ് കടയുടമകൾ. അതുകൊണ്ടാണ് ആത്മഹത്യയിൽ അഭയം പ്രാപിക്കേണ്ട അവസ്ഥ കടയുടമകൾക്കും തൊഴിലാളികൾക്കും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. എത്രമാസമാണ് കട അടച്ചിട്ടിരുന്നത്; നിത്യോപയോഗ സാധനങ്ങൾ വിൽക്കുന്ന, പലചരക്ക് സാധനങ്ങൾ പോലെയുള്ളവ വിൽക്കുന്ന കടകളൊഴിച്ച് മറ്റുള്ളവയൊന്നും തുറന്ന് പ്രവർത്തിച്ചിരുന്നില്ല. അങ്ങനെ തുറന്ന് പ്രവർത്തിക്കാത്ത കടകളിൽ ജോലിചെയ്യുന്നവർ വിദഗ്ദ്ധ തൊഴിലാളികളല്ല. മറ്റൊരു ജോലിയും ചെയ്യാൻ കഴിയാത്തവരാണ് ഈ മേഖലയിൽ ജോലിചെയ്യുന്ന ഭൂരിപക്ഷം തൊഴിലാളികളും. അവർക്ക് കടയടച്ചിട്ടതിന്റെ പേരിൽ മറ്റൊരു ജോലിക്കും പോകാൻ കഴിഞ്ഞിരുന്നില്ല. അങ്ങനെ പട്ടിണിയിലായ ആ തൊഴിലാളികളെ സംരക്ഷിക്കുന്നതിനായി യാതൊരു തരത്തിലുള്ള നടപടികളും സ്വീകരിച്ചിട്ടില്ല. രണ്ടുതവണ ആയിരം രൂപവീതം കൊടുത്താൽ ആറ് മാസത്തോളം നീണ്ടുനിന്ന ലോക്ഡൗണിൽ അവർക്കെന്ത് ഗുണമാണുണ്ടാകാൻ പോകുന്നത്; അതുപോലെതന്നെയാണ് പല ക്ഷേമനിധികളും. ക്ഷേമനിധികളിൽ തൊഴിലുടമകളുടെ അംശദായം അടപ്പിക്കുന്നതിൽ കുറ്റകരമായ വീഴ്ച തൊഴിൽ വകുപ്പിന്റെ ഭാഗത്തുനിന്നും ക്ഷേമനിധിയുടെ ഭാഗത്തുനിന്നുണ്ടായിരിക്കുകയാണ്. ആഭരണ തൊഴിലാളി ക്ഷേമനിധിയിൽ അംശദായം പിരിക്കാത്തതുകൊണ്ട് ക്ഷേമനിധി വെറും പ്രഹസനമായിരിക്കുകയാണ്. ഒരു ജീവനക്കാരനും അവിടെ പോകുന്നില്ല. ഡെപ്യൂട്ടേഷനിൽ പോലും ഒരാളും അവിടെ വരുന്നില്ല. നിയമസഭ പാസ്സാക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച നിരവധി ക്ഷേമനിധികളുടെ പ്രവർത്തനങ്ങൾ പുനരവലോകനം ചെയ്യാൻ നടപടിയുണ്ടാകണം. അംഗങ്ങളെ ചേർക്കുന്നതിലുള്ള വീഴ്ച പരിഹരിക്കാൻ കഴിയണം. ക്ഷേമനിധികൾക്ക് പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യത്തിൽ മുന്നോട്ടുപോകുന്നതിനാവശ്യമായ മാറ്റങ്ങൾ വരുത്താൻ സാധിക്കണം; അംശദായം അടയ്ക്കുന്ന കാര്യത്തിൽ തൊഴിലുടമകളുടെമേൽ സമ്മർദ്ദം ചെലുത്തണം. തൊഴിലുടമകൾ അംശദായം അടച്ചില്ലെങ്കിൽ അവർക്കെതിരെ നടപടി സ്വീകരിക്കാൻ സാധിക്കില്ല. കേരളത്തിലെ മുഴുവൻ ക്ഷേമനിധികളിലുൾപ്പെട്ടിട്ടുള്ള തൊഴിലാളികളെ അംഗങ്ങളായി ചേർക്കുകയും തൊഴിലുടമകൾ അംശദായം അടയ്ക്കുകയും ചെയ്താൽ ഏകദേശം 22,000 കോടി രൂപ വിവിധ ക്ഷേമനിധികളിലായി വന്നുചേരുമെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. അത്രയും തുക ലഭിച്ചാൽ തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി ഉപയോഗിക്കാനും അവർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാനും സാധിക്കുന്നതാണ്. കോവിഡ് വന്നതിനുശേഷം പുതിയ സാഹചര്യമുണ്ടാകുകയും

കടകൾ മാസങ്ങളോളം അടഞ്ഞുകിടക്കുകയും ചെയ്തു. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബിൽ പരിഗണിക്കുന്ന അവസരത്തിൽ പ്രസ്തുത കാലയളവിൽ അവർക്ക് നൽകേണ്ട ആനുകൂല്യങ്ങളെ സംബന്ധിച്ച് ഔദ്യോഗിക ഭേദഗതി കൊണ്ടുവരണം. കോവിഡ് പുതിയ ഒരു സാഹചര്യമായിരുന്നു. ഈ നിയമം തയ്യാറാക്കിയ വേളയിൽ കോവിഡ് സാഹചര്യമുണ്ടായിരുന്നില്ല. പുതിയ പശ്ചാത്തലത്തിൽ ആനുകൂല്യങ്ങളെ സംബന്ധിച്ച് ഔദ്യോഗിക ഭേദഗതിയെങ്കിലും കൊണ്ടുവരാൻ സർക്കാർ തയ്യാറാകണം. ഇത്തരം പ്രതിസന്ധി ഘട്ടങ്ങളിൽ കടകൾ ദീർഘകാലം അടച്ചിടുമ്പോൾ അവർക്ക് നൽകേണ്ടുന്ന ഫിനാഷ്യൽ സപ്പോർട്ടിനെ സംബന്ധിച്ച് വ്യക്തമായ ഭേദഗതി കൊണ്ടുവരാൻ ഗവൺമെന്റിന് ലഭിച്ചിരിക്കുന്ന അവസരമാണിത്. അത് ഗവൺമെന്റ് ഉപയോഗിക്കണം. ഒരു സ്ഥാപനത്തിൽ ജോലി ചെയ്യുന്ന ആൾ ഏതെങ്കിലും കാരണവശാൽ ആ സ്ഥാപനത്തിൽ നിന്ന് മാറിപ്പോകുന്ന സാഹചര്യമുണ്ടാകുമ്പോൾ അദ്ദേഹത്തിന് അടുത്ത സ്ഥാപനത്തിൽ ജോലി ലഭിക്കുന്നതുവരെ സപ്പോർട്ട് നൽകണ്ടേ; ആ കുടുംബത്തിന് പുലരാൻ വേണ്ട സാമ്പത്തികാനുകൂല്യം അല്ലെങ്കിൽ നോമിനൽ തുകയെങ്കിലും പുതിയ ജോലി ലഭിക്കുന്നതുവരെ കൊടുക്കണ്ടേ? അതിനൊരു നിശ്ചിത കാലയളവ് തീരുമാനിക്കണം. ഒരു കടയിൽ നിന്ന് മറ്റൊരു കടയിലേയ്ക്ക് ജോലിക്ക് പോകുമ്പോഴുണ്ടാകുന്ന രണ്ടോ മൂന്നോ മാസത്തെ കാലയളവിന് ഒരു നിശ്ചിത തുക നൽകാനുള്ള ഭേദഗതി ബില്ലിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. ഇപ്പോൾ കൊണ്ടുവന്ന ഭേദഗതിയിൽ ഈ മേഖലയിൽ പണിയെടുക്കുന്ന ഏകദേശം 35 ലക്ഷത്തോളം വരുന്ന മുഴുവൻ തൊഴിലാളികളുടെയും പ്രശ്നം ഗൗരവമായി കണക്കിലെടുത്തിട്ടില്ല. അതിന് സാധിക്കാതെ ഒരു തൊഴിലുടമ അടയ്ക്കേണ്ട അംശദായത്തിന് പുറമെ 20 രൂപ കൂടി അടയ്ക്കണമെന്ന് 3-ാം വകുപ്പ് വിജ്ഞാപനം വഴി പുനർനിർണ്ണയിക്കാനുള്ള അവകാശം കൊടുക്കുന്ന ഒരു ഭേദഗതിയാണ് കൊണ്ടുവന്നിരിക്കുന്നത്. തൊഴിലാളികളുടെ ജീവിതവുമായും തൊഴിലുമായും മറ്റ് ആനുകൂല്യങ്ങളുമായും ബന്ധപ്പെട്ട എല്ലാ കാര്യങ്ങളെക്കുറിച്ചും നിശബ്ദത പാലിക്കുന്ന ഈ ഭേദഗതി യഥാർത്ഥത്തിൽ തൊഴിലാളിവിരുദ്ധമാണ്. തൊഴിലാളികൾക്കാവശ്യമായ വ്യവസ്ഥകളൊന്നും പരാമർശിക്കാതെ കൊണ്ടുവന്ന ഈ ഭേദഗതി തീർച്ചയായും തൊഴിലാളി സൗഹൃദമാക്കി, തൊഴിലാളികൾക്ക് അനുകൂലമാക്കി മാറ്റാൻ ഔദ്യോഗിക ഭേദഗതിയിലൂടെ സർക്കാർ തയ്യാറാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

2.00 PM]

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, 2021ലെ കേരള ഷോപ്പ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-12-2021 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഈ ഭേദഗതി അവതരിപ്പിക്കുന്നതിന് ഉപോത്ബലകമായാണ് ഡോ. എം. കെ. മുനീറും

ശ്രീ. എം. വിൻസെന്റും ഇവിടെ സംസാരിച്ചത്. അതുകൊണ്ട് ഞാൻ ഒന്നുകൂടി എസ്റ്റാബ്ലിഷ് ചെയ്ത് പറയേണ്ട കാര്യമില്ല. പ്രശ്നം വളരെ പ്രധാനപ്പെട്ടതും വിപുലവുമാണ്. ഇത് അവതരിപ്പിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി മൈൻഡ് അപ്ലൈ ചെയ്തിട്ടുണ്ടോയെന്നറിയില്ല. ഈ ചെറിയ ഭേദഗതിക്കുപോലും എത്രകാലമാണ് കാത്തുനിൽക്കേണ്ടിവന്നത്? നാലാമത്തെ പ്രാവശ്യമാണ് ഓർഡിനൻസ് റീ-ഇഷ്യൂ ചെയ്യുന്നത്. ഓർഡിനൻസുകൾ റീ-ഇഷ്യൂ ചെയ്യരുതെന്ന ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുണ്ടെങ്കിലും ആവർത്തിച്ച് റീ-ഇഷ്യൂ ചെയ്യുകയാണ്. എന്നിട്ടും ഈ പ്രശ്നങ്ങൾ നിലനിൽക്കുകയാണ്. ആ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിനെക്കുറിച്ച് ആലോചനയുണ്ടായിട്ടില്ല. എന്റെ സ്നേഹിതർ രണ്ടുപേരും ഇക്കാര്യത്തെക്കുറിച്ച് ശക്തമായി നിരാകരണ പ്രമേയത്തിൽ പറഞ്ഞതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. രണ്ട് ചോദ്യങ്ങളാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് ഉന്നയിക്കാനുള്ളത്. ക്ഷേമനിധിയിൽ നിന്നും വളരെ ചെറിയ തുകയാണ് ലഭിക്കുന്നത്. കള്ളുചെത്ത് തൊഴിലാളികളുടെ ക്ഷേമനിധി ബോർഡിൽനിന്ന് ഈ സർക്കാർ എത്രകോടി രൂപ വായ്പയെടുത്തിട്ടുണ്ടെന്ന് ഈ സഭ പിരിയുന്നതിനുമുമ്പ് അങ്ങ് മറുപടി പറയണം. എങ്കിൽ മാത്രമെ ഇതിന്റെ കള്ളക്കളി പുറത്തുവരികയുള്ളൂ. ക്ഷേമനിധിയിൽ തൊഴിലാളി വിഹിതം 5 രൂപ എന്നുള്ളത് 50 രൂപയാക്കുക, മുതലാളിയുടെ/ഉടമസ്ഥന്റെ കയ്യിൽനിന്ന് 5 രൂപ എന്നുള്ളത് 50 രൂപയാക്കുക, സ്വയം ഈ പണി ചെയ്തുകൊണ്ടിരിക്കുന്ന ആളിൽനിന്ന് 20 രൂപ കൂടി വർദ്ധിപ്പിച്ച് വാങ്ങുക; എന്നാൽ സർക്കാരിന്റെ മുൻകാലം മുതലുള്ള ഗ്രാന്റ് 5 രൂപയിൽത്തന്നെ തുടരുകയാണ്. ഈ വിവേചനത്തിന്റെ കാര്യമെന്താണ്; അങ്ങനെ ചെയ്യുന്നതെന്തിനാണ്; ഇത് ഏത് ജനവിഭാഗത്തെയാണ് ബാധിക്കുന്നതെന്ന് അങ്ങ് പരിശോധിച്ചിട്ടുണ്ടോ? അങ്ങേയ്ക്കുകൂടി താല്പര്യമുള്ള ജനവിഭാഗമാണ്. ഈ പാവങ്ങൾ രാവിലെ മുതൽ വൈകുന്നേരംവരെ പണിയെടുക്കുമ്പോൾ തുച്ഛമായ തുകയാണ് ലഭിക്കുന്നത്. ആ തുകയിൽ നിന്നാണ് അവരുടെ വിഹിതം വർദ്ധിപ്പിക്കാൻ തീരുമാനിച്ചിരിക്കുന്നത്. എന്നാൽ ഗവൺമെന്റ് വിഹിതത്തിൽ വർദ്ധനവൊന്നും വരുത്തുന്നുമില്ല. സംസ്ഥാനത്ത് മെച്ചപ്പെട്ട ക്ഷേമനിധി ബോർഡുകളും മെച്ചമൊന്നുമില്ലാത്ത വെറും അത്താഴപട്ടിണിക്കാരുടെ ക്ഷേമനിധി ബോർഡുകളുമുണ്ട്. എന്നാൽ കാശുള്ള ക്ഷേമനിധി ബോർഡിൽനിന്ന് ഗവൺമെന്റ് പണം എടുക്കുമ്പോൾ അതിന്റെ പലിശസഹിതം തിരിച്ചുകൊടുക്കുന്നുമില്ല. അതിന്റെ കാരണം, ഈ ക്ഷേമനിധി ബോർഡിന്റെ തലപ്പത്തിരിക്കുന്നവർ ഒന്നുകിൽ ഭരണത്തോട് ഒട്ടിനിൽക്കുന്നവരോ അല്ലെങ്കിൽ ഭരണകക്ഷിക്ക് സ്നേഹമുള്ളവരോ ആയതുകൊണ്ടാണ്. തൊഴിലാളികൾക്ക് അതിനെ നേരിട്ടുനിന്ന് എതിർക്കാനുള്ള ശക്തിയില്ലാത്തതുകൊണ്ട് അവർ വികാരപരമായി അതിനോട്

യോജിക്കുന്നില്ലെങ്കിൽപോലും ആ തുക നൽകുകയാണ് ചെയ്യുന്നത്. അതുകൊണ്ടാണ് ഈ പാവങ്ങളുടെ ക്ഷേമനിധി ബോർഡിൽനിന്ന് ഗവൺമെന്റ് എടുത്തിരിക്കുന്ന തുക എത്രയാണെന്ന് ഞാൻ ചോദിച്ചത്. എത്രതുകയാണ് എടുത്തിട്ടുള്ളതെന്ന് ശ്രീ. ടി. പി. രാമകൃഷ്ണന് അറിയാം; അത് കൃത്യമായി പറഞ്ഞാൽമതി. അറിയില്ലേ? അങ്ങേയ്ക്കുപോലും അറിയില്ലെങ്കിൽ പിന്നെ എന്താണ് സ്ഥിതി; കുറഞ്ഞത് ആ വകുപ്പ് കൈകാര്യം ചെയ്തിരുന്ന മന്ത്രിക്കെങ്കിലും അറിയണ്ടേ; ഈ സഭയിൽ ശ്രീ. ടി. പി. രാമകൃഷ്ണൻ പഴയ ഗുരുസ്ഥാനീയനാണ്. അങ്ങേയ്ക്കും ഇത് അറിയില്ലേ?

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഇതിനെക്കുറിച്ച് എനിക്ക് അറിയില്ല എന്നല്ല പറഞ്ഞത്, ഗവൺമെന്റ് പണം എടുത്തിട്ടില്ലെന്നാണ് കൈകൊണ്ട് ആംഗ്യം കാണിച്ചത്. ചില ക്ഷേമനിധി ബോർഡുകൾ നിക്ഷേപം ട്രഷറിയിലേയ്ക്ക് നൽകാറുണ്ട്. അതാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി കണക്ക് പരിശോധിച്ച് സഭയിൽ പറയണമെന്ന് അങ്ങ് പറഞ്ഞിട്ടുണ്ടല്ലോ? അതിന്റെ കണക്ക് സംബന്ധിച്ച് അങ്ങും മറ്റെല്ലാപേരും അറിയുന്നതിനായി ബഹുമാനപ്പെട്ട മന്ത്രിതന്നെ സഭയിൽ പറയട്ടെ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ട്രഷറിയിൽ നിക്ഷേപിക്കുകയെന്ന് പറഞ്ഞാൽ ways and means ബാലൻസ് ശരിയാക്കാൻ വേണ്ടിയല്ലേ; ഞങ്ങൾ ഇതൊന്നും മനസ്സിലാകാത്തവരാണെന്ന് അങ്ങ് ധരിക്കുന്നുവെങ്കിൽ എന്തൊരു കഷ്ടമാണ്.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഞങ്ങൾക്ക് ആ രീതിയിലുള്ള ധാരണയില്ല. പക്ഷേ, കാര്യങ്ങൾ വളച്ചൊടിച്ച് സമർത്ഥമായി അവതരിപ്പിക്കാൻ വൈദഗ്ധ്യം കാണിക്കുന്ന അംഗമാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ. അതുകൊണ്ട് വസ്തുതകൾ വസ്തുതകളായിത്തന്നെ അവതരിപ്പിച്ചാൽ കാര്യങ്ങൾ നടത്തിക്കൊണ്ടുപോകാൻ സാധിക്കും. അതിന് വ്യത്യസ്തമായ നിലപാടിലേയ്ക്ക് പോകാൻപാടില്ല. ഞാൻ മന്ത്രിയായിരിക്കുന്ന സമയത്ത് ഒരു ക്ഷേമനിധി ബോർഡിൽനിന്നും നിക്ഷേപം മാറ്റിക്കൊണ്ട് പോകുന്ന നിലപാട് സ്വീകരിച്ചിട്ടില്ല.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, അങ്ങയെക്കുറിച്ച് ശ്രീ. ടി. പി. രാമകൃഷ്ണൻ പറഞ്ഞത് അങ്ങേയറ്റം വ്യസനകരമാണ്. അങ്ങാണെങ്കിൽ നേരെ വാ, നേരെ പോ എന്നുള്ള നിഷ്കളങ്കനായ ഒരംഗമാണ്. ശ്രീ. ടി. പി. രാമകൃഷ്ണൻ അതിനെ തെറ്റിദ്ധരിച്ചു. എല്ലാ ഗവൺമെന്റുകളുടെയും കാര്യത്തിൽ ക്ഷേമനിധി ബോർഡിൽനിന്ന് പണം എടുക്കാറുണ്ട്. സർക്കാർ ആ പണം തിരിച്ചുകൊടുക്കില്ലെന്നുമാത്രമല്ല പലിശപോലും നൽകില്ല. തൊഴിലാളികൾക്കും ആനുകൂല്യം നൽകില്ല. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, വളഞ്ഞവഴിയിലൂടെ തിരിഞ്ഞുമറിഞ്ഞ് ഞാൻ പറഞ്ഞുവെന്ന് അങ്ങ് ഒരു ദുരാരോപണം പറഞ്ഞു. അങ്ങനെയല്ല, വളഞ്ഞുകിടക്കുന്നത് നേരെയാക്കാൻ പറ്റുമോയെന്നുള്ളതാണ് എന്റെ പരിശ്രമം. അതിനുള്ള പരിശ്രമത്തിനുവേണ്ടിയാണ് ഞാൻ ഇക്കാര്യം ചോദിച്ചത്. അങ്ങ് പറഞ്ഞത് സത്യവിരുദ്ധമാണ്. അങ്ങ് കള്ളം പറയുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. കേരള ഗവൺമെന്റ് ക്ഷേമനിധി ബോർഡിൽനിന്ന് ഒരുപണവും എടുത്തിട്ടില്ലെന്നാണോ അങ്ങ് ഈ സഭയിൽ പറയുന്നത്?

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: സർ, ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) മന്ത്രിയായിരുന്നപ്പോഴുള്ള അനുഭവം വച്ചായിരിക്കാം അങ്ങനെ പറഞ്ഞത്. അത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന് ബാധകമല്ല. ഞാൻ മന്ത്രിയായിരുന്ന സമയത്ത് കടമെടുത്തിട്ടില്ല, എന്നാൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. അക്കൗണ്ടിലേയ്ക്കുള്ള പണം ട്രഷറിയിലേയ്ക്ക് മാറ്റിയിട്ടുണ്ട്. അതിന് പലിശയും കൊടുക്കുന്നുണ്ട്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ക്ഷേമനിധിയിൽ നിന്നും മാറ്റിയതുക ട്രഷറിയിൽ കെട്ടിവച്ചിരിക്കുകയാണോ; ക്ഷേമനിധി ബോർഡിൽനിന്ന് ട്രഷറിയിലേയ്ക്ക് എടുത്തുവെന്നാണ് പറയുന്നതെങ്കിൽ എന്റെ ആദ്യവാദഗതി അംഗീകരിക്കുന്നു. രണ്ടാമത്, ട്രഷറിയിലേയ്ക്ക് എടുത്തിട്ടുള്ള തുക അവിടെ കെട്ടിവച്ചിരിക്കുകയാണോ; അങ്ങനെ എടുത്തുവയ്ക്കാൻ കഴിയില്ലല്ലോ; അപ്പോൾ ആ പണം സർക്കാരിന്റെ കാര്യത്തിനുവേണ്ടിത്തന്നെ എടുത്തിരിക്കുന്നു. പിന്നെയുള്ളത്, ട്രഷറിയിൽനിന്ന് ലീഗലായി കൊടുക്കാൻ കഴിയുന്ന ബില്ലുകൾ മാറ്റുന്നതിനുവേണ്ടി ഈ തുക അവർ വിനിയോഗിക്കും.

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: സർ, അങ്ങനെ തുക എടുത്തിട്ടുണ്ടെങ്കിൽ ഏത് ബോർഡിൽനിന്ന് എത്ര തുക എടുത്തുവെന്നുള്ളത് അങ്ങേയ്ക്ക് പറയാമല്ലോ; കണക്ക് അങ്ങേയ്ക്ക് ലഭിക്കുമല്ലോ; നിങ്ങളെല്ലാം മന്ത്രിയായിരുന്നവരല്ലേ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അപ്പോൾ തുക എടുത്തുവെന്ന് അങ്ങ് സമ്മതിച്ചല്ലോ; തുക എടുത്തുവെന്നുപറഞ്ഞാൽ അത് എളിയിൽ വച്ചുകൊണ്ടുപോയി എന്നല്ല. പാവപ്പെട്ടവരുടെ തുക വർദ്ധിപ്പിക്കുന്നതിനോടൊപ്പം ഗവൺമെന്റിന്റെ വിഹിതം വർദ്ധിപ്പിക്കാതിരിക്കുകയും ക്ഷേമനിധി ബോർഡിൽ പണം ലഭിക്കുമ്പോൾ അത് മറ്റ് കാര്യങ്ങൾക്കുവേണ്ടി വിനിയോഗിക്കുകയും ചെയ്യുന്നു. അങ്ങ് വളരെ കഷ്ടപ്പെട്ട് ട്രഷറിയിൽ തുക വച്ചിട്ടുണ്ടെന്ന ഒരു പോയിന്റുവരെ എത്തി; ട്രഷറിയിൽ പണം ഫ്രെയിമിട്ട് വയ്ക്കാനല്ലല്ലോ; അത് സ്വാഭാവികമായും ഗവൺമെന്റിന്റെ ആവശ്യത്തിനുവേണ്ടി എടുത്തു. എത്രകോടി രൂപയാണ് ഈ

ഗവൺമെന്റ് എടുത്തിട്ടുള്ളതെന്ന എന്റെ അവസാന ചോദ്യത്തിനുള്ള മറുപടി അങ്ങ് നൽകിയില്ല. ഒരേ രൂപത്തിലുള്ള ക്ഷേമനിധി ബോർഡുകളുണ്ട്. ഇതുവഴി എസ്റ്റാബ്ലിഷ്മെന്റ് ചെലവ് വർദ്ധിക്കുമെന്നല്ലാതെ എന്തുകാര്യമാണുള്ളത്? ബോർഡിന്റെ താഴെത്തലം മുതൽ മേൽത്തട്ടുവരെയുള്ള ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, ജോയിന്റ് ഡയറക്ടർ തുടങ്ങിയ ഉദ്യോഗസ്ഥപരമ്പരയെ മാത്രം ചുറ്റിപ്പറ്റി നിൽക്കുകയാണ്. നിങ്ങൾക്ക് ഒരേ രൂപത്തിലുള്ള ക്ഷേമനിധികൾ ഒന്നാക്കുന്നതിനുവേണ്ടി ശ്രമം നടത്തിക്കൂടെ? ഭരണപരിഷ്കരണ കമ്മീഷനെ ശ്രീ. വി. ശിവൻകുട്ടിക്ക് നന്നായിട്ടറിയാം. ഭരണപരിഷ്കരണ കമ്മീഷന്റെ റിപ്പോർട്ടിൽ പ്രധാനപ്പെട്ട ശിപാർശയായി പറയുന്നത്, ഒരേ രൂപത്തിലുള്ള ക്ഷേമനിധികൾ, ഒരേ രൂപത്തിലുള്ള വകുപ്പുകൾ ഒന്നാക്കി മാറ്റുന്നതിനുള്ള നടപടിയെടുക്കണമെന്നാണ്. അത്തരം നടപടിയെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ; ഈ നേതൃത്വത്തിന്റെ ഭരണം ആറാം വർഷത്തിൽ എത്തിനിൽക്കുമ്പോഴും അതിനെക്കുറിച്ച് ആലോചിച്ചിട്ടില്ലെന്നുള്ളതാണ് എന്റെ വാദഗതി; അത് നമ്മുടെ എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റ് വർദ്ധിപ്പിക്കും. നമ്മുടെ നാട്ടിൻപുറത്ത് ഒരു ചൊല്ലുണ്ട്, ഞാൻ അതിവിടെ പറഞ്ഞുകഴിഞ്ഞാൽ മോശമായിരിക്കുമെന്ന് എനിക്കുതന്നെയൊരു തോന്നൽ. 'ഇല നക്കി നായ'യുടെ....... അവിടംകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. അങ്ങനെയുള്ള രൂപത്തിലേയ്ക്ക് ഇത് പോകരുത്. പാവപ്പെട്ട ആളുകളാണ്, ആ ശുദ്ധാത്മാക്കളുടെ പണം ദുരുപയോഗം ചെയ്യുന്ന രീതിയിലേയ്ക്ക് പോകരുത്.

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ, ഇത് എല്ലാവർക്കും അറിയാവുന്നതാണ്. 'ഇല നക്കി നായുടെ ചിറി നക്കി'യെന്നതാണ് ആ ചൊല്ല്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഏതായാലും ഇത് അങ്ങയുടെ പേരിൽ രേഖയിൽ കിടന്നോട്ടെ, എന്റെ പേരിൽ വേണ്ട. അങ്ങേയ്ക്കത് ചേരുകയും ചെയ്യും.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, അദ്ദേഹത്തിന്റെ പേരിൽ രേഖയിൽ വേണമെങ്കിൽ അങ്ങ് വഴങ്ങിക്കൊടുത്താൽ അദ്ദേഹത്തിന് മൈക്ക് കിട്ടാനുള്ള സൗകര്യമുണ്ടാകും. അങ്ങ് വളരെ ഉദാരമതിയാണെങ്കിൽ അത് ചെയ്തുകൊടുക്കണം.

<u>ശ്രീ. കെ. ബാബു (നെന്മാറ):</u> സർ, പ്രതിപാദിക്കാൻ ബുദ്ധിമുട്ടെന്ന് അങ്ങ് ഇപ്പോൾ പറഞ്ഞു. 'ഇല നക്കി' എന്നുപറഞ്ഞശേഷം പിന്നെ ആ സമുദായത്തിന്റെ പേര് ഒഴിവാക്കി.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, നായ സമുദായമാണെന്ന് പറഞ്ഞ ഈ ആളിനെക്കുറിച്ച് ഞാൻ എന്താണ് പറയുക? നായ സമുദായമല്ല, ഒരു ജീവിയാണ്. പാവപ്പെട്ടവരെ അതിൽനിന്നും ഒഴിവാക്കുന്നതിനുവേണ്ടിയുള്ള നടപടിയെടുക്കണമെന്നാണ്

എന്റെ ശക്തമായ അഭിപ്രായം. ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം ഡോ. എം. കെ. മുനീർ ഇവിടെ സൂചിപ്പിച്ചു. വെള്ളപ്പൊക്കമുണ്ടായപ്പോൾ നമ്മളെല്ലാവരും തിരക്കിട്ട് ആ പ്രദേശങ്ങളിൽ പോയി അവരുടെയെല്ലാം വിഷമം നേരിട്ടുകാണുകയുണ്ടായി. ഉപ്പുവച്ച കലം പോലെയല്ലേ ഈ കടകളൊക്കെയുള്ളത്, അതിന്റെ സ്ഥിതി എന്താണ്? അത് ഇനി പഴയ രൂപത്തിൽ വരണമെങ്കിൽ എത്ര ലക്ഷം രൂപ മുടക്കണം? ബാങ്കുകൾ പോലും ലോൺ കൊടുക്കില്ല. ലോൺ ലഭിച്ചാലും തിരിച്ചടയ്ക്കാൻ കഴിയാതെ വരുമ്പോൾ അടവില്ലാത്ത ഒരു കടമെന്നുള്ള നിലയിലേയ്ക്കുമാറി അവരുടെ സ്ഥിതി ദയനീയമാകും. ഗവൺമെന്റ് അതിനെക്കുറിച്ച് ആലോചിക്കണം. ഇത്തരം കാര്യങ്ങളിൽ കടകൾക്കുണ്ടായ നഷ്ടത്തിന് ഗവൺമെന്റ് പരിഹാരനടപടി സ്വീകരിക്കുന്നില്ലെന്നാണ് മനസ്സിലാക്കുന്നത്. അതിനെക്കുറിച്ച് ആലോചിക്കേണ്ടതുണ്ട്. 2021-ലെ കേരള ഷോപ്പ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (ഭേദഗതി) ബിൽ എന്നതുകൊണ്ട് സ്വാഭാവികമായും ഷോപ്പുകളെക്കുറിച്ച് ആലോചിക്കില്ലേ? ആ ഷോപ്പുകളുടെ ഇപ്പോഴത്തെ അവസ്ഥയാണ് ഞാൻ പറഞ്ഞത്. ഏത് ദുരന്തമുണ്ടായാലും അതിലെ ഒന്നാം രക്തസാക്ഷി അവിടെയുള്ള കടകളാണ്. ആ കടക്കാർക്ക് ഇത് പുനരാരംഭിക്കാനുള്ള നടപടിയെടുക്കാൻ കഴിയില്ല, അവർ സാമ്പത്തികമായി ക്ലേശത്തിലായിരിക്കും. അതുകൊണ്ട് ഗവൺമെന്റ് ഇക്കാര്യങ്ങൾ ആലോചിക്കുന്ന കൂട്ടത്തിൽ അർഹതപ്പെട്ടവർക്ക് സഹായം നൽകണം, അതിനുള്ള നടപടിയിലേയ്ക്ക് പോകണം. ക്ഷേമനിധിയിൽനിന്നും കൊടുക്കുന്ന ആനുകൂല്യങ്ങളുമായി ബന്ധപ്പെട്ട്, വിവാഹത്തിന് അയ്യായിരം രൂപ നൽകുന്നത് സംബന്ധിച്ച് ഡോ. എം. കെ. മുനീർ സൂചിപ്പിച്ചു. മരണാനന്തര ചടങ്ങുകൾക്ക് നൽകുന്നത് ചെറിയ തുകയാണ്. യഥാർത്ഥത്തിൽ ഒരു പെട്ടി കൊണ്ടുവന്നുവച്ച് ശവദാഹം നടത്തണമെങ്കിൽ അവർക്ക് പതിനായിരം രൂപ നൽകേണ്ടിവരുന്നു. നാട്ടിൻപുറത്തെല്ലാം ഇപ്പോൾ അങ്ങനെയുള്ള ഏർപ്പാടാണല്ലോ? അപ്പോൾ പകുതി ദഹിപ്പിച്ചാൽ മതിയെന്നുപറഞ്ഞാൽ മതിയോ. അമ്പത് ശതമാനം ദഹിപ്പിക്കുക. അതിനുള്ള പണമല്ലേ നിങ്ങൾ കൊടുക്കുന്നുള്ളൂ. നിങ്ങൾ പണം കൊടുക്കണ്ടേ, പകരം വിവാഹത്തിന് അവർക്ക് ഒരു സാരിയെങ്കിലും കൊടുക്കാമെന്ന് തീരുമാനിക്കു. പാവപ്പെട്ട പെൺകുട്ടിക്ക് അവരുടെ വിവാഹത്തിന് കഴിയുന്ന രൂപത്തിലുള്ള തുകയെങ്കിലും കൊടുക്കേണ്ടേ? അസുഖത്തിന് കൊടുക്കുന്ന തുക കേട്ടാൽ അപ്പോൾത്തന്നെ പെട്ടിക്ക് ഓർഡർ ചെയ്യാം. ആ രൂപത്തിൽ തുച്ഛമായ കാശാണ് കൊടുക്കുന്നത്. കോവിഡ് കാലഘട്ടത്തിൽ ആശുപത്രിയിൽ കയറിയിറങ്ങി വരണമെങ്കിൽ എത്ര രൂപയാകും? ഷോപ്പ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ട് അനുസരിച്ച് ആനുകൂല്യം ലഭിക്കേണ്ടയാളിന് കോവിഡ് രോഗം വന്നാൽ എന്തുചെയ്യും, എവിടെ പോകാൻ സാധിക്കും?

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, നിയമസഭയിൽ പ്രത്യേകിച്ച് ഈ സെഷൻ നിയമനിർമ്മാണത്തിനായതുകൊണ്ട് നിരവധി നിയമനിർമ്മാണങ്ങൾ നടക്കുകയുണ്ടായി. അതിൽ കൂടുതലും ക്ഷേമനിധികളുമായി ബന്ധപ്പെട്ട നിയമനിർമ്മാണമായിരുന്നു. ക്ഷേമനിധിയുടെ ഭേദഗതിയിൽ കൂടുതലും അംശദായം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ടവയായിരുന്നു. തൊഴിലാളിയുടെ അംശദായം വർദ്ധിപ്പിക്കുന്ന അവസരത്തിൽ സർക്കാരിന്റെ ഭാഗത്തുനിന്നും അതിനാനുപാതികമായി വിഹിതം വർദ്ധിപ്പിച്ചിട്ടില്ല. ചില ക്ഷേമനിധിയിൽ അമ്പതുപൈസ തൊഴിലാളിക്കും ഒരു രൂപ സർക്കാരിനുമായിരുന്നു. ആ അമ്പതുപൈസ രണ്ടുരൂപയായി വർദ്ധിപ്പിക്കുമ്പോൾ സർക്കാരിന്റെ ആനുകൂല്യം അമ്പതുശതമാനമായി കുറയ്ക്കാനാണ് തീരുമാനിച്ചത്. അംശദായം ഇരട്ടിയാക്കുമ്പോൾ സർക്കാരിന്റെ വിഹിതം പകുതിയാക്കുന്ന രൂപത്തിലേയ്ക്കാണ് ഭേദഗതി വന്നത്. അങ്ങ് ഇപ്പോൾ പറയുന്ന പ്രസക്തമായ കാര്യം, മരണപ്പെട്ടാൽ നൽകുന്നത് മൂവായിരം രൂപ, അവരുടെ കുട്ടികൾക്കുള്ള ആനുകൂല്യം 250 രൂപ 500 രൂപ എന്നിങ്ങനെയാണ്. അംശദായം വർദ്ധിപ്പിച്ചാൽ ആനുകൂല്യം വർദ്ധിപ്പിക്കുമെന്ന നിലപാട് അല്ലെങ്കിൽ നയം സർക്കാരിന് ഈ കോവിഡ് കാലത്തെങ്കിലും ഉണ്ടാകേണ്ടതല്ലേ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, സർവ്വലോകത്തൊഴിലാളികളുടെ ഉദ്ധാരണത്തിനുവേണ്ടി നിൽക്കുമ്പോൾ കോവിഡൊരു പ്രശ്നമേയല്ല. അതുകൊണ്ട് കാൽക്കാശ് കൊടുക്കുകയുമില്ല. ഇതൊന്നും ശരിയല്ല. മനഃസാക്ഷി വേണം. ഈ ബിൽ ഇൻട്രൊഡ്യൂസ് ചെയ്യുന്നവർക്ക് മനഃസാക്ഷി വേണം. ആ പാവങ്ങൾ ജീവിക്കട്ടെ, ഒരു രക്ഷാകർത്താവിന്റെ ഏറ്റവും വലിയ മോഹമെന്താണ്? പെൺമക്കളെ മാന്യമായി കല്യാണം നടത്തി ഇറക്കിവിടണമെന്നതന്നെയാണ്. അതിനുള്ള പണമെങ്കിലും കൊടുക്കേണ്ടേ? ഇന്ന് ഇവിടെ വച്ച് ആലോചിക്കണമെങ്കിൽ ആലോചിക്കേണ്ടവരോട് അങ്ങ് ആലോചിച്ചോളൂ. എനിക്ക് ഒരു വിഷമവുമില്ല. അവർക്ക് കൂടുതൽ ആനുകൂല്യം കൊടുക്കുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമെന്ന് അങ്ങ് പ്രഖ്യാപിക്കണം. തുക പറയണമെന്ന് ഞാൻ പറയുന്നില്ല. പക്ഷേ, കൂടുതൽ തുക കൊടുക്കുമെന്ന് അങ്ങ് ഇവിടെ വച്ച് പ്രഖ്യാപിക്കണമെന്ന് ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എം. എം. മണി ചുമതലപ്പെടുത്തിയതുപ്രകാരം <u>ശ്രീ. കെ. ആൻസലൻ</u>: സർ, 2021-ലെ കേരള ഷോപ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. കേരളത്തിലെ വളരെ പ്രധാനപ്പെട്ടതാണ് ഷോപ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് മേഖലയും അവിടെ രജിസ്റ്റർ

ചെയ്തിട്ടുള്ള തൊഴിലാളികളും. മറ്റ് സംസ്ഥാനങ്ങളിൽനിന്നും വിഭിന്നമായി ഒരു വലിയ മേഖലയാണ് വ്യാപാര തൊഴിലിടങ്ങൾ. ഏകദേശം നാല് ലക്ഷത്തിനും അഞ്ച് ലക്ഷത്തിനുമിടയ്ക്ക് ചെറുതും വലുതുമായ വ്യാപാര സ്ഥാപനങ്ങളുണ്ടെന്നാണ് അറിയപ്പെടുന്നത്. അതിൽത്തന്നെ ഏകദേശം 25-30 ലക്ഷത്തോളം തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. അവരുടെ ജോലി സമയത്തെക്കുറിച്ച് എല്ലാവർക്കുമറിയാം. സാധാരണ തൊഴിലിടങ്ങളിൽ നിശ്ചിത സമയമാണ് പണിയെടുക്കുന്നതെങ്കിൽ വ്യാപാര സ്ഥാപനങ്ങളിൽ ആ തൊഴിലുമായി ബന്ധപ്പെട്ട പ്രത്യേകതകൾ കാരണം രാവിലെ 7 മണിക്കും 8 മണിക്കും 9 മണിക്കും വന്നാൽ രാത്രി ഏകദേശം 10 മുതൽ 11 മണി വരെയും പണിയെടുക്കേണ്ടി വരുന്നുണ്ട്. ഈ തൊഴിലുമായി ബന്ധപ്പെട്ട് പന്ത്രണ്ടും പതിനാലും മണിക്കൂറാണ് തൊഴിലാളികൾ പണിയെടുക്കാൻ നിർബന്ധിതരാകുന്നത്. അതുമാത്രമല്ല, ഹോട്ടൽ ശൃംഖലയിലെ തൊഴിലാളികൾക്ക് ഇതിലും കൂടുതൽ സമയം പണിയെടുക്കേണ്ടി വരുന്നുണ്ട്. ഇത്തരം തൊഴിലാളികൾക്ക് ക്ഷേമനിധി രൂപീകരിക്കണമെന്ന് തീരുമാനമെടുത്തത് വി. എസ്. അച്ചുതാനന്ദൻ ഗവൺമെന്റിന്റെ ഭരണകാലഘട്ടത്തിലാണ്. അതിലൊരു ക്ഷേമനിധി ബോർഡ് രൂപീകരിക്കപ്പെട്ടത് 2007 മാർച്ച് 15-നാണ്. പതിനാല് വർഷങ്ങൾക്കുമുൻപ് അന്നുണ്ടായിരുന്ന വിലക്കയറ്റമടക്കമുള്ള പ്രശ്നങ്ങളും വേതനവ്യവസ്ഥകളുമായും ബന്ധപ്പെട്ടുകൊണ്ടാണ് 20 രൂപ തൊഴിലുടമയും 20 രൂപ തൊഴിലാളിയും അടയ്ക്കണമെന്ന നിലപാട് സ്വീകരിച്ചുകൊണ്ട് തീരുമാനമെടുത്തത്. ഔദ്യോഗികമായി സ്ഥിരീകരിക്കപ്പെട്ട കണക്കനുസരിച്ച് 190,727 സ്ഥാപനങ്ങളാണ് നിലവിൽ ഈ പട്ടികയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. അഞ്ച് ലക്ഷത്തോളം സ്ഥാപനങ്ങൾ സംസ്ഥാനത്തുണ്ടെങ്കിലും അതിന്റെ 40-45 ശതമാനം മാത്രമെ രജിസ്റ്റർ ചെയ്യുന്നുള്ളൂ. 13,56,932-ഓളം വരുന്ന തൊഴിലാളികൾ ഈ മേഖലയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും നിലവിലെ കണക്കുപ്രകാരം സ്ഥിരമായി ഈ രംഗത്ത് രജിസ്ട്രേഷൻ പുതുക്കുന്നവർ 810,173 പേർ മാത്രമാണ്. പെൻഷന് അർഹരായി ഈ ഘട്ടത്തിൽ മാറപ്പെട്ടത് 2242 പേരാണ്. ബോർഡിന്റെ അംശദായവുമായി ബന്ധപ്പെട്ട ആസ്തി 269 കോടി രൂപയാണ്. ചില ഘട്ടങ്ങളിൽ ഭേദഗതി ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഓർഡിനൻസ് ഇറക്കിയെങ്കിലും വിവിധ കാരണങ്ങളാൽ മാറ്റിവയ്ക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ ഗവൺമെന്റ് ഇച്ഛാശക്തിയോടുകൂടി അത് പരിഹരിക്കുന്നതിനുവേണ്ടിയാണ് പുതിയ നിർദ്ദേശമെന്ന നിലയിൽ 50:50 എന്ന മാനദണ്ഡത്തിലേയ്ക്ക് ഈ ഭേദഗതിയിലൂടെ കൊണ്ടുവരാൻ തീരുമാനിച്ചത്. ഈ പദ്ധതിയിലൂടെ പെൻഷൻ, വിവാഹാനുകൂല്യം, പ്രസവാനുകൂല്യം, വിദ്യാഭ്യാസാനുകൂല്യങ്ങൾ എന്നിവയ്ക്ക് നേരത്തേ നിശ്ചയിച്ചിരുന്ന തുക കുറവാണ്. പക്ഷേ, അംശദായം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സ്വാഭാവികമായും ഈ തുകകൾ അധികമായി മാറുന്നതാണ്.

അക്കാര്യങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി വിശദീകരിക്കുന്നതാണ്. ഇത്തരം സ്ഥാപനങ്ങൾ വ്യത്യസ്തമായ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. വ്യാപാരമേഖലയിൽ ഒരാൾ മാത്രം തൊഴിലെടുക്കുന്ന, മുതലാളിയും തൊഴിലാളിയും ഒരാൾ മാത്രമായ വ്യാപാര സ്ഥാപനം മുതൽ ആയിരക്കണക്കിന് പേർ പണിയെടുക്കുന്ന സ്ഥാപനങ്ങളും സംസ്ഥാനത്തുണ്ട്. ഈ സ്ഥാപനങ്ങളുടെ നിലനിൽപ്പുതന്നെ പല ഘട്ടത്തിലും പല രൂപത്തിലും വെല്ലുവിളി നേരിടുന്നുണ്ട്. ബഹുരാഷ്ട്ര കുത്തകകളെ യഥേഷ്ടം ആനയിക്കുന്നതിനുവേണ്ടി മുൻ കേന്ദ്ര ഗവൺമെന്റുകൾ എടുത്ത തീരുമാനത്തിന്റെ ഭാഗമായി ബഹുരാഷ്ട്ര കുത്തകകളുടെ ഇടപെടലും കമ്പോളത്തെ മൊത്തമായി അവർ സ്വാധീനിക്കുന്നതും ലാഭക്കണ്ണോടുകൂടിയുള്ള പ്രവർത്തനങ്ങളും അതിന്റെ ഭാഗമായി തൊഴിലിടങ്ങളിൽ ഇതര സംസ്ഥാന തൊഴിലാളികളെ ഫലപ്രദമായി ഉപയോഗിക്കുന്നതും ഈ മേഖലയിൽ തൊഴിലെടുക്കുന്ന തൊഴിലാളികളുടെ തൊഴിൽ സാദ്ധ്യതയെ വലിയ തോതിൽ ബാധിച്ചിട്ടുണ്ട്. മറ്റ് സാമ്പത്തിക പ്രതിസന്ധികൾ, പ്രത്യേകിച്ച് കോവിഡ് ഘട്ടത്തിലുണ്ടായ ലോക്ഡൗണും തുടർന്നുള്ള പ്രശ്നങ്ങളും പതിനായിരക്കണക്കിന് തൊഴിലാളികൾക്കാണ് തൊഴിൽ നഷ്ടപ്പെടുത്തിയത്. ഇതേ അനുഭവംതന്നെയാണ് തൊഴിലുടമയും നേരിട്ടുകൊണ്ടിരിക്കുന്നത്. ഇത്തരം ചെറുകിട ഇടത്തരം വ്യാപാര സ്ഥാപനങ്ങൾ പല രൂപത്തിലുള്ള പ്രതിസന്ധികളിൽപ്പെട്ട് വ്യാപാരം മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്ത സ്ഥിതിയിലേയ്ക്കും തൽഫലമായി സ്ഥാപനം അടച്ചുപൂട്ടുന്നതിനും വ്യാപാരം മതിയാക്കുന്നതിനും കാരണമാകുന്ന തരത്തിലുമുള്ള പ്രതികൂല സാഹചര്യം സൃഷ്ടിച്ചിട്ടുണ്ട്. കേരളത്തിലെ ഏറ്റവും വലിയ തൊഴിൽമേഖലയെന്ന നിലയിൽ ഈ മേഖലയിലുള്ളവരെ സംരക്ഷിക്കുന്നതിനാണ് പ്രധാനമായും ഷോപ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ബോർഡ് ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടത്. അതിനായി നിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കുകയും തൊഴിലാളികൾക്കാവശ്യമായ സംരക്ഷണം നൽകുകയും ചെയ്യുന്ന രൂപത്തിലേയ്ക്ക് ക്ഷേമനിധി ബോർഡിനെ മാറ്റേണ്ടതുണ്ട്. അതിലേയ്ക്കായി എല്ലാ തൊഴിലാളികളെയും ക്ഷേമനിധിയുടെ പരിധിയിലേയ്ക്ക് കൊണ്ടുവരുന്നതിന് വിപുലമായ സംവിധാനമൊരുക്കണം. എന്നാൽ ഒരു മാസം 50 രൂപ പിരിച്ചെടുക്കുന്നതിനുള്ള വ്യവസ്ഥ പലപ്പോഴും ഉണ്ടാകുന്നില്ല. ചില തൊഴിലുടമകൾ കൃത്യമായി അത് മാസംതോറും അടയ്ക്കുന്നതിനും ആ കാര്യങ്ങളിൽ വലിയ ബാദ്ധ്യതയില്ലാതിരിക്കുന്നതിനും പരിശ്രമം നടത്തുമ്പോൾ മറ്റുചില മേഖലയിലെ തൊഴിലുടമകൾ അത് അടയ്ക്കാതിരിക്കുന്നു. ഉദാഹരണത്തിന്, പത്ത് തൊഴിലാളികൾ ജോലിചെയ്യുന്ന സ്ഥാപനത്തിൽ ഒരു മാസം 500 രൂപ വച്ച് അടയ്ക്കേണ്ട സ്ഥാനത്ത് ഒരു വർഷമാകുമ്പോൾ അത് 6000 രൂപയായി മാറുകയും വർഷത്തിൽ അത് അടയ്ക്കാതെ വരുമ്പോൾ ഭീമമായ ബാദ്ധ്യത ഓരോ

തൊഴിലുടമയുടെ ഭാഗത്ത് വരികയും ചെയ്യുന്നു. അങ്ങനെവരുമ്പോൾ കോടിക്കണക്കിന് രൂപ ക്ഷേമനിധി ബോർഡിലേയ്ക്ക് ലഭിക്കാത്ത അവസ്ഥയുണ്ടാകുന്നു. ഈ തുക കൃത്യമായി പിരിച്ചെടുക്കുന്നതിന് മാസംതോറും അല്ലെങ്കിൽ മൂന്ന് മാസത്തിലൊരിക്കലോ ആറ് മാസത്തിലൊരിക്കലോ കളക്ട് ചെയ്യുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് അവർ DLO (Department License of Occupation) ലൈസൻസ് പുതുക്കുന്ന ഘട്ടത്തിൽ അക്കാര്യം ഓർമ്മപ്പെടുത്തുന്നതിന് നിർദ്ദേശം നൽകണം. ഈ തുക തൊഴിലാളികൾക്കുകൂടി അവകാശപ്പെട്ടതും എന്നാൽ മുതലാളിമാർക്ക് പിന്നീട് ബാദ്ധ്യത വരാത്തതുമായ രൂപത്തിലേയ്ക്ക് കൃത്യമായി അടപ്പിക്കാൻ കഴിയുന്ന തരത്തിലുള്ള നിലപാടുകൾ നാം ചർച്ചചെയ്ത് രൂപപ്പെടുത്തേണ്ടതുണ്ട്.

ഈ വ്യാപാര സ്ഥാപനങ്ങളിൽ നിലനിൽപ്പുമായി ബന്ധപ്പെട്ട് ചില പ്രശ്നങ്ങളുണ്ട്. അതിവിടെ ചർച്ച ചെയ്ത് പരിഹരിക്കപ്പെടേണ്ട കാര്യമല്ല. ക്ഷേമനിധി ബോർഡ് സംസ്ഥാന തലത്തിൽ പ്രവർത്തിക്കുമ്പോൾത്തന്നെ ജില്ലാതലത്തിൽ ഉപദേശക സമിതികൾകൂടി രൂപീകരിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നത് ഉചിതമായിരിക്കും. വ്യാപാരി-വ്യവസായി പ്രതിനിധികൾ, തൊഴിലാളി പ്രതിനിധികൾ, തദ്ദേശഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾ എന്നിവരെയുൾപ്പെടുത്തി ഒരു ജില്ലാതല ഉപദേശക സമിതി രൂപീകരിച്ചാൽ തൊഴിൽ മേഖലയെയും തൊഴിലാളികളെയും സംരക്ഷിക്കുന്നതിനും പ്രശ്നങ്ങൾ ഫലപ്രദമായി ഇടപെട്ട് പരിഹരിക്കുന്നതിനും സാധിക്കുന്നതാണ്. പ്രശ്നങ്ങൾ സങ്കീർണ്ണതയിലേയ്ക്ക് പോകാതെ സുതാര്യമായി ഈ പ്രക്രിയ മുന്നോട്ടുകൊണ്ടുപോകുന്നതിന് ജില്ലാതല സമിതിയുടെ സഹായം കൂടിയാകുമ്പോൾ അത് ഗുണകരമായി മാറുന്നതാണ്. സ്വയംതൊഴിൽ മേഖലയിലുള്ളവരെക്കൂടി ബില്ലിന്റെ ഭാഗമായി ക്ഷേമനിധിയിൽ അംഗങ്ങളാക്കാൻ ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ? ഉദാഹരണത്തിന് ഡ്രൈവിംഗ് സ്കൂളുകളിൽ ജോലിചെയ്യുന്ന ഇൻസ്ട്രക്ടർമാരെക്കൂടി ക്ഷേമനിധിയുടെ ഭാഗമാക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കണമെന്ന നിർദ്ദേശം വയ്ക്കുകയാണ്.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, പതിനഞ്ചാം കേരള നിയമസഭയുടെ മൂന്നാം സമ്മേളനം എന്തുകൊണ്ടും ശ്രദ്ധേയമാണ്. എല്ലാ വിഭാഗക്കാരെയും ഏതെങ്കിലും അർത്ഥത്തിൽ ക്ഷേമനിധിയിൽ കൊണ്ടുവരാനുള്ള വലിയ ശ്രമമുണ്ടായിട്ടുണ്ട്. ചുവരുണ്ടെങ്കിലേ ചിത്രം വരയ്ക്കാൻ കഴിയുകയുള്ളൂ. പ്രതിപക്ഷാംഗങ്ങൾ പറഞ്ഞത് കേട്ടപ്പോൾ അത്ഭുതം തോന്നി. മരണാനന്തര സഹായത്തിന് കത്തിക്കാൻ 10,000 രൂപ വേണ്ടി വരും, അതിനായി 5,000 രൂപ കൊടുക്കുന്നു, അതിനാൽ പകുതി കത്തിച്ച് വയ്ക്കുമോ എന്നാണ് അവർ പറഞ്ഞത്.

അതിന്റെ അർത്ഥം ഇപ്പോഴുള്ള പ്രദേശങ്ങളിലൊക്കെ മരണപ്പെട്ടാൽ ആളുകൾ അങ്ങനെതന്നെ നിൽക്കുന്ന സ്ഥിതിയാണോ ഉള്ളത്. 5000 രൂപ കൂടി ലഭിച്ചാലേ പകുതി കത്തിക്കാൻ പറ്റുള്ളൂ, ആ ബോഡി അങ്ങനെതന്നെ നിലനിർത്തുകയാണ്. ഇത്രമാത്രം ശ്രദ്ധയോടുകൂടി ഈ പ്രയാസങ്ങളൊക്കെ അനുഭവിക്കുന്ന സമയത്തും തൊഴിലാളികളെയും ബാക്കിയുള്ളവരെയും സംരക്ഷിക്കാനുള്ള ബിൽ അവതരിപ്പിച്ച സർക്കാരിനെ അഭിനന്ദിച്ചില്ലെങ്കിൽ വേണ്ട, നിന്ദിക്കരുതായിരുന്നു. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. ആൻസലൻ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ മുതലക്കണ്ണീരാണ് ഇവിടെ ഒഴുക്കുന്നത്. എന്തെങ്കിലും ആത്മാർത്ഥത യു.ഡി.എഫ്. അംഗങ്ങൾക്കുണ്ടോ? ഈ രാജ്യത്ത് പതിനാറോളം വരുന്ന ക്ഷേമനിധി ബോർഡുകൾ സ്ഥാപിക്കപ്പെടാൻ മുൻകയ്യെടുത്തത് ഈ സംസ്ഥാനത്തെ എൽ.ഡി.എഫ്. ഗവൺമെന്റുകളാണ്. ഈ ബിൽപോലും ആദ്യമായി കൊണ്ടുവന്നത് വി. എസ്. അച്യുതാനന്ദൻ ഗവൺമെന്റിന്റെ ഭരണകാലത്താണ്. കഴിഞ്ഞ അഞ്ച് വർഷക്കാലത്തിനുമുൻപ്, 2011-2016 കാലഘട്ടത്തിൽ ഇവിടെ ആരാണ് ഭരിച്ചിരുന്നത്? അപ്പോൾ ഇവർക്ക് ഒരു ദണ്ണവുമില്ലായിരുന്നോ? ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)യും അന്ന് മന്ത്രിമാരായിരുന്നല്ലോ. തൊഴിലാളികളെ സംബന്ധിച്ച് ആശങ്കയില്ലായിരുന്നോ? കോവിഡിന്റെ പ്രതിസന്ധികളും പ്രയാസങ്ങളും നിലനിൽക്കുമ്പോഴും നിയമസഭാ സമ്മേളനം അനന്തമായി നീട്ടിക്കൊണ്ടുപോകാൻ കഴിയാത്ത ഘട്ടത്തിലും ഈ ഗവൺമെന്റിന്റെ ഇച്ഛാശക്തികൊണ്ട് ബില്ലുകൾ പ്രത്യേകമായി പരിഷ്കരിക്കുന്നതിനും കാലോചിതമായി മാറ്റുന്നതിനുമുള്ള നിലപാടാണ് സ്വീകരിച്ചത്. ആ നിലപാട് സ്വീകരിക്കുമ്പോൾ എന്തെങ്കിലും പറയണമെന്നു കരുതിക്കൊണ്ട് ശവം കത്തിക്കുന്നതിനെയും സാരി വാങ്ങിക്കൊടുക്കുന്നതിനെയുംകുറിച്ച് മ്ലേച്ഛമായി ചർച്ച ചെയ്ത് സമയം പാഴാക്കുന്ന പ്രതിപക്ഷാംഗങ്ങൾ ഈ ബില്ലിനോട് ആത്മാർത്ഥതയുണ്ടെങ്കിൽ പുതിയ നിർദ്ദേശങ്ങൾ വയ്ക്കുകയാണ് വേണ്ടത്. ഇവിടെ അതൊന്നും ചെയ്യാതെ യാതൊരു ആത്മാർത്ഥതയും ഇല്ലാത്ത രൂപത്തിലേയ്ക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, പോയിന്റ് ഓഫ് ഓർഡർ.

മി. ചെയർമാൻ: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ബഹുമാനപ്പെട്ട അംഗം സംസാരിച്ചപ്പോൾ പ്രതിപക്ഷത്തിരിക്കുന്നവർ മനഃപൂർവ്വമായി ഈ ബില്ലുകൾക്കെതിരെ സംസാരിക്കുകയാണെന്ന രീതിയിൽ ദുഃസൂചനയോടുകൂടി

പറഞ്ഞു. പ്രതിപക്ഷം ഇവിടെയിരിക്കുന്നത് അവരുടെ ദൗത്യം നിർവ്വഹിക്കാൻവേണ്ടിയാണ്. അതല്ലാതെ ഭരണകക്ഷിയെ വാഴ്ത്തിപ്പാടാൻ വന്നതല്ല. ഭരണകക്ഷി ചെയ്യുന്ന നല്ല കാര്യങ്ങളെ നല്ലതെന്ന് പറയും, എതിർക്കേണ്ട കാര്യങ്ങളെ എതിർക്കും. അദ്ദേഹം പറയുന്ന കാര്യങ്ങൾ പ്രതിപക്ഷത്തിനാകെ അപമാനമാണ്, അത് പരിശോധിച്ച് സഭാരേഖകളിൽനിന്നും നീക്കം ചെയ്യണം.

<u>മി. ചെയർമാൻ</u>: പരിശോധിക്കാം.*

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, പോയിന്റ് ഓഫ് ഓർഡർ.

<u>മി. ചെയർമാൻ</u>: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ സംസാരിക്കുമ്പോൾ മൃതദേഹങ്ങൾ സംസ്കരിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറഞ്ഞു. പ്രതിപക്ഷത്തെ ഒരംഗംപോലും പകുതി മൃതദേഹങ്ങൾ സംസ്കരിച്ചുവയ്ക്കും/ പകുതിയേ സംസ്കരിക്കൂ എന്നുപറഞ്ഞിട്ടില്ല. ഈ ബില്ലുകൾ ചർച്ച ചെയ്യപ്പെടുമ്പോൾ സ്വാഭാവികമായും ഒരുപാട് ആനുകൂല്യങ്ങൾ പാവപ്പെട്ടവർക്ക് ലഭിക്കണമെന്ന് ആഗ്രഹിക്കുന്നതുകൊണ്ടാണ് ഇക്കാര്യങ്ങൾ പറയുന്നത്. ഈ ബിൽ വേണ്ടായെന്നല്ല പ്രതിപക്ഷം പറയുന്നത്. ഇവിടെ ഈ ബില്ലുകൾ ഭേദഗതി ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ടത്, അംശദായം വർദ്ധിപ്പിക്കുന്നത് പാവപ്പെട്ട തൊഴിലാളികളുടേത് മാത്രമാണ്, അതിനാനുപാതികമായി സർക്കാരിന്റെ ഭാഗത്തുനിന്നും തുക തരുന്നില്ല. ചിലകാര്യങ്ങൾ ചൂണ്ടിക്കാണിക്കുമ്പോൾ തെറ്റായരീതിയിൽ വ്യാഖ്യാനിക്കുകയാണ്. പണം തന്നാലും ഇല്ലെങ്കിലും മൃതദേഹങ്ങളോട് ആദരവ് കാട്ടുകയും അത് നന്നായി സംസ്കരിക്കുകയും ചെയ്യുന്ന സാംസ്കാരിക പാരമ്പര്യം കേരളത്തിലുണ്ട്. അത് അങ്ങ് വിസ്മരിച്ചുപോകരുത്. അതുകൊണ്ട് ആ രീതിയിലുള്ള പ്രസ്താവന സഭാരേഖകളിൽ ഉണ്ടാകാൻ പാടില്ല.

<u>മി. ചെയർമാൻ</u>: യെസ്. പരിശോധിക്കാം.*പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. വി. ജോയി</u>: സർ, (........മൈക്ക് ഓഫ്.....) ആടിനെ പട്ടിയാക്കുന്ന സമീപനമാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്. ഈ സഭയിലെ എല്ലാവരും കേട്ടുകൊണ്ടിരിക്കെയാണ്, 5000 രൂപയ്ക്ക് പകുതി മൃതദേഹം കത്തിക്കും പകുതി വച്ചിട്ടുപോകും എന്നാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത്. അത് അനാദരവ് തന്നെയാണ്. അതിപ്പോൾ ഇദ്ദേഹം തിരുത്താൻ നോക്കണ്ട.

<u>മി. ചെയർമാൻ</u>: ഒരു തർക്കത്തിലേയ്ക്ക് പോകേണ്ടതില്ല.

---

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫ.നം. 17913/ഇ.ബി /2021/നി.സെ. തീയതി 1-11-2021) രേഖയിൽ നിലനിർത്തി.

<u>ശ്രീ. കെ. ആൻസലൻ</u>: സർ, പ്രിയപ്പെട്ട പ്രതിപക്ഷാംഗങ്ങൾക്ക് ഇച്ഛാഭംഗമുണ്ട്. ആ ഇച്ഛാഭംഗത്തിന്റെ ഭാഗമായാണ് ഇത്തരത്തിലുള്ള പ്രതികരണങ്ങളുമായി ചാടിയിറങ്ങുന്നത്. അവർ അധികാരത്തിലിരുന്ന ഘട്ടത്തിൽ ചെയ്യേണ്ട കാര്യങ്ങളൊന്നും ചെയ്തിട്ടില്ല. പാവപ്പെട്ടവരുടെ ക്ഷേമപെൻഷൻപോലും വർദ്ധിപ്പിക്കാതെ, കുടിശ്ശിക വരുത്തി കബളിപ്പിച്ചിട്ടുള്ളവർ ഇവിടെ വന്നിരുന്ന് ഇത്തരം കാര്യങ്ങൾ പറയുമ്പോൾ തിരിച്ച് പറയേണ്ടിവരും. ഇവിടെ ആത്മാർത്ഥതയോടുകൂടിയാണ് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയും ഗവൺമെന്റും ഇത്തരം വിഷയങ്ങളെ സമീപിക്കുന്നത്. ഈ വിഷയത്തിൽ ഗവൺമെന്റെടുക്കുന്ന തീരുമാനത്തെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

<u>Shri T. V. Ibrahim:</u> Sir, I move that - "This House resolves to disapprove The Kerala Small Plantation Workers' Welfare Fund (Amendment) Ordinance, 2021 (Ordinance No. 130 of 2021)." മറ്റെല്ലാ ക്ഷേമനിധി ബില്ലുകളെയുംപോലെ ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലിലും തൊഴിലാളികൾ അടയ്ക്കേണ്ട അംശദായം വർദ്ധിപ്പിക്കുന്ന ഭേദഗതി മാത്രമാണുള്ളത്. എന്നാൽ സർക്കാരിന്റെ ഭാഗത്തുനിന്നുള്ള വിഹിതം വർദ്ധിപ്പിക്കുന്ന യാതൊരുകാര്യവും ബില്ലിൽ പറയുന്നില്ല. അംശദായം വർദ്ധിപ്പിച്ചതുകൊണ്ട് തൊഴിലാളിക്കുണ്ടാകുന്ന യാതൊരു നേട്ടവും ഈ ബില്ലിൽ കാണുന്നില്ല. ബില്ലിലെ അഞ്ചാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ " നൂറ്റി ഇരുപത് രൂപ" എന്നീ വാക്കുകൾക്കുപകരം " നൂറ്റി എൺപത് രൂപ" എന്നീ വാക്കുകളും (2)-ാം ഉപവകുപ്പിൽ " നൂറ്റി ഇരുപത് രൂപ" എന്നീ വാക്കുകൾക്കുപകരം "നൂറ്റി എൺപത് രൂപ" എന്നീ വാക്കുകളും (3)-ാം ഉപവകുപ്പിൽ "ഇരുന്നൂറ്റി നാല്പതു രൂപ" എന്നീ വാക്കുകൾക്കുപകരം "മൂന്നൂറ്റി അറുപത് രൂപ" എന്നീ വാക്കുകളും ചേർക്കേണ്ടതാണെന്നാണ് പറയുന്നത്. സ്വന്തമായി അര ഹെക്ടറിൽ താഴെ ഭൂമിയുള്ളതും അയാൾ സ്വയംതൊഴിൽ ചെയ്യുന്നയാളുമാണെങ്കിൽ 240 രൂപയെന്നത് 360 രൂപയാക്കാൻ നിർദ്ദേശിച്ചിരിക്കുന്നു.

ഈ ബില്ലിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളെല്ലാം തൊഴിലാളിക്കുമാത്രം ബാധകമായിട്ടുള്ളതാണ്. തൊഴിലാളി കൃത്യമായി വിഹിതം കൊടുക്കുന്നു. എന്നാൽ അതിന്റെ പേരിൽ തൊഴിലാളിക്ക് യാതൊരാനുകൂല്യവും കൂടുതലായി ലഭിക്കുന്നില്ല. ക്ഷേമനിധി ബോർഡിന്റെ ഭരണപരമായ ചെലവുകൾക്കുവേണ്ടി സഫർ ചെയ്യേണ്ടത് തൊഴിലാളി മാത്രമാണോ എന്നതാണ് വിഷയം; എന്നാൽ തൊഴിലാളികൾക്കുള്ള മറ്റെല്ലാ ആനുകൂല്യങ്ങളും യാതൊരു മാറ്റവുമില്ലാതെ തുടരുകയാണ്. ഒരു തൊഴിലാളിയുടെ മിനിമം വേതനം 494 രൂപ 68 പൈസ എന്നാണ് പറഞ്ഞിരിക്കുന്നത്. ഈ തുക വർദ്ധിപ്പിക്കുന്നതായി എവിടെയും

പറയുന്നില്ല. കാപ്പി, തേയില എന്നീ മേഖലകളിൽ ആ കാശും ലഭിക്കുന്നില്ല. നിലവിൽ ഇത്തരം അവസ്ഥയാണുള്ളത്. തൊഴിലാളിക്ക് സഹായങ്ങൾ നൽകുന്നുണ്ട്. അതിൽ വിദ്യാഭ്യാസ ധനസഹായമായി പത്താം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്ക് 500 രൂപ, പ്ലസ് ടു-വിന് പഠിക്കുന്ന കുട്ടികൾക്ക് 400 രൂപ, ഡിഗ്രി, ടി.ടി.സി. പോലുള്ള കോഴ്സുകൾ പഠിക്കുന്ന കുട്ടികൾക്ക് 600 രൂപ, ഐ.റ്റി.ഐ., പോളിടെക്നിക്ക്പോലുള്ള കോഴ്സുകൾ പഠിക്കുന്ന കുട്ടികൾക്ക് 600 രൂപ, ബി.എഡ്., പി. ജി. കോഴ്സുകൾ പഠിക്കുന്ന കുട്ടികൾക്ക് 750 രൂപ, ജനറൽ നഴ്സിംഗിന് 600 രൂപ, ബി.എസ്.സി. നഴ്സിംഗിനും പാരാമെഡിക്കൽ കോഴ്സിനും 750 രൂപ, എൽ.എൽ.ബി-ക്ക് വർഷത്തിൽ 1000 രൂപ, ബി. ടെക്കിന് 2000 രൂപ എന്നീ നിരക്കിലാണ് നൽകുന്നത്. ഈ തുക എന്തുകാര്യത്തിനാണ് പര്യാപ്തമാകുന്നത്? മാത്രമല്ല, ഈ തൊഴിലാളി 6 മാസത്തിലൊരിക്കലാണ് വിഹിതം കൊടുക്കേണ്ടത്. 360 രൂപ അല്ലെങ്കിൽ 180 രൂപ ഒറ്റയടിക്ക് കൊടുക്കണമെന്ന് പറഞ്ഞാൽ തൊഴിലാളിയെ സംബന്ധിച്ചിടത്തോളം വളരെ ബുദ്ധിമുട്ടുള്ള സംഗതിയാണ്.

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: സർ, ഇവിടെ എല്ലാ ഭേദഗതികളിലും ഉടമയുടെയും തൊഴിലാളിയുടേയും അംശദായത്തിൽ വർദ്ധനവുണ്ട്. ഇവയെല്ലാം ക്ഷേമനിധി ബോർഡുകളുടെ വരുമാനം വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. ക്ഷേമനിധി ബോർഡുകളുടെ വരുമാനം വർദ്ധിപ്പിച്ചാൽ മാത്രമെ തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ കൂടുതൽ കൊടുക്കാൻ സാധിക്കുകയുള്ളൂ. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് ക്ഷേമനിധിയുള്ള എല്ലാ മേഖലകളിലും ആനുകൂല്യം വർദ്ധിപ്പിച്ചിട്ടുണ്ട്. താങ്കൾക്ക് അനുഭവമുണ്ടാവുമല്ലോ? 2011-2016-ലെ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് കർഷകത്തൊഴിലാളികളുടെ അധിവർഷാനുകൂല്യം കൊടുക്കുന്നതിനുവേണ്ടി 300 കോടി രൂപയാണ് കുടിശ്ശികയുണ്ടായിരുന്നത്. ആ ഗവൺമെന്റ് ഒരു രൂപപോലും കൊടുത്തിരുന്നില്ല. കഴിഞ്ഞ ഗവൺമെന്റാണ് ആ കുടിശ്ശികയിൽ 180 കോടി രൂപ കൊടുത്തുതീർത്തത്. അതുപോലെ സാമൂഹ്യക്ഷേമ പെൻഷൻ 600 രൂപയിൽനിന്നും 1600 രൂപയായി ഉയർത്തിയതും കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്താണ്. എല്ലാ ക്ഷേമനിധി ബോർഡുകളിലെയും ആനുകൂല്യങ്ങൾ മുൻകാലങ്ങളിലുണ്ടായിരുന്നതിൽനിന്നും വർദ്ധിപ്പിച്ചിട്ടുണ്ട്. അവർക്ക് കൂടുതൽ ആനുകൂല്യങ്ങൾ ലഭ്യമാക്കലാണ് ഈ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ശ്രീ. ടി. പി. രാമകൃഷ്ണൻ ഇടപെടുമ്പോൾ രാഷ്ട്രീയം കലർത്തുകയാണ്. പെൻഷന്റെ കാര്യം പരിശോധിച്ചാൽ, ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ ഭരണകാലത്ത് പെൻഷൻ 600 രൂപയെന്നത് 1000 രൂപയാക്കി വർദ്ധിപ്പിച്ചുനൽകാൻ തീരുമാനമെടുത്തശേഷമാണ് ഭരണംകൈമാറിയത്. അത്

നിങ്ങളുടെ ഭരണകാലത്ത് 1600 രൂപയാക്കി. നേരത്തെ 300 രൂപയുണ്ടായിരുന്ന സ്ഥാനത്താണ് ഉമ്മൻ ചാണ്ടി ഗവൺമെന്റ് 600 രൂപയാക്കിയത്. അതിനുശേഷം കുടിശ്ശികയുണ്ടോ ഇല്ലയോ എന്നുള്ളതല്ല വിഷയം. ചിലപ്പോൾ കുടിശ്ശികയുണ്ടായിരിക്കാം. ഒരുപക്ഷേ, ആ കാര്യത്തിലൊക്കെ ഇടതുപക്ഷത്തേക്കാളും വലിയ ഇടതുപക്ഷമാണ് യു.ഡി.എഫ്. എന്ന് ശ്രീ. ടി. പി. രാമകൃഷ്ണൻ അടക്കമുള്ളവർ മനസ്സിലാക്കണം.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, യു.ഡി.എഫ്. കുടിശ്ശിക വരുത്തിയെന്നുപറഞ്ഞു. 2011-ൽ ഇവർ അധികാരമൊഴിഞ്ഞ് യു.ഡി.എഫ്. സർക്കാർ അധികാരത്തിലെത്തിയപ്പോൾ എല്ലാ മേഖലയിലും വലിയ കുടിശ്ശികയുണ്ടായിരുന്നു. ആ കുടിശ്ശികയെല്ലാം കൊടുത്തുതീർത്തത് യു.ഡി.എഫ്. ആണെന്നകാര്യം അറിയാമോ?

ശ്രീ. ടി. വി. ഇബ്രാഹിം: സർ, അന്നത്തെ മന്ത്രികൂടിയായ ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) പറഞ്ഞത് തീർച്ചയായും ശ്രദ്ധിക്കേണ്ട കാര്യമാണ്. അങ്ങനെയുള്ള തർക്കത്തിലേയ്ക്കല്ല പോകുന്നത്. 2021-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലിൽ അംശദായം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് കാലാനുസൃതമായി കൊടുക്കുന്ന ചെറിയ വർദ്ധനവ് പോരാ എന്നുള്ളതാണ്. സത്യത്തിൽ ഏറ്റവുമധികം പ്രയാസപ്പെടുന്ന വിഭാഗം തോട്ടം തൊഴിലാളികളാണ്. ആ തൊഴിലാളികൾക്ക് കൃത്യമായ പരിഗണന നൽകിക്കൊണ്ട് അവരുടെ വിദ്യാഭ്യാസ-ചികിത്സാനുകൂല്യങ്ങളും അവർക്ക് നൽകുന്ന ധനസഹായവും അംശദായം വർദ്ധിപ്പിക്കുന്നതിന്റെ അതേ തോതിൽ വർദ്ധിപ്പിക്കുമ്പോഴാണ് സത്യത്തിൽ ഈ ബില്ലിന് പരിപൂർണ്ണത വരുന്നത്. തോട്ടം തൊഴിലാളി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാനായി ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷനെ നിയോഗിക്കുകയും ആ റിപ്പോർട്ട് പ്രകാരം തൊഴിലാളികൾക്കുവേണ്ടിയുള്ള പ്രധാനപ്പെട്ട കാര്യങ്ങൾ സൂചിപ്പിക്കുകയും ചെയ്യുന്നുണ്ട്. അതിലെ ആറാമത്തെ പ്രൊപ്പോസലിൽ അദ്ദേഹം പറയുന്നത് 'ദശാബ്ദങ്ങളുടെ പഴക്കമുള്ളതും പൊട്ടിപ്പൊളിഞ്ഞതും മനുഷ്യവാസത്തിന് യോഗ്യമല്ലാത്തതുമായ എല്ലാ ലയങ്ങളും പൊളിച്ചുമാറ്റി രണ്ട് കിടപ്പുമുറികളുള്ള കെട്ടിടങ്ങൾ നിർമ്മിച്ചുനൽകണം, അത്തരം കെട്ടിടങ്ങളെ 'വർക്കേഴ്സ് ക്വാർട്ടേഴ്സ്' എന്ന് നാമകരണം ചെയ്യുകയും വേണം, പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ നിർമ്മാണച്ചെലവ് തൊഴിലുടമയും സംസ്ഥാന സർക്കാരും തുല്യമായി വഹിക്കണം, തോട്ടം തൊഴിലാളികൾക്ക് ഇ.എസ്.ഐ. സ്കീം നടപ്പിലാക്കണം, ഇതിനാവശ്യമായ ഭേദഗതികൾ വരുത്തണം......' എന്നാണ്. ഇങ്ങനെ ധാരാളം കാര്യങ്ങൾ ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷന്റെ റിപ്പോർട്ടിൽ കൃത്യമായി എടുത്തുപറയുന്നുണ്ട്. പക്ഷേ, അതൊന്നും നടപ്പാക്കാതെ ഈ തൊഴിലാളികളുടെ അംശദായം വർദ്ധിപ്പിച്ചതുകൊണ്ടുമാത്രം

തൊഴിലാളികളും തോട്ടം തൊഴിലാളി മേഖലയും രക്ഷപ്പെടുമോ; ഒരിക്കലും രക്ഷപ്പെടില്ല. ഇവരുടെ പ്രശ്നങ്ങൾ എത്രമാത്രം പരിതാപകരമാണെന്ന് ഇതുമായി ബന്ധപ്പെട്ട് 2015-ൽ നടന്ന സമരത്തിലൂടെ എല്ലാവർക്കും അറിയാവുന്നതാണ്. ആ സമരത്തെക്കുറിച്ച്, ശ്രീ. എം. എം. മണി അദ്ദേഹത്തിന്റെ പ്രസംഗത്തിൽ കൃത്യമായും പറയുമായിരിക്കും.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷനെ നിശ്ചയിക്കുന്നത് യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്താണ്. എന്നാൽ അദ്ദേഹം റിപ്പോർട്ട് സമർപ്പിക്കുന്നത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഭരണകാലത്താണ്. ആ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ച എല്ലാ കാര്യങ്ങളെക്കുറിച്ചും ശ്രീ. ടി. വി. ഇബ്രാഹിം പറഞ്ഞില്ല. ആ വിഷയങ്ങളുൾപ്പെടെ നടപ്പിലാക്കുന്നതിനുവേണ്ടി ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചു. അക്കാര്യം ഉദ്യോഗസ്ഥതല കമ്മിറ്റി പരിശോധിക്കുകയും ചില വിഷയങ്ങളുമായി ബന്ധപ്പെട്ട് നിയമനിർമ്മാണം വരുത്തേണ്ടതുണ്ടെന്ന് അഭിപ്രായപ്പെടുകയുമുണ്ടായി. ഇതുമായി ബന്ധപ്പെട്ട് ഇത്തരത്തിൽ നിരവധി നടപടികളുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് പ്ലാന്റേഷൻ പോളിസി പ്രഖ്യാപിച്ച് അംഗീകരിച്ചത്. പ്ലാന്റേഷൻ പോളിസിയുടെ അടിസ്ഥാനത്തിൽ പ്ലാന്റേഷൻ മേഖലയുടെ തകർച്ചയ്ക്ക് പരിഹാരമുണ്ടാക്കുന്നതിന് പ്ലാന്റേഷനുവേണ്ടി ഒരു പ്രത്യേക ഡയറക്ടേറ്റ് രൂപീകരിക്കാൻ തീരുമാനിച്ചു. ആ ഡയറക്ടേറ്റ് ഇപ്പോൾ വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട് നടപടിക്രമങ്ങളുമായി മുന്നോട്ട് പോയിക്കൊണ്ടിരിക്കുകയാണ്. അടച്ചുപൂട്ടിയ തോട്ടങ്ങളിലെ തൊഴിലാളികളെ സഹായിക്കുന്നതിനാവശ്യമായ എല്ലാ നടപടികളും കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് സ്വീകരിച്ചിട്ടുണ്ട്. കോവിഡിന്റെ കാലത്ത് ഈ തൊഴിലാളികളെ സഹായിക്കുന്നതിനുവേണ്ടി പ്രത്യേക ഫണ്ട് അനുവദിച്ചിട്ടുണ്ട്. അത് ക്ഷേമനിധി ബോർഡിൽ ഫണ്ടുള്ളതുകൊണ്ടല്ല, സർക്കാർ ഇടപെട്ട് സഹായിച്ചതാണ്. അങ്ങനെ എല്ലാ സഹായങ്ങളും തൊഴിലാളികൾക്കുവേണ്ടി ചെയ്യുന്നുണ്ട്. നേരത്തെ ചൂണ്ടിക്കാണിച്ച എല്ലാ കാര്യങ്ങളും കേരളത്തിൽ നടപ്പാക്കാൻ തന്നെയാണ് കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് തീരുമാനിച്ചത്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, കഴിഞ്ഞ അഞ്ച് വർഷക്കാലം തൊഴിൽ വകുപ്പുമന്ത്രിയായിരുന്നതുകൊണ്ട് ശ്രീ. ടി. പി. രാമകൃഷ്ണന് ഒരുപാട് കാര്യങ്ങൾ പറയാനുണ്ടാകും. ഞാനും അതുമായി ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റി അംഗമായിരുന്നു. സ്വാഭാവികമായും അദ്ദേഹം ഇക്കാര്യത്തിൽ വാചാലനാകും. ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പോളിസിയുണ്ടാക്കിയെന്ന് പറയുന്നതല്ലാതെ കൃത്യമായി മെറ്റീരിയലൈസ് ചെയ്ത് തീരുമാനങ്ങളെടുത്തിട്ടില്ല,

ഇത് സമ്പൂർണ്ണമായി നടപ്പിലാക്കിയില്ലെന്നാണ് ബില്ലിന്റെ ചർച്ചയുമായി ബന്ധപ്പെട്ട് പറയാനുള്ളത്. ഇന്ത്യയിൽ ഏറ്റവുംകൂടുതൽ തോട്ടവിള ഉത്പാദിപ്പിക്കുന്ന സംസ്ഥാനം കേരളമാണ്. ഇന്ത്യയിലെ തോട്ടവിളകളിൽ 40 ശതമാനവും കേരളത്തിന്റെ സംഭാവനയാണ്. കേരളത്തിലെ തോട്ടം മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളിൽ 60 ശതമാനവും സ്ത്രീകളാണ്. ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിൽ അതിനെക്കുറിച്ച് പറയുന്നുണ്ട്. തോട്ടം തൊഴിലാളികൾ അനുഭവിക്കുന്ന പ്രയാസങ്ങളുമായി ബന്ധപ്പെട്ടാണ് 2015-ൽ മൂന്നാറിലെ തോട്ടം തൊഴിലാളികൾ ധീരോദാത്തമായ സമരം നടത്തിയത്. അക്കാര്യം ശ്രീ. എം. എം. മണിക്ക് നന്നായറിയാം. തോട്ടം തൊഴിലാളികൾ ഒരുതരത്തിൽ അടിമജീവിതമാണ് അനുഭവിക്കുന്നത്. അതിന് അറുതിവരുത്തണ മെന്നാവശ്യപ്പെട്ട് 2015-ലെ 'പെമ്പിളൈ ഒരുമൈ' സമരം എല്ലാവരും കണ്ടതാണ്. ആ സമരത്തിൽ വിളിച്ച മുദ്രാവാക്യം എത്രമാത്രം ഹൃദയസ്പർശിയായിരുന്നു. അതിലൂടെ അവരുടെ ജീവിതയാഥാർത്ഥ്യം വിളിച്ചുപറയുകയാണ്. 'എ.സി. ബംഗ്ല ഉങ്കളുക്ക്, പൊട്ടലയങ്ങൾ നാങ്കളുക്ക്. കൊളുന്തുകുട്ട എടുപ്പത് നാങ്കളെ, പണക്കുട്ട അമുക്കത് നിങ്കളെ. ചിക്കൻ ദോശ നിങ്കളുക്ക്, കാടിക്കഞ്ഞി നാങ്കളുക്ക്..' അന്നത്തെ ഈ മുദ്രാവാക്യം ഇന്നും കേരളത്തിന്റെ സാമൂഹ്യ അന്തരീക്ഷത്തിൽ നിൽക്കുന്നു. ശ്രീ. എം. എം. മണിയും ശ്രീ. ടി. പി. രാമകൃഷ്ണനും കഴിഞ്ഞ അഞ്ച് വർഷം മന്ത്രിമാരായിരുന്നു. ഇപ്പോൾ വീണ്ടും ഇടതുപക്ഷ ഗവൺമെന്റ് ഭരിച്ചുകൊണ്ടിരിക്കുന്ന വേളയിൽ തോട്ടം തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് അറുതിവരുത്തുന്നതിന് ഈ ബില്ലുമായി ബന്ധപ്പെട്ട് അംശദായം മാത്രം വർദ്ധിപ്പിച്ചാൽ പോരാ. അതിനാവശ്യമായ മാറ്റങ്ങൾ വരുത്തി ഈ ബിൽ ഒന്നുകൂടി സമഗ്രമായി അവതരിപ്പിക്കുമ്പോൾ മാത്രമേ സമ്പൂർണ്ണാവസ്ഥയിലേയ്ക്ക് എത്തുകയുള്ളൂ. ഇതിന്റെ മൂലബിൽ (2008) നിയമമായി വന്നതിനുശേഷം 2021-ൽ ഭേദഗതി അവതരിപ്പിക്കുകയാണ്. അത്തരം ഭേദഗതികൾ വരുത്തുമ്പോഴും ജീവിതത്തിലെ എല്ലാ ദുരിതങ്ങളും പേറുന്നവരുടെ പ്രശ്നങ്ങൾക്ക് മുൻഗണന നൽകണം. തോട്ടം പണിക്ക് പോകുന്നവരുടെ ജീവിതം സുരക്ഷിതമല്ല. കഴിഞ്ഞ മാസത്തിൽ ഇടുക്കി ജില്ലയിലെ ഒരു പിഞ്ചുകുഞ്ഞ് സുരക്ഷിതമല്ലാത്ത ലയത്തിൽവച്ചാണ് പീഡിപ്പിക്കപ്പെട്ടത്. ആ കുട്ടിയുടെ അച്ഛനും അമ്മയും ജോലിക്ക് പോകുമ്പോൾ ഇങ്ങനെയുള്ള സുരക്ഷിതമല്ലാത്ത ലയത്തിൽ നിർത്തേണ്ടിവരുന്നത് അവരുടെ ജീവിതം ദുരിതക്കയത്തിലായതുകൊണ്ടാണ്. അങ്ങനെയുള്ള അവസ്ഥാവിശേഷത്തിന് മാറ്റംവരണം. അതിനുവേണ്ടി ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കണം. സർക്കാരിന്റെ വിഹിതം 60 രൂപയെന്നുള്ളത് വർദ്ധിപ്പിക്കണ്ടേ? സർക്കാർ അത് വർദ്ധിപ്പിക്കണം, തോട്ടം മുതലാളിയിൽനിന്നും വാങ്ങിയശേഷം അവർക്ക് ആവശ്യത്തിന് നല്ല

സൗകര്യങ്ങളൊക്കെയുള്ള സുരക്ഷിതമായ ലയങ്ങളുണ്ടാക്കിക്കൊടുക്കുന്ന കാര്യത്തിൽ സർക്കാർ ശ്രദ്ധചെലുത്തണം. ഈ ബില്ലിൽ പരാമർശിക്കുന്ന തോട്ടം തൊഴിലാളികളെന്ന് പറയുന്നത് റബ്ബർ, കാപ്പി, ഏലം, തേയില, കൊക്കോ, കശുവണ്ടി, ഓയിൽ പാം ഫാമുകൾ എന്നീ മേഖലകളിലെ തൊഴിലാളികളാണ്. ഇത് ഏറ്റവും കൂടുതലായുള്ളത് മലയോര മേഖലകളിലാണ്. ഈ വലിയ കമ്പനികൾ അവർക്കുമാത്രം ലാഭമുണ്ടാക്കുന്ന രീതിയിൽ പോകുകയും തോട്ടം മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ അവസ്ഥ ദുരിതക്കയത്തിലാക്കുകയുമാണ്.

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ, കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് തോട്ടം മേഖലയിലുള്ള ഭൂമിയിൽ അഞ്ച് ശതമാനം വരെ ടൂറിസത്തിനുവേണ്ടി മാറ്റിവയ്ക്കാമെന്ന് തീരുമാനമെടുത്തത് അങ്ങയുടെ ശ്രദ്ധയിലുണ്ടോ? നെല്ലിയാമ്പതി പോലുള്ള തോട്ടംമേഖല വനത്തിനകത്തുള്ള കാർഷിക മേഖലയാണ്. ആ തോട്ടം മേഖല പാട്ടഭൂമിയിലാണ്. ഇത്തരത്തിൽ തോട്ടം മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾ അവരുടെ തൊഴിൽ കാലാവധി കഴിഞ്ഞാൽ താമസിക്കാൻ ഇടമില്ലാത്ത അവസ്ഥയിലേയ്ക്ക് മാറുന്നു. മറ്റിടങ്ങളിൽനിന്ന് കിട്ടുന്ന ചെറിയ വരുമാനംകൊണ്ട് ഭൂമിയോ വീടോ വാങ്ങാൻ കഴിയാത്ത അവസ്ഥ അവിടെ നിലനിൽക്കുമ്പോഴാണ് തോട്ടം മേഖലയിലെ അഞ്ച് ശതമാനം ഭൂമി ടൂറിസത്തിന്റെ പേരിൽ വലിയ കോട്ടേജുകൾ പണിയാനായി മാറ്റിവയ്ക്കുന്നതിന് 2011-2016 കാലയളവിലെ യു.ഡി.എഫ്. ഗവൺമെന്റ് തീരുമാനമെടുത്തതെന്ന കാര്യം അങ്ങേയ്ക്ക് അറിയാമോ?

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് തീരുമാനമെടുത്തെങ്കിലും അവ നടപ്പാക്കാൻ സാധിച്ചില്ല. പക്ഷേ, നിങ്ങളുടെ ഭരണകാലത്തെടുത്ത തീരുമാനങ്ങൾ അഞ്ച് വർഷം കഴിഞ്ഞിട്ടും നടപ്പാക്കാൻ സാധിച്ചിട്ടില്ല. അത് നടപ്പിലാക്കണമെന്നാണ് ഞാൻ പറയുന്നത്.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ശ്രീ. കെ. ബാബു (നെന്മാറ) പറഞ്ഞത് യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് അഞ്ച് ശതമാനം ടൂറിസം മേഖലയ്ക്ക് മാറ്റി വയ്ക്കണമെന്ന് പറഞ്ഞുവെന്നാണ്. ടൂറിസം മേഖലയ്ക്ക് മാത്രമല്ല തോട്ടം ഇതരമേഖലയ്ക്കുവേണ്ടിയും പറഞ്ഞിരുന്നു. അതിന് ചില വ്യവസ്ഥകളുമുണ്ടായിരുന്നു. അത് നടപ്പാക്കിയിരുന്നെങ്കിൽ ഇന്ന് തോട്ടം മേഖലയിലെ പ്രതിസന്ധി ഇത്രയും രൂക്ഷമാകില്ലായിരുന്നു. അക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) പറഞ്ഞത് പ്രധാനപ്പെട്ട കാര്യമാണ്. ശ്രീ. കെ. ബാബു (നെന്മാറ) പറഞ്ഞത് അത്രശരിയല്ല. ഏതായാലും രണ്ട് ബാബുമാർ പറഞ്ഞതിന്റെയും സ്പിരിറ്റ് ഉൾക്കൊള്ളുകയാണ്.

സർക്കാരിന്റെ അംശദായ വിഹിതമായ 60 രൂപയെന്നത് വർദ്ധിപ്പിക്കണമെന്ന നിർദ്ദേശമാണ് പ്രധാനമായി സൂചിപ്പിക്കുന്നത്. തൊഴിലാളികൾക്ക് അർദ്ധവാർഷികമായാണ് 360 രൂപയും 180 രൂപയും അടയ്ക്കേണ്ടത്. തേയില, കാപ്പി മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളിയെ സംബന്ധിച്ചിടത്തോളം 490 രൂപ കൂലി ലഭിക്കുന്നില്ല. 250-300 രൂപ കൂലി ലഭിക്കുന്നവർക്ക് ആറ് മാസം ആകുമ്പോഴേയ്ക്കും പലപ്പോഴും ജോലിയുണ്ടാകില്ല, പ്രതികൂലമായ കാലാവസ്ഥയിലാണ് ജോലി ചെയ്യേണ്ടിവരുന്നത്. ഈ സന്ദർഭത്തിൽ അവർക്ക് ആറ് മാസമെന്നതിനു പകരം അതാത് മാസത്തിൽ പണമടയ്ക്കുന്നതിന് സൗകര്യം ഏർപ്പെടുത്തണം. ഇതിന് സഹകരണ ബാങ്കുകളിൽ സൗകര്യമൊരുക്കുന്നതിനും എല്ലാവർക്കും ഇ.എസ്.ഐ. ആനുകൂല്യം ലഭിക്കുന്ന രീതിയിൽ സംവിധാനങ്ങളുണ്ടാകുന്നതിനും സർക്കാർ നടപടിയെടുക്കണം. മലയോരമേഖലയിലുള്ള ഇ.എസ്.ഐ. കേന്ദ്രങ്ങളിൽപ്പോലും കൃത്യമായി ഡോക്ടർമാരോ അനുബന്ധ സ്റ്റാഫോ ഇല്ലാത്ത അവസ്ഥയാണ്. അവിടങ്ങളിൽ എല്ലാ സൗകര്യങ്ങളോടുംകൂടി ഡോക്ടർമാരുടെ സേവനം ഏതുസമയത്തും ലഭ്യമാകുന്ന രീതിയിലുള്ള ക്രമീകരണം ഏർപ്പെടുത്തുകയും ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുകയും ചെയ്യണം. എങ്കിൽമാത്രമെ പ്രയാസകരമായ സാഹചര്യത്തിൽ ജോലി ചെയ്യുന്നവരുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്താൻ സാധിക്കുകയുള്ളൂ. അവരുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുകയാണ് ഈ ബില്ലിന്റെ ലക്ഷ്യമെന്ന സ്പിരിറ്റിനോട് ഞാൻ യോജിക്കുകയാണ്. പക്ഷേ, അവരുടെ ജീവിത സാഹചര്യംകൂടി വർദ്ധിപ്പിക്കാനുള്ള നിർദ്ദേശങ്ങളും മാറ്റങ്ങളും ഭേദഗതികളും ഈ ബില്ലിലില്ലാത്തതുകൊണ്ടുതന്നെയാണ് ഞാൻ ബില്ലിന് നിരാകരണ പ്രമേയം അവതരിപ്പിച്ചത്.

ശ്രീമതി കെ. കെ. രമ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. എൻ. ഷംസുദ്ദീൻ: സർ, 2021-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലിന് ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച നിരാകരണ പ്രമേയത്തെ ഞാൻ പിന്തുണയ്ക്കുകയാണ്. തോട്ടങ്ങളെക്കുറിച്ചും അവിടെ ജോലി ചെയ്യുന്ന പാവപ്പെട്ട തൊഴിലാളികളെ സംബന്ധിച്ചുമാണ് ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. പ്ലാന്റേഷൻ ആവശ്യങ്ങൾക്കുപയോഗിക്കുന്ന ഭൂമിയുടെ അളവ് ഗണ്യമായി കുറഞ്ഞിരിക്കുകയാണ്. പഴയതുപോലെ വലിയ തോട്ടങ്ങളില്ല. തോട്ടങ്ങളിൽനിന്ന് ഭൂമി മറ്റാവശ്യങ്ങളിലേയ്ക്ക് ഗണ്യമായി ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. അതിന് പല കാരണങ്ങളുണ്ട്. തോട്ടവിളകൾ അനിയന്ത്രിതമായി മറ്റ് രാജ്യങ്ങളിൽനിന്നും ഇറക്കുമതി ചെയ്യപ്പെടുന്നു. ഇന്നത്തെ അന്തർദ്ദേശീയ സമവാക്യമനുസരിച്ച് അത് നിരാകരിക്കാൻ കഴിയില്ല. ഇറക്കുമതി ചെയ്യുന്നതിനെത്തുടർന്ന് വിലയിടിവുണ്ടാകുന്നു;

ഉത്പാദനത്തിലും ഉത്പാദനക്ഷമതയിലും ഇടിവുണ്ടാകുന്നു. അതുകൂടാതെ സർവ്വോപരി കാലാവസ്ഥാ വ്യതിയാനമുണ്ടാകുന്നു. കഴിഞ്ഞ ദിവസങ്ങളിൽ അപ്രതീക്ഷിതമായി വന്ന മഴയിൽ കുത്തിയൊലിച്ചുപോയതിൽ അധികവും മലയോര മേഖലകളിലെ തോട്ടങ്ങളാണ്. അതിൽ വലിയ പ്ലാന്റേഷനും ഉൾപ്പെടുന്നു. ഈ ബില്ലിന് ആധാരമായി 5 ഹെക്ടറിൽ താഴെയുള്ള ചെറിയ തോട്ടങ്ങളുമുണ്ട്. റബ്ബർ, കാപ്പി, തേയില, ഏലം തുടങ്ങിയ അഞ്ച് ഹെക്ടറിൽ താഴെയുള്ള തോട്ടങ്ങളും കാലാവസ്ഥാ വ്യതിയാനം കാരണം വലിയ പ്രതിസന്ധി നേരിടുകയാണ്. അതുപോലെ ഇ.എഫ്.എൽ. ആക്ടിലെ വ്യവസ്ഥകളിൽ അധികവും മലയോര പ്രദേശങ്ങളും വനമേഖലയോട് ചേർന്ന ചെറിയ തോട്ടങ്ങളുമായി ബന്ധപ്പെട്ടാണുള്ളത്. വനത്തിനോട് ചേർന്നുകിടക്കുന്നതുകൊണ്ട് ചില പ്രദേശങ്ങളെ പരിസ്ഥിതിലോല മേഖലയായി വനം വകുപ്പ് പ്രഖ്യാപിക്കും. അത് ഒരു തോട്ടത്തിന്റെ ഭാഗമായിരിക്കും. പിന്നീടത് വർഷങ്ങളായി അങ്ങനെ തുടരുകയും കൃഷി ചെയ്യാതെ അടിക്കാടുകളൊക്കെ വളർന്ന് വനപ്രദേശത്തിന് സമാനമായി മാറുന്ന അവസ്ഥയുമുണ്ടാകുന്നു. തൊഴിലാളികളെയും ചെറുകിട തോട്ടം മുതലാളിമാരെയും ഉടമസ്ഥരെയും സഹായിക്കുന്നതിന് ഇതിനെയൊക്കെ ഇ.എഫ്.എൽ. ആയി പ്രഖ്യാപിക്കുകയാണെങ്കിൽ എത്രയുംപെട്ടെന്ന് അവർക്ക് കോമ്പൻസേഷൻ കൊടുക്കാനുള്ള നടപടിയുണ്ടാകണം. അല്ലെങ്കിൽ അത് ഇ.എഫ്.എൽ. അല്ല എന്ന വിജ്ഞാപനം വരണം. ഇത് രണ്ടും വരാതെ പ്രതിസന്ധിയിൽപ്പെട്ട ഒരുപാട് കർഷകരെ നേരിട്ടറിയാം. ഈ ബില്ലിന്റെ ഭാഗമായി അതിനൊക്കെ ഒരു പരിഹാരമുണ്ടാകണം. ഈ ക്ഷേമനിധിയുടെ പ്രശ്നമെന്താണ്? ക്ഷേമനിധി ഒട്ടും ആകർഷകമല്ല. ഇതിലെ ഭേദഗതി സംഖ്യ വർദ്ധിപ്പിക്കുന്നതിന് മാത്രമാണ്. 120 രൂപയെന്നത് 180 രൂപയും 240 രൂപയെന്നത് 360 രൂപയുമാക്കണം. ഇതൊക്കെ നൽകിയാലും തൊഴിലാളിക്ക് കിട്ടുന്ന പെൻഷൻ 1600 രൂപയാണ്. സർക്കാരിന്റെ ഒരു പെൻഷനേ വാങ്ങാൻ പാടുള്ളൂ. ക്ഷേമനിധിയിൽ ചേർന്നില്ലെങ്കിലും 1600 രൂപ സാമൂഹ്യക്ഷേമ പെൻഷൻ ലഭിക്കും. പിന്നെ എന്തിനാണ് ഈ ക്ഷേമനിധിയിൽ ചേരുന്നത്? ആ രീതിയിൽ ഇത് ഒട്ടും ആകർഷകമല്ല. രണ്ട് പെൻഷൻ ഇല്ലാതാക്കിയതിന്റെ കാരണക്കാർ നിങ്ങളുടെ ഗവൺമെന്റാണ്. സത്യത്തിൽ ക്ഷേമനിധി പെൻഷനും സാമൂഹ്യക്ഷേമ പെൻഷനും രണ്ടായി കാണണം. സർക്കാർ കൊടുക്കുന്ന വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ തുടങ്ങിയ സാമൂഹ്യക്ഷേമ പെൻഷനെയും ഒരാൾ ക്ഷേമനിധിയിൽ ചേർന്ന് അംശദായം അടച്ച് അയാൾക്ക് ലഭിക്കുന്ന പെൻഷനെയും ഒന്നായി കാണരുത്. ഇക്കാര്യം സംബന്ധിച്ച്

സർക്കാരിന്റെ മുമ്പിൽ തൊഴിൽ വകുപ്പുമന്ത്രിയായ ശ്രീ. വി. ശിവൻകുട്ടി ശക്തമായ നിർദ്ദേശം വയ്ക്കണം. തൊഴിൽ വകുപ്പിൽ ശ്രീ. വി. ശിവൻകുട്ടിയുടെ ഒരു അടയാളപ്പെടുത്തലുണ്ടാകട്ടെ. തൊഴിലാളി ക്ഷേമനിധിയിൽ ചേരുന്നവരെ മറ്റ് സാമൂഹ്യക്ഷേമ പെൻഷനുമായി ബന്ധിപ്പിക്കരുത്. അവർക്ക് ക്ഷേമനിധി പെൻഷനും അർഹതപ്പെട്ട മറ്റ് സാമൂഹ്യക്ഷേമ പെൻഷനുകളും ലഭിക്കുന്ന സാഹചര്യമുണ്ടാക്കണം. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് അത്തരത്തിൽ പെൻഷൻ കൊടുത്തിരുന്നു. അംശദായം വർദ്ധിപ്പിച്ചാലും മാന്യമായ സംഖ്യ പെൻഷനായി ലഭിക്കണം. ഇപ്പോൾ നൽകുന്ന പെൻഷൻ 1600 രൂപയാണ്. ഇന്നത്തെ ജീവിത സാഹചര്യത്തിൽ 1600 രൂപകൊണ്ട് എന്താണ് ചെയ്യാൻ സാധിക്കുന്നത്? ക്ഷേമനിധികൾ അംശദായം അല്പം വർദ്ധിപ്പിച്ചാലും 5000 രൂപയെങ്കിലും പ്രതിമാസം പെൻഷൻ ലഭിക്കുന്ന സ്ഥിതിയിലേയ്ക്ക് മാറ്റണമെന്ന് ആവശ്യപ്പെടുകയാണ്. അത്തരത്തിൽ മറ്റ് ആനുകൂല്യങ്ങളും വർദ്ധിപ്പിക്കണം. ഇവിടെ എല്ലാവരും ചൂണ്ടിക്കാണിച്ച ഒരു വിഷയം സംബന്ധിച്ച് തർക്കം തന്നെയുണ്ടായി. അതായത്, ഒരാൾ മരണപ്പെട്ടാൽ കൊടുക്കുന്ന പണംകൊണ്ട് കർമ്മങ്ങൾ നിർവ്വഹിക്കാൻ സാധിക്കില്ലെന്നു മാത്രമാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉദ്ദേശിച്ചത്; അല്ലാതെ ആരെയും അപമാനിക്കാൻ വേണ്ടിയല്ല. കാരണം, ഇന്ന് ഒരു മൃതശരീരം ദഹിപ്പിക്കാൻ കർമ്മങ്ങൾ ചെയ്യണമെങ്കിൽ 10,000 രൂപയുടെ ചെലവുണ്ടാകും. നിങ്ങൾ നൽകുന്ന 5000 രൂപയെമാത്രം ആശ്രയിച്ചാൽ പകുതിയിൽ നിന്നുപോകില്ലേയെന്നാണ് ചോദിച്ചത്, അല്ലാതെ മൃതദേഹത്തെ അപമാനിച്ചതല്ല. ആ ചോദ്യത്തിന്റെ അർത്ഥം അത്രയേയുള്ളൂ. അതിൽനിന്നും നമ്മൾ എന്താണ് ഉൾക്കൊള്ളേണ്ടത്? പ്രസ്തുത ആവശ്യത്തിന് 5000 രൂപ പര്യാപ്തമാകാത്ത സാഹചര്യത്തിൽ അത് 10,000 രൂപയാക്കി വർദ്ധിപ്പിക്കണമെന്ന് ഒരുമിച്ച് പറയണം. അതല്ലാതെ ഇത് കേൾക്കുമ്പോഴേയ്ക്കും മുമ്പ് യു.ഡി.എഫ്. ഒരു വർഷം എത്ര രൂപയാണ് കൊടുത്തതെന്ന് ചോദിക്കുകയല്ല വേണ്ടത്. ഈ നിയമനിർമ്മാണം നടത്തുന്ന ഘട്ടത്തിൽ പാവപ്പെട്ട തൊഴിലാളികൾക്ക് ക്ഷേമമുണ്ടാകുകയും അവർക്ക് ആനുകൂല്യം നൽകുകയും വേണമെന്ന കാര്യത്തിൽ തമ്മിൽ തർക്കിക്കേണ്ട കാര്യമില്ല. പരമാവധി സഹായം നൽകുന്നതിനുള്ള സാഹചര്യമുണ്ടാക്കണം. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞതിനെ ആ സ്പിരിറ്റിലാണ് കാണേണ്ടത്. പ്രസവാനുകൂല്യത്തിന് കൊടുക്കുന്ന തുകയെക്കുറിച്ച് കമന്റ് ചെയ്യുന്നില്ല. വിവാഹ ധനസഹായത്തെക്കുറിച്ച്, ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ഇലവെട്ടാൻ തുക തികയുമോയെന്ന് ചോദിച്ചില്ലേ? പ്രസ്തുത ആവശ്യത്തിന് 3000 രൂപയാണ് നൽകുന്നത്. ഈ രൂപ ഒരു

വിവാഹത്തിന് ഇല വെട്ടുമ്പോൾ കൂലി നൽകാൻപോലും തികയില്ല. രോഗിയായ തൊഴിലാളിക്ക് പരമാവധി നൽകുന്ന ധനസഹായം 10,000 രൂപയാണ്. എല്ലാവർക്കും ഒരേസമയം രോഗം വരില്ല. ക്ഷേമനിധി അംഗമായതുകൊണ്ട് രോഗം വരുന്നവരെ സഹായിക്കാൻ സൗകര്യമുണ്ടാകണമെന്നാണ് സൂചിപ്പിക്കാനുള്ളത്. പല ക്ഷേമനിധികളിലും അടച്ച അംശദായം തിരിച്ചുകൊടുക്കാറുണ്ട്. എന്നാൽ ഈ ക്ഷേമനിധിയിൽ അടച്ച അംശദായം 60 വയസ്സുകഴിഞ്ഞാൽ തിരിച്ചുകൊടുക്കില്ലെന്ന വ്യവസ്ഥയിൽ മാറ്റം വരുത്തി അത് തിരിച്ചുകൊടുക്കാൻ നടപടി സ്വീകരിക്കണം. ഇത് തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള നിയമനിർമ്മാണമാണ്. അവരുടെ പക്കൽനിന്നും പിരിക്കുന്ന തുകകൊണ്ടുമാത്രം കാര്യങ്ങൾ നടത്താൻ കഴിയില്ല. അതുകൊണ്ട് ക്ഷേമനിധി ബോർഡുകൾക്ക് സർക്കാർ ഗ്രാന്റ് നൽകേണ്ടത് അനിവാര്യമാണ്. പല ക്ഷേമനിധി ബോർഡുകളും നിത്യനിദാന ചെലവുകൾക്ക് പ്രയാസപ്പെടുകയാണ്. തൊഴിലാളികളിൽനിന്ന് പിരിച്ചെടുക്കുന്ന തുകയാണ് അവിടത്തെ ഉദ്യോഗസ്ഥന്റെയും ചെയർമാന്റെയും സ്റ്റാഫിന്റെയും കാർ ഓടുന്നതിനും അതിനുവേണ്ട സൗകര്യങ്ങൾ ചെയ്യുന്നതിനുമായി ഉപയോഗിക്കുന്നത്. അത് ശരിയായ കാര്യമല്ല. ആയതിനാൽ തൊഴിലാളികളിൽനിന്നും പിരിച്ചെടുക്കുന്ന തുക ഉപയോഗിച്ച് പ്രസ്തുത ചെലവുകൾ നടത്തരുതെന്നാണ് സൂചിപ്പിക്കാനുള്ളത്. എന്നാൽ, ജനാധിപത്യ വ്യവസ്ഥിതിയിൽ അത്തരം കാര്യങ്ങൾ ചെയ്യേണ്ടി വരും, പക്ഷേ, അതിന് സർക്കാർ വേറെ ഗ്രാന്റ് കൊടുക്കുകയാണ് വേണ്ടത്. അതല്ലാതെ പാവപ്പെട്ടവരുടെ കാശ് അത്തരം കാര്യങ്ങൾക്ക് ചെലവഴിക്കാൻ പാടില്ല. ചെറുകിട ക്ഷേമനിധികളെ കൂട്ടിയോജിപ്പിക്കുകയെന്നത് സ്വാഗതാർഹമാണ്. ഇതുമായി ബന്ധപ്പെട്ട ക്ഷേമനിധി ബോർഡിലെ ചെയർമാനും സഞ്ചരിക്കാൻ കാറും മറ്റ് സംവിധാനങ്ങളും വേണ്ടിവരില്ലേ? പതിനേഴായിരത്തോളം ചെറുകിട തോട്ടം തൊഴിലാളികൾ മാത്രമാണ് കേരളത്തിലുള്ളത്. അവർക്ക് ഒരു ക്ഷേമനിധി ബോർഡുണ്ട്. ഇതിന് സമാനമായ നിരവധി ചെറുകിട ക്ഷേമനിധികളുണ്ട്. അവയെല്ലാംകൂടി ഒരുമിച്ചാക്കിയാൽ, ഒരുപാട് പേർക്ക് കുറേ കാര്യങ്ങൾ കൊടുക്കുന്നതിനുപകരം ഒരാളെമാത്രം ഒരു കാര്യം ഏൽപ്പിച്ചാൽ മതിയാകും. അങ്ങനെ വരുമ്പോൾ ആ ചുമതല വഹിക്കുന്ന ആളിന് കാര്യങ്ങൾ ചെയ്യാനുള്ള ഉത്തരവാദിത്വമുണ്ടാകും. ഇവിടെ മന്ത്രിസ്ഥാനം മുറിച്ച് കൊടുത്തതുപോലെ ഒന്നുമില്ലാത്ത ഒരു സ്ഥിതി വേണ്ടല്ലോ. കഴിഞ്ഞ തവണ ഒരു തർക്കം വന്നപ്പോൾ ചരിത്രത്തിലാദ്യമായി കേരളത്തിലെ വിദ്യാഭ്യാസ വകുപ്പ് മുറിച്ച് ഉന്നത വിദ്യാഭ്യാസമെന്ന് പറഞ്ഞ് ഒരു കഷ്ണം ഡോ. കെ. ടി. ജലീലിന് കൊടുത്തു. ഇപ്പോൾ അഭിവന്ദ്യയായ ഡോ. ആർ.

ബിന്ദുവിനാണ് ആ കഷ്ണം കൊടുത്തത്. എന്നാൽ ശ്രീ. വി. ശിവൻകുട്ടിക്ക് തൊഴിൽ വകുപ്പിൽത്തന്നെ വേണ്ടുവോളം കാര്യങ്ങളുണ്ട്; അതിനുപുറമെയാണ് വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലകൂടി നൽകിയത്. എന്നാൽ ഡോ. ആർ. ബിന്ദുവിന് വിദ്യാഭ്യാസത്തിന്റെ തലപ്പത്തുള്ള ഒരു കഷ്ണം മാത്രമാണ് കൊടുത്തത്. മന്ത്രിമാർക്ക് കൊടുക്കുമ്പോൾ ഒരു നീതിബോധം വേണം. ഞങ്ങളുടെ ഭരണകാലത്തുള്ള മന്ത്രിമാരൊന്നും ഒരു കുഴപ്പവുമുണ്ടാക്കിയിട്ടില്ല. നിങ്ങൾ പുതിയ കീഴ്വഴക്കമാണ് ഇപ്പോഴുണ്ടാക്കിയിട്ടുള്ളത്. സാധാരണ 'മിനിസ്റ്റർ ഇൻ വെയിറ്റിംഗ്' എന്നൊരു പ്രയോഗമുണ്ട്. മിനിസ്റ്റർ ഇൻ വെയിറ്റിംഗ് എന്നാൽ പ്രസിഡന്റ് വരുമ്പോൾ അദ്ദേഹത്തിന്റെകൂടെ പ്രോട്ടോക്കോളിന് നടക്കുന്ന ഒരു മന്ത്രിയാണ്. എന്നാൽ, ചരിത്രത്തിലാദ്യമായി കേരളത്തിലെ രണ്ടാം പിണറായി വിജയൻ സർക്കാരിൽ 'രണ്ട് മിനിസ്റ്റർ ഇൻ വെയിറ്റിംഗുണ്ട്'. അവർ രണ്ടരക്കൊല്ലമാകാൻവേണ്ടി കാത്തുനിൽക്കുകയാണ്. ഒന്ന്, ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയാണ്, അദ്ദേഹം സീനിയറല്ലേ. അദ്ദേഹത്തിനല്ലേ നിങ്ങൾ ആദ്യം മന്ത്രിസ്ഥാനം നൽകേണ്ടിയിരുന്നത്. രണ്ടരക്കൊല്ലമായാൽ അവിടെ ഒരാൾ രാജിവയ്ക്കും, അപ്പോൾ അദ്ദേഹം ആ സ്ഥാനത്തുപോകണം. രണ്ടാമത്, ശ്രീ. കെ. ബി. ഗണേഷ് കുമാറും കാത്തിരിക്കുകയാണ്. ഇതൊന്നും ശരിയായ രീതിയല്ല. നമ്മൾ എന്തെങ്കിലും കൊടുക്കുമ്പോൾ ന്യായമായ രീതിയിൽ ചെയ്യണം. ക്ഷേമനിധികളുടെ അമാൽഗമേഷൻ നടത്തുന്നത് സ്വാഗതാർഹമാണ്.

3.00 PM]

തോട്ടം മേഖലയെക്കുറിച്ച് പറയുമ്പോൾ, നമ്മൾ കാണാതെ പോയൊരു സംഗതിയാണ് വന്യജീവികളുടെ ആക്രമണം. സാധാരണഗതിയിൽ തോട്ടം മേഖല മലയോര വനപ്രദേശത്താണ് സ്ഥിതിചെയ്യുന്നത്. എന്റെ നിയോജകമണ്ഡലത്തിൽ ധാരാളം ചെറിയ തോട്ടങ്ങളുണ്ട്. ആനയുടെ ആക്രമണമാണ് അവർ നേരിടുന്ന വലിയ പ്രശ്നം. ആന കയറിയ കരിമ്പിൻതോട്ടം എന്നൊക്കെ കേട്ടിട്ടില്ലേ, ആന തോട്ടത്തിൽ കയറിയാൽ അതാകെ നശിപ്പിക്കും. അതിന് സർക്കാർ നൽകുന്ന നഷ്ടപരിഹാരം ചെറിയ സംഖ്യയാണ്. ആന ചവിട്ടി മറിച്ചിട്ട ഒരു കായ്ക്കുന്ന തെങ്ങിന് 500 രൂപയും കായ്ക്കാത്ത തെങ്ങിന് 250 രൂപയുമാണ് സർക്കാർ നഷ്ടപരിഹാരമായി നൽകുന്നത്. ഇതിൽ എന്ത് നീതിബോധമാണുള്ളത്? ഇക്കാര്യം തൊഴിൽ വകുപ്പിനോട് പറഞ്ഞിട്ട് കാര്യമില്ല. ഇത് വനം വകുപ്പുമായി ബന്ധപ്പെട്ട വിഷയമാണ്. സർക്കാർ നൽകുന്ന നഷ്ടപരിഹാര സംഖ്യ ഉയർത്തണം. പ്രധാനപ്പെട്ട പ്രശ്നം വന്യജീവികളുടെ ആക്രമണമാണ്. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ വെരിഫൈ ചെയ്യുന്നതിനായി ഇതിനെക്കുറിച്ചെല്ലാം

അറിയാവുന്ന ഒരാളിനെ ഇന്ന് രാവിലെ വിളിച്ചപ്പോൾ അറിയാൻ സാധിച്ചത്, എടത്തനാട്ടുകരയിലെ റബ്ബർ ടാപ്പിംഗ് തൊഴിലാളികൾ ഇന്ന് രാവിലെ പണിക്ക് പോയപ്പോൾ അവിടെ പുലിയുടെ സാന്നിദ്ധ്യമുണ്ടെന്ന് അറിയുകയും പോയതുപോലെ തന്നെ അവർ തിരിച്ചുമടങ്ങിയെന്നുമാണ്. കാരണം, ഏതാനും ആഴ്ചകൾക്കുമുമ്പ് റബ്ബർ തോട്ടത്തിൽവച്ച് ഒരു റബ്ബർ ടാപ്പിംഗ് തൊഴിലാളിയെ കടുവ ചാടിക്കടിച്ചു. പക്ഷേ, അവൻ കുടഞ്ഞിട്ട് പ്രാണരക്ഷാർത്ഥം ഓടി രക്ഷപ്പെട്ടു. അത് അത്ഭുതകരമായ രക്ഷപ്പെടലായിരുന്നു. റബ്ബർ തോട്ടങ്ങളിലും വനമേഖലയുമായി ചേർന്നുകിടക്കുന്ന പ്രദേശങ്ങളിലും വന്യമൃഗങ്ങളുടെ ശല്യംകൊണ്ടുള്ള കൃഷിനാശവും അപകടകരമായ ജീവിത സാഹചര്യങ്ങളുമുണ്ടെന്ന കാര്യവും കാണേണ്ടതാണ്. അതിനെല്ലാം സംരക്ഷണം കൊടുക്കാൻ ഗവൺമെന്റിന് സാധിക്കണം.

ശ്രീ. ടി. വി. ഇബ്രാഹിം ചൂണ്ടിക്കാണിച്ച 'പെമ്പിളൈ ഒരുമൈ' വിളിച്ച മുദ്രാവാക്യമൊന്നും ഞാൻ ആവർത്തിക്കുന്നില്ല. കാരണം അത്ര ദുഃസഹമായ ജീവിത സാഹചര്യമാണ് അവിടെ നിലനിൽക്കുന്നത്. അന്ന് ആ സമരത്തെ പിന്തുണച്ചവർ അഞ്ചുകൊല്ലം അധികാരത്തിൽ വന്നിട്ടും അവരുടെ ജീവിത സാഹചര്യങ്ങൾക്ക് ഒരു മാറ്റവും വരുത്താൻ സാധിച്ചില്ല. 120 രൂപ 180 രൂപയാക്കി പുതിയ ആനുകൂല്യം കൊടുക്കുമെന്നാണ് പറയുന്നത്. അതല്ലല്ലോ സർക്കാർ കൊടുക്കേണ്ടത്, അവരെ സഹായിക്കാൻ കഴിയണം. അവരുടെ ആരോഗ്യകാര്യങ്ങളിലും മറ്റു വിഷയങ്ങളിലുമൊക്കെ സഹായിക്കാൻ കഴിയണം. ഇ.എസ്.ഐ. ആശുപത്രികളെക്കുറിച്ച് പറയുമ്പോൾ, ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ള കാര്യം, കഴിഞ്ഞ പിണറായി വിജയൻ സർക്കാർ കേരളത്തിൽ 8 ഇ.എസ്.ഐ. ആശുപത്രികൾ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. അതറിഞ്ഞപ്പോൾ ഞാനും സന്തോഷിച്ചു. മണ്ണാർക്കാട് ഒരു ഇ.എസ്.ഐ. ആശുപത്രി ആരംഭിക്കാൻ പോകുകയാണെന്നും അതിനുള്ള സ്ഥലവും കെട്ടിടവും കണ്ടെത്തി നൽകണമെന്നും പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഞാൻ ഒരാളോട് പറഞ്ഞ് ഒരു കെട്ടിടം മോഡിഫൈ ചെയ്ത് നൽകുകയുണ്ടായി; പക്ഷേ, ആ ആശുപത്രിമാത്രം ഇതുവരെയും ആരംഭിച്ചില്ല. ഇപ്പോൾ ആ വ്യക്തി എന്നെ കാണുമ്പോൾ എപ്പോഴും ചോദിക്കുന്നത് എപ്പോഴാണ് ഇ.എസ്.ഐ. ആശുപത്രി ആരംഭിക്കുന്നതെന്നാണ്. ശ്രീ. വി. ശിവൻകുട്ടിയുടെ ഇടപെടലിലൂടെ മണ്ണാർക്കാട് ഒരു ഇ.എസ്.ഐ. ആശുപത്രി വരണമെന്നാണ് സൂചിപ്പിക്കാനുള്ളത്.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഇ.എസ്.ഐ. ആശുപത്രി സ്ഥാപിക്കാത്തതുപോലെ മറ്റ് പ്രൊപ്പോസലുകളും നടപ്പിലാക്കിയിട്ടില്ല. മണ്ണാർക്കാട് പോലെ കൊണ്ടോട്ടിയിലും ഇ.എസ്.ഐ. ആശുപത്രി

ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുണ്ടായിരുന്നു. കോഴിക്കോട് വിമാനത്താവളത്തിൽ ജോലി ചെയ്യുന്ന താല്ക്കാലിക ജീവനക്കാരടക്കമുള്ള ആയിരത്തോളം തൊഴിലാളികളുള്ള പ്രദേശത്ത് ഒരു ഇ.എസ്.ഐ. ആശുപത്രിയുടെ കാര്യം പ്രൊപ്പോസ് ചെയ്തിരുന്നു. എന്നാൽ നാല് ഇ.എസ്.ഐ. ആശുപത്രികൾ മാത്രം സ്ഥാപിക്കാനാണ് തീരുമാനം വന്നത്. അതിൽ മണ്ണാർക്കാടിനെപ്പോലെ കൊണ്ടോട്ടിയിലും ഇ.എസ്.ഐ. ആശുപത്രി ഇല്ലായെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഇ.എസ്.ഐ. ആശുപത്രി ഇല്ലാത്ത സ്ഥലങ്ങളിൽ അവ സ്ഥാപിക്കണം. കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധിയിലെ ഭരണച്ചെലവ് 22,41,495 രൂപയാണ്. എന്റെ കൈവശമുള്ള ലിസ്റ്റിൽ ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധിയിൽ മാത്രമല്ല, കേരള കശുവണ്ടി തൊഴിലാളി ക്ഷേമനിധി, അബ്കാരി തൊഴിലാളി ക്ഷേമനിധി, ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി എന്നിവയിലെ ഭരണപരമായ ചെലവുകളെക്കുറിച്ചുള്ള വിവരങ്ങളുണ്ട്. നേരത്തേ സൂചിപ്പിച്ചവയ്ക്ക് മാത്രം 22 ലക്ഷം രൂപയുടെ ഭരണച്ചെലവുണ്ട്. ചിലതിൽ പതിനഞ്ച് ലക്ഷം രൂപ മുതൽ മൂന്ന് കോടി രൂപവരെ ഭണച്ചെലവ് വരുന്നുണ്ട്. ആ ചെലവ് സർക്കാർ നൽകണം. ഈ സാധുക്കൾ അടയ്ക്കുന്ന അംശദായത്തിൽനിന്ന് ഭരണച്ചെലവ് എടുക്കാൻ പാടില്ല.

ശ്രീ. വി. പി. സജീന്ദ്രനും ശ്രീ. അനൂപ് ജേക്കബും കുടിശ്ശികയെക്കുറിച്ച് മുൻമന്ത്രിയായിരുന്ന ശ്രീ. ടി. പി. രാമകൃഷ്ണനോട് ഉന്നയിച്ച ചോദ്യത്തിന് നൽകിയ മറുപടിയിൽ പറയുന്നത്, ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിന് അംശദായ ഇനത്തിൽ 2012-13 മുതൽ 58,17,470 രൂപ പിരിച്ചുകിട്ടാനുണ്ടെന്നാണ്. അദ്ദേഹം ഇതിൽ ഏറ്റവും കൂടുതൽ ഇടപെട്ട് സജീവമായി പ്രവർത്തിച്ചിരുന്ന മന്ത്രിയായിരുന്നു. അതെല്ലാം പിരിച്ചെടുക്കാനുള്ള സംവിധാനമുണ്ടാകണം, അമിത ചെലവുകൾ കുറയ്ക്കണം, മേൽ സൂചിപ്പിച്ച ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചുനൽകാനും സർക്കാരിന് സാധിക്കണം. ഈ ബില്ലിലെ ഭേദഗതിയിൽ പറഞ്ഞിരിക്കുന്നുപ്രകാരം "നൂറ്റി ഇരുപത് രൂപ" എന്നത് " നൂറ്റി എൺപത് രൂപ" ആക്കാനും "ഇരുനൂറ്റി നാൽപ്പതു രൂപ" എന്നത് "മുന്നൂറ്റി അറുപത് രൂപ" ആക്കുന്നതിനുംവേണ്ടി ഈ ബിൽ മൊത്തം ഭേദഗതി ചെയ്യേണ്ട കാര്യമില്ല. എല്ലാ ക്ഷേമനിധി ബോർഡുകളിലെയും അംശദായം കാലോചിതമായി പരിഷ്കരിക്കേണ്ടിവരും. ആ പരിഷ്കരിച്ച സംഖ്യയ്ക്ക് സാധൂകരണം ലഭിക്കാനാണ് ഓർഡിനൻസ് കൊണ്ടുവന്ന് ഈ ബിൽ നിയമമാക്കുന്നത്. അത് അതിന്റെ ക്ലോസിൽത്തന്നെ പറഞ്ഞാൽ മതിയാകും. നിലവിലുള്ള മൂലനിയമത്തിലെ അഞ്ചാം വകുപ്പിലാണ് നിധിയിലേയ്ക്കുള്ള അംശദായത്തെക്കുറിച്ച് പറയുന്നത്.

കാലാകാലങ്ങളിൽ സർക്കാർ വിജ്ഞാപനത്തിലൂടെ നിലവിലുള്ള സംഖ്യ വർദ്ധിപ്പിക്കാമെന്ന ഒരു ക്ലോസ് ചേർത്താൽ ഭാവിയിൽ ഇത്തരം ക്ഷേമനിധി ബോർഡുകളുടെ സംഖ്യ വർദ്ധിപ്പിക്കണമെങ്കിൽ ബിൽ മൊത്തമായി ഭേദഗതി ചെയ്യേണ്ടി വരില്ല. ഒരു ചെറിയ ഭേദഗതിയാണെങ്കിൽക്കൂടി ബിൽ സഭയിൽ അവതരിപ്പിക്കുക, സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുക, ബിൽ വീണ്ടും പരിഗണനയ്ക്കെടുക്കുക, ഒന്നാം വായന, രണ്ടാം വായന തുടങ്ങി നിരവധി നടപടികളിലൂടെയാണ് നിയമനിർമ്മാണം നടത്തുന്നത്. അതുകൊണ്ടാണ് ഈ സമ്മേളനത്തിൽ 45 ബില്ലുകൾ വന്നത്. ഇതൊരു പൊതുകാര്യമാണ്. ചട്ടങ്ങളുടെ ഭേദഗതിയിലൂടെ ഇത്തരത്തിലുള്ള കുറേ ബില്ലുകളിലെ ആവശ്യം നമുക്ക് നിർവ്വഹിക്കാൻ കഴിയുമെന്ന കാര്യംകൂടി വകുപ്പിന്റെയും നിയമ വകുപ്പിന്റെയും ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ ചുമതലപ്പെടുത്തിയതുപ്രകാരം

ശ്രീ. എം. എം. മണി: സർ, 2021-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 8-11-2021 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. പ്ലാന്റേഷൻ ലേബർ ആക്ട് ബാധകമാകുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥ സംബന്ധിച്ച് പരിമിതികൾ നിലനിൽക്കുന്നുണ്ട്. ചെറുകിട തോട്ടം തൊഴിലാളികൾ വലിയ പ്രതിസന്ധി നേരിടുകയാണ്. ചെറുകിട തോട്ടം മേഖലയിൽ ഏകദേശം 20,341 തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. അവർക്ക് പ്ലാന്റേഷൻ ലേബർ ആക്ട് അനുസരിച്ച് നിയമപരമായ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ലെന്നുമാത്രമല്ല അവർ വേണ്ട നിലയിൽ സംഘടിതരുമല്ല. അതുകൊണ്ട് ചെറുകിട തോട്ടം തൊഴിലാളികൾ ഏറ്റവും മനുഷ്യോപിതമായ നിലപാടുകൾ അർഹിക്കുന്ന ജനവിഭാഗമാണെന്ന വസ്തുത കണക്കിലെടുത്ത് നിലവിലുള്ള ആനുകൂല്യങ്ങളിലെല്ലാം മാറ്റം വരുത്തണം. ഈ ക്ഷേമനിധിയുടെ പ്രധാന വരുമാനമാർഗ്ഗമെന്നു പറയുന്നത്, അംശദായം, രജിസ്ട്രേഷൻ ഫീസായ 100 രൂപ, നിക്ഷേപങ്ങളിൽനിന്ന് ലഭിക്കുന്ന പലിശ, നിലവിലെ സ്ഥിരനിക്ഷേപം എന്നിങ്ങനെ പരിമിതമായവയാണ്. നിലവിലെ ആനുകൂല്യങ്ങൾ - പെൻഷൻ 1,600 രൂപ, വിവാഹ ധനസഹായം 3,000 രൂപ, പ്രസവാനുകൂല്യം 15,000 രൂപ, ചികിത്സാ സഹായം പരമാവധി 10,000 രൂപ, അവശതാ പെൻഷൻ പ്രതിമാസം 200 രൂപ, കുടുംബ പെൻഷൻ പ്രതിമാസം 150 രൂപ, മരണാനന്തര ധനസഹായം പരമാവധി 10,000 രൂപ, വിദ്യാഭ്യാസ ആനുകൂല്യമായി എസ്.എസ്.എൽ.സി-ക്ക് 500 രൂപ, പ്ലസ് ടുവിന് 400 രൂപ, ഡിഗ്രി, ടി.ടി.സി. കോഴ്സുകൾക്ക് 600 രൂപ,

ഐ.ടി.ഐ., പോളിടെക്നിക് ഡിപ്ലോമയ്ക്ക് 600 രൂപ, ബി.ഡി.എസ്. പി.ജി. കോഴ്സുകൾക്ക് 750 രൂപ, ജനറൽ നഴ്സിംഗ് 600 രൂപ, ബി.എസ്‌സി. നഴ്സിംഗ് 750 രൂപ, പാരാമെഡിക്കൽ കോഴ്സ് 750 രൂപ, എൽ.എൽ.ബി. (മൂന്നുവർഷം/അഞ്ചുവർഷ കോഴ്സുകൾക്ക്) 1,000 രൂപ, ബി.ടെക്. 2,000 രൂപ, എം.ബി.ബി.എസ്., ബി.എ.എം.എസ്., ബി.എച്ച്.എം.എസ്. 2,000 രൂപ എന്നിങ്ങനെയാണ്. ആകെ രജിസ്റ്റർ ചെയ്തിട്ടുള്ള 20,119 അംഗങ്ങളിൽ 18,025 പേർ സജീവ അംഗങ്ങളും 561 പേർ പെൻഷൻ ഗുണഭോക്താക്കളുമാണ്. അതുകൊണ്ട് കാലാനുസൃതമായി ഫലപ്രദമായ മാറ്റങ്ങളും ആനുകൂല്യങ്ങളിൽ ഗണ്യമായ വർദ്ധനവും ഈ വിഭാഗത്തിന് നൽകേണ്ടത് അനിവാര്യമാണ്. ഇത് തികച്ചും മനുഷ്യോചിതമായ കാര്യമാണ്. ഞാൻ തോട്ടം തൊഴിലാളികളുടെ കേന്ദ്രത്തിന്റെ പ്രതിനിധിയായിരിക്കുന്ന ആളാണ്. ഇടുക്കി ജില്ലയാണ് ഏറ്റവും വലിയ തോട്ടം തൊഴിലാളി കേന്ദ്രം. അതുകഴിഞ്ഞാൽ മറ്റുചില ജില്ലകളിലും തോട്ടം തൊഴിലാളികളുണ്ട്. വേലയും കൂലിയും ജോലിസ്ഥിരതയും ഒന്നുമില്ലാതിരുന്ന കാലഘട്ടത്തിൽ ബ്രിട്ടീഷുകാർക്കെതിരെ, ബ്രിട്ടീഷ് കമ്പനികൾക്കെതിരെ പൊരുതി പോരാട്ടങ്ങൾക്ക് നേതൃത്വം കൊടുത്ത സംഘടനകളാണ് അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടി, AITUC (All India Trade Union Congress), CITU (Centre of Indian Trade Unions) എന്നിവ. തോട്ടം തൊഴിലാളികളുടെ അവകാശങ്ങളെക്കുറിച്ച് വാചാലമാകുന്ന മാന്യസ്നേഹിതർ, ആദ്യകാലഘട്ടത്തിൽ തോട്ടം ഉടമകൾക്കെതിരെ സമരം നടത്തിയപ്പോൾ അന്നത്തെ സർക്കാരും പോലീസും ഇവിടെ മാന്യമായി വലിയ വർത്തമാനം പറയുന്നവരും യഥാർത്ഥത്തിൽ തോട്ടം ഉടമകളുടെ കൂടെയായിരുന്നുവെന്ന കാര്യവും ഓർമ്മപ്പെടുത്തുകയാണ്. കണ്ണൻ ദേവൻ കമ്പനിയിലെ ഐതിഹാസികമായ പോരാട്ടം, പീരുമേട് താലൂക്കിലെ തേയിലത്തോട്ടങ്ങളിൽ പതിനായിരക്കണക്കിന് തൊഴിലാളികൾ നടത്തിയ പോരാട്ടം, വലിയ ത്യാഗങ്ങൾ സഹിക്കുകയും നിരവധി തൊഴിലാളികളെ വെടിവച്ച് കൊല്ലുകയും ചെയ്ത ചരിത്രം എന്നിവ നമുക്ക് മുമ്പിലുണ്ട്. അതിനെതിരെ പോരാടുന്ന പ്രസ്ഥാനങ്ങളാണ് CITU, AITUC, അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടി, സി.പി.ഐ.(എം), സി.പി.ഐ. എന്നീ ഇടതുപക്ഷ ശക്തികൾ. ഈ ശക്തികൾ സംഘടിതമായി നിൽക്കുമ്പോൾ ഏറ്റവും വലിയ ട്രേഡ് യൂണിയൻ പ്രസ്ഥാനം ആകുന്നുവെന്ന കാര്യംകൂടി ഓർമ്മപ്പെടുത്തുന്നു. ഞാൻ നിരവധി തോട്ടം തൊഴിലാളി സമരങ്ങൾ നയിക്കുകയും നൂറുകണക്കിന് കള്ളക്കേസ്സുകളിൽ പ്രതിയാകുകയും ചെയ്തിട്ടുണ്ട്. അന്ന് ഞങ്ങളെ പോലീസും ഭരിക്കുന്നവരും ചേർന്നാണ് കള്ളക്കേസിൽ കുരുക്കിയിരുന്നത്. ഇപ്പോൾ ചെറുകിട തോട്ടം തൊഴിലാളികളുടെ കഷ്ടതകളെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ എന്റെ മാന്യ സുഹൃത്തുക്കളും പ്രത്യേകിച്ച് ലീഗിന്റെ നേതാക്കളും വാചാലമായി

സംസാരിക്കുന്നുവെന്നതിൽ അതിയായ സന്തോഷമുണ്ട്. അവരിൽ കാര്യമായ മാറ്റം വന്നതിൽ സംതൃപ്തിയുണ്ട്. കാലാനുസൃതമായ മാറ്റം ഈ വിഭാഗത്തിന് ആവശ്യമായതിനാൽ അവരുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുകയും അവരുടെ വരുമാനമാർഗ്ഗം മുന്നിൽക്കണ്ടുകൊണ്ട് സർക്കാരിന് ചെയ്യാൻ കഴിയുന്ന സഹായങ്ങൾ ചെയ്യുകയും വേണം. ഈ രംഗത്ത് നല്ലൊരു കാൽവയ്പ്പ് നടത്തിയ ആളാണ് മുൻതൊഴിൽ വകുപ്പുമന്ത്രി ശ്രീ. ടി. പി. രാമകൃഷ്ണൻ എന്ന് പ്രത്യേകം ചൂണ്ടിക്കാണിക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ സർക്കാരായതുകൊണ്ടാണ് നിങ്ങൾ വാചാലമായി സംസാരിക്കുന്നത്. നിങ്ങളുടെ സർക്കാരാണെങ്കിലും ഞങ്ങളുടെ സർക്കാരാണെങ്കിലും, അദ്ധ്വാനിക്കുന്ന തൊഴിലാളികളുടെ ആനുകൂല്യവും ശമ്പളവും വർദ്ധിപ്പിച്ചു നൽകണം. സർക്കാരിന് അദ്ധ്വാനിക്കുന്നവരോടും ഭാരം ചുമക്കുന്നവരോടും ഒപ്പം നിൽക്കണമെന്ന കാഴ്ചപ്പാടാണുള്ളതെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ ഭേദഗതി ആവർത്തിച്ച് അവതരിപ്പിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, 2021-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. 2021-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലിൽ വളരെ ചുരുങ്ങിയ മാറ്റങ്ങൾ മാത്രമെ വരുന്നുള്ളൂ. 5-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ "നൂറ്റി ഇരുപത് രൂപ" എന്നീ വാക്കുകൾക്ക് പകരം "നൂറ്റി എൺപത് രൂപ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്; (2)-ാം ഉപവകുപ്പിൽ "നൂറ്റി ഇരുപത് രൂപ" എന്നീ വാക്കുകൾക്ക് പകരം "നൂറ്റി എൺപത് രൂപ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്; (3)-ാം ഉപവകുപ്പിൽ "ഇരുനൂറ്റി നാൽപ്പതു രൂപ" എന്നീ വാക്കുകൾക്ക് പകരം "മുന്നൂറ്റി അറുപത് രൂപ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്. ഇവിടെ പലരും സൂചിപ്പിച്ചതുപോലെ കാതലായ മാറ്റങ്ങളൊന്നും വരുന്നില്ലെങ്കിൽപ്പോലും നിയമസഭയിൽ ഇതുപോലുള്ള ചർച്ചകളിലൂടെ ഈ മേഖലയുമായി ബന്ധപ്പെട്ട കാര്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനും മാറ്റങ്ങൾ വരുത്താനും പ്രയോജനപ്രദമാകുമെന്ന് വിശ്വസിക്കുകയാണ്. ചട്ടത്തിൽ ഭേദഗതി വരുത്തിയാൽ മാത്രം മതിയെന്ന് ശ്രീ. എൻ. ഷംസുദ്ദീൻ പറയുകയുണ്ടായി. പക്ഷേ, ഒരു ബില്ലിന്റെ അവതരണവേളയുമായി ബന്ധപ്പെട്ടതായതുകൊണ്ട്, ഏത് നിയമങ്ങൾ ഭേദഗതി ചെയ്താലും അത് ചെറുതോ വലുതോ ആണെങ്കിൽപ്പോലും പൂർണ്ണമായി ചർച്ച ചെയ്തതിനുശേഷം ഭേദഗതി വരുത്തുന്നതാണ് ഉചിതം. ഇത് അദ്ദേഹത്തോടുള്ള

എതിരഭിപ്രായമെന്ന രീതിയിലല്ല പറയുന്നത്. ചെറിയ കാര്യങ്ങളാണെങ്കിൽപ്പോലും കൃത്യമായി ചർച്ചകളുണ്ടാകുന്നത് അനുയോജ്യമാകും. 'ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി'- എന്നതിൽ എന്താണ് തോട്ടം; എന്താണ് ചെറുകിട; എന്താണ് തൊഴിലാളി; എന്താണ് ക്ഷേമനിധി; എന്നിവയൊക്കെ നിരന്തരം ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങളാണ്. റബ്ബർ, തേയില, കാപ്പി, ഏലം, കൊക്കോ, എണ്ണപ്പന, കശുവണ്ടി ഇവയൊക്കെയാണ് പ്രധാനമായും തോട്ടം മേഖലയിലെ കൃഷികൾ. ഇതിലുള്ള പ്രത്യേകത, 'അഞ്ച് ഹെക്ടർ വിസ്തീർണ്ണത്തിൽ കുറവായതും ഒന്നോ അതിലധികമോ തോട്ടം തൊഴിലാളികളെ ജോലിക്ക് നിയോഗിക്കപ്പെട്ടിട്ടുള്ളതുമായ ഒരു തോട്ടം എന്നർത്ഥമാകുന്നതും' എന്നതാണ്. ഇവിടെ ഏറ്റവുംകൂടുതൽ വിസ്തൃതിയുള്ള തോട്ടത്തിന്റെ അളവ് 5 ഹെക്ടറാണ്. 5 ഹെക്ടർ എന്നാൽ 12 ഏക്കർ 35 സെന്റോളം വരും. അതിൽത്താഴെ വിസ്തൃതിയുള്ള തോട്ടങ്ങളിലാണ് ഏകദേശം ഇത്തരം കൃഷികളും അതുമായി ബന്ധപ്പെട്ട തൊഴിലാളികളുമുള്ളത്. ചെറുകിട തോട്ടം തൊഴിലാളികളെ സംരക്ഷിക്കാൻ ഈ ക്ഷേമനിധിയിൽ നിരവധി പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെന്ന് പറഞ്ഞാലും കാലഘട്ടത്തിനനുസൃതമായ രീതിയിൽ തൊഴിലാളികൾക്ക് സംരക്ഷണവും സാമ്പത്തിക ലാഭവും അഭിവൃദ്ധിയും നൽകാൻ സർക്കാരിന് കഴിയുന്നില്ല. സർക്കാരിന് ലഭിക്കേണ്ട തുക വർദ്ധിപ്പിക്കുന്നതിനായി തൊഴിലാളികൾ അടയ്ക്കുന്ന തുകയിലാണ് വർദ്ധനവ് വരുത്തിയിരിക്കുന്നത്. പക്ഷേ, അതിനനുസൃതമായി തൊഴിലാളികളുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചാൽ മാത്രമേ ഈ ബിൽ കൊണ്ടുവരുന്നതുകൊണ്ട് അവർക്ക് എന്തെങ്കിലും പ്രയോജനം ലഭിക്കുകയുള്ളൂ. നിലവിലെ സാഹചര്യം പരിശോധിച്ചാൽ കോവിഡ് പ്രതിസന്ധി രൂക്ഷമായ സാഹചര്യത്തിൽ പല മേഖലകളിലും തൊഴിലില്ലെന്നു മാത്രമല്ല, നാണ്യവിളകൾക്കൊന്നും വലിയ തോതിൽ വില ലഭിക്കുന്നില്ല. ഇത്തരം സാഹചര്യത്തിൽ അവർക്കുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കണം. ഇന്ന് കേരളപ്പിറവി ദിനമാണ്. കോവിഡ് സാഹചര്യത്തിനുശേഷം ഇന്ന് വിദ്യാലയങ്ങൾ തുറന്നതിന്റെ സന്തോഷത്തിലാണ് ബഹുമാനപ്പെട്ട മന്ത്രിയെന്ന് എല്ലാവർക്കുമറിയാം. ഈ സന്തോഷം തോട്ടം മേഖലയിലെ തൊഴിലാളികൾക്കും അവരുടെ മക്കൾക്കുംകൂടി ലഭിക്കുന്ന രീതിയിലേയ്ക്ക് വരണം. നിധി കാക്കുന്ന ഭൂതമായി സംസ്ഥാന സർക്കാർ മാറുന്ന അവസരമുണ്ടാകരുത്. നിരവധി തൊഴിലാളി ക്ഷേമനിധികൾ ഈ സന്ദർഭത്തിൽ നിയമസഭയിൽ ചർച്ചയ്ക്കെടുക്കുകയും ബില്ലാക്കുകയും പാസ്സാക്കുകയുമൊക്കെ ചെയ്തുകൊണ്ടിരിക്കുകയാണ്. ഒരു നിധി എന്താണ്? നമുക്കൊരു നിധി കിട്ടി, ആ നിധിയിലൂടെ സമ്പത്തുണ്ടാകുകയാണ്. ഇങ്ങനെ സർക്കാരിന്റെ കയ്യിലുള്ള നിധികളിൽനിന്ന് പാവപ്പെട്ടവന് കൂടുതൽ വരുമാനമുണ്ടാകുന്ന രീതിയിലേയ്ക്ക് കാര്യങ്ങൾ പോകണം. എന്തിനുവേണ്ടിയാണ് ഈ നിധികൾ ഉണ്ടാക്കിയിരിക്കുന്നത്?

ആരോഗ്യമുള്ളവന് എന്തിനാണ് കൂടുതൽ പണം; അവശതമൂലം ജോലി ചെയ്യാൻ കഴിവില്ലാത്തവർക്ക് ജീവിക്കാനല്ലേ കൂടുതൽ കാശ് വേണ്ടത്? അവശതയുള്ളവന് കൂടുതൽ ചെലവുണ്ടാകും, രോഗികളായി മാറും, അവർക്ക് നല്ലൊരു തുക മാസംതോറും ഇതിൽനിന്നും ലഭിക്കണം.

വിധവാ പെൻഷനെ സംബന്ധിച്ച് നേരത്തേ സൂചിപ്പിക്കുകയുണ്ടായി, അവർക്ക് ലഭിക്കുന്നത് 1600 രൂപയാണ്. ഭർത്താവ് മരണപ്പെട്ടുപോകുമ്പോഴാണ് വിധവയാകുന്നത്. ഭർത്താവിന്റെ കയ്യിൽ നിന്ന് കിട്ടുന്ന സേവനങ്ങളും ആനുകൂല്യങ്ങളും നഷ്ടപ്പെട്ട് വരുമാനം ലഭിക്കാതെവരുന്ന വിധവയായ സ്ത്രീക്ക് വിധവാ ആനുകൂല്യംമൂലം കിട്ടുന്ന തുകയുള്ളപ്പോൾ, അവരുടെ അംശദായത്തിൽ നിന്ന് പണം നിക്ഷേപിച്ച് അതിൽ നിന്നുകൂടി വരുമാനം ലഭിക്കട്ടേയെന്ന് ചിന്തിക്കുമ്പോഴാണ് യഥാർത്ഥ സോഷ്യലിസം ഈ അവസ്ഥയിൽ ഇവിടെയുണ്ടാകുന്നത്. ഒരുപാട് പരിജ്ഞാനമുള്ള വ്യക്തി എന്ന നിലയിൽ ബഹുമാനപ്പെട്ട മന്ത്രി അതിനുള്ള വ്യവസ്ഥകൾകൂടി ഇതിലുൾപ്പെടുത്തണം. അവശതയുള്ളവർക്ക് കിട്ടുന്ന അവസരങ്ങൾ, 60 വയസ്സ് കഴിയുമ്പോൾ കിട്ടേണ്ട ആനുകൂല്യങ്ങൾ, കുടുംബ പെൻഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾ, സ്ഥായിയായി അവശതയുള്ളവർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ, പെൺമക്കളുടെ വിവാഹ സമയത്ത് കൊടുക്കേണ്ട ധനസഹായം എന്നീ കാര്യങ്ങളെക്കുറിച്ചും സൂചിപ്പിക്കുകയുണ്ടായി. ഒരു പെൺകുട്ടിയുടെ വിവാഹം നടത്തണമെങ്കിൽ എത്ര തുക വേണ്ടിവരുമെന്ന് നമുക്കറിയാമെന്നതിനാൽ ഏതെങ്കിലും ഒരു ചെറിയ തുക കൊടുത്ത് അവഹേളിക്കുകയല്ല വേണ്ടത്. ഞാൻ അവഹേളിക്കുക എന്ന വാക്ക് ഉപയോഗിച്ചത്, ചെറിയ തുകകൾ ചെറുതാണ് എന്നുള്ളതുകൊണ്ട് തന്നെയാണ്. ആയിരമോ പതിനായിരമോ രൂപ കൊടുത്തതുകൊണ്ട് സമൂഹത്തിൽ ഒരു വ്യക്തിക്ക് മുന്നോട്ട് പോകാൻ കഴിയില്ല. അത്തരം സാഹചര്യത്തിൽ പാവപ്പെട്ടവന്, കർഷകന്, തൊഴിലാളികൾക്ക്, മെച്ചപ്പെട്ട ആനുകൂല്യം കൊടുക്കുന്നത് നമുക്ക് സ്വപ്നം കാണാൻ കഴിയണം. മരണാനന്തര ചെലവുകളെക്കുറിച്ച് സംസാരിച്ചല്ലോ? മരണാനന്തര ചെലവുകൾപോലും ഭീമമായി വർദ്ധിച്ച സാഹചര്യത്തിൽ പാവപ്പെട്ട പല കുടുംബങ്ങളും ശവസംസ്കാരത്തിനുപോലും പണമില്ലാതെ കഷ്ടപ്പെടുന്ന അവസരത്തിൽ ഇതുമായി ബന്ധപ്പെട്ട ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ച് നല്കാൻ സർക്കാർ തയ്യാറാകണം. വീടില്ലാത്ത എത്രയോ ആളുകളാണുള്ളത്; അവർക്ക് വീട് കൊടുക്കാൻ കഴിഞ്ഞിട്ടുണ്ടോ? അറ്റകുറ്റപ്പണികൾ തീർക്കേണ്ട എത്രയോ വീടുകളുണ്ട്; അതിനുള്ള സഹായം നൽകാൻ കഴിഞ്ഞിട്ടുണ്ടോ? അവർക്ക് എത്രയോ വായ്പകളും കുടിശ്ശികകളും ഉണ്ട്, ജപ്തിഭയത്തിൽ നിൽക്കുന്ന എത്രയോ ആൾക്കാരുണ്ട്; അത് എഴുതിത്തള്ളുവാനോ കൂടുതൽ ആനുകൂല്യങ്ങൾ കൊടുക്കാനോ കഴിഞ്ഞിട്ടുണ്ടോ? പ്രസവാനുകൂല്യം ആവശ്യാനുസരണം കാലഘട്ടത്തിനനുസൃതമായി ഉയർത്തിക്കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ടോ? ചികിത്സാ സൗകര്യങ്ങൾ, വിദ്യാഭ്യാസ

സൗകര്യങ്ങൾ തുടങ്ങിയവയെല്ലാം വർദ്ധിപ്പിക്കേണ്ടത് ആവശ്യമാണ്. ഭൂമി വാങ്ങാനുള്ള സാമ്പത്തികസഹായം നൽകണം. പാവപ്പെട്ടവന്റെ ആവശ്യം എന്താണെന്ന് മനസ്സിലാക്കി അത് കൊടുക്കാൻ കഴിയുന്ന അവസ്ഥയിലേയ്ക്ക് വരണം. കുട്ടികളുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട കാര്യങ്ങളും ചർച്ച ചെയ്യപ്പെടേണ്ട വിഷയമാണ്.

തോട്ടങ്ങളിൽ കൃഷി ചെയ്യുന്നതിനെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ, എറണാകുളം ജില്ലയുടെ കിഴക്കൻ മേഖല, മൂവാറ്റുപുഴ, പെരുമ്പാവൂർ എന്നീ മേഖലകൾ ഉൾപ്പെടുന്ന സ്ഥലത്ത് ഏറ്റവും കൂടുതലുള്ളത് റബ്ബർ കൃഷിയാണ്. പക്ഷേ, റബ്ബർ കർഷകന്റെ അവസ്ഥ പരിതാപകരമാണ്. 1 കിലോ ആർ.എസ്.എസ്. (Ribbed Smoked Sheets)-റബ്ബറിന്റെ ശനിയാഴ്ചത്തെ വില 175 രൂപയാണെന്നാണ് അന്വേഷിച്ചപ്പോൾ അറിയാൻ കഴിഞ്ഞത്. ഒരു കിലോയ്ക്ക് 175 രൂപ ലഭിച്ചാൽ അതിന്റെ 60 ശതമാനത്തോളം, ഏകദേശം 105 രൂപയോളം ടാപ്പിംഗ് തൊഴിലാളിക്ക് കൂലിയായി കൊടുക്കേണ്ടിവരും. കേവലം 70 രൂപ ലഭിച്ചാലും ആ വരുമാനവുമായി ബന്ധപ്പെട്ട് മുന്നോട്ട് പോകാൻ കഴിയാത്ത സാഹചര്യമുണ്ടാകും. സ്വന്തമായി ടാപ്പിംഗ് നടത്തുകയാണെങ്കിൽ സ്വാഭാവികമായും വരുമാനമുണ്ടാകും. റബ്ബർ മേഖലയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ സർക്കാർ അല്പംകൂടി താല്പര്യമെടുത്ത് പ്രവർത്തിക്കണം. ഇറക്കുമതിമൂലം വിപണന സാദ്ധ്യത നഷ്ടപ്പെടുന്ന സാഹചര്യത്തിലും പ്രത്യേകിച്ച് ഉല്പാദനച്ചെലവ് ആനുപാതികമായി വർദ്ധിക്കുന്നതിനാലും വേണ്ടത്ര വില ലഭ്യമാകുന്നില്ല.

<u>ശ്രീ. പി. എസ്. സുപാൽ</u>: സർ, നിങ്ങളുടെ ഭരണകാലത്ത് റബ്ബറിന്റെ വിലയിടിവുമായി ബന്ധപ്പെട്ട് താങ്ങുവില കൃത്യമായി നൽകുന്ന സാഹചര്യമുണ്ടായിരുന്നില്ല. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് റബ്ബറിന്റെ താങ്ങുവില കൃത്യമായി നൽകിയെന്ന വിവരം അങ്ങേയ്ക്കറിയാമോ; മാത്രമല്ല, 160 രൂപ എന്നുള്ളത് 180 രൂപയായി വർദ്ധിപ്പിച്ചത് എൽ.ഡി.എഫ്. സർക്കാരാണ്. റബ്ബറിന്റെ വിലയിടിവിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ പറയുമ്പോൾ അങ്ങയുടെ പാർട്ടി നേതൃത്വം നൽകിയ ഗവൺമെന്റ് കേന്ദ്രത്തിൽ അധികാരത്തിലിരിക്കുന്ന അവസരത്തിലാണ് ആസിയാൻ കരാർ നടപ്പിലാക്കിയത്. ആസിയാൻ കരാർ നടപ്പിലാക്കിയപ്പോൾ അത് കർഷകർക്ക് ഗുണകരമാകുമെന്ന് ബഹുമാനപ്പെട്ട മെമ്പർ അടക്കമുള്ളവർ സൂചിപ്പിക്കുകയുണ്ടായി.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ശ്രീ. ഉമ്മൻ ചാണ്ടി കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്നപ്പോൾ കെ. എം. മാണിയാണ് റബ്ബറിന് താങ്ങുവില നിശ്ചയിച്ച് റബ്ബർ കർഷകരെ സഹായിക്കാനായി മുന്നോട്ട് വന്നത്.

അപ്പോൾ നിങ്ങൾ അതിനെതിരായിരുന്നുവെന്ന കാര്യം മറക്കണ്ട. ഇപ്പോഴും രാജ്യത്ത് ടാസ്ക് ഫോഴ്സ് ഓൺ റബ്ബർ എന്ന പദ്ധതി യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞിട്ടില്ല. ഉൽപ്പാദനച്ചെലവിന്റെ പകുതികൂടിച്ചേർത്ത് ഉൽപ്പന്നവില നിശ്ചയിക്കണമെന്നായിരുന്നു സ്വാമിനാഥൻ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശ. പക്ഷേ, റബ്ബറിനെ ഒരു കാർഷിക വിളയായി ഇപ്പോഴും പ്രഖ്യാപിച്ചിട്ടില്ല. ഞാൻ റബ്ബറുമായി ബന്ധപ്പെട്ട കാര്യം മാത്രം സൂചിപ്പിക്കുന്നതിന്റെ കാരണം, റബ്ബർമൂലം ജീവിച്ചുപോകുന്ന ധാരാളം കുടുംബങ്ങൾ കോട്ടയം, എറണാകുളം ഉൾപ്പെടെയുള്ള ജില്ലകളിലുണ്ട്. റബ്ബറിന് 250 രൂപയെങ്കിലും താങ്ങുവില നിശ്ചയിച്ചെങ്കിൽ മാത്രമെ ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും വരുമാനം ഈ മേഖലയിലുള്ളവർക്ക് ലഭ്യമാവുകയുള്ളൂ. റബ്ബർ മേഖലയിൽ ഒട്ടേറെ പരീക്ഷണങ്ങൾ കോട്ടയം ആസ്ഥാനമായും റബ്ബർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയുമായും ബന്ധപ്പെട്ട് നടപ്പിലാക്കുന്നുണ്ട്. മുൻ രാഷ്ട്രപതി എ. പി. ജെ. അബ്ദുൽ കലാം വന്നപ്പോഴാണ് അഞ്ചിനത്തിൽപ്പെട്ട റബ്ബർ വെറൈറ്റികൾ നമ്മൾ പ്രഖ്യാപിച്ചത്. പ്രത്യേകിച്ച് 414, 430, 417, 429, 422 ഇനങ്ങൾ; ഇതിൽ ഏറ്റവുംകൂടുതൽ റബ്ബർ പാൽ ലഭ്യമാകുന്നത് 430 ഇനത്തിൽ നിന്നാണ്. അതുകൊണ്ട് നിലവിൽ ഈ മേഖലയിൽ ഏറ്റവും കൂടുതൽ കൃഷി ചെയ്തുവരുന്നതും ഈയിനം തന്നെയാണ്.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, റബ്ബർ മേഖലയ്ക്ക് പ്രതികൂല രീതിയിലുള്ള കേന്ദ്ര നിലപാടുകൾ സ്വീകരിച്ചത് ഏത് കാലഘട്ടത്തിലാണെന്നത് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമല്ലോ; പ്രത്യേകിച്ച് ഇറക്കുമതിയുൾപ്പെടെ പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. ആ കാലഘട്ടത്തിൽ കേരളാ കോൺഗ്രസ് ഉൾപ്പെടെയുള്ള രാഷ്ട്രീയ പ്രസ്ഥാനങ്ങൾ യു.ഡി.എഫ്.-ലുണ്ടായിരുന്ന കാലത്തും ഇക്കാര്യത്തിൽ ശക്തമായ നിലപാടുകൾ സ്വീകരിച്ചവരാണ്. കേന്ദ്ര ഗവൺമെന്റിന്റെ അക്കാലത്തെ നിലപാടുകളാണ് കാലാകാലങ്ങളിൽ റബ്ബർ കൃഷിയെ ഇത്രയും അപകടകരമായ അവസ്ഥയിലേയ്ക്ക് എത്തിച്ചതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, കേരളാ കോൺഗ്രസ്സ് യു.ഡി.എഫ്.-ന്റെ ഭാഗമായിരുന്ന കാലഘട്ടങ്ങളിലൊക്കെ ഒരുമിച്ചുനിന്നുകൊണ്ട് കേന്ദ്ര ഗവൺമെന്റിന്റെ ഇത്തരം നയങ്ങൾക്കെതിരെ പ്രതികരിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെയാണ് ഇപ്പോൾ ഭരണത്തിലിരിക്കുന്ന ഇടതുപക്ഷം പ്രഖ്യാപിച്ച പല പദ്ധതികളും കേന്ദ്ര ഗവൺമെന്റ് ഇപ്പോഴും നടപ്പിലാക്കാത്തത്. റബ്ബറുമായി ബന്ധപ്പെട്ട് കർഷകരെ സഹായിക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ കാണുകയും ഈ മേഖലയിൽ കൂടുതൽ

ആനുകൂല്യങ്ങൾ കൊണ്ടുവരാൻ ശ്രമിക്കുകയും ചെയ്യണം. ചീഫ് വിപ്പ് എന്ന രീതിയിൽ ബഹുമാനപ്പെട്ട മെമ്പർക്കും അതിൽ നന്നായി ഇടപെടാൻ കഴിയുന്നതാണ്. ബഹുമാനപ്പെട്ട മന്ത്രി വിദ്യാഭ്യാസ വകുപ്പുമന്ത്രികൂടിയാണ്. അദ്ദേഹമാണ് ഇത് കേൾക്കുന്നത് എന്നതുകൊണ്ട് വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ടുകൂടി ഒന്നുരണ്ടു കാര്യങ്ങൾ എനിക്ക് പറയേണ്ടി വരും. 'അടിസ്ഥാനമുറച്ചാലേ ആരൂഢം ഉറയ്ക്കൂ' എന്ന് പറയാറുണ്ട്. കാരണം, എന്തിനും ഏതിനും അടിത്തറ ഭദ്രമാക്കണം. ഇന്ന് വിദ്യാലയങ്ങൾ തുറന്നത് നല്ല കാര്യംതന്നെയാണ്. പക്ഷേ, പ്രധാനപ്പെട്ട പ്രശ്നം, കുട്ടികൾ ഏറ്റവുമധികം ആഗ്രഹിക്കുന്നത് മെഡിസിൻ, എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് ചേരണമെന്നുള്ളതാണ്. കുട്ടികൾക്ക് സിവിൽ സർവ്വീസിനുകൂടി പഠിക്കണമെന്ന ആഗ്രഹം കൂടുതലായി വരുന്നുണ്ടെന്നതാണ് മറ്റൊരു പ്രത്യേകത. ഐ.എ.എസ്./ഐ.പി.എസ്./ഐ.എഫ്.എസ്. ആകണമെന്ന ആഗ്രഹംകൂടി വരുമ്പോൾ അതിനു സാദ്ധ്യമാകുന്ന അന്തരീക്ഷംകൂടി വിദ്യാലയങ്ങളിൽ ഒരുക്കേണ്ടത് ആവശ്യമാണ്. അങ്ങയെ ഒരു മികച്ച വിദ്യാഭ്യാസ വകുപ്പുമന്ത്രിയായും തൊഴിൽ വകുപ്പുമന്ത്രിയായും കാണണമെന്നുള്ളതുകൊണ്ടാണ് ഇത്തരം കാര്യങ്ങൾ പറഞ്ഞത്. വിദ്യാലയങ്ങളിൽ ലൈബ്രറി സൗകര്യം പരിമിതമാണ്; അതായത് കുട്ടികൾക്ക് അദ്ധ്യാപകരിൽ നിന്നുമാത്രം പഠിക്കേണ്ട അവസ്ഥയിൽനിന്ന് മാറ്റമുണ്ടാകണം. വിദ്യാലയങ്ങളിൽ മികച്ച ലൈബ്രറി ഉണ്ടായിക്കഴിഞ്ഞാൽ വായനയിലൂടെ കൂടുതൽ അറിവ് കുട്ടികൾക്ക് ലഭിക്കും. വിദ്യാലയങ്ങളിൽച്ചേർക്കുമ്പോൾ അഡ്മിഷൻ സമയത്ത് ലൈബ്രറി ഫീസ് വാങ്ങും, പക്ഷേ മികച്ച ലൈബ്രറി പൊതുവിദ്യാലയങ്ങളിലില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെടുത്തുകയാണ്. 2000 ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിൽ മികച്ച ലൈബ്രറികൾ ഉണ്ടായിക്കഴിഞ്ഞാൽ 2000 ലൈബ്രേറിയൻമാരെ നിയമിക്കാൻ കഴിയും. ഈ വിദ്യാലയങ്ങളിലൊന്നും ലൈബ്രേറിയൻ ഇല്ല. ഞാൻ പ്രീ-ഡിഗ്രി പഠിച്ചയാളാണ്. പ്രീ-ഡിഗ്രിക്ക് കോളേജുകളിൽ ചെന്നാൽ നല്ല ലൈബ്രറിയും ലൈബ്രേറിയനും പുസ്തകങ്ങളുമുണ്ടായിരുന്നു. പ്രീ-ഡിഗ്രി കോളേജുകളിൽ നിന്നുമാറ്റി പ്ലസ് ടു ആക്കിയതിനുശേഷം ഒറ്റ സ്കൂളിൽപ്പോലും അന്താരാഷ്ട്ര നിലവാരമുള്ള ലൈബ്രറികളോ അതുമായി ബന്ധപ്പെട്ട കാര്യങ്ങളോ ഉണ്ടായിട്ടില്ല. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിലുണ്ടാകണം. ഹൈസ്കൂൾ, ഹയർ സെക്കണ്ടറികളിൽ ലാബ് അസിസ്റ്റന്റുമാരുടെ കുറവുണ്ട്. ലാബ് അസിസ്റ്റന്റുമാരുടെ കുറവ് പരിഹരിക്കാൻ നടപടി സ്വീകരിക്കണം. ഇപ്പോഴുള്ള ലാബ് അസിസ്റ്റന്റുമാർ ക്ലറിക്കൽ ജോലികളും മറ്റുപല ജോലികളുമാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ഹൈസ്കൂളുകൾ ഹയർ സെക്കണ്ടറികളിൽ ലയിച്ചുവെന്ന് പറയുന്നുണ്ടെങ്കിൽപ്പോലും കാര്യമായ മാറ്റങ്ങളൊന്നുമുണ്ടായിട്ടില്ല. കോവിഡ്-19 സാഹചര്യം വിദ്യാലയങ്ങളെല്ലാം

ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റിയിരിക്കുന്നു. പെട്ടെന്ന് നമുക്കതിൽ നിന്ന് മാറാൻ കഴിയില്ല. അതുകൊണ്ട് എല്ലാ വിദ്യാലയങ്ങളിലും ഒരു സ്റ്റുഡിയോ സംവിധാനമുണ്ടാകണം. അത്തരം സംവിധാനമുണ്ടായാൽ ഓൺലൈനിലൂടെ കുട്ടികളെ പഠിപ്പിക്കാനും ക്ലാസ്സുകൾ മുന്നോട്ടുകൊണ്ടു പോകാനും കഴിയുമെന്നുകൂടി ശ്രദ്ധയിൽപ്പെടുത്തുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ചെയ്ത പ്രധാനപ്പെട്ട കാര്യമുണ്ട്, ബാച്ചുകളുടെ എണ്ണം വർദ്ധിപ്പിക്കാതെ അഡ്മിറ്റ് ചെയ്യുന്ന കുട്ടികളുടെ എണ്ണം വർദ്ധിപ്പിച്ചു. ഇപ്പോൾ ഒരു ക്ലാസ്സ് മുറിയിൽ 60 കുട്ടികളുണ്ട്, ഇനിയും വർദ്ധിപ്പിച്ചാൽ 65 പേരാകും. ഒരു ക്ലാസ്സ് മുറിക്കുള്ളിൽ ഒരു അദ്ധ്യാപന്/ഗുരുനാഥന് 40-ൽകൂടുതൽ കുട്ടികളെ പഠിപ്പിക്കാൻ എങ്ങനെ കഴിയും? വിദേശ സർവ്വകലാശാലകളിലും രാജ്യങ്ങളിലും 40-ൽ താഴെ കുട്ടികൾ മാത്രമെയുള്ളൂ. 60-65 കുട്ടികൾ എന്ന രീതിയിലേയ്ക്ക് മാറുമ്പോൾ, കുട്ടികളെ ഹാൻഡിൽ ചെയ്യാനുള്ള ബുദ്ധിമുട്ടുണ്ടാകുമെന്ന് സൂചിപ്പിക്കുകയാണ്. ഒരു കാര്യംകൂടി സൂചിപ്പിക്കുകയാണ്. 'ജ്ഞാന നിർമ്മിതിവാദം' എന്നൊരു പദ്ധതിയുണ്ട്, അത് നല്ലകാര്യമാണ്. പക്ഷേ, ഇതുമായി ബന്ധപ്പെട്ടുവരുമ്പോൾ ബാച്ചുകൾ വർദ്ധിപ്പിച്ച് കുട്ടികളുടെ എണ്ണം കുറച്ച് നല്ലൊരു വിദ്യാഭ്യാസ സമ്പ്രദായമുണ്ടാക്കിയെടുക്കാനുള്ള നടപടികൂടി സ്വീകരിക്കണം. 2021-ലെ കേരള ചെറുകിട തോട്ടം ക്ഷേമനിധി (ഭേദഗതി) ബില്ലുമായി ബന്ധപ്പെട്ട് മുന്നോട്ട് പോകുമ്പോൾ കൂടുതൽ തോട്ടം തൊഴിലാളികൾക്ക് ആനുകൂല്യം വർദ്ധിപ്പിച്ചു നൽകാൻ കഴിയണമെന്ന് സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

Prof. Abid Hussain Thangal: Sir, I move that, " This House resolves to disapprove The Kerala Shops And Commercial Establishments (Amendment) Ordinance, 2021 (Ordinance No.123 of 2021)." ഈ മേഖലയുമായി ബന്ധപ്പെട്ട് രണ്ട് ബില്ലുകളാണ് ഇന്ന് സഭ പരിഗണിക്കുന്നത്. 2021-ലെ കേരള ഷോപ്പ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലാണ് ആദ്യത്തേത്. ഷോപ്പ് നിലനിന്നാൽ മാത്രമെ തൊഴിലാളികളെക്കുറിച്ചും അവരുടെ ക്ഷേമനിധിയെക്കുറിച്ചും പറയാൻ കഴിയുകയുള്ളൂ. ഇന്ന് കേരളത്തിൽ അങ്ങനെയൊരു അവസ്ഥ ഇല്ലെന്നുള്ളത് വസ്തുതാപരമായി എല്ലാവർക്കും അറിയാവുന്നതാണ്. കടകൾ അടച്ചിടേണ്ടിവന്ന സാഹചര്യമുണ്ടായപ്പോൾ കടംകയറി നിത്യച്ചെലവിനുപോലും ബുദ്ധിമുട്ടുന്ന സംസ്ഥാനത്തെ പതിനായിരക്കണക്കിന് വ്യാപാരികൾ എന്ത് ചെയ്യണമെന്നറിയാതെ പതറുന്ന സന്ദർഭത്തിൽ സർക്കാർ അവർക്കുനേരെ കണ്ണടച്ചുപോകുന്നത് മോശമായിരിക്കുമെന്ന് പറയാതിരിക്കാൻ കഴിയില്ല. നഷ്ടത്തിന്റെ കണക്ക് മാത്രമാണ് അവർക്ക് പറയാനുള്ളത്. ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിലെ വ്യാപാരസമൂഹം കടബാദ്ധ്യതയുടെയും

കഷ്ടപ്പാടിന്റെയും നടുവിൽപ്പെട്ട് ഉഴലുകയാണ്. പലരും ആത്മഹത്യയുടെ വക്കിലാണ്. ഡോ. എം. കെ. മുനീർ നേരത്തെ വ്യക്തമായി അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറഞ്ഞതിനാൽ അത് ആവർത്തിക്കുന്നില്ല. ദുഃഖം പുറത്ത് അറിയിക്കാതെ പ്രതീക്ഷയോടുകൂടി കാത്തിരിക്കുന്ന ധാരാളം വ്യാപാരി-വ്യവസായികൾ നമ്മുടെ മുന്നിലുണ്ട്. അവർ ഈ പ്രയാസത്തിന്റെ നടുവിലും അതിജീവിക്കാനുള്ള മനക്കരുത്തുമായി തോൽക്കാൻ മനസ്സില്ലാതെ പിടിച്ച് നിൽക്കാൻ ശ്രമിക്കുന്ന വിഭാഗമാണ്. അത്തരം വ്യാപാരികളെ സഹായിക്കാനുള്ള നിലപാടും പ്രവർത്തനങ്ങളും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. വ്യാപാരികളെ അകാലമരണത്തിലേയ്ക്ക് തള്ളിവിടാതിരിക്കാനാവശ്യമായ നിലപാടുകളും പ്രവർത്തനങ്ങളും ഈ ബില്ലിലൂടെയുണ്ടാകുന്നതിനാവശ്യമായ ചില കാര്യങ്ങൾ നടത്താൻ ഗവൺമെന്റ് തയ്യാറാകണം. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ, ലോകത്തിലെ ഏറ്റവും വലിയ 32 കമ്പനികളുടെ ലാഭം 2020-ൽ ഏകദേശം 109 ബില്ല്യൻ ഡോളർ വരെ ഉയരുമെന്ന് ഓക്സ്ഫാം റിപ്പോർട്ട് ചെയ്തിരുന്നു. ദരിദ്രർക്കുമുമ്പിൽ സമ്പന്നർ ലാഭം കൊയ്യുന്ന പുതിയ കച്ചവടമാതൃക ഉയരുകയാണ്. കോവിഡ്-19 കാരണം ലോകത്താകമാനം 500 കോടി ജനങ്ങൾ ദാരിദ്ര്യത്തിലായിട്ടുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. അന്താരാഷ്ട്ര തൊഴിലാളി സംഘടനകളുടെ കണക്കുകൾ പ്രകാരം നാല് കോടി ജനങ്ങൾക്ക് തൊഴിൽ നഷ്ടമായതും 4.3 കോടി ചെറുകിട സംരംഭങ്ങൾ പ്രതിസന്ധിയിലായതും യാഥാർത്ഥ്യമാണ്. എന്നാൽ, ലോകത്തിലെ ഏറ്റവും വലിയ കുത്തക കമ്പനികൾ കുറഞ്ഞ വേതനത്തൊഴിലാളികളുടെ ചെലവിൽ ശതകോടികൾ സമ്പാദിക്കുകയും ഓഹരി ഉടമകൾക്ക് ലാഭം ലഭിക്കുകയും ചെയ്ത അവസ്ഥാ വിശേഷം നാട്ടിലുണ്ടെന്ന കാര്യം എല്ലാവർക്കും അറിയാവുന്നതാണ്. പരമ്പരാഗത വ്യാപാരികളുടെ നിലനിൽപ്പിനെ ഇല്ലാതാക്കുന്ന സന്ദർഭമാണിത്. ഇലക്ട്രോണിക്സ് മേഖല, വസ്ത്ര വ്യാപാര മേഖല എന്നിവയൊക്കെ പ്രയാസകരമായ അവസ്ഥയിലാണ്. വലിയ നഗരങ്ങളിൽ മാത്രം കണ്ടിരുന്ന ഡെലിവറി ബോയ്സ് ഇന്ന് കേരളത്തിന്റെ മുക്കിലുംമൂലയിലുമുണ്ട്. ഇവർ മുമ്പ് വാൾമാർട്ട് വന്നപ്പോൾ ശക്തമായി എതിർത്തുകൊണ്ട് നിലപാട് സ്വീകരിച്ചിരുന്നവരായിരുന്നു. അത്തരം ഘട്ടത്തിൽ പ്രവർത്തനങ്ങളും ആശയവുമുണ്ടായിരുന്ന കേരളത്തിലാണ് വലിയൊരു പ്രതിസന്ധി കച്ചവടക്കാർ നേരിടുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം കോവിഡ്കാലത്ത് ഏകദേശം 47 ശതമാനം വർദ്ധനവാണ് ആമസോൺ കമ്പനിക്കുണ്ടായത്. ചെറുകിട വ്യാപാരികളും കച്ചവടമേഖലയിലുള്ളവരും അനുഭവിക്കുന്ന പ്രയാസങ്ങൾ എന്തായിരിക്കുമെന്ന് പറയാതെതന്നെ അറിയാവുന്നതാണ്. ലോക്ഡൗൺ കാലയളവിൽ ഇന്ത്യയിലെ നൂറുകണക്കിന് തേയിലത്തോട്ട തൊഴിലാളികൾക്ക് ശമ്പളം ലഭിച്ചിട്ടില്ലെന്ന വസ്തുത നിലനിൽക്കെ ചില ഇന്ത്യൻ തേയില കമ്പനികൾ ചെലവ് കുറച്ചുകൊണ്ട് ലാഭം

വർദ്ധിപ്പിക്കുകയുണ്ടായി. സംസ്ഥാനത്ത് തോട്ടം തൊഴിലാളികളുടെ പ്രയാസങ്ങൾ ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിച്ചിരുന്നു. ഓൺലൈൻ കൊമേഴ്സ് മുഖേന ക്രോസ്സ് സബ്സിഡി എന്ന തന്ത്രമാണ് ആമസോണും ഫ്ലിപ്കാർട്ടും അടക്കമുള്ള ഓൺലൈൻ കച്ചവടക്കാർ രാജ്യത്തെ ചെറുകിട വ്യാപാരമേഖലയെ തകർക്കാൻ ചെയ്തുവരുന്ന വിപണനതന്ത്രം. ആ തന്ത്രത്തിന്റെ ഭാഗമായി ഷോപ്പിംഗ് ഫെസ്റ്റിവെൽ, ബിഗ് സെയിൽസ് എന്നിവ പ്രഖ്യാപിച്ച് കച്ചവടമേഖല കയ്യടക്കുകയാണ്. അന്ന് പരമാവധി പേരെ സൈറ്റിൽ സന്ദർശകരാക്കി എത്തിക്കുവാനും വിൽപ്പന നടത്തുവാനുമാണ് അവർ ശ്രമിച്ചത്. ഇത് ഫോറിൻ എക്സ്ചേഞ്ച് മാനേജ്മെന്റ് ആക്ട് (FEMA)-ന്റെ ലംഘനമാണെന്നത് അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടാകുമെന്ന് കരുതുകയാണ്. ഇ-കൊമേഴ്സ് സൈറ്റുകളിൽ വൻ മാർജിൻ ഡിസ്കൗണ്ട് നൽകി കച്ചവടം കൊഴുപ്പിക്കുമ്പോൾ ചെറുകിട കച്ചവടക്കാരുടെ ജീവിതമാണ് തകരുന്നത്. ആ ജീവിതത്തെ തിരിച്ചുപിടിക്കാനാവശ്യമായ പരമാവധി സഹായം സംസ്ഥാന സർക്കാർ ചെയ്തുകൊടുക്കണം. ഐ.ടി. ഡീലർമാരുടെ അഖിലേന്ത്യാ സംഘടന ഇലക്ട്രോണിക്സ് ഉൽപ്പന്നങ്ങളെ ബഹിഷ്കരിക്കുമെന്ന് പ്രഖ്യാപിച്ചതോടെ ഇ-കൊമേഴ്സ് കുത്തകകൾ ക്രോസ്സ് സബ്സിഡി കുറയ്ക്കാൻ നിർബന്ധിതരായി. ഇങ്ങനെ വന്നപ്പോൾ ബിഗ് സെയിൽ വർഷത്തിൽ മൂന്നോ, നാലോ ആയി ചുരുങ്ങി. ഇപ്പോൾ ക്രോസ്സ് സബ്സിഡി എന്നത് മാറ്റി മെറ്റീരിയൽ ക്ലബ്ബിംഗായി. ഇതാണ് ഇ-കൊമേഴ്സ് ഉൽപ്പന്നങ്ങളുടെ വ്യാപാരതന്ത്രം. ഒരു ഉപകരണം വാങ്ങുമ്പോൾ അതിനോടൊപ്പം സൗജന്യമായി ഭക്ഷണസാധനങ്ങൾ ഉപഭോക്താക്കൾക്ക് നൽകി അവരെ ആകർഷിക്കുന്ന തന്ത്രമാണ് പ്രയോഗിക്കുന്നത്. തന്ത്രപരമായ എല്ലാ പ്രയോഗങ്ങളും നടത്തി സാധാരണക്കാരെ ചൂഷണം ചെയ്യുകയും അതിലൂടെ വ്യാപാര സ്ഥാപനങ്ങളെ തകർക്കുകയും ചെയ്യുന്ന നിലപാട് നടക്കുകയാണ്. ഇ-കൊമേഴ്സ് കുത്തക സൈറ്റിൽ ഉൽപ്പന്നത്തിന്റെ വില കുറയ്ക്കുമ്പോൾ യഥാർത്ഥത്തിൽ സാധനത്തിന്റെ വില കുറയുന്നില്ല. പക്ഷേ, ചെറുകിട വ്യാപാരരംഗത്ത് നൽകാൻ കഴിയാത്ത ഡിസ്കൗണ്ട് നൽകി ചെറുകിട വ്യാപാരരംഗത്തെ തകർക്കുകയും ഭാവിയിൽ വിപണി കയ്യടക്കുകയും ചെയ്യുക എന്നതാണ് ലക്ഷ്യം. ഭാവിയിൽ വൻലാഭം മുന്നിൽക്കണ്ട് ചെലവഴിക്കാവുന്ന ഭീമമായ ഫണ്ടാണ് ഇ-കൊമേഴ്സ് കുത്തകകളുടെ കൈവശമുള്ളത്. ലോക്ഡൗൺ ആരംഭത്തിൽ ഇ-കൊമേഴ്സ് കുത്തകകൾ കേരളത്തിൽ വിറ്റഴിച്ചത് 186 കോടി രൂപയുടെ ഉൽപ്പന്നങ്ങളാണ്. ഇതിന്റെ മുഴുവൻ ബില്ലും അച്ചടിച്ചത് അന്യസംസ്ഥാനങ്ങളിലായതുകൊണ്ട് പ്രളയ സെസ്സ് ഇനത്തിൽമാത്രം 1.86 കോടി രൂപ സംസ്ഥാനത്തിന് നഷ്ടമായിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ വ്യാപാര സ്ഥാപനങ്ങളും അടഞ്ഞുകിടക്കുമ്പോഴാണ് രണ്ടാഴ്ചകൊണ്ട് ഭീമമായ തുക ഫ്ലിപ്കാർട്ട്, ആമസോൺ തുടങ്ങിയ കമ്പനികൾ കൈവശം വയ്ക്കുകയും അതിലൂടെ അവർ മുതലാക്കുകയും ചെയ്തത്. കോവിഡ് കാലത്ത് വ്യാപാര സ്ഥാപനങ്ങൾ

അടച്ചിടേണ്ട സാഹചര്യമായിരുന്നു. അതിന് ആരെയും കുറ്റംപറഞ്ഞിട്ട് കാര്യമില്ല. ആ സമയം മുതലാക്കി ഫ്ലിപ്കാർട്ടും ആമസോണുമൊക്കെ കോടിക്കണക്കിന് രൂപയുടെ ലാഭമുണ്ടാക്കുന്ന നിലപാട് സ്വീകരിച്ചപ്പോൾ അവരെ നിയന്ത്രിക്കാനാവശ്യമായ നിയമനടപടികളോ മറ്റുകാര്യങ്ങളോ ചെയ്തില്ലെന്നുള്ളത് വ്യാപാരി സമൂഹത്തോട് ചെയ്ത ദുഃഖകരമായ കാര്യമാണെന്ന് പറയാതിരിക്കാൻ കഴിയില്ല. സംസ്ഥാനത്ത് വ്യാപാരമേഖലയിൽ വലിയ പരിവർത്തനത്തിന്റെ നാളുകളാണ് ലോക്ഡൗൺ വരുത്തിയത്. അടഞ്ഞുകിടക്കുന്ന കടകളെ സാക്ഷിയാക്കി എന്നും വീടുകളിൽ സാധനങ്ങൾ എത്തിച്ചുകൊടുക്കുന്ന ഇ-കൊമേഴ്സ് സ്ഥാപനങ്ങളുടെ ആധിപത്യം കാണാൻ സാധിച്ചു. ഭക്ഷ്യോത്പന്നങ്ങളും മരുന്നുകളും മാത്രം വിൽക്കാൻ അനുമതി നൽകിയ നാളുകളിൽപ്പോലും വസ്ത്രങ്ങളും ഇലക്ട്രോണിക്സ് ഉൽപ്പന്നങ്ങളുമടക്കമുള്ളതെന്തും അവർ വീടുകളിൽ എത്തിച്ചുനൽകി. ലോക്ഡൗൺ സമയത്ത് കച്ചവടക്കാർക്ക് കടുത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയപ്പോൾ ഓൺലൈൻ വ്യാപാരമേഖലയിൽ യാതൊരു നിയന്ത്രണവുമില്ലാതെ നിർബാധം കച്ചവടം നടത്താനുള്ള സൗകര്യമൊരുക്കിക്കൊടുക്കുകയായിരുന്നു. ബാങ്കുകളിൽനിന്നും മറ്റിതര സ്ഥാപനങ്ങളിൽനിന്നും ലക്ഷങ്ങൾ വായ്പയെടുത്ത ഇടത്തരം കച്ചവടക്കാർ കോവിഡ് കാലത്ത് കടകൾ തുറക്കാനാകാതെ, വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ ജപ്തിയുടെ വക്കിലാണ്. നിരവധി വ്യാപാരികൾ ആത്മഹത്യ ചെയ്തു. സർക്കാർ പ്രഖ്യാപിച്ച ആനുകൂല്യങ്ങളൊന്നും നാളിതുവരെ വ്യാപാരികൾക്ക് ലഭിച്ചിട്ടില്ല. പ്രളയ കാലഘട്ടങ്ങളിലും കോവിഡ് കാലഘട്ടങ്ങളിലും വ്യാപാരികൾക്ക് ധാരാളം ആനുകൂല്യങ്ങൾ നൽകുമെന്ന് പറഞ്ഞെങ്കിലും നൽകിയില്ലെന്നുമാത്രമല്ല അവരെ സഹായിക്കുന്നതിനാവശ്യമായ നിലപാട് ഇതുവരെയുണ്ടായിട്ടില്ല. ലൈറ്റ് ആൻഡ് സൗണ്ട്സ്, കല്യാണമണ്ഡപം, പന്തൽ നിർമ്മാണം, അലങ്കാരപ്പണി,, വർക്ക്ഷോപ്പ്, മാൾ, ഹോട്ടൽ, വഴിയോര കച്ചവടം എന്നീ മേഖലകളിൽ വൻതുക മുടക്കിയവരിൽ പലരും ഇന്നും കടക്കെണിയിലാണ്. വായ്പയെടുത്തവർക്ക് ലോൺ തിരിച്ചടയ്ക്കുന്നതിനും പലിശയിളവ് അനുവദിക്കുന്നതിനും കാലാവധി നീട്ടി നൽകുന്നതിനും സർക്കാരിന്റെ ഭാഗത്തുനിന്നും നാളിതുവരെ നടപടിയുണ്ടായിട്ടില്ല. ഈ ബിൽ ചർച്ച ചെയ്യുന്നതിന്റെ ഭാഗമായി വരാനിരിക്കുന്ന നാളുകളിൽ ഗവൺമെന്റ് അത്തരം നിലപാടുകളിലൂടെ അവരെ സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ലോക്ഡൗൺ പിൻവലിച്ചതിലൂടെ കച്ചവട സ്ഥാപനങ്ങൾ തുറക്കുന്നതിന്റെ ഭാഗമായി സ്ഥാപനങ്ങൾ പുതുക്കുന്നതിനും വാടക നൽകുന്നതിനുമാവശ്യമായ തുകയ്ക്ക് ബാങ്കുകളെ സമീപിച്ചപ്പോൾ തിരിച്ചടവ് മുടങ്ങിയതുകാരണം പുതിയ ലോൺ ലഭിക്കാത്ത അവസ്ഥയാണുണ്ടായത്. സിബിൽ സ്കോർ കുറഞ്ഞതിനാൽ പല ബാങ്കുകളിലും ലോൺ അനുവദിക്കുന്നില്ല. ലോക്ഡൗൺ സമയത്തെ തിരിച്ചടവുകൾ, ട്രാൻസാക്ഷൻ എന്നിവ സിബിൽ

സ്റ്റോറിൽ ഉൾപ്പെടുത്താനുള്ള നടപടി ഇതിന്റെ ഭാഗമായുണ്ടാകണം. കോവിഡ് പാക്കേജിന്റെ ഭാഗമായി ബഡ്ജറ്റിൽ പ്രഖ്യാപിച്ച 20,000 കോടി രൂപയുടെ വ്യാപാര ലോണുകൾ നൽകുന്നതിൽ സർക്കാർ വേണ്ടത്ര ജാഗ്രത കാണിച്ചിട്ടില്ല. പ്രസ്തുത ലോൺ നൽകിയിരുന്നുവെങ്കിൽ താൽക്കാലികമായി വ്യാപാരികൾക്ക് പിടിച്ചുനിൽക്കാനും അതുവഴി അവരുടെ ജീവിതം പച്ചപിടിപ്പിക്കുവാനും സാധിക്കുമായിരുന്നു. ലോക്ഡൗണിനെത്തുടർന്ന് വ്യാപാര സ്ഥാപനങ്ങൾ അടച്ചിടുമ്പോൾ ചരക്കുസേവന നികുതി നൽകുന്ന സംസ്ഥാനത്തെ 20,000-ത്തിലധികം വ്യാപാരികൾ കച്ചവടം നിർത്തിയിട്ടുണ്ട്. സംസ്ഥാനത്ത് പുതിയ സൂപ്പർ മാർക്കറ്റുകളും മാളുകളും വലിയ വ്യാപാര സ്ഥാപനങ്ങളും യഥേഷ്ടം ആരംഭിക്കുവാൻ ലൈസൻസ് നൽകുന്നരീതി പുനഃപരിശോധിക്കണം. തദ്ദേശഭരണ സ്ഥാപനത്തിലെ ജനസംഖ്യയുടെയും മറ്റും അടിസ്ഥാനത്തിൽ എത്ര സ്ഥാപനങ്ങൾ പ്രസ്തുത തദ്ദേശഭരണ സ്ഥാപനത്തിന്റെ പരിധിയിലാകുമെന്ന് പഠനം നടത്തി അത്രയും സ്ഥാപനങ്ങൾക്കുമാത്രമെ ലൈസൻസ് നൽകാവൂ. ഇതിന് തദ്ദേശഭരണ സ്ഥാപനത്തിന്റെയും വ്യാപാരികളുടെയും പ്രതിനിധികളുൾപ്പെട്ട സമിതി രൂപീകരിക്കണം. പഞ്ചായത്ത്, നഗരസഭ എന്നിവയുടെ പരിധിയിൽ പുതിയതായി സ്ഥാപനം തുടങ്ങുവാൻ വരുന്ന സംരംഭകരെ കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തി അതിലേയ്ക്ക് കൊണ്ടുവരാനാവശ്യമായ ശ്രമം നടത്തണം. കോവിഡ് കാലത്ത് സർക്കാർ നിയന്ത്രണങ്ങളുടെ ഭാഗമായി കച്ചവട സ്ഥാപനങ്ങൾ മാസങ്ങളോളം അടഞ്ഞുകിടന്നപ്പോൾ വാടക നൽകാൻ കഴിയാതെ വ്യാപാരികൾ പ്രയാസപ്പെടുകയായിരുന്നു. ഓരോ വ്യാപാരിയും ലോണെടുത്ത് വാങ്ങിയ സാധനങ്ങൾ വിറ്റഴിക്കാൻ നിവൃത്തിയില്ലാതെ സാമ്പത്തിക പ്രതിസന്ധിയിലാണ്. വാടക നിയന്ത്രണ നിയമത്തിൽ കാലോചിതമായ മാറ്റങ്ങളുൾപ്പെടുത്തി വ്യാപാരികളെക്കൂടി സഹായിക്കുന്ന നിലപാട് സ്വീകരിക്കണം. സ്ത്രീ സംരംഭകർ നേരിടുന്ന നിരവധി പ്രശ്നങ്ങൾ പരിഹരിക്കേണ്ടതുണ്ട്. ബ്യൂട്ടി പാർലർ, ചെറുകിട കച്ചവടം, മത്സ്യവിൽപ്പന, ചെറുയാത്രാ വാഹനങ്ങൾ, തയ്യൽക്കട തുടങ്ങിയ സ്ഥാപനങ്ങൾ നടത്തുന്നതിനായി വലിയ തുക വായ്പയെടുത്തവർ കോവിഡ് പ്രതിസന്ധികാരണം തിരിച്ചടവ് മുടങ്ങി. അവർക്ക് അടിയന്തരമായി ധനസഹായം അനുവദിക്കാൻ നടപടിയുണ്ടാകണം. കോവിഡ് മഹാമാരിയുടെയും സർക്കാർ നിയന്ത്രണങ്ങളുടെയും ഭാഗമായി വളരെയധികം പ്രയാസം അനുഭവിക്കുന്ന തെരുവുകച്ചവടക്കാരെയടക്കം സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുകൊണ്ട് കച്ചവടമേഖലയിൽ ഇന്ന് നേരിടുന്ന പ്രയാസങ്ങളെ അതിജീവിക്കാൻ കഴിയുന്ന നയമുണ്ടാകണം. കേന്ദ്ര സർക്കാരിന്റെ Department for Promotion of Industries and Internal Trade (DPIIT) ആണ് സംസ്ഥാനങ്ങളുടെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റാങ്ക് നിശ്ചയിക്കുന്നത്. സംസ്ഥാനത്ത് വ്യവസായസംരംഭം തുടങ്ങുന്നതിനും നടത്തിക്കൊണ്ടുപോകുന്നതിനും

ആവശ്യമായ ലൈസൻസുകൾ സമയബന്ധിതമായും സുതാര്യമായും ലഭ്യമാക്കുക, ഓൺലൈൻ സംവിധാനം നടപ്പിലാക്കുക തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ആക്ഷൻ പോയിന്റുകൾക്ക് ലഭിക്കുന്ന മാർക്കിന്റെയും സംരംഭകരുടെ ഇടയിൽ ഡി.പി.ഐ.ഐ.ടി. നടത്തുന്ന അഭിപ്രായ സർവ്വേയുടെയും അടിസ്ഥാനത്തിലാണ് സംസ്ഥാനത്തിന്റെ റാങ്ക് നിർണ്ണയിക്കുന്നത്. കേന്ദ്ര വ്യവസായ പ്രോത്സാഹന മന്ത്രാലയം പ്രസിദ്ധീകരിച്ച ഈസ് ഓഫ് ഡൂയിംഗ് ബിസിനസിൽ കേരളത്തിന്റെ സ്ഥാനം ഏറ്റവും പിറകിലാണ്. അതുകൊണ്ട് ഈ വ്യാപാരമേഖലയിൽ കച്ചവടക്കാരും സ്ഥാപനങ്ങളും ഉടമകളും നേരിടുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾകൂടി ഇതിന്റെ ഭാഗമായുണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, നിരാകരണ പ്രമേയത്തെ ഞാൻ പിന്തുണയ്ക്കുകയാണ്. ഇന്ന് കേരളപ്പിറവി ദിനമാണ്. 1957-ലെ ആദ്യ നിയമസഭ മുതൽ ഇന്നുവരെ ഏതാണ്ട് 3,379 സിറ്റിംഗാണ് ഈ നിയമസഭയിൽ നടന്നിട്ടുള്ളത്. ഈ വെള്ളിയാഴ്ച (29-10-2021) പാസ്സാക്കിയ 2021-ലെ കേരള സംസ്ഥാന ചരക്കു സേവന നികുതി (ഭേദഗതി) ബില്ലും പൊതുവിൽപ്പന നികുതി (ഭേദഗതി) ബില്ലും ധനസംബന്ധമായ ഉത്തരവാദിത്വ (ഭേദഗതി) ബില്ലുമടക്കം 1,718 ബില്ലുകളാണ് ഇന്നുവരെ കേരള നിയമസഭ പാസ്സാക്കിയിട്ടുള്ളത്. ഈ സെഷൻ നിയമനിർമ്മാണത്തിന് മാത്രമായി പ്രത്യേകം ചേരുന്നതായതുകൊണ്ടാണ് ഈ കേരളപ്പിറവി ദിനത്തിൽ സഭയുടെ നിയമനിർമ്മാണത്തിന്റെ ചരിത്രം ആമുഖമായി സൂചിപ്പിച്ചത്. ഏറ്റവും കൂടുതൽ നിയമനിർമ്മാണങ്ങൾ നടന്നത് ഏഴുവർഷക്കാല പരിധിയുണ്ടായിരുന്ന നാലാം കേരള നിയമസഭയിലാണ്. 226 നിയമനിർമ്മാണ ബില്ലുകളാണ് നിയമമായി പാസ്സാക്കിയെടുത്തത്. ഏറ്റവും കൂടുതൽ നിയമനിർമ്മാണം നടന്നത് തദ്ദേശഭരണത്തിലും അധികാര വികേന്ദ്രീകരണവുമായി ബന്ധപ്പെട്ടുമാണ്; 162 നിയമങ്ങൾ. ഇതിനോടൊപ്പം കഴിഞ്ഞ ദിവസങ്ങളിൽ പാസ്സാക്കിയ രണ്ടുമൂന്നെണ്ണംകൂടി ചേർക്കാനുണ്ട്.

ഇന്ന് മാതൃഭൂമി ദിനപത്രം റിപ്പോർട്ട് ചെയ്തിട്ടുള്ളത്, 'കേരളത്തിന് അറുപത്തിയഞ്ച് വയസ്സ്, ഔദ്യോഗികമായില്ല മലയാളം' എന്നാണ്. കഴിഞ്ഞ ഉമ്മൻ ചാണ്ടി സർക്കാർ മലയാളത്തെ ശ്രേഷ്ഠഭാഷയാക്കാനുള്ള അഭിമാനകരമായ നേട്ടം നാട്ടിൽ യാഥാർത്ഥ്യമാക്കി. അത് ഒരുപാടുപേരുടെ ദീർഘകാലത്തെ സ്വപ്നവും ആഗ്രഹവുമായിരുന്നു. ഒരുപാട് കടമ്പകൾ കടക്കേണ്ടതായിട്ടുണ്ടായിരുന്നു. ശ്രേഷ്ഠഭാഷയായെങ്കിലും ഔദ്യോഗിക ഭാഷയായി ഇപ്പോഴും മലയാളത്തിന് മാറാൻ കഴിഞ്ഞിട്ടില്ല. 2015-ലെ മലയാള ഭാഷ വ്യാപനവും പരിപോഷണവും ബിൽ നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കിയതാണ്. പക്ഷേ, രാഷ്ട്രപതിയുടെ

അംഗീകാരത്തിനായി അയച്ച് ആറുവർഷം കഴിഞ്ഞിട്ടും ഇതുവരെയും അത് തിരിച്ചുകിട്ടിയിട്ടില്ല, അതിന് അംഗീകാരം ലഭിച്ചിട്ടില്ല. അടിയന്തരമായി സർക്കാർ ഈ കാര്യത്തിൽ ആവശ്യമായ ഇടപെടൽ നടത്തിയില്ലെങ്കിൽ അത് നമുക്ക് വലിയ പ്രയാസമാകുന്നതാണ്. ഐകകണ്ഠ്യേന പാസ്സാക്കിയ ഒരു നിയമമായതുകൊണ്ട് അപമാനമെന്ന് ഞാൻ പറയുന്നില്ല. അതുകൊണ്ട് സർക്കാർ ഇക്കാര്യത്തിൽ ഇടപെടണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്. നിയമനിർമ്മാണത്തിന്റെ ചരിത്രം പരിശോധിച്ചാൽ 1977-ൽ നിയമസഭ പാസ്സാക്കിയ കേരള കാഷ്വൽ, ടെമ്പററി ആൻഡ് ബദലി വർക്കേഴ്സ് (വേജസ്) ബിൽ രാഷ്ട്രപതിക്ക് അയച്ച് പന്ത്രണ്ടുകൊല്ലം കഴിഞ്ഞാണ് പാസ്സാക്കാൻ കഴിഞ്ഞത്. ഏതാണ്ട് ഒമ്പതുകൊല്ലം കഴിഞ്ഞ് രാഷ്ട്രപതി ഭവനിൽനിന്നും തിരിച്ചുകിട്ടിയതിനുശേഷമാണ് അത് പാസ്സാക്കിയെടുത്തത്. ആ അവസ്ഥ ഈ ബില്ലിനുണ്ടാകാതിരിക്കണം. പ്രത്യേകിച്ച് ഔദ്യോഗിക ഭാഷയാക്കാനുള്ള സംസ്ഥാനത്തിന്റെ ആഗ്രഹത്തെ സംബന്ധിച്ച നിയമനിർമ്മാണം ഐകകണ്ഠ്യേന പാസ്സാക്കിയതുകൊണ്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

2021-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബില്ലിൽ പ്രധാനമായും പ്രിൻസിപ്പൽ ആക്ടിലുണ്ടായിരുന്ന രണ്ടാം വകുപ്പിലെ 9 (എ), 9 (ബി) എന്നിവയ്ക്ക് ഭേദഗതി കൊണ്ടുവരികയാണ്. 9(ബി)-യിൽ "ലേബർ കമ്മീഷണറേറ്റ് ഓട്ടോമേഷൻ സിസ്റ്റം" ചേർക്കുകയാണ്. ഇത് സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ, വാർഷിക പുതുക്കൽ എന്നിവയുമായി ബന്ധപ്പെട്ട കാര്യമാണ്. ഇത് ലേബർ ലെജിസ്ലേഷനാണ്. ഒരുപാട് പ്രയാസങ്ങളും സങ്കടങ്ങളും ദുരിതങ്ങളുമുള്ളവർ ജോലി ചെയ്യുന്ന മേഖലയാണ്. ഇതിലെ ലേബർ ലെജിസ്ലേഷനെക്കുറിച്ച് ആഴത്തിൽ പരിശോധിക്കുമ്പോൾ വെൽഫെയറിന്റേതായ അംശങ്ങൾ തീരെയില്ലെന്ന് കാണാൻ കഴിയും.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഈ നിയമം വരുന്നത് 2006-ലാണ്. ഈ ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് അംശദായം തിരിച്ചുകൊടുക്കുന്നുണ്ടെന്ന കാര്യം അങ്ങേയ്ക്കറിയാമോ? ഓരോ വർഷവും അടയ്ക്കുന്ന തുക 60 വയസ് കഴിയുമ്പോൾ അവർക്ക് തിരിച്ചുകൊടുക്കുന്നത് സംബന്ധിച്ചും കേരളത്തിൽ ഇന്ന് നിലവിലുള്ള പല ക്ഷേമനിധികളിൽനിന്നും വ്യത്യസ്തമായി ഏറ്റവും കൂടുതൽ ആനുകൂല്യങ്ങൾ കൊടുത്തുകൊണ്ടിരിക്കുന്ന ഒരു ക്ഷേമനിധിയാണിത് എന്നതുസംബന്ധിച്ചും ഇതിനെന്തെല്ലാം ആനുകൂല്യങ്ങളാണുള്ളതെന്നതിനെ സംബന്ധിച്ചും ബഹുമാനപ്പെട്ട അംഗം മനസ്സിലാക്കിക്കാണുമെന്ന് വിശ്വസിക്കുന്നു.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ഞാൻ മനസ്സിലാക്കിക്കൊണ്ടു തന്നെയാണ് പറയുന്നത്. ഇത് 2021-ലെ കേരള ഷോപ്പ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റ്ബ്ലിഷ്മെന്റ്സ് (ഭേദഗതി) ബില്ലാണ്. അങ്ങ് സൂചിപ്പിച്ചത് നേരത്തേ പരിഗണിച്ച ബില്ലിനെക്കുറിച്ചാണ്. ഈ മേഖലയിൽ, പ്രത്യേകിച്ച് കടകൾ, മാളുകൾ, സൂപ്പർ മാർക്കറ്റുകൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്നവർ ഒരുപാട് പ്രയാസം അനുഭവിക്കുന്നുണ്ട്. വളരെക്കാലംമുമ്പ് കണ്ട ഒരു തമിഴ് സിനിമയാണ് വസന്തബാലൻ സംവിധാനം ചെയ്ത 'അങ്ങാടിത്തെരു'. 'അങ്ങാടിത്തെരു' സിനിമ ചെന്നൈയിലെ രംഗനാഥപുരം സ്ട്രീറ്റിലെ ഒരു വലിയ ടെക്സ്റ്റൈയിൽസിൽ അച്ഛൻ മരണപ്പെട്ടശേഷം കുടുംബത്തിന്റെ ഭാരം ഏൽക്കേണ്ടിവരുന്ന ജ്യോതിലിംഗം എന്ന ഒരു ചെറുപ്പക്കാരൻ അവിടെ ജോലിക്കുവരുന്നതും അവിടെവച്ച് പരിചയപ്പെടുന്ന കനി എന്ന ജീവനക്കാരിയുമായി പ്രണയത്തിലാകുന്നതുമാണ്. നമ്മുടെ മനസ്സിനെ പിടിച്ചുകുലുക്കുന്ന പ്രമേയമാണത്. കോൺസൻട്രേഷൻ ക്യാമ്പുകളെയും ജയിലുകളെയുംപോലെ വ്യാപാരസ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന തൊഴിലാളികളുടെ പൊള്ളുന്ന ജീവിതാനുഭവങ്ങളുടെ നേർക്കാഴ്ചയാണ് വസന്തബാലൻ 'അങ്ങാടിത്തെരു' എന്ന സിനിമയിലൂടെ വരച്ചുകാട്ടിയത്. ആ സിനിമ തമിഴ്നാട്ടിലും ഇന്ത്യയിലൊട്ടാകെയും ഒരുപാട് ചർച്ചചെയ്തിരുന്നു.

കേരള ഷോപ്പ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്റ്റ് 1960-ൽ ഈ മേഖലയിൽ പണിയെടുക്കുന്നവരുടെ hours of work, ഹോളിഡേയ്സ്, ലീവ്, വേജസ്, ഹെൽത്ത് ആൻഡ് സേഫ്റ്റി എന്നിവയെക്കുറിച്ച് പറയുന്നുണ്ട്; ഇതെല്ലാം കൃത്യമായി തൊഴിലുടമ ചെയ്യുന്നുണ്ടോയെന്ന് പരിശോധിക്കാനുള്ള എൻഫോഴ്സ്മെന്റിനെക്കുറിച്ചും പറയുന്നുണ്ട്. 1960-ൽ പാസ്സാക്കിയ നിയമത്തിന്റെ ഭേദഗതി ബിൽ നിയമസഭയിൽ അവതരിപ്പിക്കുമ്പോൾ 1960-ൽ അംഗീകരിച്ച കാര്യങ്ങൾ സൂപ്പർമാർക്കറ്റുകളിലും മാളുകളിലും വ്യാപാരസ്ഥാപനങ്ങളിലും ജോലിചെയ്യുന്ന പാവപ്പെട്ട തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടോയെന്ന് ഈ നിയമനിർമ്മാണ സഭ ആഴത്തിൽ പരിശോധന നടത്തേണ്ടതുണ്ട്. ഇത് ഒരുവശമാണ്. ഇതിന്റെ മറുവശമെന്താണ്? വലിയ മാളുകളും സൂപ്പർമാർക്കറ്റുകളും മാത്രമല്ല ഒരുപാട് ചെറുകിട വ്യാപാര സ്ഥാപനങ്ങളും ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. കഴിഞ്ഞ ലോക്ഡൗൺ കാല<u>ത്തു</u>മാത്രം ജി.എസ്.ടി.-യിലുൾപ്പെട്ടിട്ടുള്ള മൂവായിരത്തി അഞ്ഞൂറോളം വ്യാപാര സ്ഥാപനങ്ങൾ കേരളത്തിൽ അടച്ചിട്ടുണ്ട്. സർക്കാർ ഇളവെല്ലാം കൊടുത്ത് വ്യാപാര സ്ഥാപനങ്ങൾ തുറക്കാൻ തീരുമാനിക്കുമ്പോഴേയ്ക്കും തുറക്കാൻ കഴിയാത്തവിധം കടഭാരം കയറി മൂവായിരത്തി അഞ്ഞൂറോളം വ്യാപാര സ്ഥാപനങ്ങൾ അടഞ്ഞുപോയിട്ടുണ്ടെന്നുള്ള വസ്തുത നാം പരിശോധിക്കണം. രണ്ട് വർഷം മുമ്പുവരെയുള്ള കണക്ക് പരിശോധിച്ചാൽ കേരള ഷോപ്സ് ആൻഡ് കമേഴ്സ്യൽ

എസ്റ്റാബ്ലിഷ്മെന്റ്സ് ആക്റ്റിന്റെ കീഴിൽ ഏതാണ്ട് 2,65,893 ചെറുകിട വ്യാപാര സ്ഥാപനങ്ങളും 46,262 വാണിജ്യ കേന്ദ്രങ്ങളുമുണ്ടായിരുന്നു. ഇവ പത്ത് ലക്ഷത്തിനുമുകളിൽ തൊഴിലാളികൾ ജോലി ചെയ്തുകൊണ്ടിരുന്ന സ്ഥാപനങ്ങളായിരുന്നു. ഒരു ദിവസം രാത്രി 8 മണിക്ക് അപ്രതീക്ഷിതമായി രാജ്യത്തെ ഞെട്ടിച്ചുകൊണ്ട് ഇന്ത്യൻ പ്രധാനമന്ത്രി പ്രഖ്യാപിച്ച നോട്ട് നിരോധനം, യാതൊരു മുന്നൊരുക്കങ്ങളുമില്ലാതെ കൊണ്ടുവന്ന ജി.എസ്.ടി. പരിഷ്കാരം, അതിന്റെ അശാസ്ത്രീയമായ നടപ്പിലാക്കൽ, അതിനുശേഷം കേരളത്തിലെ രണ്ട് പ്രളയങ്ങൾ എന്നിവയെല്ലാം ഈ മേഖലയെ പ്രതിസന്ധിയിലാക്കി. ഞാൻ മുമ്പ് പ്രതിനിധാനം ചെയ്ത നിയോജകമണ്ഡലത്തിന് വളരെ അടുത്തായിരുന്നു റാന്നി. റാന്നിയിലെ ഇട്ടിയപ്പാറയിലെ വ്യാപാരികൾ എല്ലാം നഷ്ടപ്പെട്ടവരാണ്. ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ പത്തനംതിട്ട ജില്ലയിലെ അടൂർ നിയോജകമണ്ഡലത്തിലെ സാമാജികനാണ്. ആ വ്യാപാരികൾക്ക് യാതൊരു നഷ്ടപരിഹാരവും കൃത്യമായി കൊടുക്കാൻ കഴിഞ്ഞിട്ടില്ല. പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി പ്രളയ സെസ് പിരിച്ചു. പക്ഷേ, എല്ലാം നഷ്ടപ്പെട്ട ഈ വ്യാപാരികൾക്ക് എന്ത് നഷ്ടപരിഹാരമാണ് കൊടുക്കാൻ കഴിഞ്ഞത്? പ്രളയവും ജി.എസ്.ടി.-യിലെ അശാസ്ത്രീയതയും നോട്ട് നിരോധനവുംകൊണ്ട് തകർന്നുതരിപ്പണമായ വ്യാപാരികളുടെ അടുത്തേയ്ക്ക് കോവിഡ് നിയന്ത്രണങ്ങൾകൂടി വന്നപ്പോഴാണ് അവർ പ്രതിസന്ധിയിലകപ്പെട്ടത്. ചങ്ങനാശ്ശേരിയിലെ കുറിച്ചിയിൽ വിനായക ഹോട്ടൽ നടത്തിയിരുന്ന സരിൻ മോഹൻ ഫെയ്സ്ബുക്കിൽ കുറിപ്പെഴുതിവച്ചിട്ട് ആത്മഹത്യ ചെയ്തു. ഡോ. എം. കെ. മുനീർ രാവിലെ അതിവിടെ വായിച്ചു. അദ്ദേഹം ഫെയ്സ്ബുക്കിൽ എഴുതിയതെന്താണ്? "ആറുമാസം മുമ്പുവരെ കുഴപ്പമില്ലാതിരുന്ന ഹോട്ടലായിരുന്നു. അശാസ്ത്രീയമായ ലോക്ഡൗൺ തീരുമാനങ്ങൾ എല്ലാം തകർത്തു. ഇനി ആറ് വർഷം ജോലി ചെയ്താലും എന്റെ കടങ്ങൾ തീരില്ല. ഇനി നോക്കിയിട്ടും കാര്യമില്ല. എന്റെ മരണത്തോടുകൂടിയെങ്കിലും സർക്കാരിന്റെ മണ്ടൻ തീരുമാനങ്ങൾ അവസാനിപ്പിക്കാൻ ശ്രമിക്കുക. സാധാരണക്കാരുടെ ജീവിതങ്ങൾ തകർക്കരുത്. എന്റെ മരണത്തിനുത്തരവാദി ഈ സർക്കാർ മാത്രമാണ്. എങ്ങനെ ഒരു സാധാരണക്കാരനെ കടക്കെണിയിൽ കുടുക്കി ജീവിതം നശിപ്പിക്കാം." ഞാൻ എല്ലാം വായിക്കുന്നില്ല. അവസാനം അദ്ദേഹം പറയുന്നു, "....സഹായിക്കാൻ നല്ല മനസ്സുള്ളവർ എന്റെ കുടുംബത്തെ സഹായിക്കുക. ഇളയ മകന് ഓട്ടിസമാണ്. അവനും ഈ ഭൂമിയിൽ ജീവിക്കാനുള്ള അവകാശമുണ്ട്. എന്റെ ഫോൺ എടുക്കുന്ന പോലീസുകാർ അത് വീട്ടിൽ കൊടുക്കണം. എന്റെ മകൾക്ക് ഓൺലൈൻ ക്ലാസ്സുള്ളതാണ്." എന്ന് കുറിപ്പെഴുതിവച്ചിട്ട് ഒരു വ്യാപാരി ആത്മഹത്യ ചെയ്തു. ഇങ്ങനെ നിരവധി വ്യാപാരികൾ, ബേക്കറി ഉടമകൾ, ലൈറ്റ് ആൻഡ് സൗണ്ട്സ്

മേഖലയിൽ പണിയെടുക്കുന്നവർ, പലചരക്കുകട നടത്തുന്നവർ, സ്റ്റുഡിയോ നടത്തിയവർ എന്നിങ്ങനെ ഈ അവസ്ഥ ഒരു വ്യാപാരിക്ക് മാത്രമല്ല സംഭവിച്ചത്. യഥാസമയം അവരെയൊന്നും പിന്തുണയ്ക്കാൻ കഴിയുന്നില്ലെങ്കിൽ, സാധാരണപോലെ കാര്യങ്ങൾ ചെയ്യാനാണെങ്കിൽ സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥർ പോരേ? സാധാരണക്കാരന്റെയും പാവപ്പെട്ടവന്റെയും ജീവിതാനുഭവങ്ങളും പ്രയാസങ്ങളും കഷ്ടപ്പാടുകളും ദുരിതങ്ങളും അറിയാനും കേൾക്കാനുമാണ് ജനങ്ങൾ തെരഞ്ഞെടുത്ത ഒരു ഗവൺമെന്റുണ്ടാകേണ്ടത്. ഈ പ്രതിസന്ധി ഘട്ടത്തിൽ ഗവൺമെന്റിന്റെ സാന്നിദ്ധ്യം ആ രൂപത്തിൽ വ്യാപാര മേഖലയിലുണ്ടായില്ല. ഈ നിയന്ത്രണങ്ങളെല്ലാം വ്യാപാരികൾക്കുണ്ടായിരുന്ന സമയത്ത് ഒരു നിയന്ത്രണവുമില്ലാതെ ഓൺലൈൻ കച്ചവടം നടക്കുകയുണ്ടായി. ലോക്ഡൗൺ ഒന്നും അവർക്ക് ബാധകമായിരുന്നില്ല. ആമസോൺ, ഫ്ലിപ്കാർട്ട്, ഇ-കാർട്ട്, ഇൻസ്റ്റാകാർട്ട്, മെഡ്ലൈഫ്, നെറ്റ്മെഡ്സ് എന്നിവ പ്രവർത്തിക്കുന്നതിന് യാതൊരു നിയന്ത്രണവുമുണ്ടായിരുന്നില്ല. അവർ ഇ-കൊമേഴ്സ് വ്യാപാരം പൊടിപൊടിച്ചപ്പോൾ ചെറുകിട വ്യാപാരികൾ കൂടുതൽ പ്രതിസന്ധിയിലായി. അവർ സർക്കാരുമായി സഹകരിച്ച് ലോക്ഡൗൺ മാനദണ്ഡങ്ങൾ അംഗീകരിച്ചു. പക്ഷേ, ആ മാനദണ്ഡങ്ങളൊന്നും ബഹുരാഷ്ട്ര ഭീമന്മാർക്ക് ബാധകമായിരുന്നില്ല. ലോക്ഡൗൺ കാലത്ത് ഓൺലൈൻ വ്യാപാരത്തിലേയ്ക്കുപോയവർ തിരിച്ചുവരികയുമില്ല. ഇ-കൊമേഴ്സ് വ്യാപാരത്തിലേയ്ക്ക് അവർ പോകുകയാണ്. ഇത്തരത്തിലുള്ള നിയമനിർമ്മാണങ്ങൾ വരുമ്പോൾ ഇവിടെ ജോലി ചെയ്യുന്ന സാധാരണക്കാരായ പാവപ്പെട്ട തൊഴിലാളികളുടെ അവശതകൾ പരിഹരിക്കാൻ നിലവിലുള്ള നിയമങ്ങളുടെ കൃത്യമായ ഇടപെടലുണ്ടാകുന്നുണ്ടോയെന്ന പരിശോധനയും അതോടൊപ്പം നാട്ടിലെ പാവപ്പെട്ട ചെറുകിട കച്ചവടക്കാരെ സംരക്ഷിക്കാൻ കഴിയുന്ന സമീപനങ്ങളും ഉണ്ടാകണമായിരുന്നു. അത്തരം ദൗർഭാഗ്യകരമായ കാര്യങ്ങൾ ഇനി ആവർത്തിക്കരുതെന്ന അഭ്യർത്ഥനയോടെ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. വി. ജോയി: സർ, 2021-ലെ കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 8-11-2021 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. സംസ്ഥാനത്തെ കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും പണിയെടുക്കുന്നവരുടെ തൊഴിൽ സംരക്ഷിക്കുന്നതിനും അവർക്ക് മാന്യമായ വേതനം ലഭിക്കുന്നതിനും വേണ്ടിയുള്ളതാണ് വളരെ പഴക്കം ചെന്ന ഈ ബിൽ. ട്രാവൻകൂർ-കൊച്ചിനിലെ 1125-ലെ ആക്ടും മദ്രാസ് പ്രസിഡൻസിയിലെ 1947-ലെ ആക്ടും സംയോജിപ്പിച്ചുകൊണ്ട് കേരള സംസ്ഥാനം രൂപീകരിച്ചതിനുശേഷംവന്ന ഏറ്റവും പ്രധാനപ്പെട്ടതും വളരെ പഴക്കമുള്ളതുമായ ബില്ലാണിത്. ഈ ബില്ലിലെ

ഭേദഗതികൾ കാലാനുസരണമാണെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. നിലവിൽ മാന്വൽ രജിസ്ട്രേഷൻ വഴി നമ്പർ നൽകുന്ന സമ്പ്രദായമാണുള്ളത്. ഈ ഭേദഗതിയിലൂടെ അത് ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനമാകുന്നത് കാലത്തിനനുസൃതമായി വരുന്ന നല്ലൊരു മാറ്റമാണ്. പോർട്ടലിലെ രജിസ്ട്രേഷനുകൾ 'ആട്ടോ' സംവിധാനമാക്കി മാറ്റുകയാണ്. ഇതിന്റെ ഭാഗമായി സ്ഥാപനയുടമകൾക്ക് ഓഫീസിൽ വരാതെതന്നെ രജിസ്ട്രേഷൻ എടുക്കാവുന്ന സാഹചര്യമുണ്ടാകും. നിലവിലുള്ള രജിസ്ട്രേഷൻ പുതുക്കാനും ഓൺലൈനായി ഫീസ് അടയ്ക്കാനുള്ള സംവിധാനവും ആട്ടോ റിന്യൂവൽ സിസ്റ്റവും ഇതിന്റെ ഭാഗമായി വരുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് ഏതാണ്ട് 3,53,000 രജിസ്ട്രേഷനുകളാണ് ഇപ്പോൾ നടന്നിട്ടുള്ളത്. രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അല്ലെങ്കിൽ തൊഴിലാളികളുമായി ബന്ധപ്പെട്ട് നിരവധി പ്രശ്നങ്ങൾ നാം അഡ്രസ് ചെയ്യേണ്ടതുണ്ട്. ഈ ആക്ടിന്റെ ഭാഗമായി വിപുലമായ അധികാരങ്ങളാണ് നൽകിയിരിക്കുന്നത്. അത് എത്രമാത്രം നടപ്പിലാകുന്നുണ്ടെന്നതിനെസംബന്ധിച്ച് പരിശോധന നടത്തേണ്ടിവരും. ഇതിൽ ഏറ്റവും പ്രധാനം കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും ജോലി ചെയ്യുന്നവരുടെ തൊഴിൽസ്ഥിരതയാണ്. പലപ്പോഴും കണ്ണീരോടെ പൊതുപ്രവർത്തകരുടെയും മറ്റും അടുത്തേയ്ക്കുവരുന്ന സാഹചര്യമാണുള്ളത്. മൂന്ന്/ആറ് മാസം ജോലി ചെയ്തവരെ നിർദ്ദാക്ഷിണ്യം കടയിൽനിന്ന് പറഞ്ഞുവിട്ടെന്ന് പറഞ്ഞുകൊണ്ടുള്ള നിരവധി പരാതികൾ വരുന്നുണ്ട്. ഒരു തൊഴിലാളിയെ സംബന്ധിച്ചിടത്തോളം അവന്റെ തൊഴിൽസ്ഥിരത എത്രമാത്രം ഉറപ്പാക്കാൻ സാധിക്കുന്നുണ്ടെന്നുള്ളത് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്. ബഹുമാനപ്പെട്ട കുണ്ടറ എം.എൽ.എ. പ്രതിദിന ജോലി സമയത്തെ സംബന്ധിച്ച് സൂചിപ്പിക്കുകയുണ്ടായി. ഇപ്പോൾ 8 മണിക്കൂറാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. അത് ആഴ്ചയിൽ 48 മണിക്കൂറായി പരിമിതപ്പെടുത്തിയിട്ടുണ്ട്. പക്ഷേ, ഇത് എത്രത്തോളം നടക്കുന്നുണ്ട്. തൊഴിലാളികളുടെ ജോലിസമയത്തിന് എത്രമാത്രം പ്രാധാന്യം ലഭിക്കുന്നുണ്ടെന്നതിനെ സംബന്ധിച്ച് മനസ്സിലാക്കേണ്ടതായിട്ടുണ്ട്. തൊഴിലാളിക്ക് കുറഞ്ഞത് ഒരു മണിക്കൂറെങ്കിലും വിശ്രമം നൽകുന്നതിനെക്കുറിച്ച് ആക്ടിൽ പറയുന്നുണ്ട്. തൊഴിലാളികൾക്ക് അർഹമായ പരിഗണന നൽകുന്ന കേരളത്തിൽ പതിനാറോളം ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്ന സാഹചര്യത്തിൽ, അവരെ സഹായിക്കാൻ അല്ലെങ്കിൽ അവരുടെ പ്രശ്നങ്ങളിൽ ഇടപെടാൻ നമുക്ക് എത്രത്തോളം കഴിയുന്നുണ്ടെന്നുള്ളത് ഒരു പ്രധാന പ്രശ്നമാണ്.

4.00 PM]

വേതനത്തെ സംബന്ധിച്ചുപോലും പലപ്പോഴും കൃത്യത വരുന്നില്ല.

ഇക്കാര്യങ്ങൾ പരിശോധിക്കേണ്ട തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ എത്രമാത്രം ജോലിയാണ് ചെയ്യുന്നതെന്നതിനെ സംബന്ധിച്ചും പ്രത്യേക പരിശോധന ആവശ്യമാണ്. ചൂഷണത്തെ സംബന്ധിച്ച് പറയുമ്പോൾ, ടെക്സ്റ്റൈൽസ് ഷോറൂമുകളിലെ ചൂഷണമാണ് ഏറ്റവും പ്രധാനമായി മനസ്സിലാക്കേണ്ടത്. വലിയ ടെക്സ്റ്റൈൽസ് ഷോറൂമുകളിൽ നൂറുകണക്കിന് സ്ത്രീ തൊഴിലാളികളും ഇതരസംസ്ഥാന തൊഴിലാളികളും ജോലി ചെയ്യുന്നുണ്ട്. അവരുടെ ക്ഷേമം എങ്ങനെയാണ്, രജിസ്ട്രേഷന്റെ ഭാഗമായി അവരുടെ പേരുകൾ ഉൾപ്പെടുത്തുന്നുണ്ടോ തുടങ്ങിയ കാര്യങ്ങളെക്കുറിച്ചുള്ള പരിശോധന തൊഴിൽ വകുപ്പ് നടത്തുന്നുണ്ടോയെന്നത് സംബന്ധിച്ചും പരിശോധിക്കേണ്ടതുണ്ട്. വാണിജ്യ സ്ഥാപനങ്ങളിൽ പ്രാഥമികാവശ്യങ്ങൾ നിറവേറ്റാനുള്ള സംവിധാനങ്ങളും പരിശോധനാ വിധേയമാക്കണം. ഇതെല്ലാം പരിശോധിക്കേണ്ട ഉദ്യോഗസ്ഥവൃന്ദം ഇക്കാര്യങ്ങൾ എത്രത്തോളം പരിശോധിക്കുന്നുണ്ടെന്ന കാര്യവും ഗൗരവമായെടുക്കണം. തൊഴിലാളികൾ അവധിക്ക് അപേക്ഷിച്ചാൽ അവധി കഴിഞ്ഞ് തിരിച്ചുവരുമ്പോൾ അവർക്ക് തിരികെ ജോലിയിൽ പ്രവേശിക്കാൻ സാധിക്കുന്നുണ്ടോയെന്ന കാര്യവും മനസ്സിലാക്കേണ്ടതുണ്ട്. അതിലേയ്ക്കായി കാലോചിതമായ മാറ്റം ഈ വകുപ്പിലും നടത്തണം. ശ്രീ. ടി. പി. രാമകൃഷ്ണൻ തൊഴിൽ വകുപ്പുമന്ത്രിയായിരുന്ന കാലത്താണ് ടെക്സ്റ്റൈൽസ് ഷോറൂമുകളിൽ പ്രത്യേകിച്ചും സ്ത്രീ തൊഴിലാളികൾക്ക് ഇരിക്കാനുള്ള സൗകര്യം ഏർപ്പെടുത്തണമെന്ന് ആവശ്യപ്പെടുകയും അതിനാവശ്യമായ നിയമഭേദഗതി വരുത്തുകയും ചെയ്തത്. ഈ സ്ഥാപനങ്ങളിൽ അക്കാര്യം നടപ്പിലാക്കുന്നുണ്ടോയെന്ന് പരിശോധിക്കണം. എന്നാൽ ഇതിൽനിന്നും വ്യത്യസ്തമായി എറണാകുളത്തെ ഒരു സ്വകാര്യ സ്ഥാപനത്തിൽ ഇരുന്നുകൊണ്ടുള്ള ജോലിയാണ് ചെയ്യുന്നത്. ഇരുന്നുകൊണ്ട് ജോലി ചെയ്യുന്ന സ്ഥാപനത്തിൽനിന്നും തൊഴിലാളിക്ക് എഴുന്നേൽക്കാൻ പാടില്ല; കാരണം, ഇവർക്ക് കൊടുക്കുന്നത് പീസ് വർക്കാണ്. ഈ സ്ഥാപനത്തിന്റെ ഉടമയാണ് കേരളത്തിൽ തൊഴിൽ നടത്താൻ സൗകര്യമില്ലെന്നും തൊഴിലിന് അനുയോജ്യമായ സാഹചര്യമില്ലെന്നും പ്രഖ്യാപനം നടത്തുകയും മറ്റ് സ്ഥലങ്ങളിലേയ്ക്ക് പോകുകയും ചെയ്തത്. ആ സ്ഥാപനത്തിൽ രാവിലെ എട്ട് മണിക്ക് ജോലിക്ക് കയറുന്നവർക്ക് ഒരു പീസ് വർക്ക് കൊടുത്താൽ അത് ചെയ്തുതീരുന്നതുവരെ എഴുന്നേൽക്കാൻ പാടില്ലെന്ന വ്യവസ്ഥയുണ്ട്. അങ്ങനെ പുതിയ രീതിയിൽ തൊഴിലാളികളെ ചൂഷണം ചെയ്തുകൊണ്ടിരിക്കുന്ന പ്രത്യേക സാഹചര്യവും നാട്ടിലുണ്ടെന്ന് മനസ്സിലാക്കണം.

കോവിഡിന്റെ പശ്ചാത്തലത്തിൽ കടകൾ അടച്ചുപൂട്ടിപ്പോകുന്നു അല്ലെങ്കിൽ കടയുടമകൾ ആത്മഹത്യ ചെയ്യുന്നുവെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ

പ്രധാനമായും സൂചിപ്പിച്ചത്. കേരളത്തിൽ മാത്രമുള്ള പ്രതിഭാസമായാണ് പ്രതിപക്ഷം ഇതിനെ കാണുന്നതെന്നാണ് തോന്നുന്നത്. കാരണം, സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റാണ് കോവിഡ് സാഹചര്യം വിളിച്ചുവരുത്തിക്കൊണ്ടുവന്നതെന്ന നിലയിലാണ് അവർ സംസാരിക്കുന്നത്. ലോകത്താകെ വന്നിട്ടുള്ള കോവിഡ് സാഹചര്യം കേരളത്തെയും ഇവിടത്തെ ചെറുകിട കച്ചവടക്കാർ മുതൽ എല്ലാ ജനവിഭാഗങ്ങളെയും ബാധിച്ചിട്ടുണ്ട്. ചെറുകിട കച്ചവടക്കാർ രൂക്ഷമായ സാഹചര്യത്തെ നേരിടുന്നുണ്ട്. അവരെ സഹായിക്കുന്നതിനുവേണ്ടി ജി.എസ്.ടി-യുടെയും നികുതി അടയ്ക്കുന്നതിന്റെ കാലാവധിയുടെയും കാര്യത്തിൽ ഗവൺമെന്റ് സാദ്ധ്യമായ പരമാവധി സഹായങ്ങൾ ചെയ്തിട്ടുണ്ടെന്നുള്ളത് കാണണം. ക്ഷേമനിധി ബില്ലുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യുമ്പോൾ ക്ഷേമനിധി ബോർഡുകളുടെ ഫണ്ട് സംസ്ഥാന ഗവൺമെന്റ് എടുക്കുന്നുണ്ടോയെന്ന ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ ചോദ്യത്തിന്, ഒരു പൈസപോലും എടുത്തിട്ടില്ലെന്നും അത് ട്രഷറിയിലേയ്ക്ക് മാറ്റിയിട്ടുണ്ടെന്നുമാണ് അന്ന് മന്ത്രിയായിരുന്ന ശ്രീ. ടി. പി. രാമകൃഷ്ണൻ മറുപടി പറഞ്ഞത്. ട്രഷറിയിൽ പണമിട്ടാൽ ട്രഷറിയിൽനിന്ന് ബില്ലുകൾ മാറാൻ ഈ പണം ഉപയോഗിക്കില്ലേയെന്നാണ് അദ്ദേഹം ചോദിച്ചത്. ഞാൻ അദ്ദേഹത്തോട് വിനയപുരസ്സരം ചോദിക്കുന്നത്, ഈ പണം കമേഴ്സ്യൽ ബാങ്കിലോ നാഷണലൈസ്ഡ് ബാങ്കിലോ നിക്ഷേപിച്ചാൽ അത് അവിടെത്തന്നെയുണ്ടാകുമോ; മറ്റാവശ്യങ്ങൾക്കുവേണ്ടി ആരെങ്കിലും ലോൺ ചോദിച്ചാൽ അവരത് കൊടുക്കില്ലേ? സ്വാഭാവികമായി ഒരു ഗവൺമെന്റ് എന്ന നിലയിൽ അങ്ങോട്ടുമിങ്ങോട്ടുമുള്ള മാറ്റങ്ങളും ആവശ്യമായ ക്രമീകരണങ്ങളും വരുത്തുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. 2021-ലെ കടകളും വാണിജ്യ സ്ഥാപനങ്ങളും (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അഭ്യർത്ഥനയോടുകൂടി എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ജോബ് മൈക്കിൾ]

ശ്രീ. ജി. എസ്. ജയലാൽ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. ഇ. കെ. വിജയൻ: സർ, 2021-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. കേരളത്തിലെ കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും തൊഴിൽ ചെയ്യുന്നവരുടെ നിയമനവ്യവസ്ഥകൾ, ലഭിക്കേണ്ട ആനുകൂല്യങ്ങൾ എന്നിവ സംബന്ധിച്ച് രൂപീകരിച്ചിട്ടുള്ളതാണ് 1960-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും ആക്റ്റ്. തുടർന്ന് 1969, 1979, 2015 എന്നീ വർഷങ്ങളിലായി നിയമസഭയിൽ വിവിധ ഭേദഗതികൾ കൊണ്ടുവന്നിട്ടുമുണ്ട്.

1960-ലെ ഈ ബില്ലിന് ഏതാനും ഭേദഗതികളാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. 5 (എ) വകുപ്പിൽ '7-ാം ഉപവകുപ്പ് വിട്ടുകളയേണ്ടതാണ്' എന്നൊരു പുതിയ ഭേദഗതികൂടി ഇതിന്റെ ഭാഗമായി മുന്നോട്ടുവച്ചിട്ടുണ്ട്. കേരളത്തിലെ കടകളും വാണിജ്യസ്ഥാപനങ്ങളും എന്ന പേരിൽ പലതവണ ഓർഡിനൻസ് ഇറക്കി ഗസറ്റിൽ പ്രസിദ്ധീകരിച്ചുവെങ്കിലും നിയമമാക്കുന്നതിനുവേണ്ടിയാണ് നിയമസഭ മുമ്പാകെ ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്. ഉദ്ദേശം 40 ലക്ഷത്തോളം ആളുകൾ ഉപജീവനത്തിന് വഴിതേടുന്ന ഈ മേഖലയിൽ 70 ശതമാനത്തോളം സ്ത്രീ തൊഴിലാളികളാണ്. ഈ തൊഴിൽ മേഖലയിൽ ഇനിയും ഒട്ടേറെ ആനുകൂല്യങ്ങൾ ലഭിക്കാനുണ്ട്. രജിസ്റ്റർ ചെയ്യുന്ന സ്ഥാപനങ്ങളുടെ എണ്ണം കുറവായതിനാൽ ഇ.എസ്.ഐ., പി.എഫ്. ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നിയമപരമായി ലഭിക്കാത്ത തൊഴിലാളികളാണ് ഈ സ്ഥാപനങ്ങളിലുള്ളത്. പലരും നിയമപരമായി രജിസ്റ്റർ ചെയ്യാത്തതുകൊണ്ടാണ് ഈ പ്രശ്നങ്ങൾ ഉയർന്നുവരുന്നത്. അതിനെക്കുറിച്ച് സൂക്ഷ്മപരിശോധന നടത്തി അർഹമായ ആനുകൂല്യങ്ങൾ ഇവർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഇന്ന് കേരളത്തിൽ കടകളും ചെറുകിട വാണിജ്യസ്ഥാപനങ്ങളും നേരിടുന്ന മറ്റൊരു ഭീഷണി, രാജ്യം സാമ്പത്തിക പരിഷ്കരണത്തിന്റെ ഭാഗമായി ഉയർന്നുവന്ന സാഹചര്യമാണ്. ചെറുകിട കച്ചവടക്കാരുൾപ്പെടെ കേരളത്തിലെ യുവജന പ്രസ്ഥാനങ്ങളോടൊപ്പം നടത്തിയ സമരങ്ങളുടെ സവിശേഷ സാഹചര്യം എല്ലാവർക്കും ഓർമ്മയുള്ളതാണ്. വൻകിട ഷോപ്പിംഗ് മാളുകളും ഹൈപ്പർ മാർക്കറ്റുകളും എല്ലാ പട്ടണങ്ങളിലും ഉയർന്നുവരികയാണ്. നാട്ടിൻപുറങ്ങളിലെ സാധാരണ കച്ചവടത്തിന്റെ സിംഹഭാഗവും ഇവർ കവർന്നെടുക്കുകയാണ്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഇപ്പോഴുള്ള പ്രശ്നം, ഒരാൾ 200 രൂപയുടെ സാധനം വാങ്ങിയശേഷം കടയിൽനിന്നും ബിൽ വാങ്ങാതെ പോകുകയും ആ സമയത്ത് പരിശോധനയ്ക്കായി ഉദ്യോഗസ്ഥർ വരികയും ചെയ്താൽ സാധനം വാങ്ങിയവർക്ക് ബിൽ കൊടുക്കാത്തതിന്റെ പേരിൽ മിനിമം 20,000 രൂപ പിഴ നൽകേണ്ടി വരുന്നുവെന്നത് ചെറുകിട കച്ചവടക്കാർക്ക് വലിയ പ്രയാസമുണ്ടാക്കുന്ന സംഗതിയാണ്. നാഷണലൈസ്ഡ് ബാങ്കുകൾ വ്യാപാരികളിൽനിന്നും വായ്പകളുടെ പിഴപ്പലിശയായി വൻതുക ഈടാക്കുകയാണ്. സഹകരണ പ്രസ്ഥാനങ്ങളിൽ പ്രവാസികളെ സഹായിക്കുന്നതിനായുള്ള വായ്പാപദ്ധതികൾ വിപുലീകരിച്ച് കൂടുതൽ ചെറുകിട വ്യാപാരികൾക്കുകൂടി വായ്പ നൽകുന്നതുസംബന്ധിച്ച് ഗൗരവമായ ചർച്ച ചെയ്യേണ്ടതാണ്. അതുപോലെ ക്ഷേമനിധിയുടെ 'ഡി' ക്ലോസിൽപ്പെട്ട ചെറുകിട കച്ചവടക്കാർക്ക് പെൻഷൻ 1,600 രൂപയും മരണാനന്തര സഹായം 40,000 രൂപയും മാത്രമെ ലഭിക്കുന്നുള്ളൂ. 18 വയസ്സിൽ വ്യാപാരമേഖലയിലേയ്ക്ക്

വന്ന, 42 വർഷത്തോളം വാർഷിക വരിസംഖ്യ അടച്ച ചെറുകിട വ്യാപാരികൾക്ക് 40,000 രൂപയാണ് ആനുകൂല്യമായി ആകെ ലഭിക്കുന്നത്. കേരളത്തിലെ ചെറുകിട വ്യാപാരി സമൂഹത്തിനുവേണ്ടി ഇത്തരം വിഷയങ്ങൾകൂടി ഗൗരവമായെടുക്കണമെന്ന അഭിപ്രായമില്ലേ?

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, കോവിഡ് കാലത്ത് മറ്റേത് സമൂഹത്തെയുംപോലെ വലിയ പ്രതിസന്ധി വ്യാപാരികളും അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. അതിന് പരിഹാരം നിർദ്ദേശിക്കാവുന്ന നിരവധി കാര്യങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുണ്ട്. അവർ അനുഭവിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട വിഷയങ്ങളിലൊന്ന് ഓൺലൈൻ വ്യാപാരവുമായി ബന്ധപ്പെട്ടാണ്. ഓൺലൈൻ വ്യാപാരം ആവശ്യമാണ്, എന്നാൽ ചെറുകിട കച്ചവടക്കാരെക്കൂടി ഇതിൽ പങ്കെടുപ്പിച്ച് അവരെക്കൂടി സഹായിക്കാൻ കഴിയുന്ന ഏതെങ്കിലും പരിപാടി ആവിഷ്കരിക്കുന്ന കാര്യം അങ്ങയുടെ ശ്രദ്ധയിലുണ്ടോ?

ശ്രീ. പി. എസ്. സുപാൽ: സർ, ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ചോദിച്ച കാര്യമാണ് എനിക്കും സൂചിപ്പിക്കാനുള്ളത്. 15-ാം കേരള നിയമസഭയുടെ ആദ്യ അനൗദ്യോഗിക ബില്ലായി ഓൺലൈൻ വ്യാപാരമേഖലയുമായി ബന്ധപ്പെട്ട വിഷയം അവതരിപ്പിച്ചത് ഞാനാണ്. മൂന്നാം സമ്മേളനമായിട്ടും ആ ബിൽ എവിടെ എത്തിയെന്ന് അറിയാൻ കഴിയുന്നില്ല. ഓൺലൈൻ വ്യാപാരമേഖല ഇന്ന് ശക്തിപ്പെടുകയാണ്. പ്രത്യേകിച്ച് കോവിഡ് കാലത്ത് ഓൺലൈൻ വ്യാപാരത്തെ എല്ലാവരും ആശ്രയിക്കുന്ന സ്ഥിതിയാണുണ്ടായത്. അവരുടെ സേവന-വേതന വ്യവസ്ഥകൾ പരിശോധിക്കുമ്പോൾ നാമമാത്രമായ വരുമാനം മാത്രമാണ് ലഭിക്കുന്നത്. അവർക്ക് ഇൻഷ്വറൻസോ മറ്റ് പരിരക്ഷകളോ മിനിമം വേതനമോ ഇല്ല. അതുപോലെ അപകടകരമാംവിധം ബൈക്കുകൾ ഓടിച്ച് സാധനങ്ങൾ ലക്ഷ്യസ്ഥാനത്ത് എത്തിക്കേണ്ട സ്ഥിതിയാണുള്ളത്. വൻകിട കമ്പനികളാണ് വ്യാപാരകാര്യങ്ങളുമായി ബന്ധപ്പെട്ട് ഇവരെ ചുമതലപ്പെടുത്തിയിരിക്കുന്നത്. അവർക്ക് നിയമപരമായ യാതൊരു ആനുകൂല്യവും ലഭിക്കുന്നില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. അവരെക്കൂടി ബില്ലിന്റെ പരിധിയിലുൾപ്പെടുത്തേണ്ടത് ഏറ്റവും പ്രധാനപ്പെട്ട കാര്യമല്ലേ; അങ്ങനെയൊരു കാര്യത്തെ സംബന്ധിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. ഇ. കെ. വിജയൻ: സർ, വളരെ വിലപ്പെട്ട നിർദ്ദേശങ്ങളാണ് ചോദ്യരൂപേണ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിലേയ്ക്ക് അംഗങ്ങൾ കൊണ്ടുവന്നിട്ടുള്ളത്. ഏറ്റവും ഒടുവിൽപ്പറഞ്ഞ ഓൺലൈൻ മേഖലകൂടി ഉൾപ്പെടുമ്പോഴാണ് 40 ലക്ഷത്തിനടുത്ത് അല്ലെങ്കിൽ ഏകദേശം അതിൽക്കൂടുതൽ

ആളുകൾ ഈ മേഖലയിലുള്ളതെന്ന് മനസ്സിലാക്കാൻ കഴിയുന്നത്. ഇന്ന് വിദ്യാസമ്പന്നരായ ചെറുപ്പക്കാരും ചെറുപ്പക്കാരികളുമുൾപ്പെടെ ഓൺലൈൻ മേഖലയിലേയ്ക്ക് കടന്നുവന്നിട്ടുണ്ട്. അതിനോടൊപ്പം വൻകിട മാളുകളും ഹൈപ്പർ മാർക്കറ്റുകളും എല്ലാ പട്ടണങ്ങളിലും വ്യാപകമായി ഉയർന്നുവരികയാണ്. ആകർഷണീയമായ, വൻ മുതൽമുടക്കുള്ള ഈ സ്ഥാപനങ്ങളുടെ മുന്നിൽ നാട്ടിലെ കടകൾക്കും വാണിജ്യ സ്ഥാപനങ്ങൾക്കും പിടിച്ചുനിൽക്കാൻ കഴിയുന്നില്ലെന്ന അവസ്ഥ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇതിനെ നിയന്ത്രിക്കാനും അവരുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാനുമുള്ള സമീപനങ്ങളുടെ ഭാഗമായി ഈ മേഖലയിൽ പ്രത്യേക ആക്ട് കൊണ്ടുവരേണ്ടതാണ്. വൻകിട മാളുകളെയും സൂപ്പർമാർക്കറ്റുകളെയും ഹൈപ്പർമാർക്കറ്റുകളെയും പ്രത്യേകം കാറ്റഗറിയാക്കി തിരിക്കാനും രജിസ്ട്രേഷൻ മാനദണ്ഡങ്ങളിൽമാറ്റം വരുത്താനുമുള്ള നിലപാടുകൂടി ഉണ്ടാകേണ്ടതുണ്ട്. തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥൾ വ്യക്തമായിത്തന്നെ ഈ മേഖലയുമായി ബന്ധപ്പെട്ട് നിർദ്ദേശിക്കേണ്ടതുണ്ട്. രാവിലെ 8 മണി മുതൽ രാത്രി 9 മണിവരെ ജോലിചെയ്യുന്ന തൊഴിലാളികളാണ് ഈ സ്ഥാപനങ്ങളിലുള്ളത്. അവർക്ക് പ്രാഥമിക കർമ്മങ്ങൾ നിർവ്വഹിക്കാനോ ഒന്നിരിക്കാനുള്ള സൗകര്യങ്ങളോ ലഭിക്കുന്നില്ല. മുൻ തൊഴിൽ വകുപ്പുമന്ത്രി ശ്രീ. ടി. പി. രാമകൃഷ്ണൻ കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് ഒരു ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഗവൺമെന്റ് ഓർഡർ നിവിലുണ്ടെങ്കിലും നാട്ടിൻപുറങ്ങളിലുള്ള സ്ഥാപനങ്ങളിൽ ഇത് നടപ്പിലാക്കിയിട്ടുണ്ടോയെന്ന പരിശോധന നടത്തേണ്ടതുണ്ട്. ഒരു കടയിലെ തൊഴിലാളികളുടെ എണ്ണത്തെ അടിസ്ഥാനമാക്കി രജിസ്ട്രേഷനിൽ നിർബന്ധമായും മാറ്റംവരുത്തി വ്യവസ്ഥകൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതോടൊപ്പം ചട്ടങ്ങൾ പാലിക്കുന്നത് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശവും നൽകണം. ഇന്നത്തെ സാഹചര്യത്തിൽ കടകളുടെ സ്വഭാവങ്ങളിൽ മാറ്റം വന്നിട്ടുണ്ട്. കടകളും വാണിജ്യസ്ഥാപനങ്ങളും എന്നതിൽ ഉടമസ്ഥർ അല്ലെങ്കിൽ അവരുടെ കുടുംബാംഗങ്ങൾ മാത്രമുള്ള സ്ഥാപനങ്ങളും നാട്ടിലുണ്ട്. തൊഴിലാളികളുടെ എണ്ണം വർദ്ധിക്കുന്നതിനനുസരിച്ച് മാനദണ്ഡങ്ങളിൽ മാറ്റം വരുത്താതിരിക്കുന്ന കടകളെയും വാണിജ്യ സ്ഥാപനങ്ങളെയും കാറ്റഗറൈസ് ചെയ്യേണ്ടതുണ്ട്. അതുസംബന്ധിച്ച് ആക്ടിൽ കൃത്യമായി വ്യക്തത വരുത്താനുള്ള ശ്രമമുണ്ടാകണം. കടകളുടെ സ്വഭാവം, വിൽപ്പന നടത്തുന്ന ഉല്പന്നങ്ങളുടെ സ്വഭാവം, പാരിസ്ഥിതിക പ്രശ്നങ്ങൾ എന്നിവ തൊഴിലാളിയുടെ സേവനവേതന വ്യവസ്ഥകളിൽ കണക്കുകൂട്ടേണ്ടതുണ്ട്. എക്സ്പ്ലോസീവ് ഉല്പന്നങ്ങൾ വിൽക്കുന്ന പടക്കശാലകളിലും കീടനാശിനികൾ വിൽക്കുന്ന കടകളിലും തൊഴിലാളികൾക്ക് റിസ്ക് അലവൻസ് നൽകുന്ന സമീപനമുണ്ടാകണം. ടൗണുകളിലെ ഒട്ടേറെ പടക്കശാലകൾക്ക് തീപിടിച്ച് തൊഴിലാളികൾ മരിക്കുന്ന സാഹചര്യത്തിൽ ആ മേഖലയിൽ റിസ്ക്

അലവൻസും ഇൻഷ്വറൻസ് പരിരക്ഷയും ഉറപ്പുവരുത്തണമെന്ന നിർദ്ദേശം വയ്ക്കുകയാണ്. കടകളിൽ ഉടമയുടെ പേരും തൊഴിലാളിയുടെ പേരും രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിക്കുന്നതിനും മേൽപ്പറഞ്ഞ കാര്യങ്ങൾ ഉറപ്പുവരുത്തുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ലേബർ വകുപ്പിന്റെ പരിശോധനാ സംവിധാനവും ഇതിന്റെ ഭാഗമായി ഉണ്ടാകേണ്ടതുണ്ട്. നാടിന്റെ ഇന്നത്തെ സാഹചര്യമനുസരിച്ച് വൻകിട മാളുകളെയും സൂപ്പർ/ഹൈപ്പർ മാർക്കറ്റുകളെയും പ്രോത്സാഹിപ്പിക്കേണ്ടതില്ല. ഇവ ഗ്രാമീണ തൊഴിൽഘടനയിൽ വല്ലാത്ത തകർച്ചയാണ് വരുത്തിയിട്ടുള്ളത്. ഇത്തരം വൻകിട സ്ഥാപനങ്ങൾ ബഹുരാഷ്ട്ര കുത്തകകളുടെയും സ്വദേശീ കുത്തക താല്പര്യങ്ങളുടെയും സംരക്ഷണത്തിനുവേണ്ടിയാണ് ഉയർന്നുവരുന്നത്. അതുകൊണ്ട് ഈ കാറ്റഗറിക്ക് പ്രത്യേക സേവന-വേതന വ്യവസ്ഥകൾ വരുത്തേണ്ടതുണ്ടെന്ന ഭേദഗതി നിർദ്ദേശംകൂടി ഇതിന്റെ ഭാഗമായി കൊണ്ടുവരികയാണ്. രണ്ടായിരത്തോളംപേർ അല്ലെങ്കിൽ അതിലധികംപേർ ജോലി ചെയ്യുന്ന എൺപത്തിയാറിലേറെ സ്ഥാപനങ്ങൾ കേരളത്തിലുണ്ട്. മറ്റ് ചില സ്ഥാപനങ്ങളെക്കുറിച്ചും നേരത്തെ സൂചിപ്പിക്കുകയുണ്ടായി. ഇവരെയെല്ലാം പരിരക്ഷിക്കുന്ന പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. എത്രയോ വർഷങ്ങളായി കടകൾ ലോകത്തുള്ളതാണ്. മോഹൻജോ-ദാരോയുടെ നാഗരികതയെക്കുറിച്ച് പറയുമ്പോഴും അവിടെയും കടകളെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ട്. അന്നുമുതലേ കടകളുള്ളതാണ്. അങ്ങനെയൊരു തൊഴിൽ സംസ്കാരത്തെ കോർപ്പറേറ്റുകൾ കവർന്നെടുക്കുമ്പോൾ നാട്ടിൻപുറങ്ങളിൽ ഉപജീവനാർത്ഥം നടത്തുന്ന പതിനായിരക്കണക്കിന് കടകൾ അടഞ്ഞുപോകുന്ന സാഹചര്യമുണ്ടാകും. അതിന് നിയന്ത്രണങ്ങൾ കൊണ്ടുവരാനും പരിശോധിക്കാനുമുള്ള നിലപാടുകളുണ്ടാകണമെന്നുമുള്ള ഭേദഗതി നിർദ്ദേശിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. ടി. തോമസ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, I move that - "This House resolves to disapprove The Kerala Headload Workers (Amendment) Ordinance, 2021 (Ordinance No. 127 of 2021)".ഭരണപക്ഷത്തുനിന്നും സംസാരിച്ച ഒരംഗം കോൺഗ്രസ് ഒന്നും ചെയ്യാറില്ലെന്നുപറഞ്ഞു. 1978-ലെ കേരള ചുമട്ടുതൊഴിലാളി നിയമം 1978-ൽ ശ്രീ. ഉമ്മൻ ചാണ്ടി തൊഴിൽ വകുപ്പുമന്ത്രിയായിരുന്നപ്പോൾ കൊണ്ടുവന്നതാണ്. ഇതുപോലെ പല നിയമങ്ങളും നിങ്ങളുടേയും ഞങ്ങളുടെതുമായുണ്ട്. എന്നാൽ കോൺഗ്രസ് ഒന്നും ചെയ്യാറില്ല, എല്ലാം ചെയ്തത് കമ്മ്യൂണിസ്റ്റുകാരാണെന്ന തെറ്റിദ്ധാരണ വേണ്ട, അത് തിരുത്തണം. മാക്സിമം വെയ്റ്റ് കൺവെൻഷൻ (നമ്പർ. 127), തൊഴിലാളികളുടെ ആരോഗ്യത്തെയും സുരക്ഷയെയും

അപകടത്തിലാക്കുന്നതുമായി ബന്ധപ്പെട്ട ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷന്റെ ഒരു കൺവെൻഷന്റെ ഭാഗമായിട്ടുള്ളതാണ്. Report of Maximum Weight Convention 1967, (No.127)-ന്റെ അടിസ്ഥാനത്തിൽ ഞാനൊരു കാര്യം ഓർമ്മിപ്പിക്കുകയാണ്. 1967-ലെ ഇന്റർനാഷണൽ കൺവെൻഷന്റെ ഭാഗമായുള്ള ഭേദഗതിയാണ് ഇപ്പോൾ ചുമട്ടുതൊഴിലാളി നിയമത്തിൽ വന്നത്. അതിനെക്കുറിച്ച് എനിക്ക് കൂടുതൽ കാര്യങ്ങൾ അറിയില്ല. ഞാൻ ബഹുമാനപ്പെട്ട മുൻമന്ത്രി ശ്രീ. ടി. പി. രാമകൃഷ്ണനോട് ചോദിച്ചെങ്കിലും അദ്ദേഹവും അതിന് മറുപടി പറഞ്ഞില്ല. ഇതുപോലുള്ള അന്താരാഷ്ട്ര കോൺഫറൻസുകളുടെ തീരുമാനങ്ങൾ നടപ്പാക്കുന്നതിൽ ഭരണ-പ്രതിപക്ഷങ്ങൾ വരുത്തിയ വീഴ്ചകൾ അഭിമാനിക്കാവുന്നതല്ല. മഹാഭൂരിപക്ഷം ചുമട്ടുതൊഴിലാളികളും സാമൂഹ്യപ്രവർത്തനം നടത്തുന്നവരാണ്. കയറ്റിറക്ക്, ഗോഡൗണിലെ ജോലി, കട്ട, സിമെന്റ്, കമ്പി, ചരൽ എന്നിവയുടെ കയറ്റിറക്ക്, തടിയിറക്കൽ, പൈപ്പ് ഇറക്കൽ, പച്ചക്കറി ഇറക്കൽ എന്നിങ്ങനെ ഒരുപാട് ജോലികളും ഈ തൊഴിലാളികൾ ചെയ്യുന്നുണ്ട്. ഇവർ വളരെയധികം സാമൂഹ്യപ്രതിബദ്ധതയുള്ള പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. യഥാർത്ഥത്തിൽ 1978-ലെ ചുമട്ടുതൊഴിലാളി സംരക്ഷണ നിയമമാണ് തൊഴിലാളികളെ അവർ നേരത്തെ നടത്തിയിരുന്ന പ്രവർത്തനങ്ങളിൽനിന്നും തിരിച്ച് കൊണ്ടുവരുന്നതിന്റെ അടിസ്ഥാനം.

അറ്റാച്ച്ഡ്, അൺ-അറ്റാച്ച്ഡ്, സ്കാറ്റേർഡ് എന്നീ വിഭാഗങ്ങളിലായി ഒരു ലക്ഷത്തിലധികം തൊഴിലാളികളാണുള്ളത്. ഇതിൽ വ്യാപാര പ്രാധാന്യമുള്ള പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന വിഭാഗമാണ് അൺ-അറ്റാച്ച്ഡ് തൊഴിലാളികൾ. അവരുടെ ഡീംഡ് എംപ്ലോയർ എന്നത് കേരള ഹെഡ്‌ലോഡ് വർക്കേഴ്സ് വെൽഫെയർ ബോർഡാണ്. 40,000-ലധികം തൊഴിലാളികളാണ് ഈ വിഭാഗത്തിലുള്ളത്. കേരളത്തിലെ പ്രധാനപ്പെട്ട വ്യാപാര കേന്ദ്രങ്ങളിലും കമ്പോളങ്ങളിലും നിലനിൽക്കുന്നത് ഈ ക്ഷേമ പദ്ധതിയാണ്. ഈ പദ്ധതി പ്രകാരം ഒരു തൊഴിലുടമയുടെ എല്ലാ കർത്തവ്യങ്ങളും നിർവ്വഹിക്കുന്നത് ക്ഷേമനിധി ബോർഡിന്റെ കീഴിലുള്ള ബന്ധപ്പെട്ട കമ്മിറ്റികളാണ്. ആ പ്രദേശങ്ങളിൽ കാര്യമായ പ്രശ്നങ്ങൾ നിലവിലില്ല. കാരണം, ഉടമ നേരിട്ട് വേതനം അടയ്ക്കുന്നത് ക്ഷേമനിധി ബോർഡ് ഓഫീസുകളിലാണ്. അവർക്ക് വേതനവും ആനുകൂല്യങ്ങളും ലഭ്യമാക്കുന്നത് ബാങ്കുകൾ വഴിയാണ്. അതുകൊണ്ട് ഈ മേഖലയിൽ നോക്കുകൂലിയുടെ പ്രശ്നമുണ്ടാകുന്നില്ല. വ്യാപാരപ്രാധാന്യം കുറഞ്ഞ സ്ഥലങ്ങളിൽ, പ്രത്യേകിച്ച് സ്കാറ്റേർഡ് മേഖലകളിലാണ് നോക്കുകൂലി പ്രശ്നങ്ങളും അനഭിലഷണീയ പ്രവർത്തനങ്ങളും നടക്കുന്നത്. അതുകൊണ്ട്, ആ മേഖലയിലെ തൊഴിൽ ക്രമീകരണം സംബന്ധിച്ച എന്തെങ്കിലും സംവിധാനത്തെക്കുറിച്ച്

ആലോചിക്കാൻ കഴിയുമെങ്കിൽ തീർച്ചയായും നോക്കുകൂലിക്ക് പരിഹാരമുണ്ടാക്കാൻ സാധിക്കും. ആ നിലയിൽ നോക്കുകൂലിക്ക് പരിഹാരമുണ്ടാക്കുന്ന കാര്യം ഗവൺമെന്റ് ആലോചിക്കണം.

ചുമട്ടുതൊഴിലാളി മേഖലയിലെ തൊഴിൽനഷ്ടവും പരിഹാരവും സംബന്ധിച്ച് പഠിക്കുന്നതിനായി സർക്കാർ നിയോഗിച്ച വർക്കല കഹാർ കമ്മിറ്റിയുടെ റിപ്പോർട്ട് എന്റെ കയ്യിലുണ്ട്. പ്രസ്തുത റിപ്പോർട്ടിലും സൂചിപ്പിക്കുന്നത്, ടിപ്പർ, ലോറി, ക്രെയിൻ, ജെ.സി.ബി. മുതലായ യന്ത്രവൽക്കരണ സംവിധാനങ്ങൾ, സെയിൽസ് വാൻ വഴി നടത്തുന്ന റീട്ടെയിൽ വിൽപ്പന എന്നിവയ്ക്ക് വിവിധ കോടതിവിധികൾ കാരണം കാലാകാലങ്ങളിൽ തൊഴിൽ നഷ്ടമുണ്ടാകുന്നു എന്നുള്ളതാണ്. ചുമട്ടുതൊഴിലാളികളിൽ സാമൂഹ്യപ്രതിബദ്ധത വർദ്ധിച്ചിട്ടുണ്ട്. അതിനുകാരണം ഈ തൊഴിലാളികളെ മാർക്സിസ്റ്റ് പാർട്ടി (സി.പി.ഐ.(എം.)) രാഷ്ട്രീയമായി ഉപയോഗിക്കപ്പെടുന്നുവെന്നതാണ്. മുത്തൂറ്റ് ഫിനാൻസിൽ പണിമുടക്ക് നടന്നപ്പോൾ അവിടെ ഒരുപാട് അക്രമങ്ങൾ നടന്നു. പ്രസ്തുത അക്രമങ്ങളിൽ ചുമട്ടുതൊഴിലാളികൾ കുറേ പ്രദേശങ്ങളിലെങ്കിലും സജീവമായി ഇടപെട്ടിട്ടുണ്ട്. ഇതുപോലെ രാഷ്ട്രീയ നേട്ടങ്ങൾക്കും ആവശ്യങ്ങൾക്കുംവേണ്ടി ഈ തൊഴിലാളികളെ ഉപയോഗപ്പെടുത്തുകയാണ്.

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: സർ, (മൈക്ക് ഓഫ്)

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞാൻ വഴങ്ങിയിട്ടില്ല. അതിനെക്കുറിച്ച് വന്ന വാർത്തയിൽ പറയുന്നത്, 'അഭിവാദനങ്ങളുമായി ചുമട്ടുതൊഴിലാളികൾ, മുത്തൂറ്റ് സമരം നടക്കുന്നിടത്ത്' എന്നാണ്. ഇത് രാഷ്ട്രീയമായി തൊഴിലാളികളെ ഉപയോഗിക്കുന്നതിന്റെ ഫലമായിട്ടാണെന്നാണ് ഞാൻ പറഞ്ഞത്. ജാഥയ്ക്ക് കൊണ്ടുപോകുന്ന കാര്യമല്ല, അക്രമത്തിനും അടിക്കും ഇടിക്കും കൊണ്ടുപോകുന്ന കാര്യമാണ് ഞാൻ പറഞ്ഞത്. കൊടി നോക്കാതെ നോക്കുകൂലി തുടച്ചുനീക്കണം. നോക്കുകൂലി എന്ന വാക്ക് ഇനി കേരളത്തിൽ കേൾക്കരുതെന്നും ഇതിനായി കൊടിയുടെ നിറം നോക്കാതെ നടപടി വേണമെന്നും ബഹുമാനപ്പെട്ട ഹൈക്കോടതി വ്യക്തമാക്കി. ടൂറിസത്തിന് മാത്രമല്ല, നിക്ഷേപത്തിനും അനുയോജ്യമായ സംസ്ഥാനമായി കേരളം മാറണം. തൊഴിലാളി യൂണിയനുകൾ നോക്കുകൂലി ആവശ്യപ്പെട്ട് നിർമ്മാണ മേഖലയെയടക്കം തടസ്സപ്പെടുത്തുന്ന തുടങ്ങിയ കാര്യങ്ങളുമുണ്ട്. ചർച്ചയ്ക്ക് വന്ന തൊഴിലുടമയെ തിരുവനന്തപുരത്ത് ആക്രമിച്ചു. ഒരു സ്ഥലത്ത് തൊഴിലുടമയെ തല്ലി കയ്യൊടിച്ചു. കൊല്ലത്ത് രണ്ടര ലക്ഷം രൂപ നോക്കുകൂലി ആവശ്യപ്പെട്ടു. ഇതെല്ലാം കേരളത്തിലെ നിക്ഷേപത്തിന് തടസ്സമുണ്ടാക്കുന്ന കാര്യങ്ങളാണ്. ബഹുമാന്യരായ വ്യവസായ

വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയുമൊക്കെ ഒരുപാട് നിക്ഷേപങ്ങളെക്കുറിച്ച് പറയാറുണ്ട്. പക്ഷേ, അവർ ഇങ്ങനെയുള്ള എന്തെല്ലാം പ്രഖ്യാപനങ്ങൾ നടത്തിയാലും ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ സാധിച്ചില്ലെങ്കിൽ കേരളത്തിൽ നിക്ഷേപം വരാൻ പ്രയാസമാണ്. നിക്ഷേപം വരുന്നതും സാമൂഹ്യ-രാഷ്ട്രീയ അന്തരീക്ഷവുമായി വളരെക്കൂടുതൽ ബന്ധമുണ്ട്. സാമൂഹ്യ-രാഷ്ട്രീയ അന്തരീക്ഷം നിക്ഷേപത്തിന് അനുകൂലമല്ലെങ്കിൽ നിക്ഷേപം വരില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയുൾപ്പെടെയുള്ള കോടതികൾ തൊഴിൽ മേഖലകളിൽ ഇടപെടുന്ന സാഹചര്യം തൊഴിൽ സംഘടനകൾ മുൻകയ്യെടുത്ത് ഇല്ലാതാക്കണം. തൊഴിലാളികളെ ബോധവൽക്കരിക്കുകയും അവർ അക്രമത്തിൽനിന്ന് പിന്മാറുകയും ചെയ്യുന്ന സമീപനമുണ്ടാകണം. കോടതി ഇടപെടുന്ന സാഹചര്യമുണ്ടാകരുത്. കോടതി ഇടപെടുന്നിടത്തെല്ലാം തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്നുണ്ട്.

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: സർ, ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) വിശദീകരിക്കുന്ന പ്രശ്നം കേരളത്തിലെ ചില അനുഭവങ്ങളുമായി ബന്ധപ്പെട്ടുള്ളതാണ്. കേരളത്തിലെ എല്ലാ ട്രേഡ് യൂണിയൻ സംഘടനകളും തൊഴിലാളി മേഖലയിൽ തെറ്റായ പ്രവണതകൾ വരാതിരിക്കാൻ അങ്ങേയറ്റം ജാഗ്രതയോടുകൂടി പ്രവർത്തിക്കുകയാണ്. നോക്കുകൂലി എന്ന് ആരോപിക്കപ്പെടുന്ന തെറ്റായ രീതി കേരളത്തിലെ ഒരു ട്രേഡ് യൂണിയൻ സംഘടനയും അംഗീകരിക്കുന്നില്ല. അവർ ഒന്നിച്ച് അതിനെ എതിർത്തിട്ടുണ്ട്. അതിനെ പ്രോത്സാഹിപ്പിക്കുന്നതിന് പകരം ഈ തൊഴിലാളികൾ ഇപ്പോഴും ഇത്തരത്തിലുള്ള രീതിയാണ് സ്വീകരിക്കുന്നതെന്ന് പറയുന്നത് യഥാർത്ഥത്തിൽ തൊഴിലാളികളെ ആക്ഷേപിക്കുന്നതിന് കാരണമാകില്ലേ?

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, മുൻ മന്ത്രി ശ്രീ. ടി. പി. രാമകൃഷ്ണൻ എന്നെ തെറ്റിദ്ധരിച്ചതാണ്. കാരണം, കോടതി ഇടപെടുന്ന സാഹചര്യമുണ്ടാകരുതെന്നാണ് ഞാൻ പറഞ്ഞത്. കോടതി ഇടപെട്ടാൽ തൊഴിലാളികൾക്ക് തൊഴിൽ നഷ്ടമുണ്ടാകും. അതിനാൽ തൊഴിലാളി സംഘടനകൾ മുൻകയ്യെടുത്ത് തൊഴിലാളികളെ ബോധവൽക്കരിച്ച് ഇത്തരം പ്രശ്നങ്ങളിൽനിന്ന് പിന്മാറ്റണമെന്നാണ് ഞാൻ പറഞ്ഞത്. മാത്രമല്ല, ചുമട്ടുതൊഴിലാളികൾ വളരെയേറെ സാമൂഹ്യപ്രതിബദ്ധതയുള്ള പ്രവർത്തനങ്ങൾ നടത്തുന്നുവെന്നാണ് ഞാൻ നേരത്തെ പറഞ്ഞത്. കേരളത്തിന്റെ നിക്ഷേപത്തിനും വികസനത്തിനും തടസ്സമുണ്ടാക്കുന്ന പ്രവർത്തനങ്ങൾ നടത്തുന്ന ചുമട്ടുതൊഴിലാളികളുടെ കാർഡ് തൽക്കാലത്തേയ്ക്കെങ്കിലും റദ്ദാക്കണം. 26(A) കാർഡിന്റെ അടിസ്ഥാനത്തിലാണ് അവർക്ക് ചുമട്ടുതൊഴിലാളി ക്ഷേമനിധി

ബോർഡിൽ അംഗത്വം കിട്ടുന്നത്. അതുകൊണ്ട് അനഭിലഷണീയമായ പ്രവർത്തനങ്ങൾ നടത്തുന്നവരുടെ 26 (A) കാർഡ് തൽക്കാലത്തേയ്ക്കെങ്കിലും സസ്പെൻഡ് ചെയ്യുന്ന കാര്യത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കണം. അറ്റാദായ കുടിശ്ശികയുടെ കാര്യത്തെ സംബന്ധിച്ച് പറയുകയാണെങ്കിൽ, കൊറോണയുടെ കാലഘട്ടത്തിൽ ജോലി ഇല്ലാത്തതുകൊണ്ട് അറ്റാദായ കുടിശ്ശിക ധാരാളം വന്നിട്ടുണ്ട്. അവരുടെ അംഗത്വത്തെയും ആനുകൂല്യങ്ങളെയും ബാധിക്കാത്ത വിധത്തിൽ അത് ഒഴിവാക്കാൻ കഴിയുമോയെന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കണം. കൊറോണ കാലഘട്ടത്തിൽ സർക്കാർ തുച്ഛമായ ആനുകൂല്യങ്ങളാണ് തൊഴിലാളികൾക്ക് കൊടുത്തത്. അവർക്ക് നൽകിയ 1,000 രൂപയും പിന്നീട് കൊടുത്ത 2,000 രൂപയും പിന്നീട് ഇൻസ്റ്റാൾമെന്റായി തിരിച്ചുപിടിച്ചു. ക്ഷേമനിധിയിൽ നിന്നുള്ള ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് ഏറ്റവും അനിവാര്യമായ ഘട്ടങ്ങളിൽ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എന്റെ പ്രമേയം മൂവ് ചെയ്യുന്നു.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, നിരാകരണ പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു. കേരള ചുമട്ടുതൊഴിലാളി ഭേദഗതി ബില്ലുമായി ബന്ധപ്പെട്ട് ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച നിരാകരണ പ്രമേയത്തിലെ നിർദ്ദേശങ്ങളിൽ ഏറ്റവും അവസാനം പറഞ്ഞ ഭാഗം ഞാൻ ആദ്യം ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുന്നു. ലോകത്ത് എവിടെ മലയാളി സംഘടനകളുടെ പരിപാടിയിൽ പങ്കെടുക്കാൻ പോയാലും ഏറ്റവും കൂടുതൽ ആശങ്കയോടെ പ്രവാസി സംഘടനകളും മലയാളികളും ചൂണ്ടിക്കാണിക്കുന്ന പ്രശ്നങ്ങളിലൊന്നാണ് കേരളത്തിൽ മുതൽമുടക്കാൻ ധൈര്യമില്ലെന്നുള്ളത്. കേരളത്തിൽ മുതൽമുടക്കാൻ കഴിയണമെങ്കിൽ ഇവിടെ ഒരു സ്ഥാപനം, ഒരു വ്യവസായം ഭംഗിയായി ആരംഭിച്ച് മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമെന്ന ഉറപ്പുലഭിക്കണം. ഇപ്പോഴും നമുക്കതിന് കഴിയുന്നില്ല എന്നുള്ളത് കേരളത്തിന്റെ ഏറ്റവും അപമാനകരവും ലജ്ജാകരവുമായ സാഹചര്യമായി നിലനിൽക്കുകയാണ്. അമേരിക്കയിലും യൂറോപ്പിലും ഗൾഫ് നാടുകളിലും മറ്റ് രാജ്യങ്ങളിലുമൊക്കെ വിവിധ പരിപാടികളിൽ പങ്കെടുക്കാൻ പലപ്പോഴായി നാം പോകുന്നതാണ്. അവിടെയെല്ലാമുള്ള മുഖ്യചർച്ചകളിൽ വരുന്നതാണ് കേരളത്തിലെ മുതൽമുടക്ക് എന്ന വിഷയം. ഇവിടെ ലോക കേരള സഭയുൾപ്പെടെ നടത്തുകയും പ്രവാസികളെ പരമാവധി ക്ഷണിക്കുകയും ചെയ്തിരുന്നെങ്കിലും കാര്യമായ ഇൻവെസ്റ്റ്മെന്റുണ്ടായിട്ടില്ല. മാത്രമല്ല കേരളത്തിൽ മുതൽമുടക്കാൻ തയ്യാറാകാതെ ഇന്ന് തമിഴ്നാട്ടിലും കർണ്ണാടകത്തിലും മറ്റ് സംസ്ഥാനങ്ങളിലുംപോയി മുതൽമുടക്കാനും സുരക്ഷിതമായി വ്യവസായം നടത്താനും മലയാളികൾ നേതൃത്വം

കൊടുക്കുകയാണ്. ഈ ബില്ലിന്റെ ചർച്ചാവേളയിൽ, തൊഴിൽവകുപ്പും തൊഴിലുമായി ബന്ധപ്പെട്ട മേഖലയും ഏറ്റവും ഗൗരവമായി പരിശോധിക്കേണ്ട വിഷയമാണെന്ന് ചൂണ്ടിക്കാണിക്കുകയാണ്. കേരളത്തിൽ വന്ന് ഇൻവെസ്റ്റ് ചെയ്യുന്നത് പ്രശ്നമാണെന്ന ധാരണ ഇപ്പോഴും മാറിയിട്ടില്ല. ഈ രംഗത്ത് നിലനിൽക്കുന്ന തെറ്റായ പ്രവണതകളും ദുഷിച്ച സാഹചര്യങ്ങളുമാണോ ഇതിനെല്ലാം ഇടവരുത്തുന്നതെന്നത് രാഷ്ട്രീയ പ്രസ്ഥാനങ്ങളും തൊഴിലാളി സംഘടനകളും ഗവൺമെന്റും ഒരുപോലെ പരിശോധിക്കേണ്ട വിഷയമാണ്. മുൻമന്ത്രി ശ്രീ. ടി. പി. രാമകൃഷ്ണൻ ചൂണ്ടിക്കാണിച്ചതിൽ ഒരു വസ്തുതയുണ്ട്. തൊഴിലാളി സംഘടനകളെ വിശ്വാസത്തിലെടുക്കുകയും അവരെ മാനിച്ചുകൊണ്ട് പോകേണ്ടതുമുണ്ട്. കാരണം, ജീർണ്ണതകളുടെ നടുവിൽ നിൽക്കുന്ന ഒരു സമൂഹത്തെ മാറ്റിയെടുക്കാനുള്ള ശ്രമത്തിൽ തൊഴിലാളികളും തൊഴിലാളി സംഘടനകളും മുന്നോട്ടുവരുമ്പോൾ അവരെ ആക്ഷേപിക്കാത്തവിധത്തിൽ അവരുടെ താല്പര്യങ്ങൾക്കുവേണ്ടി നിൽക്കുകയും അവരെ പരിരക്ഷിച്ചുകൊണ്ട് അവർകൂടി സഹകരിക്കേണ്ട അന്തരീക്ഷം ബോദ്ധ്യപ്പെടുത്തിക്കൊണ്ടുപോകുന്ന ഒരു സാഹചര്യമുണ്ടാകേണ്ടത് അനിവാര്യമാണ്. അവരെ ആ രീതിയിൽ കൂടുതൽ അപമാനിക്കുകയും മോശക്കാരാക്കുകയും ചെയ്തുകൊണ്ട് ഈ രംഗത്ത് മുന്നോട്ടുപോകാൻ ശ്രമിച്ചാൽ ഫലമില്ലാതെപോകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കാരണം ഇവിടെ നിലനിൽക്കുന്ന ജീർണ്ണതകൾ ഗൗരവമുള്ളതാണ്.

കേരളത്തിന്റെ കോവിഡ് സാഹചര്യങ്ങൾക്കുശേഷം വ്യവസായ മേഖലകളിലെല്ലാമുണ്ടായിരിക്കുന്ന സ്തംഭനാവസ്ഥയ്ക്കും നിശ്ചലാവസ്ഥയ്ക്കും പരിഹാരമുണ്ടാകേണ്ട കാലത്തെപ്പറ്റിയാണ് നാം ചിന്തിക്കേണ്ടത്. മനുഷ്യന് ഇവിടെ ജീവിക്കണമല്ലോ; കാർഷിക മേഖലയിലും അതുപോലെ വ്യാവസായിക മേഖലയിലും വലിയ പ്രതിസന്ധി നിലനിൽക്കുന്നു. ഈ സാഹചര്യം മുന്നോട്ടുമുണ്ടായാൽ കേരളത്തിന്റെ സമ്പദ്ഘടന തകരുകയും മുന്നോട്ടുപോകാൻ കഴിയാത്ത അവസ്ഥയുണ്ടാകുകയും ചെയ്യും. തൊഴിലാളി സമൂഹത്തിന്റെ മുമ്പിൽ തൃപ്തികരമായി ജോലിചെയ്ത് പോകാൻ കഴിയുന്ന സാഹചര്യം ഗവൺമെന്റ് ഉറപ്പുവരുത്തണം. അതുകൊണ്ട് ഇത്തരത്തിൽ പുതിയ ഭേദഗതിനിർദ്ദേശങ്ങൾ വരുമ്പോൾ അതിന്റെ നന്മ ഉൾക്കൊള്ളുന്നതിനുകൂടി തയ്യാറാകണം. പക്ഷേ, മറുഭാഗത്ത് തൊഴിലാളികളുടെ അവകാശസംരക്ഷണം ഗവൺമെന്റ് ഉറപ്പുവരുത്തുന്നതോടൊപ്പം മറ്റ് മേഖലകളിലും ഈ സുരക്ഷിതത്വം ഉറപ്പുവരുത്താൻ കഴിയുന്ന സാഹചര്യമുണ്ടാകേണ്ടതുണ്ട്. 2018-ൽ പിണറായി വിജയൻ ഗവൺമെന്റ് നോക്കുകൂലിക്കെതിരെ അതിശക്തമായ നിലപാടെടുത്തു. മുഖ്യമന്ത്രി എന്ന

നിലയിൽ ശക്തമായ ഇടപെടൽ നടത്തിയത് കേരളം മുഴുവൻ സ്വാഗതം ചെയ്തിരുന്നു. അത് ഫലപ്രദമായി നടപ്പാക്കുന്നതിന് വേണ്ടത്ര നിലയിൽ എല്ലാ തൊഴിലാളി സംഘടനകളും അതിനോട് സഹകരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. പക്ഷേ, പ്രഖ്യാപനം പ്രസ്താവനയിലൊതുങ്ങി എന്നതിനപ്പുറത്ത് പല സന്ദർഭങ്ങളിലും വീണ്ടും ഈ അരാചകത്വവും കുഴപ്പങ്ങളും തലപൊക്കുകയാണ്. കയറ്റിറക്ക് മേഖലകളിൽ സംഘർഷാവസ്ഥയുണ്ടാകുകയാണ്. അങ്ങനെ വിവിധ പ്രശ്നങ്ങൾ സൃഷ്ടിക്കപ്പെടുകയാണ്. തീരുമാനങ്ങളെടുത്തിട്ട് എന്തുകൊണ്ട് കേരളത്തിൽ നടപ്പാക്കാൻ കഴിയുന്നില്ലെന്ന് ഹൈക്കോടതി രൂക്ഷമായി വിമർശിച്ചുകൊണ്ട് ഗവൺമെന്റിനോട് ചോദിക്കുന്ന സാഹചര്യവുമുണ്ടായി. ഈ സ്ഥിതിവിശേഷം നമുക്കൊരു പാഠമായിത്തീരേണ്ടതുണ്ട്. നോക്കുകൂലി നിരോധിച്ചിട്ടും അത് നടപ്പാക്കാൻ കഴിയാതെവന്ന സാഹചര്യം നമ്മുടെ മുന്നിൽ നിൽക്കുമ്പോൾ ഈ അവസ്ഥയ്ക്ക് മാറ്റമുണ്ടാക്കുന്നതിനുള്ള കാര്യക്ഷമമായ ഇടപെടലുകളാണുണ്ടാകേണ്ടത്. വ്യവസായ വകുപ്പുമന്ത്രി ശ്രീ. പി. രാജീവ് വിളിച്ചുചേർത്ത യോഗം ആശാവഹമായി മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുകയുണ്ടായി. കഴിഞ്ഞ മാസമാണ് ആ യോഗത്തെ സംബന്ധിച്ച വാർത്തകൾ വന്നത്. വളരെ സ്വാഗതാർഹമായി എല്ലാ തൊഴിലാളി സംഘടനകളും അതിനോട് സഹകരിക്കാൻ മുന്നോട്ടുവരുന്നു എന്ന രീതിയിലുള്ള വാർത്തകളും പ്രതികരണങ്ങളും ശ്രദ്ധേയമായി പല മാധ്യമങ്ങളും എഡിറ്റോറിയലിൽത്തന്നെ എഴുതിയിട്ടുണ്ട്. അങ്ങനെയുള്ള നല്ല നിലപാടുകളിലേയ്ക്ക് തൊഴിലാളി സംഘടനകൾ വരുന്നത് സ്വാഗതാർഹമാണ്. പക്ഷേ, ആ രീതിയിലേയ്ക്ക് അവരെ കൊണ്ടുവരാൻ കഴിയുന്നവിധത്തിലുള്ള ഫലപ്രദമായ ഇടപെടലുകൾക്ക് തൊഴിൽവകുപ്പ് പ്രത്യേകം നേതൃത്വം നൽകണം. സാധാരണക്കാരാണ് തൊഴിലാളി സഹോദരങ്ങളായി പ്രവർത്തനരംഗത്ത് നിൽക്കുന്നത്. ചുമട്ടുതൊഴിലാളികളെന്ന നിലയിൽ അവർക്ക് പരിമിതികളുണ്ട്. ഈ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ പലപ്പോഴും അവരെ ഉപയോഗിക്കുന്നതിലും കൈകാര്യം ചെയ്യുന്നതിലും കുഴപ്പങ്ങൾ വരുത്തുന്നതായി കാണുന്നുണ്ട്. അതുകൊണ്ട് അവർ ഗുണ്ടായിസത്തിലേയ്ക്കോ സാമ്പത്തിക നേട്ടങ്ങൾക്കുവേണ്ടി മുഷ്ക്ക് രാഷ്ട്രീയത്തിന്റെ സമീപനത്തിലേയ്ക്കോ ഇറങ്ങിത്തിരിച്ചിട്ടുണ്ടെങ്കിൽ അവരെമാത്രം കുറ്റം പറഞ്ഞിട്ട് കാര്യമില്ല. അവരെ ഉപയോഗിച്ചവരെല്ലാം അതിന് സമാധാനം പറയേണ്ടതുണ്ട്. ആ നിലയിൽ അവർക്ക് മാറ്റമുണ്ടാകണമെന്ന ബോദ്ധ്യത്തിലേയ്ക്ക് അവർ വരികയാണ്. തീർച്ചയായും ബോധവത്കരണത്തിലൂടെയും ആ രംഗത്തെ കാര്യക്ഷമമായ ഇടപെടലിലൂടെയും സംസ്ഥാനത്തിന്റെ നന്മയ്ക്കും വേണ്ടി സഹകരിക്കേണ്ടതിന്റെ അനിവാര്യത ബോദ്ധ്യപ്പെടുത്തിക്കൊണ്ട് മുന്നോട്ടുകൊണ്ടുവരുന്നതിന് തൊഴിലാളിവർഗ്ഗത്തെ സജ്ജമാക്കുക എന്നതാണ് ഏറ്റവും പ്രധാന കാര്യം. ഇന്ന് തൊഴിലാളികൾക്ക് ധാരാളം പ്രശ്നങ്ങളുണ്ട്.

കാരണം, നേരത്തെയുള്ളതുപോലെ ഇന്ന് തൊഴിൽദിനങ്ങളില്ല എന്നുള്ളത് ഒരു പ്രധാന വിഷയമാണ്. നേരത്തെയാണെങ്കിൽ ആളുകൾക്ക് ഇഷ്ടംപോലെ തൊഴിൽദിനങ്ങൾ ലഭിക്കുമായിരുന്നു. ഇപ്പോൾ അത് കുറഞ്ഞിരിക്കുകയാണ്. തൊഴിലാളികളുടെ എണ്ണം വർദ്ധിച്ചിരിക്കുന്നതിനാൽ ടേൺ അടിസ്ഥാനത്തിൽ ജോലി ചെയ്യേണ്ടിവരുന്നു. മിക്കവാറും ഒന്നിടവിട്ട ദിവസങ്ങളിലാണ് ജോലി ലഭ്യമാകുന്നത്. ആവശ്യമായ ജോലി ലഭിക്കാത്ത സാഹചര്യത്തിൽ തൊഴിലാളികൾക്കിടയിൽ അസംതൃപ്തി വരികയാണ്. അവരെ തൃപ്തികരമായി മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്ന സാഹചര്യം ഗവൺമെന്റ് തീർച്ചയായും ഉറപ്പുവരുത്തേണ്ടതുണ്ട്. തൊഴിലാളികൾക്ക് തൊഴിൽദിനങ്ങൾ കുറയുമ്പോൾ അവരുടെ ജീവിതസാഹചര്യങ്ങൾ പ്രയാസത്തിലായിത്തീരുകയും അവർ ബുദ്ധിമുട്ടിലാകുകയും ചെയ്യുന്നു. അതുകൊണ്ട് അവർ അക്രമത്തിലേയ്ക്കും വളഞ്ഞ വഴിയിലൂടെ പണം സമ്പാദിക്കാനുമുള്ള ശ്രമങ്ങൾക്ക് നിർബന്ധിതരാകുന്ന സ്ഥിതിവിശേഷമുണ്ടാകുന്നു. അത് ഒഴിവാക്കി അവരുടെ ജീവിതം തൃപ്തികരമായിപ്പോകാനും സാമൂഹ്യ വ്യവസ്ഥിതിയോട് യോജിച്ച് നിൽക്കാനും കഴിയണം. ആ രീതിയിൽ അവരെ സഹകരിപ്പിച്ച് മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്ന ഒരു സ്ഥിതി ഉറപ്പുവരുത്തുന്നതിനുവേണ്ടി തൊഴിലാളികളുടെ താല്പര്യം സംരക്ഷിക്കപ്പെടേണ്ടതാണെന്ന കാര്യത്തിൽ സംശയമില്ല. ഇത്തരത്തിൽ സംസ്ഥാനത്തിന്റെ പൊതുവായ സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ടുള്ള നിലപാടുകൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും സ്വീകരിക്കേണ്ടതുണ്ട്. സ്ഥാപനങ്ങളുടെ കീഴിൽ അവർക്കുതന്നെ ഇന്ന് തൊഴിലാളികളെ വച്ച് പ്രവർത്തനങ്ങൾ നടത്താൻ കഴിയുന്ന അനുകൂല സാഹചര്യം വന്നതിനെത്തുടർന്ന് ഒരുപാട് സ്ഥാപനങ്ങൾ സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. ഒരുപാട് സ്ഥാപന ഉടമകൾക്ക് ഇന്ന് തൃപ്തികരമായി മുന്നോട്ടുപോകാൻ കഴിയുന്നുവെന്നത് ഒരു വസ്തുതയാണ്. പക്ഷേ, അങ്ങനെ വരുമ്പോഴും തൊഴിൽ സാഹചര്യങ്ങൾ കുറയുന്നതിനെത്തുടർന്നുള്ള അസംതൃപ്തി തൊഴിലാളിവർഗ്ഗമേഖലയിൽ കടന്നുവരികയാണ്. ഈ അസംതൃപ്തിയുടെ വിഷയം വലിയ പ്രതിസന്ധിയായി കേരളത്തിൽ ഇന്നും നിലനിൽക്കുന്നുവെന്ന് കാണേണ്ടതായിട്ടുണ്ട്. ഗവൺമെന്റ് ഇത്തരം വിഷയങ്ങൾ ഫലപ്രദമായി കണക്കിലെടുത്തുകൊണ്ട് തൃപ്തികരമായ അന്തരീക്ഷത്തിലൂടെ പോകാൻ കഴിയുന്നതിനുള്ള സാഹചര്യം ഉറപ്പുവരുത്തുന്നതിന് ആത്മാർത്ഥമായ ഇടപെടലുകളുണ്ടാകണം. തൊഴിലാളികളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുപകരിക്കുന്ന നല്ല കാര്യങ്ങളോട് തീർച്ചയായും പ്രതിപക്ഷത്തിന്റെ പൂർണ്ണസഹകരണമുണ്ടാകും. അക്കാര്യങ്ങളിൽ ഞങ്ങൾ ഭേദഗതികളും വിയോജനക്കുറിപ്പുകളുമൊക്കെ രേഖപ്പെടുത്തുമ്പോഴും ഗവൺമെന്റ് നല്ല നിർദ്ദേശങ്ങൾ മുന്നോട്ടുകൊണ്ടുവരാൻ ശ്രമിച്ചാൽ അതിനെ തീർച്ചയായും

സ്വാഗതം ചെയ്യും. ഗവൺമെന്റ് സുപ്രധാന പ്രഖ്യാപനങ്ങൾ നടത്തി വലിയ പ്രതീക്ഷയുണർത്തിയതിനുശേഷവും കാര്യമായ ഫലം കാണാതെവന്നാൽ വീണ്ടും അതിനായി ഫലപ്രദമായ ഇടപെടൽ നടത്തുന്നതിന് തയ്യാറാകണം. ഈ രംഗത്ത് കാര്യക്ഷമമായ സന്തുലിതാവസ്ഥ നിലനിർത്താൻ കഴിയണം. വ്യവസായ സ്ഥാപനങ്ങളും മുതൽമുടക്കുന്ന സംരംഭങ്ങളും തൊഴിലാളികളും തമ്മിലുള്ള അഭിപ്രായസമന്വയത്തോടെ ഏറ്റുമുട്ടലിന്റെ പാത ഒഴിവാക്കി മുന്നോട്ടുപോകാൻ കഴിയുന്ന അന്തരീക്ഷം ഇന്ന് കേരളത്തിൽ ഉയർന്നുവന്നിട്ടുണ്ട്. അതിനോട് കേരളത്തിലെ ഭരണ-പ്രതിപക്ഷ ഭേദമെന്യേ എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും സഹകരിക്കുന്ന നിലപാടെടുത്തിട്ടുണ്ട്. ട്രേഡ് യൂണിയനുകൾ ഉന്നതവും സംസ്കാരസമ്പന്നവുമായ ഒരു നിലവാരം ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള സമീപനമെടുക്കാൻ ഇന്ന് കേരളത്തിൽ മുന്നോട്ടുവരുന്നുവെന്നുള്ളത് സ്വാഗതാർഹമാണ്. അതിന്റെ റിസൾട്ട് കേരളത്തിന്റെ സാമ്പത്തിക രംഗത്തും വ്യവസായ രംഗത്തും ഭാവി പുരോഗതിയിലും പ്രകടിപ്പിക്കാൻ കഴിയണമെങ്കിൽ നമ്മുടെ വികസനപാതയിൽ പുതിയൊരു പാത വെട്ടിത്തുറക്കാൻ കഴിയണം. അതിനുള്ള നല്ല അന്തരീക്ഷം ഒരുക്കുന്നതിന് ഗവൺമെന്റ് മുന്നോട്ടുവരണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. അതിന് കഴിയാത്ത നിലപാടിലുള്ള അതൃപ്തി രേഖപ്പെടുത്തിക്കൊണ്ട് ഞാൻ ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച നിരാകരണപ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, 2021-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 25-5-2022 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഇത് സഭയിലിരിക്കുന്ന എല്ലാവരുടേയും ബില്ലാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഒരർത്ഥത്തിൽ എം.എൽ.എ-മാരായ നമ്മളെല്ലാം ചുമട്ടുതൊഴിലാളികളാണ്. എം.എൽ.എ-മാർ ജനങ്ങളുടെ സങ്കടവും ദുഃഖവും പ്രയാസവും ദുരിതവും ചുമക്കുന്ന തൊഴിലാളികളായതുകൊണ്ട് ഈ ബില്ലിൽ പങ്കെടുത്ത് സംസാരിക്കുന്നതിൽ എനിക്ക് അതിയായ ചാരിതാർത്ഥ്യവും സന്തോഷവുമുണ്ട്. ഈ ബില്ലിൽ പങ്കെടുത്ത് സംസാരിക്കുമ്പോൾ എന്റെ സ്മൃതിപഥത്തിൽ തെളിഞ്ഞുവരുന്ന പഴയകാല സംഭവമുണ്ട്. കേരളത്തിന്റെ മുഖ്യമന്ത്രിയടക്കം നിരവധി പദവികൾ അലങ്കരിച്ച സി. എച്ച്. മുഹമ്മദ് കോയയുടെ ആവേശോജ്ജ്വലമായ പ്രസംഗങ്ങൾ കേട്ടാണ് എന്നെപ്പോലെയുള്ളവർ എം.എസ്.എഫ്-ലേയ്ക്കും മുസ്ലീംലീഗിലേയ്ക്കുമൊക്കെ ആകർഷിക്കപ്പെട്ടത്. അദ്ദേഹം ആദ്യമായി മൽസരിച്ചത് അന്നത്തെ കോഴിക്കോട് നഗരസഭയിലെ പരപ്പിൽ ഡിവിഷനിൽനിന്നാണ്. ആ തെരഞ്ഞെടുപ്പിൽ അദ്ദേഹം വിജയിച്ച് ആദ്യമായി ജനപ്രതിനിധിയായി. ആ ജയം അന്ന് വലിയങ്ങാടിയിലെ തൊഴിലാളികൾ ആഘോഷിച്ചത് കൈവണ്ടി

വലിച്ചുകൊണ്ടായിരുന്നു. കൈവണ്ടി വലിച്ച് പ്രകടനം നടത്തിയതിനെ അന്ന് ചിലർ 'കൈവണ്ടി ലീഗ്' ആണെന്ന് പറഞ്ഞ് പരിഹസിച്ചു. ശരിയാണ് ഞങ്ങൾ കൈവണ്ടിക്കാരുടെയും ചുമട്ടുതൊഴിലാളികളുടെയും ലീഗാണ്, ഞങ്ങൾ വരേണ്യവർഗ്ഗത്തിന്റെ പാർട്ടിയല്ല എന്നാണ് അതിന് മറുപടിയായി സി. എച്ച്. മുഹമ്മദ് കോയ അവരോട് പറഞ്ഞത്. ആ സി. എച്ച്. മുഹമ്മദ് കോയയുടെ അനുയായിയെന്ന നിലയിൽ ഈ ബില്ലിൽ പങ്കെടുത്ത് സംസാരിക്കാൻ എനിക്ക് എന്തെന്നില്ലാത്ത സന്തോഷവും ചാരിതാർത്ഥ്യവുമുണ്ട്. ഇന്ന് കേരളപ്പിറവി ദിനമാണ്. ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞതുപോലെ മലയാളഭാഷ ഔദ്യോഗികമായി അംഗീകരിച്ചിട്ടുണ്ട്, ശ്രേഷ്ഠഭാഷാ ബിൽ പാസ്സാക്കിയിട്ടുമുണ്ട്. ശ്രീ. വി. ശിവൻകുട്ടി തൊഴിൽ വകുപ്പുമന്ത്രി മാത്രമല്ല കേരളത്തിന്റെ പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രികൂടിയാണ്. ശ്രേഷ്ഠഭാഷയായി മലയാളത്തെ അംഗീകരിച്ച കേരളത്തിൽ സ്ഥിതിചെയ്യുന്ന പ്രദേശമാണ് കാസർഗോഡും മഞ്ചേശ്വരവും. എന്റെ പ്രിയപ്പെട്ട സഹപ്രവർത്തകൻ ശ്രീ. എ. കെ. എം. അഷ്റഫ് ഇവിടെയുണ്ട്. കേരളത്തിൽ സ്ഥിതിചെയ്യുന്ന കാസർഗോഡ് ജില്ലയിൽ മലയാളം പഠിപ്പിക്കാത്ത സ്കൂളുകൾ ഇപ്പോഴുമുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ മലയാളം ഹൈസ്കൂളില്ലാത്ത പഞ്ചായത്തുണ്ട്, അത് കേരളത്തെ സംബന്ധിച്ചിടത്തോളം തീരാക്കളങ്കമാണ്. അത് മായ്ച്ചുകളയാൻ അങ്ങേയ്ക്ക് കഴിയണം, അതിനുള്ള ശ്രമം നടത്തണമെന്നാണ് അങ്ങയോട് അഭ്യർത്ഥിക്കാനുള്ളത്. ചുമട്ടുതൊഴിലാളികൾ സമൂഹത്തിന്റെ അവിഭാജ്യഘടകമാണ്. ഇപ്പോൾ മത്സ്യത്തൊഴിലാളികളെ നമ്മൾ നെഞ്ചോട് ചേർത്തുവയ്ക്കുകയും നമ്മുടെ സൈന്യമാണെന്ന് വിശേഷിപ്പിക്കുകയും ചെയ്യുന്നു. നിർണ്ണായകഘട്ടങ്ങളിൽ അവർ നമ്മുടെ രക്ഷകരാകുന്നതുകൊണ്ടാണ് നമ്മുടെ സൈന്യമെന്ന് വിളിക്കുന്നത്. സ്കൂളിൽ പഠിക്കുന്ന കാലത്ത് നമ്മളെല്ലാവരും വിളിച്ച ഒരു മുദ്രാവാക്യമുണ്ട്, ജയ് ജവാൻ, ജയ് കിസാൻ. ആ മുദ്രാവാക്യത്തിൽ ഒരു മാറ്റം വേണ്ടതുണ്ട്. അതിൽ ചുമട്ടുതൊഴിലാളി വിഭാഗത്തെക്കൂടിയുൾപ്പെടുത്തണം. ചെറുപ്പകാലത്ത് വിളിച്ച ആ സ്ലോഗൻ ചെറിയൊരു മാറ്റം വരുത്തി ഈ സഭയിൽ ഞാൻ വീണ്ടും വിളിക്കുന്നു. 'ജയ് ജവാൻ, ജയ് കിസാൻ, ജയ് ഹെഡ് ലോഡ് വർക്കർ'. ജയ് ജവാൻ, ജയ് കിസാൻ എന്ന് നാം വിളിച്ചത് വെറുതെയല്ല, രാജ്യത്തെ സംബന്ധിച്ചിടത്തോളം ജവാൻ എന്നുപറയുന്നത് രാജ്യത്തിന്റെ അതിർത്തി കാക്കുന്നവരാണ്. അതുപോലെ കർഷകരില്ലെങ്കിൽ രാജ്യത്തിന് നിലനിൽപ്പില്ല. നമുക്ക് ഭക്ഷണം നൽകുന്നത് അവരാണ്. അതുപോലെതന്നെ ചുമട്ടുതൊഴിലാളി ഇല്ലെങ്കിൽ അടുക്കളയിൽ പുക ഉയരില്ലെന്ന കാര്യം മനസ്സിലാക്കണം. ഫാക്ടറികൾ ചലിക്കണമെങ്കിൽ, നിർമ്മാണപ്രവർത്തനങ്ങൾ നടക്കണമെങ്കിൽ, സംസ്ഥാനത്ത് മറ്റേതെങ്കിലും പരിപാടികൾ നടക്കണമെങ്കിൽ തീർച്ചയായും ചുമട്ടുതൊഴിലാളികളുടെ സേവനം അനിവാര്യമാണ്. സംസ്ഥാനത്തെ

ചുമട്ടുതൊഴിലാളികൾ അവരുടെ തൊഴിൽ സംരക്ഷിക്കാനുള്ള സംയുക്ത ശ്രമത്തിലാണ്. 1978-ലെ ചുമട്ടുതൊഴിലാളി നിയമത്തിലെ അപാകതകൾ ഏതൊരാൾക്കും അറിയാവുന്നതാണ്. ചുമട്ടുതൊഴിൽ കാർഡിന് ആർക്ക് വേണമെങ്കിലും അപേക്ഷിക്കാമെന്ന മാത്രമല്ല, കോടതി വിധിയിലൂടെ അത് നേടിയെടുക്കാനും സാധിക്കും. ചുമട്ടുതൊഴിലാളികളെ പലതരത്തിൽ ബാധിക്കുന്ന കോടതിവിധികൾ വന്നുകൊണ്ടിരിക്കുകയാണ്. ഏതൊരു തൊഴിലുടമയ്ക്കും ഇപ്പോൾ ഇഷ്ടമുള്ള തൊഴിലാളികളെ വച്ച് ജോലിയെടുപ്പിക്കാമെന്നാണ് കോടതി വിധിയിൽ പറയുന്നത്. ഇതിന്റെ ഫലം എന്താണെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളും അല്ലാത്തവരുമായി നിലവിൽ ജോലി ചെയ്തുവരുന്ന അംഗീകൃത ചുമട്ടുതൊഴിലാളികളുടെ തൊഴിൽ നഷ്ടമാകുകയാണ്. തൊഴിൽ മേഖലയിൽ അനാവശ്യതർക്കങ്ങളും സംഘർഷങ്ങളുമുണ്ടാകുന്നു. നോക്കുകൂലിയെന്ന വാക്ക് ഇനി കേരളത്തിൽ കേൾക്കാൻ പാടില്ലെന്നും ഇതിനായി കൊടിയുടെ നിറം നോക്കാതെ നടപടി വേണമെന്നുമാണ് ഹൈക്കോടതി പറഞ്ഞത്. നോക്കുകൂലിയെന്ന കാടത്തം നിയമംമൂലം നിരോധിച്ചതാണെങ്കിലും സംസ്ഥാനത്തെമ്പാടും നിലനിൽക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് കൊല്ലംതോട് നവീകരണത്തിന് കൊണ്ടുവന്ന കോൺക്രീറ്റ് തൂണുകൾ ലോറിയിൽ നിന്ന് ഇറക്കുന്നതിനെച്ചൊല്ലി ഒരു തർക്കമുണ്ടായി. രണ്ട് ടണ്ണോളം വരുന്ന തൂണുകൾ ചുമട്ടുതൊഴിലാളികൾക്ക് ചുമന്ന് താഴെയിറക്കാൻ സാധിക്കില്ല. അത് ക്രെയിൻ ഉപയോഗിച്ചുമാത്രമെ ഇറക്കാൻ സാധിക്കുകയുള്ളൂ, അതിനെച്ചൊല്ലിയാണ് തർക്കമുണ്ടായത്. ഇതെല്ലാം സൂചിപ്പിക്കുന്നത് വിരലിലെണ്ണാവുന്ന തൊഴിലാളികളുടെ കൊള്ളരുതായ്മ പതിനായിരക്കണക്കിന് ചുമട്ടുതൊഴിലാളികൾക്ക് കളങ്കമുണ്ടാക്കുകയാണെന്നാണ്. കേരളത്തിൽ നിരവധി തൊഴിലാളി സംഘടനകൾ പ്രവർത്തിക്കുന്നുണ്ട്. ആ തൊഴിലാളി സംഘടനകളൊന്നും നോക്കുകൂലിയെ അനുകൂലിക്കുന്നവരല്ല. നോക്കുകൂലി നിയമം വെറും നോക്കുകുത്തിയായി മാറിയിരിക്കുന്നു. ഇതിനെതിരെ തീർച്ചയായും കർശനനിലപാട് സ്വീകരിക്കാൻ കഴിയണം. തൊഴിലുടമകൾ കുടുംബാംഗങ്ങളെയും ഡ്രൈവർമാരെയും ചുമട്ടുതൊഴിലാളികൾ എന്ന പേരിൽ അറ്റാച്ച്ഡ് ലേബർ കാർഡുകൾ വാങ്ങി പകരം ഇതര സംസ്ഥാന തൊഴിലാളികളെക്കൊണ്ട് കുറഞ്ഞ നിരക്കിൽ ജോലിചെയ്യിപ്പിക്കുന്നതായി പല സ്ഥലങ്ങളിലും ആക്ഷേപമുണ്ട്. നിയമഭേദഗതി കൊണ്ടുവരുന്നതുവരെ അറ്റാച്ച്ഡ് ലേബർ കാർഡ് നൽകുന്നത് നിർത്തിവയ്ക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, സമൂഹത്തിലെ അടിസ്ഥാന തൊഴിലാളി വിഭാഗമായ ചുമട്ടുതൊഴിലാളികളെ ബാധിക്കുന്ന വളരെ ന്യായമായ കാര്യങ്ങളാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. ചുമട്ടുതൊഴിലാളികളെപ്പോലെ ഏറെ പ്രയാസമനുഭവിക്കുന്ന

മറ്റൊരു വിഭാഗമാണ് മോട്ടോർ തൊഴിലാളികൾ. കോവിഡ് പശ്ചാത്തലത്തിൽ അവർക്ക് ജോലി നഷ്ടപ്പെട്ട് ജീവിതം വഴിമുട്ടിനിൽക്കുകയാണ്. അങ്ങനെയുള്ള മോട്ടോർ തൊഴിലാളികളുടെ ക്ഷേമനിധിയിലേയ്ക്കുള്ള രജിസ്ട്രേഷന് ഒക്ടോബർ 31 വരെയായിരുന്നു കാലാവധി നൽകിയിരുന്നത്. ആ കാലാവധിക്കകത്ത് മുഴുവൻ സ്കാറ്റേർഡ് മോട്ടോർ തൊഴിലാളികൾക്കും ക്ഷേമനിധിയിൽ അംഗങ്ങളായി ചേരാൻ അവസരം ലഭിച്ചില്ല. 17-08-2021-ലെ തൊഴിൽ വകുപ്പിന്റെ ഉത്തരവ് പ്രകാരം കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധിയിൽ സ്കാറ്റേർഡ് വിഭാഗം തൊഴിലാളികൾക്ക് പുതിയതായി രജിസ്റ്റർ ചെയ്യാൻ രണ്ടരമാസം സമയം അനുവദിച്ചിരുന്നു. ഓൺലൈൻ രജിസ്ട്രേഷന്റെ പോർട്ടൽ സൗകര്യം ലഭിക്കാത്തതുകാരണം ഒരു തൊഴിലാളിക്കുപോലും രജിസ്റ്റർ ചെയ്യാൻ നാളിതുവരെ അവസരം ലഭിച്ചിട്ടില്ല. ഒന്നരമാസത്തോളമായി പോർട്ടൽ സൗകര്യം ലഭിക്കാത്തതിനാൽ പതിനായിരക്കണക്കിന് തൊഴിലാളികൾക്ക് രജിസ്റ്റർ ചെയ്യാൻ ഇനി ഒരു മാസം മാത്രമാണ് അവശേഷിക്കുന്നത്. ഈ ചെറിയ കാലയളവിൽ അവശേഷിക്കുന്ന മുഴുവൻ തൊഴിലാളികൾക്കും ക്ഷേമനിധിയിൽ അംഗങ്ങളാകാൻ സാധിക്കില്ല. ആയതുകൊണ്ട് സ്കാറ്റേർഡ് വിഭാഗത്തിലെ മുഴുവൻ തൊഴിലാളികൾക്കും ബോർഡിൽ ചേരുന്നതിനായി ജില്ലാ ഓഫീസുകളിൽ അപേക്ഷകൾ നേരിട്ട് സ്വീകരിക്കാൻ സംവിധാനമൊരുക്കണമെന്നാവശ്യപ്പെട്ട് കേരള മോട്ടോർ ആൻഡ് എഞ്ചിനീയറിംഗ് വർക്കേഴ്സ് യൂണിയൻ, എസ്.ടി.യു. സംസ്ഥാന പ്രസിഡന്റ് ശ്രീ. വി. എ. കെ. തങ്ങൾ ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിക്ക് നിവേദനം നൽകിയിട്ടുണ്ട്. ഇത് ഗൗരവമായെടുത്ത് ആവശ്യമായ പരിഗണന നൽകി മോട്ടോർ തൊഴിലാളി ക്ഷേമനിധിയിൽ ചേരുന്നതിനുള്ള നടപടി സ്വീകരിക്കണം. ഇക്കാര്യത്തിൽ അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, അങ്ങ് ഉന്നയിച്ച ഈ ഗുരുതരമായ പ്രശ്നത്തിന് ബഹുമാനപ്പെട്ട മന്ത്രി ശാശ്വതപരിഹാരം കാണും എന്നുതന്നെയാണ് എന്റെ പൂർണ്ണമായ പ്രതീക്ഷ. നമ്മുടെ രാജ്യത്തിനുതന്നെ മാതൃക എന്നനിലയിലാണ് സംസ്ഥാനത്ത് ചുമട്ടുതൊഴിലാളി നിയമം നടപ്പിലാക്കിയത്. പക്ഷേ, ഇന്ന് പ്രസ്തുത മേഖലയിലെ തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന വേദനാജനകമായ സ്ഥിതിയാണുള്ളത്. ചുമട്ടുതൊഴിലാളികളെയും അവരുടെ കുടുംബാംഗങ്ങളെയും ഇ.എസ്.ഐ. പരിധിയിൽ കൊണ്ടുവരണമെന്ന നിർദ്ദേശമാണുള്ളത്. ചുമട്ടുതൊഴിലാളി മേഖലയിലെ എല്ലാ സംഘടനകളും ഇപ്പോൾ പ്രക്ഷോഭത്തിന്റെ മാർഗ്ഗത്തിലാണെന്ന് അങ്ങേയ്ക്ക് നന്നായറിയാം. നവംബർ 5-ാം തീയതി കൊടിയുടെ നിറം നോക്കാതെ ഈ രംഗത്തെ മുഴുവൻ തൊഴിലാളി സംഘടനകളും

സംയുക്തമായി യോഗം ചേരുന്നുണ്ട്. ഈ ബില്ലിലൂടെ മാര്യേജ് ഗ്രാന്റായി നൽകുന്നത് 50,000 രൂപയാണ്, അത് വർദ്ധിപ്പിക്കണം. വർക്കേഴ്സ് മെഡിക്കൽ റീഇമ്പേഴ്സ്മെന്റിനത്തിൽ നൽകുന്ന 30,000 രൂപ എന്നുള്ളതും വർദ്ധിപ്പിക്കണം. സ്പെഷ്യൽ മെഡിക്കൽ എയ്ഡ് ടു കാൻസർ, ഹാർട്ട് ആൻഡ് കിഡ്നി പേഷ്യന്റ് എന്നിവർക്കുനൽകുന്ന 50,000 രൂപ എന്നത് ഇന്നത്തെ സാഹചര്യത്തിൽ വർദ്ധിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് പ്രത്യേകം സൂചിപ്പിക്കേണ്ട ആവശ്യമില്ല. ഓൺലൈൻ വിദ്യാഭ്യാസം തുടങ്ങിയതുമുതൽ കുട്ടികൾക്ക് സ്കൂളിൽ പോകാൻ കഴിയാത്തതുകൊണ്ട് എല്ലാവർക്കും സ്മാർട്ട് ഫോണുകൾ ലഭ്യമാക്കേണ്ട ആവശ്യകത വന്നപ്പോൾ എം.എൽ.എ-മാർ മുൻകയ്യെടുത്ത് അവരുടെ നിയോജകമണ്ഡലങ്ങളിൽ ധാരാളം സ്മാർട്ട് ഫോണുകൾ നൽകിയിട്ടുണ്ട്. പക്ഷേ, ചുമട്ടുതൊഴിലാളിയുടെ കുട്ടികൾക്ക് സർക്കാരിന്റെ വക സ്മാർട്ട് ഫോണുകൾ നൽകേണ്ടതായിരുന്നു, അങ്ങനെ ചെയ്യാൻ സാധിച്ചിട്ടില്ല. കോവിഡ് കാലത്ത് തൊഴിലാളികൾ പട്ടിണിയിലായിരുന്നു. മറ്റുള്ള വിഭാഗങ്ങൾക്ക് നൽകുന്നതുപോലെയുള്ള ആനുകൂല്യങ്ങളും ആശ്വാസങ്ങളും ചുമട്ടുതൊഴിലാളികൾക്ക് നൽകാൻ സാധിച്ചിട്ടില്ല. തീർച്ചയായും വളരെ ചെറിയൊരു ഭേദഗതിയാണ് ബില്ലിൽ പറഞ്ഞിരിക്കുന്നത്. ചുമട്ടുതൊഴിലാളികൾ സമൂഹത്തിന്റെ അവിഭാജ്യ ഘടകമാണ്, കത്തിജ്ജ്വലിക്കുന്ന സൂര്യന് കീഴിലും മഴയത്തും സമൂഹത്തിനുവേണ്ടി പ്രവർത്തിക്കുന്നവരാണ്. രാജ്യത്ത് കർഷകരില്ലെങ്കിലോ സൈനികരില്ലെങ്കിലോ നമുക്ക് ജീവിക്കാൻ കഴിയാത്തതുപോലെതന്നെ തീർച്ചയായും ചുമട്ടുതൊഴിലാളികളില്ലെങ്കിൽ ജീവിക്കാൻ സാധിക്കില്ല. അവരുടെ കാര്യത്തിൽ കൂടുതൽ ആശ്വാസകരമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ചുമതലപ്പെടുത്തിയതുപ്രകാരം <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: 2021-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ചുമട്ടുതൊഴിലാളി ക്ഷേമനിധി നിയമത്തിൽ ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള ഭേദഗതിയെ അനുകൂലിച്ചുകൊണ്ടും ഭേദഗതി അവതരിപ്പിച്ചുകൊണ്ടും ഞാൻ സംസാരിക്കുകയാണ്. ഈ നിയമത്തിൽ ഒരു തൊഴിലാളി "എഴുപത്തിയഞ്ച് കിലോഗ്രാം" ഭാരം ചുമക്കണമെന്നത് " അൻപത്തിയഞ്ച് കിലോഗ്രാം "എന്നാക്കി കുറയ്ക്കുകയും സ്ത്രീകൾക്കും കൗമാര പ്രായക്കാർക്കും അത് 'മുപ്പത്തിയഞ്ച് ' കിലോഗ്രാമായി നിജപ്പെടുത്തുകയും ചെയ്യുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുകയാണ്. അതോടൊപ്പം ക്ഷേമനിധി ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും ലഭ്യമാകേണ്ട സേവന-വേതന വ്യവസ്ഥകളുമായി ബന്ധപ്പെട്ട

പരിഷ്കാരങ്ങളെയും ഭേദഗതികളെയും പിന്തുണയ്ക്കുന്നു. ചുമട്ടുതൊഴിലാളി മേഖലയിലൂടെ തൊഴിലാളികൾ പണിയെടുത്ത്, സംഘടിച്ച്, അവകാശങ്ങൾ നേടിയെടുത്ത് മുമ്പോട്ടുപോകേണ്ടിവന്ന ഘട്ടങ്ങളിലെല്ലാം നിരവധി പരിഹാസങ്ങളും ആക്ഷേപങ്ങളും അവഹേളനങ്ങളുമുണ്ടായിട്ടുണ്ട്. അതിനെയെല്ലാം അതിജീവിച്ചുകൊണ്ടാണ് കേരളത്തിലെ അടിസ്ഥാന തൊഴിലാളി വിഭാഗമായ ചുമട്ടുതൊഴിലാളികൾക്ക് മുന്നോട്ടുപോകേണ്ടിവന്നത്. അവരെക്കുറിച്ച് നിരവധി കാർട്ടൂണുകൾ മുഖ്യധാരാ മാധ്യമങ്ങൾ പ്രദർശിപ്പിച്ചിരുന്നു. ഇന്നിവിടെ മുത്തൂറ്റ് ഫിനാൻസിനും അതുപോലുള്ള മുതലാളിമാർക്കുംവേണ്ടി വക്കാലത്തെടുക്കുന്ന ആളുകളെപ്പോലുള്ളവർ അന്നുമുണ്ടായിരുന്നു. അവരൊക്കെ വ്യാപകമായി ചുമട്ടുതൊഴിലാളികളെ പരിഹാസ്യരാക്കാൻ ശ്രമിച്ചുകൊണ്ടിരുന്നിട്ടും അതിനെയെല്ലാം അതിജീവിച്ചാണ് അവർ മുന്നോട്ടുവന്നത്. മീശക്കൊമ്പന്മാർ, മുണ്ട് കയറ്റിക്കുത്തി ട്രൗസർ കാണിച്ച് നിൽക്കുന്ന രൂപത്തിലുള്ളവർ തുടങ്ങിയ രീതിയിലാണ് എവിടെയും അവരെ കാണിച്ചിരുന്നത്. എന്നാൽ ഇപ്പോഴുള്ള മറ്റൊരു പ്രത്യേകത, ഇന്ന് ചുമട്ടുതൊഴിലാളികൾ മാത്രമല്ല, പൊതുവിൽ എല്ലാവരും ബസിലും ട്രെയിനിലും മറ്റുള്ള യാത്രകളിലും മുണ്ട് ഊരിക്കളഞ്ഞ്, ചുമട്ടുതൊഴിലാളികൾ അന്നിട്ടിരുന്ന ട്രൗസറിനേക്കാളും ഇറക്കം കുറഞ്ഞ ട്രൗസർ ധരിച്ചുകൊണ്ടാണ് പരിഷ്കൃത സമൂഹത്തിലെ ആളുകളായി ജീവിക്കുന്നത്. അന്നവരെ കളിയാക്കി, എന്തെല്ലാം ആക്ഷേപങ്ങൾ കേട്ടു? പെട്ടിമുക്കകയും റെയിൽവേ സ്റ്റേഷനിലും ബസ് സ്റ്റാന്റിലുമൊക്കെ ഇരിക്കുകയും ചെയ്തിരുന്ന പാവപ്പെട്ട ആ മനുഷ്യരോട് പറഞ്ഞത്, 'നിങ്ങൾ ഇങ്ങനെ ആവശ്യക്കാർ തരുന്ന തുട്ട് വാങ്ങി എവിടെയെങ്കിലും ഇരിക്കേണ്ടവരല്ല, നിങ്ങൾ കൂട്ടായി ഒരു സ്ഥലത്ത് ഇരിക്കുകയും ആ പരിധിയിൽവരുന്ന ജോലികൾ ചെയ്യുകയും ചെയ്യൂ, ഏകീകരിച്ച ഒരു വസ്ത്രധാരണ രീതി അവലംബിക്കൂ' എന്നാണ്. അങ്ങനെ പല യൂണിയനുകൾ വന്നു, യൂണിയനുകൾക്കനുസരിച്ച് വ്യത്യസ്ത യൂണിഫോമുകൾ വന്നു, യൂണിയനുകൾ രജിസ്റ്റർ ചെയ്യപ്പെട്ടു, അതിനെ അടിസ്ഥാനപ്പെടുത്തി യൂണിയനുകളുടെ തൊഴിൽ ബാഡ്ജുകൾ വന്നു. അതിനെത്തുടർന്ന് തിരിച്ചറിയൽ കാർഡുകളും വന്നു. ഈ തിരിച്ചറിയൽ കാർഡിൽ അവർ ജോലിചെയ്യേണ്ട സ്ഥലവും അതിന്റെ നാലതിരുകളും രേഖപ്പെടുത്തപ്പെട്ടു. അങ്ങനെ അവർ നിശ്ചിത സ്ഥലങ്ങളിൽ ജോലി ചെയ്തുതുടങ്ങി. തൊഴിലാളികൾ തമ്മിലും യൂണിയനുകൾ തമ്മിലും നിരവധി തൊഴിൽത്തർക്കങ്ങളുണ്ടായി, അതെല്ലാം തൊഴിൽ വകുപ്പ് ഇടപെട്ട് ആവശ്യമായ അതിർത്തികൾ നിശ്ചയിച്ച് പരിഹരിച്ചു. അങ്ങനെ നിശ്ചിത അതിർത്തിക്കുള്ളിൽ പണിയെടുത്തുകൊണ്ടിരിക്കുന്ന തൊഴിലാളിക്ക് ആ അതിർത്തിക്കുള്ളിൽ പണി ചെയ്യാനുള്ള അവകാശം നിലനിൽക്കുമ്പോൾ അവിടേയ്ക്ക് പുതിയ തൊഴിലാളികൾ വരികയാണ്; ഈ പ്രശ്നം വളരെ ഗൗരവത്തോടെ അഭിമുഖീകരിക്കേണ്ടതാണ്. തൊഴിൽ വകുപ്പ് അംഗീകരിച്ച്

നിശ്ചയിച്ച് നൽകിയിട്ടുള്ള, രേഖപ്പെടുത്തിക്കൊടുത്തിട്ടുള്ള അവകാശം നിലനിൽക്കെ ആ പ്രദേശത്ത് പിന്നെയെന്തിനാണ് മറ്റ് തൊഴിലാളികൾ പണിക്കെത്തുന്നത്? ഗാർഹികാവശ്യങ്ങൾക്ക് വസ്തുക്കൾ കൊണ്ടുവരുമ്പോൾ വീട്ടുടമസ്ഥ് ഇറക്കാൻ കഴിയുന്നത്ര അദ്ദേഹം ഇറക്കട്ടെ. മറ്റാളുകളെ വിളിച്ച് ജോലി ചെയ്യിക്കാതെ ന്യായമായും അംഗീകൃത തൊഴിലാളികളെ വിളിച്ചല്ലേ ജോലി ചെയ്യിക്കേണ്ടത്? അതുകൊണ്ട് ഇവർക്ക് തൊഴിൽ പരിരക്ഷ ഉണ്ടാകണം. അതിനാവശ്യമായ ഇടപെടലുകൾ നടത്തേണ്ടതുണ്ടെന്നത് ഇത്രയും നല്ലരീതിയിൽ തൊഴിൽമേഖലയിൽ ഇടപെട്ടുകൊണ്ട് പ്രവർത്തിച്ചുമുന്നേറുന്ന കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെയും പ്രത്യേകിച്ച് തൊഴിൽ വകുപ്പിന്റെയും ശ്രദ്ധയിൽക്കൊണ്ടുവരികയാണ്. അമ്പത് വർഷങ്ങൾക്കുമുമ്പ് ഈ മേഖലയിൽ ജോലി ചെയ്തിരുന്നത് സാമ്പത്തികമായും സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങളിൽ നിന്നുള്ളവരായിരുന്നു. എന്നാൽ ഇന്നത്തെ സ്ഥിതി അതാണോ? ഇന്ന് അഭ്യസ്തവിദ്യരായ എത്രയോ ആളുകൾ, പാരലൽ കോളേജ് നടത്തുന്നവർ, സമാന്തര സ്ഥാപനങ്ങളിലെ അദ്ധ്യാപകർ തുടങ്ങിയവർ ഈ മേഖലയിൽ പണിയെടുക്കുന്നതായി കാണാം. അങ്ങനെ പതുക്കെപ്പതുക്കെ ഈ മേഖലയിലേയ്ക്ക് ധാരാളമാളുകൾ വന്നു. പഴയകാലത്ത് ഒറ്റപ്പെട്ട ചില സംഭവങ്ങൾ ഉണ്ടായിട്ടുണ്ടാകാം, അന്നത്തെ സാമൂഹ്യവിഭാഗങ്ങൾ, തൊഴിലുമായി ബന്ധപ്പെട്ടുവന്ന അന്നത്തെ കാലത്തിന്റെ പ്രത്യേകത മുതലായവയുടെ അടിസ്ഥാനമായിരിക്കും അതിനെല്ലാം കാരണം. പുതിയ തലമുറ വന്നതോടെ ഈ മേഖലയും ശക്തിപ്പെടുകയുണ്ടായി. പക്ഷേ, അവരുടെ തൊഴിലവസരങ്ങൾ ഇന്ന് നഷ്ടപ്പെടുന്നു. നാപ്‌റ്റോൾ പോലുള്ള ഓൺലൈൻ വ്യാപാര കേന്ദ്രങ്ങളാണ് ഇന്നുള്ളത്, അവ നടത്താതിരിക്കാൻ കഴിയില്ല, നമുക്കാർക്കും അത് തടയാനുംപറ്റില്ല. പക്ഷേ, അങ്ങനെ വരുന്നതിന്റെ ഭാഗമായി ഗോഡൗണുകൾ ഇല്ലാതെ വരുന്നു, അവിടെയുണ്ടാകേണ്ടിയിരുന്ന തൊഴിൽ ഇല്ലാതാകുന്നു. അങ്ങനെ നിരവധി പ്രശ്നങ്ങൾ ഉയർന്നുവരുന്നുണ്ട്. ഈ വിഷയങ്ങളെല്ലാം പരിഗണിച്ചുപോകേണ്ടതുണ്ട്. മുത്തൂറ്റ് ഫിനാൻസിൽ നടന്ന സമരത്തിൽ മാർക്സിസ്റ്റ് പാർട്ടിയെ ഉപയോഗിക്കുന്നുവെന്ന് ഇവിടെ പറഞ്ഞു, മാർക്സിസ്റ്റ് പാർട്ടിയെന്നത് ഒരു രാഷ്ട്രീയ പാർട്ടിയാണ്, തൊഴിലാളി സംഘടനകൾ എന്നു പറയുന്നതിൽ CITU (Centre Of Indian Trade Unions) ഉണ്ട്, അതിൽ അഫിലിയേറ്റ് ചെയ്ത ഒരു സംഘടന തന്നെയാണ് മുത്തൂറ്റിലെ സംഘടന.

5.00 PM]

കേരളത്തിലെ അൺഎയ്ഡഡ് സ്കൂൾ ജീവനക്കാരുടെ സംഘടന സി.ഐ.ടി.യു-വിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ളതാണ്. അവിടങ്ങളിൽ സേവന-

വേതന വ്യവസ്ഥകളോ തൊഴിൽ നിയമങ്ങളോ ഒന്നും പാലിക്കാതെ അന്യായമായി തൊഴിലാളികളെ പിരിച്ചുവിടുന്ന നടപടിക്കെതിരായി അതാത് സ്ഥലങ്ങളിലെ തൊഴിലാളി യൂണിയനുകൾ സമരം നടത്തി പ്രതിഷേധിക്കുമ്പോൾ അവർക്കൊപ്പം നിൽക്കുകയെന്നതും അതിന് പിന്തുണനൽകുകയെന്നതും സി.ഐ.ടി.യു-വിന്റെ നയമാണ്. മാത്രവുമല്ല ഓരോ യൂണിയനും പ്രവർത്തിക്കുന്നത് അതത് യൂണിയനുകളുടെ ഭരണഘടനയനുസരിച്ചാണ്. ആ ഭരണഘടനാപരമായ ബാദ്ധ്യതയാണ് ഓരോ തൊഴിലാളി സംഘടനകളും നിർവ്വഹിക്കുന്നത്. ഇതിനുമുമ്പ് പലഘട്ടങ്ങളിലും ഇത്തരം സമരങ്ങളുണ്ടാകുമ്പോൾ നിരവധി കള്ളക്കേസ്സുകളും ഇടപെടലുകളും സമരങ്ങളെ തളർത്താൻവേണ്ടി മാനേജ്മെന്റുകൾ നടത്തിയിട്ടുണ്ട്. അതിന് കൂട്ടുനിൽക്കുന്ന പ്രവണത അന്നുമുതലേ ഉണ്ടായിട്ടുണ്ട്. ശ്രീ. എൻ. എ. നെല്ലിക്കുന്ന് ഇവിടെപറഞ്ഞു, റോഡരികിൽ ഷെഡ് കെട്ടിയിരിക്കുന്ന തൊഴിലാളി വിഭാഗങ്ങൾ ഏത് വിഭാഗത്തിൽപ്പെട്ടവരാണെങ്കിലും അവർ തൊഴിലാളി യൂണിയനുകൾ എന്ന നിലയിലാണ് പലതരത്തിൽ അപകടങ്ങളിൽപ്പെടുന്നവരെ, രക്തം വാർന്നൊഴുകുമ്പോൾപ്പോലും തോളിലേറ്റി വാഹനങ്ങളിൽ കയറ്റി ആശുപത്രികളിൽ കൊണ്ടുപോകാൻ സഹായിക്കുകയും അവരുടെ ജീവൻ സംരക്ഷിക്കുകയും ചെയ്യുന്നത്. നമ്മുടെ മുന്നിൽ എത്രയെത്ര അനുഭവങ്ങളാണുള്ളത്. അവരെ കുറ്റപ്പെടുത്താനും ഒറ്റപ്പെടുത്താനും അവരുടെ പോരാട്ടങ്ങളെ ദുർബലപ്പെടുത്താനുംവേണ്ടി ശ്രമിക്കുന്നവർ ഇക്കാര്യങ്ങൾ ആലോചിക്കണം. പ്രളയകാലത്ത് ലോഡുകണക്കിന് സാധനങ്ങളാണ് വിവിധ വാഹനങ്ങളിൽനിന്ന് സൗജന്യമായി ചുമട്ടുതൊഴിലാളികൾ ദുരിതാശ്വാസ ക്യാമ്പുകളിലേയ്ക്കും മറ്റും എത്തിച്ചിട്ടുള്ളത്. സ്കൂൾ തുറക്കുന്ന ഘട്ടത്തിൽ ശുചീകരണ പ്രവർത്തനങ്ങളിലും ചുമട്ടുതൊഴിലാളികൾ പങ്കുവഹിച്ചിട്ടുണ്ട്. അവർ അദ്ധ്വാനശീലരും കൈക്കരുത്തുള്ളവരുമാണ്. അവർക്ക് പണിയെടുക്കാൻ മടിയില്ല. ഓരോ പ്രവർത്തനത്തിലും സ്കൂൾ പി.ടി.എ-യ്ക്കൊപ്പം ചുമട്ടുതൊഴിലാളികളും നിൽക്കുകയാണ്. അങ്ങനെ എത്രയെത്ര സംഭവങ്ങളാണ് പറയാനുള്ളത്. ആ വിഭാഗത്തെ വളരെ മോശമായ രീതിയിൽ ചിത്രീകരിച്ച് അവരാണ് പ്രശ്നങ്ങൾക്കെല്ലാം കാരണക്കാരെന്ന രീതിയിലുള്ള ചർച്ച കാലങ്ങളായി നടക്കുകയാണ്. അതിനെ പ്രോത്സാഹിപ്പിക്കരുതെന്ന അഭ്യർത്ഥന മാത്രമാണുള്ളത്. ഇവിടെ 26 (A) വകുപ്പ് റദ്ദ് ചെയ്യണമെന്ന് പറയുകയുണ്ടായി. തൊഴിലാളികൾ നടത്തിയ പോരാട്ടങ്ങളുടെ ഭാഗമായി അവർക്ക് ലഭ്യമായ കാർഡുകൂടി പിടിച്ചുവയ്ക്കണമെന്നാണോ പറയുന്നത്? ആ കാർഡ് ദുരുപയോഗം ചെയ്യുന്നെങ്കിൽ നടപടി സ്വീകരിക്കണം. എന്നാൽ ആ കാർഡ് ലഭ്യമായ സ്ഥലങ്ങളിൽ അവർക്ക് തൊഴിൽ സുരക്ഷിതത്വം ഉറപ്പാക്കാൻ നമ്മൾ വാദിക്കേണ്ടതാണ്. തൊഴിലാളികൾക്ക് കാർഡ് കൊടുത്തിട്ടുള്ളതിന്റെ

അടിസ്ഥാനത്തിൽ അവർക്ക് അവിടെ തൊഴിലെടുക്കാനുള്ള അവകാശം സംരക്ഷിക്കലാണ് നമ്മുടെ ബാദ്ധ്യത. രാജ്യത്താകമാനം തൊഴിലാളികൾക്കെതിരെ നിയമങ്ങൾ കൊണ്ടുവരുന്ന ഘട്ടത്തിൽ തൊഴിലാളികളെ സംരക്ഷിക്കുന്ന നാനാതരത്തിലുള്ള ഇടപെടലുകളുമായി മുന്നോട്ടുപോകുന്ന കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനെയും ചുമട്ടുതൊഴിലാളി മേഖലയിലുള്ള ഈ ഇടപെടലിന് തൊഴിൽ വകുപ്പിനെയും പ്രത്യേകം അഭിനന്ദിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, തൊഴിലാളികളെ സംബന്ധിച്ച പ്രധാനപ്പെട്ട 5 ബില്ലുകളിലെ ഭേദഗതികളാണ് ഇന്ന് ചർച്ച ചെയ്തത്. 2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള ഷോപ്പ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള ഷോപ്പ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (ഭേദഗതി) ബിൽ, 2021-ലെ കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ എന്നിവയാണവ.

പൊതുവിൽ ചർച്ചയിൽ പങ്കെടുത്ത എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളും ക്ഷേമനിധി ബോർഡുകളെ ശക്തിപ്പെടുത്തുന്നതിനെയും അതിന്റെ ആനുകൂല്യം വർദ്ധിപ്പിക്കുന്നതിനെയും സംബന്ധിച്ച് വിലയേറിയ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൃത്യമായി ചില നിയമഭേദഗതികൾ പറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട അംഗങ്ങൾ ഉന്നയിച്ച അത്തരം ആവശ്യങ്ങൾ, തൊഴിലാളികൾക്ക് അനുകൂലമായും കാലഘട്ടത്തിനനുസൃതമായും വരുത്തേണ്ട മാറ്റങ്ങളെയും സാമ്പത്തിക ചെലവിനെയും സംബന്ധിച്ച കാര്യങ്ങൾ തുടങ്ങിയവ ബന്ധപ്പെട്ട ബോർഡുകൾ യോഗം ചേരുന്ന അവസരത്തിൽ ഗൗരവമായി ആലോചിക്കാം. പല അംഗങ്ങളും സൂചിപ്പിച്ചതുപോലെ വിവാഹ ധനസഹായമായി 5000 രൂപ, ഒരാൾ മരിച്ചാൽ കൊടുക്കുന്ന ധനസഹായം, മാരകമായ അസുഖം ബാധിച്ചാൽ നൽകുന്ന ധനസഹായം തുടങ്ങിയവയ്ക്കെല്ലാം നൽകുന്ന തുക വളരെ കുറവാണ്. ഇപ്പോൾ 4 ബില്ലിലും അംശദായം വർദ്ധിപ്പിക്കുന്നതിനുള്ള ഭേദഗതിയാണ് കൊണ്ടുവന്നിട്ടുള്ളത്. ഇത് അതത് ബോർഡുകളുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഇവിടെ ഉന്നയിക്കപ്പെട്ട ഭേദഗതി നിർദ്ദേശങ്ങളെല്ലാം ക്ഷേമനിധി ബോർഡുകളുടെകൂടി നിർദ്ദേശങ്ങളാണ്. കേരളത്തിലെ പ്രധാനപ്പെട്ട എല്ലാ ട്രേഡ് യൂണിയൻ പ്രതിനിധികളും ക്ഷേമനിധി ബോർഡിലെ അംഗങ്ങളാണ്. അത്തരത്തിൽ ക്ഷേമനിധി ബോർഡുകളുടെ നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ട് അവരുടെ പ്രവർത്തനം കുറച്ചുകൂടി മെച്ചപ്പെടുത്തുന്നതിനുവേണ്ടിയാണ് ഈ

നിലയിലുള്ള ഭേദഗതികൾ കൊണ്ടുവന്നിട്ടുള്ളത്. ക്ഷേമനിധി ബോർഡുകളുടെ ഫണ്ട് ഗവൺമെന്റിന്റെ ആവശ്യത്തിനുവേണ്ടി പലപ്പോഴും എടുക്കാറുണ്ടെന്നുള്ള അഭിപ്രായം ഇവിടെ ഉയരുകയുണ്ടായി. ഗവൺമെന്റ് ക്ഷേമനിധി ബോർഡിന്റെ ഫണ്ടൊന്നും എടുക്കാറില്ല. ക്ഷേമനിധി ബോർഡുകൾ ട്രഷറിയിൽ പണം നിക്ഷേപിക്കാറുണ്ട്; അതിനനുസരിച്ച് നല്ല പലിശയും ലഭിക്കുന്നുണ്ട്. അതല്ലാതെ ക്ഷേമനിധി ബോർഡുകളെ ബുദ്ധിമുട്ടിപ്പിക്കുന്ന നിലയിലുള്ള ഫണ്ടൊന്നും സംസ്ഥാന ഗവൺമെന്റ് എടുക്കുന്നതായി എവിടെയും പറഞ്ഞിട്ടില്ല. ക്ഷേമനിധി ബോർഡുകളെ സഹായിക്കുന്ന കാര്യത്തിലും ഗവൺമെന്റ് കാര്യമായ നിലപാടെടുക്കുന്നില്ലെന്ന വിമർശനം ശരിയല്ല. തൊഴിലാളി ക്ഷേമനിധി ബോർഡുകൾ മുഖേന രണ്ടുഘട്ടങ്ങളിലായി അംഗങ്ങളായ മുഴുവൻ തൊഴിലാളികൾക്കും സാമ്പത്തികസഹായം നൽകുകയുണ്ടായി. ഒന്നാംഘട്ടത്തിൽ 27,49,723 തൊഴിലാളികൾക്കായി 22,53,38,500 രൂപയും രണ്ടാംഘട്ടത്തിൽ 26,58,828 തൊഴിലാളികൾക്കായി 265,88,28,000 രൂപയും വിതരണം ചെയ്തു. ഗവൺമെന്റ് നന്നായിത്തന്നെ ക്ഷേമനിധി ബോർഡുകളെ സഹായിക്കുന്നുണ്ടെന്നാണ് ഈ കണക്കുകൾ സൂചിപ്പിക്കുന്നത്. മറ്റ് സംസ്ഥാനങ്ങളിലൊന്നും ഇത്തരം ആശ്വാസ നടപടികളുണ്ടായിട്ടില്ല.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

എഫ്.സി.ഐ-യുടെ ഗോഡൗണുകളിൽ എട്ടരക്കോടി ടൺ ഭക്ഷ്യധാന്യം സ്റ്റോക്കുണ്ടായിട്ടുപോലും പട്ടിണിയിലായ ദരിദ്രജനതയെ സഹായിക്കാൻ കേന്ദ്ര ഗവൺമെന്റ് ഒരു നടപടിയുമെടുക്കാത്ത സാഹചര്യത്തിലാണ്, കേരള ഗവൺമെന്റ് തൊഴിലാളികൾക്കുവേണ്ടിയും ബോർഡിനെ സഹായിക്കുന്നതിനുവേണ്ടിയും നടപടികൾ കൈക്കൊണ്ടതെന്ന കാര്യം സൂചിപ്പിക്കുകയാണ്. കഴിഞ്ഞ 5 വർഷക്കാലത്തിനിടയിൽ വർദ്ധനവൊന്നും നടത്തിയിട്ടില്ലെന്നുപറഞ്ഞത് ശരിയല്ല. അന്ന് അതിന്റെ ചുമതല വഹിച്ചിട്ടുള്ള മുൻമന്ത്രി ശ്രീ. ടി. പി. രാമകൃഷ്ണൻ ഇവിടെയുണ്ട്. എല്ലാ ക്ഷേമനിധി ബോർഡുകളുടെയും സാമ്പത്തികസ്ഥിതി പരിഗണിച്ചുകൊണ്ട് വർദ്ധനവ് വരുത്തിയിട്ടുണ്ട്. ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങൾ വളരെ കുറവാണെന്നും തൊഴിൽ വകുപ്പ് അതിനായി നടപടിയൊന്നും സ്വീകരിക്കുന്നില്ലെന്നും ചില ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിച്ചു. കേരളത്തിൽ പൊതുവിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള ട്രേഡ് യൂണിയനുകളുണ്ടല്ലോ. ഇവിടെ അവതരിപ്പിച്ച ബില്ലുകളുടെ ഭാഗമായി പ്രവർത്തിക്കുന്ന തൊഴിലാളി സംഘടനകൾ എല്ലാ ട്രേഡ് യൂണിയനുകൾക്കുമുണ്ട്. അവരെയെല്ലാം ഈ ക്ഷേമനിധിയിൽ ചേർക്കുകയെന്നുള്ളത് തൊഴിലാളി സംഘടനകളുടെ പ്രധാന ജോലിയുടെ ഭാഗമാണ്. തൊഴിൽ വകുപ്പ് എല്ലാ ജില്ലകളിലും അദാലത്തുകൾ നടത്തുകയും

തൊഴിലാളികളെ ക്ഷേമനിധിയിൽ ചേർക്കുന്നതിന് ക്യാമ്പ് സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്; എന്നാൽ ചില തൊഴിലാളികൾ മാനേജ്മെന്റിനെ ഭയന്ന് ക്ഷേമനിധി ബോർഡുകളിൽ ചേരാത്ത സാഹചര്യം നിലനിൽക്കുകയാണ്. അത്തരം സാഹചര്യം വരുമ്പോൾ തൊഴിലാളി സംഘടനകളാണ് ഇടപെടേണ്ടത്. തന്റെ സംഘടനയിൽ അംഗമായ തൊഴിലാളിയെ ഏതെങ്കിലുമൊരു ക്ഷേമനിധി ബോർഡിൽ അംഗമാക്കുകയെന്ന ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടതുണ്ട്. ഇക്കാര്യത്തിന് തൊഴിൽ വകുപ്പിനെമാത്രം കുറ്റംപറഞ്ഞിട്ട് കാര്യമില്ല. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട്. സംസ്ഥാനത്ത് 16 ക്ഷേമനിധി ബോർഡുകളിലായി 70 ലക്ഷത്തോളം പേർ അംഗങ്ങളാണ്. ക്ഷേമനിധി ബോർഡിന്റെ എണ്ണം കുറച്ചാൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവും മറ്റുപല ചെലവുകളും കുറയ്ക്കാൻ കഴിയുമെന്നും സമാനമായ ബോർഡുകൾ രണ്ടാക്കുകയോ അല്ലെങ്കിൽ രണ്ടുമൂന്ന് ബോർഡുകളെ ഒന്നാക്കുകയോ ചെയ്യണമെന്ന നിലയിലുമുള്ള നിർദ്ദേശങ്ങൾ വരികയുണ്ടായി. അക്കാര്യത്തിൽ ബന്ധപ്പെട്ട ട്രേഡ് യൂണിയനുകളുമായി പൊതുവിൽ കാര്യങ്ങൾ ചർച്ച ചെയ്ത് ആവശ്യമായ നടപടി സ്വീകരിക്കാൻ കഴിയുന്നതാണ്. അംശദായ വർദ്ധനവ് തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടിയാണുള്ളത്. തോട്ടം തൊഴിലാളികളെക്കുറിച്ചും അവരുടെ ലയങ്ങളെക്കുറിച്ചും ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ചും കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് പ്രഖ്യാപിച്ച പ്ലാന്റേഷൻ പോളിസി നടപ്പിലാക്കുന്നതിനെക്കുറിച്ചുമെല്ലാം ഇന്നത്തെ ചോദ്യോത്തരവേളയിൽ മറുപടിയായി പറഞ്ഞിട്ടുണ്ട്. അതനുസരിച്ച് കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമെന്നാണ് വിചാരിക്കുന്നത്. ക്ഷേമനിധികളെ സംബന്ധിച്ചിടത്തോളം പൊതുവിൽ ചില അഭിപ്രായങ്ങൾ വരികയുണ്ടായി. ഓരോ ക്ഷേമനിധിയും പ്രത്യേക നിയമത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതുകൊണ്ടുതന്നെ അതിന്റെ പ്രവർത്തനരീതിയിലും പ്രവർത്തനശൈലിയിലും വ്യത്യാസമുണ്ട്. ഇ.എസ്.ഐ. ആശുപത്രി ആരംഭിക്കുന്നതിനെക്കുറിച്ച് സൂചിപ്പിച്ചു, എന്താണ് അക്കാര്യത്തിലുണ്ടായതെന്ന് പരിശോധിക്കാം. പുതിയ ഇ.എസ്.ഐ. ആശുപത്രി തുടങ്ങുന്നതുസംബന്ധിച്ച് കേന്ദ്രഗവൺമെന്റ് അനുകൂലമായ നിലപാടല്ല സ്വീകരിക്കുന്നത്. ക്ഷേമപദ്ധതിയിലെ അംഗങ്ങൾക്ക് അവരുടെ അംശദായം അടയ്ക്കുന്നതിൽ ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. അംശദായം അടയ്ക്കാതെ വന്നാൽ അവരുടെ മെമ്പർഷിപ്പ് ക്യാൻസലാകുകയും മറ്റ് ആനുകൂല്യങ്ങൾ ലഭിക്കാതെയും വരും. കോടിക്കണക്കിന് രൂപയാണ് അംശദായത്തിന്റെ കുടിശ്ശികയായി ഓരോ ക്ഷേമനിധി ബോർഡിലുമുള്ളത്. നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിലുണ്ടായിട്ടുള്ള വലിയ കുടിശ്ശിക പിരിച്ചെടുക്കണമെങ്കിൽ തൊഴിലാളി

സംഘടനകളുടെ സഹായം ആവശ്യമാണ്. സിവിൽ സർവ്വീസ് പോലുള്ള പരീക്ഷയെഴുതുന്നതിന് തൊഴിലാളികളുടെ മക്കളെ പ്രാപ്തരാക്കുന്നതിനുള്ള സൗകര്യങ്ങൾ ചെയ്യണമെന്ന നിർദ്ദേശം വന്നിട്ടുണ്ട്. ദേശീയാടിസ്ഥാനത്തിൽ നടത്തുന്ന വിവിധ പരീക്ഷകൾ എഴുതുന്നതിനുവേണ്ടി തൊഴിലാളി കുടുംബങ്ങളിലെ കുട്ടികളെ പ്രാപ്തമാക്കുന്ന ഒരു കോഴ്സ് സിവിൽ സർവ്വീസ് അക്കാഡമി എന്ന നിലയിൽ Kerala Institute of Labour and Employment (KILE) ആരംഭിച്ചിട്ടുണ്ട്; അത് പ്രയോജനപ്പെടുത്താൻ കഴിയുന്നതാണ്. വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് ലൈബ്രറി സൗകര്യങ്ങൾക്കുവേണ്ടി 14 കോടി രൂപ അനുവദിക്കുകയും എല്ലാ സ്കൂളുകൾക്കും ആവശ്യമായ പുസ്തകങ്ങൾ വാങ്ങിക്കൊടുക്കുകയും ചെയ്യുന്നുണ്ട്. ലാബ് അസിസ്റ്റന്റുമാരുമായി ബന്ധപ്പെട്ട് സൂചിപ്പിച്ച പ്രശ്നങ്ങളെക്കുറിച്ച് പരിശോധിക്കുന്നതാണ്. ഇപ്പോൾ പ്ലസ് വൺ, പ്ലസ് ടു, എസ്.എസ്.എൽ.സി. എന്നിവ ഒരുമിച്ചായതിനുശേഷം എല്ലാ നിലയിലും പ്രവർത്തനമാരംഭിച്ചിട്ടില്ല എന്ന അഭിപ്രായം വന്നു. ഖാദർ കമ്മീഷൻ റിപ്പോർട്ട് സാവകാശം നടപ്പിലാക്കിയതിനുശേഷം മാത്രമെ അത് പൂർണ്ണതയിലേയ്ക്ക് എത്തിക്കാൻ കഴിയുകയുള്ളൂ. അംശദായത്തിൽ തൊഴിലാളി വിഹിതം വർദ്ധിപ്പിക്കുന്നതോടൊപ്പംതന്നെ സർക്കാർ വിഹിതം വർദ്ധിപ്പിക്കാതെ 75 ശതമാനമായി പരിമിതപ്പെടുത്താൻ ഉദ്ദേശിക്കുന്നുവെന്ന് ബഹുമാന്യരായ അംഗങ്ങൾ സൂചിപ്പിച്ചു. സർക്കാർ വിഹിതം 75 ശതമാനമായി പരിമിതപ്പെടുത്തിയെങ്കിലും തൊഴിലാളി വിഹിതത്തിന്റെ എത്രയോ ഇരട്ടി ധനസഹായമാണ് സർക്കാർ ബോർഡ് മുഖാന്തരം നൽകിവരുന്നത്. അതായത് അവരെ സാമ്പത്തികമായി സഹായിക്കുന്ന പദ്ധതിപ്രകാരം ധനസഹായമായി നടപ്പുസാമ്പത്തികവർഷം 5 കോടി രൂപയും കോവിഡ്-19 പശ്ചാത്തലത്തിൽ ഒരു തൊഴിലാളിക്ക് 1000 രൂപ എന്ന ക്രമത്തിൽ 9 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ പെൻഷൻ പൂർണ്ണമായി സർക്കാർ സഹായത്തോടുകൂടിയാണ് നൽകുന്നത്. മറ്റ് ആനുകൂല്യങ്ങളും ഗവൺമെന്റിന്റെ സഹായത്തോടുകൂടിയാണ് നൽകുന്നത്. കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് ലേബർ വെൽഫയർ ഫണ്ട് ബോർഡുമായി ലയിപ്പിക്കുന്നതുവഴി പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന സാമ്പത്തിക താങ്ങൽ ധനസഹായം നഷ്ടമാകുമെന്ന് അംഗങ്ങൾ ആശങ്കപ്പെടുകയുണ്ടായി. ലേബർ വെൽഫയർ ഫണ്ട് ബോർഡുമായി ലയിപ്പിച്ചാലും കേരള ഈറ്റ, കാട്ടുവള്ളി, തഴ ക്ഷേമനിധി സ്കീം പ്രത്യേകമായി നിലനിർത്തുന്നതിനാൽ ഈ മേഖലയിലെ തൊഴിലാളികൾക്ക് സാമ്പത്തികമായി എല്ലാനിലയിലുമുള്ള സഹായങ്ങൾ ലഭിക്കുമെന്നും അതുസംബന്ധിച്ചുള്ള ആശങ്ക വേണ്ടെന്നും വ്യക്തമാക്കുകയാണ്. 2021-ലെ കേരള ഷോപ്പ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലിനെ സംബന്ധിച്ചിടത്തോളം നിരവധി അഭിപ്രായങ്ങൾ

ഉയർന്നുവന്നു. ആകർഷകമായ ആനുകൂല്യങ്ങൾ ഇപ്പോഴും ബോർഡ് നൽകിവരുന്നുണ്ട്. കേരള ഷോപ്പ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ബോർഡ് നിലവിൽ താഴെപ്പറയുന്ന ആനുകൂല്യങ്ങളാണ് നൽകിവരുന്നത്.

പെൻഷൻ-1600 രൂപ, വിവാഹാനുകൂല്യം-7500 രൂപ, വിദ്യാഭ്യാസാനുകൂല്യം 1000 മുതൽ 3500 രൂപ വരെ, ചികിത്സാ ധനസഹായം - 10000 രൂപ, മരണാനന്തര ചെലവ് - 5000 രൂപ. പ്രതിമാസം ഒരു കോടിയോളം രൂപയാണ് മേൽ ആനുകൂല്യങ്ങൾക്കായി വേണ്ടിവരുന്നത്. അംശദായം കാലാകാലങ്ങളിൽ വർദ്ധിപ്പിക്കുമ്പോൾ വർദ്ധിപ്പിച്ച നിരക്കിൽ ആനുകൂല്യങ്ങൾ നൽകുവാൻ സാധിക്കും. ഒന്നാംഘട്ട കോവിഡ് ധനസഹായമായി രജിസ്റ്റേർഡ് അംഗങ്ങൾക്ക് 1000 രൂപയും കോവിഡ് ബാധിച്ചവർക്ക് 10,000 രൂപയും ക്വാറന്റൈനിൽ കഴിഞ്ഞവർക്ക് 5000 രൂപയും രണ്ടാംഘട്ട ധനസഹായമെന്നുള്ള നിലയിൽ 1000 രൂപയും കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. നിലവിൽ ഒരു പ്രത്യേക തൊഴിലുടമയുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്കും സ്വയംതൊഴിൽ ചെയ്യുന്നവർക്കും ഷോപ്പ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് വർക്കേഴ്സ് വെൽഫയർ ആക്ട് പ്രകാരം ക്ഷേമനിധിയിൽ അംഗത്വമെടുക്കാൻ കഴിയുന്നതാണ്. കേരള ചെറുകിട തോട്ടം തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഇവിടെ ബഹുമാനപ്പെട്ട മെമ്പർമാർ നിരവധി നല്ല അഭിപ്രായങ്ങൾ പറഞ്ഞു.

ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിലെ തൊഴിലാളിയും തൊഴിലുടമയും ഓരോ അർദ്ധ വർഷത്തേയ്ക്കും 120 രൂപയിൽനിന്നും 180 രൂപയായും സ്വയം തൊഴിൽ ചെയ്യുന്നവരുടെ വിഹിതം അർദ്ധ വർഷത്തേയ്ക്ക് 180 രൂപയായും വർദ്ധിപ്പിക്കുന്നതാണ് ഭേദഗതി. പെൻഷനായി 1,500 രൂപയാണ് നൽകുന്നത്. വിവാഹ ധനസഹായത്തിനായി അനുവദിക്കുന്ന തുക വളരെ കുറവാണ്. ഇന്നത്തെ കാലഘട്ടത്തിനനുസരിച്ച് ഇത്തരം ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കേണ്ടതുണ്ട്. ഇപ്പോൾ കുടുംബ പെൻഷനായി തുച്ഛമായ തുകയാണ് നൽകുന്നത്. അവശതാ പെൻഷനായി നൽകുന്ന 200 രൂപയും കുടുംബ പെൻഷനായി നൽകുന്ന 150 രൂപയും കുറവാണ്. മരണാനന്തര ധനസഹായമായി നൽകുന്ന 10,000 രൂപ എന്നതും മാറ്റേണ്ടതായിട്ടുണ്ട്. അംശദായ വർദ്ധനവിലൂടെ മിക്ക ആനുകൂല്യങ്ങളും വർദ്ധിപ്പിച്ചുനൽകാൻ കഴിയുമെന്നാണ് കരുതുന്നത്. 2021-ലെ കേരള ഷോപ്പ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (ഭേദഗതി) ബില്ലിൽ കേരള ഷോപ്പ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ ക്ഷേമകാര്യങ്ങളെക്കുറിച്ചാണ് സൂചിപ്പിക്കുന്നത്. ടി ആക്ടിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളിലെ സ്ത്രീ തൊഴിലാളികൾ ഉൾപ്പെടെയുള്ള എല്ലാ

തൊഴിലാളികൾക്കും ഇരിക്കുന്നതിനുള്ള സൗകര്യം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട ഭേദഗതി ടി ആക്ട് പ്രകാരം ശ്രീ. ടി. പി. രാമകൃഷ്ണൻ മന്ത്രിയായിരുന്ന സമയത്ത് നടപ്പിലാക്കിയിട്ടുണ്ട്. മേൽ തൊഴിലാളികൾക്ക് വിശ്രമിക്കുന്നതിനാവശ്യമായ റസ്റ്റ് റൂം, ഹോസ്റ്റൽ സൗകര്യമുൾപ്പെടെയുള്ള നിരവധി വ്യവസ്ഥകൾ എന്നിവ ഈ നിയമത്തിലുൾപ്പെടുത്തിയിട്ടുണ്ട്. ഈ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് സർക്കാർ നിശ്ചയിച്ച മിനിമം വേതനം ലഭിക്കുന്നുണ്ടോയെന്ന് തൊഴിൽ വകുപ്പിലെ അസിസ്റ്റന്റ് ലേബർ ഓഫീസർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ കാലാകാലങ്ങളിൽ പരിശോധന നടത്തുകയും മിനിമം വേതനം കിട്ടാത്ത സാഹചര്യത്തിൽ ആവശ്യമായ നിയമനടപടിയിലൂടെ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. സംസ്ഥാനത്തെ ചുമട്ടുതൊഴിലാളികളെ സംബന്ധിച്ചിടത്തോളം ശ്രീ. കെ. കെ. രാമചന്ദ്രനും ശ്രീ. എൻ. എ. നെല്ലിക്കുന്നും തൊഴിലാളികളുടെ ഭാഗത്തുനിന്ന് ആത്മാർത്ഥതയോടെ ആവേശമുളവാക്കുന്ന രീതിയിൽ നടത്തിയ അഭിപ്രായപ്രകടനങ്ങളെ സ്വാഗതം ചെയ്യുന്നു. സംസ്ഥാനത്തെ ചുമട്ടുതൊഴിലാളികൾ, ആ മേഖലയിൽ പ്രവർത്തിക്കുന്ന ട്രേഡ് യൂണിയനുകളുടെ നിരന്തരമായ ഇടപെടലിന്റെയും പരിശ്രമത്തിന്റെയും ഫലമായി സാമൂഹിക ഉത്തരവാദിത്വം നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന വിഭാഗമായി മാറിക്കൊണ്ടിരിക്കുകയാണ്. അവരെ ഏതെങ്കിലും രാഷ്ട്രീയ പാർട്ടികൾ മറ്റെന്തെങ്കിലും ആവശ്യത്തിനുവേണ്ടി പ്രയോജനപ്പെടുത്തുന്നുവെന്ന അഭിപ്രായമില്ല. തങ്ങൾക്ക് സമൂഹത്തോട് ഉത്തരവാദിത്വമുണ്ടെന്ന ബോധം തൊഴിലാളികളുടെയിടയിൽ ഉയർന്നുവരുന്നുണ്ട്. ചുമട്ടുതൊഴിലാളികളെ സംബന്ധിച്ച് ചില ആക്ഷേപങ്ങൾ പത്ര-ദൃശ്യ മാധ്യമങ്ങളിൽ ഉയർന്നുവരാറുണ്ട്. കഴിഞ്ഞ ദിവസം തിരുവനന്തപുരം ജില്ലയിലെ ഒരു സ്ഥലത്ത് പട്ടുകുറ്റൻ വാഹനത്തിൽ ഒരു യന്ത്രം വന്നു. അത് ഇറക്കുന്നതുമായി ബന്ധപ്പെട്ട് ചില തർക്കങ്ങൾ ഉയർന്നുവന്നിരുന്നു. ആരാണ് തർക്കിച്ചതെന്നോ തടസ്സംനിന്നതെന്നോ മനസ്സിലാക്കാതെ ചുമട്ടുതൊഴിലാളികൾ വാഹനത്തെ തടഞ്ഞിട്ടിരിക്കുന്നുവെന്ന ബ്രേക്കിംഗ് ന്യൂസ് മാധ്യമങ്ങളിൽ വന്നുകൊണ്ടിരുന്നു. ഇക്കാര്യം വിശദമായി അന്വേഷിച്ചപ്പോഴാണ് ചുമട്ടുതൊഴിലാളികളല്ല നാട്ടുകാരാണ് ഇത് തടഞ്ഞതെന്ന കാര്യം മനസ്സിലാക്കാൻ സാധിച്ചത്. ഇതുപോലെയാണ് പലകാര്യങ്ങളിലും സംഭവിക്കുന്നത്. കാര്യങ്ങൾ മനസ്സിലാക്കാതെ എവിടെയെങ്കിലും എന്തെങ്കിലും കാര്യങ്ങൾ നടന്നാൽ അത് ചുമട്ടുതൊഴിലാളികളുടെ തലയിൽ കൊണ്ടുവയ്ക്കുന്ന നിലവിലെ രീതിക്ക് മാറ്റം വരണം. പത്രമാധ്യമങ്ങളിൽ വരുന്ന വാർത്തകളാണ് ചില സമയങ്ങളിൽ കോടതിയും വിശ്വസിക്കുന്നത്. ബഹുമാനപ്പെട്ട കോടതിയെ ഇതിന്റെ നിജസ്ഥിതി ബോദ്ധ്യപ്പെടുത്തുന്നതിന് തൊഴിൽ വകുപ്പ് പരിശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. ചെയ്യാത്ത ജോലിക്ക് തൊഴിലാളികൾ കൂലിയാവശ്യപ്പെടുന്നതും കാശ് കൈപ്പറ്റുന്നതും നിയമവിരുദ്ധമായി പ്രഖ്യാപിച്ച്

സർക്കാർ 30-4-2018-ൽ ഉത്തരവിറക്കിയിട്ടുണ്ട്. എങ്കിലും നോക്കുകൂലി സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടാൽ തൊഴിൽ വകുപ്പുദ്യോഗസ്ഥർ പ്രശ്നത്തിലിടപെടുകയും അമിതമായോ അനർഹമായോ വാങ്ങിയ കൂലി ഉടമയ്ക്ക് തിരികെക്കൊടുക്കാനും കേരള ചുമട്ടുതൊഴിലാളി ചട്ടം 26(A) അനുശാസിക്കുന്ന വിധത്തിൽ തൊഴിലാളികളുടെ രജിസ്ട്രേഷൻ കാർഡ് റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ തൊഴിലുടമയെ അധിക്ഷേപിക്കുകയോ ഭീഷണിപ്പെടുത്തുകയോ ആക്രമിക്കുകയോ ചെയ്യുന്നതായുള്ള പരാതികൾ ഉടൻ പോലീസിന് കൈമാറി ഉചിതമായ നിയമനടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തതിട്ടുള്ളത് 57,986 തൊഴിലാളികളാണ്. കഴിഞ്ഞ ഒരു വർഷത്തിനിടയിൽ 5413 പേർക്ക് ക്ഷേമനിധി ബോർഡുവഴി രജിസ്ട്രേഷൻ കാർഡ് നൽകുകയുണ്ടായി. കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ നോക്കുകൂലിയുമായി ബന്ധപ്പെട്ട് തൊഴിൽ വകുപ്പിന് ലഭിച്ച പരാതിയുടെ കാര്യമാണ് ഞാൻ സൂചിപ്പിച്ചത്. കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ നോക്കുകൂലിയുമായി ബന്ധപ്പെട്ട് 17 (തിരുവനന്തപുരം-13, കോട്ടയം-3, എറണാകുളം -1) പരാതികളാണ് തൊഴിൽ വകുപ്പിന് ലഭിച്ചത്. ചുമട്ടുതൊഴിലാളികളുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ആറ് (തിരുവനന്തപുരം-4, കൊല്ലം-2) പണിമുടക്കുകളാണ് നടന്നിട്ടുള്ളത്. ഞാൻ ചുമതലയേറ്റതിനുശേഷം നാലുതവണ ട്രേഡ് യൂണിയൻ നേതാക്കളുമായി യോഗങ്ങൾ ചേരുകയും ആ യോഗത്തിൽ എല്ലാ ട്രേഡ് യൂണിയനുകളും ഒറ്റക്കെട്ടായിനിന്ന് ജോലി ചെയ്യാതെ കാശുവാങ്ങുന്നതിനെ എതിർക്കുന്ന നിലപാട് സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. തൊഴിലാളികൾ സാമൂഹ്യപ്രതിബദ്ധതയോടെ പ്രവർത്തിക്കണം. തൊഴിലാളികൾ അവരുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഉറച്ച നിലപാട് സ്വീകരിക്കാൻ തയ്യാറാകുമ്പോൾത്തന്നെ സമൂഹത്തിലെ എല്ലാ ജനവിഭാഗങ്ങളോടുമുള്ള അവരുടെ ഉത്തരവാദിത്വം മറന്നുപോകാൻ പാടില്ലെന്ന ഉറച്ചനിലപാടാണ് സംസ്ഥാനത്തെ വിവിധ ട്രേഡ് യൂണിയനുകളും എടുത്തിട്ടുള്ളത്. ചെയ്യാത്ത ജോലിക്ക് വേതനം കൈപ്പറ്റുന്നതിനെ ഒരു ട്രേഡ് യൂണിയനും അനുകൂലിക്കില്ല. എല്ലാ ട്രേഡ് യൂണിയനുകളും നോക്കുകൂലിയെ എതിർക്കുകയാണ്. നിയമപരമായി ചുമട്ടുതൊഴിലാളികൾക്ക് ലഭിക്കേണ്ട വേതനം സംബന്ധിച്ച് പൊതുജനങ്ങളുടെയിടയിൽ അവബോധമുണ്ടാക്കുന്നതിന് നോക്കുകൂലി പ്രവണതയ്ക്കെതിരെ എല്ലാ ജില്ലകളിലും നോക്കുകൂലി വിരുദ്ധ അവബോധ ക്ലാസ്സുകൾ ക്ഷേമനിധി ബോർഡ് മുഖേന സംഘടിപ്പിക്കാൻ തീരുമാനിച്ചു. ജോലി ചെയ്യാതെ കൂലിവാങ്ങുന്ന സമ്പ്രദായം തൊഴിലാളി വർഗ്ഗത്തിനുതന്നെ അപമാനമുണ്ടാക്കുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഇടയ്ക്കിടെ ഉയർന്നുവരാറുള്ള നോക്കുകൂലിയെന്ന ആക്ഷേപം പൂർണ്ണമായി ഒഴിവാക്കി ചുമട്ടുതൊഴിലാളികളെ ഒരു സാഹചര്യത്തിലും അപമാനിക്കാൻ ഇടയാകുന്ന

യാതൊരു രീതിയും തൊഴിലിന്റെ ഭാഗമായി ഉണ്ടാകാൻ പാടില്ലെന്ന ഉറച്ച നിലപാടിലേയ്ക്കാണ് തൊഴിലാളി സംഘടനകൾ എത്തിച്ചേർന്നത്. മാന്യമായി തൊഴിൽ ചെയ്യുന്നതിനും മറ്റ് വിഭാഗങ്ങളോട് മാന്യമായി ഇടപെടുന്നതിനും ഈ വിഭാഗം തൊഴിലാളികൾക്ക് സാധിക്കുമെന്ന കാര്യത്തിൽ ഉറപ്പുണ്ട്. മാത്രമല്ല, സർക്കാരിന്റെ ആഹ്വാനമനുസരിച്ച് സാമൂഹ്യപ്രവർത്തനങ്ങളിലും ജീവകാരുണ്യ പ്രവർത്തനങ്ങളിലും നല്ലരീതിയിൽ ഇടപെടുന്നവരാണ് സംസ്ഥാനത്തെ ചുമട്ടുതൊഴിലാളികളും അവരുടെ സംഘടനകളും. 2018-ലെ പ്രളയകാലത്തും കോവിഡ് കാലത്തും ജനങ്ങൾക്ക് സഹായമെത്തിക്കുന്നതിലും ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിലും ചുമട്ടുതൊഴിലാളികൾ പ്രകടിപ്പിച്ച ധീരതയും ആത്മാർത്ഥതയും ഓർക്കേണ്ടതാണ്. സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ തീരുമാനമെടുത്തപ്പോൾ ദീർഘകാലമായി അടഞ്ഞുകിടന്നിരുന്ന സ്കൂളുകൾ വൃത്തിയാക്കുന്നതിനും പഠനയോഗ്യമാക്കുന്നതിനും സംസ്ഥാനത്തെ എല്ലാവിഭാഗം തൊഴിലാളികളുടെയും സഹകരണം തൊഴിൽ വകുപ്പുമന്ത്രിയെന്ന നിലയിൽ ഞാൻ അഭ്യർത്ഥിച്ചപ്പോൾ യാതൊരു മടിയും കൂടാതെ സ്കൂളുകൾ വൃത്തിയാക്കുകയും സ്കൂളുകളെ സാധാരണ നിലയിൽ കൊണ്ടുവരുന്നതിന് ആത്മാർത്ഥമായി സഹായിക്കുകയും ചെയ്ത ഈ വിഭാഗം തൊഴിലാളികളുടെ മനോഭാവം ഏവർക്കും മാതൃകാപരമാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അറ്റാച്ച്ഡ് ലേബേഴ്സിന്റെ കാർഡിനെ സംബന്ധിച്ച് എന്തുചെയ്യാൻ സാധിക്കുമെന്നതിനെക്കുറിച്ച് ട്രേഡ് യൂണിയനുകളുടെ യോഗത്തിൽ ആലോചിക്കാൻ കഴിയുന്നതാണ്. ഈ ബില്ലുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങളെക്കുറിച്ച് സബ്ജക്ട് കമ്മിറ്റി ചർച്ചചെയ്ത് ആവശ്യമായ തീരുമാനം കൈക്കൊള്ളുമെന്ന് പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), 2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) സംബന്ധിച്ച ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

(ബഹുമാനപ്പെട്ട അംഗം സീറ്റിലില്ലാതിരുന്നതിനാൽ പ്രസ്സ് ചെയ്തില്ല.)

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച നിരാകരണ പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ്, 2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ സംബന്ധിച്ച അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. സനീഷ് കുമാർ ജോസഫ് അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജി. സ്റ്റീഫൻ, അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ജി. സ്റ്റീഫൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. ജി. സ്റ്റീഫൻ അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2021-ലെ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിഗണനയ്ക്കയയ്ക്കുന്നു.

ഡോ. എം. കെ. മുനീർ, 2021-ലെ കേരള ഷോപ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) സംബന്ധിച്ച ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ഡോ. എം. കെ. മുനീർ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഡോ. എം. കെ. മുനീർ അവതരിപ്പിച്ച നിരാകരണ പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, 2021-ലെ കേരള ഷോപ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ സംബന്ധിച്ച അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

(ബഹുമാനപ്പെട്ട അംഗം സീറ്റിലില്ലാതിരുന്നതിനാൽ പ്രസ്സ് ചെയ്തില്ല.)

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ആൻസലൻ, അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

(ബഹുമാനപ്പെട്ട അംഗം സീറ്റിലില്ലാതിരുന്നതിനാൽ പ്രസ്സ് ചെയ്തില്ല.)

ശ്രീ. കെ. ആൻസലൻ അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2021-ലെ കേരള ഷോപ്പ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിഗണനയ്ക്കയയ്ക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം, 2021-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി) സംബന്ധിച്ച ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച നിരാകരണ പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. എം. മണി, 2021-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ സംബന്ധിച്ച അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. എം. മണി: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. എം. മണി അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2021-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റി-VII-ന്റെ പരിഗണനയ്ക്കയയ്ക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, 2021-ലെ കേരള ഷോപ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (ഭേദഗതി) സംബന്ധിച്ച ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച നിരാകരണ പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ജോയി, 2021-ലെ കേരള ഷോപ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (ഭേദഗതി) ബിൽ സംബന്ധിച്ച അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

(ബഹുമാനപ്പെട്ട അംഗം സീറ്റിലില്ലാതിരുന്നതിനാൽ പ്രസ്സ് ചെയ്തില്ല.)

ശ്രീ. വി. ജോയി അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോട പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ഇ. കെ. വിജയൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. ഇ. കെ. വിജയൻ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2021-ലെ കേരള ഷോപ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (ഭേദഗതി) ബിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിഗണനയ്ക്കയയ്ക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), 2021-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) സംബന്ധിച്ച ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

(ബഹുമാനപ്പെട്ട അംഗം സീറ്റിലില്ലാതിരുന്നതിനാൽ പ്രസ്സ് ചെയ്തില്ല.)

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) അവതരിപ്പിച്ച നിരാകരണ പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്, 2021-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ സംബന്ധിച്ച അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. കെ. രാമചന്ദ്രൻ, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. കെ. രാമചന്ദ്രൻ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2021-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിഗണനയ്ക്കയയ്ക്കുന്നു.

ഓർഡർ.......ഓർഡർ........ സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2021 നവംബർ മാസം 02-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 5.33-ന് പിരിഞ്ഞു.)

## അനുബന്ധം - 1

ബഹു. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച 25-10-2021-ലെ 267-ാം നമ്പർ നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

**നീതി ആയോഗിന്റെ സ്കൂൾ വിദ്യാഭ്യാസ ഗുണനിലവാര സൂചികയിൽ സംസ്ഥാനത്തിന് മികവ്**

*267 ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. പി. വി. അൻവർ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രഥമ ഡിജിറ്റൽ സംസ്ഥാനം എന്ന നേട്ടം കൈവരിച്ച സംസ്ഥാനത്തിന് നീതി ആയോഗിന്റെ സ്കൂൾ വിദ്യാഭ്യാസ ഗുണനിലവാര സൂചികയിൽ മികവ് പുലർത്താനായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലും വിവര സാങ്കേതികവിദ്യാധിഷ്ഠിത ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തിയതിനോടൊപ്പം ഡിജിറ്റൽ പഠന വിഭവങ്ങൾ ഫലപ്രദമായി വിനിയോഗിക്കുന്നതിന് അദ്ധ്യാപകരെയും പഠിതാക്കളെയും പ്രാപ്തരാക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(സി) നൂറുദിന പരിപാടിയിൽ അടിസ്ഥാന സൗകര്യ വികസനത്തിൽ കൈവരിച്ച നേട്ടം അറിയിക്കാമോ; അടിസ്ഥാന സൗകര്യ വികസനത്തിൽ കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് എത്ര തുക ചെലവഴിച്ചുവെന്നതിന്റെ കണക്ക് ലഭ്യമാണെങ്കിൽ നൽകാമോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, (എ) ഉണ്ട്. നീതി ആയോഗ് നടത്തിയ പഠനത്തിൽ കേരളത്തിലെ പൊതുവിദ്യാലയങ്ങൾ രാജ്യത്ത് ഒന്നാം സ്ഥാനത്താണ്. നീതി ആയോഗിന്റെയും കേന്ദ്രമാനവ വിഭവശേഷി വികസന വകുപ്പിന്റെയും സഹായത്തോടെ 2019 സെപ്റ്റംബർ 30-ന് പ്രസിദ്ധീകരിച്ച സ്കൂൾ വിദ്യാഭ്യാസ ഗുണനിലവാര സൂചികയനുസരിച്ച് 82.17 ശതമാനം സൂചികയോടുകൂടി കേരളം സംസ്ഥാനങ്ങളുടെ പട്ടികയിൽ ഒന്നാം സ്ഥാനത്താണ്. ആകെ 965 സ്കോറിൽ 82.17 ശതമാനം നേടിയാണ് കേരളം മുന്നിലെത്തിയത്. പഠനനേട്ടങ്ങൾ, ഭൗതിക സാഹചര്യങ്ങളിലെ നേട്ടങ്ങൾ, തുല്യതയിലുള്ള നേട്ടങ്ങൾ, അദ്ധ്യാപക ലഭ്യത, വിദ്യാഭ്യാസ നിർവ്വഹണം, പരിശീലനം, സമഗ്രശിക്ഷാ കേരളം വഴിയുള്ള

വിദ്യാഭ്യാസ രംഗത്തെ പ്രവർത്തന നിർവ്വഹണം എന്നിങ്ങനെ 30 സൂചകങ്ങളെ അടിസ്ഥാനമാക്കിയാണ് നീതി ആയോഗ് എല്ലാ സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും പ്രകടനത്തെ വിലയിരുത്തിയത്.

(ബി) സ്കൂളുകളിലെ അടിസ്ഥാനസൗകര്യ വികസനവും ഐ.ടി. അടിസ്ഥാന സൗകര്യ ലഭ്യതയും ഉറപ്പുവരുത്തുന്നതിനോടൊപ്പം ഒന്നു മുതൽ പന്ത്രണ്ടു വരെ ക്ലാസ്സുകളിലെ പാഠഭാഗങ്ങൾക്ക് അനുയോജ്യമായ ഡിജിറ്റൽ വിഭവങ്ങളും കൈറ്റ് സജ്ജമാക്കി 'സമഗ്ര' ഡിജിറ്റൽ വിഭവ പോർട്ടൽ മുഖേന എല്ലാ അദ്ധ്യാപകർക്കും പ്രയോജനപ്പെടുന്ന തരത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. ക്ലാസ്സ്മുറികളിലെ ഹൈടെക് ഉപകരണങ്ങൾ പ്രയോജനപ്പെടുത്തി പാഠവിനിമയം നടത്തുന്നതിന് ഡിജിറ്റൽ വിഭവങ്ങൾ അനിവാര്യമാണ്. പാഠഭാഗങ്ങൾക്കനുസൃതമായി അദ്ധ്യാപകർക്കാവശ്യമായ ഡിജിറ്റൽ വിഭവങ്ങൾ സമഗ്ര പോർട്ടലിലൂടെ ലഭ്യമാക്കിയതിനോടൊപ്പം ഈ വിഭവങ്ങൾ സ്വയം നിർമ്മിക്കുന്നതിനാവശ്യമായ സാങ്കേതിക പരിശീലനവും അദ്ധ്യാപകർക്ക് നൽകിയിട്ടുണ്ട്. ഇമേജ് എഡിറ്റിംഗ്, ഓഡിയോ-വീഡിയോ റെക്കോർഡിംഗ് & എഡിറ്റിംഗ്, ഇന്ററാക്ടീവ് വിഭവങ്ങളുടെ നിർമ്മാണം എന്നീ മേഖലകളിൽ അദ്ധ്യാപകർക്ക് കൈറ്റ് പരിശീലനം നൽകിയിട്ടുണ്ട്. ക്ലാസ്സ്മുറികൾ ഹൈടെക്കായതിനൊപ്പം പരമ്പരാഗത അദ്ധ്യാപന രീതിയിലും മാറ്റം വരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്. പാഠാസൂത്രണങ്ങളും സൂക്ഷ്മാസൂത്രണങ്ങളും സാങ്കേതിക വിദ്യാസൗഹൃദമായി സമർപ്പിക്കുന്നതിനും അവ പരിശോധിക്കുന്നതിനും ഓരോ ക്ലാസ്സ്മുറിയിലും വിഭവങ്ങൾ ഉപയോഗിച്ച് പഠനപ്രവർത്തനങ്ങൾ നടത്തിയശേഷം റിഫ്ലക്ഷൻ നോട്ട് ഉൾപ്പെടുത്തുന്നതിനുമുള്ള സംവിധാനങ്ങളും സമഗ്ര വിഭവ പോർട്ടലിൽ നൽകിയിട്ടുണ്ട്.

(സി) സർക്കാരിന്റെ നൂറുദിന കർമ്മ പദ്ധതിയിലുൾപ്പെടുത്തി പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി കിഫ്ബിയുടെ 5 കോടി ധനസഹായത്തോടെ നിർമ്മാണം പൂർത്തിയാക്കിയ 11 സ്കൂൾ കെട്ടിടങ്ങളും 3 കോടി കിഫ്ബി ധനസഹായത്തോടെ നിർമ്മിച്ച 23 സ്കൂൾ കെട്ടിടങ്ങളും പ്ലാൻ ഫണ്ടും മറ്റ് ഫണ്ടുകളും പ്രയോജനപ്പെടുത്തിയുള്ള 58 സ്കൂൾ കെട്ടിടങ്ങളുൾപ്പെടെ 92 സ്കൂൾ കെട്ടിടങ്ങളുടെ ഉദ്ഘാടനവും 107 സ്കൂൾ കെട്ടിടങ്ങളുടെ ശിലാസ്ഥാപനവും 14-9-2021-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിച്ചു. കൂടാതെ, ഹയർ സെക്കൻഡറി വിഭാഗം പ്ലാൻ ഫണ്ട് ഉപയോഗിച്ച് നിർമ്മാണം പൂർത്തിയാക്കിയ 48 ലാബുകളുടെയും 3 ലൈബ്രറികളുടെയും ഉദ്ഘാടനവും അതോടൊപ്പം നടന്നു. അടിസ്ഥാന സൗകര്യ വികസനത്തിനായി കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് പൊതുവിദ്യാലയങ്ങൾക്ക് കിഫ്ബി വഴി 5 കോടി, 3 കോടി, 1 കോടി പദ്ധതികളിലുൾപ്പെടുത്തി 2075.5 കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്.

2016-17 മുതൽ 2020-21 വരെ ചെലവഴിച്ച തുകയുടെയും പൂർത്തിയായ പ്രവൃത്തികളുടെയും വിശദാംശം ചുവടെ ചേർക്കുന്നു.

| പ്ലാൻ ഫണ്ട് | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| വർഷം | കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകിയ സ്കൂളുകളുടെ എണ്ണം | | | ഫണ്ടിന്റെ വിശദാംശങ്ങൾ | | | | കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയെക്കുറിച്ചുള്ള വിശദാംശങ്ങൾ | | | | | |
| | PWD | LSGD | മറ്റ് ഏജൻസികൾ | ആകെ സ്കൂളുകളുടെ എണ്ണം | ശീർഷകം | ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക | സാമ്പത്തിക വർഷത്തിൽ വിനിയോഗിച്ച തുക | ഇതുവരെ പൂർത്തിയായ പ്രവൃത്തികൾ | | | | ഇതുവരെ ഉപേക്ഷിച്ചത് | നിലവിൽ പ്രവൃത്തി നടന്നുവരുന്നത് |
| | | | | | | | | PWD | LSGD | Other Agency | ആകെ | | |
| 2016-17 | 14 | 01 | 06 | 21 | 2202-02-109-69 | 3000 ലക്ഷം | 1594.00 ലക്ഷം | 11 | 01 | 02 | 14 | ഇല്ല | 01 |
| | | | | | 4202-01-202-93 | 3445 ലക്ഷം | 3331.62 ലക്ഷം | | | | | | |
| 2017-18 | 96 | 43 | 17 | 156 | 2202-02-109-69 | 6000 ലക്ഷം | 5978.26 ലക്ഷം | 65 | 22 | - | 87 | - | 69 |
| | | | | | 4202-01-202-93 | 6000 ലക്ഷം | 9032.08 ലക്ഷം | | | | | | |
| 2018-19 | 144 | 30 | 11 | 185 | 2202-02-109-69 | 5000 ലക്ഷം | 4972.31 ലക്ഷം | 60 | 10 | - | 70 | - | 115 |
| | | | | | 4202-01-202-93 | 12000 ലക്ഷം | 18918.41 ലക്ഷം | | | | | | |
| 2019-20 | 174 | 01 | 10 | 185 | 2202-02-109-69 | 6000 ലക്ഷം | 5960.80 ലക്ഷം | 08 | - | - | 08 | - | 177 |
| | | | | | 4202-01-202-93 | 12000 ലക്ഷം | 17420.43 ലക്ഷം | | | | | | |
| 2020-21 | 54 | 06 | 02 | 62 | 2202-02-109-69 | 7000 ലക്ഷം | 6356.32 ലക്ഷം | - | - | - | - | - | 62 |
| | | | | | 4202-01-202-93 | 5000 ലക്ഷം | 6772.00 ലക്ഷം | | | | | | |

## അനുബന്ധം-2

അങ്കമാലിയിൽ ഇ.എസ്.ഐ. ആശുപത്രി സംബന്ധിച്ച് ശ്രീ. റോജി എം.ജോൺ എം.എൽ.എ. ഉന്നയിച്ച സബ്മിഷന് ബഹു. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടിയുടെ വിശദാംശം

വ്യവസായ വകുപ്പിന്റെ അധീനതയിൽ അങ്കമാലിയിൽ സ്ഥാപിതമായിട്ടുള്ള ബാംബു കോർപ്പറേഷന്റെ ഭൂമിയിൽ ഹെഡ് ഓഫീസ് കെട്ടിടവും, കമ്മ്യൂണിറ്റി മാറ്റ് വീവിംഗ് സെന്ററും അതുമായി ബന്ധപ്പെട്ട് പനമ്പ് ശേഖരിക്കുന്ന 2 ഗോഡൗണുകളും കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷനുമായി സഹകരിച്ചുള്ള തൊഴിൽ പരിശീലനകേന്ദ്രമായ ബാംബൂ ഇന്നവേഷൻ സെന്ററും സ്ഥിതിചെയ്യുന്നുണ്ട്. ബാംബൂ കോർപ്പറേഷന് ആവശ്യമായ ഈറ്റയും മുളയും കോർപ്പറേഷന്റെ കീഴിലുള്ള വിവിധ കമ്മ്യൂണിറ്റി മാറ്റ് വീവിംഗ് സെന്ററുകളിലേയ്ക്ക് നല്കുന്നതിനുള്ള ഈറ്റ ലോഡുകൾ അങ്കമാലിയിലുള്ള കോർപ്പറേഷന്റെ ഭൂമിയിലാണ് സ്റ്റോക്ക് ചെയ്തുകൊണ്ടിരിക്കുന്നത്. ഇവിടെ ഈറ്റ സംഭരിക്കുന്നതിനും കൈമാറ്റം ചെയ്യുന്നതിനുമുള്ള വാഹനങ്ങൾക്ക് സുഗമമായി വന്നുപോകുന്നതിനും ആവശ്യമായ സ്ഥലംപോലും ഇല്ലാത്ത ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. ആകയാൽ ബാംബൂ കോർപ്പറേഷന്റെ സുഗമമായ പ്രവർത്തനത്തിനുതന്നെ സ്ഥലം പരിമിതമായ സാഹചര്യത്തിൽ ഇ.എസ്.ഐ. ഡിസ്പെൻസറി തുടങ്ങുന്നതിന് സ്ഥലം വിട്ടുനൽകാൻ കഴിയുന്ന സാഹചര്യം നിലവിലില്ല.